# അവകാശികൾ

ഒന്ന്

# രസികരഞ്ജിനി

൧൦൮൦

പുസ്തകം ൩.　　　ചിങ്ങമാസം　　　ലക്കം ൧.


## മംഗളം

വന്ദിക്കുന്നു ചരാചരത്തെയനിശം കാക്കും സുരന്മാരെയി-
ന്നെന്നാലെന്തവരാൽഫലംവിധികൃതംതന്നീടുവോരല്ലയൊ
എന്നാലാവിധിയെത്തൊഴാമവനഹോകർമ്മാനുഗൻകർമ്മമെ-
ന്തെന്നാലുള്ളൊരുയത്നമാകുമതിനാലെന്നെഭജിക്കുന്നുഞാൻ

എ. കൃഷ്ണൻഎമ്പ്രാന്തിരി.

# പ്രസ്താവന

ബാലികയായ രഞ്ജിനിയെ മനഃപൂർവ്വം സ്നേഹിക്കുന്ന കേരളീയ മഹാജനങ്ങളോടു രഞ്ജിനീഭാരവാഹികൾക്കു കൊല്ലംതോറുമുള്ള കടപ്പാടു തീർക്കേണ്ടതായ സമയം വന്നിരിക്കുന്നു. രസികരഞ്ജിനി കേരളീയകുടുംബത്തിലെ സമുദായ സ്വത്തായിട്ടും പത്രബന്ധുക്കൾ അതിന്റെ രക്ഷാകർത്താക്കന്മാരായിട്ടും ഉടമസ്ഥനും പത്രാധിപരും മാനേജരും അതിനെ വേണ്ടപോലെ കൊണ്ടുനടത്തുവാൻ അടുത്ത ബാദ്ധ്യസ്ഥന്മാരായിട്ടുമാണ് ഞങ്ങൾ വിചാരിച്ചുപോരുന്നത്. ആയതുകൊണ്ടു രഞ്ജിനിയുടെ മൂന്നാമത്തെ വയസ്സ് ആരംഭിച്ചിരിക്കുന്ന

ഈ സന്തോഷാവസരത്തിൽ അതിന്റെ കഴിഞ്ഞ കൊല്ലത്തെ യോഗക്ഷേമത്തെ കുറിച്ചു സാംക്ഷേപമായിട്ടെങ്കിലും ഒരു വിവരണം പത്രസുഹൃത്തുക്കളെ ബോധ്യപ്പെടുത്തേണ്ട ചുമതല ഞങ്ങൾക്കുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം. ഈ മഹത്തായ ഭാരം ഞങ്ങളാലാവുന്നതും നിൎവ്വഹിക്കുവാനാണ് ഇവിടെ ആരംഭിക്കുന്നത്.

രഞ്ജിനിയുടെ ഭാവിശ്രേയസ്സിനെ ഉദ്ദേശിച്ചു പല മനോരാജ്യങ്ങളും വിചാരിച്ചിട്ടുള്ള കൂട്ടത്തിൽ ഇക്കഴിഞ്ഞ ഒരു കൊല്ലംകൊണ്ട് എത്ര മാത്രം സാധിച്ചിട്ടുണ്ടെന്ന് ഓൎത്തുനോക്കുമ്പോൾ ഉത്സാഹഭംഗത്തിനും നിരാശക്കും കാരണം കാണുന്നില്ലെന്നല്ലാതെ തൃപ്തികൊത്തതും പ്രയത്നത്തിന്നടുത്തതുമായ ഫലപ്രാപ്തിയുണ്ടായിട്ടുണ്ടെന്നു പറവാൻ മനസ്സാക്ഷി ഞങ്ങളെ സമ്മതിക്കുന്നില്ല. എന്നാൽ രണ്ടാം കൊല്ലം ആദിയിൽ മലയാള പണ്ഡിതന്മാരോടു ഞങ്ങൾ ചെയ്ത അപേക്ഷ കേവലം നിഷ്ഫലമാക്കിത്തീൎക്കാതെ ഉദാരശീലന്മാരും കേരളഭാഷാബന്ധുക്കളുമായ വിദ്വാസമ്പന്നന്മാരിൽ ചിലർ ലേഖനമാലകളെക്കൊണ്ടു രഞ്ജിനിയെ അലങ്കരിച്ചിട്ടുള്ള സംഗതി യോൎക്കുമ്പോൾ രഞ്ജിനിയുടെ ഭാഗ്യോദയകാലം സമീപിച്ചുവെന്നും തോന്നുന്നുണ്ട്. അപ്രകാരമുള്ള മഹാനുഭാവന്മാരുടെ ലാളനാവൈചിത്ര്യംകൊണ്ടു രഞ്ജിനിക്കുണ്ടായിട്ടുള്ള മുഖപ്രസാദവും ഉണ്ടാകാവുന്ന ഗുണങ്ങളും ഇന്നപ്രകാരമെന്നും ഇത്രമാത്രമെന്നും പറഞ്ഞറിയിക്കേണമെന്നു തോന്നുന്നില്ല.

രണ്ടാംകൊല്ലത്തിലെ സംഗതിവിവരപ്പട്ടികകൾ പരിശോധിക്കുന്നതായാൽ സാമാന്യേന എല്ലാ ലക്കങ്ങളിലും ഒന്നാം കൊല്ലത്തിലേക്കാൾ വിഷയങ്ങൾ വണ്ണത്തിൽ കുറവായിട്ടും എണ്ണത്തിൽ കൂടുതലായിട്ടും കാണാവുന്നതാണ്. ഈ പരിഷ്കാരത്തിന്നുള്ള ഹേതു പ്രത്യക്ഷമാണല്ലൊ. ചതുൎവ്വിധമായിട്ടു പരക്കെ സദ്യകഴിക്കുമ്പോൾ പരദേശക്കറികളും മലയാളക്കറികളും വേണമെന്നു വച്ചിരിക്കുന്നതു ജനങ്ങളുടെ രുചിഭേദത്തെ കരുതിക്കൊണ്ടാണെങ്കിൽ ഞങ്ങളുടെ ഉദ്ദേശവും വായനക്കാൎക്കു ശരാശരി രസത്തെയുണ്ടാക്കുവാൻ തന്നെയാണ്. പക്ഷെ ഓരോ ലക്കത്തിൽ പലതരം വിഷയങ്ങൾക്കു

സ്ഥലം കൊടുക്കുവാൻവേണ്ടി ഒരു വിഷയത്തെ പലതവണയായി പ്രസിദ്ധം ചെയ്യേണ്ടിവരുന്നേടത്തു ചിലപ്പോഠം രസഭംഗത്തിന്നു വഴിയായിത്തീരുന്നുണ്ട്. ഇങ്ങിനെ വരുന്ന സംഗതികളിൽ ലേഖകന്മാർക്കൂടി അല്പമൊന്നു സഹായിക്കുന്നതായാൽ വിഷയപ്രതിപാദനത്തിന്നു ന്യൂനത സംഭവിക്കാതെ ഈ ദോഷം ഒരുവിധം പരിഹരിക്കാമെന്നാണ് ഞങ്ങളുടെ അഭിപ്രായം. പത്രരംഗത്തിൽ പുതുതായി പ്രവേശിക്കുന്ന വിദ്യാൎത്ഥികളോടു ഞങ്ങഠംക്കു രണ്ടുവാക്കു പറവാനുണ്ട്. വിഷയത്തെ നല്ലവണ്ണം ഗ്രഹിച്ചു മനോധൎമ്മത്തെ വേണ്ടവഴിക്കു തിരിച്ചു ശബ്ദത്തിനുവേണ്ടി അൎത്ഥത്തെ ദണ്ഡിപ്പിക്കാതെ ഉപന്യാസമെഴുതുവാൻ ഉദ്യമിക്കുന്നതായാൽ അവരവക്കും മററുള്ളവക്കും അധികം ഉപകാരമായിത്തീരുന്നതാണ്. ഈ വാസ്തവമറിയാതെ ഉദ്ദിഷ്ടവിഷയത്തെ പോയവഴിക്കു തെളിക്കുമ്പോളാണ് പത്രാധിപന്മാക്കു കഷ്ടപ്പാടിന്നും ലേഖകന്മാക്കു മനസ്താപത്തിന്നും എടയായിത്തീരുന്നത്.

രഞ്ജിനിയുടെ പ്രകൃതി നന്നാക്കുവാൻ മററൊരു പ്രയത്നം ഞങ്ങഠം ചെയ്തിട്ടുള്ളതു സമ്മാനം നിശ്ചയിച്ചു ലേഖനമെഴുതിക്കുവാനാണ്. ഇക്കാൎയ്യത്തിൽ ഞങ്ങഠംക്കുണ്ടായിട്ടുള്ള ബുദ്ധിക്ഷയം രഞ്ജിനീമുഖേനതന്നെ വായനക്കാരെ അറിയിച്ചിട്ടുള്ളതുകൊണ്ട് അതിനെ ആവൎത്തിക്കുന്നില്ല. മേലിലെങ്കിലും ഇതിന്നു നിവൃത്തിയുണ്ടാകുമെന്നു വിശ്വസിച്ചു സമാധാനപ്പെടുന്നു. രഞ്ജിനിയുടെ ആകൃതിക്ക് മോടിവരുത്തുന്ന കാൎയ്യത്തിലും സംഗതിവശാൽ ആഗ്രഹിച്ചിരുന്നപോലെ ജയപ്രാപ്തിയുണ്ടായിട്ടില്ല. എങ്കിലും അതിന്നുള്ള പരിശ്രമത്തിൽനിന്നു ഭഗ്നാശന്മാരായിട്ടു പിൻവലിക്കുവാനുള്ള അവസരവും വന്നിട്ടില്ല. ആകക്കൂടിനോക്കുന്നതായാൽ രഞ്ജിനിക്കു ചില അരിഷ്ടങ്ങളുണ്ടെങ്കിലും പ്രായത്തിന്നടുത്ത പുഷ്ടിയില്ലെന്നു പറഞ്ഞുകൂടാ. ലോകപ്രതിനിധികളായ പത്രങ്ങളുടെ ഉപദേശംകൊണ്ടും ജനങ്ങളുടെ ലാളനംകൊണ്ടും വിദ്യാസമ്പന്നന്മാരുടെ സഹായംകൊണ്ടും 'രസികരഞ്ജിനി' യഥാൎത്ഥരസികരഞ്ജിനിയായിത്തന്നെ വളൎന്നുവരുവാൻ അസാദ്ധ്യമാണെന്നു തോന്നുന്നില്ല.

രഞ്ജിനിയുടെ ഭാവിയെപററി ഇത്രമാത്രമല്ലാതെ മറെറാന്നും പറവാൻ തല്ക്കാലം തരമില്ല. ബാല്യംകൊണ്ടു രഞ്ജിനിക്കു പററീട്ടുള്ള വീഴ്ചകളെ ഗണ്യമാക്കാതെ മഹാജനങ്ങൾ അതിനെ കാത്തുരക്ഷിക്കുവാൻ പ്രജാവത്സലനായ ജഗദീശ്വരൻ കടാക്ഷിക്കട്ടെ.

# ഒരു പറക്കംകൂത്ത്

മലയാളത്തിലെ പല മഹാക്ഷേത്രങ്ങളിലും രാജധാനികളിലും മററും ചാക്യാർ കൂത്തു* നടത്തിവരുന്ന സമ്പ്രദായം പണ്ടും ഇപ്പോഴും നിലനിന്നുപോരുന്നുണ്ടല്ലോ. എന്നാൽ നടന്മാരായ ചാക്യാന്മാർക്കു പണ്ടത്തേപ്പോലെയുള്ള അഭ്യാസപൂർത്തിയും നാട്യവൈദഗ്ദ്ധ്യവും ഇപ്പോൾ തീരെ കുറവായിരിക്കുന്നതിനാൽ മലയാളത്തിലെ പൂർവ്വ നടവടികളിൽ പലതിന്നും വന്നിട്ടുള്ളതുപോലെ ഈ ചാക്യാരുകൂത്തിന്നും ഇപ്പോൾ വലുതായ ഒരു ഉടവു തട്ടീട്ടില്ലെന്നില്ല.

കൊല്ലം ൧൦൨൫-ാമണ്ടു ധനുമാസത്തിൽ കരിക്കാട്ടിൽനിന്നും തീപ്പെട്ട കൊച്ചി മഹാരാജാവു തിരുമനസ്സിലെ കാലത്ത് അവിടുന്ന് ഒരു പറക്കംകൂത്തു കഴിപ്പിച്ചിട്ടുണ്ട്. 'പറക്കംകൂത്ത്' എന്നതു നാഗാനന്ദം നാടകത്തിലെ നാലാമങ്കത്തിൽ ശംഖചൂഡന്നു പകരം വദ്ധ്യചിഹ്നം ധരിച്ചു പാറപ്പുറത്തു കിടന്ന ജീമൂതവാഹനനെ ഭക്ഷിപ്പാനായി ആകാശത്തുനിന്നു ഭൂമിയിലേക്കു ചുററിപ്പറന്നിറങ്ങിവരുന്ന ഗരുഡന്റെ പ്രവേശമാണ്. ഇതിൽ ഗരുഡവേഷം കെട്ടുന്ന ചാക്യാർ കൂത്തുമണ്ഡപത്തിന്റെ മേൽഭാഗത്തുനിന്നും കീഴ്പോട്ടു, ഗരുഡൻ ആകാശത്തുനിന്നു ഭൂമിയിലേക്കു വരുന്ന പ്രകാരം ചുററിപ്പറന്നു പ്രവേശിക്കണം, എന്നുമാത്രമല്ല, അതിനിടക്ക് ആ

* (ചാക്യാരു കൂത്തിന്റെ സ്വഭാവത്തെപ്പററി ഭാ. പോ. എഴാം പുസ്തകം 7, 8, 9, ഈ ലക്കങ്ങളിൽ മിസ്റ്റർ കൊട്ടാരത്തിൽ ശങ്കുണ്ണി വിസ്തരിച്ചെഴുതിട്ടുള്ളതിനാൽ ഇവിടെ വിവരിക്കുന്നില്ല).

സമയം ഗരുഡനുണ്ടാകാവുന്ന രസവികാരങ്ങളെ തന്മയത്വേന രംഗവാസികളെ ബോധിപ്പിക്കത്തക്കവണ്ണമുള്ള ചില പദ്യങ്ങളും ചൂൎണ്ണികകളും ചൊല്ലി അഭിനയിക്കുകയും വേണം. അതിനാൽ ഈ വേഷം കെട്ടുന്ന ചാക്യാർ അസാമാന്യനായിരിക്കേണമെന്നു പറയേണ്ടതില്ലല്ലൊ. ഇങ്ങിനെ പറക്കുന്ന സ്ഥിതിയിൽ ചുററിത്തിരിഞ്ഞിറങ്ങി വരുന്നതിന്ന് അന്നത്തെ നടന്മാർ ചെയ്തിരുന്ന ഒരു സൂത്രം വളരെ നല്ലതായിരുന്നു. അതെന്തെന്നാൽ, ഒരാൾ തൂങ്ങിയാൽ പൊട്ടിപ്പോകാതിരിക്കത്തക്കവിധം ഉറപ്പും, കൂത്തുമഞ്ചത്തിന്റെ മുകളിൽനിന്നു താഴത്തെത്തുന്നതിന്നു വേണ്ടതിൽ ഇരട്ടി നീളവും ഉള്ള ഒരു കോടിക്കച്ചയുടെ ഒരു തല വേഷക്കാരന്റെ അരയിൽ കെട്ടുകയും ആ കച്ചയുടെ ബാക്കിയുള്ള ഭാഗം മുഴുവനും നല്ലവണ്ണം പിരിച്ചു കൊട്ടമ്പിരി കയറാക്കുകയും, അതിന്റെ മറേറത്തല മുകളിലുള്ള ഒരു കപ്പിയിൽ കോൎത്ത് വേറൊരാൾ പിടിക്കുകയും, ചെയ്തുകൊണ്ടു വേഷക്കാരന്റെ ആവശ്യങ്ങൾക്കനുസരിച്ചു കുറച്ചു കുറച്ചായി അയച്ചുകൊടുത്തു കൊൾക. ഇങ്ങിനെയായാൽ കച്ചയുടെ ഓരോപിരി അഴിയുന്തോറും അതിന്മേൽ തൂങ്ങിയിരിക്കുന്ന ആൾ അനായാസേന തന്നെത്താൻ തിരിയുന്നതാണല്ലൊ.

എന്നാൽ ഈ കച്ചയുടെ മറുതല പിടിക്കുന്ന ആൾ തൂങ്ങുന്ന ആളെക്കുറിച്ചു നല്ല സ്നേഹവും ബഹുമാനവും അന്യോന്യ വിശ്വാസവും ഉള്ളവനും അവസരോചിതം പ്രയോഗിക്കേണ്ട വിശേഷബുദ്ധിയും കൌശലവും ധാരാളം ഉള്ളവനും, ആയിരിക്കേണമെന്നു നിസ്സംശയമാണല്ലൊ. സാധാരണ ചാക്യാന്മാരുടെ നാടകാഭിനയങ്ങൾക്കു വേണ്ടുന്ന ഉപകരണങ്ങൾ തയ്യാറാക്കുവാനും അവരെ സഹായിപ്പാനും ഉള്ള ബാദ്ധ്യത നമ്പ്യാൎക്കാകുന്നു. നമ്പ്യാരുടെ സ്ത്രീയാകുന്നു നങ്ങ്യാർ എന്നു പറയുന്നത്. നങ്ങ്യാന്മാർ പ്രായേണ ചാക്യാന്മാരുടെ ഭാൎയ്യമാരായിരിക്കും. എന്നുമാത്രമല്ലാ, കൂത്തിന്നു രംഗത്തിരുന്നു താളംപിടിക്കുകയും നാടകങ്ങളിൽ സ്ത്രീവേഷം കെട്ടുകയും ഇവരുടെ മുറയാകുന്നു. ഒരു നല്ല നങ്ങ്യാൎക്കും ചാക്യാരെപ്പോ

ലെതന്നെ വാസനാസിദ്ധവും അഭ്യാസ സാദ്ധ്യവുമായ നടനവൈ ദഗ്ദ്ധ്യം ഉണ്ടായിരിക്കണമെന്നു പറയേണ്ടതില്ലല്ലൊ.

ഇങ്ങിനെ രംഗോപജീവികളായ മാതാപിതാക്കന്മാരിൽനി ന്നുണ്ടാവുന്ന സന്താനങ്ങൾ തങ്ങളുടെ പിതാക്കന്മാരെ അനുകരി പ്പാൻ ശക്തന്മാരായി തീരുന്നതിന്നു ധാരാളം സംഗതിയുള്ളതാകു ന്നു. മേൽപറഞ്ഞ കുരീക്കാട്ടിൽ തീപ്പെട്ട തമ്പുരാൻ നടത്തിയ പറക്കൂത്തിന്നു ചരടു പിടിച്ചതു സാക്ഷാൽ കുഞ്ചൻനമ്പ്യാരാ ണെന്നും താഴെ എഴുതുന്ന പദ്യം അദ്ദേഹം ഉണ്ടാക്കീട്ടുള്ളതാണെ ന്നും ഐതിഹ്യം ഉണ്ട്.

'മഞ്ചോന്നാനാത്മസമ്പന്നാൽ' ധ്രുവ,'മിട്ട്യമ്മനാംനടൻ'
പറന്നനേരം 'തേരൌദ്രാ-നാംഗാ'ഭീതിംപരാംയയുഃ

ഇതിൽ 'മഞ്ചോന്നാനാത്മസമ്പന്നാൽ' എന്നത് അന്നത്തെ കലിസംഖ്യയാണ്. അതിൽനിന്നു ജ്യോതിശ്ശാസ്ത്രപ്രകാരം ക്രി യ ചെയ്താൽ 'ഇട്ട്യമ്മനാം- നടൻ' എന്ന വാക്യധ്രുവവും 'തേ രൌദ്രാനാംഗാഃ' എന്ന വാക്യവും സിദ്ധിക്കുന്നതാകുന്നു. മേൽപ റഞ്ഞ കലിസംഖ്യകൊണ്ടു കണക്കാക്കിയതിൽ ഈ കൂത്തു നടന്ന തു കൊല്ലം തൊള്ളായിരത്തിരുതാമാണ്ടു മേടമാസം ഇരിപത്തിനാ ലാം തിയ്യതിയാണെന്നും കൊച്ചിയിലെ പൂർവ്വരാജാക്കന്മാരുടെ വാ ഴ്ചകാലത്തെ കാണിക്കുന്ന റിക്കാട്ടിൽനിന്ന് അന്നു കൊച്ചി രാജ കുഡുംബത്തിൽ മൂപ്പുവാണിരുന്നത്. ൯൨൫-ൽ കുരീക്കാട്ടിൽ തീ പ്പെട്ട തമ്പുരാനായിരുന്നുവെന്നും കാണാവുന്നതാണ്.

എന്നാൽ ഈ ശ്ലോകത്തിൽനിന്നു സിദ്ധിക്കുന്ന കാലത്തിൽ ഒരു പറക്കൂത്തു നടന്നിരിക്കാം; അതിൽ ഒരു ഇട്ട്യമ്മൻ ചാക്യാ രു പറന്നിട്ടുമുണ്ടായിരിക്കാം എന്നല്ലാതെ അന്നു ചരടുപിടിച്ചതും ഈ ശ്ലോകമുണ്ടാക്കിയതും കുഞ്ചൻനമ്പ്യാരാണെന്നോ കൂത്തുനടത്തി ച്ചതു കുരീക്കാട്ടിൽ തീപ്പെട്ട തമ്പുരാനാണെന്നോ പറയുന്നതിലേക്കു തക്കതായ ലക്ഷ്യം കിട്ടുന്നില്ലെന്നു പക്ഷേ ഒരാക്ഷേപം കൊണ്ടുവന്നു കൂടെന്നില്ല. ആ ആക്ഷേപത്തിന്ന് ഇനിക്കുള്ള സമാധാനം, വൃ

ർവപരമ്പരയാ കേട്ടുകേൾവിയുള്ള ഈ ഒരു കഥയും, കുഞ്ചൻനമ്പ്യാരും കരിക്കാട്ടിൽ തിപ്പെട്ട തമ്പുരാനും അക്കാലത്തു ജീവിച്ചിരുന്നുവെന്നുള്ള ലക്ഷ്യങ്ങളുടെ സംവാദവും മാത്രമാകുന്നുവെന്നു ഇപ്പോൾ തന്നെ പറഞ്ഞേക്കാം. അഥവാ ഇതിൽ പൂർവ്വപക്ഷം കൊടുക്കുന്നവർ അവരുടെ ആക്ഷേപ സാധകങ്ങളായ ലക്ഷ്യങ്ങളെ തെളിവിൽ സ്ഥാപിച്ചുകൊണ്ടുവരുന്നതുവരെ ഈ മതംതന്നെ സാധുവായിരിപ്പാൻ ന്യായമുള്ളതുമാണല്ലൊ.

ഇത്രമാത്രംകൊണ്ട് ഈ കഥ അവസാനിപ്പിക്കാനായിരുന്നു ഞാനാദ്യം വിചാരിച്ചിരുന്നത്. എന്നാൽ ഈ കൂത്തിൽവെച്ചു ഫലിതനിധിയായ കുഞ്ചൻ നമ്പ്യാരു പ്രയോഗിച്ചതായ ഒരു പൊടിക്കയ്യിനെ പഴമക്കാർ പറഞ്ഞു കേട്ടിട്ടുള്ളതുകൂടി ഈ അവസരത്തിൽ പറയുന്നതു വായനക്കാൎക്കു രസകരമായിരിക്കുമെന്നു കരുതി അതുകൂടി പറഞ്ഞു കലാശിച്ചേക്കാം.

മേപ്പടി കൂത്തു നടക്കുന്നതിന്നിടക്ക് ഒരു ദിവസം കൂത്തു സമയം കലശലായ ഒരു മഴ പെയ്തു. വേനല്ക്കാലമായിരുന്നതിനാൽ കൂത്തിനായി കെട്ടിയുണ്ടാക്കിയിരുന്ന സ്ഥലം വലിയ മഴ തടുപ്പാൻ മതിയാകാഞ്ഞതിനാൽ അന്നു എല്ലാവരും നനഞ്ഞു വളരെ മിശ്രമായി തീരുകയും ചെയ്തു.

കൂത്തിന്റെ ക്ഷണപ്രകാരം നമ്മുടെ കുഞ്ചൻനമ്പ്യാർ വന്നുചേൎന്നതു അന്നായിരുന്നു. വഴിയാത്ര ക്ഷീണംകൊണ്ടും മററും അന്നു പുറത്തിറങ്ങാതെ ഒരുദിക്കിൽ ഒതുങ്ങിക്കഴിച്ചുകൂട്ടി. പിറെറന്നാൾ കാലത്തേ നമ്പ്യാർ തിരുമുമ്പിൽ പോയുള്ള. നമ്പ്യാരെക്കണ്ട ഉടനെ തമ്പുരാൻ 'ആ! കുഞ്ചൻ, നന്നായി! എപ്പോഴാണ് വന്നത്?' എന്നു കല്പിച്ചു ചോദിച്ചതിന്നു നമ്പ്യാർ 'അടിയൻ ഇന്നലെ നനയാൻ തക്കവണ്ണം വിടകൊണ്ടു' എന്നു ക്ഷണത്തിൽ മറുപടി ഉണർത്തിക്കയും ചെയ്തു.

തലേദിവസം മഴ പെയ്തതും എല്ലാവരും നനഞ്ഞതും അറിവുള്ള തമ്പുരാൻ തിരുമനസ്സിലേക്കു നമ്പ്യാരുടെ ഈ പ്രയോഗത്തിൽ അടങ്ങിയിരിക്കുന്ന ഫലിതത്തിന്ന് എത്രമാത്രം രസമുണ്ടാകുമെന്ന് എഴുതിക്കാണിപ്പാൻ സാദ്ധ്യമാകുന്നതല്ലല്ലൊ.

കെ. പി. യം.

# വലയേശ്വരീപഞ്ചകം.

---

1. ധവലസൽപുകഴാർന്നുവിളങ്ങിടും
ധവലസൽപുതുമേനിയിലംബമെ!
കുവലയേശമനംകവരുംമിഴി-
ക്കുവലയേ! വലയേശ്വരികൈതൊഴാം

2. അമരമാമുനിമാർമുതലായവ-
ർക്കമരമായമരുന്നൊരഗാത്മജെ!
ഭ്രമരമാകണമെന്മതിനിങ്കഥാ
സുമരസേമരസേവ്യപദേശിവേ!

3. ഭവനമായസുഖംകുടികൊണ്ടിടും
ഭവനമായഭവാനിഭവൽപദം
ഇവനപായമൊഴിക്കണമന്വഹം
ഭുവനപാവനപാദപയോരുഹേ

4. വലയമായഹിയായവരൻവിഴും
വലയതായവിലോലവിലോചനം
വലയുമെന്നിലണക്കുഭവാനി! ഭൂ-
വലയമാലയമാമചലാത്മജേ-

5. സരസമെന്മനതാർതവവീതമൽ
സരസരോജനതാംഘ്രിയിലെത്തുവാൻ
സരസിജാക്ഷിതുണക്കണമീശഹൃൽ
സരസസാരസസാരസസാരസേ!

കുണ്ടൂര് നാരായണമേനോൻ.

---

# സുഖസ്വപ്നമാൎഗ്ഗം.

നമ്മുടെ ജീവകാലത്തിലെ പ്രധാനഭാഗം ഉറക്കമായിക്കഴിയുന്നു. ഉറക്കത്തിൽ ചിലപ്പോൾ രസകരവും ചിലപ്പോൾ നീരസം ജനിപ്പിക്കുന്നതും, എന്നുമാത്രമല്ല, ഭയങ്കരവും വ്യസനകരവുമായ സ്വപ്നങ്ങൾ ഉണ്ടാകുന്നുണ്ട്. സ്വപ്നത്തിൽ അനുഭവിക്കുന്നത് ഒരു തോന്നൽ മാത്രമാണെങ്കിലും ജാഗ്രസ്വപ്നങ്ങളിൽ അനുഭവിക്കുന്ന സന്തോഷം സന്തോഷവും, സന്താപം സന്താപവും, തന്നെ. അതുകൊണ്ടു സുഖസ്വപ്നത്തെ അംഗീകരിപ്പാനും ദുഃഖജനകമായതിനെ നിരാകരിപ്പാനുമുള്ള മാൎഗ്ഗം ആലോചിക്കുന്നത് അനുചിതമായിരിക്കയില്ല. സ്വപ്നം കാണാതെ ഉറങ്ങുന്നത് ഉത്തമപക്ഷംതന്നെ. സ്വപ്നം ഉണ്ടാകുന്നതായാൽ സുഖസ്വപ്നമായിരിക്കുന്നതാണ് ഭേദം. സന്തോഷപ്രിയന്മാരായ മനുഷ്യജീവികൾക്കു സുഖസ്വപ്നപരമാനന്ദം അനുഭവിക്കുന്നതും ഒരു സന്തോഷം തന്നെയാണല്ലോ.

സുഖസ്വപ്നത്തിനുള്ള ഒന്നാമത്തെ വഴി ക്രമമായ വ്യായാമം കൊണ്ടും മിതമായ ഭക്ഷണംകൊണ്ടും കായബലത്തെ പരിപാലിക്കുകയാകുന്നു. എന്തെന്നാൽ, ബലഹീനന്മാരുടെ വിചാരശക്തി ഇടറിപ്പോകുന്നതുകൊണ്ടു ചിലപ്പോൾ നിന്ദ്യങ്ങളും പലപ്പോഴും ഭയങ്കരങ്ങളുമായ ദുസ്വപ്നങ്ങൾ അവൎക്കു കാണുവാനിടയുണ്ട്. ശരീരായാസം ചെയ്യുന്നതു ഭക്ഷണത്തിന്നു മുമ്പായിരിക്കണം. ഭക്ഷണം കഴിഞ്ഞ ഉടനെ ഒരിക്കലും വ്യായാമം ചെയ്യരുത്. ഊണിന്നു മുമ്പു ചെയ്യുന്ന വ്യായാമം ദഹനശക്തിയെ വൎദ്ധിപ്പിക്കുകയും, മറ്റെ വിധം ചെയ്യുന്നതുകൊണ്ടു വിപരീതഫലത്തെ ഉണ്ടാക്കുകയും, ചെയ്യുന്നു. അത്താഴം കഴിഞ്ഞ ഉടനെ അതിയായി അദ്ധ്വാനിക്കുന്നത് ആൎക്കും നല്ലതല്ല. 'അരവയറത്താഴം' എന്ന പഴമൊഴി വളരെ സാരത്തോടുകൂടിയതാകുന്നു. ആയമിട്ട് അത്താഴം കഴിക്കുന്നവൎക്കു വേണ്ടമാതിരിയിലുള്ള ദഹനശക്തി ക്ഷണത്തിൽ ഉണ്ടാകുന്നു; ദേഹത്തിന്നു ലഘുത്വവും സ്വഭാവത്തിന്നു പ്രസന്നതയും തോന്നുന്നു; ജീ

വിതസാരസർവ്വസ്വമായ ശരീരത്തിലെ സകല യന്ത്രപ്പണിത്തരങ്ങളും യഥാക്രമം ചേഷ്ടിക്കുന്നു, ഇതാണ് ആ ചൊല്ലുകൊണ്ടു വന്നുകൂടുന്ന അർത്ഥം. ക്രമമായ വ്യായാമം ചെയ്തതിന്നുശേഷം മിതഭോജനം കഴിക്കുന്നവന്നു നിദ്രാദേവി താനേ പ്രത്യക്ഷമായിവന്ന് രാത്രിസമയം നിർബ്ബാധമാക്കിത്തീക്കാതിരിക്കയില്ല. നേരേമറിച്ച്, ചാക്യാർ പറയുന്നതുപോലെ ആകണ്ഠം മാത്രമല്ല, രണ്ടുമൂന്നു പതനങ്ങളുംകൂടി കയറി നിൽക്കുന്നതുവരെ തിൻപണ്ടങ്ങളെ ഉള്ളിൽകുത്തിനിറച്ച് ഉറങ്ങാൻ കിടക്കുന്ന ഒരു ബുഭുക്ഷുവിന്നുണ്ടാകുന്ന ദുസ്വപ്നങ്ങളുടെ ഭയങ്കരത്വം അവാച്യമാകുന്നു. അയാൾ കുത്തനെയുള്ള കൊടുമുടിയിൽനിന്നു ഉരുണ്ടുവീഴുന്നുവെന്നോ, കാട്ടുമൃഗങ്ങളോ, കുലപാതകികളോ, പിശാചുക്കളോ നേരിട്ടു വരുന്നുവെന്നോ, വിചാരിച്ച് പ്രാണവേദനകൊണ്ടു നിലവിളികൂട്ടുന്നു. അദ്ധ്വാനവും ആഹാരവും തമ്മിൽ സംബന്ധമുള്ളതുകൊണ്ട് ഒന്നിന്റെ ഏററക്കുറവുപോലേ മറേറതും വേണ്ടതാണെന്നല്ലാതെ അധികം അദ്ധ്വാനിക്കുന്നവൎക്കു അല്പമായ ആഹാരം ഒരിക്കലും മതിയാകുന്നതല്ല. ആയാസക്കുറവും അത്താഴനിറവും പാടില്ലെന്നു സിദ്ധാന്തിക്കുന്നതേയുള്ളു. പാചകവൃത്തി പരിഷ്കൃത രീതിയിലെത്തിയതിന്നു ശേഷം ജനസമുദായത്തിന്നു രണ്ടുനേരം ആഹാരമുണ്ടായാൽമതി. എന്നാൽ അമിതമായ അത്താഴം പലപ്പോഴും ദുസ്വപ്നങ്ങളെ ഉണ്ടാക്കുന്നതായി കണ്ടിരിക്കുന്നു. കായബലം കൂടിയവർ ഇതിൽനിന്നു ഒഴിവാകുന്നില്ലെന്നില്ല. ബലഹീനന്മാരായ പെരുവയറന്മാർ മൂക്കോളം ചിലത്തി വസ്തിയും താങ്ങി വിരിപ്പിൽ ചെന്നു മലൎന്നതിന്നുശേഷം ചിലർ കല്പാന്തകാലംവരെ ഉണരാതുള്ള ദീഘനിദ്ര ചെയ്തിട്ടുള്ളതായി വൎത്തമാനപത്രങ്ങളിൽ ഘോഷിച്ചിട്ടുണ്ട്. ഇതിന്നുള്ള കാരണം ഭിഷഗ്വരന്മാർ പറയുന്നതു ഭയങ്കരമായ സ്വപ്നം കൊണ്ടാണെന്നാകുന്നു.

തടിമിടുക്കുണ്ടാകുവാനുള്ള മറെറാരു മാൎഗ്ഗം ശയ്യാഗൃഹത്തിൽ ശുദ്ധവായുവിന്റെ ഒഴിയാതെയുള്ള പ്രചാരമാണ്. ഉറക്കത്തിന്നു ഭംഗം വരാതിരിപ്പാനായി വാതലുകളെല്ലാം കൊട്ടിഅടച്ചു കട്ടിലിന്നു ചുററും മറശ്ശീലയിട്ട് ഒരു കുടുസ്സായ മുറിയിൽ കിടന്നുറങ്ങു

ന്നതു വളരെ അപകടമായിട്ടുള്ളതാകുന്നു. ഉറക്കത്തിൽ പുറത്തു നിന്നു വരുന്ന കാററ് തട്ടുന്നതു സുഖക്കേടാണെന്നു വിചാരിക്കുന്ന പക്ഷം ശ്വാസോച്ഛ്വാസംകൊണ്ടു മലിനമാക്കിതീൎത്ത ഒരു ചെറിയ മുറിയിലെ വായുവിനെതന്നെ വീണ്ടും ശ്വസിക്കുന്നത് അധികം ഉപദ്രവകരമായിട്ടുള്ളതാണ്. തിളച്ചുമറിയുന്ന വെള്ളം ആവിയായി പോകുവാൻ തരമില്ലാത്ത പക്ഷം വീണ്ടും തിളപ്പിക്കുന്നതായാൽ അതിഅധികം ചൂടുപിടിക്കുവാൻ നിൎവ്വാഹമില്ല. മനുഷ്യദേഹത്തിൽ നിന്ന് മലിനദ്രവ്യങ്ങളെ ഉടനുടൻ കളയുന്നതായാൽ ദേഹത്തിന്ന് ഒരിക്കലും കേടുതട്ടുന്നതല്ല. ശ്വാസകോശം വഴിക്കും രോമകൂപങ്ങളിൽ കൂടിയും ദൂഷിച്ച സാധനങ്ങളെ പുറത്തുകളയുന്നതിന്നും ശുദ്ധവായു സഞ്ചരിച്ച് അവയെ ദൂരത്താക്കുന്നതിന്നും പ്രകൃതിതന്നെ വേണ്ടുന്ന ഏൎപ്പാടുകൾ ചെയ്തിട്ടുണ്ട്. എന്നാൽ വിസ്താരം കുറഞ്ഞ മുറിയിലെ വായു മനുഷ്യശരീരത്തിൽനിന്നു പൊടിയുന്ന മലിന സാധനങ്ങളോടു കൂടി കലൎന്നു ക്രമേണ ദൂഷിച്ചുപോകയും ആ വായുവിനെതന്നെ വീണ്ടും ഉൾശ്വസിക്കേണ്ടി വരുന്നതുകൊണ്ട് മുമ്പു ദേഹത്തിൽനിന്നു വിസൎജ്ജനം ചെയ്ത ദ്രവ്യങ്ങൾ പിന്നീട് ആ ദേഹത്തിൽതന്നെ പ്രവേശിക്കുകയും ചെയ്യുന്നു. അധികം ജനങ്ങളുള്ള ഒരു ചെറിയ മുറിയിലെ വായു ക്ഷണത്തിൽ ദൂഷിച്ച്, കൽക്കട്ടയിലെ ഇരുട്ടറപോലെ, ജീവനാശം വരുത്തുകയും ചെയ്യും. ഒരാൾക്ക ഒരു മിന്നിട്ടുനേരംകൊണ്ട് ഒരു ഗാലൻ തൂക്കം വായുവിനെ അശുദ്ധീകരിക്കുവാൻ കഴിയും. ആ തോതനുസരിച്ച് ഒരു മുറിയിലെ വായു ദൂഷിച്ചുപോകുന്നതിന്നു കുറെ മണിക്കൂറനേരത്തെ താമസം വേണ്ടിവരും. എന്നാലും വായു ക്രമേണ മലിനമായിതീൎന്നു പല ഉപദ്രവങ്ങളും ഉണ്ടാക്കാതിരിക്കുന്നില്ല. ശരീരത്തിൽനിന്നു പൊഴിയുന്ന മാലിന്യങ്ങളൊടു കലൎന്നിട്ടുള്ള വായുവിനെ ഉൾക്കൊള്ളുന്നതുകൊണ്ടു ദീനമുണ്ടാകുമെന്നുള്ള മുന്നറിവ് അതു നമുക്കു തരാതെ ഇരിക്കുന്നില്ല. ശ്വാസംകഴിക്കുന്നതിന്നു സ്വല്പം തടവോ, രോമകൂപങ്ങളിൽ ഒരു കിരുകിരുപ്പോ, (ഇന്നതാണെന്നു വിവരപ്പെടുത്തുവാൻ കഴിയാത്തതായ ഒരു സുഖക്കേട്) ഇതിൻെറ സൂചന

യാണ്. ഈ സുഖക്കേട് പലരും അനുഭവിച്ചിട്ടുണ്ടെങ്കിലും കാരണം അറിഞ്ഞിട്ടുള്ളവർ വളരെ ചുരുങ്ങും. നഖശിഖപൎയ്യന്തം പുതച്ചു മൂടിക്കിടന്നുറങ്ങുമ്പോൾ പെട്ടന്നുണരുകയും പിന്നിട് ഉറക്കം വരാതെ കുഴങ്ങുകയും ചെയ്യുന്നതിന്നിടയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നുനോക്കും. എങ്ങിനെയായാലും സുഖം തോന്നുകയില്ല. ഈ അസ്വാസ്ഥ്യം ഉണ്ടാകുന്നത് രോമകൂപങ്ങളിൽകൂടി പുറത്തേക്കു പുറപ്പെടുന്ന ദുഷിച്ച പദാൎത്ഥങ്ങളെ ശരീരത്തിൽനിന്നു വിടുവിക്കുന്നതിന്നു വായുവിന്നു ശക്തിയില്ലാതെ അവ ആ ദ്വാരങ്ങളിൽതന്നെ പററിക്കിടക്കുന്നതുകൊണ്ടാകുന്നു. പുറത്തുപോയി കുറെ ലാത്തി വന്ന് വിരുപ്പ് തട്ടിക്കുടഞ്ഞു വിരിച്ച് വാതൽ തുറന്നിട്ടു കിടക്കുമ്പോൾ സുഖസ്വപ്നപരമാനന്ദമൊ അഥവാ ഗാഢനിദ്രയൊ പിന്നീട് അനുഭവിക്കുകയും ചെയ്യുന്നു.

ഈ സംഗതിയെക്കുറിച്ച് ഇനിയും പല പ്രകാരത്തിൽ അനുഭവപ്പെടുത്താമെങ്കിലും ശാസ്ത്രരീതിപിടിച്ചു പോകുന്നവൎക്ക് ഇത്രയും പറഞ്ഞതുകൊണ്ടു മതിയാകുന്നതാണ്. ശുദ്ധവായുവിന്റെ പ്രചാരം സുഖസ്വപ്നമൊ സുഷുപ്തിയൊ മാത്രമല്ല, ദീൎഘായുസ്സും, നൽകുന്നതാണെന്ന് അനുഭവംകൊണ്ട് അനുമാനിക്കുവാൻ ശക്തിയില്ലാത്തവർ ഈ പുരാണപ്രോക്തത്തെ വിശ്വസിച്ചുകൊള്ളട്ടെ.

അഞ്ഞൂറുകാലം ഇടവിടാതെയുള്ള അഭ്യാസംകൊണ്ടു സിദ്ധി വരുന്നതായ ഒരു യോഗമുറ 'സുശ്രാവ്യൻ' എന്ന ഋഷീശ്വരൻ നിൎയ്യാണകാലത്തു തന്റെ ശിഷ്യനെ ഉപദേശിച്ചു. ശിഷ്യൻ ഉപദേശപ്രകാരം അഭ്യാസം തുടങ്ങുന്നതിന്നു മുമ്പു പ്രാണായാമം സ്വാധീനപ്പെടുത്തി ആയുസ്സു സമ്പാദിക്കേണമെന്നു നിശ്ചയിച്ച് വായു ഭഗവാനെ കുറിച്ചു തപസ്സുചെയ്തു. ശുദ്ധവായു ധാരാളം സഞ്ചരിക്കുന്ന ഒരു വിജനപ്രദേശത്തിൽ വളരെക്കാലം തപസ്സുചെയ്തതിന്റെ ശേഷം വായുഭഗവാൻ അദ്ദേഹത്തിന്നു പ്രത്യക്ഷമായിട്ട്, 'ഇനിക്കു വളരെ സന്തോഷമായി, എന്തുകാൎയ്യമാണ് ഞാൻ സാധിച്ചു തരേണ്ടത്' എന്നു ചോദിച്ചു.

അപ്പോൾ ശിഷ്യൻ 'അഞ്ഞൂറുകാലം ആയുസ്സു നിലനിന്നു

വാനായി പ്രാണായാമം സ്വാധീനപ്പെടുത്തി തരണം' എന്നാണ് വരമപേക്ഷിച്ചത്.

അതിന്നു പ്രതിവചനമായി വായുഭഗവാൻ പറഞ്ഞു: 'അത്ര യുള്ളു? ഇത്ര കുറച്ചു കാലം ജീവിച്ചിരിക്കുവാനായിട്ടു പ്രാണായാമം സ്വാധീനപ്പെടേണമെന്നില്ല. എന്റെ ഗതാഗതത്തിന്നു തടസ്ഥം നേരിടാത്ത സ്ഥലത്തു പതിവായി കിടന്നുറങ്ങിയാൽ മതി'.

എടത്തടവിൽ ഒമ്പതാംകൂറ്

# കേശവാഷ്ടകം.

വ്രജവധൂജവധൂനനദക്ഷ! ഹേ
വിഹഗവാഹ! ഗവാം പതിയോടലം
ഇടയുമാടയുമാ മൃദുമെയ്യുമെൻ-
ധിഷണ മോഷണമോദിത! കാണണം ൧

അവനമാ വനമാലി നടത്തുമെ-
ന്നിഹ മുദാഹമുദാര! നിനച്ചു താൻ
ഭുവനപാവന! പാക്കുവതെന്നതോ-
ക്കണമിതാണമിതാദരമാശു മേ ൨

ദുരിതമീരിതമീശ! പൊറുത്തു നീ
മഹിത! മേ ഹിതമേകണമേ സദാ;
വിമല! കോമളകോമളതനോ! ഭവൽ-
പദമിതാ ദമിതാഹിത! കൈതൊഴാം ൩

ജഗതി മേ ഗതി മേശ! സമച്ചനം
തവ; ലയേ വലയേണ്ടിവരാ മുഹുഃ;
വിഹിതമേ ഹിതമേതിലുമാക; നിൻ-
തുണയിതാണയി താമരസേക്ഷണ! ൪

ജയ കളായകളാഭ! വണങ്ങിടു-
ന്നിവനിതാ വനിതാമദന! പ്രഭോ!
മരണകാരണകാലഭയത്തിൽ നി-
ന്നപരമം പരമം തരണം ഹരേ! ൫

അഭവ! മേ ഭവമേദ്ധരസിന്ധുവി-
ന്നലകളാലകളാത്മക! സങ്കടം;
അവനതാവനതാന്ത! തുണയ്ക്ക നീ-
യജിത! ഹേജിതഹേമനവാംബര! ൬

അമല! മാമലമാതിനൊഴും വരൻ
സമരസാമരസാഹ്യമൊടേ തൊഴും
സുമഹിമാ മഹിമാനദ! തേ യഥാ-
സമയമാമയമാകെയൊഴിക്ക മേ ൭

ഇഹ രമാഹരമാകിയ മേനിതൻ-
നമനമേ മനമേ! തവ ഭവ്യദം;
നരകകാരകകാപഥസേവനം
ത്യജ നിജാജനിജാഗരണാനചിതം ൮

കെ. സി. കേശവപിള്ള.

# വിക്രമോൎവ്വശീയസാരം.

---

ഗുണനിരൂപണം

ഇനി ഈ നാടകത്തിൽ പ്രസ്താവിച്ചിട്ടുള്ളതും, കഥാസാരഭാഗത്തിൽ കാണിച്ചിട്ടുള്ളതുമായ നായകാദികളുടെ വിചാരസംഭാഷണാദികളിൽനിന്നു സൂചിക്കുന്നതും, അവിടവിടെയുള്ള സൌന്ദൎയ്യഭേദങ്ങളേയും മററും മനസ്സിരുത്തി ആലോചിച്ചാൽ തോന്നുന്നതും, ആയി ആദ്യം മുതൽ അവസാനംവരെയുള്ള ഓരോ പാത്രങ്ങളുടെ സ്വഭാവഗുണദോഷങ്ങളേയും അവയെക്കൊണ്ടു സിദ്ധിക്കുന്ന ലോകോപദേശങ്ങളേയും ചുരുക്കത്തിൽ പൎയ്യാലോചിക്കുന്നു.

നായക ഗുണവിചാരം.

ഈ നാടകത്തിലെ നായകനായ പുരൂരവസ്സു മഹാരാജാവിന്നു ഭൂമിയിൽപോലെ ആകാശത്തിലും സഞ്ചരിപ്പാൻ സാമൎത്ഥ്യമുണ്ട് എന്ന ഗുണത്തെ 'ആദിത്യഭഗവാനെക്കണ്ടു തൊഴുതുവരുന്ന' എന്ന വാക്യവും 'അഗ്രത്തിൽ ബത' എന്ന ശ്ലോകവും കാണിക്കുന്നു. രാജാവു ദേവപക്ഷക്കാരനാണെന്നതിനെ 'ആദിത്യഭഗവാനെക്കണ്ടു തൊഴുതുവരുന്ന' എന്ന വാക്യവും 'ആ വികൃതി' എന്ന അസുരനെ ഉദ്ദേശിച്ചു പറഞ്ഞ പദവും മററും കാണിക്കുന്നു. ദേവകൾ സ്വഭാവത്താലെതന്നെ ധാൎമ്മികന്മാരാകയാൽ ദേവപക്ഷക്കാരനായ രാജാവു ധൎമ്മിഷ്ഠനാണെന്നു വന്നുകൂടി. രാജാവിന്റെ ഉത്സാഹദയാഗുണങ്ങളെ 'മേതിമത്ര' എന്നു മുതൽ 'പേറഞ്ഞാലും' എന്നുവരെയുള്ള വാക്യവും 'എന്നാൽ വിഷാദം കളയൂ. ഞാൻ നിങ്ങളുടെ സഖിയെ തിരിച്ചുകൊണ്ടുവരുവാൻ പ്രയത്നം ചെയ്യാം' എന്ന വാക്യവും മററും കാണിക്കുന്നു. അപ്സരസ്ത്രീകളെ സമാധാനപ്പെടുത്തുവാൻ അധികം നല്ലതായ 'തിരിച്ചുകൊണ്ടുവരാം' എന്ന പദംവിട്ടു 'തിരിച്ചുകൊണ്ടുവരുവാൻ പ്രയത്നം ചെയ്യാം' എന്നു പ്രയോഗിച്ച പദവും 'ജഗത്രയം വഴിക്കുകാക്കുന്ന വലാരിവൈഭവാൽ' എന്ന വാക്യവും 'അതുമിന്ദ്രനെഴുന്ന' എന്ന ശ്ലോകവും മററും ര

ജാവിന്റെ അഗാധത്തെക്കാണിക്കുന്നു. അപ്സരസ്ത്രീകൾ അദ്ദേഹത്തെക്കണ്ടറികയില്ലെങ്കിലും ധാരാളമായി കേട്ടറിയുമെന്നുള്ളതുകൊണ്ടു സിദ്ധിച്ച രാജാവിന്റെ കീൎത്തി ഗുണത്തെ 'ചന്ദ്രപൌത്രനായ അങ്ങേക്ക് ചേരുന്നതുതന്നെയാണിത്' എന്ന വാക്യവും 'എനിക്കു സംശയംവേണ്ടാ' എന്നു മുതൽ 'തീൎച്ചതന്നെ' എന്നുവരെയുള്ള ഗ്രന്ഥവും കാണിക്കുന്നു. രാജാവിനെ നോക്കീട്ട് 'അസുരനിനിക്കു പകാരംതന്നെയാണ് ചെയ്തത്' എന്നുണ്ടായ ഉൎവ്വശിയുടെ വിചാരവും മററും രാജാവിന്റെ സൌന്ദൎയ്യത്തെ കാണിക്കുന്നു. 'ആ സഖീജനം എവിടെയായിരിക്കും' എന്ന ഉൎവ്വശിയുടെ ചോദ്യത്തിന്ന് രാജാവ് 'അവർ വലിയ വിഷാദത്തിലിരിക്കുന്നു' എന്നുള്ള ദിക്കിലൊന്നു നിൎത്തിയും, അതിനെ ഉൎവ്വശിയുടെ സൌന്ദൎയ്യാതിശയംകൊണ്ടു സാധിച്ചും നല്ലവണ്ണം സമാധാനപ്പെടത്തക്ക വിധത്തിൽ മറുപടി പറഞ്ഞതും മററും നോക്കുമ്പോൾ രാജാവിന്റെ വാക്സാമൎത്ഥ്യം പ്രത്യക്ഷമായിട്ടുണ്ട്. 'നമുക്ക് രണ്ടിഷ്ടവും സാധിച്ചു' എന്നു മുതൽ 'ദുൎഘടമാണല്ലോ' എന്നുവരെയും 'യുദ്ധമടുക്കുമ്പോൾ' എന്നു മുതൽ 'ചതിവാണല്ലോ' എന്നുവരെയും ഉള്ള ഗ്രന്ഥംകൊണ്ടും മററും രാജാവിന്റെ ലോകോത്തരവിക്രമത്തെക്കാണിക്കുന്നു. 'അദ്ദേഹം കാൎയ്യം സാധിച്ചല്ലാതെ പിൻതിരിച്ചുവരില്ല തീൎച്ചതന്നെ' എന്ന വാക്യംകൊണ്ട് രാജാവിന്റെ ആ ഫലോദയകൎമ്മതാഗുണത്തെ കാണിക്കുന്നു. 'സോമദത്തമായ തേർ' എന്നതുകൊണ്ട് രാജാവിന്റെ ദിവ്യയുദ്ധോപകരണഗുണം സ്പഷ്ടമാണ്. 'ഇന്ദ്രനെക്കാണ്മാനിപ്പോളിടയില്ലല്ലോ' എന്നു രാജാവു ചിത്രരഥനോടു പറഞ്ഞ വാക്കുകൊണ്ട് സ്വധൎമ്മമായ പ്രജാരക്ഷണനിഷ്ഠയുള്ള രാജാവിന്റെ ജാഗ്രതാഗുണം സൂചിക്കുന്നു.

രണ്ടാമങ്കം

രാജാവു ദിവസത്തിൽ അല്പകാലം മാത്രമേ യഥേഷ്ടം വിനോദിക്കുന്നുള്ളു. ശേഷം കാലമെല്ലാം പ്രജാരക്ഷണം ചെയ്കതന്നെയാണ്. അതുകൊണ്ടു പ്രജകൾക്കു യാതൊരു പാപവും ഉണ്ടാകുന്നി

ല്ല എന്നും, ലോകത്തിന്റെ എല്ലാം അധിപതിയാണിദ്ദേഹമെന്നും ഉള്ള അൎത്ഥമായ 'ലോകാലോകാ' എന്ന ശ്ലോകംകൊണ്ടു രാജാവിന്റെ വേണ്ടപോലെയുള്ള പ്രജാപാലനഗുണവും, മഹാഭാഗ്യമെന്ന ഗുണവും സ്പഷ്ടമാകുന്നു. 'എന്നാലവൾ ദുൎല്ലഭയല്ലെന്നാണ് ഞാനൂഹിക്കുന്നത്' എന്ന വിദൂഷകന്റെ അഭിപ്രായംകൊണ്ടു രാജാവിന്റെ സൌന്ദൎയ്യം പ്രത്യക്ഷമാകുന്നു. രാജാവിന്റെ വിദ്വജ്ജനവചന വിശ്വാസമെന്ന ഗുണത്തെ 'ബ്രാഹ്മണ വചനത്തെത്തന്നെ വിശ്വസിച്ചുകൊള്ളുന്നു' എന്ന വാക്യം കാണിക്കുന്നു. രാജാവിന്റെ നിമിത്തജ്ഞതാഗുണത്തെ 'മതിമുഖിമണി' എന്ന ശ്ലോകംകൊണ്ടു കാണിക്കുന്നു. ഉർവ്വശിക്കു രാജാവിന്റെ നേരെയുള്ള അനുരാഗം അത്യുൽക്കടമാണെന്ന അൎത്ഥത്തെ സൂചിപ്പിക്കുന്നതായ 'തോഴി ഉൎവ്വശി' എന്നു മുതൽ 'ഓൎമ്മവന്നു' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു രാജാവിന്റെ സൌന്ദൎയ്യാദി ഗുണങ്ങളെക്കാണിക്കുന്നു. പ്രതിഷ്ഠാനനഗരവും ഉപവനവും സ്വൎഗ്ഗം പോലെയും നന്ദനോദ്യാനം പോലെയുമാണെന്ന് ഉർവ്വശിയും ചിത്രലേഖയും കണ്ടു ഉടനെ പറകകൊണ്ടു രാജാവിന്നു ദിവ്യങ്ങളായ ഉപകരണങ്ങളുണ്ടെന്നു സൂചിക്കുന്നു. രാജാവു പറയുന്നതായ 'പെരുത്തൊരഴൽ' എന്ന ശ്ലോകവും 'മനോരഥത്തിന്നു പോവാൻ വയ്യാത്ത വഴിയില്ലല്ലൊ' എന്ന വാക്യവും കൊണ്ടു രാജാവിന്റെ സാദ്ധ്യാസാദ്ധ്യവിവേകം സൂചിക്കുന്നു. 'എന്നിലനേന്ദി' എന്ന ശ്ലോകംകൊണ്ട് രാജാവിന്റെ വാക്സാമൎത്ഥ്യം സ്പഷ്ടമാകുന്നു. 'ഞാൻ നിങ്ങളുടെ സ്വാമി കല്പിക്കുന്നതിനെ വിരോധിക്കുന്നോ! നല്ലാ' എന്ന രാജാവിന്റെ വാക്കുകൊണ്ടു സ്വാമിഭക്തിയും ധൈൎയ്യവും പ്രത്യക്ഷമാകുന്നു. പിന്നെ 'ദേവീദൎശനം' മുതൽ 'ദേവി അനുനയം' സ്വീകരിക്കാതെപോയി എന്നുവരെയുള്ള കഥകൊണ്ടും അതിനെപ്പററി രാജാവിന്റെ പശ്ചാത്താപംകൊണ്ടും രാജാവു ഭക്തൈകവശ്യനാണെന്നുള്ള ഗുണം സ്പഷ്ടംതന്നെ. നൎമ്മസചിവനായ വിദൂഷകൻ നേരമ്പോക്കിന്ന് ഏററവും സമൎത്ഥനാകയാൽ അതാതു കാൎയ്യങ്ങളിലേക്കു വേണ്ടുന്നവരെ തിരഞ്ഞെടുപ്പാൻ രാജാവിന്നു സാമൎത്ഥ്യമുണ്ടെന്നുള്ള ഗുണം സൂചിക്കുന്നു.

മൂന്നാമങ്കം

ലക്ഷ്മീദേവിയുടെ വേഷം കെട്ടിയ ഉൎവ്വശീ 'പുരുഷോത്തമനിൽ' എന്നു പറയേണ്ട സ്ഥലത്തിൽ 'പുരൂരവസ്സിൽ' എന്നു പറഞ്ഞുപോയി എന്ന കഥകൊണ്ട്, വളരെക്കാലമായിട്ടുറച്ചു കിടക്കുന്ന സ്വാമി ഗുരു ബഹുമാനശങ്കാദികളെ അതിക്രമിക്കത്തക്കവണ്ണം ശക്തിയുള്ള അനുരാഗത്തെ ഉൎവ്വശിക്കു ജനിപ്പിക്കാൻമാത്രം വലിപ്പത്തോടു കൂടിയ സൌന്ദൎയ്യാദിഗുണങ്ങൾ രാജാവിന്നുണ്ടെന്നു സൂചിക്കുന്നു.

തനിക്കു രാഗം തോന്നുന്ന സ്ത്രീ മറ്റൊരുവനെ അനുരാഗിക്കുന്നതും മററു ഒരു പുരുഷനും സമ്മതമാകുന്നതല്ലല്ലൊ. എന്നാൽ സൎവ്വലോകസ്വഭാവസിദ്ധമായ ഈ വിസമ്മതത്തെയുമുപേക്ഷിച്ച് ദേവേന്ദ്രൻ, ഉൎവ്വശിയെ പുരൂരവസ്സമഹാരാജാവിൻെറ സമീപത്തിൽ അദ്ദേഹത്തിൻെറ ഇഷ്ടത്തെ അനുസരിച്ചു പ്രവൃത്തിച്ചുകൊണ്ടു താമസിപ്പാൻ സമ്മതിച്ചതിന്നു ഹേതു തനിക്കു രാജാവു ചെയ്തിട്ടുള്ള യുദ്ധസഹായമാണെന്നു സ്പഷ്ടമാകുന്നു. അതിനാൽ ഇന്ദ്രാദി ദിഗീശ്വരന്മാൎക്കുകൂടി ജയിപ്പാൻ വയ്യാത്ത അസുരന്മാരെ ജയിക്കുന്ന സൎവ്വനിയന്താവായ ഈ രാജാവിന്നു മാത്രമേ മുഖ്യമായ ഈശ്വരത്വമുള്ളു എന്നു താല്പൎയ്യാൎത്ഥം. 'ആൎത്തനാമെന്നിൽ' എന്ന ശ്ലോകംകൊണ്ട് രാജാവിൻെറ നിമിത്തജ്ഞത്വം സൂചിക്കുന്നു. ദേവി മുന്നു തിരിച്ചുപോകുംവരേയുള്ള വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും രാജാവിന്നു ദേവിയുടെ നേരേയുള്ള ബഹുമാനാദികൾ നല്ലവണ്ണം സ്പഷ്ടമാകയാൽ രാജാവിൻെറ ഭക്താവശ്യത്വഗുണം സൂചിക്കുന്നു. ദേവി അതിഗുണവതിയാകയാൽ രാജാവിൻെറ സത്ഭാൎയ്യാവത്വഗുണം സൂചിക്കുന്നു 'അമ്പേറ്റദേവി' എന്നും 'അച്ചന്ദ്രരശ്മികൾ' എന്നും 'പുരുദുഃഖത്തിനാൽ' എന്നും 'വൈരമഫല മനോരഥം' എന്നും ഉള്ള ശ്ലോകങ്ങൾകൊണ്ടു രാജാവിൻെറ ചാതുൎയ്യം സൂചിക്കുന്നു.

നാലാമങ്കം

സംഗമനീയമെന്ന ദിവ്യമണി കണ്ടുകിട്ടുവാൻ സംഗതിയായ

ളും, 'വത്സ! എടുക്ക!' എടുക്ക! എന്നും മറവമായ സാക്ഷാൽ ശ്രീ പരമേശ്വരൻെറ വാക്കു കേൾപ്പാറായതും, കൊണ്ടു രാജാവി ൻെറ ദൈവാനുകൂല്യം സൂചിക്കുന്നു. പ്രതിഷ്ഠാനഗരത്തിൽ നി ന്നിവിടുന്നു പോന്നിട്ടു വളരെക്കാലമായല്ലൊ. പ്രജകൾ എൻെറ പേരിൽ അസൂയ വിചാരിക്കുന്നുണ്ട്. അതുകൊണ്ട് വേഗം പോ വുക' എന്ന ഉർവ്വശിയുടെ പ്രജാരഞ്ജനാനുകൂലവാക്കുകൊണ്ടും മ റ്റം അനുരൂപഭാര്യാവത്വമെന്ന രാജഗുണം സൂചിക്കുന്നു.

(തുടരും) കൊടുങ്ങല്ലൂർ കൊച്ചുണ്ണിതമ്പുരാൻ.

# കോങ്കണബ്രാഹ്മണർ

ശേണവഈ—ശേണാവി—ശേണൈ.

കോങ്കണബ്രാഹ്മണരെ എന്തിന്നു ഗൌഡസാരസ്വത ബ്രാഹ്മ ണരെന്നു പറയുന്നു എന്ന സംഗതികളെ കാണിച്ചതിൻെറ ശേഷം 'ശേണവഈ' എന്ന പദത്തിൻെറ അർത്ഥം നിർണ്ണയിപ്പാൻ ശ്രമി ക്കുന്നു. ബോംബായി സംസ്ഥാനത്തിലും ഉത്തരഹിന്ദുസ്ഥാനത്തി ലും ഈ ശബ്ദത്തിന്നു വളരെ പ്രചാരമുണ്ട്.

ശേണവഈ എന്ന ശബ്ദം ശേണവീ എന്നും ശേണൈ എന്നു മുള്ള രൂപങ്ങൾ ധരിച്ചു കർണ്ണാടകജില്ലയിലും കേരളത്തിലും ശേ ണായി എന്ന രൂപത്തിൽ പ്രയോഗിച്ചുവരുന്നു. ഈ ശബ്ദത്തിൻെറ അർത്ഥം തീർച്ചപ്പെടുത്തുവാൻ ഇപ്പോൾ കേവലം പ്രയാസംതന്നെ. ഈ അർത്ഥത്തെപ്പററിയുള്ള അഭിപ്രായഭേദങ്ങളെ താഴെ ചേർത്തി രിക്കുന്നു.

1. തൊണ്ണൂററാറ് എന്നർത്ഥമുള്ള ഷണ്ണവതി എന്ന സംസ്കൃ തപദം പ്രാകൃതത്തിൽ ശേണവഈ എന്നും, കോങ്കണഭാഷയിൽ ശാണ്ണോവി എന്നും, രൂപാന്തരപ്പെടുന്നു. തൊണ്ണൂററാറു സംഖ്യ യാകയാൽ സാംഖ്യേയങ്ങളായ ഗ്രാമങ്ങളെ ലക്ഷണയാ പരാമർശിക്കു ന്നതുകൊണ്ട് ശേണവഈ എന്നതിന്നു തൊണ്ണൂററാറു ഗ്രാമങ്ങ ളിൽ വസിക്കുന്നവർ എന്ന അർത്ഥം സിദ്ധിച്ചു. ശ്രീപരശുരാമൻ കൊടുത്ത 66 ഗ്രാമങ്ങളിൽ നിവസിക്കുന്നതുകൊണ്ട് ഇവരെ

'സാസഷ്ടിക്കാർ' എന്നും 'സാഷ്ടിക്കാർ' എന്നും, പേർ വിളിക്കുന്നു വെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ ഗ്രാമങ്ങളോടു തൊട്ടുകിടക്കുന്ന ഒരുപദേശത്തിന്നു 'തീസപാഡി' എന്നായിരുന്നു പേർ* തീസപാഡി എന്നതിന് 30 ഉപഗ്രാമങ്ങൾകൂടിയ സ്ഥലമെന്നാകുന്നു അർത്ഥം. 66 ഗ്രാമങ്ങളും 30 ഉപഗ്രാമങ്ങളുംകൂടി തൊണ്ണൂറ്ററാറ ഗ്രാമങ്ങളിൽ വസിക്കുന്നവരാകയാൽ 'ശേണവഈ' എന്നു പേരുണ്ടായി എന്നു ചിലരുടെ അഭിപ്രായം. ഇതിൽനിന്നുതന്നെ ആകുന്നു ശേണയി—ശേണായി എന്ന കുലനാമവും ഉണ്ടായത് എന്നു മുമ്പു പറഞ്ഞതുകൊണ്ടും, ഈ കുലനാമം ചിലക്കു മാത്രം ഉള്ളതുകൊണ്ടും ശേണായി എന്നതും ശേണവഈ, (ശേണവീ, ശേണവീ) എന്നതും ഒന്നായിരിപ്പാൻ പാടില്ലെന്നാണ് ചിലരുടെ അഭിപ്രായം. ഈ ആക്ഷേപത്തിന്നു സമാധാനം ഉപരിഉപപാദിക്കും.

2. പാൎശിഭാഷയിൽ ശഹാ എന്നതിന്നു രാജാവെന്നും, നവീസ് എന്നതിന്നു ലേഖകൻ, (എഴുത്തുകാരൻ, ഗുമസ്തൻ) എന്നുമൎത്ഥമാകയാൽ ഇവ രണ്ടും ചേൎന്നുണ്ടായ ശഹാനവീസ് എന്ന ശബ്ദം ദുഷിച്ചു ശേണവഈ എന്ന രൂപം ഉണ്ടായി എന്ന അഭിപ്രായം അത്ര ബലവത്തായിക്കാണുന്നില്ല. പാൎശിശബ്ദം ഇവരുടെ ഇടയിൽ നടപ്പാവാൻ കാരണമെന്തായിരുന്നു എന്നറിയുന്നില്ല. ഭാമനി രാജ്യത്തിന്റേയും പിന്നെത്തതിൽ ബീജപൂർ രാജ്യത്തിന്റേയും അധികാരത്തിൻകീഴിൽ ഗോവരാജ്യം ഉണ്ടായിരുന്നതുകൊണ്ടും, ഈ രാജ്യാധികാരം വഹിച്ചിരുന്ന മുഹമ്മദീയർ സൎക്കാര റിക്കാൎട്ടുകളും മററും പാൎശി ഭാഷയിൽ സൂക്ഷിച്ചുവെച്ചതുകൊണ്ടും, പാൎശിഭാഷ ഗോവയിലും നടപ്പായിരുന്നു വെന്നതു വാസ്തവംതന്നെ. എന്നാൽ ഗുമസ്തപ്പണി ഈ ജാതിയിൽ ചിലർ മാത്രം നോക്കിയിരുന്ന സംഗതിയാൽ ജാതിക്കാൎക്ക് എല്ലാവൎക്കും ഈ എഴുത്തുവേല നിമിത്തം ഒരു പേരുണ്ടായിരുന്നുവെന്നു പറയുന്നത് അത്ര വിശ്വാസ്യമായി വരുന്നില്ല. പതിനേഴാം നൂററാണ്ടിൽ (1668) ഇന്ത്യയിൽ വന്ന ഇംഗ്ലീഷുകാരുടെ യാത്രാവിവരണത്തിൽ ബോംബായിൽ

*എഫ്. സി. ഡാൻവേർസ് ഉണ്ടാക്കിയ പോൎത്തുഗീസരുടെ ഇന്ത്യയിലെ ചരിത്രം എന്ന പുസ്തകത്തിന്റെ ഒന്നാം വാല്യം 342-ാം ഭാഗത്തിലെ ടിപ്പണം നോക്കുക.

ശേണചീ (Shenoi) ബ്രാഹ്മണർ എന്ന ഒരുകൂട്ടം ബ്രാഹ്മണർ ഉണ്ടായിരുന്നതായി വിവരിച്ചിരിക്കുന്നതുകൊണ്ടും, പൊൎത്തുഗീസ്സുകാർ ഗോവയെ പിടിച്ചടക്കിയതിൻെറ ശേഷം അവരുടെ ഹിംസയെ സഹിപ്പാൻ കഴിയാഞ്ഞിട്ടു കോങ്കണബ്രാഹ്മണർ അവിടുന്നു പല ദിക്കുകളിലേക്കും ഓടിപ്പോയതുകൊണ്ടും, 'ശേണചീ' എന്ന പേർ ഇവർ ഗോവയെ വിട്ടുപോകുന്നതിന്നു മുമ്പുതന്നെ ഇവൎക്കു ഉണ്ടായിരിപ്പാൻ സാംഗതിയുണ്ട്. മുഹമ്മദീയർ ഗോവയെ പിടിച്ചടക്കുന്നതിന്നു മുമ്പ് ഇവൎക്കു ഈ പേരുണ്ടായിരുന്നുവൊ എന്നതു നിശ്ചയിപ്പാൻ പ്രയാസമാകുന്നു.

3. മുഹമ്മദീയരുടെ അധീനത്തിൽ ഉണ്ടായിരുന്ന ഗോവയെ വിജയനഗരത്തിലെ രാജാവായ ബുക്കരായർ (1343–1379) പിടിച്ചടക്കിയെന്നും ബച്ചണ്ണ ഉഡൈയാർ എന്ന ആളെ ഗോവയിലെ ദേശാധിപതിയാക്കി നിശ്ചയിച്ചതായും ബുക്കരായരുടെ ഒരു ശാസനയിൽനിന്നു അറിവു കിട്ടിയിരിക്കുന്നു. ഗോവരാജ്യം വിജയനഗരസാമ്രാജ്യത്തിൻെറ കീഴിൽ ബഹുകാലം ഇരുന്നതിൻെറശേഷം അത് ബിജപൂരിലെ സുൽത്താന്മാരുടെ വശത്തായി. 1493-ൽ അതു ബിജാപൂർ സുൽത്താൻ യുസുഫ് അദിൽ എന്നവൻെറ അധീനത്തിലായിരുന്നു. 1570-ൽ ബിജപൂരിൽനിന്നു പോൎത്തുഗീസരുടെ കൈവശത്തിൽ ആയ്പോയതു ഇന്നും അവർ തന്നെ അനുഭവിച്ചുവരുന്നു. ഗോവയുടെ പൂൎവ്വചരിത്രമെന്ന പേരോടുകൂടി ഒരു പന്യാസം യഥാവസരം എഴുതിക്കൊള്ളാം.

ഗോവ വിജയനഗര രാജാക്കന്മാരുടെ ആധിപത്യത്തിൻ കീഴിൽ ആയിരുന്നപ്പോൾ സംസ്ഥാനത്തിലെ ഉദ്യോഗങ്ങൾ പലതും കോങ്കണബ്രാഹ്മണരും അനുഭവിച്ചുവന്നിരുന്നു. 'നാഡുകണ്ണി' 'നാഡുഗവുഡ', പട്ടണശെട്ടി (Provost of the city) മുതലായ കൎണ്ണാടകസ്ഥാനപ്പേരുകൾ കോങ്കണബ്രാഹ്മണരുടെ ഇടയിൽ നടപ്പായതുപോലെ തന്നെ അംശംമേനവൻ (കണക്കപ്പിള്ള) എന്ന അൎത്ഥമുള്ള 'ശാനഭവ, ശാനഭാഗ, ശാനഭോഗ, ശ്യാനഭോഗ, ശ്യാനബാഗ, സാനബോഗ, സേനബോഗ എന്നീ രൂപവികാരങ്ങളോടുകൂടിയ

കൎണ്ണാടക ശബ്ദത്തിൽനിന്നു 'ശേണവി'പദം ഉണ്ടായിഎന്നു മററു ചിലർ അഭിപ്രായപ്പെടുന്നു. വിജയനഗര സംസ്ഥാനത്തിൻ കീഴിൽ ഈ ഉദ്യോഗം മററുജാതിക്കാരും ഭരിച്ചതുകൊണ്ട് 'ശാനഭവ' ശബ്ദത്തിൻെറ അവഭ്രംശമായ 'ശേണാവി'ശബ്ദം കോംകണബ്രാഹ്മണക്കുമാത്രം ഒരു ജാതിവാചകമായിത്തീൎന്നുവെന്നു പറയുന്നതിൽ യുക്തിപോരായെന്നുതോന്നുന്നു. മേനവൻ, മേനോൻ, മേനോക്കി എന്നാൎ ആദ്യം ലേഖകൻ എന്നു അൎത്ഥമുള്ള പദമായിരുന്നുവെന്നും, മേനവന്മാരിൽ പലരും എഴുത്തുപണിക്കാരാകയാൽ അത് ജാതിനാമമായിത്തീൎന്നുവെന്നുമാണ് ചിലരുടെ അഭിപ്രായം. അതുകൊണ്ട് ഒരു ജാതിയിൽ വളരെ പേരുകൾ ഒരു വേല ചെയ്യുന്നതുകൊണ്ട് അവൎക്ക് ആ പേർ വരാൻ പാടില്ലെന്ന വാദം നിൎമ്മൂലമല്ലെന്നു തെളിയുന്നു. കണക്കപ്പിള്ള (Accountant) എന്ന അൎത്ഥത്തിൽ 'ശേണഈ' ശബ്ദം കോംകണഭാഷയിൽ ധാരാളമായിട്ട് ഉപയോഗിച്ചു വരുന്നുണ്ട്.

4. 'സേനാപതി' ശബ്ദം മാഗധീഭാഷയിൽ 'ശേണാവഇ' എന്ന രൂപത്തിൽ പരിണമിക്കും. പ്രാകൃതത്തിൽ സമാസത്തിലെ ഉത്തരപദാന്തത്തിലെ ദീൎഘത്തിന്നു ഹ്രസ്വം വികല്പമായ്വരുന്നതുകൊണ്ട് 'ശേണാവഇ' എന്നതു 'ശേണവഇ' എന്നായിത്തീരും. മഹാരാഷ്ട്രി, ശൌരസേനി, സൌരാഷ്ട്രി, അവന്തിക മുതലായ പ്രാകൃത ഭാഷകളിൽ ശകാരവും ഷകാരവും ഇല്ലെങ്കിലും മാഗധിയിൽ ശ, ഷ, സ എന്നിവകൾക്കെല്ലാം ശകാരം ആദേശമായ്വരും. 'ഷസോഃ ശഃ' എന്ന പ്രാകൃതപ്രകാശമെന്ന പേരോടുകൂടി വരരുചി ഉണ്ടാക്കിയ പ്രാകൃത വ്യാകരണത്തിൻെറ പതിനൊന്നാം പ്രകാശം മൂന്നാം സൂത്രത്തിൽ ഷസകളുടെ സ്ഥാനത്തു ശകാരം മാഗധിയിൽ വരുമെന്നു പറഞ്ഞിരിക്കുന്നു.

മഗധദേശത്തിൻെറ തെക്കേഭാഗമായ ത്രിഹോത്രപുരത്തിൽനിന്നു കോംകണബ്രാഹ്മണർ വന്നവരാകയാൽ 'ശേണവഇ' എന്ന ശബ്ദം മാഗധിയിൽനിന്നു വന്നതായിരിക്കാം. ത്രിഹോത്രപുര

ത്തിൽ ക്ഷത്രിയ വൃത്തികൊണ്ടുപജീവനം ചെയ്തുവരുന്ന ബ്രാഹ്മണ ൎക്ക് 'ബാംഭണ' എന്ന പേരുണ്ടെന്നു സർ വില്യം ഹൺടർ (Sir William Hunter) ഉണ്ടാക്കിയ 'ഗജററിയർ ഒഫ് ഇൻഡ്യാ'(Gazatteer of India) എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കയാൽ, കോങ്കണ ബ്രാഹ്മണരും പണ്ടു ക്ഷത്രിയവൃത്തിയാൽ ഉപജീവനംകഴിച്ചുപോന്ന വരായിരിക്കാം. പ്രാചീനാൎയ്യന്മാൎക്കു യുദ്ധം ചെയ്യുന്നതിന്നും ക്ഷത്രിയ വൃത്തികൊണ്ടുപജീവിക്കുന്നതിന്നും യാതൊരു വിരോധവും ഉണ്ടായി രുന്നില്ല. പരശുരാമൻ, കൃപർ, ദ്രോണർ, അശ്വത്ഥാമാവ് മുതലായ ബ്രാഹ്മണശ്രേഷ്ഠന്മാൎക്ക് ക്ഷത്രിയവൃത്തി നിമിത്തം യാതൊരു ന്യൂനത യും സംഭവിച്ചിട്ടില്ല. ആൎയ്യബ്രാഹ്മണർ കേരളത്തിൽ വന്നകാലത്ത് സ്വരക്ഷാൎത്ഥമായി പത്തരഗ്രാമങ്ങളിലുള്ള ബ്രാഹ്മണരിൽ നന്ന പേർ ആയുധപാണികളായിരുന്നുവെന്നു കേരളോല്പത്തിയിൽ പ റഞ്ഞിരിക്കുന്ന സംഗതി കേവലം ഐതിഹ്യമല്ലല്ലോ. ഈ ദൃഷ്ടാ ന്തങ്ങളിൽനിന്നു കോങ്കണബ്രാഹ്മണരും പൂൎവകാലങ്ങളിൽ ക്ഷത്രി യവൃത്തി ചെയ്തുവരായിരിപ്പാൻ സംഗതിയുണ്ട് എന്നു വരുന്നു. എന്നാൽ ത്രിഗൎത്തപുരത്തിലെ ക്ഷത്രിയബ്രാഹ്മണൎക്ക് സേനാപ തികളെന്ന പേരില്ലാത്തതുകൊണ്ടും, കോങ്കണബ്രാഹ്മണർ ക്ഷത്രിയ വൃത്തികൊണ്ടുപജീവനം ചെയ്തുപോന്നവർ എന്നു സമ്മതിക്കുന്ന പക്ഷത്തിലുംകൂടി അവർ എല്ലാവരും സേനാനായകന്മാർ ആയിരി പ്പാൻ പാടില്ലാത്തതുകൊണ്ടും, സൈന്യാധിപത്യം ഈ ജാതിയിൽ അടങ്ങിയ എല്ലാവരുടെയും ഉദ്യോഗമായിരുന്നു പാടില്ലാത്തതുകൊ ണ്ടും, സമുദായത്തിന്നു മുഴുവനും കൂടി സേനാപതികൾ എന്ന അ ൎത്ഥമുള്ള 'ശേണവി'പദം ജാതിപ്പേരായിരുന്നു പാടില്ലെന്നും തെളി യുന്നു. അതുകൊണ്ട് ഈ അഭിപ്രായം സ്വീകരിച്ചുകൂട.

5. 'ശേണാ', 'ശേണവീ' എന്ന പദങ്ങൾക്ക് ബുദ്ധി, ബുദ്ധി മാൻ എന്ന അൎത്ഥമുണ്ടെന്ന് ഡാക്ടർ വിത്സൻ ഉണ്ടാക്കിയ സംസ്കൃ തകോശത്തിൽ (Dr. Wilson's Sanskrit English Dictionary) പ റഞ്ഞിരിക്കുന്നു. കോങ്കണബ്രാഹ്മണർ ബുദ്ധിമാന്മാരാകയാൽ അവ ൎക്കു ശേണവിഎന്ന അന്വൎത്ഥനാമധേയം സിദ്ധിച്ചുവെന്നുപറയുന്ന

ത് കേവലം ആത്മപ്രശംസാമാത്രമായിരിക്കും. ഇവർ പ്രായേണ ബുദ്ധിമാന്മാർതന്നെ എന്നു സമ്മതിക്കുന്നതായാലും അന്യന്മാർ ഇവരെ ബുദ്ധിമാന്മാരെന്നു വിളിക്കത്തക്ക ഒരു ബുദ്ധിവൈശിഷ്ട്യം ഈ സമുദായത്തിന്നുണ്ടായിരുന്നുവെന്ന് പറയുന്നതിൽ യുക്തി പോരാ യ്കയാൽ ഈ അൎത്ഥവും സ്വീകാൎയ്യമല്ല.

6. ശാകുന്തളം അഞ്ചാം അങ്കത്തിൽ 'കിം ശോഹണേ ബമ്ഹണേത്തി കലിഅ രണ്ണാ പഡിഗ്ഗഹേ ദിണ്ണേ' എന്ന മാഗധി വാക്യത്തിലെ ശോഭനാൎത്ഥകമായ ശോഹണശബ്ദത്തിൽനിന്നു ശേണവി ശബ്ദം ഉണ്ടായി എന്നു പറയുന്നതിലും യുക്തിയില്ല.

7. ഒരു മഹാരാഷ്ട്രപണ്ഡിതൻ കോങ്കണബ്രാഹ്മണരെ അപഹസിപ്പാൻ വേണ്ടി ശേണവി ശബ്ദത്തിന്നു 'സേണ വിണാരേ ലോക്'—'ചെണ്ണതൽ നുല്ലുന്ന കൂട്ടർ' എന്നു അൎത്ഥം കല്പിച്ചിരിക്കുന്നു. ഈ പ്രവൃത്തി ഈ സമുദായത്തിന്നു യാതൊരു കാലത്തും ഉണ്ടായിരുന്നില്ലെന്ന വാസ്തവം ഇവിടെ പറയേണ്ടതുതന്നേ അനാവശ്യമാകുന്നു.

ഇങ്ങിനെ ഒരു ശബ്ദത്തിൻെറ യഥാൎത്ഥമായ അൎത്ഥം അറിയാതിരിക്കുമ്പോൾ അതിന്നു ഒരൎത്ഥകല്പന എങ്ങിനെയെങ്കിലും ചെയ്യേണമെന്നുറപ്പിച്ചാൽ വക്താവിന്നിഷ്ടമായ അൎത്ഥം പറയുന്നതിന്നു യാതൊരു തടസ്ഥവും വിരോധവും ഇല്ലല്ലോ. നംപൂരി പദത്തിന്നു എന്തെല്ലാമാണ് അൎത്ഥം കല്പിച്ചിരിക്കുന്നത് എന്ന് ആലോചിച്ചാൽ എന്തെങ്കിലും അൎത്ഥം കല്പിക്കുന്നതിന്നു യാതൊരു വിഷമവും ഉണ്ടായിരിക്കയില്ല. നയ്മ്പു ഊരി എന്നതുകൊണ്ടു നംപൂരി എന്നും, നമ്പികളുടെ ശ്രീമാൻ, നമ്പിക്കപ്പെട്ടവൻ, നം (വെദം) പൂരിക്കുന്നവൻ, ശ്രീമാനായനമ്പി, ഇങ്ങിനെ പല ആഭാസങ്ങളായ അൎത്ഥങ്ങൾ എല്ലാം കല്പിക്കാറുണ്ട്. നായർ, പിഷ്മർ, കണിശൻ, മുതലായ കേരളീയ ജാതികളുടെ നാമങ്ങൾ സംസ്കൃതശബ്ദങ്ങളായി സ്വീകരിക്കുന്ന കേരളീയ വിദ്വാന്മാരുടെ സൂക്ഷ്മാലോചന ദൃഷ്ടിയിൽ ഈ സംസ്കൃതപേരുകൾ വിട്ടിട്ടു നംപൂരിക്കുമാത്രം ദ്രാവിഡഭാഷയിൽനിന്ന് ഒരു സ്വനാമധേയം ഉണ്ടാകുവാൻ എന്തായിരു

ന്നു ആവശ്യകതയെന്നതു പ്രവേശിക്കുന്നതേഇല്ല. എം പുരാൻ എന്നത് എമ്പ്രാൻ എന്നും തംപുരാൻ എന്നതു തമ്പുരാൻ—തമ്പ്രാൻ എന്നും മാറുന്നതുകൊണ്ട് എം എന്നതു ഞാൻ എന്ന സർവ്വനാമത്തിന്റെ പ്രകൃതിയായ എൻ എന്നും തം എന്നതു താൻ എന്നതിന്റെ പ്രകൃതിയെന്നും ഇവക്കു ബഹുമാനദ്യോതകത്വം ഉണ്ടെന്നും അതുകൊണ്ട് എമ്പ്രാൻ എന്നതിനു ബഹുമാനപ്പെട്ട പുരാൻ എന്നും തമ്പ്രാൻ എന്നതിനു പൂജ്യനായ പുരാൻ എന്നും അർത്ഥമാകുന്നുവെന്നും കാൾഡ്വെൽ സായ്വ് അഭിപ്രായപ്പെട്ടിരിക്കുന്നു. (Dr. Caldwell's Dravidian Grammar). ഇവിടെ പുരാൻ എന്നത് 'പ്ര' എന്ന ഉപസർഗ്ഗത്തിൽനിന്നുണ്ടായി എന്നും മേപ്പടിസായ്വ് പറയുന്നുണ്ട്. ഇതിന്റെ അസാംഗത്യം ഇവിടെ ഇപ്പോൾ ഉപപാദിക്കുന്നില്ല. ഋഗ്വേദത്തിൽ പലേടങ്ങളിലും ഉപയോഗിച്ച ഭൂർണ്ണിശബ്ദത്തിൽനിന്നാകുന്നു നമ്പൂരി ശബ്ദം ഉണ്ടായിരിക്കുന്നത് എന്നു ഞാൻ പറഞ്ഞാൽ പലർക്കും അത് ആശ്ചര്യമായിതോന്നും. ഭൂർണ്ണിശബ്ദത്തിനുതുല്യമായ ദ്രാവിഡം പോററിയാകകൊണ്ടും, ആയതു ബ്രാഹ്മണാഭിധേയമായി ഉപയോഗിക്കുന്നതുകൊണ്ടും, ഭൂർണ്ണിശബ്ദത്തിലെ ഉച്ചാരണ വൈഷമ്യം നീക്കാനും അതേ അർത്ഥം കാണിപ്പാനും ആയിട്ടു സംസ്കൃതഭാഷയോടു വിമുഖന്മാരായ തമിഴർ ഭൂർണ്ണിശബ്ദത്തിനു പകരം തദർത്ഥകമായ പോററിശബ്ദം ഉപയോഗിച്ചതായിരിക്കാം. ഈ ന്യായം കേരളീയർക്കു സുഗ്രാഹ്യമാണെങ്കിൽ നമ്പൂരി എന്നതിലെ ആദ്യപദമായ 'നം' എന്നത് നാം എന്ന സർവ്വനാമത്തിന്റെ പ്രാതിപദികംതന്നെ എന്നു വിചാരിക്കാം. ബഹുമാനദ്യോതകമായിട്ടു നം, തം, എം, എന്ന പദങ്ങളെ തമിഴിൽ ഉപയോഗിക്കുന്നുണ്ടെന്ന് കാൾഡ്വെൽ സമ്മതിക്കുന്നുണ്ട്. നമ്പൂരി ശബ്ദാർത്ഥത്തെപ്പററി ഒരുപന്യാസം യഥാവസരം എഴുതിക്കൊള്ളാം. ഇപ്പോൾ പ്രകൃതം അനുസരിക്കട്ടെ.

തുടരും

എം. ശേഷഗിരിപ്രഭു, എം. എ.

# പാക്കനാര

1. മറയുടെപൊരുൾതൊട്ടിമന്നിൽവേണ്ടുന്നതൊട്ടു-
ക്കറിയുമരിയകേമന്മാരിലൊന്നാമനായി
പെരിയൊരുപുകൾപാരിൽപ്പൊങ്ങിടുംപാക്കനാരാം
പറയനെയറിയാത്താർപാരിടത്തിൽ ചുരുങ്ങും.

2. മറയവർകളിൽമുമ്പന്മാരുമേറെപ്പുകഴ്ത്തി
പ്പറയുമവനെഴുംവമ്പൊട്ടുഞാൻകേട്ടപോലെ
പറയുമളവുനാവിൽപാക്കനീതെററാതേററം
കുറയുവതിനുനീരിത്താർമകൻവേട്ടതായേ!

3. മലയുടെമകൾപെറേറാരമ്പെഴുംകൊമ്പനാന-
ത്തലയൊടമരുമൊററക്കൊമ്പനാംതമ്പുരാനേ!
വലിയപിഴവരാതിന്നൊട്ടുനന്നെന്നുതോന്നും
നിലയതിലിതുനില്പാൻനീകനിഞ്ഞീടവേണം

4. കനിവൊടുതിരുവെള്ളക്കാവിലയ്യപ്പനുംനൽ
പനിമലമകളായോത്ത്രരകത്തമ്മതാനും
മിനുമിനുസമിതെന്നാശ്ലേകൾകളവോരൊക്കെയോതാ-
നിനിയിതുകഴിവോളംപാക്കുകെന്നുൾക്കുരുന്നിൽ

5. കേട്ടാലുമെങ്കിലറിവേറിനപാക്കനാർതൻ
കൂട്ടക്കെത്തളിർകളുത്തിടുമാറുമുന്നാം
വീട്ടിൽതരത്തിലകമൊത്തൊരുപെണ്ണുതന്നെ
വേട്ടെത്രയുംതെളിവിയന്നഴൽവിട്ടുവാണു

6. മോശത്തിലാണറികവന്നുകഴിച്ചിൽകയ്യിൽ
കാശെത്രയുംകുറയുമെങ്കിലുമാനടപ്പിൽ
വീശത്തിനുംപിഴവരില്ലിവനെന്നുനാട്ടാർ
പേശിത്തരത്തിലവനുള്ളൊരുപേരുപൊങ്ങി

7. അന്നന്നവൻമലയിലുള്ളതിൽനല്ലതായി
നിന്നീടുമാമുളമുറിച്ചുപൊളിച്ചുചീന്തി
നന്നായുറപ്പിലൊരുപത്തുമുറങ്ങൾതീൎക്കും
പിന്നെപ്പതുക്കെയതുവില്ക്കുവതിന്നുനോക്കും

8. ചോരുന്നലത്തൊടൊരുവീട്ടിൽമുറങ്ങൾകാണി-
ച്ചോരോന്നിനുനെറെവിലചൊല്ലിവഴക്കടിക്കും
ചീറന്നതെന്തുമുറമൊമ്പതുമിങ്ങുനൽക
ചേരുന്നതല്ലവിലയെന്നുമൊട്ടുകമോതും

9. ഈവിസ്ഥിതന്നമുറമെണ്ണിയതില്ലകൾക്ക-
ലാവട്ടെയിന്നുവെറുതേമുറമൊന്നിനിക്ക്
പോവട്ടെവെക്കുമിവനെന്നുടനൊന്നെടുക്കു-
മാവീട്ടുകാരവനുബാക്കിയുടൻകൊടുക്കും

10. ഓരോരുവീട്ടിൽമുറമിങ്ങിനെനൽകുമായാ-
ളോരോന്നൊടുക്കമതിലൊന്നതുബാക്കിയായാൽ
ആരെന്തുനൽകുമതിനെങ്കിലതങ്ങുവാങ്ങി
പ്പോരുംകഴിക്കുമതിനാൽചിലവന്നുവീട്ടിൽ

11. മുക്കണ്ണനെത്തൊഴുതുപിന്നെമുറക്കുവേണ്ട
തൊക്കെഴിച്ചുടനുറക്കറയിൽകടന്നാൽ
ചിക്കെന്നുവേണ്ടൊരറിവേകുവതിന്നുതന്റെ
മക്കണ്ണിയാളൊടുമവൻചിലതൊക്കെയോതും

12. കൊററിന്നുവേണ്ടതൊഴിൽക്കുമുതലിങ്ങുവേണ്ട
ചെററുംനമുക്കഴൽമരത്തിനുവേരതല്ലോ
തെററന്നുതീമിഴിയെഴുന്നൊരവങ്കൽനിന്നു
തെററുന്നിതേറെമുതലുള്ളവനുള്ളമെന്നും

13. കള്ളൻകടന്നിതു,വരമ്പുമുറിഞ്ഞുകോളിൽ
വെള്ളംകടന്നു,കുറിവീണിതു,കപ്പൽമുങ്ങി
കൊള്ളാംപൊടുന്നനവെയിങ്ങിനെയൊക്കെവന്നി-
ട്ടുള്ളംകിടന്നുഴലുമേമുതലുള്ളവൎക്ക്

14. കിട്ടുന്നതാകരുതുകിങ്ങിനെതന്നെയാകു
മൊട്ടുന്നിനച്ചപടിയല്ലവരുന്നതൊന്നും
പെട്ടന്നുവേണ്ടമുതലെങ്ങിനെയോകിടക്കും
പൊട്ടുന്ന,തൊട്ടറിവെഴുന്നവനില്ലതാനും

15. ആററിന്മകൻപകലവൻെറമകൻതുടങ്ങി
കൂററിന്നുകൂടിയവരൊക്കെമിഴിച്ചുനില്ക്കെ
ന്നൂറെറാന്നുനൂററവരെയൂററമൊടേറെറാരൊററ
ക്കാററിന്മകൻപറകകൊന്നുമുടിച്ചതില്ലേ?

16. വിണ്ണോരിലുംവിരുതെഴുംപലവമ്പരേയും
കണ്ണിൽപെടുംപൊഴുതുകൊന്നുകളിച്ചകേമൻ
കണ്ണൻെറയാമരുമകൻപടയാളിയായി
ട്ടെണ്ണാത്തൊരുണ്ണിയൊടുതോററുടൽവിട്ടതില്ലേ?

17. ഒന്നിച്ചൊരിക്കലൊരുദിക്കിലിരുന്നുവായി-
ച്ചന്നൊക്കെയുംവിരുതുനേടിയവമ്പർപിന്നെ
താന്നിട്ടുമൊട്ടറിവുതാന്നവർമീതെയായി
വന്നിട്ടുമിങ്ങുമറിമാൻമിഴി! കാണ്മതില്ലേ?

18. ഓരോന്നുപാരിലിതുപോലൊരുപാടുകണ്ടു
പോരുന്നുനാമതുകളോതുകിലററമുണ്ടോ?
ഓരുന്നനേരമൊരുവൻകരുതുന്നമട്ടായ്
ത്തീരുന്നതല്ലുരുരമോടിവിടത്തിലൊന്നും

19. പൂമാതുതൻകളികളാണിതതിങ്കൽമുങ്ങി-
പ്പോമേതവനുമഴൽവിട്ടൊഴിയുന്നതല്ല
അതുമൊരിക്കലലഞ്ഞുവലഞ്ഞിടായ്വാൻ
നാമേതുമേകൊതിയതിൽകരുതായ്കവേണം

20. എന്തോകിടച്ചതതുപോരുമതിൽകവിഞ്ഞൊ
ന്നെന്താകിലും വരുവതിന്നുകൊതിച്ചിടാതെ
പൂന്തേൻതൊഴുംമൊഴി! കഴിക്കുകനല്ലതാണ-
തെന്താകിലും,കൊതിയതിന്നതിരാരുകണ്ടു?

21. അക്കണ്ണനുണ്ണിമുതൽകൊച്ചുപുഴക്കളോള-
മിക്കണ്ടിട്ടുന്നതുകളൊക്കയുമോൎത്തുകണ്ടാൽ
തീക്കണ്ണനാണ്, തുകളുംവേണ്ടതുപോലെയാക്കി-
ത്തീൎക്കുന്നൊരപ്പണിയുമായവനുള്ളതല്ലോ

22. മയ്ക്കണ്ണി! നോക്കുമുറനോക്കിനടക്കപിന്നെ
മുക്കണ്ണനൊത്തപടിയൊക്കയുമെന്നുറയ്ക്ക
നോക്കിനുപിന്നെയഴലെങ്ങിനെവന്നുകൂടും?
നോക്കുന്നനേരമിതുതാൻവഴിമാലൊഴിപ്പാൻ

23. നൽകുന്നതാണ് മുതൽനേടുവതല്ല, ചത്തു-
പോകുന്നനേരമതുകൂടെവരുന്നതുണ്ടോ?
ചാകുന്നതെന്നതുമറിഞ്ഞവരാരുപൂന്തേൻ
തൂകുന്നനല്ലമൊഴിമാരണിയുന്നമുത്തേ!

24. ഈവണ്ണമൊക്കെയവളോടുപറഞ്ഞുപാതി
രാവിന്നുറങ്ങുമുണരുംപുലരുമ്പൊഴേയ്ക്കും
ആവുന്നവേലതുടരുംചിലവുംകഴിച്ചു
കൈവന്നതൊക്കെയതുവേണ്ടവനായ്ക്കൊടുക്കും

25. മുക്കണ്ണനുംമുറവിടാത്തനടപ്പുമാണ്
വായ്ക്കുന്നനല്ലമുതലെന്നുമുറച്ചുകൊണ്ട്
പാൎക്കുന്നൊരായവനിലാററണിയുന്നവന്റെ
തൃക്കണ്ണുതൻകടകടന്നഴലൊക്കെനീക്കി

26. മുക്കണ്ണനാകണവനാശരിയാണുപാരിൽ
മയ്ക്കണ്ണിമാൎക്കവരിൽവേണ്ടവണക്കമോടും
പാൎക്കുന്നതാണുമുറയെന്നൊരുറപ്പുവന്നോ
രക്കന്നൽനേർമിഴിയുമാടലകന്നുവാണു

(തുടരും)

കുണ്ടൂര് നാരായണമേനോൻ.

# പുകയില

ക്രൈസ്തവവഷം 1492-ൽ കൊളമ്പസ്സ് എന്ന ഒരു യൂറോപ്പു ദേശീയനും കൂട്ടരുംകൂടി ഒന്നാമതായി അമേറിക്കാ രാജ്യത്തു ചെന്നപ്പോൾ അവിടെ വെച്ചാണ് പുകയില എന്ന പദാൎത്ഥത്തെ കണ്ടെത്തിയത്. തദ്ദേശീയന്മാർ അതിനെ ധൂമപാനത്തിന്നും പൊടിയാക്കി മൂക്കിൽ വലിക്കുന്നതിന്നും മുറുക്കുന്നതിന്നും ഉപയോഗിച്ചിരുന്നു. ഇംഗ്ലാണ്ടുദേശത്തു സർ വാൾട്ടർ റാലി എന്നൊരാളാണ് (ഏകദേശം 1586-ൽ) പുകയില നടപ്പാക്കിയത്. റാലിയെന്നാൾ ഒരു ദേശസഞ്ചാരിയായിരുന്നു. അയാൾ ഒരു തവണ അമേരിക്കയിൽപോയി സ്വദേശത്തേക്കു മടങ്ങിയതിന്റെ ശേഷം പുകയില ചുരുട്ടാക്കി വലിച്ചുതുടങ്ങി. അന്നുമുതൽ ചുരുട്ടുവലി അവിടെ ക്രമേണ നടപ്പായി.

ഇന്ത്യാരാജ്യത്തു പോൎത്തുഗീസുകാർ (പറങ്കികൾ) ആണ് ക്രൈസ്തവവഷം 1605-ൽ ഒന്നാമതായി പുകയില കൊണ്ടുവന്നത്. അതിന്നുമുമ്പു പുകയില ഈ രാജ്യത്തുണ്ടായിരുന്നതായിട്ടു യാതൊരു തെളിവും കാണുന്നില്ല. സംസ്കൃതഭാഷയിലാകട്ടെ, തമിഴുമുതലായ ഭാഷകളിലാകട്ടെ അതിന്നു പ്രത്യേകമായിട്ട് ഒരു പദം കാണുന്നില്ല എന്നുതന്നെ അത് ഈ രാജ്യത്തു മുമ്പുണ്ടായിരുന്നില്ല എന്നതിലേക്ക് ഒരു പ്രധാന തെളിവാകുന്നു. പുക വലിക്കുന്നതിന്നായിട്ടാണ് അത് ആദ്യം ഇവിടെ കാണപ്പെട്ടത്. അതിനാൽ ആ ഉപയോഗത്തെ അനുസരിച്ച് 'പുകയില' എന്ന ഒരു പേർ തല്ക്കാലം സൃഷ്ടിച്ചുവെന്നല്ലാതെ ഇട്ടിക്കിൽ ഉണ്ടാകുന്ന അന്യ ഓഷധിവൎഗ്ഗങ്ങൾക്കുള്ളപോലെ അതിന്നും ഒരു പ്രത്യേക നാമധേയമുള്ളതായി നമ്മുടെ ഭാഷയിലാകട്ടെ ഇന്ത്യയിൽ അന്യഭാഷകളിലാകട്ടെ കാണുന്നില്ല.

യോറോപ്പുരാജ്യത്തും ഇന്ത്യാരാജ്യത്തും മററും പുകയില നടപ്പായപ്പോൾ അത് ഒരു സിദ്ധൌഷധമായിട്ടാണ് ഗണിക്കപ്പെട്ടിരു

ന്നത്. പിന്നീട് അത് ഒരു ലഹരിപദാർത്ഥമാണെന്നും ഔഷധമായി ഉപയോഗിപ്പാൻ നല്ലതല്ലെന്നും മനസ്സിലായപ്പോൾ ജനങ്ങൾ അതിനെ ഉപയോഗിക്കുന്നതിൽ അതാതു രാജ്യത്തുള്ള രാജാക്കന്മാർ വളരെ വിരോധിച്ചുവെങ്കിലും ആരും അതിനെ ഉപേക്ഷിച്ചില്ല എന്നുതന്നെയല്ല സകല ജനങ്ങളും അതിനെ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഉപയോഗിപ്പാനും തുടങ്ങി എന്നുള്ളത് എല്ലാവർക്കും അറിയാവുന്ന സംഗതിയാണല്ലൊ.

ഇന്ത്യാരാജ്യത്തെ ആസകലമുള്ള കണക്കു നോക്കുന്നതായാൽ ഏകദേശം ഇരുപതുലക്ഷം ഏക്കറിൽ കുറയാതെയുള്ള സ്ഥലത്തിൽ പുകയില കൃഷിചെയ്യപ്പെടുന്നുണ്ടത്രെ. ഒരു ഏക്കർ ഭൂമിയിൽ (ഏകദേശം 10 പറക്കു നിലത്തിൽ) 500 റാത്തൽ പുകയിലയുണ്ടാകും.

ഇന്ത്യയിൽ മദ്രാസു സംസ്ഥാനത്തു ഗോദാവരി, കൃഷ്ണ, കോയമ്പത്തൂർ, മധുര എന്നീ ജില്ലകളിലും, ബംഗാൾസംസ്ഥാനത്തു റങ്പൂർ, ടിർഹ്റുട്ട് എന്ന ജില്ലകളിലും, ബോംബെസംസ്ഥാനത്തു കെയിറ എന്ന ദിക്കിലും, ആണ് പുകയില ധാരാളമായി കൃഷിചെയ്യപ്പെടുന്നത്. പ്രസിദ്ധപ്പെട്ട തൃശ്ശിനാപ്പിള്ളി ചുരുട്ടിനുള്ള പുകയില കോയമ്പത്തൂരുനിന്നും മധുരയിൽനിന്നും ആണ് വരുന്നത്.

ശീതോഷ്ണങ്ങളുടെ അവസ്ഥ, മണ്ണിൻെറ സ്വഭാവം, എന്നിവയെ അനുസരിച്ചാണ് പുകയിലകൃഷി സഫലമായി ഭവിക്കുന്നത്. ഉഷ്ണഭൂമിയായും വായുവിൽ ജലാംശം ധാരാളമുള്ളതായുമിരിക്കുന്ന പ്രദേശത്താണ് പുകയില നല്ലവണ്ണം പിടിക്കുക. മദ്രാസുസംസ്ഥാനത്ത് ഇപ്പോൾ മലയാളജില്ലയിൽ ഒഴിച്ചു മറ്റെല്ലാ ജില്ലകളിലും പുകയിലകൃഷി തുടങ്ങിട്ടുണ്ട്. നദികളിൽകൂടി വരുന്ന മട്ടു ധാരാളം വീഴുന്നഭൂമിയിലും മണൽ ചേർന്നിട്ടുള്ള മണ്ണിലും ഇതു കൃഷിചെയ്യുവരുന്നു. ഉണങ്ങിയിരിക്കുന്ന (വെളിംപറമ്പുപോലെയുള്ള) ഭൂമിയിൽ നനച്ചു കൃഷിചെയ്യുണ്ടാകുന്ന പുകയിലക്കു വീര്യം കൂടിയിരിക്കും. പക്ഷെ അതു ചുരുട്ടിൻെറ ഉപയോഗത്തിന്ന് അത്ര നന്നല്ല. വെള്ളംകെ

ട്ടിനില്ക്കുന്ന ഭൂമിയിൽ പുകയില നന്നാവില്ല. പുകയിലച്ചെടി ന നച്ചു തയ്യാറായിരിക്കുന്ന പ്രായത്തു വെള്ളം മുക്കി നനക്കണം. സാധാരണ ഏരിവെള്ളം തിരിച്ചുകൊണ്ടുവന്നു നനക്കുന്ന പുകയിലക്കു ഗുണം മതിയാകുന്നതല്ല. ആട്ടിൻകാഠം, കന്നുകാലികളുടെ ചാണം, ചാരം, അടിച്ചുവാരിയ ചവറ് ഇവതന്നെയാണ് അതിന്നു വളങ്ങൾ. കൃഷി ആരംഭിക്കുന്നതിന്നുമുമ്പായി കൃഷി ചെയ്യേണ്ട സ്ഥലത്തു പല ദിക്കിലുമായി പട്ടികെട്ടി കന്നുകാലികളെ മുളക്കുന്നതു നന്നായിരിക്കും. കൃഷിക്കുള്ളകാലം ഓരോ ദേശത്തെ വർഷാദ്യവസ്ഥകളെ ആശ്രയിച്ചിരിക്കുന്നു. പുകയിലവിത്ത് ആദ്യം തന്നെ തടത്തിൽ പാവുകയാകുന്നു. സാധാരണമായി എല്ലാ ദിക്കിലും വർഷം കഴിഞ്ഞിട്ടാണ് വിത്തു പാവുന്നത്. വിതച്ചിട്ടെട്ടാം ദിവസം എല്ലാം മുളക്കുന്നു. പിന്നെ ഒന്നര മാസം കഴിഞ്ഞിട്ടാണ് അതു വലിച്ചു നടുന്നത്. അപ്പൊഴക്കു ചെടിക്ക് ഏകദേശം 6 ഇഞ്ച് പൊക്കം വെക്കുന്നതാണ്. ഏകദേശം ഒരടിമുതൽ മൂന്നടിവരെ അകലെയായിട്ടാണ് ചെടികൾ പറിച്ചു വെക്കുന്നത. ചെടികൾ കണ്ണികോരി അതിന്മേൽ നടുന്നതായിട്ടോ അല്ലെങ്കിൽ കണ്ടങ്ങളിൽ നിരത്തി കഴിച്ചിടുന്നതായിട്ടുമുണ്ട്. ചിലദിക്കിൽ വിത്തുപാവിയിരിക്കുന്ന തടങ്ങളേയും പിന്നെ മുളച്ചു തയ്യായിട്ടുള്ളവയെ തന്നെയും അതിയായ സൂര്യരശ്മി തട്ടാതിരിപ്പാൻ വേണ്ടി പായകൊണ്ടു മൂടുന്നു. ചെടി വലുതായി വരുമ്പോൾ അതിൽ പത്തോ പന്ത്രണ്ടോ ഇലകളൊഴിച്ച് മററതെല്ലാം നുള്ളിക്കളയുന്നു. പൂക്കുമ്പോൾ പുവ്വം നുള്ളിക്കളയുന്നു. വിത്തിന്റെ ആവശ്യത്തിന്നു ചില പൂക്കൾ മാത്രം നിർത്തുന്നു. ബാക്കി നിറുത്തിട്ടുള്ള ഇലകൾക്കു കരുത്തുവെക്കുന്നതിന്നുവേണ്ടിയാണ് പുവ്വം ശേഷമിലകളും നുള്ളിക്കളയുന്നത്. ചെടി പറിച്ചുവെച്ചിട്ടു രണ്ടുമാസത്തിന്നകത്ത് ഇലകൾ പഴുക്കുവാനാരംഭിക്കുന്നു. (ഓരോ ചെടിയിന്മേലുള്ള) ഒന്നോ രണ്ടോ ഇലകൾ നിറം പകർന്നു കണ്ടാൽ പുകയില ആസകലം വെട്ടി ശേഖരിക്കുന്നു. ചില ദിക്കിൽ തണ്ടോടെ വെട്ടിയെടുക്കുന്നു. എന്നാൽ ഗഞ്ചാം വിശാഖപട്ടണം, തഞ്ചാവൂര്

മുതലായ ദിക്കുകളിൽ ഏകദേശം ധനുമാസം കാലത്തു കുറെ ഇലകൾ പറിച്ചെടുക്കുന്നു. പിന്നെ മേടമാസം കാലത്തു ബാക്കിയുള്ളതെല്ലാം തണ്ടോടുകൂടി വെട്ടിയെടുക്കുന്നു. വെട്ടിശേഖരിച്ചതിന്റെ ശേഷം അവയെ ഉണക്കി വീണ്ടും പിടിപ്പിക്കുന്ന സമ്പ്രദായത്തിന്ന് ഓരോദേശത്ത് ഈഷദ്വിഷൽ വ്യത്യാസമുണ്ട്. നെല്ലൂര് ജില്ലയിൽ വെട്ടിശേഖരിച്ച ഇലകളെല്ലാം ഉണങ്ങുന്നതിന്നായി രണ്ടു ദിവസം വെയിലത്തു കെട്ടിതൂക്കുന്നു. പിന്നെ അവയെ അട്ടി; അട്ടിയായി കൂട്ടുന്നു. ഇടക്കിടക്കു മറിച്ചിടുകയും ചെയ്യുന്നതാണ്. ഇങ്ങിനെ ഇരുപതുദിവസം ഇപ്രകാരം ചെയ്യണം. പിന്നെ അവയെ കെട്ടുകളാക്കി വെള്ളത്തിൽ മുക്കിയെടുത്ത് ചക്കരവെള്ളം തളിക്കുന്നു.

സേലം മുതലായ ജില്ലകളിൽ ചെടിയോടുകൂടി വെട്ടിയെടുത്തതിന്റെശേഷം എല്ലാം വയലിൽതന്നെ വെയിലും മഞ്ഞും കൊള്ളുന്നതിന്നുവേണ്ടി കുന്നാക്കിക്കൂട്ടുന്നു. ഇങ്ങിനെ ഒരാഴ്ച കഴിഞ്ഞാൽ എല്ലാം വയ്ക്കോലിൽ പൊതിഞ്ഞ് ഒരാഴ്ചകാലം മണ്ണിൽ കുഴിച്ചിടുന്നു. അതിന്റെശേഷം തണ്ടിന്മേൽനിന്ന് ഇലകളെല്ലാം വേർപ്പെടുത്തി വയ്ക്കോലിൽ അട്ടിയാക്കിവെച്ച് മീതെ ഭാരം വെക്കുന്നു. ഇടക്കിടക്കു ഭാരം ഇറക്കിവെച്ച് ഇലകൾ മറിച്ചിട്ടു പിന്നേയും ഭാരം കേറ്റുന്നു. ഇങ്ങിനെ ഒന്നരമാസം കഴിഞ്ഞാൽ പുകയില വില്പാനയക്കാൻ തയ്യാറായി.

മദ്രാസ് സംസ്ഥാനത്തു ഗോദാവരി, കൃഷ്ണ, എന്നീജില്ലകളിലാണ് പുകയിലകൃഷി അധികം മുഖ്യം. ഗോദാവരിയിൽ ലങ്ക' പുകയില എന്നൊരു ജാതി കൃഷിചെയ്യുന്നുണ്ട്. അതു യൂറോപ്യന്മാരുടെ ആവശ്യത്തിന്നുവേണ്ടി ചുരുട്ടുണ്ടാക്കുവാനുപയോഗിക്കുന്നു. ശക്തികുറയുന്നതിന്നും വാസന നല്ലതാകുന്നതിന്നും വേണ്ടി ഈ പുകയില ഇളനീരിൻ വെള്ളത്തിൽ കഴുകുമത്രെ.

നീലഗിരിയും പുകയില കൃഷിക്ക് നല്ല പ്രദേശമാണ്. പക്ഷെ അവിടെ ഉരുളൻ കിഴങ്ങ് കൃഷി പ്രബലമായി വരികയാൽ ഇതിനു കൃഷിക്കാർ മനസ്സു വെക്കുന്നില്ല. മലയാളജില്ലയിൽ പുകയില കൃഷിയില്ല എങ്കിലും അതുകൊണ്ടുള്ള ഉപയോഗം അതിധാരാളമാകുന്നു.

ഇന്ത്യയിൽ ഉത്തരദേശങ്ങളിൽ പുകയില പല വിധത്തിലും ഉപയോഗിക്കുന്നുണ്ട്. മലയാളികളെപ്പോലെ പുകയില അങ്ങിനെ തന്നെ മുറുക്കുക എന്ന സമ്പ്രദായവുമുണ്ടെങ്കിലും പല സുഗന്ധദ്രവ്യങ്ങളെ ചേർത്ത് അരച്ചുരുട്ടിയോ ലേഹ്യമായിട്ടോ മററാ ഉപയോഗിക്കുന്നതാണ് അധികം കാണപ്പെടുന്നത്.

ഇന്ത്യയിൽ, പ്രത്യേകിച്ച് മദ്രാസ സംസ്ഥാനത്ത്, ഉണ്ടാക്കുന്ന ചുരുട്ട് ലോകപ്രസിദ്ധമാണല്ലോ. അതിൽ തൃശ്ശിനാപ്പിള്ളിയാണ് കേളികേട്ട സ്ഥലം. അവിടെ ഇപ്പോൾ ചുരുട്ടുണ്ടാക്കുന്നതിനുള്ള സ്ഥലങ്ങൾ പ്രാധാന്യേന ഒമ്പതോളമുണ്ട്. മധുരജില്ലയിൽ ഡിണ്ടിക്കൽ എന്ന സ്ഥലത്തും ചുരുട്ട ധാരാളമായി ഉണ്ടാക്കുന്നുണ്ട്. ഇത്രയും പ്രസിദ്ധപ്പെട്ട ചുരുട്ടുകൾ എല്ലാം കൈവേലയാകുന്നു. ഒരു ചുരുട്ടുണ്ടാക്കുന്നവന്ന് ഒരു കത്തിയും ഒരു പലകയും മിനുസമുള്ള ഒരു കല്ലും മാത്രമെ ഉപകരണങ്ങളായിട്ടാവശ്യമുള്ളു. നല്ല പണിക്കാരൻ, പരികർമ്മത്തിന്നായി വേറൊരുവനുമുണ്ടെങ്കിൽ, ഒരുദിവസം 1000 ചുരുട്ടുണ്ടാക്കുന്നതാകുന്നു. ഒന്നാന്തരത്തിൽ ആയിരം ചുരുട്ടിന് ഏകദേശം മൂന്നര ഉറുപ്പ്യയോളം കൂലിയും കിട്ടും.

ഇപ്പോൾ നമ്മുടെ ഇടയിൽ നടപ്പായിവരുന്ന സിഗററ് എന്ന പദാർത്ഥം മുമ്പ ഒരു പ്രത്യേകജാതി (ടർക്കിഷ്, എന്നും വർജ്ജിനിയൽ എന്നും രണ്ടുതരം) പുകയിലകൊണ്ടാണുണ്ടാക്കപ്പെട്ടിരുന്നത്. ഇപ്പോൾ സകല ജാതി പുകയിലയും അതിന്നായി ഉപയോഗപ്പെടുത്തുന്നു. ശിമയിലും മററും യന്ത്രത്തിലാണ് ഇതുണ്ടാക്കപ്പെടുന്നത്. ഒരു മിനിട്ടിൽ 250 സിഗററ് വീതം യന്ത്രത്തിലുണ്ടാക്കാമത്രെ.

കൃഷ്ണജില്ലയിൽ മസ്‌ലിപട്ടം എന്ന പട്ടണത്തിലാണ് പുകയിലപ്പൊടി ധാരാളമായി ഉണ്ടാക്കപ്പെടുന്നത്. അറബിരാജ്യം, പർഷ്യാരാജ്യം മുതലായ ദിക്കുകളിലേക്ക് കച്ചവടത്തിന്നായി മസ്‌ലിപട്ടം എന്ന പട്ടണത്തിൽനിന്നു പൊടി കേററി അയക്കുന്നുണ്ട്. തൃശ്ശിനാപ്പിള്ളിയിൽ ഉണ്ടാക്കുന്ന പൊടിക്കാണ് നമ്മുടെ രാജ്യത്ത് അധികം പ്രചാരം. ഇയ്യിടെ മദ്രാസ് (പട്ടണം) പൊടിയും കുറെ

ശ്ശ വന്നു തുടങ്ങീട്ടുണ്ട്. എല്ലാ പട്ടണങ്ങളിലും ഇപ്പോൾ പുകയില പ്പൊടിയുണ്ടാക്കുവാനാരംഭിച്ചിട്ടുണ്ടെങ്കിലും മസ്‌ലിപട്ടം, തൃശ്ശിനാപ്പിള്ളി, മദ്രാസ, പഞ്ചാബ് എന്നീ പട്ടണങ്ങളിലെ പൊടിക്കു മാത്രമെ പ്രസിദ്ധിയുള്ളു. ഇന്ത്യാരാജ്യത്തു പുകയില കച്ചവടം പ്രബലമായിട്ട് ഏകദേശം 40 സംവത്സരമേ ആയുള്ളു. അതിന്നു മുമ്പ് അവിടവിടെ കൃഷി ചെയ്യുന്നുണ്ടായിരുന്നൊ എന്നല്ലാതെ പ്രബലമായ കച്ചവടം നടത്തത്തക്കവണ്ണമുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ ഇന്ത്യയിൽനിന്നു അന്യ രാജ്യങ്ങളിലേക്ക് ഏകദേശം നാലു ലക്ഷം റാത്തൽ പുകയില (ഉദ്ദേശം നാലുലക്ഷം രൂപ വിലക്ക്) ചുരുട്ടായി അയക്കുന്നുണ്ട്. മറ്റോരോ വിധത്തിൽ രണ്ടു ലക്ഷത്തോളം റാത്തലയക്കുന്നുണ്ട്. അതും ഉദ്ദേശം ഇരുപത്തയ്യായിരം രൂപ വിലക്കുണ്ടാകും. പിന്നെ വെറും പുകയിലതന്നെ ഏഴു ലക്ഷം റാത്തലോളം കേററി അയക്കുന്നുണ്ട്. അതിന്ന് ഏകദേശം ഏഴു ലക്ഷം ഉറുപ്പികയോളം വില കണക്കാക്കാം.

മലയാളത്തിൽ ആദ്യ കാലങ്ങളിൽ പുകയില പ്രയോഗം വളരെ നിഷിദ്ധമായിരുന്നു. പുകയിലക്കുള്ളപ്രചാരം ഇപ്പോൾ നമ്പൂരിമാരുടെ ഇടയിലുള്ളതുപോലെ അന്യ ജാതിക്കാരുടെ ഇടയിൽഉണ്ടോ എന്നു സംശയമാണ്. എങ്കിലും ആദ്യം അതു അതിനികൃഷ്ടമായിട്ടാണ് വിചാരിക്കപ്പെട്ടിരുന്നത്. ഇതിന്നൊരു ഇതിഹാസം അവരുടെ ഇടയിൽതന്നെ പറഞ്ഞു കേട്ടിട്ടുണ്ട്. ഒരു മുറജപക്കാലത്ത് *ഒരു നമ്പൂരി തന്റെ ചെല്ലം കല്പടയിന്മേൽവെച്ചു പത്മതീർത്ഥത്തിൽ കുളിപ്പാനിറങ്ങി. കുളികഴിഞ്ഞു പോകുമ്പോൾ ചെല്ലം എടുക്കുവാനന്ധാളിച്ചു. പിള്ളമാർ ചെല്ലം കണ്ടെത്തിയെടുത്ത് ആരുടെയാണെന്നു നമ്പൂരിമാരുടെ ഇടയിൽ തിരക്കിത്തുടങ്ങി. ചെല്ലത്തിൽ കുറെ ദ്രവ്യമുണ്ടായിരുന്നുവെങ്കിലും നിർഭാഗ്യത്താൽ ഒരു പുകയിലക്കണ്ണാക്കുടിയു

* ആറാറു കൊല്ലം കൂടുമ്പോൾ തിരുവനന്തപുരത്തു വെച്ചു നടത്തിവരുന്ന മഹത്തായ ഈ അടിയന്തരം മലയാളത്തിൽ എങ്ങും പ്രസിദ്ധമാണല്ലൊ.

ണ്ടായിരുന്നതിനാൽ ഉടമസ്ഥൻ നമ്പൂരിക്ക് അതു തൻെറയാണെന്നു പറവാൻ ധൈര്യമുണ്ടായില്ല. അതിനാൽ അദ്ദേഹം മൌനമായിരുന്നതേയുള്ളു. ഉടമസ്ഥനെ കാണായ്കയാൽ ചെല്ലം അനാമത്തായി സൂക്ഷിച്ചു. എന്നാൽ പിന്നത്തെ മുറജപത്തിന് ഉടമസ്ഥൻതന്നെ വന്നു ചെല്ലത്തെ ആവശ്യപ്പെടുവാൻ അശേഷം ക്ലേശമില്ലാത്ത കാലമായി. അത്ര വേഗമാണ് പുകയില നമ്പൂരിമാരുടെ ഇടയിൽ വ്യാപിച്ചത്. മററുള്ള ജാതിക്കാരുടെ ഇടയിലെ കഥ പറവാനില്ലല്ലൊ.

---

ശ്രീപാദക്കുംസ്ഥാനമല്ലോ ഗിരിശ! തവ ശരം
 തൂണി രത്നാകരം നൽ
ചാപം പൊൻകുന്ന്, സേവൻ നിധിപതി രുചിരാ
 കുന്നിരിക്കുന്ന ദേശം
ആപീഡം ചന്ദ്രകാന്താതനുവിലണിയുവാൻ
 ഭൂതി പിന്നെപ്പുരാരേ!
നീ പോയിപ്പിച്ചതെണ്ടുന്നതു തലയിലെഴു
 ത്തിൻെറതായാട്ടമല്ലേ?

എസ്സ്. നാരായണൻനമ്പൂരി.

---

# ജാതിനിർണ്ണയം
## ൩

---

കന്യാകുമാരിമുതൽ ഗോകർണ്ണംവരെ തെക്കുവടക്കു നീളത്തിൽ കിടപ്പുള്ള ഈ കേരളഭൂമി മുഴുവനും പുരാതന കാലത്തു ശ്രീപരശുരാമനാൽ വിരചിയ്ക്കപ്പെട്ടതാണെന്നും അതിൽ പരദേശത്തുനിന്നും അസംഖ്യം മഹാബ്രാഹ്മണരേയും മററു വർണ്ണങ്ങളേയും കൊണ്ടുവന്നു നിവസിപ്പിച്ചതനുസരിച്ച് കേരളം സമൃദ്ധിയെ പ്രാപിച്ചതാണെന്നും, മററും ഗ്രഹിക്കാത്തവർ നമ്മുടെ ഇടയിൽ വളരെ ദുർല്ലഭമാണെന്നു തോന്നുന്നു. എന്നാൽ ഇപ്പോഴും ഈ കേരളത്തിൽ അസം

ഖ്യം ജാതിമതസ്ഥന്മാരേയും അവരിൽ ഓരോരുത്തരും പ്രത്യേകം ഓരോ ആചാരങ്ങളെ അനുഷ്ഠിച്ചു പോരുന്നതായും, നാം ദൃഷ്ടാന്തത്തിൽ കണ്ടുവരുന്നു. ഇവരുടെ ഉല്പത്തി ഏതുവിധമെന്നും, ഓരോരുത്തൎക്കും വിഹിതകൎമ്മങ്ങൾ എന്തെല്ലാമെന്നും മററും സൂക്ഷ്മമായി ഗ്രഹിച്ചിട്ടുള്ളവർ നമ്മുടെ വൎഗ്ഗക്കാരിൽ വളരെ അപൂൎവ്വമാണെന്നു തന്നെ പറയാം. നാം ഇദാപ്രഥമമായി ഗ്രഹിക്കേണ്ടത് മുൻപറഞ്ഞ വിഷയങ്ങളെയാണെന്നും നിസ്സംശയമാണല്ലോ. എന്നാൽ ഇവകളെ വിശദീകരിക്കുന്ന ഗ്രന്ഥങ്ങൾ പോലും ഇക്കാലത്ത് അത്യന്തം അപൂൎവ്വമായിരിക്കുന്നു. എങ്കിലും ഇതിന്റെ അത്യാവശ്യകതയെ വിചാരിച്ച് പരിശോധിച്ചതിൽ 'ജാതിനിൎണ്ണയം' എന്ന ഗ്രന്ഥത്തിന്റെ അല്പഭാഗം (108 ശ്ലോകം) മാത്രം എന്റെ കൈവശം കിട്ടിയിരിക്കുന്നു. മഹാജനങ്ങളുടെ ഉപയോഗത്തിനുവേണ്ടി കിട്ടിയടത്തോളം ഭാഗം ശ്ലോകങ്ങളേയും കേരളീയഭാഷയിൽ അവകളുടെ സാരാൎത്ഥങ്ങളേയും പ്രസിദ്ധം ചെയ്യുന്നതിൽ വായനക്കാൎക്കു എന്റെ പേരിൽ സന്തോഷം ജനിക്കുന്നതല്ലാതെ ഒരിക്കലും അപ്രീതിയുണ്ടാവുകയില്ല എന്നു വിശ്വസിക്കുന്നു.

ഗുരുവിഘ്നേശവാഗ്വ്യാസദക്ഷിണാമൂൎത്തിഷൺമുഖാൻ
നത്വാബാലപ്രബോധാൎത്ഥം ക്രിയതേജാതിനിൎണ്ണയഃ (1)

ഗുരു, വിഘ്നേശ്വരൻ, വാണി, വ്യാസൻ, ദക്ഷിണാമൂൎത്തി, സുബ്രഹ്മണ്യൻ, ഇവരെ നമസ്കരിച്ചിട്ട് ബാലന്മാൎക്ക് അറിവിനുവേണ്ടി എന്നാൽ ജാത്യാചാരങ്ങളുടെ നിൎണ്ണയം ചെയ്യപ്പെടുന്നു.

ജാതിൎന്നാമമനുഷ്യസ്ഥാജന്മകൎമ്മസമുത്ഭവാ
ബ്രാഹ്മണത്വാദികാസാചവൎണ്ണസങ്കരതോദ്വിധാ (2)

മനുഷ്യരിൽ ഇരിക്കുന്ന ജാതി ജന്മകൎമ്മങ്ങളിൽനിന്നുത്ഭവിക്കുന്നതാണ്. അത് ബ്രാഹ്മണത്വം, ക്ഷത്രിയത്വം, വൈശ്യത്വം, ശൂദ്രത്വം, ഇവകളാകുന്നു. ഈ നാലുജാതിയന്മാൎക്കും വൎണ്ണങ്ങളെന്നു പേർ പറയും. വൎണ്ണങ്ങൾ തമ്മിലുള്ള സാങ്കൎയ്യം നിമിത്തം സങ്കരജാതിയരൊന്നു വേറെ ജനിക്കുന്നു. അപ്പോൾ ലോകത്തിൽ എല്ലാം കൂടി വൎണ്ണമെന്നും സങ്കരമെന്നും രണ്ടു ജാതിയന്മാരാകുന്നു.

ബ്രഹ്മണോമുഖബാഹൂരുപജ്ജാവണ്ണശ്ചതുവ്വിധഃ
ബ്രാഹ്മണഃക്ഷത്രിയോവൈശ്യശ്ശൂദ്രശ്ചേതിക്രമാൽസ്മൃതഃ (3)

ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ, ഈ നാലു വണ്ണവും ബ്രഹ്മാവിന്റെ മുഖം, ബാഹുക്കൾ, തുടകൾ, പാദങ്ങൾ, ഇവകളിൽനിന്നു യഥാക്രമം ജനിച്ചവരാകുന്നു. ബ്രഹ്മത്തിങ്കൽ നിന്നുൽഭൂതനായിരിക്കുന്ന വിരാട്ട് പുരുഷന്റെ മുഖാദ്യവയവങ്ങളിൽനിന്നുത്ഭവിച്ചവരാണെന്നും അത്ഥാന്തരം പ്രകാശിക്കുന്നുണ്ട്.

സവണ്ണേഭ്യസ്സവണ്ണാസുവിധിനോല്പാദിതാഃപുനഃ
പുത്രപൌത്രാദയസ്സവ്വേവണ്ണാസ്യുഃബ്രാഹ്മണാദയഃ (4)

സവണ്ണന്മാരിൽനിന്നു സവണ്ണസ്ത്രീകളിൽ വിധിപോലെജനിച്ച് ജാത്യാചാരാനുസരണം വിഹിതകമ്മങ്ങളെകൊണ്ടു സംസ്കൃതന്മാരായിരിക്കുന്ന പുത്രപൌത്രാദികൾ എല്ലാവരു ബ്രാഹ്മണാദിവണ്ണങ്ങളായി ഭവിയ്ക്കും. അപ്പോൾ ബ്രാഹ്മണന്നു ക്ഷത്രിയസ്ത്രീയിങ്കലും ക്ഷത്രിയന്നു ബ്രാഹ്മണസ്ത്രീയിങ്കലും ഇങ്ങിനെ അനുലോമപ്രതിലോമജന്മാരായിരിയ്ക്കുന്ന മററ വഗ്ഗക്കാരെല്ലാം സങ്കരജാതിയന്മാരാണെന്നും അത്ഥം ലഭിയ്ക്കുന്നു.

സ്വാദ്ധ്യായോദ്ധ്യാപനഞ്ചൈവയജനംയാജനന്തഥാ
ദാനംപ്രതിഗ്രഹഞ്ചേതിഷൾകമ്മാണ്യഗ്രജന്മനഃ (5)

ഇതിൽ ബ്രാഹ്മണന്ന്, സ്വസൂത്രാനുരോധേന ഉള്ള വേദത്തെ അദ്ധ്യയനം ചെയ്യുക ചെയ്യിപ്പിക്കുക, യാഗം ചെയ്യുക ചെയ്യിപ്പിക്കുക, ദാനം കൊടുക്കുക വാങ്ങുക, ഇങ്ങിനെ ആറു കമ്മങ്ങൾ വിഹിതങ്ങളാകുന്നു.

സ്വാദ്ധ്യായോയജനംദാനംപ്രജാരക്ഷണമാഹവഃ
ദണ്ഡനീതിധനുവ്വേദഃക്ഷത്രിയസ്യവൃത്തയഃ. (6)

ക്ഷത്രിയന്നു വേദാദ്ധ്യയനം, യാഗം, ദാനം, പ്രജാരക്ഷണം, യുദ്ധം, ഇവകളും ദണ്ഡനീതി, (ശിക്ഷാനിയമശാസ്ത്രം) ധനുവ്വേദം, ഇവകളെ അഭ്യസിക്കുകയും, വിഹിതവൃത്തികളാകുന്നു.

സ്വാദ്ധ്യായാദിത്രികമ്മാണികുസിദംപശുപാലനം
കൃഷിക്രിയാചവാണിജ്യാവൈശ്യകമ്മാണ്യമനിഷു (7)

വൈശ്യനു വേദാദ്ധ്യയനം മുതലായി ക്ഷത്രിയനു വിധിച്ചിട്ടുള്ള മൂന്നുകർമ്മങ്ങളും ധനധാന്യങ്ങളെ കൊടുക്കൽ വാങ്ങൽ ചെയ്ത് അഭിവൃദ്ധിയെ ജനിപ്പിക്കുകയും, പശുക്കളെ രക്ഷിക്കുകയും കൃഷി കച്ചവടം ഇവകളും, വിഹിതകർമ്മങ്ങളാകുന്നു.

ശൂദ്രസ്യ ദ്വിജശുശ്രൂഷാ പരമോ ധർമ്മ ഉച്യതേ
യദന്യത് കുരുതേ കർമ്മ തത് പ്രത്യവഹ നിഷ്ഫലം (8)

ശൂദ്രന് ദ്വിജശുശ്രൂഷാപരമായിരിക്കുന്ന കർമ്മമാണെന്നു പറയപ്പെടുന്നു. അതിങ്കൽനിന്ന് അന്യത്തായിരിക്കുന്ന യാതൊരു കർമ്മം ചെയ്യപ്പെടുന്നുവൊ അത ഇഹലോകത്തിങ്കലും പരലോകത്തിങ്കലും നിഷ്ഫലമാകുന്നു. ഇവിടെ 'ദ്വിജശുശ്രൂഷാ' എന്നതിങ്കൽ ദ്വിജശബ്ദപ്രയോഗംകൊണ്ടു ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ഈ മൂന്നുവർണ്ണങ്ങളുടേയും ശുശ്രൂഷാ എന്നും, 'ശുശ്രൂഷാ' എന്നതുകൊണ്ട് ദ്വിജന്മാരുടെ ആജ്ഞാനുസരണം ശരീരാന്തർഗ്ഗതങ്ങളായിരിക്കുന്ന കൃഷ്യാദികളും മററു പ്രവൃത്തികളും ചെയ്യുന്നതിനു വിരോധമില്ലെന്നും അർത്ഥം ജനിക്കുന്നു.

ബ്രാഹ്മണഃ ക്ഷത്രിയോ വൈശ്യസ്ത്രയോ വർണ്ണാ ദ്വിജാതയഃ
ചതുർത്ഥ ഏകജാതിസ്തു ശൂദ്രോ നാസ്തി തു പഞ്ചമഃ (9)

ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ഈ മൂന്നുവർണ്ണങ്ങളും (ജനനം, ഉപനയനം, ഇങ്ങിനെ) രണ്ടു ജന്മമുള്ളവരാകയാൽ അവർ ദ്വിജാതികളെന്നും, ശൂദ്രൻ ഒരു ജന്മംമാത്രം ഉള്ളവനാകകൊണ്ട് അവൻ ഏകജാതിഎന്നും നാലാമതു ജനിച്ചതു നിമിത്തം ചതുർത്ഥനെന്നും, സങ്കരൻ അഞ്ചാമത് ഉത്ഭവിച്ചവനാകകൊണ്ടു അവൻ പഞ്ചമനെന്നും, ഗണിക്കപ്പെട്ടിരിക്കുന്നു.

ഇതി സാമാന്യതഃ പ്രോക്തം ചാതുർവ്വർണ്യസ്യ ലക്ഷണം
ആചാരഃ കാലഭേദേന യോ ഭേദസ്സ നിരൂപ്യതേ (10)

ഇപ്രകാരം എന്നാൽ സാമാന്യേന നാലുവർണ്ണങ്ങളുടേയും ലക്ഷണം പറയപ്പെട്ടു. അനന്തരം ഇരു കാലത്തിങ്കലുള്ള ജാതിഭേദം പ്രത്യേകിച്ചും പറയപ്പെടുന്നു.

സംമ്രാഡധാസ്ഥ്യോപ്രാവിശിഷ്ടശ്ചസാമാന്യോജാതിമാത്രകഃ
സാങ്കേതികശ്ചശപ്തശ്ചപാപീത്യഷ്ടവിധാദ്വിജഃ (11)

സംമ്രാട്ട ആസ്ഥ്യൻ, വിശിഷ്ടൻ, സാമാന്യൻ, ജാതിമാത്രകൻ, സാങ്കേതികൻ, ശപ്തൻ, പാപി, എന്നിങ്ങിനെ കേരളത്തിൽ ബ്രാഹ്മണർ, എട്ടുവിധമാകുന്നു.

സിദ്ധയോഗീചസവ്വജ്ഞശ്ശാപാനുഗ്രഹശക്തിമാൻ
സംസിദ്ധബ്രഹ്മസാമ്രാജ്യോയസ്സസാമ്രഡിതിസ്മൃതഃ (12)

മുൻപറഞ്ഞ എട്ട് ഇനക്കാരിൽ യാതൊരു ബ്രാഹ്മണനാണ് യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധ്യാനം, ധാരണ, സമാധി എന്നിങ്ങിനെയുള്ള അഷ്ടാംഗയോഗത്തെ സിദ്ധിച്ചവനായും സകല വേദശാസ്ത്രാദികളുടെ അറിവുള്ളവനായും ശാപം, അനുഗ്രഹം, ഇവകാം ചെയ്യത്തക്കവണ്ണം തപശ്ശക്തിയുള്ളവനായും ബ്രാഹ്മണശ്രേഷ്ഠത്വം സമ്പാദിച്ചവനായും ഇരിക്കുന്നത് അദ്ദേഹം സാമ്രാട്ട് (തമ്പ്രാക്കൾ) ആകുന്നു എന്നിപ്രകാരം ഭാൎഗ്ഗവനാൽ സ്മരിക്കപ്പെട്ടിരിക്കുന്നു.

ആചന്ദ്രതാരാതദ്വംശേയോവാകോവാഭവിഷ്യതി
സസവ്വോപ്യത്രസാമ്രാട്സ്യാദേവംഭാൎഗ്ഗവശാസനം (13)

മേല്പറഞ്ഞ സാമ്രാടിന്റെ വംശത്തിങ്കൽ മേലാൽ ചന്ദ്രനക്ഷത്രങ്ങളുള്ള കാലംവരെ ആരെല്ലാം ജനിക്കുന്നുവോ അവർ എല്ലാവരും ഈ കേരളത്തിങ്കൽ സംമ്രാട്ടായി ഭവിക്കും എന്നാണ് ഭാൎഗ്ഗവന്റെ ആജ്ഞ.

ഭദ്രാസനംസാവ്വമാന്യാംസാമ്രാജ്യാംബ്രഹ്മവച്ചസം
ചത്വാൎയ്യേതാനിസാമ്രാജോമുഖ്യസ്ഥാനാനികേരളേ (14)

കേരളത്തിങ്കൽ സവ്വജനങ്ങളാലും മാനിക്കപ്പെട്ടവാൻ യോഗ്യത, ഏതു സദസ്സിലും അഗ്രാസനം, ബ്രാഹ്മണശ്രേഷ്ഠത്വം, ബ്രഹ്മതേജോരൂപമായിരിക്കുന്ന ബ്രഹ്മചൎയ്യം (സ്ത്രീവൎജ്ജനം), ഈ നാലു കൂട്ടം സംമ്രാടിന്റെ വൈലക്ഷണ്യമുള്ള സ്ഥാനമാനങ്ങളാകുന്നു.

തുടരും

പാഴൂര് വടക്കില്ലത്ത് ജാതവേദൻ നമ്പൂരിപ്പാട്.

# പരിശുദ്ധ
# വിചാരങ്ങൾ*

വിശുദ്ധ കർമ്മങ്ങളെചെയ്തു കാലക്ഷേപം ചെയ്യാനിച്ഛിക്കുന്ന യൌവനയുക്തന്മാരായ സ്ത്രീപുരുഷന്മാർ ദുഷ്ടവിചാരങ്ങളിൽ പ്രവൃത്തിക്കുന്നത് ഒരിക്കലും ഗുണകരമായി ഭവിക്കുന്നതല്ല. ദുഷ്ടവിചാരം നിശ്ചയാത്മികയായ നമ്മുടെ ബുദ്ധിയുടെ ശക്തിക്കു ന്യൂനത വരുത്തുന്നു. മനസ്സാക്ഷി എന്നു സാധാരണ പറയപ്പെടുന്ന അന്തഃകരണവൃത്തിവിശേഷത്തേയും അതു ബലഹീനമാക്കി തീർക്കുന്നു. നീചമായിട്ടുള്ള പ്രവൃത്തികളെപററി നാമെത്രത്തോളം വിചാരിക്കുന്നുവൊ, നമ്മുടെ അന്തഃകരണവൃത്തികൾ അശുദ്ധമായിട്ടുള്ള വിഷയങ്ങൾക്കിരിപ്പടമാകുന്നതിനു നാമെത്രത്തോളമനുവദിക്കുന്നുവൊ, അത്രയും ആ വക നീചപ്രവൃത്തികളേയും അശുദ്ധവിഷയങ്ങളേയും പററി നമുക്കുള്ള ഭീതി കുറഞ്ഞുവശാവുകയും, നമ്മുടെ മനസ്സാക്ഷി ക്രമേണ തദധീനമായിത്തീരുകയും, ചെയ്യുന്നു. പാപത്തിന്നു വിപരീതമായിട്ടുള്ള ധർമ്മങ്ങളെ ഇപ്രകാരം ബലഹീനങ്ങളാക്കി തീർത്താൽ നാം ക്രമേണ നഷ്ടാത്മാക്കളായി ഭവിക്കുന്നു. ഈ സന്ദർഭത്തിന്ന് ഏകദേശം യോജിക്കുന്നതായ ഒരു ഭാഗത്തെ ഭഗവൽഗീതയിൽ നിന്നു താഴെ ചേർക്കുന്നു.

ധ്യായതോ വിഷയാൻ പുംസഃ സംഗസ്തേഷൂപജായതേ
സംഗാൽ സംജായതേ കാമഃ കാമാൽ ക്രോധോഭിജായതേ
ക്രോധാൽ ഭവതി സമ്മോഹ സ്സമ്മോഹാൽ സ്മൃതിവിഭ്രമഃ
സ്മൃതിഭ്രംശാൽ ബുദ്ധിനാശോ ബുദ്ധിനാശാൽ പ്രണശ്യതി

(അ. ൨. ശ്ലോ. ൬൨ ൬൩)

അർത്ഥം. വിഷയങ്ങളെ പററി വിചാരിക്കുന്നവന്ന് അവയിൽ ആസക്തി ജനിക്കുന്നു. ആസക്തിനിമിത്തം കാമവും കാമത്തിൽനിന്നു കോപവുമുണ്ടാകുന്നു. കോപത്തിൽനിന്ന് അവിവേകമു

---

* ഗുഡ് ഹെൽത്ത്' എന്ന ഇംഗ്ലീഷ്മാസികയിൽനിന്ന്

ണ്ടാകുന്നു. അവിവേകത്തിൽനിന്ന് ഓൎമ്മയില്ലായ്മ. ഓൎമ്മതെററിൽനിന്നു ബുദ്ധിനാശം. ബുദ്ധിനാശം നിമിത്തം ഒരുവൻ മൃതതുല്യനായി ഭവിക്കുന്നു.

ധൎമ്മത്തിൽനിന്ന് അധൎമ്മത്തിലേക്കുള്ള മാററം ക്രമേണയാകുന്നുവെന്നോൎമ്മവെക്കേണ്ടതാകുന്നു. നാശത്തിലേക്കുള്ള മാൎഗ്ഗം സാവധാനത്തിലുള്ള അധഃപതനമാകുന്നു. ആദ്യംതന്നെ ദുഷ്ടവിചാരങ്ങൾക്കു നമ്മുടെ അന്തഃകരണത്തിൽ സ്ഥലം കൊടുക്കുന്നു. പിന്നെ നിഷിദ്ധങ്ങളായ വിഷയസുഖങ്ങളെ പററി മനോരാജ്യം വിചാരിക്കുന്നു. ദുഷ്ടന്മാരായി സഹവാസം ചെയ്യുവാൻ താല്പൎയ്യം ജനിക്കുന്നു. ഇങ്ങിനെ ശീലിച്ച്, ഒടുക്കം നമ്മെ അസാമാന്യമായി മോഹിപ്പിക്കുന്നതിന്നുള്ള ഒരു ഘട്ടം വരുമ്പോൾ, നാം പെട്ടന്ന് അതിലേക്കു ചാടുന്നു. അതേവരെ വാസനാരൂപേണ നീറിനീറി കിടന്നിരുന്നതു പൊടുന്നനവെ പൊട്ടിജ്വലിച്ച പാപകൎമ്മങ്ങളായി പുറത്തേക്കു പ്രകാശിക്കുന്നു.

അതിയായി മോഹിപ്പിച്ച് ദുഷ്ടകൎമ്മത്തിലേക്കുനമ്മെ ആകൎഷിക്കുന്നതിന്നുള്ള ശക്തി എപ്പോഴാണ് നമ്മെ ബാധിക്കുന്നതെന്നു തീൎച്ചയായി പറയുവാനസാദ്ധ്യമാകുന്നു. അതുഹേതുവായിട്ടു പരിശുദ്ധങ്ങളായ വിചാരങ്ങളെ നാമെപ്പോഴും ശീലിക്കുന്നത എത്രമുഖ്യമാകുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ല. നമ്മുടെകാലക്ഷേപത്തിനുപയോഗമായി ഭവിക്കുന്ന എന്തെങ്കിലും ഒരു വ്യാപാരത്തിൽ പ്രവേശിക്കുകയോ, അല്ലെങ്കിൽ, സംഗീതവിഷയമായൊ സാഹിത്യവിഷയമായൊ എന്തെങ്കിലുംഒരു വിദ്യാഭ്യാസത്തിൽ പരിശ്രമിക്കുകയൊ, ചെയ്യുന്നതു മേൽപറഞ്ഞ പരിശുദ്ധവിചാരങ്ങളെ ശീലിക്കുന്നതിന്ന് ഏററവും സഹായമായി ഭവിക്കുന്നതാകുന്നു. സ്വതേ നിറഞ്ഞിരിക്കുന്ന ഒരു പാത്രത്തിൽ പിന്നെ അന്യപദാൎത്ഥംകൊള്ളുന്നതല്ല. അതുപോലെ ഉപയോഗകരങ്ങളായ ഓരോ തൊഴിലുകളെ പററിയും വിദ്യാഭ്യാസത്തെപററിയുമുള്ള വിചാരങ്ങൾ നിറഞ്ഞിരിക്കുന്ന അന്തഃകരണത്തോടുകൂടിയവന്നു പിന്നെ ദുഷ്ടവിചാരങ്ങൾക്കിടയുണ്ടാകുന്നതല്ല.

കെ. എം.

# ഇന്ദുമതിയും ചിത്രരഥനും

ബതരായനം എന്ന രാജ്യത്തെ രാജാവായിരുന്ന സിംഹളൻ അതി ശക്തിമാനും പ്രജകളെ വേണ്ടപോലെ സംരക്ഷിക്കുന്നതിൽ എപ്പോഴും താല്പൎയ്യത്തോടുകൂടിയ ഒരാളുമായിരുന്നു. സിംഹളരാജാവിന്റെ പത്നി മൂന്നു സന്താനങ്ങളെ പ്രസവിച്ചതിനു ശേഷം പെട്ടന്നുണ്ടായ ഒരു രോഗത്താൽ മൃതയായി. രാജാവിന്റെ മൂന്നു സന്താനങ്ങളിൽ ഒന്നാമത്തേതു പുത്രിയും മററുള്ള രണ്ടു സന്താനങ്ങൾ പുത്രന്മാരുമായിരുന്നു. തന്റെ പ്രിയ പത്നിയുടെ കഷ്ടമായ മരണത്താൽ ദുഃഖത്തിൽപ്പെട്ട രാജാവിന്റെ വ്യസനം വൎദ്ധിപ്പിപ്പാൻ അല്പ ദിവസത്തിനുള്ളിൽ രാജധാനിയിൽ ഒരു സംഭവമുണ്ടായി. ഒരു ദിവസം രാവിലെ രാജപുത്രന്മാരെ രാജധാനിയിൽ ഒരിടത്തും കാണുന്നില്ലെന്നുള്ള തിരക്കു കേട്ടു. അവൎക്ക് എന്താണ് സംഭവിച്ചത് എന്നും, ആരാണ് അവരെ വഞ്ചിച്ചുകൊണ്ടുപോയത് എന്നും, സിംഹളരാജാവ് എത്രതന്നെ അന്വേഷിച്ചിട്ടും അറിവാൻ കഴിഞ്ഞില്ല.

സിംഹളൻ തനിക്കു നേരിട്ട വ്യസനത്തെ ഒരു വിധം അടക്കി. തന്റെ പ്രേമപുത്രിയായ ഇന്ദുമതിയെ എപ്പോഴും ലാളിച്ചുംകൊണ്ടാണ് സമയം കഴിച്ചുകൂട്ടിയത്. അച്ഛന്റെ ശുശ്രൂഷ എത്രതന്നെ ഉണ്ടായാലും, കുട്ടികൾക്ക് അമ്മയുടെ ശുശ്രൂഷകൂടി ഇല്ലാതായാൽ പല ന്യൂനതകളും അവരുടെ സംരക്ഷണയിൽ ഉണ്ടായേക്കാവുന്നതാകുന്നു. ഇന്ദുമതി ഇപ്പോൾ നന്നേ കുട്ടിയാണ്. അമ്മ യമലോകപ്രാപ്തയായിരിക്കുന്നുവെന്നു മനസ്സിലായിട്ടില്ല. എനിക്ക് എന്റെ പ്രിയതമയെ ഓൎക്കുമ്പോൾ ഇനി ഒരു ഭാൎയ്യയൊരുമിച്ചിരിപ്പാനും മനസ്സുവരുന്നില്ല. എന്തു ചെയ്യട്ടെ. ഇന്ദുമതിക്കു വേണ്ടി അങ്ങിനെ ചെയ്യാതിരുന്നാലും കാൎയ്യം വൈഷമ്യമാണ്. അങ്ങിനെ ചെയ്യുന്നതിനു കാലതാമസം വരുത്താതിരിക്കുന്നതാണ് ഗുണം. ഇപ്പോൾതന്നെ വിവാഹം കഴിച്ചാൽ ഇന്ദുമതിക്ക് ആ

സ്ത്രീ തന്റെ അമ്മയാണെന്നല്ലാതെ അന്യഥാ ശങ്കിപ്പാൻ അവകാശമില്ല. അതുകൊണ്ട് ഇനി ഉടനെ വിവാഹം കഴിക്കുകതന്നെ' എന്നു സിംഹളൻ ഒരു ദിവസം തീച്ചയാക്കി. ഉടനെ വിവാഹത്തിന്നുള്ള ഒരുക്കങ്ങൾകൂട്ടി വിവാഹവും കഴിച്ചു. രാജാവിന്റെ ഒന്നാമത്തെ ഭാൎയ്യയുടെ സൽഗുണങ്ങളെപ്പററി രാജ്യവാസികൾ എപ്പോഴും പ്രശംസിക്കുക പതിവായിരുന്നു. എന്നാൽ രണ്ടാമത്തെ ഭാൎയ്യ രാജാവിന്റെ സ്വഭാവത്തെക്കൂടി കെടുക്കത്തക്കവണ്ണം ദുസ്സ്വഭാവമുള്ള ഒരു സ്ത്രീയായിരുന്നു. ഇന്ദുമതിക്ക് ഇവർ ഒരു നല്ല എളയമ്മയായിരുന്നില്ലെന്നു തീച്ചയായും പറയാം.

രാജ്ഞിക്ക് ആദ്യം വേറെ ഒരു ഭൎത്താവുണ്ടായിരുന്നു. ആ വിവാഹത്താൽ അക്രൂരൻ എന്നു പേരായ ഒരു മകനുണ്ടായി. ഇന്ദുമതിയുടെ നേരെ രാജ്ഞിക്ക് അല്പംപോലും സ്നേഹമുണ്ടായിരുന്നില്ലെങ്കിലും തന്റെ പുത്രന്ന് ആ കുട്ടിയെ വിവാഹം കഴിച്ചു കൊടുപ്പിച്ചു തന്നിമിത്തം ശ്വേതരായനരാജ്യം പുത്രനു സിദ്ധിപ്പിക്കേണ്ടതിന്നു വേണ്ടി മാത്രം ചില പൊടിക്കയ്യുകൾ പ്രകടിപ്പിക്കുക പതിവായിരുന്നു. ഇന്ദുമതിക്കു യൌവനം വദ്ധിച്ചുവരുന്തോറും രാജ്ഞിയുടെ കുണ്ഠിതവും വദ്ധിച്ചുവന്നു. ഇന്ദുമതിയുടെ പ്രേമം ആരുടെ നേരേയാണെന്നു പ്രത്യക്ഷമാവുന്നുണ്ടോയെന്നു സൂക്ഷിച്ചറിയേണ്ടതിന്നു രാജ്ഞി ഭൃത്യന്മാരോടു പറഞ്ഞേല്പിച്ചിട്ടുണ്ടായിരുന്നു.

സിംഹള രാജാവിന്റെ സൈന്യത്തിൽ ശൂരവൎമ്മാവ് എന്നു പേരായി ഒരു യോദ്ധാവുണ്ടായിരുന്നു. സ്വാമിഭക്തി ഇത്ര പൂത്തിയായി മറെറാരുത്തനിലും ഉണ്ടായിരുന്നില്ലെന്നു സിംഹളരാജാവ് പലപ്പോഴും ഇദ്ദേഹത്തെപ്പററി പറഞ്ഞിട്ടുണ്ട്. ശൂരവൎമ്മാവു തന്റെ രാജാവിന്നുവേണ്ടി പടവെട്ടി മരിക്കുകയാണ് ചെയ്തത്. അദ്ദേഹത്തിന്നു ചിത്രരഥൻ എന്നുപേരായ ഒരു പുത്രൻ ഉണ്ടായി. ഭൎത്താവിന്നു നേരിട്ട ആപത്തിനെ ഓൎത്തു വ്യസനിച്ച് ശൂരവൎമ്മാവിന്റെ ഭാൎയ്യ, ചിത്രരഥൻ ജനിച്ചിട്ട് അല്പദിവസം കഴിഞ്ഞപ്പോൾ യമലോകപ്രാപ്തയായി. അനാഥനായ ചിത്രരഥന്റെ കഷ്ടാവസ്ഥയിൽ സിംഹളരാജാവിന്നു ദയതോന്നുകയാൽ കുട്ടിയെ കോവി

ലകത്തുകൊണ്ടുവന്നു സാരക്ഷിക്കേണ്ടതിന്നു രാജാവു കല്പന കൊടുത്തു. ചിത്രരഥൻെറ സംരക്ഷണയിലും വിദ്യാഭ്യാസത്തിലും സിംഹളരാജാവു പ്രത്യേകം ശ്രദ്ധവെച്ചു. ചിത്രരഥൻ ഒരു യോദ്ധാവിൻെറ പുത്രനായിരുന്നുവെങ്കിലും സ്ഥിതികൊണ്ടും പഠിപ്പുകൊണ്ടും അദ്ദേഹം ഒരു രാജകുമാരൻ തന്നെയായിരുന്നു. ഇന്ദുമതിയും ചിത്രരഥനും ഒരേഗുരുനാഥൻെറ അടുക്കലാണ് വിദ്യാഭ്യാസം ചെയ്തത്. അവർ ശൈശവം മുതല്ക്ക് ഒരുമിച്ചിടവിടാതെ കളിച്ചു വളന്നു. പ്രകൃത്യാ അവർ തമ്മിൽ സ്നേഹവും ദിനംപ്രതി വദ്ധിച്ചു. പ്രായമായപ്പോൾ രാജാവിൻേറയും രാജ്ഞിയുടേയും അറിവോ സമ്മതമോ കൂടാതെ അവർ അന്യോന്യം വിവാഹവും കഴിച്ചു.

ഇന്ദുമതിയുടെ പ്രവൃത്തികളെ സൂക്ഷിച്ചറിവാൻ രാജ്ഞി ഭൃത്യന്മാരെ ഏല്പിച്ചിട്ടുണ്ടായിരുന്നുവെന്നു പറഞ്ഞുവല്ലൊ. അവർ ഇന്ദുമതിയും ചിത്രരഥനും ഭാൎയ്യാഭൎത്താക്കന്മാരായി കഴിഞ്ഞിരിക്കുന്നുവെന്ന വിവരം രാജ്ഞിയെ അറിയിച്ചപ്പോൾ കാൎയ്യമെല്ലാം പരുങ്ങലായി. താൻ പണിചെയ്തുകൊണ്ടുവന്ന കെട്ടിടത്തിൻെറ അസ്ഥിവാരം ഇളകിപ്പോയിയെന്നറിഞ്ഞപ്പോൾ രാജ്ഞിക്കു ക്രോധവും വ്യസനവും സഹിപ്പാൻ ശക്തിയില്ലാതായി. ഇന്ദുമതി അക്രൂരൻെറ ഭാൎയ്യയായിക്കഴിഞ്ഞുവെന്നും തന്നിമിത്തം തൻെറ പ്രിയപുത്രനായ അക്രൂരൻ ബതരായന രാജ്യത്തെ അടക്കി അല്പകാലത്തിനുള്ളിൽ ഏകഛത്രാധിപതിയായി രാജ്യഭാരം ചെയ്യുന്നതു കാണാമെന്നും ഉറച്ചിരുന്നു രാജ്ഞി ഇരുന്നിരുന്നത്. അങ്ങിനെയുള്ള രാജ്ഞിക്ക് ഇപ്പോൾ കേട്ട വൎത്തമാനത്തിൽ വലിയദ്വേഷ്യം ഉണ്ടായതിൽ അത്ഭുതപ്പെടുവാനില്ലല്ലൊ. രാജ്ഞി ഉടനെ വിവരം രാജാവിനെ അറിയിച്ചു.

പ്രിയപുത്രിയായ ഇന്ദുമതി തൻെറ അറിവുകൂടാതേയും പദവിയെ ആലോചിക്കാതെയും ചിത്രരഥനെ വിവാഹം ചെയ്തുവെന്നു കേട്ടപ്പോൾ രാജാവിന്നു കോപം സഹിപ്പാൻ ശക്തിയില്ലാതെയായിത്തീന്നു. അനാഥനായ ചിത്രരഥൻെറപേരിൽ ദയതോന്നി കോവിലകത്തു കൊണ്ടുവന്നതിൻെറ കഥയില്ലായ്മയെ ഓൎത്തു വ്യസനിച്ചു.

ഉടനെ ചിത്രരഥനേയും ഇന്ദുമതിയേയും തൻെറമുമ്പിൽ കൊണ്ടുവ രുവാൻ രാജാവ് ആജ്ഞാപിച്ചു. രാജശാസന കേട്ടക്ഷണത്തിൽ ഇ ന്ദുമതിയും ചിത്രരഥനും രാജസന്നിധിയിൽ ഹാജരായി. കാൎയ്യം വാ സ്തവമാണെന്നു അവർ രണ്ടുപേരും സമ്മതിച്ചപ്പോൾ ചിത്രരഥനെ ഉടനെ നാടുകടത്തണമെന്നും മേലിൽ അയാൾ നാട്ടിൽ കടന്നാൽ മരണശിക്ഷക്കു പാത്രമാവുന്നതാണെന്നും കല്പിച്ചു.

ചിത്രരഥൻ തൻെറ പ്രിയപത്നിയെ വിട്ടുപോകേണ്ടി വന്നത് ആലോചിച്ചപ്പോൾ വ്യസനാക്രാന്തനായി. രാജകല്പനക്കുകീഴടങ്ങാ തെ കഴിവില്ലല്ലോയെന്നുവിചാരിച്ച് അദ്ദേഹം രാമപുരം എന്ന രാ ജ്യത്തേക്കു പോവാനും അവിടെ താമസിപ്പാനും ഉറച്ചു. ഇന്ദുമതി കല്പന കേട്ട ഉടനെ മോഹാലസ്യപ്പെട്ടു. ഇന്ദുമതിയുടെ ദുഃഖത്തിൽ താനും പങ്കുകൊള്ളുന്നുണ്ടെന്നു രാജ്ഞി നടിച്ചു. ചിത്രരഥൻ പോകുന്ന തിന്നുമുമ്പു ഇന്ദുമതിക്ക് അദ്ദേഹത്തെക്കണ്ടു സംസാരിപ്പാൻ തരമു ണ്ടാക്കിക്കൊടുക്കാമെന്നു രാജ്ഞി വാഗ്ദത്തംചെയ്തു. ഇങ്ങിനെ ചെയ്യു ന്നതുകൊണ്ട് ഇന്ദുമതിക്കു തൻെറ പേരിൽ സ്നേഹം ജനിക്കുമെന്നും, ആ സ്നേഹം നിമിത്തം തൻെറ പിരട്ടുകൾകൊണ്ട് ആ സ്ത്രീയുടെമന സ്സിളക്കി അക്രൂരനെ ഭൎത്താവായി സ്വീകരിപ്പിക്കാമെന്നുമാണ് രാ ജ്ഞി വിചാരിച്ചത്.

ഇന്ദുമതിയും ചിത്രരഥനും തമ്മിൽ കാണ്മാൻ രാജ്ഞി സമ്മതം കൊടുത്തു. ആജീവനാന്തം അന്യോന്യം സ്നേഹിച്ചുകൊള്ളാമെന്നും ആയതിന്ന് എന്തുസംഗതികൊണ്ടും ഭംഗം വരുന്നതല്ലെന്നും രണ്ടു പേരും സത്യംചെയ്തതിന്നുശേഷം തൻെറ അമ്മയുടെ വകയായി ക യ്യിലുണ്ടായിരുന്ന ഒരു മോതിരം ഇന്ദുമതി ചിത്രരഥൻെറ കൈവിര ലിന്മേലിടിയിച്ചതിന്നുപകരം ഒരു വള ചിത്രരഥൻ ഇന്ദുമതിയുടെ കയ്യിന്മേലുമിടിയിച്ചു. രണ്ടുകൂട്ടരും അവരവൎക്കുകിട്ടിയ പ്രേമസൂചക മായ സമ്മാനത്തെ ഒരിക്കലും കൈവിട്ടു കളയുന്നതല്ലെന്നു ശപ ഥം ചെയ്ത് അന്യോന്യം പിരിഞ്ഞു.

ഇന്ദുമതി വ്യസനാക്രാന്തയായി രാജധാനിയിൽ താമസിച്ചു. ചിത്രരഥൻ പുറപ്പെട്ട് രാമപുരത്തിൽ എത്തി ഇന്ദുമതിയേയും വി

ചാരിച്ചുംകൊണ്ട് അവിടെ പാൎത്തുവന്നു. പലരാജ്യങ്ങളിൽനി ന്നും രാമപുരത്തു വന്നു ചേൎന്നിട്ടുള്ള ചില ചെറുപ്പക്കാരായി ചിത്രര ഥൻ സംഭാഷണം ചെയ്യുക പതിവായിരുന്നു. ഒരു ദിവസം അ വരുടെ സംഭാഷണത്തിന്നുള്ള വിഷയം ഓരോരൊ രാജ്യങ്ങളിലെ സ്ത്രീകളുടെ സ്വഭാവത്തെപ്പററിയായിരുന്നു. ഈ വിഷയത്തെപ്പററി സംസാരിച്ചു തുടങ്ങിയപ്പോൾ ഓരോരുത്തർ അവനവൻെറ രാജ്യ ത്തെ സ്ത്രീകളെപ്പോലെ സൽഗുണസമ്പൂൎണ്ണകളായ സ്ത്രീകൾ മ റെറാരു രാജ്യത്തും ഉണ്ടാവുന്നതല്ലെന്നു വാദിച്ചു. ചിത്രരഥനും വാ ദത്തിൽ കുറച്ചില്ല. ചിത്രരഥൻെറ മനസ്സിൽ ഇന്ദുമതിയുടെ കാ ൎയ്യമല്ലാതെ മറെറാന്നുമുണ്ടായിരുന്നില്ല. തൻെറ പ്രിയതമയേക്കാൾ സൽഗുണങ്ങൾ തികഞ്ഞ ഒരു സ്ത്രീയുണ്ടാവാൻ സംഗതിയില്ലെ ന്നായിരുന്നു ചിത്രരഥൻെറ ദൃഢവിശ്വാസം. അതുകൊണ്ട് ബത രായനത്തിലെ സ്ത്രീകളെപ്പോലെ മററു യാതൊരു രാജ്യത്തും സൽഗു ണങ്ങൾ തികഞ്ഞവർ ഉണ്ടാവില്ലെന്നു സിദ്ധാന്തമായി വാദിച്ചു. ഈ വാദം കേട്ടപ്പോൾ അഷ്ടവക്രൻ എന്നു പേരായി അവരുടെ കൂ ട്ടത്തിലുണ്ടായിരുന്ന രാമപുരക്കാരന്നു ലേശംപോലും രസിച്ചില്ല. ഇവർ തമ്മിൽ വാദം മൂത്തുതുടങ്ങി. അവസാനം ഒരു കാൎയ്യം ചെയ്വാൻ അവർ സമ്മതിച്ചു. അഷ്ടവക്രൻ ബതരായനത്തിൽ പോയി ഇന്ദുമതിയുടെ പ്രേമം സമ്പാദിച്ചു മടങ്ങിവരുന്ന പക്ഷം ആ സ്ത്രീ തൻെറ കൈവിരലിൽ ഇട്ടുകൊടുത്തിട്ടുള്ള മോതിരം അഷ്ട വക്രന്ന് കൊടുത്തേക്കാമെന്നു ചിത്രരഥനും, അങ്ങിനെ ചെയ്വാൻ സാധിക്കാത്തപക്ഷം അനവധി ദ്രവ്യം ചിത്രരഥനും കൊടുത്തേക്കാ മെന്ന് അഷ്ടവക്രനും സമ്മതിച്ചു. ഇന്ദുമതിക്കു തൻെറനേരെയുള്ള ഗാഢപ്രേമത്തെ ആരാലും ഇളക്കിത്തീൎപ്പാൻ കഴികയില്ലെന്നു ചിത്ര രഥൻ ഉറപ്പായി വിശ്വസിച്ചിരുന്നതിനാൽ എന്തുതന്നെ വാഗ്ദ ത്തം ചെയ്യുന്നതിന്നും അദ്ദേഹത്തിന്നു ധൈൎയ്യക്ഷയമുണ്ടായില്ല.

അഷ്ടവക്രൻ ഉടനെതന്നെ പുറപ്പെട്ട് ബതരായനത്തിലെ ത്തി. രാജധാനിയിൽ ചെന്നു. ചിത്രരഥൻെറ സ്നേഹിതനാണെ ന്നു സ്വകാൎയ്യമായി ഇന്ദുമതിക്കറിവു കൊടുത്തു. തൻെറ പ്രാണ

പ്രിയന്റെ വിവരത്തെപ്പററി അറിവാൻ സദാ താല്പൎയ്യത്തോടുകൂടിയിരുന്ന ഇന്ദുമതി അഷ്ടവക്രന് എന്തൊക്കെ ഉപചാരങ്ങളാണ് ചെയ്യേണ്ടത് എന്നുതന്നെ തീൎച്ചയാവാതെ കുഴങ്ങി. എന്തുതന്നെ ചെയ്താലും അധികമായിയെന്ന് ഇന്ദുമതിക്കു തോന്നുന്നതല്ല. അഷ്ടവക്രൻ ഇന്ദുമതിയുടെ മുമ്പിലെത്തി. ചിത്രരഥനെപ്പററിയുള്ള വിവരങ്ങളൊക്കെ പറഞ്ഞുകഴിഞ്ഞതിന്നു ശേഷം ഉദ്ദേശ്യസാദ്ധ്യത്തിന്നുവേണ്ടി ചില ഉപായങ്ങളെടുത്തു. ചിത്രരഥനിൽ ഇന്ദുമതിക്കു വെറുപ്പും നിരസവും തോന്നിക്കാനായി അയാൾ കഴിയുന്നതു ശ്രമിച്ചു. ഇങ്ങിനെയുള്ള സംഭാഷണം തുടങ്ങിയപ്പോൾ ഇന്ദുമതി ചെവിപൊത്തി. ആ മുഠാളന്റെ ഉദ്ദേശ്യം ഏകദേശം മനസ്സിലായപ്പോൾ പുഛത്തോടുകൂടി തന്റെ മുമ്പിൽനിന്ന് അയാളെ ആട്ടികളകയും ചെയ്തു.

ഇതുകൊണ്ടും അഷ്ടവക്രൻ ഭഗ്നോത്സാഹനായിത്തീൎന്നില്ല. കാൎയ്യം സാധിക്കാതെ രാമപുരത്തിൽ മടങ്ങിച്ചെല്ലേണ്ടി വന്നാൽ ഉണ്ടാവുന്ന ദ്രവ്യനഷ്ടവും മാനനഷ്ടവും ആലോചിച്ചപ്പോൾ എന്തുവിധമെങ്കിലും ചിത്രരഥനെ പിരട്ടാൻ ചില വിവരങ്ങളൊക്കെ കയ്യിലായല്ലാതെ അവിടം വിട്ടുപോവുന്നതല്ലെന്നുറച്ചു. താൻ ചിത്രരഥന്റെ സ്നേഹിതനാണെന്നും തന്നിമിത്തം ഇന്ദുമതി ആദരവോടുകൂടി എതിരേററുവെന്നും രാജകുമാരിയുടെ ഭൃത്യന്മാർ അറിഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ട് അഷ്ടവക്രന്നു ഭൃത്യന്മാരുടെ ഇടയിൽ ഒരു പ്രാധാന്യതക്ക് അവകാശമുണ്ട്. രണ്ടുമൂന്നു ദിവസം ഭൃത്യന്മാരുടെ കൂടെ കൂടി അവരെ തന്റെ സ്വാധീനത്തിൽ വെച്ചു. അവൎക്കു സമ്മാനങ്ങൾ കൊടുത്തു രാജകുമാരിയുടെ പള്ളിയറയിൽ ആരും കാണാതെ പ്രവേശിപ്പാൻ തരമുണ്ടാക്കിക്കൊടുക്കാമെന്നു അവരെക്കൊണ്ട് വാഗ്ദത്തം ചെയ്യിപ്പിച്ചു. ഒരു ദിവസം ഭൃത്യന്മാർ അഷ്ടവക്രനെ ഒരു വലിയ പെട്ടിക്കുള്ളിൽ ആക്കി പള്ളിയറയിലേക്കു കൊണ്ടുപോയി. അയാൾ അനങ്ങാതെ പെട്ടിക്കുള്ളിൽ ഇരുന്നു. രാജകുമാരി പതിവുപോലെ പള്ളിയറയിലെത്തി ഗാഢനിദ്രയിൽ പെട്ടപ്പോൾ അഷ്ടവക്രൻ പതുക്കെ പെട്ടിയുടെ പുറത്തു കടന്നു. ഉടനെ വല്ല

ഒരു ശ്രദ്ധയോടുകൂടി പള്ളിയറയിലുള്ള സകല സാമാനങ്ങളും ഓരോന്നു വെച്ചിട്ടുള്ള സ്ഥലങ്ങളും സൂക്ഷിച്ചുനോക്കി തന്റെ കൈവശമുണ്ടായിരുന്ന ഒരു ചെറിയ പുസ്തകത്തിൽ കുറിച്ചെടുത്തു. അതിന്റെ ശേഷം രാജകുമാരിയെ ആപാദചൂഡം നല്ലവണ്ണം നോക്കിക്കണ്ടു. കഴുത്തിൽ ഏകദേശം ഒരു പുതിയ പണത്തിന്റെ വലിപ്പത്തിൽ ഒരു കറുത്തപുള്ളി കണ്ടു. അതിനെപ്പററിയുള്ള വിവരം പുസ്തകത്തിൽ കുറിച്ചെടുത്തു. അതിന്നുശേഷം സാമർത്ഥ്യത്തോടുകൂടി രാജകുമാരിയുടെ കയ്യിന്മേൽ ചിത്രരഥൻ ഇട്ടതായ വള അറിയാതെ അഴിച്ചെടുത്തു. ഉടനെ പെട്ടിക്കുള്ളിൽ കടന്നുകൂടി. പിറേറന്നാൾ ഭൃത്യന്മാരുടെ സഹായത്തോടുകൂടി പള്ളിയറയിൽ നിന്നു പുറത്തുപോന്നു. അഷ്ടവക്രൻ ജയഭീരിയോടുകൂടി ഉടനെ യാത്രയായി. രാമപുരത്ത് എത്തിയ ഉടനെ ചിത്രരഥനെ അന്വേഷിച്ചു കണ്ടുപിടിച്ചു. താൻ ബതരായനത്തിൽ പോയി സൽഗുണസമ്പൂർണ്ണയാണെന്നു വിചാരിക്കപ്പെട്ട ഇന്ദുമതിയെ കണ്ടുവെന്നും, അനായാസേന ആ സ്ത്രീയുടെ പ്രിയരമണനായിത്തീൎന്ന് ഒരു ദിവസം രാത്രി പള്ളിയറയിൽ കൂടിയെന്നും പറഞ്ഞതിന്റെ ശേഷം പള്ളിയറക്കുള്ളിലുള്ള സാമാനങ്ങളേയും അവയൊക്കെ യഥാസ്ഥാനത്തുവെച്ചിരിക്കുന്നതിൽ ആ സ്ത്രീ കാണിച്ചിട്ടുള്ള സാമർത്ഥ്യത്തേയും പററി വർണ്ണിപ്പാൻ തുടങ്ങി. 'ഇന്ദുമതിയുടെ ശയനസ്ഥലത്തിന്റെ തലക്കൽ ചുമരിന്മേൽ തൂക്കിയിരിക്കുന്ന ശകുന്തളയുടെ ചിത്രം അതിവിശേഷം തന്നെ. അത് എഴുതിയ എഴുത്തുകാരൻ മഹായോഗ്യൻതന്നെയായിരിക്കണം. അതിന്നുനേരെ അടുത്തു വലത്തുഭാഗത്തായി തിലോത്തമയുടെ ഒരു ചിത്രം കണ്ടു. അതും അതിരമണീയം തന്നെ. വടക്കെ ചുമരിന്മേലുള്ളതിൽ വെച്ച് എന്റെ ശ്രദ്ധയെ ഏററവും ആകർഷിച്ചത് സീതയുടേയും ശ്രീരാമന്റേയും ചിത്രമാണ്. അത്ര കൌതുകമുള്ള ഒരു ചിത്രം ഞാൻ ഇതുവരെ കണ്ടിട്ടില്ല.' എന്നൊക്കെ പലതും അഷ്ടവക്രൻ ചിത്രരഥനോടു പറഞ്ഞു.

അഷ്ടവക്രൻ ഇങ്ങിനെ ഓരോന്നു പറവാൻ തുടങ്ങിയപ്പോൾ

'അതു നിങ്ങളോട് ആരെങ്കിലും പറഞ്ഞതായിരിക്കാം' എന്നു ചിത്രരഥൻ മറുവടി പറഞ്ഞു. അപ്പോൾ ഇന്ദുമതിയുടെ കഴുത്തിൽ കണ്ടതായ കറുത്ത പുള്ളിയെപ്പററി അഷ്ടവക്രൻ സൂചിപ്പിച്ചു. അതും ആരെങ്കിലും പറഞ്ഞതായിരിക്കാം എന്നു ചിത്രരഥൻ പറഞ്ഞപ്പോൾ അഷ്ടവക്രൻ തന്റെ കയ്യിലുണ്ടായിരുന്ന വളയെടുത്തു കാണിച്ച് 'അതൊക്കെ പറഞ്ഞുകേട്ടതാവട്ടെ, ഇതോ' എന്നു ചോദിച്ചു. 'ഈ മാല എനിക്ക് ഇന്ദുമതി സമ്മാനിച്ചതാണ്. അന്നുസമയം 'ഇത് ഒരു കാലത്ത് എന്റെ പ്രേമസാധനമായിരുന്നു' എന്നും പറകയുണ്ടായി' എന്നു പറഞ്ഞപ്പോൾ ചിത്രരഥനു വ്യസനം സഹിപ്പാൻ ശക്തിയില്ലാതായി.

തൻ പ്രിയതമയാണെന്നും സൽഗുണങ്ങളുടെ ഇരിപ്പിടമാണെന്നും വിചാരിച്ച ഇന്ദുമതി ഒരു കുലടയാണെന്നു വിശ്വസിക്കാതെ തരമില്ലെന്നു ചിത്രരഥൻ ഉറച്ചു. കോപംനിമിത്തം ഇന്ദുമതിയെ ശകാരിപ്പാൻ തുടങ്ങി. വാദത്തപ്രകാരം ചെയ്യാതിരിപ്പാൻ തരമില്ലല്ലോ എന്നുറച്ച ഇന്ദുമതി കൊടുത്തതായ മോതിരം അഴിച്ച് അഷ്ടവക്രനു കൊടുത്തു.

മനോഹാനിക്കിട വരുത്തിയ ഇന്ദുമതിയുടെ നേരെ ഇനി ചിത്രരഥനു ദയ തോന്നാൻ അവകാശമില്ലല്ലോ. ബ തരായനത്തിലുള്ള എല്ലാ സ്ത്രീകളിലുംവെച്ച് പഠിപ്പും സൽഗുണങ്ങളും തികഞ്ഞ ഇന്ദുമതി നാട്ടിനാതന്നെ അപമാനമായിട്ടാണ് വന്നിരിക്കുന്നത്. അങ്ങിനെയുള്ളവളെ ഇനി ഒരു ദിവസമെങ്കിലും ജീവിച്ചിരിപ്പാൻ സമ്മതിക്കാതിരിക്കേണ്ടതു തന്റെ ധമ്മമാണെന്നാണ് ചിത്രരഥൻ ഉറച്ചത്. പക്ഷെ എത്രയൊ ദൂരത്തിരിക്കുന്ന അദ്ദേഹത്തിന്ന് അതിന്നു തല്ക്കാലം തരവുമില്ല. വളരെ നേരം ആലോചിച്ചപ്പോൾ ഒരു മാർഗ്ഗം തോന്നി. ചിത്രരഥന്റെ ഏററവും ആശ്രിതനായി രാജകുമാരിയുടെ ഭൃത്യന്മാരിൽ പിശുനൻ എന്നുപേരായി ഒരാളുണ്ടായിരുന്നു. ഈ പിശുനനെ രാജകുമാരിക്കും വലിയ വിശ്വാസമാണ്. ഉടനെ ചിത്രരഥൻ രാജകുമാരി തന്നോടു കാട്ടിയ ചതിയേയും അതു നിമിത്തം ഘോരമായ ഒരു [illegible] അപമാനത്തെയും പററി ലക്ഷ്യ സ

ഹിതം പിശുനന്ന് എഴുതി അയച്ചു. ഇപ്രകാരമുള്ള അപമാനത്തിന്നിടവരുത്തിയതിനാൽ രാജകുമാരിയെ മിഥിലാപുരമെന്ന ദിക്കിൽ കൊണ്ടുപോയി കൊല്ലണമെന്നു പിശുനനോടപേക്ഷിച്ചു. തന്റെ പ്രിയതമയായ ഇന്ദുമതിയെ കാണാതെ ജീവിച്ചിരിപ്പാൻ തനിക്കു ശക്തിയില്ലെന്നും എന്തു വിധവും കാണാഞ്ഞാൽ താൻ മരിച്ചുപോവുന്നതാണെന്നും അതുകൊണ്ടു ഭൃത്യനായ പിശുനൻ കരുമിച്ച് ഒരു രാത്രിപുറപ്പെട്ടു മിഥിലാപുരത്തെത്തിയാൽ തന്നെ അവിടെ കാണാമെന്നും രാജകുമാരിക്കും ചിത്രരഥൻ ഒരു കത്തയച്ചു.

മരണം നേരിടുന്നതിന്നുമുമ്പു ഭർത്താവിനെ ഒരു നോക്കു കാണ്മാൻ സംഗതിവരണമെന്ന് ആഗ്രഹിച്ചും എപ്പോഴും പ്രിയതമന്റെ ക്ഷേമത്തിന്നുവേണ്ടി ദൈവപ്രാൎത്ഥനകൾ ചെയ്തുകൊണ്ടും ദിവസം ബുദ്ധിമുട്ടി കഴിച്ചുകൂട്ടുന്ന ഇന്ദുമതിക്കു ചിത്രരഥന്റെ എഴുത്തുകിട്ടിയപ്പോൾ തന്റെ കഷ്ടകാലം അവസാനിച്ചുവെന്നുതോന്നി. ഉടനെ പിശുനനെ വിളിച്ചു താൻ ഒരു ദിക്കിലേക്കു പോകേണമെന്നവിചാരിക്കുന്നുണ്ടെന്നും സഹായത്തിന്നു പിശുനൻകൂടി പുറപ്പെടണമെന്നും അപേക്ഷിച്ചു. ഇന്ദുമതി എന്തുതന്നെ പറഞ്ഞാലും ഉപേക്ഷിക്കുക എന്നതു പിശുനന്നു പരമസങ്കടമാണ്. താൻ കരുക്കമാണെന്നുമാത്രം മറുവടി പറഞ്ഞു. ഒരു ദിവസം നേരം അസ്തമിച്ചു രാത്രിയായപ്പോൾ ഒരു വിധത്തിൽ രണ്ടുപേരുംകൂടി പുറപ്പെട്ടു. മിഥിലാപുരത്തെത്തി. ചിത്രരഥൻ കാത്തുനില്ക്കാമെന്നു പറഞ്ഞ ദിക്കിൽ അദ്ദേഹത്തെ കാണുന്നില്ല. രാജകുമാരിസങ്കടത്തിൽപ്പെട്ടു. വിവരമൊക്കെപിശുനനോടു പറഞ്ഞപ്പോൾ ഭർത്താവു പിരിഞ്ഞുപോയിട്ടു കുറെകാലമായില്ലേ. പണ്ടേപ്പോഴുണ്ടായിരുന്ന സ്നേഹം ഇപ്പോഴുണ്ടാവുമെന്ന് എങ്ങിനെയാണ് തിച്ചയാക്കുന്നത്" എന്നൊക്കെ പറഞ്ഞ് ഒരു വിധം രാജകുമാരിയെ മടക്കിക്കൊണ്ടുപോരുവാൻ പിശുനൻ ശ്രമിച്ചുവെങ്കിലും ഫലമൊന്നുമുണ്ടായില്ല. പിശുനൻ ചിത്രരഥന്റെ ആശ്രിതനായിരുന്നുവെങ്കിലും അദ്ദേഹം ആവശ്യപ്പെട്ടപ്രകാരമുള്ള ക്രൂരകൎമ്മം ചെയ്വാൻ ഒരുക്കമില്ലായിരുന്നു. ചിത്രരഥന്റെ കത്തിലുള്ള വിവരം രാജകുമാരിയെ മനസ്സിലാക്കാ

തെ തരമില്ലെന്നുറച്ച് ഇന്ദുമതി പ്രിയതമനാണെന്നു വിചാരിക്കുന്ന ചിത്രരഥൻ തന്നോടു ചെയ്തിട്ടുള്ള അപേക്ഷയെപ്പററി വിസ്തരിച്ചു പറഞ്ഞു. തൻെറ നേരെ ഗാഢപ്രേമത്തോടുകൂടിയിരിക്കുന്നുവെന്നു താൻ വിചാരിച്ച ചിത്രരഥൻെറ അപേക്ഷയുടെ സ്വഭാവവും അതിന്നുള്ള കാരണവും പിശുനൻ പറഞ്ഞു കേട്ടപ്പോൾ ഇന്ദുമതി മോഹാലസ്യപ്പെട്ടുവീണു. കുറെനേരം കഴിഞ്ഞപ്പോൾ പിശുനൻ ഓരോന്നു പറഞ്ഞു സമാധാനപ്പെടുത്തുവാൻ തുടങ്ങി. താൻ ചെയ്തത് അന്യായമാണെന്നും, കാൎയ്യത്തിൻെറ വാസ്തവം അറിയായ്കയാലുംകൊണ്ടു കോപിപ്പാനിടയായതാണെന്നും, ദൈവസഹായംകൊണ്ടു ചിത്രരഥന്നു ബോദ്ധ്യമാവുന്നതുവരെ ക്ഷമിച്ചിരിക്കുന്നതാണ് നല്ലത് എന്നും പിശുനൻ ഇന്ദുമതിയെ ഉപദേശിച്ചു. എതുവിധവും രാജധാനിയിലേക്ക് ഇനി താൻ മടങ്ങുതല്ലെന്ന് ഇന്ദുമതി തീൎച്ചയായി പറഞ്ഞു. എന്നാൽ വഴിയാത്രയിൽ അപകടം നേരിടാതിരിപ്പാൻ വേണ്ടി ഒരു പുരുഷൻെറ വേഷം ധരിക്കുന്നതു നല്ലതാണെന്നു പിശുനൻ പറഞ്ഞപ്പോൾ അങ്ങിനെ ചെയ്വാൻ ഇന്ദുമതി സമ്മതിച്ചു. പുരുഷൻെറ വേഷം ധരിച്ചു രാമപുരത്തേക്കു ഭൎത്താവിനെ തിരഞ്ഞു പുറപ്പെടുവാനാണ് ഇന്ദുമതി തീൎച്ചയാക്കിയത്. ഭൎത്താവു തന്നോടു കാട്ടിയ ക്രൂരതയെ അറിഞ്ഞിട്ടും ഇന്ദുമതിക്കദ്ദേഹത്തെ ഉപേക്ഷിപ്പാൻ മനസ്സു വന്നില്ല.

ഇന്ദുമതി വേഷം മാററിയതിൻെറ ശേഷം പിശുനൻ വ്യസനത്തോടുകൂടി യാത്ര പറഞ്ഞു. എന്തുസുഖക്കേടെങ്കിലുമുണ്ടായാൽ പെട്ടെന്നു ഭേദപ്പെടുത്താൻ ശക്തിയുള്ളതാണെന്നു പറഞ്ഞ് രാജ്ഞി ഒരു കുപ്പിയിൽ കുറെ മരുന്നു പിശുനന്നു മുമ്പു കൊടുത്തിട്ടുണ്ടായിരുന്നു. തൽക്കാലം തൻെറകയ്യിലുണ്ടായിരുന്ന ആ മരുന്നു രാജകുമാരിക്ക് ഉപയോഗപ്രദമാവുമെന്നു പിശുനന്നു തോന്നിയതിനാൽ അതൊരു സിദ്ധൌഷധമാണെന്നും വഴിയിൽ എന്തെങ്കിലും സുഖക്കേടു തോന്നിയാൽ രണ്ടുനാലു തുള്ളി സേവിച്ചാൽ ദേഹസുഖമുണ്ടാവുമെന്നും പറഞ്ഞ് അതിനെ ഇന്ദുമതിക്കു കൊടുത്തു യാതൊരു അപകടവും നേരിടാതിരിക്കട്ടെയെന്നു ദൈവത്തെ പ്രാൎത്ഥിച്ച് അയാൾ വീണ്ടും യാത്ര പറഞ്ഞു പിരിഞ്ഞു.

കെ. അപ്പുനമ്പ്യാർ, ബി. എ.

(തുടരും)

# പലവക

## പുസ്തക പരിശോധനം

പരിഷ്കാരരീതിയിലുള്ള കണ്ടെഴുത്തു കൊണ്ടുപിടിക്കുകയും കൃഷിശാസ്ത്ര പണ്ഡിതന്മാർ വസ്തുക്കളിൽ പിറങ്ങി മണ്ണിൻെറ തരഭേദാപേക്ഷലെ വേണ്ടുന്ന വളം ചേൎത്തു വിത്തിറക്കി വിളവെടുത്തിട്ടുള്ള തോതനുസരിച്ച് അതുകൾക്കു രാജഭോഗം ചുമത്തുകയും ചെയ്യുന്ന ഇക്കാലത്തു തൊണ്ണൂറൻ കരിയും, മുറിഞ്ഞ ഞെരിയും, ചാവാലി മൂരികളും, രണ്ടുവല്ലിറ്റപ്പിള്ളരുമായി പുറപ്പെടുന്ന നമ്മുടെ ചില കൃഷിതന്ത്രജ്ഞന്മാർ ഒരു കുന്തി ചാണകംകൊണ്ടു സ്ഥലം ശുദ്ധിവരുത്തി ഒരുപിടി പച്ചിലകളും വിതറി പരിചാരകന്മാരെക്കൊണ്ടു വസ്തുവിൽ ചില രേഖകളും നിൎമ്മിച്ച്, വിത്തുവാരിപിടിച്ച മനസ്സിൽ അമന്ത്രി ധ്യാനിച്ചു വിതച്ചു പോരുന്നതു കണ്ടാൽ പ്രകൃതി ദേവിയെ വശീകരിക്കുവാനുള്ള ചില മന്ത്രതന്ത്രങ്ങൾ ചെയ്യുന്നുവെന്നല്ലാതെ കൃഷിപ്രവൃത്തി ചെയ്യുന്നതായി ആരും വിചാരിക്കുകയില്ല. ഈ മാന്ത്രികന്മാൎക്കു സേവചരപ്പോലെയുള്ള ദക്ഷിണ ചെയ്യേണ്ടുന്ന ചുമതല പിന്നീട്ടു ഭൂമിദേവിയുടെതാണുതാനും. മറ്റുചില ധനവാന്മാരായ കൃഷിക്കാരുടെ പ്രവൃത്തി വേറെ വിധമാണ്. മുറികുന്തക്കാരായ വൈദ്യന്മാർ രോഗം അറിയാതെ പല മരുന്നുകളും കൊടുക്കുന്ന കൂട്ടത്തിൽ ഒന്നു ദരല്പം പിടിത്തമുള്ളതായികണ്ടാൽ മരുന്നിൻെറ ഗുരുലഘുത്വം നോക്കാതെ മാത്രകൂട്ടി പ്രയോഗിക്കുമ്പോൾ ഉണ്ടാകുന്ന വൈഷമ്യം ഈ കൂട്ടരും അനുഭവിക്കുന്നു. ദരിദ്രകുഡുംബിനി കുട്ടികളെ സദ്യ ഊട്ടുന്നതുപോലെ കായക്ലേശവും ദ്രവ്യവിലവും ചെയ്യു് അധികം വളം കുത്തിനിറക്കുന്നതുകൊണ്ടും ആശാഭംഗത്തിന്നിടയാകുന്നു. തോഴത്തൊടിയിൽ ഇരുപത്തും മുപ്പതും വിളവുണ്ടായിരുന്നുവെന്നു കാരണവന്മാർ പറഞ്ഞു കേട്ടിട്ടുള്ളതല്ലാതെ എട്ടുപത്തു കാലമായിട്ട് അഞ്ചു വിളവിലധികം പാറിച്ച വിദ്യ പത്തിനെട്ടും നോക്കീട്ടു കിട്ടുന്നില്ല. ഓളിപറമ്പിൽ മാസത്തിൽ ആയിരം തേങ്ങ വീണിരുന്നുവത്രെ. ഇപ്പോൾ ഇരുന്നൂറു കിട്ടുവാൻ ഞെരുക്കം. ആവശ്യം കഴിച്ച നൂറും ഇരുന്നൂറും പറ എള്ളു വില്ലു

വാൻ തക്ക വിളവുണ്ടായിരുന്നുവെന്നു പറയുന്ന സ്ഥലം കൈവശമുണ്ട്. പക്ഷെ എണ്ണ വിലക്കു വാങ്ങണം. കാലദോഷംകൊണ്ടു വരുന്നതെല്ലാം അനുഭവിക്കാതെ തരമില്ലല്ലൊ. നികുതിയില്ലാണെങ്കിൽ കിട്ടുന്നതിൽ പകുതി കൊടുക്കുകയും വേണം.' ഇങ്ങിനെ കാലത്തിനേയും കലാവല്ലഭന്മാരേയും ആക്ഷേപിക്കുന്നതല്ലാതെ മുമ്പ ആദായം അധികമുണ്ടായിരുന്നത് എന്തുകൊണ്ടാണെന്നോ ഔചിത്യമായ പ്രയത്നംകൊണ്ട് അതുപോലേയൊ അതിലധികമൊ അനുഭവം എടുപ്പാൻ മാൎഗ്ഗമുണ്ടോ എന്നോ അവർ ആലോചിക്കുന്നില്ല. കരിയുടെ വക്കത്തും വിതച്ചവൻെറ കൈപ്പൊരുത്തവുമാണ് ഇവർ അധികവിളവിന്നു കാരണംകല്പിക്കുന്നത്. പ്രവൃത്തിക്കു ഗുണദോഷമൊ, വിത്തിൻെറ തരഭേദമൊ, വളത്തിൻെറ ഗുരുലഘുത്വമൊ, മണ്ണിൻെറ പ്രകൃതവിത്യാസമൊ കാരണമായേക്കാമെന്ന് അധികം പേർ ധരിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. അനവധികാലം എടവിടാതെയുള്ള പ്രവൃത്തിഭേദങ്ങളെകൊണ്ട് ഒരു പ്രത്യേകവസ്തുവിൻെറ ഗുണദോഷജ്ഞാനലേശം ഒരുവന്നുണ്ടായാൽ അവൻ സൎവ്വജ്ഞനെന്നു വിശ്വസിച്ച് അയാളുടെ ഉപദേശവഴിക്ക് പ്രവൃത്തിക്കുന്നവരിൽ ചിലക്കു ചില ഗുണങ്ങൾ ഉണ്ടാകുന്നില്ലെന്നു ഞങ്ങൾ പറയുന്നില്ല. ഇതു 'വെക്കരിൽ കൊഞ്ചൻ സൎവ്വജ്ഞൻ' എന്ന മാതിരിയിലാണെന്നേ ഞങ്ങൾ സിദ്ധാന്തിക്കുന്നുള്ളു. അതുകൊണ്ടു ദരിദ്രന്മാരും ധനവാന്മാരുമായ കൃഷിക്കാൎക്കു ശാസ്ത്രരീതി അനുസരിച്ചു പരിഷ്കൃതസമ്പ്രദായത്തിൽ പ്രവൃത്തി എടുത്തു പ്രയത്നത്തിന്നു തക്കപ്രതിഫലം ഉണ്ടാകുവാനുള്ള മാൎഗ്ഗോപദേശം ചെയ്യേണ്ടത് അത്യാവശ്യമായിരിക്കുന്നു. ഇതിന്നായി അവതരിച്ചതാണ് 'കൃഷിശാസ്ത്രം ശ്രീമൂലപാഠമഞ്ജരി നാലാംപുസ്തകം' എന്നു പറയുന്നതായാൽ ബുക്കിൻെറ മിക്ക ഗുണദോഷനിരൂപണവും ഒതുങ്ങി. 'സമുദായ പരിഷ്കാരണോത്സുക'ളായ കെ. രാമകൃഷ്ണപിള്ള അവർകളും എ. ആർ. രാജരാജവൎമ്മ എം. എ. അവർകളും തൽപ്രവൃത്തകന്മാരാണെന്നും അവരുടെ അശ്രാന്തപരിശ്രമലത ഫലവതിയായിത്തീൎന്നിരിക്കുന്നുവെന്നുമുള്ള സന്തോഷവൎത്തമാനം പ്രസ്തുതബുക്കിൻെറ രണ്ടാംപതിപ്പു പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

കെ. ചിതംബരവാദ്ധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ടതും സുബ്ബയ്യാ തെന്നാട്ടുറാദ്ധ്യാരുടെ ചിലവിന്മേൽ അച്ചടിക്കപ്പെട്ടതുമായ 'ചെട്ടമ്പിത്തലവൻ' 'സാവിത്രി, എന്ന പുതിയ കഥാപുസ്തകങ്ങളും കെ. സി. രാമൻപിള്ള ബി. എ. അവർകൾ ഉണ്ടാക്കിയ ഇൻഡ്യാചരിത്രം ഒന്നും രണ്ടും ഭാഗങ്ങളും ഇംഗ്ലീഷിൽനിന്നു തൎജ്ജമ ചെയ്തിട്ടുള്ള 'ബെക്കിന്റെ പ്രസംഗങ്ങൾ' ഒന്നാം ഭാഗവും ഞങ്ങൾക്ക് അയച്ചുതന്നിട്ടുള്ളതു സന്തോഷസമേതം കൈപററിയിരിക്കുന്നു. അഭിപ്രായങ്ങൾ അടുത്ത ലക്കത്തിലേക്കു നിൎത്തി.

ര. ര. പ.

### മലയാളമനോരമ പത്രാധിപരായിരുന്ന
### വൎഗ്ഗീസ്സ മാപ്പിളയെപ്പററിയ ചരമ ശ്ലോകങ്ങൾ.

മന്നിൽസൂൎയ്യപ്രഭാശോഭിതനമലകലാപൂൎണ്ണനാനന്ദദാതാ
വെന്നാസൎവ്വജ്ഞമാന്യൻകവലയസുഖദൻരാജമുദ്രാഭിരാമൻ
ധന്യൻശ്രീമത്താരമേശൻജനതിമിരഹരൻമാനമേറിത്തിളങ്ങും
രത്നശ്രീദീപ്രദീപം കലിയുടെവലയിൽപെട്ടുപോയികഷ്ടം

ഈവസ്തുതക്കെഴുതിവന്നളവൊന്നുഞെട്ടി
ബ്ഭൂവിൽപതിച്ചുതിടികൊണ്ടമരംകണക്കെ
ആവൃകറച്ചിടകഴിച്ചൊരവസ്ഥചൊല്ലുവാ
നാവില്ലദൈവഗതിനീക്കുകനോക്കസാദ്ധ്യം

പത്രാധിപൻറനിലനിസ്തുലകീൎത്തിയോമൽ
ഗ്ഗാത്രപ്രകാശമമ്ലാനതരംവഴിന്നവാക്
പാൎത്തട്ടടക്കമൊരുസമ്മതമെന്നിതെല്ലാ
മോൎത്തോൎത്തുസാധുജനമെത്രകരഞ്ഞിടുന്നു.

# രസികരഞ്ജിനി

## ൧൦൮൨

പുസ്തകം ൫.  കന്നിമാസം  ലക്കം ൨.

### മംഗളം

നാനാപ്രകാരനിലയുള്ള ചരാചരങ്ങൾ
താനാത്തിയേതുമണയാതമരുംവിധത്തിൽ
ഊനം നികന്നു നിതരാം വിലസുന്ന സച്ചി-
ദാനന്ദമേ സകലകാരണമാശ്രയം മേ.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

# അഹിംസ.

അനേകമതക്കാരായ സകലജനങ്ങളും ഐകമത്യത്തോടുകൂടി ആദരിച്ചും ആലംബിച്ചും ആസ്പദമാക്കിപ്പിടിച്ചുപോരുന്ന ഒരു തത്വമാകുന്നു അഹിംസ എന്നു പറയുന്നത്. എന്നാൽ ഇത്രമാഹാത്മ്യമുള്ള ഈ മൂന്നക്ഷരത്തിന്റെ അത്ഥമെന്താണെന്നാണ് ആദ്യമെ ആലോചിച്ചുനോക്കേണ്ടത്. ഹിംസ എന്ന പദത്തിന്നു ദുഃഖിപ്പിക്കുന്ന പ്രവൃത്തിഎന്നാണ് താൽപയ്യം. 'അഹിംസ' എന്ന വാക്കിന്റെ ആരംഭത്തിൽ കാണുന്നതും നഞ് വികാരവുമായ അകാര

ത്തിന്നു നിഷേധമാണ് അൎത്ഥം. എന്നിരിക്കെ അഹിംസാപദത്തി ന്നെ ഹിംസയില്ലാത്ത പ്രവൃത്തിയെന്നും ഹിംസയല്ലാത്ത പ്രവൃത്തി യെന്നും രണ്ടു വിധത്തിൽ വ്യാഖ്യാനിക്കാവുന്നതാകുന്നു. ആൎക്കും ഉപദ്രവംതട്ടാത്ത പ്രവൃത്തിയും എവൎക്കും സന്തോഷംകൊടുക്കുന്ന പ്രവൃത്തിയും, ഇങ്ങിനെ അഹിംസ രണ്ടു നിലയിലുണ്ടെന്നാണ് ഈ വ്യാഖ്യാനഭേദംകൊണ്ടു സിദ്ധിക്കുന്ന താല്പൎയ്യം. 'പറയാം പക തിശ്ലോകമറിയാൽ ശാസ്ത്രമൊക്കെ ഞാൻ; പരോപകാരമേ പുണ്യം പരപീഡനം പാപമാം' എന്നുള്ള തത്വോപദേശസാരസംഗ്രഹപ ദ്യവും ഈ അഹിംസയേ അടിസ്ഥാനപ്പെടുത്തീട്ടാണ് നിൎമ്മിച്ചിട്ടുള്ള തെന്നു വ്യക്തമാകുന്നുണ്ടല്ലോ. ഇതിൽ, പരോപദ്രവമാവാത്ത പ്ര വൃത്തിമാത്രമാണ് 'ഹിംസയില്ലാത്തപ്രവൃത്തി' എന്നു പറഞ്ഞത്. ഇതിന്നു പരോപദ്രവംകൂടാതെ കേവലം ഉദാസീനനിലയിൽ വല്ല തും പ്രവൃത്തിയെടുത്തുകൊണ്ടു കഴിച്ചുകൂട്ടിയാലും പോരെന്നില്ല. എ ന്നാലോ പാപംചെയ്യായ്ക മാത്രമേ ആവൂ. അത് അഹിംസയുടെ ആദ്യത്തെ നിലയെ ആവുകയുള്ളു. പരോപകാരമാവുന്ന പ്രവൃ ത്തിയായാലേ ഹിംസയല്ലാത്തപ്രവൃത്തി എന്നു പറഞ്ഞിട്ടുള്ള രണ്ടാ മത്തെ നിലയിലെ അഹിംസയാകയുള്ളു. ഇതിൽ അഹിംസാപദ ത്തിൻെറ നഞൎത്ഥം 'അസിതന്യായേന' വിപരീതപരമാകുന്നു. (അസിതം സിതമല്ലാത്തത് [കറുത്തത്] എന്നപോലെ അഹിംസ ഹിംസയല്ലാത്തത് [പ്രീണനം] എന്നു താല്പൎയ്യം) ഈവിധമുള്ള അഹിംസയേ എല്ലാമതക്കാരും സ്വമതസിദ്ധാന്തമായി ആദരിച്ചു വരുന്നതിൽ എന്താണാശ്ചൎയ്യം.

അഹിംസ പ്രവൃത്തിരൂപമാണെന്നുപറഞ്ഞുവല്ലോ. പ്രവൃത്തി ചെയ്യുന്നതു മനസ്സുകൊണ്ടും വാക്കുകൊണ്ടും ശരീരംകൊണ്ടും ഇങ്ങി നെ മൂന്നു തരമായിട്ടാകുന്നു. ഇനി ഈ മൂന്നുമാതിരി ഹിംസകളുടേ യും സ്വരൂപങ്ങൾ വിവരിച്ചതിന്നുശേഷം അഹിംസയേ സ്ഥാപി പ്പാൻ പുറപ്പെട്ടാലായിരിക്കും അധികം ദൃഢപ്പെടുത്തുവാനെളുപ്പം. അതുകൊണ്ട് അതിലേക്കു തിരിക്കുന്നു. കാമക്രോധലോഭാദിദോ ഷങ്ങളേക്കൊണ്ടു കലുഷമായ മനസ്സുകൊണ്ട് മററൊരുവനോ തനി

ക്കതന്നെയോ ഉപദ്രവം തട്ടത്തക്കവിധം വല്ലതും സങ്കല്പിക്കുകതന്നെയാണ് മാനസികഹിംസ എന്നു പറയപ്പെടുന്നത്. വാക്കുകൊണ്ടോ ശരീരംകൊണ്ടോ ഹിംസചെയ്യാതെ കഴിച്ചുകൂട്ടാവുന്ന ധീരന്മാൎക്കുപോലും മനസ്സുകൊണ്ടു ഹിംസചെയ്യാതിരിപ്പാൻ വളരെ വിഷമമായിരിക്കും. പൎവ്വതദുൎഗ്ഗങ്ങളിലോ മറ്റോ ഇരുന്നു തപസ്സുചെയ്യുന്ന വല്ല യോഗീശ്വരന്മാരുമുണ്ടെങ്കിൽ അവൎക്കുമാത്രമെ ഇതു സാധിക്കുമോ എന്നു സംശയമുള്ളു. അവരിൽതന്നെ പലരും പലഘട്ടങ്ങളിലും മനസ്സിന്നു ക്ഷോഭം തട്ടുകനിമിത്തം സ്വന്തമായ അഹിംസാവ്രതത്തിന്നു ഭംഗംവരുത്തിപ്പോയിട്ടുണ്ടെന്നാണ് വസിഷ്ഠവിശ്വാമിത്രാദിചരിത്രങ്ങളെക്കൊണ്ടു പുരാണങ്ങൾ വിളിച്ചുപറയുന്നത്. എന്നിരിക്കെ ലൌകികന്മാരായ സാധാരണജനങ്ങൾക്കു മാനസികഹിംസ കൂടാതെ കഴിച്ചുകൂട്ടുവാൻ സാധിക്കയില്ലെന്നു തീൎച്ചതന്നെ. എന്നാൽ ഈ വക മനഃക്ഷോഭാവസരങ്ങളിലല്ലാതെ വെറുതെതന്നെ കല്പിച്ചുകൂട്ടി ഹിംസചെയ്യുന്നതാണ് വലിയകഷ്ടമായിട്ടുള്ളത്. എന്നാൽ ഇങ്ങിനെ വെറുതേയും മാനസികഹിംസചെയ്യുന്നകൂട്ടരിൽ പ്രധാനസ്ഥാനം കല്പിക്കേണ്ടത് നമ്മുടെ ദുൎമ്മന്ത്രവാദികൾക്കാകുന്നു. ഇവർ കേവലം ലൌകികജനങ്ങളുടെ കൂട്ടത്തിൽതന്നെയാണെങ്കിലും യോഗീന്ദ്രന്മാൎക്കുള്ള മാനസികവിശേഷശക്തിയുടെ ഛായയുടെ ഛായയുംകൂടിയുള്ളവരാകയാൽ മനസ്സുകൊണ്ടുമാത്രം ചില സാഹസങ്ങൾ സങ്കല്പിച്ചു പരപീഡനംനടത്തുവാൻ സമൎത്ഥന്മാരാണത്രെ. ഈ കൂട്ടൎക്ക് ഇതൊരുപജീവനവുംകൂടിയാകയാൽ ഈ പ്രവൃത്തി നിയമേന നടത്തിശ്ശീലിച്ചുംവരുന്നു. ഇതൊരു പാപകൃത്യമാണെന്നുള്ള വിചാരംപോലും അശേഷമില്ല. സിദ്ധമന്ത്രങ്ങൾക്കു ഫലമില്ലെന്നു വാദിക്കുന്ന ചില നവീനപരിഷ്കൃതാഭിമാനികൾ ഇവരുടെ പ്രവൃത്തികൾ സാഫല്യമില്ലെന്നു ശഠിക്കുമായിരിക്കും. എങ്കിലും ഇവരുടെ മനസ്സുകളെല്ലാം പാപകരമാണെന്നുള്ള വാസ്തവം അവർ മുൻകൂട്ടിതന്നെ സമ്മതിക്കാതിരിക്കയില്ല നിശ്ചയംതന്നെ. ഈവിധമുള്ള ദുൎമ്മന്ത്രവാദികളെപ്പോലെതന്നെ മററുചിലരും വൃഥാ മനസ്സുകൊണ്ടു പരദ്രോഹംവിചാരിച്ചു പാപം സമ്പാദിക്കാറുണ്ട്. പരസ്ത്രീ ക

ണ്ടുകൂടാത്തവർ ഈ കൂട്ടത്തിൽ മുമ്പിട്ടുനില്ക്കാതിരിക്കയില്ല. ഇങ്ങിനെ തിരഞ്ഞുനോക്കുന്നതായാൽ മാനസികഹിംസക്കാരെപ്പലരേയും കാണാം.

ഇനി വാക്കുകൊണ്ടുള്ള ഹിംസയേപ്പററി ആലോചിക്കാം. മനസ്സിന്നു ക്ഷോഭം തട്ടുമ്പോഠം വാക്കുകൊണ്ടും പരപീഡനംചെയ്യുന്ന സാധാരണ ജനങ്ങളാണ് ലോകത്തിൽ മുക്കാലേഅരയ്ക്കാലും, അല്ലാ മുഴുവനും, എന്നുതന്നെ പറയാം. അതിരിക്കട്ടേ, അനാവശ്യമായിട്ടും അകാരണമായിട്ടും വാക്കുകൊണ്ടു പരഹിംസചെയ്യുന്ന കൂട്ടരിൽ പ്രധാനസ്ഥാനം കൊടുക്കേണ്ടത് 'നേസ്യാ' പറയുന്ന വിരുതന്മാക്കാണ്. മുൻപറഞ്ഞ ദുർമ്മന്ത്രവാദികഠക്കെന്നപോലെ ഇവക്കിതൊരുപജീവനമല്ലെങ്കിലും വലിയ വിനോദമാകയാൽ ഒരുവനേക്കണ്ടാൽ ഈ വാഗസ്ത്രം തരംനോക്കി പ്രയോഗിക്കാതിരുന്നുകൂടാ. ദുർമ്മന്ത്രവാദികഠ അവക്കു വല്ലതും ലാഭമുണ്ടെങ്കിലല്ലാതെ അവരുടെ പ്രയോഗംചെയ്യാൻ മടിക്കും. ഇവക്കതുമില്ല. മറെറാരു പണിയില്ലാത്ത സമയത്തൊക്കെ ഇതാണൊരു വ്യാപാരം. കേട്ടുനില്ക്കുന്നവക്കുംകൂടി ഇതിൻെറ ഫലം പങ്കിട്ടുകൊടുക്കത്തക്കവണ്ണം അത്ര ഔദാര്യമുള്ളവരാണെന്നു മറെറാരു മെച്ചവും ഇവക്കുണ്ട്. ഈ കൂട്ടരേപ്പോലെയല്ലെങ്കിലും ചില ദുരാലോചനക്കാരും ഏഷണിക്കാരും മററും ഒട്ടും താന്നവരല്ല. അവർ ഗൂഢമായി മന്ത്രിക്കുമാത്രം ചെയ്യുംകൊണ്ടു പലക്കും പലവിധം ഉപദ്രവം തട്ടിവരുന്നതു വിചാരിച്ചുനോക്കിയാൽ തന്നെ ആശ്ചര്യംതോന്നും. ശാപങ്ങഠ ശകാരങ്ങഠ ഈ വകയൊക്കെ വാക്കുകൊണ്ടുള്ള ഹിംസകളാണല്ലോ. ചില അപരിഷ്കൃതനീചജനങ്ങഠ, വിശേഷിച്ച് അവരുടെ സ്ത്രീകഠ, തുച്ഛകാരണങ്ങളിൽവെച്ചു പരസ്പരം പ്രയോഗിക്കുന്ന തെറിവാക്കുകഠ അവക്കു കേട്ടുശീലമാണെങ്കിലും വെറുതെ വഴിപോകുന്നവക്കുപോലും ഉപദ്രവം തട്ടുന്നവയാണെന്നു പലക്കും അനുഭവമുണ്ടായിരിക്കാം. വാക്കുകൊണ്ടുള്ള ഹിംസയും വിസ്തരിച്ചാൽ അവസാനിക്കുന്നതല്ല.

ഇനി ശരീരംകൊണ്ടുള്ള ഹിംസയെപ്പററി വിചാരിക്കാം. ശ

രീരംകൊണ്ടുള്ള ഹിംസയാണ് ക്ഷണത്തിൽ വലിയ ഫലം കാണി ക്കുന്നത്. കുട്ടികൾ തമ്മിൽത്തല്ലുന്നതു മുതൽ വലിയ ഭയങ്കരയു ദ്ധംവരേയുള്ളതും, കൊതുകടിച്ചാൽ തച്ചുകൊല്ലുന്നതു തുടങ്ങി അനേ കം ജന്തുക്കളെ ഹിംസിക്കുന്നതും മററും ഈ ഹിംസയിലുൾപ്പെട്ടതാ ണല്ലൊ. ഇങ്ങിനെ ഹിംസിക്കുന്നവരിൽവെച്ചു പ്രധാനസ്ഥാനം കൊടുക്കേണ്ടതു കേവലം ഹിംസാവിഹാരികളായ നായാട്ടുകാൎക്കാ ണെന്നു തോന്നുന്നു. എന്തിനധികം വിസ്തരിക്കുന്നു. ശരീരംകൊണ്ടു ഹിംസചെയ്യാത്തവരും നമ്മുടെ മനുഷ്യവൎഗ്ഗത്തിൽ, എന്നുവേണ്ടാ ചരാചരജീവജാലങ്ങളിൽത്തന്നെ, വളരെ ചുരുക്കമേ ഉള്ളു എന്നു തന്നെ പറയാം.

ഈവിധം മൂന്നു തരത്തിലുള്ള ഹിംസയും ചെയ്യാതെ കഴിച്ചു കൂട്ടുന്നതാണ് ആദ്യത്തെ നിലയിലുള്ള 'അഹിംസ' എന്നാണ് നാം മനസ്സിലാക്കേണ്ടത്. മറിച്ച്, മനസ്സുകൊണ്ടും വാക്കുകൊണ്ടും ശ രീരംകൊണ്ടും അന്യന്മാൎക്കും തനിക്കും സന്തോഷംകൊടുക്കുകയാകു ന്നു രണ്ടാമത്തെ നിലയിലുള്ള അഹിംസ എന്നും ധരിച്ചിരിക്കേണ്ട താണ്.

മനസ്സുകൊണ്ട് എല്ലാവൎക്കും സന്തോഷം സിദ്ധിപ്പാൻ പ്രാ ൎത്ഥിക്കുക, അതിലേക്കുവേണ്ടുന്ന മാൎഗ്ഗങ്ങളാലോചിക്കുക, ഐഹി കമായും പാരത്രികമായുമുള്ള ആ ആനന്ദാനുഭവത്തിന്നു പ്രതിബ ന്ധകങ്ങൾക്കു പരിഹാരം പൎയ്യാലോചിക്കുക ഈവകയാകുന്നു രണ്ടാ മത്തെ മാനസികമായ അഹിംസ എന്നു പറയുന്നത്.

സൎവ്വസുഖപ്രദങ്ങളായ ആശീൎവാദങ്ങൾ, ഉപദേശങ്ങൾ, വ്യ സനങ്ങളിൽ സാന്ത്വനവാക്കുകൾ, തത്വജ്ഞാനവിവരണങ്ങൾ, ധ ൎമ്മശാസ്ത്രോപദേശങ്ങൾ, സംശയം വരുന്നേടത്തു തക്കതായ സമാ ധാനങ്ങൾ ഈവകയാണ് രണ്ടാമത്തെ നിലയിലുള്ള വാചികമായ അഹിംസയുടെ വകഭേദങ്ങൾ.

ഇങ്ങിനെ ശരീരംകൊണ്ടും പരപ്രീതികൊടുക്കുന്ന പ്രവൃത്തി കൾ പലതുമുണ്ടല്ലൊ. വിശന്നുവലഞ്ഞുവരുന്നവന്നു ചോറുകൊ ടുക്കുക, എന്നുവേണ്ട സങ്കടപ്പെട്ടു കഴിയുന്നവൎക്കു സങ്കടനിവൃത്തി

വരുത്തിക്കൊടുക്കുക ഇങ്ങിനെ സുഖപ്രദങ്ങളായ ദൈഹികകൃത്യങ്ങൾ മുഴുവനും രണ്ടാംനിലയ്ക്കുള്ള ശാരീരകാഹിംസകളാകുന്നു.

ഇപ്രകാരമുള്ള അഹിംസയാണ് യോഗീശ്വരന്മാർ ആരംഭം മുതൽ അവസാനംവരെ ശീലിച്ചു സിദ്ധിവരുത്തുന്നത്. അഹിംസാസിദ്ധിവന്നിട്ടുള്ള മഹായോഗികളുടെ സന്നിധിയിൽച്ചെന്നാൽ വിശേഷജ്ഞാനമില്ലാത്ത ക്രൂരദുഷ്ടജന്തുക്കൾപോലും സഹജവിരോധമുള്ള മററുജീവികളേക്കൂടി ഉപദ്രവിക്കാതെ കേവലം ശാന്തനിലയിലായിത്തീരുമെന്നും മനസ്സിൽ ആനന്ദം അനുഭവിച്ചുകൊള്ളുമെന്നും മററുമത്രേ യോഗശാസ്ത്രജ്ഞന്മാർ യുക്തിയുക്തമാംവണ്ണം പ്രതിപാദിച്ചു സാധിച്ചിരിക്കുന്നത്. അതിതപസ്വിയായിരുന്ന ആഴുവാഞ്ചേരി അച്ഛൻ തമ്പ്രാക്കളുടെ തേവാരം കഴിഞ്ഞാൽ ആ നൈവേദ്യച്ചോറു പൂച്ചയും എലിയുംകൂടി ഒന്നിച്ചുവന്നു തിന്നിരുന്നു എന്നും മററും വൃദ്ധന്മാർ സ്വാനുഭവത്തോടുകൂടി പറഞ്ഞുകേട്ടിട്ടുണ്ട്. അങ്ങിനെ ആ ജന്തുക്കൾക്കും ശാന്തത സിദ്ധിച്ചിട്ടുണ്ടെങ്കിൽ അത് ആ മഹഷികല്പനായ അച്ഛൻ തമ്പ്രാക്കളുടെ അഹിംസാസിദ്ധിയുടെ മാഹാത്മ്യമാണെന്നു നിസ്സംശയം പറയാവുന്നതാകുന്നു.

എന്നാൽ രണ്ടുവകുപ്പായി വേർതിരിക്കപ്പെട്ടിട്ടുള്ളവിധം മേൽപറഞ്ഞ അഹിംസയുടെ പരിപൂർണ്ണനില സാക്ഷാൽ ജഗദീശ്വരനുപോലും സാധിപ്പാൻ അസാദ്ധ്യമാണൊ എന്നുകൂടി സംശയിക്കത്തക്ക സ്ഥിതിയിലാണ് ലോകം നിലനിന്നുപോരുന്നത് എന്നത്രെ ലോകതന്ത്രജ്ഞന്മാരായ ചിലരുടെ അഭിപ്രായം. ആയത് ഏറക്കുറേ വാസ്തവമല്ലെന്നില്ല. ലോകത്തിൽക്കാണുന്ന സകലചരാചരജീവജാലങ്ങളും പരസ്പരം ഹിംസിച്ചുകൊണ്ടാണ് ഉപജീവിച്ചുപോരുന്നത്. 'ഒരു ജീവിയുടെ ജീവൻകൊണ്ടല്ലാതെ മറെറാരു ജീവി ജീവിക്കയില്ല' എന്നുകൂടി ചില തത്വശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നു. ഒരു ജന്തു മറെറാരു ജന്തുവിനെത്തിന്നുകൊണ്ടു പ്രാണധാരണ ചെയ്തുവരുന്നതു പക്ഷിമൃഗാദിതിര്യഗ്യോനികളുടെ ഇടയിൽ സർവ്വപ്രത്യക്ഷമായ നടപ്പാണല്ലോ. മനുഷ്യവർഗ്ഗത്തിലും മാംസഭുക്കുകളായ ജനങ്ങളാണ് അധികമുള്ളത്. 'അഹിംസാ' ശീലി

ക്കുന്നവരാണെന്നു ഭാവിക്കുന്ന മററു ചില മുതുക്കംപേരുടെ കാൎയ്യ വും വാസ്തവത്തിൽ ഹിംസയോടുകൂടിത്തന്നേയാണ് കഴിഞ്ഞുപോരുന്നത്. നാം ഭക്ഷിക്കുന്ന അന്നം, നാം കുടിക്കുന്നവെള്ളം, നാം ഇരിക്കുന്ന സ്ഥലം, എന്നുവേണ്ട നാം ശ്വാസിക്കുന്ന വായു എന്നിങ്ങിനെ നോക്കിയാൽ സകലപദാൎത്ഥങ്ങളിലും അസംഖ്യം അണുപ്രായപ്രാണികൾ അടങ്ങിയിരിക്കുന്നുണ്ട്. അവയേയെങ്കിലും അനുക്ഷണം അനവധി ഹിംസിക്കാതെ ഒരുവൻ ഒരു ക്ഷണമ്പോലും ജീവിച്ചുകൊള്ളുന്നുണ്ടെന്നു പറഞ്ഞാൽ കേവലം അഹംഭാവന്തന്നെ എന്നേ പറഞ്ഞുകൂടു എന്നാണ് മുൻപറഞ്ഞവരുടെ സൂക്ഷ്മമായ സിദ്ധാന്തം. ഇങ്ങിനെയിരിക്കേ 'അഹിംസ' യെ ശീലിക്കേണ്ടതാണെന്നു പറയുന്ന ശാസ്ത്രമുണ്ടെങ്കിൽ അതു കേവലം അസംഭാവ്യവും അന്ന്യായ്യവും ജഗൽകൎത്താവായ ഈശ്വരൻെറ അഭിപ്രായത്തിന്നു തീരേ വിരുദ്ധവുമാണെന്നാകുന്നു മററു ചില പണ്ഡിതാഭിമാനികളുടെ ബലമായ ആക്ഷേപം. എന്നാൽ അവരോടൊന്നു മാത്രമേ സമാധാനം പറവാനുള്ളു. നിങ്ങൾ പറയുംപ്രകാരമുള്ള ഒഴിച്ചുകൂടാത്ത ഹിംസയെ ഒഴിവാക്കിട്ടേ അഹിംസ ശീലിക്കേണമെന്നു പറയുന്ന വിധിയ്ക്കു താല്പൎയ്യം വിചാരിക്കേണ്ടു. എന്നുതന്നെയല്ല, കേവലം അന്ന്യന്നു ഗുണംവരുത്തുവാനുള്ള ഉദ്ദേശ്യത്തിന്മേൽ അവന്നു തല്ക്കാലം പീഡാകരമായ കൃത്യവും ചെയ്യുന്നതിന്നു വിരോധമില്ല. ഗുരുക്കന്മാരും മാതാപിതാക്കന്മാരും മററും കുട്ടികൾക്കു ഗുണത്തിന്നുവേണ്ടി അവരെ ശാസിക്കുന്നതും മററും ഹിംസയുടെ കൂട്ടത്തിലാവുന്നതല്ല. പിന്നെ യജ്ഞങ്ങളിൽ ചെയ്യുന്ന പശുഹിംസയും മററും സ്വാൎത്ഥമായി പരലോകസിദ്ധിക്കോ ഇഹലോകത്തിൽ വല്ല കാൎയ്യാൎത്ഥസിദ്ധിയ്ക്കോവേണ്ടിയാണെങ്കിലും ആ പശുക്കൾക്കും പരഗതിയ്ക്കു കാരണമായിത്തീരുന്നതിനാൽ ഹിംസയാവുന്നതല്ലെന്നു മാത്രമല്ലാ, മറിച്ച് പുണ്യമായിട്ടുള്ളതാണെന്നുമാകുന്നു നമ്മുടെ വൈദികസിദ്ധാന്തം. ഈ വക യജ്ഞാദികാൎയ്യകൎമ്മങ്ങളുടെ കൂട്ടത്തിൽപ്പെട്ടവയും പരപീഡാകരങ്ങളുമായ പലേ ആഭിചാരകൎമ്മങ്ങൾ വേദത്തിൽ വിധിച്ചിട്ടുണ്ടെങ്കിലും അവകൾ കേവലം ബഹു

ജനക്ഷേമപ്രദങ്ങളല്ലാത്ത ഘട്ടങ്ങളിൽ നികൃഷ്ടങ്ങളാണെന്നാകുന്നു വിധിച്ചിട്ടുള്ളത്. ഈ വക ആഭിചാരകർമ്മങ്ങളുടെ സന്താനങ്ങളായ ദുർമ്മന്ത്രവാദങ്ങൾ ഹിംസാവിശേഷങ്ങളാണെന്നു മുമ്പേപറഞ്ഞതും അതുകൊണ്ടാകുന്നു.

ഈ വക ദുർമ്മന്ത്രവാദങ്ങൾ രാജശിക്ഷയ്ക്കു തക്ക കുററങ്ങളാണെന്നത്രേ പണ്ടേതന്നെ യൂറോപ്പുരാജ്യക്കാരുടെ അഭിപ്രായം. ദുഷ്ടന്മാരുടെ നേരെ പ്രയോഗിച്ചാൽ കുററമില്ലെന്നാണ് ഹിന്തുക്കളുടെ പൂർവ്വസിദ്ധാന്തം. ഭൃഗുമഹർഷി ദക്ഷയാഗം മുടക്കുവാൻ വന്ന ശിവഭൂതങ്ങളുടെ നേരെ ആഭിചാരം പ്രയോഗിച്ചതായി പുരാണങ്ങളിൽ കാണുന്നു. എന്നാൽ പശുഹിംസാപ്രധാനമായ യാഗംതന്നെ പാപമാണെന്നാണ്, 'അഹിംസാ പരമോധർമ്മഃ' എന്നു മാത്രം ദൃഢനിശ്ചയത്തോടുകൂടിയ ബുദ്ധമതക്കാരുടെ വാദം. ആത്മഹത്യ വലിയ പാപമാണല്ലോ. എന്നാൽ അന്യന്റെ പ്രാണരക്ഷയ്ക്കുവേണ്ടി പ്രാണത്യാഗവും ചെയ്യാമെന്നു ബുദ്ധമതസിദ്ധാന്താനുസാരിയായ ജീമൂതവാഹനൻ പ്രവൃത്തികൊണ്ടു വ്യാഖ്യാനിച്ചിട്ടുണ്ടെന്നു പ്രസിദ്ധമാണല്ലോ. പതിവ്രതകൾക്കു ഭർത്താവു മരിച്ചാൽ ദഹിപ്പിക്കുമ്പോൾ ആ തീയ്യിൽ ചാടിമരിക്കുന്നത് (ഉടന്തടി ചാടുന്നത്) പുണ്യമെന്നത്രേ ഹിന്തുക്കളുടെഇടയിൽ പ്രബലപ്പെട്ടിരുന്ന നടവടി. യോഗ്യരായ യൂറോപ്പുകാരുടെ ആധിപത്യം വന്നതോടുകൂടി ഈ നടപ്പ് ഇന്ത്യയിൽ തീരെ നിന്നുപോയി. നാട്ടുകാരുടെ ക്ഷേമത്തിന്നു കാട്ടുമൃഗങ്ങളെ നായാടി ഹിംസിയ്ക്കുന്നതു ദോഷമല്ലെന്നല്ലോ രാജധർമ്മം. കേവലം തീററിയ്ക്കുള്ള മാംസത്തിന്നും പണ്ടേതന്നെ പലയോഗ്യരും നായാടിയതായിക്കേട്ടിട്ടുണ്ട്. അതു പാപമാണെന്നു മററുചിലർ പറയുന്നതുമുണ്ട്. രാജ്യക്ഷേമത്തിന്നും മററുമായി യുദ്ധത്തിൽ ശത്രുക്കളേക്കൊലപ്പെടുത്തുന്നതു രാജാക്കന്മാർക്കു യാഗംപോലെ വലുതായ ഒരു പുണ്യകർമ്മമാണെന്നും പറയുന്നു. ബുദ്ധമതപ്രസാധകന്മാരായ രാജാക്കന്മാരും ശത്രുക്കളോടു യുദ്ധംചെയ്യാതിരിയ്ക്കാറുണ്ടെന്നുതോന്നുന്നില്ല. ഈ വക ഹിംസകളെല്ലാം വർജ്ജിയ്ക്കേണ്ടവയാണെന്നുറച്ച് വൈഷയികങ്ങളായ സകല കാമങ്ങ

ളേയും പരിത്യജിച്ചു കാട്ടിൽപോയിരുന്നു തപസ്സുചെയ്തു കാലംകഴിക്കുന്ന യോഗികളത്രേ യോഗ്യന്മാർ.

പരപ്രീണനമെന്ന രണ്ടാംതരം അഹിംസയിലും ഇതുപോലെ പലവിധം സിദ്ധാന്തഭേദങ്ങളുണ്ടായിരിക്കും. ഒരുത്തനെ പ്രീതിപ്പെടുത്തുമ്പോൾ മറെറാരുവനെ സങ്കടപ്പെടുത്തേണ്ടിവരും. ഈ വിഷയത്തിൽ അധികം ജീവജാലങ്ങൾക്കു സന്തോഷംവരുത്തുകയാണുത്തമമെന്നു ചിലർ പറയുന്നു. മററുചിലർ അവിടേയും ദ്വൈധംവരുന്ന ഘട്ടങ്ങളിൽ പൂൎവ്വാചാരംപോലെ നടക്കേണ്ടതാണെന്നുമാത്രം മൃഗവ്യാധാദിചരിതങ്ങളെ ദൃഷ്ടാന്തപ്പെടുത്തി സ്ഥാപിക്കുന്നു. വേറേ ചില നവീനന്മാർ മനസ്സാക്ഷിക്കു വിരോധമാവാത്തവിധം പ്രവൃത്തിച്ചാൽ ഒരു പാപവും വരില്ലെന്നു ശപഥംചെയ്യുന്നു. എല്ലാംകൂടി നോക്കുമ്പോൾ യുധിഷ്ഠിരൻ പറഞ്ഞതുപോലെയുള്ള വഴിക്കാണ് നമ്മൾ നടക്കേണ്ടത് എന്നു തോന്നുന്നു.

തൎക്കംനിലയ്ക്കാ മറയൊക്കെ വേറേ
മഹൎഷിമാൎക്കുള്ള മതങ്ങൾ വേറേ
ഗുഹസ്ഥകം വെച്ചിതു ധൎമ്മതത്വം
മഹാജനം പോംവഴിതന്നെ മാൎഗ്ഗം'

# ഒരു പ്രതിദിനപത്രം.

പ്രതിദിനം പ്രസിദ്ധപ്പെടുത്തിവരുന്ന പത്രങ്ങൾ വായിക്കുന്നവൎക്ക് അതുകൾ ഏതുപ്രകാരത്തിലാണ് ഉണ്ടാകുന്നത്, എത്രത്തോളം അദ്ധ്വാനം കഴിഞ്ഞതിന്നുശേഷമാണ് വായനക്കാൎക്കു കിട്ടുന്നത് എന്നീ സംഗതികളുടെ യഥാൎത്ഥജ്ഞാനം ഒരിക്കലും ഉണ്ടാവാനിടയില്ല. അഥവാ ഈ ഗൌരവമായ സംഗതിയേപ്പററി ഒരുവൻ ആലോചിക്കുന്നതായാൽതന്നെ ഈ വിഷയത്തിന്റെ ഏകദേശ

മായ ഒരു സ്വരൂപമെങ്കിലും കിട്ടുമെന്നു തോന്നുന്നില്ല. പല ലേഖകന്മാരും അയക്കുന്ന ലേഖനങ്ങളിൽ നല്ലതായി ഒന്നെടുത്ത് മുഖപ്രസംഗ (Leading article) മായും ശേഷമുള്ളവയെ അവിടവിടെയാക്കിയും തരംപോലെ ചേർപ്പാൻ അച്ചടിക്കാരെ ഏല്പിക്കും; അവർ അച്ചടിക്കും; ലേഖനങ്ങൾ ചിലസമയം ഒന്നോ രണ്ടോ വേണ്ടിവന്നാൽമാത്രം താനെഴുതും' ഇതല്ലാതെ പത്രാധിപൎക്കു വേറെ യാതൊരു പണിയുമില്ലെന്നുതന്നെയല്ല പത്രാധിപസ്ഥാനം എളുപ്പമായി വഹിക്കാവുന്നതാണെന്നുകൂടി ആയിരിക്കും മിക്ക വായനക്കാരുടേയും അഭിപ്രായം. ലേഖകന്മാർ, റിപ്പോർട്ടർമാർ (Reporters) ഉപപത്രാധിപന്മാർ, പത്രാധിപന്മാർ മുതലായവർ സൂക്ഷ്മത്തിൽ പ്രവൃത്തിക്കുന്ന കാൎയ്യങ്ങൾ പൊതുജനങ്ങൾക്കൊരിക്കലും അറിവാൻപാടില്ലാത്ത ഒരു രഹസ്യമാണ്. ഈ പത്രവിധാനത്തിങ്കൽ അതിയായി നടത്തുന്നപ്രയത്നം ലോകമാസകലം സുഖനിദ്ര പ്രാപിച്ചിരിക്കുന്ന സമയത്താണെന്നുള്ള തത്വം അറിഞ്ഞവൎക്കു മാത്രമേ അറിഞ്ഞുകൂടൂ.

പ്രകാശമാവുന്നതോടുകൂടി റിപ്പോർട്ടർ (വൃത്താന്തനിവേദകൻ) മാരുടെ പുറപ്പാടായി. കരയിലും സമുദ്രത്തിലും നിവൃത്തിയുണ്ടെങ്കിൽ ആകാശത്തും പാതാളത്തിലുംകൂടി പ്രവേശിച്ചു വൎത്തമാനങ്ങൾ സമ്പാദിച്ചുതുടങ്ങും. പത്രത്തിലെ പരസ്യഭാഗത്തെ സംബന്ധിച്ച ചുമതലക്കാർ തങ്ങളുടെ ആപ്പീസ്സിൽ പ്രവേശിക്കുകയും പണസംബന്ധമായ കാൎയ്യങ്ങളിൽ ഉദ്യോഗിക്കുകയും ചെയ്യുന്നു. ഉച്ചതിരിയുന്നതോടുകൂടി അച്ചടിക്കാരും ഉപപത്രാധിപന്മാരും വന്നുതുടങ്ങും. സായംകാലംസമീപിക്കുമ്പോഴത്തെ കഥ പറവാൻ രണ്ടായിരം നാവുള്ളോരുരഗേന്ദ്രനും' കുഴങ്ങും. എഴുത്തുകൾ, പകൎപ്പുകൾ, സാധനപത്രങ്ങൾ (Proof sheets) കമ്പിവൎത്തമാനങ്ങൾ നിമിഷംപ്രതി, ലേഖനങ്ങൾ കൈവഴിക്കും തപാൽവഴിക്കും, എന്തിന്നു വളരെപറയുന്നു, ഈ സമയത്തെകഥ ആലോചിച്ചാൽ ആകപ്പാടെ ഒരു 'ഭൂകമ്പം'തന്നെ. കുന്നുപോലെകൂടിയിരിക്കുന്ന മേൽപറഞ്ഞ സാധനങ്ങളുടെഇടയിൽ പ്രതിഷ്ഠിച്ചിരിക്കുന്ന പത്രം

ധിപരുടേയും കൂട്ടുകാരുടേയും അശ്രാന്തപരിശ്രമംകൊണ്ടും നിരന്തരമായ ഉദ്യോഗംകൊണ്ടും പാതിരാവോടുകൂടി എല്ലാവരും അധികമായി ക്ഷീണിച്ചു. ഇനി തങ്ങൾക്കച്ചടിപ്പാൻ വയ്യാ, തീരേവയ്യാ, കഴഞ്ഞി എന്നും മററും അച്ചടിക്കാരുടെ ആവലാതി കേട്ടുതുടങ്ങും. രണ്ടരമണിയോടുകൂടി തങ്ങടെ ചുററും നിറഞ്ഞുകിടന്നിരുന്ന കടലാസ്സുകളെ ഏകദേശം ഒഴിവാക്കി എന്നുള്ള ആശ്വാസത്തോടുകൂടി പത്രാധിപരും കൂട്ടുകാരും വിശ്രമിക്കുക എന്ന നിലയായി. മൂന്നുമണിയായാൽ രാത്രിവേലക്കാർ തങ്ങളുടെ വീടുകളിലേക്ക് എത്തുവാനുള്ള ശ്രമങ്ങൾ തുടങ്ങി. ഇവർ പോകുന്നതോടുകൂടി മറെറാരു വകക്കാരുടെ പുറപ്പാടായി. ഇവർ പത്രം പ്രസിദ്ധപ്പെടുത്തുവാൻ ചുമതലപ്പെട്ടവരാണ്. നാലരമണിയോടുകൂടി പത്രങ്ങൾ കെട്ടിപ്പൊതിയുക, മേൽവിലാസങ്ങൾഎഴുതുക, അന്നന്നുതന്നെ കിട്ടത്തക്കവണ്ണമുള്ള പ്രദേശങ്ങളിൽ അപ്പപ്പോൾ എത്തത്തക്കവണ്ണം വേണ്ടുന്ന ഏപ്പാടുകൾ ചെയ്യുക, എന്തിനധികം പറയുന്നു, പ്രഭാതത്തോടുകൂടി പത്രങ്ങൾ മുഴുവനും അയച്ചുകഴിഞ്ഞു.

ഇപ്രകാരമുള്ള ഒരു പത്രനിർമ്മാണത്തിങ്കൽ അസാമാന്യമായ അദ്ധ്വാനവും അപകടംപററുവാൻ എളുപ്പവും ഉള്ളതാണ്. ഈ സംഗതിയെപ്പററി ചുരുക്കത്തിൽ ഒന്നുവിവരിക്കാൻ ശ്രമിക്കാം.

പത്രത്തിൽ സകലതും ഒതുങ്ങണം എന്നാണ് ഉദ്ദേശം. അതു സ്ഥലച്ചുരുക്കത്താൽ സാധിക്കുന്നതുമല്ല. തന്നിമിത്തം ആ പത്രലോകത്തിൽ നിരന്തരമായ ഒരു ലഹള നടക്കുന്നു. പത്രസംബന്ധികൾ അതി ജാഗ്രതയോടെ ഇരുന്നില്ലെങ്കിൽ നിസ്സാരമായ ഒരു സംഗതി അതിദീഘമായ വിധത്തിൽ അച്ചടിപ്പാനും, സാരമേറിയ വളരെ സംഗതികൾ എളുപ്പത്തിൽ വിട്ടുപോകാനും എടവരുന്നതാണ്.

പത്രത്തിൽ പ്രതിപാദിക്കേണ്ട വിഷയങ്ങൾ ഇന്നിന്നവ എന്നും, ഓരോ വിഷയങ്ങൾക്ക് ഇന്നിന്ന സ്ഥാനമെന്നും, ഇത്രയിത്ര വലിപ്പമെന്നും മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ടായിരിക്കും. കാലഭേദത്താൽ ഇതുകളുടെ സ്ഥാനവലിപ്പങ്ങൾക്കു പല അന്തരങ്ങളും വരു

ത്തേണ്ടിവരും. ഇതിന്നും പുറമെ, യദൃഛാസംഭവങ്ങൾക്കും മററമായി എത്രാനും സ്ഥലം ഒഴിവാക്കിയിടേണ്ടിയുംവരും.

'നഗരവാൎത്തകൾ' എന്ന ഭാഗത്തെപ്പററി ആലോചിക്കുക. ഇതിന്നു പ്രത്യേകമായി ഒരു പത്രാധിപരും അയാൾക്ക് ഒരാപ്പീസ്സും ഉണ്ട്. ഇവിടേയാണ് നഗരസംബന്ധമായ ലേഖനം തയ്യാറാവുന്നത്. ഈ ലേഖനത്തിൽ കച്ചവടകാൎയ്യങ്ങളും മററ പണസംബന്ധമായ കാൎയ്യങ്ങളും അടങ്ങിയിരിക്കും. ഈ ലേഖനത്തിന്നൊഴിച്ചിട്ടിട്ടുള്ള സ്ഥലത്തിന്നു യാതൊരന്തരവും വരുത്തുവാൻ ഒരു ഉപപത്രാധിപൎക്കും സാധിക്കയില്ല. ലേശമെങ്കിലും മാററം ചെയ്യാൽ ലേഖനം മുഴുവനും കൊള്ളരുതാതായി. ഈ ലേഖനം മാനേജൎക്കു സന്തോഷകരവും പത്രാധിപന്മാൎക്കു പലപ്പോഴും ക്ലേശകാരണവുമായി തീരുന്നു.

ചതുരംഗം മുതലായി കളികളെപ്പററി ദിനംപ്രതി എന്തെങ്കിലും ഒന്നെഴുതുവാനുണ്ടായിരിക്കും. പക്ഷേ ഈ ഭാഗത്തെ സംബന്ധിച്ചേടത്തോളം ഭേദഗതികൾ വരുത്തുന്നതിന്നു പത്രാധിപന്മാൎക്കു പൂൎണ്ണ അധികാരമുണ്ട്. ഇത് ആശ്വാസകരംതന്നെ.

'പാൎല്ലിമേണ്ടുസഭ'യെ സംബന്ധിച്ച ലേഖനങ്ങൾക്കു വളരെ പണച്ചിലവും അദ്ധ്വാനവുമുണ്ട്. ഏകകാലത്ത് ഒരു പത്രത്തിന്നു 12 മുതൽ 16 വരെ റിപ്പോൎട്ടർമാരുണ്ടാവും. ഇവരുടെ ജോലി സാധാരണയായി ഉച്ചതിരിഞ്ഞ് 3 മണിക്കു തുടങ്ങി രാത്രി 12 മണിയോടുകൂടി അവസാനിക്കുന്നു. ഓരോരോ മെമ്പർമാരും ചെയ്യുന്ന പ്രസംഗങ്ങളെ എഴുതിയെടുത്ത് അയച്ചുകൊടുക്കുക മാത്രമാണ് ഇവരുടെ ജോലി. ഈ ലേഖനങ്ങൾ ചുരുക്കുകയൊ വിട്ടുകളകയൊ എന്തുതന്നെ പ്രവൃത്തിച്ചാലും റിപ്പോൎട്ടർമാൎക്കു സന്താപമൊ സന്തോഷമൊ ഉണ്ടാവാനിടയില്ലല്ലൊ. പാൎല്ലിയമേണ്ടു സഭകൂടാത്ത സമയത്താണ് പത്രാധിപന്മാൎക്കു ബുദ്ധിമുട്ടിരട്ടിക്കുന്നത്. എന്തെന്നാൽ, രാജതന്ത്രജ്ഞന്മാരായ എല്ലാതരക്കാരും പട്ടണങ്ങളിൽ ഓരോരൊ പ്രദേശത്തുചെന്ന് രാജ്യകാൎയ്യത്തെപ്പററി പല പ്രസംഗങ്ങ നടത്തും. ഇക്കാലത്തു റിപ്പോൎട്ടർമാർ അപ്പപ്പോൾ അയക്കുന്ന

കമ്പിവൎത്തമാനങ്ങൾ പത്രത്തിന്റെ സ്ഥലകാലങ്ങൾക്കു സാധാരണ യോ[illegible]രിക്കയില്ല. എന്നാൽ അതുകളെ യഥേഷ്ടം ഭേദഗതികൾ വരുത്തുന്നത് എല്ലായ്പോഴും സുകരമായിരിക്കയുമില്ല. ഇതിന്നും പുറമെ, ഒരു പ്രസംഗം മുഴുവനും ഒന്നിച്ചയപ്പാൻ നിൎവ്വാഹമില്ലാത്തതുകൊണ്ടു പലകമ്പികളിൽകൂടിയാണ് മുഴുവനും കിട്ടുന്നത്. ഓരോരുത്തരും അവിടവിടെനിന്നയക്കുന്ന കമ്പികൾ എല്ലാം ശരിപ്പെടുത്തി വേറെവേറെയാക്കി നിശ്ചയിക്കപ്പെട്ട സമയത്തിന്നകത്ത് അച്ചടിപ്പിക്കുക എന്ന കഥ എത്രത്തോളം എളുപ്പമായിട്ടുള്ളതാണെന്നു പ്രത്യേകം പറയേണ്ട ആവശ്യമുണ്ടെന്നുതോന്നുന്നില്ല. ഓരോരോ നീതിന്യായക്കോടതിക്കും പ്രത്യേകം പ്രത്യേകം റിപ്പോൎട്ടർമാരുണ്ടായിരിക്കും. പ്രമാണപ്പെട്ട കേസ്സുകളെമാത്രമെ കമ്പിമൂലം അറിയിക്കേണ്ടു എന്ന് എത്ര നിഷ്കൎഷിച്ചാലും ഈ കൂട്ടർ അയക്കുന്നതു വേണ്ടതിലധികമാവാതെ വരികയില്ല. ഉപപത്രാധിപന്മാൎക്ക് ഈ വിഷയത്തിൽ ജോലി ഇരട്ടിക്കുന്നു.

ഓരോ കയ്യക്ഷരങ്ങളും അച്ചടിക്കുമ്പോൾ പത്രത്തിന്റെ ഇത്ര ഭാഗത്തേക്കുണ്ടാകുമെന്നു നിശ്ചയമില്ലാത്തവരെ അച്ചടിക്കാനേല്പിച്ചാൽ പലപ്പോഴും അപകടം പററാതിരിക്കയില്ല. . എന്നാൽ ഈ വിഷയത്തിൽ അതിസാമൎത്ഥ്യമുള്ള പത്രാധിപന്മാർ ധാരാളമുണ്ടുതാനും.

'കാലാവസ്ഥ,' 'കപ്പൽവൎത്തമാനം' ഇതുകളെപ്പററിയുള്ള ലേഖനങ്ങൾ ഭേദഗതിവരുത്തുവാൻ ഒരിക്കലും നിവൃത്തിയില്ലാത്തവയാണ്. കിട്ടിയതുമുഴുവനും അച്ചടിക്കുകയോ, അല്ലെങ്കിൽ തീരെ ഉപേക്ഷിക്കുകയോ അല്ലാതെ വേറെ യാതൊരു നിവൃത്തിയുമില്ല.

'ഇതരദേശവാൎത്തകൾ' എന്നഭാഗത്തെപ്പററിയാണ് ഇനി പറവാനുള്ളത്. ഇതാണ് പത്രത്തിൽ ഒരു മുഖ്യമായ ഭാഗം. ഇതിന്നൊഴിച്ചിട്ടിട്ടുള്ള സ്ഥലം പലപ്പോഴും ഏററക്കുറച്ചൽ ചെയ്യേണ്ടതായിവരും. ചിലപ്പോൾ ഒന്നോരണ്ടോ ആഴ്ചക്കു യാതൊരു വൎത്തമാനങ്ങളും ഉണ്ടായില്ലെന്നും മററുചിലപ്പോൾ ഈ വീഴ്ചക്കുള്ള സമാധാനങ്ങളോടുകൂടി അനവധി വന്നുകൂടി എന്നും വരും. ഈ ലേഖന

നത്തിന്ന് ഒരു പ്രത്യേകഗുണമുണ്ട്. അതെന്തെന്നാൽ, മററുള്ള ലേഖനങ്ങൾ ചുരുക്കീട്ടോ, തീരേ ഉപേക്ഷിച്ചിട്ടോ ഇതിന്നു സ്ഥലം കൊടുക്കാതിരിക്കയില്ല. ഇതരദേശത്തെ കമ്പികൾ കിട്ടുക സാധാരണ അസമയത്തായിരിക്കും. ഇതു കിട്ടുന്നതിന്നുമുമ്പു പത്രസംബന്ധികൾ സകലപണികളും കഴിഞ്ഞ് ആശ്വസിക്കയായിരിക്കാം. കിട്ടിയാൽ ഉടനെ എടുത്ത് മിക്കപണികളും വ്യർത്ഥമായി. സാധനപത്രങ്ങൾ വെട്ടിത്തിരുത്തുക, അടിച്ചുതീൎന്നത് വേണ്ടെന്നു വെക്കുക മുതലായ പണികൾ ആവൎത്തിക്കുകയായി. അത്യന്തം ക്ഷീണിച്ചു ജോലിതീൎന്നുവെന്നു കരുതി വീട്ടിലേക്കു വണ്ടികയറുന്ന ഒരു ഉപപത്രാധിപനെ വീണ്ടും വലിച്ചിറക്കി ഉടനെ ഒരു പുതിയ ലേഖനം തയ്യാറാക്കിക്കേണ്ടിവരുന്നത് അസാധാരണയുമല്ല.

സ്വദേശവാൎത്തകളെ സംബന്ധിച്ചും ഇതേമാതിരി ലഹള കൂടക്കൂടെ ഉണ്ടാകുന്നില്ലെന്നില്ല. ചിലസമയം ഒരു അതിയോഗ്യനായ പുരുഷൻ പെട്ടെന്നു മരിച്ചുവെന്നു കേൾക്കാം. ആ ചരമവൃത്താന്തത്തിന്നു സ്ഥലംകൂടാതെ കഴിയില്ലല്ലൊ. പ്രായാധിക്യത്താലൊ മറേറാ അത്യന്താ ദീനത്തിൽ കിടക്കുന്ന ഒരു യോഗ്യൻെറ ചരമവൃത്താന്തം കാലേക്കൂട്ടി എഴുതിവയ്ക്കാറുണ്ട്. എന്നാൽ മേൽ പ്രസ്താവിച്ച തരത്തിലുള്ള മരണങ്ങളാണ് തൽക്കാലം കുഴക്കമുണ്ടാക്കിത്തീൎക്കുന്നത്.

ഇന്നത്തെ പത്രത്തിൽ ഇന്നിന്ന വിഷയങ്ങൾ ചേൎക്കണം; അതുകൾക്ക് ഇന്നിന്ന വലിപ്പംവേണം എന്നും മററുമുള്ള സംഗതികളെപ്പററി പത്രാധിപർ കാലേക്കൂട്ടിത്തന്നെ നിശ്ചയിച്ചിട്ടുണ്ടാവും. അതുകൂടാതെ ലേഖനങ്ങൾ പ്രധാനപത്രാധിപർ എഴുതുക എന്നതു വളരെ ദുൎല്ലഭമായിരിക്കും. അഥവാ എഴുതുന്നുണ്ടെങ്കിൽ ആ പത്രാധിപർ ഒന്നുകിൽ ഒരു വലിയ പണ്ഡിതൻ, അല്ലെങ്കിൽ ഒരു പമ്പരവിഡ്ഢി ഈ രണ്ടിൽ എതെങ്കിലുമായിരിക്കും നിശ്ചയം.

ഈവക സംഗതികളാൽ, ശരിയായി നടത്തപ്പെടുന്ന ഒരു പത്രത്തിൻെറ പ്രധാനപത്രാധിപന്നു ലേഖനം എഴുതുവാൻ ഇടയുണ്ടാവുന്നതല്ലെന്ന് ഊഹിക്കാവുന്നതാണ്. പത്രത്തിൻെറ ഗുണ

ദോഷം ആ പത്രാധിപരെ അനുസരിച്ചാണിരിക്കുന്നത്. സകല ത്തിന്നും ചുമതലക്കാരൻ അയാൾതന്നെയാണ്. സാധനപത്ര ങ്ങളുടെ ഓരോ അക്ഷരങ്ങളും സൂക്ഷ്മത്തോടെ വായിച്ചുനോക്കിട്ടില്ലെ ങ്കിൽ പത്രത്തിൻെറ ഗൌരവത്തിന്നും നടപ്പിന്നും വിപരീതമായി പലതും അച്ചടിച്ചുപോയി എന്നും, ഒരിക്കൽ പ്രസിദ്ധപ്പെടുത്തിയ ലേഖനം രണ്ടാമതും എഴുതിപ്പോയി എന്നു വരുവാൻ വളരെ എ ളുപ്പമാണ്.

വാസ്തവത്തിൽ ഒരു പ്രാപ്തിയുള്ള പത്രാധിപനെ ലോകത്തിൽ ഉള്ള ഒരു അപൂർവമനുഷ്യനെന്നോ, എന്തിന്നും ത്രാണിയുള്ള ഒരു വൻ എന്നോ പറയേണ്ടതാണ്. ഒരു ചക്രവൎത്തിയുടെ മന്ത്രിസ്ഥാ നവും, പത്രാധിപത്യവുംകൂടി ഒരിക്കലും താരതമ്യപ്പെടുത്തിക്കൂടാ. പത്രാധിപരുടെ ഗ്രഹണശക്തിക്ക് ഏറെ വലിയതും, ഏറെച്ചെ റിയതും ആയി ഒരു വിഷയവുംതന്നെ ഉണ്ടാവില്ല. ശരീരബലം ഇരുമ്പിന്നു തുല്യമായിരിക്കണം. അല്ലെങ്കിൽ അദ്ധ്വാനം അയാ ളെക്കൊല്ലും. തൻെറ ഭാരമേറിയ ചുമതലയെ അറിഞ്ഞു ഭാരമി ല്ലെന്നുള്ള നിലയിൽ കൊണ്ടുനടത്താനുള്ള ശക്തിയും അയാൾക്കു ണ്ടാകണം. കീഴുദ്യോഗസ്ഥന്മാരെ അതിയായി ബുദ്ധിമുട്ടിച്ച് അവ രുടെ ശാപമേല്ക്കുക എന്നുള്ളതു വലിയ കഷ്ടമാണ്. ഈ ദോഷ വും അയാൾക്കുണ്ടാകരുത്. മേൽപറഞ്ഞവിധത്തിലുള്ള ഒരുവനെ ലോകത്തില്ലുള്ള ഒരു അപൂൎവ്വപുരുഷൻ എന്നു പറയുന്നതിൽ എ ന്താണ് അത്ഭുതം.

ആർ. പി.

# മിടുക്ക്.

മഹാദുൎഘടമാംകാൎയ്യമഹോ പാരമെളുപ്പമായ്
ഇഹസാധിക്കുവാനുള്ളബഹുശക്തിമിടുക്കെടോ.
എന്തെല്ലാംവസ്തുവുണ്ടീയുലകിലവകൾതൻ
        സൂക്ഷ്മതത്വംസമസ്തം
ഭൂതക്കണ്ണാടകൊണ്ടെന്നതുവിധമഴകിൽ
        ബുദ്ധികൊണ്ടോൎത്തുകണ്ട്
ചാതുൎയ്യത്തോടസാദ്ധ്യങ്ങളുമരനിമിഷം
        കൊണ്ടുസാധിപ്പവൻതൻ
ചേതസ്സിൽപ്രീതിചേൎക്കുന്നവനുമറികസാ
        ദ്ധ്യംവരുത്താനസാദ്ധ്യം. (1)
പാരിച്ചീടുന്നമൎഷംഹൃദിനിറയുമവൻ
        വന്മരമ്പോലെനിൽക്കും
ക്രൂരൻദൂരെപ്പറക്കുംബതബഹുബലവാൻ
        ബാലനെപ്പോലെയാകും
സാരംകാണുംസമൎത്ഥൻസപദിസരസമാ
        യ്യന്നെസാധിക്കുമൎത്ഥം
പാരിൽസാമൎത്ഥ്യമെന്ന്യേപരമൊരുഗുണവും
        പോരകാൎയ്യംകടപ്പാൻ. (2)
ദൂരത്തായങ്ങുമിങ്ങുംകഴിയുമൊരുകഥാ
        തത്വമപ്പപ്പൊഴേന്നീ
ചാരത്തായെന്നപോലോതീടുമതിജവമോ
        ടൊത്തുകമ്പിത്തപാലേ
നേരൊത്താരിത്രിലോകേതവജനകനഹോ
        മാന്യരാകുന്നുമററ
ള്ളോരോൎത്താൽസാദ്ധ്യമാകുംവഴിയിതുകരളിൽ
        കാണുവാൻകാണിപോലും (3)

ധീമാനല്ലെന്നുമല്ലീമനുജരുടെക്കൂട്ടത്തി-
ലല്ലൊട്ടുമോൎത്താൽ
കാമംജന്തുക്കൾകാട്ടുംപലകഥകളിലേയുള്ളു-
വെന്നുള്ളവന്നും
ഉലൂമൻകാകൻകുറുക്കൻമുതൽപലമൃഗവൃ-
ന്തങ്ങളാൽനീതിസാരം
സാമാന്യാനൽകിപോൽപണ്ടൊരുനിപു-
ണന്നതീയാഞ്ചിതംപഞ്ചതന്ത്രം (4)

മുന്നംനന്ദൻറമന്ത്രപ്രവരതകലരും
രാക്ഷസൻത്രൂക്ഷണേററം
പിന്നീടാച്ചന്ദ്രഗുപ്തക്ഷിതിപസചിവനാ-
യ്യുന്നുവെന്നുള്ളതത്വം
ഇന്നെല്ലാരുംധരിക്കുന്നിതുധരയിലതിൻ
കാരണംസാരമോടെ
മിന്നുംചാണക്യസൂത്രംചതുരമിതതിമാ-
ത്രംവിചിത്രംവിചിത്രം (5)

പാടേചാടിക്കടന്നാൻകടൽഝടുതിയഹോ
ഹാനിയെന്ന്യേഹനുമാൻ
ഗാഢംകെട്ടിച്ചമച്ചാനൊരുസരണിയതിൽ
കേമമായ്രാമചന്ദ്രൻ
താടിക്കാരിൽപ്രധാനപ്പെട്ടമൊരുഘടജൻ
ദുൎഘടംവിട്ടതെല്ലാം
കൂടിക്ഷിപ്രംകുടിച്ചാൻകൊടിയൊരുപടുത-
യ്യെന്നുചൊല്ലാൻകന്തമുണ്ടോ? (6)

കണ്ണിൽകണ്ടാൽപ്രയോഗിച്ചിട്ടുമുടനറിയാം
പാൎത്ഥനിൽശക്തിയീഞാൻ
കണ്ണൻതാനെന്നുറയ്ക്കുംപുനരതുപലരൊ-
പ്പിച്ചുറപ്പിച്ചവക്കും

എണ്ണിക്കൊണ്ടിപ്രകാരംപലകുറിപടയു-
ണ്ടായിപാഴായികാൎയ്യം
കണ്ണാനിൻകൌശലത്താൽമധുമധനഭവാ-
നക്ഷയാദക്ഷഭാവാ (7)
ദേവാരിക്കൂട്ടരൊട്ടുക്കരഗപുരമകം
പുക്കുചിക്കെന്നൊളിക്കും
ദേവാധീശൻനമിക്കുംഹരിഹരിഹരിയും
വന്നുവാകൈപൊതിക്കും
ഏവംദിവ്യപ്രഭാവാപലതുടയഹരൻ
തന്നെയുംതന്നടിത്താർ
സേവിപ്പിക്കുന്നതായേ! ഭഗവതി! ഗിരിജെ!
കൌശലാപേശലംതേ (8)

കൊടുങ്ങല്ലൂർ കൊച്ചുണ്ണിതമ്പുരാൻ.

# വിക്രമോൎവ്വശീയസാരം

വേദവേദാംഗാദി സകലവിദ്യകളിലും വിശേഷിച്ചു ക്ഷാത്രധൎമ്മമായ ധനുൎവ്വേദത്തിലും അതിനിപുണതവംവരുമാറു ച്യവനമഹൎഷി അഭ്യസിപ്പിച്ച ആയുസ്സെന്ന പുത്രനെ ലഭിപ്പാനിടയാവുകയാൽ രാജാവിൻെറ സൽപുത്രവത്വമെന്ന ഗുണം സ്പഷ്ടമാകുന്നു. രാജാവ് ഉൎവ്വശീവിരഹദുഃഖം സഹിക്കാൻ വയ്യാഞ്ഞിട്ടു പുത്രനിൽ രാജ്യഭാരംചുമത്തി കാട്ടിൽചെന്നു തപസ്സുചെയ്വാൻ നിശ്ചയിച്ച ആ ക്ഷണത്തിൽതന്നെ ദേവേന്ദ്രൻ പ്രഭാവംകൊണ്ടിതെല്ലാമറിഞ്ഞു സമീപിച്ചുണ്ടാവാൻ ഭാവിക്കുന്ന ഭയങ്കരമായ ദേവാസുരയുദ്ധത്തിൽ ദേവകൾക്കു ജയംവരുവാൻവേണ്ടി രാജാവിൻെറ ആയുധന്യാസത്തെ പരിഹരിപ്പാൻ ജീവിതകാലംവരെ രാജാവിനുൎവ്വശിയെ കൊടുക്കയും, അതു ശ്രീനാരദമഹൎഷിയെ പറഞ്ഞയച്ചറിയിക്കുകയും ചെയ്യുവെന്ന കഥകൊണ്ടു സാക്ഷാൽ ത്രൈലോക്യനാഥനായ ഇന്ദ്ര

നുംകൂടി ആപന്മോക്ഷത്തിനുവേണ്ടി തന്റെ ഇന്ദ്രിയസുഖങ്ങളെ ത്യജിച്ചും പുത്രരവസ്സ മഹാരാജാവിനെത്തന്നെ എല്ലാഴ്പ്പോഴുമന്വേഷിക്കുന്നുവെന്ന വലുതായ നായകഗുണം സ്പഷ്ടമാകുന്നു.

മുക്കാലും വിദ്വാന്മാൎക്കു തന്റെ സമയം മുഴുവനും വിദ്യാശീലനത്തിന്നായിത്തന്നെ ചിലവു ചെയ്യേണ്ടതാകയാൽ മറെറാരു പ്രവൃത്തിക്കുമിടകിട്ടാഞ്ഞിട്ടോ, മദാദികൾകൊണ്ട് അനാദരവു വൎദ്ധിച്ചിട്ടോ ശ്രീ സ്വാധീനയായി വരുന്നില്ല. അതുപോലെതന്നെ സമ്പന്നന്മാൎക്കു വിദ്യ സ്വാധീനയായി കാണുന്നില്ലെന്നനുഭവസിദ്ധമാണ്. വിദ്യയോ ശ്രീയോ കുറഞ്ഞാൽ പ്രജകൾക്കു ക്ഷേമവും കുറയും, അതിനാൽ വിദ്യകൊണ്ടു ശ്രീയേയും ശ്രീകൊണ്ടു വിദ്യയേയും വൎദ്ധിപ്പിക്കേണമെന്നും, അന്യോന്യമുള്ള ശ്രീവിദ്യാവൎദ്ധനകൾ അവസാനമില്ലാത്തവയാണെന്നും, പ്രവൃത്തിച്ചു ഫലം കണ്ടറിഞ്ഞിട്ടുണ്ടിദ്ദേഹമെന്ന രാജഗുണത്തെ 'തമ്മിലൊന്നിൽ' എന്ന ഭരതവാക്യശ്ലോകം പ്രത്യക്ഷമാകുന്നു.

പ്രജകളിൽനിന്നു പിരിച്ചെടുക്കുന്ന ദ്രവ്യംകൊണ്ടു ദേശങ്ങൾതോറും വിദ്യാശാലകളെവെച്ചു വിദ്യാൎത്ഥികളെ പഠിപ്പിച്ചും, പഠിച്ചു പരീക്ഷകൾ പാസ്സാകുന്നവൎക്കെല്ലാം സമ്പത്തിന്ന് അതാതുവിദ്യകളുടെ അനുരൂപങ്ങളായ അധികാരങ്ങൾകൊടുത്തും, രാജ്യപരിപാലനംചെയ്തുവരുന്ന ഇംഗ്ലീഷുമഹാരാജാവിന്നു ശ്രീവിദ്യകളുടെ അന്യോന്യവൎദ്ധനഫലത്തിന്റെ സുമധുരമായ രസം അറിവാനിട വന്നിട്ടുണ്ടെന്നു ഞാനൂഹിക്കുന്നു.

മന്നിൽപോലംബരത്തിങ്കലുമധികജവാൽ
സഞ്ചരിപ്പാൻപടുത്വം,
ധന്യശ്രീധൎമ്മപക്ഷം,വിമദത,കനിവു,
ത്സാഹ,മുൽകൃഷ്ടകീൎത്തി
മാന്ദ്യംകൂടാതെവേണ്ടുന്നൊരുഫലമുളവാ
കുംവരെത്തൻപ്രയത്നം,
സൌന്ദൎയ്യം,ദിവ്യയുദ്ധോപകരണവിഭവം,
വിക്രമം,വാക്പടുത്വം

പാരിന്നൊക്കെപ്പതിത്വം,പ്രജകളെവിരവിൽ
കാക്കുവാൻവയ്പ്പു,വിദ്വാ-
ന്മാരായ്പ്പിശ്വാസ,മേററംശകുനമറിക,ധൈ-
യ്യം,മഹാസ്വാമിഭക്തി
പാരംഭക്തപ്രിയത്വം,സകലപുരുഷക-
മ്മാദിതത്വജ്ഞഭാവം,
നേരായോരീശ്വരത്വം,ബഹുഗുണവതിയാം
ഭാൎയ്യ,ദൈവാനുകൂല്യം ൧
അത്യന്തംചേച്ചുകൂടുംപ്രണയിനി,ഗുണവാൻ
പുത്ര,നാപത്തകത്താൻ
നിത്യംതന്നെത്തിരഞ്ഞീടിനസുരപതിചെ
യ്യുന്നസാമാന്യമാനം
ഹൃദ്യത്വംപൂണ്ടനാനാഗുണഗണമുലകിൽ
ചേൎക്കുവാനുൾക്കുകൂടും
വിദ്യാലക്ഷ്മീവിലാസങ്ങളെമഹിമവരും
മട്ടിണക്കാൻപടുത്വം
സാരസൽഗുണമിവണ്ണമൊത്തിടു-
ന്നോരുഭൂമിപതിനായകന്നഹോ
വീരരാജഹിതമായവിക്രമം
പാരമീഗുണഗണത്തിലുൽക്കടം

ഇനി രാജാവിന്നു മേൽപറഞ്ഞ ഇരുപത്തേഴുഗുണങ്ങളിൽ വെച്ച് അധികം പ്രബലമായ ഗുണം വിക്രമമാണെന്നതിനുള്ള സംഗതികളെ വിക്രമപദാൎത്ഥത്തെ വെളിവായി പറഞ്ഞുകൊണ്ടെഴുതുന്നു.

ശത്രുജയഹേതുവായിയും അത്യുൽക്കടബലാത്മകമായിയും ഇരിക്കുന്ന വിക്രമമില്ലെങ്കിൽ എല്ലാവരേയും നിയമിപ്പാനുള്ള ശക്തിയാകുന്ന ഈശ്വരത്വഗുണവും, ഇന്ദ്രമൈത്ര്യത്വഗുണവും ദിവ്യയുദ്ധോപകരണവും, അതുകൊണ്ടുണ്ടായ ആകാശഗമനസാമൎത്ഥ്യവും, സ്വൎഗ്ഗസദൃശമായ നഗരവും, നന്ദനോദ്യാനതുല്യമായ പൂങ്കാവും, പ്രജാ

രക്ഷാസാമർത്ഥ്യവും സർവ്വലോകനാഥത്വവും സിദ്ധിക്കുന്നതല്ലായ്ക കൊണ്ടും, ധർമ്മിഷ്ഠത്വം, ഉത്സാഹം, ദയ, വാക്സാമർത്ഥ്യം, ആയഫലോദയകർമ്മം, വിദ്വജ്ജനവിശ്വാസം, സ്വാമിഭക്തി, ധൈര്യം, ആളുന്തരമറിവ്, ശ്രീവിദ്യാന്യോന്യയോജകത്വം, ഇങ്ങിനേയുള്ള ശ്ലാഘ്യങ്ങളായ ഗുണങ്ങൾ തക്കതായ ഫലങ്ങളെചെയ്യാൻ കഴിയായ്ക കൊണ്ടും, സൌന്ദര്യംകൊണ്ടുകിട്ടിയ സൽഭാര്യയേയും, അതിലുണ്ടായ സൽപുത്രനേയും, രക്ഷിപ്പാൻ കഴിയായ്കകൊണ്ടും ഭക്തവശ്യത്വവും അഗർവ്വവും മററും അതിശയിക്കത്തക്കവിധത്തിലാവായ്ക കൊണ്ടും, ഈ പറഞ്ഞ മാതിരിയിലുള്ള കീർത്തി പ്രകാശിക്കാത്തതു കൊണ്ടുമാകുന്നു വിക്രമത്തിന്നു ഗുണപ്രാധാന്യം സിദ്ധിച്ചത്. ഈ മാതിരിയിൽ ആലോചിച്ചാൽ ശേഷമുള്ള ഗുണങ്ങളിൽ ഇന്നിന്നതിന്നു പ്രാബല്യം ഏറമെന്നതു ധാരാളമായി അറിയാവുന്നതുകൊണ്ടും അതിവിസ്താരഭയംകൊണ്ടും പ്രത്യേകിച്ചു ഗുണങ്ങളുടെ ഉൽക്കർഷാപകർഷവിചാരത്തെ ഇവിടെ അവസാനിപ്പിക്കുന്നു.

ഇനി ഈ രാജഗുണങ്ങളെല്ലാം ദേശകാലങ്ങൾകൊണ്ടു മറവില്ലായ്കയാൽ അത്യുൽക്കടങ്ങളാകുന്നുവെന്നു പറയുന്നു.

താളം ശ്രുതി മുതലായവ ചേരാതെയാണെങ്കിലും ചിലപദങ്ങളും കീർത്തനങ്ങളും കൃതികളും ജാവളികളും പാടുന്നവൻ കുഗ്രാമത്തിൽ ഭാഗവതരും നഗരത്തിൽ പരിഹാസപാത്രവും ആകുന്നതും, വർഷകാലത്തെ കൃഷ്ണപക്ഷരാത്രികളിൽ സ്പഷ്ടമായ പ്രകാശത്തോടു കൂടിയ മിന്നാമിനുങ്ങുകൾ, സൂര്യശോഭ വിളങ്ങുന്ന പകൽ ഉച്ചനേരത്തിൽ ഒട്ടും പ്രകാശമില്ലാതെയായിത്തീരുന്നതും അനുഭവസിദ്ധമാണല്ലൊ. ഈ രാജാവിന്റെ വിക്രമസൌന്ദര്യാദിഗുണങ്ങളെല്ലാം ത്രിലോകങ്ങളിലുൽകൃഷ്ടമായ സ്വർഗ്ഗലോകത്തിലും ആ കൃതയുഗം മുതൽ ഈ കലിയുഗംവരേയുള്ള സമസ്തകാലത്തിലും പല പ്രകാരേണ കവികൾ വർണ്ണിച്ചും മററും നല്ലവണ്ണം പ്രകാശിക്കയാൽ ഏററവും വലിപ്പമുള്ളവയാകുന്നുവെന്നു സ്പഷ്ടമാകുന്നു. രാജാവും ഉർവ്വശിയും ദിവ്യസ്ഥലങ്ങളിൽചെന്നു ക്രീഡിച്ച കാലങ്ങളിൽ മന്ത്രികൾ ചെയ്യു രാജ്യരക്ഷകൊണ്ടു പ്രജകൾക്കു യാതൊരു സുഖക്കേടും വന്നാ

തായി പ്രസ്താവിക്കായ്കയാൽ രാജാവിന്റെ സന്മന്ത്രിത്വഗുണം, ഇതുപോലെതന്നെ ഓരോ കഥകൾകൊണ്ടു ദാക്ഷിണ്യഗുണം, സൌഭാഗ്യഗുണം, മുതലായ പലപല ഗുണങ്ങളും സൂചിക്കുന്നുണ്ട്. അവയെല്ലാം ഉദാഹരണങ്ങളോടുകൂടി വേറേ വേറേ എടുത്തുപറയാതിരുന്നതു ഗ്രന്ഥവിസ്താരഭയംകൊണ്ടും, ഞാൻ മുൻപറഞ്ഞ വഴി പിടിച്ചാലോചിച്ചാൽ ജനങ്ങൾക്കു ശേഷം ഗുണങ്ങളേയും സുഖമായി കാണമാറായിട്ടുള്ളതുകൊണ്ടും, ഗുണങ്ങളെ മുഴുവനും പറകയെന്നത് അസാദ്ധ്യമാകകൊണ്ടും ആകുന്നു. വിക്രമഗുണം ശേഷം ഗുണങ്ങളേക്കാൾ പ്രബലമാണെന്നു പറഞ്ഞ യുക്തികൊണ്ടു ഗുണങ്ങളുടെ ഉൽക്കർഷാപകർഷങ്ങളെപ്പററി വിചാരിപ്പാനുള്ള വഴി ഒരുവിധം ജനങ്ങൾക്കറിയാറായിട്ടുണ്ടല്ലോ. അതുപോലെതന്നെ ഗുണസാമ്യത്തെപ്പററി ആലോചിപ്പാൻ വഴികാണിക്കുന്നതിന്ന് ഒരു ഉദാഹരണത്തെ പറയുന്നു.

ഇഷ്ടസഖിയായ ഉർവ്വശിയെ കേശി ബലാൽക്കാരേണപിടിച്ചുകൊണ്ടുപോയതിനാൽ ഉണ്ടായ അപ്സരസ്ത്രീകളുടെ അത്യുൽക്കടദുഃഖം കണ്ടിട്ടു സംഭവിച്ച രാജാവിന്റെ വലുതായ ദയാഗുണം ഉടനെ അപ്സരസ്ത്രീകളെ സമാധാനപ്പെടുത്താതിരിക്കുന്നതല്ല. സമാധാനപ്പെടുത്തുക എന്ന കർമ്മത്തിന്നു വേണ്ടുന്ന ഉചിതമായ വാക്ക് 'വിഷാദം കളയുക; നിങ്ങളുടെ സഖിയെ അതിവേഗത്തിൽ ഞാൻ തിരിച്ചുകൊണ്ടുവരാം നിശ്ചയംതന്നെ' എന്നാണല്ലോ. സൂക്ഷ്മത്തോളം ആലോചിക്കുമ്പോൾ ഒരു ഗുണത്തിനും ലോകത്തിൽ അവസാനം കാണുന്നില്ലായെന്നുള്ള ജ്ഞാനംകൊണ്ടു തന്നിലുള്ള വിക്രമഗുണം അത്യല്പമാണെന്നു ദൃഢനിശ്ചയമുള്ള രാജാവിന്നു സ്ഥിരമായിരിക്കുന്ന അഗർവ്വം സമാധാനോചിതമായ ആ വാക്കിനേപറവാൻ ഒരിക്കലും സമ്മതിക്കയില്ലല്ലോ. ഇങ്ങിനെ രാജാവിന്റെ ദയാഗുണവും, അഗർവ്വഗുണവും തമ്മിൽ (സമാധാനപ്പെടുത്തുക എന്ന കർമ്മത്തിൽവെച്ച്) ഉണ്ടായ യുദ്ധത്തിൽ രണ്ടുപേരും ഒട്ടു മടങ്ങിയപോലേയും ഒട്ടുജയിച്ചപോലേയും തോന്നത്തക്കവിധം 'വിഷാദം കളയുക; ഞാൻ നിങ്ങളുടെ സഖിയെ തിരിച്ചുകൊണ്ടുവരു

വാൻ യത്നം ചെയ്യാം' എന്നുള്ള വാക്ക പറഞ്ഞതുകൊണ്ട് ഈ രണ്ടു ഗുണങ്ങളും തുല്യബലങ്ങളാണെന്ന് ഊഹിക്കേണ്ടതാകുന്നു.

ഇങ്ങിനെ നായകഗുണവിചാരം മതിയെന്നുവെച്ച് ഇനി നായികാഗുണവിചാരത്തെ ആരംഭിക്കുന്നു.

ഉവ്വശിയെ കേശി പിടിച്ചുകൊണ്ടുപോയി എന്നു രാജാവിനോടു രംഭ പറയുന്ന ഘട്ടത്തിൽ ഉവ്വശിക്കു കൊടുത്തിട്ടുള്ള നാലു വിശേഷണങ്ങൾകൊണ്ടുസമ്പൂണ്ണസകല സ്ത്രീഗുണങ്ങളും, വിശേഷിച്ചു സൌന്ദൎയ്യവും, സവ്വസുഖമയിത്വവും, അതിസ്ഥിരസൌശീല്യവും സ്പഷ്ടമാകുന്നു. നരകം സവ്വദുഃഖമയമാകുന്നതുപോലെ സ്വൎഗ്ഗം സവ്വസുഖമയമാണെന്നും, സ്ത്രീകൾക്കു സ്ത്രീകളുടെ നേരേ പ്രീതിയുണ്ടാവാനുള്ള മുഖ്യകാരണം സൌശീല്യമാണെന്നും പ്രസിദ്ധമാണല്ലൊ. ഉവ്വശിക്കു സൌകുമാൎയ്യാതിശയമുണ്ടെന്നു പ്രവേശം കൊണ്ടുതന്നെ സ്പഷ്ടമാകുന്നുവെന്നു കഥാസാരവണ്ണനഭാഗത്തിൽ പറഞ്ഞിട്ടുള്ളതുകൊണ്ട് ഇവിടെ വിസ്തരിക്കുന്നില്ല. 'നാരായണ മഹഷി'യെന്നു മുതൽ 'തനിച്ചാകുമോ' എന്നുവരേയുള്ള ഗ്രന്ഥം കൊണ്ടു ദിവ്യസ്ത്രീകൾക്കില്ലാത്ത സൌന്ദൎയ്യലാവണ്യാദിഗുണങ്ങൾ ഉവ്വശിക്കുണ്ടെന്നു തോന്നുന്നു. (ഇനിയും ഈ ഗുണങ്ങളെത്തന്നെ ആവത്തിക്കുന്നത് ഉദാഹരിക്കുന്നില്ല). 'ഇദ്ദേഹത്തിൻെറ' എന്നു മുതൽ എന്താണത്ഭുതം' എന്നുവരേയുള്ള ഗ്രന്ഥംകൊണ്ട് ഉവ്വശിയുടെ ഗുണജ്ഞാതൃഗുണം സ്പഷ്ടമാകുന്നു. 'സഖീജനം' എന്ന മറുവടികൊണ്ടു സ്പഷ്ടമായിപ്പോയ തൻെറ അനുരാഗത്തെ ഉടനെ ഉവ്വശി മറച്ചതിനാൽ വൈദഗ്ദ്ധ്യഗുണം തോന്നുന്നു. 'സ്ഫുടമഭിഭൂഷയതിസ്ത്രിയസ്ത്രപൈവ' എന്ന മാഘകവിമതപ്രകാരം ഗുണമായ ഉവ്വശിയുടെ ഉചിതലജ്ജാവത്വം രാജപ്രഥമസ്പൎശാദിഘട്ടങ്ങളിൽ സ്പഷ്ടമാകുന്നു. പിന്നെ 'ചേരട്ടേ' എന്നുമുതൽ 'അങ്ങുന്നുമങ്ങിനെ' എന്നുവരേയുള്ള ഗ്രന്ഥംകൊണ്ട് അപ്സരസ്ത്രീകൾക്കും ദേവേന്ദ്രനും ഉവ്വശി വളരെ ഇഷ്ടയാണെന്നു വരികയാൽ സൌഭാഗ്യഗുണം സൂചിക്കുന്നു. ഉവ്വശി സ്വൎഗ്ഗയാത്രാവസരത്തിൽ ചിത്രലേഖാമുഖേന രാജാവിനോടു യാത്രപറഞ്ഞതുകൊണ്ട് ഔചിത്യഗുണം തോ

ന്നു. ‘പൊങ്ങുന്നതിനു’ എന്നമുതൽ ‘മറക്കരുതേ’ എന്നുവരെ ഗ്രന്ഥംകൊണ്ട് അതാതുകാലങ്ങളിൽ സ്വമനോരഥസിദ്ധിക്കു വേണ്ടുന്ന ഉപായജ്ഞാനം സൂചിക്കുന്നു. പിന്നെ (രണ്ടാമങ്കം) ‘മതികുളുത്തു തെളിഞ്ഞു വരുന്നുമേ’ എന്നുവരേയുള്ള ഗ്രന്ഥംകൊണ്ടു രാജാവിൻെറ മനസ്സിനെ ഉൎവ്വശി ബലാൽക്കാരേണ ആകൎഷിച്ചു എന്ന കഥ സ്പഷ്ടമാകയാൽ സകലസ്ത്രീഗുണസമൃദ്ധിയല്ലാതെ വിശേഷിച്ചൊന്നും തോന്നുന്നില്ല. ‘ഇദ്ദേഹം പ്രാൎത്ഥിക്കകൊണ്ടു കൃതാൎത്ഥയായ പെണ്ണ് ഏതാണ്,’ ‘ധൈൎയ്യമില്ലാത്ത മനസ്സേ,’ ‘മനസ്സിന്നു തൃപ്തിയായില്ലാ,’ ‘ഇപ്പോളെന്താണാവോ പറവാൻ ഭാവിക്കുന്നത്’ എന്നും മററുമുള്ള ഉൎവ്വശിയുടെ വാക്കുകളാൽ സ്പഷ്ടമായ സ്വഗുണാവിശ്വാസംകൊണ്ടു വിനയം തോന്നുന്നു. ഉൎവ്വശി രാജാവിൻെറ കാരുണ്യശ്ലാഘയെ പല ദിക്കുകളിലും ചെയ്യുന്നതിനാൽ കൃതജ്ഞതാഗുണം തോന്നുന്നു. ‘ചിത്രലേഖ’ എന്ന മുതൽ ‘കാത്തിട്ടന്നു’ എന്നുവരേയുള്ള ദേവദൂതൻെറ വാക്കുകൊണ്ട് ഉൎവ്വശിയുടെ നാട്യവിദ്യാപാടവം തോന്നുന്നു.

### മൂന്നാമങ്കം

‘തന്നെത്തൻ നോക്കീട്ട്’ എന്ന മുതൽ ‘ആഗ്രഹിക്കുന്നു’ എന്നുവരേയുള്ള ഗ്രന്ഥംകൊണ്ടു ശോഭനവേഷഭംഗി സൂചിക്കുന്നു. ‘ഇവൾ’ എന്ന മുതൽ ‘പറഞ്ഞത്’ എന്നുവരേയുള്ള ഗ്രന്ഥംകൊണ്ട് അസൂയയില്ലായ്ക എന്ന ഗുണം തോന്നുന്നു. ‘ദേവി മഹാരാജാവിനെ’ എന്ന മുതൽ ‘വിചാരിക്കരുത്’ എന്നുവരേയുള്ള ഗ്രന്ഥംകൊണ്ടു തൻെറ ദോഷത്തെ പരിഹരിക്കുന്നുവെന്ന വ്യാജത്താലെ രാജാവിൻെറ ഭാൎയ്യാബഹുമാനത്തെ പ്രകാശിപ്പിക്കയാൽ ഉൎവ്വശിയുടെ വാക്സാമൎത്ഥ്യം തോന്നുന്നു. ചിത്രലേഖക്കു സഖീഗുണങ്ങൾ തികഞ്ഞിട്ടുള്ളതിനാൽ ഉത്തമസഖിവതിത്വമെന്നഗുണം സൂചിക്കുന്നു.

### നാലാമങ്കം

‘ഉൎവ്വശി പുത്രരഹസ്സിനെ ഉപേക്ഷിച്ച് ഒരിക്കലും സമുദ്രാനുസാരിണിയായിതീരുന്നതല്ല എന്ന രാജാവിൻെറ വിചാരംകൊണ്ടു ഉ

വ്വശിയുടെ സ്ഥിരാനുരാഗംതോന്നുന്നു. 'പറയാം' എന്നു മുതൽ 'ക്കൈയാക്കില്ലെ' എന്നുവരേയുള്ള ഗ്രന്ഥംകൊണ്ടു സ്വദുഷ്ടകൎമ്മപശ്ചാത്താപം എന്നഗുണം തോന്നുന്നു. ഉൎവ്വശി മണിയെ തലയിൽ വെച്ചു വന്ദിക്കകൊണ്ടു ശ്രീപാൎവ്വതീഭക്തി തോന്നുന്നു. 'പ്രതിഷ്ഠാനഗരത്തിൽനിന്ന്' എന്നു മുതൽ 'പോവുക' എന്നുവരേയുള്ള ഗ്രന്ഥംകൊണ്ടു നീതിജ്ഞാതപവും ദാക്ഷിണ്യവും സൂചിക്കുന്നു.

അഞ്ചാമങ്കം

ഉൎവ്വശി പുത്രനുണ്ടായപ്പോൾതന്നെ രാജാവു കാണാതെ അവനെ ച്യവനാശ്രമത്തിങ്കലേക്കു വിദ്യാഭ്യാസാദിപുഷ്ടിക്കും താൻ രാജാവിനോടു വേർപിരിയാതിരിക്കുവാനും വേണ്ടി അയച്ചുവെന്നതുകൊണ്ട് ഉചിതകാൎയ്യകാരിണീത്വഗുണം സ്പഷ്ടം. കാണുന്നതിനു മുമ്പിൽതന്നെ ഉൎവ്വശിയുടെ ഗുണചരിത്രങ്ങളെ രാജാവും മററും കേട്ടിട്ടുണ്ടെന്ന് ഈ നാടകത്തിൽ പറഞ്ഞിട്ടുള്ളതിനാൽ യശസ്സെന്ന ഗുണം സിദ്ധമായിരിക്കുന്നു.

എല്ലാസ്ത്രീഗുണവും,തെളിഞ്ഞതിൽവിശേ-
ഷിച്ചിട്ടുസൌന്ദൎയ്യവും,
ചൊല്ലേറാസകലേന്ദ്രിയോത്തമസുഖം
നൽകീടുകെന്നുള്ളതും
കല്യാണാമലശീലവും,മൃദുതയും,
ലാവണ്യവും,സൽഗ്ഗുണം
മെല്ലെന്നൊക്കെയെടുത്തമായറികയും,
വൈദഗ്ദ്ധ്യവൈചിത്ര്യവും ൯

സൎവ്വശ്രീകൃതലജ്ജയും,വിപുലമാ
യിട്ടുള്ളസൌഭാഗ്യവും,
കാൎയ്യംനേടുമുപായമിങ്ങറികയും,
നായാത്തനൽത്താഴ്മയും,
വിസ്തൃതാൽനിജരക്ഷചെയ്യുമുപരിൽ
കന്നിച്ചിടുംവാദിയും,

ഭൂഷ്യാണ്ഡവിശേഷവേഷവടിവും,
നാട്യത്തിൽനൈപുണ്യവും ൨

സത്തായോരനസൂയയും സരസവാ
ക്കിനുള്ളസാമത്ഥ്യവും,
ചിത്താംചേൎന്നുഗുണങ്ങളുള്ളസഖിയും,
സ്ഥൈൎയ്യം പെട്ടംരാഗവും,
അത്യന്താപഴയായതൻക്രിയകളിൽ
പിന്നെപ്പെട്ടാതാപവും,
പൃത്ഥ്വീഭൂത്തനയാപദപ്രണയവും,
നന്നായ്നയജ്ഞാനവും, ൩

നല്ലോരുദാക്ഷിണ്യവും,മാശ്ശുഭ്ഭരി
കല്യാണകാൎയ്യക്രിയതന്നിൽവയ്യും,
ഉല്ലാസമേറുന്നയശസ്സു,മേവ-
മല്ലോവരംനായികതൻഗുണൌഘം ൪

ഇങ്ങിനെ വെവ്വേറെ ഉദാഹരണങ്ങളോടുകൂടികാണിച്ച ഇരുപത്തുനാലു നായികാഗുണങ്ങളിൽ വെച്ചു (നയനാനന്ദകരമായ ആകൃതി വിശേഷംതന്നെയാകുന്നു) രൂപലാവണ്യഗുണത്തിന്നാകുന്നു പ്രാബല്യം. എല്ലാ ഇന്ദ്രിയങ്ങളേയും ജയിച്ചു തപസ്സുചെയ്യുന്ന മഹാന്മാരുടെ മനസ്സിളക്കുവാനും സൌന്ദൎയ്യഗവിതയായ സാക്ഷാൽ ശ്രീഭഗവതിയുടെ ഗൎവ്വു കളവാനും അതിധീരനായ പുരൂരവസ്സുമഹാരാജാവിന്റെ മനസ്സിനെ ഉടൻതന്നെ ബലത്താലെ അപഹരിപ്പാനും ശക്തിയുള്ളതാണ് ഉൎവ്വശിയുടെ രൂപലാവണ്യമെന്നും മററുമായ ഈ ഗുണപ്രശംസയെ പ്രകൃതനാടകത്തിൽ ശേഷം ഗുണപ്രശംസയേക്കാൾ അധികം ആവൎത്തിച്ചാവൎത്തിച്ചു പലരും ചെയ്തിട്ടുള്ളതുകൊണ്ടാകുന്നു രൂപലാവണ്യം മററുഗുണങ്ങളേക്കാൾ പ്രബലമാണെന്നു പറഞ്ഞത്. രാജാവിന്റെ ഗുണങ്ങൾപോലെതന്നെ ഉൎവ്വശീഗുണങ്ങളും ദേശകാലങ്ങൾകൊണ്ടു മറയായ്കയാൽ വലിപ്പമു

ളുവയാകുന്നു. ഈ പറഞ്ഞഗുണങ്ങളിൽ പൂൎണ്ണമെ ഉൾവശികൾ താരുണ്യാദിഗുണങ്ങളുണ്ടെന്നുംമറ്റുമുള്ള സാംഗത്തികളെല്ലാം നായകഗുണവിവരണഘട്ടത്തിലെപ്പോലെതന്നെയാകയാൽ ഇവിടെ വിസ്തരിക്കുന്നില്ല.

(തുടരും)

കൊടുങ്ങല്ലൂർ കൊച്ചുണ്ണിതമ്പുരാൻ.

---

# പാക്കനാർ

---

27. മാൽകത്താരൊഴുമുള്ളിലിങ്ങിനെമലക്കുഞ്ഞിൻമണാളന്റത്ര-
ക്കാൽക്കുത്താട്ടമവങ്കലുൾക്കനിവെഴുംമഞ്ഞുംമലപ്പൈതലാൾ
വേർകുത്തികളെയാത്തതെന്തുവകയില്ലാഞ്ഞിട്ടിവനുള്ളമാ-
ലാകെത്തീമിഴിയുള്ളതൻകണവനെ’ ന്നോൎത്താടൽ തേടീടിനാൾ

28. പറഞ്ഞാൾപിന്നെത്തൻകണവനൊട്ടുകാൽത്താർതൊഴുതുമാൽ
നിറഞ്ഞുള്ളോരുള്ളത്തൊട്ടുപനിമലപ്പൈതലൊരുനാൾ
അറിഞ്ഞീലേതുംഞാൻകണവകനിവെന്തിപ്പറയനിൽ
കുറഞ്ഞീടാനാരിന്നവനുശരിയായ്പ്പാരിലൊരുവൻ

29. നിങ്കഴലെന്ന്യേകൊതിയൊ-
ന്നിങ്കലുമവനില്ലതെല്ലുമെന്നിട്ടും
എങ്കണവചൊല്ലുകേതും
നിങ്കനിവവനിൽപ്പെടാത്തതെന്തയ്യോ

30. അന്നന്നുവേലചെയ്യാ-
ലന്നത്തേച്ചിലവുകഴിയുമീവണ്ണം
എന്നുമിവൻവലകെന്നോ?
നന്നിതുനിങ്കാൽതൊഴുന്നവൎക്കോൎത്താൽ

31. കൊട്ടുക്കണ്ണോംമുതലിവിടുന്നാവന്നുമാൽ
കെട്ടുക്കണ്ണോംചെറുത്തുമമാന്തമെന്നിയെ
കടക്കണ്ണോംകനിവുകരൾക്കരുന്നതിൽ
കിടക്കണ്ണോംകരുത്തുകത്തുംവിടാതിനി

32. ഈവണ്ണമോത്തുംമലമങ്കതൻപൊല്
പൂവന്നുവാഴ്ത്തുംപുത്തുമൈപുണന്ന്
കൈവന്നിട്ടുംമാൽകളവാൻപറഞ്ഞാ-
നാവിണ്ണവന്മാരടിക്കുപ്പിടുന്നോൻ

33. മഞ്ഞാറാട്ടുംപെരുമലയതിൻപൈതലേ! കാശിനുണ്ടോ
പഞ്ഞംപാർത്താലിവിടെയതുഞാൻവേണ്ടുവോളംകൊട്ടുക്കാം
പിഞ്ഞുംറൌക്കിഷ്ടകമതിലൊതുങ്ങാത്തപോർകൊങ്കയാളേ!
നഞ്ഞാണല്ലോമുതലവനതിന്നെന്തുഞാൻചെയ്യിടേണ്ടു

34. പുല്ലിന്നൊക്കുംമുതലറികനീപാകനൊക്കായതില്ലാ
ഞില്ലിന്നോക്കുംപൊഴുതഴലുപൂവമ്പനുള്ളോരുവമ്പേ!
തെല്ലുന്നല്ലാരണിയുമലരേ! കള്ളമോതുന്നതല്ലി-
ന്നല്ലിന്നെല്ലാമഴലതുവളക്കുന്നവാർകുന്തലാളേ!

35. നേരല്ലെന്നോയിതു, തലയിളക്കുന്നതെന്താണിതെന്നും
തീരില്ലെന്നോപറകിടയിളക്കംനിനക്കോമലാളേ!
പോരില്ലെന്നുംകരുതിതിലവൻവള്ളറിഞ്ഞീട്ടുവാൻനീ
പോരില്ലെന്നോപുത്തുമലരണിക്കാറൊളിക്കുന്തലാളേ!

36. ഇടയിളക്കമിതിങ്ങിനെയുള്ളില-
ങ്ങിടയിലൊക്കെവരാതെയിരിക്കുവാൻ
ഞൊടിയിലുൾക്കനിവാൽമുതലേകുവാ-
നടയലാക്കതെട്ടുപ്പനെണീക്കനീ

37. കള്ളമററിതുപറഞ്ഞുകൊണ്ടുതൻ
പുള്ളിമാൻമിഴിയൊടൊത്തെണീറവടൻ

വെള്ളമത്തലയിലുള്ളതമ്പുരാൻ
വെള്ളിമാമലയെവിട്ടിറങ്ങിനാൻ

38. ചെപ്പൊടൊക്കുംമുലപ്പന്താൾ
ചൊല്പടിക്കുള്ളതമ്പുരാൻ
അപ്പടിസ്ഥലയുംപാരാം
ചെപ്പടിക്കളികണ്ടതെ.

39. ഒന്നായ്നില്പോൻമറയിൽമറയുംതമ്പുരാൻതാമ്പകിട്ടാൽ
മന്നീമാനംപുഴപകലവൻകാററവയ്ക്കാട്ടിലെല്ലാം
ചെന്നായ്ക്കൂട്ടംകരടിമുതലോരോന്നുനാട്ടിങ്കലാൾക്കൊ- [ഞ്ഞാൻ
രെന്നായ്ത്തോന്നിപ്പൊരുപണികൾകണ്ടാറണിഞ്ഞോൻപറ

40. നേരമ്പോക്കണ്ടറിവതിനുവയ്യാത്തപാരാംപകിട്ടി
ന്നേരമ്പൊയ്യെന്നതുകരുതിടാതേവരുംപാരിതിങ്കൽ
നേരമ്പോക്കുന്നടവുവടിവിൽകാണ്കകുന്നിൻറകുഞ്ഞേ!
നേരമ്പോക്കിന്നിതിനൊടെതിരായിന്നുമറെറാന്നുമില്ലേ

41. ഞാനീമെയ്യാണിതെൻകുട്ടികളിവരെവള-
ർത്തിടണംവേണ്ടപോലെൻ
മാനേലുംകണ്ണിയാൾക്കുൾത്തളിരത്തുതെളിവാൻ
പണ്ടമുണ്ടാക്കിടേണം
ഞാനിപ്പോഴെന്തുചെയ്യുംവളരെമുതലുനേ-
ടേണമെന്നൊക്കെയോക്കു-
ന്നോനന്ദ്യോചത്തിടുന്നുകൊതിപലതുമകം-
ക്കാമ്പിൽമൂക്കുമ്പൊഴേക്കും

42. കാണുന്നുണ്ടെന്നുമിങ്ങാളുകൾപലരുടെയും
ചാക്കതിങ്ങെത്രയോനാൾ
വാണെന്നാലുംപിറന്നാലവനുമമരു-
ന്നില്ലചാകേണമല്ലോ

കേണ്ണെന്നാൽപന്തിയല്ലെന്നറിവതെവനുമു
ണ്ടെങ്കിലുംതാനുമാമ-
ട്ടാണെന്നോക്കില്ലൊരാളുംപണിയിതുപണ്ടതൊ-
പ്പിച്ചവൻവമ്പനല്ലോ

43. പാരമ്പൊട്ടിപ്പൊഴിയുമഴകാർന്നുള്ളനല്ലാർകളെല്ലാ
പേരുമ്പാട്ടിൽക്കഴലിണതൊഴുംമാമലപ്പൈതലാളേ!
നേരമ്പോകുംപറകിലിതിനിപ്പാക്കനാംപാക്കനൊരെ-
ത്താരമ്പൻതാൻതരമൊടുതൊടുക്കുന്നവമ്പേറുമമ്പേ!

44. മലമകളൊടിവണ്ണംചൊല്ലിമെല്ലന്നുപാരിൽ
പൊലിമകലരുമോരോന്നൊക്കെയുംനോക്കിനോക്കി
നലമകമലർചേർന്നപ്പാക്കനൊരന്നുചെല്ലും
മലമുകളിലണഞ്ഞാൻമെയ്യതിൽപാമ്പണിഞ്ഞോൻ

45. മുക്കണ്ണൻനലമോടുപിന്നെയവിട-
ത്തിൽപാക്കനോർവെട്ടുവാൻ
നില്ക്കുംനല്ലമുളക്കുകത്തുമുഴവൻ
കമ്പൊക്കെനീക്കിട്ടുടൻ
വില്ലാശ്ശുംപവനുംവിളങ്ങിവില്വേ
റില്ലാതെഴുംകല്ലുമായ്
തിക്കിക്കളത്തിനിറച്ചുനിന്നിതൊളിവിൽ
തമ്പെണ്ണൊടിത്തയ്യോടും

46. അന്നുംമുമ്പുള്ളമട്ടായകതളിർതെളിയുംപാക്കനൊരങ്ങുകാട്ടിൽ
ചെന്നാചിക്കന്നുവെട്ടീമുളയതുമഴവില്ലാശതിൽചെന്നുതട്ടീ
പിന്നെത്തെല്ലുക്കുകൂട്ടിപ്പെരുമുളമുറിയുംമാറൊരഞ്ചാറുവെട്ടീ[ട്ടിൽ
നന്നായ്വില്ലാശ്ശുതൊട്ടെല്ലാരുമുതൽമുഴവൻചോന്നുചേന്താചുവ

47. പൊന്നുംനിറങ്ങളാംപലതായ്മഴവില്ലിനൊത്തു
മിന്നുന്നകല്ലുകളുമന്നൊരുകുന്നുപോലെ

വന്നങ്ങുവീഴുവതുകണ്ടൊരുപാക്കനാര
നിന്നാൻപകച്ചിളകിടാതെകുറച്ചുനേരം

48. ഓൎത്താനവൻപിന്നെയിതെന്തുപണ്ടു
പാൎത്തട്ടതിൽകേട്ടറിവില്ലിവണ്ണം
ഉൾത്താരിനിങ്ങുള്ളൊരുറപ്പുകാണ്മാ-
നായ്ത്തന്നെചെയ്യാനിതുതോലുടുപ്പോൻ

49. ആളേക്കൊല്ലിയിതാത്തീ-
യാളുംകണ്ണൻനലത്തൊടിതുനൽകാൻ
ആളെക്കണ്ടതുകൊള്ളാ-
മാളല്ലിതുഞാനെടുപ്പതിന്നിപ്പോൾ

50. എന്തിന്നുഞാൻപലതുമോൎത്തിവിടത്തിൽനില്പു-
തെന്താകിലുംമുതലിനിക്കൊരുകാൎയ്യവേണ്ടാ
വെന്തീടുമുള്ളമിതുകാണുമവൎക്കുകൂടെ
ഞാന്തെല്ലുവെമ്പിയതിനാലിവിടംവിടേണം

51. എന്നാവമ്പൻനിനച്ചുമുതൽകൊതിയരെട്ടു-
ത്തോട്ടവനൊന്നുവെച്ചു
നിന്നീടാതെതിരിച്ചുമഴുവലിയതിട്ട-
ക്കത്തിന്നാലങ്ങുവെച്ചു
അന്നല്പംമാൽമുളച്ചുമുതലുകളഴലി-
നുള്ളവേരെന്നുറച്ചു
പൊന്നെന്നപ്പേരരച്ചുപെരിയൊരുമലയും
വിട്ടുടൻവെച്ചടിച്ചു

52. പോയൊട്ടുചെല്ലുമളവായവനങ്ങുരണ്ടു
നായാട്ടുകാരെയുടനേറെയടുത്തുകണ്ടു
നീയൊട്ടുപേടിയൊടുമോടുവതെന്തുചൊൽകെ
ന്നായിട്ടടുത്തവരുമായവനോടുരച്ചു

53. ചൊല്ലീടാമീവഴിയേ
ചെല്ലുമ്പോഴേറെയകലെയല്ലാതെ
കില്ലില്ലകാണുമംഗേ
ക്കൊല്ലിയെയെന്നവനുമവരൊടുരചെയ്തു

54. നന്നായിസ്സൂളുരച്ചുള്ളതുപുലി,കരുതീടേണമിന്നെന്നുറച്ചു
നിന്നീടാതേനിറച്ചുനലമൊടിരിവരുംതോക്കുവാളൊന്നുതേച്ചു
മുന്നിൽതാൻകണ്ണയച്ചുവഴിയിലിലയനങ്ങാതുടൻകാലുവെച്ചു
പിന്നെക്കണ്ണുംതുടച്ചാമുതലവരവിടെക്കണ്ടതിൽകയ്യുവെച്ചു

55. കട്ടല്ലകണ്ടമുതലായതുരണ്ടുപേർപ-
ങ്കിട്ടീടിലെന്തുവകവേണ്ടതുരണ്ടുപേക്കും
കിട്ടീടുമെങ്കിലുമവക്കിരി വക്കുമന്ന-
തൊട്ടുക്കുകിട്ടുവതിനായ്യോതിവന്നുകൂടി

56. കാട്ടീലേതുാപുറത്തേയ്ക്കവരതൊരുമതോന്നിച്ചുടൻതമ്മിലൊത്തു
വിട്ടീടാതേപകുത്തുമുതലിരിവരുമോരോരുപങ്കന്നെടുത്തു
കെട്ടിത്തോളത്തുചേർത്തുചുമടുവലിയതായ്യെയ്യുതേറെറംവിയർത്തു
കാട്ടിൻററത്തടുത്തുകൊടിയചതിയതിന്നുള്ളതഞ്ചെങ്ങളോർത്തു

57. രാവായീടാതെപച്ചപ്പുകൽമുതലിതുകൊണ്ടങ്ങുനാംപോകിലിങ്ങു
ണ്ടാവാമല്ലോതരക്കേടിയതഴകിൽവെച്ചുണ്ടുനാമൊട്ടിരുന്ന്
ഈവങ്കാട്ടുംവെടിഞ്ഞിട്ടിരവിലഴലുവിട്ടെത്തിടാംവീട്ടിലെന്നാ
യാവങ്കന്മാരുരച്ചുചുമടവിടെയിറക്കീട്ടുടൻചോറുവെച്ചു

58. വെച്ചോരച്ചോറിൽനഞ്ഞിട്ടൊരുവനതുവിളമ്പീതിരിഞ്ഞപ്പൊഴു
വെച്ചിട്ടാമററവൻതാനവനുടയപുറത്തേയ്ക്കുടൻതോക്കൊഴിച്ചു[ന്നം
അച്ചോറുണ്ടിട്ടൊരാളുംകൊടിയൊരുവെടികൊണ്ടിട്ടുടൻമററയാളും
പിച്ചല്ലേവീണുചത്തുപനിമലമകൾതന്നുടക്കുരുന്നുംകളത്തു

(തുടരും)

കുണ്ടൂര് നാരായണമേനോൻ.

# ജാതിനിൎണ്ണയം

തപസ്വിനസ്സമൃദ്ധാൎത്ഥാ യജ്ഞൈരിഷ്ടാ സ്സുരേശ്വരാഃ
വിദ്വാംസഃ കൃതകൃത്യാശ്ച യേതആഢ്യാ ഇതി സ്മൃതാഃ (15)

യാവചിലർ തപോരൂപമായിരിക്കുന്ന അഷ്ടാംഗയോഗത്തെ പരിശീലിക്കുന്നവരായും, ദ്രവ്യപുഷ്ടിയുള്ളവരായും, ജ്യോതിഷ്ടോമാദി യാഗങ്ങളെകൊണ്ടു സുരന്മാരെ തൃപ്തന്മാരാക്കിയവരായും, വേദം, വേദാംഗങ്ങളായിരിക്കുന്ന ജ്യോതിഷം, വ്യാകരണം, കല്പം, ശീക്ഷാ, നിരുക്തം, ഛന്ദസ്സ്, ഇവകളെ ഗ്രഹിച്ചവരായും, കൃതാൎത്ഥന്മാരായും ഭവിക്കുന്നുവോ അവരാകുന്നു (അഷ്ടഗൃഹത്തിൽ) ആഢ്യന്മാർ എന്നിപ്രകാരം സ്മരിക്കപ്പെട്ടിരിക്കുന്നു.

ആചന്ദ്രതാര മാഢ്യാനാം ഭവിഷ്യന്ത്യന്വയേഷു യേ
തേ പ്യാഢ്യാ ഇതി വിജ്ഞേയാ ശ്ചൈവം ഭാൎഗ്ഗവശാസനം(16)

ചന്ദ്രനക്ഷത്രങ്ങളുള്ള കാലംവരെ മുൻപറഞ്ഞ ആഢ്യന്മാരുടെ വംശത്തിങ്കൽ ആരെല്ലാം ജനിക്കുന്നുവോ അവർ എല്ലാവരും ആഢ്യന്മാരാണെന്ന് അറിഞ്ഞുകൊള്ളണം എന്നാണ് ഭാൎഗ്ഗവന്റെ ആജ്ഞ.

തപോ വേദാംഗവൈദുഷ്യം പ്രഭുത്വം ധൎമ്മശീലതാ
ചത്വാൎയ്യേതാനി ഖല്വാഢ്യദ്വിജസ്ഥാനാനി കേരളേ (17)

തപസ്സ്, വേദവേദാംഗങ്ങളിൽ പാണ്ഡിത്യം, പ്രഭുത്വം, ധൎമ്മശീലത്വം, ഈ നാലുകൂട്ടം കേരളത്തിങ്കലുള്ള ആഢ്യബ്രാഹ്മണരുടെ സ്ഥാനമാനങ്ങളാകുന്നു.

ആചന്ദ്രതാര മാസന്തത്യാത്ര യേ യജ്ഞതല്പരാഃ
ഷൾകൎമ്മസ്ഥാശ്ശാന്തദാന്താസ്തേ വിശിഷ്ടാ ഇതി സ്മൃതാഃ (18)

ഈ കേരളത്തിൽ ചന്ദ്രനക്ഷത്രങ്ങളുള്ള കാലംവരേ യാവചില വംശജന്മാർ സന്തതിതോറും യാഗത്തിങ്കൽ തല്പരന്മാരായും, അദ്ധ്യയനാദ്ധ്യാപനാദി ഷൾകൎമ്മങ്ങളിൽ നിരതന്മാരായും, ശമം (ബഹിരിന്ദ്രിയനിഗ്രഹരൂപമാകുന്ന ക്ഷമ), ദമം (അന്തരിന്ദ്രിയനിഗ്രഹ

രൂപമാകുന്ന മനസ്സിൻെറ അചാഞ്ചല്യം) ഇവകളോടുകൂടിയവരാ യും ഇരിക്കുന്നുവോ അവർ വിശിഷ്ടബ്രാഹ്മണരാകുന്നു. (ആഢ്യൻ ഭട്ടതിരി, ആസ്യൻഭട്ടതിരി, അഗ്നിഹോത്രി എന്നിവരാകുന്നു.)

അഗ്നിഹോത്രം ഭട്ടവൃത്തി സ്സന്ന്യാസോ ദ്വിജയാജനം
ചതുഷ്കമേതദ്ധി വിശിഷ്ടാഖ്യ ദ്വിജസ്ഥാനാനി കേരളേ (19)

അഗ്നിഹോത്രം, ഭട്ടവൃത്തി, സന്ന്യാസം, ദ്വിജന്മാരെക്കൊണ്ടു യാഗംചെയ്യിപ്പിക്കുക ഈ നാലുകൂട്ടം മേൽപറഞ്ഞ വിശിഷ്ട ബ്രാഹ്മണക്കുള്ള സ്ഥാനമാനങ്ങളാകുന്നു.

സ്വാദ്ധ്യായാതിഥ്യസക്താ യേ പഞ്ചയജ്ഞാദൃതാശ്ച യേ
ജപാച്ചനരതാ യേ ച തേ സാമാന്യാ ഇതി സ്മൃതാഃ (20)

യാവചിലർ വേദാദ്ധ്യയനം, അതിഥിസല്ക്കാരം ഇവകളിൽ തല്പരന്മാരായും, ബ്രഹ്മയജ്ഞം, പിതൃയജ്ഞം, ദേവയജ്ഞം, ഭൂതയജ്ഞം, നൃയജ്ഞം, എന്നിപ്രകാരമുള്ള പഞ്ചയജ്ഞങ്ങളിൽ ആദരവോടുകൂടിയവരായും മന്ത്രജപം, പൂജാ, ഇവകളിൽ നിത്യശ്രദ്ധന്മാരായും ഭവിക്കുന്നുവൊ അവർ സാമാന്യബ്രാഹ്മണർ (മന്ത്രവാദി, തന്ത്രി മുതലായവർ) ആകുന്നു.

ഇവിടെ 'സ്വാദ്ധ്യായാതിഥ്യസക്തായേ പഞ്ചയജ്ഞാദൃതാശ്ച യെ' (യാവചിലർ സ്വാദ്ധ്യായാതിഥ്യസക്തന്മാരായും പഞ്ചയജ്ഞാദൃതന്മാരായും ഭവിക്കുന്നുവോ) എന്നു പറഞ്ഞതുകൊണ്ടു സ്വാദ്ധ്യായാതിഥ്യങ്ങളും പഞ്ചയജ്ഞങ്ങളും ഭിന്നഭിന്നങ്ങളാണെന്നു ചിലർ ശങ്കിച്ചുപോകുന്നു. എന്നാൽ വാസ്തവത്തിൽ സ്വാദ്ധ്യായാതിഥ്യങ്ങൾ പഞ്ചയജ്ഞങ്ങളിൽ ഉൾപ്പെട്ടവകളാണെങ്കിലും അധികാരിഭേദേന രണ്ടുവിധമായി പറയപ്പെട്ടതായിരിക്കാം. പഞ്ചയജ്ഞങ്ങൾ വൈശ്വദേവത്തിൻെറ അംഗമാകകൊണ്ടു 'പഞ്ചയജ്ഞാദൃതന്മാർ' എന്നത് ഗൃഹസ്ഥന്മാരെ ഉദ്ദേശിച്ചും, ബ്രഹ്മയജ്ഞം നൃയജ്ഞം ഇവകൾ വൈശ്വദേവത്തിന്നു നിബന്ധമില്ലാത്ത സ്നാതകന്മാരേയും സംബന്ധിക്കുന്നതാകയാൽ 'സ്വാദ്ധ്യായാതിഥ്യസക്തന്മാർ' എന്നതു സ്നാതകന്മാരെ ഉദ്ദേശിച്ചും, പ്രതിപാദിച്ചതാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.

വേദാദ്യദ്ധ്യയനം ഭിക്ഷാ മാന്ത്രികം താന്ത്രികം തഥാ
ചത്വാൎയ്യേതാനി സാമാന്യദ്വിജസ്ഥാനാനി കേരളേ (21)

വേദവേദാംഗങ്ങളെ അദ്ധ്യയനം ചെയ്യുക, ഭിക്ഷയെടുക്കുക, മന്ത്രവാദം, തന്ത്രം മുതലായ മന്ത്രതന്ത്രകൎമ്മങ്ങളെ പ്രവൃത്തിക്കുക, ഈ നാലുകൂട്ടം സാമാന്യബ്രാഹ്മണൎക്കുള്ള സ്ഥാനമാനങ്ങളാകുന്നു.

യേ ഭാൎഗ്ഗവോക്ത്യാ രോഗാൎത്താ നായുൎവ്വേദ മധീത്യ വൈ
ചികിത്സയാ ജീവയന്തി തേ വിപ്രാ ജാതിമാത്രകാഃ (22)

യാവചിലർ പരശുരാമന്റെ ആജ്ഞ ഹേതുവായിട്ട് ആയുൎവ്വേദത്തെ അഭ്യസിച്ചു രോഗപീഡിതന്മാരായിരിക്കുന്ന ജനങ്ങളെ ചികിത്സകൊണ്ടു ജീവിപ്പിക്കുന്നുവോ ആ ബ്രാഹ്മണർ ജാതിമാത്രകന്മാർ (അഷ്ടവൈദ്യന്മാർ) ആകുന്നു.

തഥാ ദ്വിജേന്ദ്രസമയാൽ സായുധൈ ൎഹതകണ്ടകൈഃ
യൈ രിദം കേരളം ത്രാതം തേ സ്മൃതാ ജാതിമാത്രകാഃ (23)

യാവചിലർ 'ഞങ്ങൾ കേരളത്തെ രക്ഷിച്ചുകൊള്ളാ'മെന്നു ബ്രാഹ്മണശ്രേഷ്ഠന്മാരോടുചെയ്ത സത്യംനിമിത്തം ആയുധപാണികളായി ശത്രുനിഗ്രഹംചെയ്ത് ഈ കേരളത്തെ രക്ഷിച്ചുപോന്നുവോ അവരും ജാതിമാത്രകന്മാർ (ശാസ്ത്രനമ്പൂരിമാർ) ആകുന്നു.

മഹാദാരിദ്ര്യരോഗാദിപീഡിതാ വൃത്തികൎശിതാഃ
യയാകയാപി ജീവന്ത സ്സൎവ്വേ വൈ ജാതിമാത്രകാഃ (24)

യാവചിലർ മഹാദാരിദ്ര്യം, രോഗം, മുതലായവകളെക്കൊണ്ടു പീഡിതന്മാരായി സന്ധ്യാവന്ദനാദി നിത്യകൎമ്മങ്ങൾക്കു ലോപം സംഭവിച്ചവരായിട്ട് എന്തുപ്രവൃത്തികൊണ്ടെങ്കിലും കാലക്ഷേപം കഴിക്കുന്നുവൊ അവർ എല്ലാവരും ജാതിമാത്രകന്മാരാകുന്നു.

രാഗദ്വേഷാദിദുഷ്ടാന്തഃകരണാ ലുപ്തധൎമ്മകാഃ
വൃത്ത്യൎത്ഥം കൃതവേഷാ യേ തേപി സ്യു ൎജ്ജാതിമാത്രകാഃ (25)

യാവചിലർ രാഗദ്വേഷാദികളെക്കൊണ്ടു ദുഷ്ടബുദ്ധികളായി സ്വധൎമ്മങ്ങളെ ത്യജിച്ച് അഹോവൃത്തിക്കുമാത്രംവേണ്ടി ബ്രാഹ്മണവേഷം ധരിച്ചവരായി ഭവിക്കുന്നുവൊ അവരും ജാതിമാത്രകന്മാരാകുന്നു.

സ്നാനേഽല്പ സ്സജശ്ധിശ്ച രംഗസ്ഥാനം മഹാനസഃ
ചത്വാര്യേതാനി ശാസ്ത്രാംഗദ്വിജസ്ഥാനാനി കേരളേ (26)

ഉത്തമബ്രാഹ്മണരോടുകൂടി ഒരു കടവിൽ ഇറങ്ങുക, ഒരു പന്തിയിൽ ഇരുന്നു ഭക്ഷിക്കുക, ശാസ്ത്രാംഗത്തിങ്കൽ രംഗസ്ഥാനം, അടുക്കളയിൽ ദേഹണ്ണം, ഈ നാലുകൂട്ടം ശാസ്ത്രാംഗബ്രാഹ്മണർക്കുള്ള സ്ഥാനമാനങ്ങളാകുന്നു.

ശാസ്ത്രാംഗദ്വിജശബ്ദേന ജാതിമാത്രദ്വിജാ ഇഹ
ചതുർവിധശ്ച ഗൃഹ്യന്തേ പൂർവ്വോക്തേഭ്യോ വരാഃ പരേ (27)

പൂർവ്വശ്ലോകത്തിങ്കലുള്ള ശാസ്ത്രാംഗദ്വിജശബ്ദപ്രയോഗംകൊണ്ടു കേരളത്തിങ്കൽ ജാതിമാത്രകബ്രാഹ്മണർ നാലുവിധമാണെന്നു ഗ്രഹിക്കപ്പെടുന്നു. എന്നാൽ, ഇതിൽ ഒടുവിത്ത ഒടുവിൽ പറഞ്ഞിട്ടുള്ളവർ ആദ്യംപറഞ്ഞവരേക്കാൾ ക്രമേണ അപകൃഷ്ടന്മാരാകുന്നു.

പുരാ കേരളഭൂഖണ്ഡം സൃഷ്ട്വാ യേഭ്യ സ്സ ഭാർഗ്ഗവഃ
ദത്വാ തത്ര സ്ഥിരം സ്ഥിത്വാ ദുഃഖാൽ സന്ത്യക്തകേരളാഃ(28)
യയുഃ സ്വദേശം താൻ ദൃഷ്ട്വാ ഭാർഗ്ഗവഃ ഖിന്നമാനസഃ
ഹേബ്രാഹ്മണാംമാഗച്ഛധ്വ മിതി സമ്യങ്ങ് ന്യവാരയൽ (29)

പണ്ടു ശ്രീപരശുരാമൻ കേരളഭൂമിയെ സൃഷ്ടിച്ചിട്ട് അതിനെ ആർക്കായിക്കൊണ്ടു ദാനം ചെയ്തുവോ അവർ അവിടെ അല്പകാലം സ്ഥിരമായി സ്ഥിതിചെയ്തതിൻെറശേഷം കേരളവാസത്തിങ്കലുള്ള ദുഃഖംനിമിത്തം കേരളത്തെ ഉപേക്ഷിച്ചു സ്വദേശത്തേക്കുതന്നെ യാത്രപുറപ്പെട്ടു. അതുകണ്ടിട്ടു ഭാർഗ്ഗവൻ ദുഃഖസമേതനായി 'അല്ലയോ ബ്രാഹ്മണരെ! നിങ്ങൾ പോകരുത്' എന്നിങ്ങനെ വഴിപോലെ നിവാരണംചെയ്തു.

'കേരളേ ദുഃഖബാഹുല്യാൽ സ്ഥാതു ന്നൈവ മനോരതിഃ
ഗച്ഛാമഃ കേരളം താവ ദന്യേഭ്യഃ പ്രതിദീയതാം' (30)
ഇത്യുക്തവത്സു തേഷു യാതേഷു ഭാർഗ്ഗവോ ന്യാൻദ്വിജോത്തമാൻ
'കേരളേ സ്വർഗ്ഗസൌഖ്യേന സ്ഥാപയിഷ്യാമി വോ ധ്രുവം'

ഇത്ത്യാദി ശപഥം കൃത്വാ നീയേരംശവദേഖ താൻ
സ്ഥാപയാമാസ ധൎമ്മാചാരാദിഭേദനപൂൎവ്വകം (32)

'കേരളത്തിങ്കൽ ഉള്ള ദുഃഖാധിക്യം നിമിത്തം ഞങ്ങൾക്ക് ഇവിടെ താമസിപ്പാനായിക്കൊണ്ടു മനസ്സില്ല. ഞങ്ങൾ പോകുന്നു. കേരളം അന്ന്യന്മാൎക്കായിക്കൊണ്ടു ദാനംചെയ്യപ്പെട്ടാലും' എന്നിപ്രകാരം പറഞ്ഞ് അവർ പോയതിന്റെശേഷം ഭാൎഗ്ഗവൻ അന്ന്യന്മാരായിരിക്കുന്ന ബ്രാഹ്മണോത്തമന്മാരോടു 'നിങ്ങൾ കേരളത്തിങ്കലേക്കു പോരണം. നിങ്ങളെ ഞാൻ സ്വൎഗ്ഗസുഖത്തോടുകൂടി ഇരുത്തിക്കൊള്ളാം' എന്നിങ്ങിനെ പ്രതിജ്ഞചെയ്തു കൂട്ടിക്കൊണ്ടുവന്ന് അവരെ ധൎമ്മാചാരാദിഭേദത്തോടുകൂടി മുൻപറഞ്ഞതുപോലെത്തന്നെ കേരളത്തിങ്കൽ സൌഖ്യമായി ഇരുത്തി.

ദേവാലയേഷു രാമേണ ദേവതാശ്ച പ്രതിഷ്ഠിതാഃ
നാനാദേശേഷു വൈശ്യാദ്യൈൎവ്വാണിജ്യാദിപ്രസാരിതം (33)

അതിന്റെശേഷം പരശുരാമൻ കേരളത്തിങ്കൽ പല ദേവാലയങ്ങളും നിൎമ്മിച്ച് അവകളിൽ ദേവന്മാരെ പ്രതിഷ്ഠിക്കുകയും വൈശ്യാദികളെ കൊണ്ടുവന്നു പല ദേശങ്ങളിലും കച്ചവടം മുതലായ്തു നടത്തിക്കുകയും ചെയ്തു.

ശൂദ്രാശ്ച പരിചൎയ്യാൎത്ഥം ശില്പിനശ്ചാന്ന്യകൎമ്മസു
സ്വൎഗ്ഗാദപ്സരസശ്ചൈവ സുധാഷൺമാസവൎഷകം (34)

പരശുരാമൻ അന്ന്യദേശങ്ങളിൽനിന്നു ബ്രാഹ്മണപരിചൎയ്യക്കായിക്കൊണ്ടു ശൂദ്രരേയും, കാലോചിതംപോലെ നടത്തേണ്ടതായ മററുപണികൾക്കായി ആശാരിമുതലായവരേയും സ്വൎഗ്ഗത്തിങ്കൽനിന്ന് അപ്സരസ്ത്രീകളേയും കൊണ്ടുവരികയും, കേരളത്തിങ്കൽ അമൃതവൎഷവും ഷൺമ്മാസവൎഷവും കല്പിക്കുകയും, ചെയ്തു.

ബഹ്വനാത്ര കിമുക്തേന കേരളം സ്വൎഗ്ഗവൽ കൃതം
തദാനീം പൂൎവ്വവിപ്രാസ്തൽ ശ്രുത്വാ ത്വാശു സമാഗതാഃ (35)

എന്തിനു വളരെ പറയുന്നു, രാമനാൽ കേരളം സ്വൎഗ്ഗതുല്യമാക്കപ്പെട്ടു. തൽസമയം ആദ്യം കേരളത്തെ ഉപേക്ഷിച്ചുപോയ

വിപ്രന്മാർ ആ വൎത്തമാനത്തെകേട്ടിട്ട വീണ്ടും കേരളത്തിങ്കലേക്കു തന്നെ വന്നു.

(തുടരും)

പാഴൂര് വടക്കില്ലത്ത് ജാതവേദൻനമ്പൂരിപ്പാട്

# ഉരുളൻകിഴങ്ങ

ഉരുളൻകിഴങ്ങ് എന്ന പദാൎത്ഥം മലയാളത്തിൽ ഇയ്യിടയിൽ ധാരാളമായി ഉപയോഗിച്ചുകാണുന്നുണ്ട്. എന്നാൽ അതിന്റെ സ്വഭാവത്തെപ്പററിയും കൃഷിചെയ്യുന്ന സമ്പ്രദായത്തെപ്പററിയും മനസ്സിലാക്കീട്ടുള്ളവർ വളരെ ചുരുക്കമാകുന്നു. ഉരുളൻകിഴങ്ങ് ഒരു ലതയിന്മേൽ കായ്ക്കുന്ന കായയാണെന്നു വിചാരിച്ചിട്ടുള്ളവർ അനേകം പേരുണ്ട്. കായയാണെന്നു വാദിക്കുന്ന ചിലരോട് അതിൽ 'കിഴങ്ങ്' ശബ്ദം എങ്ങിനെ വന്നുവെന്നു ചോദിച്ചപ്പോഴെ അവർ അതിനെപ്പററി ശങ്കിപ്പാൻതന്നെ തുടങ്ങിയുള്ളൂ. ഇങ്ങിനെയിരിക്കുന്ന സ്ഥിതിക്ക് അതിനെപ്പററി കുറച്ചൊന്നു പറയുന്നതു യുക്തമായിരിക്കുമെന്നു വിശ്വസിക്കുന്നു.

യൂറോപ്യന്മാർ അമേരിക്കാരാജ്യം കണ്ടുപിടിച്ചപ്പോൾ അവിടെയാണ് ഈ സാധനത്തെ ആദ്യമായി കണ്ടെത്തിയത്. അമേരിക്കക്കാർ അതിനെ കൃഷിച്ചെയ്ത് ഭക്ഷണപദാൎത്ഥമായി ഉപയോഗിച്ചുവന്നിരുന്നു. എങ്കിലും യൂറോപ്യന്മാർ അവിടെ ചെന്നതിന്നു ശേഷമാണ് ഉരുളൻകിഴങ്ങുകൃഷി വളരെ പ്രചാരമായിവന്നത്. ക്രൈസ്തവവൎഷം 1535—1585 ഇക്കാലത്തു യൂറോപ്പുഖണ്ഡത്തിൽ സ്പെയിൻ രാജ്യത്തേക്കാണ് ഈ കിഴങ്ങ് ഒന്നാമതായികൊണ്ടുവരപ്പെട്ടത്. അവിടെനിന്ന് ആ കൃഷി ക്രമേണ പോൎത്തുഗൽ, ഇററലി, ഫ്രാൻസ്, ജൎമ്മനി, ബൽജിയം എന്നീരാജ്യങ്ങളിലേക്കു വ്യാപിച്ചു. അയർലാണ്ടുരാജ്യത്തേക്കു സർ. വാൾട്ടർ റാലി എന്നാളാണ് ആദ്യമായി കൊണ്ടുവന്നത്. പിന്നീട് അയർലാണ്ടിൽ അതു

ഒരു പ്രധാന കൃഷിയായിത്തീൎന്നു. എന്നുതന്നെയല്ല, അതിപ്പോൾ തദ്ദേശീയന്മാൎക്കു പ്രധാന ഭക്ഷണവുമാകുന്നു.

ഉരുളൻകിഴങ്ങു പണ്ട് ഇന്ത്യയിൽ ഉണ്ടായിരുന്നില്ല. അത് ആദ്യം കൊണ്ടുവന്നു നടപ്പാക്കിയത് ആരാണെന്നോ എന്നാണെന്നോ തിട്ടപ്പറവാൻ സാധിക്കുന്നതല്ല. എങ്കിലും ഏകദേശം 300 സംവത്സരം മുമ്പ് അതിവിടെ കൃഷിചെയ്തു തുടങ്ങീട്ടുണ്ടെന്നുള്ളതിലേക്കു ലക്ഷ്യങ്ങൾ കാണുന്നുണ്ട്. ക്രിസ്ത്വാബ്ദം 17-ാം നൂററാണ്ടിന്റെ അവസാനത്തിൽ സ്പെയിൻരാജ്യക്കാർ കൊണ്ടുവന്നതായിരിക്കണം എന്നൂഹിപ്പാനാണ് വഴിയുള്ളത്.

ഇന്ത്യയിൽ ഇപ്പോൾ മിക്കപ്രദേശങ്ങളിലും ഉരുളൻകിഴങ്ങ് ധാരാളമായി കൃഷിചെയ്തുവരുന്നുണ്ട്. അവയിൽവെച്ചു ബെങ്കാൾ സംസ്ഥാനത്ത് ഹ്യൂഗ്ലി ബഡ്വാൺ എന്നീജില്ലകളിലും, ആസ്സാംരാജ്യത്ത് ഖ്യാസ്യഎന്ന മലയിലും, ഹിമവാൻ പൎവ്വതത്തിന്റെ താഴ്‌വരയിൽ പല പ്രദേശങ്ങളിലും, പഞ്ചാബിൽ ലാഹോർ നഗരത്തിന്റെ ചുററുമുള്ള സ്ഥലങ്ങളിലും പിന്നെ മലപ്രദേശങ്ങളിലും, ബൊമ്പാസംസ്ഥാനത്ത് പൂന, അഹമദ്നഗർ, അഹമദബാദ്, സററാറ, കൈംധിറ എന്നീ ജില്ലകളിലും, മദ്രാസ് സംസ്ഥാനത്ത് നീലഗിരിജില്ലയിലും, ബൎമ്മാരാജ്യത്ത് കാറൻ എന്ന മലപ്രദേശത്തും, ആണ് അതു മുഖ്യമായി കൃഷിചെയ്യപ്പെടുന്നത്.

ചെളിയും തരിമുഴപ്പുകുറഞ്ഞ മണലും കൂടിചേൎന്ന മണ്ണിൽ ഉരുളൻകിഴങ്ങു നല്ലവണ്ണം പിടിക്കുന്നു. അതിനു കുറച്ചു ഉപ്പുരസവുംകൂടി ഉണ്ടായിരിക്കണം.

ഈ കൃഷിക്കു പെയ്ത്തുവെള്ളത്തെമാത്രം ആശ്രയിക്കുന്നതിനേക്കാൾ വെള്ളം തിരിച്ചുകൊണ്ടുവന്നു നനക്കുന്നതാണ് ഉത്തമം. അതിനാൽ ബെങ്കാളത്തും മററുമുള്ള കൃഷിക്കാർ കിണററ് തോട് ഏരി മുതലായവയിൽനിന്നു വെള്ളം സൌകൎയ്യംപോലെ തിരിച്ചു കൊണ്ടുപോകുവാൻ തരമുള്ള പ്രദേശങ്ങളിലാണ് അതു കൃഷിചെയ്യുന്നത്.

ഉരുളൻകിഴങ്ങിൽത്തന്നെ പല ജാതികളുണ്ട്. എന്നാൽ

സാധാരണയായി കൃഷിക്കാർ നല്ലജാതി തിരിഞ്ഞെടുത്തു കൃഷിചെയ്യുന്നതിൽ അത്ര ശ്രദ്ധവെക്കുന്നില്ല എന്നാണ് കൃഷിയിൽ നിപുണന്മാരായ വെള്ളക്കാരുടെ അഭിപ്രായം. നല്ലവിത്തു തിരഞ്ഞെടുത്തു പാവുന്നതിലും അവർ വളരെ ഉദാസീനതയെ കാണിക്കുന്നുണ്ടത്രെ. സാധാരണയായി കൃഷിക്കാർ ഉള്ളതിൽ ചെറിയ കിഴങ്ങാണ് വിത്തിനുപയോഗിക്കുന്നത്. എന്നാൽ വലിപ്പത്തിൽ ഏകദേശം മദ്ധ്യപ്രായമായിട്ടുള്ളതാണ് വിത്തിന് അധികം നല്ലത് എന്ന് ഇപ്പോൾ ബോദ്ധ്യമായി തുടങ്ങിട്ടുണ്ട്. വിത്തു സൂക്ഷിക്കുന്നതിൽ കൃഷിക്കാർ വളരെ ശ്രദ്ധവെക്കുന്നുണ്ട്. വിത്തിനുള്ള കിഴങ്ങ് അവർ വെയിലത്തു നല്ലവണ്ണം ഉണക്കിയതിന്റെ ശേഷം അവയെ പുരക്കകത്ത് പരമ്പിൽ നല്ലവണ്ണം പരത്തിയിടുന്നു. കിഴങ്ങു കുന്നാക്കി കൂട്ടിയിടരുത്. സ്ഥലം ധാരാളമുണ്ടെങ്കിൽ വിത്തുകൾ തമ്മിൽ ഒന്നിനോടൊന്നു തൊടാതെ പരത്തിയിടുന്നതാണ് ഉത്തമം.

ഉറുളൻകിഴങ്ങിനായി ഒഴിച്ചിട്ടിട്ടുള്ള കണ്ടങ്ങളിൽ അതുതന്നെ കൊല്ലന്തോറും കൃഷിചെയ്യുന്നതുകൊണ്ടു വലിയ ദോഷമില്ല. പക്ഷെ സ്വതേതന്നെ വളം കുറഞ്ഞ മണ്ണാണെങ്കിൽ കാലാന്തരത്തിലേക്കു വിളവിന്നു ദോഷം വന്നേക്കാം. ചൈങ്കാളത്തും മററു നെല്ലുകൊയ്യുടുത്തിട്ടുള്ള കണ്ടങ്ങളിലും അതു കൃഷിചെയ്യാറുണ്ട്.

കൃഷിക്കുള്ള കാലം ദേശാവസ്ഥകളെ അനുസരിച്ചു ഭേദപ്പെടുന്നതാകുന്നു.

മലപ്രദേശങ്ങളിൽ കൃഷി ചെയ്യുന്ന ഉറുളൻകിഴങ്ങും, നാട്ടിൽ കൃഷിചെയ്യുന്നതും, രണ്ടും രണ്ടുജാതിതന്നെയാകുന്നു. അതിനാൽ അവയെ നടുന്നകാലവും ഭേദപ്പെട്ടിരിക്കുന്നു. ഉത്തരദേശത്ത് സാധാരണയായി മലപ്രദേശങ്ങളിൽ കർക്കടകം ചിങ്ങം എന്നീമാസങ്ങളിലും, നാട്ടിൽ കന്നി തുലാം എന്നീമാസങ്ങളിലുമാണ് നട്ടുവാനാരംഭിക്കുക. എന്നാൽ നീലഗിരിയിൽ മീനമാസം കാലത്താണ് നടുന്നത്. തുലാത്തിൽ പറിക്കുകയും ചെയ്യും. അതിന്നുമുമ്പു ഭൂമി ഉഴുതുപൊടിക്കുന്നതിൽ വളരെ നിഷ്കർഷ്ചെയ്യേണ്ടതാകുന്നു. ഇവിടങ്ങളിൽ എള്ള വിതക്കുന്നതിന്നുള്ള ഭൂമി എത്രത്തോ

ളം ശേഖരിക്കുന്നതിന്നു പുറമെ, മണ്ണിനെ ഇളക്കി പൊടിയാക്കി ചെയ്യുണമെന്നാണ് പഴമക്കാർ പറഞ്ഞുവരാറുള്ളത് അതിലും ഒന്നുകൂടി മിനുസപ്പെടുത്തേണ്ടതാകുന്നു. നല്ലവണ്ണം ഉഴുതുപൊടിച്ച ഭൂമി സമനിരപ്പാക്കിയതിന്റെശേഷം തടങ്ങൾ കോരണം. തടങ്ങളുടെ ഇടയിൽകൂടി വെള്ളം സൌകൎയ്യംപോലെ തിരിച്ചുകൊണ്ടുവരുന്നതിന്നു ചാലുകൾകീറുന്നു. പിന്നെ പിണ്ണാക്കു നല്ലവണ്ണംപൊടിച്ചു തടങ്ങളിൽ വിതറുന്നു. അതിന്റെശേഷം വിത്തു കുഴിച്ചിടുക. കൈകൊണ്ടാണ് കുഴിച്ചിടേണ്ടത്. സൂൎയ്യരശ്മി തട്ടി വിത്തു കെട്ടുപോകാതെയിരിക്കത്തക്കവണ്ണം ആഴത്തിൽ കുഴിച്ചിടണം. കുഴിച്ചിടുന്നതിന്നുമുമ്പായിട്ടുതന്നെ വിത്തിനുള്ള ചില കിഴങ്ങിനു രണ്ടോ മൂന്നോ ഇഞ്ച നീളത്തിൽ മുളവന്നിട്ടുണ്ടായിരിക്കും. എന്നാൽ കുഴിച്ചിടുന്നസമയം ആവക മുളകൾ പൊട്ടാതെ സൂക്ഷിക്കേണ്ടതാകുന്നു. ബൊമ്പായിസംസ്ഥാനത്ത് സാധാരണയായി വിത്തിനുള്ള കിഴങ്ങു മുള വന്നിട്ടുള്ളതിന്റെ അവസ്ഥപോലെ രണ്ടോ മൂന്നോ കഷ്ണമാക്കീട്ടാണ് നടുന്നത്. എന്നാൽ രണ്ടാക്കിഭാഗിച്ചു നടുന്നതായാലെ ചെടിക്കു കരുത്തുവെക്കുകയുള്ളു. വളരെ മുളകൾ പൊട്ടീട്ടുള്ള വിത്തിൽനിന്നുണ്ടാകുന്ന ചെടി കരുത്തുവെക്കുന്നതല്ല. ഏകദേശം ഏഴേഴ് ഇഞ്ചകലെ വരിവരിയായിട്ടാണ് അതു നടുന്നത്.

സാധാരണയായി നാട്ടിൽ കൃഷിചെയ്യുന്നതു ഒരാഴ്ചയോടുകൂടി മുളക്കുന്നു. ബൊമ്പായിൽ കൃഷിചെയ്യുന്നതു മുളക്കുന്നതിന്നു കുറച്ചുകൂടി കാലംവേണം. വേണ്ടസമയത്തു മുളച്ചില്ലെങ്കിൽ തോടു കീറിട്ടുള്ളതിൽകൂടി വെള്ളം തിരിച്ചുകൊണ്ടുവന്നു പാത്രംകൊണ്ടു മുക്കി തടങ്ങളിൽ പാററണം. എന്നാൽ നനക്കാതെതന്നെ മുളക്കുന്നവയാണ് അധികം കരുത്തോടുകൂടി വളരുക. ഇങ്ങിനെ ഇടക്കു കുറേശ്ശ വെള്ളം പാററി എല്ലാം മുളച്ച് ചെടി ആറോ ഏഴോ ഇഞ്ചുപൊക്കമായാൽ അവക്കു കുറച്ചു മണ്ണിട്ടുകൊടുക്കാം. പിന്നെ ഏകദേശം ഒരുമാസംകഴിഞ്ഞാൽ പിണ്ണാക്കുപൊടിച്ചതും വെണ്ണീരും കൂട്ടിചേൎത്തിട്ടു ഒരു മണ്ണുകൂടി ഇടണം. പിന്നെ പ്രയത്നം വേറെ

ചിലവത്തേണ്ടതൊന്നുമില്ല. എട്ടോ പത്തോ ദിവസം കൂടുമ്പോൾ നനമാത്രം വേണം.

പഴകിയചാണം, ചാരം, അവണക്കുംകുരുവിൽനിന്നു (എണ്ണ എടുത്തതിൻെറശേഷം) ഉണ്ടാകുന്ന പിണ്ണാക്ക്, എന്നിവയാകുന്നു അതിനുള്ള പ്രധാന വളങ്ങൾ. അവയിൽ അവണക്കുകൊട്ടപിണ്ണാക്കാണ് പ്രധാനമായിട്ടുള്ളത്. ചാണം വിത്തു കുഴിച്ചിടുന്നതിനു വളരെ മുമ്പുതന്നെ കണ്ടത്തിൽ ചേക്കുന്നതാണ്. പിണ്ണാക്കിനെപ്പൊടി കിഴങ്ങു നടുമ്പോഴും പിന്നെ എല്ലാം മുളച്ചു തയ്യായതിൻെറ ശേഷം രണ്ടാംപ്രാവിശ്യം മണ്ണിടുമ്പോഴും ചേക്കുന്നു.

ഉറളൻകിഴങ്ങിൻെറചെടി ഏകദേശം രണ്ടടിയോളമേ പൊക്കം വെക്കുകയുള്ളൂ. ചെടി കുറേശ്ശ പഴുത്തുതുടങ്ങുമ്പോളാണ് അതു പറക്കേണ്ടകാലം. പറിച്ചാൽ വലിയകിഴങ്ങുകൾ വില്ക്കുന്നു. ചെറിയവയിൽ നല്ലതെല്ലാം വിത്തിനു ശേഖരിച്ചു ബാക്കിയുള്ളത് സ്വന്താവശ്യത്തിനുപയോഗിക്കുന്നു.

ഉറളൻകിഴങ്ങ് ക്ലൂക്കയുടെ ഒരു വകഭേദമാണെന്നു കഷ്ടിച്ചുപറയാം. പക്ഷെ ചെടിക്കും കിഴങ്ങിനും വലിപ്പം ക്ലൂക്കേക്കാൾ അധികമുണ്ടായിരിക്കും.

ഉറളൻകിഴങ്ങുകൃഷിക്കു സാധാരണയായി രണ്ടുമൂന്നുതരം കേടുകൾ പററവാറുണ്ട്. ചെടി തട്ടിത്തഴുത്തു വളൎന്നുവരുമ്പോൾ അതിൻെറ വേരിന്മേൽ ഒരു പഴപ്പുകേറന്നു. അതോടുകൂടി ചെടി ഉണങ്ങുകയും ചെയ്യുന്നു. ഈ കേടുനിമിത്തം കൃഷിക്കു വളരെ നാശം സംഭവിച്ചിട്ടുണ്ട്. ഈ കേട് അതിവഷംകൊണ്ടും വഷമില്ലായകൊണ്ടും വരുന്നതാണ്. ഇനി ഒരുജാതി കേടുണ്ട്. വളരെ ആരോഗ്യത്തോടുകൂടി വളരുന്ന ചെടിയുടെ ഇലകൾ പെട്ടന്നു ചുരുണ്ടുവശാവുന്നു. അപ്പോൾ ചെടിയുടെ വളച്ചു തിരെ നില്ക്കുകയും വളരെ താമസിയാതെ ചെടി ഉണങ്ങിപ്പോവുകയും ചെയ്യുന്നു. പിന്നെ ചില പ്രാണികളുടെ ഉപദ്രവമാണുണ്ടാകുന്നത്. ചില ഭൂമിയിൽ കൃഷിചെയ്താൽ പ്രാണിക്കേട് അധികം കാണുന്നുണ്ട്. പച്ചച്ചാണകമുപയോഗിച്ചാലും പ്രാണിക്കേടുണ്ടാകും.

ഇന്ത്യയിലുള്ള സകലജാതി ജനങ്ങളും ഉരുളൻകിഴങ്ങു ഭക്ഷണപദാൎത്ഥങ്ങളുടെ കൂട്ടത്തിൽ ഉപയോഗിച്ചു തുടങ്ങീട്ടുണ്ട്. ഉത്തരദേശത്തുള്ള ബ്രാഹ്മണർ ധാന്യഭക്ഷണം വിരോധമായിട്ടുള്ള ചില വ്രതാനുഷ്ഠാനദിവസങ്ങളിൽ ഉരുളൻകിഴങ്ങാണ് ഇപ്പോൾ ഭക്ഷിച്ചുവരുന്നത്. ബൊമ്പായസംസ്ഥാനത്തും അവിടുന്നു വടക്കോട്ടുള്ള രാജ്യങ്ങളിലുമാണ് ഇതിന്നധികം പ്രചാരം. ബൊമ്പായസംസ്ഥാനത്തുതന്നെ ഏകദേശം പന്തീരായിരം ഏക്കർ ഭൂമിയിൽ ഈ കിഴങ്ങു കൃഷി ചെയ്തു വരുന്നു.

കുറച്ചുകാലമായി മലയാളികളും ഈ കിഴങ്ങു ധാരാളം ഉപയോഗിച്ചുതുടങ്ങിയിരിക്കുന്നു. ഉരുളൻകിഴങ്ങുകൊണ്ടുള്ള തോരനും പൊടിത്തൂവലും വളരെ വിശേഷമാണ്. ചേമ്പു വറുക്കുന്നതുപോലെ കനംകുറച്ചു നുറുക്കി വറുക്കുന്നതിന്നും നല്ലതാകുന്നു. മെഴുക്കുപുരട്ടിക്കും അതു വളരെ യോജിക്കുന്നു. ഉരുളൻകിഴങ്ങും ചെറുപയററിൻ പരിപ്പും (അല്ലെങ്കിൽ തുമരപ്പരിപ്പും) കൂടിയുള്ള മുളകുഷ്യവും ബഹു സ്വാദുള്ളതാകുന്നു. ഇത് ഇവിടങ്ങളിൽ വളരെ പ്രചാരമായിത്തീൎന്നിട്ടുണ്ട്. ആ യോഗംകൊണ്ടുതന്നെ എരിശ്ശേരി വെച്ചാലും വളരെ നല്ലതായിരിക്കും. ഈ കിഴങ്ങു പരിപ്പിലേക്കു വളരെ യോജിപ്പുള്ള ഒരു പദാൎത്ഥമാണ്. അതിനാൽ അതു സാമ്പാറിൽ ഒരു കഷ്ണമായി ചേൎത്തുവരാറുണ്ട്. നേന്ത്രക്കായയും (ചേനക്കു പകരം) ഉരുളൻകിഴങ്ങുംകൂടി മോരൊഴിച്ചു കാളൻ വെച്ചാലും വളരെ വിശേഷമായിരിക്കും. ചുരുക്കത്തിൽ പറയുകയാണെങ്കിൽ, മിക്ക കറികൾക്കും ഈ കിഴങ്ങു യോജിക്കുന്നതാകുന്നു. മാംസംകൊണ്ടുള്ള പല കറികൾക്കും ഇതു വളരെ യോജിക്കുമത്രെ. സ്വാദിനെ സംബന്ധിച്ചേടത്തോളം കിഴങ്ങുവൎഗ്ഗത്തിൽ ചേനകഴിഞ്ഞാൽ പിന്നെ ഇതിന്നു രണ്ടാംകിട കൊടുക്കാമെന്നാണ് എന്റെ പക്ഷം. ചേനയെപ്പോലെ ഇതും വയററിന്നു നല്ലതാകുന്നു. ഇവിടങ്ങളിൽ ലാഭമായിരിക്കുന്ന കാലത്ത് ഇതിന്നു റാത്തലിന് അര അണ വിലയുണ്ട്, അപൂൎവ്വമായിരിക്കുമ്പോൾ ഒന്നേകാല്, ഒന്നര അണവരെ വില കയറുന്നതാണ്, ഇത്രയും വിലയുള്ള ഈ സാധനത്തെ ഇ

വിടങ്ങളിൽ കൃഷിക്കാർ പരീക്ഷിച്ചുനോക്കാത്തതു വിസ്മിതത്തമാകുന്നു. നിലഗിരിയിലും മലയാളത്തിലും വൎഷം ഒരു പോലെയാകകൊണ്ട് അവിടെ കൃഷിചെയ്യുന്നതുപോലെ ഇവിടെയും നോക്കിയാൽ ഫലിക്കുമെന്നാണ് എന്റെ അഭിപ്രായം.

നമ്മുടെ ഈ ചുമന്നമണ്ണിൽ ഇതു നല്ലവണ്ണം പിടിക്കും. തുലാവൎഷം പോകുന്നതോടുകൂടി ഭൂമി നല്ലവണ്ണം ഉഴുതിട്ടേക്കണം. പിന്നെ മീനമാസത്തിൽ മഴപെയ്താൽ രണ്ടാമതും നല്ലവണ്ണം ഉഴുതു കട്ടകളെല്ലാം വെടിപ്പായി പൊടിച്ചു മേൽപറഞ്ഞ മാതിരി കൃഷി ആരംഭിക്കണം. * അത്യുഷ്ണംനിമിത്തം വിത്തുകൾ കെട്ടുപോകാതിരിപ്പാൻവേണ്ടി നട്ട ഉടനെ തോലുവെട്ടിച്ചു പൊതയിടേണ്ടിവരും. വളത്തിനു പിണ്ണാക്കിനു പകരം നമുക്കു ചാണപ്പൊടിയും ചാരവും ചേൎത്താൽ ധാരാളം മതി. വൎഷംവരെ ഇടക്കിടക്കു നനക്കേണ്ടിവരും. മീനത്തിൽ നടുന്നതായാൽ വൎഷമാകുമ്പോഴക്കും എല്ലാം കരുത്തുള്ള ചെടികളായിത്തീരുന്നതാകയാൽ അതിവൎഷംകൊണ്ടുള്ള കേട വളരെ ബാധിക്കുകയില്ലെന്നു തോന്നുന്നു. ഇപ്രകാരം ചെയ്ത് കൃഷി ഫലിക്കുന്നുവെങ്കിൽ ചേമ്പു, കിഴങ്ങു, കൂക്കമുതലായവയെ പറിക്കുന്നതോടുകൂടി (അല്ലെങ്കിൽ അതിന്നു കുറച്ചുമുമ്പുതന്നെ) അതും പറിക്കാറാകും.

## കൂൎക്കംവലി

രാത്രി കിടക്കുന്ന മുറിയിൽ അതികലശലായി കൂൎക്കം വലിക്കുന്ന ഒരാളും കൂടി വന്നുവശായാൽ അന്നത്തെ രാത്രി കഴിച്ചുകൂട്ടുന്നതിന്നുള്ള പ്രയാസം ഇന്നപ്രകാരമെന്ന് അനുഭവിച്ചവൎക്കു മാത്രമേ അറിഞ്ഞുകൂടു. അസാമാന്യമായി ശരീരം സ്ഥൂലിച്ചിട്ടുള്ള ചില പന്നിത്തടിയന്മാർ അത്താഴം ആകണ്ഠം—ആനാ

* നീലഗിരിയിൽ ബൊട്ടാനിക്കൽ ഗാൎഡ്ഡൻ സൂപ്രേണ്ടിന്നെഴുതിയാൽ വിത്തിന്നു നല്ലകിഴങ്ങ ആറുറുപ്പികക്കു ൧൦൦൦ം കിട്ടുന്നതാണ.

സം. (പോരാ) ശിരസ്സുവരെതന്നെ സാപ്പാട്ടു കഴിച്ച് അരയിൽനി ന്നു കിഴിഞ്ഞുപോകുന്ന നനമുണ്ടിനെ ഇടത്തെ കൈകൊണ്ടുതാങ്ങി വലത്തെ കൈകൊണ്ടു സംതൃപ്തനായി കുംഭയും തലോടി ഭയംകര മാകുംവണ്ണം ചില തേട്ടലും മററുംചെയ്തുകൊണ്ടുചന്നു മലച്ച് (മു റുക്കുവാനുംകൂടി ഇടയില്ലാതെ) കൈകാലുകളെപരത്തി കിടന്നു വ ലി മുറക്കത്തോട്ടാരംഭിച്ചാൽ പിന്നെ ഇവൻെറ കഥ മഹാകഷ്ടംത ന്നെ! ചിലക്കു വരവും ചിലവും സമം. ചിലക്കു വരവു ജാസ്തി. ചിലവു മോശം. ചിലക്കു തദ്വിപരീതം. ഇങ്ങിനെ അവരവരുടെ സ്വഭാവത്തെ അനുസരിച്ചു കൊണ്ടുപിടിക്കുന്നു. ഇവൻെറ ഉറ ക്കം പറപറന്നു. മനസ്സു കുറുക്കംവലിയിൽതന്നെയായി. കുറച്ചു ക ഴിഞ്ഞാൽ കുറെ ഭേദമാകുമെന്നുവെച്ചു സമാധാനപ്പെട്ടുകിടക്കുന്നു; ഇങ്ങിനെ കുറെ കഴിയുമ്പോൾ വലിക്കാരൻ ഒന്നു ചെരിഞ്ഞുകിട ക്കുന്നു. അപ്പോൾ അരമിനിട്ടുനേരത്തേക്ക് അസാരം കുറവുണ്ടാകു ന്നു. ആവൂ, ഇനി കുറച്ചുറങ്ങുവാൻ ശ്രമിക്കട്ടെ എന്നു വിചാരിക്കു മ്പോഴക്കുംഇതാ കർ—ർ—ർ—ട സ്. കാൎയ്യം വിഷമത്തിലായി. ഇ പ്രകാരം രണ്ടോ മൂന്നോ കുറി ഈ എഴുത്തുകാരൻ അബദ്ധത്തിൽ പെട്ടിട്ടുണ്ട്. സ്വതേ ബലഹീനനും ഒരു ഉദരരോഗിയുമാകയാൽ നി ശ്ശബ്ദമായിരുന്നാലെ ഉറക്കം വരികയുള്ളു. നല്ലവണ്ണം ഉറങ്ങിയാ ലെ ദീപനവും സുഖമാവുകയുള്ളു. ഒരു ദിവസം കിടക്കുന്ന മുറി യിൽ മേൽവിവരിച്ചപ്രകാരമുള്ള ഒരു വിദ്വാൻ ചാടിവീണു. വലിയും തുടങ്ങി. വരവും ചിലവും ഒപ്പം. രണ്ടുമൂന്നു മണിക്കൂ റോളം സഹിച്ചു. ഇയ്യുള്ളവന് ഉറക്കത്തിൻെറ ലേശമുണ്ടായില്ല. ശ്രുണ്ഠികലശലായി. ഒടുക്കം അത് കരച്ചലായി പരിണമിച്ചു. വ ലിക്കാരനെ വലിച്ചിഴച്ചു പുറത്തിട്ടെങ്കിലൊ‌എന്നു വിചാരിച്ചു. പക്ഷെ മൎയ്യാദക്കു വിരോധമാകയാൽ അപ്രകാരം ചെയ്യാനുദ്യമിച്ചി ല്ല. വേണമെന്നുണ്ടായിരുന്നാൽ തന്നെ തത്സമയം സാധിക്കുന്ന കാൎയ്യവും സംശയം. മുറിയിൽ വേറെ ആരുമുണ്ടായിരുന്നില്ല. ഇ യ്യുള്ളവനെപ്പോലെ അയ്മ്പതുപേരുണ്ടായിരുന്നെങ്കിൽ അരയിൽ കയറിട്ട് എല്ലാവരുംകൂടി ഒത്തുപിടിച്ചാൽ ഇളകുന്ന കാൎയ്യം കഷ്ടി.

പ്പള്ളി അഞ്ചിനാത്തേതായിരുന്നു. എന്തിനധികം വിസ്തരിക്കുന്നു, വളരെ ദുഃഖത്തോടുകൂടി തന്നെ വെളുപ്പാൻ കാലംവരെ കഴിച്ചുകൂട്ടി എന്നു പറഞ്ഞാൽ മതിയല്ലൊ. വെളുപ്പാൻകാലത്തു തണുപ്പു വീണപ്പോൾ കുറച്ചൊന്നുറങ്ങി.

അന്യനുപദ്രവകരമായ ഈ പ്രകാരമുള്ള കൂർക്കംവലികൾ ഒരുന്നില്ലെങ്കിലും, വലിക്കാരൻ കിടക്കുമ്പോൾ കുറച്ചൊന്നു മനസ്സിരുത്തിയാൽ വളരെ ഭേദപ്പെടുത്താവുന്നതാകുന്നു. മൂക്കിൽ എന്തെങ്കിലും തടസ്ഥം, സുഖമല്ലാത്ത കിടപ്പ് ഇവ രണ്ടുമാണ് കൂർക്കംവലിക്കു സാധാരണയായിട്ടുള്ള ഹേതു. മലൎന്നു കിടക്കുന്നതു ചീത്തയാകുന്നു. അതിനാൽ ആ ശീലം കഴിയുന്നതുമില്ലാതാക്കുവാൻ ശ്രമിക്കേണ്ടതാവശ്യമാകുന്നു. തലയിണവെച്ചുറങ്ങുന്നതായാൽ കൂർക്കംവലിക്കു കുറെ ഭേദമുണ്ടാകും. അത്താഴം ആഹാരംവരെയും മറ്റും ചിലത്താതെ മിതമായി ഭക്ഷണം കഴിക്കുന്നതിൽ വളരെ മനസ്സിരുത്തണം. നീരിളക്കം നിമിത്തമൊ മറ്റൊ മൂക്കടപ്പ്, ചുമ, കഴുത്തിന്റെ ഉപദ്രവം മുതലായതുണ്ടായാൽ ഉടനെ ചികിത്സചെയ്തു അവയെ ഭേദമാക്കണം. ഉറങ്ങുമ്പോൾ വായ തുറന്നു കിടക്കുന്നതും മഹാഅപകടമായിട്ടുള്ള ('ശേറ' എന്നെഴുതുന്നതുപോലെയുള്ള) കിടപ്പും കൂർക്കം വലിക്കു ഹേതുക്കളായി ഭവിക്കുന്നു. * അതിനാൽ വലിക്കാരൻ ആ വക ദുശ്ശീലങ്ങളേയും ത്യജിക്കേണ്ടതാകുന്നു.

കെ, എം.

---

# ഇന്ദുമതിയും ചിത്രരഥനും

പിശുനൻ ഇന്ദുമതിയുടെ മുഖ്യസേവനായതുകൊണ്ടു രാജ്ഞിക്ക് അയാളുടെനേരെ ദ്വേഷമുണ്ടായിരുന്നു. വല്ല ജന്തുക്കൾക്കും കൊടുത്തുനോക്കി അതിന്റെ ശക്തി പരീക്ഷിച്ചറിയേണ്ടതിന്നാണെന്നുപറഞ്ഞു രാജ്ഞി ഒരുദിവസം തന്റെ വൈദ്യനോടു കുറെ വിഷം വേണമെന്നാവശ്യപ്പെട്ടു. ആവശ്യപ്പെട്ടപ്രകാരം വൈദ്യൻ ഒരു കു

പ്പിയിൽ കുറെ മരുന്നു കൊണ്ടുപോയി കൊടുത്തു. മരുന്നു രാജ്ഞി പിശ്ശുനന്നു കൊടുത്തിട്ടുണ്ടായിരുന്നു. ആ മരുന്നാണു പിശ്ശുനൻ ഇന്ദുമതിക്കു കൊടുത്തത്.

ശൈശവത്തിൽ രാജധാനിയിൽനിന്നു കാണാതെയായ രണ്ടു രാജകുമാരന്മാർ ഒരു വനത്തിൽ ഒരു ഗുഹയിൽ താമസിച്ചുവന്നു. അവർ വസിക്കുന്ന ഗുഹയുടെ മുമ്പിലാണ് ഇന്ദുമതി ദൈവഗത്യാ ചെന്നെത്തിയത്. ബലരാമൻഎന്നുപേരായ ബതരായനത്തിലുള്ള ഒരു സ്ഥാനാധിപതി രാജദ്രോഹംചെയ്യുവെന്ന ഒരു കളവായ കുറത്തെ സിംഹളരാജാവു വിശ്വസിച്ച് അദ്ദേഹത്തെ നാടുകടത്തുവാൻ വിധിക്കയുണ്ടായിട്ടുണ്ട്. ഈ പകനിമിത്തം ബലരാമനാണ് രാജകുമാരന്മാരെ കോവിലകത്തുനിന്നു വഞ്ചിച്ചുകൊണ്ടുപോയത്. ശത്രുവിന്റെ പുത്രന്മാരാണെങ്കിലും ബലരാമൻ കുട്ടികളെ വേണ്ടപോലെ വളൎത്തിക്കൊണ്ടുവന്നു. അവൎക്കു വേണ്ടുന്ന വിദ്യകളെല്ലാം ഉപദേശിച്ചു സൌഖ്യമായി ഗുഹയിൽ പാൎപ്പിച്ചു. രാജപുത്രന്മാർ ദൃഢഗാത്രന്മാരായി സൌഖ്യത്തോടുകൂടി വളൎന്നു. വേട്ടയാടിക്കിട്ടിയ മാംസവും ഫലമൂലങ്ങളുമായിരുന്നു ഇവരുടെ ഭക്ഷണം. ഒരുദിവസം ഇവർ വേട്ടയാടുവാൻപോയ സമയത്താണ് ഇന്ദുമതി ഗുഹയിൽ എത്തിയത്. ഇന്ദുമതി വഴിനടന്നു ക്ഷീണിച്ചു. ക്ഷീണവും വിശപ്പും സഹിപ്പാൻ ശക്തിയില്ലാതായിട്ടു വല്ലതും ഭക്ഷിപ്പാൻ കിട്ടുമൊയെന്നറിവാൻ വഴിവിട്ടലഞ്ഞുനടക്കുമ്പോഴാണ് ഈ ഗുഹയുടെ മുമ്പിൽ എത്തിയത്. ഗുഹ കണ്ടപ്പോൾ അതിനുള്ളിൽ വല്ലവരുമുണ്ടാവുമെന്നും അവരോടു ഭക്ഷണം ചോദിച്ചു വാങ്ങാമെന്നും ഉറച്ചു അകത്തേക്കുകടന്നു. ഗുഹക്കുള്ളിൽ ആരേയും കണ്ടില്ല. എന്നാൽ ഒരുഭാഗത്തു കുറെ മാംസം ഭക്ഷണത്തിന്നൊരുക്കിവെച്ചിരിക്കുന്നത് ഇന്ദുമതി കണ്ടു. സമ്മതം ചോദിച്ചു വാങ്ങിഭക്ഷിക്കുന്നതിന്നു താമസിപ്പാൻ വിശപ്പു സമ്മതിച്ചില്ല. ജീവഹാനി വരുന്നതിനേക്കാൾ മീതെയല്ലല്ലോ എന്നുറച്ചു മാംസം എടുത്തു ഭക്ഷിപ്പാൻ തുടങ്ങി. കുറെ ഭക്ഷിച്ചു വിശപ്പു ശമിച്ചപ്പോൾ ഹാ! പുരുഷന്മാരുടെ കഷ്ടപ്പാടുകൾ ഇപ്പോഴെ എനിക്കു മനസ്സിലായുള്ളു. ഞാൻ എത്ര ക്ഷീണിച്ചിരി

കുന്നു; രണ്ടുദിവസമായിട്ടു ഉണക്കപ്പുല്ലിലാണ് ഞാൻ കിടന്നത്'. ഇത്രയും പറഞ്ഞപ്പോഴെക്ക് ഇന്ദുമതിക്കു ഭർത്താവിൻെറ ഓർമ്മവന്ന ഉടനെതന്നെ "എൻെറ പ്രാണപ്രിയനായ ചിത്രരഥാ! അങ്ങയുടെ പ്രേമത്തിന്ന ഇത്ര വേഗത്തിൽ ഭംഗംവന്നുവല്ലൊ. അങ്ങയുടെ മനസ്സിന്ന് ഇത്ര കാഠിന്യമുണ്ടെന്നു ഞാൻ ധരിച്ചില്ലല്ലൊ. ഇതിന്നെന്താണ് കാരണം' എന്നു പറഞ്ഞുകഴിഞ്ഞപ്പോൾ ഗുഹാദ്വാരത്തിൽനിന്നു ഒരു ശബ്ദംകേട്ടു. നായാട്ടിന്നുപോയിരുന്ന രാജകുമാരന്മാരും ബലരാമനും മടങ്ങിഎത്തി. ബലരാമൻ ഗുഹയിലേക്കു കടന്നഉടനെ കുട്ടികളോടു "നില്ക്കുവിൻ ഗുഹയിൽനിന്നു ഒരു ശബ്ദം കേൾക്കുന്നുണ്ട്" എന്നുപറഞ്ഞു പുറത്തേക്കു കടന്നു. ഇന്ദുമതി ഉടനെ ഗുഹയുടെ പുറത്തേക്കു വന്നപ്പോൾ ദീർഘകായന്മാരായ മൂന്നു യോഗ്യപുരുഷന്മാർ നില്ക്കുന്നതുകണ്ടു ഭയപ്പെട്ട് അവരോടിങ്ങിനെ പറവാൻ തുടങ്ങി.

ഇന്ദുമതി— എന്നെ ഉപദ്രവിക്കരുതെ. വിശപ്പുകൊണ്ടു കുഴങ്ങിപ്പോയതിനാൽചെയ്ത അപരാധം ക്ഷമിക്കണെ. ഞാൻ ഗുഹക്കുള്ളിലേക്കു കടന്നപ്പോൾ വിലതന്നിട്ടൊ ഇരന്നിട്ടൊ വല്ലതും വാങ്ങി ഭക്ഷിച്ചു ജീവനെ രക്ഷിക്കണമെന്നേ വിചാരിച്ചിരുന്നുള്ളു. ഭക്ഷണദ്രവ്യമല്ലാതെ മറെറാന്നും ഞാൻ മോഷ്ടിച്ചിട്ടില്ല. കളവു ഞാൻ ശീലിച്ചിട്ടില്ല. ഞാൻ ഭക്ഷിച്ച മാംസത്തിൻെറ വില ഇതാ എടുക്കാം. ഭക്ഷണംകഴിഞ്ഞിട്ടും നിങ്ങളെ കാണാത്തപക്ഷം പണം പാത്രത്തിന്നടുക്കെവെച്ചു എൻെറ ജീവനെ രക്ഷിച്ച നിങ്ങൾക്കു ക്ഷേമം വരട്ടെയെന്നു പ്രാർത്ഥിച്ചുപോവാനാണ് ഞാനുറച്ചിരുന്നത്. ഇപ്പോൾ നിങ്ങളെക്കണ്ടുവല്ലൊ. ഞാൻ നന്ദിപറയുന്നു.

ബലരാമൻ— ഞങ്ങൾക്കു പണം ആവശ്യമില്ല.

ഇന്ദുമതി— എന്നാൽ എൻെറനേരെ നിങ്ങൾക്കു കോപം തോന്നുന്നുണ്ടായിരിക്കാം. എൻെറ തെററിന്നു നിങ്ങളെന്നെ കുല ചെയ്വാൻ വിചാരിക്കുന്നുണ്ടെങ്കിൽ എനിക്കശേഷവും വ്യസനമില്ല. എന്തുകൊണ്ടെന്നാൽ ഞാൻ ഈ തെററു ചെയ്തില്ലായിരുന്നുവെ

ങ്കിൽ എനിക്കു മരണം പെട്ടെന്നു നേരിട്ടുമായിരുന്നുവെന്നു എനിക്കു ബോധമുണ്ട്.

ബലരാമൻ—നിങ്ങൾ എവിടേക്കാണ് പോവുന്നത് നിങ്ങളുടെ പേരെന്താണ്?

ഇന്ദുമതി— എന്റെ പേര മാധവൻ എന്നാണ്. ഇന്ദ്രദേശത്ത് എന്റെ ഒരു സ്നേഹിതനുണ്ട്. ഞാൻ അദ്ദേഹത്തെ കാണ്മാൻ പോവുകയാണ്. വഴിക്കു വിശപ്പു സഹിപ്പാൻ ശക്തിയില്ലാതായപ്പോൾ ഭക്ഷണത്തിന്നുള്ള മാർഗ്ഗവും അന്വേഷിച്ച് ഇവിടെ എത്തിയെന്നേയുള്ളു.

ബലരാമൻ— സ്നേഹിത! ഞങ്ങൾ കാടന്മാരാണെന്നു ധരിക്കേണ്ട. ഞങ്ങളുടെ വാസസ്ഥലം കണ്ടിട്ടു ഞങ്ങളുടെ സ്ഥിതി കണക്കാക്കേണ്ട. യഥാശക്തി വലഞ്ഞവരെ രക്ഷിപ്പാൻ ഞങ്ങൾ എപ്പോഴും ഒരുക്കമുള്ളവരാണ്. നേരം അസ്തമിച്ചു. നിങ്ങൾ ഇപ്പോൾ പോകേണ്ട. വഴിനടന്നു ക്ഷീണിച്ചിരിക്കുന്നുവല്ലോ. ഇന്ന് ഇവിടെ താമസിച്ചു സുഖമായി ഭക്ഷണംകഴിച്ചു ക്ഷീണം മാററിയതിനുശേഷം പുറപ്പെടാം. കുട്ടികളെ, അദ്ദേഹത്തോടു സ്വാഗതം പറഞ്ഞു കൂട്ടികൊണ്ടു വരുവിൻ.

ഇങ്ങിനെ പറഞ്ഞു ബലരാമൻ ഗുഹയിലേക്കുപോയി. രാജകുമാരന്മാരും ഇന്ദുമതിയും അല്പനേരം സംസാരിച്ചുനിന്നു. കണ്ടിട്ടു അല്പനേരം മാത്രമെ ആയിട്ടുള്ളുവെങ്കിലും ഇപ്പോൾ അവരുടെ അന്യോന്യമുള്ള വേഴ്ച കണ്ടാൽ അവർ ജനിച്ചതിന്നുശേഷം വിട്ടുപിരിഞ്ഞിട്ടില്ലെന്നുതോന്നും. ഒരേ ഉദരത്തിൽനിന്നു ജനിച്ചവരായ ഇവൎക്കു പരസ്പരം സ്നേഹംതോന്നിയതിൽ വളരെ ആശ്ചൎയ്യപ്പെടുവാനില്ലല്ലോ

രാജകുമാരന്മാർ അവരുടെ സഹോദരിയായ ഇന്ദുമതിയോടു സ്വാഗതം പറഞ്ഞു ഗുഹയിലേക്ക് ആ സ്ത്രീയെ കൂട്ടികൊണ്ടുപോയി. കുറെനേരം ഇരുന്നു നേരമ്പോക്കുകൾ പറഞ്ഞതിന്നുശേഷം അവർ മൂന്നുപേരുംകൂടി അത്താഴത്തിന്നുള്ള വട്ടംകൂട്ടാൻ പുറപ്പെട്ടു. അന്നത്തെ ശ്രമം മിക്കതും ഇന്ദുമതിയുടെ വകയായിരുന്നു. ഇസ്ത്രീ

യിൽ ജനിച്ച സ്ത്രീകൾ പാചകവൃത്തിയെ വളരെ നിസ്സാരമായിട്ടാണ് ഗണിച്ചുവരുന്നതെങ്കിലും മുൻകാലങ്ങളിൽ സ്ത്രീകൾ എത്ര ഉയൎന്ന കുലത്തിൽ ജനിച്ചവരായാലും വിദ്യാഭ്യാസം കഴിഞ്ഞാൽ പിന്നെ അവരുടെ മുഖ്യമായ പ്രവൃത്തി പാചകവൃത്തി പരിചയിക്കുകയായിരുന്നു. ഇന്ദുമതിക്ക പ്രത്യേകിച്ചും ഈ പ്രവൃത്തിയിൽ ആശ്ചൎയ്യകരമായ നൈപുണ്യം സിദ്ധിച്ചിട്ടുണ്ടായിരുന്നു.

മാധവൻ ചിരിക്കുകയും മററുള്ളവരൊരുമിച്ചു നേരമ്പോക്കുകൾ പറകയും ചെയ്തിരുന്നുവെങ്കിലും മനസ്സിൽ അതിയായ കുണ്ഠിതവും അതുനിമിത്തം മുഖത്തിന്നു വാട്ടവുമുണ്ടായിരുന്നു. ഈ സംഗതി രാജകുമാരന്മാക്കു മനസ്സിലാവാതിരുന്നില്ല. എന്നാൽ വഴിയാത്രയുടെ ക്ഷീണംകൊണ്ടായിരിക്കാം അങ്ങിനെ വരുവാനുള്ള സംഗതി എന്നു സമാധാനം വിചാരിച്ച് അതിനെപ്പററി അധികമൊന്നും രാജകുമാരിയോടു ചോദിച്ചില്ല.

ഇന്ദുമതിക്ക രാജകുമാരന്മാരൊരുമിച്ചു താമസിക്കുന്നതിൽ വലിയ സന്തോഷമുണ്ടായിരുന്നുവെങ്കിലും തന്റെ പ്രാണപ്രിയന്റെ കാൎയ്യം മനസ്സിലോൎമ്മ വന്നപ്പോൾ അദ്ദേഹത്തെ അന്വേഷിച്ചു പുറപ്പെടുവാൻ തിരക്കായി. ക്ഷീണം ബാധിച്ചിട്ടുണ്ടായിരുന്നതിനാൽ അപ്പോൾതന്നെ പുറപ്പെടുന്നതിന്നു ധൈൎയ്യമുണ്ടായില്ല. രാജകുമാരന്മാർ കുറെക്കൂടി താമസിക്കാതെ പോകരുതെന്ന് ഇന്ദുമതിയോടു പ്രത്യേകം അപേക്ഷിച്ചപ്പോൾ ക്ഷീണം അല്പം ആശ്വാസമാവുന്നതുവരെ താമസിക്കാമെന്നു രാജകുമാരി സമ്മതിച്ചു.

ഗുഹയിലുണ്ടായിരുന്ന ഭക്ഷണപദാൎത്ഥങ്ങളെല്ലാം അവസാനിച്ചുവെന്നു കണ്ടപ്പോൾ ബലരാമനും രാജകുമാരന്മാരും നായാട്ടിന്നു പുറപ്പെട്ടു. ഇന്ദുമതിക്ക് ഒരുമിച്ചു പോവാൻ താല്പൎയ്യമുണ്ടായിരുന്നുവെങ്കിലും ക്ഷീണംനിമിത്തം പോയില്ല. ദേഹത്തിന്നും മനസ്സിന്നും ഇന്ദുമതിക്ക സുഖക്കേടുണ്ട്. ഗുഹയിൽ ഏകാകിയായിരുന്നപ്പോൾ പിശ്രുനൻ കൊടുത്തിട്ടുള്ള ഔഷധത്തിന്റെ കാൎയ്യം ഓൎമ്മവന്നു. ആ സിദ്ധൌഷധമെടുത്തു അതിൽനിന്നു അല്പം സേവിച്ചു. സേവിച്ചഉടനെ ഗാഢനിദ്രയിൽപെടുകയും ചെയ്തു. ഈ ഔഷധം പിശ്രു

നന്നു രാജ്ഞികൊടുത്തതാണെന്നു പറഞ്ഞുവല്ലൊ. രാജ്ഞി വിഷം വേണമെന്നാവശ്യപ്പെട്ടപ്പോൾ വൈദ്യൻ കൊണ്ടുവന്നുകൊടുത്തതാണെന്നും പറഞ്ഞിട്ടുണ്ട്. രാജ്ഞിയുടെ മനസ്സിന്റെ കാഠിന്യവും ക്രൂരതയും വൈദ്യനു നല്ലവണ്ണം വിവരമുണ്ടായിരുന്നതിനാൽ വിഷം ആ സ്ത്രീയുടെ കൈവശം ഏല്പിപ്പാൻ നല്ല ഒരു വസ്തുവല്ലെന്നുറച്ചു. വിഷമാണെന്നും പറഞ്ഞു കുപ്പിയിലെ മരുന്നുകൊണ്ടുവന്നു കൊടുത്തു. ഈ മരുന്നു സേവിച്ചാൽ കുറെ നേരത്തേക്കു ഗാഢനിദ്രയിൽപ്പെടുമെന്നല്ലാതെ യാതൊരു അപകടവും ആൾക്കു സംഭവിക്കുന്നതല്ല. ബലരാമനും രാജകുമാരന്മാരും നായാട്ടുകഴിഞ്ഞു ഗുഹയിൽ എത്തിയപ്പോൾ ഇന്ദുമതി ഉറങ്ങുകയായിരുന്നു. ഉറക്കം സുഖമാവുന്നതിനു മുമ്പെ ഉപദ്രവിക്കേണ്ട എന്നുറച്ചു അവർ ഭക്ഷണം തെയ്യാറാക്കുവാൻ പുറപ്പെട്ടു. ഭക്ഷണം ഒരുക്കമായിട്ടും ഇന്ദുമതി ഉറക്കമുണർന്നിട്ടില്ല. രാജകുമാരന്മാർ അടുത്തുചെന്നു് ഉണർത്തുവാൻ ഇടങ്ങി. അവരുടെ ശ്രമം നിഷ്ഫലമെന്നു കണ്ടു ബലരാമനെ വിളിച്ചു. ബലരാമൻ ഇന്ദുമതിയെ ഉണർത്തുവാൻ ശ്രമിച്ചിട്ടും ഫലിക്കാഞ്ഞപ്പോൾ അത് അവസാനമായുള്ള ഉറക്കമാണെന്നു തീർച്ചപ്പെടുത്തി. രാജകുമാരന്മാരും ബലരാമനും വളരെ കുണ്ഠിതപ്പെട്ടു പിന്നെയും കുറെനേരം ക്ഷമിച്ചു. യാതൊരു ചലനംപോലും കാണുന്നില്ല. അവരുടെ യോഗത്തെപ്പററി വ്യസനിച്ചു ശവം വേഗത്തിൽ മറവുചെയ്യുന്നതു തങ്ങളുടെ മുറയാണെന്നു തീർച്ചപ്പെടുത്തി അതിനു ഒരുക്കങ്ങളും ഇടങ്ങി. മൂന്നുപേരുംകൂടി ശവം എടുത്തു ഗുഹയുടെ പുറത്തുകൊണ്ടുപോയി ഉണങ്ങിയ പുല്ലിന്മേൽ വെച്ചു. ഇലകളും പലതരം പുഷ്പങ്ങളും അരുത്തു ശവം മുഴുവൻ മൂടി. മരിച്ചുപോയ ഇന്ദുമതിയുടെ സുകൃതത്തിന്നുവേണ്ടി മൂന്നുപേരും ദൈവത്തെ പ്രാർത്ഥിച്ചു വ്യസനത്തോടുകൂടി ഗുഹയിലേക്കു മടങ്ങിപ്പോന്നു.

ഇന്ദുമതി ഈ നിലയിൽ അധികനേരം കിടക്കുന്നതിനു മുമ്പായിട്ട് ഔഷധത്തിന്റെ ശക്തി തീന്ന് ഉടനെ ഉറക്കം ഉണന്നു. ദേഹത്തിലുണ്ടായിരുന്ന പുഷ്പങ്ങളും ഇലകളും എടുത്തുകളഞ്ഞ് എഴുനീററിരുന്നിട്ട് ഞാൻ ഗുഹയിലല്ലെ ആയിരുന്നത്. അവിടെ ഉ

ങ്ങളായിരുന്നവർ മര്യാദക്കാരാണെന്നല്ലേ ഞാൻ വിചാരിച്ചത് പി ന്നെ ഞാൻ ഈ നിലയിൽ എത്തിയതെങ്ങിനെ? എല്ലാം വിസ്മയം" എന്നുപറഞ്ഞു.

ഗുഹയിലേക്കു മടങ്ങിപ്പോയി കാൎയ്യങ്ങളുടെ വാസ്തവം അറി വാൻ ഇന്ദുമതിക്ക് ആഗ്രഹമുണ്ടായിരുന്നുവെങ്കിലും വഴി വിവരമി ല്ലാത്തതുകൊണ്ടും ഭൎത്താവിനെ അന്വേഷിച്ചു പുറപ്പെടുവാൻ ബദ്ധ പ്പാടായതുകൊണ്ടും ഉടനെ രാമപുരത്തേക്കായി പുറപ്പെട്ടു.

ഇന്ദുമതി തന്റെ അച്ഛന്റെ രാജധാനിയിൽനിന്നു പോന്ന തിന്റെശേഷം രാജ്യത്തിൽ നടക്കുന്ന കാൎയ്യങ്ങളൊന്നും അറിഞ്ഞി ട്ടില്ല. ബതരായനരാജ്യവും രാമപുരവും തമ്മിൽ ഒരു ഭയങ്കരയുദ്ധം ആരംഭിച്ചിട്ടു കുറെ ദിവസമായി. ബതരായനരാജ്യത്തെ ആക്രമി പ്പാനായി ഒരു സൈന്യം രാമപുരത്തിൽനിന്നു പുറപ്പെട്ട് ഇന്ദുമതി സഞ്ചരിക്കുന്ന കാട്ടിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ഈ സൈന്യം ലാക്ഷൻഎന്ന സൈന്യാധിപന്റെ കീഴിലായിരുന്നു. ചിത്രരഥനും ഒരു യോദ്ധാവായി ഈ സൈന്യമൊരുമിച്ചു പുറപ്പെട്ടിട്ടുണ്ടായിരുന്നു.

ഇന്ദുമതിയെ കുല ചെയ്യേണ്ടതിന്നു പിശുനന്നു ചിത്രരഥൻ എഴുതീട്ടുണ്ടായിരുന്നുവല്ലൊ. അതുപ്രകാരം രാജകുമാരിയെ പിശു നൻ യമലോകത്തേക്ക് അയച്ചിട്ടുണ്ടായിരിക്കുമെന്ന് അദ്ദേഹം തി ച്ചപ്പെടുത്തി. രാജകുമാരി തന്നെ ചതിച്ചിരിക്കുന്നുവെന്നുതന്നെ യാണ് ചിത്രരഥന്റെ പൂൎണ്ണമായ വിശ്വാസം എങ്കിലും തന്നെ ഒ രുദിവസമെങ്കിലും സ്നേഹിച്ചവളെ കുല ചെയ്യിച്ചതോൎത്തു പിന്നെ വ്യസനംതോന്നി. വല്ല സാഹസവും ചെയ്തു ജീവപരിത്യാഗം ചെ യ്യുന്നതാണ് നല്ലതെന്നു പലപ്പോഴും തോന്നി. അങ്ങിനെയിരിക്കു മ്പോഴാണ് ഈ യുദ്ധം ആരംഭിച്ചത്. ഇതു നല്ല ഒരു അവസരമെ ന്നു തീൎച്ചപ്പെടുത്തി. സൈന്യമൊന്നിച്ചു പുറപ്പെട്ടാൽ യുദ്ധത്തിൽ മരിക്കാത്തപക്ഷം രാജകല്പനക്കു വിരോധമായി രാജ്യത്തിൽ കടന്ന തിന്നു മരണശിക്ഷ കിട്ടുമല്ലൊഎന്നു തീൎച്ചപ്പെടുത്തീട്ടാണ് ബതരായ നത്തിലേക്കു പുറപ്പെട്ടത്. ബതരായനത്തിൽ ചെന്നതിന്നുശേഷം അവിടുത്തെ സൈന്യത്തോടുചേൎന്നു രാമപുരക്കാൎക്കു വിരോധമായി

യുദ്ധം ചെയ്യേണമെന്നാണ് ചിത്രരഥൻ തീച്ചപ്പെടുത്തിട്ടുണ്ടായിരുന്നത്.

ഇന്ദുമതിയെ വഴിക്കുവെച്ച് സൈന്യാധിപനായ ലാക്ഷൻ കണ്ടു. ഉടനെ തൻെറ ഭൃത്യനാക്കി കൂടെകൊണ്ടുപോയി.

സിംഹളൻെറ ഒരു സൈന്യം ശത്രുവിൻെറ മാക്കിരോധം ചെയ്യാൻ പുറപ്പെട്ടു. വനത്തിലെത്തിയപ്പോൾ ബലരാമനും രാജകുമാരന്മാരും ആ സൈന്യത്തിൽ ചേൎന്നു. രണ്ടു സൈന്യങ്ങളും തമ്മിൽ ഭയങ്കരമായ യുദ്ധമുണ്ടായി. ചിത്രരഥൻ സിംഹളരാജാവിൻെറ സൈന്യത്തിൽകൂടി. യുദ്ധത്തിൽ ബതരായനരാജ്യം തോററുപോകുമെന്നുതോന്നിയെങ്കിലും അല്പനേരത്തിന്നുള്ളിൽ ബലരാമനും ചിത്രരഥനും രാജകുമാരന്മാരും കാണിച്ച അതിശയമായ യുദ്ധസാമത്ഥ്യത്താൽ രാമപുരക്കാരുടെ സൈന്യം തോററുപോയി. രാമപുരക്കാർ തടവുകാരായിത്തീൎന്നു. യുദ്ധം അവസാനിച്ചപ്പോൾ ചിത്രരഥൻ തൻെറ യഥാൎത്ഥസ്ഥിതി വെളിപ്പെടുത്തി താൻ നാടുകടത്തപ്പെട്ട ചിത്രരഥനാണെന്നും നാട്ടിൽ തിരിയെ എത്തിയതിന്നു തനിക്കു വിധിച്ചിട്ടുള്ളതായ മരണശിക്ഷ അനുഭവിപ്പാൻ താൻ ഒരുക്കമാണെന്നും സിംഹളരാജാവിൻെറ ഉദ്യോഗസ്ഥന്മാരോടു പറഞ്ഞു.

തടവുകാരായി പിടിക്കപ്പെട്ട ലാക്ഷൻ, ഇന്ദുമതി, അഷ്ടവക്രൻ മുതലായവരെ രാജസന്നിധിയിൽ കൊണ്ടുവന്ന സമയത്തു ചിത്രരഥനു മരണശിക്ഷകൊടുപ്പാൻവേണ്ടിയും ബലരാമനേയും രാജകുമാരന്മാരേയും അവർ ചെയ്ത ഉപകാരത്തിന്നു സമ്മാനം കൊടുപ്പിപ്പാൻവേണ്ടിയും അവിടെ കൊണ്ടുവന്നു. ഇന്ദുമതിയുടെ ഭൃത്യനായ പിശുനനും അപ്പോൾ അവിടെ ഹാജരുണ്ടായിരുന്നു.

ഇന്ദുമതിക്കു ചിത്രരഥനെ കണ്ടപ്പോൾ ഉടനെ മനസ്സിലായി. ഇന്ദുമതി പുരുഷൻെറ വേഷം ധരിച്ചിരുന്നതിനാൽ ചിത്രരഥന് ആ സ്ത്രീയെ മനസ്സിലായില്ല. ഇന്ദുമതിക്ക് അഷ്ടവക്രനെ കണ്ടപ്പോൾ മനസ്സിലായി. താൻ ചിത്രരഥനു കൊടുത്ത മോതിരം അഷ്ടവക്രൻെറ കൈവിരലിന്മേൽ കിടക്കുന്നത് ആ സ്ത്രീ കണ്ടു.

തനിക്കുവന്ന അനൎത്ഥത്തിന്നൊക്കെ അയാളാണ് കാരണഭൂതനെന്ന് ഇന്ദുമതിക്കു മനസ്സിലായിട്ടില്ല.

പിശുനൻ ഇന്ദുമതിയെ കണ്ടപ്പോൾ അറിഞ്ഞു. ബലരാമൻ ഇന്ദുമതിയെ കണ്ടിട്ട് 'ഈ കുട്ടിയല്ലെ നമ്മുടെ ഗുഹയിൽ കിടന്നു മരിച്ച മാധവൻ' എന്നു രാജകുമാരന്മാരോടു ചോദിച്ചപ്പോൾ 'കാഴ്ചയിൽ അങ്ങിനെ തോന്നുന്നുണ്ടെങ്കിലും അതിന്നു സംഗതിയുണ്ടോ' എന്നു അവർ മറുവടി പറഞ്ഞു. എല്ലാവരും അവിടെ നില്ക്കുമ്പോൾ ലാക്ഷൻ ഇങ്ങിനെ പറഞ്ഞു.

ലാക്ഷൻ—മഹാരാജാവെ! യുദ്ധത്തിൽ തടവുകാരാക്കിപ്പിടിച്ചവൎക്ക് അഭയം കൊടുക്കുന്ന പതിവ് അങ്ങെക്കില്ലെന്നാണ് ഞാൻ അറിയുന്നത്. ഞാൻ മരിപ്പാൻ ഒരുക്കവുമാണ്. എന്നാൽ ഒരപേക്ഷ എനിക്കു ചെയ്യേണ്ടതുണ്ട്. ഈ കുട്ടി (ഇന്ദുമതി) നിരപരായനക്കാരനാണ്. അവന്ന് അഭയം കൊടുത്താൽ കൊള്ളാം. അവനെ ഞാൻ പിടിച്ച് എൻെറ ഭൃത്യനാക്കിയതാണ്. അവൻ നിങ്ങളുടെ രാജ്യത്തിന്നു യാതൊരു ദ്രോഹവും ചെയ്തിട്ടില്ല. മറ്റാരെയും രക്ഷിക്കണമെന്ന് എനിക്കപേക്ഷയില്ല.

സിംഹളരാജാവ് ഇന്ദുമതിയുടെ മുഖത്ത് അല്പനേരം സൂക്ഷിച്ചുനോക്കി. അദ്ദേഹത്തിന്നു മകളെ തിരിച്ചറിവാൻ സാധിച്ചില്ലെങ്കിലും ഇങ്ങിനെ പറഞ്ഞു.

സിംഹളൻ—ഈ കുട്ടിയെ ഞാൻ നിശ്ചയമായിട്ടും കണ്ടിട്ടുണ്ട്. അവൻെറ മുഖം എനിക്കു നന്നെ പരിചയമുള്ളതായി തോന്നുന്നുണ്ട്. എവിടെനിന്നാണ് കണ്ടിട്ടുള്ളത എന്നോ എപ്പോഴാണെന്നോ ഞാൻ ഓൎക്കുന്നില്ല. കുട്ടീ, നിൻെറ ജീവനെ ഞാൻ രക്ഷിക്കുന്നു. എന്നുതന്നെയല്ല, നിനക്കു വേറെ എന്ത് ആഗ്രഹമുണ്ടോ അതു സാധിപ്പിച്ചുതരുവാൻകൂടി ഞാൻ ഒരുക്കമാണ്. എന്തെങ്കിലും ഒരുകാൎയ്യം ആവശ്യപ്പെടാം. ഒരുത്തൻെറ ജീവനെക്കൂടി വേണമെങ്കിൽ ചോദിപ്പാൻ മടിക്കേണ്ട.

ഇന്ദുമതി—മഹാരാജാവെ! ഞാൻ അങ്ങയുടെ തൃക്കാക്കൽ നമസ്കരിക്കുന്നു.

രാജാവിനോട് ഇന്ദുമതി എന്തപേക്ഷയാണ് ചെയ്യുന്നത് എന്നറിവാൻ എല്ലാവരും ശ്രദ്ധയോടുകൂടി നിന്നു. ഇന്ദുമതി എന്താണ് ആവശ്യപ്പെടുക എന്നതിനെപ്പററി ലാക്ഷനു സംശയമുണ്ടായിരുന്നില്ല. തന്റെ ജീവനെ രക്ഷിക്കണമെന്നല്ലാതെ ഇന്ദുമതിക്കപേക്ഷയുണ്ടാവാൻ തരമില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. അതിനാൽ അദ്ദേഹം ഇങ്ങിനെ പറഞ്ഞു.

ലാക്ഷൻ— കുട്ടീ! എന്റെ ജീവനെ രക്ഷിക്കണമെന്നു എനിക്കാവശ്യമില്ല. നീ അതിന്നാണ് അപേക്ഷിപ്പാൻ ഭാവം എന്നു എനിക്കറിയാം.

ഇന്ദുമതി— നിങ്ങളുടെ ജീവനെ രക്ഷിക്കുന്നതിനേക്കാൾ വലിയ കാൎയ്യം എനിക്കു വേറെയുണ്ട.

ഈ വാക്കുകേട്ടപ്പോൾ എല്ലാവരും ആശ്ചൎയ്യപ്പെട്ടു. തന്റെ ജീവനെ രക്ഷിച്ചവനായ ലാക്ഷന്റെ ജീവനെ രക്ഷിക്കുന്നതിനേക്കാൾ വലിയകാൎയ്യം എന്താണ് ഇന്ദുമതിക്കുള്ളത് എന്നാണ് അവൎക്കു തോന്നിയത്.

ഇന്ദുമതി അല്പനേരം അഷ്ടവക്രനെ നോക്കിയതിന്നുശേഷം അയാളുടെ കൈവിരലിന്മേൽ കിടക്കുന്ന മോതിരം അയാൾക്ക് എവിടെ നിന്നാണ് കിട്ടിയതു എന്നു പറയിക്കണമെന്നാകുന്നു എന്റെ അപേക്ഷ എന്നു രാജാവിനെ അറിയിച്ചു.

സിംഹളരാജാവ് അങ്ങിനെ ചെയ്യാമെന്നു പറഞ്ഞു. സത്യം പറയാത്തപക്ഷം ഉടനെ ഭടന്മാരുടെ പക്കലേല്പിക്കുമെന്നു പറഞ്ഞ് അഷ്ടവക്രനെ രാജാവു ഭയപ്പെടുത്തി. നിവൃത്തിയില്ലെന്നു കണ്ടപ്പോൾ അഷ്ടവക്രൻ വാസ്തവമൊക്കെ പറഞ്ഞു.

ഈ വാക്കുകൾ കേട്ടപ്പോൾ ചിത്രരഥനുണ്ടായ വ്യസനം അവാച്യമാണ്. അദ്ദേഹം ഉടനെ രാജാവിന്റെ അടുക്കെച്ചെന്നു താൻ പിശ്ശുനന്നയച്ച കത്തിനെപ്പററിയും അയാളോടു ചെയ്ത അപേക്ഷയെപ്പററിയും വിസ്തരിച്ചു പറഞ്ഞു. ഉടനെ ഇന്ദുമതിയുടെ പേർ വിളിച്ചു നിലവിളിപ്പാൻ തുടങ്ങി.

ഭൎത്താവിന്റെ സങ്കടാവസ്ഥകണ്ടപ്പോൾ അദ്ദേഹത്തെ അധി

കനേരം ആ നിലയിൽ നിൎത്തുവാൻ ഇന്ദുമതിക്ക ശക്തിയില്ലാതായി. ഉടനെ തൻെറ യഥാൎത്ഥസ്ഥിതി വെളിപ്പെടുത്തി. ചിത്രരഥനു സന്തോഷംകൊണ്ടു സംസാരിപ്പാൻകൂടി വയ്യാതായി. നഷ്ടയായ പുത്രിയെ തിരിയെ കിട്ടിയെന്നറിഞ്ഞു സിംഹളരാജാവു സന്തോഷത്തിൽ മുങ്ങി. ഇന്ദുമതിയെ അരികെ വിളിച്ചിരുത്തി ഗാഢാലിംഗനം ചെയ്തു.

താൻ ചെയ്ത കുററം വെളിപ്പെടുത്തുന്നതിന്നുള്ള തക്കസമയം ഇതുതന്നെയാണെന്നു ബലരാമനും തീൎച്ചപ്പെടുത്തി. ഉടനെ രാജപുത്രന്മാരുടെ കയ്യും പിടിച്ചു രാജാവിൻെറ അരികെചെന്നു ഇങ്ങിനെ പറഞ്ഞു.

ബലരാമൻ— മഹാരാജാവെ! രാജധാനിയിൽനിന്നു കാണാതായ അങ്ങെയുടെ പുത്രന്മാരാണ് ഇവർ. ഇവരെ വഞ്ചിച്ചുകൊണ്ടുപോയവൻ ഞാനാണ്. രാജദ്രോഹം ചെയ്തുവെന്ന കുററം ചുമത്തി സ്ഥാനഭ്രഷ്ടനാക്കി നാടുകടത്തപ്പെട്ട ബലരാമനാണ് ഞാൻ. രാജദ്രോഹം അന്ന് ഞാൻ ചെയ്തില്ല. ഇപ്പോൾ ചെയ്തത രാജദ്രോഹമാണ്. അതിന്നു ഞാൻ ശിക്ഷ അനുഭവിക്കേണ്ടി വരുമെങ്കിലും പുത്രിയെ തിരിച്ചുകിട്ടിയതിൽ സന്തോഷത്തിൽ മുങ്ങിയിരിക്കുന്ന അങ്ങെയുടെ സന്തോഷം ഇവർ പൂൎത്തിയാക്കുമല്ലൊ.

സിംഹളരാജാവിനുണ്ടായ സന്തോഷം തീരെ അവൎണ്ണനീയമാകുന്നു. രാജാവു ബലരാമനു മാപ്പുകൊടുത്തു അദ്ദേഹത്തെ മുമ്പുണ്ടായിരുന്ന പദവിയിൽ ഇരുത്തി.

രാജ്യത്തൊക്കെയും കുറെദിവസത്തിന്നു മഹോത്സവം തന്നെയായിരുന്നു.

ലാക്ഷനെക്കൂടി രക്ഷിക്കണമെന്ന ഇന്ദുമതി രാജാവിനോടപേക്ഷിച്ചു. രാജാവ അതുപ്രകാരം ചെയ്തു. ലാക്ഷൻെറ ഉത്സാഹത്താൽ രണ്ടു രാജ്യവും തമ്മിൽ ഒരു സഖ്യവുമായി.

സിംഹളരാജാവിൻെറ ദുഷ്ടയായരാജ്ഞി തൻെറ ആഗ്രഹം സാധിക്കില്ലെന്നു കണ്ടപ്പോൾ നിരാശപ്പെട്ടും താൻ ചെയ്ത ക്രൂരകൃത്യങ്ങളെ ഓൎത്തു വ്യസനിച്ചും മരിച്ചുപോയ വിവരവും മരണത്തി

നമുമ്പുതന്നെ അവരുടെ ഏകസന്താനമായ മുഠാളനായ അക്രൂരൻ ചിലരായിട്ടുണ്ടായ ഒരു ലഹളയിൽ കൊല്ലപ്പെട്ട വിവരവും വൎണ്ണിച്ച് മംഗളമായി പൎയ്യവസാനിച്ചിരിക്കുന്ന ഈ കഥയെ ദുഃഖപ്രദമാക്കിത്തീൎക്കാതിരിക്കുന്നതാണല്ലൊ നല്ലത്. ഭാഗ്യം എല്ലാവരേയും സഹായിച്ചുവെന്നു പറഞ്ഞാൽ മതിയല്ലൊ. ചതിയനായ അഷ്ടവക്രനെക്കൂടി അവൻ ദുഷ്ടനാണെങ്കിലും ദുഷ്ടത ഫലിച്ചില്ലല്ലൊയെന്ന് ഓൎത്തു സിംഹളരാജാവു കുലപ്പെടുത്തിയില്ല.

സിംഹളരാജാവു രാജ്യസംരക്ഷണം ചെയ്തു പുത്രന്മാരോടും, ഭൎത്താവിനോടുകൂടിയ പുത്രിയോടും കൂടി സുഖിച്ചു പിന്നേയും വളരെക്കാലം വസിച്ചു.

കെ. അപ്പുനമ്പ്യാർ, ബി. എ.

---

# പലവക

---

പുസ്തകപരിശോധന

ബെക്കൻെറ പ്രസംഗങ്ങൾ:—അടുത്ത ചില കാലത്തിന്നകത്തു മലയാളസാഹിത്യ ഭൂമിയിൽ അനവധി പരദേശ വിത്തുകൾ കൃഷിക്കിറക്കിത്തുടങ്ങീട്ടുണ്ട്. അവയിൽ അപൂൎവ്വം ചിലതല്ലാതെ മററു സകലവും മുളയിൽതന്നെ കരിഞ്ഞും ചിഞ്ഞും കാണാറുണ്ട്. ഇതു കൎമ്മദോഷമാണെന്നു പറയേണ്ടതില്ലല്ലൊ. പ്രവൃത്തിക്കാവുന്നവൻെറ പ്രവൃത്തിക്ക് അനുഭവം കാണാതിരിക്കയില്ല. വിത്തിൻെറ ഗുണവും സ്ഥലത്തിൻെറ പ്രകൃതവും അയാൾ കാലേകൂട്ടി കണ്ടുവെക്കുന്നു. ഇങ്ങിനെയുള്ള ഗുണദോഷജ്ഞന്മാരിൽ ഒരാളാണ് മാർ ദിവന്നാസ്യോസ് സിമ്മനാരി ഹെഡ്മാസ്റ്റർ കെ. സി. മാമ്മൻ മാപ്പിള അവർകൾ ബി. എ. എന്നു പറയുന്നതിൽ ഞങ്ങൾക്ക് അശേഷം സംശയമില്ല. പ്രകൃത പുസ്തകത്തിൻെറ മൂലത്തിൻെറ ഉടമസ്ഥൻ ശേഖരിച്ചിട്ടുള്ള വസ്തുക്കളൊന്നും ഒരിക്കലും കേടുസംഭവിക്കുന്നവയല്ലെന്നുള്ളതിന്ന് ആക്ഷേപമില്ല. അവ

യുടെ സാരാംശങ്ങളെല്ലാം പ്രസ്തുത പുസ്തകത്തിൽ കഴിയുന്നവിധം ഗ്രന്ഥകൎത്താവു വെളിപ്പെടുത്തീട്ടുണ്ടെന്നുള്ളതും തീൎച്ചതന്നെ. ഈ ചെറിയ പുസ്തകത്തിൽ സത്യാതൊട്ടു വരവുചിലവുവരെ പത്തൊമ്പതു വിലയേറിയ വിഷയങ്ങളെ കുറിച്ചുള്ള പ്രസംഗങ്ങൾ ഉണ്ട്. അവ ഒന്നോടൊന്നു കിടമത്സരികളായും ഇരിക്കുന്നു. ഒരു പ്രവൃത്തിയുടെ ഫലം പൊതുജനങ്ങൾ സന്തോഷത്തോടുകൂടി അനുഭവിക്കുന്നതു കാണുമ്പോൾ പ്രവൃത്തിച്ചവനുണ്ടാകുന്ന ചാരിതാൎത്ഥ്യമാണ് ചാരിതാൎത്ഥ്യം. അതു മാമ്മൻമാപ്പിള അവൎകളും അനുഭവിക്കുമെന്ന് ഞങ്ങളെപ്പോലെതന്നെ ഈ പ്രസംഗങ്ങൾ വായിക്കുന്നവരെല്ലാവരും സമ്മതിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

ഇന്ത്യാചരിത്രം ഒന്നും രണ്ടും ഭാഗങ്ങൾ:— മാമ്മൻമാപ്പിള അവൎകൾ മലയാള സാഹിത്യ കുഡുംബത്തിലേക്കു ചെയ്തിട്ടുള്ള മറ്റൊരു സഹായമാണിത്. 'രസികരഞ്ജിനി' യുടെ വലിപ്പത്തിൽ 130 ഭാഗങ്ങളുള്ള ഈ രണ്ടു പുസ്തകങ്ങളിൽ ഹിന്തുക്കളുടെ പ്രാബല്യകാലം മുതൽ മഹാരാഷ്ട്രന്മാരുടെ നാശകാലംവരേയുള്ള ചരിത്രം ഒതുങ്ങിട്ടുണ്ട്. ഓരോ രാജാക്കന്മാരുടെ വംശപാരമ്പൎയ്യപട്ടികകളും രണ്ടാം ഭാഗത്തിന്റെ അവസാനത്തിൽ വിസ്തരിച്ചെഴുതീട്ടുണ്ട്. ഈ ചരിത്രങ്ങളിൽനിന്നു ചില വിശേഷ സംഗതികൾ ഗ്രഹിക്കാനുണ്ടെന്നു ഞങ്ങൾ പ്രത്യേകം പറയാതിരിക്കുന്നില്ല.

മേൽപറഞ്ഞ പുസ്തകങ്ങളിൽ അച്ചടിപ്പിശാചുക്കളുടെ ബാധയുണ്ടായിട്ടുണ്ടെങ്കിലും മലയാളമനോരമാ അച്ചുകൂടത്തിൽ വൃത്തിയായി അച്ചടിച്ചിട്ടുള്ളതുകൊണ്ട് അവെക്ക് ഒരു ഭംഗി വിശേഷാൽ കൂടീട്ടുണ്ട്.

കഥാമഞ്ജരി 'ബാലബന്ധു' — സാധുക്കളായ ഗ്രന്ഥകൎത്താക്കന്മാരെ സഹായിച്ചും ധനാ[illegible] അപേക്ഷിച്ചും എസ്സ്. ടി. റഡ്യാർ അവൎകൾ മലയാ[illegible] [illegible]ാഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുന്നതിന്നു കയ്യും കണക്കുമില്ല. 'കഥാമഞ്ജരി' രണ്ടാമതു [illegible]ഞ്ഞ തരത്തിൽപ്പെട്ട ഒരു ചെറിയപുസ്തകമാണ്. വളരെ കൌതുകമുള്ള ഈ പുസ്തകം ബാലന്മാർ കണ്ടാൽ കയ്യിൽനിന്നു താഴെവെക്കു

മെന്നു തോന്നുന്നില്ല. വിലയും ചുരുക്കം. ഇതിൻെറ മൂലം 'സ്റ്റെഡ്' എന്ന പ്രസിദ്ധപ്പെട്ട പത്രാധിപൻെറ രസവത്തുക്കളായ ചെറിയ കഥകളാണ്. അദ്ദേഹത്തിൻെറ വാചകരീതിയും ഫലിതവും സർവ്വജനസമ്മതമായിട്ടുള്ളതാണല്ലൊ. പ്രകൃതപുസ്തകത്തിൻെറ തർജ്ജമക്കാരൻ കെ. പരമുപിള്ള. എം. എ. അവർകളാണെന്നു കേൾക്കുമ്പോൾ മലയാളഭാഷാപോഷണത്തിന്ന് ഇത് ഒരു വലിയ സഹായമായിഎന്നു വിശ്വസിക്കാത്തവർ ചുരുങ്ങും. ഈ തരത്തിലുള്ള പുസ്തകങ്ങൾ ചെറിയവയാണെങ്കിലു അച്ചടിക്കുന്തോറും ചിലവു കൂട്ടം എന്നുള്ളതിന്നു റഡ്യാർ അവർകളും ഗ്രന്ഥകർത്താവിൻെറ അദ്ധ്വാനത്തിന്ന് എത്രത്തോളം പ്രതിഫലം മോഹിക്കാമെന്നുള്ളതിന്നു വായനക്കാരും സാക്ഷികളാണെന്നല്ലാതെ ഞങ്ങൾ അധികം വിസ്തരിക്കുന്നില്ല.

സാവിത്രി:— കെ. ചിദമ്പരവാദ്ധ്യാർ അവർകൾ എഴുതിയതും റഡ്യാർ അവർകൾ അവകാശം വാങ്ങീട്ടുള്ളതുമായ ഈ പുസ്തകം ഞങ്ങൾ മുഴുവനും വായിച്ചു. ഇത് ഒരു പുതിയകഥയാണ്. പുസ്തകം വായിച്ച് ഏടു മറിക്കുന്തോറും ഇതിനെപ്പററി വിസ്താരമായി ഗുണദോഷനിരൂപണം ചെയ്യേണമെന്നുള്ള മോഹവും വർദ്ധിച്ചു തുടങ്ങി. എന്നാൽ ഇതിൽ ഒരു പ്രത്യേകഘട്ടത്തിലുള്ള ശ്ലോകം ഞങ്ങളെ വീണ്ടും ആകർഷിച്ചതുകൊണ്ടു മനസ്സിൽ സ്ഥായിയായിനിന്നിരുന്ന ആശയത്തെക്കുറിച്ചു ഞങ്ങൾ വകവെച്ചില്ല. ശ്ലോകം.

"നളിനീദളഗതജലമതിതരളം
തദ്വജ്ജീവിതമതിശയചപലം
വിദ്ധിവ്യാധിവ്യാളഗ്രസ്തം
ലോകംശോകഹതഞ്ചസമസ്തം"

ഗ്രന്ഥവിഷയത്തിൽ വ്യയംചെയ്യുന്ന പണത്തിൻെറ ഭവിഷ്യത്തിനെക്കുറിച്ച് റഡ്യാർ അവർകൾ ആലോചിക്കുന്നില്ലെന്നുള്ളത് അദ്ദേഹത്തിൻെറ പ്രവൃത്തിവിശേഷംകൊണ്ടു ഞങ്ങൾ അനുമാനിക്കുന്നുണ്ട്. ഇതു ഞങ്ങൾക്കു സന്തോഷപ്രദവും സന്താപകരവുമായിത്തീർന്നിരിക്കുന്നു.

# സംഗതിവിവരം.


1. ശ്രുചീന്ദ്രത്തു കൈമുക്കൽ ... ... ... ... ... 117
2. ലണ്ടൻനഗരത്തിലെ ചില അതിശയങ്ങൾ— ലണ്ടൻ വിദ്യാൎത്ഥി, ബി. എ. ... ... ... ... ... ... 124
3. ഒരനന്തിരവന്റെ ആവലാതി(മച്ചുമലയാളം)—പി. ജി. രാമയ്യൻ, ബി. എ. ബി. എൽ. ... ... ... 129
4. വിക്രമോൎവ്വശീയസാരം— കൊ. കൊച്ചുണ്ണിത്തമ്പുരാൻ 132
5. പാക്കനാര്— കണ്ടൂര് നാരായണമേനോൻ, ബി. എ. 137
6. യവം ... ... ... ... ... ... ... ... 142
7. ജാതിനിൎണ്ണയം— പാഴൂര് വടക്കില്ലത്ത ജാതവേദൻ നമ്പൂരിപ്പാട് ... ... ... ... ... ... ... 146
8. ഒരു ലേഖകന്റെ അരങ്ങേററം ... ... ... ... 150
9. അമഷ്ടാ—കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ ... ... 152
10. ശരീരം— കെ. എം. ... ... ... ... ... ... 154
11. അച്ചുണ്ണി മൂപ്പിൽനായര ... ... ... ... ... 157
12. പലവക ... ... ... ... ... ... ... ... 170


'വിദ്യാവിനോദിനി' അച്ചുകൂടം.

ഭാഷാപോഷിണി

൧൦൮൨

പുസ്തകം ൯. തുലാമാസം ലക്കം ൯.

മംഗളം.

നിത്യൻനിരീഹൻനിരുപാധിമായാ
കൃത്യത്തിൽവിശ്വാഗുണദോഷമിശ്രാം
പ്രത്യക്ഷമായിട്ടുതിരിച്ചുകാട്ടും
സത്യസ്വരൂപൻതുണചെയ്തിടട്ടേ.

# ശുചീന്ദ്രത്തെ കൈമുക്കൽ.

പഴമക്കാർ ഓരോ വിഷയത്തെപ്പററി കക്ഷിപിടിച്ചു സംസാരിക്കുന്നതിനിടക്ക് 'ഇതുസത്യമാണ്; വേണമെങ്കിൽ നെയ്യുതിളപ്പിച്ചു കയ്യുമുക്കാം' എന്നു പറയുന്നതു പലരും കേട്ടിട്ടുണ്ടായിരിക്കാം. എന്നാൽ ഈ വാചകത്തിൻെറ ഉത്ഭവം അറിഞ്ഞിട്ടുള്ളവരോ അന്വേഷിച്ചറിവാൻ ശ്രമിക്കുന്നവരോ വളരെ ചുരുങ്ങും. കേവലം 'ഗതാനുഗതികന്യായേന' പറഞ്ഞുവരാറുള്ള ഈ വാചകത്തിൻെറ അടിസ്ഥാനമായ പ്രവൃത്തിവിശേഷത്തെക്കുറിച്ചു അറിവു

ള്ളേടത്തോളം വിവരിക്കുന്നതു കേവലം വ്യൎത്ഥമാകുമെന്നു തോന്നുന്നില്ല.

കേരളത്തിലുള്ള നമ്പൂരിമാരുടെയിടയിൽ അന്തൎജ്ജനങ്ങൾക്കു വ്യഭിചാരശങ്കയുണ്ടായാൽ 'ദോഷവിചാരം' ചെയ്യുന്ന സമ്പ്രദായം പ്രസിദ്ധമാണെല്ലൊ. ആ വിചാരത്തിൽ സാധന(സ്ത്രീ)മുഖത്തിൽനിന്നു കേട്ട പുരുഷന്മാരോടുകൂടി ആ സാധനത്തെ സ്വജാതിയിൽനിന്നു വൎജ്ജിച്ചു നിൎത്തുന്ന പതിവ് ഇന്നും നടന്നുവരുന്നുണ്ട്. എന്നാൽ കേവലം സ്ത്രീ പറഞ്ഞതിനെമാത്രം അടിസ്ഥാനമാക്കി പുരുഷന്മാൎക്കു ജാതിഭ്രഷ്ട് കല്പിക്കുന്നതു വലിയ അന്ന്യായമാണെന്നു പറയുന്ന നവീനന്മാർ ഇപ്പോൾ ഒട്ടും അപൂൎവ്വമല്ല. ഇതിൽ സ്ത്രീയുടെ ജാതിഭ്രംശനത്തോടുകൂടി ഭ്രഷ്ടനാണെന്നു സമ്മതിച്ച് ഒഴിയുന്നവനെപ്പററി ആൎക്കും തൎക്കത്തിന്നിടയില്ല. 'ഞാൻ വ്യഭിചരിച്ചിട്ടില്ല' എന്നു വാദിക്കുന്ന പുരുഷന്മാരെപ്പററി മാത്രമേ ഇവിടെ ആലോചിപ്പാനുള്ളു. അവൎക്കു വ്യഭിചാരിയല്ലെന്നുള്ള തെളിവു കൊടുക്കേണ്ടുന്ന ചുമതലയുണ്ട്. പക്ഷെ വ്യഭിചരിച്ചുവെന്നു പറയുന്ന സ്ത്രീ വിചാരംകഴിക്കുന്ന സ്മാൎത്തമീമാംസകാദിബ്രാഹ്മണരുടെ യോഗത്തിൽവെച്ചു മഹാജനങ്ങളെ തെളിവോടുകൂടി ബോദ്ധ്യപ്പെടുത്തീട്ടുള്ളതും വിവിക്തസ്ഥലത്തു സ്ത്രീപുരുഷന്മാർ തനിച്ചുനടത്തിയതായിരിക്കാൻമാത്രമിടയുള്ളതുമായ ആ നിഗ്രൂഢകൃത്യം, ഒരുവൻ ചെയ്തിട്ടില്ലെന്നു പറയുന്നതുകൊണ്ടുമാത്രം ആ പുരുഷൻ നിൎദ്ദോഷിയാണെന്നു ജനബോദ്ധ്യം വരുവാനും തരമില്ല. ഇങ്ങിനെയുള്ള ഘട്ടത്തിൽപ്പെട്ട പുരുഷനു 'സത്യപ്രഖ്യാപനം' ചെയ്കയല്ലാതെ മറെറന്തൊരു നിവൃത്തിയാണുള്ളത്? 'സത്യപ്രഖ്യാപനം' പലവിധത്തിലും പൂൎവ്വാചാൎയ്യന്മാർ വിധിച്ചിട്ടുണ്ട്. ആ കൂട്ടത്തിലൊന്നാണ്, 'നെയ്യുതിളപ്പിച്ചു കയ്യുമുക്കുക' എന്നു മുമ്പെ പറഞ്ഞ കൃത്യം. ശുചീന്ദ്രമെന്ന മഹാക്ഷേത്രത്തിൽ ചന്ദ്രശേഖരസ്വാമിസന്നിധിയിൽവെച്ച് ഈ മഹാകൎമ്മം പണ്ട് ചെയ്തുവന്നിരുന്നു. ഈ ക്ഷേത്രത്തിന്റെ മാഹാത്മ്യത്തെപ്പററി ശുകസന്ദേശകാവ്യത്തിൽ താഴെ കാണുന്നപ്രകാരം പറഞ്ഞിട്ടുണ്ട്:—

ഇന്ദ്രനും ശുദ്ധിവന്നോരിടമരിയശുചീന്ദ്രാഖ്യയോടും പ്രസിദ്ധം
ചന്ദ്രച്ചീന്ദ്രേന്ദ്രമീശൻതിരുവടിയരുളുംക്ഷേത്രമങ്ങെല്ലുകാണാം
മൂന്നാംസൂക്ഷ്മത്തിലാണെങ്കിലുമൊരുഗുണമോദോഷമോചെയ്തിരുന്നാ-
ലിന്നുംലോകത്തിന്നുള്ളൊരുഫലമിവിടെക്കയ്യിലായ്ക്കാണുമല്ലൊ.

കൊല്ലവൎഷം [illegible], ഈ കാലംവരെ ഈ അത്ഭുതകൎമ്മം നിലനിന്നുപോന്നിട്ടുണ്ട്. ആ കാലങ്ങളിൽ കൈമുക്കിയതിൽ നിൎദ്ദോഷികളായ രണ്ടു നമ്പൂരിമാരുടെ കൈ പൊള്ളിട്ടില്ല. ഇതു കൂടെനിന്നുകണ്ടിട്ടുള്ള ഒരു മഹാവൃദ്ധനായ സ്വാമിയാരുടെ തിരുമുഖത്തിൽനിന്നു ഞങ്ങൾതന്നെ കേട്ടിട്ടുണ്ട്.

കൈമുക്കലിന്റെ നടവടിക്രമത്തെപ്പററിയും കുറച്ചൊന്നു പറയാം. ദോഷവിചാരത്തിൽ 'സാധനം' ദോഷപ്പെട്ടുത്തി എന്നു പറയുന്ന പുരുഷൻ താൻ നിൎദ്ദോഷിയാണെന്നു വാദിക്കുന്നതായാൽ ആ പുരുഷനു പമ്പുകൊടുക്കുക എന്നൊരു സമ്പ്രദായമുണ്ട്. 'പമ്പ്' എന്നുവെച്ചാൽ 'സത്യപ്രഖ്യാപന'ത്തിന്നുള്ള അനുവാദക്കുറിപ്പാകുന്നു. ഇതു ദോഷവിചാരത്തിൽ പ്രഥമപുരുഷനായി തെളിഞ്ഞിട്ടുള്ള ആൾക്കുമാത്രം കൊടുക്കുക പതിവില്ലത്രെ. പമ്പു കൊടുക്കുന്നത്, ദോഷവിചാരംചെയ്യുവരുടെ സമ്മതത്തോടുകൂടി, രാജ്യത്തെ രാജാവാകുന്നു. പമ്പുവാങ്ങുന്ന പുരുഷൻ ദ്വിജനാണെങ്കിൽ മാത്രമേ ശുചീന്ദ്രത്തു കൈമുക്കുവാൻ സമ്മതിക്കുകയുള്ളു. താണജാതിക്കാരനാണെങ്കിൽ, കാൎത്തികപ്പിള്ളിക്കടുത്ത ഏതോ ഒരു ക്ഷേത്രത്തിൽവെച്ചാണ് കൈമുക്കുക പണ്ടു നടത്തി പോന്നിരുന്നത്. ഇങ്ങിനെ പമ്പുവാങ്ങിച്ച ബ്രാഹ്മണൻ ശുചീന്ദ്രക്ഷേത്രത്തിന്റെ ഉടമസ്ഥനും രാജ്യാധിപതിയുമായ തിരുവിതാംകൂറ് മഹാരാജാവിന്റെ തിരുമുമ്പാകെ ഈ പമ്പോടുകൂടി വിവരം ബോധിപ്പിക്കണം. അപ്പോൾ ജ്ഞാതികളും ഇണങ്ങരുംകൂടെ ഉണ്ടായിരിക്കേണ്ടതു മുറയാകുന്നു. തിരുവിതാംകൂർ തമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചു തീട്ടയച്ചാൽ അതുപ്രകാരം ശുചീന്ദ്രത്തു മഹാക്ഷേത്രത്തിൽ കൈമുക്കലിന്നുള്ള ഒരുക്കം കൂട്ടുകയായി. 'സത്യപ്രഖ്യാപനം' ചെയ്യുവാനുള്ള നമ്പൂരിയും സഹായികളും ശുചീന്ദ്രത്തു ചെന്നു ചന്ദ്ര

ശേഖരസ്വാമിയെ ഭജിക്കുന്നുണ്ടായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

കൈമുക്കുവാൻ നിശ്ചയിച്ചിട്ടുള്ള ദിവസത്തിന്റെ തലേന്നാൾതന്നെ പല ക്രിയകളും നടത്തുവാനുണ്ട്. അന്നു കൈമുക്കുവാനുള്ള പുരുഷൻ നിരാഹാരനായി സ്ഥലോപവാസം ചെയ്യണം. ശുദ്ധോപവാസംചെയ്യുവാനശക്തനാണെങ്കിൽ പാലും പഴവും മാത്രം ഒരു കറി ഉപയോഗിക്കാറില്ലെന്നില്ല. അസ്തമനത്തിന്നു മുമ്പായി അദ്ദേഹം കുളിച്ചുവന്നാൽ അമ്പലത്തിൽ ബലിക്കൽപ്പുരയ്ക്കടുത്ത് നവഗ്രഹങ്ങളെ പൂജിക്കയായി. അതിന്നു നവഗ്രഹസ്ഥാനത്ത് ഒമ്പതു പോററികളാണ് പൂജ്യന്മാരായി വന്നുകൂടുക.

നവഗ്രഹപൂജ കഴിഞ്ഞാൽ പിന്നെ സ്വാമിസന്നിധാനത്തിൽ ചെന്നു സത്യം ചെയ്യുകയായി. ആ സമയത്തു ചന്ദ്രശേഖരസ്വാമിയുടെ പിന്നിൽ മങ്ങിപ്രകാശിക്കുന്ന ഒരു വിളക്കുമാത്രമല്ലാതെ അമ്പലത്തിന്നകത്തു വെളിച്ചത്തിന്റെ ലേശംപോലും ഉണ്ടായിരിക്കയില്ല. ദോഷശങ്കയുള്ള നമ്പൂരി സത്യംചെയ്യുന്നതിന്നായി ക്ഷേത്രത്തിലേക്കു കടക്കുമ്പോൾ ‘നല്ല ഉറപ്പുണ്ടെങ്കിലെ കടക്കാവൂ’ എന്നും മററും ക്ഷേത്രാധികാരികളിൽ പ്രധാനിയായ മൂത്തത് ഉപദേശിക്കും. പിന്നെ അകത്തേക്കു കടക്കുകയായി. ആ പ്രവേശത്തിൽതന്നെ കാര്യം ശുഭമായിട്ടോ അശുഭമായിട്ടോ പരിണമിക്കാൻ പോകുന്നത് എന്ന് ഒരുമാതിരി തീച്ചയാക്കുവാനുള്ള ചില ലക്ഷണങ്ങൾ മൂത്തതു കണ്ടുവെച്ചിരിക്കും. സ്വാമിസന്നിധാനത്തിൽ ചെന്നാൽ സത്യംചെയ്യുകയായി. സത്യവാചകം മൂത്തതുതന്നെയാണ് ചൊല്ലികൊടുക്കുവാൻ. ആ ശാന്തഗംഭീരദാരുണമായ സമയത്തു ഭഗവാന്റെ മുമ്പിൽനിന്നു സത്യംചെയ്യുന്നതിന്നാരംഭിക്കുമ്പോൾ ഒന്നു നടുങ്ങി നെഞ്ഞുപിടക്കുകയും ഒച്ചയിടറുകയും ചെയ്യാതെ ആരുംതന്നെ ഉണ്ടായിട്ടില്ല. മൂത്തതു ചൊല്ലിക്കൊടുക്കുന്ന സത്യവാചകത്തിൽ ആദ്യം ചൊല്ലുവാനുള്ളത് താഴെ എഴുതുന്ന ശ്ലോകമാകുന്നു:—

ആദിത്യചന്ദ്രാവനിലോനലശ്ച
ദ്യൌൎഭൂമിരാപോഹൃദയംയമശ്ച
അഹശ്ചരാത്രിശ്ചഉഭേചസന്ധ്യേ
ധൎമ്മശ്ചജാനാതിനരസ്യവൃത്തം

പിന്നെ പ്രകൃതകാൎയ്യവും വ്യക്തമായി പറഞ്ഞിരിക്കും. സത്യംചെയ്തുകഴിഞ്ഞതിൻെറ ശേഷം മാത്രമെ വിളക്കുകൾ കൊളുത്തുകയും കൊട്ടും കുഴലും ദീപാരാധനയും മററും പതിവുള്ളു. അന്നത്തെ കൃത്യം ഇത്രമാത്രമെ പറയത്തക്കതായിട്ടുള്ളു.

പിറെറന്നാൾ ഉദയത്തോടുകൂടി കൈമുക്കൽ കാണ്മാനുള്ള ജനങ്ങൾ വന്നുകൂടി തുടങ്ങും. അപ്പോഴത്തെ തിക്കും തിരക്കും എത്രമാത്രമുണ്ടാവുമെന്നു വായനക്കാൎക്ക് ആലോചിച്ചുനോക്കിയാൽ അറിയാവുന്നതാണല്ലൊ. തലേനാൾ രാത്രി മൂത്തതും മററും പറഞ്ഞുകൊടുത്ത ഉപദേശങ്ങൾ കേട്ടും തനിയെ പലതുമാലോചിച്ചും ഹൃദയത്തിൽ ആകപ്പാടെ ഒരു കിടുകിടുപ്പോടുകൂടി നില്ക്കുമ്പോൾ കൈമുക്കുന്ന നമ്പൂരിയോടു കുളിക്കാൻ പോകാം എന്നു മൂത്തതു പറയും. 'പ്രജ്ഞാതീൎത്ഥം' എന്ന പ്രസിദ്ധപ്പെട്ട കുളത്തിൻെറ വിജനമായ ഒരു മൂലയ്ക്കലുള്ള കടവിലാണ് അദ്ദേഹം കുളിക്കേണ്ടത്. കുളിച്ചുവന്നാൽ പിന്നെ കൈമുക്കാതിരിപ്പാൻ നിവൃത്തിയില്ല. അതുകൊണ്ട്, കുളിപ്പാൻ പോകുന്നതോടുകൂടി ഭയമുള്ളപക്ഷം വേണമെങ്കിൽ ഒളിച്ചുചാടിപ്പോകുന്നതിന്നാണത്രെ വിജനസ്ഥലത്തു കുളി എന്നു വെച്ചിട്ടുള്ളത്. കുളിച്ചു മാററുടുത്തു വരുമ്പോഴക്കും ധ്വജത്തിൻേറയും വൃഷഭത്തിൻേറയും ഇടയിലായിട്ട് ഗണപതിയുടെ മുമ്പിൽ അപ്പക്കാരയുടെ ആകൃതിയിലുള്ള ഒരു ഇരിമ്പുപാത്രത്തിൽ നെയ്യു തിളപ്പിക്കുന്നുണ്ടായിരിക്കും. ഇന്നസമയം മുതൽ ഇത്രപൊന്തുമ്പിട്ടു കത്തിച്ചു നൈ തിളപ്പിക്കേണമെന്നും നിശ്ചയമുണ്ട്. കൈമുക്കുന്നവൻ കുളികഴിഞ്ഞാൽ പിന്നെ മൌനവ്രതമനുഷ്ഠിച്ചുകൊണ്ടിരിക്കണം. കുളിച്ചെത്തിയാൽ തലേനാളത്തെ സത്യവാചകം എഴുതിയ ഓല അദ്ദേഹത്തിൻെറ അരയിൽ

മൂത്തതു തിരുകിക്കൊടുക്കും. ആ മൂത്തതുതന്നെ പൊതിഞ്ഞുകൊണ്ടുവന്നിട്ടുള്ള ഒരു സുവൎണ്ണവൃഷഭവിഗ്രഹം തിളച്ചുമറിയുന്ന നെയ്യിലിടും. വെണ്മാടമായ മേല്പുരയിലുള്ള സുഷിരത്തിൽകൂടി സൂൎയ്യരശ്മി നെയ്യിൽകിടന്നു തിളച്ചുമറിയുന്ന ആ വൃഷഭത്തിന്മേൽ തട്ടുന്ന സമയത്താണ് കൈമുക്കുക എന്ന കൎമ്മം ചെയ്യേണ്ടത്. അപ്പോഴക്കും നവഗ്രഹപൂജാദികൃത്യങ്ങളൊക്കെ സമാപിച്ചിരിക്കും. പന്തീരടി പ്രസന്നപൂജക്കു നടതുറന്ന് ചന്ദ്രശേഖരസ്വാമിയും പ്രത്യക്ഷമായി പ്രകാശിക്കും. സത്യരൂപനായ ഭഗവാന്റെ സന്നിധാനത്തിൽ അസംഖ്യംജനം നോക്കിനില്ക്കേ സത്യപ്രഖ്യാപനം ചെയ്യുന്ന ബ്രാഹ്മണൻ തിളച്ചുമറിയുന്ന നെയ്യിൽ കയ്യുമുക്കി ആ വൃഷഭത്തെ എടുത്ത് മുമ്പിൽ വെച്ചിട്ടുള്ള തുശനിലയിലേക്കിടണം. ഇലയിലിട്ടാൽ ഉടനെതന്നെ ആ വൃഷഭത്തെ ചാണകംകൊണ്ടു മൂടുവാൻ ഒരവകാശിയുണ്ട്. അയാൾക്കു രണ്ടുപണം പ്രതിഫലമാണ്. കൈമുക്കി കഴിഞ്ഞാൽ ആ കയ്യുമൂയത്തിപിടിച്ചുകൊണ്ട് ക്ഷേത്രത്തിന്നൊരു പ്രദക്ഷിണം വെയ്ക്കണം. അദ്ദേഹത്തിന്റെ ആ പ്രദക്ഷിണത്തിന്ന് അനേകം അനുയാത്രക്കാരുണ്ടാവുമെന്നു പറയേണ്ടതില്ലല്ലോ. സ്വാമിയുടെ നടയിലെത്തിയാൽ മൂത്തതു കയ്യുമൂടി കെട്ടും. പിന്നെ മൂന്നുദിവസം അദ്ദേഹത്തിന്റെ വാസം മൂത്തതിന്റെ ഇല്ലത്താണ്. ഭക്ഷണം കൊടുപ്പാനുംകൂടി മൂത്തതുതന്നെയാണ്. ഇതാണ് ശുചീന്ദ്രത്തു മൂത്തതിനൊരു പ്രാശസ്ത്യം. കൈ പൊള്ളിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും അന്നു കൈ നീറിക്കൊണ്ടിരിക്കും, അതിന്നു വ്യത്യാസമില്ല. നേരത്തോടുനേരം കഴിഞ്ഞാൽനീററൽ നില്ക്കും. പിന്നെ കൈ പൊള്ളിട്ടുണ്ടോ എന്നു മൂത്തത് സ്വകാൎയ്യമായി പരീക്ഷിച്ചു നോക്കും. പൊള്ളീട്ടുള്ളപക്ഷം അദ്ദേഹത്തിന്റെ രക്ഷാധികാരിയായ മൂത്തത് ഒളിച്ചുചാടി പൊയ്ക്കൊള്ളുന്നതിന്നനുവാദം കൊടുക്കാറുണ്ട്. ആളെ കാണാതായാൽ മൂത്തതു പതിനാലു പണം പിഴചെയ്യാൽ മതി. ചാടിപ്പോയില്ലെങ്കിൽ ക്ഷേത്രത്തിൽ നാലായിരം പണം ചിലവുണ്ട്. മഹാഘോഷമായിട്ടുള്ള ശുദ്ധിമുതലായതു കഴിക്കണം, ദോഷപ്പെട്ടിട്ടുണ്ടെന്നു തീൎച്ചവന്നിട്ടുള്ള ആളെ മുപ്പത്തിര

ണ്ട ദാസിമാരുടെ ദശമാജ്ജിനീസംഭാവനയോടുകൂടി പുഴുക്കര ക ണ്ടുകയും വേണം.

കൈ പൊള്ളിട്ടില്ലെങ്കിൽ അദ്ദേഹത്തിൻെറ ചാരിതാൎത്ഥ്യവും, അത്ഭുതവും ജനങ്ങളുടെ സന്തോഷവും, മഹോത്സവവും, പറയാനില്ല. മൂന്നാംദിവസമേ കുളിയുള്ളു. അന്നു കുളിച്ചുവന്നു ക്ഷേത്രത്തിൽ പ്രദക്ഷിണമായിചെന്നു വിഷ്ണുഭഗവാൻെറ നടയിലെത്തിയാൽ കയ്യു മൂടികെട്ടിയതഴിച്ചുകളയും. പിന്നെ അദ്ദേഹം അമ്പലത്തിൽതന്നെ ഒരു സ്ഥലത്ത് എവൎക്കും കയ്യു കാണത്തക്കവിധത്തിൽ ഉച്ചപ്പൂജായാകെ ജപിച്ചുകൊണ്ടിരിക്കണം. പലപ്രകാരത്തിലും പലരും കൈ പൊള്ളിട്ടുണ്ടോ എന്നു പരീക്ഷിച്ചുനോക്കും. 'സത്യേസൎവ്വം പ്രതിഷ്ഠിതം' എന്നുണ്ടല്ലോ. സത്യമുണ്ടെങ്കിൽ പൊള്ളീട്ടുണ്ടാവില്ല നിശ്ചയം തന്നെ. ഉച്ചപ്പൂജക്കു നമസ്കാരത്തിന്നു ബ്രാഹ്മണൎക്ക് 'കുടിക്കുനീർ' വീഴ്ത്തുവാൻ അന്നദ്ദേഹംതന്നെയാണ്. ആ ബ്രാഹ്മണപങ്ക്തിയിൽ ഇരുന്ന് അദ്ദേഹം ഉണ്ണുകയും ചെയ്യും. ഇങ്ങിനെ അദ്ദേഹത്തിൻെറ ശുദ്ധഭോജനവും കഴിഞ്ഞു. പിന്നെ അദ്ദേഹത്തിനെ വളരെ ബഹുമാനിച്ചു വാഹനത്തിൽകയററി ഒരു പട്ടണപ്രവേശം കഴിപ്പിക്കും. തിരിയെ തിരുവനന്തപുരത്ത് എത്തിയാൽ മഹാരാജാവു ബഹുമാനിച്ചു രണ്ടുകൈക്കും വീരശ്രൃംഖലയും മററും കൊടുക്കും. അദ്ദേഹം സകലബ്രാഹ്മണയോഗങ്ങളിലും മാന്യസ്ഥാനത്തിന്നൎഹനായുംഭവിക്കും.

ഈ 'ശുചീന്ദ്രത്തു കൈമുക്കൽ' എതുകാലത്തു തുടങ്ങി എന്നുള്ളത് ഇപ്പോഴും ആൎക്കും നിശ്ചയമുണ്ടെന്നു തോന്നുന്നില്ല. ൧൦൧൫-ാമാണ്ടാണ് ഇതിൻെറ അവസാനകാലം. പിന്നെ ഒരുകുറി തിളപ്പിക്കാത്ത നെയ്യിൽ കൈമുക്കുക എന്നൊരു ഗോഷ്ഠി കാണിച്ചില്ലെന്നില്ല. പക്ഷെ അതു ജനസമുദായത്തിന്നു തൃപ്തിക്കും അത്ഭുതത്തിന്നും മതിയായില്ല. ഈ പ്രയോഗത്തിൽ സത്യമുള്ളവൻെറ കൈ പൊള്ളും എന്നായിരുന്നു നിശ്ചയിച്ചിരുന്നത് എങ്കിൽ ഒരു വിധം സമാധാനമാകുമായിരുന്നു. ബ്രിട്ടീഷ് ഗവൎമ്മെണ്ടിലെ ഒരു ഉപദേശംകൊണ്ടോ, നിൎബ്ബന്ധംകൊണ്ടോ, ശാസനംകൊണ്ടോ, എന്തുകൊ

ണ്ടെങ്കിലും, മലയാളികൾക്ക് ഈ അത്യത്ഭുതമായ സത്യപ്രഖ്യാപനമാർഗ്ഗം അടഞ്ഞുപോയതു കഷ്ടവും നഷ്ടവുമാണെന്നു പൂർവ്വചരിത്രജ്ഞന്മാരാരും പറയാതിരിക്കയില്ല നിശ്ചയംതന്നെ.

ലണ്ടൻനഗരത്തിലെ

# ചില അതിശയങ്ങൾ

ശീമയിലെ അത്ഭുതങ്ങൾക്ക് അവസാനമില്ല. അവിടെ പൊള്ളയല്ലാത്ത സ്ഥലം എവിടെയാണെന്ന് അറിവാനാണ് ഞെരുക്കം. ഭൂമിയുടെ അടിയിലുള്ള ഒരു തീവണ്ടിസ്റ്റേഷനിൽനിന്നു പുറത്തുവന്നാൽ (St. P. Churchyard) എന്ന സ്ഥലത്തിന്നു സമീപം എങ്ങാണ്ടോ ചെന്നു ചേരും. ഇവിടെ വഴി നടുവിലായിട്ടു വൃത്താകാരത്തിൽ സ്ഫടികംകൊണ്ടുള്ള ഒരു സ്ഥലം കാണാം. അത് ഒരു പലഹാരക്കച്ചവടസ്ഥലത്തിന്റെ മേല്പുരയാകുന്നു. ഈ വിശ്രമസ്ഥലം ഒരു അന്തർഗ്ഗൃഹമാണ്. ഫ്ലീററ് സ്ട്രീററ് (Fleet street) എന്ന തെരുവിൽകൂടി നാം ദിവസംപ്രതി നടക്കുന്നതായാലും ഒരു നദീതീരത്ത് എത്തി എന്നോ, അതിന്റെ ഒഴുക്ക് അനുസരിച്ചു നടക്കുന്നുവെന്നോ, വിലങ്ങടിച്ചു കടന്നുപോകുന്നുവെന്നോ, നമുക്ക് അറിയുവാൻ തരമില്ല. നദി ഭൂമിയുടെ ഉള്ളിൽ ഒളിച്ചുകിടക്കുന്നു. അതാണ സൂര്യരശ്മി തട്ടാത്ത വെള്ളമുള്ളതെന്നു ചരിത്രപ്രസിദ്ധമായ (Fleet River) നദി. പിന്നെ റായൽ എക്സ്ചേഞ്ച് (Royal Exchange) എന്ന സ്ഥലത്തിന്റെ മുൻഭാഗത്തായി. കച്ചവടബഹളം ഇത്ര അധികമുള്ളസ്ഥലം ലണ്ടനിൽ മററൊന്നുമില്ല. ദിനസരി അവിടെക്കൂടുന്ന ജനസംഖ്യ നൂറും ആയിരവും മററുമല്ല അനേകലക്ഷംവീതം കണക്കാക്കേണ്ടതാകുന്നു. പക്ഷെ അവരിൽ കുറച്ചുപേർ മാത്രമെ ഒരു മൂന്നുനിലമാളികയുടെ തട്ടിൻപുറത്തുകൂടി നടക്കുകയാണെന്ന് അറിയുന്നുള്ളു. എന്തെന്നാൽ, അവരുടെ കാലടികൾക്കു നേരെ താഴെ ഒരു തീവണ്ടിസ്റ്റേ

ഷനിലുള്ള സാമാനം തൂക്കുന്ന ആപ്പീസ്സാണ്. അതിന്നു ശരിക്കു ചോട്ടിൽ പട്ടണത്തിലെ പ്രധാനവെള്ളക്കുഴലും ഗാസ് കുഴലും ശേഖരപ്പെട്ടുത്തീട്ടുള്ള ഒരു വിശാലമായ സ്ഥലമുണ്ട്; എല്ലാററിലും താഴത്തുകൂടി വിദ്യുച്ഛക്തികൊണ്ടോടിക്കുന്ന വണ്ടി വഴിയാത്രക്കാരെ കയററിപോകുകയും ചെയ്യുന്നു. സമഭൂമിയിൽനിന്ന് എഴുപതും, ചിലപ്പോൾ നൂററിമുപ്പതും, അടി ആഴമുള്ള പാതാളത്തിൽകൂടിയാണ് ആവിവണ്ടിയുടെ യാത്ര. കുറച്ചുമുമ്പിൽ നാം ഉറച്ച ഭൂമിയിൽനിന്നിരുന്നുവെന്നു വിചാരിക്കും; പക്ഷെ നമ്മുടെ കാലടിക്കു താഴെ ഒരു നദി ഒഴുകിക്കൊണ്ടിരിക്കുന്നു. മറെറാരുസ്ഥലത്ത് വിദ്യയൊന്നും ഇല്ലെന്നു തോന്നും; അവിടെ തലക്കുമീതെയാണ് നദിയുടെ ഒഴുക്കു. തെക്കെ ലണ്ടനിലെ ഒരു വൈദ്യുതവണ്ടി സ്റ്റേഷനിലുള്ള പ്ലാററ്ഫാറത്തിൽ ചെന്നു നില്ക്കുന്നവരുടെ തലക്കുമീതെ തെംസ്നദി ഒഴുകിക്കൊണ്ടിരിക്കുന്നു. തലക്കുമീതെ നദി, അടിക്കുതാഴെ നദി, അത്ഭുതനഗരികളിൽ വെച്ചത്യത്ഭുതമായ ലണ്ടൻപട്ടണത്തിൽ എന്താണ് അസംഭാവ്യമായിട്ടുള്ളത! ഭൂമിയുടെ അന്തർഭാഗത്തുള്ള നദിയിൽ സ്നാനംചെയ്യാം; അന്തർഗ്ഗഹങ്ങളിൽ പചിക്കാം; അന്തരാലയങ്ങളിൽ ഇരുന്നു ഭക്ഷിക്കാം; ഗർഭമന്ദിരങ്ങളിൽ ഇടനേരം കഴിക്കാം; ഭൂമിക്കുതാഴെ ചെന്നു നേരമ്പോക്കും ചെലത്താം. വൎത്തമാനക്കടലാസ്സും അവിടെ കിട്ടും; ഉഷ്ണകാലത്തു ശൈത്യസുഖം അനുഭവിപ്പാനായി ഹേമമന്ദിരങ്ങളും അന്തർഭാഗത്തിലുണ്ട്; പിന്നെ വേണമെങ്കിൽ മണ്ണിൻചുവട്ടിൽ തന്നെ കിടക്കുകയും ചെയ്യാം. ചാവാൻ പറയുന്നതല്ല.

ക്ഷണനേരംകൊണ്ട് എല്ലാം പ്രവൃത്തിക്കേണമെന്നാണ് ഇംക്ലീഷുകാരൻെറ ശാസ്ത്രം. നിശ്ചയിച്ച സമയംകൊണ്ടു കാൎയ്യം കലാശിച്ചാൽ ഭാഗ്യമായി എന്നാണ് മറുരാജ്യക്കാരുടെ വിചാരം. ഒട്ടും സമയംകൂടാതെ ഒരു പ്രവൃത്തിചെയ്യാൻ വസ്തുത പ്രയാസംതന്നെ. എന്നാൽ വെള്ളക്കാരൻെറ പ്രവൃത്തികൾക്കു സമയംതന്നെ വേണ്ട; അതിലും എളുപ്പത്തിൽ പണി നടത്തുവാനാണ് അവരുടെ ഉത്സാഹം. കാലദേശങ്ങളെ ഇല്ലായ്മചെയ്യാനാണ് വെള്ളക്കാരൻെറ ശ്ര

മം എന്നുള്ള വാക്കിൽ മനസ്സിരുത്തേണ്ടതാകുന്നു. വൎത്തമാനപത്രങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിലും, വണ്ടി ഓടിക്കുന്നതിലും, തപാൽ എടപെട്ടകാൎയ്യത്തിലും, കമ്പി അടിക്കുന്നതിലും, അവരുടെ താല്പൎയ്യം പ്രത്യക്ഷപ്പെടുന്നുണ്ട്. ഒരു മണിക്കൂറുസമയം ൬൦ മിനിട്ടു കൊണ്ടാണല്ലൊ അവസാനിക്കുക. എന്നാൽ വണ്ടി ഓടിക്കുന്നവർ ആ സമയം ൫൯ മിനിട്ടുകൊണ്ടു അവസാനിപ്പിക്കുവാൻ നോക്കും. അതി വേഗത്തിൽ പായുന്ന വണ്ടികൾക്കു ചില്ലറ താവളങ്ങളിൽ നില്ക്കുവാൻ സാധിക്കുകയില്ല. ഇതിനിടക്കു തപാൽകൊടുത്തു വാങ്ങാതെ തരവുമില്ല. സമയം പിശുക്കുപിടിക്കുവാനായി ഒരു കൈക്കാരൻ ഇതിലേക്കും ഉപായം കണ്ടുപിടിച്ചു. സ്റ്റേഷന്റെ മുൻഭാഗത്ത് വഴിയോരത്തായി ഒരു കുന്തക്കോലിൽ തപാൽസഞ്ചി കെട്ടിത്തൂക്കീട്ടുണ്ടായിരിക്കും. വണ്ടി ഓടിച്ചുപോകുന്നവഴിക്കു തൂങ്ങികിടക്കുന്ന സഞ്ചി അകത്തേക്കും അകത്തുള്ളസഞ്ചി പുറത്തേക്കും വലിച്ചിട്ടേച്ചുപോകും. ഈ വക ഏൎപ്പാടുകളെ കുറിച്ചാലോചിക്കുമ്പോൾ ലണ്ടനിൽനിന്ന് 'എഡിമ്പറോ' വിലെക്കൊ 'ഡബ്ളിൻ' പട്ടണത്തിലേക്കൊ ഒരു ചാട്ടത്തിന്ന് എത്തിക്കളയാമെന്നുകൂടി തോന്നും.

വിസ്മയനീയമായ വേഗത്തിൽ കാൎയ്യങ്ങളെ ഒരുക്കുകൂട്ടുന്നുണ്ടെന്നുള്ളതിലേക്കു 'തീക്കെടുത്തി' യന്ത്രം (Fire Engine) ഒരു നല്ല ഉദാഹരണമാണ്. പൊല്ലീസ്സുകാരന്റെ സൎവ്വശക്തിയുള്ള കൈ ഒരു വണ്ടിയുടെ നേരെമാത്രം പൊങ്ങുകയില്ല. അതിന്റെ ഗതിനിരോധത്തിന്നായി അയാൾ ശ്രമിക്കുന്നതുമല്ല. ആ വണ്ടി മഹാജനസഭയിലെ സഭാനായകന്റെ വണ്ടിയല്ല. പ്രധാനമന്ത്രിയുടെ വണ്ടിയും അല്ല. മഹത്തായ ഇംഗ്ലീഷുപള്ളിയുടെ പ്രധാനമെത്രാന്റേയൊ, 'ലോഡ്മെയർ' എന്ന മഹാപുരുഷന്റേയൊ വണ്ടികളും അല്ല. ചക്രവൎത്തിയുടെ വണ്ടിക്കും ഈ അവസ്ഥയില്ല. അതാ ഒരു ഭയങ്കരശബ്ദം കേൾക്കുന്നു. അതി തേജസ്സോടുകൂടിയതും ദ്രുതഗതിയിൽ പായുന്നതുമായ ആ വരുന്ന വണ്ടിയിലുള്ള അഞ്ചാറു ജീവികളുടെ കണ്ഠദ്ധ്വനിയാണ് കേൾക്കുന്നത്. കുതിരകളുടെ ചാട്ടം ശക്തിപോട്ടുന്ന വേഗത്തിലാണ്. ആളുകൾ ലഹളകൂട്ടുന്നു. കവചങ്ങൾ

മിന്നൽപോലെ പ്രകാശിക്കുന്നു, മററുവണ്ടികളും ജനങ്ങളും ബദ്ധപ്പെട്ടു വഴിയോരത്തേക്ക് ഒതുങ്ങുന്നു. പൊല്ലീസ്സുകാരനുംകൂടി ബഹുമാനപുരസ്സരം വഴി വിട്ടുമാറി നില്ക്കുന്നു. ഈ തീക്കെടുത്തി എന്ത്രത്തിൻെറ പുറപ്പാടാണ്. ശീമയിൽ അഗ്നിബാധ ശമിപ്പിക്കുന്നതിനുള്ള വേഗത അതിശയിക്കത്തക്കതുതന്നെ. ഒരു പുര തീപ്പിടിക്കുമ്പോൾ വല്ലവരും ഓടിച്ചെന്ന് അടുത്തുള്ള ആപൽസൂചനസ്തംഭത്തിൻെറ ഒരു ചില്ലുപൊട്ടിച്ച് ഒരു മൊട്ടാണി പിടിച്ചുവലിക്കും. ഉടനെ യന്ത്രശാലയിൽ മണിയടിക്കുന്നതു കേൾക്കാം. അറിവു കൊടുത്ത സ്ഥലത്തിൻെറ പേർ എഴുതിട്ടുള്ള ഒരു കുറിമാനവും യന്ത്രശാലയിൽ കിട്ടും. അറിവു കിട്ടീട്ടു രഠ നിമിഷത്തിന്നുള്ളിൽ യന്ത്രം പുറപ്പെട്ടു. മണിയുടെ ശബ്ദംകേട്ട ക്ഷണത്തിൽ ഇരുപതുപേർ അവരവരുടെ പ്രവൃത്തികളു ചാടി പുറപ്പെട്ടു. രണ്ടുപേർ മെന്നു സദാ ഭദ്രമാക്കി നിൎത്തിട്ടുള്ള രണ്ടു കുതിരകളെ കൊണ്ടുവന്നു യന്ത്രവണ്ടിയോടു ജോടിച്ചു; രണ്ടുപേർ വാറുവലിച്ചുകെട്ടി; രണ്ടുപേർ കടിഞ്ഞാൺ വെച്ചു; രണ്ടുപേർ വാറെടുത്തു കാലെക്കൂട്ടി സ്ഥലംപിടിച്ചുകഴിഞ്ഞിട്ടുള്ള കുതിരക്കാരൻെറ കയ്യിൽകൊടുത്തു. വാറ് കയ്യിൽകിട്ടിയാൽ അയാൾ വണ്ടിവിട്ടു. ഓടുന്നതിന്നിടയിൽ മററുള്ളവർ അതിൽ ചാടിവീണു. ഉദ്ദേശിച്ചസ്ഥലത്ത് എത്തുന്നതുവരെ വഴിക്കുള്ള പ്രതിബന്ധങ്ങൾ ഒന്നും വകവെയ്ക്കാതെ വണ്ടി പറഞ്ഞപടി പായും. സ്ഥലത്തെത്തിയാൽ ആളുകൾ താഴത്തുചാടി തീയുംകെടുത്തി.

തീവണ്ടിക്കും തീക്കെടുത്തിയന്ത്രത്തിന്നും ഉള്ള വേഗതപോലെതന്നെ കമ്പിത്തപാലാപ്പീസ്സുകളിൽ ചെയ്യുന്ന പ്രവൃത്തികൾക്കും വേഗതയുണ്ട്. അവയുടെ ബ്രാഞ്ചാപ്പീസ്സുകൾ ശീമയിൽ അസംഖ്യമാണ്. എന്നാൽ എല്ലാകമ്പിവൎത്തമാനങ്ങളും ഹേഡാപ്പീസ്സിൽ അറിവു കൊടുക്കുകയും വേണം. കമ്പിമാൎഗ്ഗമല്ല ഈ അറിവുകൊടുക്കുന്നത്. കമ്പി എഴുതി എടുത്തിട്ടുള്ള കടലാസ്സ് ഒരു പൊള്ളക്കുഴലിലിട്ടാൽ വായുഭഗവാൻ ഞൊടിയിടകൊണ്ട് അതിനെ ഹേഡാപ്പീസ്സിൽ എത്തിച്ചു കൊടുക്കും. അതിൻെറ ചുമതലക്കാരൻ വായുവാണ്. എല്ലാ ആപ്പീസ്സുകളും ഇങ്ങിനെയുള്ള ക

മ്പികളെക്കൊണ്ടു സംബന്ധപ്പെടുത്തിയിരിക്കുന്നു. ലണ്ടനിൽ ൩൪ നാഴികനീളം ഇത്തരം കുഴലുകൾ ഏൎപ്പെടുത്തീട്ടുണ്ട്. ദൂരം കുറയ്ക്കുവാനുള്ള വിദ്യയാണിത്. കാൎയ്യനടപ്പിലുള്ള സൌകൎയ്യം കാണുമ്പോൾ എല്ലാ ബ്രാഞ്ചാപ്പീസ്സുകളും ഹേഡാപ്പീസ്സിന്റെ ഒരു ഭാഗമാണെന്നു തോന്നും. വസ്തുത അവ ആ ആപ്പീസ്സിലുള്ള ഒരോ മുറികളാണെങ്കിൽക്കൂടി ഇത്ര എളുപ്പമുണ്ടാകുന്നതല്ലാ. 'ടൈംസ്സ്' എന്ന പ്രസിദ്ധവൎത്തമാനപത്രത്തിന്റെ ആപ്പീസ്സിലേക്കു പാർളിമേണ്ടിലെ പ്രസംഗങ്ങൾ അയക്കുന്നതിന്നും ഈ വിദ്യതന്നെ ഉപയോഗിക്കുന്നു. പ്രസംഗം കുറിച്ചെടുത്തകടലാസ്സു ചുരുട്ടിക്കെട്ടി കുഴലിൽ ഇടും. അല്ലാതെ ഓട്ടക്കാരും മററും ആവശ്യമില്ല. ഇങ്ങിനെ കാലദേശങ്ങളെ ഇല്ലായ്മചെയ്യുന്നു. സഭയിൽ പ്രസംഗിച്ചആൾ പുറത്തുവരുന്നതിന്നു മുമ്പു സഭയിൽ പറഞ്ഞതെല്ലാം അച്ചടിച്ച് അദ്ദേഹത്തിന്റെ കയ്യിൽ കൊടുക്കുവാൻ പത്രങ്ങൾക്കു സാധിക്കുന്നതും ഈ വഴിക്കാണ്. ക്ലബ്ബുകളിലും നാടകശാലകളിലും കമ്പികൾ എഴുതി എടുക്കുന്നതിന്നും യന്ത്രങ്ങൾ ഉണ്ട്. ഒന്നിനുപിമ്പു മറെറാന്നായി തുടൎന്നുവരുന്ന വൎത്തമാനങ്ങളെല്ലാം മുറക്കു കടലാസ്സിൽ പകൎത്തി പുറത്തേക്കു തള്ളുവാനായി ഒരു യന്ത്രം ഉണ്ട്. ഇതിന്ന് അഹോരാത്രം അനദ്ധ്യായംകൂടാത്ത ജോലിയാണ്. എന്നാൽ അനദ്ധ്യായം തീരെ ഇല്ലെന്നു പറഞ്ഞുകൂടാ. അസമയങ്ങളിൽ ചിലപ്പോൾ ഒന്നുരണ്ടു നിമിഷനേരത്തെ സ്വാസ്ഥ്യത ഇവക്കു കിട്ടാറില്ലെന്നില്ല. ഇതുകൊണ്ടു കമ്പിവൎത്തമാനം കുറിച്ചെടുപ്പാനുള്ള സമയവും വേണ്ടെന്നുവെച്ചു. ലണ്ടനിൽ സമയംകൂടാതെ വേല എടുക്കാമെന്നുള്ളതിലെക്കു പോസ്റ്റാപ്പീസ്സ് ഒരു നല്ല ദൃഷ്ടാന്തമാണ്. മദ്രാസ്സിയിലുള്ള എല്ലാതപാലാപ്പീസ്സുകളിലും ചെയ്യുന്ന ഒരു ദിവസത്തെ പണി അവിടെ ഒരു ആപ്പീസ്സിൽ രണ്ടുമണിക്കൂറിടകൊണ്ട് അവസാനിപ്പിക്കുന്നു. തപാലിൽ കാലത്തു കത്തുകൾ ലക്ഷത്തിൽപുറം കാണും. വൈകുന്നേരത്തെ തുക ൧൨ ലക്ഷമാകുന്നു. ഉച്ചക്കു നാലുലക്ഷത്തിനാല്പതിനായിരം. ൩ ലക്ഷം അൎദ്ധരാത്രിയിലും. ൧൫൦൦ ഉദ്യോഗസ്ഥന്മാരെ കാലത്തെ പണിക്കായി ഏൎപ്പെ

ട്ടത്തിട്ടുണ്ട്. സന്ധ്യക്കുള്ള തുക ൨൧൫൦ ആകുന്നു. ഉച്ചക്കു ൧൦൦൦ പേരും, അൎദ്ധരാത്രിയിൽ ൫൨൦ പേരും ജോലിനോക്കുന്നു. ഇവർ കത്തുകൾ എല്ലാം ആപ്പീസ്സുമുറകളു എന്നു തിരിച്ചു മുദ്രകുത്തി സഞ്ചിയിലാക്കി മുദ്രവച്ചു മെയിൽ വണ്ടിയിൽ എത്തിക്കുന്നതിന്നു ആവശ്യപ്പെടുന്ന സമയം രണ്ടുമണിക്കൂറു മാത്രം. ലണ്ടനിൽ സാധിക്കാത്ത കാൎയ്യമില്ല. റയിൽവേ സ്റ്റേഷൻ ൫൦൦. ഭൂമിയിലെ നാനാഭാഗങ്ങളിലേക്കും ലക്ഷോപലക്ഷം എഴുത്തുകളും കയററി ഒരു സ്റ്റേഷനിൽകൂടി പോകുന്ന വണ്ടികളുടെ തുക ൧൩൨൪. മദ്രാസ്സിൽ മൂന്നു റയിൽവെ സ്റ്റേഷനും ദിവസത്തിൽ മൂന്നുനേരം ചിലവുള്ള തപാലാപ്പീസ്സുകളും കണ്ടു തൃപ്തിപ്പെട്ടിരിക്കുന്ന ഒരു സാത്വികനായ (?) മലയാളി ഈ വക കോലാഹലങ്ങളെല്ലാം കണ്ടു കൈകളുയൎത്തി അത്യത്ഭുതത്തെ സൂചിപ്പിക്കുവാനുള്ള വാക്കുപോലും കിട്ടാതെ കിടന്നു കുഴങ്ങുമ്പോൾ പുറപ്പെടുന്നതു്—അനിൎവ്വചനീയം, ദുൎഗ്രാഹ്യം, ദുരൂഹം.

ലണ്ടൻ വിദ്യാൎത്ഥി, ബി. എ.

---

# ഒരനന്തിരവന്റെ ആവലാതി

(പച്ചമലയാളം)

---

പാരെല്ലാംപുകൾപൂണ്ടിടുന്നതറവാടാണെന്റെവീടെന്നത-
ല്ലാരെല്ലാംമുറപോലെകാരണവരെക്കുപ്പുന്നതാണങ്ങിനെ
പേരെല്ലാംവലുതാണനന്തിരവരാംഞങ്ങൾക്കുസാപ്പാട്ടിനും
നേരെല്ലാംപറയുന്നതാകിലിവിടെക്കിട്ടുന്നതില്ലൊട്ടുമേ. ൧

മുററംമൂത്തുപഴുത്തനെല്ലുതിർവിളങ്ങീടുന്നപാടങ്ങളും
ചുററാതെങ്ങുകവുങ്ങുമാവിവകളാൽമിന്നുന്നതോട്ടങ്ങളും
എററംചന്തമൊടുംപടൎന്നമുളകുംധാരാളമുണ്ടെങ്കിലും
പററുന്നില്ലിതുകൊണ്ടുമൂപ്പിനുകടംകൊള്ളേണ്ടമട്ടായിപോൽ ൨

പാട്ടംകൊണ്ടുകുറച്ചിലേത്തുമിയലാതെല്ലാക്കുമൂണ്ണാംകുടി-
പ്പാട്ടംകൊണ്ടുമുറക്കുമേഞ്ചിലവിനുംമുട്ടില്ലതെല്ലെങ്കിലും
നേട്ടംവേണ്ടതുബാക്കിയുള്ളമുതലാൽനേടാംകടംകൊള്ളുവാൻ
വട്ടംകൂട്ടിവരുന്നുവീട്ടുമുടിയുംമട്ടാണിതെന്നോതിടാം. ൩

മൂപ്പക്കിങ്ങിനെവീട്ടുകാർചിലരിരിരുപ്പുണ്ടെന്നുമെല്ലാക്കുമി-
ങ്ങൊപ്പംനാൾകഴിയേണ്ടതാണിവിടെവെച്ചെന്നുംകുറച്ചെങ്കിലും
ഉൾപ്പൂവിങ്കലൊരോമ്മയില്ലമുഴുവൻമക്കൾക്കൊരുക്കേണമെ-
ന്നെപ്പോഴുംകരുതുന്നുഞങ്ങളിനിമേൽചെയ്യേണ്ടതെന്താണിതിൽ ൪

ആരാണങ്ങുകടന്നുചെന്നിതുപറഞ്ഞീടാൻപറഞ്ഞാലുടൻ
നേരാക്കാൻനിരുപിക്കുമോനെടിയരിച്ചോറുചുരുക്കിട്ടുമോ
നേരാക്കില്ലതെളിഞ്ഞിടില്ലഹെറിയാണോതുന്നതെന്നോതിടും
നേരാരാണറിയുന്നവൻവഴിപിഴച്ചിട്ടാണ്മട്ടൊക്കയും ൫

പത്തായപ്പുരപുത്തനായ്പണിയണംകുമ്മായമിട്ടീടണം
പത്തായൊന്നുചമക്കണംപുതിയതായ്ഞാത്തൊന്നുതീർത്തീടണം
മെത്തക്കോപ്പുപുതുക്കിടാതെകഴിയില്ലെന്നൊക്കെയോരോന്നുതാ
നോത്തമ്മായിപറഞ്ഞുമൂപ്പരെമയക്കുന്നുകണക്കെന്നിയേ ൬

കാപ്പില്ലാതൊരുചന്തമില്ലചിരുതേവിക്കുഞ്ഞിനൊന്നങ്ങിനി-
ത്തീപ്പിച്ചകണമെട്ടുപത്തുപവനുണ്ടായെങ്കിലൊപ്പിച്ചിടാം
അപ്പക്കുട്ടനുവെള്ളിനൂലുപഴകിപ്പോയൊന്നുപൊന്നാലിനി-
ത്തീപ്പിച്ചീടണമെന്നുരച്ചവൾമുടിക്കുന്നുകണക്കെന്നിയേ ൭

തേയ്ക്കാനുംതെളിവോട്ടുടുക്കുവതിനുംസാപ്പാട്ടിനുംവേണ്ടത-
ങ്ങൊക്കെത്താഴ്ചവരാതെകണ്ടവളെടുക്കട്ടേവഴക്കില്ലതിൽ
താക്കോലുംതറവാട്ടുപെട്ടിയുമവൾക്കെന്തിന്നുനല്ലന്നുപി-
ച്ചക്കായ്ഞങ്ങൾനടന്നിടേണ്ടനിലയാമിത്തോതിൽവൈകാതിനി ൮

തേക്കിൻകാട്ടുമുറിച്ചുവിററൊരിരുപത്തയ്യായിരംരൂപയും
മേല്ലാണങ്ങൾകൊട്ടത്തെടുത്തവകയുംമററുള്ളനേട്ടങ്ങളും
നില്ലാതൊക്കെയുമപ്പൊഴപ്പൊഴുടനേനാണിക്കുത്തുക്കാഴ്ചയാം-
യ്യെക്കാൻമൂപ്പരുറച്ചുഞങ്ങൾതടയാൻപോയെങ്കിലൂൺപൊക്കമാംൻ

ഈവീട്ടിൽപ്പലനാളടിച്ചുതളിയായ്വന്നോരുപെണ്ണാണവൾ
ക്കീവണ്ണംനിലമാറിവീട്ടിനുടമക്കാരത്തിയായ്വന്നുപോയ്
താവുംമാലൊടുഞങ്ങളീമുതൽമുടിഞ്ഞീടുന്നതുംകണ്ടുക-
ണ്ടീവണ്ണംവലയുന്നതോൎത്തവൾഞെളിഞ്ഞീടുന്നുകേടെന്നിയേ. ൧൦

വീട്ടിൽക്കുട്ടികൾതാലികെട്ടുകഴിയാതുണ്ടെത്രയോതെല്ലുമുൾ-
ത്തട്ടിൽക്കാരണവൎക്കതിന്റെനിനവില്ലെന്നല്ലതന്മക്കളെ
നാട്ടിൽക്കേട്ടവർവാഴ്ത്തിടുന്നപടിയായ്ക്കെട്ടിച്ചുതാന്തോന്നിയാം
മട്ടിൽക്കാട്ടിവരുന്നമൂത്തകഴുതക്കോമാളിയാമാളവൻ ൧൧

ഓണത്തിന്നൊരുമുണ്ടുനല്ലുവതിനുംകാശില്ലപോൽവീട്ടിലെ-
ന്നാണങ്ങോരരുളുന്നതെന്തുപറയാംമൂപ്പൎക്കുമൂപ്പില്ലയോ
കാണംവിററുമൊരേടവുംപിഴവരാതോണംകഴിക്കേണമെ-
ന്നാണല്ലോമൊഴിയുള്ളതായതുപഴംചൊല്ലായ്നമുക്കൊക്കയും ൧൨

പാടത്തിങ്ങിനെമാട്ടുമേച്ചുപകലെല്ലാംകൊക്കഴിച്ചന്തിയാ-
യ്വീടെത്തുന്നകിടാങ്ങളെക്കശപിശച്ചൊല്ലീട്ടുതല്ലുന്നതും
കേടെത്താതെചിരിച്ചുതന്റെമകനെക്കൊണ്ടോടിമേവുന്നതും
നാടൊക്കെപ്പറയുന്നുഞാനതുപറഞ്ഞീടേണ്ടതില്ലേതുമേ. ൧൩

പൊയ്യല്ലാപ്പുരമേഞ്ഞിടാതെമഴവീണോതംപിടിച്ചീനിലം
വയ്യേയ്യാപറവാൻനടക്കുവതിനുംകൊള്ളാത്തൊരീമട്ടിലായ്
മയ്യേലുംമിഴിയൊത്തുകാരണവരങ്ങോടിട്ടുമേടക്കുമേ-
ലിയ്യുള്ളോരെനിനച്ചിടാതെമരുവീടുന്നുതെളിഞ്ഞങ്ങിനെ ൧൪

ഓരോരോന്നുണയുംപറഞ്ഞിവിടെയുള്ളോരെപ്പഴിച്ചേററവും
നേരോതുന്നവനെന്നുവെച്ചുഞെളിയുംപിച്ചാണ്ടിയാംപട്ടരും
ആരോടീയഴലോതിടേണ്ടതവളുംകൂടീട്ടുചെയ്യിച്ചിടു-
ന്നോരോരോകേടുകളോൎത്തകത്തളിരെരിഞ്ഞീടുന്നുമാൽത്തീയ്യിനാൽ ൧൫

എട്ടുംരണ്ടുമറിഞ്ഞിടാത്തവഷളൻപിച്ചാണ്ടിയോനാണിയോ
വട്ടത്തിൽത്തിരിയുന്നകാരണവരോചാവാതിരിക്കുംവരേ
ഒട്ടുംനന്മവരില്ലവീട്ടിന്നവരെക്കൊല്ലാൻപുറപ്പെട്ടുഞാൻ
പെട്ടാലുംശരിവീട്ടുകാർപൊറുതികെട്ടീടാതിരുന്നീടുമേ ൧൬

തൂക്കിക്കൊന്നിടുമെന്നെഞാൻകുലയിലേപ്പെട്ടെങ്കിൽഞാൻചാകി
ന്നോക്കില്ലിത്തറവാട്ടുകാരെയിനിവന്നിടുന്നൊരാമൂപ്പരും [ലോ
മൂക്കററംനിലവിട്ടുകള്ളുകുടിയാൽവല്ലാതിളക്കംകല-
ന്നോൎക്കാത്താൽശ്ശരിയായ്നടക്കുവതിനായാവില്ലപോലൂഴിയിൽ ൧൭

എല്ലാക്കുംപൊതുവായിടുന്നമുതലങ്ങാക്കാനുമേകീട്ടുടൻ
വല്ലാതേഞെളിയുന്നകാരണവരെച്ചിക്കെന്നുനീക്കീടുവാൻ
എല്ലാരുംപറയുന്നുകോടതികളിൽക്കേറേണമെന്നായതി
ന്നില്ലാകാശൊരുപൈസ്സയുംചിലവഴിക്കാതൊന്നുമായീടുമോ ൧൮

തുടരും

പി. ജി. രാമയ്യൻ, ബി. എ. ബി. എൽ.

# വിക്രമോൎവ്വശീയസാരം

ദേവി, തന്റെ ഭൎത്താവായ രാജാവിന്ന് ആദിത്യഭഗവാനെ കണ്ടു തൊഴുവാൻ പോയിവന്നതിന്റെ ശേഷം എന്തോ ഒരു വിചാരമുണ്ടെന്നും, ഇഷ്ടനായ മാണവകബ്രാഹ്മണനോട് അതിനെ പറയാതിരിക്കയില്ലെന്നും ഊഹിക്കയും, ആബ്രാഹ്മണനേക്കൊണ്ടു പറയിച്ചു രാജാവിന്റെ വിചാരകാരണമെല്ലാം അറിവാൻ നിപു

ണികയെന്ന ചേടിയെ അയക്കയും കാൎയ്യമെല്ലാം ഫലിക്കയും ചെയ്കയാൽ ദേവിയുടെ ഊഹശക്തിഗുണവും ആളുംതരവുമറിക എന്ന ഗുണവും തോന്നുന്നു. താൻ എന്തിനെ അറിവാനായിട്ടാകുന്നുവോ ഉത്സാഹിച്ചു പുറപ്പെട്ടത് ആ കാൎയ്യമെല്ലാം തെക്കൻകാററുകൊണ്ടു പറന്നുവന്നു തന്റെ ചിലമ്പിന്മേൽ പററിയ ഭൂൎജ്ജപത്രംകൊണ്ടു ദേവിക്കു വേഗത്തിലെളുപ്പമായി അറിവാൻ ദൈവഗത്യാ സംഗതിയാകയാൽ ദൈവാനുകൂല്യഗുണം സൂചിക്കുന്നു. 'ഈ പത്രമല്ലാ ഞാനിവിടെ അന്വേഷിച്ചത്; വേറെയൊന്നാണെ'ന്നു രാജാവു പറഞ്ഞതിന്ന്, ദേവി, 'തന്റെ അനുരാഗം മറയ്ക്കുവാനുള്ളത്, അല്ലേ?' എന്നു മറുപടി പറഞ്ഞതും മററുംകൊണ്ടു വാക്സാമൎത്ഥ്യം സൂചിക്കുന്നു. 'എന്നാൽ ദാക്ഷിണ്യംകൊണ്ടുണ്ടാകുന്ന പശ്ചാത്താപത്തെയാണിനിക്കു പേടി' എന്ന ദേവിയുടെ വാക്കുകൊണ്ടു ദാക്ഷിണ്യം സൂചിക്കുന്നു. ദേവി പോയതിന്റെശേഷം ഭക്ഷണയാത്രാപ്രസംഗംവരെ രാജാവും വിദൂഷകനും തമ്മിൽ ചെയ്ത സല്ലാപംകൊണ്ടു ഭൎത്തൃബഹുമതാതാഗുണം തോന്നുന്നു. മൂന്നാമങ്കത്തിൽ രാജാവിനെ ദേവി തന്റെ അപ്രിയത്തെ സഹിച്ചുകൊണ്ടും ഭൎത്തൃശരീരസുഖത്തിന്നായി ഉൎവ്വശിക്കു കൊടുത്തുവെന്നു പറകയാൽ ധൈൎയ്യവും ദാക്ഷിണ്യപൂൎത്തിയും ഭൎത്തൃസ്നേഹവും തോന്നുന്നു. രോഹിണിയോടുകൂടിയ ചന്ദ്രൻ ദേവിയോടുകൂടിയ രാജാവിനെപ്പോലെ ശോഭാവിശേഷത്തോടു ചേൎന്നിരിക്കുന്നുവെന്നു നിപുണിക പറകയാൽ സൌന്ദൎയ്യഗുണം സൂചിക്കുന്നു. ദേവീശബ്ദാൎഹയാണിവൾ എന്നുൎവ്വശി പറകയാൽ സാമുദ്രികാശാസ്ത്രപ്രകാരം അംഗോപാംഗങ്ങൾക്കെല്ലാം സാൎവ്വഭൌമപട്ടമഹിഷീശുഭലക്ഷണങ്ങൾ തോന്നുന്നു. 'സുപാണി' എന്ന ശ്ലോകംകൊണ്ടു സൌകുമാൎയ്യം സൂചിക്കുന്നു. വ്രതാനുഷ്ഠാനാദികൊണ്ടു ധൎമ്മശ്രദ്ധാഗുണം തോന്നുന്നു. 'മഹാപ്രഭാവ' എന്നുമുതൽ 'ദേവിക്കും' എന്നുവരേയുള്ള ചിത്രലേഖാവാക്കുകൊണ്ട് ദേവിയുടെ പാതിവ്രത്യവും അതുകൊണ്ടും മററുമുണ്ടായ മഹാപ്രഭാവവും തോന്നുന്നു. 'ആൎയ്യപുത്ര! നിയമം ഞാനിതുവരെ തെററിച്ചിട്ടില്ല' എന്ന ദേവിയുടെ വാക്കുകൊണ്ടു തപശ്ശക്തിതോന്നുന്നു.

ഊഹിപ്പാൻവയ്യ്,മാളംതരവുമറികയും,
ഭാഗ്യവും,ചൊൽമിടുക്കും,
സ്നേഹംഭൎത്താവിലേററംപെട്ടകയു,മഴകം,
മാൎദ്ദവാപൂണ്ടമെയ്യും,
ദേഹംസാമുദ്രികാലക്ഷണശുഭമയമാ
ണെന്നതാനല്ലറപ്പും,
മാഹാത്മ്യാചേൎന്നദാക്ഷിണ്യവു,മമിതതപ
സ്സക്തിയും,വ്യക്തമായി ഫ
അത്യന്തധൎമ്മരുചിയും,തികവുള്ളപാതി-
വ്രത്യാഖ്യമുഖ്യഗുണവും,പുനരിഗ്ഗുണത്താൽ
എത്താപ്രഭാവഗുണപുഷ്ടിയു,മിങ്ങുദേവി-
ക്കിത്ഥംതെളിഞ്ഞുവിലസുന്നുഗുണങ്ങൾഭംഗ്യാ ൨

ദേവിക്കിങ്ങിനെയുള്ള പതിന്നാലു ഗുണങ്ങളിൽവെച്ചു ദാക്ഷിണ്യഗുണത്തിന്നു ശക്തികൂട്ടമെന്ന് ഈ കഥകൊണ്ടു സ്പഷ്ടമാണല്ലൊ.

ഇനി നായകന്റെ സഖിയായ വിദൂഷകന്നുള്ള ഗുണങ്ങളെ ഗണിക്കുന്നു. വിദൂഷകന്റെ പ്രായേണ എല്ലാവിചാരങ്ങളും, വാക്കുകളും, പ്രവൃത്തികളും, ഹാസ്യകരങ്ങളാകയാൽ അതിസ്പഷ്ടമായ നൎമ്മസാമൎത്ഥ്യമെന്ന ഗുണത്തിന്നുള്ള ഉദാഹരണത്തെ പ്രത്യേകമായി കാണിക്കുന്നില്ല. ഒരുത്തനെ ഹിംസിക്കുകയെന്ന വലുതായ ദോഷത്തെ ഈ ദോഷനാശത്തിന്നുതന്നെ വേണ്ടി ഗുണമാക്കിക്കല്പിച്ചു സ്വീകരിച്ചു കുലക്കുററക്കാരനെ തൂക്കിക്കൊല്ലുന്നതു നാട്ടിലെല്ലാം നടപ്പാകയാൽ ചിലപ്പോൾ ദോഷങ്ങൾ ഗുണങ്ങളായിത്തീരുമെന്നു സ്പഷ്ടമാണല്ലൊ. അതുപോലെ പ്രകൃതത്തിൽ ഇഹലോകസകലപുരുഷാൎത്ഥസാധകമായ രാജസേവാഗുണത്തിന്റെ മുഖ്യമൂലമായ വിദൂഷകന്റെ നൎമ്മസാമൎത്ഥ്യത്തിന്നുള്ള കാരണങ്ങളായ അംഗവൈരൂപ്യാദി ദോഷങ്ങൾ ഗുണങ്ങളായി തീരുന്നു. 'ഭക്ഷണത്തിന്നുള്ള കാഴ്ചകിട്ടിയാൽ നാവൊതുക്കിപ്പിടിപ്പാൻ ഞെരുക്കംതന്നെ' എന്നതുകൊണ്ടു ഭക്ഷണത്തിലാൎത്ത്യാൎത്തി എന്ന ഗുണം സൂചിക്കുന്നു.

ഈ ഗുണം ഇനിയും പലവാക്കുകളിലും വിചാരങ്ങളിലും സ്പഷ്ടമാണ്. 'രാജാവിൻെറ രഹസ്യകാൎയ്യം കിട്ടിയതും വെച്ചുകൊണ്ടു നാവൊതുക്കാൻ ഞെരുക്കം' എന്നതുകൊണ്ടു തൊറസത്താ (ആകാരാദി ഗുപ്തിശക്ത്യഭാവം) എന്ന ഗുണം തോന്നുന്നു. 'എന്നാൽ പുല്ലിൻെറ തലക്കലുള്ള മഞ്ഞിൻതുള്ളിപോലെ ആ വിദ്വാൻെറ മനസ്സിലുള്ള രാജരഹസ്യകാൎയ്യം വളരെ നേരം നില്ക്കില്ല' എന്നു നിപുണിക പറഞ്ഞതിൻെറ അൎത്ഥം, ഏററവും ബലംകുറഞ്ഞ പുല്ലിൻ തലക്കലുള്ള വെള്ളത്തുള്ളി കാററുകൊണ്ടു തെറിച്ചുപോകയോ ചെറുതാകയാൽ വേഗത്തിൽ വററിപ്പോകയോ ചെയ്യുന്നതുപോലെ ധൈൎയ്യശക്തി കുറഞ്ഞ വിദൂഷകൻെറ മനസ്സിലുള്ള രാജരഹസ്യം അന്യപ്രശ്നാദികൊണ്ടു പുറത്തുപോകയോ തീരെ മറന്നുപോകയോ ചെയ്യുമെന്നാകയാൽ അസ്ഥാളിത്തമെന്ന ഗുണമധികം തോന്നുന്നു. 'ആ! ഇതാ അയാളൊരു ചിത്രത്തിലെ കുരങ്ങനെപ്പോലെ' എന്ന നിപുണികയുടെ വാക്കുകൊണ്ടു വിദൂഷകനു വാനരച്ഛായയാണെന്നു വരികയാൽ ആംഗവൈരൂപ്യഗുണം തോന്നുന്നു. 'അല്ലാ!' എന്നുമുതൽ 'ഉണൎത്തിച്ചോളു' എന്നുവരേയുള്ള ഗ്രന്ഥംകൊണ്ടു ആളുംതരവുമറികയില്ലെന്ന ഗുണംതോന്നുന്നു. 'ആ പാവമായ കാശിരാജപുത്രിക്കു വലിയ ഉപദ്രവംതന്നെയായിത്തീൎന്നുവല്ലൊ' എന്ന വിചാരത്താൽ സജ്ജനപക്ഷം സ്പഷ്ടം. പിന്നെ വിദൂഷകൻ തനിക്കു പററിയ വിഡ്ഢിത്തത്തെ രാജാവിനെ ധരിപ്പിക്കാതെയും, അസത്യമാവാതെയും രാജാവിൻെറ ചോദ്യങ്ങൾക്ക് ഉത്തരം പറകയാൽ നൎമ്മവൈദഗ്ദ്ധ്യവും, സത്യനിഷ്ഠയും തോന്നുന്നു. 'എന്നാലവൾ ദുൎല്ലഭയല്ലെന്നാണ് ഞാനൂഹിക്കുന്നത്' എന്ന വാക്കുകൊണ്ട് ഊഹശക്തി വെളിവാകുന്നു. പക്ഷാന്തരത്തിൽ ഇത്ര അധികം സൌന്ദൎയ്യാദിദുൎല്ലഭഗുണങ്ങളുള്ള ആകൃതി കണ്ടാൽ ഉൎവ്വശിക്കനുരാഗമുണ്ടാകാതെയിരിക്കയില്ല. അതുകൊണ്ടുൎവ്വശീസംഗമസുഖം സാധിപ്പാൻ സംഗതിവരും, എന്നിങ്ങിനെ ഈ കാൎയ്യം ഊഹിപ്പാനൊരു വഴി കാണുന്നുണ്ടെങ്കിലും 'ആവലാതി പറഞ്ഞതുമതി, താമസംകൂടാതെ കാമദേവൻ ഇഷ്ടസിദ്ധിവരുത്തി അങ്ങേക്കു സഹാ

യിയായിത്തന്നെ തീരും' എന്നും, 'എന്നാൽ തത്രഭവതി ഉർവ്വശി ഇവിടത്തെ ആവലാധികേട്ടിട്ടു രാഗസൂചകമായ എഴുത്തയച്ചതായിരിക്കും' എന്നും മററും വിദൂഷകൻ യാതൊരു വഴിയുംകൂടാതെ ഓരോ കാൎയ്യം ഊഹിക്കയും കുരുട്ടുഭാഗ്യത്താൽ ആ ഊഹം ചിലപ്പോൾ ഒക്കുകയും ചെയ്യുന്നതുപോലെ ഈ ഊഹവും ഒത്തതു വിടുവിഡ്ഢിയായ ഇയ്യാളുടെ കുരുട്ടുഭാഗ്യംകൊണ്ടാണെന്നേ വിചാരിപ്പാൻ ന്യായമുള്ളൂ. അല്ലാതെ ബുദ്ധിശക്തികൊണ്ടാണെന്ന് ഒരിക്കലും വിചാരിപ്പാൻ പാടില്ല. 'തത്രഭവതി ഉർവ്വശിയുടെ സൌന്ദൎയ്യംകൊണ്ട് ഞാനും താണുപോകുമെന്നുണ്ടോ' എന്ന ചോദ്യംകൊണ്ടു വിഡ്ഢിത്തവും ആത്മപ്രശംസയും 'അയ്യോ! അയ്യോ! എന്താണിതു? പാമ്പിന്റെ ഉറപോലെ നേരിട്ടുവരുന്നത്?' എന്ന ചോദ്യംകൊണ്ട് അതിഭീരുത്വവും സൂചിക്കുന്നു. 'അല്ലാ ഇതുൎവ്വശിയല്ലേ?' എന്ന വിചാരത്താലല്പത്വം തോന്നുന്നു. 'മഹാരാജാവിന്റെ ഇഷ്ടനായ ബ്രാഹ്മണനെ വന്ദിക്കാതെ എന്തിരിപ്പാണിത്?' എന്ന ചോദ്യംകൊണ്ട് ആത്മപ്രശംസയിൽ നിൎല്ലജ്ജത്വം—ഈ ഗുണം ഇനിയും പ്രത്യക്ഷമായി കാണും. 'എന്നാൽ ഭൂൎജ്ജ' എന്നുമുതൽ 'തിരയുന്നു' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു വിഡ്ഢിത്തംകൊണ്ടുള്ള അന്ധാളിത്തം. 'താഴെക്കണ്ടുബാധിച്ച പിശാച് ഒഴിഞ്ഞുപോകുന്നില്ല' എന്ന വാക്കുകൊണ്ടു ഭീരുവിന്റെപോലെ പക്ഷംമാററം. ഇങ്ങിനെയും മററും പല ദിക്കുകളിലും പ്രത്യക്ഷമാകുന്ന വിഡ്ഢിത്തം മുതലായ ബഹുഗുണങ്ങൾകൊണ്ടു, കാൎയ്യാലോചനാദികളാലധികം സമയവും ബുദ്ധിമുട്ടുന്ന രാജാക്കന്മാരെ വിനോദിപ്പിച്ചു സന്തോഷിപ്പിപ്പാൻ സാമൎത്ഥ്യമുള്ള ഇത്തരം വിദൂഷകനൎമ്മസചിവന്മാർ നാടകോപയോഗികളാണെന്നു വിശേഷിച്ചു പറവാനില്ലല്ലൊ.

പൃഥ്വീഭൃത്സേവ,നൎമ്മത്തിനുപടുത,സദാ
ഭോജനാത്യാൎത്തിയന്ധാ-
ളിത്തം,വൈരൂപ്യമുള്ളാകൃതി,ബഹുതരസം-
ത്തം,വിശേഷിച്ചുസത്യം,

ചിത്തേസൽപക്ഷപാതം,പലതരമുളവാം
മേനി,നിർല്ലജ്ജഭാവം,
നിത്യാവിസ്ഥിത്വ,മാളന്തരവുമറികയി-
ല്ലാത്ത,ഭീരുസ്വഭാവം, ൭
നന്മട്ടുചേരുന്നവിദൂഷകന്ത-
ന്നിമ്മട്ടിലാകുന്നഗുണങ്ങൾതന്നിൽ
ചെമ്മേമഹീനായകസേവനല്ലം
നർമ്മത്തിൽവയ്മ്പാണധികംപ്രധാനം ൮

കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ.

# പാക്കനാര

59. പാക്കുവോരമിവനെന്തുപററിയെ-
ന്നോക്കുമററഴലിയന്നുകൊണ്ടുടൻ
പാക്കനാരവിടെനിന്നുപോന്നുതാൻ
പാക്കുവോരറിയവീട്ടിലെത്തിനാൻ

60. ഇന്നെന്തിവണ്ണമഴലൊന്നുളവായപോലെ
തോന്നുന്നുനിന്നുടയമട്ടിതുകണ്ടിടുമ്പോൾ
ചൊന്നാലുമെന്നുപറയുന്നപറച്ചിയോടു
ചൊന്നാൻപതുക്കെനെടുവീൎപ്പോടുപാക്കനാരോ

61. ഞാനാളെക്കൊല്ലിയെക്കണ്ടിതുമലയതിൽവെ-
ച്ചെന്തുമാററത്തമാണെൻ
മാനേല്പാകണ്ണിയാളേമഴവുമവിടെമാൽ
വാച്ചുഞാൻവെച്ചുപോന്നു
ഊണിന്നോപൊങ്ങിപോട്ടേമഴമലയിലിനി-
ച്ചെന്നുനോക്കുന്നനേരം
കാണുന്നില്ലെങ്കിൽനാളെച്ചിലവിനുവകയു-
ണ്ടാകുവാനുംഞെരുക്കം

62. മാററിത്തമേറന്നൊരുനാളിതിന്നു
കൊററിന്നുകിട്ടാഞ്ഞതുനല്ലതായി
പററില്ലചോററിന്നിനിയാററചൂട്ടം
പോററില്ലെഴുംതൃക്കഴലോർത്തിരിക്കാം

63 എന്നുംപറഞ്ഞന്നഴലാർന്നുകണ്ണു
മൂന്നുള്ളവൻതന്നുടെകാലുരണ്ടും
തന്നുള്ളിലാക്കിത്തെളിവൊട്ടുവന്നു
ചേർന്നുള്ളൊരുള്ളത്തൊടുവാണവീട്ടിൽ

64. വമ്പേറിടുന്നൊരവനുള്ളപറമ്പുതൊട്ടു
നമ്പൂരിതന്നുടെയൊരില്ലമതുണ്ടതിങ്കൽ
പെണ്ണെതലുണ്ടൊരുവൾവേളികഴിഞ്ഞിടാത-
ത്തേന്മെയ്യിട്ടുംമൊഴിയിൽനന്മകളുംവളർന്നു

65. മററുള്ളവർക്കുടയമാലുകൾകണ്ടുവെന്നാൽ
തെററന്നകത്തളിരവൾക്കുതളർന്നിടുന്നു
കൊറെറന്നുവേണ്ടകഴിവുള്ളതുനൽകുമാമാൽ
മാററന്നതിന്നുമടിയില്ലതിനായവൾക്കു

66. ചെയ്യുന്നിതെന്നുമവൾനല്ലതുചൊല്ലെഴുംമാൻ
കയ്യന്നെഴുംകഴലതുള്ളിൽനിനച്ചിടുന്നു
മെയ്യിന്നെഴുന്നൊരഴകൊക്കെമൊറുക്കുമാർത്താൻ
വയ്യിന്നുനല്ലതലയായിരമുള്ളവന്നും

67. ഉണ്ടാനേരത്തുടുക്കുംതളിരൊടമരടിക്കുംചൊടിക്കുംചൊടിക്കും
കൊണ്ടല്ലേറെക്കുടുക്കുന്നഴകുമൊരുമിടുക്കുംമുടിക്കുംമുടിക്കും
കണ്ടാലുൾക്കാമ്പിടിക്കുന്നഴലുകിടപിടിക്കുംപിടിക്കുംപിടിക്കും
കൊണ്ടാടേണ്ടുംനടക്കുംമുടിയഴിയുമിടക്കൊന്നടിക്കുന്നടിക്കും

68. വളയുംപുരികക്കൊടിയും
വളയുംകാപ്പുംകലൎന്നകയ്യിണയും
നിലയുംനന്നരയാലി-
ന്നിലയുംവാഴ്ത്തുന്നവയറിനുള്ളഴകും

69. മുലയുംകാണുമവൎക്കെ-
മുലയുംവണ്ണംവളൎന്നുകാണുമ്പോഠം
മലയുംവാഴ്ത്തുംതോററിട്ടു
മലയുംപുരികത്തിനുള്ളകളികണ്ടാൽ

70. പൊട്ടുംകരളേവനുമ-
പ്പൊട്ടുംതൊട്ടുള്ളനെററിയത്തുകണ്ടാൽ
മട്ടുംമട്ടുംമൊഴിയുടെ
മട്ടുംമററുള്ളവൎക്കുകിട്ടിടുമോ

71. നെഞ്ചെരിയുംപടിപൊഴിയും
പുഞ്ചിരിയുംപല്ലുമോഷ്ഠിലുള്ളലിയും
തേഞ്ചൊരിയുംമൊഴിയാൽകിളി
തഞ്ചിരിയുംനടവതില്ലതെല്ലിളിയും

72. കരിയുംകരളൊട്ടുകാറും
കരിയുംകുപ്പുന്നകുന്തൽകണ്ടെന്നാൽ
കരയുംവണ്ടുകളരയും
കരയുള്ളോരൊടുചേൎന്നുകരഠംകവരും

73. വണ്ണൻവാഴകളുടയും
വിണ്ണാനയ്ക്കുടയതുമ്പിയതിനുടയും
വന്നണയുംവിരുത്തുടയും
വണ്ണമെഴുംവണ്ണമുള്ളൊരിരുത്തുടയും

74. പിടയുംപേടിച്ചന്ന-
പ്പിടയുമവൾക്കുള്ളനല്ലനടയോർത്താൽ
പിടിയാനകൾനടയുംവില-
പിടിയാതായ്തീൎന്നുപോകുമതുകണ്ടാൽ

75. മുട്ടമ്പോൾമിനുസമതിൻ
മട്ടമ്പോടോൎക്കിലതിനൊരെതിരുണ്ടോ
മൊട്ടമ്പൻതൻചെപ്പതു
മുട്ടമ്പോഴതിനൊടൊട്ടുശരിയാക്കാം

76. അഴലണയാതഴകണയും
കുഴലണിയാതേയുമക്കഴുത്തിന്ന
കഴലിണയുംകെട്ടഴിയും
കുഴലണിയുംപുവ്വണ്ടിനെപ്പോലേ

77. ഈവണ്ണമേവന്നൊരുനന്മതിങ്ങും
വാൎവിണ്ണവപ്പെണ്ണവൾപാൎക്കുന്നൊരെ
ആവന്നമട്ടങ്ങിനെകണ്ടുടൻമാൽ
കൈവന്നൊരുള്ളോടവനോടുരച്ചു

73. എന്താണിങ്ങിനെപാൎക്കുന്നൊൎക്കൊരഴലുണ്ടായീടുവാൻനെല്ലുക-
ത്തെന്തില്ലാത്തതുവീട്ടിലിന്നുപുകകാണുന്നീലവെയ്യില്ലയോ
എന്തെന്നാകിലുമോതുകെന്നൊടരിനൽകീടാംകുറച്ചാലുമീ-
യേന്തുംമാലിടനേരമുണ്ണുവതിനിങ്ങുള്ളോരുചോറുംതരാം

79. എന്നോതുംപെൺകിടാവിന്നുടയകനിവൃതൊ
ട്ടുള്ളൊരാനന്മയെല്ലാം
നന്നായിക്കണ്ടുതേടുംതെളിവൊടുമുടനേ
പാൎക്കുന്നൊരുംപറഞ്ഞാൻ

ഇന്നാളെക്കൊല്ലിയെക്കണ്ടെഴുമഴലതിനാ
ലുണ്ണുവാൻവയ്യചോറി-
ങ്ങെന്നാലുംതമ്പുരാട്ടിയ്ക്കുടയകനിവുക
ണ്ടിട്ടുമാലൊട്ടുവിട്ടു

80. അതുകേട്ടുപറഞ്ഞുപെണ്ണിടാവി-
ന്നതുപോട്ടേതരമല്ലചോറതെന്നാൽ
ഇതുകേട്ടിട്ടുകൊട്ടുപാൽകുടിയ്ക്കാ-
മതിനൊട്ടുംമടികാട്ടിടായ്കെടോനീ

81. എന്നോതുമമ്മയവളിലുള്ളൊരുനന്മകണ്ടി-
ട്ടന്നേററമുൾത്തളിർതെളിഞ്ഞൊരുപാക്കനാരും
ചൊന്നാൻകുടിപ്പനതുനൽകുകതമ്പുരാട്ടി
നന്നാക്കിനാളിതടിയന്നഴലൊക്കെനീക്കി

82. എന്നോതിക്കലമൊന്നെടുത്തുമനതൻവേലിയ്ക്കുകത്തേയ്ക്കവൻ
നന്നായ്വെച്ചകലേയ്ക്കുമാറിയതുകണ്ടത്തേൻമൊഴിത്തയ്യലാൾ
നിന്നീടാതെതിരിച്ചുകാച്ചിയനറുംപാലൊട്ടെടുത്തക്കലം
തന്നിൽക്കൊണ്ടതൊഴിച്ചുനിന്നിതുകരൾത്താരാകുലത്വങ്ങിനെ

33. നോക്കിനില്ക്കുമൊരുനല്ലരിങ്കുഴലിയാൾപുളകമങ്കുരിക്കുമാ-
റക്കലത്തിലവളാക്കിവെച്ചൊരതുബാക്കിയെന്നിയെമുഴക്കനെ
പാക്കനാർകവിൾനിറയ്ക്കുമപ്പടിയിറക്കുമിങ്ങിനെമുറയ്ക്കക- [മേ
ത്താക്കുമപ്പൊഴുതുപാക്കുവോക്കുപതിവില്ലവിഞ്ജതാകാതിവാഴ്ക്കു

84. പാലൊക്കയിങ്ങിനെകുടിച്ചൊരുപാക്കനാക്കു
മാലൊക്കമൊററിമടവാർമുടിമുത്തുതങ്കൽ
മേലേയ്ക്കുമേലെവളരുംതെളിവാന്നുവേണ്ട
പോലക്കരിങ്കുഴലിയോടുപറഞ്ഞുപിന്നെ

കുണ്ടൂര നാരായണമേനോൻ, ബി. എ.

(തുടരും)

# യവം

'ഓഷധീനാമഹം യവഃ'

'ധാന്യങ്ങളിൽവെച്ചു ഞാൻ യവമാകുന്നു' എന്നിങ്ങിനെ ഭഗവാൻ ഏകാദശത്തിൽ വിഭൂതിഅദ്ധ്യായത്തിൽ ഉദ്ധവക്കുപദേശിക്കുന്നു. ഇതുകൊണ്ടു നമ്മുടെ പൂർവ്വന്മാർ സകല ധാന്യങ്ങളിലും വെച്ചു പ്രാധാന്യം യവത്തിന്നാണ് കല്പിച്ചിരിക്കുന്നത് എന്നു സ്പഷ്ടമാകുന്നു. ഇതിലേക്കു തെളിവുകൾ ഇനിയും ധാരാളമുണ്ട്. വേദത്തിൽ ഈ ധാന്യത്തെ വളരെ പ്രധാനമായി പറയുന്നുണ്ട്. പിന്നെ, ബ്രാഹ്മണരുടെ ഇടയിൽ ശ്രാദ്ധാദികർമ്മങ്ങൾക്കും, ചില യജ്ഞകർമ്മങ്ങൾക്കും യവം അത്യാവശ്യമായിട്ടുള്ള ഒരു പദാർത്ഥമാകുന്നു. അങ്ങിനെയെല്ലാമാണെങ്കിലും മലയാളികൾക്ക് ഈ ധാന്യത്തിൻെറ സ്വഭാവത്തെപ്പററി വളരെ കുറച്ചുമാത്രമേ അറിഞ്ഞുകൂടു. ഇതിന്നു തക്കതായിട്ടുള്ള കാരണവുമുണ്ട്. യവം മലയാളത്തിലും സമീപമുള്ള മിക്ക പരദേശരാജ്യങ്ങളിലും കൃഷി ചെയ്യപ്പെടുന്ന ഒരു ധാന്യമല്ല. ഈവക പ്രദേശങ്ങളിൽ ഇത് ഒരു ഭക്ഷണപദാർത്ഥമായി ഉപയോഗപ്പെടുത്തുന്നതുമില്ല. പിന്നെ, മേൽപറഞ്ഞ ചില ക്രിയകൾക്കാവശ്യമായി അങ്ങാടിയിൽ ചെന്നന്വേഷിക്കുമ്പോൾ പീടികക്കാർ അങ്ങാടിമരുന്നുകളുടെ കൂട്ടത്തിൽ കുറച്ചുമാത്രം വിൽക്കുവാൻ വെച്ചിട്ടുണ്ടായിരിക്കും. അതിൽനിന്നു രണ്ടോനാലൊ മണി വാങ്ങിച്ചു ക്രിയയും നടത്തും. അപ്പോൾ പിന്നെ പൊതുജനങ്ങൾക്ക് അതിനെപ്പററി ജ്ഞാനമുണ്ടാവാൻ തരമില്ലല്ലൊ. എന്നാൽ ഈ അറിവില്ലായ്മ മലയാളികളിൽ അടച്ചു വ്യാപിച്ചിരിക്കുന്നുവെന്നു പറവാൻ പാടില്ല. എന്തെന്നാൽ, വൈദ്യശാസ്ത്രത്തിലും യവധാന്യത്തെ വളരെ പ്രധാനമായി സ്വീകരിച്ചിട്ടുണ്ട്. അതിനാൽ മലയാളവൈദ്യന്മാൎക്ക് ഇതിൻെറ വ്യുല്പത്തി കുറച്ചൊന്നുണ്ടാവാനിടയുണ്ട്. എന്നാലും അതിൻെറ കൃഷിയുടെ സ്വഭാവത്തെപ്പററിയും മററും അവൎക്ക് അറിവുണ്ടോ എന്നു സംശയമാണ്.

അതിനാൽ കൃഷിസംബന്ധമായി മലയാളത്തിലേക്ക് അപൂൎവ്വമായിട്ടുള്ള പദാൎത്ഥങ്ങളിൽ ഈ മാസത്തെ രഞ്ജിനിക്കുള്ള വിഷയം യവം എന്ന ധാന്യമാകട്ടെ.

യവം അല്ലെങ്കിൽ ഇംഗ്ലീഷിൽ ബാർളി എന്നു പറയുന്ന പദാൎത്ഥം ഭൂഗോളത്തിൽ മിക്കപ്രദേശങ്ങളിലും കൃഷിചെയ്യപ്പെടുന്ന ഒരു സാധനമാകുന്നു. അതു മഹാ പുരാതനമായിട്ടുള്ള ഒരു കൃഷിയുമാകുന്നു. യവധാന്യം പ്രഥമദൃഷ്ടിയിൽ ഗോതമ്പിനെപ്പോലെ തന്നെയാണെന്നു തോന്നുന്നു. പക്ഷെ ഒരു വിത്ത് കയ്യിലെടുത്തു സൂക്ഷിച്ചു നോക്കുമ്പോൾ അതിന്റെ മദ്ധ്യത്തിൽ, കരപ്പിക്കുരുവിന്നുള്ളതുപോലെ, ഉടനീളം മഹാലഘുവായിട്ടൊരു തോടു കാണാവുന്നതാണ്. അതു രേഖാമാത്രമേയുള്ളു. കാഴ്ചക്കു യവത്തിനു ഗോതമ്പിൽനിന്ന് ഇങ്ങിനെ ഒരു വ്യത്യാസമാണ് മുഖ്യമായിട്ടുള്ളത്. ഉമിക്കും മററും ഗോതമ്പിന്റെ ഉമിയുടെ ഛായതന്നെയാണ്.

ഇന്ത്യയിൽ (ബൊമ്പനഗരത്തിന്നപ്പുറമുള്ള) ഉത്തരദേശങ്ങളിലാണ് യവം ധാരാളമായി കൃഷി ചെയ്യപ്പെടുന്നത്. ബെങ്കാൾ സംസ്ഥാനത്ത് ഈ കൃഷി ഇല്ലെന്നുതന്നെ പറയാം. ബൎമ്മയിൽ അപൂൎവ്വമായിട്ടുണ്ട്. മദ്രാസ് സംസ്ഥാനത്തു പഴനിമലയിലും നീലഗിരിമലയിലും യവകൃഷി സാമാന്യമുണ്ട് എന്നുതന്നെ പറയണം. ബൊമ്പാസംസ്ഥാനത്ത് ഗുജറാററ് എന്ന ജില്ലയിലാണ്. എന്നാൽ ഈ കൃഷി ഏററവും പ്രധാനമായിട്ടുള്ളത് കാശി, പ്രയാഗ, ആഗ്ര, രജപുട്ട് രാജ്യം, അയോദ്ധ്യ, എന്നീപ്രദേശങ്ങളിലാകുന്നു. ഇന്ത്യയിലാസകലം നോക്കുന്നതായാൽ എഴുപതുലക്ഷം ഏക്കർഭൂമിയിൽ യവം കൃഷിചെയ്യുന്നുണ്ട് .(Dic. of Econ. Products of India)

ഉത്തരദേശങ്ങളിൽ യവം സാധാരണമായി കന്നി, തുലാം എന്നീ മാസങ്ങളിൽ വിതച്ച് മീനം, മേടം ഈ മാസങ്ങളിൽ കൊയ്യുന്നു. യവം, ഗോതമ്പ് മുതിര മുതലായ അന്യധാന്യങ്ങളോടുകൂടിയാണ് ആ ദിക്കുകളിൽ സാധാരണ വിതക്കുന്നത്. കൂട്ടുവിതക്കു നെല്ലും ചിലജാതി പയറുംകൂടി ഉപയോഗിക്കുന്നുണ്ട്. യവം തന്നെ വിതക്കുന്നതിനേക്കാൾ അന്യധാന്യങ്ങൾ കൂട്ടിവിതച്ചാലാ

ന്ന് അധികം വിളയുക എന്നാണ് അവിടങ്ങളിലുള്ള കൃഷിക്കാരുടെ പക്ഷം.

വിതെക്കുന്നതിന്നുമുമ്പു കണ്ടം നാലോ അഞ്ചോ (ചില പ്രദേശങ്ങളിൽ അതിലധികമൊ) പ്രാവശ്യം ഉഴുതു തയ്യാറാക്കണം. പുഴവെള്ളം തിരിച്ചുകൊണ്ടുവരുവാൻ തരമുണ്ടെങ്കിൽ ഉത്തമമായി. എങ്കിലും നെൽകൃഷിക്കുവേണ്ടതുപോലെ ഈ കൃഷിക്കു വെള്ളം അത്ര ധാരാളമാവശ്യമില്ല. വിതച്ചതിൻെറശേഷം ഇടമഴ പെയ്യുമെന്നു നിശ്ചയമുള്ള രാജ്യങ്ങളിൽ പിന്നെ വെള്ളം തിരിച്ചിട്ടാവശ്യമില്ല. അതില്ലാത്ത പ്രദേശങ്ങളിൽ ഇടക്കു കുറേശ്ശ വെള്ളം തിരിച്ചു വിടേണ്ടിവരും. വളവും വളരെ ചേക്കേണമെന്നില്ല. പിന്നെ കൊയ്ത്തുവരെ വിശേഷിച്ചൊന്നും ചെയ്യേണ്ടതില്ല. ഒരു പറ വിത്തുപാടു സ്ഥലത്തു യവം ഏകദേശം അരപ്പറയോളം മാത്രമേ വിതപ്പാൻ പാടുള്ളൂ. കൊയ്യാറായാൽ നെല്ലു കൊയ്യുന്നതുപോലെത്തന്നെ വയ്ക്കോലോടുകൂടി കൊയ്തെടുത്തു കററയാക്കി കൃഷിസ്ഥലത്തു കൊണ്ടുവെക്കുന്നു. പിന്നെ രണ്ടുദിവസം കഴിഞ്ഞാൽ മാത്രമേ മെതി ആരംഭിക്കുന്നുള്ളൂ. മെതിച്ചു നെല്ലു നല്ലവണ്ണം ഉണക്കിയതിൻെറശേഷം ചാരംകൂട്ടി പെരികി പത്തായത്തിലിട്ടു സൂക്ഷിക്കുന്നു. യവം ഉറക്കുത്തുവാനെളുപ്പമാകുന്നു. അതുകൊണ്ടാണ് ഈ ഉപായമെടുക്കുന്നത്. വയ്ക്കോൽ കന്നുകാലികൾക്കു തീററക്കും ഉപകരിക്കുന്നു.

യവം, കാശി, അയോദ്ധ്യ, പഞ്ചാബ് എന്നീരാജ്യങ്ങളിലെ മിക്കജനങ്ങളുടേയും (പ്രത്യേകിച്ച് ദരിദ്രന്മാരുടെ) ഭക്ഷണസാധനമാകുന്നു. യവം കുത്തി ഉമികളഞ്ഞു തിരുകല്ലിലിട്ടുപൊടിച്ച് ആ പൊടികൊണ്ടു 'ചപ്പട്ടി' എന്നൊരു പലഹാരമുണ്ടാക്കി ഭക്ഷിക്കുന്നു. ഈ പലഹാരമുണ്ടാക്കുന്നതിന്നു യവപ്പൊടിയോടുകൂടി ഗോതമ്പു പൊടിയൊ മുതിരപ്പൊടിയൊകൂടി ചിലപ്പോൾ ചേക്കുന്നു. അല്ലെങ്കിൽ, യവപ്പൊടികുറക്കി ഉപ്പും മുളകും മററുംചേത്ത് ഒരുമാതിരി പാകംചെയ്യും കഴിക്കുന്നു.

യവധാന്യം ക്ഷണത്തിൽ ദീപനംവരുന്ന ഒരു സാധനമാക

ന്നു. അതിന്നു മററുള്ള ധാന്യങ്ങളേക്കാൾ വിരേചനശക്തി വിശേഷിച്ചുമുണ്ട്. അതിനാൽ നമ്മുടെ വൈദ്യക്കാരും ഇംഗ്ലീഷു ഡാക്ടർമാരും അതിനെ വൈദ്യവിഷയമായി ധാരാളം ഉപയോഗിക്കുന്നുണ്ട്. വയററിൽ വേദനയുള്ള ഉദരരോഗികൾക്കും മററും യവപ്പൊടിയിട്ടു കുറുക്കിവെച്ചു കൊടുക്കാറുണ്ട്. ഷാപ്പുകളിൽ കുപ്പിയിലാക്കി വില്ക്കുവാൻവരുന്ന 'മാൽട്ട് എക്സ്ട്രാക്ട' എന്ന ഇംഗ്ലീഷുമരുന്ന് യവത്തിൽനിന്നെടുക്കുന്ന സത്താകുന്നു. ആ മരുന്ന് ദീപനത്തിന്നും ശോധനക്കും വളരെ നല്ലതാകയാൽ നമ്മുടെ രാജ്യത്തുള്ള അപ്പാത്തിക്കരിമാർ വളരെ രോഗികൾക്ക് അതു കൊടുത്തുവരുന്നുണ്ട്. പാട്നാരാജ്യത്ത് യവത്തിൻെറ ഇല (ഓല) ചുട്ട ഭസ്മംകൊണ്ടു തണുപ്പുള്ള ഒരുജാതി സർബ്ബത്തുണ്ടാക്കാറുണ്ടത്രെ. പഞ്ചാബ് രാജ്യത്തു തദ്ദേശിയന്മാർ അതിൻെറ തണ്ടുചുട്ട ഭസ്മം അഗ്നിമാന്ദ്യത്തിന്നു കൊടുത്തുവരാറുണ്ടുപോൽ. മലയാളവൈദ്യക്കാരും ഇതിനെ പലവിധത്തിലുമുപയോഗിക്കുന്നുണ്ട്. ദീപനക്ഷയം, ശോധനക്കുറവ് എന്നിങ്ങിനെയുള്ള രോഗങ്ങൾക്കാണ് അത് അധികം പ്രയോഗിക്കുക. അഗസ്ത്യരസായനമുണ്ടാക്കുന്നതിന്നു യവം അത്യാവശ്യമാകുന്നു. പിന്നേയും അനേകം വിധത്തിൽ അതുപയോഗപ്പെടുത്താറുണ്ട്. മലയാളത്തിൽ വൈദ്യന്മാർ കഴിഞ്ഞാൽ പിന്നെ ഈ ലേഖകനോളം യവത്തിൻെറ സ്വഭാവത്തെപ്പററി നിശ്ചയമുണ്ടായിട്ടു വളരെപേർ ഉണ്ടാകുമെന്നു തോന്നുന്നില്ല. ഈ എഴുത്തുകാരൻ അർശോരോഗത്താൽ പീഡിതനായിരുന്നകാലത്ത് (ഏകദേശം എട്ടുകൊല്ലം മുമ്പ്) മഹാഗംഭീരനായിരിക്കുന്ന ഒരു വൈദ്യൻെറ ഉപദേശപ്രകാരം ഒരു കൊല്ലത്തോളം യവം ചോറാക്കി ഭക്ഷിക്കുകയുണ്ടായി. അതിനിടക്ക് അതിൻെറ സ്വഭാവം മിക്കതും ധരിപ്പാനുമിടയായി. യവം കുത്തി അരിയാക്കുവാൻ മഹാ പ്രയാസമാകുന്നു. അരി അടപ്പത്തിട്ടാൽ അതു വേവുന്നതിന്ന് സാധാരണ അരിക്കുവേണ്ടതിൽ മൂന്നിരട്ടി സമയവും വേണം. എത്രതന്നെ വെള്ളംവെച്ചിട്ടാണെങ്കിലും ചോറു കഞ്ഞിതട്ടാതെ വാർത്തെടുപ്പാൻ മഹാ ഞെരുക്കം. യവം അത്ര പശയുള്ള ഒരു ധാന്യമാകുന്നു. ഇതെല്ലാം നേരെയാ

യാലും ചോറാക്കി ഭക്ഷിപ്പാൻ രുചിയും കുറയും. പിന്നെ അതു കൊണ്ടു (പറങ്കിയപ്പം എന്നു പറയപ്പെടുന്ന), ഗോതമ്പുറൊട്ടിപോലെ ഉണ്ടാക്കിനോക്കി. അതും അത്ര നേരെയായില്ല. വേറെ വിധത്തിലും പലഹാരങ്ങൾ ഉണ്ടാക്കി നോക്കിയെങ്കിലും അവയും രുചികരമായി തോന്നിയില്ല. അതുകൊണ്ടു പ്രയോഗിപ്പാനുള്ള ശീലം പോരാഞ്ഞിട്ടുതന്നെയായിരിക്കും. എങ്കിലും പലഹാരമായിട്ടല്ലാതെ ചോറാക്കി ഉപയോഗിപ്പാൻ അതു കൊള്ളുകയില്ല എന്ന് അനുഭവപ്പെട്ടിട്ടുണ്ട്. എല്ലാററിലും വൈഷമ്യം യീവത്തെ സൂക്ഷിപ്പാനാകുന്നു. ഈ ലേഖകൻ യവം കാശിയിൽനിന്നാണ് വരുത്തിയത്. ഒരുതവണ പത്തു പറ ഒന്നിച്ചു വരുത്തി. തീവണ്ടിച്ചാർജ്ജുൾപ്പടെ ഒരു പറക്കു ഒന്നിച്ചിലപ്പോൾ രൂപവീതമേ വിലയായുള്ളു. ഇവിടെ വന്നിട്ടു പത്തുദിവസം കഴിഞ്ഞപ്പോഴേക്കും കുത്തു പിടിച്ചു തുടങ്ങി. പിന്നെ കാററും വെയിലും മഞ്ഞും ധാരാളം കൊള്ളുന്ന സ്ഥലത്തിട്ടപ്പോൾ കുറെ ഭേദമുണ്ടായി. നെല്ലുപുഴുങ്ങി ഉണക്കിയപ്പോഴാണ് ഉള്ളതിൽ ഭേദം. യവം ഭക്ഷിച്ചു തുടങ്ങിയപ്പോൾ രോഗത്തിന്നു വളരെ ശാന്തിവന്നുവെങ്കിലും അകത്തേക്കു കടത്തിവിടുവാനുള്ള ദുഃഖം നിമിത്തം ഒരു കൊല്ലം കഴിഞ്ഞപ്പോൾ അതു നിൎത്തി പിന്നെ അതിൻെറ ഏകദേശം തുല്യഫലത്തോടുകൂടിയ ഗോതമ്പു ശീലിപ്പാൻ തുടങ്ങി.

യവധാന്യത്തിൽനിന്നു പലവിധ മദ്യങ്ങളും എടുക്കപ്പെടുന്നു. നീലഗിരിയിൽ യവത്തിൽ നിന്നു ബിയർ എന്നൊരു മദ്യവിശേഷമെടുക്കുന്നുണ്ട്. അതിപ്പോൾ മലയാളത്തിൽ പലദിക്കിലും വരുത്തി വിൽക്കുന്നതുമുണ്ട്.

# ജാതിനിൎണ്ണയം

ഗോൎവ്വാന്തികമാസാദ്യ കേരളാവാസമത്ഥയൻ
ബ്രാഹ്മണായുഷ്മദ്വൈത്യവാന്ന്യവിപ്രാഃപ്രതിഷ്ഠിതാഃ (36)

നൈതേ ത്യാജ്യാ ഭവന്തോപി നത്യാജ്യാഃ കഥമുച്യതാം
ത്വം വിഷ്ണോരവതാരോ ഹി സ്വയഞ്ചൈവ മഹാമുനിഃ (37)
ത്വയാ പ്രാക്കേരളം സൃഷ്ടമസ്മഭ്യം പ്രതിപാദിതം
നൈവന്തദാനീം സമ്പന്നം തസ്മാദസ്മാഭിരുജ്ഝിതം (38)
ഇദാനീം സ്വർഗ്ഗവജ്ജാതം തസ്മാദ്വയമിഹാഗതാഃ
ത്വന്മതം ഹി കരിഷ്യാമോ നൈവ ത്യാജ്യാ വയന്ത്വയാ (39)

അതിൻെറശേഷം അവർ ഭാർഗ്ഗവൻെറ സമീപത്തെ പ്രാപിച്ചിട്ട് 'ഞങ്ങളെ കേരളത്തിങ്കൽ വസിപ്പിച്ചാൽ കൊള്ളാം' എന്നു യാചിച്ചപ്പോൾ ഭാർഗ്ഗവൻ 'അല്ലയൊ ബ്രാഹ്മണർ! നിങ്ങളുടെ വാക്കു ഹേതുവായിട്ടുതന്നെയാണ് ഞാൻ അന്യവിപ്രന്മാരെകൊണ്ടുവന്നു പ്രതിഷ്ഠിച്ചത്. ഇവരെ ത്യജിക്കുവാൻ പാടില്ല. നിങ്ങളേയും ത്യജിക്കുവാൻ പാടില്ലം എങ്കിൽ ഞാൻ എങ്ങിനെ ചെയ്യേണമെന്നു പറഞ്ഞാലും'. 'അല്ലയൊ ഭാർഗ്ഗവൻ! അങ്ങുന്ന് സാക്ഷാൽ മഹാവിഷ്ണുവിൻെറ അവതാരഭൂതനായിരിക്കുന്ന മുനിശ്രേഷ്ഠനാകുന്നു. ഭവാനാൽ പൂർവ്വം കേരളം സൃഷ്ടിക്കപ്പെടുകയും, ഞങ്ങൾക്കായികൊണ്ടു ദാനംചെയ്യപ്പെടുകയും, ചെയ്തു. തൽസമയം കേരളം ഇതുപോലെ സമൃദ്ധിയെ പ്രാപിച്ചിരുന്നില്ല. അതുഹേതുവായിട്ട് ഞങ്ങളാൽ ത്യജിക്കപ്പെട്ടതാകുന്നു. ഇപ്പോൾ കേരളം സ്വർഗ്ഗതുല്യമായി. അതുനിമിത്തം ഞങ്ങൾ ഇവിടെ ആഗതന്മാരായിരിക്കുന്നു. ഞങ്ങൾ അങ്ങയുടെ ഇഷ്ടത്തെ ചെയ്തുകൊള്ളാം. ഭവാൻ ഞങ്ങളെ ഉപേക്ഷിക്കരുത്.'

ഇതി തൈഃ പ്രാർത്ഥിതോ രാമോപ്യർദ്ധഭേദിതധർമ്മകാൻ
കർണ്ണാടേ തൌളവേ ച്യേതാൻ ദ്വാത്രിംശൽഗ്രാമഭേദതഃ (40)
ശൈവവൈഷ്ണവതന്ത്രോക്തധർമ്മാനുഷ്ഠാനതല്പരാൻ
ഹെബ്രാഹ്മണാഖ്യാൻ ക്ഷേത്രേ ദേവാർച്ചനാദൌ ന്യവേദയൽ (41)

ഇപ്രകാരം അവർ ഭാർഗ്ഗവരാമനോടു യാചിച്ചപ്പോൾ രാമൻ ഉത്തരകേരളത്തിങ്കൽ കർണ്ണാടദേശത്തും തുളുദേശത്തുംകൂടി ൩൨ ഗ്രാമമാക്കി കല്പിച്ച് പകുതിഭാഗം മലയാളാചാരവും, പകുതിഭാഗം പരദേശാചാരവും ഇങ്ങിനെ ഭിന്നാഭിന്നാചാരങ്ങളോടുകൂടിയ

വരായും, ശൈവമതത്തേയും വൈഷ്ണവമതത്തേയും അനുസരിച്ചവരായും, 'ഹെബ്രാഹ്മണൻ' എന്നുള്ള പേരോടുകൂടിയും, ഇരിക്കുന്ന ഇവരെ ക്ഷേത്രത്തിൽ പൂജാദികൾക്കായികൊണ്ടു കല്പിക്കുകയും ചെയ്തു.

ത ഏവ ദക്ഷിണേപ്യസ്മിൻ ദ്വാത്രിംശൽഗ്രാമമണ്ഡിതേ
കേരളേ ക്ഷേത്രപൂജാർത്ഥം പ്രായോനീതാദ്വിജാദിഭിഃ (42)

൩൨ ഗ്രാമമുള്ള ഈ ദക്ഷിണകേരളത്തിലും ക്ഷേത്രപൂജാദികൾക്കായിക്കൊണ്ട് ഏതദ്ദേശീയരായിരിക്കുന്ന ബ്രാഹ്മണർ അവരെത്തന്നെകൂട്ടിക്കൊണ്ടുവന്ന് നിയമിക്കുകയും ചെയ്തു.

ഹെബ്രാഹ്മണാദ്ധ്നാമാനോഭിന്നാഭിന്നദ്വികമ്മകാഃ
സാങ്കേതികദ്വിജാഃ പ്രോക്താഃ ഷോഢാ തേ ദേശഭേദതഃ (43)

'ഹെ ബ്രാഹ്മണൻ' എന്നുള്ളതിൻെറ അദ്ധഭാഗം നാമമുള്ളവരായും* ഭിന്നമായും അഭിന്നമായും ഉള്ള രണ്ട് ആചാരങ്ങളോടുകൂടിയവരായും ഇരിക്കുന്നവർ സാങ്കേതികദ്വിജന്മാരാണെന്നു പറയപ്പെട്ടിരിക്കുന്നു. അവർ ദേശഭേദംഹേതുവായിട്ട് ൬ ഇനക്കാരായി പരിണമിച്ചിരിക്കുന്നു.

ശ്രീവല്ലഭാഖ്യദേശസ്ഥാ ശ്രീഭൂഷണ്യധിവാസിതാഃ
പാരസ്ഥാ അപ്യപാരസ്ഥാഃ കണ്ണാടാസ്തൌളവാശ്ചഷട് (44)

തിരുവല്ലദേശികൾ, തൃപ്പൂണിത്തുറദേശികൾ, അക്കരദേശികൾ, ഇക്കരദേശികൾ, കണ്ണാടന്മാർ, തൌളവന്മാർ, ആറ് ഇനക്കാർ ഇപ്രകാരമാകുന്നു.

ശ്രീവല്ലഭാഖ്യദേശസ്ഥാഃ പൂർവ്വം കോലമഹീഭുജാ
ആനീതാ ഭേദിതാചാരാഃ കോലരാഷ്ട്രേ പ്രതിഷ്ഠിതാഃ (45)

ഇതിൽ തിരുവല്ലാദേശികൾ, പണ്ടു കൊലത്തുനാട്ടുരാജാവിനാൽ കൂട്ടിക്കൊണ്ടുവരപ്പെട്ടവരായും, ഭേദപ്പെടുത്തപ്പെട്ട ആചാരങ്ങ

---

* ഹെബ്രാഹ്മണാഃ എന്നു പരശുരാമൻ പറഞ്ഞതിൻെറ അദ്ധഭാഗമായ 'എ' 'ബ്ര' എന്ന രണ്ട അക്ഷരങ്ങൾ അവരുടെ നാമമാക്കി കല്പിച്ച അതിനെ ഉച്ചരിച്ചുപോന്നതിൽ ഉണ്ടായ ലോപം നിമിത്തം ഈ ഇനക്കാൎക്ക 'എമ്പ്രാൻ' എന്നുള്ള നാമം സിദ്ധിച്ചതായിരിക്കാം.

ളോടുകൂടിയവരായും, കോലരാഷ്ട്രത്തിങ്കൽ (കോലത്തുനാട്ടുരാജാവിന്റെ സന്നിധിയിൽ) താമസിച്ചുവരുന്നവരായും, ഭവിക്കുന്നു.

ശ്രീഭൂഷണ്യാഖ്യദേശസ്ഥാ മാടഭൂപാലമൌലിനാ
ആനീതാഃ പൌഷ്ടികാചാരാഃ ശ്രീഭൂഷണ്യധിവാസിതാഃ (46)

തൃപ്പൂണിത്തുറദേശികന്മാർ, തൃപ്പൂണിത്തുറ രാജാവിനാൽ കൊണ്ടുവരപ്പെട്ടവരായും, ആചാരപുഷ്ടിവരുത്തപ്പെട്ടവരായും, തൃപ്പൂണിത്തുറെ രാജാവിന്റെ സന്നിധിയിൽ അധിവസിപ്പിക്കപ്പെട്ടവരായും ഭവിക്കുന്നു.

പാരസ്ഥാ അപ്യപാരസ്ഥാഃ കുലശേഖരഭൂഭൃതാ
കേരളക്ഷോണിമദ്ധ്യസ്ഥനദ്യാ ഉഭയകൂലതഃ (47)
ഭിന്നാഭിന്നസമാചാരാസ്സസങ്കേതം പ്രതിഷ്ഠിതാഃ
കൎണ്ണാടാസ്സൌളവാശ്ചൈവ ദേശകാലാനുസാരതഃ (48)
അനാഹൂതാ സ്വയംപ്രാപ്താ യാതായാതാ വസന്തിച
ഇതി സംക്ഷേപതഃ പ്രോക്തം സങ്കേതദ്വിജലക്ഷണം (49)

മലയാളഭൂമിയുടെ മദ്ധ്യത്തിങ്കലുള്ള നദിയുടെ (ചന്ദ്രഗിരി കാഞ്ഞിരോട്ടുപുഴ) രണ്ടു കരകളിലും സങ്കേതത്തോടുകൂട്ടംവണ്ണം സ്ഥാപിക്കപ്പെട്ടവരായിരിക്കുന്നു. അക്കരെദേശികളും, ഇക്കരെദേശികളും, തിരുവനന്തപുരത്തുരാജാവിനാൽ കൊണ്ടുവരപ്പെട്ടവരായും, ആചാരപുഷ്ടി വരുത്തപ്പെട്ടവരായും, തിരുവനന്തപുരത്തുരാജാവിന്റെ സന്നിധിയിൽ അധിവസിപ്പിക്കപ്പെട്ടവരായും, ഭവിക്കുന്നു. കൎണ്ണാടന്മാരും, തൌളവന്മാരും, ആരും കൂട്ടിക്കൊണ്ടുവരാതെ തന്നത്താൻ വന്നവരാകുന്നു. ഇവർ അങ്ങോട്ടും ഇങ്ങോട്ടും പോയും വന്നും ഇരിക്കുകയും ചെയ്യുന്നു. ഇപ്രകാരം എന്നാൽ സാങ്കേതികദ്വിജന്മാരുടെ ലക്ഷണം സംക്ഷേപേണ പറയപ്പെട്ടു.

(തുടരും)

പാഴൂര് വടക്കില്ലത്ത് ജാതവേദൻ നമ്പൂരിപ്പാട്.

ഒരുലേഖകൻെറ

# അരങ്ങേററം

കേടററവല്ലകവിതാനടികൾക്കുനൃത്ത-
മാടീടുവാൻകവികളൊരുത്തമച്ചുഭംഗി-
കൂടുന്നരസികരഞ്ജിനിയായരംഗ-
മീടാർന്നുയർന്നുവിലസീടണമിദ്ധരമേലും
ചൊല്ലേറിടുംരസികരഞ്ജിനിനിൻഗുണങ്ങൾ
ചൊല്ലേറുമീക്ഷിതിയിലുള്ളകവീന്ദ്രവൎഗ്ഗം
ചൊല്ലിഗ്രഹിച്ചിടുകകൊണ്ടുനമുക്കുനിന്നി-
ലുല്ലാസവുംഭ്രമവുമുണ്ടുമനസ്സിലേററം
അതുകൊണ്ടിനിമേലിലുള്ളകാലം
ശ്രുതികൊണ്ടീടിനനിൻപ്രകീൎത്തിവാഴ്ത്താൻ
കൊതിപൂണ്ടൊരുഞാനുമിന്നുനിന്നിൽ
പതിയുന്നുണ്ടുകവീന്ദ്രസാരവാണി

അല്ലയോ ബഹുമാനപ്പെട്ട മാന്യപ്രിയ പത്രാധിപരെ! വളരെ യോഗ്യതയുള്ള ഓരോ കവിതാനടികളുടെ പുറപ്പാടിന്റെ ഘോഷങ്ങളേക്കണ്ടു ബാലയായ എന്റെ കവിതാനടിയും ക്ഷമയില്ലാതെ ചാടിപ്പുറപ്പെട്ടിരിക്കുന്നു. എന്നാൽ അതിയോഗ്യതയും, പ്രാസഭംഗിയാകുന്ന സൌന്ദൎയ്യവും ചമൽക്കാരമാകുന്ന രസികത്വവും, അൎത്ഥപുഷ്ടിയാകുന്ന യൌവനവും, സുവൃത്തമാകുന്ന അടക്കവും, കൎണ്ണാനന്ദപ്രദമാകുന്ന സൌശീല്യവും ഉള്ള ശബ്ദാലംകൃതകളായ കവിതാനടികളുടെ കൂട്ടത്തിലേക്കാണ് ആദ്യത്തെപ്പുറപ്പാട്. കൂട്ടത്തിൽ കൂടററായില്ല; വാട്ടേ; ക്ഷമിയ്ക്കൂ; എന്നും മററും പറഞ്ഞുനോക്കീട്ടു കൂട്ടാക്കാൻ ഭാവംകാണുന്നില്ല. 'തെളിച്ചവഴിക്കു നടന്നില്ലെങ്കിൽ നടന്നവഴിക്കു തെളിക്കുക' എന്നുണ്ടല്ലോ. അതിനാൽ ഇവൾ ബാലയായതുകൊണ്ട് ഒരു സമയം കാഴ്ചയില്ലാതെ വല്ലതും പ്രവൃത്തിച്ചല്ലോ, അവരൊക്കെയും നാങ്കളുടെ അധീനത്തിലിരിക്കുന്നവ

രാകകൊണ്ട് തമ്മിൽത്തല്ലാതെ കഴിച്ചുകൂട്ടുമല്ലോ. വിശേഷിച്ച് കവിതക്കാരന്റെ വേഷംകെട്ടിക്കൊണ്ടു വെളിയിൽപ്പുറപ്പെട്ടാൽ എന്തോ എന്തോ എന്നുള്ള പരിഭ്രമംകൊണ്ട് അണിയറയിലിരുന്നു ബുദ്ധിമുട്ടി ക്കാലംകഴിച്ചുകൊണ്ടിരിക്കുമ്പോൾ കെട്ടിയവേഷത്തിന്റെഗ്ഗുണദോഷംവിവാനുള്ളതിടുക്കം നടേത്തെപരിഭ്രമത്തിന്നു ശത്രുവായിപ്പരിണമിക്കയാൽ, വരുന്നതുവരട്ടേ എന്നുംവെച്ച് കവിജനവദനവിനിസൃതകളായിരിക്കുന്ന കവിതാനടികളുടെ രംഗസ്ഥലമായ രസികരഞ്ജിനിവനിതാരത്നത്തിന്റെ സദേശത്തിൽ തിരനിക്കി പ്രവേശിപ്പാൻ തീൎച്ചപ്പെടുത്തിയ ഒരു സാഹസക്കിയുടെ തിരപ്പുറപ്പാടിന്റെ ഘോഷമാണിത്. നിങ്ങളുടെ സമയം വളരെ വിലപിടിച്ചതാണെങ്കിലും കാൽക്ഷണമെങ്കിലും ഈ ഘോഷത്തിൽ ശ്രദ്ധവെച്ച് ആ രസികരഞ്ജിനീരംഗത്തിന്റെ ഒരു ഭാഗത്ത് ഈ നടിയേക്കൂടി കുററംതീൎത്തു വേണ്ടതുപോലെ രംഗപ്രവേശനംചെയ്യിച്ച് അയപ്പാൻ അപേക്ഷ. രഞ്ജിനിയുടെ ലേഖകന്മാരിൽ ഒരുവനായിട്ട് എന്നേക്കൂടി വിചാരിച്ച് രഞ്ജിനിയുടെ ഒരുപ്രതി ഇനിക്കും അയച്ചുതരുന്നതു വളരെ സന്തോഷമാണ്. ഈ ലേഖനം രഞ്ജിനിക്കു സ്വീകാരയോഗ്യമല്ലാത്തപക്ഷം മടക്കി അയച്ചുതരുവാൻ അരയണയുടെ ഒരു സ്റ്റാമ്പും ഇതോടുകൂടി അയച്ചിരിക്കുന്നു.'

ഇങ്ങിനെ ഒരു ലേഖകന്റെ അരങ്ങേററം ഞങ്ങൾക്കു കിട്ടിയിരിക്കുന്നു. ഈ ലേഖനത്തിന്നു രഞ്ജിനിയിൽ സ്ഥലം അനുവദിച്ചത്, ഗദ്യപദ്യങ്ങളുടെ ഭംഗി കണ്ടിട്ടല്ലെന്നു വായനക്കാൎക്കറിയാമല്ലോ. രണ്ടുവാക്കുകൊണ്ടു പറഞ്ഞുതീൎക്കാവുന്ന കാൎയ്യം ഒരുസംബദ്ധതയുംകൂടാതെ ഇത്രയൊക്കെ വളച്ചുകെട്ടി വലിച്ചുനീട്ടി എഴുതിക്കൂട്ടുന്ന ബാലകവികളുടെ ഭവിഷ്യത്തോൎത്തിട്ടുള്ള വ്യസനംകൊണ്ടുമാത്രമാണ്. എന്നാൽ ഇതിലെ സംസ്കൃതപദപ്രയോഗകോലാഹലംകണ്ടു 'വാചകത്തിന്നു നല്ല ഗൌരവമുണ്ട്' എന്നുവെച്ചു രസിക്കുന്ന ചില വകക്കാരുണ്ടെങ്കിൽ അവരെങ്കിലും രസിച്ചുകൊള്ളട്ടേ.

ഈ ലേഖനം അയച്ചുതന്ന ലേഖകന്റെ പേർ ഞങ്ങളിപ്പോൾ പുറത്താക്കുന്നില്ല. ര. ര. പ.

# അമർഷം

അമർത്താനെന്തുചെയ്താലുമമർന്നീടാതെവൈരിയെ
അമർത്താൻതുനിയുംഭാവമമർഷമിതിനിശ്ചയം 1

കത്തിക്കാളുന്നപന്തത്തിന്നടയതലകീ
ഴാമ്പടിക്കൊള്ളിടിച്ചാ-
ലത്യുഗ്രജ്വാലമാലാവലിയതുപൊഴുതും
കാണിയുംതാണിടാതെ
ചിത്താമർഷാസഹിക്കാഞ്ഞൊരുവിധമുടനെ
ത്തന്നെതന്നെപ്പിടിക്കും
ഹസ്തത്തെച്ചുട്ടെരിപ്പാനതിബലമൊടു
മേൽപ്പോട്ടുപൊങ്ങുന്നുവല്ലോ 2

പാരംമന്ദിച്ചുകത്തുന്നൊരുദഹനനഹൊ
കൊള്ളിനന്നായിളക്കു-
ന്നോരാപാരിച്ചശക്ത്യാപരിചിനൊടെരിയു
ന്നില്ലയൊനല്ലവണ്ണം
പാരംനീളാപ്പെരുത്തുള്ളുടൽകിമപിചുരു
ട്ടിക്കിടക്കുന്നസർപ്പം
സ്വൈരക്കേടെങ്ങുചേർത്താൽകൊടിയപടമെടു
ക്കാതപാർക്കുന്നതാണോ? 3

കീഴ്പ്പോട്ടാക്കേണമിപ്പോളിതിനെനിയതമെ
ന്നുള്ളിലോർക്കുന്നമട്ടിൽ
കെല്പോടെപന്തടിക്കുന്നിതുപലജനവും
പന്തിടക്കൊങ്കമാരിൽ
ക്ഷിപ്രംതാടിക്കുതട്ടീടണമിവരുടെയെ-
ന്നോർത്തുചാട്ടംപ്രകാരം
മേൽപ്പോട്ടേക്കാഞ്ഞുപൊങ്ങുന്നിതുപുതുമയെഴും
കന്ദുകംകാൺകമർഷം 4

ഭേദിച്ചാല്യാമുളക്കുംഭുവിതരുനികരം
　　കൂടിമെല്ലെന്നമർത്താൻ
പാദത്താലേചവിട്ടീടിനപൊടിയുമുടൻ
　　പൊങ്ങിമൂർദ്ധാവിലേറും
സാദംവിട്ടോരമർഷംഗുണമിഹഭുവനെ
　　പാംസുവൃക്ഷാദികൾക്കും
വാദാവിട്ടുണ്ട് ശുദ്ധംശവസമമിതുതെ
　　ല്ലൊന്നുമില്ലാത്തമർത്ത്യൻ 5

ഘോരതാപംപൂണ്ടവിഘ്നാദികൾവരികിലൊതു
　　ങ്ങീടുവോർക്കേററമെന്ന്യേ
ശ്രാന്താശൗരിയേക്കാൾപടുതഗർദ്ധനെ
　　കാട്ടിലുൽകൃഷ്ടവേഗം
നേരൊത്തീടാതിവണ്ണംഗുണമണയുകിലും
　　സാമ്പ്രതംസാദ്ധ്യമുണ്ടോ
സാരതാപംപൂണ്ടമർഷംഗുണഗണശിഖിതൻ
　　കാററുപോലുററമിത്രം 6

ചിത്തംമട്ടാതെവിഘ്നംബഹുവിധമുളവാ
　　യ്വന്നതൊക്കെക്കടന്നി
ട്ടത്യന്തംചേതസ്സുതന്നിൽപലതരമറിവിൻ
　　പാടവംപാരശക്ത്യാ
ഹന്താപാരംവിറച്ചിട്ടൊരുവനെഴുതുവാൻ
　　വേഗമില്ലാഞ്ഞൊടുക്കം
വ്യർത്ഥംതോററാൻപരീക്ഷാഖിലഗുണഫല
　　പ്രാപ്തിവേഗത്തിനല്ലോ 7

കോട്ടേത്തുവ്വിശാരൻതൻഗുരുവടവുപിടിച്ച
　　ങ്കമാടാൻമിടുക്കൻ
കോട്ടംവിട്ടോരുനമ്പൂതിരിയൊരുകുറിത–
　　ന്നായുധംകയ്യിലേന്തി

കാട്ടിൽക്കൂടിഗമിക്കെന്നൊരുപൊഴുതൊരുപുലിയായ്
നേർത്തട്ടുന്നതൊന്നുപാർത്താൻ
ഞെട്ടിപ്പെട്ടെന്നുവീണാൻഭയമിതുവരുമൊ
ശ്രാന്തായോരാവന്. ൪

കൊടുങ്ങല്ലൂര് കൊച്ചുണ്ണി തമ്പുരാൻ.

# ശരീരം

ഇദം ശരീരം കൌന്തേയ ക്ഷേത്രമിത്യഭിധീയതേ
എതദ്യോ വേത്തി തം പ്രാഹുഃ ക്ഷേത്രജ്ഞ ഇതി തദ്വിദഃ
(ഭ. ഗീ. അ. ൧൩ ശ്ലോ. ൧)

'അല്ലയോ അൎജ്ജുന! ഈ ശരീരം ക്ഷേത്രമെന്നു പറയപ്പെടുന്നു. ഇതിനെ ആർ അറിയുന്നുവൊ അവനെ ക്ഷേത്രജ്ഞനെന്ന് അവയെ (ക്ഷേത്രക്ഷേത്രജ്ഞന്മാരെ) അറിഞ്ഞവർ പറയുന്നു'. ക്ഷേത്ര ശബ്ദത്തിന്നു വിളഭൂമി എന്നൎത്ഥമുണ്ട്; അതിനാൽ, സകല കൎമ്മങ്ങളുടേയും ഫലങ്ങളാകുന്ന സുഖദുഃഖാദികളുടെ ഉല്പത്തിസ്ഥാനമാകയാൽ ഈ ശരീരം ക്ഷേത്രമെന്നു പറയപ്പെടുന്നു. അല്ലെങ്കിൽ, സംസാരാത്മകമായിരിക്കുന്ന അനൎത്ഥത്തിൽനിന്നു ശമാദിയുക്തനായ പുരുഷനെ രക്ഷിക്കുന്നതുകൊണ്ട് ഈ ശരീരം ക്ഷേത്രമെന്നു പറയപ്പെടുന്നു. മേൽകാണിച്ച ക്ഷേത്രപദത്തിന്റെ നിഷ്കൎഷാൎത്ഥംകൊണ്ടു സകല പുരുഷാൎത്ഥസിദ്ധിക്കും മുഖ്യാവലംബം ഈ ശരീരമാകുന്നുവെന്നു സിദ്ധമാകുന്നുണ്ട്. അപ്രകാരമുള്ള ക്ഷേത്രത്തെ ആപാദചൂഡം ആർ തന്റെ ജ്ഞാനത്തിന്നു വിഷയമാക്കുന്നുവൊ അവനാകുന്നു ക്ഷേത്രജ്ഞൻ. ബുദ്ധിമുതൽ സ്ഥൂലദേഹംവരെയുള്ള സകല ദൃശ്യപദാൎത്ഥങ്ങളിൽനിന്നു ഭിന്നമാണ് താൻ എന്നറിയുന്ന ആത്മാ എന്നൎത്ഥം. ബ്രഹ്മാമുതൽ തൃണംവരെയുള്ള സകലശരീരങ്ങളിലും പ്രത്യഗാത്മാവായി ക്ഷേത്രജ്ഞരൂപേണ സ്ഥിതിചെയ്യുന്ന ആത്മാ ഏകനാകുന്നു. അറിവില്ലായ്മ ഹേതുവായിട്ടു ഘടാകാശംപോലെ ദേഹംപ്രതി ആത്മാ വേറെ വേറെയായി തോ

ന്നപ്പെടുന്നവെങ്കിലും പരമാൎത്ഥത്തിൽ ആത്മാ ഒന്നുതന്നെയാകുന്നു. അദ്ദേഹം പരിപൂൎണ്ണനാകുന്നു; ആകാശംപോലെ ആകാരരഹിതനാകുന്നു. അദ്ദേഹം നിൎവ്വികാരൻ, നിരഞ്ജനൻ, കൂടസ്ഥൻ, ചിദ്രൂപൻ. ക്ഷേത്രജ്ഞരൂപേണയിരിക്കുന്ന ഈ ആത്മാ നിൎവ്വിശേഷമായിരിക്കുന്നപരബ്രഹ്മംതന്നെയാകുന്നു. ഇതിന്നു പ്രമാണമായി 'ഈ ആത്മാ ബ്രഹ്മമാകുന്നു; ഞാൻ ബ്രഹ്മമാകുന്നു; അതുതന്നെയാണ് നീ;' എന്നിങ്ങിനെ അനേകം ശ്രുതിവാക്യങ്ങളുമുണ്ട്. ഇപ്രകാരമിരിക്കുന്ന നിൎവ്വിശേഷബ്രഹ്മംതന്നെയാണ് അനന്തകോടി ബ്രഹ്മാണ്ഡങ്ങളുമടങ്ങിയിരിക്കുന്ന ഈ പ്രപഞ്ചമാസകലത്തിന്നും അന്തൎയ്യാമിയായി ക്ഷേത്രജ്ഞനായിരിക്കുന്നത്. നിൎഗ്ഗുണബ്രഹ്മത്തിന്റെ ഇപ്രകാരമുള്ള ക്ഷേത്രജ്ഞരൂപാവസ്ഥാനമാകുന്നു — ഉപാധിയോടുകൂടിയവൻ എന്നപോലെയുള്ള ഈ അവസ്ഥയാകുന്നു — ഈശ്വരൻ എന്നു പറയപ്പെടുന്ന തത്വം. അപ്പോൾ, എവിടെവിടെ ചൈതന്യം കാണപ്പെടുന്നുവൊ അവിടെയെല്ലാം ഈശ്വരസ്സത്തിയുണ്ടെന്നു സ്പഷ്ടമാകുന്നു. ഈശ്വരൻ മൃഗരൂപേണ പ്രകാശിക്കുന്നു; പക്ഷിരൂപേണ പ്രകാശിക്കുന്നു; വൃക്ഷരൂപേണ പ്രകാശിക്കുന്നു; ഫലരൂപേണ പ്രകാശിക്കുന്നു; പുഷ്പരൂപേണ പ്രകാശിക്കുന്നു. ഭയങ്കരമായ ഇടി, മിന്നൽ, കൊടുങ്കാററ്, സമുദ്രത്തിൽ കോളിളക്കം, ഭൂകമ്പം എന്നിവയിലും ആ ഏകശക്തിതന്നെയാണ് തത്തദ്രൂപമായിപ്രകാശിച്ചുകാണുന്നത്. പുല്ലുകളുടെ ഇടയിൽ നാം അതിഭംഗിയുള്ള ഒരു പുഷ്പത്തെ കാണുമ്പോൾ അതിനെ ചവിട്ടാതെ വളരെസൂക്ഷിച്ചുമാറുന്നു; ഈശ്വരന്റെ പുഷ്പരൂപേണയുള്ള സ്സത്തിയെ കണ്ടിട്ടു നമുക്ക് സന്തോഷവും ആനന്ദവുമുണ്ടാകുന്നു. അപ്രകാരംതന്നെ തരുലതാദികളിലും പക്ഷിമൃഗാദികളിലും മററുംഉള്ള ഈശ്വരസ്സത്തിയെകണ്ടിട്ടു നാം വളരെ സന്തോഷത്തോടും വാത്സല്യത്തോടുംകൂടിവയെ പോററിവളൎത്തുകയും സ്നേഹിക്കുകയും ചെയ്യുന്നു. ഇങ്ങിനെ പ്രകൃതിയിൽ നമുക്കുചുററും വിവിധങ്ങളായി പ്രകാശിക്കുന്ന ഈശ്വരതത്വത്തെ കണ്ടിട്ട് നാം ആശ്ചൎയ്യപ്പെടുന്നു; ഭയപ്പെടുന്നു; പൂജിക്കുന്നു; നമസ്കരിക്കുന്നു; സ്നേഹിക്കുന്നു; വാത്സല്യിക്കുന്നു.

എന്നാൽ മനുഷ്യരൂപേണയാണ് ഈശ്വരൻ ഉള്ളതിൽ അധികം പ്രകാശിക്കുന്നത്. ഒരു ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ദേവൻ എന്നപോലെ ഈശ്വരൻ നമ്മളിൽ പ്രത്യഗാത്മാവായി, സാക്ഷിയായി, ക്ഷേത്രജ്ഞനായി സദാപ്രകാശിച്ചുകൊണ്ടു സ്ഥിതിചെയ്യുന്നു. അനുസന്ധാനംകൊണ്ടു ഈശ്വരഭാവത്തെ പ്രാപിപ്പാൻ മനുഷ്യനല്ലാതെ വേറെ ഒരു പ്രാണിക്കും കഴിയുന്നതല്ല. ഈശ്വരസ്ഫൂർത്തി മനുഷ്യനിൽ എല്ലാററിലുമധികമുണ്ട് എന്നതിന്നു അതുതന്നെ ഒരു കാരണമാകുന്നു. അങ്ങിനെയിരിക്കുന്ന മനുഷ്യശരീരത്തോടുകൂടിയ നാം നമ്മെ സംബന്ധിച്ച് എന്താണ് പ്രവൃത്തിക്കുന്നതെന്നു നോക്കുക. ജഗദാത്മാവായിരിക്കുന്ന സാക്ഷാൽ പരമേശ്വരൻ ക്ഷേത്രജ്ഞരൂപേണ അധിവസിക്കുന്നതും, നമ്മുടെ സകല പുരുഷാർത്ഥസിദ്ധിക്കുമാശ്രയമായിരിക്കുന്നതുമായ ഈ ക്ഷേത്രത്തെ, ഈ ശരീരത്തെ, നാം ലവലേശം ഗണ്യമാക്കി വിചാരിക്കുന്നില്ല. വിഷയികളായിട്ടുള്ളവർ അതിയായ വിഷയസേവകൊണ്ട് ഈ ദേഹത്തെ ക്രമേണ നശിപ്പിക്കുന്നു; വേറെചില മതഭ്രാന്തന്മാരും മൂഢവിശ്വാസികളുമായവർ ഈശ്വരപ്രീതിക്കായിക്കൊണ്ട് എന്നനുധാളിച്ച് വ്രതാദികളെക്കൊണ്ട് ദേഹത്തെ അതിയായി ക്ലേശിപ്പിച്ച് ശോഷിപ്പിക്കുന്നു. 'ജന്തൂനാംനരജന്മദുർല്ലഭം' എന്നിങ്ങിനെ ആചാര്യസ്വാമികൾ പറഞ്ഞിരിക്കുന്നപ്രകാരം ഇത്രയും ദുർല്ലഭമായിട്ടു സിദ്ധിക്കപ്പെട്ടിട്ടുള്ളതും, മേൽപറഞ്ഞപ്രകാരം മഹാപരിശുദ്ധമായതുമായ ഈ ദേഹത്തെ നാം സാത്വികമായും മിതമായുമുള്ള ആഹാരങ്ങളെക്കൊണ്ടു പോററിരക്ഷിച്ചു സൂക്ഷിക്കേണ്ടതല്ലയോ? നമ്മളിൽ ഈശ്വരൻ അധിവസിക്കുന്നുവെന്നു നാമറിയുമ്പോൾ ഈ ദേഹത്തെ, അതിയായ വിഷയസേവകളെക്കൊണ്ടു ഓജസ്സിനെ ക്ഷയിപ്പിക്കാതെ അത്യാദരവോടും ബഹുമാനത്തോടുംകൂടി ആരോഗ്യാവസ്ഥയിൽവെച്ചുകൊണ്ടിരിക്കേണ്ടത് അത്യാവശ്യമല്ലയൊ?

കെ. എ, ഒ.

# അപ്പുണ്ണി മൂപ്പിൽനായര.

'മകളേ! നമ്മളുടെ നിൎഭാഗ്യത്തിന്റെ ശക്തി എന്നല്ലാതെ എന്തുപറയാം. 'നൊമ്മടെ തറവാട്ടിൽ അധികം ആളുകളൊന്നും മുമ്പും ഉണ്ടായിരുന്നില്ല. അന്നും ആ മഹാപാപികൾക്കു നമ്മോടു ബഹു വൈരമായിരുന്നു. പക്ഷേ അവരോടാരോടും ഒന്നും പററിയില്ല. അത്രയ്ക്കു കേമന്മാരായിരുന്നു നമ്മുടെ വലിയമ്മാമന്മാരെല്ലാം. ആ മഹാപാപികളുടെ കൈകൊണ്ടു മരിച്ച നിന്റെ ഈ അമ്മാമനും അവരിൽനിന്ന് ഒട്ടും കുറഞ്ഞാളല്ലായിരുന്നു. ഞാൻ നിന്നെ പ്രസവിക്കുന്ന ദിവസം വലിയ ഒരു യുദ്ധമുണ്ടായി. അവർ നൊമ്മടെ വക ഒരു കളം കയ്യേറി. എനിക്കു പ്രസവവേദന കലശലായിരുന്നു, അപ്പോഴാണ് വിവരം അറിഞ്ഞത്. ഉടപ്പിറന്നവളുടെ ഈ സ്ഥിതിയിൽ എങ്ങിനെയാണ് ഇവിടെനിന്നുപോക എന്നു പറഞ്ഞ് കുറച്ചു താമസിച്ചുവെങ്കിലും, ഒടുവിൽ ഇവിടെ രണ്ടു ഭടന്മാരേ കാവലുനിൎത്തി ബാക്കിയുള്ളവരോടുകൂടിപോയി. അന്ന് അവററിനെ ഒക്കെ തോല്പിച്ചു കാലുപിടിപ്പിച്ചു. ഇങ്ങിനെ പലകുറിയും കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഇങ്ങിനെവന്നു. നൊമ്മടെ തലയിലെഴുത്തിന്റെ വൈഭവംതന്നെ. അവരെ വളരെ പ്രാവശ്യം തോല്പിച്ച അദ്ദേഹത്തെ അവർ കുലചെയ്തു. എന്നാൽ പൂവ്വൻപഴംപോലെയിരിക്കുന്ന ആ കുട്ടിയെക്കൂടി കൊന്നത് എന്തിനുവേണ്ടിയാണ്. അവൻ ഈ ദുഷ്ടന്മാൎക്കു യാതൊരുപദ്രവവും ചെയ്തിട്ടില്ലല്ലോ. നോക്കിനി ആണായ ഒരു കുട്ടിയുടെ മുഖംപോലും നൊമ്മടെ എന്നുവെച്ചു കാണാനില്ലല്ലോ. അയ്യോ! എന്റെ കുട്ടി, നിയ്യെന്തിനു കരയുന്നു. ഈശ്വരൻ വെച്ചതുപോലെ എല്ലാം വരും. കഷ്ടമേ! നമ്മൾക്കിങ്ങിനെ പറങ്കിമാങ്ങ മാത്രം തിന്നു കിടക്കാറായല്ലോ. ഈശ്വരാ! ഇങ്ങിനെ ഇനിയും എത്രകാലം കഴിക്കേണ്ടിവരും. നിന്റെ ഉടപ്പിറന്നവൻ ഇപ്പോളുണ്ടെങ്കിൽ അവനു പതിനാറു വയസ്സായേനേ. ഒന്നി

ന്ന *

നും ഗതിയില്ലെങ്കിലും അവന്റെ മുഖംകണ്ടുകൊണ്ടു കിടക്കാമായി രുന്നല്ലോ. ഭാഗ്യമില്ലെങ്കിൽ ഒന്നിനും തരമാവില്ല. അല്ലെങ്കിൽ നിന ക്കിപ്പോഠം പത്തിരിവത്തവയസ്സായില്ലേ നല്ല ഒരു സംബന്ധക്കാരൻ വന്നുചേന്നെങ്കിൽ നമ്മളിങ്ങിനെ കഷ്ടപ്പെടേണമോ? അതൊക്കെ എന്തിനു പറയുന്നു. അന്നു വ്യസനം സഹിക്കവയ്യാതെ അങ്ങിനെ യൊക്കെ തലയിട്ടു തച്ചുനോക്കീട്ടും പ്രാണൻപോയില്ലല്ലോ. ഈശ്വ രാ! ആരുമില്ലാത്ത ഈ പെണ്ണുങ്ങളെ ഇങ്ങിനെയിട്ടു കഷ്ടപ്പെടുത്തു ന്ന ആ മഹാപാപികഠംക്ക് അതിന്റെ ഫലമനുഭവിപ്പിയ്ക്കുണേ'

ഇപ്രകാരം ഓരോന്നു വിലപിച്ചുകൊണ്ടു തന്റെ മകളൊന്നി ച്ചുകിടക്കുന്ന 'കല്ലേക്കാട്ടു' കല്യാണിനേശ്യാര്, എത്രയോ വലിയ പദവിയിൽ കഴിഞ്ഞ ആ കാലത്തേയും, ഒരുനേരം കഞ്ഞിയ്ക്കുകൂടി വകയില്ലാത്ത ഈ കാലത്തേയുംകൂടി വിചാരിച്ചപ്പോഠം ദുഃഖം സ ഹിയ്ക്കവയ്യാതെ കുറെനേരം വല്ലാതെ കരഞ്ഞുപോയി.

നാട്ടുരാജാക്കന്മാരുടെ സ്വാതന്ത്ര്യശക്തികഠം അസ്തമിതമാ യും, ബ്രിട്ടീഷ് രാജ്യഭരണം അവ്യവസ്ഥിതമായും, ഇരിക്കുന്ന കാല ത്തു 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്ന മട്ടിലായിത്തീന്നു. ത ങ്ങഠംക്ക് അഹിതമായി എന്തെങ്കിലും പറകയോ, പ്രവൃത്തിക്ക യോ, ചെയ്യാൽ ആയാളെ കുലചെയ്യാൻകൂടി ആക്കും മടിയില്ലാതാ യി; അങ്ങിനെ ചെയ്യാൽ ചോദിപ്പാനാരുമില്ലാതെയുമായി. മിക്ക ജനങ്ങളും ആയുധാഭ്യാസപരിശീലനതല്പരന്മാരും യുദ്ധവൈദഗ്ദ്ധ്യ മുള്ളവരുമായിത്തീന്നു.

ആ കാലത്തു കല്ലേക്കാട്ട് എന്നും, കാമഞ്ചേരി എന്നും, പ്ര സിദ്ധമായ രണ്ടു നാടുവാഴിത്തറവാടുകളുണ്ടായിരുന്നു. സ്വത്തു കൊണ്ടും, സ്ഥാനമാനങ്ങഠംകൊണ്ടും, കല്ലേക്കാട്ടുകാക്കായിരുന്നു അ ധികപ്രാബല്യം. എന്നാൽ, ആളുകളുടെ സംഖ്യ അധികം മ റവക്കായിരുന്നു. ആയുധാഭ്യാസംകൊണ്ടു വിശ്വവിശ്രുതനായ കല്ലേക്കാട്ടു കുഞ്ഞുണ്ണിമൂപ്പിൽ നായര് ഒരുദിവസം തന്റെ മരുമക നൊന്നിച്ച് എവിടെയ്ക്കോ പോയിരുന്നു; മടങ്ങുമ്പോഠം രാത്രിയായി. പണ്ടേക്കുപണ്ടേ വൈരികളായ കാമഞ്ചേരി വീട്ടുകാരിൽ കയ്യൂക്ക

കൊണ്ടു പ്രധാനിയായ കണാരൻ നമ്പ്യാർ പത്തുപന്ത്രണ്ടു ഭടന്മാരോടുകൂടി വഴിയിൽവെച്ച് അദ്ദേഹത്തെ തടുത്തു. ഭയം എന്നുള്ള രണ്ടക്ഷരത്തിന്നു ജനിച്ചതുമുതൽ ഇതേവരെ തൻെറ മനസ്സിൽ സ്ഥലം കൊടുക്കാത്ത മൂപ്പിൽനായർ യാതൊരു ക്ലേശവും കൂടാതെ ഉടനെ അരവാളൂരിപ്പിടിച്ചു. താൻ നിസ്സഹായനാണെന്നും മററുമോൎക്കാതെ അദ്ദേഹം ഭാഗിനേയനെ പിന്നിൽ നിൎത്തി ധൈൎയ്യത്തോടുകൂടി നമ്പ്യാരോടും ഭടന്മാരോടും ഒരുപോലെ നിന്നു പൊരുതി; വിക്രമരാശിയായ നായർ ഭടന്മാരിൽ രണ്ടുമൂന്നു പേരെ വെട്ടിവീഴ്ത്തുകയും ചെയ്തു. കുറെനേരം അല്പംപോലും പരാജയം തട്ടാതെ നിന്നു യുദ്ധം ചെയ്തുവെങ്കിലും ഒടുവിൽ ശത്രുക്കളുടെ കടുതായ ചതിപ്രയോഗത്താൽ നമ്മുടെ നായരവർകൾ പ്രാണവേദനയോടുകൂടി നിലത്തു പതിച്ചു. ഇതുകണ്ടു പരിഭ്രമത്തോടുകൂടി അദ്ദേഹത്തിൻെറ ഭാഗിനേയനായ ആ ബാലൻ എങ്ങോട്ടെക്കെന്നില്ലാതെ അവിടെ നിന്ന് ഓടി. പിന്നാലെ മൂന്നുനാലു ഭടന്മാരും പാഞ്ഞു. ഒടുവിൽ ആ കുട്ടിയെ കിട്ടിയോ, കൊന്നോ, എന്നൊന്നും ആൎക്കും അറിവാൻ ഇടയായില്ല. എന്തെന്നാൽ, കുട്ടിയെ പിന്തുടൎന്ന ഭടന്മാർ മടങ്ങിവന്നില്ല. എന്നാൽ, കരുമല്ലന്മാരായ മൂന്നോ നാലോ ഭടന്മാർ ഒരു കുട്ടിയെ നിഗ്രഹിക്കേണമെന്നുള്ള അത്യൽകണ്ഠയോടുകൂടി പിന്നാലെ ഓടിയാൽ അവരുടെ ആഗ്രഹം നിറവേറിട്ടുണ്ടാകുമെന്നല്ലെ വിചാരിക്കേണ്ടത്. അതുകൊണ്ടു ബാലൻ ഇവരാൽ വധിക്കപ്പെട്ടു എന്നുതന്നെ ഇപ്പോഴും വിചാരിക്കുക. ഭടന്മാർ മടങ്ങിവരാത്തതിൻേറയും മററും വാസ്തവം എങ്ങിനെയാണെന്നു വഴിയേ അറിയാവുന്നതാണ്.

ഈ സംഭവം നടന്നിട്ട് ഇപ്പോഴും കൊല്ലം നാലു കഴിഞ്ഞിരിക്കുന്നു; എങ്കിലും തറവാട്ടിൻെറ മാനത്തേയും മററും രക്ഷിച്ചുപോരുന്ന ഉടപ്പിന്നവൻേറയും ഭാവിശ്രേയസ്സിന്നുകാരണമായ പുത്രൻേറയും മരണം, ഇപ്പോളനുഭവിച്ചുപോരുന്ന ദാരിദ്ര്യം, തന്നിമിത്തമുണ്ടാകുന്ന അപമാനം, ഇവയെല്ലാംകൂടി വിചാരിച്ചപ്പോഴം കല്യാണിനേശ്യാര് ഇന്നും കരഞ്ഞുപോയി എന്നേയുള്ളു. ഇപ്രകാരം ഒരു

വ്യസനം സംഭവിക്കുന്നതായാൽ അതു സാധാരണമാക്കു മരണപ ര്യന്തം മനോവേദനയെ ഉണ്ടാക്കിക്കൊണ്ടിരിക്കും എന്നുള്ളതു പറ യേണമോ?.

കണാരൻനമ്പ്യാരും ശേഷിച്ചഭടന്മാരുംകൂടി കുഞ്ഞുണ്ണിമൂപ്പിൽ നായരേയും മരുമകനേയുംകൊന്ന വിവരം നാടെല്ലാം പരസ്യമാക്കി. ഈ നമ്പ്യാർ പടയിൽ പരിചയവും കൈമിടുക്കും ധാരാളം ഉള്ള ആളാണെങ്കിലും, ദാംഭികത്വം, ക്രൌര്യം, ചാപല്യം, എന്നിവ യുടെ ഒരു സങ്കേതഭൂമിയുമാണ്. നമ്പ്യാരുടെ കാരണവന്മാരും, അനന്തിരവന്മാരും അഭ്യാസികൾതന്നെയാണെങ്കിലും അവൎക്കും കണാരൻനമ്പ്യാർ എന്നുകേട്ടാൽ ബഹുപേടിയാണ്. ഇതുകൊ ണ്ട് അദ്ദേഹത്തിന്റെ ശക്തി, തറവാട്ടിലും നാട്ടിലും ഒരുപോലെ നടക്കുന്നു. ക്രൂരനായ ആ നമ്പ്യാർ കല്ലേക്കാട്ടുകാരുടെ സ്വത്തുക്ക ളും അവകാശങ്ങളും പിടിച്ചടക്കി. അതോടുകൂടി അവരുടെ ഭ ഭടന്മാരെയെല്ലാം കീഴടക്കുകയും ചെയ്തു. അതുമുതൽ ജനങ്ങളെ ല്ലാം കണാരൻ നമ്പ്യാരെപ്പററി 'പ്രസിദ്ധനായ കല്ലേക്കാട്ടു കുഞ്ഞു ണ്ണിമൂപ്പിൽനായരെ യുദ്ധത്തിൽ നിഗ്രഹിച്ച വീരപുരുഷൻ' എന്നു പറഞ്ഞുതുടങ്ങി. ഇങ്ങിനെ ജനങ്ങളെല്ലാം ശ്ലാഘിക്കുന്നതു കേട്ടു നമ്മുടെ നമ്പ്യാർ പന്തിയല്ലാതെ ഒന്നു തെളിഞ്ഞിരിക്കുന്നു.

ഇപ്രകാരം ജനങ്ങളുടെ അഭിനന്ദനത്തിനു വിഷയമായ ക ണാരൻ നമ്പ്യാരിൽ, ഒരു വലിയ തറവാടായ 'മാവിൻ തോട്ട ത്തിൽ' മാധവിക്കുട്ടി എന്ന യുവതീരത്നത്തിന്ന് അനുരാഗം ദിനം പ്രതി വൎദ്ധിച്ചുവരുന്നു. 'സ്ത്രീകളായാൽ ഭൎത്തൃസുഖമാണ് വേണ്ട ത്. അതില്ലെങ്കിൽ പിന്നെ ഇരുന്നിട്ടു ഫലമില്ല. ആരെങ്കിലും ഒരുവൻ ഭൎത്താവായാൽ മതിയോ? എന്നിട്ടെന്താണ് ഫലം. അവ നവന്റെ മനസ്സിനു പിടിച്ച ആളായിരിക്കണം. അതുകൊണ്ട് എന്റെ ഭൎത്താവ് അദ്ദേഹംതന്നെയാണ്. എന്തുപൌരുഷമാണ് അദ്ദേഹത്തിലിരിക്കുന്നത്. വരുന്നവരും പോകുന്നവരും എല്ലാം അ ദ്ദേഹത്തെ സ്തുതിക്കുതന്നെ ചെയ്യുന്നുള്ളു. ആകൃതിയിലും വളരെ വിശേഷമുണ്ടെന്നാണ് കേൾവി. ആരാലും ജയിക്കപ്പെട്ടവാൻ ക

ഴിയാത്ത ആ പ്രസിദ്ധനായ കുഞ്ഞുണ്ണിമൂപ്പിൽനായരെ നിഗ്രഹിച്ച അദ്ദേഹം എത്ര ശൂരനാണ്. അങ്ങിനെയിരിക്കണ്ടേ പുരുഷന്മാർ. ഇങ്ങിനെയൊക്കെയുള്ള ഇദ്ദേഹത്തിന് എന്നേക്കാൾ ഗുണമേറിയ വേറെയൊരു സ്ത്രീയിലാണ് അനുരാഗം എന്നുവെച്ചാൽ എൻെറ ഈ ഉറപ്പ് എന്തിനുകൊള്ളാം. അദ്ദേഹത്തിന് ഇവിടെ സംബന്ധം തുടങ്ങിയാൽ കൊള്ളാമെന്നൊരു മോഹമുണ്ടെന്നുകൂടി യാതൊരു വിധത്തിലും ഞാനറിഞ്ഞിട്ടില്ല. ഇവിടെ അമ്മയോടോ മറേറാ ആലോചിച്ചിട്ടുണ്ടെന്നും വിചാരിക്കവയ്യ. ഉണ്ടെങ്കിൽ എങ്ങിനെയെങ്കിലും ഞാനറിയേണ്ടതായിരുന്നു. ആയവസ്ഥക്ക് ഇപ്പോൾ ഒന്നും തീച്ചപ്പെടുത്തുകവയ്യ. ഈശ്വരൻ എൻെറ മനോരാജ്യംപോലെ സാധിപ്പിച്ചിട്ടില്ലെങ്കിൽ എനിക്കു വേറെ ഭത്താവില്ല നിശ്ചയം' എന്നൊക്കെയായിരിക്കുന്നു മാധവിക്കുട്ടിയമ്മയുടെ വിചാരം.

എന്നാൽ, ആ സ്ത്രീക്കു തൻെറ ആഗ്രഹം വിഫലമായെങ്കിലോ എന്നിങ്ങിനെ വിചാരിച്ച് അധികം ദിവസം മനസ്സിനെ പുണ്ണാക്കേണ്ടിവന്നില്ല. എന്തെന്നാൽ, വളരെ താമസിയാതെ നമ്പ്യാരുടെ സംബന്ധത്തിനുള്ള ആലോചന അവിടെ എത്തി. തൻെറ ബന്ധുക്കളിൽ ഒരാൾ ഈ കാൎയ്യം ആലോചിപ്പാൻ പോയതിനുശേഷം നമ്പ്യാർ വെറുതെ ഇരുന്നില്ല. ഇങ്ങിനെ ഓരോ മനോരാജ്യം തുടങ്ങി. പോയ ആൾ എങ്ങിനെ വരുമോ ആവോ. കാൎയ്യം നേടാതെ വന്നാൽ ഞാൻ ഭാഗ്യഹീനൻതന്നെ. ആ സ്ത്രീയുടെ സൌന്ദൎയ്യത്തിന്നും പ്രകൃതിക്കും അത്ഭുതപ്പെടത്തക്ക ഗുണമുണ്ടെന്നാണെല്ലൊ ഓരോരുത്തർ പറയുന്നത്. ഇങ്ങിനെയുള്ള ആ തരുണീരത്നത്തിൻെറ സൌന്ദൎയ്യവിലാസചേഷ്ടിതങ്ങളെ സദാപി കണ്ടാനന്ദിപ്പതിനുള്ള ഭാഗ്യം അന്യപുരുഷനായി വന്നാൽ എൻെറ ഈ ജന്മത്തിന് എന്തൊരു കൃതാൎത്ഥതയാണുള്ളത്. ആ സുന്ദരി എന്നെ കേട്ടറിവുണ്ടെങ്കിലാവട്ടെ ഇല്ലെങ്കിലാവട്ടെ മറെറാരാളിൽ അനുരക്തയായിട്ടുണ്ടെങ്കിലോ. ഞാനെന്തിനിത്ര പരിഭ്രമിക്കുന്നു. പോയ ആൾ വന്നാൽ വിവരമെല്ലാമറിയാമല്ലോ. ഒരു

വേള, എന്റെ ഈ ആലോചനയിൽ ആ തറവാട്ടുകാർ അനുവദി ച്ചില്ലെന്നിരിക്കട്ടെ, ആ സ്ത്രീകുതന്നെ ഇഷ്ടമില്ലെന്നുവരട്ടെ, അഥ വാ ഭർത്തൃസ്ഥാനത്തേയ്ക്കു മറെറാരു പുരുഷൻ വന്നുകൊള്ളട്ടെ, എ ന്നാലെന്താണ്. ആ സ്ത്രീയെ ഞാൻ കയ്ക്കലാക്കാതെ വിടുമോ. എ ന്നോടെതിരു നേരിട്ടുനില്പാൻ ഇന്നു ഭൂമിയിലാരുണ്ടെന്ന് ഒന്നുകാണ ട്ടെ' ഇപ്രകാരം ആദിയിൽ മന്ദമായും, ഒടുവിൽ ഗംഭീരമായും ഓ രോന്നു വിചാരിച്ചുകൊണ്ടിരുന്നു.

കണാരൻ നമ്പ്യാരാൽ നിയോഗിക്കപ്പെട്ട ആൾ ആദിയിൽ അവിടെയുള്ള പുരുഷന്മാരുടെ അടുത്താണ് ആലോചന നടത്തിയ ത്. അവക്കാക്കും യാതൊരു വിരോധമില്ലെന്നും, അകത്തുപോയി ആലോചിക്കണമെന്നും, പറകയാൽ, തന്റെ തലയിലുണ്ടായിരുന്ന വലിയ ഒരു ഭാരത്തിൽ പകുതിയും പോയിഎന്നു വിചാരിച്ച് കുറെ ഒന്നാശ്വസിച്ചതിനു ശേഷമാണ് ആയാളുടെ അകായിലേയ്ക്കുള്ള പു റപ്പാടുണ്ടായത്. എന്നാൽ അകായിൽ എത്തിയ്മുതൽ ആ ദൂതൻ മാധവിക്കുട്ടിയമ്മയെ കാണുവാൻ അത്യുൽക്കണ്ഠയോടുകൂടി നാലു പാടും നോക്കിത്തുടങ്ങി. ഈ നിലയിൽ ആയാൾക്ക് അധികകഷ്ട പ്പാടുകൂടാതെ സാധിച്ചു. എന്തെന്നാൽ, മാധവിക്കുട്ടിയമ്മയുടെ പെററമ്മയായ ഇട്ടിക്കുട്ടിയമ്മ ആയാളെ തന്റെ മകളുടെ അറയി ലേക്കുതന്നെയാണ് കൂട്ടിക്കൊണ്ടുപോയത്. താരുണ്യത്തിന്റെ ത ള്ളിച്ചയാൽ പ്രത്യാഗം പരിപൂർണ്ണമായ മിന്നിക്കളിക്കുന്ന ഓരോ വിലാസങ്ങളും, പൂർണ്ണചന്ദ്രനെ കൂടി നാണിപ്പിക്കുന്ന ആ അഴകേ റുന്ന വദനവും, കാർമേഘങ്ങളുടെ ഗർവത്തെ തിരസ്കരിക്കുന്നതിൽ സമർത്ഥമായ ആ വനിതാരത്നത്തിന്റെ ചികുരഭാരവും കൂടി കണ്ട പ്പോൾ ആ മനുഷ്യൻ യാതൊന്നും പറയുന്നതിനും പ്രവൃത്തിക്കുന്ന തിന്നും ശക്തനല്ലാതേ അല്പനേരം ഇടിവെട്ടിയ മരംപോലെ, ആ സുന്ദരിയിൽതന്നെ കണ്ണുകളുറപ്പിച്ചു നിന്നുപോയി. കണ്ടുകൊള്ളു രുമാളായ നമ്പ്യാരുടെ അപ്രകാരമുള്ള ബലത്തേയും വിക്രമത്തേ യും വിചാരിക്കാതെ മാധവിക്കുട്ടിയമ്മയെ താൻതന്നെ കയ്ക്കലാക്കി നടന്നാലോ എന്ന് ആ മനുഷ്യന്റെ മനസ്സിൽ പലപ്രാവശ്യവും

തോന്നുകയുണ്ടായി. ഒടുവിൽ അയാൾ ഇത്തുക്കുട്ടിയമ്മയാൽ സൽക്കരിക്കപ്പെട്ട പുല്ലുപായിൽ ഇരുന്നു. തന്റെ വാശ്ശൊടിയാൽ മാധവിക്കുട്ടിയമ്മയേയും മററു ഒന്നു പകിട്ടേണമെന്നുള്ള ഉദ്ദേശത്തോടുകൂടി ആയാൾ കാലിന്മേൽക്കാലും കയററിയിരുന്നു ഫലിതങ്ങളെകൊണ്ടു പൊടിപ്പും തൊങ്ങലും വെച്ചു സംസാരിപ്പാൻ തുടങ്ങി. വിവാഹദൂതനായ ആയാൾക്കു് ആദിയിൽ മാധവിക്കുട്ടിയമ്മയുടെ ചരിത്രത്തെ അറിവാനാണു് കൌതുകമുണ്ടായതു്. അതിനുവേണ്ടി 'മകൾക്കിപ്പോൾ എത്ര വയസ്സായി' എന്നു് ഇത്തുക്കുട്ടിയമ്മയോടായി ചോദിച്ചു.

ഇത്തുക്കുട്ടിയമ്മ— വയസ്സിപ്പോൾ പതിനെട്ടായി.

ദൂതൻ— ഓ ഹോ. എന്നാൽ സംബന്ധം തുടങ്ങിക്കുവാൻ വൈകി. പെൺകുട്ടികൾക്കു സംബന്ധം തുടങ്ങിക്കുവാൻ ഇത്ര അധികം കാലം താമസിക്കരുതു്. അവർ വല്ല തുമ്പില്ലാത്തരത്തിലും ചെന്നുചാടുവാൻ എളുപ്പമുണ്ടു് എന്നുപറഞ്ഞു് മാധവിക്കുട്ടിയമ്മയുടെ മുഖത്തെ ലക്ഷ്യമാക്കി പുഞ്ചിരിയാൽ ധവളിതമായ ഒരു കടാക്ഷത്തെ വിട്ടു. അതിനുശേഷം, 'ഇതേവരെ ആരും സംബന്ധമാലോചിച്ചിട്ടുമില്ലേ' എന്നു ചോദിച്ചു.

മാധവിക്കുട്ടിയമ്മ ലജ്ജയുടെ ആവിർഭാവം ഹേതുവാൽ ആ സ്ഥലം വിട്ടുപോയി.

ഇത്തുക്കുട്ടിയമ്മ— ഒന്നുരണ്ടു പേരെല്ലാം ചോദിച്ചു. പക്ഷേ, അവൾക്കു പിടിക്കാഞ്ഞിട്ടോ എന്തോ, വേണ്ടെന്നുപറകയാൽ തുടങ്ങിക്കുവാൻ തരമായില്ല.

മാധവിക്കുട്ടിയമ്മയുടെ അസാന്നിദ്ധ്യം ആയാൾക്കു രസക്ഷയത്തിനു ഹേതുവായെങ്കിലും, ആ തലക്കുപിടിച്ച ലഹരിയൊന്നിറങ്ങി താൻ വന്നകാൎയ്യം പറവാൻ തുടങ്ങി.

ദൂതൻ— എന്നാൽ ഞാൻ ഇപ്പോൾ ഒരു സംബന്ധം ആലോചിപ്പാനാണു് വന്നിരിക്കുന്നതു്. അതും പിടിക്കാതെ വരുമോ! എന്നാൽ ഞാൻ തോററു.

ഇത്തുക്കുട്ടിയമ്മ— എല്ലാം അങ്ങിനെ വേണമെന്നില്ലല്ലോ! ആളെ കേൾക്കട്ടെ.

ദൂതൻ— നിങ്ങളെല്ലാവരും അറിവാൻ ഇടയുണ്ട്. നാടെല്ലാം പ്രസിദ്ധനായ കാമഞ്ചേരി കണാരൻനമ്പ്യാർ, അറിയില്ലേ?.

ഇത്തുക്കുട്ടിയമ്മ— ധാരാളം കേട്ടറിയും. വളരെ കേമനാണ് അല്ലേ? അദ്ദേഹത്തെ പിടിച്ചിട്ടില്ലെങ്കിൽ ഈ ഭൂമിയിലാരേയും ഇനിപിടിയ്ക്കാൻ തരമില്ല.

ദൂതൻ— യോഗ്യതയുടെ കാൎയ്യമൊന്നും പറയേണ്ടതില്ല. ഞാൻ നടന്നദിക്കിലെങ്ങും ഇത്ര കേമനായ ഒരാളെ കണ്ടിട്ടില്ല. ആട്ടെ, പിടിയ്ക്കുമോ എന്നൊന്നറിയണ്ടേ? ഇങ്ങോട്ടൊന്നുവിളിച്ചു ചോദിയ്ക്കുവിൻ.

'മാധവിക്കുട്ടി മാധവിക്കുട്ടി' എന്ന് അവിടെ ഇരുന്നു മൂന്നുനാലുപ്രാവശ്യം വിളിച്ചുവെങ്കിലും ആ സ്ത്രീ വരാഞ്ഞതിനാൽ 'അവൾ ഒരു നാണംകുണുങ്ങിയാണ്. വിളിച്ചാൽ വരുമെന്നു തോന്നുന്നില്ല. ഞാൻ പോയി ചോദിച്ചുവരാം' എന്നു പറഞ്ഞ് ഇത്തുക്കുട്ടിയമ്മ അവിടെനിന്നുപോയി. കുറച്ചുകഴിഞ്ഞു വന്നിട്ട് ഇങ്ങിനെ പറഞ്ഞു.

ഇത്തുക്കുട്ടിയമ്മ— അവൾക്ക് വളരെ സമ്മതമാണ്. അവൾ ഇദ്ദേഹത്തെമാത്രം കാത്തിട്ടാണിരിയ്ക്കുന്നതുതന്നെ, അതുകൊണ്ടിനിദിവസം നിശ്ചയിച്ചാൽമതി.

ദൂതൻ— എല്ലാം ഇവിടെനിന്നുതന്നെ നിശ്ചയിച്ചാൽമതി. അവിടെ ഇന്നെങ്കിലിന്നു ഹാജരാണ്.

ഇത്തുക്കുട്ടിയമ്മ— ഓ. കാരണവന്മാരോടും മററും ആലോചിച്ചോ.

ദൂതൻ— അതെല്ലാം കഴിഞ്ഞിട്ടാണ് ഇങ്ങോട്ടുപോന്നത്. അവൎക്കെല്ലാം വളരെ സന്തോഷമാണ്. എത്രയോ കേമനായ ഒരാൾ ഒരു തറവാട്ടിൽ സംബന്ധം ആലോചിയ്ക്കുമ്പോൾ ആരാണ് സമ്മതിയ്ക്കാതിരിയ്ക്കുക.

ഇത്തുക്കുട്ടിയമ്മ—എന്നാലിനി കുളിയും ഊണും കഴിയട്ടെ; ദിവസം നിശ്ചയിക്കുക പോകുവാൻ കാലത്തുമതിയല്ലോ.

ഇന്ദുകുട്ടിയമ്മയുടെ ഇപ്രകാരമുള്ള സൽക്കാരവാചകത്തെ കേട്ട് ആ മനുഷ്യൻ ഒരു കൃതജ്ഞതയോടുകൂടി കുളിക്കുവാൻപോയി. തൻെറ മകൾക്ക എത്രയും അനുരൂപനും, വളരെ പ്രസിദ്ധനും, നാട്ടിൽ പ്രമാണിയും ആയ ഒരു യോഗ്യപുരുഷനെ കൊണ്ടുവന്നു കൊടുത്ത ദേഹത്തെ എങ്ങിനെയെല്ലാം സ്നേഹിക്കയും, ബഹുമാനിക്കയും, സൽക്കരിക്കയും ചെയ്യേണമോ, ഇന്ദുകുട്ടിയമ്മ അപ്രകാരമെല്ലാം ചെയ്തു എന്ന് ഇവിടെ പറയേണ്ടതില്ലല്ലൊ.

മാധവികുട്ടിയമ്മയുടെ ഇപ്പോഴത്തെ സന്തോഷാതിരേകത്തെ എങ്ങിനെയാണ് വർണ്ണിക്കുക. ഞാൻ മുമ്പുതന്നെ എത്രയും ശ്രദ്ധയോടുകൂടി വിചാരിച്ചുപോന്നിരുന്ന അദ്ദേഹത്തെതന്നെ അനായാസേന തന്നെസംബന്ധിച്ചുള്ളവരെല്ലാം ഒരുപോലെ സമ്മതത്തോടും സന്തോഷത്തോടുംകൂടി കിട്ടിയിരിക്കുന്ന സ്ഥിതിക്ക് ഞാൻ എത്ര ഭാഗ്യവതിയാണ്. ഇങ്ങിനെയുള്ള ഒരു ഭാഗ്യം ആർക്കെങ്കിലും കിട്ടുവുന്നതാണൊ? ഈയാളുടെ ഈ ആലോചന മോഹിപ്പിക്കാൻ വേണ്ടിമാത്രമാണോ എന്നുകൂടി സംശയംതോന്നുന്നുണ്ട്. ഈശ്വരൻ അനുകൂലനായാൽ വരാൻ വയ്യാത്ത എന്തൊരുകാര്യമെങ്കിലുമുണ്ടോ. എന്നാൽ, ഒരു വേനൽക്ക് ഒരു വർഷം എന്നു പറയുമ്പോലെ, അത്യന്തസന്തോഷഹേതുകമായ ഈ കാര്യം എന്തോ ഒരാപത്തിനുള്ള മാർഗ്ഗമാണെന്നു തോന്നും.' ഇപ്രകാരമെല്ലാം വിചാരിച്ചാണ് മാധവികുട്ടിയമ്മ ഇരിക്കുന്നത്. കണാരൻനമ്പ്യാരുടെ ദൂതനായ ആ മനുഷ്യൻ അവിടെയുള്ള പുരുഷന്മാരോടെയും മററും ബോധ്യപ്രകാരം സംബന്ധത്തിന് അധികം അകലെയല്ലാത്ത ഒരു ദിവസം നിശ്ചയിച്ച് അന്നുതന്നെ മടങ്ങിപ്പോയി.

ഈ വർത്തമാനമറിഞ്ഞതിനുശേഷം നമ്പ്യാർക്ക് ഈ വിധത്തിൽ തന്നെ കുറച്ചുദിവസംകൂടി കഴിച്ചുകൂട്ടേണ്ടത് എങ്ങിനെയാണെന്നു നിശ്ചയമില്ലാതായി. ആ കാമുകൻ കാണുന്നവരോടെല്ലാം സരസമായി സംഭാഷണം ചെയ്യുന്നു. കല്ലേക്കാട്ടുവീട്ടിലുള്ള ആ സ്ത്രീകളായാലും വേണ്ടതില്ല, ഇപ്പോൾ ചെന്ന് നമ്പ്യാരവർകളോടു സംബന്ധകാര്യത്തെപ്പററി രസമായിപറയുന്നതായാൽ പൂർവ്വവൈരത്തെ

മറന്ന് അവരെ സ്നേഹത്തോടുകൂടി കൊണ്ടാടാതിരിയ്ക്കയില്ല. അദ്ദേഹത്തിൻെറ മനസ്സിന്ന് അത്രയും ആൎദ്രതവന്നിട്ടുണ്ട്. കണാരൻ നമ്പ്യാൎക്കു സൗഖ്യാസുമനാം വലിയ ഒരുത്സവമായിതീൎന്നിരിയ്ക്കുന്നു. അദ്ദേഹം ദിനംപ്രതി നാല്, മൂന്ന്, രണ്ട്, എന്നിങ്ങിനെ ചോൽട്ടിലേയ്ക്ക് എണ്ണി തൻെറ സംബന്ധദിവസത്തെ അടുപ്പിയ്ക്കുന്നു. ഇടയ്ക്കിടയ്ക്ക് താൻവിട്ടിരുന്ന ദൂതനെകണ്ട്, മാവിൻ തോട്ടത്തിൽ തറവാട്ടുകാൎയ്യത്തിൻെറ സ്ഥിതി എങ്ങിനെയാണെന്നും, തൻെറ ഭാൎയ്യയാകാൻ പോകുന്ന മാധവിക്കുട്ടിയമ്മയുടെ സൌന്ദൎയ്യത്തിന്ന് എത്രകണ്ടു വിശേഷമുണ്ടെന്നും, അവിടെചെന്ന് ആദിയിൽ ഈ കാൎയ്യം എങ്ങിനെയാണ് പറഞ്ഞുതുടങ്ങിയതെന്നും, ആ തരുണീരത്നം എന്തൊക്കെ പറഞ്ഞുവെന്നും, മററുള്ളവരുടെ വാക്കുകൾതന്നെ എത്രകണ്ടു പ്രശംസിച്ചിട്ടായിരുന്നുഎന്നും, മററും ചോദിച്ച നേരംകളകയും സാധാരണയായിരിയ്ക്കുന്നു. കണാരൻനമ്പ്യാൎക്കു പ്രഭാതമായാൽ സന്ധ്യയാകാനും സന്ധ്യയായാൽ പ്രഭാതമാകാനും ബഹുതിടുക്കമായിരിയ്ക്കുന്നു. എന്തെങ്കിലും ഇപ്രകാരമുള്ള പലേ തൊഴിലുകളെകൊണ്ടും തനിയ്ക്കു സംബന്ധംനിശ്ചയിച്ചുവെച്ച ആ പുണ്യദിവസം പ്രഭാതമായി. കണാരൻനമ്പ്യാരുടെ വിവാഹദിവസമായ ഇന്ന് ഈ സമയത്തു കിടന്നുറങ്ങുന്നതു യുക്തമല്ല എഴുന്നേല്പിൻ എഴുന്നേല്പിൻ' എന്ന് അദ്ദേഹത്തിൻെറ ഭടന്മാരോടുംമററും പറയുകയോ എന്നു തോന്നുമാറ് പക്ഷികൾ ശബ്ദിച്ചുതുടങ്ങി. ഇന്നു പകൽസമയത്തെ കോലാഹലങ്ങളൊന്നും കണ്ടുരസിപ്പാൻ തരമില്ലെല്ലോ എന്നു വിചാരിച്ച് വ്യസനിച്ചോ എന്നു തോന്നുമാറ് നക്ഷത്രങ്ങളെല്ലാം മന്ദപ്രഭങ്ങളായി. തൻെറ അംഗത്തിലുള്ള കളങ്കം മൂലം നമ്പ്യാരുടെ വിവാഹയാത്രയിൽ കാന്തി മങ്ങിപ്പോയാൽ താൻ അദ്ദേഹത്തിൻെറ കോപത്തിന്ന് ഇരയാകുമെന്നു ഭയപ്പെട്ട് അതിനെ കഴുകിക്കളവാനോ എന്നുതോന്നുമാറ് ചന്ദ്രൻ പശ്ചിമസമുദ്രത്തിൽ ചെന്നുചാടി. കണാരൻനമ്പ്യാരുടെ ഇന്നത്തെ പരിഭ്രമം കാണ്മാനുള്ള ഉത്സാഹംകൊണ്ടോ എന്നു തോന്നുംവണ്ണം ആദിത്യൻ കിഴക്കുവന്ന് ഉദിയ്ക്കുകയും ചെയ്തു. ഈ സമയത്ത് നമ്മ

ടെ നമ്പ്യാർ ബദ്ധപ്പെട്ടെഴുന്നേററു. അദ്ദേഹത്തിൻെറ അന്നത്തെ നില എന്താണെന്നൊന്നും പറയേണ്ടതില്ലല്ലോ. താംബൂലാദിത്രയത്തെ കൊണ്ടുവരുവാനായി ചിലരെ ഏല്പിച്ചയച്ചു. ചായം കയററിയ പുതിയ മേനാവുതന്നെ ശട്ടംകെട്ടുവാൻ വേറെചിലരോടു കല്പിച്ചു. ദീപട്ടിമുതലായവ തെയ്യാറാക്കുവാൻ മററുചിലരെ നിയോഗിച്ചു. 'വഴി ഇവിടെനിന്നു പതിനാറുനാഴികയുണ്ട്. നേരത്തേ അവിടെ എത്തണം; അതിനു തക്കവണ്ണം പുറപ്പെടണം; എല്ലാവരും എല്ലാം ശരിയാക്കി നേരത്തെ ഒരുങ്ങിക്കൊള്ളുവിൻ' എന്ന് സകലരോടും ആജ്ഞാപിക്കയുംചെയ്തു. നേരം ഉച്ചതിരിഞ്ഞു; വെയിലിൻെറചൂടു കുറെ ഒന്നാറി. കണാരൻനമ്പ്യാർ 'ക്ഷൌരംകഴിച്ചു തൈലാഭ്യംഗവുംചെയ്തു മൈരേയമായുള്ള മദ്യവുംസേവിച്ച്' മേനാവിൽ കയറി പരിവാരങ്ങളോടുകൂടി വിവാഹത്തിനു യാത്രയാവുകയും ചെയ്തു.

മാവിൻതോട്ടത്തിലെ കഥ വായനക്കാൎക്ക് ഊഹിക്കാവുന്നതാണല്ലോ. അവിടെ ചിലരെല്ലാംകൂടി പൊടിപൂരമായ സദ്യക്കു ശ്രമിക്കുന്നു. മററു ചിലർ ക്ഷണിച്ചുവരുത്തിട്ടുള്ളവരെ യഥായോഗ്യം സൽകരിച്ചിരുന്നു. വേറേചിലർ കണാരൻനമ്പ്യാരുടെ ശൌൎയ്യാദിഗുണങ്ങളെവെച്ചു വാഴ്ത്തുന്നു. പിന്നെ, ചില മുത്തശ്ശിമാർ മാധവിക്കുട്ടിയമ്മയെ ആഭരണങ്ങളണിയിക്കുന്നു. അതിനുശേഷം മാധവിക്കുട്ടിയമ്മ മുമ്പിലും സമവയസ്യകളായ ചിലതനംഗികൾ പുറകിലുമായി ക്ഷേത്രത്തിൽ തൊഴുവാൻ പോകുന്നതിനുവേണ്ടി താഴത്തേക്കു പുറപ്പെട്ടു. രണ്ടാമത്തെ കോണിപ്പടിയിൽ ചവുട്ടി. ഹാ! കഷ്ടം! ഇനിയത്തെ കഥ എങ്ങിനെ പറയുന്നു. സന്തോഷാതിരേകം ഹേതുവായിട്ടു മനസ്സിന്നും ശരീരത്തിന്നും ഉണ്ടായ ചലനം നിമിത്തമോ, ആ കോണിപ്പടിക്കുണ്ടായിരുന്ന ഇളക്കം നിമിത്തമോ, ഈ സംബന്ധംമൂലമുള്ള സന്തോഷം അനുഭവിക്കേണ്ടുന്നവരുടെ നിൎഭാഗ്യത്താലോ, ഭവിതവ്യതയുടെ അനിവാൎയ്യതയാലോ, എന്തോ മാധവിക്കുട്ടിയമ്മ അവിടെനിന്നു താഴത്തേക്കുവീണു. ഉട

നൊ പിന്നാലെയുണ്ടായിരുന്നവരെല്ലാംകൂടി 'അയ്യോ' എന്നു നിലവിളിച്ചു താഴത്തിറങ്ങി. ഇതുകേട്ട് അവിടെയുണ്ടായിരുന്നവരെല്ലാംകൂടി ഓടിവന്നു. ഇത്തുക്കുട്ടിയമ്മയും ഉച്ചസ്വരത്തിൽ നിലവിളിച്ചുകൊണ്ട് അവിടെ എത്തി. ചിലരെല്ലാംകൂടി സൂക്ഷിച്ചു നോക്കിയതിൽ ആ സ്ത്രീക്കു തന്റേടമില്ലന്നറിഞ്ഞു. എന്തായാലും അവിടെനിന്ന് എടുത്തു ധാരാളം വായുസഞ്ചാരമുള്ള ഒരു സ്ഥലത്തു കൊണ്ടുപോയികിടത്തി. പിന്നെ അവിടെ ഉണ്ടായ കോലാഹലം യാതൊരാളുടേയും വാക്കുകൾക്കു വിഷയമല്ലായിരുന്നു. ഇത്തുക്കുട്ടിയമ്മ പുത്രിയുടെ അരികിൽതന്നെ വീണ് ഓരോന്നു പുലമ്പിക്കരയുവാൻ തുടങ്ങി. 'അയ്യോ! എന്റെ കുട്ടിക്കു സംബന്ധവും ഒന്നും വേണ്ടിയിരുന്നില്ലല്ലോ. കണ്ണുമിഴിച്ചു കുറച്ചുകഞ്ഞി കുടിച്ച് 'അമ്മേ!' എന്നൊന്നു വിളിക്കുന്നതു കേട്ടാൽ മതിയായിരുന്നല്ലോ. അമ്മേ!, ഈശ്വരാ! എന്റെ കുട്ടിയുടെ ശരീരത്തിനെല്ലാം കുഴച്ചിൽ ബാധിച്ചിരിക്കുന്നുവെല്ലോ. ദൈവത്തിനു ഞങ്ങളുടെപേരിൽ ഇത്ര കരുണയില്ലാതായോ!. അവൾക്കിതു മനസ്സിന്നു വളരെ പിടിച്ച ഒരു സംബന്ധമായിരുന്നല്ലോ. ഇവരു രണ്ടുപേരുംകൂടി ചേൎന്ന് ഒരു ദിവസമെങ്കിലും കണ്ടാനന്ദിപ്പാൻ സംഗതിയായില്ലല്ലോ. അപ്പോഴക്കും ഇങ്ങിനെയല്ലേ വന്നത്. ഇന്ന് അമ്പലത്തിൽ വിളക്കും, മാലയും, പായസവും മററും വഴിവാടുകഴിച്ചിട്ടുണ്ടല്ലോ. എന്നിട്ടും ഇങ്ങിനെ വരുവാനെന്താണ് കാരണം. എന്റെ കുട്ടിയുടെ മോഹാലസ്യം തീൎന്നാൽ നാളെത്തന്നെ അമ്പലത്തിൽ ഒരു ചിറവിളക്കു കഴിക്കാം. ഭഗവതി! രക്ഷിക്കണേ. അരനാഴികക്കുള്ളിൽ എന്റെ കുട്ടിക്കു ബോധമുണ്ടാക്കി തരണേ. ഞാനെന്റെ മകളുടെ ഇപ്രകാരമുള്ള മുഖം കണ്ടുകൊണ്ടെങ്ങിനെ ജീവിച്ചിരിക്കുന്നു. വൈദ്യന്മാരെ! നിങ്ങളെല്ലാവരുംകൂടി എന്റെ കുട്ടിയുടെ ബോധക്കേടു വേഗത്തിൽ മാററിത്തരണേ.' ഇങ്ങിനെയെല്ലാം പറഞ്ഞു മാറത്തടിച്ചു നിലവിളിക്കുന്ന ഇത്തുക്കുട്ടിയമ്മയെ വാത്സല്യത്തോടുകൂടി പിടിച്ചമൎത്തി ചില മുത്തശ്ശിമാർ, ധാരയായൊഴുകുന്ന അശ്രുക്കളോടുകൂടി, വീണുകിടക്കുന്ന ആ യുവതിയുടെ അടുത്തുചെ

ന്ന് ഓരോ അംഗങ്ങളെ തൊട്ടുതലോടി ഗൽഗദാക്ഷരങ്ങളായി 'മാധവിക്കുട്ടി മാധവിക്കുട്ടി' എന്നിങ്ങിനെ വിളിച്ചു. എന്നാൽ ആ സുന്ദരിയുടെ അംഗങ്ങൾക്ക് ഒരു ചലനമോ കണ്ണുകൾക്കു മിഴിവോ ഉണ്ടായില്ല. 'ഈ നരകം കാണ്മാൻ ഇന്ന് ഈയാളുകളെ കൂടി ഇവിടെ വലിച്ചുകൊണ്ടുവന്നിട്ടവല്ലോ ഈശ്വരൻ' എന്നൊക്കെപ്പറഞ്ഞ് അവരും കുറെ ലഹളകൂട്ടി. മററുള്ളവർ ഇനി എന്താണ് വേണ്ടത് എന്നു നിശ്ചയമില്ലാതെ പരിഭ്രമിച്ചുവശായി.

ഈ ലഹളയിലാണ് നമ്മുടെ കണാരൻനമ്പ്യാരുടേയും പരിവാരങ്ങളുടേയും ആഗമനമുണ്ടായത്. ഈ സ്ഥിതിയിൽ നമ്പ്യാരുടെ അവസ്ഥ എന്തായിരിക്കും എന്നു വായനക്കാർ ഊഹിക്കുകയല്ലാതെ, പറഞ്ഞറിയിപ്പാൻ എന്നാലസാദ്ധ്യമാണ്. അദ്ദേഹം അവിടെനിന്നു പുറപ്പെട്ടതുമുതൽ പ്രിയതമാസമ്മേളനസൌഖ്യമാകുന്ന ഒന്നിൽതന്നെ മനസ്സിനെ സ്ഥിരമായി ഉറപ്പിച്ചു പരമാനന്ദത്തിൽ ലയിച്ച് ചുററുമുള്ള വസ്തുക്കളെ അറിയാതായിരിക്കുന്നു. ഈ നിലയിൽതന്നെ ഇവിടെഎത്തി, അപ്രകാരം ദൃഢപ്രേമത്തിനു പാത്രീഭവിച്ചിട്ടുള്ള ആ തനംഗിയുടെ ചരമഗതിക്കുടുത്തതായ ആ അവസ്ഥയെ കണ്ടപ്പോൾ നമ്പ്യാരുടെ പ്രാണനാഡികൾ കിടന്നിളക്കിത്തുടങ്ങിയതിൽ എന്താണത്ഭുതമുള്ളത്.

പരമയോഗ്യനായ നമ്മുടെ നമ്പ്യാക്കു നേരിട്ട അസഹനീയമായ ഈ വ്യസനം എന്തായിരിക്കും. പൂജ്ജന്മാജ്ജിതമായ മഹാപാപമായിരിക്കുമോ, അതോ, മാന്യസ്ഥിതിയിൽ കഴിഞ്ഞിരുന്ന കല്ലേക്കാട്ട് കുഞ്ഞുണ്ണിമൂപ്പിൽ നായരേയും, മരുമകനേയും, കുല ചെയ്തു അവിടെയുള്ള സ്ത്രീകളെ ദാരിദ്ര്യവ്യസനങ്ങൾക്ക് അടിമപ്പെടുത്തിയതിനാൽ സൎവ്വസാക്ഷിയായ ദൈവം തൻെറ ശക്തിയെ കാണിക്കുന്നതിനുവേണ്ടി കൊടുത്ത ഒരു ശിക്ഷയായിരിക്കുമോ. അഥവാ, 'പ്രായേണ സാമഗ്ര്യവിധൌ ഗുണാനാം പരാങ്മുഖീ വിശ്വസൃജഃ പ്രവൃത്തിഃ' എന്ന ആപ്തവാക്യത്തിൻെറ മഹിമയായിരിക്കും. എന്തായാലും അദ്ദേഹം വലിയ ഇച്ഛാഭംഗത്തിൽ പെട്ടുവെന്നു പറയണമെന്നില്ലല്ലോ.

മാധവിക്കുട്ടിയമ്മയ്ക്കു് കുറെ കഴിഞ്ഞപ്പോൾ ബോധംവീണു. അപ്പോൾ, മുമ്പത്തെ കിടപ്പായിരുന്നു ഇതിലും ഭേദമായിരുന്നത് എന്നു് ജനങ്ങൾക്കു തോന്നിപ്പോയി. അതികഠിനമായ വേദന യാൽ ആ സ്ത്രീയുടെ ദേഹത്തിലെങ്ങും തൊട്ടുകൂട. വെള്ളം കുടിക്കു മ്പോൾകൂടി നെഞ്ഞിലുള്ള വേദന സഹിച്ചുവയ്യ. അവയവങ്ങൾ ക്കൊന്നിന്നും ഒട്ടും ശക്തിയില്ലാതായിരിക്കുന്നു. ഇപ്രകാരമുള്ള ഉപ ദ്രവങ്ങളെ സഹിക്കുവാൻ ശക്തിയില്ലായ്കയാൽ സൌന്ദൎയ്യസാരസം പൂൎണ്ണമായ ആ വധൂരത്നത്തിൻെറ മുഖം അശ്രുക്കളാൽ വ്യാപ്തമാ യിരിക്കുന്നു.

മേൽവിവരിച്ച വിധമുള്ള ഉപദ്രവങ്ങളെ കാണുകയാൽ വൈദ്യന്മാൎക്കുതന്നെ മടപ്പുണ്ടായെങ്കിലും കണാരൻനമ്പ്യാരുടെ ചി ലവിന്മേൽതന്നെ ചികിത്സ തുടങ്ങി. ഇട്ടൂക്കുട്ടിയമ്മ തൻെറ അ റിവിൽ പെട്ടേടത്തോളം ഉള്ള അമ്പലങ്ങളിലെല്ലാം നേൎന്ന വ ഴിവടിനാൽ ഉണ്ടായ ഈശ്വരന്മാരുടെ പ്രസാദവും, വൈദ്യന്മാൎക്കു നമ്പ്യാരിലുള്ള ഭയഭക്തിബഹുമാനങ്ങളാൽ ചികിത്സയിൽ ഒട്ടും വിഴ്ചവരാത്ത നിഷ്കൎഷയും, അവരുടെ ചികിത്സാവിഷയത്തിലുള്ള സാമൎത്ഥ്യവുംകൂടി ഒത്തുവന്നതിനാൽ മേൽപറഞ്ഞ ഉപദ്രവങ്ങൾ ര ണ്ടുമൂന്നു മാസംകൊണ്ടു ക്രമേണഭേദപ്പെട്ടു. എന്നാൽ ഒരു കുര (ചുമ) കൂട [illegible] നിന്നതിനാൽ അതു് ഒടുവിൽ ക്ഷതകാസമെന്നു വൈ ദ്യന്മാർ തീൎച്ചയാക്കുകയും അതിനുവേണ്ട ചികിത്സകൾ ശീലിക്കയും ചെയ്യുവന്നു.

(തുടരും)

കുററിപ്പുറത്തു് കിട്ടുണ്ണിനായർ.

# പലവക

---

മിസ്റ്റർ സി. എം. മാധവകുറുപ്പ്.

കൊട്ടും ചവിട്ടും ധൂപദീപാദികളും ആഭാസനിവേദ്യങ്ങളും കൂടാതെ മായാരൂപിയെ പ്രത്യക്ഷമാക്കി അഭീഷ്ടം സാധിക്കുവാനുള്ള മാർഗ്ഗങ്ങളെയാണ് വിശിഷ്ടഗ്രന്ഥങ്ങൾ ഉപദേശിക്കുന്നത്. ഡിടക്റ്റീവ് എന്ന കഥാപുസ്തകത്തിലെ സാരോപദേശവും ഇതുതന്നെയാണ്. ദുരുപദേശം വാങ്ങി ശക്തിപൂജകൊണ്ടു ലക്ഷ്മീദേവിയെ സ്വാധീനമാക്കാൻ ശ്രമിക്കുന്നവനും, കുസൃതികേട്ടു കണ്ടവനെ പിടിച്ചിടിച്ചു കളവു തെളിയിക്കാൻ പുറപ്പെടുന്നവനും, തമ്മിൽ വലിയ അന്തരമുണ്ടെന്നു തോന്നുന്നില്ല. കട്ടവനും കെട്ടവനും ഇക്കാലത്തു പൂജ്യന്മാരാണ്. എന്നാൽ ചിലരുടെ സന്ധിബന്ധങ്ങൾ വേർപെടുത്തി എന്നും, കെട്ടിപ്പുകച്ചുവെന്നും, മലിനദ്രവ്യങ്ങളെ നിവേദിപ്പിച്ചുവെന്നും, പലരും പറഞ്ഞുകേട്ടിട്ടും ചിലർക്കു ദൃഷ്ടാന്തവും ഉണ്ടായിരിക്കാം. ഈ സാഹസകൃത്യങ്ങൾ അനുഭവിച്ചവൻ അവസാനം നിരപരാധിയാണെന്നു വന്നാലത്തെ കഥ വിചാരിക്കപോലും വയ്യ. അതുകൊണ്ടു ദേഹശക്തിയെക്കാളധികം മനശ്ശക്തിയെയാണ് കളവുകാര്യത്തിനും ഉപയോഗിക്കേണ്ടത് എന്നുള്ള പരിഷ്കൃത രാജ്യതന്ത്രജ്ഞന്മാരുടെ സിദ്ധാന്തത്തെ കഥാരൂപേണ പൊതുജനങ്ങളെ മനസ്സിലാക്കുവാനുള്ള ശ്രമങ്ങളിൽ ഒന്നാണ് എം. കേശവകുറുപ്പ് അവർകളുടെ 'മാധവകുറുപ്പ്' എന്ന പ്രകൃത പുസ്തകം.

പുസ്തകം കൌതുകമുള്ളതാണ്. കഥക്ക് ഒരുവിധം ചമൽക്കാരവും ഉണ്ട്. ഇതിൽ കളവുചെയ്ത പുള്ളിക്ക് അധികം സാമർത്ഥ്യമില്ലാത്തതുകൊണ്ടു കുറുപ്പിന്നു കട്ടവനെ കണ്ടുപിടിക്കുക മാത്രമേ വേണ്ടിവന്നിട്ടുള്ളു. എന്നാൽ കളവു മുതലിന്റെ വൈഷമ്യം കുറച്ചു മാത്രമല്ല. ൧൦൦വ്യ മാററുള്ള സ്വർണ്ണംകൊണ്ടാണ് പതക്കത്തിന്റെ കൂട്. നോവലുകളിൽ അതിശയോക്തി പ്രയോഗിക്കുന്നത് ചമൽക്കാരത്തിന്നു കുറവാണെന്ന് ഗ്രന്ഥകർത്താവു ധരിച്ചിട്ടില്ലായിരിക്കാം. ൩൦,൦൦൦ ഉറുപ്പികയുടെ ഒററ നോട്ടു ബാങ്കുകാരൻ പ

ണയക്കാരൻെറ വശം കൊടുത്ത വൎത്തമാനം ഗവൎമ്മേണ്ട് അറിഞ്ഞിട്ടില്ലെന്നു തോന്നുന്നു. അറിഞ്ഞാൽ കള്ളനോട്ട് ഉണ്ടാക്കിയ കുററത്തിന്നു ചാൎജ്ജനിശ്ചയം. അസംഭവ്യാവസ്ഥകളെ കഴിയുന്നതും ചുരുക്കേണ്ടതാണ്. മരുമകൾ ലക്ഷ്മിക്കുട്ടിയെ പററിയുള്ള അമ്മാമൻെറ വൎണ്ണന അപ്രകൃതവും ലോകരീതിക്കു ചേരാത്തതുമാണ്. ലക്ഷ്മിക്കുട്ടിയുടെ ആകൃതിയും പ്രകൃതിയും തരക്കേടില്ലെന്നാണ് ഈ കഥയുടെ ആദ്യവസാനംകൊണ്ട് അനുമാനിക്കേണ്ടത്. എന്നാൽ 'ഞാൻ' ഈ സ്ത്രീയെ വീട്ടിൽവെച്ചു കണ്ടപ്പോൾ അവളുടെ മുഖം സാമാന്യത്തിലധികം വെളുത്തിരുന്നു. അവളുടെ അധരവും അവൎണ്ണമായിരുന്നു' എന്നു വൎണ്ണിച്ചിട്ടുണ്ട്. ഈ വിരൂപത്തിന്നുള്ള കാരണം ഞാൻ എന്നാളുടെ കണ്ണിൻെറ സൂക്ഷ്മക്കുറവോ ആ സ്ത്രീക്കു പെട്ടെന്നവളെ പിടിപെട്ട പാണ്ഡുരോഗമൊ ആയിരിക്കാം. അല്ലാതെ അധരത്തിന്നു ധാവള്യം സൌന്ദൎയ്യമായി ആരും വിചാരിക്കാറില്ല. ഭയദുഃഖങ്ങളെക്കൊണ്ടും, ചുണ്ടു കറുക്കുവാനല്ലാതെ വെളുക്കുവാനിടയില്ല. ഇങ്ങിനെ ചില സ്ഖലിതങ്ങൾ ഉണ്ടെന്നു മാത്രമല്ല ചില അപൂൎവ്വപദപ്രയോഗങ്ങളും കാണ്മാനുണ്ട്. 'സൂക്ഷ്മദൃഷ്ടികണ്ണാടി,' 'ദുഃഖാസ്പൃഷ്ടനായി സുഖിക്കുക,' 'കൂട്ടുപങ്കുകാരൻ' ഈ വക പ്രയോഗങ്ങൾക്കാണ് മഹാന്മാർ പുനരുക്തിദോഷം കല്പിക്കുന്നത്. ഇതിന്നും പുറമെ 'കിണ്ടിയിടുക' 'എറിട്ടുനോക്കുക'. ഈ പദങ്ങളുടെ അൎത്ഥം ഗ്രഹിക്കുവാനായി ഞങ്ങളെ നിഘണ്ഡുവും കൂടി സഹായിക്കുന്നില്ല. ഈ കഥയുടെ പാത്രങ്ങളെല്ലാം സംസ്കൃതത്തിൽ ധാരാളം പരിചയിച്ചവരാണെന്ന് അവരുടെ സംസാരംകൊണ്ട് അനുമാനിക്കാം. അച്ഛൻ മകനോടും മരുമകൾ അമ്മാമനോടും സാധാരണ വീട്ടിൽ വെച്ചു സംസാരിക്കുമ്പൊഴും സംസ്കൃതവാക്യങ്ങൾ തുടരെ പുറപ്പെടുന്നുണ്ട്. ഇത് അത്ര ആവശ്യമുള്ളതായി ഞങ്ങൾ വിചാരിക്കുന്നില്ല. സ്വാരസ്യത്തിന്നു കുറവാണെന്നും പറയേണ്ടിയിരിക്കുന്നു. ഇങ്ങിനെ ചില ന്യൂനതകൾ പ്രകൃതപുസ്തകത്തിൽ ഉണ്ടെന്നു ചൂണ്ടിക്കാണിക്കുന്നതു താമസിയാതെ ഇതിൻെറ അവശേഷവുംകൂടി കാണ്മാനാഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഞങ്ങൾക്ക് ഇതിലും രസത്തോടുകൂടി അതു വായിക്കുവാൻ സംഗതിയാകേണമെന്നുള്ള മോഹം കൊണ്ടാണെന്നു പ്രത്യേകം പറയുന്നു.

# P. SUBBAROY'S

World-renowned and most efficacious Ayurvedic medicines.

---



മരുന്ന സേവിപ്പതിൽ മുമ്പ്

പി. സുബ്ബറായിയുടെ ലോകപ്രസിദ്ധങ്ങളും ഏററവും ഫലവത്തുക്കളും ആയ ആയുർവ്വേദഔഷധാലയം.



മരുന്ന സേവിച്ചതിന്നുശേഷം

## ൧. ലോകപ്രസിദ്ധമായധാതുപുഷ്ടികാരി

ധാതു നഷ്ടം, ബലഹീനത്വ ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നീററൽ, നീരൊഴിവു, മധുമേഹം, കല്ലടപ്പു (മൂത്രഘാതം) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും.

ഡപ്പി ഒന്നുക്കു വില രൂപ ൨. തപാൽ ചിലവു വകയ്ക്കു അണ ൬ വേറെ.

## ൨. പ്രമേഹനിവാരണി.

സിരാമേഹം, ഇടുപ്പുവലി, മൂത്രമധികമായും തടഞ്ഞും പോകുക, മേഹം, പുകച്ചൽ, രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവൎത്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനെയും ശമിപ്പിക്കും. കുപ്പി ൧ ക്കു വില രൂപ ൧. മൂന്നു കുപ്പികൾവരെയുള്ള ബങ്കിക്കു തപാൽ ചിലവു അണ ൫.

## ൩. സൎവ്വവേദനാസംഹാരി.

ഈ തൈലം അല്പം പിരട്ടിയാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വീക്കം, മുടക്കുവാതം, നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാകുന്ന ശൂല, ഇടുപ്പുവേദന, പാൎശ്വവായു, മേഹവായു, തിമിരവായു മുതലായ പല വ്യാധികൾ ഭേദപ്പെടും. കുപ്പി ഒന്നുക്കു വില രൂപ ൧. തപാൽ ചിലവു അണ ൫.

## ൪. മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴക്കടി, തഴുതണം, നഖുങ്ങാണി എന്നീ പേരുകളുള്ള രോഗത്തിനു സിദ്ധൌഷധം. ത്വഗ്രോഗങ്ങൾ പലതും മാറും. തേമൽ മേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും. വില കുപ്പി ഒന്നിനു ൪-ണ. തപാൽ ചിലവു മൂന്നു കുപ്പിവരെ ൫ ണ വേറെ.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആൎക്കാട്ട് ജില്ല.

## ൩. ലക്ഷ്മീകര കസ്തൂരിഗുളികകൾ

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സൌരഭം ഉപയോഗിക്കേണ്ടു വിലയേറിയ സാധനം. ദന്തവേദന, വായ്നാററം, അജീർണ്ണം, പിത്തവായു ഇവയെ ശമിപ്പിക്കും.



തനിച്ചോ താംബൂലത്തോടുകൂടിയൊ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തെയും ജീർണ്ണിപ്പിക്കും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ടു. ചളി, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏററക്കുറച്ചിൽപോലെ ഒന്നുമുതൽ ൮ വരെ ഗുളികകൾ വെററിലച്ചാററിൽ കൊടുത്താൽ മതി. ൧൦൦ ഗുളികകൾ ഉള്ള കുപ്പി ൧-ക്ക വില ണ ൮. ൧ മുതൽ ൧൨ വരെ കുപ്പികൾ അടങ്ങിയ ബങ്കി ൧-ക്ക തപാൽക്കൂലി ൩ ണ.

## ൪. ദന്തചൂർണ്ണം.

സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളേയും തീർക്കും. വില കുപ്പി ഒന്നിനു ൪-ണ. തപാൽ ചിലവു ൨ കുപ്പിവരെ ൩ ണ വേറെ.

## ൫. ജ്വരസംഹാരി.

കുളിപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവക്കു നന്നു. വില കുപ്പി ഒന്നിനു ൧ ക. തപാൽ ചിലവു ൨ ണ വേറെ.

## ൬. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം.

ഈ തൈലം പീരട്ടിയാൽ തലമുടി മീശ ഇമ ഇവ ബഹു വൃദ്ധിയും ഞെരുക്കമായും കറുപ്പായും വളരും. കണ്ണിനു കുളൎമ്മയുണ്ടാകും. സകല കൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പിച്ച രോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാകും. വില കുപ്പി ഒന്നിനു ൬ ണ. തപാൽ ചിലവു ൩ ണ വേറെ.

## ൭. രോമസംഹാരി.

രോമം എവിടെ വേണ്ടാതാക്കണമൊ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ മാററും. വില കുപ്പി ഒന്നിനു ൮ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ ണ വേറെ.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

## ൧൦. അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്ക, പുളിച്ചു തികട്ടുക, നെഞ്ചു കലിക്കുക, മൂലബന്ധം, വയറുനോവു, വായ്നാററം, അജീൎണ്ണം, വയറുവീൎത്തുകയറുക, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നുക്കു അണ ൪. തപാൽക്കൂലി അണ ൩ വേറെ.

## ൧൧. കൎണ്ണബിന്ദു.

ചീക്കാതു, ചെവികുത്തു, ചെവിയടപ്പു, ഇരച്ചിൽ മുതലായ കൎണ്ണരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും. വില കുപ്പി ൧ക്കു ൪ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ ണ വേറെ.

## ൧൨. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും. അജീൎണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലംപിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി ഒന്നിനു ൪ ണ. തപാൽ ചിലവു ൧ മുതൽ ൪ വരെ ഡപ്പികൾക്കു ൩ ണ. വേറെ.

## ൧൩. നേത്രബിന്ദു.

കൺനോവു, കൺകുത്തു, കൂച്ചം, നീരെടുപ്പു, മിന്നൽ, മാലക്കണ്ണു, പീളകെട്ടു, ദശവളൎച്ച, പൂവു, ചോരപ്പു, ഏരിച്ചിൽ, ഇമ, പുരികം ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില കുപ്പി ഒന്നിനു ൪ ണ്. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ ണ വേറെ.

## ൧൪. സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണത്താലും മററും ഉണ്ടാകുന്ന ഇന്ദ്രിയസ്ഖലിതത്തെ നീക്കും. വില ഡപ്പി ഒന്നിനു ൪ ണ. തപാൽ ചിലവു ൫ വരെ ഡപ്പികൾക്കു ൩ ണ വേറെ.

## ൧൫. മൃഗകസ്തൂരി.

കാശ്മീരിൽനിന്നു വരുത്തീട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ടു. രൂപാത്തൂക്കത്തിന്നു ൪ ക വില. ഒരു രൂപാമുതൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവു പുറമെ, എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം.

---

പി. സുബ്ബരായി, പറങ്കിപ്പേട്ട, തെക്കേ ആൎക്കാട്ട് ജില്ല.

## ൧൬. തേൾവിഷത്തിന്നു സിദ്ധൌഷധം.

തേൾകടിച്ച സ്ഥലത്തു രണ്ടുതുള്ളി ഒഴിച്ചാൽ ഉപൊട്ടുന്നനെ ആശ്വാസം കാണും. ഒരു കുഡുംബത്തിലെങ്കിലും ഈ മരുന്നു ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി ൧-ക്ക ൧ ക ൪ ണ. ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവൎക്ക ഡസൻ,൧ ക്ക ൨ ക. ൮ ണ. ഉള്ളവിലയിൽ കുറച്ചു മാത്രമെ വില ചുമത്തുന്നുള്ളു. വി. പി. കമ്മീഷൻ ൩ ണ പുറമെ. ഇൻഡ്യയിലും ബൎമ്മയിലും ൧൨ കുപ്പിവരേ വി. പി. കമ്മീഷൻ ൩ ണ. സിലോൺ ടി ൭ ണ.

## ൧൭. വ്രണവിരോപണ തൈലം.

ഈ കുഴമ്പു പിത്തപ്പുണ്ണു മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇതു സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില ൮ ണ. മൂന്നു കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ മാത്രം.

## ൧൮. കണ്ഠശുദ്ധിഗുളിക.

ഇതു കണ്ഠം തെളിഞ്ഞു ശാരീരം നന്നാവുന്നതിന്നു അതി വിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു സംഗീതക്കാൎക്കും, പ്രസംഗക്കാൎക്കും, പാതിരിമാൎക്കും, ശബ്ദാവയവങ്ങൾകൊണ്ടു അത്യായാസം ചെയ്യേണ്ടവരായ മറ്റെല്ലാവൎക്കും വളരെ ഉപയോഗമുള്ളതുമാകുന്നു. വില ൮ ണ. വി. പി. കമ്മീഷൻ ൬ കുപ്പിവരെ ൬ ണ.

## ൧൯. സ്നാനചൂൎണ്ണം.

ഈ പൊടി തേച്ചുകുളിക്കുന്നതിന്നു വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞ, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്നു ശൈത്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു. വില ൮ ണ. വി. പി. കമ്മീഷൻ ൫ ണ.

## ൨൦. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം, അൎശസ്സ്, ഉറക്കമില്ലായ്ക, ഇവയ്ക്കും ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മദ്ധ്യവയസ്സന്മാൎക്കും ഒരുപോലെ ഉപകരിക്കാവുന്നതാകുന്നു. വില ൧൦ ണ. വി. പി. കമ്മീഷൻ ൬ കുപ്പിവരെ ൩ ണ.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആൎക്കാട്ട് ജില്ല.

## ൧൨. ഒന്നാംതരം ഗോരോചന ഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരൾ ഇതുകളിൽ ഉണ്ടാവുന്ന ഉപരോഗങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അൎശസ്സ, ഉറക്കമില്ലായ്മ, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൩ ണ. വി. പി. കമ്മീഷൻ ൯ കുപ്പിവരെ ൩ ണ.

## ൨൨. ത്വഗ്രോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ, ചൊറി, പോളൻ, ചുട, പുഴുക്കടി, തരംണം, ഒട്ടവട്ട മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും ഏററവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി. പി. കമ്മീഷൻ ൩ ണ.

മേത്തരം ഗോരോചനം തോല ൧-ക്ക വില ൩ ക. മേത്തരം കുങ്കുമകേസരം തോല ൧-ക്ക വില ൧ ക. മേത്തരം പച്ചക്കർപ്പൂരം. തോല ൧-ക്ക വില ൨ ക. മേത്തരം റോജാ അത്തർ, മല്ലിപ്പൂ അത്തർ, വെട്ടിവേർ, താഴമ്പൂ, മരിക്കളുന്തു, ജാതിമല്ലി, സുഹാഗ, ഹിന, മഗിഡാമ്പു, അത്തർ മുതലായതുകൾ എപ്പോഴും തയ്യാറുണ്ട്. ഇവ ഒരു തോലാ തൂക്കത്തിന്നു ൩. ൧-വ്യ. തപാൽകൂലിപുറമെ.

| | | | | ക. | ണ. | സ. |
|---|---|---|---|---|---|---|
| ഒന്നാന്തരം | ഗോരോചനം | ത്രപ്പാത്തുക്കം | ൧-ക്ക | ൩ | 0 | 0 |
| ടി | മഞ്ഞൾ | ടി | ൧-ക്ക | ൧ | c | 0 |
| ടി | പച്ചക്കർപ്പൂരം | ടി | ൧-ക്ക | ൧ | 0 | 0 |

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ സ്പഷ്ടമായി എഴുതണം.

---

പി. സുബ്ബരായി, പറങ്കിപ്പേട്ട, തെക്കേ ആൎക്കാട്ട് ജില്ല.

# വ്യവഹാരചിന്താമണി

എല്ലാം ഇംഗ്ലീഷ മാസവും ൧൦-ാം നു- പ്രസിദ്ധപ്പെടുത്തുന്ന
ഒരു വിശേഷനിയമമാസിക.

പത്രാധിപർ

ചെങ്കളത്ത കരുണാകരമേനോൻ, ബി. എ.

---

## മലബാർ, കൊച്ചി, തിരുവിതാംകൂറ ഒരുപോലെ പ്രചാരം.

വരിസംഖ്യ-എപ്പോഴും മുമ്പും.

| | | | |
|---|---|---|---|
| ഒരു കൊല്ലത്തേക്ക | ൪-൦-൦ | വി. പി. ഒരു കൊല്ലത്തേക്കു | ൪-൮-൦ |
| ആറു മാസത്തേക്ക | ൨-൦-൦ | ആറുമാസത്തേക്ക | ൨-൮-൦ |

വിധികൾ

- മദിരാശി
- കൽക്കത്താ
- അലഹബാദ
- ബൊംബെ
- കൊച്ചി
- തിരുവിതാംകൂർ

[illegible]

- ഹൈക്കോട്ട ലേഖനം
- ഒന്നാന്തരം കട്ട്പോസ്റ്റ
- മേത്തരം അച്ചടി
- യോഗ്യന്മാരുടെ ഛായാപടം
- യോഗ്യലേഖകന്മാർ
- വിശേഷപത്രാധിപക്കുറിപ്പുകൾ

## പത്രാധിപാഭിപ്രായങ്ങൾ.

കേരളസഞ്ചാരി. നിയമകാൎയ്യത്തിൽ ഉപാദ്ധ്യായൻ.

മ. മനോരമാ. മേനോന്റെ പുതിയ സ്വാതന്ത്ര്യത്തോളം വേറെ ഒരു പത്രത്തിനും ചിലവില്ല.

മനോരമ. സകല മുതൽക്കാരും വാങ്ങേണ്ടതാണ.

കേരളപത്രികം. കക്ഷികൾക്ക അത്യുപകാരം.

---

## കൊച്ചിവിധികളുടെ പോരാഴിവാൻ 'ചിന്താമണി' ഏകമാൎഗ്ഗം.

കൊച്ചിവിധികൾ ൭-ാം നമ്പ്ര മുതൽക്കും, തിരുവിതാംകൂർ വിധികൾ ൯-ാം നമ്പ്ര മുതൽക്കും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. നിങ്ങൾ ചിന്താമണി കണ്ടിട്ടില്ലെങ്കിൽ തരംനോക്കുവാൻ ഒരു ബ്രിട്ടീഷ പോസ്റ്റുകാൎഡ അയച്ചാൽ മടക്കത്തപാലിൽ സൌജന്യമായി നിങ്ങൾക്ക ഒരു പ്രതി അയച്ചുതരും. ലോകവ്യവഹാരത്തിലുണ്ടാവാൻ ക്രമമായി 'ചിന്താമണി' പാരായണം ചെയ്യുന്നത ഒഴിച്ച അന്യമാൎഗ്ഗം ഇല്ല.

എന്ന വ്യവഹാരചിന്താമണി മാനേജർ,

വള്ളുവനാട, മലബാർ.

# കവനോദയം

---

വൈദ്യം, ജ്യോതിഷം, കിളിപ്പാട്ട, തുള്ളൽ, നോവൽ, നാടകം മുതലായി വിശേഷപ്പെട്ട അനേകം കൃതികൾ ഇതിൽ ചേൎത്തുവരുന്നു. കൊല്ലത്തിൽ ൩ പ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകമാലയിൽ ഓരോ കുറി ൩ ഭാഗങ്ങളിൽകൂടി ൭ കൃതികളിൽ കുറയാതെ ഉണ്ടായിരിക്കും. കൊല്ലത്തിൽ ൪ ഉറുപ്പിക വരി അടച്ചാൽ മതി. തപാൽകൂലി പുറമെ വേണ്ട. വിദ്യാൎത്ഥികൾക്കാണെങ്കിൽ മുൻകൂറ ഒന്നര ഉറുപ്പിക തന്നാൽ മതിയെന്നു ഒരു പുതിയ നിശ്ചയം ചെയ്തിരിക്കുന്നു. ഈ പുസ്തകമാലയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ അനേക പുസ്തകങ്ങൾ ഇവിടെ വില്പാനുണ്ട. ചിലതിന്റെ വിവരം താഴെ ചേൎക്കുന്നു.

ജ്യോൽസ്നികാവിഷവൈദ്യം ഈ പുസ്തകം കൈവശം ഉണ്ടായിരുന്നാൽ പാമ്പുകടിച്ച ഉടനെ വൈദ്യന്റെ അടുക്കെ ഓടേണ്ടിവരികയില്ല. വില ൧൨ അണ.

സദ്വൃത്തമാലിക മലയാളത്തിലുള്ള വൃത്തങ്ങളുടെ എല്ലാ സ്വഭാവങ്ങളും അറിവാൻ ഈ പുസ്തകം മാത്രമെയുള്ളൂ. വില ൮ അണ.

ജാനകീപരിണയം. കൊട്ടാരത്തിൽശങ്കുണ്ണി ഉണ്ടാക്കിയ ഒരു രസികനാടകമാണിത. മന്നാടിയാരുടേതല്ല. വായിപ്പാൻ ബഹുരസമുണ്ട. വില ൧ ക. മാത്രം

*ഹസ്തലക്ഷണദീപിക ഈ പുസ്തകം കൈവശമുണ്ടെങ്കിൽ കഥകളിയെ ഉത്തമക്കളിയെന്നു പറവാനിടവരികയില്ല. വില ൪ അണ.

*കുചശതകം ഇതൊന്നു വായിച്ചുനോക്കുവിൻ വില ൨ അണ.

*ചക്കീചങ്കരനാടകം ചിരിക്കാതെ ഇതു വായിപ്പാൻ പ്രയാസം. വില ൩ അണ.

ഇവകൾക്ക തപാൽകൂലി പുറമെ *ഈ അടയാളം വെച്ചവ ഒഴികെ ശേഷമെല്ലാം അച്ചടി അതിമനോഹരം. കടലാസ്സ എല്ലാം ഒരുപോലെ ബഹുവിശേഷം. താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ എല്ലാ പുസ്തകങ്ങളും വി. പി. ആയി അയച്ചുകൊടുക്കും.

കെ. കണ്ണൻനമ്പ്യാര്,
കവനോദയം മാനേജർ,
നാദാപുരം.

# നോട്ടീസ

---

**മേത്തരം സാമാനങ്ങൾ !** വില വളരെ സഹായം !!

കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ ഡൽഹിദർബാർ പടം വലിയ സൈസ്സ വില ക. ൧. ആവശ്യമുള്ളവർ ഉടനെ എഴുതി അയക്കണം.

ബൊമ്പായി മുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽനിന്ന നേരിട്ടു വരുത്തുന്നതും താഴെ വിവരം പറയുന്നതും വേറെയും അനേകം സാമാനങ്ങൾ തൊകപ്പടിയായും ചില്ലറയായും വളരെ സഹായവിലയ്ക്കു വില്ക്കുന്നതാണ.

പലതരത്തിലുള്ള ഫ്ലാനൽ ശീലകൾ, ടവീഡുകൾ, ചെക്കുതുണികൾ, വളരെ ഭംഗിയുള്ള ചീട്ടികൾ, പട്ടുകൾ, ബ്ലാങ്കെറ്റുകൾ, തൊപ്പികൾ, സഞ്ജുകൾ, മല്ല, ജഗന്നാഥൻ മുതലായ തുണിച്ചുരക്കകൾ, എനാമൽപാത്രങ്ങൾ, പല തരത്തിലുള്ള ഗ്ലാസ്സുകൾ, നാഴികമണികൾ, വാച്ചുകൾ, വിളക്കുകൾ, കണ്ണാടികൾ, കത്തികൾ, ഗ്ലോബ്ബുകൾ, രവിവർമ്മപ്പടങ്ങൾ, കൊടകൾ, ഇരിമ്പുപെട്ടികൾ, ഇരിമ്പു അലമാരികൾ, ഇരിമ്പു അടുപ്പുകൾ, അനേകവിധം സോപ്പുകൾ, ബ്രാണ്ടി, വിസ്കി, മുതലായ ലഹരി സാധനങ്ങൾ, മുത്തുച്ചിപ്പികൊണ്ടുള്ള അനേകവിധ പാത്രങ്ങൾ, ഇവകളും മെലിൻസ്ഫുഡ, കൊക്കൊ, കാപ്പിപ്പൊടി, ടീ, ബിസ്ക്കോത്ത മുതലായ വേറെയും അനേകവിധ സാമാനങ്ങൾ വളരെ സഹായവിലയ്ക്കു വില്ക്കുന്നു.

ആവശ്യപ്പെടുന്നവൎക്കു സാമാനങ്ങൾ വി. പി. ആയി അയച്ചുകൊടുക്കുന്നതാണ്.

എ. ടി. എസ്സ്. മേനോൻ,
ജനറൽ മൎച്ചണ്ട്,
ചിററൂര്.

# സംഗതിവിവരം.


1. മല്ലയുദ്ധം ... ... ... ... ... ... ... ... 173
2. വിവേകാനന്ദസ്വാമികളുടെ ഒരെഴുത്ത— കെ. എം. ... 180
3. അനന്തിരവന്റെ ആവലാതി— പി. ജി. രാമയ്യൻ, ബി. എ. ... ... ... ... ... ... ... 190
4. വിക്രമോൎവ്വശീയസാരം— കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ ... ... ... ... ... ... ...
5. പാക്കനാര— കണ്ടൂര് നാരായണമേനോൻ, ബി. എ.
6. പച്ചമലയാളം— ഉള്ളൂർ എസ്സ്. പരമേശ്വരയ്യൻ. എ., ബി. എൽ., എം. ആർ. എ. എസ്സ്. ...
7. കേശവൎണ്ണന (ദേവീസ്തോത്രം)— കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണി തമ്പുരാൻ ... ... ... ... ... ... 211
8. ജാതിനിൎണ്ണയം— പാഴൂര് വടക്കില്ലത്ത് ജാതവേദൻ നമ്പൂരിപ്പാട് ... ... ... ... ... ... ... 215
9. അപ്പുണ്ണി മൂപ്പിൽനായര്— കററിപ്പുറത്ത് കിട്ടുണ്ണിമേനോൻ ... ... ... ... ... ... ... ... 218
10. പലവക ... ... ... ... ... ... ... ... 227


വിദ്യാവിനോദിനി അച്ചുകൂടം.

# രസികരഞ്ജിനി

൧൦൭൮

പുസ്തകം ൧. വൃശ്ചികമാസം ലക്കം ൪.

### മംഗളം.

പൊന്മാടത്തിലിരുന്നുതന്നുടെതടിച്ചമ്മാമനുംകൂട്ടരും
പെണ്മാൻകണ്ണികളുംവെറുംപുരുഷരുംസൂക്ഷിച്ചുനോക്കുംവിധൌ
നമ്മാചൊല്ലിയടുത്തൊരുത്തനൊരുമലക്കൂററൻമഹാമല്ലനേ
മമ്മംനോക്കിയടിച്ചുകൊന്നൊരിടയക്കുട്ടിക്കുകൂപ്പുന്നുഞാൻ

## മല്ലയുദ്ധം

മലയാളത്തിൽ നാട്ടുരാജാക്കന്മാരുടെ ഭടസ്ഥാനം കുലപരമ്പരയാ വഹിച്ചുവന്നിരുന്ന നായന്മാരുടെ ഇടയിൽ പഴയമാതിരി ആയുധാഭ്യാസവും ശരീരായാസവും മററുമുണ്ടായിരുന്നത് ഇന്ത്യ മുഴുവൻ ഇളക്കിമറിച്ചിട്ടുള്ള മഹമ്മദീയരുടെ ആക്രമണകാലത്തും നശിച്ചുപോയിരുന്നില്ല, എന്നുമാത്രമല്ല, മറിച്ചു മഹമ്മദീയരുടെ അഭ്യാസരീതിയോടിടകലർന്നതുകൊണ്ട് ഇരുകക്ഷികൾക്കും ഈ വിദ്യക്ക് അഭിവൃദ്ധി വരുവാനേ ഇടവന്നിട്ടുള്ളൂ.

എന്നാൽ ഇപ്പോഴത്തെ തോക്കുമുതലായ യന്ത്രങ്ങളുടെ മാഹാത്മ്യ

ത്താൽ ആഗ്നേയാസ്ത്രകൃത്യംപോലും നിർവ്വഹിക്കുന്ന പാശ്ചാത്യപരിഷ്കാരത്തിൻെറ ഉദയത്തോടുകൂടിയാണ് നമ്മുടെ പഴയ ആയുധാഭ്യാസരീതിയും, അതിനെ പിന്തുടൎന്നു നിന്നിരുന്ന ശരീരായാസസംപ്രദായവും അന്ധകാരത്തിൽ പെട്ടത്. അതോടുകൂടിത്തന്നെ ശരീരശാസ്ത്രം സംബന്ധിച്ചിട്ടുള്ള ചില ജ്ഞാനരഹസ്യങ്ങളും മറഞ്ഞു പോയിട്ടുണ്ട്. ദേശന്തോറും കളരിപ്പണിക്കന്മാരും കുറുപ്പന്മാരും നടത്തിപ്പോന്നിരുന്ന കച്ചകെട്ടും, ഉഴിച്ചിലും, മല്ലിടുത്തവും, തല്ലും അടവും, തല്ലും തടവും, കയ്യും കണക്കും, മററും കേവലം കഥാശേഷമായിപ്പോയി. എന്നുമാത്രമല്ല, ആവക പ്രയോഗരീതികൾ എഴുതിവെച്ചിട്ടുള്ള ഗ്രന്ഥങ്ങൾ അപൂൎവമായി ചിലരുടെ ഗ്രന്ഥപ്പെട്ടികളിലുണ്ടായിരുന്നതുപോലും പുഴക്കൾക്കാഹാരമായിത്തീൎന്നിരിക്കുന്നു. മുൻകാലങ്ങളിൽ വിനോദങ്ങളായ ഓണത്തല്ലുമുതലായ വീരപരീക്ഷകളിൽപോലും പരസ്യമായി ഉപയോഗിച്ചിരുന്ന ഈ വിദ്യ 'കേഷ്ടമേ നഷ്ടമിപ്പോൾ' എന്നായിരിക്കുന്ന സ്ഥിതിക്കു ഗ്രന്ഥവിനാശത്തേപ്പററി വ്യസനിപ്പാനില്ല. എങ്കിലും ആവക പ്രയോഗങ്ങളിൽ മല്ലയുദ്ധത്തിൻെറ കൈകളേപ്പററി ചിലതെഴുതിവെച്ചിട്ടുള്ള ഒരു പഴയ ഗ്രന്ഥത്തിൽ പുഴസ്സദ്ദ്യയുടെ വന്മുറിയായി ഒട്ടൊക്കെ ഞങ്ങൾക്കു കിട്ടീട്ടുള്ളത് ഒളിച്ചുവെക്കാതെ പ്രസിദ്ധപ്പെടുത്തുവാനാണ് ഞങ്ങൾ വിചാരിക്കുന്നത്.

എന്നാൽ മല്ലയുദ്ധഭ്രാന്തന്മാരായ മൂഢമുട്ടാളന്മാർ പുസ്തകത്തിൽ കണ്ടതുമാത്രംകൊണ്ടു വിദഗ്ദ്ധരായി എന്നു മാറിദ്ധരിച്ചു ഗുരൂപദേശവും പരിചയവും കൂടാതെ വല്ല സാഹസവും പ്രവൃത്തിച്ചാൽ വരാവുന്ന ഭവിഷ്യത്ത് അത്യാപൽക്കരമാണെന്നുള്ളത് അവർ പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണെന്നു പറയേണ്ടതായ ഞങ്ങളുടെ ഭാരത്തെ തീൎത്തുകൊണ്ടു പ്രകൃതഗ്രന്ഥത്തെ ആരംഭിക്കുന്നു.

ഒരു ശരീരത്തിന്മേൽ തൊണ്ണൂററാറു മൎമ്മമുണ്ട്. അതിൽ കുലാഭ്യാസമായുള്ള വൎമ്മം അകത്തു നാല്. തൊണ്ണക്കുഴൽ മുഴക്കുമീതെ 'നക്ഷത്രംനോക്കി' എന്നൊരു വൎമ്മമുണ്ട്. അവിടെ അടിച്ച കൈ തട്ടുത്തു വലത്തേ കൈ മാററാൻെറ പുറത്തുമാറി എടുത്തു

കൈകൊണ്ടു വെട്ടിയാൽ അവിടെ വീഴും. എന്നാൽ അച്ചൊവ്വിൽ അങ്ങേപ്പുറത്തു പിൻകഴിക്കു നടുവേ 'നാക്കുകടിപ്പൻ' എന്ന വമ്മത്തു വെട്ടി തല നേരേ നിൎത്തുക. തൊണ്ണക്കു താഴേ കുഴിനടുവേ 'ചുമ' എന്നൊരു വമ്മമുണ്ട്. അവിടെ അടിച്ചകൈ തടുത്ത് വലത്തേകൈ മാററാൻെറ വലത്തഴിച്ച് മാററാൻെറ വലത്തേ കൈകൊണ്ടു വെട്ടിച്ച് പെരുവിരൽകൊണ്ട് ഊന്നിയാൽ അവിടെ വീഴും. എന്നാൽ അച്ചൊവ്വിൽ അങ്ങേപ്പുറത്തു പിങ്കുഴിക്ക് ആറു വിരൽ താഴെ വെട്ടി ചുമ നിൎത്തുക. മുലരണ്ടിന്നും നടുവേ 'കുശാകുപുഷ്പം' എന്നൊരു വൎമ്മമുണ്ട്. അവിടെ അടിച്ചകൈ തടുത്തു വലത്തെകൈ മാററാൻെറ വലത്തൊഴിച്ച മാററാൻെറ പുറത്തുമാറി വലത്തെ കൈമുട്ടുകൊണ്ടിടിച്ചാൽ വീണു ബോധംകെടും. എന്നാൽ അച്ചൊവ്വിൽ അങ്ങേപ്പുറത്തു കയ്യിളക്കു രണ്ടിന്നും നടുവേ ഇടിച്ച ബോധം വീഴിക്കാം. വാരിയെല്ലിന്നു നടുവേ 'തെള്ളക്കുഴി' എന്നൊരു വമ്മമുണ്ട്. അവിടെ അടിച്ചകൈ തടുത്തു വലത്തേകൈ മാററാൻെറ വലത്തഴിച്ച് എടത്തെകൈകൊണ്ടിടിച്ചാൽ ബോധംകെട്ടുവീഴും. എന്നാൽ അച്ചൊവ്വിൽ അങ്ങേപ്പുറത്തു തണ്ടെല്ലിന്നു നടുവേ ഇടിച്ച ബോധം വീഴിപ്പിക്കാം. പൊക്കിളിന്നു നാലുവിരൽ മീതെ തള്ളക്കുഴിക്ക് ആറുവിരൽ താഴെ 'ജലവൎമ്മം' എന്നൊരു വമ്മമുണ്ട്. അവിടെ അടിച്ചകൈ തടുത്തു വലത്തെകൈകൊണ്ട് അവിടെ വെട്ടിയാൽ ബോധംകെട്ടുവീഴും. ജലംഒഴിയും. എന്നാൽ അച്ചൊവ്വിൽ അങ്ങേപ്പുറത്തു കാലിളക്കു രണ്ടിന്നും ആറു വിരൽ മീതെ തണ്ടെല്ലിന്നുനടുവേ ഇടിച്ച ബോധം വീഴിപ്പിക്കാം. ചോരനീരു നിന്നില്ലായെന്നുവരികിൽ വൃത്തിതറക്കുനടുവേ ഊന്നി നിൎത്തുക. പൊക്കിളിന്നു മൂവിരൽതാഴെ 'മലവമ്മം' എന്നൊരു വമ്മമുണ്ട്. അവിടെ അടിച്ചകൈ തടുത്തു വലത്തേകൈകൊണ്ടു തടുത്ത് മാററാൻെറ അകത്തഴിച്ച പുറത്തുമാറി എടത്തേകൈകൊണ്ട് അവിടെ വെട്ടിയാൽ മലമൊഴിഞ്ഞു വീണു ബോധംകെടും. എന്നാൽ അച്ചൊവ്വിൽ അങ്ങേപ്പുറത്തു കാലിളക്കു രണ്ടിന്നും നടുവേ ഇടിച്ച ബോധം വീഴിപ്പിക്കാം. ജലപണ്ടം, മലപണ്ടം, എന്നു

ഒരു വമ്മത്തിന്നു താഴെ വാരിക്കകത്ത് 'ഉരുമണി' എന്നൊരു വമ്മമുണ്ട്. അവിടെ അടിച്ചകൈ തട്ടുത്തു വലത്തേകാൽകൊണ്ടു തൊഴിച്ചാൽ മണിരണ്ടും ഉരുണ്ടുകയറിയാൽ അച്ചൊവ്വിൽ മൂലത്തിന്നു മീതെ വരിക്കുതാഴെ കാലിൻെറ പെരുവിരൽകൊണ്ടു ഊന്നി മണി നിത്തുക. അല്ലെങ്കിൽ മണി ഉരുണ്ടുകയറി വലുതായി പൊക്കിളിന്നു മീതെ കയറും നിശ്ചയം. അതിന്നകത്തു തിരുമ്മി വരിക്കകത്താക്കി ലിംഗത്തിനുമീതെ പെരുവിരൽകൊണ്ടൂന്നി മണി നിറുത്തുക.

മൂലക്കു മൂവിരൽമീതെ മൂലക്കു മൂവിരൽതാഴെ 'രക്തത്തൂമ്പി' എന്നൊരു വമ്മമുണ്ട്. അവിടെ അടിച്ച കൈ തട്ടുത്തു വലത്തുകൈകൊണ്ടിടിച്ചാൽ ബോധംകെട്ടുവീഴും. എന്നാൽ അച്ചൊവ്വിൽ അങ്ങേപ്പുറത്ത തണ്ടെല്ലിന്നുനടുവേ വാമനോക്കി വെലി ഉരുളിന്നും ഇടിച്ചു ബോധംവീഴിപ്പിക്കാം. പൃണെല്ലിന്നു ഇരുവിരൽ താഴെ 'രോഹിത'മെന്നൊരു വമ്മമുണ്ട്. അവിടെ അടിച്ചകൈ തട്ടുത്ത് വലത്തെക്കൈകൊണ്ടിടിച്ചാൽ ബോധംകെട്ടുവീഴും. എന്നാൽ അച്ചൊവ്വിൽ അങ്ങേപ്പുറത്തു ... നോക്കി കൈയിളക്കു രണ്ടിന്നും മീതെ ഇളക്കിന്നുചേരെ ... എന്ന വമ്മത്തിടിച്ചു ബോധം വീഴിപ്പിക്കാം. ചെവിക്കു നാൽവിരൽ താഴെ 'കിറികോട്ടൻ' എന്നൊരു വമ്മമുണ്ട്. അവിടെ അടിച്ചകൈ തട്ടുത്തു വലത്തെ കൈകൊണ്ടു വെട്ടിയാൽ കിറി വലിഞ്ഞുകയറും. എന്നാൽ അച്ചൊവ്വിൽ അങ്ങേപ്പുറത്തു ചെവിക്കു നാൽ വിരൽക്കു വെട്ടി ബോധം വീഴിപ്പിക്കാം. കിറിചൊവ്വെവരുത്തുക. ചെവിക്ക് ഒരു വിരൽതാഴെ താടിക്കരികെ 'മുരട്ടനാക്കി' എന്നൊരു വമ്മമുണ്ട്. അവിടെ അടിച്ചകൈതട്ടുത്തു വലത്തുകൈകൊണ്ട് വെട്ടിവീണാൽ എഴുന്നീററിരുന്നു മുരട്ടനാകും; എന്നാൽ അച്ചൊവ്വിൽ അങ്ങേപ്പുറത്തു ചെവിക്ക് ഒരുവിരൽതാഴെ വെട്ടി മുരട്ടനാക്കു നീത്തുക. താട രണ്ടിന്നും നടുവേ 'നാക്കുതരിപ്പൻ' എന്നൊരു വമ്മമുണ്ട്. അവിടെ അടിച്ചകൈ തട്ടുത്തു വലത്തെക്കൈകൊണ്ടു മുഖമടച്ചുപിടിച്ചു പെരുവിരൽകൊണ്ടൂന്നിയാൽ നാക്കുതിരിച്ചു പറവാൻ വയ്യാതെ

ഇരിക്കും. എന്നാൽ അച്ചൊവ്വിൽ അങ്ങേപ്പുറത്തു പിൻകഴക്ക് ഇരുവിരൽമീതെ വെട്ടി നാക്കുതരിപ്പ നിൎത്തുക. ചെവിക്ക് ഇരു വിരൽമുന്നിൽ കണ്ണിന്നിരുവിരൽ പുറകെ 'കിരിശ്രുമ' എന്നൊരു വൎമ്മമുണ്ട്. അവിടെ അടിച്ചകൈ തട്ടുത്തു വലത്തേക്കൈകൊണ്ട് ഇടിക്ക. എടത്തേക്കൈകൊണ്ടു പിടിച്ചാലും കണ്ണറിയാതെ ഇരിക്കും. എന്നാൽ അച്ചൊവ്വിൽ അങ്ങേപ്പുറത്തു ചെവിക്കിരുവിരൽ മുന്നിൽ കണ്ണിന്നിരുവിരൽ പുറകേ ഇതുപോലെ ഇടിച്ചു തലതരിപ്പ നിൎത്തുക. തോള് രണ്ടിന്നകത്തു പൂണെല്ലിന്നു രണ്ടുവിരൽ മീതെ 'കേഴുത്തുകോച്ചി' എന്നൊരു വൎമ്മമുണ്ട്. അവിടെ അടിച്ച കൈ തട്ടുത്തു വലത്തേകൈകൊണ്ടു കഴുത്തടച്ചുപിടിച്ചു പെരുവിരൽകൊണ്ടുന്തുക. കഴുത്തു ചായും. എന്നാൽ അതിന്നിരുവിരൽ മീതെ ഇതുപോലെ പിടിച്ചു തല നേരേനിൎത്തുക. കക്ഷക്കുഴിക്കു നടുവേ 'ഫേണ' എന്നൊരു വൎമ്മമുണ്ട്. അവിടെ അടിച്ചകൈ തട്ടുത്തു വലത്തേകൈമുട്ടുകൊണ്ട് ഇടിച്ചാലും വലത്തുകൈകൊണ്ടു കുത്തിയാലും മതി. എന്നാൽ അച്ചൊവ്വിൽ അങ്ങേപ്പുറത്തു കക്ഷക്കുഴിക്കു നടുവേ ഇടിച്ചു ബോധം വീഴിപ്പിക്കാം. ബോധം വീണില്ലെങ്കിൽ കയ്യുടെ പത്തികൊണ്ട് അടച്ചുവെട്ടി ബോധം വീഴിപ്പിക്കാം. രക്തം ഛൎദ്ദിച്ചുവെങ്കിൽ തൊണ്ണക്കുഴൽ രണ്ടുവിരൽ താഴെ വെട്ടി രക്തം നിൎത്തുക. കക്ഷക്കുഴിക്കു താഴെ മുലക്കു ചൊവ്വിൽ 'ശ്വാസംഅടപ്പൻ' എന്നൊരു വൎമ്മമുണ്ട്. അവിടെ അടിച്ചകൈതട്ടുത്തു വലത്തുകൈകൊണ്ട് അടച്ചു പിടിച്ചാൽ ബോധംകെട്ടു വീഴും. അച്ചൊവ്വിൽ അങ്ങേപ്പുറത്തു കക്ഷക്കുഴിക്കു നാൽവിരൽ താഴെ മുലക്കു ചൊവ്വിൽ ഇടിച്ചു ബോധം വീഴിപ്പിക്കാം. മുലക്ക് അരവിരൽ താഴെ വരിവയററിന്നരികെ 'തരിപ്പൻ' എന്നൊരു വൎമ്മമുണ്ട്. അവിടെ അടിച്ച കൈ തട്ടത്ത് എടത്തുകൈകൊണ്ട് ഇടിച്ചിട്ടും വെട്ടിയും ബോധംകെട്ടാൽ അച്ചൊവ്വിൽ അങ്ങേപ്പുറത്തു മുലക്ക് അരവിരൽ താഴെ ഇടിച്ചു ബോധംവിഴിപ്പിക്കാം. കക്ഷക്കുഴിക്കു താഴെ തുണിക്കുത്തിന്നു പരിവാരിവളവിന്നകത്തു 'കൊണ്ടകൊല്ലി' എന്നൊരു വൎമ്മമുണ്ട്. അവിടെ അടിച്ച കൈതട്ടുത്തു വല

ത്തേ കൈകൊണ്ടു വെട്ടി ഓടിയാൽക്കൂടെച്ചെന്നു പിടിച്ചു വീഴും. കയ്യിളക്കിന്നകത്ത് "ഓട്ടുഞരമ്പ്" എന്നൊരു വമ്മമുണ്ട്. അവിടെ വെട്ടി ഓടുന്നതു നിൎത്തുക. കാലു വലിക്കയും നടപ്പാൻ മേലാതെ വരികയും ചെയ്കിൽ അങ്ങേപ്പുറത്തിടിച്ചു നടത്തുക. മുട്ടിന്നു മീതെ കാലിളക്കിന്നു താഴെ മുലാമുഴക്കു 'നടതരിപ്പൻ' എന്നൊരു വമ്മമുണ്ട്. അവിടെ അടിച്ചു കൈതട്ടത്തു വലത്തേ കൈകൊണ്ടു മാററാൻെറ വലത്തഴിച്ച് എടത്തേക്കൈകൊണ്ടടിച്ചു നടതരിപ്പു നിൎത്തുക. പൊക്കളിന്ന് അറവിരൽ താഴെ ഇടിച്ചു ബോധാ വീഴിപ്പിക്കാം. കണ്ണിൻെറ പുരികം രണ്ടിന്നും നടുവേ 'തിലർഹത്ത്" എന്നൊരു വമ്മമുണ്ട്. അവിടെ അടിച്ചു കൈതട്ടത്തു വലത്തെ കൈചുരുട്ടിപ്പിടിച്ച് ഇടിച്ചാൽ ബോധം കെട്ടുവീഴും. എന്നാൽ മാച്ചൊവ്വിൽ അങ്ങേപ്പുറത്തു പിൻകഴിക്കു നടുവേ ഇടിച്ചു ബോധം പിടിപ്പിക്കാം. കൺപുരികം രണ്ടിന്നും താഴെ മൂക്കരികെ 'മൂക്കടപ്പൻ' എന്നൊരു വമ്മമുണ്ട്. അവിടെ അടിച്ചു കൈതട്ടത്തു വലത്തേ കൈകൊണ്ടു മാററാൻെറ വലത്തഴിച്ചു പുറത്തുമാറി എടത്തുകൈകൊണ്ടു വെട്ടിയാൽ വീണ ബോധംകെട്ടും. എന്നാൽ ആ മൂക്കു കുമ്മത്തിന്നു താഴെ അതിന്മണ്ണം വെട്ടി ബോധം വിഴിപ്പിക്കാം. മുമ്പിൽ ചൊല്ലിയ വമ്മത്തിന്നകത്തു കൺപുരികത്തിന്നു താഴെ മൂക്കിന്നു നേരെ 'കണ്ണൊന്നി' എന്നൊരു വമ്മമുണ്ട്. അവിടെ അടിച്ചു കൈതട്ടത്തു മൂക്കടച്ചുപിടിച്ചു പെരുവിരൽകൊണ്ടൂന്നിയാൽ കണ്ണറിയാതെ ഇരിക്കും. കണ്ണുതെറിച്ചു വരിഞ്ഞാൽ കണ്ണു തിരുമ്മി ഊന്നി മിഴി നിൎത്തുക. കവിംകത്തിന്നു നടുവേ 'വാതുറപ്പൻ' എന്നൊരു വമ്മമുണ്ട്. അവിടെ അടിച്ചു കൈതട്ടത്തു മുഖമടച്ചു പിടിച്ചു പെരുവിരൽകൊണ്ടൂന്നുക. വാതുറന്നാൽ മൂക്കു കുച്ചത്തിന്നുതാഴെ തടക്കുകൂടെ രണ്ടുകക്കത്തിന്നകത്തു കാലിളക്കിന്നരികെ 'കുട്ടവലി' എന്നൊരു വമ്മമുണ്ട്. അതിന്നു രണ്ടുപുറത്തോരോ വമ്മമുണ്ട്. അതിൽ നടുവേ ഉള്ള വമ്മത്തു പിടിച്ചെങ്കിൽ ഒട്ടുവലിക്കും. അതിന്നു രണ്ടുപുറത്തു പിടിച്ചെങ്കിൽ കാലിൻെറ പെരുവിരൽ വലിക്കും. കാലുവലിഞ്ഞു മടങ്ങിയിരിക്കും മുമ്പിൽ

കാലിൻെറ പെരുവിരലിന്മേൽ പിടിച്ചവലിയും. കന്മുട്ടിന്മീതെ എളക്കി നടുവിൽ ദേശമ്മത്തു വെട്ടി നിത്തുക. മുന്നനടികക്കകത്ത് ഒടുനേരെ വലിക്കും. മെലിയും. കയ്യമുട്ടിന്നുമീതെ കക്ഷക്കഴിക്കുതാഴെ 'കേയ്യതളപ്പൻ' എന്നൊരു വമ്മമുണ്ട്. തോള്ള രണ്ടിന്നു താഴെ മുലക്കമീതെ 'തുലവലിപ്പൻ' എന്നൊരു വമ്മമുണ്ട്. അതിന്നകത്തു 'കേക്ഷത്തിപ്പക്കരി' എന്നോരു വമ്മമുണ്ട്. അതു മൂന്നവമ്മത്ത് അടിച്ചു കയ്യതട്ടുത്തു പിടിച്ചാൽ അകത്തെ എശി എങ്കിൽ ചുമക്കും. പൂണ്ടൽ ഭാഷയിൽ എങ്കിൽ അങ്ങിനെ ഇരിക്കും. കയ്യ് അങ്ങേപ്പുറത്തു കയ്യിളക്കിന്നകത്തു തണ്ടലിന്നരികേ ഇടിച്ചു ബോധം വീഴ്പ്പിക്കാം. കാലിളക്കിന്നു താഴെ കാലമുട്ടിന്നു മീതെ തുടക്കു നടുവേ 'ഇരിപ്പൻ' എന്നൊരു വമ്മമുണ്ട്. അവിടെ ഇടിച്ചു കൈ തട്ടുത്തു പുറത്തുമറി എടത്തെ കൈകൊണ്ടിടിച്ചാൽ ഇരിക്കും. എന്നാൽ അച്ചൊവ്വിൽ അങ്ങേപ്പുറത്തിടിച്ചു ബോധം വീഴിപ്പിക്കാം. പിടിച്ചെനിപ്പാൻ തോളോരത്തിന്നു താഴെ 'ഓന്തന്ന' മെന്നൊരു വമ്മമുണ്ട്. അവിടെ അടിച്ചു കൈതട്ടുത്തു പുറത്തു വെട്ടിയാൽ ഞരമ്പു വിരും. മണിക്കെട്ടിന്നുമീതെ കൈമുട്ടിന്നു താഴെ 'നാടിപത്തി' എന്നൊരു വമ്മമുണ്ട്. അവിടെ അടിച്ചു കൈതട്ടത്ത് അവിടെ വെട്ടിയാൽ ഞരമ്പു തളരും. എന്നാൽ അച്ചൊവ്വിൽ അങ്ങേപ്പുറത്തു വെട്ടി നിത്തുക. കൈമുട്ടിന്നകത്തു കണ്ണക്കുച്ചത്തിന്നു താഴെ 'കൈതളപ്പൻ' എന്നൊരു വമ്മമുണ്ട്. അവിടെ അടിച്ചു കൈ തട്ടത്ത് എടത്തുകൈകൊണ്ടു പിടിച്ചു വലത്തുകൈകൊണ്ട് ഊന്നുക. കൈ തളന്ന് ആയുധംപോയിനില്ക്കും. എന്നാൽ അച്ചൊവ്വിൽ അങ്ങേപ്പുറത്തു കൈമടക്കിന്നകത്തു കുടിയിൽ എന്ന മമ്മത്തിൽ ഊന്നി കൈകഴപ്പു നിത്തുക. കൈപത്തിക്കുറിന്നു പുറത്തു ചൂണ്ടാണിയോടടുത്തു 'വിലലൂന്നി' എന്ന രണ്ടു വമ്മമുണ്ട്. അവിടെ അടിച്ചു കൈതട്ടുത്തു പത്തിക്കു പിടിച്ചു പെരുവിരൽകൊണ്ടൂന്നുക. എന്നാൽ കൈതളരും. എന്നാൽ അച്ചൊവ്വിൽ അങ്ങേപ്പുറത്ത് ഉള്ളകൈക്കു നടുവേ ഊന്നി തളപ്പു നിത്തുക. തലക്കുച്ചത്തിന്നു നടുവേ 'വായുച്ചിന്നി' എന്നൊരു വമ്മമ

ണ്ട്. അവിടെ അടിച്ചു കൈതട്ടുന്നു കൈചുരുട്ടിപ്പിടിച്ചാൽ ശ്വാസം അടക്കും വായു തെരുതെരെ ഒഴിയും. പിങ്കഴികൾ നടുവേ രണ്ടു പുറത്തും സ്തനരോഗമെന്ന ഞരമ്പിന്മേൽ വെട്ടിനിൽക്കുക. കാലിനും കൈക്കും ഒരുപോലെ വർമ്മം. ഗുരുസ്ഥാണയാൽ ഗ്രഹിച്ചുകൊൾക. നോക്കി സൂക്ഷിച്ചുകൊൾക. പിഴയില്ല. രിപുക്കളോടെ ചെയ്യാവൂ. ശ്രീഗുരുഭ്യോനമഃ

ശുഭമസ്തു.

---

വിവേകാനന്ദസ്വാമികളുടെ

# ഒരെഴുത്ത

---

വിവേകാനന്ദസ്വാമികൾ പതിനൊന്നു സംവത്സരംമുമ്പു ജപ്പാൻ രാജ്യത്തേക്കു പോയപ്പോൾ അവിടെനിന്ന് അദ്ദേഹം ഇന്ത്യയിലേക്കു തൻെറ ഒരു സ്നേഹിതന്ന് (ഇംഗ്ലീഷിൽ) ഒരെഴുത്തയക്കുകയുണ്ടായി. ആ എഴുത്ത് ഇന്ത്യക്കാരെ ആസകലം സംബന്ധിക്കുന്നതും അവൎക്കു രസകരമായി ഭവിക്കുന്നതുമാണെന്നുള്ള ഉദ്ദേശത്തിന്മേൽ'ബ്രഹ്മവാദിൻ' എന്ന മാസിക അതിനെ പ്രസിദ്ധം ചെയ്തിട്ടുണ്ട്. നമ്മുടെ മലയാളിവായനക്കാൎക്കുംകൂടി വായിച്ചുരസിക്കുന്നതിന്നുവേണ്ടി ഞാനതിനെ ഭാഷാന്തരംചെയ്തു താഴെ ചേൎക്കുന്നു.

ജപ്പാൻ, യോക്കോഹാമ
൧൮൯൩ ജൂലൈ ൧൦-ാംനു.

അവിടെനിന്നു പുറപ്പെട്ടതിൻെറശേഷം അതാതുദിക്കുകളിൽ എത്തീട്ടുള്ള വിവരങ്ങൾക്കു വിചാരിച്ചപോലെ എഴുതി അയപ്പാൻ തരമാകാത്തതിനാൽ വ്യസനിക്കുന്നു. ഒരുവൻ വലിയതായ ഒരു വഴിയാത്ര ചെയ്യുമ്പോൾ അവന്നുനിത്യം കലശലായ ജോലിയുണ്ടാകുന്നതാണ്. എനിക്കു പ്രത്യേകിച്ചും. ഓരോ പദാൎത്ഥങ്ങളെ സമ്പാദിക്കുക, അവയെ സൂക്ഷിക്കുക എന്നിങ്ങിനെയുള്ള കാലക്ഷേ

പം അശേഷം പരിചയമില്ലാത്തതുകൊണ്ട് അതിപ്പോൾ എനിക്ക മഹാ ഭാരമായി തീൎന്നിരിക്കുന്നു.

ബൊമ്പ വിട്ടിട്ട് ഒരാഴ്ചകകത്ത് ഞങ്ങൾ കൊളമ്പിലെത്തി. ഞങ്ങളുടെ കപ്പൽ ഒരു ദിവസം മുഴുവൻ തുറമുഖത്തു കിടന്നു. ആ ലാക്കിൽ ഞങ്ങൾ കരക്കിറങ്ങി പട്ടണമെല്ലാം കണ്ടു. ഞങ്ങൾ പലതെരുവുകളിൽകൂടി സഞ്ചാരിചെയ്യുകയുണ്ടായി. അവിടെ ഒന്നു കാണേണ്ടതായിട്ടുള്ളത് ശ്രീബുദ്ധഭഗവാന്റെ ഒരു ക്ഷേത്രമാണ്. അതിനകത്ത് ഭഗവൻ ബുദ്ധമഹൎഷി കിടന്നുകൊണ്ടു നിൎവ്വാണത്തെ പ്രാപിക്കുന്നതായിട്ടു വലിയതായ ഒരു ബിംബമുണ്ട്. അവിടെയുള്ള ബുദ്ധസന്ന്യാസികളോടു സംസാരിപ്പാൻ ഞാനുത്സാഹിച്ചു. പക്ഷെ അവൎക്കു സിംഹളഭാഷയല്ലാതെ വേറെ ഒന്നും അറിഞ്ഞുകൂടാ. അതിനാൽ ആ ശ്രമം നിഷ്ഫലമെന്നു കരുതി ഉപേക്ഷിച്ചു. കൊളമ്പിൽനിന്നു ൮൦ മൈത്സ് ദൂരെ കാണ്ടി എന്നൊരു നഗരമുണ്ട്. സിലോണിൽ ബുദ്ധമതത്തിന്റെ പ്രധാനസ്ഥാനം അവിടെയാകുന്നു. പക്ഷെ എനിക്കവിടെ പോകുന്നതിന്നു സമയമുണ്ടായില്ല. ഈ രാജ്യത്തു ബുദ്ധമതത്തെ അനുവൎത്തിക്കുന്ന സാധാരണ ജനങ്ങൾ മത്സ്യമാംസങ്ങൾ ഭക്ഷിക്കുന്നു. സന്ന്യാസികൾ മാത്രമെ മാംസം ഭക്ഷിക്കാതെകണ്ടുള്ളു. ചിങ്ങളന്മാര് (സിംഹളന്മാര്) കണ്ടാൽ മദ്രാസ സംസ്ഥാനത്തുള്ളവരെപ്പോലെത്തന്നെയാകുന്നു. അവൎക്കു സ്വഭാഷയല്ലാതെ വേറെ ഒന്നും സംസാരിപ്പാൻ വശമില്ല. അവരുടെ ഉച്ചാരണംകൊണ്ടു ചിങ്ങളഭാഷ തമിഴ്ഭാഷയോട് അടുത്തതാകുന്നുവെന്നു തോന്നുന്നുണ്ട്.

അവിടുന്നു കപ്പൽ കയറി പിന്നെ ചെന്നടുത്തത് പിനാങ്ങ് എന്നൊരു രാജ്യത്താണ്. പിനാങ്ങ് എന്നത് മലയരാജ്യത്തുള്ള (Malaya Peninsula) ഒരു ചെറിയ പട്ടണമാകുന്നു. പട്ടണം വളരെ വൃത്തിയായിരിക്കുന്നുണ്ട്. മലയന്മാർ എല്ലാവരും മഹമ്മദിയരാകുന്നു. പണ്ടുകാലങ്ങളിൽ അവർ വലിയ കടൽക്കള്ളന്മാരായിരുന്നു. കച്ചവടക്കപ്പൽക്കാൎക്ക് അവരെ വളരെ ഭയമായിരുന്നു. എന്നാൽ ഭയങ്കരങ്ങളായ വലിയതോക്കുകളോടുകൂടിയ പ

ടക്കപ്പലുകളുള്ള ഈ കാലത്തു കറെക്കൂടി മര്യാദയോടുകൂടിയ വേറെ വല്ല ജോലിയും നോക്കുന്നതാണ് നല്ലത് എന്ന് അവക്കു തോന്നിത്തുടങ്ങി.

പിനാങ്ങ് വിട്ടാൽ സിംഗപ്പൂർ എന്ന രാജ്യമായി. കപ്പൽ യാത്ര ചെയ്യുന്നവഴിക്കു സുമത്ര എന്ന ദ്വീപിലെ അത്യുന്നതങ്ങളായ പർവതശിഖരങ്ങളെ ഞങ്ങളുടെ കപ്പിത്താൻ ഞങ്ങൾക്കു കാണിച്ചുതന്നു. പണ്ടു കടൽകള്ളന്മാരുടെ വാസസ്ഥാനങ്ങളായിരുന്ന പല സ്ഥലങ്ങളും കപ്പിത്താൻ കാണിച്ചുതരികയുണ്ടായി. സിംഗപ്പൂർ എന്ന നഗരം സ്ട്രേറ്റ് സെററൽമേൻറസ് എന്ന രാജ്യത്തെ തലസ്ഥാനമാകുന്നു. ഇവിടെ വിശേഷമായ ഒരുതരം പനയുണ്ടാകുന്നുണ്ട്. കടപ്ലാവും ധാരാളം കാണ്മാനുണ്ട്. മങ്കൊസ്റ്റീൻ എന്നൊരുജാതി പഴം അനവധിയുണ്ടാകുന്നു. പക്ഷെ മാവു വളരെ അപൂർവം. ശീതോഷ്ണങ്ങളെ സംബന്ധിച്ചേടത്തോളം മദ്രാസും, സിംഗപ്പൂരും ഒരുപോലെയാണ്; എങ്കിലും ഏതദ്ദേശീയന്മാർ മദ്രാസിക്കാറോളം കറുത്തിരിക്കുന്നില്ല. കള്ളകടി ഇവിടെ ധാരാളമാകുന്നു. എന്തെന്നാൽ തുറമുഖമുള്ള എല്ലാനഗരങ്ങളിലും ഇതരദേശീയന്മാരായ കപ്പക്കാർ വന്നാൽ അവരുടെ ഒന്നാമത്തെ ജോലി കുടി നടപ്പാക്കുകയാകുന്നു. ഇതിനെപ്പററി ഇനിയൊരിക്കൽ വിസ്തരിച്ചുകൊള്ളാം. ഇപ്പോൾ പ്രകൃതത്തിലേക്കുതന്നെ വരട്ടെ. സിംഗപ്പൂർ വിട്ടാൽ ഹോങ്ങ്കോങ്ങ് എന്ന രാജ്യമായി. സിംഗപ്പൂരമുതൽക്കുതന്നെ ചീനരാജ്യമായിയെന്നു തോന്നിത്തുടങ്ങും. എന്തെന്നാൽ ചീനന്മാർ സിംഗപ്പൂരിൽതന്നെ ധാരാളമുണ്ട്. സകലവ്യാപാരങ്ങളിലും ചീനനെയാണ് പ്രധാനമായി കാണുന്നത്. ഹോങ്ങ്കോങ്ങ് എന്ന രാജ്യത്തെത്തിയപ്പോഴെ സാക്ഷാൽ ചീനരാജ്യമായുള്ളു. കപ്പൽ തുറമുഖത്തെത്തിയപ്പോഴക്കും തദ്ദേശീയന്മാർ അനവധി വഞ്ചികളുംകൊണ്ടു ഞങ്ങളെ കരക്കിറക്കുന്നതിന്നു കപ്പലിൻെറ നാലുപുറവും ഹാജരായി. ഈ തോണികൾക്കു ഒരു വിശേഷമുണ്ട്. ഇവക്കു രണ്ടു ചുക്കാനുണ്ട്. തോണിക്കാരൻ കുഡുംബസഹിതം അതിൽതന്നെയാണ് സ്ഥിരമായി താമസിക്കുന്നത്. സം

ധാരണയായി അമരം പിടിക്കുന്നതു വഞ്ചിക്കാരൻെറ ഭാൎയ്യയായിരിക്കും. അവൾ ഒരു ചുക്കാൻ കൈകൊണ്ടും മറേറതു കാലുകൊണ്ടും പിടിക്കുന്നു. ഇങ്ങിനെ സ്ത്രീകൾ അമരം പിടിക്കുന്ന സമയത്ത് അവർ തങ്ങളുടെ ശിശുക്കളെ ഒരു ജാതി സഞ്ചിയിലാക്കി പുറത്തുകെട്ടിയിടുന്നു. അമ്മ അമരം പിടിക്കുകയും, സാമാനം ചോക്കുകയും, വഞ്ചികളെ തള്ളിനീക്കുകയും, ഒരു വഞ്ചിയിൽനിന്നു മറെറാരുവഞ്ചിയിലേക്കു ചാടിക്കയറുകയും മററും ചെയ്യുമ്പോൾ അവളുടെ പുറത്തു സഞ്ചിയിൽ കിടക്കുന്ന ചീനൻ യാതൊരു പരിഭ്രമവും കൂടാതെ സന്തുഷ്ടനായിരിക്കുന്നതു കാണാൻ നല്ല നേരമ്പോക്കുണ്ട്. അനവധി വഞ്ചികൾ, അനവധി തീബോട്ടുകൾ, അങ്ങോട്ടു പോകുന്നു, ഇങ്ങോട്ടുവരുന്നു. ലഹളമയം. ആസമയത്തു സഞ്ചിയിൽ അതി ഗൌരവത്തോടുകൂടിയിരിക്കുന്ന നമ്മുടെ ചീനൻെറ തലയും പോക്കുവാലുപോലെയുള്ള കുടുമയും എല്ലാം ചമ്മന്തിയാവാൻ ഒരു പ്രയാസവുമില്ല. എന്നാൽ അയാൾക്ക് അതെല്ലാം നിസ്സാരം. ഉത്സാഹത്തോടുകൂടിയ ഇപ്രകാരമുള്ള കാലക്ഷേപം സഞ്ചിയിലിരിക്കുന്ന ചീനന് അത്ര മനോഹരമായി തോന്നുന്നില്ല. കലശലായ ജോലിയിൽ പ്രവേശിച്ചിരിക്കുന്ന തൻെറ അമ്മ ഇടക്കു കൊടുക്കുന്ന ഒന്നോ രണ്ടോ അപ്പത്തിൻെറ സൃഷ്ടിവിശേഷത്തെ കണ്ടിട്ടും രസനേന്ദ്രിയംകൊണ്ടനുഭവിച്ചിട്ടുമുണ്ടാകുന്ന ആനന്ദംകൊണ്ട് അവൻ മഹാ തൃപ്തനായി ഭവിക്കുന്നു.

ഹോങ്ങ്കോങ്ങ് വളരെ ഭംഗിയുള്ള ഒരു പട്ടണമാകുന്നു. പൎവ്വതങ്ങളുടെ താഴ്വരകളിലാണ് ആ പട്ടണം പണിയപ്പെട്ടിട്ടുള്ളത്. ആ പൎവ്വതങ്ങളുടെ ശിഖരങ്ങൾ തണുപ്പുള്ള പ്രദേശങ്ങളാകയാൽ ധനവാന്മാരായിട്ടുള്ളവർ അവിടെ ഭവനങ്ങൾ കെട്ടിതാമസിച്ചു വരുന്നുണ്ട്. പട്ടണത്തിൽനിന്നു മുകളിലേക്കു ഒരു ട്രാം വണ്ടി ഓടിക്കുന്നുണ്ട്. ഞങ്ങൾ അവിടെ മൂന്നുദിവസം താമസിച്ചു. പിന്നെ അവിടെനിന്നു കാൻടൺ എന്ന നഗരത്തിലേക്കുപോയി. കാൻടൺ അവിടന്നു പുഴവഴിക്കു വ്വാ മൈയിൽ ദൂരെയാകുന്നു. യാത്ര ചെയ്യാനുള്ള നദി അതികൂററന്മാരായ തീക്കപ്പലുകൾക്കു ധാരാളം സഞ്ചരിക്കത്തക്കവണ്ണം ആഴവും വിസ്താരവുമുള്ളതാകുന്നു. മഹാ

ങ്ക്കോങ്ങ് എന്ന പട്ടണത്തിൽനിന്ന് ഒരു ദിവസം അസ്തമിച്ച ഞങ്ങൾ കപ്പൽകയറി പിറേറന്നാൾ കാലത്തു കാൻടണിൽ എത്തി. അവിടെ എന്തൊരു കോലാഹലമാകുന്നു! എത്ര തോണികളാണ്, എത്ര പത്തേമാരികളാണ്, എത്ര കപ്പലുകളാണ്! സാമാനങ്ങളേയും ആളുകളേയും മറും അങ്ങോട്ടുമിങ്ങോട്ടും കൊണ്ടുപോകുന്നതിന്നു മാത്രമല്ല ഇവിടെ വഞ്ചികളും ബോട്ടുകളും ഉപയോഗപ്പെടുത്തുന്നുള്ളു. അനവധി ജനങ്ങൾക്കു സ്ഥിരവാസം തന്നെ ബോട്ടിലാകുന്നു. എന്നാൽ അവയെ കേവലം ബോട്ടുകൾ എന്നൊ വഞ്ചികൾ എന്നൊ പറവാൻ പാടില്ല. വാസ്തവത്തിൽ അവ, രണ്ടും മൂന്നും നിലയിൽ പണിചെയ്യപ്പെട്ടിട്ടുള്ളതും നാലുപുറത്തും വ്രാന്തയോടുകൂടിയതുമായ വലിയ വലിയ കെട്ടിടങ്ങളാകുന്നു. അവ വളരെ ഭാഗിയായിരിക്കുന്നതുമാണ്. പക്ഷെ എല്ലാം വെള്ളത്തിൽ പൊന്തിക്കിടക്കുകയാകുന്നു.

ചീനരാജാവ് ഇതരദേശിയന്മാൎക്കു താമസിപ്പാനായി ഇവിടെ പ്രത്യേകം ഒരു പ്രദേശം നിയമിച്ചിട്ടുണ്ട്. ഞങ്ങൾ അവിടെയാണ് ചെന്നിറങ്ങിയത്. നദിക്കു രണ്ടു വശത്തുമായിട്ടാണ് അതിവിസ്താരമായിരിക്കുന്ന ആ നഗരത്തിന്റെ കിടപ്പ്. അവിടത്തെ ജനബാഹുല്യം ഇത്രയെന്നു വൎണ്ണിപ്പാൻ പ്രയാസം. സമുദ്രത്തിലുള്ള തിരമാലകൾ മീതെക്കുമീതെ വന്ന് അതിഗംഭീരശബ്ദത്തോടുകൂടി കൊള്ളലക്കുകയും പിന്നെ കീഴ്പോട്ടിറങ്ങുകയും, പിന്നേയും കേറി അലക്കുകയും, ചെയ്യുന്നത് എപ്രകാരമൊ ഏകദേശം അതുപോലെയാണ് അവിടത്തെ തിരക്ക് എന്നു പറയാം. എന്നാൽ ഇത്ര വൃത്തിയില്ലാത്ത പട്ടണം ഞാൻ വേറെ എങ്ങും കണ്ടിട്ടില്ല. ഇന്ത്യയിലുള്ള നഗരങ്ങളെപ്പോലെ ഗട്ടറിൽകൂടി ദുൎഗ്ഗന്ധപദാൎത്ഥങ്ങൾ സദാ ഒഴിച്ചുകൊണ്ടിരിക്കുമെന്നല്ല ഞാൻ പറഞ്ഞതിന്റെ താല്പൎയ്യം. തദ്ദേശിയന്മാരുടെ ദേഹത്തിൽനിന്നു വരുന്ന നാററം സഹിപ്പാൻ പാടില്ലാത്തതാകുന്നു. ചീനൻ കുളിക്കുകയില്ല എന്ന വ്രതത്തെ നല്ലവണ്ണം അനുഷ്ഠിക്കുന്നവനാകുന്നു. അവിടത്തെ എല്ലാ ഭവനങ്ങളും കച്ചവടസ്ഥലങ്ങളാകുന്നു. താഴത്തു കച്ചവടം ചെയ്യു

കയും മുകളിലെ നിലയിൽ കുഡുംബക്കാർ വസിക്കുകയും ചെയ്യുന്നു. തെരുവുകളുടെ വിസ്താരം വളരെ കുറവാകുന്നു. എല്ലാ തെരുവുകളിലും പത്തടിവെക്കുന്നതിന്നു മുമ്പായി ഒരു കശാപ്പു കട കാണാം. പൂച്ചയുടേയും പട്ടിയുടേയും മാംസം വില്ക്കുന്ന സ്ഥലങ്ങളും ധാരാളം കാണാം. ചീനക്കാരിൽ ദരിദ്രന്മാരായിട്ടുള്ളവർ മാത്രമേ പട്ടിയുടേയും പൂച്ചയുടേയും മാംസം ഭക്ഷിക്കുകയുള്ളൂ. ചീനരാജ്യത്തു കുറെ ഭേദമായിട്ടുള്ള സ്ത്രീകളെ ഒരിക്കലും പുറത്തു കാണുന്നതല്ല. ആ കാര്യത്തിൽ ഇവരും ഉത്തരദേശീയന്മാരായ ഹിന്തുസ്ത്രീകളെപ്പോലെയാകുന്നു. കൂലിവേല ചെയ്യുന്ന സ്ത്രീകളെ മാത്രമേ പുറത്തു കാണുകയുള്ളൂ. ഇവരിൽതന്നെ ചിലരുടെ കാലടി നമ്മളുടെ കൊച്ചുകുട്ടികളുടെ അടിയോളമേ ഉണ്ടാവുകയുള്ളൂ. അതിനാൽ അവർക്കു നടപ്പാൻ വളരെ ബുദ്ധിമുട്ടുണ്ട്. ചെറിയ കാലടി സ്ത്രീകളുടെ സൌന്ദര്യത്തിന്റെ ഒരു ലക്ഷണമാണത്രെ. ആ നഗരത്തിലുള്ള ചീനക്കാരുടെ പല ക്ഷേത്രങ്ങളും ഞാൻ കണ്ടു. ചീനരാജ്യത്ത് ഒന്നാമതായി ബുദ്ധമതത്തിൽ ചേർന്ന ചക്രവർത്തിയുടേയും അദ്ദേഹത്തിന്റെ ൫൦൦ ശിഷ്യരുടേയും ഓർമ്മക്കായി പണി ചെയ്യപ്പെട്ടിട്ടുള്ള ക്ഷേത്രമാണ് ഇവയിൽ ഏററവും വലിയത്. അതിനകത്തുള്ള പ്രധാനബിംബം ബുദ്ധന്റെതന്നെ. അതിന്റെ താഴെയായി ആ ചക്രവർത്തിയുടേയും അദ്ദേഹത്തിന്റെ ൫൦൦ ശിഷ്യന്മാരുടേയും രൂപങ്ങളും മരംകൊണ്ട് അതിഭംഗിയായി കൊത്തിവെച്ചിട്ടുണ്ട്. കാൻടണിൽനിന്നു പിന്നേയും ഹോങ്ങ്കോങ്ങിലേക്കുതന്നെ തിരിച്ചു. അവിടെനിന്നു ജപ്പാനിലേക്കുപോയി. അവിടെ നാഗസാക്കി എന്ന തുറമുഖത്താണ് ആദ്യം ചെന്നെത്തിയത്. ഞങ്ങൾ ഉടനെ കരക്കിറങ്ങി രണ്ടു മൂന്നു മണിക്കൂറ നേരം ആ പട്ടണത്തിലെ തെരുവുകളിൽകൂടി സവാരി ചെയ്തു. എന്തൊരു വ്യത്യാസമാണ്! ജപ്പാൻകാരോളം ശുചിയുള്ള ജനങ്ങൾ ലോകത്തിൽ അപൂർവ്വമാകുന്നു. അവിടെ എല്ലാം വളരെ ശുചിയായിരിക്കുന്നു. വളരെ വൃത്തിയായിരിക്കുന്നു. തെരുവുകളെല്ലാം ഇരുവശവും കെട്ടിച്ചും എല്ലാം ചൊവ്വായുമിരിക്കുന്നു. വളരെ ഭംഗിയിൽ പണിചെയ്യപ്പെട്ടിട്ടുള്ള അവരുടെ

ചെറിയ ചെറിയ വീടുകൾ, ജപ്പാനിലെ മിക്ക പട്ടണങ്ങളുടേയും പിൻഭാഗത്തായി കാണപ്പെടുന്ന മനോഹരങ്ങളായ പൎവ്വതങ്ങൾ, പൊക്കം കുറഞ്ഞു വെളുത്തു നല്ല ഉടുപ്പുകളോടുകൂടിയ ജപ്പാൻകാരൻ, അവന്റെ ഗതിവിശേഷം, ആംഗ്യങ്ങൾ, സ്വഭാവവിശേഷം, ഇവയെല്ലാം വളരെ ഭംഗിയാകുന്നു. ജപ്പാൻ രാജ്യമാസകലം തന്നെ അതിഭംഗിയുള്ള ഒരു രാജ്യമാകുന്നു. എല്ലാ വീടുകളിലും ഓരോ തോട്ടമുണ്ടാകും. പുൽക്കട്ടകൾ, വിശേഷമായ ചെടികൾ, കൃത്രിമമായ നദികൾ, പാലങ്ങൾ, എന്നിവയെക്കൊണ്ട് അതിനെ വളരെ മനോഹരമാക്കിത്തീൎക്കുന്നു.

നാഗസാക്കിയിൽനിന്നു കോബ് എന്ന പട്ടണത്തേക്കു പോയി. ജപ്പാൻരാജ്യം നല്ലവണ്ണം കാണുന്നതിനുവേണ്ടി ഇവിടെനിന്നു പിന്നെ കരക്കാണ് യാത്രയെല്ലാമുണ്ടായത്. കോബിൽനിന്നു യൊക്കഹോമയിൽ എത്തി. ജപ്പാൻ രാജ്യത്തിന്റെ ഉള്ളിലായി ഞാൻ ഗംഭീരങ്ങളായിട്ടു മൂന്നു നഗരങ്ങൾ കണ്ടു. ൧. കൈത്തൊഴിലുവേലകൾ സമൃദ്ധിയായിട്ടുള്ള ഒസക്ക എന്ന നഗരം, ൨. ജപ്പാനിലെ പഴയ തലസ്ഥാനമായ കിയോട്ടൊ എന്ന നഗരം. ൩. ഇപ്പോഴത്തെ തലസ്ഥാനമായ ടോക്കിയൊ എന്ന നഗരം. ടോക്കിയൊ കൽക്കട്ട നഗരത്തിനേക്കാൾ ഇരട്ടി വലിപ്പമുള്ളതാകുന്നു. അവിടത്തെ ജനസംഖ്യയും ഇരട്ടിയുണ്ട്. പാസ്സുകൂടാതെ യാത്രചെയ്യുന്നതിന്ന് ഉൾരാജ്യങ്ങളിൽ ഇതരദേശിയന്മാരെ അനുവദിക്കുന്നതല്ല.

കാലത്തെ അനുസരിച്ചുള്ള ഭേദഗതികൾ ജനസമുദായത്തിൽ വരുത്തേണ്ട കാൎയ്യത്തിൽ ജപ്പാന്കാർ വളരെ ജാഗ്രതയോടുകൂടിയിരിക്കുന്നവരാകുന്നു. അവർ അവരുടെ പട്ടാളങ്ങളെ പുതിയസമ്പ്രദായത്തെ അനുസരിച്ചു ക്രമപ്പെടുത്തിയിരിക്കുന്നു. വിശേഷമായ ഒരു ജാതി വലിയതോക്ക് അവരുടെ സേനാനായകന്മാരിൽ ഒരാൾ കണ്ടു പിടിച്ചിട്ടുണ്ട്. അത് ഇപ്പോൾ പാശ്ചാത്യന്മാരുടെ ഇടയിൽ നടപ്പുള്ള വലിയതോക്കുകളിൽ ഒന്നിന്റേയും താഴെ പോകുന്നതല്ല. അവർ തങ്ങളുടെ കപ്പൽസൈന്യത്തേയും പുതിയ രീതിയിൽ

ക്രമേണ വൎദ്ധിപ്പിച്ചുവരുന്നുണ്ട്*. ജപ്പാൻകാരനായ ഒരു ഇഞ്ചിനിരിന്റെ അദ്ധ്യക്ഷത്തിങ്കൽ ഒരു മൈൽ ദൂരം തുരന്നിരിക്കുന്ന ഒരു തുരവു ഞാൻ കാണുകയുണ്ടായി. അവിടെ തീപ്പെട്ടിയുണ്ടാക്കുന്നതിനുള്ള യന്ത്രശാല കാണേണ്ടതാണ്. അവൎക്കാവശ്യമുള്ള സകല പദാൎത്ഥങ്ങളും അവർതന്നെ ഉണ്ടാക്കണമെന്നാണ് അവരുടെ സിദ്ധാന്തം. ജപ്പാനിൽനിന്നു ചീനരാജ്യത്തേക്കു ഗതാഗതം ചെയ്യുന്ന ജപ്പാൻ കപ്പലുകൾ അനവധിയുണ്ട്. യൊക്കഹാമ (ജപ്പാൻ തുറമുഖം) യിൽനിന്നു ബൊമ്പായിലേക്കു പതിവായി ഓടിക്കുന്നതിന്നു കപ്പലുകൾ അധികം താമസിയാതെ തയ്യാറാകുന്നതാണ്. ഞാനവിടെ അനവധി ക്ഷേത്രങ്ങൾ കണ്ടു. എല്ലാ ക്ഷേത്രങ്ങളിലും സംസ്കൃതത്തിൽ ചില മന്ത്രങ്ങൾ എഴുതിയിരിക്കുന്നതും കാണുകയുണ്ടായി. ക്ഷേത്രത്തിൽ പെരുമാറുന്ന സന്ന്യാസിമാരിൽ അപൂൎവ്വം ചിലൎക്കുമാത്രം സംസ്കൃതഭാഷ അറിയാം. എങ്കിലും അവരെല്ലാവരും ബുദ്ധിശാലികളാണെന്നുള്ളതിന്നു വാദമില്ല. അവരുടെ ഇടയിലുംകൂടി പുതിയ പരിഷ്കാരഭ്രാന്തു വ്യാപിച്ചിട്ടുണ്ട്. ജപ്പാൻകാരെപ്പററിയുള്ള എന്റെ അഭിപ്രായം മുഴുവനും ഒരു ചെറിയ എഴുത്തിൽ കാണിക്കുവാനസാദ്ധ്യമാകുന്നു. ചുരുക്കത്തിൽ പറയുന്നതായാൽ നമ്മുടെ ചെറുപ്പക്കാരായ എല്ലാ പുരുഷന്മാരും വൎഷംതോറും ചീനരാജ്യവും ജപ്പാൻ രാജ്യവും കാണേണ്ടതാണ് എന്നാണ് ഞാൻ ഉപദേശിക്കുന്നത്. പ്രത്യേകിച്ചു ജപ്പാൻരാജ്യം. ജാപ്പാൻകാൎക്കു ഇന്ത്യാരാജ്യത്തെ വളരെ ബഹുമാനമാകുന്നു. ഉൽകൃഷ്ടമായും നല്ലതായുമുള്ള സകലതും ഇന്ത്യയിൽനിന്നാണുത്ഭവിക്കുന്നത് എന്നാണ് അവർ ഇപ്പോഴും വിചാരിക്കുന്നത്. എന്നാൽ നിങ്ങളൊ—നിങ്ങളുടെ കഥ എന്താകുന്നു? ജീവകാലം മുഴുവനും ധാടിവാക്കുകൾ മ

* സ്വാമികൾ പതിനൊന്നു കൊല്ലം മുമ്പാണ് ഇതെഴുതിയിരിക്കുന്നത്. ഇപ്പോൾ അവരുടെ കപ്പൽ സൈന്യത്തിന് മികച്ച യൂറോപ്യസൈന്യത്തോടും എതിൎത്തു യുദ്ധം ചെയ്യാനുള്ള സാമൎത്ഥ്യം സിദ്ധിച്ചിരിക്കുന്നുവെന്നത് അനുഭവസിദ്ധമായിട്ടുണ്ടല്ലൊ.

ത്രം പറഞ്ഞുകൊണ്ടിരിക്കുന്ന മൂഢന്മാരാകുന്നു. വ്യ.ഥാ കണ്ഠക്ഷോഭം ചെയ്യുന്നകൂട്ടരാകുന്നു. നിങ്ങളുടെ സ്ഥിതി എപ്രകാരമാണ് എന്ന് ഇനിയും സംശയമുണ്ടോ? ഉണ്ടെങ്കിൽ ഇവരെ (ജപ്പാങ്കാരെ) ഒന്നു വന്നു കാണുക. അതിൻെറ ശേഷം സലജ്ജം തലയും താഴ്ത്തിപ്പോയ്ക്കോൾക. നിങ്ങളെപ്പോലെ ബലഹീനന്മാരും ക്ഷീണബുദ്ധികളുമായി ലോകത്തിൽ ഇനി ഒരു വകക്കാരുണ്ടോ? ഇതരദേശങ്ങളിൽ സഞ്ചരിച്ചാൽ ജാതി പോകുമത്രെ!! കപ്പൽ യാത്ര ചെയ്താൽ ഭ്രഷ്ടനാകുമത്രെ!!! ആയിരം സംവത്സരമായിട്ട പരമ്പരയായി സംഗ്രഹിക്കപ്പെട്ട കട്ടിപിടിച്ചു കിടക്കുന്ന മൂഢവിശ്വാസത്തെ നിങ്ങൾ തലയിൽ ഏററിക്കൊണ്ടിരിക്കുകയല്ലെ? ആയിരം സാംവത്സരമായിട്ട് ഇതു ഭക്ഷിക്കാമോ, അതു ഭക്ഷിക്കാമോ, ഇതു തൊടാമൊ, അതു തൊടാമോ, എന്നിങ്ങിനെയുള്ള നിസ്സാരവിഷയങ്ങളെപ്പററി ഗൌരവമായി വാദിച്ചു പ്രയത്നം നിഷ്ഫലമാക്കിക്കളയുകയല്ലെ നിങ്ങൾ ചെയ്യുന്നത്? മഹാമൂഢന്മാരായ വൈദികന്മാരുടെ ഗോഷ്ഠികളെക്കണ്ടു ഭ്രമിക്കുന്നവരല്ലേ നിങ്ങൾ? അജ്ഞാനാന്ധകാരത്തിൽ തപ്പിത്തടഞ്ഞു നടക്കുന്ന ആ മൂഢന്മാരുടെ ആജ്ഞക്ക് അധീനന്മാരല്ലെ നിങ്ങൾ. അതാതു കാലത്ത സാമുദായികമായിട്ട മഹാകഠിനങ്ങളായ ഓരോ നിയമങ്ങളെ ഏൎപ്പെടുത്തുകയും കീഴ്പോട്ടു കീഴ്പോട്ടുള്ള ജാതിക്കാരെ നിൎദ്ദയമാംവണ്ണം ഇടിക്കുകയും ചെയ്കയാൽ ദയ എന്ന ഉൽകൃഷ്ടഗുണം നിങ്ങളുടെ ഹൃദയത്തിൽ തീരെ ശൂന്യമായി ഭവിച്ചിട്ടില്ലെ? നിങ്ങളുടെ അവസ്ഥ എന്താകുന്നുവെന്നൊ? നിങ്ങൾ ഇപ്പോൾ എന്തു ചെയ്യുന്നു? പുസ്തകങ്ങളും കക്ഷത്തിൽവെച്ച് കാററുകൊള്ളുവാനെന്ന നാട്യത്തിൽ കടൽക്കരയിൽ ഞെളിഞ്ഞു നടക്കുന്ന മഹാമൂഢന്മാരാകുന്നു നിങ്ങൾ. പാശ്ചാത്യപണ്ഡിതന്മാർ തലകടഞ്ഞുണ്ടാക്കിട്ടുള്ള ഓരൊ കൃതികളുടെ ഓരൊ വാക്ക് അൎത്ഥം മനസ്സിലാക്കാതെ ഉരുവിട്ടു പഠിച്ച് ദഹിക്കാതെ അവയെ അങ്ങിനെതന്നെ ഛൎദ്ദിക്കും. അതിൻെറശേഷം പത്തോ മുപ്പതോ രൂപ ശമ്പളത്തിൽ ഒരു ഗുമസ്തൻെറപണി കിട്ടുന്നതിന്നു അതി കഠിനമായി പ്രയത്നം ചെയ്യും; അതല്ലെങ്കിൽ പിന്നെത്തെ ശ്രമം മഹാ കപടനായ ഒരു വക്കീലാ

യിത്തീരുന്നതിന്നാകുന്നു. ഇതാണ് ഇന്ത്യയിലുള്ള ഇപ്പോഴത്തെ ചെറുപ്പക്കാരുടെ പരമമനോരഥം. നിങ്ങളുടെ പുസ്തകങ്ങളും, പരീക്ഷജയിച്ചുകിട്ടീട്ടുള്ള കോട്ടുകളും സട്ടിഫിക്കററുകളും മററും കെട്ടിത്താഴ്ത്തുവാൻ സമുദ്രത്തിൽ വെള്ളം മതിയാകില്ലെന്നുണ്ടോ?

അതിനാൽ പുരുഷന്മാരാകുവാൻ ശ്രമിക്കുക— ആദ്യംതന്നെ മഹാ മൂഢന്മാരായിരിക്കുന്ന വൈദികന്മാരേയും പുരോഹിതന്മാരേയും തള്ളിക്കളയുക. എന്തെന്നാൽ തലച്ചോറില്ലാത്ത മൃഗപ്രായന്മാരായ ഇവർ ഒരിക്കലും നേരെയാവുകയില്ല. അവരുടെ അന്തഃകരണത്തിൽ ശൂന്യമല്ലാതെ വേറെ ഒന്നുമില്ല. ശൂന്യമെങ്ങിനെയാണ് പരിഷ്കരിക്കുന്നത്? ശൂന്യത്തിന്നു വലുതാവാൻ വയ്യുമോ? അനവധി നൂററാണ്ടായി സംഗ്രഹിക്കപ്പെട്ടിട്ടുള്ള മൂഢവിശ്വാസവും, ജനോപദ്രവവുംകൂടി ചേർന്നിട്ടുള്ള യോഗത്തിൽനിന്നുത്ഭവിച്ചവരാകുന്നു അവർ— ആദ്യംതന്നെ അവരുടെ ഉന്മൂലനാശം വരുത്തുക. നിങ്ങൾ വരുവിൻ; പുരുഷന്മാരാകുവിൻ; ഇരുട്ടുമയമായിരിക്കുന്ന നിങ്ങളുടെ അളകളിൽനിന്നു പുറത്തു വെളിച്ചത്തേക്കു വരിക; നാലുപുറവും നോക്കുക; ഓരോ രാജ്യത്തുള്ള ജനങ്ങൾ എന്തെല്ലാം ജാതി അഭിവൃദ്ധിയെ പ്രാപിച്ചിരിക്കുന്നുവെന്നു കണ്ണുമിഴിച്ചുനോക്കുക. നിങ്ങൾ മനുഷ്യവർഗ്ഗത്തെ സ്നേഹിക്കുന്നുവോ? നിങ്ങൾ നിങ്ങളുടെ രാജ്യത്തെ സ്നേഹിക്കുന്നുവോ? ഉവ്വ് എങ്കിൽ വരു; നമുക്ക് ഇപ്പോഴത്തെക്കാൾ ഉൽകൃഷ്ടമായും നല്ലതായുമുള്ള കാൎയ്യങ്ങളെ പ്രാപിക്കുന്നതിന്നായി പ്രയത്നംചെയ്യുക. വരു; പിന്നാക്കം നോക്കരുത്; മുമ്പാക്കം തന്നെ നടന്നാലും.

ഇന്ത്യാരാജ്യം നന്നാവണമെങ്കിൽ ആദ്യം തന്നെ ചെറുപ്പക്കാരായ ആയിരം പുരുഷന്മാരെ ബലി ചെയ്യണം— യൌവനയുക്തന്മാരായ മനുഷ്യരാണ്, മൃഗങ്ങളല്ല; അതോൎമ്മവെക്കണം. ഈശ്വരാനുഗ്രഹംകൊണ്ടാണ് നമുക്ക് ഇംഗ്ലീഷ രാജ്യഭാരത്തിൻെറ കീഴിൽ വസിപ്പാൻ സംഗതിവന്നത്. അന്ധപരമ്പരയാ കട്ടിപിടിച്ചു കിടക്കുന്ന മൌഢ്യത്തെ തള്ളിയക്കുന്നതിന്നായിട്ട് ഈശ്വരൻ നമുക്കു തന്നിട്ടുള്ളതാകുന്നു ഈ രാജ്യഭാരം. ഇതിൻെറഫലം മ

ഗ്രാസിയിലുള്ളവൎക്കാണ് മുമ്പിൽ സിദ്ധിച്ചത്. അവിടെ സ്വാൎത്ഥരഹിതന്മാരും ഉദാരശീലന്മാരുമായ അനവധി മഹാന്മാർ ദരിദ്രന്മാരോടു വളരെ അനുകമ്പ കാണിക്കുന്നു. അവൎക്ക് അന്നവസ്ത്രാദികളെക്കൊടുത്ത് അവരുടെ ദാരിദ്ര്യദുഃഖത്തിന്നു നിവൃത്തി വരുത്തുന്നു. പൊതുജനങ്ങൾക്കു വിദ്യാഭ്യാസംകൊണ്ടു അറിവു വൎദ്ധിപ്പിക്കുകയും നിങ്ങളുടെ മുത്തച്ഛന്മാരുടെ ദ്രോഹംനിമിത്തം മൃഗപ്രായന്മാരായവരെ മനുഷ്യരാക്കിത്തീൎക്കുകയും ചെയ്യുന്നു. ഇങ്ങിനെ ആ മഹാന്മാർ സ്വാൎത്ഥമായി യാതൊരു ലാഭത്തേയുമിച്ഛിക്കാതെ തങ്ങളുടെ സഹോദരന്മാരെ ഉദ്ധരിപ്പിക്കുന്നതിന്നുവേണ്ടി അതിയായി യത്നം ചെയ്യുന്നു.

കെ. എം.

# അനന്തരവന്റെ ആവലാതി

ഢീക്കോട്ടുംവടിവീശിവീശിയഴകോടെത്തുന്നലാത്തീടുവാൻ
വക്കീൽനമ്മുടെശാമുമേനവനിതാഞ്ഞാങ്കണ്ടുമാലോതിടാം
ഉൾക്കൊള്ളുംകനിവോടുവല്ലവഴിയുംകാണാതിരിക്കില്ലപാ-
രൊക്കെപ്പേർപുകഴുന്നകേമനിവനെന്നോതുന്നിതെല്ലാവരും. ൧൯

'അല്ലാപോരികനമ്മൾതമ്മിലൊരുരണ്ടാണ്ടായികണ്ടിട്ടുതാൻ
വല്ലാതിങ്ങിനെമാലിയന്നപടിയായ്പ്പാടുന്നതെന്തോൎക്കുകിൽ
എല്ലാരുംതറവാട്ടിലമ്പൊടുകലമ്പീടാതിരിക്കുന്നുവോ?
ചൊല്ലാളുന്നൊരുമൂപ്പർനല്ലനിവൊടുംപോററുന്നുവോനിങ്ങളേ' ൨൦

ഒട്ടുംഞങ്ങൾപെടുന്നപാടുകളറിഞ്ഞീടാത്തൊരാളെന്നൊരീ
മട്ടിൽത്തട്ടിവിടുന്നതെന്തകമറിഞ്ഞീടാനൊരുത്രോടോൎക്കയോ
വീട്ടിൽക്കഞ്ഞികുടിക്കുവാനരിനിമേൽകിട്ടില്ലൊരാണ്ടാവുകിൽ
പിട്ടല്ലാവളരെക്കടത്തിൽമുഴുകിക്കാരേറിവീടാകവേ. ൨൧

'ആൎക്കാണീത്തറവാട്ടിലുള്ളമുതലുംമററും'?കടക്കാൎക്കുമാ-
വൎക്കത്തെററൊരുചേട്ടയായിമരുവുംനാണിക്കുമാണൊക്കയും
'നോക്കിക്കൊണ്ടമരുന്നതെന്തു?'തുണയില്ലാരും'പണംനല്കിയാം-
ലിക്കാണുന്നൊരുനാട്ടിലെത്രവിരുതന്മാരുണ്ടുനേരാക്കുവാൻ?' ൧൧

ഇല്ലല്ലോപണമെന്തുചെയ്വതു?'കടംകൊണ്ടീടുവിൻനിങ്ങളും'
തെല്ലല്ലാപണിപൈസ്സകിട്ടുവതിനീഞങ്ങൾക്കു'ഞാൻതന്നിടാം
അല്ലെങ്കിൽത്തരുവിച്ചിടാംപലിശയൊട്ടേറെക്കൊടുക്കേണമെ
ന്നല്ലാതില്ലൊരുകുററവും'ശരിയുറപ്പുണ്ടാകിലുണ്ടാംപണം' ൧൨

നേരംപോക്കരുളുന്നവോകണിശമായ്ചൊല്ലുന്നവോ?'ബുദ്ധി!ഞാ
നേരംപോക്കുപറഞ്ഞിടുന്നൊരുവനോ?'നീക്കീടുമോമൂപ്പരെ? [ൻ
'നേരാക്കാംവലുതുംനമുക്കുതെളിവുണ്ടാക്കാംപണംവീശിയാ-
ലാരാണീയ്യുലകത്തിൽവേണ്ടതുപറഞ്ഞീടാനൊരുങ്ങാത്തവൻ? ൧൩

കക്കില്ലേകളവായൊതുക്കിയപണംകൂട്ടിൽകരേറിട്ടവൻ
നില്ക്കില്ലേതലചുററിവീണാവഷളാവില്ലേകണക്കെന്നിയേ
വെക്കില്ലേവടിമണ്ടയിൽക്കഴുതയെച്ചെമ്മൺചുമപ്പിക്കുമാ-
റാക്കില്ലേതടവില്ലതെല്ലുമിതിൽഞാനേല്പെട്ടിറങ്ങീടുകിൽ' ൧൪

എപ്പോളെന്തുതരേണമെത്രചിലവുണ്ടെന്നുള്ളതെല്ലാമുറ-
ച്ചിപ്പോൾതന്നെയുരക്കിൽഞങ്ങളതിനായ്പട്ടങ്ങൾകൂട്ടാമുടൻ
'ഇപ്പോൾരൂപയൊരായിരംമതിയതുണ്ടാക്കാംമടിക്കാതെഞാ-
നെപ്പോളാണതരേണ്ടതെന്നുവഴിയേതീൎച്ചപ്പെടുത്താമെടോ' ൧൫

എന്നാലങ്ങിനെയാട്ടെനാളെയവിടെപ്പോരാം'എനിക്കുള്ളത-
ങ്ങൊന്നായിട്ടൊടുവിൽത്തെളിഞ്ഞുതരുമെന്നേററീടുമോവാട്ടുകാർ
തന്നാലുംശരിതന്നിടാഞ്ഞിലുമിതിൽകില്ലില്ലപാവങ്ങൾമേൽ
നന്നായാൽമതിയെന്നുറച്ചിതിലിറങ്ങുന്നുമടങ്ങാതെഞാൻ ൧൬

അത്താഴത്തിനുനേരമായിനിനടക്കട്ടെ'വെളുക്കുമ്പോഠംവ- [ല്യാ']
ന്നെത്താംഞാൻശരിതോമ്മനോക്കണെയുമെന്നോകേണ്ടതെല്ലെങ്കി
ഉഠംത്താരിൽക്കനിവോടുനിങ്ങളിതിനീവണ്ണാംപുറപ്പെട്ടതൊ
ന്നോത്താടല്ലിടയില്ലചെന്നാതൊഴുവിൻകുന്നിൻകിടാവിൻെറകാൽ

നോക്കാമീവഴിതോററപോയിട്ടുകിലുാചേതംവരാനില്ലിതിൽ
തോല്ക്കാഞ്ഞാൽകടമൊക്കെവീട്ടിവളരെക്കെംകേമമായ്പാണിടാം
മുക്കാലുംതറവാട്ടുകാരിതിനൊരുങ്ങീടുംമടിക്കാതെക-
ണ്ടാക്‌ാണാക്കഴുവേറിമൂപ്പരെനിനച്ചുഠംക്കാമ്പിലമ്പോക്കുകിൽ ൨൯

മൂപ്പുക്കുംമുറിനല്ലിമൂപ്പരുടെയാപ്പെണ്ണൊത്തുപാത്തിടുമാ
മൂപ്പുക്കുംകുടികൊണ്ടുകണ്ണിണചുടുത്താഠംക്കുംപിടിക്കായ്കിലും
ഇപ്പോഠംമററിവിടത്തിലുള്ളവരിതിപ്പൾച്ചുരുപെരുത്തോരുമാ-
ലൊപ്പംഞങ്ങഠം ...കൊണ്ടുവളരെക്കഷ്ണിച്ചിടുന്നില്ലയോ ൩൦

കൂറില്ലാത്തൊരുമൂപ്പർമാറിടുകിലോവേണ്ടോളമുണ്ടീടുവാൻ
ചോറില്ലാതെവരില്ലകണ്ടവർചിരിച്ചീടുന്നമട്ടിങ്ങിനെ
നാറില്ലാതറവാട്ടുപേർമുതൽമുടിഞ്ഞീടില്ലതെല്ലുംകടാ
ചേരില്ലാചിടയിൽപ്പെരുംപുഴയണിഞ്ഞുള്ളോൻതുണച്ചീടണം ൩൧

ചെമ്മേമാമലപെറെറടുത്തമകളേതൃക്കാലിണക്കായ്യൊഴു-
ന്നെന്മേൽതെല്ലുകനിഞ്ഞുവീട്ടുമുടിയാതാക്കാൻതുണക്കേണമേ
അമ്മേനിൻെറകിടാങ്ങളാകുമിവരെപ്പൂവമ്പനെക്കൊന്നവൻ
തന്മേനിക്കതിരിട്ടുപങ്കിയൊരുനീയ്യുമ്പോടുകാത്തീടണം ൩൨

പി. ജി. രാമയ്യൻ. ബി. എ.

(തുടരും)

# വിക്രമോർവ്വശീയസാരം.

ഇനി ഉർവ്വശിയുടെ പ്രധാനസഖിയായ ചിത്രലേഖയുടെ ഗുണങ്ങളെ ഗണിക്കുന്നു. ചിത്രലേഖക്ക്, ഉത്തമസഖീത്വത്തെ സൂചിപ്പിക്കുന്ന ഉർവ്വശിയിലുള്ള അതിദൃഢസ്നേഹം പ്രായേണ എല്ലാ വാക്കുകൾകൊണ്ടും പ്രവൃത്തികൾകൊണ്ടും സ്പഷ്ടമാകുന്നതിനാൽ പ്രത്യേകമായി ഉദാഹരിക്കുന്നില്ല. 'എന്താണ് നോക്കുന്നത്', 'എ! എന്ത്', (പുഞ്ചിരിയോടുകൂടി) 'ഇനിക്കുവയ്യ', 'നല്ലവണ്ണം പിണഞ്ഞിട്ടുണ്ടല്ലൊ', 'വിടുവിപ്പാൻ വയ്യെന്നാണിനിക്കു തോന്നുന്നത്' എന്നും മററുമുള്ള ചിത്രലേഖയുടെ വാക്കുകൊണ്ട് ആകാരേംഗിതാജ്ഞാതത്വം. 'ആര് ആരെയാണപേക്ഷിക്കുന്നതെന്നു താമസിയാതെ അറിയാറാകും', 'തോഴരോടുകൂടിച്ചേൎന്ന നിന്നോടു ഞാനാണിങ്ങിനെ പറയേണ്ടത' എന്നും മററുമുള്ള വാക്കുകൾകൊണ്ടു വാക്സാമൎത്ഥ്യം സൂചിക്കുന്നു. 'അഭയാതന്ന രാജാവിന്നറിയാം', 'ഇവളും ഉപവാസംകൊണ്ടു ചടച്ച് ഒരു വ്രതമുള്ളതുപോലെയിരിക്കുന്നു. വളരെ നേരം ഇവിടെ നില്ക്കില്ല നിശ്ചയം', 'നിനക്കു ഭൎത്തൃസമാഗമം വിഘ്നംകൂടാതെ ഭവിക്കും' എന്നും മററുമുള്ള വാക്കുകൊണ്ട് ഊഹസാമൎത്ഥ്യം തോന്നുന്നു. ഉർവ്വശി രാജാവിൻെറ കണ്ണുപൊത്തിയപ്പോൾ ചിത്രലേഖ കൈകൊണ്ട് ആംഗ്യംകാട്ടി ഇന്നാളെന്നു മിണ്ടരുതെന്നു വിദൂഷകന്നറിവുകൊടുത്തതുകൊണ്ടു വിദൂഷകൻെറ തൊറസത്തസ്വഭാവവും അങ്ങുന്നു ദാസന്മാകയാൽ അവൾക്കു സ്വൎഗ്ഗസുഖമെന്നുതന്നെയല്ലാ അന്യസൎവ്വസുഖവും നിസ്സാരമാണെന്നൎത്ഥമായി രാജാവിനോട് 'അനുഗ്രഹമായി ഇനിക്ക്' എന്നു ചിത്രലേഖ പറഞ്ഞതുകൊണ്ടു രാജാവിൻെറ സകല ദിവ്യഗുണപ്രഭാവവും ചിത്രലേഖക്കറിയാമെന്നു സൂചിക്കുന്നതിനാൽ ആളുംതരവുമറിക എന്ന ഗുണം തോന്നുന്നു. 'ആട്ടേ ഇവളെക്കൊണ്ട്' എന്നു മുതൽ 'പെട്ടിരിക്കുന്നത്' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ട് ഉചിതനൎമ്മപ്രയോഗസാമൎത്ഥ്യം തോന്നുന്നു. 'അല്ലാ, ഇതുൎവ്വശിയല്ലേ? തത്രഭവതിയുടെ ഇഷ്ടതോഴി

യായിരിക്കണം' എന്നുള്ള വിദൂഷകന്റെ വിചാരംകൊണ്ടു ചിത്രലേഖക്ക് ഉൎവ്വശീസദൃശസൌന്ദൎയ്യം സൂചിക്കുന്നു. 'തോഴി! അവർ തമ്മിൽ ചേരുവാൻ വല്ല ഉപായവുമുണ്ടോ?' എന്ന സഹജന്യ ചോദിക്കയും 'ശ്രീപാൎവ്വതിയുടെ ചരണരാഗത്തിൽനിന്നുണ്ടായ സംഗമനീയമെന്ന മണികൂടാതെ എന്താണവൎക്കു സംഗമോപായ' മെന്നു ചിത്രലേഖ മറുവടി പറകയും ചെയ്യുതുകൊണ്ട് സാധാരണ ദിവ്യസ്ത്രീകളേക്കാൾതന്നെയും ജ്ഞാനശക്തി ചിത്രലേഖക്കു കൂടുമെന്നു സൂചിക്കുന്നു.

ശക്തിപ്പെട്ടീടുമോമത്സഖിതയു,മധികം
　　ഭംഗിയായിട്ടുപ്പോ-
നൊക്കുംസാമൎത്ഥ്യവും,കാരിയമൊരുതരമൂ-
　　ഹിച്ചെടുപ്പാൻമിടുക്കും,
യുക്ത്യാകണ്ടേററമാളുംതരവുമറികയും,
　　ദേഹസൌന്ദൎയ്യവും,നൽ-
തക്കംപോലുള്ളനൎമ്മങ്ങളിൽനിപുണതയും,
　　ദിവ്യവിജ്ഞാനവയ്പും,
ചിത്രലേഖക്കിതിന്മട്ടി-
ലൊത്തീടുംസൽഗുണങ്ങളിൽ
ചിത്രമായസഖിത്വാംതാ
നെത്രയുംപ്രബലംദൃഢം

ഇനി ദേവിയുടെ ചേടിയായ നിപുണികയുടെ ഗുണങ്ങളെ ഗണിക്കുന്നു. നിപുണിക തന്റെ ഉള്ളിലുള്ള വിചാരങ്ങളെ ഒട്ടും പുറത്താക്കാതെ വിദൂഷകനെക്കൊണ്ട് ഉള്ളിലുള്ളതെല്ലാം പറയിച്ചു എന്ന കഥകൊണ്ട് നിപുണികയുടെ നൈപുണ്യം സൂചിക്കുന്നു. ദേവി ഇങ്ങിനെയുള്ള കാൎയ്യങ്ങളിൽ നിപുണികയെ അയച്ചതുകൊണ്ട് ദേവീവിശ്വാസം തോന്നുന്നു.

എവ്വംദുൎഘടകാൎയ്യം
കൈവരുവാനുള്ളകൎമ്മനൈപുണ്യം,

ദേവീവിശ്വാസം,പുന-
രാവോളംനിപുണികക്കരണ്ടുഗ്ഗുണം

ഉവ്ശിയെ കേശി പിടിച്ചുകൊണ്ടുപോയപ്പോഠം ഒരു രക്ഷിതാവിനേയും കാണ്മാനില്ലെങ്കിലും ഇന്നിന്ന ഗ്ഗുണങ്ങളുള്ളവൻ രക്ഷിച്ചാൽ കൊള്ളാമെന്നു വിളിച്ചുപറഞ്ഞു കരഞ്ഞതുകൊണ്ടും മററും അവസാനംവരെ നില്ക്കുന്ന സഖീസ്നേഹവും ഉത്സാഹവും തോന്നുന്നതുകൂടാതെ രംഭ, സഹജന്യ, മേനക, ഇവക്കു മറെറാരു ഗ്ഗുണവും പറയത്തക്കതായിട്ടില്ല.

സ്നേഹംസഖികളിൽ,കാഠ്യം-
ത്സാഹമററംവരെസ്ഥിരം
സഹജന്യാദിമൂവ്വക്കു-
മിഹരണ്ടീവിധംഗ്ഗുണം

ഇന്ദ്രന്റെ കല്പനകൊണ്ട് അസുരന്മാരെ ജയിക്കുവാൻ പുറപ്പെട്ടതിനാൽ ചിത്രരഥൻ പരാക്രമശാലിയും, രാജാവിന്റെ വിക്രമത്തേയും അഗവിനേയും ഉചിതമായി ശ്ലാഘിച്ചതിനാൽ ഗ്ഗുണജ്ഞനും, വാഗ്മിയും ആണെന്നു തോന്നുന്നു.

ഗ്ഗുണജ്ഞഭാവം, വാഗ്മിത്വം,
രണത്തിലതിവിക്രമം,
ഗ്ഗുണംചിത്രരഥന്നേവ-
മിണങ്ങീടുന്നുമൂന്നിഹ

'രാജാവിന്റെ അടുക്കൽചെന്നു ദേവിയുടെ വാക്കുപറക' എന്ന പ്രവൃത്തിചെയ്യാൻ എണീററുനടപ്പാൻ ശേഷിയുള്ളവക്കൊക്കെ പ്രയാസമില്ലല്ലോ. പ്രകൃതനാടകത്തിലെ ഹരിക്കാരന്ന് ഈ പ്രവൃത്തിയും അതിവാദ്ധക്യത്താൽ ഞെരുക്കമായിരിക്കുന്നുവെന്നുവരികയാൽ അതിക്ഷീണവും, അതുകൊണ്ടു വളരെ സ്ത്രീകഠം പെരുമാറുന്ന അന്തഃപുരത്തിലേക്കു യോഗ്യത്വവും സൂചിക്കുന്നു.

പുരസ്ത്രീകളെഴുന്നന്തഃ-
പുരവാസോചിതത്വവും

ജരയാൽക്ഷീണവുംരണ്ടു
ഹരിക്കാരന്നഹോഗ്ഗുണം

ആയുസ്സ് അമ്മതന്നെ എന്നു വിചാരിക്കുന്ന താപസി, തന്റെ പ്രവൃത്തി കഴിഞ്ഞ ഉടൻതന്നെ തപസ്സിന്നു പോകയാൽ കുട്ടികളെ വളൎത്തിക്കൊണ്ടുവരുവാൻ സമൎത്ഥയാണെന്നും തപസ്സിൽ നിഷ്ഠയുള്ളവളാണെന്നും സൂചിക്കുന്നു.

വൈപാരംബാലകരക്ഷക്കു
ചേരുന്നോരുപടുത്വവും,
പാരംതപോനിഷ്ഠയും,ര-
ണ്ടാരോമൽതാപസീഗ്ഗുണം

'അങ്ങിനെതന്നെ. ഇവിടുത്തെ ഛായയുണ്ട്' എന്ന് വിദൂഷകൻെറ വാക്കുകൊണ്ടും, 'ഒ! പറയാതെതന്നെ അറിയുന്നുണ്ട്, ഈ രാജൎഷിയുടെയും ആയുസ്സിൻേറയും ഔരസമായ സംബന്ധം' എന്നു താപസിയുടെ വിചാരംകൊണ്ടും, രാജകുമാരന്ന് സൌന്ദൎയ്യംമുതലായ ആകൃതിഗ്ഗുണങ്ങൾ തോന്നുന്നു. പിന്നെ 'വിദ്യാഭ്യാസവും കഴിപ്പിച്ചിട്ട് ധനുൎവ്വേദവും അഭ്യസിപ്പിച്ചു' എന്ന താപസിയുടെ വാക്കുകൊണ്ട് ആയുസ്സിന്നു സകല വിദ്യാസാമൎത്ഥ്യവും വിശേഷിച്ച് ധനുൎവ്വേദനൈപുണ്യവും സൂചിക്കുന്നു. 'ലാതവ്യ! എൻെറ വാക്കായി മന്ത്രിമാരോടു കുമാരൻെറ രാജ്യാഭിഷേകോത്സവത്തിന്നു വേണ്ട വട്ടങ്ങളൊക്കെ തയ്യാറാക്കാൻ പറയൂ' എന്നും മറവമായ രാജാവിൻെറ വാക്കുകൊണ്ടും ഇന്ദ്രൻ സംഭരിച്ച സാമാനങ്ങൾകൊണ്ട് നാരദമഹൎഷി ആയുസ്സിൻെറ അഭിഷേകം നടത്തിച്ചതിനാലും 'തവായുസ്സിൻയൌവരാജ്യനവശ്രീയോൎമ്മതന്നുമേ! ദേവേന്ദ്രൻ യുവരാജാവായ്മേവിച്ചോരു കുമാരനെ!!' എന്ന് അരുളിച്ചെയ്യതിനാലും, ആയുസ്സിന്നു രാജ്യപരിപാലനസാമൎത്ഥ്യം സൂചിക്കുന്നു. 'അച്ഛ! വലിയകാളയെടുത്തിരുന്ന ഭാരമെടുപ്പാൻ വത്സനെ വെക്കുന്നതു ശരിയല്ലാ' എന്ന വാക്കുകൊണ്ട് ആയുസ്സിൻെറ വിനയം സൂചിക്കുന്നു.

ആയുസ്സിന്നിഹവിദ്യയും,വിനയവും,
സൌഖ്യാഭവിക്കുംവിധം

ന്യായത്തിൽക്ഷിതിമണ്ഡലംമുഴുവനും
കാക്കാൻമിടുക്കും,പരം,
കായത്തിൻഗ്ഗുണവും,സ്വപോചിതധനു
ർവ്വേദത്തിൽനൈപുണ്യവും,
മായംവിട്ടുഗുണങ്ങളഞ്ചിവവിള
ങ്ങിടുന്നുകേടെന്നിയേ

നാരദൻെറ പ്രഭകൊണ്ട് എല്ലാവരുടേയും കണ്ണുകൾ മഞ്ഞളിച്ചുപോയെന്നു പറകയാൽ നാരദന്ന് അത്യുല്ക്കടതേജസ്സുണ്ടെന്നു സൂചിക്കുന്നു. 'ശ്രീനാരദമഹർഷിയെക്കണ്ടിട്ട് പോരിൽചാരിക്കുമൊരു കല്പകമെന്നപോലെ' എന്നു രാജാവു പറകയാൽ നാരദന്ന് സർവ്വാഭീഷ്ടപ്രദാനശക്തിയുണ്ടെന്നു തോന്നുന്നു. 'ദമ്പതികൾ പിരിയാതെ ഇരിക്കട്ടെ' എന്ന അനുഗ്രഹംകൊണ്ടും 'അങ്ങക്കിന്ദ്രൻ' എന്ന ശ്ലോകംകൊണ്ടും, നാരദൻെറ വാങ്മാധുര്യം തോന്നുന്നു. 'ഇങ്ങിനെ ഭവാനനുഗ്രഹിച്ച ഇവൻ എങ്ങിനെ അയോഗ്യനായി ഭവിക്കും' എന്നു രാജാവു നാരദനോടു പറഞ്ഞതുകൊണ്ട് അർത്ഥത്തെ ബലാൽക്കാരേണ ആകർഷിപ്പാൻമാത്രം ശക്തിയുള്ള വാക്പ്രഭാവം തോന്നുന്നു.

വാക്കിൻമധുരത,ചൊല്ലു
ന്നൊക്കെയുമൊക്കാൻപ്രഭാവ,മതിശോഭ,
ചിക്കന്നഖിലവുമേകാൻ
ശക്തി,സുരർഷിക്കുനാലിവഗുണങ്ങൾ

ഭരതമഹർഷിയുടെ ശിഷ്യന്മാരായ പേലവൻെറയും ഗാലവൻെറയും, രാജാവിൻേറയും ദേവിയുടേയും, പേരു പറയാത്ത പരിജനങ്ങളുടേയും, കഞ്ചുകിയുടേയും, കിരാതിയുടേയും, യവനികയുടേയും, ഗുണങ്ങൾ പറയത്തക്കവയല്ലാഞ്ഞയാൽ ഈ ഗുണവിവരണത്തെ ഇവിടെ അവസാനിപ്പിക്കുന്നു.

കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ.

# പാക്കനാര

85. നന്നൊട്ടുനന്മകളിതെന്നുടെതമ്പുരാട്ടി
തോന്നട്ടെയിങ്ങിനെനിനക്കിനിമേലിലെല്ലാം
ഇന്നാട്ടുകാരിലിതിനോടെതിരായനന്മ
ചേൎന്നിട്ടൊരാളെയടിയന്നറിവില്ലയല്ലോ.

86. പാവപ്പെട്ടവരിൽപെരുത്തുകനിവുണ്ടാവേണമെന്നുള്ളന-
ല്ലാവെയ്പ്പൊട്ടുവിടാതെപാൽമൊഴിപിടിച്ചാലുംമടിച്ചീടൊലാ
നീവായ്പിട്ടുരചെയ്കയാണിതിവനെന്നോൎക്കേണ്ടമാലൊട്ടുമു-
പ്പൂവിൽപെട്ടുഴലാത്തവൎക്കുതുണചെയ്യിട്ടെന്തുകിട്ടുന്നതും.

87. മെയ്യിന്നുനന്നഴകതെങ്കിലുമുള്ളിനുംനാം
ചെയ്യുന്നതിന്നുമതിലേറിയനന്മവേണം
പൊയ്യിന്നുഞാൻപറകയല്ലഴകുള്ളനിന്റെ
കയ്യിന്നിനന്മയിതുപോലെഴുമാറുപിടിക്കും.

88. മൽക്കണ്ണിനീകണവനേയുമകംകുളുത്തു
മുക്കണ്ണനേയുമൊരുപോലെവണങ്ങിടേണം
നീക്കുന്നുനീരണിയുവോൻകണവന്റെപാകം
നോക്കുന്നകാർകുഴലിമാൎക്കഴലുൾക്കരുന്നിൽ.

89. ചാകുന്നനാൾവരെയുമിങ്ങുതനിക്കുമേലേ
യാകുന്നകൂട്ടരിൽവണക്കമിയന്നുചാലേ
വാഴ്കെന്നുമൂററമതുകാട്ടിടുവോരെവിട്ടു
പോകുന്നുനന്മയകലെക്കരികുന്തലാളേ.

90. ഒട്ടാപിണക്കമൊരുതേകണവൻമുറയ്ക്കു
വേട്ടുള്ളമററമടവാരിലൊരുത്തരോടും
പിട്ടല്ലനല്ലൊരുമയുള്ളൊരുതോഴിതന്റെ
മട്ടാണുവേണ്ടതവരോടലരമ്പവയ്മ്പേ!

91. ഏറക്കയെത്തുപതിവുള്ളൊരുമട്ടുവിട്ടു
മാറിക്കരിങ്കുഴലിനീമരുവുമ്പോഴുംതാൻ
ചിറിക്കുറച്ചുമഴലക്കണെവന്നുതട്ടാം
മാറോക്കനിയ്ക്കുചെറുതേന്മൊഴിചെയ്യിടല്ലേ.

92. വേണ്ടുന്നനന്മമുതൽമെയ്യുഴറ്റകെന്നിതെല്ലാ
മുണ്ടെന്നുകണ്ടുനിലവിട്ടുഞെളിഞ്ഞിടല്ലേ
ഉണ്ടിന്നുവേണ്ടുമുതലിങ്ങൊരുവന്നുപിച്ച
തെണ്ടുന്നുനാളെയവനിങ്ങിനെകാണ്മതില്ലേ.

93. നന്നായകായനിറയുന്നമരങ്ങളുംനീർ
ചേർന്നോരുകാർമുകിലുമെങ്ങിനെതാന്നിടുന്നു
ഇന്നക്കണക്കുമുതലെത്രവളർന്നിതെന്നാൽ
താന്നീടുമത്രതെളിവാർന്നറിവേറിടുന്നോൻ.

94. കാറോടിടുംകുഴലിനീകണവന്റെവേല
ക്കാരോടിടഞ്ഞിടയിടക്കുകലമ്പിടല്ലേ
ക്കൂറോടുകാക്കുകവരെക്കനിവാണനല്ല
താരോടുമെന്നതകതാരിലറിഞ്ഞിടേണം.

95. പാരായിടുന്നൊരുപകിട്ടിതിനൊക്കെനല്ല
വേരായിടുന്നവിരുതേറിയതമ്പുരാൻതാൻ
നേരായതെന്നുമറയോരുരചെയ്തുകൊണ്ടു
നേരായനല്ലവഴിനോക്കിനടക്കെടോനീ.

96. എന്തെങ്കിലുംവലിയൊരല്ലലിയന്നകത്താർ
വെന്തെങ്കിലന്നിവനെയോർക്കുകനീയുമെന്നാൽ
വെൺതിങ്കൾചൂടുമവനാണഴലാറ്റുവൻതാൻ
ചന്തംകലർന്നമടവാർമുടിചേർന്നമുത്തേ.

97. എന്നോതിനിന്നളവുകെട്ടിയവൾക്കിതേകം
കെന്നൊട്ടുപാലവനാപിന്നെയുമങ്ങുനൽകി
വന്നീടുമുൾത്തെളിവൊടായവൾദപായികട്ടി
നന്നെന്നുമുൾത്തളിരിലോർത്തിതുചാക്കനൊരും.

98. മിന്നുന്നമിന്നലൊളിമെയ്യെഴുമായവൾക്കു
പിന്നെപ്പറഞ്ഞപടിനന്മകളൊത്തൊരുത്തൻ
നന്നായനോമതിൽനല്ലൊരുതാലികെട്ടി
മുന്നേതിലുംതെളിവവൾക്കുളവായ്ക്കൊണ്ടുകിട്ടി.

99. ഉള്ളൊത്തൊരക്കണവനൊത്തവനുള്ളനല്ലോ
രില്ലത്തുപാർക്കുവതിനായവൾപോയിപിന്നെ
വല്ലാതെത്താത്ത്രക്കഴകലരുംമലരമ്പനന്പും
വില്ലിൽത്തൊടുത്തുതുണയായിനടന്നുമുമ്പിൽ.

100. പെരുകുമഴകുകൊണ്ടുംപേറിട്ടാനന്ദംകൊണ്ടും
വിരവൊടുമുതൽവേണ്ടുംവണ്ണമുണ്ടാകകൊണ്ടും
ഇരിവരുമഴൽകൊണ്ടുള്ളാടിവാടാതകണ്ടു
ള്ളരിയൊരുതെളിവാണ്ടാകൊണ്ടുതാൻവാണുകൊണ്ടോർ

101. താരമ്പനുതെളിവേറാ
മാറമ്പൊടുരണ്ടുപേരുമൊരുമിച്ച്
താരമ്പക്കളിനാടിയ–
താരമ്പാരാപുകൾത്തിയൊപ്പിപ്പാൻ.

[ളെ

102. തൊണ്ടിതൻപവിഴമോട്ടുചേർന്നുപവിഴങ്ങൾമിന്നലിനുകൈകൾ
കൊണ്ടുകെട്ടിവരിയുന്നനേരമുളവായിവന്നുതെളിവേററവും
രണ്ടു[illegible]മലയമഞ്ഞിതങ്കനിറമാണ്ടനല്ലചെടികോൾമയി[യേ
കക്കൊണ്ടുകൊണ്ടുതെളിവാണ്ടുമിന്നലൊടുചേർന്നുനിന്നുതടവെന്നി

103. അമ്പിളിക്കൊരുവിരിഞ്ഞതണ്ടലരിലായിരിപ്പരിമയരമനതൻ
തുമ്പിലാക്കിലഴകൊത്തവാഴയൊടടുത്തുകൂടിയഴലെന്നിയേ [ൻ
മുമ്പിലൊക്കെയൊഴിയാതിരുന്നവലിയോരുനാണമതുമൊട്ടുതാ
പിമ്പിലാക്കിമറവൊക്കനീക്കിവിലയററമിന്നൽവിളയാടിതേ

104. പാരിടത്തിലഴകേറീടുന്നതളിരിൽചുവപ്പുതെളിവാന്നൽ
കൂരിരുട്ടിനുനടുക്കുമമ്പിളിയതിന്നലൊക്കയുമണഞ്ഞുടൻ
കൂറൊടൊത്തുകളിയാടികുന്നാമൂലായദിക്കുകളിലമ്പതായ്
ത്താരൊടൊത്തവിരുതൻറചെപ്പടികളൊക്കയാക്കുപറയാവള്ളം

105. ചാഞ്ഞുകുന്നുകളുലഞ്ഞുകെട്ടടന്നഴഞ്ഞുകൂരിരു-
ളഴിഞ്ഞിതാ-
രാഞ്ഞുവണ്ടുകളണഞ്ഞിടുംമലർപൊഴിഞ്ഞുകാർമണ-
ണിഞ്ഞുടൻ
പഞ്ഞമെന്നിയെവിളഞ്ഞമുത്തുകൾതെളിഞ്ഞുതിങ്കളിൽ
നിറഞ്ഞുതേ
തേഞ്ഞുതൊണ്ടികൾമുറിഞ്ഞുചോപ്പതുകുറഞ്ഞമട്ടതു
മറിഞ്ഞുപോൽ.

106. തിങ്കളിൻറനടുവിങ്കലുള്ളകരിമീങ്കളിച്ചകമതിങ്കലു-
ള്ളുങ്കലഞ്ഞുകളിയിങ്കലുള്ളവിരുതുങ്കളഞ്ഞുനിലവായിതേ
പൊങ്കുടങ്ങൾപെരുകുന്നവരുക്കിലൊരുപങ്കൊടങ്ങുമരുവീകയിൽ
പൊങ്കിടാങ്ങളുടെയൊച്ചപോലെയുരുകുമുങ്കടങ്ങിമലരമ്പനും.

107. വയ്മ്പേറിടുന്നവിരുതൻമലരമ്പനുള്ള
വയ്മ്പോരിൽമെയ്യുതളൎന്നകതാർതെളിഞ്ഞ
അയ്മ്പേരുമായവർകഴിച്ചുകുറച്ചുനാളാ
നമ്പൂരിതന്നെയൊരുപാമ്പുകടിച്ചുപിന്നെ

108. വയ്ക്കത്തപ്പൻെറവെണ്ണീർവിരവിനൊടുകല
ക്കിക്കുടിപ്പിച്ചുപാമ്പു
മ്മേയ്ക്കാട്ടില്ലത്തുനമ്പൂതിരിമുതൽവളരെ
പ്പേരെയുംകാട്ടിനോക്കി
ക്കില്ലാപാമ്പുവല്ലാത്തതിതിന്നുമരു
ന്നില്ലനോക്കേണ്ടനാമെ
ന്നൾകൊള്ളുംമാലൊടെല്ലാവരുമപ്പൊഴുതിൽ
പയ്യവേകയ്യൊഴിച്ചു

109. പട്ടടകൂട്ടിച്ചുടുവാൻ
പെട്ടിട്ടുമഴലോടുവെച്ചിതുടലെന്ന്
കേട്ടടനേകയിൽമൊഴിയാൾ
കാട്ടിട്ടുമഴലിൻെറമട്ടുപറയാമോ

110. തേങ്ങിത്തേങ്ങിക്കരഞ്ഞുംതെളിവകതളിരിൽ
തെല്ലുമില്ലാതൊഴിഞ്ഞും
തിങ്ങീട്ടുംമാലെരിഞ്ഞുംതെരുതെരെയളവി-
ല്ലാതെകണ്ണീർചൊരിഞ്ഞും
വിങ്ങിക്കണ്ണൊട്ടടഞ്ഞുംചൊടിയിണനെടുവീ-
ർപ്പാലെവാടിക്കരിഞ്ഞും
പൊങ്ങീട്ടുംമാൽപൊറാഞ്ഞപ്പൊടിയിലവളുരു
ണ്ടിട്ടുചാവാൻതുനിഞ്ഞാൾ

111. മാലേറിമാറിടമടിച്ചുപൊളിച്ചുകണ്ണീ
രാലേകുളിച്ചുമുറയിട്ടിട്ടുമായവൾക്ക്-
പാലേകിയന്നുകനിവാർന്നൊരുപാക്കനാരു
ചാലേപറഞ്ഞമൊഴിയൊക്കയുമോർമ്മവന്നു

112. ആരേവമല്ലലിതുമാററമിനിയ്ക്കുപാക്ക
നാരേകനിഞ്ഞിവളൊടങ്ങുപറഞ്ഞതെല്ലാം

നേരെങ്കിലിപ്പൊഴതുകാട്ടുവതിന്നുനന്നായ്
നേരേവരേണമുടനെന്നവളോതിപിന്നെ

113. കത്തീടുമുള്ളൊടുടനിങ്ങിനെതന്നെമിന്ന-
ലൊത്തീടുമായവൾനിനച്ചതറിഞ്ഞനേരം
എത്തീടിനാനവിടെയമ്പൊടുപാക്കനാരു
മുൾത്തേടുമല്ലലതുവെക്കമെവൾക്കുനിക്കാൻ

114. ഓടിക്കിതച്ചുടലതൊട്ടുവിയൎത്തുനന്നെ
വാടിക്കുഴഞ്ഞുകനിവേറിയപാക്കനാരും
തേടിക്കനക്കുമഴലോടുതിരക്കിനുള്ളിൽ
കൂടിക്കടന്നരിയപട്ടടയോടടുത്തു

115. തീണ്ടീടൊലാപറയപോടപുറത്തുതല്ലു
കൊണ്ടീടുമെന്നുപലരുംപറയുമ്പോഴൊന്നും
മിണ്ടീലപട്ടടയൊടേററമടുത്തുകയ്യു
കൊണ്ടക്കിടക്കുമുടൽതൊട്ടുപറഞ്ഞുപിന്നെ

116. മുറിക്കഴുത്തനാരുതന്നിരിക്കുമാണ്ടുമുപ്പതും
മുറയ്ക്കുതീൎന്നുപോയിതെന്നിരിക്കിലുംതെളിഞ്ഞിനി
തിരക്കിനന്നുചേൎന്നൊരിത്തിരിക്കുമാടൽതേടിടാ-
തിരിക്കുകാണ്ടുണൎന്നൊരുൎക്കയാലെണീക്കുനീ.

117. മുമ്പത്തെന്മൊഴിചെയ്തതോൎത്തുമവളിൽ
ചേൎന്നീടുമാനന്ദതൻ
വമ്പോളത്തുംതെളിവേററമുൾത്തളിരിലാ-
ന്നാപ്പാക്കനാരിങ്ങിനെ
അമ്പോത്തോതിടുമപ്പൊഴേമിഴിമിഴി-
ച്ചുംകൊണ്ടുനമ്പൂരിയുൾ
ക്കാമ്പിൽതിങ്ങിവളൎന്നീടുംതെളിവിയ-
ന്നിട്ടന്നെഴുന്നേററപോൽ

118\. താനെന്നോതെല്ലപാലേകിയതകമതിലോ-
ത്തിന്നിതപ്പാഷനൊർചെ-
യ്യാനെന്നോനന്നിതെന്നോത്തെഴമൊരുതെളിവാൽ
കണ്ണനീരാപൊഴിച്ച്
മാനെന്നുംതോറമേണ്ടാമിഴികളുടയൊരം-
പ്പെണ്ണിടാവുംവണങ്ങി
ടാനന്നപ്പാക്കനാർതന്നുടെയരികിലണ-
ഞ്ഞീടിനാളാടലെന്യേ

119\. ചൊന്നാളപ്പാക്കനാരെത്തൊഴുതവളിതുന-
ന്നനുഞാൻതന്നപാലാൽ
കുന്നോളംപൊന്നിനാൽകൈവരുവതിനെളുത-
ല്ലാത്തതായൊന്നുകിട്ടി
നിന്നോളംവമ്പുമമ്പുംകലരുമൊരുവനി-
ല്ലെന്തിതിന്നൊന്നുചെയ്യാ-
നെന്നാലാകുന്നതിങ്ങുള്ളതുമുഴുവനുമേ-
കീടിലുംപോരയല്ലോ

120\. ഈവണ്ണമോതുമവൾതന്നുടെമട്ടുകണ്ടു
പ്പൂവിന്നുടൻതെളിവുകൂടിയവൻപറഞ്ഞാൻ
കൈവന്നനിന്നുടയനന്മകളാലിതെന്നാ-
ലാവുന്നതല്ലിതിനിമറ്റൊരിടത്തിലായാൽ

121\. ചാകുന്നനാൾവരയുമിങ്ങിനെനന്മതിങ്ങി
വാഴ്കെന്നുമുൾത്തെളിവിനിസ്സുഖമുകൊണ്ടുകിട്ടാ
പോകുന്നുഞാനുമിനിമേലിൽനിനക്കമാല്യ-
ണ്ടാകുന്നതല്ലവളരാതെളിവുൾക്കരുന്നിൽ

122\. എന്നീവണ്ണംകനിഞ്ഞുൾത്തെളിവുവളരുമ-
പ്പാക്കനാർതാൻപറഞ്ഞു
നിന്നീടാതെതിരിഞ്ഞുനലമൊടുമവിടം
വിട്ടുതൻവീടണഞ്ഞു

ചെന്നോരൊക്കെപ്പിരിഞ്ഞുചിതമൊടവളരും
മാലതെല്ലാമൊഴിഞ്ഞു
കന്നൽക്കണ്ണാൾതെളിഞ്ഞുകണവനുമവൾതൻ
നന്മനന്നായറിഞ്ഞു

123. നല്ലമലയാളമിതിലെ-
ന്നല്ലറിവെങ്ങുംപരത്തിയതിനാലേ
ചൊല്ലേറിപ്പറയരണി
ക്കില്ലായൊരുപാക്കനാർനടക്കട്ടെ.

124. കാക്കുഴലികൈതൊഴാംത്ര-
ക്കണ്ണേകനിഞ്ഞെന്നെയുരകത്തമ്മേ
കാസ്സുംകനിവൊടുപാരിതു
കാക്കാത്തുക്കൺകടസ്സുലാക്കാക്കു.

സമാപ്തം.

കുന്നൂർ നാരായണമേനോൻ, ബി. എ.

ഇതകെ ഇളമന ഹരി
ഇല്ലം ഇല്ലം

# പച്ചമലയാളം

കേരളത്തിലെ പുരാതന ഭാഷാഗാനങ്ങളിൽ സംസ്കൃതശബ്ദങ്ങളുടെ പ്രയോഗം അധികം ഉണ്ടായിരുന്നില്ല. തമിഴ്, തെലുങ്ക് മുതലായ ഇതരദ്രാവിഡഭാഷകളിലെ പ്രാചീനസാഹിത്യത്തിനും സംസ്കൃതത്തോടുള്ള സംബന്ധം ഏററവും കുറവാകുന്നു. മണിപ്രവാളകവിതയുടെ ആവിർഭാവത്തോടുകൂടി പണ്ഡിതന്മാൎക്കു ഗീർവാണഭാഷാപദങ്ങളിൽ അഭിരുചി അധികമാവുകയും, തന്നിമിത്തം അതിനുമുമ്പു ഭാഷാകൃതികളിൽ ഉപയോഗിക്കപ്പെടാതെയിരുന്ന അനേകം സംസ്കൃതവാക്കുകൾ ആദ്യം തത്ഭവങ്ങളായും പിന്നീടു തത്സമങ്ങളായും, സ്വീകരിക്കപ്പെടുകയും ചെയ്തു. പുനത്തിൽ നമ്പൂരിയുടേയും കണ്ണശ്ശപ്പണിക്കരുടേയും കവിതകളിൽ സംസ്കൃതപദങ്ങൾ കുറവാണെന്നു പറഞ്ഞുകൂടാ. കേൺറാലിനിയ കഷായ

പടാവൃതകടിതടശോഭിതനായ വാമോദരൻ' എന്ന് ആരണ്യകാണ്ഡത്തിൽ പണിക്കർ രാവണനെ വർണ്ണിക്കുന്ന ഭാഗവും മററും സംസ്കൃതപദങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. പക്ഷെ ഈ കവികൾ പല സംസ്കൃതപദങ്ങളേയും തത്ഭവരൂപത്തിൽമാത്രം സ്വീകരിക്കുകയും, ഭാഷാപദങ്ങളെ നിസ്സാരങ്ങളെന്നു വിചാരിക്കാതെ അവക്കും ഒരു മാന്യസ്ഥാനം തങ്ങളുടെ കൃതികളിൽ കൊടുക്കുകയും ചെയ്തിട്ടുണ്ട്. എഴുത്തച്ഛന്റെ കാലമായപ്പോഴേക്കു് ഈ പദങ്ങളിൽ പലതും നഷ്ടപ്രായങ്ങളായിതീൎന്നു. എന്നാൽ സംസ്കൃതഭാഷയോട് ആ മഹാകവിക്ക് എത്രതന്നെ പ്രതിപത്തിയുണ്ടായിരുന്നുവെങ്കിലും അതിലുള്ള അപ്രസിദ്ധപദങ്ങളെ മലയാളത്തിലെക്കു കടത്തി വിടേണമെന്നോ സംസ്കൃതപ്രത്യയങ്ങളെ നിരങ്കുശമായി ഭാഷയിൽ പ്രയോഗിക്കണമെന്നോ അദ്ദേഹം ആലോചിച്ചില്ല. ഭാരതം സംഭവപൎവ്വത്തിലേയും ഭാഗവതം ദശമസ്കന്ധത്തിലേയും മണിപ്രവാളത്തിൽ അച്യുതമേനോൻ അവൎകൾക്കു കൂടിയും കുററം കണ്ടു പിടിക്കുന്നതിന്നു പ്രയാസമായി തന്നെയിരിക്കും.

എന്നാൽ ദ്രാവിഡരീതിയിൽ നിൎമ്മിതങ്ങളായ ഭാഷാഗാനങ്ങളിൽ സംസ്കൃതത്തിന്റെ പ്രവേശത്തിന്ന് അതിരിട്ട കവികൾതന്നെ സംസ്കൃതരീതിക്കുള്ള പദ്യകൃതികളിൽ അങ്ങിനെ ഒരു സീമ അനാവശ്യമെന്നു വിചാരിച്ചുവന്നു. ഭാഷാനൈഷധചമ്പു, ചന്ദ്രോത്സവം, ഉത്തരരാമായണചമ്പു, മുതലായ ഗ്രന്ഥങ്ങളിൽ സംസ്കൃതപദങ്ങൾക്കുള്ള പ്രാധാന്യം സുപ്രസിദ്ധമാണല്ലോ.

'കോശാവദാതചമരവ്യജനാവധൂത
കേശാഞ്ചലാംകമനി! കാണ പരം നരേന്ദ്രം
ആശീവിഷോപമഭുജാപരിഘോമഹാത്മാ
കംശിശനേഷകമലായുധതുല്യധൎമ്മാ' എന്നും

'ഇത്ഥംഭൎത്തൃനിയോഗാത്തദനുഗുണവതാ
മഗ്രഗണ്യാംകുമാരം
മുഗ്ദ്ധാധൎമ്മാദവാപ്താജഗതിവിതതെഴും
ക്ഷത്രധൎമ്മൈകലോലം

"ദ്ധാശീഘ്രാ പിഗാന്ധാരിയുമഥശതകം
പുത്രകാണാം പ്രപേദേ
മദ്ധ്യേവായോൎമ്മഹേന്ദ്രാദപിയദുതനയാ
പിന്നെ ഷൾഭേകമാരെ."

എന്നും മററുമുള്ള ശ്ലോകങ്ങളെ ഭാഷാ ശ്ലോകങ്ങളെന്നു പറയുന്നതു കുറെ ആലോചിച്ചിട്ടു വേണ്ടതാണ്. അന്യസംസ്കൃതഗ്രന്ഥങ്ങളിൽനിന്നും സ്വായമായും അനേകം ശ്ലോകങ്ങൾ ഭാഷാസമ്പക്കം അശേഷം കൂടാതെ ഇവയിൽ എടുത്തു് എഴുതി ചേൎക്കപ്പെട്ടു കാണുന്നുണ്ട്. ഇത്തരം കൃതികൾ തമിഴിൽ ഒരിക്കലും ഉണ്ടായിട്ടില്ല.

ആട്ടക്കഥകളിൽ ശ്ലോകങ്ങൾ ഭാഷാസംബന്ധം കൂടാതെ നിൎമ്മിക്കപ്പെട്ടില്ലെങ്കിൽ അതു കവിയുടെ പാണ്ഡിത്യത്തിന്നും നടന്മാരുടെ ഗൌരവത്തിന്നും പോരെന്നുള്ള ഒരു വിചാരം ഏകദേശം ഇക്കാലത്തിൽതന്നെ അങ്കുരിച്ചു. വീരരസം ശരിയാക്കണമെങ്കിൽ ഭാഷാശ്ലോകംകൊണ്ടു മതിയാവുകയില്ലെന്നു ചിലപ്പോൾ പറയാമെങ്കിലും അന്യരസങ്ങളെ സംബന്ധിച്ചേടത്തോളം സംസ്കൃതപദ്യങ്ങളെക്കൊണ്ടു ഭാഷാകൃതികളിൽ എന്തുപ്രയോജനമാണെന്നുള്ളതു മനസ്സിലാകുന്നില്ല. നമ്മുടെ പ്രസിദ്ധന്മാരായ ഭാഷാനാട്യപ്രബന്ധകൎത്താക്കന്മാർ—അതായതു്, കോട്ടയത്തു രാജാവ്, അശ്വതിതിരുനാൾ മഹാരാജാവ്, ഇരയിമ്മൻതമ്പി—ഇവർ മൂന്നുപേരും അവരുടെ ശബ്ദാൎത്ഥവൈചിത്ര്യങ്ങളെ മിക്കവാറും സംസ്കൃതശ്ലോകങ്ങളിലാണ വരുത്തിട്ടുള്ളതെന്നു നമുക്കറിയാമല്ലൊ. ഉണ്ണായിവാരിയരുടെ മട്ടും ഒരു വിയലിൻേറതാണ്. അവിടെ എല്ലാംചേരും 'അവനെ ചെന്നായെൊ ബന്ധു ഭവനെ ചെന്നായെൊ ഭീരു!' എന്നു് കാരണത്തോടുകൂടിയും, 'ദഹനശമനവരുണൈരമാ' എന്നു് കാരണം കൂടാതേയും, സംസ്കൃതമലയാളപദങ്ങളേയും, പ്രസിദ്ധാപൂൎവ്വപദങ്ങളേയും, മോരും നെയ്യുംപോലെ, കലൎത്തി ഒരു വിശേഷമണിപ്രവാളരീതി ഗാനഭാഗത്തിൽ കൂടിയും വരുത്തുവാൻ ഈ ഒരു കവിക്കേ സാധിച്ചിട്ടുള്ളു.

ഈ രീതിക്കു വിരോധമായി കവികലസാൎവ്വഭൌമനായ കുഞ്ചൻനമ്പ്യാർ ഒരാൾക്കു മാത്രമേ ഗ്രന്ഥനിൎമ്മാണം ചെയ്യുന്നതി

നു താല്പൎയ്യം തോന്നിയുള്ളു. അദ്ദേഹം ഭാഷാഗാനങ്ങളാണ് പ്രധാനമായെഴുതിട്ടുള്ളത് അവയിൽ സംസ്കൃതപദപ്രയോഗം ഒഴിക്കാവുന്നതാണെന്നു ചാപുകൎത്താക്കന്മാർ കൂടി സമ്മതിച്ചിരുന്നതിനാൽ ജനസാമാന്യത്തിന്റെ അഭിരുചിക്ക് ... അനുകൂലങ്ങളായിത്തന്നെ ഇരിക്കുന്നു. 'കേനലിൽ ചുട്ടെട്ടത്തൊരു കനകച്ചങ്ങല പോലെ' എന്നു തുടങ്ങിയുള്ള കൃഷ്ണലീലയിലെ രാത്രി വൎണ്ണനയിലും 'വെയിലുതട്ടിശ്ശരീരങ്ങൾ കോലംപോലെ മെലിഞ്ഞങ്ങു തോലു ചുക്കിച്ചുളിഞ്ഞിട്ടു ഭാവമേതും പകൎന്നില്ല' എന്നും മററുമുള്ള ത്രിപുരദഹനത്തിലെ തപോവൎണ്ണനത്തിലും നമ്പ്യാർ എത്ര സംസ്കൃത വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു? അവയുടെ കുറവു കൊണ്ട് ഗ്രന്ഥങ്ങൾക്കു വല്ല ന്യൂനതയുമുണ്ടോ? ശിവ! ശിവ! കുഞ്ചൻ നമ്പ്യാൎക്കൊപ്പം, അതാതു രസങ്ങളേയും, സ്വഭാവങ്ങളേയും വൎണ്ണിച്ചൊപ്പിച്ചിട്ടുള്ള കവികൾ ദക്ഷിണഇന്ത്യയിൽ പത്തു പേർ തികച്ചില്ലാ എന്നുള്ളതു സുപ്രസിദ്ധമാണല്ലോ. ഇതൊക്കെയും അദ്ദേഹം ഏകദേശം പച്ചമലയാളമെന്നു തന്നെ പറയാവുന്ന ഒരു വക മണിപ്രവാളരീതികൊണ്ടല്ലയൊ കഴിച്ചിട്ടുള്ളത്? "കവിയിലാണ് ശക്തി, കരുവിലല്ല" എന്ന് ആംഗലഗദ്യകൎത്താക്കന്മാരിൽ അഗ്രഗണ്യനായ കാർലൈൽ പറയുന്നത് എത്ര വാസ്തവമായിരിക്കുന്നു.

കാൎയ്യം ഇങ്ങിനെയെല്ലാമാണെങ്കിലും കുഞ്ചൻനമ്പ്യാരെ അനുകരിക്കുന്നതിന് അദ്ദേഹത്തിന്റെ അനന്തരകാലത്തിൽ വളരെ പേർ ഉണ്ടായില്ല. കഥകളിപ്പാട്ടുകൾ എഴുതുവാനുള്ള ഭ്രമംകൊണ്ടു പണ്ഡിതന്മാർ മറെറാന്നിലും മനസ്സു തന്നെ വെച്ചില്ല. എന്നാൽ തുള്ളൽ എഴുതിയാൽ അതു നമ്പ്യാരുടെ ഭാഷയിൽ തന്നെ വേണ്ടതാണെന്നു കേരളീയ കവികൾ ധരിച്ചിട്ടുണ്ടായിരുന്നുവെന്നു കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാന്റെ സന്താനഗോപാലത്തിൽനിന്നു നമുക്ക് അനുമാനിക്കാവുന്നതാണ്.

"കാലകാളാഗരുശ്യാമളബഹളതമഃ
കാളകൂടംകരാഗ്രൈഃ

പ്രാലേയാംശൌനിപീയോരസിനിഹിത
പദേനീലകണ്ഠോപ ാനെ
കൽഹാരോദ്ഭ്യന്മധൂളീപരിമളപവനാ
മോദിതോപാന്തഭൂമൌ
രമേരാമാസമേതസ്സുരതരുജടിലാ
രാമദേശേധ്വനേശഃ"

എന്നും മററും രാവണ വിജയത്തിൽ പൊടിപൊടിക്കുന്ന കവിക്ക് "പെണ്ണുള്ള പാട്ടന്റെ തേട്ടമില്ലോക്കുന്നി" എന്നും "വിരലും നന്നു നന്നെന്നു പിരളാതെ മനക്കാമ്പെ! "എന്നും മററു എഴുതുവാൻ കഴിയുമെന്ന് ആർ വിചാരിക്കും?

പുതിയമണിപ്രവാളരീതി പൂന്തോട്ടത്തു നമ്പൂരിയുടേയും, വെണ്മണി അച്ഛൻനമ്പൂരിപ്പാട്ടിലേയും കററശ്ലോകങ്ങളിൽനിന്നുത്ഭവിച്ചതാകുന്നു.

"താരിത്തനാചികടാക്ഷാഞ്ചലമധുപകലാ
രാമ! രാമാജനാനാം
നീരിത്താഞ്ചോണ! വൈരിജനനികരതമോ
മണ്ഡലീചണ്ഡഭാനോ!"

എന്നു പുനഃ മററു കററശ്ലോകങ്ങൾ ഉണ്ടാക്കിയതുപോലെ പൂന്തോട്ടവും പച്ചമലയാളത്തിൽ

"മൂടില്ലാത്തൊരുമുണ്ടുകൊണ്ടുമുടിയുംമൂടി
ട്ടുവൻകാററയും
ചൂടിക്കൊണ്ടരുവാൾപൂണ്ടുരുക്കി
പ്രാഞ്ചിക്കിതച്ചങ്ങനെ
വാടൻകച്ചയുടുത്തുമേനിമുഴുവൻ
ചേറുംപുരണ്ടിപ്പോഴി-
പ്പാടത്തിന്നുവരുന്നനിൻവരവുകണ്ടേ
റെക്കൊതികൂന്നുഞാൻ"

എന്നങ്ങിനെയുള്ള ശ്ലോകങ്ങൾ എഴുതിത്തുടങ്ങിയപ്പോൾ മലയാളത്തിൽ കാവ്യരചനയുടെ മട്ടൊന്നു മാറി എന്നു തന്നെ പറ

യാം. അച്ഛൻനമ്പൂരിപ്പാട്ടിലേയും മകൻ നമ്പൂരിപ്പാട്ടിലേയും ഒററശ്ലോകങ്ങളും കവിതകളുംകൂടി ഈ രീതിയെ സ്വീകരിച്ചു. 'നവീനസമ്പ്രദായം' എന്നുവച്ചാൽ എന്താണെന്നു സകലകവികളും ഇപ്പോൾ അറിഞ്ഞിട്ടുണ്ട്. ആംഗലഭാഷാപ്രചാരവും, അതിൽനിന്നു ജനങ്ങൾക്കു സിദ്ധിക്കുന്ന അറിവും അധികമാകുന്നതോടുകൂടി ഈ രീതിയുടെ രസികത്വം മുമ്പേത്തേക്കാൾ അധികം അവർക്കു ബോധപ്പെടുന്നുമുണ്ട്.

എന്നാൽ പച്ചമലയാളത്തിൽ, അതായത് സംസ്കൃത പദങ്ങളുടെ സംബന്ധം അശേഷം കൂടാതെ, ഒരു കാവ്യം ഭാഷയിൽ എഴുതുവാൻ ആദ്യമായി ആലോചിച്ചതു കുഞ്ഞിക്കുട്ടൻ തമ്പുരാൻ അവർകളാകുന്നു. അവിടുന്നു മുമ്പു 'വിദ്യാവിനോദിനി' പത്രാധിപരായിരുന്ന സഹൃദയാഗ്രേസരനായ അച്യുതമേനോൻ അവർകളുടെ അപേക്ഷപ്രകാരം 'നല്ലഭാഷ' എന്നൊരുഗ്രന്ഥം എഴുതുകയുണ്ടായിട്ടുണ്ട്. അത് ആ മാസിക പുസ്തകത്തിൽ തന്നെ പ്രസിദ്ധം ചെയ്തിട്ടുമുണ്ട്. അതിന്നു മുമ്പു പൂന്തോട്ടത്തു നമ്പൂരി, പെരുനെല്ലി കൃഷ്ണൻ വൈദ്യൻ, മുതലായ ചിലരുടെ ഒററ ശ്ലോകങ്ങൾ മാത്രമെ പച്ചഭാഷയിൽ ഉണ്ടായിരുന്നുള്ളു. തമ്പുരാൻ അവർകളുടെ കാവ്യം സാമാന്യംപോലെ നന്നായിട്ടുണ്ടെങ്കിലും അവിടുന്നു കുറെക്കൂടി മനസ്സിരുത്തിയാൽ അത് അതിലധികം നന്നാകുമായിരുന്നു എന്നാണ് അന്നു പലരും വിചാരിച്ചത്. വെണ്മണി മഹൻ നമ്പൂരിപ്പാട്ടിലെ ചില പച്ചമലയാള ശ്ലോകങ്ങൾ ടി. കെ. കൃഷ്ണമേനോനവർകൾ, അദ്ദേഹത്തിൻെറ കൃതികളുടെ മൂന്നാംഭാഗത്തിൽ എടുത്തു ചേർത്തിട്ടുണ്ട്. അവയും വളരെ നന്നായിട്ടുണ്ട് എന്നു പറവാൻ പാടില്ല. ഇരുവനാട്ട് നാരായണൻ നമ്പ്യാർ അവർകൾ ഉദയാലങ്കാരത്തിൽ പച്ചഭാഷയ്ക്കു രണ്ടുദാഹരണശ്ലോകങ്ങൾ എഴുതിട്ടുള്ളതു നന്നായിട്ടുണ്ട്. പക്ഷെ 'മനസ്സ്', 'സമ്മതം' എന്നീ വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. അതുകൂടാതെ കഴിക്കേണ്ടതായിരുന്നു. ആകപ്പാടെ നോക്കിയാൽ കുണ്ടൂർ നാരായണമേനോൻ, ബി. എ. അവർകൾ 'കോമപ്പൻ' എന്ന മലയാളകാവ്യം

എഴുതി രസികരഞ്ജിനിയിൽ പ്രസിദ്ധീകരിക്കുന്നതുവരെ സംസ്കൃതത്തെ തൊടിയിക്കാതെ ഇത്രയൊക്കെ ഭാഷയിൽ കഴിക്കാമെന്ന ആരുംതന്നെ വിചാരിച്ചിരുന്നില്ല എന്നുപറഞ്ഞാൽ അത് അശേഷം അതിശയോക്തിയാവുകയില്ലെന്നാണ് എന്റെ വിശ്വാസം.

ഉള്ളൂർ. എസ്സ് പരമേശ്വരയ്യർ, എം. എ., ബി. എൽ.,
എം. ആർ. എ. എസ്സ്.

# കേശവർണ്ണന

(ദേവീസ്തോത്രം)

പത്മിനീബന്ധുപാദംചൊരിഞ്ഞീടിനവിമലജലത്തിങ്ക-
ലുറ്റടിനൽക്കൈ
പത്മത്തിൽപത്മമേന്തിപ്പരിമളമിളകും
പത്മസത്മാന്തരത്തിൽ
മരത്മാവിട്ടുല്ലസിക്കുംഭവതിയുടെമഹാ-
നന്ദസാന്ദ്രസ്വരൂപം
പത്മാക്ഷി!എൻചിത്തപത്മേവിലസണമനിശം
പത്മനാഭാത്മജായേ

ധന്യത്വംപാക്കിലെന്താവിഷമനയനനേ-
ന്നൂരന്നാരാളുമോഹനവിക്കെൻ
കന്യാരത്നത്തെലക്ഷ്മീഭഗവതിതലയിൽ
ച്ചേർത്തുചാർത്തുന്നുനിത്യം
എന്നോവന്നിൻകചൗഘണ്ടഴകൊട്ടുമകളെ-
ന്നോർത്തുലാളിക്കുവാനായ്
വന്നാൾപോലെമിന്നുന്നിതുരുചിരമണി-
ത്തകമാനിൻകിരീടം

അന്ധതാമസ്സ്വലോകത്തിനുമതിദൃഢമായ്
ചേർത്തിടുംകൂരിരുട്ടിൻ
ബന്ധുതാപൂണ്ടതെന്നോപദനമദമരീ-
ചക്രമേ! വക്രമെന്നോ
സിന്ധുശ്രീപുത്രി! ചിന്തിച്ചഖിലഖലഹരൻ
തൽപ്രിയൻചിൽപുമാൻതാൻ
ബന്ധിക്കുംബന്ധുരംനിൻതിരുവടിയുടെവാർ
കുന്തളംഞാൻതൊഴുന്നേൻ

എന്നെക്കെട്ടീടുവാനൊന്നതിനുപകരമാ-
യങ്ങയുംപാങ്ങിലെന്നും
നന്നാക്കെട്ടീടുവൻഞാൻകഠിനമിഹവരി-
ഞ്ഞിട്ടുപെട്ടെന്നുകാണ്ക
എന്നുൾക്രോധത്തോടന്നച്ചിട്ടൂക്കിൽവിജ്ഞംനം
കൊണ്ടുകാർകൊണ്ടൽവർണ്ണൻ
തന്നെക്കെട്ടുന്നനിൻപൂങ്കുഴലിനുസമമാ
ക്കേൾക്കിലേവംപ്രഭാവം

മല്ലപ്രദ്വേഷിദേവൻതവതിരുമുടിയിൽ
ദേവിമിന്നുന്നകേശം
മെല്ലെക്കണ്ടിട്ടുചേർത്താനഴകിലൊരു മയിൽ
പീലിതൻമൌലിതന്നിൽ
മല്ലപ്പൂനാട്യമോടപ്പോഴുതുചിരികൾ
കാട്ടുന്നനിൻപൂങ്കുഴൽകെ-
ട്ടുല്ലാസത്തോടുചെയ്തീടണമധികമിനി-
ക്കിഷ്ടദാനംനിദാനം

താരിൻമാതേ! തരത്തിൽതവതലമുടി-
തൻഛായയുണ്ടായമൂലം

പാരിൽധാന്യങ്ങൾതിങ്ങുംപടിമഴകൾപൊഴി-
ച്ചമ്പൊടംഭോദജാലം
ദാരിദ്ര്യക്കേട്ടതീക്കുന്നിതുഗുണമഹിമാവീ
വിധംദേവിനന്നായ്
ചേരുംനിൻകേശഭാരംമമകളയണ
മുന്നമദ്ദാരിദ്ര്യദോഷം 5

നിൻകേശംജീവനാണെന്നഴകൊടുഹരി-
ലാളിച്ചീടുന്നുണ്ടുനിത്യം
വൻകാറങ്ങാശ്രയിക്കുന്നിതുമധുമഥനൻ
തമ്പുരാൻതൻപദത്തെ
പാകംപോകുന്നനിൻപൂങ്കുഴലമിതജലംകൊണ്ടു
കാർകൊണ്ടൽമന്നിൽ
പങ്കംചേർക്കുന്നമേഘത്തിനുതവകചമോടിമ്മിയും
സാമ്യമുണ്ടോ? 6

ധന്യേ!രത്നാകരത്തിൻപ്രണയിനി!നദികാളിന്ദി
കാളുന്നഭീത്യാ
മിന്നീടുംപത്മരാഗപ്പൊടിനിരനിരയാ-
യ്യെച്ചിതോകാഴ്ചയായി
എന്നേവംസംശയത്തെജ്ജനമനസിജനി
പ്പിച്ചിടുന്നുണ്ടഹോനിൻ
കന്നൽക്കാർകന്തളത്തിന്നടിപെടുമഴകേ-
ന്തുന്നസീമന്തരേഖാ 7

ശ്രീമൽസൂര്യാംശുതന്നിൽഭയമൊടനുദിനം
ഗഹ്വരത്തിൽപതുങ്ങും
ശ്യാമധ്വാന്തവ്രജത്തെഭവതിഹതനമൽ
ക്ലേശമേ!ക്ലേശമാക്കി

പൂമെയ്ക്കസ്വീകരിച്ചപ്പൊഴുമുതലമഹോ
 സാന്ദ്രസിന്ദൂരമൊക്കും
സീമന്താഗ്രാങ്കമോടെനവരവികിരണം
 ദേവി! സേവിച്ചിടുന്നു 8

കന്നൽക്കാർകാന്തിയോടൊപ്പലതരതിമിരം
 ക്കൂട്ടമോടൊട്ടിണങ്ങി
ട്ടന്യൂനശ്രീവിലാസത്തൊടുവിലസിടുമി
 സ്സന്ധ്യയെച്ചന്തമോടെ
ധന്യന്മാർകണ്ടുലക്ഷ്മീഭഗവതിതവനൽ
 കേശമായ്ച്ചേർന്നപാരം
മിന്നുംസീമന്തരേഖാഗ്രമൊടഴകിൽന-
 ന്ദിച്ചുവന്ദിച്ചിടുന്നു 9

ഒട്ടല്ലാതുള്ളഗോപപ്രമദകൾപതിനാ-
 റായിരത്തെട്ടുപിന്നെ
ച്ചുട്ടററീടുന്നഭൂമീപതിസുതകളിവ..
 ർക്കൊക്കെനൽകാന്തനായി
ക്കോട്ടംവിട്ടുത്രുപാതടവിയപതിയെ-
 പ്പാട്ടിൽനിർത്തുന്നതൊട്ടി
ക്കൂട്ടംപോലെവളഞ്ഞങ്ങിനെഭവദളക
 ശ്രേണികാണുന്നുഭാഗ്യാ 10

കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണി തമ്പുരാൻ

# ജാതിനിർണ്ണയം

---

വേദപാഠശ്ശാന്തിവൃത്തിർദ്ദീവാനം പരികർമ്മ ച
ചതുഷ്ടയസ്ഥിതാനി സങ്കേതദ്വിജസ്ഥാനാനി കേരളേ (50)

വേദാദ്ധ്യയനം, ക്ഷേത്രങ്ങളിൽശാന്തി, നമസ്കാരാദി രക്ഷണം, ഉത്സവം കലശം മുതലായവകളിലുള്ള തന്ത്രിപരികർമ്മം, ഈ നാലുകൂട്ടം സങ്കേതദ്വിജന്മാരുടെ സ്ഥാനമാനങ്ങളാകുന്നു.

ശൈവാംശ്ച വൈഷ്ണവക്ഷേത്രേ ശൈവക്ഷേത്രേ ച വൈഷ്ണവാൻ
ശാന്ത്യർത്ഥം ഹി നിയുഞ്ജാനോ നരഃ പതനമൃച്ഛതി (51)

“ശൈവവൈഷ്ണവതന്ത്രോക്ത ധർമ്മാനുഷ്ഠാന തല്പരാൻ” എന്നതുകൊണ്ടു മുൻപറഞ്ഞ സങ്കേതദ്വിജന്മാരിൽ ശൈവമതക്കാരും വൈഷ്ണവമതക്കാരും ഇങ്ങിനെ രണ്ട് ഉന്നക്കാരുണ്ടെന്നു വന്നിട്ടുണ്ടല്ലൊ. അതിൽ ശൈവമതക്കാരെ വിഷ്ണുക്ഷേത്രത്തിങ്കലും വൈഷ്ണവമതക്കാരെ ശിവക്ഷേത്രത്തിങ്കലും ശാന്തിക്കായിക്കൊണ്ട് ആരെങ്കിലും നിയമിക്കുന്നുവൊ അയാൾ പതിതനായി ഭവിക്കുന്നതാകുന്നു.

ദക്ഷിണേ കേരളേ യദ്വത്തസ്മിൻ സ്ഥാനചതുഷ്ടയേ
ദാക്ഷിണാത്യൈരസാദ്ധ്യാസ്യാത് സ്ഥാനം സങ്കേതിനാം സ്മൃതാ (52)

ദക്ഷിണകേരളത്തിങ്കൽ മുൻപറഞ്ഞ നാലുസ്ഥാനങ്ങളെ നടത്തുന്നതിന്നു ദാക്ഷിണാത്യന്മാരായിരിക്കുന്ന ബ്രാഹ്മണരെക്കൊണ്ട് അസാദ്ധ്യമാണെന്നു വിചാരിച്ചിട്ട് അവരാൽ ഈ നാലു സ്ഥാനങ്ങളും സങ്കേതദ്വിജന്മാരായിക്കൊണ്ട് ദാനംചെയ്യപ്പെട്ടു.

പ്രോക്തവൽ കേരളം സർവ്വം സപ്തഗ്രാമസൌഖ്യദം
വിധായാത്രൈവ സ്വചിരം യോഗക്ഷേമധുരന്ധരാഃ (53)

ഉഷിതാ പരദേശേഭ്യഃ കേരളാചാരഭൂഷിണാം
അസംഭ്രമാദൈഷ്ട്യ കേരളീയ ബ്രഹ്മവർച്ചസസമ്പദേ (54)

യജ്ഞവാരാഹരൂപന്തം ശ്രൌതസ്മാർത്താഖിലേശ്വരം
ഭഗവന്തം മഹാവിഷ്ണും പ്രസാദ്യാനീയ സൂകരേ (55)

മഹാക്ഷേത്രേ പ്രതിഷ്ഠാപ്യ കൃതകൃത്യ ഇവ സ്വയം
ചതുഷ്ഷഷ്ടിതമാൻ ഗ്രാമാൻ ദ്വിജാനാമത്ര ഭാർഗ്ഗവഃ (56)
സാക്ഷാച്ഛിവപുരക്ഷേത്രേ ശ്രീമൂലസ്ഥാനമാഗതഃ
തത്ര സർവ്വേസ്സമാസീന ഇത്യുവാച സഭാസദഃ (57)

പരശുരാമൻ മേല്പറഞ്ഞതുപോലെ കേരളത്തെ സ്വർഗ്ഗതുല്യമാക്കിച്ചെയ്തിട്ട വളരെക്കാലം അവിടത്തന്നെ ഇരുന്നതിന്റെശേഷം മലയാളികളുടെ യോഗക്ഷേമത്തിങ്കൽ അത്യാസക്തിയോടുകൂടിയവനായിട്ട് കേരളാചാരത്തെ ദൂഷിക്കുന്നവരായ പരദേശികൾ അവിടെനിന്നും മലയാളത്തിലേക്ക കടക്കാതിരിപ്പാനും, മലയാളത്തിൽ താൻ പുതുതായി കല്പിച്ചിട്ടുള്ള ആചാരങ്ങളെ അനുഷ്ഠിക്കുന്നതിൽ ബ്രാഹ്മണർക്കുണ്ടായിട്ടുള്ള ബ്രഹ്മതേജസ്സിനെ എന്നേക്കും നിലനിത്തുന്നതിനും, വേണ്ടി മഹാവിഷ്ണുവിനെ പ്രസാദിപ്പിച്ച് അദ്ദേഹത്തിന്റെ അവതാരഭൂതനായും ശ്രൌതസ്മാർത്തകർമ്മങ്ങളുടെ സാക്ഷിഭൂതനായും യജ്ഞസ്വരൂപിയായും ഇരിക്കുന്ന വരാഹമൂർത്തിയെക്കൊണ്ടുവന്നു കേരളത്തിൽ പന്നിയൂർ ഗ്രാമത്തിങ്കൽ *മഹത്തായ ക്ഷേത്രം നിർമ്മിച്ച് അവിടെ പ്രതിഷ്ഠിപ്പിച്ചിട്ട്, താൻ കൃതാർത്ഥൻ എന്ന നിലയിൽ അറുപത്തിനാലു ഗ്രാമവാസികളായ എല്ലാബ്രാഹ്മണരോടുംകൂടി സാക്ഷാൽ തൃശ്ശിവപേരൂർ ക്ഷേത്രത്തിങ്കൽ ശ്രീമൂലസ്ഥാനത്തെ പ്രാപിച്ചിട്ട്, അവിടെ എല്ലാവരും ഒരുമിച്ച് ഇരുന്ന്, ആ സഭയിൽവെച്ച് അദ്ദേഹം സഭാവാസികളോട് ഇപ്രകാരം പറഞ്ഞു.

തപസേഹം ഗമിഷ്യാമി സ്വർഗ്ഗതുല്യേത്ര കേരളേ
മൽ പ്രതിഷ്ഠിതധർമ്മാചാരാദീനാമവിരോധിഭിഃ (58)
മാനവാദിപ്രമാണൈശ്ച സേതിഹാസപുരാണകൈഃ
അംഗൈരുപാംഗൈരന്യൈശ്ച മീമാംസഭിശ്ച ഭൂസുരാഃ (59)
വേദാർത്ഥമഖിലം ജ്ഞാത്വാ നിഷിദ്ധത്യാഗപൂർവകം
നിത്യനൈമിത്തികപ്രായശ്ചിത്തോപാസനകർമ്മണാം (60)

* പന്നിയൂർഗ്രാമവും വരാഹമൂർത്തിക്ഷേത്രവുംബ്രട്ടീഷ്ശീമ പൊന്നാനി താലൂക്കിൽ കറ്റിപ്പുറത്ത് റെയിൽവെസ്റ്റേഷന്റെ തെക്കകിഴക്ക ഭാഗമായി ഉദ്ദേശം നാലുഴമൈൽ ദൂരത്തായി കാണപ്പെടുന്നതാകുന്നു.

ശ്രൌതസ്മാൎത്തമതസ്ഥാനാ മന്ന്യേഷാമപി കൎമ്മണാം
ഫലാഭി സന്ധിരഹിതൈരീശ്വരാൎപ്പണഭാവിതൈഃ (61)
അനുഷ്ഠാനൈശ്ചതുൎഭിസ്തു സമ്പന്നാ നിൎമ്മലാശയാഃ
ദീൎഘായുഷോ നിരാബാധാഃ പുത്രപൌത്രാദി ബന്ധുഭിഃ (62)
അകുതോഭയമാതൃപ്തേൎഭുഞ്ജാനാഭോഗമുത്തമം
ഗുൎവ്വഗ്രതോ ബ്രഹ്മചാരീ കൃതവേദാദി പാഠതഃ (63)
ഗൃഹേ ഗൃഹസ്ഥാചരിതഗൃഹവൈതാനികാദിഭിഃ
ക്ഷേത്രേഷു സ്നാതകാരണ്യേ തപഃ കൃച്ഛ്രാദി കൎമ്മഭിഃ (64)
മഠേ പരമഹംസാരണ്യാന്ത്യാശ്രമ വിധാനകൈഃ
സൎവ്വത്ര ശൂദ്രാ ചരിത ബാഹ്യശുശ്രൂഷണൈരപി (65)
വഃപ്രസന്നേശ്വര പ്രോദ്യൽ സധൎമ്മഫലസമ്പദഃ
ഭവന്തോത്രൈവ വൎത്തന്താമാകല്പാന്തം യഥാ സുഖം (66)
അഹന്ത്വാപത്സ്യയുഷ്മാഭിസ്സംസ്മൃതസ്സൽക്ഷണാൽ സ്വയം
ആഗത്യാപദമുൻമൂല്യ സ്ഥാപയിഷ്യാമി പൂൎവ്വവൽ (67)

അല്ലയൊ ഭൂസുരന്മാരെ! ഇനി ഞാൻ തപസ്സിന്നായിക്കൊണ്ടു പോകുന്നു. നിങ്ങൾ സ്വൎഗ്ഗതുല്യമായിരിക്കുന്ന ഈ കേരളത്തിങ്കൽ എന്നാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ധൎമ്മാചാരങ്ങൾക്കു വിപരീതങ്ങളല്ലാത്ത മന്വാദിസ്മൃതികൾ, വേദാംഗങ്ങൾ, ഉപാംഗങ്ങൾ, മറ്റു മീമാംസാമുതലായവാക്യങ്ങൾ ഇപ്രകാരമുള്ള പ്രമാണങ്ങളെയെല്ലാം വഴിപോലെ ഗ്രഹിച്ചു വേദാൎത്ഥം മുഴുവനും അറിഞ്ഞ് നിഷിദ്ധകൎമ്മങ്ങളെ ത്യജിച്ചുംകൊണ്ടു ഫലേച്ഛയോടുകൂടാതേയും, എല്ലാം ഈശ്വരാൎപ്പണമായി സങ്കല്പിച്ചും, നിത്യം നൈമിത്തികം, പ്രായശ്ചിത്തം, ഉപാസനാ ഇങ്ങിനെ നാലുവിധമായ കൎമ്മങ്ങളുടേയും ശ്രൌതസ്മാൎത്തമതാനുസാരേണ ഉള്ള അന്യകൎമ്മങ്ങളുടേയും അനുഷ്ഠാനങ്ങളെക്കൊണ്ടു സൎവ്വസമ്പൽസമൃദ്ധിയോടുകൂടിയവരായും, യാതൊരു ബാധയും കൂടാതേയും, പുത്രപൌത്രാദിബന്ധുക്കളോടുകൂടിയവരായും, ആരിൽനിന്നും ഭയപ്പെടാതെ തൃപ്തിവരുന്നതുവരെ ഉത്തമസുഖങ്ങളെ അനുഭവിച്ചും, ബ്രഹ്മചാരി, ഗൃഹസ്ഥൻ, വാനപ്രസ്ഥൻ, സന്ന്യാസി ഇങ്ങിനെ നാല് ആശ്രമികളുള്ളതിൽ ബ്രഹ്മചാരി ഗുരുവിന്റെ സ

ന്നിധിയിൽ ഇരുന്നു വേദപാഠംചെയ്തും, ഗൃഹസ്ഥൻ ഗൃഹത്തിങ്കൽ ഇരുന്ന് തദാശ്രമാധീനങ്ങളായ അഗ്നിഹോത്രം, ഔപാസനം, പഞ്ചയജ്ഞം മുതലായവകളെച്ചെയ്തും, വിവാഹംചെയ്യാതെ വാനപ്രസ്ഥൻെറസ്ഥാനത്തു ഇരിക്കുന്ന സ്നാതകന്മാർ ക്ഷേത്രങ്ങളിൽ ഇരുന്നു തപസ്സ്, ചാന്ദ്രായണം, കൃച്ഛ്രം മുതലായവകളെ അനുഷ്ഠിച്ചും, ബഹൂദകർ, കുടീചകർ, ഹംസൻ, പരമഹംസൻ ഇങ്ങിനെയുള്ള സന്യാസിമാർ മഠങ്ങളിൽ ഇരുന്നു കൊണ്ട് അന്ത്യാശ്രമകർമ്മങ്ങളെ വഴിപോലെ നടത്തിയും, മേൽപറഞ്ഞ നാലു ആശ്രമികളും പുറത്തു ശൂദ്രർ ചെയ്യുന്ന ശുശ്രൂഷകളെ വേണ്ടുംവണ്ണം സ്വീകരിച്ചും, ഈശ്വരനെ വഴിപോലെ പ്രസാദിപ്പിച്ച് ആ പ്രസാദത്തിങ്കൽനിന്നുണ്ടാകുന്ന ധർമ്മഫലസമ്പത്തുകളോടുകൂടിയവരായിട്ട് പരമസുഖത്തോടുകൂടി പ്രളയകാലാവരെ ഇവിടത്തന്നെ വസിച്ചാലും. നിങ്ങൾക്കു വല്ല ആപത്തും വരുമ്പോൾ എന്നെ സ്മരിച്ചാൽ തൽക്ഷണത്തിൽ ഞാൻ വന്നു ആപത്തുകളെ പരിഹരിച്ചു പൂർവ്വസ്ഥിതിയിൽ തന്നെ സ്ഥാപിച്ചുകൊള്ളാം.

പാഴൂര് വടക്കില്ലത്ത് ജാതവേദൻ നമ്പൂരിപ്പാട്.

---

അപ്പുണ്ണി

# പൊതുവാൾനായര.

ഇനി കല്ലേക്കാട്ടുകാരുടെ സ്ഥിതി എന്താണെന്നന്വേഷിക്കുക. രണ്ടു ബ്രഹ്മാസ്ത്രങ്ങൾ കൂടി ചേർന്നാൽ ലോകം നശിക്കും എന്നാണല്ലോ നമ്മുടെ പുരാണകർത്താക്കന്മാർ ഉൽഘോഷിക്കുന്നത്. ദാരിദ്ര്യവും മഹാവ്യാധിയും ബ്രഹ്മാസ്ത്രത്തെപ്പോലെ ശക്തിയുള്ള രണ്ടവസ്ഥകളാണെന്നുള്ളതിലേയ്ക്കാക്ഷേപമുണ്ടോ. ഇതു രണ്ടും കൂടി ഒരു തറവാട്ടിൽ തന്നെ വന്നുചേർന്നാൽ ആ തറവാട്ടിൻെറ സ്ഥിതി പിന്നെ എന്തായിരിക്കും എന്ന് ഇനി പറയേണ്ടാവശ്യമില്ലല്ലോ. എന്നാൽ കല്ലേക്കാട്ടു തറവാട്ടിൽ ഇപ്പോൾ അപ്രകാരം ശക്തിയുള്ള ദാരി

ദ്ര്യവും, മഹാവ്യാധിയും, ഒരുപോലെ കടന്നു കൂടിയിരിക്കുന്നു. കല്യാണിനേശ്ര്യാര് എല്ലായ്പോഴും പുത്രിയുടെ അരികിൽ തന്നെ 'കണ്ണുനീരും കയ്യുമായി' ഇരുന്നു കഴിച്ചു കൂട്ടുന്നു. മകളെ താങ്ങി എഴുന്നേല്പിക്കുന്നതിനുപോലും ആ സ്ത്രീക്കു ശക്തിയില്ലാതായിരിക്കുന്നു. 'ഒരു വൈദ്യനെ കൊണ്ടുവന്നു കാട്ടി വേണ്ടപോലെ ചികിത്സിപ്പാൻ കഴിയില്ലെങ്കിലും വേണ്ടപ്പോൾ നാഴി കഞ്ഞിക്കൊടുത്താൽ മതിയായിരുന്നു. അതിനുംകൂടി നിവൃത്തിയില്ലല്ലോ. ഉടപ്പിറന്നവന്റെയും പുത്രന്റെയും മരണംകൊണ്ടുള്ള ദുഃഖം അനുഭവിച്ചാരപോരെന്നു വിചാരിച്ചിട്ടായിരിക്കും ഒരു മകളുണ്ടായിരുന്നതിനെ ഈശ്വരൻ ഈ നിലക്കാക്കിയിട്ടിരിക്കുന്നത്. ഇതിനെയെങ്കിലും കണ്ട് എന്റെ കണ്ണുമറവാൻ തരമാകാതിരിക്കുമോ ഈശ്വരാ! ഞാനെന്തു മഹാപാപം ചെയ്തു. ഈശ്വരന് ഇത്ര കണ്ണു കണ്ടുകൂടയോ?' എന്നിങ്ങിനെ വിലപിക്കുമ്പോൾ അയൽവക്കത്തുള്ളവർ ഓരോന്നു പറഞ്ഞു സമാധാനപ്പെടുത്തുകയും അവരവരാൽ കഴിയുന്നതു സഹായിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ, അതെല്ലാം അവരുടെ മനസ്സമാധാനത്തിനും ലൌകികത്തിനും ഉതകുന്നതല്ലാതെ, കല്യാണിനേശ്ര്യാര സംബന്ധിച്ചേടത്തോളം വിഫലമായിത്തന്നെയിരിക്കുന്നതേയുള്ളു. കാണികൾക്കെല്ലാം കല്യാണിനേശ്ര്യാരോ മകളോ ആദിയിൽ കഴിയുക എന്നു സംശയം ധാരാളം ജനിക്കത്തവണ്ണം അത്ര പരുങ്ങലിലായിരിക്കുന്നു അവരുടെ സ്ഥിതി. 'ഈ കാമഞ്ചേരിവീട്ടുകാർ എത്ര ദുഷ്ടന്മാരാണ്. ഈ പെണ്ണുങ്ങൾക്ക് ഒരു നേരം കഞ്ഞിക്കുള്ള വകയെങ്കിലും വിട്ടുകൊടുക്കാതെ ഇവരുടെ മുതൽ മുഴുവൻ അടക്കിയിരിക്കുന്നല്ലോ.' എന്നു ചിലരും, 'കാര്യം ശരിയാണെങ്കിലും ഒന്നും മിണ്ടേണ്ട. ഇതൊക്കെയും വല്ലവരും കേട്ട് അവിടെച്ചെന്നു കൊളുത്തിക്കൊടുത്താൽ നമ്പ്യാർ ഇപ്പോൾ ഓടിവരും. പിന്നെ നമ്മൾക്കും ഗതി ഇതുതന്നെ' എന്നു വേറെ ചിലരും, പതുക്കെ പറയുന്നു. ഏതായാലും ഇപ്പോൾ കല്യാണിനേശ്ര്യാരുടെ ആകപ്പാടെയുള്ള സ്ഥിതി ഒന്നുവിചാരിച്ചു നോക്കിയാൽ ഏതുകഠിന ഹൃദയനും കണ്ണിൽ നിന്നു വെള്ളം പൊട്ടാതരിക്കയില്ല.

മാവിൻതോട്ടത്തിൽ മാധവിക്കുട്ടിയമ്മയുടെ രോഗം രണ്ടുരണ്ടര കൊല്ലംകൊണ്ടു തീരെ ഭേദപ്പെട്ടു. ശരീരപുഷ്ടിയുംമററും മുൻസ്ഥിതിയിൽ തന്നെയെത്തിയിരിക്കുന്നു. അപ്പോഴേക്കു നമ്മുടെ നമ്പ്യാരുടെ സംബന്ധം നിശ്ചയിച്ചു എന്നു പറയേണ്ടതില്ലല്ലോ. എന്നാൽ മാധവിക്കുട്ടിയമ്മയുടെ രോഗംമൂലമല്ല നമ്പ്യാരുടെ മൂന്നോ നാലൊ സംബന്ധം കഴിഞ്ഞിരിക്കുന്നു. ആ മനസ്വിനിയുടെ സൌന്ദൎയ്യാദിഗുണങ്ങളാൽ ഭ്രമം മുമ്പും ഇപ്പോഴും അവിടെത്തന്നെയാണ് നില്ക്കുന്നത്. ഇനി മുമ്പിലത്തെപ്പോലെ യാതൊരാപത്തും വരാതിരിപ്പാൻ ഇട്ടുക്കുട്ടിയമ്മ, താൻ പ്രാൎത്ഥിച്ചുകിടപ്പുണ്ടായിരുന്നതിനുപുറമെ പല വഴിപാടുകളും കഴിച്ചു. കണാരൻ നമ്പ്യാർ നിശ്ചയിച്ച ദിവസം പരിവാരസമേതനായി വിവാഹത്തിന്നു യാത്രയായി. കണാരൻ നമ്പ്യാൎക്കു വല്ല ആപത്തും പററുന്നതായാൽ അതിനു സാക്ഷിയാകാൻ തന്നെക്കൊണ്ടു സാധിക്കുന്നതല്ലെന്നു വിചാരിച്ചിട്ടോ എന്നു തോന്നുമാറു സൂൎയ്യൻ മേഘപടലങ്ങളുടെ ഉള്ളിൽ മറഞ്ഞിരുന്നു. നമ്പ്യാരുടെ ഭാവോദ്രേകത്തിൻെറ ചീററമോ എന്നു തോന്നുമാറു് കൊടുങ്കാററു് ഒരതി കഠിനമായി അടിച്ചുതുടങ്ങി. ആക്കും കാണാൻ വയ്യാത്തതായ ഒരു കാഴ്ച അടുത്ത അവസരത്തിൽ ഉണ്ടാകുമെന്നുള്ളതു സൂചിപ്പിച്ചുകൊണ്ടു് രജഃകണങ്ങൾ എല്ലാടത്തും പാറുന്നു ജനങ്ങളുടെ നയനങ്ങളെ ആച്ഛാദനം ചെയ്തു. ഈ അവസരത്തിലാണ് നമ്പ്യാരവർകളുടെ യാത്രയുണ്ടായതു്. ഒട്ടുപകുതി വഴിയിലെത്തിയപ്പോൾ കണ്ടാലതിസുഭഗനായ ഒരു യുവാവു വഴിയെ ഒരു ഭൃത്യനുമായി വരുന്നതു കണ്ടു. അദ്ദേഹത്തിൻെറ രമണീയമായ ആ ആകൃതി കാണികൾക്കു കൌതുകത്തെ ജനിപ്പിക്കുന്നതായിരുന്നു. തലമുടി വളൎത്തി കഴുത്തിനു ശരിയായി ഭംഗിയിൽ വെട്ടിനിൎത്തിയിരിക്കുന്നു. മുഖത്തിൻെറ കാന്തി ഇന്ന പ്രകാരമെന്നു വൎണ്ണിക്ക അശക്യമായിട്ടുള്ളതാകുന്നു. മദ്ധ്യത്തിൻെറ കൃശതയും വക്ഷഃപ്രദേശത്തിൻെറ വിസ്താരവും, അംഗങ്ങളുടെ ദാൎഢ്യവും ഇവയെല്ലാംകൂടി കാണുന്നതായാൽ ആളൊരു ചില്ലറക്കാരനല്ലെന്നും, എന്തോ കുറച്ചൊരു വിശേഷമുണ്ടെന്നും, കാഴ്ചയിൽ എ

ല്ലാവൎക്കും ബോദ്ധ്യപ്പെടുന്നതാണ്. മുഖത്ത് സ്വതേയുള്ള രസം ഗാംഭീൎയ്യമാണ്. സൂക്ഷിച്ചു നോക്കിയാൽ ഏതോ സംഗതിവശാൽ കുറച്ചൊരു വ്യസനച്ഛായയിൽ ഇപ്പോൾ കോപവും സ്ഫുരിക്കുന്നുണ്ട്. വാളും പരിചയും രണ്ടുപേരുടെ കയ്യിലുമുണ്ട്. ഇവർ വഴിയിൽനിന്നു അല്പവും തെററാതെ നേരിട്ടു വരുന്നതുകണ്ടപ്പോൾ, കണാരൻ നമ്പ്യാരെ ഒഴിച്ചു ഭൂമിയിൽ ആരെയും പേടിയില്ലാത്ത അദ്ദേഹത്തിൻെറ ഭൃത്യൻ 'വഴിമാറെടാ- എജമാനൻ വരുന്ന കണ്ടില്ലെ?' എന്നു പറഞ്ഞു.

യുവാവ്—ഏതെജമാനനെടാ?

ഭൃത്യൻ— കാമഞ്ചേരി കണാരൻ നമ്പ്യാരെജമാൻ, നീയറീല്ലേടാ.

യുവാവ്—ഇവിടെ എന്തെജമാനനാണ്, ആവശ്യമുള്ളവർ വഴിമാറി പൊയ്ക്കൊള്ളണം.

ഇതു കേട്ടപ്പോൾ 'ആരെടാ അവിടെ ആ അധികപ്രസംഗിയെ കഴുത്തിൽ പിടിച്ചു തള്ളി നിൎത്ത്' എന്നിങ്ങിനെ കണാരൻ നമ്പ്യാർ മേനാവിൽ ഇരുന്നിട്ടുതന്നെ കല്പിച്ചു. കരുമല്ലനായ ഭൃത്യൻ ക്രോധത്തോടുകൂടി ആ യുവാവിനെ തള്ളിപ്പോക്കിയെങ്കിലും, അദ്ദേഹം നിന്നിരുന്ന ദിക്കിൽനിന്ന് ലേശംപോലും ഇളകിയില്ല. ഇതു കണ്ട് എല്ലാവരും അസൂയയോടും അത്ഭുതത്തോടുംകൂടി നില്ക്കുമ്പോൾ ആ യുവാവ്, തൻെറ കയ്യിലുള്ള പൊൻ പിടിയോടുകൂടിയ വാളിൻെറ മൂൎച്ചയെ ഒന്നു പരീക്ഷിപ്പാനോ എന്നു തോന്നുമാറ് ആ മല്ലൻെറ കണ്ഠത്തിൽ ഒന്നു മയക്കി. ഇതു കണ്ടപ്പോൾ മറവുള്ള ഭടന്മാർ ആ യുവാവിനോടു അടുത്തു. എന്നാൽ അവരിൽ രണ്ടുമൂന്നുപേരെ മറ്റവൻെറ മാൎഗ്ഗത്തെ തന്നെ നയിപ്പിച്ചപ്പോൾ, കടുക്രോധത്തോടുകൂടി കണാരൻ നമ്പ്യാർ ഒരു വാൾ കയ്യിലെടുത്തു മേനാവിൽനിന്നു ചാടി താഴത്തിറങ്ങി ആ യുവാവിനെ ലക്ഷ്യമാക്കി ഒന്നു വെട്ടി. അദ്ദേഹം അതിനെ നിഷ്പ്രയാസമായി പരിചകൊണ്ടു തടുത്തു. ഇതു കണ്ടപ്പോൾ നമ്പ്യാൎക്കു കോപം സഹിക്ക വയ്യാതെയായി. 'എടാ, കള്ളക്കൂട്ട കുഞ്ഞുണ്ണിമൂപ്പിൽനായരെ പോരിൽ കൊലചെയ്ത കാമഞ്ചേരി ക

ഞാംരനെ റിയ്യറിയില്ലായിരിക്കും, ഇന്നാ കണ്ടോം നിൻെറ തലയി ല്പ്പോഠം താഴെ വീഴും, തടവെനിക്കൊന്നു കാണണമല്ലോ' എന്നു പ റഞ്ഞ് ഒന്നു വെട്ടി. ആ യുവകേസരി അതിനെയും തടുത്തു. അ തിനു ശേഷം നമ്പ്യാർ കുറെ കരുതി പോരു തുടങ്ങി. പിന്നത്തെ കഥയെന്നും പറയേണ്ടതില്ല. നമ്മുടെ നമ്പ്യാരും യുവാവുംകൂടി കൎണ്ണാൎജ്ജുനന്മാരുടെ മാതിരി തമ്മിൽ പിണങ്ങിയും, വീരവാദം പ റഞ്ഞും, കടകം ഓതിരം എന്നിങ്ങിനെ ഓരോന്നു കാച്ചിയും, അ നിതരസാധാരണമായ സാമൎത്ഥ്യത്തോടുകൂടി കുറേനേരം പോർ ചെയ്യുനിന്നു. നമ്പ്യാർ പഠിച്ച വിദ്യയൊക്കെ നോക്കിട്ടും ആ യു വകേസരിയോട് ഒന്നും പററുന്നില്ല. ഒടുവിൽ അധികനേരം ഇ ങ്ങിനെ നില്ക്കുവാനിടകൊടുക്കാതെ, സൎപ്പശിഖപോലെ മിന്നിക്ക ളിക്കുന്ന ആ യുവാവിൻെറ വാഠം, വിവാഹത്തിന്നായി പുറപ്പെട്ടി രിക്കുന്ന കണാരൻ നമ്പ്യാരെ മനുഷ്യൎക്ക് അപ്രാപ്യകളായിരിക്കു ന്ന ദേവസുന്ദരികളോടു ചേൎത്തു. നായകനായ നമ്പ്യാർ വീണതു കണ്ടു ഭടന്മാരെല്ലാം ചപലായിതന്മാരായി. തൻെറ ഭൃത്യനൊന്നി ച്ച് ആ യുവാവ് അവിടെനിന്നു പോകയും ചെയ്യു.

മേൽപറഞ്ഞ ഭടന്മാർ കാമഞ്ചേരിലും, മാവിൻതോട്ടത്തി ലും ഈ സംഗതി ഉടനേ അറിവുകൊടുത്തു. വൎത്തമാനം അറിഞ്ഞ ഉടൻ മാധവിക്കുട്ടിയമ്മ മോഹിച്ചുവീണു. എന്തുകഷ്ടം! തമ്മിൽ ആ നുരൂപ്യവും അനുരാഗവും ഉള്ള സ്ത്രീപുരുഷന്മാർതന്നെ വളരെ ദുല്ല ഭം. അഥവാ ആയാത്തിലൊന്നുണ്ടെങ്കിൽ ഈശ്വരൻ അവരെ ദുഃഖത്തിന്നു പാത്രമാക്കുകയും ചെയ്യുന്നു. ഇങ്ങിനെയെല്ലാം കാണ മ്പോഴല്ലേ ഈശ്വരൻ എന്നൊന്നില്ല എന്നും, ഉണ്ടെങ്കിൽതന്നെ പ്രപഞ്ചപരിപാലനം ഉത്തമരീതിയിലല്ലെന്നും, പറയേണ്ടത്. ആദിയിൽ കണാരൻനമ്പ്യാർ അത്യന്തം ഔത്സുക്യത്തോടുകൂടി വി വാഹത്തിനു ചെന്ന ദിവസം പ്രണയിനിയായ മാധവിക്കുട്ടിയമ്മക്കു നേരിട്ട അത്യാപത്തിൽ അപാരമായ വ്യസനത്തോടും, ഇച്ഛാഭംഗ ത്തോടുംകൂടി മടങ്ങിപ്പോരേണ്ടിവന്നു. അദ്ദേഹത്തിനു കുറച്ചൊരാ ശയെങ്കിലും വഴിയുണ്ടായിരുന്നു. ആ ആപത്തിൽനിന്നു ക്രമേണ

മോചനം സിദ്ധിച്ചമുതൽ രണ്ടുപേരും മുമ്പിലത്തേതിലും അധികാനുരാഗത്തോടും, എത്രയും ദരിദ്രനായ ഒരുവന്ന് ഓക്കാതെയിരിക്കുമ്പോഠം ഒരു നിധികിട്ടിയാലുണ്ടാകുന്ന സന്തോഷത്തോടുംകൂടി, തങ്ങളുടെ വിവാഹത്തെ തന്നെ എല്ലാപ്പോഴും മനസ്സിൽ വിചാരിച്ചും, അതിന്നായി ഉടൻ സംഗതി വരുത്തുവാൻ ഈശ്വരനെ പ്രാൎത്ഥിച്ചും, കഴിച്ചുകൂട്ടി. പൂൎണ്ണസുഖം കിട്ടിയപ്പോഠം കാലവിളംബം സഹിക്കാതെ ബന്ധുജനങ്ങളും തങ്ങളും ഒരുപോലെ ഉത്സാഹിച്ച് ആ മംഗളകൎമ്മം നടത്തുവാൻ രണ്ടാമതും ഒരുദിവസം നിശ്ചയിച്ചു. ആ ദിവസം ഇതാ മാധവിക്കുട്ടിയമ്മയ്ക്ക് ഇനി എതൊരു കാലത്തും ഈ ആശയ്ക്കു വഴികൊടുക്കാതെ ഈശ്വരൻ കണാരൻ നമ്പ്യാരെ മറച്ചുവെച്ചു. കഷ്ടം! കഷ്ടം! ആ സുന്ദരിക്ക് ഇനി ഈ ജന്മത്തിൽ എന്തൊരു സുഖമാണുള്ളത്. അന്യപുരുഷനെ സ്പൎശിക്കപോലും ചെയ്യില്ലെന്നുറപ്പായി പറഞ്ഞുകൊണ്ടിരിക്കുന്ന ആ തരുണീരത്നത്തിൻെറ സൌന്ദൎയ്യം 'കാനനചന്ദ്രികാ' സമാനമായിത്തീൎന്നുവെന്നേ പറയേണ്ടതുള്ളു. അല്പനേരംകൊണ്ടു മഹാപാപശക്തിയാൽ മാധവിക്കുട്ടിയമ്മയ്ക്കു ബോധംവീണു. അതിസുന്ദരിയായ ഒരു തരുണീരത്നത്തിന്നു ഹൃദ്യനും, യുവാവും, പ്രസിദ്ധനുംആയ ഒരു പുരുഷശ്രേഷ്ഠൻ, സങ്കല്പരതിക്കല്ലാതേ, സാക്ഷാൽ സംഗമസല്ലാപങ്ങഠക്ക് ഒരു ദിവസമെങ്കിലും ഇടവരാതെ പരലോകപ്രാപ്തനായാൽ ആ യുവതിയ്ക്ക് എന്തെല്ലാം വികാരങ്ങളുണ്ടാകുന്നുവോ അവയെല്ലാം നമ്മുടെ മാധവിക്കുട്ടിയമ്മയ്ക്കും ഉണ്ടായി എന്നു പറയുന്നതല്ലാതെ, ശരിയായി വൎണ്ണിക്കുക എന്ന അസാദ്ധ്യമായ ഈ വിഷയത്തിൽ ഞാം നിറങ്ങുന്നില്ല.

കാമഞ്ചേരിയിൽ ഈ വിവരം അറിഞ്ഞ ഉടൻ അവിടെയുള്ളവരെല്ലാം വളരെ ഭടന്മാരോടുകൂടി തങ്ങളുടെ തറവാട്ടിൻെറ എജമാനിയായ കണാരൻനമ്പ്യാരെ കുലചെയ്യുവനെ ഇപ്പോഠം കൊന്നുകളയാം എന്നുള്ള ഉറപ്പോടുകൂടി ആ യുവാവിനെ തിരക്കി പുറപ്പെട്ടു. അധികം ആയാസപ്പെടാതെ അവർ അദ്ദേഹത്തെ കണ്ടുമുട്ടി. ഭടന്മാരിൽ ചിലർ അദ്ദേഹത്തിൻെറ ഭൃത്യനേയും മററുള്ളവരെല്ലാം

ക്കൂടി ആ വീരപുരുഷനോടും വളഞ്ഞു. പിന്നെ അവിടെ ഉണ്ടായ പോര് വളരെ അത്ഭുതപ്പെടത്തക്കതായിരുന്നു. ആ യുവാവിൻെറ തിരിഞ്ഞും മറിഞ്ഞുമുള്ള വാൾവീശലിൽ ആൎക്കും അടുക്കുവാൻ ധൈൎയ്യം വരുന്നില്ല. അദ്ദേഹത്തിൻെറ അപ്രകാരമുള്ള പരാക്രമം കാണ്കയാൽ ശത്രുക്കൾക്ക്, അദ്ദേഹം പുരാതനന്മാരായ വല്ല വില്ലാളികളുടേയും അവതാരമോ എന്നു തോന്നിപ്പോയി. ഒടുവിൽ തൻെറ ഭൃത്യനോടുകൂടി ആ യുവാവു ചില വെട്ടും മുറികളും ഏററു വൈരികളുടെ ഭടന്മാരിൽ പലരേയും കൊന്നപ്പോൾ പ്രതി... കൾ ശരണംപ്രാപിച്ചു. ആശ്രിതവാത്സല്യമുള്ള അദ്ദേഹം ... ക്കെല്ലാം അഭയം കൊടുക്കയും ചെയ്തു.

കാരക്കാട്ട് കല്യാണി നേത്യാർ ഇപ്പോൾ, മകളുടെ ദീനത്തിന്ന ശമനം വരുത്തിയ ഒരു സന്യാസിയേയും അദ്ദേഹത്തിൻെറ ഔഷധത്തേയും സ്തുതിച്ചുകൊണ്ടും, പുത്രിയുടെ ആ ചടച്ച ദേഹത്തെ മുഴുവായി തലോടിക്കൊണ്ടും, പണ്ടുകഴിഞ്ഞ ഓരോ സുഖാനുഭവങ്ങളേയും ഇപ്പോൾ അനുഭവിക്കുന്ന കഷ്ടതകളേയും ഈശ്വരമായാവിലാസത്തേയും പററി ഓരോന്നു പറഞ്ഞുകൊണ്ടും, മകളൊന്നിച്ചു കിടക്കുന്നു. ഈ അവസരത്തിൽ പുറത്തുനിന്ന് 'അമ്മേ അമ്മേ' എന്നു വിളിക്കുന്നതു കേട്ടു. നേരം അസമയമായിരുന്നതിനാലും, ഈ പദം ഉപയോഗിച്ചു തന്നെ ആരും വിളിപ്പാനില്ലല്ലോ എന്നുള്ള ദൃഢവിശ്വാസത്താലും, കുറെ പേടിയോടുകൂടി ഇതു കേട്ടപരിഭ്രമിച്ചു കിടക്കുന്ന മകളേ മുറുകെ അമൎത്തു കിടന്നു. അകത്തുനിന്ന് പ്രതിശബ്ദം കേൾക്കായ്കയാൽ ആ മാതിരി പിന്നേയും വിളിച്ച് 'വാതിൽ തുറക്കു' എന്നു പറയുന്നതുകേട്ടു. സ്വരത്തിനുകൂടി പരിചയമില്ലാതിരുന്നതിനാൽ ഒന്നുകൂടി മടിച്ചുവെങ്കിലും 'വരുന്നതു വരട്ടെ' എന്നുവെച്ച് 'ആരാണത്' എന്നു ചോദിച്ചു. 'ഇതു ഞാൻ തന്നെയമ്മേ, അപ്പുണ്ണി' എന്നു കേട്ടപ്പോൾ ഉദ്വേഗത്തോടുകൂടി, ഇതു വിശ്വസിക്കാവതല്ലല്ലോ എന്നു വിചാരിച്ച് അവിടെ തന്നെ കിടന്നു. 'ഇത് അപ്പുണ്ണി മൂപ്പിൽ നായരെജമാൻ തന്നെയാണ് വാതിൽ തുറക്കിൻ' എന്നു വേറേ ഒരൊച്ച കേട്ടപ്പോൾ 'എന്തെങ്കി

ലുമാവട്ടെ' എന്നു വെച്ചു തിയ്യു തിക്കത്തിച്ച് തട്ടാന്ത്രമുള്ള ഒരു ക്രോലുവിളക്കിൽ എണ്ണക്കിടനിൽ ഇട്ടപൊരുട്ടിയ ഒരുതിരി കത്തിച്ചുവെച്ചു കല്യാണിനേശ്യാര് വാതിൽ തുറന്നു.

പ്രായം ശരിയായിരിക്കുന്നു. മുഖത്തിനും വളരെ ഛായയുണ്ട്. എങ്കിലും പ്രകൃതത്തിനു വളരെ മാററം വന്നിരിക്കുന്നു. അതു പ്രായത്തിനെ അനുസരിച്ചു വന്നതായിരിക്കും. എന്നാലും കുലചെയ്യുവർ തന്നെ പരസ്യമാക്കിയ സംഗതി മറിച്ചുവിചാരിച്ച് ഈ നില്ക്കുന്ന കോമളനായ വീരപുരുഷനെ എൻെറ പുത്രനാണെന്നെങ്ങിനെയാണ് വിചാരിക്കേണ്ടത്' എന്നൊക്കെ വിചാരിച്ചു് ആ പുരുഷൻെറ പാദാദികേശപരിശോധന ചെയ്യുതുടങ്ങി. എന്നാൽ, ഈ പരിശോധനയിൽ ചില ഭാഗം വരുമ്പോഠം പ്രത്യേക ലക്ഷണങ്ങളുള്ളതു പോലെ ആ സ്ത്രീ സൂക്ഷിച്ചു നോക്കുന്നുണ്ട്. ഇത് അവസാനിച്ചതോടു കൂടി 'അയ്യോ' എന്നുപറഞ്ഞ് ആ സ്ത്രീ വീഴാൻ തുടങ്ങിയപ്പോഠം കല്യാണിനേശ്യാരുടെ മകനായ 'അപ്പുണ്ണി മൂപ്പിൽ നായര്' തൻെറ അമ്മയെ രണ്ടുകൈകൊണ്ടും താങ്ങി മടിയിൽ തലവെച്ചു കിടത്തി. കുറച്ചു കഴിഞ്ഞപ്പോഠം ആ സ്ത്രീ എഴുന്നേററ് ഒരു വിലാപം കഴിഞ്ഞതിനു ശേഷം 'അയ്യോ എൻെറ കുട്ടി നീ ഇതുവരെ ഞങ്ങളെ ഇങ്ങിനെയിട്ടു കഷ്ടപ്പെടുത്തിയല്ലോ. ഇവിടെ എന്തെല്ലാം കഴിഞ്ഞു. കാമഞ്ചേരിക്കാർ നമ്മുടെ വക മുതലുകളെല്ലാം പിടിച്ചടക്കിയിരിക്കുന്നു' എന്നു പറഞ്ഞു.

ഭൃത്യൻ— ഇനി അവരുടെ മുതലൊക്കെ നോക്കു പിടിച്ചടക്കാം.

കല്യാണിനേശ്യാര്— അയ്യോ! അതിനൊന്നിനും പോകരുതേ- ഞങ്ങഠക്കിവനെ കണ്ടുകൊണ്ടിരുന്നാൽ മതി.

ഭൃത്യൻ— അതെല്ലാം കഴിഞ്ഞു- ഇപ്പോഠം വലിയ ഒരു യുദ്ധം കഴിഞ്ഞിട്ടാണ് വരുന്നത്- അവരൊക്കെ തോററു കാലു പിടിച്ചു.

കല്യാണിനേശ്യാര്— ചതിച്ചല്ലോ- അവരിനി എപ്പോഴാതരം എന്നു നോക്കിയിരിക്കുമേ- നിൻെറ അമ്മാമനെകൊന്ന ആ ദുഷ്ടൻ വന്നാൽ പിന്നെ ആരെക്കൊണ്ടെങ്കിലും നിവൃത്തിയുണ്ടോ- ഈശ്വരാ! എനിയ്ക്കു ഇനിയും ദുഃഖമനുഭവിയ്ക്കേണ്ടിവരുമോ?

**അപ്പുണ്ണിമൂപ്പിൽനായർ**— അമ്മ പേടിക്കേണ്ട- ആ മഹാപാപിയെ കൊല്ലുകതന്നെ ചെയ്തു. മററവരേകൊണ്ട് 'കേട്ടുകൊൾക; യാതൊരുപദ്രവവും ചെയ്യില്ല' എന്നു സത്യവും ചെയ്യിച്ചിട്ടുണ്ട്- ഇനി അവരൊന്നിന്നും വരില്ല.

**കല്യാണി**— ആവോ! എനിക്കൊന്നുമറിഞ്ഞുകൂട- ദൈവമേ രക്ഷിക്കണേ- അപ്പുണ്ണി! നിയിത്രകാലം എവിടെയായിരുന്നു.

**അപ്പുണ്ണി**— ഞാൻ ഇതുവരെ ഒരു ഗുരുക്കളുടെ അരികത്തായിരുന്നു. അദ്ദേഹമാണ് എന്നെ രക്ഷിച്ചതും ഇന്ന് ഇവററിനോടുനിന്നു യുദ്ധം ചെയ്യുമാറാക്കിയതും ഇതിനെല്ലാം കാരണമാക്കിയതും.

**കല്യാണി**— അദ്ദേഹത്തിനെ എവിടെനിന്നാണ് കണ്ടുകിട്ടിയത്?.

**അപ്പുണ്ണി**— അമ്മാമൻ വീണഉടൻ ഞാൻ അവിടെനിന്ന് ഓടി-കുറെവഴി പോയപ്പോൾ അദ്ദേഹത്തെകണ്ടു കാല്ക്കൽചെന്നു വീണു. അദ്ദേഹം എങ്ങോട്ടോപോയി മടങ്ങുകയായിരുന്നു.

**കല്യാണി**— ഇവനേതാണ്.

**ഭൃത്യൻ**— ഞാൻ ഈ എജമാനനെ കൊല്ലാൻ ഓടിയവരിൽ ഒരുവനാണ്- വേറേ മൂന്നുപേരുമുണ്ടായിരുന്നു- നല്ല ആളുകളോടു വല്ലതും പറയാമോ- അവരെയെല്ലാം ഇദ്ദേഹത്തിൻെറ ഗുരുനാഥൻ കൊന്നപ്പോൾ ഞാൻ അദ്ദേഹത്തിൻെറ കാലുപിടിച്ചു- അപ്പോൾ എന്നേയും അദ്ദേഹം രക്ഷിച്ചു. ഇവിടയ്ക്ക് എൻെറമേൽ മുഷിച്ചിൽ തോന്നരുതേ.

**കല്യാണി**— നീ അന്ന് ചോറിൻെറ കൂറുകാണിച്ചു അത്രതന്നെ- അതിനു വല്ലതും തോന്നാനുണ്ടോ.

**അപ്പുണ്ണി**— ഇവനെക്കൊണ്ട് പിന്നെ എനിക്ക് വളരെ ഉപകാരമുണ്ടായിട്ടുണ്ട്.

**ഭൃത്യൻ**— ഈ എജമാനന് എവിടെപ്പോയാലും ഇനി ദോഷംവരില്ല- ഇദ്ദേഹത്തിൻെറ ഗുരുനാഥൻെറ ഒരു ശത്രുവിനെ ജയിച്ചിട്ടാണ് ഇങ്ങോട്ടുപോന്നത്- പോരുമ്പോൾ അദ്ദേഹം 'നീ എല്ലാദിക്കിലും ജയിക്കട്ടെ' എന്നുപറഞ്ഞിട്ടാണ് ഈ വാളും പരിചയും ഇദ്ദേഹത്തിനു കൊടുത്തത്.

കല്യാണി— ഈശ്വരൻ കടാക്ഷിച്ചാൽ ഒക്കെ നേരെയാവും.

ഇപ്രകാരം ഓരോ സംഭാഷണങ്ങളെക്കൊണ്ട് ആ ദിവസം കഴിച്ചുകൂട്ടി. പിറേറദിവസം കാമഞ്ചേരിക്കാർ കല്ലേക്കാട്ടുവക എല്ലാം സ്വത്തുക്കളും അവകാശങ്ങളും ഒഴിഞ്ഞുകൊടുത്തതിന്നു പുറമേ പല കാഴ്ചകളും അപ്പുണ്ണിമൂപ്പിൽനായരുടെ മുമ്പിൽവെച്ചു തൊഴുതു. ഇപ്രകാരം പല ജനങ്ങളുടേയും ബഹുമാനത്തിന്നു പാത്രമായിതീന്ന ഉത്തമയുവാവായ ആ അപ്പുണ്ണിമൂപ്പിൽനായർ കാരണവന്മാരുടെ ചട്ടപ്രകാരം തറവാടിനെ മാന്യനിലയിൽ സംരക്ഷിച്ച് ഉത്തരോത്തരം സൽകീർത്തി സമ്പാദിച്ച് ഉത്തമരീതിയിൽ കാലക്ഷേപം ചെയ്തു. *

കുററിപ്പുറത്ത് കിട്ടുണ്ണിനായർ

---

# പലവക

---

## പുസ്തകപരിശോധന

### അമൃതവല്ലി.

ഈയിടെ ചില നാടകസംഘക്കാർ ഇളകിപ്പുറപ്പെട്ടിട്ടുണ്ട്. അവർ സരസമധുരങ്ങളായ സംഗീതതാളമേളങ്ങളെക്കൊണ്ടും ആശ്ചര്യകരങ്ങളായ രംഗപ്രദർശനങ്ങളെക്കൊണ്ടും സഭാവാസികളുടെ ചിത്തവും വിത്തവും അറിയാതെ ആകർഷിക്കുവാൻ തക്ക വൈദഗ്ദ്ധ്യമുള്ളവരാകുന്നു. എന്നാൽ അഭിനയശാസ്ത്രത്താൽ അവക്കു വലിയ സാമർത്ഥ്യമൊന്നുമുണ്ടാവാനിടവന്നിരിക്കില്ല. അ

---

* കഴിഞ്ഞ മകരത്തിലെ രഞ്ജിനിയിൽ ഞങ്ങൾ ഒരു സമ്മാനത്തെപ്പററി പരസ്യം ചെയ്തതിനെ അനുസരിച്ചു പലരും അനേകം സ്വയംകൃത കെട്ടുകഥകളെ അയച്ചുതന്നിട്ടുള്ളവയിൽ എല്ലാററിലുംവെച്ചു നല്ലതാകുന്നു ഈ കഥ. പക്ഷെ ചില ന്യൂനതകൾനിമിത്തം ഇതു സമ്മാനാർഹമായി ഭവിച്ചില്ല. കഴിഞ്ഞ എടവത്തിലെ രഞ്ജിനിയിൽ 'സമ്മാനം' എന്ന ലേഖനത്തെ ഒന്നുകൂടി നോക്കിയാൽ കാരണം സ്പഷ്ടമാകുന്നതാകുന്നു.

ര. ര. പത്രാധിപർ.

അഭിനയിക്കുവാനുള്ള കഥകളുടെ ബന്ധനങ്ങളും പ്രായേണ അത്ര നന്നായിരിക്കയില്ല. എങ്കിലും പാട്ടും കൊട്ടും വേഷവും തെരശ്ശീലകളുംമററും സഭ്യന്മാരുടെ മതിമയക്കത്തക്ക നിലയിലാകയാൽ ഈ കോട്ടം ആളുകളത്ര കണ്ടുപിടിക്കയില്ലായിരിക്കാം. ഇങ്ങിനെയുള്ള നാടകയോഗക്കാൎക്കു് അഭിനയിപ്പാൻ ധാരാളം ഉപയോഗപ്പെടുത്താവുന്നതാണു് 'അമൃതവല്ലി' എന്ന കഥ. ഇതിലെ വാചകരീതിയും സംഭാഷണസമ്പ്രദായവും ലോകരീതിക്കിണങ്ങിയതല്ലെങ്കിലും ഈവക നാടകങ്ങൾക്കു യോജിക്കുന്ന മട്ടിലാണു്. ഉദാഹരണത്തിനുവേണ്ടി അമൃതവല്ലീചിത്രഭാനുസംഭാഷണത്തിൽനിന്നു രണ്ടു സംബോധനമാത്രം എടുത്തുകാണിക്കാം. 'അനാല്യജാരാവാഹനഗമനേ' 'സകളങ്കനായിരിക്കുന്ന ചന്ദ്രനോടു ഉപമിപ്പാനെന്നപോലെ നിടിലപ്രദേശത്തിങ്കൽ വിളങ്ങുന്ന തിലകമാകുന്ന കളങ്കത്തോടുകൂടിയ പൂൎണ്ണചന്ദ്രവദനേ!' ഇതുകൊണ്ടൊന്നും തൃപ്തിപോരെങ്കിൽ വായനക്കാർതന്നെ പുസ്തകം വാങ്ങി വായിച്ചുകൊൾവിൻ. ഗ്രന്ഥകൎത്താവായ കെ. വി. ഹരിഹരയ്യർ മുഖവുരയിൽപ്പറഞ്ഞപ്രകാരം 'മലയാളഭാഷയിൽ ഗ്രന്ഥദൌൎല്ലഭ്യം തീൎക്കുവാനുദ്യമിച്ചിരിക്കുന്ന സ്ഥിതിക്കു ദോഷം പറഞ്ഞ ഗ്രന്ഥകൎത്താവിന്നു ഉത്സാഹഭംഗം വരുത്തുവാൻ ഇടയാക്കുന്നതു മഹത്തുക്കളുടെ ധൎമ്മമല്ലായ്കയാൽ' ഞങ്ങൾ പാട്ടുകേൾക്കുമ്പോളെന്നപോലെ ബലേ ഭേഷ് എന്നു ദോഷങ്ങളേയും ശ്ലാഘിച്ചു കൊടുത്തേക്കാം.

---

ചട്ടമ്പിത്തലവൻ

മലയാളഭാഷയിൽ ഒരു ഗ്രന്ഥം നിൎമ്മിക്കുന്നതായാൽ ഇപ്പോഴത്തെ സ്ഥിതിക്കു സൎവ്വസമ്മതമാകുന്നതു വളരെ അസാദ്ധ്യംതന്നെ. പ്രത്യേകിച്ചു ഗദ്യകാവ്യമായാൽ സംശയമില്ല. ചിലൎക്കു് ആവുന്നതും ശുദ്ധ മലയാളവാക്കുകളെത്തന്നെ ഉപയോഗിച്ചാലേ ബോധിക്കുള്ളൂ. മററുചിലർ സംസ്കൃതപദങ്ങളിടയ്ക്കിടെയ്ക്കു പ്രയോഗിച്ചില്ലെങ്കിൽ ഗൌരവം മതിയായില്ലെന്നു പറഞ്ഞുതുടങ്ങും. വേറെ ചിലൎക്കു രസിപ്പിക്കണമെങ്കിൽ നീട്ടി വലിച്ചുവിട്ട വാചകങ്ങളായിരിക്കു

ന്നം. മററുചില വകക്കാർ ചെറിയ ചെറിയ വാക്യങ്ങളെക്കൊണ്ട ല്ലാതെ തൃപ്തിപ്പെടില്ല. ചില സഹൃദയന്മാർമാത്രം ഈ വകയ്ക്കു വിഷയഭേദമാണ് അടിസ്ഥാനമെന്നു മനസ്സിലാക്കീട്ടുണ്ടായിരിയ്ക്കും. അ റക്കിങ്ങിനെയായാലെ ആഹ്ലാദമുണ്ടാകുള്ളു. ഭൂരിപക്ഷം ജനങ്ങൾ അവരവക്കു ബഹുമാനമുള്ള യോഗ്യരുടെ വാചകരീതിയെ ആസ്വാദിയ്ക്കുന്നതു സാധാരണയാണല്ലോ. സർവസമ്മതന്മാരായ മഹാപണ്ഡിതന്മാർ വിഷയഭേദത്തെയോ സ്വരുചിയേയോ അടിസ്ഥാനമാക്കി വല്ലപ്പോഴും 'സംസ്കൃതപദപ്രയോഗബഹുള'മായി വല്ലതും എഴുതീട്ടുണ്ടായിരിയ്ക്കാം. എന്നാൽ അതിനെത്തന്നെ അനുകരിച്ച് അനുഗാമികളായ ചില 'മുറിക്കുന്തക്കാർ'ആ രീതിപിടിച്ച് ഗീർവ്വാണഭാഷാപദങ്ങൾ കണ്ടതും കേട്ടതും പറക്കിയെടുത്ത് അർത്ഥമ്പോലും നോക്കാതെ കുത്തിനിറച്ചുവിടുന്ന സമ്പ്രദായം ഇപ്പോൾ ഒട്ടും അപൂർവ്വമല്ല. ഈ ഒരു മായാബാധ നമ്മുടെ 'ചട്ടമ്പിത്തലവ'നും ചിലേടത്തു പററിപ്പോയിട്ടില്ലെന്നു പറഞ്ഞുകൂടാ. ആശ്രിതനായ കൊച്ചുണ്ണിഎന്ന വിശ്വസ്തൻ മാത്രം വളരെക്കാലം പിരിഞ്ഞിരുന്നതിൻെറശേഷം കണ്ടെത്തിതൻെറ കാക്കൽ വന്നു നമസ്കരിച്ചപ്പോൾ 'റാബിൻഹുഡ' എന്ന ചട്ടമ്പിത്തലവൻ പാദാനതനായ അവനെ നോക്കി പ്രത്യാഖ്യാനം' ചെയ്യുന്നതിന്നു' ശക്തനായില്ല എന്നും മററും പ്രയോഗിച്ചിട്ടുണ്ട്. 'പ്രത്യാഖ്യാനം' നിരാകരണമെന്നാണ് സാധാരണയായി അർത്ഥമുള്ളത്. ഇവിടെ അതു യോജിക്കുമൊ എന്നു സംശയമാണ്. കൊച്ചുണ്ണി എന്നുള്ള പേരു കല്പിച്ചതും ശേഷം പേരുടെ പേരിന്നു യോജിച്ചതല്ല. ഇങ്ങിനെ ചില വീഴ്ചകൾ അപൂർവ്വമായിച്ചില സ്ഥലങ്ങളിലുണ്ടായിരിക്കാം. അതു നിസ്സാരമെന്നു വെയ്ക്കാനേ ഉള്ളു. ആകപ്പാടെ റാബിൻഹുഡിൻെറ ജീവചരിത്രം മലയാളഭാഷയിൽക്കൊണ്ടുവന്നതിൽ, കെ. ചിദംബരവാദ്ധ്യാർ ബി. എ. അവർകളെ ഞങ്ങൾ സർവ്വാത്മനാ അഭിനന്ദിക്കുന്നു. പിന്നിൽക്കൂടമയും കേരളഭാഷാപോഷണത്തിൽ മുന്നിൽക്കൂടമയും കൂടിയവർ വളരെച്ചുരുക്കം പേരേ ഉള്ളു. എങ്കിലും അതിലേപ്പെട്ടു കാണുന്ന ഈ കൂട്ടർ എണ്ണം പറഞ്ഞ പേരുനേടുന്നവരാണെന്നു കാണുന്നതിൽ ഞങ്ങൾക്കു വളരെ കൃതാർത്ഥതയും കൃതജ്ഞതയുമുണ്ട്.

---

# രസികരഞ്ജിനി

ഫാര്യര

പുസ്തകം ൨.  മകരമാസം  ലക്കം ൩.


### മംഗളം

നോക്കുമ്പോൾ പശ്വു, പക്ഷി, തൊട്ടുള്ളൊരു ജന്മം കഴിഞ്ഞിട്ടിതാ
നോക്കിപ്പോൾ നരജന്മമായി, ഭഗവത്സേവയ്ക്കു നാം പാത്രമായ്,
പാകെന്നൊന്നോർത്തുമില്ല നിശ്ചയ,മിനിസ്സംസാരബന്ധംവരാ-
താക്കാനോക്കുക ചിത്സ്വരൂപമനിശം മങ്ങാതെ മാലോകരേ!

നടുവത്ത് അച്ഛൻനമ്പൂരി.

## ഞാനാരം

മാനുഷജന്മത്തെ കുറിച്ച് ഏറെക്കുറെ ആലോചിച്ചു നോക്കാത്തവർ മാനുഷവർഗ്ഗത്തിൽ അധികം ഉണ്ടായിരിക്കയില്ല. നമ്മുടെ 'ജീവൻ' എന്താണ്, അതിന്റെ ഗതി എങ്ങോട്ട്, ഈ ജന്മത്തിന്നു മുമ്പും പിമ്പും ഉണ്ടോ, ഇതൊക്കെയാണ് എല്ലാമതത്തിലും വെച്ചു ആലോചനാശക്തി ഉള്ളവർ തങ്ങളുടെ വിചാരങ്ങൾക്കു് പലപ്പോഴും വിഷയമാകുന്ന സംഗതി. തങ്ങളുടെ ബുദ്ധിക്കും, വാസനയ്ക്കും, പ്രാപ്തിക്കും എത്തുന്നവിധം ഓരോരുത്തരും ഈ സംഗതിക്കു ഒരു സമാധാനം ഉണ്ടാക്കി വെയ്ക്കുന്നു. ഒരുവൻ, ശ്ശേ! ഇതെല്ലാം വെറും പ്രപഞ്ചമാണ്, ആരോ നമ്മെ ഇവിടെ കൊണ്ടുവന്നു വേഷം കെട്ടിയാടിക്കുന്നു, താ

ളത്തിനു ചവുട്ടാതിരിക്കാൻ നമുക്കു കഴിയുന്നില്ല', എന്നു വിശ്വസിച്ച് അമ്മനെയോ, 'പൂതത്താനെയോ', അഥവാ കാളിയെയോ, ശാസ്താവിനെയോ, ശിവനെയോ, മററുവല്ല ശക്തിയെയോ പേരുപറഞ്ഞുവിളിച്ച് സമസ്തകാൎയ്യവും അവരെ ഏല്പിച്ചും, ഭാഗ്യംവരുമ്പോൾ അവരെ സന്തോഷിപ്പിക്കാൻ 'കൊട'യോ, വഴിപാടോ, മററും കഴിച്ചും, ദുഃഖംവരുമ്പോൾ ഓരോതരത്തിൽ പ്രായശ്ചി[illegible]ം ചെയ്തും, ജീവിതനാടകത്തെ കഴിച്ചുകൂട്ടുന്നു. മറെറാരുത്തൻ കോടതികളിൽ കേറിച്ചെല്ലുന്ന കക്ഷിക്കാരനെപ്പോലെ, തന്റെ ആത്മസുഖത്തെ നേടുന്നതിനു, ഈശ്വരന്റെ സന്നിധാനത്തിൽചെന്നു തനിക്കുവേണ്ടി വക്കാലത്തുപിടിച്ചു വാദംനടത്തുന്നതിനു ചില വക്കീലന്മാരുടെ സാഹായ്യത്തെ അപേക്ഷിച്ചു കാലംകഴിച്ചുകൂട്ടുന്നു. ദീൎഘദൎശികൾ, മതസ്ഥാപകന്മാർ, രക്ഷാധികാരികൾ, ഉപദേവതകൾ, ഇവരുടെ സഹായത്തെ ആവശ്യപ്പെടുന്ന ജനങ്ങൾ, ഇവരെ ഒരുതരം ഉയൎന്ന ദിവ്യവക്കീലന്മാരെപ്പോലെ ഗണിച്ചുവരുന്നു. ഇനി വേറെ ഒരുതരം ആളുകൾ ഉണ്ട്. അവൎക്കു ഒരിക്കലും സംശയംതീരുകയില്ല. അവൎക്കു ദൈവവിശ്വാസം ഉണ്ടെന്നൊ ഇല്ലെന്നൊ, അവൎക്കും വേറെയാൎക്കും തീൎമാനിക്കാൻ വിഷമം. ഈ കൂട്ടരിൽ ഒരാളാണ് മരണസമയം ഇപ്രകാരം പറഞ്ഞിട്ടുള്ളത്. 'ദൈവം എന്നൊരാൾ ഉണ്ടെങ്കിൽ, ഒ! ദൈവമേ! ആത്മാവെന്നൊന്നുണ്ടെങ്കിൽ അതിനെ രക്ഷിച്ചുകൊള്ളണെ!.'

കാട്ടാളർ മൃഗവൃക്ഷാദികളേയും, അപരിഷ്കൃതജനങ്ങൾ പ്രകൃതിസത്വങ്ങളേയും, ചാവുകളേയും, മററുള്ളവർ ദേവതകളേയും, അപൂൎവ്വം [illegible]ർ സച്ചിദാനന്ദത്തേയും, അഭയം പ്രാപിക്കുന്നതിന്റെ [illegible] ത്ഥുകപ്പാടെ നോക്കുമ്പോൾ ഒന്നുതന്നെ. ദേഹത്തിൽ കൂ[illegible]ഷം പക്ഷി കൂട്ടിൽ എന്നപോലെ അധിവാസം ചെയ്യുന്ന ജീവൻ [illegible]താണെന്നു ആൎക്കും നിശ്ചയമില്ല. ഓരോരുത്തരും അതിന്റെ സ[illegible]ഭാവത്തേയും ഗതിയേയുംപററി ഓരോവിധം അഭിപ്രായപ്പെട്ടു, ഓരോ വിശ്വാസങ്ങളെ കൈക്കൊണ്ട്, അവയൊപ്പിച്ച് അവരുടെ ഐഹികവൃത്തിയെ പരിപാലിക്കുന്നു. ഇങ്ങിനെ ജന

ങ്ങൾക്കു തീർച്ചയായി അറിയാൻ പാടില്ലാത്ത ഒരു വസ്തുവിന്റെ സ്വഭാവത്തെപ്പററി അവർ കൂട്ടിച്ചേർത്തു വെയ്ക്കുന്ന വിശ്വാസങ്ങളുടെ സമൂഹത്തെയാണ് 'ജ്ഞാനം' എന്നു മനുഷ്യർ ഗണിച്ചുവരുന്നത്. ഈ ജ്ഞാനസമ്പ്രദായങ്ങൾ പ്രായേണ ദർശനങ്ങളും മതങ്ങളും ആയി പരിണമിക്കുന്നു. ശാശ്വതമായ സത്യത്തെയും, സനാതനധർമ്മത്തെയും, ആരാഞ്ഞറിയുന്നതിന്ന് ബുദ്ധിവികാസം വർദ്ധിക്കുന്തോറും വിചാരശീലന്മാർ ശ്രമിക്കുന്നു.

സത്യം ഇന്നതാണെന്നു അറിഞ്ഞതിന്റെശേഷമേ വിശ്വാസത്തെ കൈക്കൊൾക വേണ്ടു. ഈ സമാധാനവചനം എത്ര ആശ്വാസകരം! സത്യത്തിനു ആരുടെയും സാക്ഷീകരണം ആവശ്യപ്പെടുന്നില്ല.

മൂന്നുനാലുമതങ്ങളുടെ ഉത്ഭവസ്ഥാനമായ ഇൻഡ്യാദേശത്തിൽ, കഴിഞ്ഞപത്തിരുപതു സംവത്സരമായി ഇംഗ്ലീഷു പഠിച്ചിട്ടുള്ള ഹിന്ദുക്കൾക്കും, ഹിന്ദുസ്നേഹികളായ ചില പാശ്ചാത്യന്മാർക്കും, ആലോചനയ്ക്കും ബഹുമാനത്തിനും വിഷയമായി ഭവിച്ചിട്ടുള്ളത്, ശ്രീരാമകൃഷ്ണപരമഹംസനാൽ പുനർജ്ജീവിപ്പിക്കപ്പെട്ടതും, വിവേകാനന്ദാഭേദാനന്ദാദിസ്വാമികളുടെ പ്രസംഗങ്ങളാൽ പ്രചാരം ചെയ്യപ്പെട്ടതും, ആയ പഴയരത്നമായ വേദാന്തമാകുന്നു. പഞ്ഞി, ചകിരി, കൊപ്ര മുതലായ സാമാനങ്ങൾ, ശീമയ്ക്കുപോയി, രൂപഭേദത്തോടുകൂടി തിരിച്ചു നമ്മുടെ രാജ്യത്തേക്കു വരുമ്പോൾ അവയ്ക്കു മേനാധ്യമിനുസവും, ജാത്യവും, വിലയും, വർദ്ധിക്കുന്നില്ലേ. മുററത്തെ മുല്ലയ്ക്കു മണമില്ല. മുല്ലയുടെ സത്ത് അത്തറായി സ്ഫടികക്കുപ്പികളിൽ അടച്ചു തോൽകെട്ടി 'പശന്ത്രു' പിടിച്ചുവരുമ്പോൾ അതിനെ ആർക്കാണ് വേണ്ടാത്തത്? ഈ ആധുനികപ്രമാണം അനുസരിച്ചു വേദാന്തവും വിദേശയാത്ര കഴിഞ്ഞു ചില സർട്ടിഫിക്കേറ്റുകളും പിടിച്ചുകൊണ്ടു ആയി നമ്മുടെ ദേശത്തു വീണ്ടും വന്നുചേർന്നപ്പോൾ അതിന്നും ഒരു ഗൌരവം ഉണ്ടായി. ഭാരതരാജ്യത്തിന്റെ സുകൃതം തന്നെ. ഹിന്ദുക്കളുടെ ഭാഗ്യം.

ശ്രീരാമകൃഷ്ണപരമഹംസന്റെ ജീവചരിത്രത്തിൽ പണ്ഡി

തർ മാക്സ്മുള്ളർ വേദാന്തദർശനത്തെ സംബന്ധിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു. 'വളരെ പുരാതനകാലം മുതല്ക്കേ, വേദാന്തതത്വങ്ങൾ ഹിന്ദുക്കളുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ട്. വ്യാഖ്യാനംകൊണ്ടും, വ്യാഖ്യാനാഭാസംകൊണ്ടും അതിന്റെ ചില വിധികൾ, യൂറോപ്യന്മാർക്കു അരുചികരമായി വന്നിരിക്കാമെങ്കിലും, ശുദ്ധവേദാന്തത്തിൽ സത്യവും സാരവും ഉണ്ടെന്നു ഇപ്പോൾ സമ്മതിക്കാതെ കഴികയില്ല. വേദാന്തത്തെപ്പററി ഒരു അറിവു സമ്പാദിക്കുന്നതിന്നുമുമ്പെ അതിനെ ആക്ഷേപിക്കുകയോ പരിഷ്കരിക്കുകയോ ചെയ്യുന്നതിന്നു ഒരുമ്പെടുന്നതു സാഹസം തന്നെ. പ്ലേറേറാ, അരിസ്റ്റാട്ടിൽ, സ്പൈനോസാ, കാൻറ, മുതലായ തത്വപ്രദർശകന്മാരുടെ കൃതികളെ നാം പഠിക്കുന്നത് അവയിൽ സത്യമെല്ലാം ഉരച്ചു മിനുക്കി വച്ചിട്ടുണ്ടെന്നു കരുതി അല്ല, സത്യത്തെ അറിയുന്നതിന്നു നമ്മെ അവ സഹായിക്കുമെന്നുള്ള ബോധത്തോടുകൂടി മാത്രമാണ്.'

ഈ ലോകത്തിൽ നോക്കുന്നിടത്തെല്ലാം കാണുന്ന കഷ്ടതയിൽനിന്നും ഒഴിയാനും സുഖത്തെ സമ്പാദിക്കാനും നാം എല്ലാവരും ആഗ്രഹിക്കുന്നവരാണ്. ദുർദ്ദശയെ അകററി വെല്ലാൻ മാർഗ്ഗമെന്തെന്ന് നാം അന്വേഷിച്ചലയുന്നു. ഒരു ഉത്തമമാർഗ്ഗത്തെ വേദാന്തം നമുക്കു കാണിച്ചു തരുന്നു. അതേതാണെന്നു സ്വല്പനേരം ചിന്തിക്കതന്നെ. ലോക[illegible]ൽ നന്മയെന്നും തിന്മയെന്നും തോന്നിപ്പിക്കുന്ന വസ്തുക്കൾക്കു യഥാർത്ഥതയില്ല. ഒക്കെ മനസ്സിന്റെ വട്ടം കറക്കലാണ് എന്നു മഹാകവി ഷേക്സ്പീയറും, 'മനസ്സു സ്വസ്ഥാനത്തിരുന്നാൽ സ്വർഗ്ഗം നരകമാകും നരകം സ്വർഗ്ഗമാകും' എന്നു ആംഗ്ലേയ വാത്മീകിയും പ്രസ്താവിച്ചിട്ടുണ്ട്. ഈ മനസ്സ് എന്താണ്? നാശമില്ലാത്ത വസ്തുവാണ് ഈ മനസ്സ്. അതിനെ അറിയുക. സ്വതേ ശുദ്ധവും പൂർണ്ണവും ആയിട്ടുള്ള ഈ മനസ്സു എന്താണെന്ന് അറിഞ്ഞവർക്കു സുഖവും സമാധാനവും ഉണ്ടാകുന്നു. ശമദമാദി ആനന്ദങ്ങളെ നല്കാൻ വേറെ ഒന്നിനും കഴിയുന്നില്ല.

മാനസികസംസ്കരണം ചെയ്ത് അനല്പമായ ആനന്ദത്തെ സ്വന്തമാക്കുന്നതിന്നുള്ള ഉപായങ്ങൾ വേദാന്തദർശനത്തിൽ പ്രതി

പഠിക്കപ്പെട്ടിട്ടുണ്ട്. യഥാൎത്ഥജ്ഞാനം ഉണ്ടാകണമെന്നു സൎവ്വാത്മനാ ഇച്ഛിക്കുന്നവൎക്കു വേദാന്താഭ്യാസം ഒരു പേരുവഴിയായി ഭവിക്കുന്നു. ആത്മപരിഷ്കരണത്തിന്ന് ഉതകുന്ന വിദ്യയത്രേ സൎവ്വശ്രേഷ്ഠമായ വിദ്യ.

അമേരിക്കയിൽ ന്യൂയാൎക്ക് നഗരത്തിൽ സ്ഥാപിച്ചിരിക്കുന്ന വേദാന്തസംഘത്തിൽനിന്നു പ്രസിദ്ധം ചെയ്തിട്ടുള്ള ഒരു പുസ്തകത്തിൽ വേദാന്തത്തെപ്പററി ഇങ്ങിനെ ഒരു ഭാഗം കാണ്മാനുണ്ട്. 'യേശുക്രിസ്തുവും, മററവതാരമൂൎത്തികളും അരുളിയിട്ടുള്ള തത്വങ്ങളെ വ്യാഖ്യാനിച്ചു വിസ്തരിക്കയും, അജ്ഞാനാന്ധകാരത്തെ ജ്ഞാനദീപത്താൽ അകററുകയും, സൎവ്വമതങ്ങളുടെ സൂക്ഷ്മവിധികളെ സ്ഥാപിക്കയും ചെയ്യുന്നു വേദാന്തം. ആത്മാവിന്റെ ദിവ്യത്വത്തെ വേദാന്തം വെളിപ്പെടുത്തുന്നു. ആത്മാവിന്നു ജാതിവ്യത്യാസമൊ, മതവ്യത്യാസമൊ, ലിംഗവ്യത്യാസമൊ ഇല്ല. വേദാന്തം പ്രത്യേകം ഒരു സ്ഥാപകനെയൊ, ഗ്രന്ഥത്തെയൊ, ആശ്രയിക്കുന്നില്ല. ഭൂലോകത്തുള്ള സകലവേദപുസ്തകങ്ങളിലെയും, സാരതത്വങ്ങളെ, അതു സ്വീകരിക്കുന്നു. ശാസ്ത്രീകങ്ങളായി അറിയപ്പെടുന്നവയായ എല്ലാ പ്രമാണങ്ങളും വേദാന്തതത്വങ്ങളെ ബലപ്പെടുത്തുന്നു. ആത്മീകമായും മാനസികമായും ഉള്ള അഭിവൃദ്ധിയെ പ്രാപിക്കുന്നതിനു അത് എല്ലാവൎക്കും വഴികാണിക്കുന്നു.'

മതസംഘങ്ങളെ ഏൎപ്പെടുത്തുവാനൊ ഇതരന്മാരെ ഈ വേദത്തിൽ ചേൎക്കുവാനൊ വേദാന്തം യത്നിക്കുന്നില്ല. തൎക്കന്യായവിധികളെ അടിസ്ഥാനപ്പെടുത്തി, മാനുഷജീവിതത്തെ നയിക്കുന്ന ആത്മീകശാസ്ത്രവിധികളെ വ്യാഖ്യാനിക്കാനും ഈ വിധികൾ നവീനശാസ്ത്രത്തിനൊ ദൎശനങ്ങൾക്കൊ വിപരീതങ്ങളായവയല്ലെന്നു തെളിയിക്കാനും മഹാത്മാക്കളായ മതസ്ഥാപകന്മാരുടെ സത്യവേദത്തെ സൎവ്വത്ര പ്രചാരം ചെയ്യിപ്പിക്കാനും ആത്മീകമായും സന്മാൎഗ്ഗികമായും മാനസികമായും ശാരീരകമായും മനുഷ്യൎക്കുണ്ടാവുന്ന ആവശ്യങ്ങളെ വേദാന്തവിധിപ്രകാരം നിറവേററുന്നതിനു അവരെ അഭ്യസിപ്പിക്കാനും ആണ് വേദാന്തമതം സ്ഥാപിതമായി

ക്കുന്നത്.' വേദാന്തമതപ്രകാരം സത്യവേദത്തിന്റെ ഏകനിഷ്ഠവിശ്വാസിയായ മനുഷ്യന്നു സ്വഭാവനൈർമ്മല്യം ഉണ്ടാക്കുന്നതിലാണ് ഇരിക്കുന്നത്. രാമകൃഷ്ണഗുരുവിന്റെ ശിഷ്യനും, വിവേകാനന്ദസ്വാമിയുടെ സഹചരനും ആയ സ്വാമി അഭേദാനന്ദൻ മതത്തിന്റെ ഉദ്ദേശ്യം ഇപ്രകാരമാണെന്ന് വിവരിച്ചിരിക്കുന്നു. 'ആത്മാവിന്റെ ദിവ്യസ്വരൂപത്തെ വികസിപ്പിക്കുക, ആത്മീകഘട്ടത്തിൽ ഉപജീവനം ചെയ്യുന്നതിന്നു മനുഷ്യനെ ശക്തനാക്കുക, ഇതത്രെ ഉത്തമമതത്തിന്റെ ഉത്തമോദ്ദേശ്യം. ശാശ്വതമായ സത്യത്തെ അറിയുക, നിത്യകർമ്മാനുഷ്ഠാനത്തിൽ ദിവ്യത്വത്തെ പ്രദർശിപ്പിക്കുക, ഇതത്രെ മതാഭ്യാസത്തിന്റെ ഉത്തമഫലം'.

മേല്പറഞ്ഞ അവസ്ഥയെ പ്രാപിക്കുവാൻ ചെയ്യുന്ന യത്നം പലവിധമായിട്ട് ഏർപ്പെടുത്തപ്പെട്ടിരിക്കുന്നു. വിരാഗിയോ സന്യാസിയോ ആയാൽ മാത്രമെ ഈ സൽഗതി ലഭിക്കു എന്നു ശങ്കിക്കേണ്ട. ലോകത്തിൽ ഇരുന്നും ഈ ഉത്തമപദവിയെ അടയുന്നതിന്നു ആർക്കും സാധിക്കാത്തതല്ല. മതവിശ്വാസം നാലു വിധത്തിൽ മനുഷ്യർക്കുണ്ടാകുന്നുണ്ടു, അവ ഭക്തി, കർമ്മ, രാജ, ജ്ഞാനയോഗങ്ങൾ എന്നവയാകുന്നു. നാലു വഴികളുടേയും അവസാനം ആത്മബോധംതന്നെ. വേദാന്തവിധികളെ സവിസ്തരം പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ ഉപനിഷത്തുകൾ ആകുന്നു.

വലിയപട്ടണങ്ങളിൽ ശ്വാസം വിടാൻപോലും നേരമില്ലാതെ അലഞ്ഞു കാലക്ഷേപം ചെയ്യുന്ന ജനങ്ങൾക്കു സ്വല്പം വേദാന്തജ്ഞാനം എത്ര ഉപകാരമായിട്ടുള്ളതെന്നു പറഞ്ഞറിയിക്കാൻ പ്രയാസം. ആത്മബോധം സർവ്വപ്രവൃത്തികളും വേണ്ടപോലെ ചെയ്യുന്നതിന്നു മനുഷ്യനെ സഹായിക്കുന്നു.

ലോകോപദേഷ്ടാക്കൾ സർവ്വകാലങ്ങളിലും സർവ്വദേശങ്ങളിലും പ്രസ്താവിച്ചിട്ടുള്ള മതസംബന്ധമായ തത്വം ഒന്നുതന്നെയെന്നു സൂക്ഷിച്ചു നോക്കുന്നവർക്കു മനസ്സിലാകുന്നു. 'ഞാനും എന്റെ അച്ഛനും ഒന്നുതന്നെ' എന്നു യേശുക്രിസ്തുവും ഈശ്വരധ്യാനത്തിൽ സദാ ലയിച്ചു ശാന്തിയെ പ്രാപിച്ചവന്റെ ഹൃദയത്തിലെ ദിവ്യ

ശ്നം ഉണ്ടാവൂ' എന്നു. ശ്രീരാമകൃഷ്ണഗുരുവും 'തന്നെത്താൻ അറിയേ ണം, ആത്മാനാത്മനാപശ്യ' എന്നു മറിച്ചും തിരിച്ചും എല്ലാ മത ങ്ങളും വിളിച്ചു പറയുന്നു. സ്വാത്മജ്ഞാനം സ്വാത്മശക്തി സ്വാ ത്മസംയമനം ഇവ ഉത്തമശക്തി മനുഷ്യനിൽ ജനിപ്പിക്കുന്നു. ആ ത്മാവിനെ അറിഞ്ഞാൽ ദൈവത്തിനെ അറിയാം. വിഷയഗോ ചരങ്ങളായ വസ്തുക്കൾ മിഥ്യകളെന്നും ശാശ്വതമായതു മാത്രമേ അ റിയത്തക്കതെന്നും ഐഹികാസക്തി സർവശ്രേഷ്ഠമായ സത്യഗ്രഹ ണത്തിനു വിരോധിയെന്നും ഒരുത്തൻ അറിഞ്ഞുകൂട്ടുമ്പോൾ അവ ന്നു ദിവ്യതേജസ്സ് ഉണ്ടാകുന്നു. ഈ ദിവ്യസമ്പത്ത് ആരാലും അ പ്രാപ്യമല്ല.

തെളിവ് ഇല്ലാതെ വിശ്വാസത്തെമാത്രം അടിസ്ഥാനപ്പെടു ത്തി സ്ഥാപിക്കുന്ന ഒരു മതത്തിനും സാർവ്വത്രികമായ പ്രബലതയു ണ്ടാകയില്ല. വേദാന്തമതാനുവർത്തികൾ, യാവരോടും പറയുന്നത എന്ത്? 'നിങ്ങൾ,നോക്കുവിൻ, അഭ്യസിക്കിൻ, നിങ്ങൾക്കുതന്നെ സത്യം ക്രമേണ ബോദ്ധ്യപ്പെടും. ഇല്ലെങ്കിൽ ഉപേക്ഷിക്കുവിൻ' എന്നത്രെ.

വേദാന്താഭ്യാസത്തിൽ ഒരു രഹസ്യവും ഇല്ല. ഇന്നാർക്കുമാ ത്രമേ ഈ വിദ്യ അഭ്യസിക്കുവാൻ പാടുള്ളു എന്നുള്ള നിർബ്ബന്ധം ഒട്ടും തന്നെയില്ല. സകല മതങ്ങളുടെ പരമവിധി മുക്തിയായിരിക്കുന്നു. മുക്തിയെന്നത് ഐഹികദുഃഖവിമോചനംതന്നേ. ലോകം ദുഃഖ മയം, സ്വർഗ്ഗം സുഖകരം എന്നാണ് സർവ്വമതങ്ങളും സിദ്ധാന്തിക്കു ന്നത്. സാധാരണ വിധിപ്രകാരം സ്വർഗ്ഗം എന്നത് എന്താണ്? ജീവൻ ജഡത്തെ ത്യജിച്ചതിൻെറശേഷം ചെന്നുചേരുന്ന ഒരു സ്ഥ ലം. അവിടെ ദയയും സ്നേഹവും സുഖവും നിത്യമായി ഉണ്ടായിരിക്കു ന്നു. ദേവന്മാർ അവിടെ ദൈവത്തിൻെറ സന്നിധിയിൽ ഇരുന്നു നിത്യാനന്ദം അനുഭവിക്കുന്നു. നല്ല കർമ്മങ്ങളെ ചെയ്യുന്ന നാം അ വിടെ പ്രവേശിച്ച് ഈശ്വരസാന്നിധ്യത്തെ അണയുന്നു, ഇപ്രകാ രമാണ് സ്വർഗ്ഗത്തെപ്പററി സാധാരണ മതങ്ങൾ ഘോഷിക്കുന്നത്.

ജീവൻ ചെന്നു ചേരുന്നതിന്നു വേറെ ചില സ്ഥലങ്ങളും സ്വ

ഗ്ഗം ഒഴിച്ചു, ഉണ്ടെന്നു വിധിക്കപ്പെട്ടിരിക്കുന്നു. പാപികൾ നരകത്തിലേക്കു പോകുന്നു. നന്മ അധികവും തിന്മ കുറച്ചും ചെയ്തിട്ടുള്ളവർ ഒരുമാതിരി സത്രമായ ത്രിശങ്കുസ്വൎഗ്ഗത്തിലേക്കു പ്രവേശിക്കുന്നു. ഈ വിധികൾ സർവസമ്മതമാകാൻ പ്രയാസംതന്നേ. വേറെ ഒരുകൂട്ടം ആളുകൾക്കു ഒന്നിലും വിശ്വാസം ഇല്ല. 'ഈ ജന്മംതന്നേ എല്ലാം വേറെ ഉണ്ടോ ഇല്ലയോ എന്നു ആരറിഞ്ഞു? ഈ ഉള്ളതുതന്നെ വിഷമം' എന്നു അവർ വിചാരിക്കുന്നു. ഇത്രത്തോളം വിഷമിക്കുന്നവർ, കയ്യിൽ വന്നതിനെ തുലയ്ക്കയോ, അല്ലെങ്കിൽ അന്വേഷിച്ചു പുറപ്പെടുകയോ ചെയ്യാത്തതെന്താണെന്ന് ആൎക്കും തോന്നിപ്പോകുന്നു. വൈദാന്തികമായ നിശ്ചിതസ്ഥാനം സർവജനാപ്രാപ്യമായതല്ല; അതു ശാസ്ത്രത്തിന്നും അനുഭവത്തിനും വിരുദ്ധമായതല്ല. ചെയ്യുന്ന വേലയ്ക്കുള്ള കൂലി വേദാന്തം ആൎക്കും കൊടുക്കുന്നുണ്ട്. സ്വൎഗ്ഗം എന്നത് സുഖമെന്നല്ലെ പറയുന്നത്? ശരി! ഈ സ്വൎഗ്ഗം ഈ ലോകത്തിൽ ഈ ജന്മത്തിൽതന്നെ ഉണ്ടാകാൻ പാടില്ലാത്തതല്ല. മരണത്തിന്നപ്പുറമേ സ്വൎഗ്ഗസുഖം ആൎക്കും ഉളവാകുവെന്നു വിചാരിക്കേണ്ട. വേദാന്തവിധികൾക്കു ശരിയായി നടക്കുന്നവൎക്കു മരണം ദുഃഖകരമായ ഒരു സംഭവമെന്നോ, ആനന്ദാതരം ഉണ്ടാകുന്ന ഒരു ഭാഗ്യസിദ്ധിയെന്നോ, വിചാരം ഇല്ല. മരണത്തെപ്പററിയുള്ള ഭയത്തിനെ നീക്കുന്ന സകല പ്രമാണങ്ങളും സർവാഹങ്ങളാണെന്നു ആരുംതന്നെ സമ്മതിക്കയില്ല.

മനുഷ്യരുടെ ഇഹലോകവാസം സാവത്രികമായി ഏതുവിധം കാണപ്പെടുന്നു? എല്ലാം ശരി, പണംതന്നെ കാൎയ്യം, പണം ഉണ്ടെങ്കിൽ എന്തും ഉണ്ടാകും. എങ്ങനെയും പണം സമ്പാദിക്കണം. പണംതന്നേ ഈശ്വരൻ, എന്നു പറയാത്തവർ വളരെ വളരെ ചുരുക്കം. 'ഒരുത്തന്ന് ഈ ഭൂലോകമാസകലം ലഭിച്ചു എന്നിരിക്കട്ടെ. അതിനാലുള്ള കൃതാൎത്ഥതയെന്തു? അവന്റെ ആത്മാവു നശിച്ചുപോയെങ്കിൽ പ്രാഭവംകൊണ്ടു സാദ്ധ്യംഎന്തു?' എന്ന് ഈശനായ ക്രിസ്തു ചോദിച്ചിട്ടുണ്ട്. പണമല്ല മനുഷ്യന്നു മോക്ഷത്തെ തരുന്നത ഗുണമാണ്, എന്നറിയുന്നവർ അത്രെ ദൈവജ്ഞന്മാർ.

വൈഷയികസുഖത്യാജ്യംതന്നെ സർവശ്രേഷ്ഠമായ യാഗമെന്ന് അനുഭവത്തിൽ ദൃഷ്ടാന്തപ്പെടുത്തുന്നവർ ദൈവജ്ഞരാണെന്നു വേദാന്തം തെളിയിക്കുന്നു. ദാരിദ്ര്യംതന്നെ പുരുഷലക്ഷണത്തെ പ്രസ്പഷ്ടീകൃതമാക്കുന്നത്. ആത്മീകബോധധനം ഉള്ളവനു അചൈതന്യലൌകികദ്രവ്യത്തിൽ ആസക്തി ഉണ്ടാകുന്നില്ല.

മനുഷ്യരെല്ലാം ഒരു സംഗതി ധരിക്കണം. ദാരിദ്ര്യം (ലൌകികമായത്) ഗർഹണീയമായതല്ല. ധനഗ്രഹണയത്നം സ്തുത്യനീയമല്ല. ആവശ്യത്തിനും ധൂർത്തിനും തമ്മിൽ വളരെ വ്യത്യാസം ഉണ്ട്. 'ആധുനികപരിഷ്കാരത്തിന്റെ ഒരു ശോചനീയമായ ന്യൂനത ദാരിദ്ര്യത്തെപ്പററി പഠിച്ചവർക്കുള്ള സർവ്വസാധാരണമായ ഭയം ആകുന്നു' എന്ന് അമേരിക്കയിലേ മുഖ്യകലാശാലയിലെ പണ്ഡിതരായ വില്ലിയം ജെയിംസ് പറഞ്ഞിട്ടുള്ളത് എല്ലാവരുടെയും ആലോചനയ്ക്കു വിഷയീഭൂതമാകേണ്ടതുതന്നേ.

അടുത്തു കിടക്കുന്ന കാര്യങ്ങളെ അറിയാത്തവരാണ് മനുഷ്യർ. സച്ചിദാനന്ദത്തേ പ്രാപിക്കാൻ കഴിയാത്തവർ ആരും ഇല്ല. വഴി കണ്ടവർ കുറയും. മരണാനന്തരമുള്ള അവസ്ഥയെ അറിയാത്തവർ വൃഥാ ജീവികൾ' എന്ന തത്വത്തെ അടിക്കടി പ്രദർശിപ്പിക്കുന്ന ദർശനമാണ് വേദാന്തം.

കെ. പരമുപിള്ള, എം. എ.

---

ഇക്കാണുന്ന ചരാചരം മുഴുവനും കല്പാന്തകാലങ്ങളിൽ
ത്തിക്കാതേജഠരത്തിലാക്കിയവനാം ചെയ്യും ജഗന്നാഥനെ
ഉൾക്കാമ്പിങ്കൽ നിനച്ചുകൊള്ളുക സദാ സംസാരബന്ധം വിടാ-
നിക്കാലത്തിതുപോലെ നല്ലൊരു മരുന്നില്ലെന്റെ മാലോകരേ!

നടുവത്ത് അച്ഛൻനമ്പൂരി.

ചമ്പത്തിൽ

# ചാത്തുക്കുട്ടിമന്നാടിയാർ

---

(1032 മീനം 5-ാം നു- ജനിച്ചു; 1080 വൃശ്ചികം 14-ാം നു- മരിച്ചു)

'അൎത്ഥത്തിന്നു ഭേദംവരാതെയും കവിതാഭംഗി കുറയാതെയും ഭാഷയെന്ന പേരിൽ മുക്കാലും സംസ്കൃതപദംതന്നെ പ്രയോഗിക്കുകയും ചെയ്യാതെയും ഒരു സംസ്കൃതഗ്രന്ഥത്തെ ഭാഷപ്പെടുത്തുക ശക്യമാണെന്നു നമുക്ക് ഇതിന്നു മുമ്പിൽ വിചാരിപ്പാനിടവന്നിട്ടില്ല' എന്ന ഒരു പ്രശംസ നമ്മുടെ ഇപ്പോഴത്തെ വലിയതമ്പുരാൻ തിരുമനസ്സിലെ പക്കൽനിന്ന് അപഹരിച്ചു, ജാനകീപരിണയം ഭാഷാനാടകത്തിൻെറയും, ആസ്വാദ്യതകൊണ്ട് എഴുത്തച്ഛൻെറ കൃതികൾക്ക് ഒട്ടും താണുനില്ക്കാത്ത ശ്രീഹാലാസ്യമാഹാത്മ്യം കിളിപ്പാട്ടിൻെറയും, ഭാഷാന്തരീകരണവിഷയത്തിൽ തൎജ്ജമക്കാരൻെറ സാമൎത്ഥ്യവും മലയാളഭാഷയുടെ ശക്യതയും ഒരുപോലെ പരമകാഷ്ഠയെ പ്രാപിച്ചുനില്ക്കുന്ന ഉത്തരരാമചരിതം ഭാഷാനാടകത്തിൻെറയും കൎത്താവായ, ആ മഹാൻെറ വിയോഗം കേരളഭാഷയുടെ ഒരു വലിയ ദുൎദ്ദശാപരിണാമമെന്നല്ലാതെ മറെറാന്നു പറയട്ടെ. ഈ സംഭവം ഇത്ര ക്ഷണത്തിൽ ഉണ്ടാകുമെന്ന് ആർ വിചാരിച്ചു. മലയാളഭാഷക്ക് ഇതുനിമിത്തം നേരിട്ട നഷ്ടത്തിന്ന് ഒരു പരിമാണം നിശ്ചയിക്കുന്നത് എങ്ങിനെ? മലയാളഭാഷക്ക് അപ്രതിവിധേയമായ ഒരു നഷ്ടം സംഭവിച്ചു എന്നല്ലാതെ മറെറാന്നു പറവാനുണ്ടോ.

ഈ അവസരത്തിലെഴുതുന്ന ഒരു ലേഖനത്തിൽ പ്രത്യേകമായിട്ടു നിരൂപണം ചെയ്വാനുള്ളതു കേരളഭാഷാപോഷകന്മാരുടെ കൂട്ടത്തിൽ ഏതൊരുസ്ഥാനത്തിന്നാണ് മന്നാടിയാർ അൎഹത സമ്പാദിച്ചിട്ടുള്ളത് എന്ന സംഗതിയാകുന്നു. മന്നാടിയാൎക്കു കേരളഭാഷാപോഷകസദസ്സിൽ ഒരു സ്ഥാനംകൊടുക്കുന്നതിന്ന് ആൎക്കും വിരോധമില്ലെങ്കിലും ആ സദസ്സിലെ കവിമഞ്ചത്തിൽ ഒരു സ്ഥാനം കൊ

ടുക്കുന്ന കാര്യത്തിൽ ചിലർ അവിചാരപൂർവമായി വിരോധാഭിപ്രായം സ്വീകരിച്ചിട്ടുണ്ടെന്ന് ഈ ലേഖകന്ന് അറിവാൻ ഇടവന്നിട്ടുണ്ട്. അവരുടെ ന്യായം എന്തെന്നാൽ: ഒരാൾക്ക് ഒരു കവിസ്ഥാനം കൊടുക്കേണമെങ്കിൽ ആയാൾ തന്റെ കല്പനാശക്തി ഉപയോഗിച്ച് എന്തെങ്കിലും കവിതയുണ്ടാക്കിയിരിക്കണം, അതല്ലാതെ ഒരു ഭാഷയിൽ മററുള്ളവർ ഉണ്ടാക്കീട്ടുള്ള കൃതികളെ മററൊരു ഭാഷയിൽ തർജ്ജമമാത്രം ചെയ്യുന്നതുകൊണ്ട് ഒരു തർജ്ജമക്കാരൻ അല്ലെങ്കിൽ ഒരു പദ്യകൃത്ത് എന്നല്ലാതെ കവിശബ്ദത്തിന്ന് അർഹനായി വരുന്നതല്ലെന്നാകുന്നു. ഈ അഭിപ്രായം ചിലരുടെ കാര്യത്തിൽ ശരിയായും മററുചിലരുടെ കാര്യത്തിൽ തെററായും വരും എന്നാകുന്നു എന്റെ അഭിപ്രായം. കവിഹൃദയം മനസ്സിലാക്കുവാൻ കഴിയാതെ ഗ്രന്ഥങ്ങളെ തർജ്ജമചെയ്യുന്ന ചില പദ്യകൃത്തുകളുടെ കാര്യത്തിൽ ഈ അഭിപ്രായം ശരിയാകുന്നു. ഈ വകക്കാരുടെ വകയായും അനേകം പുസ്തകങ്ങൾ നമ്മുടെ ഭാഷയിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ കവിഹൃദയം വിടാതെയും ഭാവപുഷ്ടി കുറയാതെയും മൂലത്തിന്റെ ജീവൻ കളയാതെയും ഒരാൾ ഒരു കവിയുടെ ഗ്രന്ഥത്തെ തർജ്ജമചെയ്തു തന്റെ സഹൃദയത്വം വെളിപ്പെടുത്തുന്നുണ്ടെങ്കിൽ ആയാൾക്കു സജാതീയത്വവും കല്പിക്കാതെ നിവൃത്തിയുണ്ടെന്നു തോന്നുന്നില്ല. ലേഖനദൈർഘ്യത്തെ ഭയപ്പെട്ട് ഒരു ഉദാഹരണം മാത്രമേ ഇവിടെ ചേർക്കുന്നുള്ളൂ. ഉത്തരരാമചരിതത്തിലെ ഈ മൂലശ്ലോകവും തർജ്ജമയും വായിച്ചുനോക്കുക:—

മൂലം.

ലോലോല്ലോലക്ഷുഭിതകരുണോജ്ജൃംഭണസ്തംഭനാർത്ഥം
യോയോ യത്നഃപ്രതിജനിമയാ ധീയതെ തന്തമന്തഃ
ഭിത്വാഭിത്വാ പ്രസരതിബലാൽ കോപി ചേതോവികാര
സ്തോയസ്യേവ പ്രതിഹതരയസ്സൈകതം സേതുമോഘഃ

തര്‍ജ്ജമ

തള്ളിത്തിങ്ങിക്കലങ്ങിപ്പെരുകുമഴലിനെ
 ത്തെല്ലൊതുക്കുന്നതിന്നായ്
ഉള്ളത്തില്‍ തല്‍ക്ഷണം ഞാന്‍ പലവിധ
 മിഹചെയ്യുന്നയത്നത്തെയെല്ലാം
വെള്ളത്തിന്‍ വേഗമേറും ഗതിമണലണയെ-
 ത്തട്ടിനീക്കുന്നപോലെ
തള്ളിത്തള്ളിപ്പുരക്കുന്നിതു ബത വലുതായുള്ള
 ചേതോവികാരം.

ഈവിധം ഭവഭൂതിയെ തര്‍ജ്ജമചെയ്തു മന്നാടിയാര്‍ ഭാഷാപോഷകസദസ്സിലെ കവിമഞ്ചത്തില്‍തന്നെ ഒരു സ്ഥാനം സമ്പാദിച്ചു എന്നുമാത്രമല്ല തന്റെ കവിതയുടെ അനന്യസാധാരണമായ ആസ്വാദ്യതനിമിത്തം ആ മഞ്ചത്തിലെ അത്യുന്നതസ്ഥാനങ്ങളില്‍ ഒന്നിനെതന്നെ സര്‍വ്വഥാ കയ്യിലാക്കി എന്നുകൂടി പറയുന്നതിന്നു എന്താണ് സംശയിക്കാനുള്ളത്. ഈ കവി തന്റെ പ്രഥമകൃതിയായ ജാനകീപരിണയംകൊണ്ടുതന്നെ ഈ സ്ഥാനം സമ്പാദിച്ചു കഴിഞ്ഞു. പിന്നീട്, തന്റെ ഹാലാസ്യമാഹാത്മ്യവും ഉത്തരരാമചരിതവുംകൊണ്ട് അതിനെ താന്‍ ദൃഢീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. വിശേഷിച്ച്, സമാനകൃതികളായി ജാനകീപരിണയവും ഉത്തരരാമചരിതവും രണ്ടുള്ളതില്‍ ഉത്തരരാമചരിതം തര്‍ജ്ജമ മറേറതിനേക്കാള്‍ എത്രയോ അധികം മാററുകൂടി നില്‍ക്കുന്നതാണെന്നു സര്‍വ്വസമ്മതമായിരിക്കെ ഈ കവിയുടെ പേര്‍ അധികവും ജാനകീപരിണയത്തെ ആശ്രയിച്ചാണ് ഇപ്പോഴും നമ്മുടെ മനസ്സില്‍ പതിഞ്ഞു കിടക്കുന്നത്. ഇങ്ങിനെ വരേണമെങ്കില്‍ ജാനകീപരിണയം നിമിത്തം മന്നാടിയാര്‍ എന്തോ അത്ഭുതപൂര്‍വ്വമായ ഒരു സാമര്‍ത്ഥ്യം വെളിപ്പെടുത്തി മലയാളഭാഷക്കു മററാരാലും ചെയ്വാന്‍ കഴിഞ്ഞിരുന്നില്ലാത്തൊരു ഗുണം ചെയ്തിരിക്കണം എന്നതു തീര്‍ച്ചതന്നെ. ഈ അത്ഭുതപൂര്‍വ്വമായ സാമര്‍ത്ഥ്യത്തെത്തന്നെയാണ് ഈ ലേഖനത്തിന്റെ

ഇടക്കത്തിൽ ചേൎത്ത സട്ടിഫിക്കേററിലെ വാചകംകൊണ്ടു് നമ്മുടെ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു് പ്രസ്താവിച്ചിട്ടുള്ളതും.

ഓരോസന്ദർഭങ്ങളിൽ ഉണ്ടാക്കിയ ചില്ലറ ശ്ലോകങ്ങളായി മന്നാടിയാരുടെ ചില കല്പിതകൃതികൾ മലയാളഭാഷയിൽ ഇല്ലെന്നു പറവാൻ പാടില്ല. ആവകയായി ഉള്ള ശ്ലോകങ്ങൾ മന്നാടിയാരുടെ കവിതാശക്തി ധാരാളം കാണിക്കുന്നവകളും ആകുന്നു. നമ്മുടെ വലിയതമ്പുരാൻ തിരുമനസ്സിലേക്കു് ഒരിക്കൽ സമൎപ്പിച്ച ചില മംഗളശ്ലോകങ്ങളിൽ ഒന്നു് താഴെ ചേൎക്കുന്നു.

'ധീരശ്രീനൃപതേ! ഭവാന്റെ ഗുണമാലംബിച്ചുകൊണ്ടെപ്പൊഴും
പാരിൽ തിങ്ങിവിളങ്ങിടും വിമലമാം സൽകീൎത്തിനൎത്തകിയെ
ഊരുന്തു ചിലർ കൈക്കലാക്കുവതിനായാക്കും ലഭിക്കില്ലതിൻ
സാരം ഞാൻ പറയാം ഗുണത്തിനു വിഭോ! തുമ്പില്ലവൎക്കും തഥാ'

ഈ ശ്ലോകം ഉണ്ടാക്കിയ കവിക്കു് കവിതാശക്തിയില്ലെന്നു എങ്ങിനെ പറയുന്നു. ഈ കവി ഒരു കല്പിതഗ്രന്ഥം നിൎമ്മിക്കാഞ്ഞതു മലയാളഭാഷയുടെ ഗ്രഹപ്പിഴയെന്നല്ലാതെ മറെറാന്നും പറവാനില്ല.

എന്തെങ്കിലും ഒരു കല്പിതഗ്രന്ഥം നിൎമ്മിക്കേണമെന്നു് ഈ വിയോട്ടു പല അവസരങ്ങളിലും ഈ ലേഖകൻ താല്പൎയ്യപ്പെട്ടിട്ടുണ്ടു്. അപ്പോഴൊക്കെയും അതിനു സമാധാനമായി പറയാറുള്ളതു് എന്തെന്നാൽ:— 'കാളിദാസൻ ഭവഭൂതി മുതലായവരുടെ കൃതികൾ വായിച്ചിട്ടു് എങ്ങിനെയാണു് ഒരു കല്പിതഗ്രന്ഥം നിൎമ്മിക്കുന്നതു്' എന്നാണു്. 'കാളിദാസൻ ഭവഭൂതി ഇവരെപ്പോലെ കൃതികൾ നിൎമ്മിപ്പാൻ കഴിയുമ്പോൾ മാത്രമേ സ്വന്തമായി വല്ലതും പ്രവൃത്തിക്കുകയുള്ളു എന്നു് എല്ലാ കവികളും വിചാരിച്ചാൽ നമ്മുടെ ഭാഷയുടെ സ്ഥിതി എന്തായിരിക്കും' എന്നു ഞാൻ ഒരിക്കൽ ചെയ്ത ചോദ്യത്തിന്നു് ഉത്തരമായി പറഞ്ഞതു്:— സംസ്കൃതഭാഷയിൽ ഉൽകൃഷ്ടഗ്രന്ഥങ്ങൾ വളരെ ഉണ്ടല്ലോ, അവയെല്ലാം കഴിയുന്നേടത്തോളം മലയാളികൾക്കു് ഉപയോഗപ്പെടുത്തിയതിന്റെ ശേഷമല്ലേ വേണമെങ്കിൽ തന്നേയും സ്വന്തമായി വല്ലതും പ്രവൃത്തിപ്പാനു

ത്സാഹിക്കേണ്ടത്’ എന്നാണ്. ‘എന്നാൽ ഉത്തരരാമചരിതത്തിന്നു ശേഷം ഒന്നും തർജ്ജമചെയ്തില്ലല്ലോ’ എന്നു ഞാൻ ഒരിക്കൽ ആക്ഷേപിക്കയുണ്ടായി. അപ്പോൾ പറഞ്ഞ സമാധാനം:— ‘ഒരു ഗ്രന്ഥം തർജ്ജമചെയ്വാൻ പുറപ്പെടുന്നതിന്നു മുമ്പ് അതിന്റെ കിട്ടാവുന്നേടത്തോളമുള്ള വ്യാഖ്യാനങ്ങളോടുകൂടി അത് നാലു പ്രാവശ്യമെങ്കിലും പഠിക്കണം; പിന്നെ അത് നാലു പ്രാവശ്യമെങ്കിലും വായിച്ച് നല്ലവണ്ണം ആലോചിച്ച് കവിഹൃദയം കഴിയുന്നേടത്തോളം മനസ്സിലാക്കണം; എന്നതിന്റെ ശേഷം വേണം തർജ്ജമചെയ്വാൻ പുറപ്പെടുവാൻ’ എന്നാണ്. ഇത്രയും മനസ്സിരുത്തി പ്രയത്നം ചെയ്തിട്ടാണ് നമ്മുടെ കവി ഒരു ഗ്രന്ഥം തർജ്ജമചെയ്വാൻ പുറപ്പെടുന്നത് എന്നത് ഉത്തരരാമചരിതത്തെപ്പറ്റി പല സന്ദർഭങ്ങളിലും ഈ ലേഖകനോടായിട്ടുണ്ടായിട്ടുള്ള സംഭാഷണങ്ങളിൽ നമ്മുടെ കവി തന്റെ തർജ്ജമയിൽ ഓരോരോ വാക്കുകൾ പ്രയോഗിച്ചിട്ടുള്ളതിന്നും ചില വാക്കുകൾ ശ്ലോകങ്ങളുടെ ഓരോരോ ദിക്കിൽ പ്രയോഗിച്ചിട്ടുള്ളതിന്നും ഇന്നിന്ന ന്യായങ്ങളാണെന്നു പറഞ്ഞു ബോധ്യപ്പെടുത്തീട്ടുള്ളതിൽനിന്നു വിശ്വസിപ്പാൻ സംഗതിയായിട്ടുണ്ട്. കവിതയുണ്ടാക്കുന്ന വിഷയത്തിൽ താൻതന്നെ ആലോചിച്ച് ഏറ്റെടുത്തിട്ടുള്ളതും നന്നായി തർജ്ജമചെയ്യണമെങ്കിൽ ആവശ്യമുള്ളതും ആയ ഈ വക നിബന്ധനകളുടെ കാഠിന്യം നിമിത്തമാണ് അധികം കൃതികൾ ഈ കവിയുടെ വകയായി ഉണ്ടായിട്ടില്ലാത്തത്. ഇത്രത്തോളം ക്ലേശിച്ച് പ്രയത്നം ചെയ്യുന്നതു കവിതാവിഷയത്തിലെന്നുവേണ്ട മനുഷ്യർ ഏറ്റെടുക്കുന്നതോ ഏല്ക്കുന്നതോ ആയ എല്ലാ കാര്യത്തിലും ഉള്ളതാണെന്ന് അദ്ദേഹമായിട്ടു പരിചയമുള്ള എല്ലാ ആളുകൾക്കും അറിവാൻ ഇടയുണ്ടായിരിക്കണം. തന്റെ കാലയാപനത്തിന്നു മരണംവരെ താൻ സ്വീകരിച്ചുവന്ന ഉദ്യോഗം ഒരു വക്കീലുദ്യോഗമായിരിക്കയും അതിൽ ഒരുവിധം ശരിയായ കേസ്സുകളും സമ്പാദ്യവും ഉണ്ടായിരിക്കുകയും ചെയ്തിരുന്ന അവസ്ഥക്ക് ഈ കവി നമ്മുടെ ഭാഷക്ക് മൂന്ന് ഉത്തമഗ്രന്ഥങ്ങളെ ദാനം ചെയ്തത് ഓർക്കുമ്പോൾ മൂന്നിലധികം കിട്ടിയില്ലല്ലോ എന്നു വ്യസനി

ക്കാതെ ഉള്ളത് നല്ലതായി കിട്ടിയല്ലോ എന്നു വിചാരിച്ച് സന്തോഷിപ്പാനും മതിയായ കാരണമുണ്ട്.

ഇനി മന്നാടിയാരുടെ ജീവചരിത്രത്തെപ്പററിക്കൂടി ചുരുക്കമായി പ്രസ്താവിച്ച് ഈ ലേഖനം അവസാനിപ്പിക്കാം. മന്നാടിയാർ 1032-ാമാണ്ട് മിഥുനമാസം 5-ാനു- കൊച്ചിശ്ശീമ കിഴക്കൻചിററൂരിൽ ഒരു വലിയ ജന്മിയും ഒരു നാടുവാഴിയും ആയ ചമ്പത്തിൽ വീട്ടിൽ ജനിച്ചു. ചെറുപ്പത്തിൽ ഒരു രോഗപീഡിതനായിരുന്നു. ആ കാലത്ത് തന്റെ ഭവനത്തിലെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിച്ചുവന്നിരുന്ന ആളും 'ചമ്പത്തിലെ അപ്പുഎഴുത്തച്ഛൻ' എന്ന് ഇപ്പോഴും ആ പ്രദേശങ്ങളിൽ ഖ്യാതിയുള്ള ആളും ഒരു ഗുരുത്വമുള്ള ജ്യോത്സ്യനും വിദ്വാനും ഹാലാസ്യമാഹാത്മ്യത്തിൽ

'കരുണാബ്ധിയാം രാമഗുരുനാഥന്റെ ദിവ്യ-
ചരണാംബുജദ്വയം ശരണം സദാ മമ
സ്മരണം യസ്യ ശാസ്ത്രവരുണാലയങ്ങളെ
തരണം ചെയ്യുന്നതിന്നു തരണിയായിട്ടുന്നു
വരണം ചെയ്വാൻ താനേ വരുന്നോ കവിതയാം
തരുണീയതിന്നു മേ തരണം ഗുരുകൃപാം'

എന്ന് പ്രസ്താവിക്കപ്പെട്ടിട്ടുള്ള ആളും ആയ ചിററൂർ ദേശത്തെ രാമൻനായരുടെ കീഴിലാണ് മന്നാടിയാർ വിദ്യാഭ്യാസം ചെയ്തിട്ടുള്ളത്. 'ആ ദണ്ഡം പിടിച്ചു ശോഷിച്ചിരിക്കുന്നവൻ ഇപ്പോൾ കണ്ടാൽ സാരമില്ല; അവനാണ് പഠിപ്പുകൊണ്ടു യോഗ്യതയും പേരും സമ്പാദിക്കുന്നവൻ' എന്നു നമ്മുടെ കവിയെ ചൂണ്ടിക്കാണിച്ച് അപ്പുഎഴുത്തച്ഛൻ പലപ്പോഴും പറയാറുണ്ടായിരുന്നു എന്നു ചമ്പത്തിലുള്ളവർ പറഞ്ഞുകേട്ടിട്ടുണ്ട്. ആ കാലത്ത് അപ്പുഎഴുത്തച്ഛന്റെ ഉപദേശപ്രകാരം തിരുവിതാംകൂർ വക്കീൽപരീക്ഷകൾ പഠിച്ചു ജയിച്ചു. അതിനുശേഷം കുറെക്കാലം മൂവാററുപുഴ വക്കീലായിരുന്നു. പിന്നീട് കൊച്ചിവക്കീൽപരീക്ഷയിലും ജയിച്ച് അപ്പീൽകോട്ട് വക്കീലിന്റെ സന്നതും വാങ്ങി തൃശ്ശിവപേരൂർ സ്ഥി

രമായി താമസിച്ച് വക്കീൽപ്രവൃത്തി നോക്കിവരികയും ചെയ്തു. ആ കാലത്ത് ഒരിക്കൽ തൃശ്ശിവപേരൂർ 1063-ൽ ഉണ്ടായിരുന്ന 'കേരളനന്ദിനി' എന്ന പത്രത്തിൻെറ പ്രഥമപത്രാധിപസ്ഥാനം രണ്ടോ മൂന്നോ മാസത്തോളം വഹിച്ചു പ്രവൃത്തി നടത്തുകയും ചെയ്തിട്ടുണ്ട്. ജാനകീപരിണയവും ററാലാസ്യമാഹാത്മ്യവും ഉത്തരരാമചരിതവും ഈ കാലത്തിന്നുശേഷമുള്ള കൃതികളാകുന്നു. 'പുഷ്പഗിരീശസ്തോത്രം' എന്ന് ശ്രീരാമപരമായി തത്വജ്ഞാനദർശിനിയായ ഒരു ആര്യാശതകം സംസ്കൃതത്തിലുണ്ടാക്കി പ്രസിദ്ധപ്പെടുത്തിയ ഒരു പുസ്തകം കൂടി മന്നാടിയാരുടെ വകയായിട്ടുണ്ട്.

മരിക്കുന്നതിന്നു രണ്ടുമൂന്നുകൊല്ലങ്ങൾക്കു മുമ്പുതുടങ്ങി പ്രമേഹസംബന്ധമായ ഉപദ്രവങ്ങൾ കൂടെക്കൂടെ ഉണ്ടായിരുന്നു. ഒടുവിൽ ടി. രോഗം അധികമായി തൃശ്ശിവപേരൂർവെച്ച് 1080 വൃശ്ചികം 14-ാം നു- പരലോകം പ്രാപിക്കയും ചെയ്തു. ഈ അവസരത്തിൽ കേരളഭാഷാബന്ധുക്കളായവൎക്കും അവരിൽ പ്രത്യേകിച്ചും മന്നാടിയാരായിട്ടുള്ള അടുത്തുപരിചയംകൊണ്ട് അദ്ദേഹത്തിൻെറ ബുദ്ധിശക്തിയും സ്വഭാവഗുണവും അറിവാൻ ഇടയുണ്ടായിട്ടുള്ള അസ്മദാദികൾക്കും സംഭവിച്ചിട്ടുള്ള വ്യസനത്തിന്ന് താഴെ പറയുന്ന ഭഗവദ്വാക്യത്തിലെ സമാധാനമല്ലാതെ മറെറാന്നും ഇല്ല—

ജാതസ്യ ഹി ധ്രുവോ മൃത്യുഃ
ധ്രുവം ജന്മമൃതസ്യ ച
തസ്മാദപരിഹാൎയ്യേൎത്ഥേ
നത്വം ശോചിതുമൎഹസി.

(ഭഗവൽഗീത)

സി. എസ്സ്. ഗോപാലപ്പണിക്കർ, ബി. എ)

# ആത്മദമനം

മനുഷ്യവൎഗ്ഗത്തിൽ ലൌകികന്മാരായിട്ടുള്ളവൎക്കു പരോപദ്രവം ചെയ്യാതെകണ്ടും പരന്മാരിൽനിന്നു് ഉപദ്രവം അനുഭവിക്കാതെകണ്ടും ഏകദേശമെങ്കിലും പരസമ്മതന്മാരായും ലോകത്തിൽ കഴിഞ്ഞുകൂടണമെങ്കിൽ മൂന്നു പ്രധാനഗുണങ്ങൾ ഉണ്ടായിരിക്കേണ്ടതുണ്ടു്. ആയവ പ്രാധാന്യക്രമേണ ആത്മദമനം, ആത്മാവബോധം, ആത്മബഹുമതി എന്നിവയാകുന്നു. ഇവിടെ ആത്മബഹുമതി എന്നതിനു ദുരഭിമാനമെന്നോ അനാവശ്യമായ 'താൻ പ്രമാണിത്ത'മെന്നോ അൎത്ഥം തെറ്റിദ്ധരിച്ചുപോകരുതു്. യാതൊരവസ്ഥാന്തരങ്ങളിലും തന്റെ വിചാരം, വാക്കു്, പ്രവൃത്തി ഇതുകളെ നീചമാൎഗ്ഗത്തിൽകൂടി സഞ്ചരിക്കുവാൻ അനുവദിക്കാതിരിക്കുന്നതിനു വേണ്ട ശക്തി തന്നിൽതന്നെയുണ്ടെന്ന വിശ്വാസംമൂലം അവനവനെക്കുറിച്ചുണ്ടാകേണ്ട ബഹുമാനമെന്നാണു് മേൽപറഞ്ഞ പദത്തിന്റെ താല്പൎയ്യം. ഈ ആത്മബഹുമതിതന്നെയാണു് ഉൽകൃഷ്ടപദവിയിലേക്കു മാൎഗ്ഗദൎശിയായ സ്വാതന്ത്ര്യത്തിന്റെ മൂലവും. ആത്മാവബോധമെന്നതെന്തെന്നാൽ, സ്വസ്വഭാവത്തെക്കുറിച്ചുള്ള സൂക്ഷ്മതത്വജ്ഞാനംതന്നെ. അതായതു് അവനവനുള്ള ഗുണദോഷങ്ങളെ അവനവനുതന്നെ വഴിപോലെ അറിയാറാവുക. ആത്മദമനമെന്നതു കാമക്രോധലോഭമോഹാദികളിൽനിന്നു് അനായാസേന മനസ്സിനെ പിൻവലിക്കുവാനുള്ള ശക്തി. ഈ ഗുണത്രയത്തിൽ സൎവ്വോൽകൎഷേണ വൎത്തിക്കുന്ന ആത്മദമനമെന്ന ഗുണത്തെയാണു് പ്രകൃതമായിട്ടു സ്വീകരിച്ചിട്ടുള്ളതു്.

മദോന്മത്തനായിരിക്കുന്ന ഗജത്തിന്നു് അങ്കുശമെന്നപോലെയും, ഒതുക്കവും വണക്കവുമില്ലാത്ത കുതിരക്കു കടിഞ്ഞാണെന്നപോലെയും, കോളിളകപ്പെട്ടുഴലുന്ന തോണിക്കു് ഒരിക്കലും തെറ്റാത്ത അമരംപോലെയും രാഗദ്വേഷാദിചിത്തവൃത്തികൾക്കു പരാധീനന്മാരായ മനുഷ്യൎക്കു് ആത്മദമനം കേവലമൊരു ഗുണമെന്നു മാത്രം പ

റഞ്ഞാൽ പോരാ; അതിൻെറ അഭാവം ഏററവും ആപൽക്കരമെന്നുതന്നെ പറയണം. മദംകൊണ്ടു ഗവ്വിഷ്ഠനായ കൊലകൊമ്പനെ ഒതുക്കിനിൎത്തുവാൻ ആയുധമില്ലെന്നുവന്നാൽ അന്യന്മാക്കുണ്ടാകാവുന്ന കഷ്ടനഷ്ടങ്ങൾക്ക് കയ്യും കണക്കുമില്ലാത്തതാണ്. ഏററവും ചൊടിയോടുകൂടി യഥേഷ്ടം പാഞ്ഞുനടക്കുന്ന കുതിര ഉപകരിക്കത്തക്കതാകേണമെങ്കിൽ അതിനെ വേണ്ടവഴിക്കു കൊണ്ടുനടത്താറാവണം. ആയതിന്നു കടിഞ്ഞാണിൻെറ സഹായംകൂടാതെ സാധിക്കുന്നതുമല്ല. അനേകം ദുൎഘടങ്ങളെക്കൊണ്ടു ദുസ്തരമായ മഹാൎണ്ണവത്തിൽക്കൂടി തോണിയെ ഉദ്ദിഷ്ടസ്ഥാനത്തേക്കു വഴി തിരിക്കണമെങ്കിൽ അമരത്തിൻെറ ബലംകൊണ്ടല്ലാതെ മറെറാന്നുകൊണ്ടും ഫലിക്കുന്നതല്ല. അപ്രകാരംതന്നെ അവനവൻെറ മനോവൃത്തികളെ വഴിക്കുവഴി നിയമനം ചെയ്യുന്നതുകൊണ്ട് സാമാന്യേന മൂന്നുവിധത്തിലുള്ള പ്രയോജനമുണ്ട്. അപാകതകൊണ്ട് അന്യനു ശല്യമായിത്തീരായ്ക; തൻെറ ജീവകാലം പരോപകാരത്തിന്നായി ഭവിക്കുക; അസത്തുക്കൾ ചെയ്യുന്ന ഉപദ്രവത്തിൽനിന്നു രക്ഷപ്പെടുക. ഇപ്രകാരം ഗുണഭൂയിഷ്ഠമായ ആത്മദമനത്തിൻെറ ഫലമാകുന്നു ശക്തന്മാക്കും അശക്തന്മാക്കും ഒരുപോലെ ഭൂഷണമായ ക്ഷമാബലം.

അഭ്യാസംകൊണ്ടു സിദ്ധിക്കുന്നതല്ലാതെ ക്ഷമാഗുണം ക്ഷണസാദ്ധ്യമായിട്ടുള്ളതല്ല. അല്പമാകട്ടെ അനല്പമാകട്ടെ സകലസംഗതികളിലും ഒരുപോലെ ക്ഷമ ശീലിച്ചെങ്കിലേ ഈ ഗുണം സ്വഭാവത്തോടുകൂടി ഇണങ്ങുകയുള്ളു. അറിഞ്ഞിട്ടും അറിയാതെകണ്ടും നിത്യവും ക്ഷമ ശീലിക്കുന്നവരാണ് മിക്ക ജനങ്ങളും. യുക്തിയും മനസ്സാക്ഷിയും ഒരുവിധം ചെയ്യേണമെന്നു നമ്മളോടുപദേശിക്കുമ്പോൾ മറെറാരു വിധത്തിലമയ്ക്കാം മേഹം നമ്മളെ പ്രേരിപ്പിക്കുന്നത്. ദിവസരി ജോലികൾ നിവ്വഹിക്കുന്നതിൽ ഇഷ്ടമില്ലാതിരുന്നാലും പലവിധത്തിലുള്ള നിബന്ധനകളെക്കൊണ്ടു സ്വേച്ഛപോലെ നടക്കുവാൻ നിവൃത്തിയില്ലാതെ അതാതു ജോലികളെ നിൎവ്വഹിച്ചുപോരുന്നുണ്ട്. നട്ടുച്ചവെയിലത്തു ചുട്ടുപഴുത്തുകിടക്കുന്ന പാ

ടത്തുനിന്ന് കിളക്കുവാൻ യാതൊരുവനും ആഗ്രഹമുണ്ടാവുന്നതല്ല. എന്നാൽ ഈവക ദണ്ഡങ്ങൾ അനുഭവിച്ച് ഉപജീവനത്തിന്നുവേണ്ടി അദ്ധ്വാനിക്കുന്നതും സഹനശക്തി ശീലിക്കുന്നതിൽ ഒരു വകഭേദമാണ്. അനേകം സംഗതികളിൽ എതൃക്കുവാൻ ശക്തിയില്ലാഞ്ഞിട്ട് അടങ്ങേണ്ടിവരുന്നുണ്ട്. അതും ക്ഷമാബലത്തിൻെറ വൈഭവംതന്നെയാണ്. എന്നാൽ അടക്കവും ഒതുക്കവും അറിഞ്ഞു ശീലിച്ചെങ്കിലേ ആയവകൾ സ്ഥൈര്യവും ദാർഢ്യവും മതിയാവുകയുള്ളൂ. അറിഞ്ഞു പ്രവൃത്തിക്കുവാൻ അറിവുള്ളവർക്ക സാധിക്കയുള്ളൂ. ഇതുതന്നെയാണ് വിദ്വാന്മാരുടെ ക്ഷമക്കും മൂഢന്മാരുടെ ക്ഷമക്കും തമ്മിലുള്ള വ്യത്യാസം.

ആത്മദമനത്തിൻെറ ഉപാംഗങ്ങളായ വിനയവും വിവേകവും മൂഢന്മാൎക്ക് ചില സമയങ്ങളിൽ ഉണ്ടായേക്കാമെങ്കിലും ആയവ അവരിൽ സ്ഥിരമായിട്ടു പ്രകാശിക്കുന്ന ഗുണങ്ങളല്ല. വിദ്വാന്മാൎക്കാകട്ടെ വേണമെങ്കിൽ ആയവകൾ ഹാനിവരാതെ സൂക്ഷിക്കുവാൻ സാധിക്കുന്നതാണ്. മദ്യപാനികളാണെന്നു പൂൎണ്ണബോധമുണ്ടെങ്കിലും അവരുടെ ശകാരവാക്കുകൾ കേട്ടു പരിഭവിച്ച് മാനനഷ്ടത്തിന്നു കോടതികയറുന്നതും മലകളിളകിലും മഹാജനങ്ങൾക്കു ഇളക്കം തട്ടാത്തതും ഈ വിവേകത്തിൻെറ പ്രകാരഭേദംകൊണ്ടുതന്നെയാണ്. അതുഹേതുവായിട്ടു സകലഗുണങ്ങളുടേയും മേക്കോയ്മസ്ഥാനം വഹിക്കുന്ന ആത്മദമനത്തെ സകലജനങ്ങളും സദാസമയത്തും യഥാശക്തി ലാളിച്ചു പോഷിപ്പിക്കേണ്ടതാണെന്ന് യുക്തിയും അനുഭവവും ഒരുപോലെ നമ്മെ ശാസിക്കുന്നതാണ്.

ആർ. വി.

# കോമുമേനോൻ

(പച്ചമലയാളം)

---

‘ചൊല്ലാതെകണ്ടുകഴിയില്ല വിടില്ല ഞങ്ങ-
ളല്ലാതെ മറ്റൊരുവരില്ല തുടങ്ങിയാലും’
എല്ലാരുമിങ്ങിനെ തിരക്കുകിൽ വല്ലതും ഞാൻ
ചൊല്ലാമറിഞ്ഞപടി കാതു തുടച്ചു കേൾപ്പിൻ. ൧

ഉണ്ടായിരുന്നു മലയന്തൊടിയെന്ന വീട്ടിൽ-
ക്കൊണ്ടാടിനന്മകളിണങ്ങിയ കോമുമേനോൻ
കണ്ടാൽക്കുലുക്കമലരമ്പനുമുള്ളിലേററ-
മുണ്ടാമുടല്ക്കവനെഴുന്നഴകത്രകേമം ൨

ഇല്ലെന്നൊരിക്കലുമൊരാളൊടുമൊന്നിനും താൻ
ചൊല്ലുന്നതല്ലതുവുമല്ല പണം നിനച്ചാൽ
പുല്ലെന്നുറച്ചതു പുളിങ്കുരുപോലടുത്തു
ചെല്ലുന്നവൎക്കു മടിവിട്ടു കൊടുത്തുവന്നു ൩

പൊന്നുള്ളതിങ്ങിനെ കയ്യാടക്കിലൊട്ടുക്കമെന്ത-
മെന്നുള്ള മുകരുതലേതുമിയന്നിടാതെ
തന്നുള്ളലിഞ്ഞു മുതലത്തലിയന്നിരന്നു-
വന്നുള്ളവൎക്കു വഴിപോലെ കൊടുത്തു മേനോൻ ൪

താരൊത്തമേനികളവന്നടിമപ്പെടാനും-
ത്താരൊത്തിടും കൊതിമുഴുത്തു കഴിച്ചു നാട്ടിൽ
നേരൊത്തമേനവനെയൊന്നരികത്തുകാണും-
നേരത്തു കണ്ണിണ കുളുർത്തിതവൎക്കു പാരം. ൫

മേനോനെനിക്കു മുറിനല്കണമെന്നു പേട-
മാനോടിടഞ്ഞമിഴിമാർ മലമങ്കയാളെ
താനോർത്തു രാപ്പകൽ വണങ്ങിയ മട്ടരക്കാൻ
ഞാനൊക്കിലായിടുകയില്ല നിനച്ചുകൊൾവിൻ ൬

എന്നാലിളക്കമെതുകൊണ്ടു കുറച്ചുമുള്ളിൽ
തോന്നാതെകണ്ടു പലനാളവനും കഴിച്ചു
നന്നായുറപ്പുകലരുന്ന വരോടെതൃത്തു
നിന്നാൽ മലക്കണകലന്നവനും മടങ്ങും ൭

'ക്രൂറില്ല മേനവനു തെല്ലുമകക്കുരുന്നിൽ
മാറില്ല മട്ടു മലരമ്പനു കെൽപുമില്ല
ചേരില്ല നമ്മളൊടിവൻ കുളുർമേനിമാരെ-
യോരില്ല നമ്മുടയ നന്മകൾ പറകില്ല ൮

ഈ മേനവന്റെ നിനവൊക്കെ മറന്നു മേലാൽ
നാമേതുമാടലിയലാതെ കഴിച്ചുകൂട്ടാം'
പൂമേനിമാർ കരളിലിങ്ങിനെയോർത്തുറച്ചും
പൂമേനി വാടി മലരാൽ മലർ വാട്ടുമാറു. ൯

നല്ലാരിലുള്ളമലിയാത്തവനല്ല മേനോൻ
കല്ലാണവന്റെ മനമെന്നു നിനച്ചിടേണ്ട
എല്ലാരുമിങ്ങിനെ കൊതിക്കുകിലെന്തുചെയ്യു-
മെല്ലാർക്കുമിമ്പമുളവാക്കുവതാർക്കു വയ്യും. ൧൦

നാണം വെടിഞ്ഞു വഷളത്തമൊടൊത്തു നാട്ടിൽ-
ക്കാണുന്ന തോണ്ണിമാഴികളെക്കളെവാൽ മയക്കാൻ
ആണുങ്ങളോർക്കുതൊരിക്കലുമെന്നിവണ്ണ-
മാണങ്ങു മേനവനുറച്ചതു നന്മയോടേ. ൧൧

അഞ്ചാറു നാഴികയകന്നൊരു കാവിൽ വേല-
യഞ്ചാതെ കാണ്മതിനു തോഴരൊടൊത്തു മേനോൻ
നെഞ്ചാളിടുന്ന കൊതിയോടൊരു നാൾ നടന്നു
ചാഞ്ചാടിയെങ്ങുമവിടെപ്പല കാഴ്ചകണ്ടു ൧൨

മേന്മേൽ തിരക്കിയവിടെപ്പലരെത്തിയാഴി-
യിന്മേൽ തിരക്കിയുയരും തിരയെന്നപോലെ
'അമ്മേ തൊഴുന്നു കഴ'ലെന്നു വണങ്ങിനിന്നാ-
രമ്മേനവൻ മുഴുവനും പിഴയാതെകണ്ടു. ൧൩

വാഴ്ക്കും തിരക്കിൽ വെയിലത്തു നടന്നുമെയ്യി-
ലൊക്കും വിയപ്പു പൊടിയെന്നിവയൊക്കെ നീക്കാൻ
തക്കം നിനച്ചു തനിയേ ചളിയററവെള്ളം
നില്ക്കും കുളം തിരയുവാൻ നടകൊണ്ടു മേനോൻ ൨൪

നീരാഴവും മലർമണം കലരുന്ന കാററും
ധാരാളമുള്ള ചെറുപൊയ്ക്കയണഞ്ഞതിങ്കൽ
നീരാടുവാൻ തുനിയവേ മലരമ്പെടുത്തു
നേരായ്ത്തൊടുത്തു തരമോർത്തു കരിമ്പുവില്ലൻ ൨൫

നീണ്ടുംചുരുണ്ടുമഴകാർന്നരിവണ്ടു തോററ
മണ്ടും കരിങ്കുഴലഴിച്ചതിലെണ്ണ തേയ്ക്കാൻ
വീണ്ടും പുതുത്തളിർ തൊഴുന്നൊരു കയ്യയത്തി-
ക്കൊണ്ടുള്ള പെൺകൊടിയെ മേനവനൊന്നു കണ്ടു ൨൬

അക്കയ്യുമാമുടിയുമമ്മുടിചെന്നടിക്കു-
മക്കാലുമാമലർതൊഴും പടിയുള്ള മെയ്യും
ഒക്കെത്തരത്തിലലരമ്പനു തോഴരായി
നില്ക്കുന്നുറച്ചു തരമെന്നവനൊന്നു പൊങ്ങി ൨൭

കാറിന്നിടച്ചു മിഴിച്ചിന്നിടുമാറു മിന്നൽ
ച്ചായുന്നമട്ടു കുഴലിൽക്കുളുർമേനി തൻകൈ
പാരം നിറഞ്ഞൊരഴകോടു നടന്നു കണ്ടു
പോരെന്നു കണ്ണിണയെ മേനവനങ്ങയച്ചു. ൨൮

പി. ജി. രാമയ്യൻ, ബി. എ. ബി. എൽ.

---

# ജീവികളുടെ ശ്രവണശക്തി

സൃഷ്ടിയിലുള്ള അധികജീവികൾക്കും ശ്രവണേന്ദ്രിയങ്ങളുണ്ട്. അവയുടെ സ്ഥാനവും, ആകൃതിയും, വലിപ്പവും പലജന്തുക്കളിലും വ്യത്യാസപ്പെട്ടുമാണ് കാണുന്നത്. വസ്തുക്കളുടെ അണുക്കൾ അതിവേഗത്തിൽ ഇളകുമ്പോൾ ശബ്ദമുണ്ടാവുകയും അതു

വായുവിൽത്തട്ടി വായുമാൎഗ്ഗേണ ചെവികളിൽ ചെന്നുചേരുമ്പോഠം നാം കേഠംക്കുകയും ചെയ്യുന്നു. ശബ്ദമുണ്ടാവുന്നത് എങ്ങിനെയാണെന്നും അതു നാം കേഠംക്കുന്നത് എങ്ങിനെയാണെന്നും മററും ഈ ഉപന്യാസത്തിൽ വിസ്തരിച്ചു പ്രസ്താവിക്കുവാൻ നിവൃത്തിയില്ല.

ചില ജന്തുക്കഠംക്കു പുറഞ്ചെവി ഉള്ളതായും ചിലതിന്ന് ഇല്ലാതെയും കാണ്മാനുണ്ട്. മനുഷ്യൻെറയും ആനയുടെയും കരങ്ങൻെറയും പുറഞ്ചെവികഠം ചെവികളുടെ പിൻഭാഗത്തേക്കു ചാഞ്ഞിരിക്കുന്നു. എന്നാ[illegible] മുതലായ ജന്തുക്കളുടെ പുറഞ്ചെവികളുടെ [illegible] തള്ളി[illegible]ണ്. ചെവികഠം മുൻഭാഗത്തേക്കു തള്ളിനില്ക്കുന്നതിനാൽ ആ ജന്തുക്കഠംക്കു പുരോഭാഗത്തുനിന്നു വരുന്ന ശബ്ദം പിന്നിൽനിന്നു വരുന്ന ശബ്ദത്തെക്കാഠം എളുപ്പത്തിലും സ്പഷ്ടമായും കേഠംക്കുവാൻ കഴിയും. ആനകഠം ചെവി 'വട്ടംപിടിക്കുന്നതിൻെറ' ഉദ്ദേശവും ഇതുതന്നെയാണ്. ചെവി 'വട്ടംപിടിക്കുന്നതു'കൊണ്ടു മുമ്പിൽനിന്നു വരുന്ന ശബ്ദത്തെ തടയുവാനും എളുപ്പത്തിൽ ഗ്രഹിപ്പാനും സാധിക്കുന്നു. വാവലുകളുടെ പുറഞ്ചെവികഠംക്ക് അസാധാരണയായ വലിപ്പമുണ്ട്. ചില വാവലുകളുടെ പുറഞ്ചെവികഠം ഉടലിനോളം നിളമുള്ളതായിക്കാണ്മാനുണ്ട്.

പ്രാണികളുടെ ചെവികഠം തലയിലും വയററത്തും കയ്യിന്മേലും ഇങ്ങിനെ പല അംഗങ്ങളിലുമായി ഭേദപ്പെട്ടുകാണുന്നു. പച്ചപ്പയ്യിൻെറ (പച്ചക്കുതിര) ചെവികഠം വയററത്താണത്രെ. വണ്ടുകളുടെ ശ്രവണേന്ദ്രിയങ്ങഠം അവയ്ക്കുള്ള കയ്യുകളാകുന്ന കൊമ്പുകളിന്മേലാണ്. ഏതുഭാഗത്തുനിന്നെങ്കിലും ശബ്ദം കേട്ടാൽ വണ്ടുകഠം ആ ഭാഗത്തേക്കു തിരിഞ്ഞു കയ്യുകഠം നീട്ടി കിടക്കുന്നതു കാണാം. പച്ചപ്പയ്യ്, ചീട് മുതലായ പ്രാണികഠം കൎണ്ണകഠോരമായ ശബ്ദങ്ങഠം സന്ധ്യാസമയത്തും രാത്രിയിലും പുറപ്പെടുവിക്കുന്നതു പലരും കേട്ടിട്ടുണ്ടായിരിക്കാം. ഈ ഗാനം ഇണയെ ആകൎഷിക്കുവാൻവേണ്ടി ചെയ്യുന്നതാണ്. പ്രാണികഠം ശബ്ദിക്കുന്നതു മനഃപൂൎവ്വമായും കാൎയ്യസാദ്ധ്യം ഉദ്ദേശിച്ചുമാണെന്നുള്ളതിന്ന് ഒരു ദൃഷ്ടാന്തം പ

റയാം. ഒരു ആൺവണ്ടിനെ പിടിച്ചുകൊണ്ടുവന്നു വീതിയുള്ള ഒ
രു പെട്ടിയുടെ ഒരററത്തും അതിൻെറ ഇണയെക്കൊണ്ടുവന്നു പ
ലകയുടെ മറേറ അററത്തും ഇട്ടു. കുറച്ചുനേരത്തെക്കു രണ്ടുപേരും നി
ശ്ശബ്ദമായി കിടന്നു. അല്പം കഴിഞ്ഞപ്പോൾ പെൺവണ്ട് മൂരണ്ടു
തുടങ്ങി. ആൺവണ്ട് ഈ ശബ്ദം കേട്ട് കയ്യുകൾ നീട്ടി തപ്പി
ത്തപ്പി ഇണയുടെ അടുത്തു ചെന്നുചേൎന്നു. രണ്ടുപേരും അടുത്തു
കൂടിയപ്പോൾ പെൺ [illegible] പിന്നീട് ആൺവ
ണ്ടിനെ എടുത്ത് [illegible] മുറിച്ചുകളഞ്ഞ് മ
ുണ്ടത്തെപ്പോലെ [illegible]ലകയുടെ അററത്ത് ഇട്ടു. കുറച്ചു കഴി
ഞ്ഞപ്പോഴേക്കും പെൺവണ്ട് രണ്ടാമതും സംഗീതം ആരംഭിച്ചു.
എന്നാൽ കയ്യുകൾ മുറിഞ്ഞുപോയ ആൺവണ്ടിന്നു ചെവികളും
വേറിട്ടതുകൊണ്ടു ശബ്ദം കേൾപ്പാനൊ പത്നീസംയോഗത്തിന്നൊ
സംഗതി വന്നില്ല.

വികാരഭേദങ്ങളനുസരിച്ചു പ്രാണികളുടെ ശബ്ദങ്ങൾക്കും വ്യ
ത്യാസം കാണ്മാനുണ്ട്. കുപിതനായ ഒരു തേനീച്ചയുടെയൊ വണ്ടി
ൻെറയൊ വേട്ടാളൻെറയൊ ധ്വംകാരം പ്രണയവിവശനായിരിക്കു
മ്പോഴും പണി എടുക്കുമ്പോഴും പുറപ്പെടുവിക്കുന്ന മൂളിച്ചപോ
ലെയല്ലെന്നു മനസ്സിരുത്തിയാൽ എല്ലാവൎക്കും അറിയാവുന്നതാണ്.
ഇതുപോലെതന്നെ ഭയാവഹമായ ദീനസ്വരവും പ്രയാസംകൂടാ
തെ തിരിച്ചറിയാം. കൊതുവിന്നു രോമങ്ങൾകൊണ്ടു മൂടപ്പെട്ടി
രിക്കുന്ന കൊമ്പുകൾ ഉണ്ട്. ഓരോ ഘനത്തിലുള്ള ശബ്ദം കേൾ
ക്കുമ്പോൾ ഇവയിൽ ഓരോ രോമങ്ങൾ ഇളകുന്നതാണത്രെ. ശബ്ദ
ങ്ങളുടെ ഘനവ്യത്യാസം അണുക്കളുടെ ചലനവേഗത്തിൻെറ വ്യ
ത്യാസംകൊണ്ട് ഉണ്ടാവുന്നതാണ്. ഈച്ചകൾക്കും എറമ്പുകൾക്കും
ചെവികളുണ്ടൊ എന്ന് ഇതുവരെയും സൂക്ഷ്മമായി അറിവായിട്ടില്ല.
ഉണ്ടെങ്കിൽതന്നെ അവയുടെ ശ്രവണേന്ദ്രിയങ്ങൾക്കു മനുഷ്യരുടെ
ചെവികളെപ്പോലെ ശ്രവണശക്തിയില്ലെന്നു തീൎച്ചയാണ്. എന്തെ
ന്നാൽ, ഈ പ്രാണികൾക്കു വീണയുടെയൊ തംബുരുവിൻെറയൊ
ശബ്ദങ്ങൾ കൂടി കേൾപ്പാൻ സാധിക്കുന്നില്ല. പരസ്പരം ഗ്രഹിക്കാ

വുന്നവിധത്തിൽ എറുമ്പുകൾ സംസാരിക്കുന്നുണ്ടെന്നു വിചാരിപ്പാൻ മതിയായ കാരണങ്ങളുണ്ടു്. ഏതായാലും ആവക ശബ്ദങ്ങളൊന്നും നമുക്കു കേൾക്കുവാൻ കഴിയുന്നതല്ല. തേനീച്ചയുടെ ശബ്ദത്തിന്നു് ഈച്ചയുടെ മൂളലിനേക്കാൾ ഘനമുണ്ടു്.

എട്ടുകാലികൾക്കു വളരെ താണസ്വരങ്ങളും കൂടി കേൾപ്പാൻ കഴിയും. ഉഗ്രരവങ്ങൾ കേൾക്കുമ്പോൾ അവ വലയിൽനിന്നു കീഴ്പോട്ടു് പേടിച്ചു ചാടുകയും ദീനസ്വരങ്ങൾ കേട്ടാൽ (വലയിൽ വല്ല
പ്രാണിയും വീണിരു.　　　　ചാരിച്ചു്) കാലുകളും
ല്പോൾ കയ്യുകളും ഉയർ　　　　നില്ലുകയും ചെയ്യും

തേളിന്നു മനുഷ്യരുടെ ശ്രവണേന്ദ്രിയത്തിന്നു ഗോചരമല്ലാത്ത ശബ്ദം കൂടി കേൾപ്പാൻ കഴിയുന്നതാകുന്നു. തേളിന്റെ ചെവി മാറത്താണെന്നും കൊമ്പിന്മേലാണെന്നും അഭിപ്രായഭേദമുണ്ടു്.

മത്സ്യങ്ങൾക്കും ഇഴജാതികൾക്കും മററു ജന്തുക്കളെപ്പോലെതന്നെ ശ്രവണേന്ദ്രിയങ്ങളുണ്ടു്. എന്നാൽ അവയ്ക്കു് എന്തെല്ലാം സ്വരങ്ങൾ കേൾക്കാമെന്നു നിശ്ചയമില്ല. പാമ്പ് ചക്ഷുശ്ശ്രവസ്സാണല്ലോ. കുറവന്മാർ (പാമ്പാടികൾ) പാമ്പുകളെ കുഴലൂതി സാധാരണ പിടിക്കാറുണ്ടു്. കുഴലിന്റെ ശബ്ദം പാമ്പിന്നു കർണ്ണാനന്ദകരമായിട്ടുള്ളതാകയാൽ അതു കേൾക്കുമ്പോൾ പാമ്പുകൾ മററു സകലഅവസ്ഥകളും മറന്നു നിശ്ചേഷ്ടരായി പരമാനന്ദം അനുഭവിച്ചുകിടക്കുന്നു. അങ്ങിനെ ലയിച്ചുകിടക്കുമ്പോഴാണു് കുറവന്മാർ അവയെ പിടിക്കുന്നതു്. വീണയുടെയൊ ഫിഡിലിന്റെയൊ ശബ്ദത്തിൽ പാമ്പിന്നു് ഇത്ര രസമുള്ളതായി കാണുന്നില്ല.

കന്നുകാലികൾക്കും മാനിനും ഗാനരസം അനുഭവിപ്പാൻ കഴിയും. വനാന്തരങ്ങളിൽവെച്ചു ഗാനംകേട്ടു്, പശു, മാൻ മുതലായ ജന്തുക്കൾ ഗായകന്റെ ചുററും വളഞ്ഞു എന്നും മററും കുട്ടിക്കാലത്തു നമുക്കു കഥപറഞ്ഞു തന്നിട്ടുള്ളതു ശരിയായിരിപ്പാൻ വിരോധമില്ല. 'മന്ദം പൊങ്ങി ലയംകലർന്ന മുരളീനാദം മുദാ കേട്ടു പൈ വന്നിട്ടങ്ങിനെ' നക്കിയിരിപ്പൂന്നും സംഗതിയുണ്ടു്. കാട്ടുമൃഗങ്ങളാൽ

എത്തുക്കപ്പെട്ട പല നായാട്ടുകാരും ശ്വാക്കളെകൊണ്ടു പ്രയോജനമുണ്ടാവാതെ ഗാനത്തിന്റെ മിടുക്കുകൊണ്ടു രക്ഷപ്പെട്ടിട്ടുണ്ട്. മരുഭൂമികളിൽ കൂടി യാത്രചെയ്യുമ്പോൾ വഴിനടന്നു ക്ഷീണിച്ച ഒട്ടകങ്ങൾക്കു കൂടി പുറത്തിരിക്കുന്നവന്റെ പാട്ടുകൊണ്ട് ആശ്വാസവും ഉത്സാഹവും ജനിക്കുന്നുണ്ടത്രെ.

പക്ഷികളുടെ ശ്രവണേന്ദ്രിയം വളരെ കൂൎമ്മതയുള്ളതാകുന്നു. പക്ഷികൾക്കു പരസ്പരം സംഭാഷണം ചെയ്വാൻ മാത്രമല്ല, അന്യജീവികളുടെ ശബ്ദംപോലെ [illegible] ധിക്കുന്നതാണ്. [illegible] ന്നു പ്രസിദ്ധിയുള്ള [illegible] രാജ്യത്ത് അധികമില്ല. താളക്കപ്പക്ഷി മക്കളെ ചുറവും ഇരുത്തി പാട്ടു ചൊല്ലിക്കൊടുക്കുന്നതും ആ ചെറിയ പക്ഷികൾ കുറച്ചു കുറച്ചായി പാഠം പഠിക്കുന്നതും, ആവൎത്തിച്ച് അഭ്യസിക്കുന്നതും അമേരിക്കാരാജ്യത്തു സാധാരണയാണത്രെ. തത്തകൾ പലരുടെയും സംസാരം കേട്ടു പഠിച്ചു സംസാരിക്കുന്നത് നമ്മുടെ നിത്യപരിചയങ്ങളിലൊന്നാണല്ലോ. ഹിന്ദുസ്ഥാനിയിലുള്ള ചെറിയ പാട്ടുകൾ അതിവിശേഷമായി പാടാവുന്ന തത്തകൾ വടക്കെ ഇന്ത്യയിൽ പലേടങ്ങളിലുമുണ്ട്.

സാധാരണയായി സ്ത്രീകൾക്കു പുരുഷന്മാരേക്കാൾ ശ്രവണശക്തി കൂടിയിരിക്കും. മനുഷ്യരേക്കാൾ ചെവിക്കു കൂൎമ്മതയുള്ള അനവധി ജന്തുക്കളുണ്ട്. പൂച്ചകൾ തമ്മിൽ കളിക്കുമ്പോൾ സന്തോഷംകൊണ്ട് ഉച്ചരിക്കുന്ന ചില ശബ്ദങ്ങൾ യന്ത്രസഹായത്താലല്ലാതെ നമുക്കു കേൾപ്പാൻ സാധിക്കുന്നതല്ല. ഇതിന്റെ കാരണം ശബ്ദത്തിന്നുകാരണഭൂതമായിട്ടുള്ള അണുക്കളുടെ ഇളക്കം നമ്മുടെ ചെവികൾക്ക് ഗ്രഹിപ്പാൻ പാടില്ലാത്തവിധം അതിസാവധാനത്തിലോ അതിവേഗത്തിലോ ഉണ്ടാവുന്നതുകൊണ്ടാണ്. ബഹുജനങ്ങൾ കൂടിനില്ക്കുന്ന ഒരു സ്ഥലത്തുവെച്ച് അത്യുച്ചത്തിൽ ശബ്ദം പൊങ്ങുന്നതായ ഒരു കാഹളം വിളിച്ചാൽ ശബ്ദം അധികമധികം ഉച്ചത്തിലാവുന്തോറും അതു കേൾക്കാവുന്നവരുടെ സംഖ്യ കുറഞ്ഞു കുറഞ്ഞു വരും. അത്യുച്ചത്തിൽ ഊതിയാൽ ആ കൂട്ടത്തിൽ ആൎക്കുംതന്നെ അതിന്റെ ശബ്ദം കേൾപ്പാൻ സാധിക്കാതെയും

വരും. നമുക്ക് അനുഭവിപ്പാൻ നിവൃത്തിയില്ലാത്ത മനോഹരഗാനംകൊണ്ടു ഭൂമി മുഴുവനും മുഴങ്ങുന്നുണ്ടായിരിക്കാം. അതൊന്നും നമ്മുടെ വെറും ചെവികൾകൊണ്ട് ഇപ്പോൾ കേൾപ്പാൻ സാധിക്കുന്നില്ലെങ്കിലും കാലക്രമംകൊണ്ടു യന്ത്രസഹായത്താലൊ മറ്റൊ ശ്രവിപ്പാൻ സാധിച്ചേക്കാം. ശാസ്ത്രീയമായ അറിവു വർദ്ധിക്കുന്തോറും സൃഷ്ടിയിലുള്ള രഹസ്യങ്ങൾ ഒരോന്നായി നമുക്കു മനസ്സിലാവുന്നതോടുകൂടി സൃഷ്ടിയുടെ യോഗ്യതയെപ്പററി നമുക്കുള്ള വിസ്മയവും ഉപര്യുപരിയായി വർദ്ധിച്ചു വരുന്നതാകുന്നു.

എ. ശങ്കരപ്പൊതുവാൾ, ബി. എ., ബി. എൽ.

# സാരോപദേശദശകം

1. പക്ഷിച്ചു, പൂച്ച, പുലി, വണ്ടെലി, ഞണ്ടു, പച്ച-
പ്പയ്യെന്നുതൊട്ടു, പലമാതിരിയായ ജന്മം
പയ്യെക്കഴിഞ്ഞു പുനരീപ്പുരുഷാകൃതിതാം
കയ്യിൽ കിടച്ചവർ കളഞ്ഞു കുളിച്ചിടൊല്ലെ.

2. ഇന്നുണ്ടു ജോലി, ഭഗവൽസ്മൃതി, നാളെയാവാ-
മെന്നോർത്തു പോകരുതു മാനുഷനായ്പിറന്നാൽ
എന്നോ നമുക്കു മരണം, മൃതിപെട്ടുപോയാൽ
പ്പിന്നെപ്പിറക്കുവതുമെന്തൊരു ജന്തുവായോ?

3. ഹേമാംഗനാദി വിഷയാംബുധിയിൽ പതിച്ചു
കാമാദി വൈരിവശരായ്ക്കുഷണിച്ചിടാതെ
നാമീ പ്രപഞ്ചപരമാർത്ഥമറിഞ്ഞു ചുമ്മാ-
നാമം ജപിക്കിലിനിമേൽ ജനിയാതിരിക്കാം.

4. ന്നോക്കുള്ള കർമ്മചയനാംവഴി, ചിത്രഗുപ്തൻ
വെക്കുന്ന ബുക്കിലൊരു നാമപദം പതിഞ്ഞാൽ
ലാക്കായ് നമുക്കു പുനരാപ്പുരുഷൻെറ നേരെ
നോക്കുന്നതിനു യമനില്ലവകാശലേശം.

5. കാലാരിതൻ കഥ മറന്നു കളത്രപുത്ര-
ജാലം, പുലർത്തുവതിനായ്പ്പണിചെയ്തിരുന്നാൽ
കാലൻ കയർത്തു കയറിട്ടു വലിച്ചിഴക്കും
ാ കടന്നു തടവാനൊരു ബന്ധുവാരോ?

6. ദായാദിപുത്രഗൃഹഭൃത്യധനാഭിമാന-
ജായാദിയിൽ കൊതിവളക്കുമൊരീ പ്രപഞ്ചം
മായാവിലാസമയമെന്നു മനസ്സിലായി-
പ്പോയാൽകഴിഞ്ഞു പുനരായവ പുല്ലുപോലെ.

7. തിയ്യാളിടുന്നതു തനിക്കൊരു തീററയെന്നോ-
ർത്തിയ്യാനതിൽ ബത പതിച്ചു പെടുന്നപോലെ
ഇയ്യുള്ളനാം വിഷയവൻകടലിൽ പതിച്ചി-
ട്ടയ്യോ കിടന്നു ക്ഷണനിച്ചു നശിച്ചിടുന്നു.

8. സാരം തിരക്കുകിലഹോ ബഹു തുച്ഛമിസ്സം-
സാരം, സമസ്തമൊരു ശുദ്ധമഹേന്ദ്രജാലം
ചാരം ധരിച്ച തിരുമേനിയിൽ നാം മനസ്സ-
ഞ്ചാരം തുടങ്ങിലതു പെട്ടുപൊലിഞ്ഞു കാണാം.

9. മുട്ടാതെകണ്ടു ഭഗവത്സ്മരണേ, മനസ്സു-
മുട്ടാതെകണ്ടു കഴിയുന്നൊരു മർത്ത്യജന്മം
പൊട്ടിച്ചിടാതെയൊരു തേങ്ങ, കരിങ്കുരങ്ങിൻ-
കുട്ടിക്കു കിട്ടിയതുപോലെ കഴിഞ്ഞിടുന്നു.

10. സൂരിവ്രജത്തൊടിടപെട്ടിതരാനുബന്ധം
ദ്രൂക്കളഞ്ഞു, ദുരഹംകൃതിയുള്ളതെല്ലാം
തീരെത്ത്യജിച്ചു, തിരുനാമപദം ജപിച്ചാൽ
തീരും നമുക്കു ജനനീജഠരപ്രവേശം

എസ്സ്. നാരായണൻ നമ്പൂരി.

# ലാറിപ്പോട്ട്

പരശുരാമന്റെ കൂടെ വന്നവരാണല്ലോ, നമ്മുടെ കാരണവന്മാർ. അവരിൽ വെച്ചു കാരണവരായിരുന്നു മലനാട്ട് കാരണവര്. ഇദ്ദേഹത്തിന്റെ തറവാട്ടിൽ പരമ്പരയായി പച്ചമലയാളാചാരങ്ങളെയാണ് അനുഷ്ഠിച്ചു പോന്നിട്ടുള്ളത്. പാശ്ചാത്യപരിഷ്ക്കാരങ്ങളൊ, പരദേശാചാരങ്ങളൊ ഈ തറവാട്ടിന്റെ പടിക്കൽ വരെയെങ്കിലും വന്നിട്ടില്ല. ഈ തറവാട്ടിൽ ജനിച്ചു വളൎന്ന ഒരാളാണ് നമ്മുടെ ജഡ്ജി. ഇദ്ദേഹത്തിന്റെ പേര് 'ശ്രീരംഗോപാലകൃഷ്ണനാരായണനുശങ്കരനുശങ്കരനു' എന്നാണ്. ഇദ്ദേഹം കീഴ്നടപ്പിനെ വിട്ട് ചെറുപ്പത്തിൽതന്നെ തിരുവനന്തപുരം കോളേജിൽ ചേൎന്ന്, ബി. എ. പരീക്ഷയിൽ വളരെ ഉന്നതസ്ഥാനത്തെ കൈക്കൊണ്ടു ജയിച്ചു. അതിൽപിന്നെ, യൂറോപ്പ്, അമേരിക്കാ, ജാപ്പാൻ മുതലായ ദിക്കുകളിൽ ആറേഴു കൊല്ലത്തോളം സഞ്ചരിക്കുകയും അവിടങ്ങളിൽ ഉള്ള വിവിധജനസമുദായങ്ങളെയും അവയുടെ മതങ്ങളെയും ആചാരങ്ങളെയും നല്ലവണ്ണം പഠിക്കുകയും അവയുടെ ഗുണദോഷങ്ങളെപ്പററി അഗാധമായി ആലോചിക്കുകയും അവയെപ്പററി തന്റെ സ്വന്തമായ ചില അഭിപ്രായങ്ങളെ വൎത്തമാനക്കടലാസ്സുകളിൽ അടിച്ചുവിടുകയും ചെയ്തു. ഒടുവിൽ മലയാളാചാരസംബന്ധമായ കാൎയ്യങ്ങൾ തീൎച്ചപ്പെടുത്താൻവേണ്ടി കൊച്ചി, തിരുവിതാംകൂർ, ബ്രിട്ടീഷ് ഈ മൂന്നു ഗവൎമ്മേണ്ടുകളുംകൂടി ഇദ്ദേഹത്തെ ഒരു കമ്മീഷണർ ആയി നിയമിക്കുകയും ഇദ്ദേഹത്തിന്റെ

അധികാരങ്ങൾക്ക് ഗോകർണ്ണംമുതൽ കന്യാകുമാരിവരെ വിസ്താരം കൊടുക്കുകയും ചെയ്യും. കോടതി തിരുനാവായിൽ ആണ് സ്ഥാപിച്ചിട്ടുള്ളത്. വിധികൾ മുതലായതു നടത്തുന്നത് അതാതു ജില്ലയിലെ ഡിസ്ത്രിക്ക് മജിസ്ത്രേട്ടാണ്. വിധി കഴിഞ്ഞാൽ ജഡ്ജി മേണ്ടു ഡിസ്ത്രിക്ക മജിസ്ത്രേട്ടുകോടതിക്കയച്ചു കൊടുക്കും. ഇതാണ് നിയമം.

കേസ്സു. ൧.

ഹാജർ.

മ. രാ. രാ. ശ്രീഗോപാലകൃഷ്ണനാരായണരു ശങ്കരരുശങ്കരരു അവർകൾ എം. എ. (ഓക്സൺ), എൽ. എൽ. ഡി. (ലണ്ടൺ), പി.എച്ച.ഡി. (ഫിലാഡെൽഫിയ) മുതലായ ലിപിമാലകളെല്ലാം, മലനാട്ടു കാരണവപ്പാട്.

നടക്കൽ പററാവ്— പുളിഞ്ചോട്ടിൽ കേളുനായര്. അന്യായം.

വക്കിൽ— പോങ്ങശ്ശമേനോൻ. (ഫ. ബ. ഭ. ങ. ഞ. ം.)

ശേഖരമേനോൻ.................................... പ്രതി.

വക്കിൽ— ശളവളയ്യൻ. (ക. ച. ട. ത. പ.)

പ്രതി നായരല്ലെന്നും പേര് മാററി പറഞ്ഞിട്ടുള്ളതാണെന്നും ഒരു നാട്ടുക്രിസ്ത്യാനിയാണെന്നു തോന്നുന്നുവെന്നും തലമുട്ടയടിച്ചു, കാതു കുത്താതെയും, മുഖക്ഷൌരം ചെയ്യിച്ചും, കൈമുറിക്കുപ്പായം ഇട്ടും, അമ്പലത്തിൽ കേറിയിരിക്കുന്നുവെന്നും ആകുന്നു ഈ കേസ്സ്.

താൻ നായരാണെന്നും, പേര് മാററി പറഞ്ഞിട്ടില്ലെന്നും നാട്ടുക്രിസ്ത്യാനിയല്ലെന്നും, തല മുട്ടയടിച്ചിട്ടുള്ളത് ഇപ്പോഴത്തെ 'ഫാഷൻ' അനുസരിച്ചാണെന്നും, കാതു ചെറുപ്പത്തിൽ കുത്തിട്ടുണ്ടെന്നും, ദ്വാരം അടഞ്ഞതാണെന്നും, മുഖക്ഷൌരം ചെയ്യിച്ചതു മീശയുടെ ഉപദ്രവംകൊണ്ടാണെന്നും, ബനിയൻ പരിഷ്കാരത്തെ അനുസരിച്ചിട്ടാണെന്നും ആണ് പ്രതിയുടെ വാദം.

പ്രതിയോടു ചില പ്രധാന ചോദ്യങ്ങൾ കോടതിതന്നെ ചോദിച്ചതിൽനിന്നു അയാളുടെ യഥാർത്ഥസ്ഥിതികൾ വെളിപ്പെട്ടു. ചെറുപ്പ

ത്തിൽ ഒരു ഇംഗ്ലീഷ് സ്കൂളിന്റെ പടിക്കൽകൂടി കടന്നു പോയിട്ടു
ണ്ടെന്നല്ലാതെ ആംഗ്ലേയഭാഷ പഠിക്കുകയോ ഉയൎന്നതരം പരീക്ഷകൾ
ജയിക്കുകയോ നമ്മുടെ പ്രതി ഉണ്ടായിട്ടില്ല. കുറെക്കാലം ഒരു വക്കീൽ
ഗുമസ്ഥനായി കോഴിക്കോട്ട് താമസിച്ച കാലത്താണ് കുടുമ മുറിച്ചത്
എന്നും, മുഖക്ഷൌരം മീശമുളയ്ക്കുന്നതിനു മുമ്പുതന്നെ തുടങ്ങീട്ടു
ണ്ടെന്നും മററും വിസ്താരത്താൽ വിശദപ്പെട്ടു. പ്രതി പറഞ്ഞതെ
ല്ലാം വാസ്തവമാണെന്നു തെളികയും വക്കീലന്മാർ രണ്ടു പേരും വ
ളരെ കണ്ഠക്ഷോഭം ചെയ്കയും ചെയ്തുവെങ്കിലും പ്രതി തീരുമാനം നി
ൎദ്ദോഷിയല്ല എന്നാണ് കോടതി തീർച്ചപ്പെടുത്തിയത്. എന്നുതന്നെ
യല്ല ജഡ്ജിമെണ്ടിൽ കുടുമമുറിക്കൽ മുഖക്ഷൌരംചെയ്യിക്കൽ
ഇത്യാദി നമ്മുടെ യുവാക്കളിൽ കണ്ടുവരുന്ന വ്യാപാരങ്ങളെപ്പററി
കുറെച്ചൊന്നു വിസ്തരിച്ചിട്ടും ഉണ്ടായിരുന്നു.

'ഈ വക പ്രവൃത്തികൾ നമ്മുടെ ചില ആധുനിക ബി. എ.
ക്കാരിലും വിദ്യാൎത്ഥികളിലും നാം പ്രായേണ കാണുന്നുണ്ട്. സൂ
ക്ഷ്മത്തോളം വിചാരിക്കുന്നതായാൽ ശിഖാഛേദമോ മുഖമുണ്ഡന
മോ ഒരു കുററമെന്നു വിചാരിച്ചുകൂട. പക്ഷേ, കാലദേശാവസ്ഥാദി
കളെ അനുവൎത്തിക്കണമെന്നുള്ള ശാസ്ത്രവിധിയെ എല്ലാവരും സമ്മ
തിച്ചിട്ടുള്ളതുകൊണ്ടും, സ്വകീയമായ ജാതിധൎമ്മത്തെയും ജാത്യാചാര
ങ്ങളെയും അനുഷ്ഠിക്കുന്നത് ശ്ലാഘനീയമാണെന്നുള്ള ഒരു ബോദ്ധ്യം
നാം സകലജാതിക്കാരിലും മിക്കവാറും പ്രബലമായി കണ്ടുവരുന്ന
തുകൊണ്ടും, ആ ബോദ്ധ്യപ്രകാരം നടക്കാൻ അവർ സദാ ജാഗരൂ
കന്മാരായിരിക്കുന്നതുകൊണ്ടും, ജാത്യാചാരങ്ങൾ കേവലം നിരൎത്ഥ
ങ്ങൾ എന്നു വിചാരിച്ചുകൂട. മലയാളികളുടെ പൂൎവ്വശിഖ കണ്ടു
ഭ്രമിച്ച് മുൻകുടുമവച്ച് ഒരു യൂറോപ്യൻ നടന്നാൽ അയാൾ യൂറോ
പ്യന്മാരുടെയും മലയാളികളുടെയും തുല്യപരിഹാസത്തിന് ഏകാവ
കാശിയായി ഭവിക്കുമെന്നുള്ളത് ദൃഢമാണല്ലോ. ഇപ്രകാരംതന്നെ
യാണ് യൂറോപ്യരീതികളെ ആശ്രയിക്കുന്ന നമ്മുടെയും സ്ഥിതി.
ഹിന്ദുക്കൾ ഹൈന്ദവാചാരങ്ങളെ വിട്ട് യൂറോപ്യസമ്പ്രദായങ്ങളെ
അവലംബിക്കുന്നത് വെറും ഗോഷ്ഠിയാണെന്നു പല മാന്യന്മാരായ

 യൂറോപ്യന്മാരും ഈ കോടതിമുമ്പാകെ മൊഴികൊടുത്തിട്ടുണ്ട്. ഈ വക കാരണങ്ങളാൽ ഈ കേസ്സിനു വിഷയീഭവിച്ചിട്ടുള്ള പ്രവൃത്തികൾ ഹിന്ദുക്കൾ ചെയ്യുന്നതു വിഹിതമല്ല. ആയതുകൊണ്ട് തക്കതായ കാരണംകൂടാതെ കുടുമമുറിച്ചുകളകയും മററും ചെയ്യുന്നത് സാമുദായികനിയമപ്രകാരം നോക്കുമ്പോൾ ഒരുതരം കുററം എന്നാണ് കാണുന്നത്. എന്നാൽ പണ്ഡിതന്മാരിലും മഹത്തുക്കളിലും ചിലർ ഈ കുററം ചെയ്യുന്നതു മിക്കവാറും തക്ക കാരണത്താലാണെന്നു കാണുന്നതുകൊണ്ട് ആയവർ ശിക്ഷാർഹന്മാരാണെന്നു വിചാരിക്കാവുന്നതല്ല. പ്രസ്തുത കേസ്സിലെ പ്ര ...ടു പണ്ഡിതനെന്നോ മഹാനെന്നോ തെളിഞ്ഞിട്ടില്ലാത്തതുകൊണ്ടു കിംബഹുജ്ഞനായ ഇവനേയും ഇവൻെറ തരത്തിൽ ഇവനെപ്പോലെ വേഷംകെട്ടി നടക്കുന്നവരേയും ചില വിദ്യാർത്ഥികളേയും ക്രമപ്രകാരം ശിക്ഷിക്കേണ്ടതാണ്. എന്നാൽ ഈവകക്കാർ സാധാരണയായി ചെറുപ്പക്കാരാണെന്നറിയുന്നതുകൊണ്ട് ഇവരെ കഠിനമായി ശിക്ഷിക്കുന്നതും വിഹിതമല്ല. ആദ്യം ഒരു താക്കീതുചെയ്തു വിടുന്നതാണ് ഉത്തമപക്ഷം എങ്കിലും ശിഖാശ്മശ്രുക്കൾ ഉണ്ടായി ഇവർ പൂർവസ്ഥിതിപ്പോലെയാവേണ്ടത് അത്യാവശ്യമായതുകൊണ്ട്, ഇവരെയെല്ലാവരേയും വാറണ്ടയച്ചുവരുത്തി കോട്ടുപടിലവിന്മേൽ ക്ഷൌരംചെയ്യിക്കുകയും, കുടുമവയ്പിക്കുകയും, കടുക്കനിടീക്കയും, മററും ചെയ്തുണ്ടതും മേലിൽ ഈവക യാതൊരാചാരങ്ങളും തുടങ്ങുകയില്ലെന്ന് ഇവരെക്കൊണ്ടു സത്യംചെയ്യിക്കേണ്ടതും വഴിപ്പെടാത്തവരുടെ തലയിലും മുഖത്തിലും പുരികത്തിന്മേലും രോമസംഹാരിതൈലം തേപ്പിച്ച് രോമനാശംവരുത്തി വിട്ടയക്കേണ്ടതും ആകുന്നു.

എന്നു ശ്രീരംഗോപാലകൃഷ്ണനാരായണരുശങ്കരരുശങ്കരരു. (ഒപ്പ്)

പി. ജി., ബി. എ.

# പൂവാഴക്ക

(നക്ഷത്രമാല)

---

തണ്ടാരും പനിനീർപ്പൂവും തമ്മിലീഷ്യയോടേകദാ
ഉണ്ടായുള്ളൊരു സംവാദമുരമോദമുരച്ചീടാം.

ശ്രീ വിങ്ങിടുന്നൊരഴകൈശ്വര്യമാഭിജാത്യ-
മീ വൻഗുണങ്ങൾ വിലസുന്നതു കൊണ്ടു നിത്യം
പൂവിന്റെ വംശമതിലിന്നധിരാജനായ്
മേവുന്നു, ഞാനതിനു സംശയമില്ല തെല്ലും. 1

എന്നോടു തുല്യമഴകില്ല സഖേ! നിനക്കി-
ങ്ങെന്നല്ല, പാർക്കിൽ നഹി ജാതിവലിപ്പവും തേ;
ചിന്നുന്ന ഗർവ്വമൊടിവണ്ണമഹോ! ഞെളിഞ്ഞാൽ
മന്നിങ്കലുള്ള ജനമൊക്കെ ഹസിക്കുമല്ലോ. 2

ശ്രീകാളിദാസമുഖരാം കവികൾക്കു പണ്ടേ-
യേകാന്തബന്ധുത കലർന്നു വസിക്കുമീ ഞാൻ
മാഴ്കാതെയിക്കുസുമരാജ്യമതിന്റെ നല്ലോ-
രേകാധിപത്യമൊടു വാഴ്വതു യുക്തമല്ലോ. 3

ഷേക്സ്പീയരാദികവിമൌലികൾ പണ്ടുപണ്ടു
വാഴ്ത്തുന്നൊരെന്നുടയ വർണ്ണഗുണത്തെയത്രേ
നീക്കം വെടിഞ്ഞധികമായ് സ്തുതിചെയ്തതെന്നു
കേൾക്കുന്നതിന്നിഹ നിനക്കിടയായതില്ലേ? 4

ഇക്കണ്ട ലോകമഖിലം ബത! സൃഷ്ടിചെയ്തു
ചൊൽക്കൊണ്ടിടുന്ന വിധിയെന്നുടെ പുത്രനല്ലോ;
ഇക്കാര്യമൊന്നു നിരൂപിക്കുകിലെൻമഹത്വ-
മെക്കാലവും കരുതുകില്ലതിനില്ല വാദം. 5.

സൃഷ്ടിപ്പതിന്നു വിധിതന്നെ, രജോഗുണത്താൽ
സൃഷ്ടിച്ചു വിഷ്ണുവിതിലെന്തു ഭവാനു ബന്ധം?
പാട്ടവമെന്തിനരുളുന്നു? നിനക്കു രാജ്യം
കിട്ടേണ്ടതിന്നു വഴിയില്ല വിവാദമില്ല. 6

കഷ്ടം ഭവാന്റെ മൊഴി,യെങ്കിലുമൊന്നു ചൊല്ലാം
പുഷ്പപ്രഭാവമെഴുമെന്നുടെ കാന്തി കണ്ടാൽ
ശിഷ്ടർക്കു നല്ല ബഹുമാനവുമുള്ളിലേറ്റം
തുഷ്ടിപ്രസാദവുമുദാരമുദിക്കുമല്ലോ. 7

പൂവിന്നു വേണ്ട ഗുണമത്ര മനോഹരത്വം
താവുന്ന നല്ലമണമെന്നതു സിദ്ധമത്രേ
ആ വൻഗുണം കരുതിടുമ്പൊഴുതെന്നൊടൊപ്പ-
മാവുന്നതെങ്ങനെ ഭവാനയി സാധുബുദ്ധേ! 8

കൊള്ളാമെടോ തവ മണം തവ പാർപ്പിടത്തി-
ന്നുള്ളിൽ കടന്നിടണമെങ്കിലഹോ ജനങ്ങൾ
മുള്ളെത്ര കൊള്ളണമതോർക്കുകിൽ വേണ്ടയെന്നു
തള്ളിടുമാരുമയി തേ മണമൊക്കെ നൂനം. 9

വെള്ളത്തിനുള്ളിൽ മരുവുന്നതിനാൽ നിനക്കു
മുള്ളുള്ള വാർത്തയറിയുന്നവരില്ലയെന്നോ?
മുള്ളുള്ള നിന്നരികിലെത്തിടുവാൻ തുനിഞ്ഞാൽ
വെള്ളത്തിൽ വീണു മൃതിയും നിയതം ഭവിക്കും. 10

ധാരാളമുള്ള മമ ശുദ്ധി നിനച്ചു ഭക്ത-
ന്മാരായിടുന്ന ജനമന്വഹമാത്തമോദാ
പേരാർന്നൊരെന്നെ നലമേറിന മാലയാക്കി-
പ്പാരാളുമീശ്വരനു ചാർത്തിവരുന്നതില്ലേ? 11

തള്ളിച്ചയുള്ളവരെയാശു വരിഞ്ഞു കെട്ടി-
ക്കൊള്ളിച്ചിടുന്നതു ചിതം, വലിയോൎക്കു മുൻപിൽ
ഉള്ളത്തിലോൎക്കുക മഹാജനമെന്നു മൌലി-
കളുള്ളിൽ തരത്തിലണിയുന്നിതമന്ദമോദം. 12

വണ്ടാറണിക്കുഴലിമാരുടെ ചാരുനേത്രം
കൊണ്ടാടിടേണ്ട വദനം, പദമെന്നുവേണ്ടാ
കണ്ടാൽ മനോഹരതരം കരമെന്നിവറ്റി-
ന്നുണ്ടാരിനാണു സദൃശത്വമതോൎമ്മയില്ലേ? 13

(തുടരും)

കെ. സി. കേശവപിള്ള

# ഭക്തിയോഗം

ഒരു തൎജ്ജമയുടെ ഗുണദോഷത്തെക്കുറിച്ചു പൎയ്യാലോചിക്കുമ്പോൾ മൂലഗ്രന്ഥവിഷയത്തെപ്പറ്റി വിചാരിക്കേണ്ട അവകാശമില്ലെന്നു ചിലരുടെ വാദമുണ്ട്. മൂലത്തിൽ എന്തുതന്നെ പറഞ്ഞിരുന്നാലും, അതു ഭാഷാന്തരപ്പെടുത്തുമ്പോൾ ആ ഭാഷക്കടുത്ത വേഷപ്പകൎച്ചയോടുകൂടി മൂലത്തിലുള്ളതെല്ലാം തൎജ്ജമയിൽ വരുത്തീട്ടുണ്ടോ എന്നു പരിശോധിക്കേണ്ട ഭാരം മാത്രമേ പരിശോധകന്നുള്ളുവെന്നാണ് ഇവരുടെ സിദ്ധാന്തം. ഇതു ഞങ്ങളത്ര ശരിവെക്കുന്നില്ല. ശൃംഗാരമഞ്ജരി അമ്മായിശ്ലോകമായിട്ട് വേഷംമാറുകയോ, ലണ്ഡൻ രാജധാനിയിലെ രഹസ്യങ്ങൾ’ എന്ന ഇംഗ്ലീഷ് നോവൽ പിറന്നപടി മലയാളത്തിൽ ചാടിവീഴുകയോ ചെയ്താൽ, അത്, കണ്ടുകൊണ്ടാടുവാൻ പരിഭാഷകനെപ്പോലെ വിഷയസക്തന്മാരോ, ജുഗുപ്സവഴിക്കു വൈരാഗ്യമന്വേഷിക്കുന്നവരോ അല്ലാതെ, മറ്റൊരാളുമുണ്ടാകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. കൂടാതിരു

ന്നാൽ കൊള്ളാമെന്നു പ്രാൎത്ഥനയുമുണ്ട്. ഇനി ഗ്രന്ഥകാരൻെറ ഗുണങ്ങൾ മുഴുവനും ഗ്രന്ഥത്തിൽ പ്രതിബിംബിക്കാതിരിക്കയില്ല എന്നൊരു പക്ഷക്കാരുണ്ട്. അതിലും അപവാദങ്ങളുണ്ടെന്നാണ് ഞങ്ങളുടെ അനുഭവം. എന്നാൽ ദിവ്യപുരുഷനായ വിവേകാനന്ദസ്വാമികളുടെ ഗുണങ്ങൾ അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിൽ നിരന്തരമായി പ്രതിഫലിച്ചു പ്രകാശിക്കുന്നുണ്ടെന്നു ലോകപ്രസിദ്ധമാണ്. അതുകൊണ്ടു, സ്വാമികളുടെ ഏതൊരു പുസ്തകവും ഭാഷപ്പെടുത്തുന്നതു ഉപകാരപ്രദമാകാതിരിക്കയില്ല. അതിലും വിശേഷിച്ചു, കെ. എം., എന്ന ശ്രദ്ധനാമധേയനായ പരിഭാഷകൻ ആദ്യം കൈവച്ച കൎമ്മയോഗവും പ്രകൃതമായ ഭക്തിയോഗവും തൎജ്ജമ ചെയ്തു കണ്ടാൽ കൊള്ളാമെന്നു ഞങ്ങൾ ആഗ്രഹിക്കുന്ന രാജയോഗവും സ്വാമികളുടെ അപാരമായ ബുദ്ധി കടഞ്ഞെടുത്ത രത്നങ്ങളെന്നുതന്നെ പറയണം.

തൎജ്ജമയുടെ വിശേഷംകൊണ്ട് ഇംഗ്ലീഷ് ഭാഷാനഭിജ്ഞന്മാരായ കേരളീയൎക്കുകൂടി കൎമ്മയോഗം മുഖേന വിവേകാനന്ദസ്വാമികളിൽ ബഹുമാനം ജനിപ്പിച്ചതിൻെറശേഷം ഭക്തിയോഗംതൎജ്ജമയിൽ അദ്ദേഹത്തിൻെറ വിസ്താരമായ ജീവചരിത്രം പടത്തോടുകൂടി പരിഭാഷകൻ ചേൎത്തിട്ടുള്ളതു വളരെ ഉചിതമായിരിക്കുന്നു. "മഹാഭക്തനും, ജ്ഞാനിയും, ജീവന്മുക്തനുമായ ശ്രീരാമകൃഷ്ണപരമഹംസൻ നരേന്ദ്രനാഥന് (വിവേകാനന്ദസ്വാമികൾ സന്യസിക്കുന്നതിനു മുമ്പുള്ള പേര്) ആത്മജ്ഞാനത്തെ ഉപദേശിച്ചു. അപ്രകാരം സിദ്ധിച്ചിട്ടുള്ള മഹാശക്തിയാണ് പിന്നീടു ലോകം മുഴുവൻ വ്യാപിക്കയും എല്ലാവരിലും ആശ്ചൎയ്യത്തെ ജനിപ്പിക്കുകയും ചെയ്തത്" എന്നു ഈ ജീവചരിത്രത്തിൽ കാണുമ്പോൾ ആ മഹാവിശിഷ്ടനായ ഗുരുവിനെക്കുറിച്ചും ചിലതൊക്കെ അറിവാൻ ഞങ്ങൾക്കുണ്ടായപോലെ വായനക്കാൎക്കും മോഹം ജനിച്ചേക്കാം. എന്നാൽ ഭക്തിയോഗപരിശോധനയുടെ ഘട്ടത്തിൽ അദ്ദേഹത്തിനെക്കുറിച്ചു വിസ്തരിക്കുന്നത് അപ്രകൃതവും അന്യപത്രക്കാർ ചിലർ ആയതിനുദ്യമിച്ചിട്ടുള്ളതിനാൽ രഞ്ജിനി മേലിൽ അതിനു ശ്രമിക്കുന്നത് അനാവശ്യവും

ആകയാൽ സമാധിയിൽ ഇരിക്കുന്നതായി അദ്ദേഹത്തിന്റെ ഒരു പടംമാത്രം ചേൎത്തു ഞങ്ങൾ തൃപ്തിപ്പെടുന്നു.

കെ. എം. എന്ന മഹാനുഭാവന് തൎജ്ജമകളുള്ള നൈപുണ്യം കൎമ്മയോഗതൎജ്ജമകൊണ്ടുതന്നെ പ്രത്യക്ഷമായിട്ടുണ്ടെങ്കിലും, ഭക്തിയോഗതൎജ്ജമ അതിനെ ഒന്നുകൂടി ദൃഢീകരിക്കുന്നുണ്ട്. വ്യാസസൂത്രം ശങ്കരാചാൎയ്യഭാഷ്യം മുതലായ അദ്വൈതമതസ്ഥാപകഗ്രന്ഥങ്ങളെയും, മദ്ധ്വാചാൎയ്യഭാഷ്യം, രാമാനുജാചാൎയ്യഭാഷ്യം, മുതലായ ദ്വൈതമതസ്ഥാപകഗ്രന്ഥങ്ങളെയും വഴിപോലെ പഠിച്ച്, കേരളഭാഷാതത്വജ്ഞനായ ഒരു മഹാൻ സ്വന്തമായിട്ടു നിൎമ്മിച്ചതാണോ എന്നു തോന്നത്തക്കവിധത്തിൽ ഈ തൎജ്ജമക്ക് തന്മയത്വം വന്നിട്ടുണ്ടെന്നു പറവാൻ ഞങ്ങൾ ഒട്ടും മടിക്കുന്നില്ല.

ഇങ്ങിനെയുള്ളൊരു ഗ്രന്ഥനിൎമ്മാണംകൊണ്ടുള്ള പ്രയോജനമെന്തെന്നാൽ പരോപകാരംതന്നെ. പരന്മാരിൽ ഇതെങ്ങിനെ ഉപകരിക്കുന്നുവെന്നും, എത്രത്തോളം ഉപകരിക്കുമെന്നും, പൎയ്യാലോചിക്കുന്നതായാൽ അതും സ്പഷ്ടമാവുന്നതാണ്. ആദ്യംതന്നെ വേദാന്താൎത്ഥം ഗ്രഹിച്ചിട്ടുള്ളവരെ നോക്കുക. ദേഹാദി സകലപ്രപഞ്ചങ്ങളും നശിച്ച് സച്ചിദാനന്ദബ്രഹ്മരൂപമായി ഇരിക്കുന്ന അവസ്ഥയാകുന്നു വിദേഹമുക്തി. 'നാഭുക്തം ക്ഷീയതെകൎമ്മ കല്പകോടി ശതൈരപി' എന്നുള്ള മഹാഭാരതവചനസിദ്ധമായ പ്രാരബ്ധകൎമ്മക്ഷയത്തിന്നായി ദേഹാദിപ്രപഞ്ചത്തോടുകൂടിത്തന്നെ ഇരിക്കുന്നുവെങ്കിലും, മിഥ്യാവാസനകൾ നശിക്കയാൽ സൎവ്വജനങ്ങളിലും സമത്വത്തെ പ്രാപിച്ചിരിക്കുന്നൊരവസ്ഥയാകുന്നു ജീവന്മുക്തി. ഇപ്രകാരം സ്വതഃകാമ്യമായ രണ്ടുതരം മുക്തിക്കും അടുത്ത പ്രധാനകാരണങ്ങൾ ശ്രവണം, മനനം, നിദിദ്ധ്യാസനം, സമാധി ഇവയുകളാകുന്നു. ശാസ്ത്രതാല്പൎയ്യനിശ്ചയസമ്പാദനമാകുന്നു ശ്രവണം. ശാസ്ത്രാൎത്ഥം സത്യമെന്ന നിശ്ചയസമ്പാദനമായ യുക്തിവിചാരമാണ് മനനം. ഇങ്ങിനെയുള്ള ശ്രവണമനനങ്ങളെ പിന്നെയും പിന്നെയും ആവൎത്തിച്ചെങ്കിലെ, താൽപൎയ്യനിശ്ചയമെന്ന ശ്രവണഫലത്തെയും, അസംഭാവനാനിവൃത്തി എന്ന മനനഫലത്തെയും, സാക്ഷാൽ

പ്പാൻ കഴിയുള്ളു. ഫലസിദ്ധിപൎയ്യന്തം ശ്രവണാദികളെ ആവൎത്തിക്കേണമെന്നു ഭഗവാൻ ശ്രീശങ്കരാചാൎയ്യസ്വാമികൾ 'ആവൃത്തിരസകൃദുപദേശാൽ' എന്നുള്ള അധികരണത്തിൽ സ്ഥാപിച്ചിരിക്കുന്നു. അതുകൊണ്ടു് വേദാന്താൎത്ഥം ഗ്രഹിച്ചവരും ഈ ഗ്രന്ഥത്തെ ആസ്വദിക്കാതിരിക്കയില്ല. വേദാന്തതത്വം ഗ്രഹിക്കാത്തവരും ജിജ്ഞാസുക്കളുമായിട്ടുള്ളവരുടെ കാൎയ്യം പ്രത്യേകിച്ചാലോചിക്കേണ്ടതുമില്ല. ലൌകികഗ്രന്ഥങ്ങളെമാത്രം വായിക്കയാൽ വേദാന്തതത്വങ്ങൾ അറിവാൻ ആഗ്രഹമില്ലാത്തവൎക്കും ഈ വിശിഷ്ടഗ്രന്ഥങ്ങളെ അറിഞ്ഞിട്ടുള്ളവർ ഘോഷിക്കുന്നതുകേട്ടു് എപ്പോഴെങ്കിലും അതിൽ പ്രവൃത്തിയുണ്ടായാൽ ഗ്രന്ഥാന്തരാവലോകനംകൊണ്ടു് സാരഗ്രഹണശക്തി സമ്പാദിച്ചിട്ടുള്ള ഈ കൂട്ടർ യുക്തിയുക്തവും സരസവുമായ ഈ ഗ്രന്ഥത്തെ വായിച്ചു രസിക്കാതിരിക്കയില്ല. അതിമൂഢന്മാരും കഷ്ടാവസ്ഥകളിൽ അകപ്പെട്ടുമ്പോൾ സമാധാനത്തിന്നായി വേദാന്തതത്വവിചാരത്തിൽ പ്രവേശിക്കുവാൻ ഉത്സാഹിക്കുന്നതു പതിവാണ്. അവൎക്കും അങ്ങിനെയുള്ള അവസരങ്ങളിൽ ഇപ്രകാരമുള്ള ഗ്രന്ഥത്തിന്റെ സഹായംകൊണ്ടു് കാലക്രമേണ സൽഗതി ഉണ്ടായേക്കാം.

അപൂൎവ്വമായ വിഷയത്തെപ്പററി ഒരു പുതിയഗ്രന്ഥം നിൎമ്മിച്ചുവെങ്കിൽ അതിന് ഉല്പത്തികാലത്തുതന്നെ പൂൎണ്ണപ്രചാരമുണ്ടായില്ലെങ്കിലും, കാലക്രമേണ പ്രചാരം വൎദ്ധിച്ചു ജനങ്ങൾക്കു അറിവിനെ കൊടുക്കുമെന്നുള്ളതിന്നു നമ്മുടെ പൂൎവ്വാചാൎയ്യന്മാരുടെ പ്രയത്നം തന്നേ പ്രധാനോദാഹരണമാണല്ലോ. ശ്രൌതമതോദ്ധാരത്തിന്നുവേണ്ടി വേദപ്രാമാണ്യവും ആസ്തിക്യവും സാധിച്ച ഉദയനാചാൎയ്യർ ഹൎഷമിശ്രൻ മുതലായവരുടെയും വേദപ്രാമാണ്യത്തെ സാധിച്ചു കൎമ്മാനുഷ്ഠാനത്തെ നടപ്പാക്കിയ ഭട്ടപാദാചാൎയ്യൻ, മണ്ഡനമിശ്രൻ മുതലായവരുടെയും അദ്വൈതമതസ്ഥാപകനായ ആചാൎയ്യസ്വാമികളുടെയും മററു മതങ്ങൾക്കു കാലക്രമേണ പ്രചാരം വൎദ്ധിച്ചു തന്നെയാണല്ലോ കാണുന്നത്. ഈ സംഗതി നാടകാദിലൌകികഗ്രന്ഥങ്ങളുടെ കാൎയ്യത്തിൽ മലയാളികൾക്കു പൊതുവിൽ അനു

ഭവവുമാണല്ലോ. ഗ്രന്ഥത്തിനു അസാമാന്യഗുണമുണ്ടെങ്കിൽ തൽക്കാലംതന്നെ പ്രചാരം സിദ്ധിക്കുകയും ചെയ്യും.

ഗ്രന്ഥത്തിൻെറ പ്രയോജനം ഗ്രന്ഥകർത്താവിൻെറ ഗ്രന്ഥനിർമ്മാണത്തിങ്കലുള്ള ഉദ്ദേശത്തെയോ, വായനക്കാരുടെ വായിക്കുവാനാരംഭിക്കുമ്പോഴുള്ള ഉദ്ദേശത്തെയോ, ആശ്രയിച്ചല്ല നില്ക്കുന്നത്. മഹാഫലമുള്ളതായ കാര്യത്തിൽ നിസ്സാരഫലത്തെ ഉദ്ദേശിച്ചിട്ടുണെങ്കിലും ആരെങ്കിലും പ്രവർത്തിച്ചാൽ അവനു മഹാഫലമാണ് സിദ്ധിക്കുക എന്ന ശ്രീമൽഭാഷ്യത്തിൽ സമന്വയാദ്ധ്യായത്തിൽ ആചാര്യസ്വാമികൾ ഘോഷിച്ചിട്ടുണ്ട്. മോക്ഷം പരമപുരുഷാർത്ഥമാകകൊണ്ടും, ഭക്തിയോഗം വഴി മോക്ഷം സുഖസാദ്ധ്യമാകകൊണ്ടും, ഈ ഗ്രന്ഥത്തിൻെറ ഫലം മഹാഫലമാണെന്ന് വിശദമാകുന്നു.

ശാസ്ത്രസാങ്കേതികങ്ങളായ മലയാളപദങ്ങൾ ദുർല്ലഭമാകയാൽ അവിടെ സംസ്കൃതപദപ്രയോഗം ഒരു ദോഷമായിട്ടു വിചാരിച്ചുകൂട. എന്നാൽ കർത്തൃകർമ്മക്രിയകളെ തെററായുപയോഗിക്കുകയും വേണ്ടിടത്ത് ചിലേടത്ത് ഉപയോഗിക്കാതിരിക്കയും ചെയ്യിട്ടുള്ളതു ന്യൂനതതന്നെ. ഗ്രന്ഥനിർമ്മാണത്തിങ്കൽ സാമാന്യമായിട്ടു വാക്യദോഷം മുതലായ ദോഷങ്ങൾ വരാതെ സൂക്ഷിക്കേണ്ടതാണ്. വിശേഷിച്ചു വിഷയത്തിന്ന് കാഠിന്യവും കൂടിയുള്ളപ്പോൾ വാക്യശുദ്ധിക്ക് പ്രത്യേകം മനസ്സിരുത്തണം.

അവ്യക്തത, ചുരുക്കം, ക്രമവ്യത്യാസം, ഉപപാദിക്കായ്ക മുതലായി വാക്യദോഷങ്ങൾ പല പ്രകാരത്തിലുമുണ്ട്. പ്രകൃതഗ്രന്ഥത്തിൽ ഇതിൽ ചില ദോഷങ്ങൾ ചിലേടത്ത പററിപ്പോയിട്ടുണ്ട്.

'ഗുരുവിൻെറയും ശിഷ്യൻെറയും യോഗ്യതകൾ' എന്ന ഘട്ടത്തിൽ, ഗുരുവിന്ന് അകല്മഷമെന്ന യോഗ്യത രണ്ടാമത്തു വേണ്ടതാണെന്നുപപാദിക്കുന്ന പ്രകൃതത്തിൽ മനശ്ശുദ്ധിയില്ലാതെ ഈശ്വരസാക്ഷാൽക്കാരം സാധിക്കയില്ല. ആ സാക്ഷാൽക്കാരമില്ലാത്തവൻ ഉപദേഷ്ടാവായി ഭവിക്കയില്ല. അതുകൊണ്ട് ഗുരുവിനു മനശ്ശുദ്ധി

…ണ്ടായിരിക്കണം, എന്നു മാത്രം പറഞ്ഞിട്ടുണ്ട്. എന്നാൽ 'മനശ്ശുദ്ധി' എന്നുവെച്ചാൽ എന്ത്, ഈശ്വരസാക്ഷാൽക്കാരത്തിന്നാൽ എന്ത്, മനശ്ശുദ്ധിക്കു ഈശ്വരസാക്ഷാൽക്കാരത്തെക്കുറിച്ചു എങ്ങിനെയാണ് ഉപയോഗം, സാക്ഷാത്തായിട്ടോ പരമ്പരയായിട്ടോ, എന്നുള്ള കഥകളെപ്പററി യാതൊന്നും പറഞ്ഞുകാണുന്നില്ല. പിന്നെ ശിഷ്യന്ന് ഗുരുവിങ്കൽ ഭക്തി, വിശ്വാസം, വണക്കം ഈ വക ഗുണങ്ങളുണ്ടായിരിക്കേണമെന്നു പറഞ്ഞിട്ട്, അല്ലെങ്കിൽ ആത്മജ്ഞാനമുണ്ടാവില്ല എന്നും പറഞ്ഞിട്ടുണ്ട്. അവിടെയും അതുകളുടെ സ്വഭാവാദികളെപ്പററി ഒന്നും പറഞ്ഞുകാണ്മാനില്ല.

'ലൌകികസ്നേഹവിഷയമായ ഉദാഹരണങ്ങളെ' പറയുന്ന ഘട്ടത്തിൽ 'സഖ്യം' എന്നുള്ള സ്നേഹത്തെ വിവരിച്ചു 'ലോകവത്തു ലീലാകൈവല്യം' എന്നുള്ള അധികരണസിദ്ധാന്തത്തെ വ്യക്തമാക്കിയിരിക്കുന്നു. ആ അധികരണത്തിൽ ജനങ്ങൾ ഓരോ സാധനങ്ങളെ ഉണ്ടാക്കുന്നതുപോലെ കേവലം ക്രീഡക്കായി നിത്യതൃപ്തനായ ഈശ്വരൻ പ്രപഞ്ചത്തെ സൃഷ്ടിച്ചിരിക്കുന്നുവെന്നാണ് സിദ്ധാന്തിച്ചിരിക്കുന്നത്. അവിടെ ചില യുക്തിഭംഗങ്ങൾ തോന്നുന്നുണ്ട്. സുന്ദരികളായ സ്ത്രീകൾ മുതലായ വസ്തുക്കളിൽ ആഗ്രഹമുണ്ട്; അനുഭവിച്ചു തൃപ്തിപ്പെട്ടിട്ടുമില്ല; അങ്ങിനെയിരിക്കുമ്പോൾ ആ ഇഷ്ടത്തെ സാധിപ്പാൻ വേണ്ടി ശ്രമിക്കാറുണ്ട്. അതുപോലെ ഈശ്വരന്ന് എന്തെങ്കിലും ആഗ്രഹമുണ്ട്, അതിൽ തൃപ്തി വന്നിട്ടില്ലതാനും; എന്നു വന്നാൽ അദ്ദേഹം ഇഷ്ടസിദ്ധിക്കായി ശ്രമിച്ചുവെന്നുവരാം. ഈശ്വരൻ നിത്യതൃപ്തനാകയാൽ ക്രീഡയിലും ആഗ്രഹിക്കുന്നുണ്ടെന്നു പറവാൻ പ്രയാസപ്പെടും. അപ്പോൾ അതിനായി സൃഷ്ടിക്കുന്നുവെന്നതു ശരിയായിത്തോന്നുന്നില്ല. '...തൽഭോഗായേശ്വരാജ്ഞയാ വിയൽപവനതേജോംബുഭുവോ ഭൂതാനി ജജ്ഞിരെ' എന്ന പഞ്ചദശിയിൽ പറഞ്ഞപ്രകാരം ജീവന്റെ പ്രാരബ്ധകർമ്മങ്ങളുടെ ഫലാനുഭവത്തിന്നായി ഈശ്വരൻ പ്രപഞ്ചത്തെസ്സൃഷ്ടിക്കുന്നു. സാധനങ്ങളില്ലാഞ്ഞാൽ സുഖദുഃഖാദിരൂപഫലാനുഭവം സിദ്ധിപ്പാൻ ജീവന്നു തരമാവുകയില്ല, എന്ന യുക്തിയും

യുക്തമായിത്തോന്നുന്നില്ല. എന്തെന്നാൽ ജീവനെ സൃഷ്ടിച്ചതിന്റെ ശേഷമെ ജീവന്നു പ്രാരബ്ധകർമ്മങ്ങൾ ഉണ്ടാവാൻതന്നെ തരമുള്ളു. അതിന്റെ ശേഷമല്ലാതെ കർമ്മാനുഭവത്തിന്നു പ്രസക്തിയുമില്ല. അങ്ങിനെയിരിക്കുമ്പോൾ ആദ്യസൃഷ്ടിക്കു യാതൊരുദ്ദേശവും ഈശ്വരന്നുണ്ടാകുവാൻ തരമില്ലല്ലൊ. ശ്രുതിയിൽ പറയപ്പെട്ട ഫലംതന്നെയാണ് ക്രീഡയും, സുഖദുഃഖാനുഭവരൂപമായ ഭോഗവും എങ്കിലും ഈ യുക്തിഭംഗം ആ ശ്രുതിക്കും ബാധിക്കുന്നതാണ്.

# സർവ്വകലാശാലാ

## പ്രമേയങ്ങൾ.

ഈ വിഷയപ്രസ്താവം തുടങ്ങുന്നതിന്നുമുമ്പായി അതിന്നൊരു പൂർവ്വപീഠികയുടെ ആവശ്യം മനസ്സിൽ സ്ഫുരിക്കയാൽ ആയത് ആദ്യം കഴിച്ചശേഷം വിഷയപ്രവേശം ചെയ്യാമെന്നും വിചാരിക്കുന്നു. എന്തെന്നാൽ, ഈ വിഷയത്തിലെ തത്വങ്ങളെ ചൂണ്ടിക്കാണിച്ചു പറയുമ്പോൾ ചില മഹാന്മാർക്കുണ്ടാകേണ്ടുന്ന സന്തോഷം കാലവൈപരീത്യത്താൽ സംരോഷമായി ഭവിച്ചേക്കുമോ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. ആകയാൽ ഈ വിഷയത്തിൽ വല്ലവർക്കും എന്റെ നേരെ നീരസം തോന്നിയാലുംകൂടി ഞാൻ ഈവക ചെയ്യുന്നതു ഭാഷാപോഷണത്തിന്നായിട്ടല്ലാതെ ദോഷാരോപണത്തിന്നായിട്ടല്ലെന്നുള്ള സമാധാനത്തിന്മേൽ ഇതിനെ എന്റെ ഒരു ക്ഷമായാചനമായി വിചാരിച്ചു മാപ്പുചെയ്യുന്നതിന്നപേക്ഷിച്ചുകൊള്ളുന്നു. ഞാൻ ചെയ്യുന്നതിന്നു പ്രതിവിധി ആ മഹാന്മാർക്കു സുകരമായിചെയ്യാമല്ലൊ. എങ്ങിനെയെന്നാൽ—ഞാനും ചില ഉപന്യാസങ്ങളും ഗദ്യപദ്യഗ്രന്ഥങ്ങളും രചിച്ചിട്ടുള്ളതും, അവയിൽ 'പ്രബോധചന്ദ്രോദയം' എന്ന മലയാളനാടകഗ്രന്ഥം 1904-ലെ എം. ഏ. പരിക്ഷാപ്രമേയങ്ങളിൽ ഒന്നായിട്ടുള്ളതുമാകയാൽ ആവകയിലും വല്ലതും ആക്ഷേപിപ്പാനുണ്ടെങ്കിൽ ആയതും കഴിച്ചാൽ പിന്നെ ര

ണ്ടുവഴിക്കാരുടെ പ്രവൃത്തിയിൽനിന്നുമുണ്ടാകുന്ന ശരിയായ ഒരു പ്രതിവിധി മലയാളഭാഷാഭിവൃദ്ധിക്കും വ്യവസ്ഥക്കും ഹേതുവായിത്തീരുന്നതാണല്ലൊ. എന്നാൽ ഇത്രയും ആക്ഷേപസമാധാനങ്ങളോടുകൂടി ഈവക തുടങ്ങുന്നത് എന്തിനെന്നു ചിലർ ചോദിക്കുമായിരിക്കാം. ഒരു മഹാപാഠശാലയിലെ പ്രധാനമലയാളപണ്ഡിതരായ ഞാൻ അനുഭവിച്ചുവരുന്ന ചില ബുദ്ധിമുട്ടുകൾക്ക് ഈവക തത്വപ്രകടനത്താൽ വല്ല നിവൃത്തിയുണ്ടാകുമൊ എന്ന എന്റെ ആശംസയാകുന്നു ഈ വിഷയത്തിൽ എന്നെ പ്രേരിപ്പിക്കുന്നത്. കമ്പർ, തായുമാനവർ, മുതലായ തമിഴുകവികളും മറവം വർത്തിച്ചിരുന്ന ഈ തമിഴുനാട്ടിൽ ചിലർ മലയാളഭാഷയെ വളരെ പുച്ഛിച്ചുവരുന്നതു സാധാരണയായിരിക്കെ അതിന്നനുരൂപമായി ചില മലയാളഗ്രന്ഥങ്ങൾ സർവ്വകലാശാലാപ്രമേയങ്ങളായി വെച്ചു കാണുന്നതിൽ മലയാളഭാഷക്കു വ്യവസ്ഥയില്ലെന്നു തോന്നുന്നതക്ക പല അംശങ്ങളും കാണാനുള്ളതു വലിയ മനസ്താപത്തിന്നു ഹേതുവായി തീരുന്നുവെന്നു പറയേണ്ടതില്ലല്ലൊ. മലയാളഭാഷ എന്നത് പ്രത്യേകം ഒരു ഭാഷയായി എടുപ്പാൻതന്നെ യോഗ്യതയില്ലാത്തതാണെന്നും തമിഴും സംസ്കൃതവും പരിചയമുള്ള ഒരാൾക്കു മലയാള അക്ഷരമാലമാത്രം പഠിച്ചാൽ അതുകൊണ്ട് ഒരു മഹാപാഠശാലയിലെ പ്രധാനമലയാളപണ്ഡിതരായിരിപ്പാൻ കഴിയുന്നതാണെന്നും മറവമാകുന്ന ഈ തമിഴുനാട്ടിലുള്ള ചിലരുടെ അഭിപ്രായം. ഇതിനെ അനുസരിച്ച് ഇയ്യിടെ ഉണ്ടായ ഇവിടത്തെ ഒരു തമിഴുപ്രസംഗത്തിൽ ഒരു വിദ്വാൻ മലയാളഭാഷക്കു വ്യവസ്ഥിതമായ വ്യാകരണംതന്നെയില്ലെന്നും മറവം പ്രസ്താവിച്ചുകേട്ടപ്പോൾ എനിക്കുണ്ടായ മനസ്താപം പറയാവുന്നതല്ല. ഇങ്ങിനെ ആക്ഷേപിക്കത്തക്ക സ്ഥിതികൾ മലയാളഭാഷക്ക് ഇല്ലാതായി വരേണമെങ്കിൽ വളരെ ആളുകൾ കൈ[illegible]ന്തോറും പഠിപ്പാനിടവരുന്നവയായ സർവ്വകലാശാലാപ്രമേയഗ്രന്ഥങ്ങൾ എങ്കിലും ഭാഷാവൈശിഷ്ട്യം കാണിക്കുന്നവയായിരിക്കേണ്ടതു മുഖ്യ ആവശ്യമാകുന്നു. എന്തുകൊണ്ടെന്നാൽ, 'മഹാജനോ യേന ഗതസ്സ പന്ഥാഃ' എന്ന

പോലെ ലോകം 'ഗതാനുഗതിക'മാണല്ലൊ. അങ്ങിനെയുള്ള ലോകൎക്കു ഭാഷാമാതൃകങ്ങളായിരിക്കേണ്ടുന്ന പരീക്ഷാപ്രമേയഗ്രന്ഥങ്ങളിൽ ചിലതു ഭാഷാഘാതകങ്ങളായിരുന്നാൽ കഷ്ടമല്ലെ? എന്നുമാത്രമല്ല, ആ വക ഗ്രന്ഥങ്ങൾ ഈ തമിഴ നാട്ടുകാൎക്കും മററും മലയാളഭാഷക്കു ന്യൂനത കല്പിപ്പാൻ അവകാശവും കൊടുക്കുന്നു. എന്നാൽ ശുദ്ധമലയാളം, തമിഴനാട്ടുകാൎക്കു പന്തീരാണ്ടു പഠിച്ചാലും വരുന്നതല്ല. ആ ഭാഷയിലെ ചില പ്രത്യേക അക്ഷരോച്ചാരണങ്ങളും മററുചില വിശേഷ രീതികളും ഒരു തമിഴ വിദ്വാന് എത്രകൊല്ലം പഠിച്ചാലും ഒരു കേരളീയവിദ്വാനെപ്പോലെ ഉച്ചരിപ്പാനും മററും ശക്യമാകുന്നതല്ല. ഏതാദൃശിയായ കേരളഭാഷയിൽ ചില അവ്യവസ്ഥിതാംശങ്ങൾ അന്ധപരമ്പരയായി കണ്ടുവരുന്നവയെ മാത്രം വ്യവസ്ഥിതങ്ങളാക്കി പരിഷ്കരിച്ചു കഴിഞ്ഞാൽ മലയാളം അതിരമണീയമായിരിക്കുന്നതുമാണ്. എന്നാൽ ഈ പരിഷ്കരണം സൎവ്വകലാശാലാഗ്രന്ഥങ്ങൾമൂലം വരുത്താവുന്നതല്ലാതെ വേറെ വഴിക്കത്ര സുകരമാകുന്നതല്ല. ആ വിധം ചെയ്യാൻ കുറെക്കാലം മുമ്പെ മലയാളഭാഷയിൽ ഗ്രന്ഥദൌൎല്ലഭ്യം എന്നൊരു വൈഷമ്യമുണ്ടായിരുന്നതും ഇയ്യിടെ നീങ്ങിവരുന്നുണ്ട്. തമിഴ്, സംസ്കൃതം, മുതലായ ചില ഭാഷകളിൽ പണ്ടുണ്ടായിട്ടുള്ള വിശിഷ്ടഗ്രന്ഥങ്ങൾ പോലെയുള്ളവ നിൎമ്മിക്കത്തക്ക മഹാന്മാർ ഈയിടെ ഉണ്ടായിക്കാണാറില്ല. മലയാളത്തിലാകട്ടെ നേരെമറിച്ചും കാണുന്നു. പ്രാചീനഗ്രന്ഥങ്ങളേക്കാൾ അൎവ്വാചീനങ്ങളും, അൎവ്വാചീനങ്ങളെ ഉദ്ദേശിച്ച് നവീനങ്ങളും എത്രയോ വിശിഷ്ടങ്ങളായിരിക്കുന്നു. ആ വിധമിരിക്കെ ചൎവ്വിതചൎവ്വണന്യായമായും മററും ചില പ്രാചീനാൎവ്വാചീനഗ്രന്ഥങ്ങളെ തുടൎച്ചയായും, നവീനങ്ങളിൽ ഭാഷഘാതുകങ്ങളായി കാണുന്ന ചിലതിനേയും, പ്രമേയങ്ങളായി വെച്ചു കാണുന്നതിന്റെ കാരണം മനസ്സിലാകുന്നില്ല. മലയാളഭാഷയുടെ ഗ്രഹപ്പിഴതന്നെയെന്നല്ലാതെ പറയാവതെന്ത്? പ്രമേയഗ്രന്ഥങ്ങളിൽ ഭാഷാവൈചിത്ര്യം, വിഷയശ്രൈഷ്ഠ്യം, മുതലായ ഗുണാംശങ്ങൾ മുഖ്യാവശ്യം തന്നെ. അതിൽവെച്ചു വിഷയവിശേഷത്തേ

ങ്ങാറം ഭാഷാവിശേഷമത്യാവശ്യമാകുന്നു. എന്നാൽ പ്രമേയങ്ങളെ വെച്ചു വരുന്ന രീതിനോക്കുമ്പോൾ വിഷയം മുഖ്യതരമായി വിചാരിക്കപ്പെടുന്നപ്രകാരം തോന്നുന്നു. എന്തുകൊണ്ടെന്നാൽ ഗ്രന്ഥനാമം വേദാന്തസംബന്ധമായിട്ടുള്ളതിനെ എം. എ. പരീക്ഷക്കുമാത്രം വെക്കുന്നതല്ലാതെ മറ്റൊന്നിന്നും വെച്ചു കാണുന്നില്ല. പ്രത്യുത ഇംഗ്ലീഷിൽ ഫിലാസഫി, ബി. എ. പരീക്ഷക്കു ഒരു ഐച്ഛിക വിഷയമായിത്തന്നെ എടുത്തിരിക്കുന്നു. എന്നുതന്നെയല്ലാ ഈയാണ്ടത്തെ എഫ്. എ. ടെക്സ്ടായി വെച്ചിരിക്കുന്ന 'പ്രബന്ധചതുഷ്ടയം' എന്ന ഗ്രന്ഥനാമം വേദാന്തസംബന്ധമായി കാണുന്നില്ലെങ്കിലും ഗ്രന്ഥവിഷയം വേദാന്തമാതലായിരിക്കുന്നു. എന്നല്ലാ ഇതുവരെ സാധാരണ എം. എ. ക്കു വെച്ചിരുന്ന ഭാഗവതം ഇപ്പോൾ വേറെ പരീക്ഷകളും വെച്ചുകാണുന്നുണ്ട്. ഈ ഭേദഗതി ഗുണകരംതന്നെ. ഭാഗവതത്തിൽ വേദാന്തസംബന്ധമായ ചില അംശങ്ങളുണ്ടെങ്കിലും മുഴുവൻ ആ വിധമല്ലല്ലോ. ഇതുപോലെ ചില ഗ്രന്ഥനാമങ്ങൾ വേദാന്തസൂചകമായിരുന്നാലും വിഷയം സുഖഗ്രാഹ്യമായിരുന്നാൽ വെക്കുന്നതിന്നു വിരോധമില്ലല്ലോ. ആകപ്പാടെ പൊതുവിൽ പ്രമേയഗ്രന്ഥവിഷയത്തെപ്പറ്റി ഇത്രയും പ്രസ്താവിച്ചതിൽതന്നെ സങ്കല്പത്തിൽ പുണ്യകാലം കഴിക എന്ന കൂട്ടത്തിലായോ എന്നു ശങ്കിച്ചിവിടെ വിരമിക്കുന്നു. ഇനി കർത്തൃകന്മാരഭേദം, അതാവിത്, ഓരോ ഗ്രന്ഥങ്ങളുടെ ഗുണദോഷങ്ങളെ കുറിച്ചുള്ള പ്രസ്താവം വഴിയെ തുടങ്ങാം.

കവീശ എ. നാണുവയ്യശാസ്ത്രി.

# ഭ്രൂവർണ്ണന

## (ദേവീസ്തോത്രം)

---

ചൊല്ലേറും നിൻമിഴികളുള്ളഴക കരുണയാൽ
        തന്നെയാണാക്കുമാപ-
ത്തില്ലെന്നാൽ പിന്നെയെന്തോ കരുണ കലുഷമി-
        ല്ലാത്തൊരാരംപത്തു നാസ്ഥി
എല്ലാമേവം വിചാരിച്ചടിയനിലതിയാം-
        ഷ്ഠാപമുണ്ടാകമൂലാ
മെല്ലെ തൃക്കൺപതിച്ചീടുക പരമഴകി-
        ന്നായി നന്നായിദാനീം

തൃക്കണ്ണിൽത്തിങ്ങിവിങ്ങിട്ടൊഴുകിനകരുണാം-
        സിന്ധു തൻ ബന്ധുരശ്മി
വക്കത്തായുല്ലസിച്ചങ്ങിനെ സുലളിതമാം-
        യീടുമാറാടിയാടി
കേതന്മാർക്കൊക്കെ വേണ്ടുന്നൊരു ഫലമഖിലാം
        വാരിവർഷിച്ചു ഭംഗ്യാ
നിൽക്കും നിൻ ഭ്രൂലതാസേവനമിവൻ രമേ!
        നൽകണം നാളിൽ നാളിൽ

വന്ദ്യശ്രീ ലക്ഷ്മി! ശാർങ്ഗം വിജയമജഗവം
        ഗാണ്ഡിവാകാളപൃഷ്ഠം
നന്നായ് ചാപങ്ങളേവം ത്രിജഗതി പലതു-
        ണ്ടാകെ നന്നോർക്കിലേററം
എന്നാൽ സ്സമ്പത്തു നൽകാനിവകൾ പടകളിൽ
        ക്രൂരകർമ്മങ്ങൾ ചെയ്യും
അന്യാ സമ്പത്തുനൽകുന്നിതു ദയയൊടുനിൻ
        ചില്ലിവില്ലല്ലല്ലെന്യേ

ചെന്താരിത്തനചിയാളെ! തവ നയനയുഗ-
ത്തിൽപരാ തിങ്ങിവിങ്ങി-
ട്ടന്തംകൂടാതെ വൎദ്ധിച്ചൊരു ഗുരുകരുണാ-
കാരരത്നാകരത്തിൽ
ചന്തംചിന്തീടുമാറങ്ങിളകിന തിരയാ-
കുന്ന നിൻ ചില്ലിരണ്ടും
സന്താപം തീൎത്തിടേണം പദനമദമരീ-
സത്തമേ! സത്വരം മേ

സാരം കാണാൻമിടുക്കുള്ളൊരു സകലമഹാ-
ലോകർ സേവിക്കുമമ്മേ!
പാരംഭംഗ്യാ വളഞ്ഞങ്ങിനെ വിലസിന നിൻ
ഭ്രൂക്കളെപ്പാൎക്കുമപ്പോൾ
ഘോരാപത്തായമത്തൃദ്ധിപവരനെയൊട്ട
ക്കീടുവാനൎദ്ധചന്ദ്രാ-
കാരത്തിൽ തീൎത്ത നൽത്തൊട്ടികളിവരുമെ-
ന്നേവനും ദേവി! തോന്നും

അല്ലൽപ്പെട്ടാൎത്തിതേടുന്നിതു സകലജഗ-
ത്തിങ്കലുംസൎവ്വലോകം
വല്ലാത്തേനസ്സതിൻകാരണമഹമതു
തിക്കുന്നതുണ്ടെന്നുറച്ച്
നില്ലാതെകണ്ടു പാപങ്ങളുടെ ഗളമറു-
ത്തീടുവാനായിളക്കും
ശല്യാ?പാലുല്ലസിക്കുന്നിതു തവ കമലേ!
ചൊല്ലെഴുംചില്ലിരണ്ടും

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

# ഒരു യോഗവിചാരം

ഒരുവൻ മനഃക്ലേശം ചെയ്തു സമ്പാദിക്കപ്പെട്ട അൎത്ഥത്തെ സജ്ജനങ്ങൾ ബഹുമാനപുരസ്സരം കൊണ്ടാടുകയും യഥാവസരം സദുപദേശമായി മററുള്ളവരെ ധരിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നു ക്ലേശിച്ചവൻ അറിയുമ്പോൾ ഉണ്ടാകുന്ന ചാരിതാൎത്ഥ്യംപോലെ ലോകത്തിൽ മ‌ററൊന്നുംതന്നെ ഇല്ല. ഇത് എത്രത്തോളം സാധുവാണെന്നു വഴിയെ അറിയാവുന്നതാണ്. വ്യാപാരികളുടെ ലേലസ്ഥാനമായ ഒരു തുറമുഖത്ത് ഒ... ബരഭ്രാന്തന്മാരായ അനവധി ചെറുപ്പക്കാർ ആദായവിലക്കു സാമാനം ലേലംകൊള്ളുവാൻ മോഹിച്ചു വന്നുകൂടിയിരുന്നു. സമയം സമീപിക്കാത്തതുകൊണ്ട് അവർ പലവിഷയങ്ങളെയും പററി തൊട്ടുതൊടാതെയുള്ള ആക്ഷേപങ്ങളും ചെയ്തു് കണ്ടെഴുത്തും നികുതിയും എന്ന വിഷയത്തിലെത്തി. രാജാവിൻെറ ഈ പ്രവൃത്തി ആക്ഷേപിക്കത്തക്കതാണെന്നും, ഇതു കാലക്കേടുകൊണ്ടുണ്ടായതാണെന്നും ചിലവു നിക്കിയാൽ ഈ സംഖ്യകൊടുപ്പാൻ സാധിക്കുകയില്ലെന്നും, സയുക്തികമെന്ന നിലയിൽ പ്രതിപാദിക്കുന്നതിടയ്ക്കു് ഒരു വയോധികനായ വഴിപോക്കൻ വരുന്നതു കണ്ട് അദ്ദേഹത്തിൻെറ ആന്തരം അറിവാനായി നിശ്ചയിച്ചു. രാജാവിൻെറ ദുരാഗ്രഹങ്ങൾക്കു വഴിപ്പെടാതിരിപ്പാൻ കഴിയുന്ന ശ്രമം ചെയ്യുന്നതിന്നു വഴിതിരിച്ചു കൊടുപ്പാനായി വൃദ്ധനെ യോഗത്തിലെക്കു ക്ഷണിച്ചു. വദ്ധൻ കുറച്ചാലോചിച്ചതിൻെറ ശേഷം പന്തീരായിരം വാക്കു പാമരന്മാരോടു പറഞ്ഞാലുണ്ടാകുന്ന ഫലം പാതിവാക്കു പണ്ഡിതന്മാരോടു പറഞ്ഞാലുണ്ടാകും എന്നു പറഞ്ഞു. കൂട്ടർ തെളിഞ്ഞു വൃദ്ധൻെറ ചുററും കൂടിയതു കണ്ടു വയോധികൻ ഉപദേശിച്ചു തുടങ്ങി.

നികുതി കടുപ്പംതന്നെ. അതു രാജാവിന്നുമാത്രം കൊടുത്താൽ പോരാ. ഇനിയും പല നികുതികളും നമുക്കു കൊടുപ്പാനുണ്ട്. ആ സംഖ്യ ഒരിക്കലും കുറക്കുകയൊ കാലതാമസം വരുത്തു

കയ്യോ ചെയ്വാൻ പാടുള്ളതുമല്ല. ആവക നികുതികൾ നമ്മളിൽ ചിലർ വളരെ വേദനപ്പെട്ടിട്ടാണ് ഇപ്പോൾ തീർത്തുവരുന്നത്. ൨൦ ഉൽഭോഗത്തിൽ ഇരട്ടി നികുതി മടിയുടെ ഖജനാവിൽ ഒടുക്കണം. ആ ധനം ബാങ്കുകൾച്ചിട്ടിയിൽ ആഹാ ഭാവം ആണ്ടുകൾ വാങ്ങുന്നതു മൂന്നിരട്ടിയാണ്. കൊള്ളതാഴ്ന്ന പലിശ അടിമക്കാശു ഒന്നുകൂടി എരട്ടിച്ചിട്ടുണ്ട്. വസ്തു വിറ്റുകൊടുത്താൽ രാജഭോഗം കൊടുക്കാതെ കഴിക്കാം. ഉദ്യോഗസ്ഥന്മാരുടെ വഴിപാടായതെയിരിപ്പാൻ നമുക്കാർക്കും ധൈര്യമില്ല. അവരുടെ കണ്ണെഴുത്ത് ഭിന്നപ്രൗതി ഉണ്ടായിക്കൊണ്ടു ഇരിക്കുന്നു. എന്തായാലും തന്നെത്താൻ സഹായിക്കുന്നവർക്കു ദൈവസഹായം ഉണ്ടാകും എന്നുള്ള വൃദ്ധോക്തിയെ വിശ്വസിക്കുകതന്നെ.

രാജ്യക്ഷേമത്തിനുവേണ്ടി പത്തിനൊന്നു കരം പിരിക്കുന്നതു കഠിനമാണെന്നു നാം വിചാരിക്കുന്നു. മടി അപഹരിക്കുന്ന തുക എത്രയാണെന്നു നാം ഓർക്കുന്നില്ല. മാന്ദ്യം മഹാരോഗത്തെ അയച്ചു വസൂലാക്കുന്നതു ധനത്തെയല്ലാ, മഹത്തായ നമ്മുടെ ആയുസ്സിന്റെ അംശങ്ങളെയാണ് എന്ന് ആലോചിച്ചാൽ അറിയാം. 'തൊഴിൽക്കേടിലും വേഗം തുരുമ്പുകേടിന്' എന്നുള്ളത് ആലോചിക്കാതിരിക്കരുത്. ജീവനിൽ കൊതിയുള്ളവൻ വൃഥാ കാലം കളയരുത്. 'കാലമാകുന്ന തീക്കോലത്തിനുള്ളിലും' എന്നുള്ളതു സമ്മതിക്കാതെ കഴിയില്ല. ഉറക്കവും ഓമനയും കൂടി ഒട്ടു മുക്കാൽഭാഗം ആയുസ്സും കൈക്കലാക്കും. ഉറങ്ങി കാലം കഴിക്കുന്നവർ ഒന്നാലോചിക്കണം. 'ദീർഘനിദ്രാസ്ഥാനം ശ്മശാനം' എന്നും 'കറക്കൻകുക്കൾ കുക്കുടലോഭം' എന്നും ഉള്ള പഴമൊഴി പാഴാവുകയില്ല.

'കാലത്തിനു കാര്യവസ്തു വിശേഷമുണ്ടെങ്കിൽ വൃദ്ധകാലയാപനം വിലയേറില്ലാത്ത ദ്രവ്യമാണ്. 'മറിഞ്ഞകാലം തിരിഞ്ഞുവരാ' എന്നതു വേദവാക്യം തന്നെ. അതുകൊണ്ട് നാം ഉണർന്നു പ്രവൃത്തിക്കണം. പ്രവൃത്തി ഉദ്ദേശസാദ്ധ്യവുമായിരിക്കണം. 'പ്രഭാതജാഗരണം പ്രയാസദൂരീകരണം' എന്ന ആപ്തവാക്യം മറക്കത്തക്കതല്ല. ആദായം ഉണ്ടാവാനുള്ള അത്യാശ അല്പകാലവിളംബിനം

സഹിക്കുന്നില്ല. ആഴ്ചയിൽ ഒരു പ്രാവശ്യമേ ഈ ലേലം ഉള്ളു. അതിന്നു കാത്തിരുന്നു കഴിക്കുന്ന ബാക്കികാലം വല്ല ആദായവും ഉണ്ടാക്കുന്നുണ്ടോ എന്നു നാം ആലോചിക്കുന്നില്ല. ഒരു വസ്തുവിൽ തന്നെ അധികം പേൎക്കു താല്പൎയ്യം ജനിക്കാവുന്നതുകൊണ്ട് ആദായവിലക്കു സാമാനങ്ങൾ കിട്ടുന്ന കാൎയ്യവും സംശയമാണ്. ലേലത്തിന്നു നിശ്ചയിച്ച സമയം കഴിഞ്ഞതുകൊണ്ട് നിങ്ങൾക്കു എല്ലാവൎക്കും നിരാശ ജനിച്ചിരിക്കുന്നു. മറ്റൊരാൾ നിശ്ചയിച്ച പ്രവൃത്തി തക്കസമയത്തു ചെയ്യാത്തതുകൊണ്ടാണ് ഈ രസക്കേട്. നാം ചെയ്യേണ്ടതായ കാൎയ്യങ്ങളിൽ വല്ലതും ആ സമയത്തുതന്നെ ചെയ്യുന്നുണ്ടോ എന്നു നോക്കുന്നില്ല. വരുവാനുള്ള കാലം കാണുന്നതിന് ആരും ആശിക്കരുത്. കിട്ടുന്ന സമയം വേണ്ടതുപോലെ കഴിക്കുകയാണ് പുരുഷധൎമ്മം. 'അലസശീലൻ ദാരിദ്ര്യഗ്രഹത്തിന്നിടകൊടുക്കുകയല്ല. ദുരാശക്ക് അടിമപ്പെട്ടവൻ ഉപവസിച്ചുമരിക്കും' എന്നാണ് വൃദ്ധവചനം. ഇന്നു പത്തു കരുത് പട്ട് എടുക്കുവാൻ നിങ്ങൾക്കു ശക്തിയുണ്ട്. നാളെ ഒന്നു പ്രയത്നിച്ചാൽ കിട്ടുന്ന ക്ഷുത്തടക്കുവാൻ അശക്തന്മാരാകരുത്. ആ യത്നംകൂടാതെ ആദായം ഉണ്ടാകുന്നതല്ല. നിങ്ങൾ രാജാവിനെ ദ്വേഷിക്കേണ്ട. നികുതിയില്ലാത്ത ഭൂമി നിങ്ങളുടെ കൈവശമുണ്ട്. അതിന്നു കാലക്കേടും ഇല്ല. ആ ഭൂമി തരിശിട്ടുന്നതുകൊണ്ട് അനവധി നഷ്ടം നിങ്ങൾക്കു നേരിടുന്നുണ്ട്. ആ ഭൂമിയുടെ ഉടമസ്ഥനും നിങ്ങൾതന്നെയാണ്. ആചശീലം കാലക്കേടില്ലാത്ത കൃഷിയാണ്. ആ വയലിൽ ഇറങ്ങി വഴിപിടിച്ചു വേലചെയ്താൽ ആദായം തനിക്കും അയൽവക്കക്കാൎക്കും അനുഭവിക്കാം. രാജഭോഗം കൊടുക്കാതെയും കഴിക്കാം. ആയാസശീലന്ന് അത്താഴപ്പട്ടിണി വരുന്നതല്ല. ധനികന്മാരായ യുവാക്കന്മാരെ! ലേലത്തിന്റെ കാലതാമസം കാണുമ്പോൾ നിങ്ങൾക്ക് അത്താഴപ്പട്ടിണികൂടി വരുമോ എന്ന് ഇവിടെ സംശയമുണ്ട്. ആയാസശീലന്ന് അത്താഴപ്പട്ടിണിയില്ല. ക്ഷാമപ്പിശാച് അവനെ ബാധിക്കുന്നതുമല്ല. പൂൎവ്വസമ്പത്തും കൈമുതലും തക്കസമയത്ത് ഉപകരിച്ചില്ലെന്നുവരാം. 'ഉത്സാഹശീലം എന്ന് എന്റെ പുത്രിയുടെ പം

ണിഗ്രഹണമഹോത്സവത്തിന്നു നിങ്ങളെ ക്ഷണിപ്പാനായിട്ടു ഞാൻ നാട്ടുവിട്ടിട്ടു നാലു ദിവസമായി".

ഇത്രയും പറഞ്ഞതിൽപ്പിന്നെ അതിവേഗത്തോടുകൂടി കുതിരകളെ ഓടിച്ചുകൊണ്ടു ചില അശ്വാരൂഢന്മാർ ആ ലഹളയിലേക്കു കടന്നു വന്നു. അവർ വൃദ്ധന്റെ അടുത്തു ചെന്നു വാളൂരിപ്പിടിച്ചു ആചാരം ചെയ്തു. 'മഹാരാജാവേ! കപ്പൽ തടഞ്ഞു നിർത്തിട്ടുണ്ട്' എന്നറിയിച്ചു. യുവാക്കന്മാർ മുഖത്തോടു മുഖം നോക്കിത്തുടങ്ങി. യോഗത്തിൽനിന്നു ഊൎന്നുചാടുന്നവരെ ആജ്ഞാകാരികളായ സൈന്യങ്ങൾ തടഞ്ഞു നിർത്തി ഓരോരുത്തരുടെ ഊരും പേരും ചോദിക്കുന്നുണ്ട്. കടൽക്കള്ളന്മാരോടുള്ള ഐക്യം അപജയമാണെന്നു അവൎക്കു തോന്നിത്തുടങ്ങി. ധീരവീരന്മാരായ യുവാക്കളുടെ ശിരസ്സുകൾ രാജപാദങ്ങളെ കുമ്പിട്ടുതുടങ്ങി. രാജാവിന്റെ ശിക്ഷണംകൊണ്ടു യോഗക്കാൎക്കു സമാധാനമുണ്ടായി എങ്കിലും കടൽക്കള്ളന്മാരുടെ സങ്കേതസ്ഥാനമായ ആ സഭയുടെ പ്രഭുക്കന്മാരുടെ യുവാക്കന്മാൎക്കു പ്രത്യേകമായി ഒരു നിൎബ്ബന്ധവിദ്യാലയം ഏൎപ്പെടുത്തുകയും ചെയ്തു.

കൃഷ്ണപുരത്തുശാൎങ്ങി.

---

# ധനഞ്ജയവിജയം

കുമാരൻ—എന്താണിതിലും വലിയ ഒരു സാഹസം?

നായകൻ—ഇവിടെ നോക്കു. (വന്ദിച്ചുകൊണ്ടു)

37. ദിനകരകരകാന്തിയേന്തിടും കാ-
ഞ്ചനവരവേദിമഖപ്രസക്തികാട്ടി
അനഘനിഗമശോഭചേൎന്നുപേർപൊ-
ങ്ങിനമഹിമാനിതുവംശദേശികൻ മേ

കുമാരൻ—ഇദ്ദേഹം ഒരു മഹാനുഭാവൻതന്നെ.

നായകൻ—ഇവിടെ നോക്കൂ.

38. പേത്തുംഘലാടമുരസിപ്പതറാം കട്ടമ്മ
ചാത്തുംപടിയ്ക്കൂടയവൻ പുനരുഗ്രരൂപൻ
മൂത്തായുധാംഗമനിലസ്തുരികാഠകസൈഹ്യൻ
പാത്താലുമിഗ്ഗുരുസുതൻമമതോഴനല്ലോ

കുമാരൻ—ഇനിയും പറഞ്ഞുതരൂ

നായകൻ—

39. തങ്കൊടിവടിവൊടുകലശത്തികൽശസ്ത്രാംഗമംവഹിച്ചമഹാൻ
പൊങ്കിണ്ടികൊടിമരത്തിൽ തങ്കിട്ടമിദ്ദേഹമെൻറയാചാര്യൻ

കുമാരൻ—ദുര്യോധനൻെറ അടുക്കൽ സമരാത്ഥി എന്നപോലെ നില്ക്കുന്ന ഇദ്ദേഹം ആരാണ്?

നായകൻ—(അമഷത്തോടുകൂടി)

40. അക്കൌരവേന്ദ്രനുടെദുന്നയമൂലമാം ക-
യ്യുകളുള്ളവൻ, പരശുരാമനുഗ്രഡശിഷ്യൻ,
ശക്രൻതെളിഞ്ഞരിയശക്തികൊടുത്തുജാതി-
യ്ക്കൊക്കാത്തഗർവ്വുടയസൂതജനിന്നിവൻതാൻ

കുമാരൻ—(പരിഹാസത്തോടുകൂടി) ഇവൻെറ യോഗ്യത ഘോഷയാത്രയിലറിഞ്ഞിട്ടുണ്ടല്ലോ. ഈ കൊടി ഏതാണ്?

നായകൻ—(വണങ്ങിക്കൊണ്ട്)

41. അന്യാംഗനാവിമുഖനെന്നുതെളിഞ്ഞകീത്തി
ചൊന്നാശ്രുചന്തനരയെന്നുനടിച്ചിരിപ്പോൻ
ഭാന്ദുഭാഗവേപരശുരാമനെവെന്നഭീഷ്മ-
രെന്നാമഹാനിതുപുകഴ്ന്നപിതാമഹൻമേ

സൂത! കുതിരകളെ വേഗം ഓടിയ്ക്കൂ.

(അണിയറയിൽ)

42. ഈമാനത്തിത നിന്മോരു കാണ്മാനെത്തിധനഞ്ജയ!
വൈമാനികന്മാർ, കയ്യുകളു നീമാനത്തോടുകാട്ടുക

(പിന്നെ വിദ്യാധരനോടുകൂടിയ ഇന്ദ്രനും പ്രതിഹാരിയും പ്രവേശിക്കുന്നു)

ഇന്ദ്രൻ—(ആശ്ചൎയ്യത്തോടുകൂടി)

43. വാക്കാലുപണിപലരൊടു
വക്കാണംവമ്പനേകനബലരൊടും
ഊക്കൊന്നുമൎക്കടശമൊടെ-
ത്തൂക്കാൻപലർവരികിലെന്തുകഥ പിന്നെ

(പിന്നെയും അത്ഭുതത്തോടുകൂടെ)

44. ഭൂനാഥർമിത്രസുത മുഖ്യരിപുക്കളാപാരം
സാമൎത്ഥ്യമുള്ളവർ പോരിനൊരുങ്ങിനില്ക്കേ
ഹാമത്തനുജനനയനുതനിച്ചുപോകേ
കേമത്തമേറിയവരാൎക്കുകയില്ലപായം

കുമാരൻ— (മുമ്പിൽ നോക്കീട്ട്) ദുൎയ്യോധനൻ തന്നെ വരുന്നു.

നായകൻ— എന്നാൽ മനോരഥം സാധിച്ചു.

(പിന്നെ തേരിൽ കയറി ദുൎയ്യോധനൻ പ്രവേശിക്കുന്നു.)

ദുൎയ്യോധനൻ— (നായകനെ നോക്കി അമൎഷത്തോടുകൂടി)

45. കാട്ടുവാണകുഴങ്ങിച്ചതീട്ടുവാനോതനിച്ചുനീ
പേടിവിട്ടെത്തിയെന്നപ്പോരോടിടഞ്ഞമൎക്കുവാൻ?

നായകൻ— (പരിഹാസത്തോടുകൂടെ)

46. നേരറിയാതകവിന്നല്ലുടകാലകായ-
മോരഞ്ജയിച്ചതു, സുഭദ്രയെ ഞാൻ വരിച്ചു
തീരെക്കൊളിച്ചഥ ഖാണ്ഡവവും തനിച്ചു
പോരോനമൂടെവിലീവഴി പുത്തനല്ല

ദുൎയ്യോധനൻ— പരിഹാസം മതി. വീൎയ്യത്തിൻെറ മാററുരക്കുവാനുള്ള കല്ലായ യുദ്ധം അടുത്തു.

നായകൻ— (ഹസിച്ചുംകൊണ്ട്)

47. കുരുതിലക! തിരിക്കുക കൃഷ്ണയെ ദാസിയാക്കി-
ച്ചേൎത്തവചതിചേൎന്നദ്യൂതമാലേവരെയെല്ലാം
പെരുകുമിഷ്ടഫലകാംക്ഷകളാൽഗമിപ്പിച്ചിടു-
ള്ളൊരുകളിവിരുതറുക്ഷത്രിയധൎമ്മമത്രെ

ദുൎയ്യോധനൻ— (അമൎഷത്തോടുകൂടി)

43. മത്തകരിദന്തവള കൈ ചേൎത്തധികം കാലമായുധംവിട്ട്
പാൎത്തഭവാൻ പോയ്ചേരുക നൎത്തനനിലമടലുവിരനാണെല്ലോ.

കുമാരൻ— (ഉൽക്കണ്ഠയോടുകൂടി) ആശ്ച! അധികകാലം ആയുധം വിട്ടു എന്ന അങ്ങ പറയുന്നതു യുക്തംതന്നെയാണ്.

49. ഇന്ദ്രാജ്ഞകൊണ്ടരിയഖേചരർകെട്ടിയിട്ട
നിന്നിൽക്കനിഞ്ഞനിജപൂൎവ്വജവാക്കിനാലെ
അൎജ്ജുനൻപണ്ടിതൊരാശ്ശരക്കൂടഭംഗി
ഖിന്നതപമാന്നൊരുഭവാനറിവില്ലയല്ലോ

വിദ്യാധരൻ— ഈ വത്സൻ പ്രൌഢൻതന്നെ.

ഇന്ദ്രൻ— ഇദ്ദേഹം രാജപുത്രനാണല്ലോ.

ദുൎയ്യോധനൻ— സൂത! ബ്രാഹ്മണൻക്ക് വേണ്ടതായ വാക്കലോഹംകൊണ്ടുള്ളുതുമതി. ഈ നില, നിൽപ്പില്ലാത്തതാണ്. തേരോടിപ്പാൻ നല്ല സ്ഥലത്തേക്കു പോക.

നായകൻ— കരുപതിയുടെ ഇഷ്ടംപോലെ. (എന്നരണ്ടാളും പോയി.)

വിദ്യാധരൻ— (നായകൻെറ രഥത്തേ കാണിച്ച്)

50. തപന്നന്ദനൻതേർകളതിരക്കുളമ്പേ
റിനത്രപൊങ്ങുംപൊടിയാംപതാക
ഇന്ദ്രാരിവക്ഷോരണയെക്കണ്ടത്തേ
നന്നാച്ചാടിത്തിപ്പക്കയെന്നുതോന്നും

ഇന്ദ്രൻ— ഭദ്ര! അങ്ങ് മഹാകവിതന്നെ.

വദ്യാ— ദേവ! അൎജ്ജുനൻ അടുത്തപ്പോഠം കുരുക്കളുടെ ഇടയിൽ കോലാഹലം തുടങ്ങി.

*  *  *  *  *

പ്രതിഹാരി— കോലാഹലംമാത്രമല്ല യുദ്ധവും തുടങ്ങി. നേരത്തെ ല്ലന്ന അങ്ങയുടെ പുത്രനോട്ട കരുസൈന്യം എതൃത്തു, ദേവ! നോക്കു, ചെവിവരെ വലിച്ച അൎജ്ജുനൻെറ വില്ലിൽനിന്നുവരുന്ന ശരങ്ങളാൽ കരുസൈന്യത്തിൽ ചിലരുടെ ശരീരം കീറിയും, ചിലരുടെ വില്ലു മുറിഞ്ഞും, ചിലരുടെ തലയററും, ചിലരുടെ കണ്ണുപോയും, ചിലരുടെ കയ്യൊടിഞ്ഞും, ചിലരുടെ മാറുപിളൎന്നും, ഇങ്ങിനെ കാണുന്നു.

ഇന്ദ്രൻ—(സന്തോഷത്തോടുകൂടി) ഈ വത്സൻ സമർത്ഥൻതന്നെ

വിദ്യാ—ദേവ! നോക്കൂ, നോക്കൂ.

52. ഓളംഭാനാംബുപെയ്യുംകരികൾമുകിലൊടാ
        വില്ലുവൃത്താരിവില്ലും
    നോക്കും കൂണൊത്തിട്ടു വെൺകുടകളശനിയെ-
        പ്പോലെനാരാചജാലം,
    ഊക്കുള്ളസ്ത്രങ്ങൾമുട്ടിച്ചിതറിയ കനൽമി-
        ന്നാമിന്നങ്ങെന്നതോന്നും,
    പാക്കുമ്പോൾപോർക്കളത്തിൽപടയി-
        രിഹനഭസ്യാഖ്യമാസാമമല്ലോ
    അത്രയല്ലാ

53. നിമ്പത്രനെയ്യമിടിയൊത്തശരങ്ങൾകൈകെത-
    തമ്പുത്തനാംമലർതൊഴുംരദനാംകടസ്ഥൽ
    വമ്പുററവത്തു, മദനീർഭയമാന്നാറി
    വിമ്പുംവെടിഞ്ഞുകരിയോരപിടിയൊത്തിതിപ്പോൾ

ഇന്ദ്രൻ— (തോഷത്തോടുകൂടെ)

54. കലാരകൂയ്യായിക്കാലകാലരിപുൻഹരിപ്രിയൻ
    ലീലയാകുതൈസന്യാവെന്നാലുമായമാനമെന്തതിൽ?

പ്രതിഹാരി— ദേവൻ നോക്കൂ.

55. ദന്തിസ്കൂബാണനിരകേറിമുറിഞ്ഞുകുണ്ഡം
    ഗ്രന്ധ സ്കലെസ്സിരകളിൽപ്പെരവായവെച്ച്
    പന്തിസ്കചോരചിരലട്ടിട്ടുമിപ്പിശാച്ച
    മോന്തിക്കഴുത്തുവരെയിന്നുകുടിച്ചിടുന്നു

വിദ്യാധരൻ— ദേവ! നോക്കൂ

56. ആനക്കാരെവലച്ചയന്നൊരുമയിൽപ്പീലികൊടിശ്രേണിചേ-
    ന്നാനേകൂട്ടമിതാ ഭവത്സുതശരംകൊണ്ടിന്നുമണ്ടുന്നതെ
    പിനക്രോധമൊടങ്ങെറിഞ്ഞൊരുമഹാവജ്രംതറയ്ക്കുന്നിതി-
    പ്പാനാകുന്നുകൾപണ്ടുമണ്ടിയതിനോടൊക്കുന്നിതിക്കാഴ്ചയും

ഇന്ദ്രൻ— (ഹർഷത്തോടുകൂടി നോക്കുന്നു)

പ്രതി— ദേവ! നോക്കൂ, ഇടവിടാതെ എയ്യുന്ന ബാണഗണങ്ങളാൽ മുറിവേററ ആനകളുടെയും മനുഷ്യരുടെയും ചോരകുടിച്ച് വയറുനിറഞ്ഞ യാതുധാനയോഗിനികൾ സാധുവാദംചെയ്ത് അങ്ങയുടെ പുത്രന്റെ ജയത്തെ അഭിനന്ദിക്കുന്നു.

ഇന്ദ്രൻ— എന്നാൽ ജയംതന്നെ. അവർ സത്യാശിസ്സുകളാണ്.

വിദ്യാ— (ആലോചിച്ചിട്ട്) ദേവ! യുദ്ധം കേമമായിരിക്കുന്നു. നോക്കൂ, നോക്കൂ,

57\. പട്ടടരുടെമണ്ടത്തൊണ്ടിലേററംനിറച്ചും
ച്ചുടുകടുനിണമാനത്തുമ്പിയിട്ടേറെമോന്തി
പെട്ടമുരുരസമാളുംയോഗിനിക്കൂട്ടമോ പൊം
ക്കിട്ടമിതുകുരമോട്ടാപാത്ഥനാശിസ്സുനൽകി
അത്ര യപ്പ

58\. പൊട്ടുംമട്ടുധരാകുടിച്ചു, കുടിലഭ്രൂചന്ദ്രം, ഘമ്മാംബുവാൽ
പൊട്ടുമാഞ്ഞഫാലികകാട്ടി,മദ്ധ്യേരോഷാൽ കലങ്ങിട്ടിതാ
ചുട്ടുള്ളജ്ജുനബാണമേററിട്ടുവിട്ടേറെത്തെറിച്ചെണ്ണവും
വിട്ടുളിപ്പടയാളിമാർതലനിറഞ്ഞെല്ലാനരോമണ്ഡലേ

(പിന്നെയും അത്ഭുതത്തോടുകൂടി നോക്കിട്ട്) നോക്കൂ, നോക്കൂ,

59\. ഖണ്ഡിച്ചുമെയ്വലിയെഴുമേകനിതാതെളിഞ്ഞു
കണ്ണിൽകരാളിനയമൊത്തൊരുചേഷ്ടകാട്ടി
വിണ്ണിൽസുരവണികൾനുഖത്തൊടുനൃത്തമാടി
വണ്ണിക്കുമാറുനിജയോഗ്യതകാട്ടിടുന്നു

ഇന്ദ്രൻ— (സന്തോഷത്തോടുകൂടെ) എതാണ് ഞാൻ നോക്കേണ്ടത്? എന്റെ മനസ്സു കിടന്നാടുന്നു.

60\. മായാകലന്നകുരുസേനയിൽനിസ്സഹായ
നായങ്ങനഞ്ഞടലിട്ടുംമമപുത്രനേയോ?
ഈയജ്ജുനാരികളിൽവീരനിനിസ്തുനിജ്ഞ
നായസ്സുരാംഗനകൾചേത്തിരിക്കിനേയോ?

കുണ്ടൂര് നാരായണമേനോൻ ബി. എ.

# പലവക

'ശാരദ' എന്നുപേരായ മാസികയെ കസ്സുറിയപ്പിവരുമ്പോലും ഞങ്ങൾ ഇതുവരെ ശബ്ദിച്ചില്ലെന്നുള്ളത് സ്ത്രീകളുടെ പരിഷ്കാരവർദ്ധനയിലുള്ള അനാസ്ഥകൊണ്ടാണെന്ന ആശങ്ക ഉണ്ടായില്ലെന്നു വിശ്വസിക്കുന്നു. മൂന്നു സ്ത്രീകൾകൂടി നടത്തിപ്പോരുന്ന ഈ മാസിക ഒരുമാതിരി നന്നായിവരുന്നുണ്ട്. ഇതിൽ കാലക്രമംകൊണ്ടു സ്ത്രീകളുടെ ലേഖനങ്ങൾമാത്രമായി കാണുവാനും മേൽക്കുമേൽ അഭിവൃദ്ധിവരുവാനും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

'ഭഗവൽഗീത' വാർഷികമാസിക ഞങ്ങൾ നന്ദിപൂർവ്വം സ്വീകരിച്ചു. കർമ്മയോഗവും ഭക്തിയോഗവും ഇംഗ്ലീഷിൽനിന്നു ഭാഷപ്പെടുത്തിയും, ജ്ഞാനയോഗം ഭാഷപ്പെടുത്തുവാൻ ആരംഭിച്ചുമിരിക്കുന്ന കെ. എം. എന്ന വിദ്വാൻ ഭഗവദ്ഗീതയ്ക്കു ഗൂഢാർത്ഥമായ ഒരു ഭാഷാവ്യാഖ്യാനവും ചെയ്തു പ്രസിദ്ധപ്പെടുത്തുന്ന ഈ മാസികയെപ്പററി ഞങ്ങൾ ഇപ്പോൾ ഒന്നും അഭിപ്രായം പറയുവാൻ വിചാരിക്കുന്നില്ല. ഒരുകൊല്ലം കഴിഞ്ഞ് പുസ്തകം മുഴുവനായതിന്റെശേഷം മുറയ്ക്കൊരഭിപ്രായം പറയുന്നതായിരിക്കും ഉചിതമെന്നു വിചാരിച്ചാണ് ഒന്നും മിണ്ടാത്തത്.

എ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് എം. എ. കല്പിച്ചുണ്ടാക്കിയ 'വൃത്തമഞ്ജരി' എന്ന ഛന്ദശ്ശാസ്ത്രപുസ്തകവും കിട്ടി. അതിനെപ്പററി അഭിപ്രായം വഴിയേ.

കൂടിക്കൊണ്ടൊത്തിടുംമാമറകൾമുഴുവനും
    നാലുപങ്കിട്ടതിങ്കൽ
കൂടിക്കൊണ്ടും പൊരുൾക്കൊത്തൊരുവിവരണമായ്
    സൽപുരാണേതിഹാസം
ധാടിക്കായ്ശ്ലോകമാക്കിത്തുരുതുരെയെഴുതി
    കൂട്ടിവിട്ടോരുമുത്തൻ
താടിക്കാരന്റെനാവിന്നടയകിരുകിരു
    പ്പിനിതാകൈതൊഴുന്നേൻ

# P. SUBBAROY'S

## World-renowned and most efficacious Ayurvedic medicines.



മരുന്നു സേവിച്ചതിന്നു മുമ്പു.

പി. സുബ്ബറായിയുടെ ലോകപ്രസിദ്ധങ്ങളും ഏററവും ഫലവത്തുക്കളും ആയ ആയുർവ്വേദൌഷധാലയം.

### ൧. ലോകപ്രസിദ്ധമായധാതുപുഷ്ടികാരി.

ധാതു നഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നീററൽ, നീരൊഴിവു, മധുമേഹം, ചുട്ടുകടപ്പു (മൂത്രച്ചൊരു) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും.



മരുന്നു സേവിച്ചതിന്നു ശേഷം.

ഡപ്പി ഒന്നുക്കു വില രൂപ ൨. തപാൽ ചിലവു വകയ്ക്കു അണ ൭ വേറെ.

### ൨. പ്രമേഹനിവാരണി.

സിരമേഹം, ഇടുപ്പുവലി, മൂത്രമധികമായും തടഞ്ഞും പോകുക, മേഹ്രം, പുകച്ചൽ, രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവൃത്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും. കുപ്പി ൧ക്കു വില രൂപ ൧. മൂന്നു കുപ്പികൾവരെയുള്ള ബങ്കിക്കു തപാൽ ചിലവു അണ ൫.

### ൩. സർവ്വവേദനാസംഹാരി.

ഈ തൈലം അല്പം പിരട്ടിയാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വീക്കം, മുടക്കുവാതം, നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാകുന്ന ശൂല, ഇടുപ്പുവേദന, പാർശ്വവായു, മേഹവായു, തിമിരവായു മുതലായ പല വ്യാധികൾ ഭേദപ്പെടും. കുപ്പി ഒന്നുക്കു വില രൂപ ൧. തപാൽ ചിലവു അണ ൫.

### ൪. മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴക്കടി, തഴുതണം, നവുങ്ങാണി എന്നീ പേരുകളുള്ള രോഗത്തിന്നു സിദ്ധൌഷധം. ത്വഗ്രോഗങ്ങൾ പലതും മാറും. മേൽ മേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും. വില കുപ്പി ഒന്നിന്നു ൪-ണ. തപാൽ ചിലവു മൂന്നു കുപ്പിവരെ ൫ ണ വേറെ.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

## ൬. ലക്ഷ്മീകര കസ്തൂരിഗുളികകൾ

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സഞ്ചയം ഉപയോഗിക്കേണ്ട വിലയേറിയ സാധനം. ദന്തവേദന, വായ്നാറ്റം, അജീർണ്ണം, പിത്തവായു ഇവയെ ശമിപ്പിക്കും.



തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകൾ ഉപയോഗിച്ചാൽ എല്ലാ ദുർദ്രവ്യത്തെയും ജീർണ്ണിപ്പിക്കും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. ചളി, കഫശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിനു പ്രകാരം കുറച്ചിൽപോലെ ഒന്നുമുതൽ ൪ വരെ ഗുളികകൾ വെറ്റിലച്ചാറിൽ കൊടുത്താൽ മതി. ൧൦൦ ഗുളികകൾ ഉള്ള കുപ്പി ൧-ക്ക വില ണ ൪. ൧ മുതൽ ൧൨ വരെ കുപ്പികൾ അടങ്ങിയ ബങ്കി ൧-ക്ക തപാൽകൂലി ൩ ണ.

## ൭. ദന്തചൂർണ്ണം.

സുഗന്ധമായുള്ളതു. എല്ലാവിധ ദന്തരോഗങ്ങളെയും നീക്കും. വില കുപ്പി ഒന്നിനു ൩- ണ. തപാൽ ചിലവു ൨ കുപ്പിവരെ ൩ ണ വേറെ.

## ൮. ജ്വരസംഹാരി.

കുളിപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവയ്ക്കു നന്നു. വില കുപ്പി ഒന്നിനു ൧ ക. തപാൽ ചിലവു ൨ ണ വേറെ.

## ൯. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി മീശ ഇമ ഇവ ബഹു പുഷ്ടിയായും ഞെരുക്കമായും കറുപ്പായും വളരും. കണ്ണിനു കുളൎമ്മയുണ്ടാകും. സകല കൺനോവുകളും തലവേദനകളും നീങ്ങും. നരച്ച രോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാകും. വില കുപ്പി ഒന്നിനു ൯ ണ. തപാൽ ചിലവു ൩ ണ വേറെ.

## ൰. രോമസംഹാരി.

രോമം എവിടെ വേണ്ടാതാകുന്നുവോ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാക്കാതെ രോമത്തെ മാറ്റും. വില കുപ്പി ഒന്നിനു ൪ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൨ ണ വേറെ.

---

പി. സുബ്ബരായി, പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

## ൧൦. അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചുകലിക്കുക, മലബന്ധം, വയറുനോവു, വായനാററം, അജീൎണ്ണം, വയറുവീൎത്തുകയറുക, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നുക്ക അണ ൮. തപാൽക്കൂലി അണ ൧ വേറെ.

## ൧൧. കൎണ്ണബിന്ദു.

ചീക്കായ്മ, ചെവികുത്തു, ചെവിയടപ്പു, ഇരച്ചിൽ മുതലായ കൎണ്ണരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും. വില കുപ്പി ൧ക്ക ൮ ണ. തപാൽ ചിലവ മൂന്നു കുപ്പികൾവരെ ൧ ണ വേറെ.

## ൧൨. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും. അജീൎണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലം പിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി ഒന്നിന്നു ൮ ണ. തപാൽ ചിലവു ൧ മുതൽ ൪ വരെ ഡപ്പികൾക്ക ൧ ണ. വേറെ.

## ൧൩. നേത്രബിന്ദു.

കൺനോവു, കൺകുത്തു, കൃച്ചം, നീരെടുപ്പു, മിന്നൽ, മാലക്കണ്ണു, പീളകെട്ടു, ശേവളച്ചു, പൂവു, ചൊറുപ്പു, എരിച്ചിൽ, ഉമ, പുഴിഷം ഇവയുടെ വലിവു പകച്ചിൽ ഉണ്ടിടനയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില കുപ്പി ഒന്നിന്നു ൮ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൧ ണ വേറെ.

## ൧൪. സ്ഖലിതരക്ഷണി.

ബലഹീനതയാലും അസ്വസ്ഥതയാലും മററും ഉണ്ടാകുന്ന ഇന്ദ്രിയസ്ഖലിതത്തെ നീക്കും. വില ഡപ്പി ഒന്നിന്നു ൮ ണ. തപാൽ ചിലവു ൧ വരെ ഡപ്പികൾക്ക ൧ ണ വേറെ.

## ൧൫. മൃഗകസ്തൂരി.

കാശ്മീരിൽനിന്നും വരുത്തീട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ടു. ത്രാമൊന്നുക്കത്തിനു ൨൮ ക വില. ഒരു ത്രാമുതൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവു പുറമെ, എഴുത്തുകുത്തുകളെല്ലാം ഇംഗ്ലീഷിലോ തമിഴിലോ ആയിരിക്കണം.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ട് ജില്ല.

## ൧൬. തേൾവിഷത്തിന്നു സിദ്ധൌഷധം.

തേൾകടിച്ച സ്ഥലത്തു രണ്ടുതുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസം കാണും. ഒരു കുഡുംബത്തിലെങ്കിലും ഈ മരുന്നു ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുതു. വില കുപ്പി ൧-ക്കു ൧ ക ൪ ണ. ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവൎക്കു ഡസൻ ൧ ക്കു ൧൨ ക. ൮ ണ. ഉള്ളവിലയിൽ കുറച്ചു മാത്രമെ വില ചുമത്തുന്നുള്ളു. വി. പി. കമ്മിഷൻ ൩ ണ പുറമെ. ഇൻഡ്യയിലും ബൎമ്മയിലും ൧൨ കുപ്പിവരെ വി. പി. കമ്മിഷൻ ൩ ണ. സിലോൺ ടി ൬ ണ.

## ൧൭. വ്രണവിരോപണ തൈലം.

ഈ കുഴമ്പു പിത്തപ്പുണ്ണു മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇതു സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില ൮ ണ. മൂന്നു കുപ്പിവരെ വി. പി. കമ്മിഷൻ ൩ ണ മാത്രം.

## ൧൮. കണ്ഠശുദ്ധിഗുളിക.

ഇതു കണ്ഠം തെളിഞ്ഞു ശാരീരം നന്നാവുന്നതിന്നു അതി വിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു സംഗീതക്കാൎക്കും, പ്രസംഗക്കാൎക്കും, പാതിരിമാൎക്കും, ശബ്ദാവയവംകൊണ്ടു അഭ്യാസം ചെയ്യേണ്ടവരായ മറ്റെല്ലാവൎക്കും വളരെ ഉപയോഗമുള്ളതുമാകുന്നു. വില ൮ ണ. വി. പി. കമ്മിഷൻ ൬ കുപ്പിവരെ ൬ ണ.

## ൧൯. സ്നാനചൂൎണ്ണം.

ഈ പൊടി തേച്ചു കുളിക്കുന്നതിന്നു വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇതു ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞു, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്നു ശൈത്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇതു ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു. വില ൮ ണ. വി. പി. കമ്മിഷൻ ൩ ണ.

## ൨൦. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം അജീൎണ്ണം, ഉറക്കമില്ലായ്ക, ഇവയും ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മദ്ധ്യവയസ്സന്മാൎക്കും ഒരു പോലെ ഉപകരിക്കാവുന്നതാകുന്നു. വില ൧൦ ണ. വി. പി. കമ്മിഷൻ ൬ കുപ്പിവരെ ൩ ണ.

---

പി. സുബ്ബറായി, പറക്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

## ൨൧. ഒന്നാംതരം ഗോരോചന ഗുളിക.

എല്ലാംവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരള് ഇതുകളിൽ ഉണ്ടാവുന്ന ഉപദ്രവങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അർശസ്സ്, ഗ്രഹണി, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൩ ണ. വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൩ ണ.

## ൨൨. ത്വഗ്രോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ, ചൊറി, പോളൽ, മുട്ട്, പുഴുക്കടി, തഴ്ണം, ഒട്ടവട്ട മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും ഏററവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രമെ പ്രയോഗിക്കേണ്ട മതി. വി. പി.കമ്മീഷൻ ൩ ണ.

മേത്തരം ഗോരോചനം തോല ൧-ക്ക വില ൩ ക. മേത്തരം കുങ്കുമകേസരം തോല ൧-ക്ക വില ൧ ക. മേത്തരം പച്ചക്കർപ്പൂരം, തോല ൧-ക്ക വില ൨ ക. മേത്തരം റോജാ അത്തർ, മല്ലിപ്പൂ അത്തർ, വെട്ടിവേർ, താഴമ്പൂ, മരിക്കൊളുന്ത്, ജാതിമല്ലി, സുഹാഗ, ഹിന, ഫിർദൌസ്, അത്തർ മുതലായവകൾ എപ്പോഴും തയ്യാറുണ്ട്. ഇവ ഒരു തോല തൂക്കത്തിന്ന ക. ൧-വ്. തപാൽക്കൂലിപുറമെ.

| | | | | | |
|---|---|---|---|---|---|
| | | | ക. | ണ. | സ. |
| ഒന്നാംതരം ഗോരോചനം തൃപാത്തുക്കം | | ൧-ക്ക | ൩ | ൦ | ൦ |
| ടി | മഞ്ഞൾ ടി | ൧-ക്ക | ൧ | ൭ | ൦ |
| ടി | പച്ചക്കർപ്പൂര ടി | ൧-ക്ക | ൧ | ൦ | ൦ |

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴുതണം.

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

# വ്യവഹാരചിന്താമണി

എല്ലാം ഇംഗ്ലീഷ മാസവും ൧൦-ാം നു- പ്രസിദ്ധപ്പെടുത്തുന്ന
ഒരു വിശേഷനിയമമാസിക.

പത്രാധിപർ

ചെങ്കളത്ത കരുണാകരമേനോൻ, ബി. എ.

---

മലബാർ, കൊച്ചി, തിരുവിതാംകൂറ ഒരുപോലെ പ്രചാരം.

വരിസംഖ്യ-എപ്പോഴും മുമ്പു.

| | | | |
|---|---|---|---|
| ഒരു കൊല്ലത്തേക്ക | ൪-൦-൦ | വി. പി. ഒരു കൊല്ലത്തേക്ക | ൪-൪-൦ |
| ആറു മാസത്തേക്ക | ൨-൦-൦ | ആറുമാസത്തേക്ക | ൨-൪-൦ |

| വിധികൾ | | ലേഖനങ്ങൾ |
|---|---|---|
| മദിരാശി | | ഹൈക്കോട്ട് ലേഖനം |
| കൽക്കത്താ | | ഒന്നാന്തരം കടലാസ്സ |
| അലഹബാദ | | മേത്തരം അച്ചടി |
| ബോംബ | | യോഗ്യന്മാരുടെ ഛായാപടം |
| കൊച്ചി | | യോഗ്യലേഖകന്മാർ |
| തിരുവിതാംകൂർ | | വിശേഷപത്രാധിപക്കുറിപ്പുകൾ |

## പത്രാധിപാഭിപ്രായങ്ങൾ.

**കേരളസഞ്ചാരി.** നിയമകാൎയ്യത്തിൽ ഉപാദ്ധ്യായൻ.

**മ. മനോരമാ.** മേനോന്റെ പുതിയ സ്യമന്തകത്തെപ്പോലെ വേറെ ഒരു പത്രത്തിന്നു ചിലവില്ല.

**മനോരമ.** സകല മുതൽക്കാരും വാങ്ങേണ്ടതാണ.

**കേരളപത്രിക.** കക്ഷികൾക്ക അത്യുപകാരം.

---

## കൊച്ചിവിധികളുടെ പോക്കറിവാൻ ചിന്താമണി ഏകമാൎഗ്ഗം.

കൊച്ചിവിധികൾ ൭-ാം നമ്പ്ര മുതൽക്കും, തിരുവിതാംകൂർ വിധികൾ ൯-ാം നമ്പ്ര മുതൽക്കും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. നിങ്ങൾ ചിന്താമണി കണ്ടിട്ടില്ലെങ്കിൽ തരമെന്നാവശ്യപ്പെടുവാൻ ഒരു ബ്രിട്ടിഷ പോസ്റ്റകാർഡ അയച്ചാൽ മടക്കത്തപാലിൽ സൌജന്യമായി നിങ്ങൾക്ക ഒരു പ്രതി അയച്ചുതരും. ലോകവ്യവഹാരത്തിൽ ജ്ഞാനമുണ്ടാവാൻ ക്രമമായി 'ചിന്താമണി' പാരായണം ചെയ്യുന്നത ഒഴിച്ചു അന്യമാൎഗ്ഗം ഇല്ല.

എന്ന വ്യവഹാരചിന്താമണി മാനേജർ,

വള്ളുവനാട, മലബാർ.

# കവനോദയം

വൈദ്യം, ജ്യോതിഷം, കിളിപ്പാട്ടു, തുള്ളൽ, നോവൽ, നാടകം മുതലായി വിശേഷപ്പെട്ട അനേകം കൃതികൾ ഇതിൽ ചേൎത്തുവരുന്നു. കൊല്ലത്തിൽ ൩ പ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകമാലയിൽ ഓരോ കുറി ൩൪ ഭാഗങ്ങളിൽകൂടി ൫ കൃതികളിൽ കുറയാതെ ഉണ്ടായിരിക്കും. കൊല്ലത്തിൽ ൪ ഉറുപ്പിക വരി അടച്ചാൽ മതി. തപാൽകൂലി പുറമെ വേണ്ട. വിദ്യാൎത്ഥികളാണെങ്കിൽ മുൻകൂറ ഒന്നര ഉറുപ്പിക തന്നാൽ മതിയെന്നു ഒരു പുതിയ നിശ്ചയം ചെയ്തിരിക്കുന്നു. ഈ പുസ്തകമാലയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ അനേകം പുസ്തകങ്ങൾ ഇവിടെ വില്പാനുണ്ടു. ചില തിന്റെ വിലയും താഴെ ചേൎക്കുന്നു.

ജ്യോത്സ്നികവിഷചികിത്സാ എന്ന പുസ്തകം കൈവശം ഉണ്ടായിരുന്നാൽ പാമ്പു കടിച്ചു മരിക്കുമെന്നു വിചാരിക്കേണ്ടിവരികയില്ല. വില ൧൨ അണ.

സദ്വൃത്തമാലിക മലയാളത്തിലുള്ള വൃത്തങ്ങളുടെ എല്ലാ സ്വഭാവങ്ങളും അറിവാൻ ഈ പുസ്തകം മാത്രമെയുള്ളൂ. വില ൮ ണ.

ജാനകീപരിണയം. കോട്ടയത്തിൽ ശങ്കുണ്ണി ഉണ്ടാക്കിയ ഒരു രസികനാടകമാണിത. മന്നാടിയാരുടേതല്ല. വായിപ്പാൻ ബഹുരസമുണ്ടു. വില ൨ ക. മാത്രം

✻ ഹസ്തലക്ഷണദീപിക ഈ പുസ്തകം കൈവശമുണ്ടെങ്കിൽ കഥകളിയെ ഉറക്കളിയെന്നു പറവാനിടവരികയില്ല. വില ൪ ണ.

✻ കുചശതകം ഇതൊന്നു വായിച്ചുനോക്കുവിൻ വില ൨ ണ.

✻ ചക്കിചങ്കരനാടകം ചിരിക്കാതെ ഇതു വായിപ്പാൻ പ്രയാസം. വില ൩ ണ.

ഇവകൾക്കു തപാൽകൂലി പുറമെ. ✻ഈ അടയാളം വെച്ചവ ഒഴികെ ശേഷമെല്ലാം അച്ചടി അതിമനോഹരം. കടലാസ്സ എല്ലാം ഒരുപോലെ ബഹുവിശേഷം. താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ എല്ലാം പുസ്തകങ്ങളും വി. പി. ആയി അയച്ചുകൊടുക്കും.

കെ. കണ്ണൻനമ്പ്യാര്,
കവനോദയം മാനേജർ,
നാദാപുരം.

# നോട്ടീസ

**മേത്തരം സാമാനങ്ങൾ !** വില വളരെ സഹായം !!

കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ ഡൽഹിദർബാർ പടം വലിയ സൈസ്സ വില ക. ൧. ആവശ്യമുള്ളവർ ഉടനെ എഴുതി അയക്കണം.

ബൊമ്പായി മുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽനിന്ന നേരിട്ടു വരുത്തുന്നതും താഴെ വിവരം പറയുന്നതും വേറെയും അനേകം സാമാനങ്ങൾ തൊകപ്പടിയായും ചില്ലറയായും വളരെ സഹായവിലയ്ക്കു വില്ക്കുന്നതാണ.

പലതരത്തിലുള്ള ഫ്ലാനൽ ശീലകൾ, ടീഡുകൾ, ചെക്കുതുണികൾ, വളരെ ഭംഗിയുള്ള ചീട്ടികൾ, പട്ടുകൾ, ബ്ലാങ്കെറ്റുകൾ, തൊപ്പികൾ, സഞ്ജുകൾ, മല്ല, ജഗന്നാഥൻ മുതലായ തുണിച്ചരക്കുകൾ, എനാമൽപാത്രങ്ങൾ, പലതരത്തിലുള്ള ഗ്ലാസുകൾ, നാഴികമണികൾ, വാച്ചുകൾ, വിളക്കുകൾ, കണ്ണാടികൾ, കത്തികൾ, ഗ്ലോബ്ബുകൾ, രവിവർമ്മപ്പടങ്ങൾ, കൊടകൾ, ഇരിമ്പുപെട്ടികൾ, ഇരിമ്പു അലമാറികൾ, ഇരിമ്പു അടുപ്പുകൾ, അനേകവിധം സോപ്പുകൾ, ബ്രാണ്ടി, വിസ്കി, മുതലായ ലഹരി സാധനങ്ങൾ, മുത്തുച്ചിപ്പികൊണ്ടുള്ള അനേകവിധ പാത്രങ്ങൾ, ഇവകളും മെലിൻസ്ഫുഡ, കൊക്കൊ, കാപ്പിപ്പൊടി, ടി, ബിസ്കോത്ത മുതലായ വേറെയും അനേകവിധ സാമാനങ്ങൾ വളരെ സഹായവിലയ്ക്കു വില്ക്കുന്നു.

ആവശ്യപ്പെടുന്നവൎക്കു സാമാനങ്ങൾ വി. പി. ദ്വാരായി അയച്ചുകൊടുക്കുന്നതാണ്.

എ. ടി. എസ്സ്. മേനോൻ,
ജനറൽ മർച്ചണ്ട്,
ചിറ്റൂര.

# രസികരഞ്ജിനി

൧൦൮൦

പുസ്തകം ൩. കുംഭമാസം ലക്കം ൭.


മംഗളം.

ത്താനമദ്ധ്യ നിളാഖ്യപ്പുഴയുടെ നടുവിൽ-
ൻ ഗൃഹാന്തി
ത്താടോപത്തോടെ ഹംസമായ്-
ണ്ടുകൊണ്ടാട്ട
ശാസ്ത്രാഭ്യാസത്തിനെല്ലാം ശലക്ഷ്മവാന്
ഷ്ലംമ്രവട്ടത്തു വാഴും
ശാസ്ത്രംവേ! കൈതൊഴുന്നേനരിയെന്തു തിരുനാ-
വായയോഗാധിനാഥ!

# തിരുനാവായയോഗം.

ഒരു കാലത്തും നശിക്കുവാൻ വയ്യാത്തവിധം പരിപുഷ്ടിയോടുകൂടിയിരുന്ന തൃക്കണാമതിലകയോഗം ഇരിങ്ങാലക്കുടക്കാരുടെനേരെ ഊരാളന്മാർ ചെയ്ത അക്രമംനിമിത്തം ആ മഹാക്ഷേത്രത്തോടുകൂടി നശിച്ചതിന്റെശേഷം മലയാളബ്രാഹ്മണരുടെ പൊതുവിലുള്ള വേദവേദാംഗാദ്യഭ്യാസസ്ഥാനം ഇല്ലാതായിത്തീൎന്നു. തൃക്കണാമതി

ലകംപോലെ തൃശ്ശിവപേരൂർ മതിലകവും പ്രസിദ്ധമാകണമെന്നു വെച്ചു് [illegible]ത്തിരിപ്പാട് എന്ന മഹാപുരുഷൻ വടക്കുന്നാഥക്ഷേത്രം പുഷ്ടിവരുത്തി; അങ്ങുമിങ്ങും ശിഥിലമായിക്കിടന്നിരുന്ന കേരളബ്രാഹ്മണവിദ്യാഭ്യാസത്തിന്നും മററും ഒരു പ്രധാനയോഗസ്ഥാനമുണ്ടാക്കി; പണ്ടത്തെപ്പോലെ ഐകമത്യം വരുത്തേണമെന്നുള്ള വിചാരം യോഗാതിരിപ്പാട്ടിലേക്കുണ്ടായി. 'വൃഷഗിരി', എന്ന കുന്നിൻെറ മുകളിൽ വടക്കുന്നാഥക്ഷേത്രവും അന്നത്തെ കാട്ടുപ്രദേശമായ പടിഞ്ഞാറെച്ചിറവക്കത്തു നിരത്തിപ്പിടിച്ച മൂന്നു സന്യാസിമഠങ്ങളും ഉള്ള അവസ്ഥക്ക് പൊതുവിൽ ഒരു മഹാബ്രാഹ്മണയോഗസ്ഥാനവുംകൂടി അവിടെ ഉണ്ടായാൽ ഇതിലധികം പുഷ്ടിവരുത്തേണ്ടതു മറെറാന്നില്ലെന്നു് അദ്ദേഹം നിശ്ചയിച്ചു. വടക്കെച്ചിറവക്കത്തു ഭക്തപ്രിയം എന്ന ക്ഷേത്രത്തിൽ മേൽപറഞ്ഞ യോഗത്തിന്നു ഒരു സഭാസ്ഥാനം കല്പിച്ചതു് ആ മഹാനുഭാവൻ തന്നെയാണ് ആ ക്ഷേത്രത്തിലെ സഭയാണ് [illegible] വന്നതു [illegible] രു ടെ നിത്യവൃത്തികൾ [illegible] ച്ചു. മലയാളബ്രാഹ്മണ [illegible] രിൽ മൂന്നു വേദക്കാൎക്കും ഈ [illegible] പ്രവേശം തുല്യമായിരുന്നു. എങ്കിലും യോഗത്തിൽ [illegible] പ്രധാനിയായി വരുന്നതു് ഏതു വേദക്കാരനാണോ ആ വേദക്കാൎക്കു കുറെച്ചധികം സൌകൎയ്യവും തന്മൂലം സ്വാതന്ത്ര്യവും ഉണ്ടായിരുന്നിരിക്കാം. ഋഗ്വേദിയായ ചെവ്വരത്തുക്കാരൻ [illegible] യോഗത്തിൽ വാദ്ധ്യാനായിരുന്നു് വേണ്ടവണ്ണം വേദാഭ്യാസം നടത്തിച്ചു യോഗക്കാരുടെ യോഗക്ഷേമം അന്വേഷിച്ചും വന്നിരുന്നു.

വടക്കെമഠത്തിൽ സ്വാമിയാർ തൻെറ ശിഷ്യനായിരുന്ന ഒരു തുളുനാട്ടുഎമ്പ്രാന്തിരിക്കു സന്യാസം കൊടുത്തിട്ടുണ്ടായിരുന്നു. ആ മഠത്തിൽ ആ എമ്പ്രാന്തിരിസ്വാമിയാരുമാത്രമായി ശേഷിച്ചു. എമ്പ്രാന്മാരോട് സന്യാസം വാങ്ങുന്നതിന്നു നമ്പൂരിമാൎക്കുള്ള വൈമനസ്യവും അതിന്നു കാരണമായിരിക്കാം. ഏതെങ്കിലും ആ സ്വാമിയാൎക്കു '[illegible]' (ശിഷ്യർ) ആരും ഉണ്ടായില്ല. ഇതിന്നു മറെറാരു കാരണവുംകൂടിയുണ്ട്. എമ്പ്രാന്തിരിസ്വാമിയാർ പെരു

നാടപ്പു' വൈദികന്റെ ഇല്ലത്തു ഒരു ദിവസം ഭിക്ഷക്കു എഴുന്നള്ളി. അന്നു അവിടെ ഒരു ശ്രാദ്ധവും ഉണ്ടായിരുന്നു. ശ്രാദ്ധത്തിനു കാലുകഴുകിക്കുമ്പോൾ സ്വാമിയാരെയും കാലുകഴുകിച്ചു ഒന്നിച്ചുതന്നെ ഭിക്ഷയുമമറേത്തു വേണം എന്നാണല്ലോ നിയമം. ഈ സ്വാമിയാര് എമ്പ്രാന്തരാകയാൽ ഒന്നിച്ചു കാലുകഴുകിപ്പാൻ പാടുണ്ടോ എന്നു വൈദികൻനമ്പൂരിക്കും സംശയമായി. അവസാനം ഭിക്ഷ ഒരുമിച്ചുണ്ടായില്ല. അതിൽ സ്വാമിയാര് കോപിച്ചു 'ഈ ഇല്ലത്തു സന്തതിയില്ലാതെകണ്ടാവട്ടെ' എന്നു ശപിച്ചു. ആചാരലംഘനം എന്ന അധമ്മത്തെ ഭയപ്പെട്ടു പൂവാചാരപ്രകാരം താൻ ചെയ്യു കമ്മത്തിൽ തെറവകല്പിച്ചു തന്നെ ശപിച്ചതുകൊണ്ടു നമ്പൂരിക്കും കോപമുണ്ടായി. അതിതപസ്വിയായ നമ്പൂരി 'അങ്ങേക്കും സന്തതി (ശിഷ്യൻ) ഇല്ലാതെകണ്ടാവട്ടെ' എന്നു പ്രതിശാപം കൊടുത്തു. ശാപം ഇരുവക്കും നല്ലവണ്ണം ഫലിച്ചു. വൈദികൻനമ്പൂരി ദത്തുകൊണ്ടു പുത്രനെ സമ്പാദിച്ചുവെങ്കിലും ഇന്നും ആ ഇല്ലത്തു സന്തതികൾ ദത്ത് കൂടക്കൂടെ കൂടിയേ കഴിയൂ എന്നായിരിക്കുന്നു. തുളുനാട്ടിൽ ചെന്നു എന്തെങ്കിലും ഒരു എമ്പ്രാന്ന് സന്യാസം കൊടുക്കേണമെന്നുകരുതി സ്വാമിയാർ വടക്കോട്ടെഴുന്നള്ളി. അവിടെ ചെന്നപ്പോൾ വേറെ ഒരു ദുർഘടവുംകൂടി പറ്റുകയാണുണ്ടായത്. അവിടുത്തെ അമ്മ ജീവിച്ചിരിപ്പുണ്ടായിരുന്നു. അറുപതുകൊല്ലമായി ഏകപുത്രവിയോഗംകൊണ്ടു സങ്കടപ്പെട്ടിരിക്കുന്ന വൃദ്ധയായ അമ്മ അപേക്ഷിച്ചതിനെ സാധിപ്പിക്കേണമെന്നു സ്വാമിയാരെക്കൊണ്ടു സാളഗ്രാമംതൊട്ടു സത്യംചെയ്യിപ്പിച്ചു. 'എന്നെപ്പോലെ ഇനി മറെറാരുസ്ത്രീക്കു പുത്രവിയോഗദുഃഖം അനുഭവിപ്പാൻ സംഗതിവരുത്തരുത്, ഇവിടെനിന്നു ആരേയും സന്യസിപ്പിക്കരുത്' എന്നായിരുന്നു മാതാവിന്റെ അപേക്ഷ. സ്വാമിയാര് തിരികെ തൃശ്ശിവപേരൂക്ക് എഴുന്നള്ളി. വടക്കെമഠംവക സകലപണ്ടങ്ങളും അധികാരങ്ങളും ഭക്തപ്രിയത്തുയോഗത്തിലേക്കായി ഏല്പിച്ചുവെച്ച് വാദ്ധ്യാനായ ചാങ്ങലിയോട്ടു നമ്പൂരിയെ ഏല്പിച്ചു യോഗിശ്രേഷ്ഠനായ സ്വാമിയാർ സ്വർഗ്ഗാരോഹണം ചെയ്തു. ഇങ്ങിനെ ഭക്തപ്രി

യജുർയോഗം എന്നുള്ള പേരു മാഞ്ഞ് തൃശ്ശിവപേരൂർ യോഗമെന്ന പേരോടുകൂടി ക്രമേണ പുഷ്ടിയെ പ്രാപിക്കുകയും മലയാളബ്രാഹ്മണർക്ക് ആ യോഗം ഒരു പ്രത്യേകസ്ഥാനമായിത്തീരുകയും ചെയ്തു.

'ഭട്ടി'ഗൃഹത്തിൽ 'പുത്തില്ലം' എന്നുപേരായ ഒരു ഉണ്ണിനമ്പൂരിയെ 'ചൊറക്കൊടിഞ്ഞം' എന്ന മറെറാരു ഉണ്ണിനമ്പൂരി എന്തോ ഒരു കലഹത്തിൽ പ്രഹരിച്ചു. അടികൊണ്ട നമ്പൂരി യോഗത്തിൽ ചെന്ന് വാദ്ധ്യാന്മാരോടു സങ്കടം ബോധിപ്പിച്ചു. ആ നമ്പൂരിയുടെ ഭാഗക്കാരായ മററുചിലർ ബ്രാഹ്മണനെ അടിച്ചതിന്നു പ്രായശ്ചിത്തം ചെയ്യിക്കേണമെന്ന് വ്യവഹരിച്ചുനോക്കി. പക്ഷെ വാദ്ധ്യാൻ ഇതു കുട്ടികളുടെ തമ്മിത്തല്ലിന്റെ കൂട്ടത്തിൽ കണക്കാക്കിയതേയുള്ളു. അന്നുതന്നെ ഈ പുത്തില്ലത്ത് നമ്പൂരിയും വേറെ നാലഞ്ചാളുംകൂടി ലഹളകൂടി പടിഞ്ഞാറെച്ചിറ നീന്തി അക്കരെ കടന്നുവത്രെ. ഉണ്ണിനമ്പൂരിമാരുടെ കലശൽ നിൎത്തുവാൻവേണ്ടി പല നിശ്ചയങ്ങളും ചെയ്തിട്ടുള്ള കൂട്ടത്തിൽ ഒന്നായിരുന്നു ചിറനീന്തിക്കടന്നാൽ പ്രായശ്ചിത്തം ചെയ്യണമെന്നുള്ള നിയമം. അതുപ്രകാരം ഈ ആറു പേരും പ്രായശ്ചിത്തം ചെയ്യണമെന്നായി. 'തന്നെ അടിച്ചവനെക്കൊണ്ടു പ്രായശ്ചിത്തം ചെയ്യിച്ചതുമില്ല, താനും തന്റെ കൂട്ടരും പ്രായശ്ചിത്തം ചെയ്കയുംവേണം' എന്നു വന്നപ്പോൾ പുത്തില്ലത്തു നമ്പൂരി വലിയ കുണ്ഠിതത്തിലായി. അവർ പരസ്പരം ആലോചിച്ചിട്ട് ഈ പ്രായശ്ചിത്തം ചെയ്യുന്നതിൽ ഭേദം മൎയ്യാദയില്ലാത്ത യോഗത്തിൽനിന്ന് ഒഴിഞ്ഞുപോകുന്നതാണ് എന്നു തീൎച്ചയാക്കി വിവരം വാദ്ധ്യാനോട് നേരിട്ടു പറഞ്ഞു. അവർ യോഗത്തിൽനിന്നിറങ്ങുകയുംചെയ്തു. 'പുത്തില്ലപ്പക്ഷ'ന്മാർ എന്നാണ് മററുള്ളവർ ഇവരെ പിന്നീട് പറഞ്ഞുവന്നിരുന്നത്. വാശിയും, നൈരാശ്യവും, ഉത്സാഹവും ഉള്ള ഈ യോഗ്യർ അന്നുതന്നെ മുളകുന്നത്തുകാവിൽ ചെന്നിട്ടാണ് ഉണ്ടത്. ആ ക്ഷേത്രത്തിന്റെ ഊരാളന്മാരായിരുന്ന നാവിടിമാരോടു നമ്പൂരിമാർ നടന്ന വിവരമൊക്കെ പറഞ്ഞു. 'നിങ്ങളിവിടെ ഒരു വേദവേദാംഗപാഠത്തിന്റെ വട്ടം തുടങ്ങിക്കൊള്ളുവിൻ. ചിലവിന്നുവേണ്ടതൊക്കെ ഈ ക്ഷേത്രത്തിൽ

നിന്നുതരാം’ എന്നു ഊരാളന്മാർ മറുവടി പറഞ്ഞതു കേട്ട് ആ ന
മ്പൂരിമാർ മുളകുന്നത്തുകാവിൽ [illegible] യോ
ഗം അവിടെ ആരംഭിച്ചു. പുത്തില്ലത്തു നമ്പൂരിമാരുടെ വാദ്ധ്യാ[illegible]
ത്തിയുള്ള ഇല്ലങ്ങൾ വളരെയുണ്ട്. അവരും അവരുടെ ശിഷ്യവൎഗ്ഗ
ങ്ങളും മററുള്ള അഞ്ചില്ലക്കാരുടെ ശിഷ്യസന്തതികളും ക്രമേണ ഈ
യോഗത്തിൽ ചേൎന്നുതുടങ്ങി. അധികം കാലതാമസം കൂടാതെ ഈ
യോഗവും തടിച്ചുവശായി. വെട്ടത്തുനാട്, അച്ചിപ്പാറ മുതലായ
ആറു ദേശങ്ങളിൽ ഈ യോഗത്തിൽ ചേൎന്നവരെയുള്ളു എന്നു ദി
ക്കായി. അതുകൊണ്ടും ഷഷ്ഠന്മാർ എന്നുള്ള പേർ യഥാൎത്ഥപ്പെട്ടു.
പിന്നെ ഷഡംഗവേദാദ്ധ്യയനംകൊണ്ടും അവർ ഷഷ്ഠഭാവം സ
ഫലമാക്കിവന്നിരുന്നു. അതിഥികളാകകൊണ്ടും, യോഗത്തിൽ നി
ല്ക്കുന്നവരാകകൊണ്ടും, തൃശ്ശിവപേരൂർയോഗക്കാരെ ഇവർ യോ
ഗ്യരെന്നു വിളിച്ചും ആദരിച്ചും വന്നു. അതുപോലെ അവർ ഇവ
രെയും യോഗ്യരെന്നു പറഞ്ഞു മാനിച്ചുപോന്നിരുന്നു. ഈ ഇരു
യോഗക്കാരും തമ്മിൽ അന്യോന്യം വേദാദിവിദ്യാപരീക്ഷകളും ന
ടത്തിത്തുടങ്ങി. എതൃകക്ഷിക്കാരുംകൂടി സമ്മതിക്കുന്ന വിദ്യാപരി
ജ്ഞാനത്തിന്നു പ്രശസ്തി അധികം ഉണ്ടാവുന്നതാണല്ലൊ. എ
ന്നാൽ മുളകുന്നത്തുകാവിൽയോഗക്കാർ വേദാദിവിദ്യാപരീക്ഷക
ളിൽ സമക്ഷത്ത് മററവരെക്കാൾ താണുപോവാറുണ്ട്. അതിന്നു
വടക്കുന്നാഥന്റെ കോപം കാരണമാക്കി കല്പിച്ചു. അങ്ങിനെയിരു
ന്നിട്ടും ഈ യോഗക്കാർ മതിലകത്തുപോയി സേവിക്കാഞ്ഞിട്ടാണെ
ന്നുള്ള വിചാരം ചില പ്രമാണികളെ ബാധിച്ചു. യോഗം ഭരിച്ചി
രുന്ന നമ്പിടിമാരുടെ സ്വത്തിന്നും ഇടിച്ചൽ തട്ടിത്തുടങ്ങി. അവി
ടം വിട്ടു മറെറാരു മഹാക്ഷേത്രത്തിൽ ചെന്നുകൂടുകയാണ് ഉത്തമ
മെന്നു യോഗക്കാരിലുള്ള പ്രമാണികൾ ആലോചിച്ചു തീൎച്ചപ്പെടു
ത്തി. അന്ന് ഈ യോഗത്തിൽ വാദ്ധ്യാനായിരുന്നത് ഏക്കരെബ്ര
ഹ്മന്റെ വാരത്തിലുള്ള അച്ചിപ്പുറെ എഴ്ത്തെനമ്പൂരിയായിരുന്നു.
അദ്ദേഹവും മററുള്ള ചില പട്ടെ ഓത്തന്മാരുംകൂടി കോഴിക്കോട്ടു
ചെന്നു സാമൂതിരിപ്പാട്ടു മഹാരാജാവിനെക്കണ്ട് ഈ വിവരം അറി

യിച്ചു. ഈ കാൎയ്യത്തിന്നും യോഗത്തിന്റെ മററു പല ഗുണങ്ങൾ
ക്കും കൊണ്ടുപിടിച്ചു ശ്രമിച്ചിരുന്നത് പാണ്ടമ്പറമ്പത്തു ഭട്ടതിരിപ്പാ
ടായിരുന്നു. ആ ഇല്ലക്കാൎക്ക് ഇന്നും ഈ യോഗത്തിൽ ഒരു മാന്യസ്ഥാ
നമുണ്ട്. സാമൂതിരിപ്പാട് അവരെ യഥേഷ്ടം ആദരിച്ചു. എന്നതു
ഒന്നായല്ല, യോഗത്തിനെ തന്റേതായി സ്വീകരിക്കുകയും ചെയ്തു.
ആ കാലത്തു തിരുനാവായെ പാവട്ടിനമ്പൂരിയുടെ വാദ്ധ്യാൻപ്രവൃ
ത്തിയിൽ ഒരു ചെറിയ വേദാദ്ധ്യയനശാലയും അതിനുതക്ക സ്വ
ത്തും ഉണ്ടായിരുന്നത് അനാഥമട്ടിൽ കിടന്നിരുന്നു. കേരളത്തിൽ
മഹാപ്രധാനമായ ഭാരതപ്പുഴവക്കത്തു മാമാങ്കമഹോത്സവം നടന്നു
വരുന്ന ആ പുണ്യസ്ഥലത്താണ് ഈ യോഗം സ്ഥാപിച്ചത്. പ
ഴയവക സ്വത്തിന്റെ ആദായം ഈ യോഗത്തിന്നു രണ്ടുമാസ
ത്തെ സാപ്പാടിനു മാത്രമേ മതിയായിരുന്നുള്ളൂ. ശേഷം പത്തുമാ
സത്തേക്കുള്ള സകലച്ചെലവും സാമൂതിരിപ്പാട്ടിലെ വക വഴിപാടാ
യി കഴിപ്പാൻ വ്യവസ്ഥ നീക്കിവച്ചു. തൃശ്ശിവപേരൂർയോഗം കൊച്ചിരാ
ജാവിന്റെ രക്ഷയിൻകീഴിൽ ചൊവ്വരക്കൂറായിട്ടാണല്ലോ നടന്നുവ
രുന്നത്. ഈ തിരുനാവായയോഗം സാമൂതിരിപ്പാട്ടിലെ അദ്ധ്യക്ഷ
തയിൽ പന്നിയൂർക്കൂറായിട്ടു നടക്കുവാനും തീൎച്ചപ്പെടുത്തി. മുൻപ്ര
കാരം ഈ യോഗങ്ങൾ തമ്മിൽ അന്യോന്യം പരീക്ഷയും മററും ന
ടന്നുവന്നിരുന്നതുകൊണ്ടു രണ്ടു യോഗക്കാരുടെയിടയിലും വളരെ ഗു
ണം സിദ്ധിച്ചിട്ടുണ്ട്. തിരുനാവായയോഗക്കാർ ശാസ്ത്രപാണ്ഡി
ത്യത്തിൽ തൃശ്ശിവപേരൂർയോഗക്കാരെക്കാൾ അധികം പ്രസി
ദ്ധി സമ്പാദിച്ചിട്ടുണ്ടായിരുന്നു. അതിൽതന്നെ വെട്ടത്തുനാട്ടുകാൎക്കു
ജ്യോതിശ്ശാസ്ത്രത്തിൽ പ്രത്യേകിച്ച് ഒരു മെച്ചമുണ്ടെന്നാണ് പറയേ
ണ്ടത — ഈ ശാസ്ത്രത്തിൽ പ്രസിദ്ധഗ്രന്ഥകാരന്മാരും വെട്ടത്തുനാട്ടു
കാരുമായ തലകുളത്തൂർഭട്ടതിരി, കാക്കശ്ശേരിഭട്ടതിരി, മുന്നൂലത്തു സോ
മയാജി എന്നുവേണ്ട മീമാംസാഭാഷ്യകലാനിധികളായ പയ്യൂർ ഭട്ട
തിരിമാർ ഭട്ടദീപികാകാരനായ കാണാക്കുററിപ്പള്ളിപ്പുറത്തു നമ്പൂ
രി, ഗുരുമതപ്രവൃത്തകനായ കുത്തുള്ളിനമ്പൂരി, തന്ത്രസമുച്ചയഗ്രന്ഥ
കാരനായ പെരിഞ്ഞിരിചെന്നാസ്സ് നാരായണൻ നമ്പൂരിപ്പാട്, പ്ര

സിദ്ധകവിയും പ്രക്രിയാസർവസ്വകാരനുമായ മേല്പത്തൂരന്മാർയണ ഭട്ടതിരി, ഇവരും മററുപല പണ്ഡിതന്മാരും ഉണ്ടായിരുന്ന തിരുനാവായയോഗത്തിനു ശാസ്ത്രവിഷയത്തിൽ മററുകൂടി നില്ക്കാതെ വരുന്നതാണോ? ഇങ്ങിനെയുള്ള യോഗ്യരോടു കിടപിടിപ്പാൻ തക്കവരായി സ്വാദ്ധ്യായാദ്ധ്യന്മാർ, പാഴൂര് ഗൃഹക്കാർ, ചെറുമണികളും, മൊക്കാട്ടുഗൃഹക്കാർ, വിലാമങ്ങലം തുടങ്ങിയ വെള്ളാങ്ങല്ലൂർഗൃഹക്കാർ, തരണനെല്ലൂർ ഗൃഹക്കാർ, മുതലായി തൃശ്ശിവപേരൂർ യോഗക്കാരിൽ മഹാപണ്ഡിതന്മാർ ഉണ്ടായിരുന്നു എന്നു പറഞ്ഞാൽ അന്നത്തെ മലയാളബ്രാഹ്മണരുടെ പാണ്ഡിത്യത്തെപ്പററി വിശേഷിച്ചൊന്നും പറയേണ്ടതില്ല. ഈവണ്ണമുള്ള വിദ്യാഭിവൃദ്ധിക്കു കോഴിക്കോട്ടു തളിയിരിത്താനം ഒരു പരീക്ഷാസ്ഥാനമായിരുന്നു.

ൻന്നൂറ-ാമാണ്ടിലെ കലാപകാലത്തു ഈ നിലയ്ക്കൊരു മററം സംഭവിച്ചു. ആ പടയോട്ടക്കാലത്ത് അത്യുദാരനായ തിരുവിതാംകൂർരാമവർമ്മ മഹാരാജാവ് തിരുമനസ്സുകൊണ്ടു ഈ രണ്ടുയോഗക്കാരേയും യഥായോഗ്യം രക്ഷിക്കുകയും ഇരുയോഗക്കാർക്കും മാങ്ങളും ചിലവിന്നു വകയും കല്പിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ രാജ്യത്തിൻെറ പ്രതിഷ്ഠാപകനായ മാർത്താണ്ഡവർമ്മ മഹാരാജാവായിട്ടുതന്നെ ഈ യോഗങ്ങളെ മുറജപത്തിനു ക്ഷണിച്ചുവരുത്താറുണ്ട്. വളരെ കാലമായിട്ടു ഊരാഴ്മക്കാരുടെ അദ്ധ്യക്ഷതയിൽ നിന്നിരുന്നതുകൊണ്ട്, യജുർവ്വേദികൾക്കും സാമവേദികൾക്കും ഈ യോഗങ്ങളിൽ 'അഴിച്ചിലുണ്ടോ' എന്നുതന്നെ സംശയമായിരുന്നു. ആ വക വ്യത്യാസങ്ങളെല്ലാം ഇല്ലാതാക്കി വേദാധികാരികളായ സകലകേരളബ്രാഹ്മണർക്കും ഈ യോഗങ്ങളിൽ ഏതിലെങ്കിലും ഒന്നിൽ പ്രവേശം തീർച്ചപ്പെടുത്തി ഇരുയോഗങ്ങൾക്കുംകൂടി പൊതുവിൽ ഉള്ളതായ തൃക്കണാമതിലകംയോഗമെന്ന പഴയപേരിന്ന് ഒരു ജീർണ്ണോദ്ധാരണം ചെയ്തുവിധംകൂട്ടിച്ചേർത്ത അതിൽ താനും ഒരു അംഗസ്ഥാമായ നിലക്ക് കുലശേഖരപ്പെരുമാൾ എന്ന തൻെറ സ്ഥാനമായത്തുന്ന് യഥാർത്ഥതവരുത്തിയ മഹാരാജാവ് അവിടുന്നാണ്. ശതവൈദവസ്ഥക്കം കലാപകാലത്തു കേരളമൊട്ടുക്ക് താൻ രക്ഷ

സ്ഥകം രാമവൎമ്മമഹാരാജാവിന്റെ മേൽ പറഞ്ഞ ഔദാൎയ്യം തന്റെ മഹത്തായ കലാധൎമ്മനിഷ്ഠയുടേയും ഔദ്ധത്യത്തിന്റെയും ഒരു അംശമെന്നു മാത്രമേ പറവാനുള്ളു. എന്നാൽ ആ മഹാശയന്മാരായ തിരുവിതാംകൂർ മഹാരാജാക്കന്മാൎക്ക് "നമ്മുടെ വാദ്ധ്യാനും തൃശ്ശിവപേരൂർ വാദ്ധ്യാനും എനിക്കു ഭേദമില്ല" എന്നരുളിച്ചെയ്യത്തക്കവണ്ണം തിരുനാവായ യോഗത്തിനെപ്പററി കുറച്ചധികം പ്രതിപത്തിയുണ്ടായിരുന്നു എന്നു ഊഹിപ്പാൻ പല ലക്ഷ്യങ്ങളുമുണ്ട്.

ഇന്നും തിരുവിതാംകൂർമഹാരാജാക്കന്മാരെഴുന്നള്ളിയിരിക്കുന്നേടത്ത് ഈ യോഗങ്ങൾ രണ്ടും ഒന്നിച്ചുണ്ടായിരിക്കേണമെന്നാണ് നിശ്ചയം. യോഗങ്ങളിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്നവൎക്കേ അവിടെ ദാനങ്ങൾ കൊടുക്കുക പതിവുള്ളൂ. അതിലേയ്ക്കു രണ്ടു വാദ്ധ്യാന്മാരും അല്ലെങ്കിൽ അവരുടെ പ്രതിനിധിവാദ്ധ്യാന്മാരും എപ്പോഴും ഒപ്പമുണ്ടായിരിക്കുന്നതാണ്.

ഇന്നും ഈ യോഗക്കാരുടെ അന്യോന്യപരീക്ഷ നിമിത്തം വേദാദ്ധ്യയനത്തിനും മററും പലഗുണങ്ങൾ കിട്ടിവരുന്നുണ്ട്. പരസ്പരം തിരക്കുണ്ടാവത്തക്കവണ്ണം ഇരുകക്ഷിക്കാൎക്കും ജയാപജയങ്ങൾ മാറിമാറിക്കൊണ്ടിരിക്കയും ചെയ്തു വരുന്നു.

ഇങ്ങിനെ ശ്രീകൃഷ്ണനും വടക്കുന്നാഥനും പരദേവതയായിട്ടുള്ള തൃശ്ശിവപേരൂർ യോഗക്കാരോട് കിടപിടിച്ചുകൊണ്ട്, തിരുനാവായ വിഷ്ണുവും, ചാമ്രവട്ടത്ത അയ്യപ്പനും പരദേവതയായ തിരുനാവായ യോഗവും പ്രശസ്തസ്ഥിതിയിൽ നിലനിന്നു പോരുന്നു.

# ത്യാഗരാജൻ

തഞ്ചാവൂരിന്നുസമീപം കാവേരിനദീതീരത്തുള്ള തിരുവിയർപ്പുകിൽ തിരുവാടി എന്ന സ്ഥലം നൂറു സംവത്സരങ്ങൾക്കുമുമ്പു ദക്ഷിണേന്ത്യയിലെ പ്രധാനനഗരികളിൽ ഒന്നായിരുന്നു. സംഗീതവിദ്യാലയങ്ങളും വേദാദ്ധ്യയനശാലകളും അവിടെ അനേകം

ലത്തു ധാരാള മുണ്ടായിരുന്നതിനാൽ, പലദേശങ്ങളിൽനിന്നും വിദ്വാന്മാർ ഇവിടെ വന്നു താമസിച്ചിരുന്നു. തഞ്ചാവൂർ രാജാക്കന്മാർ വിശ്രമത്തിന്നായി കൂടക്കൂടെ എഴുന്നള്ളിത്താമസിക്കാറുള്ളതും ഇവിടെത്തന്നെയായിരുന്നു. എന്നാൽ സംഗീതരസികന്മാരായവരുടെ ദൃഷ്ടിയിൽ ഈ സ്ഥലത്തിന്ന് ഇപ്പോഴം ഒരു പ്രാധാന്യമുള്ളതു സംഗീതംതന്നെ മൂത്തിമത്തായി അവതരിച്ചതാണെന്നു പറയുന്ന ത്യാഗരാജൻ എന്ന മഹാപുരുഷൻെറ വാസസ്ഥലമായിരുന്നു എന്നുള്ള ഏകസംഗതിമാത്രമാണ്. ഇദ്ദേഹം മരിച്ചിട്ട് ഇപ്പോഴം നൂറു കൊല്ലത്തിൽ അധികമായിട്ടില്ല. എങ്കിലും ഇദ്ദേഹത്തിൻെറ ജീവചരിത്രത്തെപ്പററി വിശേഷിച്ചൊന്നും അറിഞ്ഞുകൂടെന്നുള്ള സംഗതി ചരിത്രമെഴുതുന്നതിന്നു ഹിന്തുക്കൾക്കുള്ള ശ്രദ്ധ എത്രത്തോളമുണ്ടെന്നുള്ളതു പ്രത്യക്ഷമാക്കുന്നു.

ഇദ്ദേഹം ൯൭൦-ാമാണ്ടിൽ തിരുവാളൂരുള്ള ഒരു ദരിദ്രകുടുംബത്തിൽ ജനിച്ചു. തിരുവാളൂർക്ഷേത്രം ദക്ഷിണഇന്ത്യയിലെ മുഖ്യശൈവക്ഷേത്രങ്ങളിൽ ഒന്നാകുന്നു. ആ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള ദേവൻെറ പേരനുസരിച്ചു കുട്ടിക്ക് ത്യാഗരാജൻ എന്നു പേരിട്ടു.

ത്യാഗരാജന്ന് ഒരുവയസ്സാകുന്നതിന്നുമുമ്പെ, അദ്ദേഹത്തിൻെറ അച്ഛനായ രാമബ്രഹ്മം തൻെറ മക്കളോടുകൂടി തിരുവയ്യാറിലേക്കു പുറപ്പെട്ടു. രാമബ്രഹ്മന്ന് മൂന്നു പുത്രന്മാരുണ്ടായിരുന്നതിൽ ഒടുക്കത്തെ മകനായിരുന്നു ത്യാഗരാജൻ. ആദ്യത്തെ രണ്ടു പുത്രന്മാർ ബുദ്ധിഹീനന്മാരും ദുർവൃത്തന്മാരും ആയിരുന്നു. അവർ അച്ഛനെ പലപ്രകാരത്തിലും ദ്രോഹിച്ചിരുന്നു. എന്നാൽ ആ കാലത്തെല്ലാം ത്യാഗരാജൻെറ സാന്ത്വനവചനങ്ങൾ മാത്രമാണ അദ്ദേഹത്തിന്ന് ആശ്വാസകരങ്ങളായിരുന്നത്. ചെറുപ്പത്തിൽ തന്നെ ത്യാഗരാജൻ വലിയ ഈശ്വരഭക്തനായിരുന്നു. അദ്ദേഹത്തിൻെറ എല്ലാകൃതികളും ഭക്തിരസപ്രധാനങ്ങളായിരിക്കുന്നതിന്നു കാരണം ഇതുതന്നെയാകുന്നു. ത്യാഗരാജന്നു മുപ്പതു വയസ്സായപ്പോൾ രാമബ്രഹ്മം ചരമഗതിയെ പ്രാപിച്ചു. മരണസമയത്തു ത്യാഗരാജനെ അരികെ വിളിച്ചിരുത്തി നിൻെറ സംഗീതവൈദ്

ശ്ശ്യം ഈശ്വരവിഷയമായി പ്രയോഗിക്കാൻ സംഗതിവരട്ടെ' എന്ന് അദ്ദേഹത്തെ അനുഗ്രഹംചെയ്തതിന്നു ശേഷമാണ് രാമബ്രഹ്മം ഇഹലോകത്തെ വെടിഞ്ഞത്. ഈ അനുഗ്രഹം എത്രത്തോളം ഫലവത്തായി എന്നു നമുക്ക് ഇപ്പോൾ അറിയാറാവും.

കവിത, സംഗീതം, ചിത്രമെഴുത്ത് ഈ മൂന്നു കൂട്ടത്തിലും നൈപുണ്യം നേടുന്നതു വാസനകൂടാതെ കേവലം അഭ്യാസബലംകൊണ്ടു മാത്രം സാദ്ധ്യമല്ലെന്നു പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഒരുവൻെറ വാസനാശക്തി പുറത്തേക്കു പ്രകാശിപ്പാൻ തക്കതായ അവസരങ്ങളില്ലാതെപോയാൽ കാലക്രമംകൊണ്ട് കെട്ടുപോകുമെന്നുള്ളതും ഓർക്കേണ്ടതാണ്. ത്യാഗരാജനു സംഗീതവിഷയത്തിൽ ഇത്ര ഖ്യാതിസമ്പാദിക്കുന്നതിന്നു കാരണമായി ഒരു കഥ പറഞ്ഞുവരുന്നുണ്ട്. ഇദ്ദേഹം പതിന്നാലാമത്തെ വയസ്സിൽ ഒരു ദിവസം പതിവുപോലെ അച്ഛൻെറ ഗൃഹത്തിൽ വേദോച്ചാരണം ചെയ്തുകൊണ്ടിരിക്കുമ്പോൾ, അങ്ങേ ഭാഗത്ത് ആരോ അതിഭംഗിയായി വീണവായിക്കുന്നതു കേട്ടു. അവിടെ പ്രസിദ്ധവീണവായനക്കാരനായ ജന്തിവെങ്കിട്ടരാമയ്യനാൽ നടത്തപ്പെട്ട ഒരു സംഗീതവിദ്യാശാലയുണ്ടായിരുന്നു. ആ സമയത്ത് അദ്ദേഹം തൻെറ ശിഷ്യരെ വീണവായന അഭ്യസിപ്പിക്കയായിരുന്നു. ത്യാഗരാജൻെറ മനസ്സു മുഴുവനും വീണവായനയിൽതന്നെ പതിഞ്ഞു. വായന കഴിയുന്നതുവരെ അവിടെത്തന്നെ അതിശ്രദ്ധയോടെ കേട്ടുംകൊണ്ടിരുന്നു. സംഗീതവിദ്യ അഭ്യസിക്കേണമെന്നുള്ള മോഹം അപ്പോഴാണ് അദ്ദേഹത്തിന്നുണ്ടായത്. ക്രമേണ അതിലേക്കുള്ള മോഹം വർദ്ധിക്കയും ചെയ്തു. ഭാഗവതർ പതിവായി ശിഷ്യർക്കു ചൊല്ലിക്കൊടുക്കാറുള്ള ഒരു പാട്ട് ഒരു ദിവസം ത്യാഗരാജൻ തന്നെത്താൻ ചൊല്ലിക്കൊണ്ടിരിക്കയായിരുന്നു. മറഞ്ഞുനിന്നു കേട്ടിരുന്ന, വെങ്കിട്ടരാമയ്യൻ കുട്ടിയുടെ വാസനാശക്തിയെ ഓർത്ത് വളരെ സന്തോഷിച്ച് രാമബ്രഹ്മനോട് ത്യാഗരാജനെ തൻെറ ശിഷ്യനാക്കാൻ അനുവദിക്കുമെങ്കിൽ അതിലധികം വലുതായ ഉപകാരം അദ്ദേഹം ചെയ്യേണ്ടതില്ലെന്നു പറഞ്ഞു. രാമബ്രഹ്മം അപ്രകാരംതന്നെ അ

രസഗ്രഹിക്കയും ചെയ്തു. എന്തിനു വളരെ പറയുന്നു, മൂന്നു മാസത്തിന്നകം ത്യാഗരാജൻ ഭാഗവതരുടെ അടുക്കെനിന്നു ഗ്രഹിക്കുവാനുള്ളതെല്ലാം ഗ്രഹിച്ചു കഴിഞ്ഞു.

ത്യാഗരാജൻ ഇത്ര വലിയ ഒരു ഭക്തനും സംഗീതവിദ്വാനും ആയിരുന്നതിന്നു കാരണമായി പറഞ്ഞുവരുന്ന രണ്ടു കഥകൾ ഇവിടെ പ്രസ്താവിക്കുന്നത് അനാവശ്യമായിരിക്കയില്ല. ഇദ്ദേഹത്തിന്റെ വിദ്യാഭ്യാസം കഴിഞ്ഞ് ഒരു മാസം കഴിഞ്ഞപ്പോൾ ഒരു തെലുങ്ക് ബ്രാഹ്മണൻ തിരുവടിയിൽ വന്ന് ഇദ്ദേഹത്തിന് ഒരു മന്ത്രം ഉപദേശിച്ചു. ഈ മന്ത്രം ദിവസത്തിൽ രണ്ടു ലക്ഷം ഉരു വീതം പത്തു കൊല്ലം മുട്ടാതെ ജപിക്കണമെന്നും അതിന്റെ ശേഷം സാക്ഷാൽ സരസ്വതി പ്രത്യക്ഷമായി അദ്ദേഹത്തിന്നു വേണ്ട വരങ്ങൾ തരുന്നതാണെന്നും ആ ബ്രാഹ്മണൻ പറഞ്ഞുംവെച്ചുപോയി. ഈ കഥയുടെ യഥാർത്ഥ്യത്തെപ്പററി വാദമുണ്ടായിരിക്കാമെങ്കിലും, ത്യാഗരാജന്റെ വിദ്യാഭ്യാസം പതിനാലാമത്തെ വയസ്സിൽ പൂർത്തിയായിട്ടും അദ്ദേഹം ൧൮-ാമത്തെ വയസ്സുവരെ യാതൊരു കൃതികളും ഉണ്ടാക്കീട്ടില്ലെന്നുള്ള സംഗതി വാസ്തവമാണെന്നു തോന്നുന്നു. തന്റെ ബുദ്ധിവൈശിഷ്ട്യത്തെയും വാസനാവൈഭവത്തെയും കണ്ടു സന്തോഷിച്ച് സാക്ഷാൽ നാരദമഹർഷി 'സ്വരാർണ്ണവം' എന്ന ഒരു സംഗീതഗ്രന്ഥം ത്യാഗരാജന്നു സമ്മാനം കൊടുത്തിട്ടുള്ളതായി അദ്ദേഹത്തിന്റെ ഒരു കൃതിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇങ്ങിനെ ഒരു ഗ്രന്ഥം ഇപ്പോൾ എങ്ങും ഉള്ളതായി അറിയുന്നില്ല. ഒരു കാലത്ത് ഉണ്ടായിരുന്നുവൊ എന്നും വിവരമില്ല.

ത്യാഗരാജൻ ൧൮-ാമത്തെ വയസ്സിലാണ് വിവാഹം ചെയ്തതു. വിവാഹം കഴിഞ്ഞ് അഞ്ചുകൊല്ലം കഴിയുന്നതിന്നു മുമ്പു രാമബ്രഹ്മം പരലോകപ്രാപ്തനായി. ഇതിനിടക്ക് അച്ഛനെ പല പ്രകാരത്തിലും പീഡിപ്പിച്ചിരുന്ന ജ്യേഷ്ഠന്മാരായ രണ്ടു മൂന്നു പുത്രന്മാരും തങ്ങൾക്കുള്ള സ്വത്തു ഭാഗിച്ചുകിട്ടേണ്ടതിലേക്ക് ത്യാഗരാജനെ നിർബ്ബന്ധിപ്പാൻ തുടങ്ങി. ലൌകികമായ സ്വത്തെല്ലാം തൃണസദൃശമായി ഗണിച്ചിരുന്ന നമ്മുടെ 'ഭക്തൻ' തനിക്ക് ശ്രീരാമ

ൻെറ പട്ടാഭിഷേകത്തെ കുറിക്കുന്നതായ ഒരു വിഗ്രഹമല്ലാതെ വേറെ യാതൊന്നും ആവശ്യമില്ലെന്നു പറഞ്ഞ് മറ്റെല്ലാസ്വത്തുക്കളും അവൎക്കായി കൊടുത്തു. ബുദ്ധികൊണ്ടും അറിവുകൊണ്ടും ഇദ്ദേഹത്തെപ്പോലെയുള്ളവർ ലോകത്തിൽ ഇപ്പോഴും ധാരാളമുണ്ടായിരിക്കാമെങ്കിലും, സ്വഭാവവൈശിഷ്ട്യം ഇത്രത്തോളമുള്ളവർ വളരെ അപൂൎവ്വമാണെന്നുള്ളതിലെക്കു വല്ല സംശയവും ഉണ്ടാ?

൨൫-ാം വയസ്സുമുതൽ മരണംവരെയും അദ്ദേഹം കീൎത്തനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. ൩൦-ാമത്തെ വയസ്സോടുകൂടി അദ്ദേഹത്തിൻെറ കീൎത്തി എല്ലാദിക്കിലും പരന്നു. ദൂരദേശങ്ങളിൽനിന്നും അനവധിജനങ്ങൾ ഇദ്ദേഹത്തെ കാണ്മാൻ വന്നുതുടങ്ങി. കാശിയിൽനിന്നും ഒരു വൃദ്ധനായ ബ്രാഹ്മണൻ ഇദ്ദേഹത്തിൻെറ പാട്ട് ഒരിക്കൽ കേട്ട് മരിച്ചാൽ കൊള്ളാമെന്നുള്ള താല്പൎയ്യത്തോടുകൂടി കാൽനടയായിവന്നു തൻെറ ആഗ്രഹനിവൃത്തിവരുത്തിയതായി കേട്ടിട്ടുണ്ട്. പ്രഭുക്കന്മാരും ധനികന്മാരുമായ അനവധി പേര ഇദ്ദേഹത്തിന്ന് വേണ്ട ധനസഹായംചെയ്യാൻ ഒരുക്കമായിരുന്നു. എന്നാൽ തൻെറ ഉപജീവനത്തിന്നു വേണ്ടതിലധികമായി ഒരു പൈപോലും ത്യാഗരാജൻ ആരുടെ പക്കൽനിന്നും വാങ്ങിച്ചിരുന്നില്ല. തഞ്ചാ ' രാജാവായ 'ശരഭോജി' തന്നെപ്പററി സ്തുതിയായി ഒരു കീൎത്തനം ഉണ്ടാക്കിയാൽ അനവധി ദ്രവ്യം കൊടുക്കാമെന്ന് അദ്ദേഹത്തോടു പറഞ്ഞു. പെട്ടെന്നു ത്യാഗരാജൻ ഉണ്ടാക്കിയ പാട്ട് അദ്ദേഹത്തിൻെറ കൃതികളിൽവെച്ച് ഏററവും വിശേഷമായതായി ഗണിക്കപ്പെട്ടു വരുന്നു.

കല്യാണിരാഗം—ചാപ്പുതാളം

പല്ലവി

ഇതിസാലാസുഖമാ- രാമുനിസ
നിധിസാലാസുഖമാ

അനുപല്ലവി

നിജമുകബൽക്കുമീമനസാ— (ഇതി)

ചരണങ്ങൾ

൧. ദധിനവനീതക്ഷീര മുലുരുചൊ
ദാശരഥിധ്യാനഭജനസുധാരസമുരുചൊ—      (ഇതി)

൨. ദമശമനനഗംഗാസ്നാനമുസുഖമാ
കർമ്മദുർവിഷയകൂപസ്നാനമുസുഖമാ—      (ഇതി)

൩. മമതബന്ധനായുതമൂഖസ്തുതിസുഖമാ
സുമതിത്യാഗരാജനുതികീർത്തനസുഖമാ—      (ഇതി)

ഇതിൻെറ താല്പര്യം അഹംഭാവിയും ഗർവ്വിയും ദുർവൃത്തനും ആയ ഒരു രാജാവിനെക്കുറിച്ചു സ്തുതിയായി ഒരു പാട്ട് താൻ ഒരുകാലത്തും ഉണ്ടാക്കയില്ലെന്നും മററുമാണ്. രാജാവിനുണ്ടായ കോപം ഇത്രയെന്നു പറയേണ്ടതില്ലല്ലോ. വേറെ ഒരിക്കൽ ത്യാഗരാജൻ ശിഷ്യരോടുകൂടി നദീതീരത്തു പാട്ടുപാടിക്കൊണ്ടിരിക്കുമ്പോൾ ശരഭോജിരാജാവ് ആരുംകാണാതെ ഒരു വൃക്ഷത്തിൻെറ മറവിൽ പതുങ്ങി നില്ക്കയായിരുന്നു. രാജാവിൻെറ നിഴൽ കണ്ടഉടനെ പാട്ടു നിർത്തി ശിഷ്യരോടുംകൂടി അവിടുന്നെഴുന്നേററുപോയി.

അറുപതാമത്തെ വയസ്സിൽ അദ്ദേഹം തീർത്ഥയാത്രക്കൊരുങ്ങി ചിതംബരം, കാഞ്ചീപുരം, തിരുപ്പതി, കാളഹസ്തി മുതലായ സ്ഥലങ്ങളിലെല്ലാം സഞ്ചരിച്ചു. മദ്രാസ്സിൽവെച്ച് അദ്ദേഹത്തിൻെറ പ്രധാനശിഷ്യനായ മുത്തുസ്വാമിദീക്ഷിതർ അദ്ദേഹമായി ഇടഞ്ഞു. ത്യാഗരാജകീർത്തനങ്ങളൊന്നും ചൊല്ലിപ്പോകരുതെന്നു തൻെറ ശിഷ്യരെക്കൊണ്ട് ദീക്ഷിതർ സത്യംചെയ്യിച്ചു. ൧൦൩൦-ാമാണ്ടിൽ സ്വദേശത്തേക്കു മടങ്ങി. അവിടെവെച്ചു സന്യസിച്ചു. അക്കൊല്ലംതന്നെ സ്വഗൃഹത്തിൽവെച്ചു മരിക്കയുംചെയ്തു.

ത്യാഗരാജൻെറ യോഗ്യത നിർണ്ണയിക്കേണമെങ്കിൽ, അദ്ദേഹത്തിനുമുമ്പു ഗാനയോഗ്യങ്ങളായ യാതൊരു കൃതികളും ഉണ്ടായിരുന്നില്ലെന്നുള്ള സംഗതി ഓർക്കേണ്ടതാണ്. തെലുങ്കുഭാഷ സംഗീതത്തിനു എത്രത്തോളം യോജിച്ചതാണെന്ന് ഇദ്ദേഹത്തിൻെറ കീർത്തനങ്ങളാണ് ആദ്യമായി പ്രത്യക്ഷമാക്കിയത്. ഈ കൊല്ലത്തിനിടെക്ക്

ഇദ്ദേഹം ൨,൫൦൦ കൃതികളോളം ഉണ്ടാക്കീട്ടുണ്ട്. ൫൦൦ കൃതികൾ ഇപ്പോൾ ശേഖരിക്കപ്പെടുന്നതാണ്. മൂന്നൂറു മാത്രമേ ഇവിടങ്ങളിൽ പ്രചാരത്തിൽ വരുന്നുള്ളു. ബാക്കി ഒക്കെ ഇപ്പോഴും ജീവിച്ചിരിക്കുന്ന ഇദ്ദേഹത്തിന്റെ രണ്ടു ശിഷ്യന്മാരുടെ കൈവശമുണ്ടെന്ന് അറിയുന്നു. ത്യാഗരാജന്ന് ഇരുപത്തു ശിഷ്യന്മാരുണ്ടായിരുന്നു. പ്രധാനശിഷ്യൻ മുൻപറഞ്ഞ മുത്തുസ്വാമിദീക്ഷിതരാകുന്നു. ത്യാഗരാജകൃതികൾ കഴിഞ്ഞാൽ ഇവിടങ്ങളിൽ അധികം പ്രചാരം ദീക്ഷിതരുടെ കൃതികൾക്കാണ്. ത്യാഗരാജൻ തന്റെ ഇരുപതു ശിഷ്യന്മാരെ പലതരക്കാരായി തിരിച്ച്, ഓരോ തരക്കാരെ പ്രത്യേകം പ്രത്യേകം കീർത്തനങ്ങളാണ് പഠിപ്പിച്ചിരുന്നത് എന്നു കേട്ടിട്ടുണ്ട്.

മനോഹരങ്ങളായ ആശയങ്ങൾ മധുരശബ്ദങ്ങളെക്കൊണ്ടു തദനുരൂപമായ രീതിയിൽ കൊണ്ടുവരപ്പെടുമ്പോഴാണ്, ഒരു കൃതി ഗാനയോഗ്യമായി തീരുന്നത് എന്നാണ് വിദ്വാന്മാർ അഭിപ്രായപ്പെടുന്നത്. ഇങ്ങിനെ നോക്കുമ്പോൾ ത്യാഗരാജകീർത്തനങ്ങൾ പ്രഥമഗണനീയങ്ങളാണെന്നുള്ളതിലേക്കു യാതൊരു ആക്ഷേപവും ഇല്ല. ത്യാഗരാജകീർത്തനങ്ങൾക്കു വേറെ ഒരു വിശിഷ്ടത കൂടിയുണ്ട്. എന്നാൽ [illegible] വളരെ ആയാസപ്പെട്ടു തീർത്തുവിടുന്ന കൃതികൾക്കുപോലും ഈ സ്വാരസ്യം ഉണ്ടാവാൻ തരമില്ല. നേരേമറിച്ച് യാതൊരു ഉദ്ദേശത്തെയും കരുതാതെ, ജന്മസിദ്ധമായ വാസനയോടുകൂടിയവർ തങ്ങളുടെ മനോവികാരങ്ങൾ കവിതാരൂപേണ പ്രദർശിപ്പിക്കുമ്പോൾ അതിന്നു ഒരു പ്രത്യേകമായ സ്വാരസ്യം ഉണ്ടെന്നുള്ളതിലേക്കു സംശയമില്ല. ത്യാഗരാജനെ ഈ ഒടുവിൽ പറഞ്ഞവരുടെ കൂട്ടത്തിലാണ് ഉൾപ്പെടുത്തേണ്ടത്. കൃതികൾ ഉണ്ടാക്കി യശസ്സു സമ്പാദിക്കേണമെന്നുള്ള മോഹം അദ്ദേഹത്തിന്നു ലേശംപോലുമുണ്ടായിരുന്നില്ല. മുഖ്യമായി അദ്ദേഹത്തെ നാം ഒരു ഭഗവൽഭക്തനായിട്ടാണ് വിചാരിക്കേണ്ടത്. ഭഗവന്നാമങ്ങളെ ഭക്തിപുരസ്സരം പാരായണം ചെയ്യേണ്ടതിന്നു തന്റെ കൃതികൾ ഉപയോഗിക്കേണമെന്നുമാത്രമേ അദ്ദേഹത്തിന്നു വിചാരമുണ്ടായിരുന്നുള്ളു.

ത്യാഗരാജന്റെ കൃതികൾ അധികവും ശ്രീരാമനെ കുറിച്ചാ

ണ്. ഉപദേശപ്രകാരം അദ്ദേഹം ഉച്ചരിച്ചിരുന്ന മന്ത്രം രാമനെ ഉദ്ദേശിച്ചായിരുന്നതിനാലായിരിക്കാം ഇതിന്നു കാരണം എന്നു ചിലർ പറയുന്നു. എന്നാൽ സരസ്വതി, വിഷ്ണു, ബ്രഹ്മാവ് മുതലായവരെക്കുറിച്ചും ഗാനങ്ങൾ ഉണ്ടാക്കീട്ടില്ലെന്നില്ല. എല്ലാം പ്രധാനരാഗങ്ങളിൽ എന്നുമാത്രമല്ല, മിക്ക അപൂർവരാഗങ്ങളിലും ഇദ്ദേഹം കീർത്തനങ്ങൾ ഉണ്ടാക്കീട്ടുണ്ടെന്നാണ് കേട്ടിട്ടുള്ളത്. ഹംസധ്വനിയിൽ ത്യാഗരാജകൃതിയില്ലെന്ന് ഇതിനുമുമ്പെ ഒരു ലേഖകൻ പ്രസ്താവിച്ചതു ശരിയല്ല. ഹംസധ്വനിയിൽ 'ശ്രീരഘുകുല' എന്ന ത്യാഗരാജകൃതി വളരെ പ്രസിദ്ധമായിട്ടുള്ളതാണ്. എല്ലാ കൃതികളിലും ഇദ്ദേഹത്തിന്റെ മുദ്രയുണ്ടെന്നുള്ളതും പ്രസിദ്ധമാണല്ലൊ.

ത്യാഗരാജനെയും അദ്ദേഹത്തിന്റെ കൃതികളെയും സംബന്ധിച്ചുള്ള ഒരു ചുരുക്കമായ വിവരണം ഇതാകുന്നു. ഇദ്ദേഹത്തിന്റെ സ്മാരണകമായി ദക്ഷിണഇന്ത്യയിൽ പലേടത്തും സംഗീതവിദ്യാശാലകൾ ഏർപ്പെടുത്തുന്നതു വളരെ ഉചിതമായിരിക്കുമെന്നുള്ള ചില മഹാന്മാരുടെ അഭിപ്രായത്തോടുകൂടി ഞാനും സ്വാത്മനാ യോജിക്കുന്നു എന്നുമാത്രം പറഞ്ഞു തൽക്കാലം ലേഖനം ഉപസംഹരിക്കുന്നു.

വി. കെ. രാമൻമേനോൻ, ബി. എ.

# എന്റെ ആദ്യത്തെ മരണം

അതെ, എന്റെ ആദ്യത്തെ മരണം. ഇനി വരാൻപോകുന്നതല്ല. ഞാൻ ഉന്മത്തനല്ല, ചെകുത്താനല്ല, ഭീരുവുംകൂടിയല്ല. തോന്നലല്ലെ നമ്മുടെ എല്ലാം അറിവുകൾക്കും ആസ്പദം? 'ഒരിക്കൽ ഞാൻ മരിച്ചുവെന്ന് എനിക്കു തോന്നി. അതു യഥാർത്ഥമാണ്. അതിനെപ്പറ്റിയാണ് ഇവിടെ അല്പം വിസ്തരിക്കാൻ പോകുന്നത്.

ഇയ്യിടയിൽ ഇവിടെ ഒരിടത്ത് ഒരു വലിയ സദ്യയുണ്ടായി. [illegible] എന്ന ഖ്യാതിയെ ദുഷ്കീർത്തിയെ (അരോചകംപിടി

ച്ചവരുടെ അഭിപ്രായത്തിൽ മാത്രം) ഉള്ള എനിക്കും ക്ഷണം ഉണ്ടായിരുന്നു. ഞാനുണ്ണുവാനിരുന്ന പന്തിയിൽ എന്റെ കൂട്ടുകാരനായി ഒരു പെരുംവയറൻകൂടിയുണ്ടായിരുന്നു. ഞങ്ങൾ തമ്മിൽ മത്സരിച്ചു. സംപ്പാട്ടിലെങ്കിലും മററാരാളോടു തോല്ക്കരുതെന്നു ഞാനും ഉറച്ചു. ഒടുവിൽ ദാഹവും സംഭ്രമവും ഈ ലേഖനത്തിനു വിഷയീഭവിച്ചിട്ടുള്ള മരണവും ആകുന്നു എനിക്കുണ്ടായ അനുഭവം. മറെറയാളുടെ അനുഭവം എന്താണാവൊ. അയാളെ ഞാൻ അതിൽപിന്നെ കണ്ടിട്ടില്ല. സംമാന്യം കഷ്ണിച്ചിട്ടുണ്ടാവണം. അത്ര മാത്രം അകത്തേക്കു കടത്തിവിട്ടിട്ടുണ്ടായിരുന്നു.

സംഭ്രമത്തോടുകൂടി ഒരു പുല്ലുപായിന്മേൽ കിടന്ന് ഉരുണ്ടുരുണ്ടാണ് ഞാൻ മരിച്ചത്. അല്ല, മരിച്ചു എന്ന് എനിക്കു തോന്നിയത്. 'മോഹിക്കുന്നു മനസ്സിൽ കളമൊഴി!......മൂടലും ചേന്നിട്ടുന്നു' എന്നാണ് എനിക്കു തോന്നിയത്. കുറെനേരം ഇങ്ങിനെ പാരവശ്യത്തോടുകൂടി കിടന്നുരുണ്ടപ്പോൾ ഞാൻ മരിക്കാൻ പോകുയാണെന്നുള്ള ധാരണ എനിക്കുണ്ടായി. മരണാനന്തരം എന്താണ് എന്നറിഞ്ഞാൽ കൊള്ളാമെന്നുള്ള ആഗ്രഹം വളരെ കാലമായി എന്റെ മനസ്സിൽ വേരുപിടിച്ചു കിടന്നിരുന്നതുകൊണ്ടു ഭീരുക്കൾക്കു മരണത്തിൽ സാധാരണ തോന്നുന്ന ഭയം യാതൊന്നും എനിക്കു തോന്നിയില്ല; എങ്കിലും പലകാര്യങ്ങളും ഒട്ടേടമാക്കി വച്ചിട്ടുണ്ടായിരുന്ന എനിക്കു തല്ക്കാലം മരിക്കാൻ അത്ര സമ്മതമുണ്ടായിരുന്നില്ല. എങ്കിലും 'ദൈവഗതിക്കഥവാ ഭുവനേസ്മിൻ നൈവ കവാടനിരോധമൊരേടം' എന്നും മററുമുള്ള പ്രമാണങ്ങളെയെല്ലാം ഓത്തു യാത്രപുറപ്പെട്ടു.

മരിച്ച ഉടനെതന്നെ ഒരു തീവണ്ടിയുടെ മൂന്നാംക്ലാസ്സ് മുറിയിലാണ് ഞാൻ ചെന്നുചേന്നത്. പുല്ലുപായിൽനിന്നു തീവണ്ടിയുടെ മുറിയിലേക്ക് എങ്ങിനെ പോയിയെന്ന് എനിക്കറിഞ്ഞുകൂട. ആ മുറിയിൽ ആളുകൾ തിങ്ങിയിരിക്കുന്നുണ്ടായിരുന്നു. പോർട്ടാത്തർ, മഞ്ചൂറിയ ഈ ദിക്കുകളിൽനിന്നു വരുന്നവരായിരുന്നു അവരിൽ ഭൂരിപക്ഷവും. സഹോദരന്മാരേക്കാൾ സ്നേഹമായിട്ടാണ് ആ മുറിയി

ൽ ഉണ്ടായിരുന്ന ജപ്പാൻകാരും റഷ്യന്മാരും. പെരുമാറിയിരുന്നതു്. വണ്ടിയുടെ വേഗം അത്യന്തമായിരുന്നതുകൊണ്ടു് കടന്നുപോന്ന ദിക്കുകളുടെ സ്വഭാവം അറിവാൻ ഞങ്ങൾക്കു് സാധിച്ചില്ല. വണ്ടിയിൽ ഉണ്ടായിരുന്ന ഞങ്ങൾക്കു പരസ്പരം കാണുന്നതിന്നും സംസാരിക്കുന്നതിന്നും യാതൊരു വിഘാതവും ഉണ്ടായിരുന്നില്ലാത്തതുകൊണ്ടു് വണ്ടിയല്ല മുമ്പോട്ടു് ഓടിയിരുന്നതു് എന്നും, ഭൂമിയാണു് പിന്നാക്കം തിരിഞ്ഞിരുന്നതു് എന്നും ഞാൻ അനുമാനിച്ചു. ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തെത്തുവാൻ വണ്ടി ഓടിയാലും ഭൂമി ഓടിയാലും കണക്കൊക്കെ ശരിതന്നെ. ഇത്രവളരെ വേഗത്തിൽ പോകുന്ന ഒരു വണ്ടിയെപ്പറ്റി ഞാൻ കേട്ടിട്ടുണ്ടായിരുന്നില്ല. ഒരു മിനിട്ടിൽ ആറുലക്ഷത്തിഎണ്ണൂറ്റെത്തൊമ്പതിനായിരത്തിനാനൂറിൽ ചില്വാനം നാഴികവീതം ഓടുമത്രെ ഈ വണ്ടി. വിചാരിച്ചതിൽ അതിൽ വല്ലതും ഒന്നും ഭാരമൊ അല്ലാതെ അധികം കുറവുമൊന്നും തോന്നിയില്ല. ഒരിക്കൽ ഒരു പാലത്തിന്മേൽക്കൂടി പോയപ്പോൾ എന്റെ വയറു് ഒന്നു കത്തി. തൽക്ഷണം മദ്രപട്ടണത്തെ ഓർത്തു. ഒന്നാമത്തെ മരണം അടുത്തുവെന്നുകൂടി തോന്നിപ്പോയി. ഇതാണത്രെ പുരാണങ്ങളിൽ ഘോഷിച്ചിട്ടുള്ള നൂൽപാലം. എന്റെ അടുക്കൽ ഉണ്ടായിരുന്ന റഷ്യന്നു് അതു അത്ര വിശ്വാസമായില്ല. ആയാൾ വേദവ്യാസനെപ്പറ്റി കേട്ടിട്ടില്ലെന്നു പറഞ്ഞപ്പോൾ എന്റെ ഇടത്തുപുറത്തിരുന്നിരുന്ന ഒരു വയോധികനായ മുതലിയാർ അയാളുടെ ഭാണ്ഡത്തിൽനിന്നു ഒരു പഴയതമിഴുഗ്രന്ഥം എടുത്തു് 'ഇതെപ്പാരുങ്കൊ- അയ്യ!' എന്നു പറഞ്ഞു് വേദവ്യാസൻ എന്നു് അതിൽ ഒരേടിന്മേൽ എഴുതിട്ടുണ്ടായിരുന്നതിനെ അയാൾക്കു കാണിച്ചു കൊടുത്തു. അപ്പോൾ റഷ്യൻ തലകുലുക്കി. ഇടക്കു സ്റ്റേഷൻ ഒന്നും ഉണ്ടെന്നു തോന്നുന്നില്ല. വണ്ടിയെങ്ങും നിന്നില്ല. നമ്മുടെ സാമാനവണ്ടി (Goods train) ഇങ്ങിനെയാണെങ്കിൽ എത്രനന്നായിരിക്കുമെന്നു് എനിക്കു തോന്നി. ഞങ്ങളുടെ വണ്ടിയിലെ ഗാർഡ് വണ്ടിയുടെ പാർശ്വങ്ങളിലുള്ള ഇടനാഴികളിൽകൂടി ഇടക്കിടക്കു കടന്നുപോകയും വരികയും ഞങ്ങളുടെ യോഗ

ക്ഷേമത്തെപ്പററി അന്വേഷിക്കുകയും മററും ചെയ്യുമ്പോൾ അയാൾ ഒരു ചട്ടക്കാരനാണെന്നുള്ള സംഗതി ഞാൻ മറന്നു. എങ്കിലും, കൂട്ടത്തിലുള്ള ഒരു റഷ്യന്റെ വായിൽനിന്നുതന്നെ ഒരു വലിയ ചുരുട്ട വാങ്ങി വലിച്ചപ്പോൾ എന്റെ മറവി തീൎന്നു.

ഒടുവിൽ വണ്ടി ഓടത്തുചെന്നപ്പോൾ ചൂളവിളിച്ചു. കുറെ കഴിഞ്ഞപ്പോൾ നിന്നു. ആവു, ഇനി വല്ല പാലത്തിന്റെ ചുവട്ടിലും വീണു മരിക്കണ്ടല്ലോ എന്നു എനിക്കു തോന്നിപ്പോയി. അപ്പോൾതന്നെ മരിച്ചിരിക്കയാണെന്നുള്ള ഓൎമ്മ എനിക്കുണ്ടായിരുന്നില്ല. അവിടെ നിശ്ശബ്ദമായിരുന്നു. മൃത്യുവശംഗതന്മാരായ സകലജന്തുക്കളും അവിടെ ഉണ്ടായിരുന്നു. ഈശ്വരൻമാത്രം അവിടെ ഇല്ലെന്നാണ് അവിടെ ഉണ്ടായിരുന്നവർ എന്നോടു പറഞ്ഞത്. അത് അദ്ദേഹത്തിനു മരണമില്ലാത്തതുകൊണ്ടായിരിക്കാം. ഈശ്വരൻ സൎവ്വവ്യാപിയാണെന്നും സൎവ്വചരാചരസ്ഥനാണെന്നും മററും പാതിരിമാർ പ്രസംഗിക്കുന്ന വിധത്തിലെല്ലാം ഞാൻ പ്രസംഗിച്ചിട്ടും 'യച്ചാപി സൎവ്വഭൂതാനാം ബീജം തദഹമൎജ്ജുന', 'യോ മാം പശ്യതി സൎവ്വത്ര സൎവ്വം ച മയി പശ്യതി' ഇത്യാദി ഗീതാശ്ലോകങ്ങളെ മുഴുവൻ കാണാപ്പാഠം ചൊല്ലിയിട്ടും ഈശ്വരൻ എന്നൊരാളെ അവിടെ കീഴ്ക്കളുടെ ഒട്ടറിവുകൂടിയില്ലെന്നും 'ഈശ്വരദാസ്', 'ഈശ്വരമേനോൻ', 'ഈശ്വരൻനായര്', 'ഈശ്വരപിള്ള' എന്നിങ്ങിനെ ചിലർ അവിടെ പണ്ടുണ്ടായിരുന്നുവെന്നും വെറും ഈശ്വരനെന്നോ ഞാൻ പറഞ്ഞപ്രകാരം ജഗദീശ്വരനെന്നോ ഒരാൾ അവിടെ അദ്യംവരെ ഉണ്ടായിട്ടില്ലെന്നും സൎവ്വേശ്വരൻ എന്നൊരാൾ ഉണ്ടെന്നും മാത്രമാണ് അവർ എന്നോടു പറഞ്ഞത്. ഒടുവിൽ പറഞ്ഞ സൎവ്വേശ്വരൻ എന്നാൾ അവിടത്തെ സൎവ്വേസ്സൂപ്രണ്ടായിരുന്നുവെന്നു കുറെ കഴിഞ്ഞപ്പോൾ എനിക്കു മനസ്സിലായി. എന്തായാലും നിരീശ്വരന്മാൎക്കു സ്ഥിരമായി താമസിപ്പാൻ അതൊരു നല്ലദിക്കാണെന്നു എനിക്കു തോന്നി.

പിന്നീട ഞാൻ പോയതു റിമാണ്ടിലേക്കാണ്. ജാമ്യംനില്ക്കാൻ എന്നെ അറിയുന്നവരായി ആരും ഉണ്ടായിരുന്നില്ല. അവിടത്തെ

വാൎഡ്മരെ പണ്ട് എവിടെയോ വെച്ചു കണ്ടിട്ടുള്ളതുപോലെ വളരെ നേരം തോന്നി. ഒടുവിൽ തിരുവിതാംകൂർ പൊല്ലീസ് സൈന്യത്തിലെ ഒരു ഇൻസ്പെക്ടരായിരുന്നു അയാൾ എന്നു എനിക്ക് ഓൎമ്മയുണ്ടായി. വലിയ ഒരു സംസ്ഥാനത്തെ ഒരു പൊല്ലീസ് ഡിവിഷ്യനിലെ ഇൻസ്പെക്ടരായിരുന്ന ഒരാൾക്ക് ഇവിടെ എത്തിവന്നാൽ ഒരു വാൎഡർപണിയെ കിട്ടുകയുള്ളു. പക്ഷെ അതിനും ശിപാൎശിവേണ്ടു. ഇയാളെ എനിക്കു ബാല്യത്തിൽ കണ്ടു പരിചയമുണ്ടായിരുന്നതുകൊണ്ട് അല്പം സൌഹാൎദ്ദം പ്രദൎശിപ്പിക്കേണ്ടതു മൎയ്യാദയായിരിക്കുമെന്നു കരുതി ഞാൻ അയാൾക്കു വലിച്ചൊരു സലാം കൊടുത്തു. അയാൾ സലാം തിരിച്ചുതരുമെന്നും പിന്നത്തെ മാത്രയിൽ എന്റെ കൈപിടിച്ചു കുലുക്കുമെന്നും മറവും ഉദ്ദേശിച്ചുനിന്നിരുന്ന എന്റെ പുറത്ത് അയാൾ ഒരു താഡനത്തെയാണ് തന്നത്. എനിക്കു കാരണം മനസ്സിലായില്ല. സലാംചെയ്യുന്നതു ഇവിടെയൊരു നിന്ദയും പാപവും ആയിട്ടാണത്രെ വിചാരിച്ചുപോരുന്നത്. തന്നിമിത്തം അനവധി പട്ടാണികൾക്കും ധാരാളക്കാൎക്കും ശിഷ്ടുകളിലൊക്കും മറവും പ്രഹരസമ്പാദ്യം ധാരാളം ഉണ്ടായിട്ടുണ്ടെന്ന് എന്നെക്കാൾ സൎവ്വീസുള്ള ഒരു റിമാണ്ടുപുള്ളി പറഞ്ഞു. ഈയവസ്ഥകൾ തമ്മിൽതമ്മിൽ സലാം വെയ്ക്കുന്നതുകൊണ്ട് മുഴുവൻ കൊള്ളാൻപോകുന്ന തല്ലിനു ഒരു കണക്കുവച്ചാൽ നന്നായിരിക്കും. റിമാണ്ടിലിരുന്ന കാലത്തു സുഖഭക്ഷണം ഞങ്ങൾക്കെല്ലാവൎക്കും കിട്ടിയിരുന്നു. വേണമെങ്കിൽ കള്ളവൌച്ചർകൊടുത്തും ഞങ്ങളെ പീഡിപ്പിച്ചും വാൎഡന്മാൎക്കു തന്നെ മുതൽപോക്കു വളരെ പണം സമ്പാദിക്കാം. പക്ഷെ അവർ ആ വകയിൽപ്പെട്ടവരല്ലായിരുന്നു.

റിമാണ്ടിൽനിന്നുള്ള പോക്ക് കോടതിയിലേക്കായിരുന്നു. റിമാണ്ടുപുള്ളികളെ കൊണ്ടുനടക്കുന്നതിന്നു വണ്ടികൾ വെച്ചിട്ടുണ്ട്. പോകുന്നവഴിക്കു വലിയ മരാമത്തുകൾ പലതും നടക്കുന്നതെല്ലാം ഞാൻ കണ്ടു. മരം അനവധി. കല്ല് അസംഖ്യം. കൂലിവേലക്കാർ ലക്ഷോപലക്ഷം. അന്വേഷിച്ചതിൽ ഭൂമിയിൽ എവിടെയോ ഘോരയുദ്ധം നടക്കുന്നതുനിമിത്തം കേസ്സുകൾ വളരെ അധികമാ

ണെന്നും, പള്ളിക്കാരെ പഠിപ്പിക്കാൻ സ്ഥലം ചുരുക്കമാണെന്നും, അതിനെ പരിഹരിപ്പാൻവേണ്ടി പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കുകയാണെന്നും മററും ഞാൻ കേട്ടു. അവിടെ ഒരു കരാററു കീഴ്ക്കരാററം എടുത്താൽ കൊള്ളാമെന്ന് എനിക്കു തോന്നിയത് വിത്തോപാർജ്ജനരക്തികൊണ്ടായിരിക്കാം. ബില്ലുകളിൽ എത്ര സംഖ്യ കഥച്ചാലും എത്ര കക്കശമായി ചെക്ക്മെഷർചെയ്യാലും (സൂപ്രവൈസർമുതലായവർ അളവെടുത്താലും) ദോഷം വരികയില്ലെന്നു കണക്കുകൾ പരിശോധിച്ചു ശീലമുണ്ടായിരുന്ന എനിക്കു തോന്നി. പ്രഹരഭയംകൊണ്ടു പുറത്തേക്കു പറഞ്ഞില്ല.

ഒടുവിൽ കോടതിയിൽ എത്തി. എന്നെയും മററചിലരെയും കൂടി ഒരു കൂട്ടിലാണ് ഇരുത്തിയിരുന്നത്. അവിടെനിന്നു നോക്കിയാൽ കോടതിമുഴുവൻ കാണാമായിരുന്നു. കക്ഷികളേയും സാക്ഷികളേയും മററും കയററിനിൎത്തി വിസ്തരിക്കാനുള്ള കൂട് വേറെയായിരുന്നു. അതിൻെറ സമീപത്തിൽ നിന്നിരുന്ന ആൾ ആരാണെന്നന്വേഷിച്ചതിൽ തീൎത്ഥശാസ്ത്രിയാണെന്നും പണ്ട് ആനയുടെ വയററിൽ ഉരുട്ടുപണിയായിരുന്ന സ്വാമിയുടെ അമ്മാഞ്ചിയാണെന്നും ഞാനറിഞ്ഞു. വക്കീലന്മാരും അവരുടെ ഗുമസ്ഥന്മാരും ധാരാളമുണ്ടായിരുന്നു. പിസ്സു കിട്ടുന്നവർ അവിടെയും ചുരുക്കമെന്നാണ് കേട്ടത്. അടുത്തജന്മത്തിലോ, അതിൻെറ ശേഷമോ, ആവശ്യപ്പെടുമ്പോൾ തന്നുതീൎത്തുകൊള്ളാമെന്നു ശീട്ടെഴുതി വാങ്ങി രശീതി കൊടുക്കുകയാണത്രെ ഇവരുടെ ഇടയിലുള്ള നടവടി. തോല്ക്കുന്ന ഭാഗം വക്കീലിനു കൊടുക്കുന്ന പീസ്സുകൾ എല്ലാം ഈവക ശീട്ടുകൾ പിടിച്ചാണ് കണക്കിൽ കക്ഷികൾ ചിലവെഴുതേണ്ടത് എന്ന് ഒരു കണക്കുസംബന്ധമായ യുക്തി എനിക്ക് അപ്പോൾ തോന്നി.

ഉടനെ ഒരു ഘണഘണഘോഷത്തിന് എൻെറ കണ്ണുപുടങ്ങൾ വിധേയങ്ങളായി. കോടതിയിൽ ഉണ്ടായിരുന്നവരിൽ വളരെപ്പേരും ഉത്ഥാനം ചെയ്തു. കൂട്ടത്തിൽ ഞാനും. ജഡ്ജിയുടെ പുറപ്പാടാണ്. അദ്ദേഹത്തിൻെറ വണ്ടിക്കു കെട്ടിയിരുന്ന മഹിഷന്മാരു

ടെ പീനങ്ങളായും വര്‍ത്തുളങ്ങളായും ഉള്ള സ്കന്ധങ്ങളെ അലങ്കരിച്ചിരുന്ന വിളംബികളായ ഘണ്ടാവലികളുടെ ആലാപമായിരുന്നു ഞാന്‍ കേട്ടത്. ഇദ്ദേഹമാണ് യമധര്‍മ്മരാജാവ് അല്ലെങ്കില്‍ മിസ്റ്റര്‍ കാലന്‍. സായ്‍വ് ആയതുകൊണ്ടാണ് 'മിസ്റ്റര്‍' എന്നു പറഞ്ഞത്. 'കേല്പാന്തകാലോല്‍ക്കടപവനപ്രേരിതപുഷ്കലാവര്‍ത്തകാകാരനായി ക്രൂരദംഷ്ട്രാദികളാലും ഘോരഘോരമുഖങ്ങളാലും മറ്റും ബീഭത്സനായി തമിഴ്നാടകക്കാരുടെ സ്റ്റേജിന്മേല്‍ (രംഗത്തിന്മേല്‍) വരാറുള്ള കോപ്പാണ്ടിയായ കാലന്‍ എവിടെ? ഇദ്ദേഹം എവിടെ? ഇദ്ദേഹം നല്ല യൂറോപ്യന്‍. 'വാലുള്ളവെള്ള' എന്ന് ഇദ്ദേഹത്തെയാണ് പറയേണ്ടത്. ഇന്‍ഡ്യന്‍ സിവില്‍ സര്‍വ്വീസിലുള്ള ഒരു 'വലിയ ധോര'യെപ്പോലെയിരിക്കുന്ന ഇദ്ദേഹത്തെ അപകീര്‍ത്തിപ്പെടുത്തിയ തമിഴ്നാടകക്കാരെ മാര്‍ജ്ജന്യാഗ്രംകൊണ്ട് തല്ലിയാല്‍ മതിയെന്നോ? അവരെ വിസ്തരിക്കുന്നതും ശിക്ഷിക്കുന്നതും കണ്ടു രസിക്കാന്‍വേണ്ടിയെങ്കിലും കുറേക്കാലം അവിടെ താമസിച്ചാല്‍ കൊള്ളാമെന്ന് എനിക്കു തോന്നി.

ജഡ്ജി ആസനാധിരൂഢനായപ്പോള്‍ ഞങ്ങള്‍ എല്ലാവരും ഇരുന്നു. ഉടനെതന്നെ ഹാജര്‍ശിപായി ഹര്‍ജ്ജിക്കാരെ വിളിപ്പാന്‍ തുടങ്ങി. അയാളുടെ സ്വരവും യതിഭംഗങ്ങളും നമ്മുടെ കോടതികളിലും ചിലപ്പോള്‍ ഉണ്ടാവാറുണ്ട്. പടുകിഴവനായ ഇയ്യാള്‍ തലവിറച്ചുംകൊണ്ട് ഹാജര്‍ വിളിക്കുന്നതു കേട്ടാല്‍ ആര്‍ക്കും ചിരിവരും. അര്‍-ജിക്കാ-രഹാ-ജരുണ്ടാ—ജിക്കാ-ഹാ-ജരുണ്ടാ—ഹാജരുണ്ടാ എന്നിങ്ങനെ ക്രമേണ അക്ഷരക്ഷയത്തോടുകൂടിയാണ് അയാള്‍ അയാളുടെ ക്രിയ നടത്തിയത്. കോടതിയെ അലക്ഷ്യമാക്കാത്ത ഒരു ചുമയുടെ ഉള്ളില്‍കൂടിയാണ് ഞാന്‍ ചിരിച്ചത്. പിന്നെ ഒരു വിളികൂടി വിളിച്ചുവെങ്കില്‍ 'ഉണ്ടോ' എന്നു മാത്രമായിപ്പോകുമായിരുന്നു. ഹര്‍ജ്ജിക്കാര്‍ വളരെ പേര്‍ ഉണ്ടായിരുന്നു. ആദ്യം അവര്‍ എല്ലാവരുംകൂടി ഒരു ആട്ടിന്‍കൂട്ടംപോലെ കോടതിയില്‍ കടന്നുവന്നു തിരക്കുകൂട്ടി. അപ്പോള്‍ ജഡ്ജിസ്സായ്‍വ് ദേഷ്യപ്പെട്ട് ശിപായിയോട് 'ഡാംഫൂള്‍' എന്ന് ഇംഗ്ലീഷിലും, ഹര്‍ജ്ജിക്കാരെ 'വേക

തിരിവില്ലാത്ത ഇരപ്പാളികളെ' എന്നു മലയാളത്തിലും പച്ചയായി വിളിച്ചു. പിന്നീടു അവരോടു ഓരോരുത്തരായി വരുവാൻ കല്പിച്ചു. ക്വാട്ടറിന്റെ അവസാനമായതുകൊണ്ടായിരിക്കാം സായ്പവർകൾ ഹാജികൾ ഒന്നും വാങ്ങാതെ അവയെ കൊണ്ടുവന്നവരുടെ നേരെ ദേഷ്യപ്പെട്ടു അവരിൽ ഓരോരുത്തനും അവസ്ഥാനുസരണം പിടിപ്പിച്ച ശകാരം കൊടുത്തുവിട്ടതു്.

ഈ ഘട്ടത്തിൽവെച്ചാണെന്നു തോന്നുന്നു എന്റെ ഇടത്തുഭാഗത്തുണ്ടായിരുന്ന ജനാലയുടെ സമീപത്തു നിന്നു് ഒരു വൃദ്ധകാകൻ കർണ്ണാരുന്തുദമായി കാ, കാ, രവത്തെ പുറപ്പെടുവിച്ചു എന്നെ യമലോകത്തിൽനിന്നു തിരിയെ പുല്ലുപായിലേക്കു തന്നെ കൊണ്ടുപോന്നതു്. യമലോകത്തിലെ കാകയെ എനിക്കു സ്വർഗ്ഗത്തിലെ കട്ടുറുമ്പിനെപ്പോലെയാണു് തോന്നിയതു്.

'നരച്ച കാക്കക്കള്ളന്റെ രോമം പാടെ
ചിരച്ചു വിട്ടീടണം...'

എന്നു പണ്ടു പഞ്ചതന്ത്രക്കാരൻ പറഞ്ഞതു് ഒട്ടും സാഹസമല്ല.

പുത്തേഴത്തു ഗോവിന്ദമേനോൻ, ബി. എ.

---

# കോമുമേനോൻ

(തുടർച്ച)

കാർമേനിവാകമലർ തോററിടുമാറു നല്ല
പൊന്മേനിയുള്ളവർ തൊഴുന്നൊരു പെൺകിടാവിൽ
ജന്മേന വന്നകമുലഞ്ഞു പെരുക്കുമന്പു
ചെമ്മേ നിറഞ്ഞു നിലവിട്ടു വളർന്നുവന്നു.

ഹൻ

ഉൾത്താരിലത്തളിർതൊഴും കുളുർമേനിയാളെ-
യോർത്താടലേററവുമിയന്നു വലഞ്ഞു മേനോൻ
പൊൽത്താരിനുള്ളിലിളകുന്നൊരു തേൻ കഴിക്കാ-
നോർത്താടലാന്നു വലയുന്നൊരു വണ്ടുപോലെ. ൧൦

പെട്ടെന്നു മാന്മിഴി തിരിഞ്ഞുളവായവൾക്കു
മട്ടൊന്നുമാറി, തലതാണവൾ നാണമാന്നു
പൊട്ടെന്നു രാഞ്ചിമിതു കണ്ടിരുവർക്കുമുള്ളം
പൊട്ടുന്ന രണ്ടു കണയാമലരമ്പനെയ്തു. ൧൧

രണ്ടാൾക്കുമുള്ളിളകി, മേനികളങ്ങുമിങ്ങും
കണ്ടാടലൊട്ടകലുവാൻ കൊതിവന്നു വീത്തു
രണ്ടാൾക്കു മാക്കൈതിയിലും വലുതായനാണ-
മുണ്ടായി, കണ്ണിണകൾ മുട്ടിയകന്നു വീണ്ടും. ൧൨

അത്തകമൊക്കുമുടലാളുടനെ കുളിക്കാ-
നോർത്തകലുമക്കവുവിട്ടുഴകോടിറങ്ങി
അത്തവ്വിലായവൾ തൊട്ടൊന്നൊരു നീരിലിന്നു-
മൊത്തങ്ങു ചാടിയവനമ്പൊടകം കുളുത്തു. ൧൩

ആരാവിലായവൾ മണല്പുഴിയെന്നു നാട്ടിൽ
പേരാന്ന വീട്ടിലമരുന്നൊരു മങ്കയെന്നും
ധാരാളമുണ്ടു മുതൽ കാരണവത്തി താൻ താൻ
നേരായ് നടക്കുമവളെന്നു മറിഞ്ഞു മേനോൻ. ൧൪

മെത്തുന്ന മോടിയോടു രാവിലെഴുന്നെഴുന്നു-
ള്ളത്തൊന്നു കാണ്മതിനവൻ പുറമേ വരാതെ
കത്തുന്നൊരുള്ളൊടു കഴിച്ചു മലക്കണത്തി.
കത്തുന്നവന്നു നിനവെപ്പൊഴുതമാന്നുതന്നേ. ൧൫

പിറേറന്നുരാവിലെ യുറക്കമിളച്ച കണ്ണിൽ
പരന്ന മങ്ങലൊടു തോഴരെ വിട്ടുവീട്ടിൽ
തെറെറന്നു മേനവനണഞ്ഞു, വിടാതെ കൂടെ-
ത്തെറെറന്നിയേ പൂമലർക്കണയും തുടർന്നു, ൧൬

അപ്പെണ്ണൊടിക്കൂടിയ നന്മകളോർത്തു രാവിൽ
കെല്പേറിയേ മിഴികൾ പോളകൾ തൊട്ടിടാതെ
ഉൾപ്പൂപ്പാറിട്ടന്നൊരശ്ലോകവളെന്തു ചെയ്യാൽ
കല്പുറവമെന്നു പുലരുംവരെയോർത്തു പാർത്തു. ൧൭

ചൊല്ലുന്നോ ചുണ്ടു വരളും നെടുവീർപ്പുറക്ക-
മില്ലാതെ തേങ്ങലിയലും മിഴി പൂക്കണൊത്തി
വല്ലാതെ വാട്ടമുടലെന്നിവ കോമമേനോ-
നെല്ലാം തികഞ്ഞു മലരമ്പിനൊഴും കരുത്താൽ. ൧൮

ചങ്ങാതിമാരൊടൊരുമിച്ചു ചിരിച്ചു തെല്ലും
ങ്ങൊളുടൻ വെടി തകർപ്പൊരു കോമമേനോൻ
ഇങ്ങൊന്നു പോയതു പുറത്തു വരാതെയെന്നു
ചങ്ങാതിമാർ പലതുമോർത്തു മലച്ചിരുന്നു. ൧൯

ഊണില്ല, രാവിലൊരുനാളുമുറക്കമില്ല,
കാണില്ല നാനാകമിണങ്ങിയ തോഴരേയും
കാണില്ല മേനാവനെയൊട്ടുപുറത്തിതെന്തെ-
ന്നാണില്ലൊരാൾക്കുമറിവിങ്ങിനെയായി മേനോൻ. ൨൦

ഈ മട്ടു തോഴനാകമാടി വലഞ്ഞു പണ്ടു-
ള്ളാമട്ടു മാറിവരുവാൻ വഴിയെന്തു പാർത്താൽ
നാമൊട്ടുനേരത്തറിയണം മടിയാതെകണ്ടെ-
ന്നീമട്ടു തങ്കരളിൽ മങ്കുഴിയൊരുവോർത്തു. ൨൧

ആ രാരുനായരുടെ നന്മ പറഞ്ഞു തീൎക്കാ-
നാരാലുമായിട്ടുകയില്ലുളവില്ല പാൎത്താൽ
ഘോരമായി മേനവനൊടിത്ര കൊഴുത്ത തോഴ-
ന്മാരാരുമില്ലുടലുരണ്ടുയിരൊന്നുതന്നെ ൩൨

വണ്ടാറണിക്കുഴലിയാളെ യകക്കരുന്നിൽ
കൊണ്ടാടി മാറു നിനവറെറാരു മെത്തയിന്മേൽ
മിണ്ടാതെ താടിയതിൽ വെച്ചൊരു കയ്യോടൊത്തും
കൊണ്ടാണിരുന്നതഴലേറിയ കോമുമേനോൻ ൩൩

തന്തോഴനെത്തിയതു തെല്ലുമറിഞ്ഞിടാതെ
യെന്തോ മലച്ചപടി മേനവനാഞ്ഞിരിക്കെ
'എന്താണിതെന്തു നിലയാണഴലാൎന്നുമട്ടി-
ങ്ങെന്താണിതെ'ന്നരുളിയമ്പൊടു രാരുനായർ ൩൪

അല്ലും, വത്രു, വളരെ നാളിടയായി കണ്ടി-
ട്ടില്ലും പെരുത്തൊരഴലെങ്കിലുമുണ്ടു ചൊല്ലാൻ
വല്ലാതെ നാണമുളവായി വരുന്നു ചൊല്ലാ-
നില്ലാ കരുത്തു കരളാടിയെരിഞ്ഞിടുന്നു'. ൩൫

ഈ നാണമെന്തിനു ഇനി പറഞ്ഞുവെന്നാം-
ലീനാമതിനു വഴി വല്ലതുമിന്നു കാണാം
താനായ് നിനച്ചു തലകാഞ്ഞു തളൎന്നിടേണ്ടാ
ഞാനായവന്നുമഴലാറുവതിന്നൊരുങ്ങാം'. ൩൬

'ഓരോതരം പറയുമുണ്ടു നമുക്കു തോഴ-
ന്മാരേകിലെങ്കിലുമതൊന്നുമിവന്നുമില്ല
നേരോതിടാം കരളെരിച്ചിടുമാതൻ വേറി-
ട്ടാരോടു ഞാൻ പറയുമങ്ങൊഴിയെ വിട്ടു, കേൾക്ക'. ൩൭

'തേങ്കുന്ന മാലകമിണങ്ങിയ തോഴരൊത്തു
പങ്കുന്നതാകിൽ വളരെക്കുറവാകുമല്ലോ
എൻ കുട്ട ചൊല്ലുക മലക്കണ പൂണ്ടവൻെറ
കണ്ണെത്തിതെന്നു പറയാൻ വഴിയുണ്ടുനേരോ?' ൩൮

'നേരാണ്, പൂക്കണകളേററവുമേററ വാശ്ശു-
ന്നോരാടലാൎന്നു കരൾവാടി വരണ്ടിടുന്നു
ആരാവുതെറ്റിതുവരക്കുമുറക്കമേതും
ചേരാതെ വാട്ടമുടലും തളരുന്നു പാരം ൩൯

'അക്കാവ്യതൊട്ടൊരു മണല്ലൂഴി വീട്ടിലുള്ളോ-
രിക്കാവ്യൊടൊത്തമരുവാൻ തരമായിടാഞ്ഞാൽ
നില്ലാതെ ഞാനുയിരുവിട്ടിടുമിങ്ങൊരത്തൽ
തീക്കാനിനിക്കു തുണയോൎക്കുകിൽ നിങ്ങൾതന്നെ' ൪൦

'അത്തല്പെടേണ്ട പിഴയാതിതു നേരെയാക്കാ-
മത്തന്വിയോടുമൊരു വഴികണ്ടു പിടിച്ചിടാം ഞാൻ
താൎത്തൻ തെല്ലുന മൊഴിയാളൊടു ചേൎന്നു തോഴർ
പാൎത്തിടുമാറു പണിചെയ്യുവനില്ലമാന്തം'. ൪൧

ഇത്ഥമുരച്ചു നടകൊണ്ടവിടുന്നു രാരു
തന്വംഗി നായികയൊടു ചൊന്നറിയിച്ചിതെല്ലാം
അന്യോന്യമാർന്ന പല നർമ്മകഥകളാൎത്തു മുഗ്ദ്ധ-
യമ്മയ്ക്കു കുറവനിലൊററവുമുണ്ടു പണ്ടേ. ൪൨

പി. ജി. രാമയ്യൻ, ബി. എ. ബി. എൽ.

# വിക്രമോൎവ്വശീയസാരം

'വികാരഹേതൌ സതി വിക്രിയന്തേ യേഷാം ന ചേതാംസി ത എവ ധീരാഃ' എന്നു കാളിദാസൻ പറഞ്ഞതിനെ ഈ പ്രസംഗത്തിലോൎത്താൽ നന്നായിരിക്കും. പതിമൂന്ന്, തന്റെ രക്ഷിതാവായ സ്വാമിക്കു ഭക്തികൊണ്ടു പ്രസാദവും അഭക്തികൊണ്ടു കോപവും ഉണ്ടാകുന്നതുകൊണ്ടും സ്വാമിഭക്തൻ ഇഹപരലോകങ്ങളിൽ സമ്മാന്യനും അഭക്തൻ അസമ്മാന്യനും ആകകൊണ്ടും എല്ലാവരും സ്വാമിഭക്തന്മാരായിത്തന്നെ ഇരിക്കേണം. പതിനാല്, പ്രഭുക്കന്മാരുടെ കാൎയ്യത്തിനുവേണ്ടി സൎവ്വസ്വവും പ്രാണനും ഉപേക്ഷിപ്പാൻ മടിയില്ലാത്ത ഭൃത്യന്മാരെ ധിക്കരിക്കുന്ന പ്രഭുക്കന്മാൎക്കു വലുതായ ദുഷ്കീൎത്തിയും അനൎത്ഥവും സംഭവിപ്പാനെളുപ്പമുള്ളതാകയാൽ പ്രഭുക്കന്മാരെല്ലാം ഭൃത്യപ്രിയന്മാരായിത്തന്നെയിരിക്കേണം. പതിനഞ്ച്, സൂക്ഷ്മത്തോളമാലോചിക്കുമ്പോൾ ഒരു വസ്തുവും നിഷ്ഫലമായിട്ടില്ല. മലിനമാക്കുന്നതുകൊണ്ടു, ദേഹപ്രാണോപദ്രവങ്ങളെച്ചെയ്യുന്നതുകൊണ്ടും, സൎവ്വജനങ്ങളും വൎജ്ജിക്കുന്ന ചളിയും, മുള്ളും, സവിഷദ്രവ്യങ്ങളും, മറ്റും വളത്തിന്നും വേലിക്കും മരുന്നിന്നും നാം ഉപയോഗിച്ചുവരുന്നുണ്ടല്ലൊ. അതുപോലെതന്നെ എല്ലാ കൎമ്മങ്ങളുടേയും എല്ലാ പുരുഷന്മാരുടേയും സ്വഭാവം സൂക്ഷ്മമായി ആലോചിക്കുമ്പോൾ ഒരു പുരുഷനും എതെങ്കിലും ഒരു കൎമ്മത്തിൽ യോഗ്യനാവാതിരിക്കയില്ല. അതു കണ്ടുപിടിപ്പാൻ പ്രയാസമെന്നു മാത്രമേയുള്ളൂ. അതിനാൽ ആജ്ഞാപിക്കുന്നവരെല്ലാം കൎമ്മസിദ്ധിക്കുവേണ്ടി അതാതു കൎമ്മങ്ങളുടെയും, പുരുഷന്മാരുടെയും തത്വം അറിഞ്ഞിരിക്കേണം. 'ജഗത്യേവമനൌഷധം ന കിഞ്ചിദസ്തി ദ്രവ്യം' എന്ന വാഗ്ഭടാചാൎയ്യരുടേയും, 'അമന്ത്രമക്ഷരം നാസ്തി നാസ്തിമൂലമനൌഷധം അയോഗ്യഃ പുരുഷോ നാസ്തി യോജകസ്തത്ര ദുൎല്ലഭഃ' എന്ന ശുക്രമഹൎഷിയുടേയും, വാക്കുകളെ ഓൎത്താൽ നന്നായിരിക്കും. സത്യമായ ഈശ്വരതത്വത്തിന്റെ മൂലം സൎവ്വബലോൽകൃഷ്ടവും ഫലം

സൎവ്വസുഖവുമാണെന്നു പ്രസിദ്ധമാണല്ലൊ. അതിനാൽ ജനങ്ങൾ ഈശ്വരത്വത്തെ യഥാസ്ഥാനത്തിലാക്കുവാൻ പ്രയത്നംചെയ്യേണം. സകലപുരാണങ്ങളും ഭാൎയ്യക്ക് ആവുന്നേടത്തോളം ഗുണങ്ങളെ ഉണ്ടാക്കുകയും ദോഷങ്ങളെ നിവൎത്തിപ്പിപ്പാൻ പ്രയത്നം ചെയ്കയും തിരെ ദുഷ്ടരായ സ്ത്രീകളെ ബഹിഷ്കരിക്കാതിരിക്കയും വേണം. ഈ ഘട്ടത്തിൽ, തന്റെ ഭൎത്താവായ സത്യവാനെ മൃത്യുഭയത്തിൽനിന്നു രക്ഷിച്ച സാവിത്രിയുടെ മാഹാത്മ്യത്തെയും, അന്യാകൃതയായ അംബയെ സ്വീകരിക്കാതിരിപ്പാൻവേണ്ടി അതിപരാക്രമശാലിയും ജ്ഞാനതപോവൃദ്ധനും തന്റെ ആചാൎയ്യനുമായ സാക്ഷാൽ ശ്രീപരശുരാമമഹൎഷിയോടു യുദ്ധംചെയ്തു ഭീഷ്മരുടെ ചരിത്രത്തെയും

ശസ്ത്രേണ വേണീ വിനിഗ്രഹിതേന
വിദൂരഥം സ്വാമഹിഷീ ജഘാന
വിഷപ്രദിഗ്ധേന ച നൂപുരേണ
ദേവീ വിരക്താ കില കാശിരാജം.

എന്ന വരാഹമിഹിരവാക്യത്തേയും മറക്കാതിരിക്കേണ്ടതാണ്, പതിനാറ്, ദൈവമെന്നൊരു വസ്തുവുണ്ടെന്നു നാം വിശ്വസിപ്പാനുള്ള കാരണത്തേയും മറ്റും ഒരുവിധം ചുരുക്കി കഥാസാരവിവരണഘട്ടത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. ഇവിടെ ദൈവാനുകൂല്യമെന്ന ഗുണത്തിന്റെ ഹേതുവായ ദൈവവിശ്വാസത്തെ ഉപയോഗിക്കേണ്ടുന്ന സമ്പ്രദായം കാണിക്കുന്നു. ഒരു വകതിരിവില്ലാതെ വൎദ്ധിച്ച ദൈവവിശ്വാസംകൊണ്ടു ദൈവമെന്നുതന്നെ നമുക്കു ശുഭാശുഭഫലം തരുന്നു. പുരുഷപ്രയത്നമെല്ലാം നിഷ്ഫലമാകുന്നു എന്നുറച്ച് ഉടൻ ഫലപ്രദങ്ങളായ വിദ്യാഭ്യാസം, കൃഷി, കച്ചോടം തുടങ്ങിയ കൎമ്മങ്ങളെ ആരും ഉപേക്ഷിക്കരുത്. ഫലപ്രാപ്തിക്കെളുപ്പവും മറ്റുമുണ്ടാകുവാൻ 'ഇപ്പോൾ ന്യായമായി പ്രവൎത്തിക്കണം' എന്നു പലക്കും പലപ്പോഴുമുണ്ടാകുന്ന ബുദ്ധിയെ തടുക്കുകയാകുന്നു ദൈവവിശ്വാസംകൊണ്ടുള്ള മുഖ്യകൎമ്മം. ഫലസിദ്ധിക്കു പുരുഷപ്രയത്നം മാത്രം പോരാ ദൈവസഹായം കാരണമാണ്. അതിനാൽ ഞാനിപ്പോൾ അന്യായമായി ചെയ്താൽ അപവാദാദിദോഷങ്ങൾ മാത്രമുണ്ടാകയും

ഫലം സിദ്ധിക്കാതെ അവസാനിക്കുകയും ചെയ്യു എന്നു വരാം. അതു കൊണ്ടു ഞാനൊരിക്കലും അന്യായമായി പ്രവൎത്തിക്കയില്ല എന്ന ബുദ്ധിയെയാണ് ദൈവവിശ്വാസംകൊണ്ടു നമുക്കുണ്ടാകേണ്ടത്. ഇതിനെത്തന്നെ ഉദ്ദേശിച്ചിട്ടാകുന്നു ഭൎത്തൃഹരി 'എന്തുവന്നാലും പേടിയാലും വേണ്ടില്ല ധീരന്മാർ ന്യായമാൎഗ്ഗത്തിങ്കൽനിന്നിളകില്ലെന്ന ൎത്ഥമായ

> 'നിന്ദന്തു നീതി നിപുണായ ദിവാസ്തുവന്തു
> ലക്ഷ്മീസ്സമാവിശതു ഗച്ഛതു വാ യഥേഷ്ടം
> അദ്യൈവ വാ മരണമസ്തു യുഗാന്തരേ വാ
> ന്യായ്യാൽ പഥഃ പ്രവിചലന്തി പദാം ന ധീരാഃ

എന്ന ശ്ലോകത്തിന്റെ ശേഷംതന്നെ ദൈവപ്രകരണത്തെ ആരംഭിച്ചത്. അതുകൊണ്ട് ദൈവാനുകൂല്യമെന്ന വലുതായ ഗുണത്തെ സമ്പാദിപ്പാൻവേണ്ടി എല്ലാവരും അപ്രവൃത്തിയേയും ദുഷ്പ്രവൃത്തിയേയും തീരെ ത്യജിച്ച് സൽപ്രവൃത്തിയെ ചെയ്യേണമെന്നാകുന്നു എല്ലാംകൊണ്ടും വന്നുകൂടിയത്. പതിനേഴ്, ലോകത്തിലാൎക്കും സന്തതിയില്ലെങ്കിലും സന്തതികൾ ഗുണങ്ങളൊന്നുമില്ലെങ്കിലും ലോകം മുഴുവനും നാശിച്ചുകൂട്ടത്തിലായിത്തീരുമെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ സൎവ്വജനങ്ങളും നല്ല സന്തതിയെ സമ്പാദിപ്പാൻ ശ്രമിക്കണം. പതിനെട്ട്, ന്യായമായ പരോപകാരികൾക്കെല്ലാകാലംതന്നെ കൃതകൃത്യതാസുഖവും പരലോകസുഖസാധകമായ വലിയ പുണ്യവുമുണ്ടാകുന്നതിനു പുറമേ ഇഹലോകത്തിൽ സൎവ്വജനങ്ങളും പുരൂരവസ്സുരാജാവിന്ന് ഇന്ദ്രാദികൾ എന്നപോലെ ബന്ധുക്കളായിത്തീരും. അതുകൊണ്ട് ആവുന്നേടത്തോളം ന്യായമായി പരോപകാരം ചെയ്യേണ്ടതാണ്.

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

# വൃത്തമഞ്ജരി

അസ്ഥിവാരം കൂടാതെ വീടു കെട്ടുന്നതുപോലെയാണ് വ്യാകരണം കൂടാതെ ഗ്രന്ഥനിൎമ്മാണം ചെയ്യുന്നതു്. എന്നാൽ കേരളത്തിൽ കുറെക്കാലം ഇതിന്റെ അടിപക്ഷത്തുകൂടെത്തന്നെ ഭാഷാശില്പികൾ പണിപ്പെട്ടുകൾ ചെയ്യുവാനിടവന്നതു് മുൻകാലത്തുള്ളവരുടെ വിശേഷപ്രയോഗവൎഷമില്ലാതിരുന്നതുകൊണ്ടായിരിക്കാമെങ്കിലും കാലാന്തരത്തിൽ അതിവൎഷം, ഇങ്ങിനെയിപ്പോൾ അസ്ഥിവാരമില്ലാഞ്ഞിട്ടുള്ള കോട്ടം ഭാഷാവധുക്കൾ നല്ലവണ്ണം അനുഭവിച്ചുതുടങ്ങി. ശിഥിലപ്രായങ്ങളായി കിടക്കുന്ന മലയാളവ്യാകരണഗ്രന്ഥങ്ങൾ വിളങ്ങുന്നുണ്ടെങ്കിലും കേരളപാണിനീയത്തിന്റെ ആവിൎഭാവത്തോടുകൂടിയാണ് ഭാഷാവ്യാകരണം ശാസ്ത്രരീതിയിലായതു്. അതുപോലെതന്നെ അലങ്കാരങ്ങളിൽ പ്രതിപത്തി കുറഞ്ഞുവരുന്ന ഇക്കാലത്തു് 'ഭാഷാഭൂഷണം' മാത്രമാണ് കേരളസാഹിത്യത്തിനു് ഒരു ഭൂഷണമായി തീൎന്നിട്ടുള്ളതു്. ഈ രണ്ടു ഗ്രന്ഥങ്ങളും നിൎമ്മിച്ചിട്ടുള്ള മഹാപണ്ഡിതൻ വൃത്തശാസ്ത്രത്തിൽ കൈവയ്ക്കുവാൻ ഭാവമുണ്ടെന്നു കേട്ടപ്പോൾതന്നെ ഞങ്ങൾക്കു സമാധാനമായി. വൃത്തമഞ്ജരി പുറത്തുവന്നപ്പോൾ ആഗ്രഹത്തിന്നടുത്ത തൃപ്തിയുണ്ടായി എന്നല്ല, വിചാരിച്ചതിലധികം സന്തോഷമാണുണ്ടായതു്.

ഇതിൽ കേരളപാണിനീയത്തിലെപ്പോലെ ശ്രവണമാത്രത്തിൽ ദുൎഗ്രാഹ്യങ്ങളെന്നു തോന്നുന്ന സൂത്രങ്ങളെക്കൊണ്ടല്ല ലക്ഷണങ്ങൾ ചെയ്തിട്ടുള്ളതു്. ഭാഷാഭൂഷണത്തിലെക്കാളും ലളിതങ്ങളായ കാരികാശ്ലോകങ്ങളെക്കൊണ്ടാണ്. ഉദാഹരണശ്ലോകങ്ങൾ ഭാഷാഭൂഷണത്തിലെപ്പോലെ സരസമധുരങ്ങളും, വ്യാഖ്യാനത്തിലെ വാചകരീതി ലളിതലളിതമായിരിക്കുന്നു. പാണിനീയത്തിലെ വാചകത്തിന്റെ കാഠിന്യവും ഭൂഷണത്തിലെ വാചകത്തിന്റെ ഗാംഭീൎയ്യവും, മഞ്ജരിയിലെ വാചകത്തിന്റെ മാൎദ്ദവവും വായിച്ചു നോക്കുന്നവൎക്കറിയാമെന്നു മാത്രമേ ഞങ്ങളിപ്പോൾ പറയുന്നുള്ളു. രാജരാജ

വൎമ്മകോയിത്തമ്പുരാൻ തിരുമനസ്സിലെ ഗദ്യങ്ങൾക്കു പദ്യങ്ങളെ"പ്പോലെ സൌകുമാൎയ്യമില്ലെന്നു പറയുന്നവരുണ്ടെങ്കിൽ അവർ മഞ്ജരികണ്ടാൽ തൃപ്തിപ്പെടാതിരിക്കയില്ല.

ഈ മഞ്ജരി, പരിഭാഷാപ്രകരണം, സമവൃത്തപ്രകരണം എന്നു തുടങ്ങി ഒമ്പതു പ്രകരണങ്ങളായി വേൎതിരിക്കപ്പെട്ടിരിക്കുന്നു. പരിഭാഷാപ്രകരണത്തിൽ വൃത്തമെന്നാലിന്നതെന്നും ഛന്ദസ്സെന്നാലിന്നതെന്നും ഉക്ത, അത്യുക്ത, മുതലായ ഛന്ദസ്സുകളുടെ പേരുകളും, അക്ഷരങ്ങൾ, മാത്രകൾ, ഗുരുലഘുക്കൾ, ഗണങ്ങൾ, ഇവയുടെ സ്വരൂപങ്ങളും കാണിച്ചിട്ടുള്ളതിനു പുറമെ സംസ്കൃതത്തിൽ നിന്നു വ്യത്യാസമായിട്ടു ഭാഷയിൽ ചില ഗുരുലഘുനിയമങ്ങളുള്ളത് എടുത്തു കാണിച്ചിട്ടുമുണ്ട്. ചില്ലുകളും (അതായത്: ൽ, ൾ, ർ, ൻ, ൺ.) കൂട്ടക്ഷരങ്ങളും പരമായി നില്ക്കുന്ന ഹ്രസ്വത്തിനു ഗുരുത്വം മേൽപറഞ്ഞവയ്ക്കു തീവ്രയത്നോച്ചാരണമുണ്ടെങ്കിൽ മാത്രമേ ഉള്ളു എന്നാകുന്നു വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഉറപ്പിക്കാതെ ശിഥിലമായി ഉച്ചരിക്കുന്ന ദിക്കുകളിൽ ഹ്രസ്വം ലഘുവായിത്തന്നെയിരിക്കുള്ളു എന്നു താല്പൎയ്യം. ഈ വിഷയത്തിൽ ചില്ലുകളെ സംബന്ധിച്ചേടത്തോളം തീവ്രയത്നോച്ചാരണത്തിനു വ്യവസ്ഥചെയ്തിട്ടുള്ളതു കേരളപാണിനീയത്തെ അടിസ്ഥാനമാക്കിക്കൊണ്ടാകുന്നു. അ വ്യവസ്ഥയിൽ ഞങ്ങൾക്ക് അഭിപ്രായഭേദമുണ്ട്. 'മട്ടലർ, ശരമാകിയ മാരനെ' എന്നു ദ്രുതവിളംബിതവൃത്തത്തിൽ പ്രയോഗിക്കുന്നതായാൽ 'ലർ, ശ' എന്ന ദിക്കിൽ തീവ്രയത്നോച്ചാരണം കൂടാതെ കഴിയില്ല. അതു ഭംഗിയെന്നു വിചാരിപ്പാനും വയ്യ, എന്നാണ് ഞങ്ങളുടെ അഭിപ്രായം. ഭാഷാഭൂഷണത്തിൽ ഈ ഗ്രന്ഥകാരൻ തന്നെ ഞങ്ങളുടെ അഭിപ്രായത്തോടുകൂടി യോജിച്ചിട്ടുണ്ട്. 'കണ്ടുപ്രകാരം' എന്ന പ്രയോഗത്തിൽ 'പ്ര' എന്നതിന്റെ മുമ്പിൽ നില്ക്കുന്ന 'ടു'കാരത്തിനു ഗുരുത്വം കൊടുക്കുന്നതു കണ്ടാൽപ്പലരും നെററി ചുളിക്കുന്ന ചിലരുണ്ടായേക്കാം. അവരുടെ ആ വൈരസ്യം ഭാഷാസ്വരൂപജ്ഞാനം പോരാഞ്ഞിട്ടുതന്നെയാകുന്നെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്. സകലപ്രാകൃതഭാഷകളിലും ചിലപ്പോ

ലം സംസ്കൃതത്തിൽതന്നേയും ഈ ശിഥിലപ്രയത്നോച്ചാരണംകൊണ്ടു ലാഘവം കിട്ടുന്നതു ഭാഷാസ്വഭാവമാണെന്നു മനസ്സുവെച്ചുനോക്കിയാൽ നിഷ്പക്ഷപാതികൾക്കറിയാവുന്നതാണ്.

നൃപതി-ജയിക്ക- യശസ്വീ-
ഭാസുര-താരുണ്യ-രാഗവാൻ-സതതം
മാലന്യെ-എന്നുമുറ-
ക്കെട്ടുഗണത്തിനുമത്രദൃഷ്ടാന്തം.

ഇങ്ങിനെ ഭംഗിയിൽ ഒരു പദ്യംകൊണ്ട് ഗണങ്ങളുടെ പേരും സ്വരൂപവും കാണിച്ചിരിക്കുന്നതു വളരെ നന്നായിരിക്കുന്നു. ഗുരുലഘുക്കളെ തിരിച്ചറിവാനുള്ള ചിഹ്നങ്ങൾ കൊടുത്തിട്ടുള്ളതും ഉചിതമായിട്ടുണ്ട്.

'പാദത്തിൽ ററക്കുറവോ നിയമങ്ങൾക്കു ഭേദമോ
വരുന്ന മററു വൃത്തങ്ങളെല്ലാം ഗാഥയിലുൾപ്പെടും.'

ഈ ഗാഥാവൃത്തം മലയാളഭാഷയിൽ അപൂൎവ്വമാണെങ്കിലും വേദപുരാണങ്ങളിൽ സാധാരണയാണ്. സംസ്കൃതത്തിനും മലയാളത്തിനും സാമാന്യമായ വൃത്തങ്ങളെ വിവരിച്ചിട്ടുള്ള പ്രകരണങ്ങളിൽകൂടി രസമാകുംവണ്ണം സഞ്ചരിച്ചു മലയാളവൃത്തപ്രകരണത്തിൽ പ്രവേശിക്കുമ്പോഴാണ് ഈ വൃത്തശാസ്ത്രപണ്ഡിതൻെറ അറിവും പ്രയത്നവും ഏററവും പ്രകാശിച്ചു കാണുന്നത്.

'പ്രായേണ ഭാഷാവൃത്തങ്ങൾ തമിഴിൻെറ വഴിക്കുതാൻ
അതിനാൽ ഗാനരീതിക്കു ചേരുമീരടിയാണിഹ
അധികാംശം കാണുകില്ല നില്ക്കയും വേണ്ടഭേദവും
വ്യവസ്ഥയെല്ലാം ശിഥിലം പ്രമാണം ഗാനരീതിതാൻ
മാത്രക്കു നിയമം കാണും ഗാനം താളത്തിനൊക്കുകിൽ
ഇല്ലെങ്കിൽവൎണ്ണസംഖ്യക്കു നിയമം മിക്ക ദിക്കിലും
ഗുരുവാക്കാമിച്ഛപോലെ പാടിനീട്ടി ലഘുക്കളെ
അതുപോലിഹ ദീൎഘത്തെ കുറക്കുന്നതപൂൎവമാം'

ഇങ്ങിനെ പരിഭാഷയോടുകൂടി ആരംഭിക്കുന്ന പ്രകരണത്തിൽ മലയാളഭാഷാവൃത്തങ്ങൾക്കൊരു ഛന്ദശ്ശാസ്ത്രം കല്പിക്കുന്നതിലാണ്

നമ്മുടെ ഗ്രന്ഥകാരൻ പൂൎവ്വവൃത്തശാസ്ത്രകാരന്മാരെ അതിശയിച്ചു നില്ക്കുന്നത്. മലയാളവൃത്തഭേദങ്ങൾ സകലതും തേടി കണ്ടുപിടിച്ച് അതിനെല്ലാം ലക്ഷണസമന്വയം ചെയ്തിട്ടുള്ളതോൎക്കുമ്പോൾ മലയാളികൾക്ക് അവിടത്തോടുള്ള കടപ്പാട് ഇത്രമാത്രമെന്നു നിൎണ്ണയിച്ചുകൂടാ.

വൃത്തങ്ങളുടെ ലക്ഷ്യലക്ഷണങ്ങൾ ഒന്നിച്ചുചേൎത്ത് ഉദാഹരിച്ചിട്ടുള്ള ശ്ലോകങ്ങളിൽ 'അതിരുചിരം' വൃത്തത്തിന്റെ ഉദാഹരണം:

സരസ്വതിന്ന്യതി രുചിരാംഗി ഭാസുരേ
സുരാസുരപ്രവരകിരീടകോടിയിൽ
'ഉരുമ്മിടുംതവ' കഴൽ രണ്ടു മാദരാൽ
'സ്മരിച്ചുഞാനിഹ' ദിവസേന കൈതൊഴാം.'

എന്നോ മററോ വേണ്ടതായിരിക്കെ ഉത്തരാൎദ്ധം;

ഉരസുന്ന നിന്റെ കഴൽ രണ്ടുമാദരാൽ
ശിരസാ നമിച്ചു ദിവസേന കൈതൊഴാം,

എന്നു മംഗളഭാഷിണിയിൽ ആയിപ്പോയിട്ടുള്ള ലേഖകപ്രമാദം വരുംപതിപ്പിൽ തീൎത്തുകാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

---

# പൂവഴക്ക

---

നല്ലോരു ഗന്ധമധുരങ്ങളിവററിനോടു
ത്തുല്യത്വമുണ്ടു മമ നീയതു കേട്ടതില്ലേ?
ചൊല്ലാൎന്നിടുന്ന വദനത്തിനു താഴെ ഞാനോ
ചെല്ലുന്നതില്ല സമതയ്ക്കതു നിന്ദ്യമല്ലോ. 14

അൻപാൎന്നൊരിക്കൽ വിലസീടുകിലന്നു നിന്റെ
വൻപാകവേ തളരുമാശു നശിച്ചിടും നീ,
ഇമ്പം കലൎന്നു വിലസീട്ടലസാതെ ഞാനോ
കുമ്പുന്നു വീണ്ടുമതുപോലെ പലനാൾ വസിക്കും. 15

ശീലം സദാ ചാപലമായ ജനങ്ങളേറെ-
ക്കാലം വസിക്കുകിലുമായതു നിന്ദ്യമത്രേ;
ശീലത്തിൽ നിശ്ചലതയുള്ളവരല്പമാത്രം
കാലം വസിക്കിലുമതാണഭിനന്ദനീയം. 16

പാലാഴിതന്നിലമരും ജഗദീശനേറ്റം
ലീലാരസാ കരുതിയെന്നെയമന്ദശോഭം
ചേലാർന്ന പാണിയതിൽ വച്ചലമോമനിച്ചേൻ-
ശ്രീ ലാളനേ കുതുകിയായ് മരുവന്നുവല്ലോ. 17

കൈശികമെന്നു കവരാതെ കരുതേണ്ടതെല്ലാം,
നിൻകേളിയൊക്കെ വഴിപോലറിയുന്നു ഞാനും;
പങ്കം ജനിച്ചതു നിമിത്തമഹോ! നിനക്കു
പങ്കേരുഹാഖ്യ ജന്മമിങ്ങരുളുന്നതില്ലേ? 18

ഉണ്ടായിടുന്നു വലുതായ ഗുണങ്ങളെന്നാ-
ലുണ്ടായ ദിക്കു തിരയുന്നതയുക്തമത്രേ;
ഉണ്ടായി ധീവരമഹേളയിലൊന്നമലം-
മുണ്ടാകുമോ മറ പകുത്ത മുനിക്കു ദോഷം? 19

എന്നാകിലും നിയതകാരണധർമ്മമോർത്താൽ
നന്നായി നില്ലുമിഹ കാര്യമതിങ്കൽ നൂനം;
മന്നിൽ ജലാശയസമുത്ഭവനാം നിനക്കു
ചിന്നുന്ന നീചഗതിയെങ്ങിനെ വിട്ടുമാറും? 20

ലോകാവലിക്കൊരു വിളക്കിനു തുല്യമായി-
ട്ടാകാശദേശമതിൽ വാണരുളുന്ന സൂര്യൻ
ഏകാന്തമാം പ്രണയമാർന്നൊരു ബന്ധുവായി-
ട്ടേകുന്നു സാദരമെനിക്കു കരത്തെ നിത്യം. 21

ചെന്താർശരാരിഭഗവാന്റെ ശിരസ്സിലേറി-
ച്ചന്തം കലർന്നു മരുവും ശശി വൈരമോടെ
അന്തിക്കണഞ്ഞു സുരരാം കരതാഡനത്താൽ
സന്താപമങ്ങരുളിടുന്നതുമോർക്കണം നീ. 22

ഭേഷായിതേഷണി, യവനുദയം വരുമ്പോളം
ദോഷാഗമം കരുതി ഞാനിഹ കണ്ണടയ്ക്കും;
ദോഷാകരൻ ജളനകത്തു കളങ്കമുള്ളോൻ
തോഷാലുദിപ്പതു ജഗത്തിനു ദോഷമല്ലോ. 23

ആമോദമേറ്റമരുളുന്ന മദീയമായോ-
രാമോദമുള്ള ഹിമവാരിയണിഞ്ഞു മെയ്യിൽ
കാമം നിജം സഫലമെന്നു തെളിഞ്ഞു ലോക-
ർസ്സമം നിരന്തരസുഖം കലരുന്നുവല്ലോ. 24

ഇല്ലാതെയാക്കിയിഹ ചൂടു, തണുപ്പു ദേഹ-
ത്തെല്ലാടവും സപദി ചേർത്തു മനസ്സിൽ മോദം
വല്ലാതെ നൽകിടുമൊരപ്പനിനീരതിങ്ക-
ലുല്ലാസമുള്ളവരഹോ! ബഹുയോഗ്യരത്രേ. 25

നല്ലർത്ഥമുള്ളൊരു പദത്തെയെടുത്തതിങ്കൽ
വെല്ലാത്തൊരർത്ഥമുളവാക്കി ഹസിപ്പതേതും
കല്യത്വമല്ലുചിതമാം പൊരുളോർത്തു കണ്ടാൽ
തുല്യത്വമില്ല ദൃഢമെന്നൊടു തേ ഗുണത്തിൽ. 26

ശ്രീവാസുദേവനുടെ നാഭിയിലുത്ഭവിച്ചോ-
രീ വാരിജത്തിനു ദൃഢം സുമരാജഭാവം;
നീ വാശിയെന്തിനു പിടിച്ചുഴലുന്നിവണ്ണം?
ദേവാംശസംഭവതയാണിഹ രാജചിഹ്നം. 27

കെ. സി. കേശവപിള്ള.

# സൃഷ്ടിവിശേഷങ്ങൾ

## (മാംസഭോജികളായ ചെടികൾ)

ജീവികളെക്കൊണ്ടുള്ള ഉപജീവനം പലജാതി ജംഗമങ്ങൾക്കുണ്ടെന്നല്ലാതെ കേവലം സ്ഥാവരങ്ങളിൽപ്പെട്ട വൃക്ഷലതാദികൾക്കുമുണ്ടെന്നുള്ള വസ്തുത ഇവിടങ്ങളിൽ ആരുംതന്നെ മനസ്സിലാക്കിയിരുന്നു? ലോകതത്ത്വാന്വേഷികൾ ഇങ്ങിനെ ചില സസ്യവിശേഷങ്ങളുണ്ടെന്നു പറയുകമാത്രമല്ല, അവയുടെ ആകൃതിയേയും പ്രകൃതിയേയും പററിയുള്ള പൂർണ്ണവിവരണങ്ങളെക്കൊണ്ടു ദൃഷ്ടാന്തപ്പെടുത്തുകയും ചെയ്യുന്നതു് എങ്ങിനെ സമ്മതിക്കാതിരിക്കും?

ഡൺസ്റ്റൻ (Dunstan) എന്ന ശാസ്ത്രജ്ഞൻ നിക്കരാഗ്വാ എന്ന തടാകത്തിന്റെ തീരത്തു ലാത്തിക്കൊണ്ടിരുന്ന സമയം അദ്ദേഹത്തിന്റെ പിന്നാലെ നടന്നിരുന്ന നായ വേദനപ്പെട്ടു് നിലവിളിക്കുന്നതു കേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ അതു് ഒരു ചെടിയുടെയിടയിൽ കുടുങ്ങി കിടക്കുന്നതു കണ്ടു. അതിന്റെ തണ്ടുകളെക്കൊണ്ടു നായയെ കെട്ടിവരിഞ്ഞിട്ടുണ്ടെന്നു മാത്രമല്ല ചോരയും പൊടിയുന്നുണ്ടായിരുന്നു. അദ്ദേഹം നായയെ തൽക്ഷണം വേർപെടുത്തിട്ടില്ലായിരുന്നു എങ്കിൽ അതിന്റെ കഥ അപ്പോൾതന്നെ കലാശിച്ചിരുന്നേനെ. ഈ ചെടി വടക്കെ അമേരിക്കാരാജ്യത്തുണ്ടു്. വലിപ്പം അധികമില്ല. കഷ്ടിച്ചു് ആറടി പൊക്കമുണ്ടാകും. ചേമ്പിൻതണ്ടുകൾപോലെ കിഴങ്ങിൽനിന്നു പൊട്ടിപുറപ്പെടുന്ന ഏഴെട്ടു തണ്ടുകൾ മാത്രമാണ് അതിന്റെ ശാഖോപശാഖകൾ. ഇല നാസ്തി. കറുത്ത രോമങ്ങളെക്കൊണ്ടു മൂടിയിരിക്കുന്ന മാർദ്ദവമുള്ള ആ തണ്ടുകൾ എളുപ്പത്തിൽ വളയും. ക്ഷണത്തിൽ ഒടികയുമില്ല. ഭക്ഷിക്കാവുന്ന വല്ല ജന്തുക്കളേയും അടുത്തു കിട്ടിയാൽ തണ്ടുകൾ പിടികൂടുകയായി. അതോടുകൂടി രോമങ്ങൾ ദേഹത്തിൽ പ്രവേശിച്ചു് രക്തപാനവും തുടങ്ങും. ചെടിയുടെ ആകപ്പാടെയുള്ള സമ്പ്രദായം 'ചൊറിഞ്ഞതനം' (കഞ്ഞിപ്പോത്തു്) എന്നൊരു ജ

ലജന്തുവിനെപ്പോലെ ആകൃതികൊണ്ട് അതിന് അദ്ദേഹം 'കെരചൊറിഞ്ഞെനം' എന്നാണ് പേർപറഞ്ഞിട്ടുള്ളത്. ഇതിൻെറ ക്രൌൎയ്യാതിരേകമായ ചേഷ്ടിതങ്ങളെ ആലോചിച്ച് അത്ഭുതഭയാക്രാന്തനായി നിന്നുപോയി എന്ന് അദ്ദേഹംതന്നെ ഒരു മാസികയിൽ ഘോഷിച്ചിട്ടുണ്ട്.

ഇനി മറെറാരു ചെടിയെപ്പററി പറയാം. മദ്ധ്യ ആഫ്രിക്കാ, ആസ്ത്രേലിയാ ഈ രാജ്യങ്ങളിലാണ് ഇവയെ ധാരാളമായി കാണുന്നത്. സൌരഭ്യമേറിയ ഇവയുടെ പുഷ്പങ്ങൾ അടുത്തുചെരുമാറുന്ന പ്രാണികളെ ആകർഷിക്കുന്നു. മധുപാനം ഉദ്ദേശിച്ച് പുഷ്പമുഖത്തിങ്കൽ ചെന്നുകൂടുന്ന പ്രാണികൾ അന്തൎഭാഗത്തിലുള്ള മധുവിനെ സ്പൎശിപ്പാൻ സാധിക്കാഞ്ഞിട്ട്, ഉള്ളിലേക്ക് ഇറങ്ങി ചെല്ലുന്നതോടുകൂടി ഇരുഭാഗത്തായുള്ള രണ്ടുകൂൎത്ത മുള്ളുകൾ അവയുടെ മേൽ കുത്തിക്കൊള്ളുന്നു. ഉടനെതന്നെ പുഷ്പവും കൂടുന്നു. അവിടെനിന്നുരക്ഷപ്പെടുക എന്ന കാൎയ്യം പ്രാണികൾക്ക് അസാദ്ധ്യം. മധുപാനത്തിങ്കൽ അത്യന്തം ആസക്തന്മാരായി ഭവിക്കുന്നവരുടെ ദുൎവ്യവസ്ഥയെ ഇപ്രകാരം കരുണാനിധിയായ ജഗദീശ്വരൻ നമുക്കു ദൃഷ്ടാന്തപ്പെടുത്തിത്തരികയാണോ എന്നുതോന്നും. എങ്കിലും ചില പ്രാണികൾക്ക് ഈ കഥ നിശ്ചയമുള്ളതിനാൽ അവ ഈ പുഷ്പങ്ങളുടെ സമീപം സഞ്ചരിക്കാറില്ലത്രെ.

'സുമാത്ര' എന്ന ദ്വീപിൽ ഇംഗ്ലീഷ് ലിലി (Lily) എന്ന പുഷ്പത്തിൻെറ ആകൃതിയിൽ ഒരുതരം ചെടിയുണ്ടെന്നു കേൾക്കുന്നു. ചെടിയുടെ തണ്ടിന് ആറടിയും, ഇലക്കു പത്തുപന്ത്രണ്ടടിയും നീളമുണ്ട്. ഒരു ചെടി ഏകദേശം അരപതടി ചുററളവുള്ള സ്ഥലം മുഴുവൻ പടൎന്നുകിടക്കും. ഇതിൽ തട്ടി വരുന്നവായു വിഷകരമാണ്. സൂൎയ്യാസ്തമനസമയത്തും സൂൎയ്യോദയത്തിന്ന് ഒരു മണിക്കൂറു മുമ്പും ആണ് ആ വായു അത്ര കഠിനമായി പുറത്തേക്കു വീശുന്നത്. ഈ ചെടിക്കടുത്ത് രാത്രിസമയങ്ങളിൽ നായ്ക്കളെയോ, കന്നുകാലികളെയോ കെട്ടിനിൎത്തിയാൽ നേരം പുലരുന്നതിന്നുമുമ്പ് അവ ചത്തുപോകുന്നു. ഇതു തീരെ അസംഭാവ്യമാണെന്നു

വിചാരിപ്പാൻ നമുക്ക് അവകാശമില്ല. എന്തെന്നാൽ ഈ ചെടിയുടെ അനുഭവം നമുക്കില്ലെങ്കിലും ഇതുപോലെ വിഷവായുവിനെ പുറപ്പെടുവിക്കുന്നതായ 'ഉപാസ്' മുതലായ വൃക്ഷങ്ങൾ കണ്ടും, അവയുടെ ദോഷഫലത്തിനെ അനുഭവിച്ചും നാം അറിഞ്ഞിട്ടുണ്ടല്ലോ. പിന്നെ പാമ്പുകൾക്ക് അത്ര ശത്രുവായി തീർന്നിട്ടുള്ള 'അണലി' എന്ന വൃക്ഷത്തെ പററിയും ചിലർ കേട്ടിട്ടുണ്ടായിരിക്കാം. അതിൻെറ ചുവട്ടിൽക്കൂടി ഇഴഞ്ഞുപോകുന്ന പാമ്പുകൾക്കു ജീവനാശം വരുന്നത് ആ വൃക്ഷത്തിൽ തട്ടിവരുന്ന വായു പാമ്പിന്നു വിഷകരമായി തീരുന്നതുകൊണ്ടാണല്ലോ. എന്നാൽ ആദ്യം പറഞ്ഞ ചെടി വിഷവായുജനകമെന്നു മാത്രമല്ല ഹിംസാകരവും കൂടിയാണ്. ഒരിക്കൽ ഈ ചെടിയെ പറിച്ചെടുത്തു പരിശോധിച്ചു നോക്കിയതുകൊണ്ട് ദീനത്തിൽ കിടക്കേണ്ടിവന്നു എന്നും, കോളാമ്പിയുടെ ആകൃതിയിലുള്ള ഈ പുഷ്പത്തിൻെറ അന്തർഭാഗത്തിങ്കൽ ചെറുതരം പക്ഷികളും, നരിച്ചീറുകളും മുതലായ ജന്തുക്കളുടെ ശരീരം ചത്തു ചീഞ്ഞു കിടക്കുന്നതു കണ്ടു എന്നും എം. ബിക്കാർ (M. Becar) എന്ന മഹാനായ തത്വാന്വേഷിയും പറയുന്നുണ്ട്.

ബിലാത്തിയിലെ ചളിപ്രദേശങ്ങളിൽ സൺഡ്യൂ (Sundew) എന്ന വേറെ ഒരുതരം ചെടിയുണ്ട്. അതിൻെറ ഹിംസാസാമർത്ഥ്യവും വേറെ പ്രകാരത്തിലാണ്. രോമാകൃതിയിൽ തൂങ്ങിക്കിടക്കുന്ന അനവധി നാരുകളോടുകൂടിയതാണ് അതിൻെറ ഇലകൾ. നാരുകളിൽനിന്ന് എല്ലായ്പോഴും ഗന്ധമുള്ള ഒരു വെള്ളം പൊടിഞ്ഞുകൊണ്ടിരിക്കും. സൌരഭ്യംകൊണ്ടു ഭ്രമിച്ചു വല്ല പ്രാണികളും അതിൻെറ അരികെ വന്നാൽ ഉടനെ ആ നാരുകൾ അവയെ വരിഞ്ഞുകെട്ടുകയും, അതുകളുടെ സാരാംശമെല്ലാം ഗ്രസിച്ചതിൻെറ ശേഷം ഉപേക്ഷിച്ചു യഥാസ്ഥിതിയിൽത്തന്നെ നില്ക്കുകയും ചെയ്യുന്നു. ഒരു പ്രാണി ഇത്തരം ചെടിയുടെ സമീപം ചെല്ലുന്നതും, ചെടി ആ പ്രാണിയെ ഹിംസിക്കുന്നതും, അതിനെ ഭക്ഷിക്കുന്നതും എല്ലാം സൂക്ഷിച്ചു ഛായ എടുത്തിട്ടുള്ളതല്ലേ കാണേണ്ടത്! ഒന്നാമത്തെ ഛായയിൽ പ്രാണി ചെടിയുടെ ഇലയിന്മേൽ സ്ഥിതി

ചെയ്യുന്നു. രണ്ടാമത്തേതിൽ രോമങ്ങളാം എണീററു പ്രാണിയെ പിടിപ്പാൻ ഉത്സാഹിക്കുന്നു. മൂന്നാമത്തേതിൽ പ്രാണിയെ വരിഞ്ഞുകെട്ടിയിട്ടിരിക്കുന്നു. പിന്നത്തേതിൽ പ്രാണിയുടെ തൊണ്ടുമാത്രമായി ശേഷിച്ച മൃതശരീരം രോമങ്ങളുടെ ഇടയിൽനിന്നു കാററുകൊണ്ടു പറന്നുപോകുകയും ചെയ്യുന്നു. ഈ ഛായകളിൽനിന്ന് ഒരു പ്രാണിയെ ഹിംസിച്ച് അതിൻെറ സാരാംശമെല്ലാം ഗ്രസിക്കുന്നതിന്നു ചെടിക്കു മൂന്നു ദിവസം വേണമെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. മൂന്നുദിവസം കഴിഞ്ഞതിന്നുശേഷം രോമങ്ങൾ യഥാസ്ഥിതിയിൽ നില്ക്കുന്നതല്ലാതെ പ്രാണിയുടെ ദേഹാവശിഷ്ടം കാററത്തു പറന്നുപോകുന്നു. ഇതു കഴിഞ്ഞാൽ പിന്നെയും രോമങ്ങളിൽനിന്നു വെള്ളം സ്രവിച്ചുതുടങ്ങും. എന്നാൽ രണ്ടാമതും കെണിവെക്കുകയായി. ഇപ്രകാരം സസ്യവർഗ്ഗങ്ങളും ഹിംസക്കൊരുങ്ങുന്നുണ്ടെന്നുള്ള കാര്യം, ദുഷ്ടജനങ്ങളുടെയും, മൃഗങ്ങളുടെയും ഹിംസകൊണ്ട് അത്യന്തം പീഡിതന്മാരായിരിക്കുന്ന സാധുജനങ്ങളുടെ മനസ്സിന് എത്രത്തോളം അസ്വാസ്ഥ്യം വരുത്തുമെന്നു പറവാനുണ്ടോ? എന്നാൽ അവ അചരങ്ങളാണല്ലോ എന്നു വിചാരിച്ചു കുറച്ചൊന്നു സമാധാനപ്പെടാം. സൃഷ്ടിയിൽ എന്തെല്ലാം വിശേഷങ്ങളുണ്ടെന്ന് ആർക്കുതന്നെ നിർണ്ണയിക്കാം?

എസ്സ്. വി.

---

# തിരുമിഴി

(ദേവീസ്തോത്രം)

പത്മേ, നിൻ ചാരുശോഭാഞ്ചിതമിഴിയിണതൻ
ഛായയുണ്ടായ മൂലം
പത്മം കണ്ണാക്കിവെച്ചാനഖിലഖലകുല-
ധ്വംസനൻ കംസവൈരി
പത്മത്തിൽത്തന്നെ വാഴുന്നിതു പകലിരവും
നന്മയിൽ ബ്രഹ്മദേവൻ

പത്മത്തെത്തച്ചസ്ഥവാക്കിപ്പരിചിനൊടു വിട-
ർത്തുന്നതുണ്ടിന്ന മക്കൻ ൧

ശൂന്യം മറവള്ള ദിക്കൊക്കെയുമിതി മതിനറം-
കീട്ടമാറല്ലസിക്കം
ധാന്യക്കൂട്ടം, ധനൌഘം, കനകമണി, ഗജം-
ശ്ലാഘങ്ങൾ, തുംഗാലയങ്ങൾ,
മാന്യന്മാർ, സേവകന്മാർ പലരുമരികിലെ-
ന്നൊക്കെയുണ്ടായ്വരുന്നിൻ
മാൻനേർകണ്ണാല്പനേരം പതിയുകിലവനം-
ബേരമംഭോധികന്യേ! ൨

മിന്നും നല്ലോരു സമ്പത്തുകൾ, കനകമണി
ക്ഷോണി ചക്രാദിയെല്ലാം
നിന്നുള്ളിൽ ദേവിവിശ്വാംഭരമഹിഷി! കിട-
പ്പുള്ളതിന്നന്തമെന്തോ?
ഇന്നും നീ പണ്ടുപണ്ടെന്നതുവിധമവയെ-
ക്കൊരിവാരിച്ചൊരിഞ്ഞീ-
ട്ടുന്നല്ലൊ, ഭക്തലോകങ്ങളിൽ നയനയുഗം
കൊണ്ടു തണ്ടാരിൽ മാതെ! ൩

സമ്പത്തില്ലാഞ്ഞു നൽകാന്തിഹ ചിലർ കരയു-
ന്നുണ്ടു കാരുണ്യശക്ത്യാ
സമ്പത്തുണ്ടാം ചിലൎക്കില്ലൊരുവനുമതിനാൽ
കാൎയ്യമൌദാൎയ്യനാശാൽ
സമ്പന്നായുള്ള സമ്പത്തുകൾ മുഴുവനുമൻ-
പായൊരമ്പൊക്കയുംചേ-
ന്നിമ്പം പൂണ്ടുല്ലസിക്കം തവ മിഴി മമ സ-
മ്പത്തു നൽകാത്തതെന്തേ? ൪

നിൻ കണ്ണിൻ കാന്തിയൊട്ടൊട്ടുടയ മിഴികളു
ണ്ടെന്ന ലേഖ്യാ നിമിത്തം

വങ്കാട്ടിൽ പൂക്കു പാക്കും മുനികളിഹ വള-
ർത്തുന്ന തന്മാൻകുലത്തെ
അങ്കത്തിങ്കൽ ധരിക്കുന്നിതു തുഹിനകരൻ
മാനിനെ ജ്ഞാനമേവം
തിങ്കളാക്കീർച്ചൂഡനേന്തുന്നിതു പരമൊരുമാൻ
തയ്യലൊക്കയ്യിലെന്നും ൩

മല്ലാരാതിഷ്ടജായേ! നവരസവിലസൽ
സിന്ധു തന്നുള്ളിൽ മുങ്ങി
കല്യാണശ്രീവിലാസത്തൊടു ബഹു കളിയാ-
ടുന്നനിൻ കണ്ണു രണ്ടും
ഉല്ലാസാൽ കണ്ടതിൻ കാന്തിയിലതികുതുകം
പൂണ്ടു മത്സ്യങ്ങളെല്ലാം-
മെല്ലാപ്പോഴും സമുദ്രാദികളുടെനടുവിൽ-
ത്താണുതാൻ വാണിടുന്നു ൪

ചാരത്തായിട്ടു ചില്ലീമധുപയുഗമിണ-
ങ്ങുന്ന നിന്നീക്ഷണത്തിൻ
ചാരുത്വം കണ്ടതിങ്കൽ പെരുകിന കൊതിയാൽ
ദേവി രാജീവജാലം
നേരായ്ഭ്രൂസാമ മേറ്റാം ഭ്രമരനിരകളെ-
ക്കൊണ്ടു വന്നീടുവാനായ്
ദൂരക്കായിട്ടയക്കുന്നിതു പരിമളമാം-
ദൂതനെ പ്രീതിയോടെ

പൂമകേ! നിൻ മിഴിത്തെല്ലെവിടെയെവിടെയൊ
ചെന്നു ചേരുന്നു സർവ്വ
ശ്രീമങ്ങീടാതെ കണ്ടിട്ടവിടെയവിടെ വ-
ന്നുല്ലസിക്കുന്നതെല്ലാം
കാമൻ നിൻ നന്ദനൻ കണ്ടഥ തവ നയനം
പോലെയുള്ളോരു മത്സ്യം

പ്രേമത്താൽ കേളുവിൽച്ചേർത്തിളു സകലജയ-
ശ്രീയുടൻ കയ്യിലാവാൻ ൮

ദേവൻ ശ്രീവാസുദേവൻ തിരുവടി നിജമാം
മാറ്റിടത്തിങ്കലെന്നും
മേവും നിൻ ചാരുമത്സ്യോപമനയനയുഗം
കണ്ടേറ്റോ പണ്ടൊരുനാൾ
ത്വാവാളം കൌതുകം പൂണ്ടഴകിലൊരു മഹാ
മീനമായിച്ചമഞ്ഞാ-
നേവം സൌഭാഗ്യലക്ഷ്മീ വിലസിതമധിക
സ്ഥിതമായേതിനുള്ളു? ൯

പാരാവാരാത്മജേ! നിൻ തിരുമിഴിയിണ്ണത-
ന്നന്തമററൊരുചന്തം
പാരാതൊട്ടൊട്ടുചേരും കുവലയനികരം
കണ്ടുകൊണ്ടാടിയേററം
തിരാത്തുള്ളൊരു കാമത്തൊടു കുവലയനി
കാന്തനായാൻകലേശൻ
താരാജാലത്രിയാമാ സരസ കണവനാ-
ണെങ്കിലും ശങ്കയെന്ന്യേ ൧൦

കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ

---

# ജാതിനിർണ്ണയം

---

കൃതകൃത്യം സ്വാമാത്മാനം മത്വാ ചിരഗതെ സതി
തൽസന്നിധൌ ശീർണ്ണതനുശ്ചരമശ്വാസകാലതഃ. 85
പുത്രീഭൂതേന സാക്ഷാൽ ശ്രീവിശേഷേണ യഥാ വിധി
കൃതൈഃ ബ്രഹ്മോപദേശാദ്യൈഃ ബ്രഹ്മസായുജ്യമാപ്തവാൻ, 86
അതിൻെറശേഷം പിതാവു പുത്രോല്പത്തിനിമിത്തം തൻെറ

ആത്മാവിനെ കൃതാൎത്ഥതയോടുകൂടി വിചാരിച്ച് അല്പകാലം ഇരുന്നതിനുശേഷം പ്രായാധിക്യത്താൽ ക്ഷീണശരീരനായി മരണത്തോട് ആസന്നനായപ്പോൾ പുത്രനായി ഭവിച്ചിരിക്കുന്ന സാക്ഷാൽ ത്രൈലോക്യനാഥൻ പിതൃസന്നിധിയിൽ ഉത്തര ബ്രഹ്മോപദേശാദികളെ ചെയ്യുകയും അതുനിമിത്തം പിതാവ് ബ്രഹ്മസായുജ്യത്തെ (മോക്ഷത്തെ) പ്രാപിക്കുകയും ചെയ്തു.

ബന്ധുഭിഃ പോഷ്യമാണസ്സന്നുപനീതോ മഹാമതിഃ
സാംഗോപാംഗം സ മീമാംസം സേതിഹാസപുരാണകം. 87
സാഗമം സരഹസ്യഞ്ച സശിരസ്കം ഗുരോൎമ്മുഖാൽ
ചതുൎണ്ണാമപി വേദാനാമൎത്ഥജ്ഞാനസമന്വിതം. 88
സ്വാദ്ധ്യായം കൃതവാംസ്തേന സൎവ്വജ്ഞോഽഭൂൽ സ ശങ്കരഃ
ബ്രഹ്മചൎയ്യാൽ പ്രവ്രജിതുമദ്യുക്തോ മാതൃസമ്മതിം. 89
അലബ്ധ്വാഽംബാ നദീമദ്ധ്യേ ഗ്രാഹഗ്രസ്ത ഇവ സ്വയം
മായയോൽഭാവിതം ദൃഷ്ട്വാ ഖിന്നായാമാതുരഞ്ജനം. 90
സ്വാവൈചിത്ര്യലബ്ധ്വൌപാത്തസന്ന്യാസാനുമതിഃ പുനഃ
ഗ്രഹാന്മുക്ത ഇവോത്തീൎയ്യ നിൎബ്ബന്ധാജ്ജനനീകൃതാൽ 91
സങ്കടെ സ്മൃതമാത്രോഽഹം പ്രാപ്യ ബ്രഹ്മോപദേശതഃ
പരം കൈവല്യസംസിദ്ധിമൌൎദ്ധ്വദൈഹികകൎമ്മ ച 92
സന്ത്യക്തസൎവ്വകൎമ്മാപി കരിഷ്യേ സത്യമിത്യപി
ആശ്വാസ്യ മാതരം ഭൂയോ മാതുലേ സന്നിധായ ച. 93
കാശ്യാം പരമഹംസാൎയ്യഗോവിന്ദസ്വാമിസന്നിധൌ
സംപ്രാപ്യ കൃതസന്ന്യാസസ്തൽപ്രാപ്തജ്ഞാനോദയാഗതഃ. 94
ജീവന്മുക്തപദം പ്രാപ്യ ലോകാനുഗ്രഹകാമ്യയാ
ബദൎയ്യാശ്രമമാതിഷ്ഠൽ സംസാരധ്വാന്തമോചകം. 95
അദ്വൈതാനുഭവോപേതശ്രുതിയുക്ത്യാംശുഭാസ്വരം
ശ്രീമൽഭാഷ്യസഹസ്രാംശും പ്രത്യക്ഷം സമുദഞ്ചയൽ 96
തേന ദൂരീകൃതാശേഷതമോഭാസ്വദ്വിഗന്തരം
ത്രൈലോക്യം സൎവ്വമുജ്ജീവ്യ ബ്രഹ്മാനന്ദരസാത്മകം. 97

കുൎവ്വൻ വ്യാസംഗമാദ്യൈശ്ച സുരാണാം പുഷ്പവൃഷ്ടിഭിഃ
ഭൃശം പ്രസന്നചിത്തോഽഭൂത്തദാ മാത്രാ ച സംസ്തുതഃ. 98

പിതാവു ബ്രഹ്മസായുജ്യം പ്രാപിച്ചതിന്റെശേഷം പുത്രനെ മാതാവും മററു ബന്ധുക്കളും കൂടി രക്ഷിച്ചുപോന്നു സപ്തമവയസ്സിങ്കലുപനയനം കഴിപ്പിക്കുകയും പുത്രൻ വേദാംഗങ്ങൾ, ഉപാംഗങ്ങൾ, മീമാംസാ, ഇതിഹാസപുരാണം ഇവകളോടും അൎത്ഥജ്ഞാനത്തോടും കൂടി രഹസ്യങ്ങളായും ഗുഹ്യജ്ഞസ്സാമാഥൎവ്വണരൂപങ്ങളായും ഇരിക്കുന്ന നാലുവേദങ്ങളേയും ആദ്യം മുതൽ അവസാനം വരെ ഗുരുമുഖത്തിങ്കൽനിന്ന് അല്പകാലംകൊണ്ടു ഗ്രഹിക്കുകയും അതുനിമിത്തം ലോകപ്രസിദ്ധനായ ആ ശങ്കരൻ (ശങ്കരാചാൎയ്യസ്വാമികൾ) സൎവ്വജ്ഞനായി ഭവിക്കുകയും ചെയ്തു. അനന്തരം അദ്ദേഹം ബ്രഹ്മചാൎയ്യാശ്രമത്തിങ്കൽനിന്നു സന്യാസാശ്രമത്തെ സ്വീകരിപ്പാനായിക്കൊണ്ട് ഉദ്യമിച്ചതിൽ തന്റെ പിതൃകൎമ്മങ്ങൾക്കു ലോപവും, കുലനാശവും വരു'മെന്നുള്ള സങ്കടത്താൽ മാതാവ് അതിനെ അനുവദിച്ചില്ല. 'എന്നാൽ ഇനി മാതാവിന്റെ സമ്മതം വാങ്ങുന്നതിന്ന് ഒരു ഉപായമുണ്ടാക്കണ'മെന്നു കരുതി അദ്ദേഹം നദിയിൽ (കാലടിപ്പുഴയിൽ) സ്നാനത്തിന്നായിക്കൊണ്ട് ഇറങ്ങുകയും മുങ്ങാങ്കുളിയിട്ട് മദ്ധ്യത്തിൽ ചെന്നുപോങ്ങുകയും ചെയ്തശേഷം 'അമ്മേ! എന്നെ മുതല പിടിച്ചു. ഞാൻ ഇപ്പോൾ മരിച്ചുപോകും! ഇപ്പോൾ ഇവിടെ വെച്ച് മനസ്സന്യാസം കഴിച്ചുവെങ്കിൽ തൽക്കാലം മരണത്തിങ്കൽനിന്നു നിവൃത്തിക്കാമായിരുന്നു' എന്നും മററും മാതാവിനെ വിളിച്ച് വ്യാജമായും വിചിത്രതരമായും ഉള്ള വാക്കുകളെ പറഞ്ഞതിൽ മാതാവ് എത്രയും ഖേദത്തോടുകൂടി, മരിക്കുന്നതിനേക്കാൾ സന്യസിക്കുന്നതുതന്നെയാണ് നല്ലതെ'ന്നുറച്ച് ആപന്നിവൃത്തിക്കായി സന്യസിച്ചു കൊള്ളുന്നതിന്ന് അനുവാദം കൊടുക്കുകയും സ്വാമികൾ ഉടനെ അവിടെവച്ച് മനസ്സന്യാസം കഴിക്കുകയും നക്രത്തിന്റെ വായിൽനിന്നു മോചിക്കപ്പെട്ടതുപോലെ നീന്തിവന്ന് ഉടൻ ഇക്കരെ പററുകയും ചെയ്തു. അനന്തരം അദ്ദേഹം ദേശസഞ്ചാരത്തിന്നായിക്കൊണ്ടു യാത്രപുറപ്പെട്ടു. തത്സമ

യം മാതാവു സഖേദം നിൎബ്ബന്ധിക്കനിമിത്തം 'മാതാവിനു വാൎദ്ധക്യവശാൽ വല്ല സങ്കടവും നേരിടുന്നപക്ഷം തൽക്ഷണത്തിങ്കൽ എന്നെ സ്മരിച്ചാൽ ഉടനെ ഞാൻ വന്നു ബ്രഹ്മോപദേശം ചെയ്ത് ബ്രഹ്മസായുജ്യത്തെ പ്രാപിപ്പിക്കുകയും ഞാൻ സൎവ്വകൎമ്മങ്ങളേയും ത്യജിച്ച ഒരു സന്യാസിയാണെങ്കിലും മാതാവിൻെറ പ്രേതസംസ്കാരാദി സകലകൎമ്മങ്ങളേയും ചെയ്തുകൊള്ളാം'മെന്നും മററും ശപഥം ചെയ്ത് ആശ്വസിപ്പിച്ച് മാതാവിനെ മാതൃഗൃഹത്തിങ്കൽ* കൊണ്ടുചെന്ന് മാതുലനെ ഭരമേല്പിച്ച് അവിടെ താമസിപ്പിച്ചിട്ട് ഉടനെ അവിടെനിന്നും പുറപ്പെട്ട്, കാശിയിങ്കൽ ചെന്ന് തത്രസ്ഥനായും പരമഹംസനായും, ശ്രേഷ്ഠനായും, ഇരിക്കുന്ന ഗോവിന്ദസ്വാമി എന്ന യോഗീശ്വരൻെറ അടുക്കൽനിന്നും ക്രമപ്രകാരം സന്യാസം വാങ്ങിക്കുകയും, അദ്ദേഹത്തിങ്കൽനിന്നു സിദ്ധമായ ബ്രഹ്മധ്യാനപരിപാകംകൊണ്ട് ജീവന്മുക്തൻെറ സ്ഥാനത്തെ പ്രാപിക്കുകയും ചെയ്തു. എങ്കിലും ലോകോപകാരത്തിനുവേണ്ടി സംസാരധ്വാന്തനാശകമായിരിക്കുന്ന ബദൎയ്യാശ്രമത്തിങ്കൽ ചെന്നിരുന്നുകൊണ്ട് തങ്കലുള്ള അദ്വിതീയബ്രഹ്മജ്ഞാനത്തിങ്കൽനിന്നു ലബ്ധങ്ങളായും വേദപ്രതിപാദ്യങ്ങളായും ഉള്ള യുക്തികളാകുന്ന രശ്മികളെക്കൊണ്ട് പ്രകാശമാനനായിരിക്കുന്ന ശ്രീമൽഭാഷ്യസഹസ്രാംശുവിനെ പ്രത്യക്ഷമാകുംവണ്ണം ഉദിപ്പിച്ചു (വേദാന്തത്തിന്ന് അദ്വൈതമതാനുസാരേണ ഒരു ഭാഷ്യം നിൎമ്മിച്ചു). ആ സഹസ്രാംശു തമോഗുണരൂപങ്ങളായിരിക്കുന്ന സകല അന്ധകാരങ്ങളേയും നശിപ്പിച്ച് എട്ടുദിക്കുകളും ശോഭായമാനമാക്കിച്ചെയ്തിട്ട് ത്രൈലോക്യവാസികളായ എല്ലാ ജനങ്ങളേയും ബ്രഹ്മാനന്ദരസാസ്വാദനത്തിങ്കൽ സമൎത്ഥന്മാരാക്കിത്തീൎക്കുകയും ചെയ്തു (മേല്പറഞ്ഞ ഭാഷ്യം സകലജനങ്ങൾക്കും ബ്രഹ്മജ്ഞാനത്തിങ്കലേക്കുള്ള ഒരു മഹാമാൎഗ്ഗമായി പരി

* ആചാൎയ്യസ്വാമികളുടെ മാതൃഗൃഹം കൊച്ചിശ്ശീമ കണയന്നൂർ പ്രവൃത്തിയിൽ വെളിയനാട്ടു മുറിയിൽ മേല്പാഴൂര് നമ്പൂരിയുടെ ഇല്ലമാണെന്നു പറയുന്നതു വാസ്തവമാണെന്നുള്ളതിലേക്ക് പല ദൃഷ്ടാന്തങ്ങളും ഉണ്ട്.

ണമിക്കുകയും ചെയ്തു). അനന്തരം വേദവ്യാസമഹർഷി ആചാര്യസ്വാമികളുടെ അടുക്കൽ വരികയും ഭാഷ്യാന്തർഗ്ഗതങ്ങളായ ചില വിഷയങ്ങളെപ്പററി പൂർവ്വപക്ഷസമാധാനരൂപേണ പരസ്പരം ചില സംവാദങ്ങൾ ചെയ്കയും മഹർഷി തന്മതത്തെ അത്യന്തം അനുകരിക്കുകയും ദേവകൾ ഈ അമാനുഷനായ ആചാര്യസ്വാമികളെ പുഷ്പവൃഷ്ടി ചെയ്കയും അദ്ദേഹം ഏററവും പ്രസന്നചിത്തനായി ഭവിക്കുകയും തൽസമയം മാതാവിനാൽ സ്മരിക്കപ്പെടുകയും ചെയ്തു.

പാഴൂര് വടക്കില്ലത്ത് ജാതവേദൻ നമ്പൂരിപ്പാട്.

---

# പക്ഷിആസ്പത്രി

(ഒരു ഇംഗ്ലീഷ് മാസികയിൽനിന്നു എടുത്തത്)

---

ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ തലസ്ഥാനമായ ലണ്ടൻപട്ടണത്തിൽ ചേൻ്റ് നോർവൂഡ്" എന്ന പ്രദേശത്തു പോയാൽ നമുക്കു ലോകത്തിൽ മറെറവിടെ പോയാലും കാണ്മാൻ സാധിക്കാത്ത ഒരു പുതിയ കാഴ്ചകാണാം. ഇത് ഒരു പക്ഷിആസ്പത്രിയാണ്. ലോകത്തിൽ ദീനക്കാരായ മനുഷ്യരെ കിടത്തി ചികിത്സിപ്പാൻ ആസ്പത്രികൾ അവശ്യം വേണ്ടതായ എത്ര ദേശങ്ങളിലാണ് മരുന്നുകൾ മാത്രം കൊടുക്കുന്ന ഡിസ്പെൻസറികൾപോലും ഇല്ലാത്തത്? ഈ സ്ഥിതിക്കു ലണ്ടൻപട്ടണത്തിൽ പക്ഷികൾക്കുള്ള ഒരു ആസ്പത്രിയുണ്ടെന്നു പറയുന്നത് ആ പട്ടണത്തിൻെറ അവാച്യമായ ഐശ്വര്യത്തെയും മഹിമയേയും ചുരുക്കത്തിൽ പ്രശംസിക്കുന്നതുപോലെതന്നെയാകുന്നു.

പ്രസ്തുത ആസ്പത്രിയുടെ സംസ്ഥാപകനും ഉടമസ്ഥനും അധിപനും ഡാക്ടർ, ഡബ്ളിയൂ. വെയിൽ,(Dr. W. Vale)എന്ന ഒരു ഇംഗ്ലീഷുകാരനാകുന്നു. ആസ്പത്രിയിൽ പ്രാവുകൾ, കിളികൾ, കോഴികൾ, താറാവുകൾ, മൈനാപ്പക്ഷികൾ, മയിലുകൾ മുതലായി ദീനംപിടിച്ചു കിടക്കുന്ന അസംഖ്യം പക്ഷികൾ പലവിധം ചികി

ത്സയിൽ പെട്ട് ഓരോ മുറികളിലും കൂടുകളിലും കിടക്കുന്നതും ചില പക്ഷികൾ രോഗം മാറിയതിന്നുശേഷം പൂൎവ്വസ്ഥിതിയിലായി ആസ്പത്രിയിൽനിന്നു പിരിച്ചയക്കപ്പെടുന്നതിന്നു മുമ്പായുള്ള കാലത്തുതോട്ടത്തിൽ അവിടവിടെ വാത്തി സഞ്ചരിച്ചുകൊണ്ടിരിക്കുന്നതും പക്ഷിഡാക്ടർ പക്ഷിരോഗികളുടെ ശരീരസ്ഥിതികൾ കൂടക്കൂടെ പരിശോധിക്കുന്നതും, അതിസ്നേഹത്തോടെ തന്റെ രോഗികളെ എടുത്തു മടിയിൽവെച്ചു കൊക്കുകൾ പൊളിച്ച് അതാതിന്നുള്ള മരുന്നുകൾ കൊടുക്കുന്നതും ആസ്പത്രിയിലെ ഉപവൈദ്യന്മാരും ശമ്പളക്കാരും രോഗികൾക്കു വേണ്ടുന്ന ഭക്ഷണസാധനങ്ങൾ, മരുന്നുകൾ മുതലായതു വിധിക്കു തക്കവണ്ണം പാകംചെയ്തു നിശ്ചയിച്ചിട്ടുള്ള സമയങ്ങളിൽ കൊണ്ടുപോയി കൊടുക്കുന്നതും മററും കൌതുകകരമായ കാഴ്ചകളാണ്. ഈ ആസ്പത്രിയുടെ ഉത്ഭവം ഇപ്രകാരമാകുന്നു. ഡാക്ടർ വെയിൽ ആദ്യം മനുഷ്യചികിത്സകൻതന്നെയായിരുന്നു. ആ കാലത്ത് അയാൾ കോഴികളെ വളൎത്തിയിരുന്നതിനാൽ കോഴികൾക്കു സാധാരണയായി ഉണ്ടാകുന്ന ചില രോഗങ്ങളെ (തന്റെ കോഴികൾക്കും ഉണ്ടായിരുന്നവയെ) പരിശോധിച്ചു തന്റെ മനോധൎമ്മപ്രകാരം ചില പുതിയഔഷധങ്ങൾ ഉണ്ടാക്കി പ്രയോഗിച്ചു രോഗങ്ങൾ മാററുകയും ചെയ്തിരുന്നു. ഒരിക്കൽ തന്റെ സ്വന്തം സ്നേഹിതന്മാരിൽ ഒരുവന്റെ ചില കോഴികളുടെ രോഗങ്ങൾ തന്റെ ഔഷധങ്ങൾ കൊടുത്തു മാററി. കാലക്രമേണ ഈ ഔഷധങ്ങളുടെ ഗുണങ്ങൾ കേട്ടുകേൾപ്പിച്ച് പക്ഷികളെ വളൎത്തുന്ന അനേകം ആളുകൾക്കു മനസ്സിലായി. സമീപത്തുള്ളവർ തങ്ങളുടെ പക്ഷികളെ (ഡാക്ടരുടെ അടുക്കൽ) കൊണ്ടുപോയി കാണിച്ച് ഈ ഔഷധങ്ങൾ മേടിക്കുകയും ദൂരത്തുള്ളവർ എഴുത്തുമൂലമായി പക്ഷികളുടെ ദീനസ്വഭാവം ഡാക്ടൎക്കു എഴുതിയറിയിച്ചു മരുന്നുകളും ഉപദേശങ്ങളും തപാൽവഴി വരുത്തുകയും ചെയ്വാൻ തുടങ്ങി. കണ്ണുദീനം, കൊക്കുദീനം, ചിറകുദീനം, കാൽദീനം, തൂവൽകൊഴിച്ചൽ, അതിസാരം, പനി, വസൂരി മുതലായ ദീനങ്ങൾ ഉള്ള അനേകപക്ഷികളുടെ ഉടമസ്ഥന്മാർ വേണ്ടപോലെ ചികിത്സി

ച്ച ഭേദംവരുത്തി അയച്ചുതന്നാൽ കൊള്ളാ'മെന്നുള്ള അപേക്ഷയോ
ടുകൂടി പക്ഷികളെ ഡാക്ടൎക്കു അയച്ചുകൊടുക്കയും ഡാക്ടർ അ
പ്രകാരം പക്ഷികളെ ചികിത്സിച്ചു സുഖപ്പെടുത്തി അയക്കുകയും
അതിനുള്ള ചിലവുകൾ ബില്ലയച്ചു് വസൂലാക്കുകയും ചെയ്തുവന്നി
രുന്നു. ചുരുക്കിപ്പറയുന്നതായാൽ, നമ്മുടെ ഡാക്ടർ പക്ഷിഡാക്
ടർ എന്ന പേർ സമ്പാദിച്ചു എന്നു മാത്രമല്ല, മനുഷ്യവൈദ്യം തീ
രെ നിൎത്തി പക്ഷിവൈദ്യം മാത്രം ചെയ്വാൻ ഒരുങ്ങേണ്ടിയിരിക്കേണ്ടിവ
രികയും ചെയ്തു. ഏറെക്കാലം താമസിക്കാതെ ഒരു പ്രത്യേകആ
സ്പത്രിയും അതോടു ചേൎന്നു ഔഷധങ്ങൾ ഉണ്ടാക്കുവാൻ ഒരു യന്ത്ര
ശാലയും ഏൎപ്പെടുത്താതെയിരിപ്പാൻ നിവൃത്തിയില്ലാതെയും വന്നു.
ആസ്പത്രിയിൽ കിടക്കുന്ന രോഗക്കാർതന്നെ എപ്പോഴും ധാരാളമു
ണ്ടു്. ദിവസവും ആസ്പത്രിയിൽ ഡാക്ടരെ കാണിച്ചു മരുന്നുകൾ
മേടിച്ചുകൊണ്ടുപോയി ഉപയോഗിക്കുന്ന രോഗക്കാർ അതിൽ എ
ത്രയോ ഇരട്ടിയുണ്ടു്. അതിലും എത്രയോ ഇരട്ടിയാണു് ഡാക്ടർ
കാണാതെ ഡാക്ടരുടെ ചികിത്സയിലിരിക്കുന്ന ദൂരദേശത്തുള്ള രോ
ഗികൾ. മരിക്കാറായനിലയിൽ ആസ്പത്രിയിലെത്തി അരോഗദൃഢ
ഗാത്രങ്ങളായി തിരിയെ ഉടമസ്ഥന്മാരുടെ അടുക്കൽ ചെന്നിട്ടുള്ള പ
ക്ഷികൾ അനേകായിരം കാണുമത്രെ. പക്ഷിഡാക്ടരുടെ ദിവസേ
നയുള്ള തപാൽ നമുക്കു് അത്യാശ്ചൎയ്യത്തെ ഉണ്ടാക്കും. ഡാക്ടരുടെ
തപാൽ അമേരിക്ക, കനഡ, ആഫ്രിക്ക, ഓസ്ട്രേലിയ, ജപ്പാൻ മു
തലായി ലോകത്തിൽ മിക്കദിക്കുകളിൽനിന്നും ഉണ്ടു. ഈ വക
ദിക്കുകളിൽനിന്നു വരുന്ന എഴുത്തുകൾക്കു മറുവടി അയക്കുന്ന കാ
ൎയ്യം ഡിപ്പാട്ടുമേണ്ടിലും ഓരോ ദിക്കുകളിലെക്കു മരുന്നുകൾ കെ
ട്ടി അയക്കുന്ന ബെകി ഡിപ്പാൎട്ടുമേണ്ടിലും എല്ലാദിവസവും പിടിപ്പ
തു വേലയുണ്ടു്. ഗുളികകൾ, ലേഹ്യങ്ങൾ, പൊടികൾ, ലേപന
ങ്ങൾ മുതലായി അനേകവിധം ഔഷധങ്ങൾ ഉണ്ടാക്കുന്ന തന്റെ
യന്ത്രശാലയിൽ സാമാന്യം എല്ലാദിവസങ്ങളിലും യന്ത്രങ്ങൾ പ്ര
വൃത്തിച്ചുകൊണ്ടിരിക്കുമത്രെ. യന്ത്രശാലയിൽ മേലന്വേഷണത്തി
നു ഒരു പ്രത്യേക അസിസ്റ്റാണ്ടും ഉണ്ടു്. ആഫ്രിക്കായിൽ ഈ ക

ഴിഞ്ഞ ബൂവർയുദ്ധം നടന്നിരുന്ന കാലത്തു നമ്മുടെ പക്ഷിഡാക്കടർ വളരെ വ്യസനത്തോടുകൂടി ഒരു സ്നേഹിതനോടു 'കഷ്ടം! ഈ യുദ്ധത്തിന്റെ കലാപം നിമിത്തം എന്റെ മരുന്നുകൾ സമയത്തിന്നു തരാതെ എത്ര സാധുപ്പക്ഷികളാണ് തെക്കെ ആഫ്രിക്കയിലും ട്രാൻസ്വാളിലും മരിച്ചുപോകാനിടയുള്ളത്' എന്നു പറഞ്ഞുവത്രെ. ഇപ്പോൾ റഷ്യയും ജപ്പാനും തമ്മിൽ നടക്കുന്ന യുദ്ധത്തിൽ മഞ്ചൂരിയായിലെ മലപ്രദേശങ്ങളിൽ പരസ്പരം വെടിവച്ചും, പട്ടിണികിടന്നും, ദാഹിച്ചും രോഗാക്രാന്തന്മാരായും കൂട്ടംകൂട്ടമായി മരിക്കുന്ന മനുഷ്യരെക്കുറിച്ചല്ല, ഈ യുദ്ധം നിമിത്തം ജപ്പാൻ, ചൈന, റഷ്യ ഈ രാജ്യങ്ങളിലേക്കു താൻ അയക്കുന്ന മരുന്നുകൾ തക്കസമയത്തിന്നു കിട്ടാതെ മരിച്ചുപോകാവുന്ന സാധുപ്പക്ഷികളെ' കുറിച്ചായിരിക്കും നമ്മുടെ പക്ഷിഡാക്കടക്കു അധികം വിചാരം എന്നു പറഞ്ഞാൽ അധികം തെറ്റിപ്പോകുമെന്നു തോന്നുന്നില്ല.

സി. എസ്. ഗോപാലപ്പണിക്കർ, ബി. എ.

# ചണ്ഡാളൻ

രണ്ടാം അദ്ധ്യായം

ചക്രവർത്തി തന്റെ കപ്പലിൽകയറിയ മുതൽക്കു പറയന്റെ കുടുംബം അഭിവൃദ്ധിയെ പ്രാപിച്ചു. ചക്രവർത്തിയുടെ സൌജന്യമായ പണംകൊണ്ട് അവൻ കന്നുകാലികളെവാങ്ങി കാട്ടിൽനിന്നു കൊണ്ടുവന്ന പുല്ലുകൊണ്ടു അവയെ തീററി രക്ഷിച്ചു. അവയെ ആദായത്തിൽവിററ് രണ്ടാമതും പൊന്നുമപ്പികയെ അവൻ ക്ഷണം വദ്ധിപ്പിച്ചു. കുറച്ചുകാലത്തിനുള്ളിൽ ജാഗ്രതയോടുകൂടിയ പ്രയത്നത്താൽ പറയൻ ഒരു ധനികനായിത്തീൎന്നു. യാഹില എന്നു പേരായ അവന്റെ പുത്രി യൌവനാവസ്ഥയെ പ്രാപിച്ചു. നാട്ടുകാരെല്ലാം അവളുടെ സൌന്ദൎയ്യാതിശയത്തെക്കുറിച്ചു വളരെ പ്രശംസിച്ചു പറഞ്ഞു എങ്കിലും അവളുടെ ജാതിഹീനതനിമിത്തം ആരുംതന്നെ അവളെ വിവാഹംചെയ്യാൻ ആഗ്രഹിച്ചില്ല. അതിനാൽ യഹില

കൌമാരാവസ്ഥയിൽതന്നെ ഇരിക്കേണ്ടിവന്നു. ഹിന്തുസ്ത്രീകൾക്കു കൌമാരാവസ്ഥപോലെ അത്ര വലുതായ ദുഃഖം വേറെ ഒന്നുംതന്നെ ഇല്ല. അവരുടെ ജാതിക്കാർ ദരിദ്രന്മാരും നീചന്മാരുമായിരുന്നു. അവരിൽ ആരെ എങ്കിലും വിവാഹംചെയ്യാൻ അവൾക്കു ഒട്ടുംതന്നെ മനസ്സുണ്ടായിരുന്നില്ല. ശ്രേഷ്ഠജാതിയിലുള്ള ഒരാളെ വിവാഹംകഴിക്കേണമെന്നായിരുന്നു യാഹിലായുടെ മുഖ്യമായ ആഗ്രഹം. എന്നാൽ ഈ ആഗ്രഹം എത്ര അസാദ്ധ്യമായിരുന്നു എന്നു യാഹിലക്കുതന്നെ അറിവുണ്ടായിരുന്നതുകൊണ്ടു തന്റെ നിർഭാഗ്യസ്ഥിതിയെപ്പററി അവൾ വളരെ വ്യസനിച്ചു.

മകളുടെ വ്യസനംകണ്ടു്, അച്ഛനും തന്നെ വ്യസനിച്ചു. എന്നാൽ ആ ദുഃഖശാന്തിക്കുള്ള ഉപായം ആയാൾ കണ്ടില്ല. മനുഷ്യജീവിതമാകുന്ന തത്ത്വസന്തതി സൂക്ഷ്മാലോചനയോടുകൂടിയതും സമഗ്രമാകാവുന്നതും ഉൽഗ്രന്ഥിയല്ലാത്തതും ആണെന്നു പറയൻ ഗ്രഹിച്ചു. സമാനപദസ്ഥന്മാരെക്കാൾ ഉന്നതസ്ഥിതിയിലാക്കിയ തന്റെ ധനം, ക്രമേണ പുഷ്പിച്ചു പരിപാകങ്ങളായ ഫലങ്ങളായി പരിണമിക്കുന്ന തന്റെ നിർഭാഗ്യത്തിന്റെ ബീജത്തെയും അങ്കുരിപ്പിച്ചു. ആപൽകാലങ്ങളിൽ മാത്രമല്ല, സമ്പത്സമൃദ്ധിയുള്ളകാലത്തും ഒരുവൻ തന്റെ ചിത്തശാന്തി നശിച്ചു്, അതിദുഃഖിതനായേക്കാം എന്നു പറയുന്നതു് അനുഭവസിദ്ധമായി. അവൻ ഒരു ധനികനായിത്തീർന്നു എങ്കിലും ആ ധനംതന്നെ അവനെ സമാനപദസ്ഥന്മാരെക്കാൾ ഉന്നതസ്ഥിതിയിൽ ആക്കുകയും തന്നിമിത്തം അവൻ അവരിൽനിന്നു ഒരു വിവിക്തവാസിയായി തീരുകയും ചെയ്തു. ദൈവസൃഷ്ടികൾക്കെല്ലാം പൈതൃകമായി സിദ്ധിച്ചതായ പരസ്പരാനുരാഗബന്ധത്തോടുകൂടിയ ഹൃദയസമാഗമമാകുന്ന ആ അനുഗ്രഹം സിദ്ധിക്കാൻ അവന്റെ പുത്രിക്കു ആയാളുടെ ധനംതന്നെ പ്രതിബന്ധമായിത്തീൎന്നു. പ്രഗത്ഭമായും മൃദുലമായുമുള്ള തന്റെ മനസ്സിന്നു തീരെ വിരോധമായ വിവാഹംകൊണ്ടല്ലാതെ സകലഹിന്തുക്കൾക്കും മോക്ഷപ്രാപ്തിക്കു ഹേതുവായ സ്വവംശപ്രതിഷ്ഠക്കു് അവൾക്കു വേറെ മാർഗ്ഗം ഇല്ലായിരുന്നു.

കോമളഗാത്രിയായ യാഹിലയുടെ പ്രേമം ലഭിക്കാൻവേണ്ടി അനേകം പറയയുവാക്കൾ വ്യൎത്ഥമായി കാംക്ഷിച്ചുപോന്നു. എന്നാൽ കേവലം ബുദ്ധിശൂന്യന്മാരും മൃഗപ്രായന്മാരും മനുഷ്യവൎഗ്ഗത്തിനു ദൂഷണാവഹങ്ങളായ നടവടിയോടുകൂടിയവരും ആയ പറയയുവാക്കളുടെ പ്രാൎത്ഥനയെ സ്വീകരിപ്പാൻ യാഹിലക്കു നിൎബ്ബാഹമുണ്ടായിരുന്നില്ല. 'മന്ദാരവല്ലിമലൎന്നു ഭൂഷിക്കുന്ന, ധ[illegible]ങ്ങൾ കൊന്ന കാംക്ഷികളോ?' യാഹിലയുടെ ഈ അഭിമാനം കേവലം അനുചിതമായിരുന്നു എന്നു പറവാനും പാടില്ല. അവരുടെ ശോചനീയാവസ്ഥയെപ്പററി അവൾക്ക് അവരുടെ മേൽ അനുകമ്പ തോന്നിയെങ്കിലും അവരുടെമേൽ അവൾക്കു പ്രേമമുണ്ടായില്ല. സമ്പൽസമൃദ്ധികൊണ്ട് അവൾ അവരെക്കാൾ എത്രയോ മീതെയായിരുന്നു. കാട്ടുമൃഗങ്ങൾ ഭക്ഷിക്കുന്ന ഉച്ഛിഷ്ടം ഭക്ഷിക്കുകയും കാടരെപ്പോലെ കാട്ടിൽ വസിക്കുന്നവരും ഹിംസം, പ്രാണിദ്രോഹം മുതലായ നിഷ്ഠുരകൃത്യങ്ങളിൽ തല്പരന്മാരും ആയ അവരോടുള്ള വിവാഹബന്ധത്തിന്ന് അവൾക്ക് അശേഷം മനസ്സുണ്ടായിരുന്നില്ല.

യാഹിലയെ വേളികഴിക്കുന്നവന്നു വളരെ സ്ത്രീധനം കൊടുപ്പാൻ അവളുടെ അച്ഛന്നു കഴിവുണ്ടായിരുന്നു എങ്കിലും കാണികൾക്കു വിസ്മയത്തെ ഉണ്ടാക്കുന്നതും ധാതാവിന്റെ സൃഷ്ടിവിധാനവൈചിത്ര്യത്തിന്റെ പരമകാഷ്ഠയും അതിമനോജ്ഞതയുമായ ഈ സ്ത്രീരത്നത്തെ പാണിഗ്രഹണം ചെയ്വാൻ അവരുടെ സജാതിയരൊഴിച്ച് വേറെ ആരും തന്നെ ഒരുങ്ങിയില്ല. അതുനിമിത്തം സൌന്ദൎയ്യമയ യാഹില ഭഗ്നാശയായിട്ട് കൊല്ലങ്ങളും കന്യകയായിത്തന്നെ ദിവസം കഴിച്ചുകൂട്ടി.

ഗൌതമൻ എന്ന ഒരു പറയയുവാവ് യാഹിലയുടെ കാമുകന്മാരിൽ ഒരുവനായിരുന്നു. യാഹിലയുടെ പ്രേമം ലഭിക്കാൻ വേണ്ടി ഗൌതമൻ ഭഗീരഥപ്രയത്നം ചെയ്തുനോക്കി. എന്നാൽ അവളുടെ സാചീകൃതമായ നേത്രവും സങ്കുചിതമായ അധരവും അവന്റെ നേരെയുള്ള വിരക്തിയെ സ്പഷ്ടമായി കാണിച്ചു. അവൻ കാഴ്ചയിൽ സുമുഖനും തന്റെ ജാതിയിലുള്ള മിക്കവരേക്കാൾ എത്രയോ സ്വ

ഭാവശുദ്ധിയും ചിത്തസമുന്നതിയും ഉള്ളവൻ ആയിരുന്നിട്ടും യാഹിലക്ക് അവനിൽ പ്രേമം ജനിച്ചില്ല. 'ഭിന്നരുചിർഹി ലോകഃ' എന്നേ പറവാൻ കാണുന്നുള്ളു. യാഹിലക്കു വേണ്ടി തന്റെ ജീവനെ കളവാൻകൂടി ഗൌതമൻ ഒരുക്കമായിരുന്നു. അവൾക്കു തന്റെ നേരെയുള്ള വിമുഖതയെ നിരാകരിക്കാൻ ഗൌതമൻ സർവ്വാത്മനാ പ്രയത്നിച്ചു. അവൾ എപ്പോഴെങ്കിലും വീട്ടിൽനിന്നു പുറത്തേക്കു ഇറങ്ങിയാൽ തന്റെ പ്രണയസൂചകമായ എന്തെങ്കിലും ഒരു ഉപഹാരത്തോടുകൂടി ഗൌതമൻ അവൾ പോകുന്നവഴിയിൽ നില്ക്കും. എന്നാൽ യാഹില ഗൌതമനാൽ അർപ്പിതമായ ഉപഹാരത്തെ ഒരിക്കലും സ്വീകരിച്ചുമില്ല.

ഒരു ദിവസം ഗൌതമൻ ചോദിച്ചു: യാഹിലെ! നിങ്ങൾ എന്താണ് എന്നെ അനാദരിക്കുന്നത്? യാഹില ഉത്തരം പറഞ്ഞു: ഞാൻ നിങ്ങളെ ഒരിക്കലും അനാദരിക്കുന്നില്ല. ഒരാളെ സ്നേഹിക്കാത്തതുകൊണ്ട് അയാളെ അനാദരിക്കുക എന്നർത്ഥമായോ? അനുരാഗാദികളായ മനോവികാരങ്ങൾ നമ്മുടെ വശവർത്തികളല്ലെന്ന് നിങ്ങൾക്ക് അറിയാമല്ലോ.

“എന്നാൽ നിങ്ങൾക്കു എന്നെ സ്നേഹിക്കുന്നതിനു എന്താണ് വിരോധം? വിവാഹം ചെയ്യാതെ ജന്മം കഴിച്ചുകൂട്ടാൻ നിങ്ങൾ വിചാരിക്കുന്നില്ലല്ലോ. നിങ്ങൾ പറയുന്നെ വിവാഹം ചെയ്യില്ലെന്നു വാശിപിടിച്ചിരുന്നാൽ നിങ്ങൾക്കു എവിടുന്നാണ് ഒരു ഭർത്താവ് ഉണ്ടാകുന്നത്?”

“വിവാഹംചെയ്യേണമെന്നു എനിക്ക് ആഗ്രഹമുള്ളത് വാസ്തവമാണ്. എന്നാൽ എനിക്കു പ്രേമഭാജനമായ ഒരു ഭർത്താവിനെ കണ്ടുകിട്ടാത്തപക്ഷം ഞാൻ വിവാഹംചെയ്യുന്നതല്ല. അങ്ങിനെ ഒരാളെ കിട്ടാഞ്ഞപക്ഷം നിന്ദ്യമായ കൌമാരാവസ്ഥയിലിരുന്നുംകൊണ്ടു കാലംകഴിച്ചുകൊള്ളാം. എന്റെ ഹൃദയത്തെ വശീകരിക്കാൻ കഴിയാത്തതായ ഒരുവന്റെ ഭാര്യയായിരിപ്പാൻ എനിക്കു ഒട്ടുംതന്നെ മനസ്സില്ല.”

കെ. കുഞ്ഞുണ്ണിനായർ, ബി. എ.

# ധനഞ്ജയവിജയം

---

വിദ്യാ— അതങ്ങിനെതന്നെ. (മറ്റൊരുദിക്കിൽ നോക്കീട്ട്) ദേവ! നോക്കൂ, നോക്കൂ,

61. അംഗാരജ്വാലനേരിട്ടപരശരമേറി-
ച്ചെത്തിയശ്വത്തെയത്തൽ-
സ്സാംഗാതങ്കാൽഭ്രമിപ്പിച്ചരമരുണനഹോ
വ്യാകുലത്വം വളർത്തി
ഗംഗാപുത്രൻപ്രയോഗിച്ചൊരുമഹിതമഹത്താ-
ശാസ്ത്രൗഘംലോകനാശം·
ത്തുംഗാപത്രത്തിയെന്നോർത്തിട്ടമടവിലിതാ-
കത്തിയെത്തീവിയത്തിൽ

പ്രതിഹാരി— ദേവ! ഈ ഭയാനകമായ അഗ്നി നമ്മുടെ അടുക്കലേക്കെത്തി.

വിദ്യാ—ഭദ്രേ! പേടിക്കേണ്ടാ. ഇതു കിരീടിയ്ക്കെന്തു സാരമാണ്? നോക്കൂ, നോക്കൂ,

62. നീലച്ചുള്ളഞ്ജനാർത്താനൈതിരിട്ടമിരുളം-
ബാംബരാമൂടിവിദ്യു-
ന്മാലസ്സുള്ളാഭകൊണ്ടങ്ങുന്നടനൈവെള്ള·
പ്പിച്ചുദിക്കൈകമാനം
സ്ഥൂലാരാവത്തൊടൊത്ത്ക്കളെനിമേരു-
ണ്ടാശ്ശുവർദ്ധിച്ചധാരാ-
ജാലത്താൽവാരുണാസ്ത്രപ്രസൃതഘനഘനം
തീയശേഷാകെടുത്തി

ഇന്ദ്രൻ—ഈ വത്സൻ മഹാനുഭാവൻതന്നെ.

പ്രതിഹാരി—ദേവ! കണ്ണനിതാ നാഗാസ്ത്രമയച്ചു. ഇളകുന്ന ജിഹ്വായുഗളങ്ങളാൽ ഭയങ്കരമായ മുഖത്തുനിന്നു പുറപ്പെടുന്ന വിഷധൂമലേഖ തട്ടിയ പടത്തിന്മേലുള്ള രത്നങ്ങളാൽ മഴവില്ലിന്റെ

ശോഭയുണ്ടാക്കിയവയും, പൃത്ഥ്വീവലയം ആസകലം പരവശമാക്കിത്തീൎത്തവയും, നോട്ടംകൊണ്ടുതന്നെ കരിച്ചതായ വലിയ വൃക്ഷങ്ങളോടുകൂടിയവയും ആയ സൎപ്പങ്ങൾ നിറയുന്നു.

വിദ്യാ—63. നീണ്ടാസജ്ജനസഖ്യമറ്റു ഖലചി-
ത്തംപോലേറെക്കുനിയും,
വേണ്ടാസ്വാസ്ഥികമാൎന്നയോഗികൾകണ-
ക്കിന്നംബരംകേറിയും,
വീണ്ടുംരത്നാകരാഭകൊണ്ടുനുപമ-
ട്ടായ്ഭോഗിയായ്നാഗിമ-
ട്ടുണ്ടാം, കണ്ണശരാൎത്ഥിതാഹികളഹോ
തിങ്ങുന്നിതെങ്ങും പരം

ഇന്ദ്രൻ— ഖാണ്ഡവദാഹത്തിൽ വൈരം ഉണ്ടായിട്ടുള്ളവർ കടിക്കുമോ?

വിദ്യാ—വിഷാദംവേണ്ട. അൎജ്ജുനൻ ഗരുഡാസ്ത്രം പ്രയോഗിച്ചു. നോക്കൂ, നോക്കൂ,

64. പക്ഷാവിശിപ്പരക്കുംകൊടുപവനനുടൻ
പൎവ്വതൌഘംപറിച്ചും
സാക്ഷാൽസൂൎയ്യനടുത്തുംവലിയൊരഹികളെ
ക്കൊത്തിയക്കൊക്കുചേൎത്തും
ത്രക്ഷ്വതാപാവൂന്ദരിക്ഷ്വാരമണമഥനമോ-
ദത്തത്രയുംമറന്തരായും
ലക്ഷത്തിൽക്കൂട്ടുമപക്ഷികളിതുരസമാം
ദ്രോണനുംസാരഥിക്കും

ഇന്ദ്രൻ—(സന്തോഷിച്ച്) പിന്നെ, പിന്നെ.

പ്രതിഹാരി—ഇതാ ദുൎയ്യോധനൻ മുള്ളുപറഞ്ഞിട്ടു ദ്രോണര അങ്ങയുടെ പുത്രന്റെ നേരെ വാരുണാസ്ത്രം പ്രയോഗിച്ചു.

65. ചോറ്റ്പ്പാൽചിന്തുരമൊക്കുംതലപൂഘനപടലം
കേറിത്തിട്ടുംകൊമ്പുലീലാ.

വാശ്ശാൽപൊക്കുന്നതുമ്പികരപവനനുത്ത-
ക്കുന്നനക്ഷത്രവർഗ്ഗം
അപ്പാൾതാവെച്ചിട്ടമ്പോളിളകിയകുലശൈ-
ലങ്ങളിത്യാദിയോരോ-
കോപ്പായ്ദ്യോവിൽപരന്നുഗജവദനശരോൽ-
ഭൂതമത്തേഭവൃന്ദം

ഇന്ദ്രൻ—പിന്നെ, പിന്നെ.

വിദ്യാധരൻ—പാൎത്ഥൻ സിംഹാസ്ത്രം അയച്ചു. നോക്കു, നോക്കു.

66. കാഷ്ഠാദംഷ്ട്രാദ്യുതിനഭസിചേൎത്തു,സ്സടാഭീമമായി-
പ്പോകുംവാലാഗ്നഗഹ്വരമുഴക്കുംമഹാനാദമോടും
വാശ്ശുംസിംഹപ്പടനഖമുഖംകൊണ്ടുകീറിക്കുടിക്കും
തൽക്കുംഭസ്രോപരമിതിഭയാൽപോയിതെങ്ങോഗജങ്ങൾ

ഇന്ദ്രൻ—ഇനി ജയത്തിനു കുറച്ചുവേണ്ടു.

വിദ്യാ—ദേവ! അങ്ങിനെയല്ലാ ജയം മുഴുവനുമായി.

67. ഒന്നായ്ഭീഷ്മരഥാംശമോടുഗുരുവാം
ദ്രോണകൾഃഴുംസൂതനെ-
ക്കൊന്നാ,കൎണ്ണരഥാപൊടിച്ചു,കൃപരെ-
ബ്ബോധംകെടുത്തി,ജ്ജവാൽ
നന്നായ്ദ്രോണജവിൽമുറിച്ചു,തുകഴി-
ച്ചുള്ളോരെയോടിച്ചിതാ
ചെന്നാൻപന്നഗകേതുപേടിയൊടുമോ-
ടീടുംവഴിക്കൎജ്ജുനൻ

പ്രതിഹാരി—ദുൎയ്യോധനനു വലിയ ആപത്തായി.

വിദ്യാധരൻ— ഇല്ല.

68. അണയാസുരവരസുതനുടെ
കണയാടലൊലോടുമവനിലൊരുനാളും
മണിമകുടമതിഹവിൎത്തി
ഫണികേതനനൊട്ടയത്തിരോപാഗനി
(അണിയറയിൽ)

ഭേം! ഭേം! കണ്ണന്റെ ചങ്ങാതിയായ ദുര്യോധന!'

69. പാഞ്ചാലിതൻപരിഭവാൽതലകാലേരടിപ്പാ-
നാഞ്ചാതഭീമനുടെസത്യമതില്ലയെങ്കിൽ
നിഞ്ചോരപൊന്മകുടമശ്രുപൊടിച്ചൊരമ്പാൽ
തൊഞ്ഞാലെനിന്നലയവത്തിട്ടുമായിരുന്നു.

കെ. നാരായണമേനോൻ, ബി. എ.

# പലവക

ഭാഷാപോഷിണി സഭയുടെ ഉമ്മറിയായി കാവ്യം ചിങ്ങം പൂ-ാംനു 'ഭാരതവിലാസം' അച്ചുക്കൂടത്തിന്റെ പ്രാരംഭദിവസം തൃശ്ശിവപേരൂര് വെച്ചുകൂടിയ കവിസമാജത്തിൽ ഭാരതി വിളയാടിട്ടുള്ള ഫലമാണ് 'ഭാരതവിലാസം മണിപ്രവാളശതകം' എന്ന ചെറിയ പുസ്തകം. ഇതിൽ രസികരഞ്ജിനി ശ്രദ്ധവെച്ചിട്ടുള്ളത് കേവലം ഒരു കാവ്യപരിശോധനയുടെ നിലയിലല്ല. പ്രസ്തുത അച്ചുക്കൂടം കേരളകവികളുടെ സങ്കേതസ്ഥാനമായിട്ട് വിചാരിക്കുവാൻ അവകാശമുള്ളതുകൊണ്ട് ഭാരതവിലാസത്തിന്റെ മംഗളാശംസയിൽ പങ്കുകൊള്ളുന്നത് കേരളഭാഷയുടെ ക്ഷേമത്തെ പ്രാർത്ഥിക്കുന്നതിനോടു തുല്യമെന്ന വിചാരംകൊണ്ടു മാത്രമാകുന്നു.

* *
*

'ജ്യോതി' എന്ന മാസികയുടെ പ്രഥമലക്കം കൈപ്പററി. സഹജീവി മേല്ക്കുമേൽ അഭിവൃദ്ധിയോടുകൂടി ചിരകാലം വത്തിക്കുവാൻ പ്രാർത്ഥിക്കുന്നു.

* *
*

'വ്യാകരണമിത്രം' രണ്ടാംഭാഗം സസന്തോഷം സ്വീകരിച്ചു. അഭിപ്രായം അടുത്തതിൽ.

# P. SUBBAROY'S

## World-renowned and most efficacious Ayurvedic medicines



മരുന്ന സേവിക്കുന്നതിന മുമ്പു.

### പി. സുബ്ബറായിയുടെ ലോകപ്രസിദ്ധങ്ങളും ഏററവും ഫലവത്തുക്കളും ആയ ആയുൎവ്വേദൌഷധാലയം.

### ൧. ലോകപ്രസിദ്ധമായധാതുപുഷ്ടികാരി

ധാതുനഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നീററൽ, നീരൊഴിവു, മധുമേഹം, കല്ലടപ്പു (മൂത്രഘാതം) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും.



മരുന്ന സേവിച്ചതിന്റെ പിമ്പു.

ഡപ്പി ഒന്നുക്കു വില ഉറുപ്പിക ൨. തപാൽ ചിലവു വകയ്ക്കു അണ ൬ വേറെ.

### ൨. പ്രമേഹനിവാരണി.

സിരാമേഹം, ഇടുപ്പുവലി, മൂത്രമധികമായും തടഞ്ഞും പോകുക, മേഢ്രം, പുകച്ചൽ, രക്തമോഹം മുതലായ വ്യാധികളിൽനിന്ന സ്ത്രീപുരുഷന്മാരെ നിവൎത്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും. കുപ്പി ൧ക്കു വില ഉറുപ്പിക ൧. മൂന്ന കുപ്പികൾവരേയുള്ള ബങ്കിക്കു തപാൽ ചിലവു അണ ൭.

### ൩. സൎവ്വവേദനാസംഹാരി.

ഈ തൈലം അല്പം പിരട്ടിയാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വീക്കം, മുടക്കുവാതം, നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാകുന്ന ശൂല, ഇടുപ്പുവേദന, പാൎശ്വവായു, മേഹവായു, തിമിരവായു മുതലായ പല വ്യാധികളും ഭേദപ്പെടും. കുപ്പി ഒന്നുക്കു വില ഉറുപ്പിക ൧. തപാൽ ചിലവു അണ ൫.

### ൪. മണ്ഡലകുഷ്ഠസംഹാരി.


മണ്ഡലകുഷ്ഠം, പുഴുക്കടി, തഴുതണം, നവുഞ്ഞാണി എന്നീ പേരുകളുള്ള രോഗത്തിനു സിദ്ധൌഷധം. ത്വഗ്രോഗങ്ങളും പലതും മാറും. തേമൽ മേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും. വില കുപ്പി ഒന്നിനു ൪-ണ. തപാൽ ചിലവു മൂന്നു കുപ്പിവരെ ൭ ണ വേറെ.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആൎക്കാട്ട് ജില്ല.

## ൩. ലക്ഷ്മീകര കസ്തൂരിഗുളികകൾ

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സശ്രദ്ധം ഉപയോഗിക്കേണ്ടുന്ന വിലയേറിയ സാധനം. ദന്തവേദന, വായ്നാറ്റം, അജീൎണ്ണം, പിത്തവായു ഇവയെല്ലാം ശമിപ്പിക്കും.



തനിച്ചും താംബൂലത്തോടുകൂടിയൊ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തെയും ജീൎണ്ണിപ്പിക്കും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേൎത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കൎപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേൎത്തിട്ടുണ്ടു. ചളി, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏറ്റക്കുറച്ചിൽപോലെ ഒന്നുമുതൽ ൪ വരെ ഗുളികകൾ വെറ്റിലച്ചാറ്റിൽ കൊടുത്താൽ മതി. ൨൦൦ ഗുളികകൾ ഉള്ള കുപ്പി ൧-ക്ക വില ണ ൪. ൧ മുതൽ ൧൨ വരെ കുപ്പികൾ അടങ്ങിയ ബങ്കി ൧-ക്ക തപാൽകൂലി ൩ ണ.

## ൪. ദന്തചൂൎണ്ണം.

സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിനു ൩- ണ. തപാൽ ചിലവു ൨ കുപ്പിവരെ ൩ ണ വേറെ.

## ൫. ജ്വരസംഹാരി.

കുളിപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവക്കു നന്നു. വില കുപ്പി ഒന്നിനു ൧ ക. തപാൽ ചിലവു ൨ ണ വേറെ.

## ൬. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി മീശ ഇമ ഇവ ബഹു പുഷ്ടിയായും നൈരുക്യമായും കറുപ്പായും വളരും. കണ്ണിനു കുളൎമ്മയുണ്ടാക്കും. സകല കൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പിച്ച രോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാക്കും. വില കുപ്പി ഒന്നിനു ൬ ണ. തപാൽ ചിലവു ൩ ണ വേറെ.

## ൭. രോമസംഹാരി.

രോമം എവിടെ വേണ്ടാതാക്കേണമോ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാക്കാതെ രോമത്തെ മാറ്റും. വില കുപ്പി ഒന്നിനു ൮ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ ണ വേറെ.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

## ൧൦. അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ, പുളിച്ചു തികട്ടുക, നെഞ്ചുകരിക്കുക, മലബന്ധം, വയറുനോവു, വായനാറ്റം, അജീൎണ്ണം, വയറുവീൎത്തുകയറുക, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നുക്കു അണ വ. തപാൽക്കൂലി അണ ൩ വേറെ.

## ൧൧. കൎണ്ണബിന്ദു.

ചീക്കാളു, ചെവികുത്തു, ചെവിയടപ്പു, ഇരച്ചിൽ മുതലായ കൎണ്ണരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും. വില കുപ്പി ൧ക്കു വ ണ. തപാൽ ചിലവ മൂന്നു കുപ്പികൾവരെ ൩ ണ വേറെ.

## ൧൨. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും. അജീൎണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലംപിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി ഒന്നിനു വ ണ. തപാൽ ചിലവു ൧ മുതൽ ൪ വരെ ഡപ്പികൾക്കു ൩ ണ. വേറെ.

## ൧൩. നേത്രബിന്ദു.

കൺനോവു, കൺകുത്തു, ക്ലേശം, നീരെടുപ്പു, മിന്നൽ, മാലക്കണ്ണു, പീളക്കെട്ടു, ദശവളച്ചു, പൂവു, ചെരപ്പു, എരിച്ചിൽ, ഇമ, പൃരികം ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില കുപ്പി ഒന്നിനു വ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ ണ വേറെ.

## ൧൪. സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണത്താലും മററും ഉണ്ടാകുന്ന ഇന്ദ്രിയസ്ഖലിതത്തെ നീക്കും. വില ഡപ്പി ഒന്നിനു വ ണ. തപാൽ ചിലവു ൩ വരെ ഡപ്പികൾക്കു ൩ണ വേറെ.

## ൧൫. മൃഗകസ്തൂരി.

കാശ്മീരിൽനിന്നു വരുത്തീട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ടു. ത്രപാത്തൂക്കത്തിനു ൪വ ക വില. ഒരു ത്രപാമുതൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവു പുറമെ, എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആൎക്കാട്ട് ജില്ല.

## ൧൬. തേൾവിഷത്തിനു സിദ്ധൌഷധം.

തേൾകടിച്ച സ്ഥലത്തു രണ്ടുതുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസമാകുന്നു. ഒരു കുഡുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി ൧-ക്ക ൧ ക ൪ ണ. ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവൎക്ക ഡസൻ ൧ ക്ക ൨ ക. ൮ ണ. ഉള്ളവില്പയിൽ കുറച്ചുമാത്രമെ വില ചുമത്തുന്നുള്ളു. വി. പി. കമ്മീഷൻ ൩ ണ പുറമെ. ഇൻഡ്യയിലും ബൎമ്മയിലും ൧൨ കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ. സിലോൺ ടി ൬ ണ.

## ൧൭. വ്രണവിരോപണ തൈലം.

ഈ കുഴമ്പു പിത്തപ്പുണ്ണു മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇതു സകല ക്രിമികളേയും നശിപ്പിച്ചു എല്ലാം വ്രണങ്ങളേയും വിശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില ൮ ണ. മൂന്നു കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ മാത്രം.

## ൧൮. കണ്ഠശുദ്ധിഗുളിക.

ഇതു കണ്ഠം തെളിഞ്ഞു ശാരീരം നന്നാവുന്നതിന്ന അതി വിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു സംഗീതക്കാൎക്കും, പ്രസംഗക്കാൎക്കും, പാതിരിമാൎക്കും, ശ്വാസാവയവംകൊണ്ടു അത്യായാസം ചെയ്യേണ്ടവരായ മറ്റെല്ലാവൎക്കും വളരെ ഉപയോഗമുള്ളതുമാകുന്നു. വില ൮ ണ. വി. പി. കമ്മീഷൻ ൬ കുപ്പിവരെ ൬ ണ.

## ൧൯. സ്നാനചൂൎണ്ണം.

ഈ പൊടി തേച്ചുകുളിക്കുന്നതിന്ന വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞു, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എപ്പോഴും തോന്നിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു. വില ൮ ണ. വി. പി. കമ്മീഷൻ ൩ ണ.

## ൨൦. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം അൎശസ്സ്, ഉറക്കമില്ലായ്മ ഇവയ്ക്കും ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മദ്ധ്യവയസ്സന്മാൎക്കും ഒരുപോലെ ഉപകരിക്കാവുന്നതാകുന്നു. വില ൧൦ ണ. വി. പി. കമ്മീഷൻ ൬ കുപ്പിവരെ ൩ ണ.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആൎക്കാട്ട് ജില്ല.

## ൨൧. ഒന്നാംതരം ഗോരോചന ഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരൾ ഇവകളിൽ ഉണ്ടാവുന്ന ഉപരോഗങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അർശസ്സ്, ഉറക്കമില്ലായ്ക, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൩ ണ. വി. പി. കമ്മീഷൻ ൬ കുപ്പിവരെ ൩ ണ.

## ൨൨. ത്വഗ്രോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ, ചൊറി, പോളൻ, പുട, പുഴുക്കടി, താരണം, ഒട്ടവട്ട മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും ഏററവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി. പി. കമ്മീഷൻ ൩ ണ.

മേത്തരം ഗോരോചനം തോല ൧-ക്കു വില ൩ ക. മേത്തരം കുങ്കുമകേസരം തോല ൧-ക്കു വില ൧ ക. മേത്തരം പച്ചക്കർപ്പൂരം, തോല ൧-ക്കു വില ൨ ക. മേത്തരം റോജാ അത്തർ, മല്ലിപ്പൂ അത്തർ, വെട്ടിവേർ, താഴമ്പൂ, മരിക്കൊളുന്ത്, ജാതിമല്ലി, സുഹാഗ്, ഹീന, മശ്ഡംബു, അത്തർ മുതലായതുകൾ എപ്പോഴും തയ്യാറുണ്ട്. ഇവ ഒരു തോല്പ. തൂക്കത്തിന്ന ക. ൧-മ്പ തപാൽകൂലിപുറമെ.

| | | | | ക. | ണ. | സ. |
|---|---|---|---|---|---|---|
| ഒന്നാംതരം | ഗോരോചനം | ത്രപാല്ലുക്കം | ൧-ക്കു | ൩ | ൦ | ൦ |
| ടി | മഞ്ഞതൾ | ടി | ൧-ക്കു | ൧ | ൮ | ൬ |
| ടി | പച്ചക്കർപ്പൂരം | ടി | ൧-ക്കു | ൧ | ൨ | ൪ |

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴുതണം.

# വ്യവഹാരചിന്താമണി

എല്ലാ ഇംഗ്ലീഷ മാസവും ൧൦-ാം നു- പ്രസിദ്ധപ്പെടുത്തുന്ന
ഒരു വിശേഷനിയമമാസിക.

പത്രാധിപർ

മൊകളത്ത കരുണാകരമേനോൻ, ബി. എ.

മലബാർ, കൊച്ചി, തിരുവിതാംകൂറ ഒരുപോലെ പ്രചാരം.

വരിസംഖ്യ എപ്പോഴും മുങ്കൂർ.

| | | | |
|---|---|---|---|
| ഒരു കൊല്ലത്തേക്കു | ൪-0-0 | വി. പി. ഒരു കൊല്ലത്തേക്കു | ൪-൪-൦ |
| ആറു മാസത്തേക്കു | ൨-0-0 | ആറുമാസത്തേക്കു | ൨-൪-൦ |

| വിധികൾ | ഗുണങ്ങൾ |
|---|---|
| മദിരാശി | ഹൈക്കോട്ടു ലേഖനം |
| കൽക്കത്ത | ഒന്നാന്തരം കടലാസ്സ |
| അലഹബാദ | മേത്തരം അച്ചടി |
| ബൊംബായ | യോഗ്യരുടെ ഛായാപടം |
| കൊച്ചി | യോഗ്യലേഖകന്മാർ |
| തിരുവിതാംകൂർ | വിശേഷപത്രാധിപകുറിപ്പുകൾ |

## പത്രാധിപാഭിപ്രായങ്ങൾ.

കേരളസഞ്ചാരി. നിയമകാൎയ്യത്തിൽ ഉപാദ്ധ്യായൻ.

മ. മനോരമ. മേനോന്റെ പുതിയ സ്വമനതകാത്തപ്പോലെ വേറെ ഒരു പത്രത്തിനു കിട്ടില്ല.

മനോരമ. സകല മുതൽക്കാരും വാങ്ങേണ്ടതാണ.

കേരളപത്രിക. കക്ഷികൾക്ക അത്യുപകാരം.

## കൊച്ചിവിധികളുടെ പോക്കറിവാൻ 'ചിന്താമണി' വ്യക്തമാക്കും.

കൊച്ചിവിധികൾ ൧൦൦൩ മുതൽക്കും, തിരുവിതാംകൂർ വിധികൾ ൯൦-ാം നു മുതൽക്കും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. നിങ്ങൾ ചിന്താമണി കണ്ടിട്ടില്ലെങ്കിൽ തരംനോക്കുവാൻ ഒരു ബ്രിട്ടീഷ പോസ്റ്റുകാർഡ അയച്ചാൽ മടക്കത്തപാലിൽ സൌജന്യമായി നിങ്ങൾക്ക ഒരു പ്രതി അയക്കുന്നതാണ. ലോകവ്യവഹാരത്തിലുണ്ടാകുന്ന ... 'ചിന്താമണി' പാരായണം ചെയ്യുന്നത ഒഴിച്ച അന്യമാൎഗ്ഗം ഇല്ല.

എന്ന വ്യവഹാരചിന്താമണി മാനേജർ,
വള്ളുവനാട, മലബാർ.

## പണം അടച്ചവരുടെ പേരു വിവരം.

---

| | | | | | |
|---|---|---|---|---|---|
| ബഹുമാനപ്പെട്ട | തിരുവിതാംകൂർ സർക്കാർ (ബാക്കി ഉൾപ്പടെ) | | ൱ | ൦ | ൦ |
| മ. രാ. രാ. | ടി. വി. ആദിനാരായണയ്യർ, ബി. എ. | അവർകൾ | ൱ | ൦ | ൦ |
| " | സി. വി. കൃഷ്ണയ്യർ | " | ൰ | ൦ | ൦ |
| " | ടീ. എ. മഹാദേവയ്യൻ | " | ൨൰ | ൦ | ൦ |
| " | തെങ്ങുംകാട്ടിൽ എം. വറുഗീസ്സ മാപ്പിള | " | ൨ | ൦ | ൦ |
| " | കെ. ഗോവിന്ദപ്പിള്ള | " | ൫ | ൮ | ൦ |
| " | മഞ്ഞളാവിൽ കൊച്ചപ്പൻ നായർ | " | ൰ | ൦ | ൦ |
| " | അമ്പാട്ട ചാത്തുമേനോൻ (കുടിശ്ശിക ഉൾപ്പടെ) | " | ൰ | ൪ | ൦ |
| | കെ. ഇ. കുരിയൻ | " | ൫ | ൦ | ൦ |
| " | പണിക്കവീട്ടിൽ ഗോവിന്ദമേനോൻ, ബി. എ. | " | ൰ | ൦ | ൦ |
| " | പി. കെ. നാരായണൻ നമ്പ്യാർ | " | ൫ | ൮ | ൦ |
| " | പാറയ്ക്കാട്ട ദാമോദരമേനോൻ ബി. എ. | " | ൰ | ൦ | ൦ |
| " | കാട്ടൂര കൃഷ്ണപിഷാരടി | " | ൰ | ൦ | ൦ |
| " | കണ്ണൂര് നാരായണമേനോൻ, ബി. എ. | " | ൰ | ൦ | ൦ |
| " | പി. ശങ്കുണ്ണിമേനോൻ, (പ്രൊഫസ്സർ), ബി. എ. | " | ൰ | ൦ | ൦ |
| " | സി. മത്തായി ബി. എ | " | ൰ | ൦ | ൦ |
| " | കോഴിക്കോട്ട അച്യുതമേനോൻ | " | ൰ | ൦ | ൦ |
| " | പി. എ. സ്റ്റീഫൻ ബി. എ. | " | ൰ | ൦ | ൦ |
| " | യു. ഗോവിന്ദൻ നായർ | " | ൫ | ൮ | ൦ |
| " | ഉണ്ണിരാമമേനോന്മാർ (ബാക്കി) | " | ൰ | ൦ | ൦ |
| " | ആമ്പ്രമോളി രാമുണ്ണിവൈദ്യൻ | " | ൰ | ൦ | ൦ |
| " | സി. കേളപ്പൻകിടവ് (ബാക്കി ഉൾപ്പടെ) | " | ൰ | ൦ | ൦ |
| " | എം. ബാലകൃഷ്ണപ്പിള്ള (കുടിശ്ശിക) | " | ൫ | ൧൨ | ൦ |
| " | കെ. ഗോപാല മേനോൻ " | " | ൰ | ൦ | ൦ |
| " | എ. വി. രാമുണ്ണിവൈദ്യൻ " | " | ൰ | ൦ | ൦ |
| " | പി. ചാത്തു " | " | ൨ | ൦ | ൦ |
| " | ടി. എം. അപ്പുനെടുങ്ങാടി ബി. എ. ബി. എൽ. | " | ൫ | | ൦ |
| " | പി. ശങ്കുണ്ണിമേനോൻ | " | ൫ | ൪ | ൦ |
| " | ഇ, രാമവാരിയർ ഡാക്കടർ | " | ൰ | ൦ | ൦ |
| " | കക്കാട്ട പൂമഠത്തിൽ ശങ്കരൻവൈദ്യൻ (കുടിശ്ശിക) | " | ൪ | ൦ | ൦ |

| | | | | | |
|---|---|---|---|---|---|
| മ. രാ. രാ. | പാറക്കാട്ട ശങ്കുണ്ണിമേനോൻ ബി. ഏ. ബി. എൽ. അവർകൾ | ൩ | ൦ | ൦ |
| " | പാട്ടത്തിൽ നാരായണമേനോൻ എം. ഏ. ബി. എൽ. | " | ൨ | ൦ | ൦ |
| " | പള്ളിയാനിക്കേച്ചൻ കത്തനാർ (ബാക്കി) | " | ൩ | ൦ | ൦ |
| സാമൂതിരിപ്പാട് | തിരുമനസ്സുകൊണ്ട് | | ൫ | ൦ | ൦ |
| ഏറാൾപ്പാട തമ്പുരാൻ | | " | ൩ | ൦ | ൦ |
| വി. കെ. കുഞ്ഞേട്ടൻ തമ്പുരാൻ | | " | ൩ | ൦ | ൦ |
| കെ. സി. വീരരായൻ രാജാ | | " | ൩ | ൦ | ൦ |
| മ. രാ. രാ. | കാമ്പ്രത്ത ശിവരാമമേനോൻ (കടിഞ്ഞാക) അവർകൾ | | ൩ | ൦ | ൦ |
| " | വി. കെ. ശങ്കരമേനോൻ ബി. ഏ. | " | ൩ | ൦ | ൦ |
| " | പൊട്ടയിൽ നാരായണമേനോൻ | " | ൨ | ൦ | ൦ |
| ബ്രഹ്മശ്രീ | തളിയിൽ നമ്പൂരിപ്പാട | " | ൩ | ൦ | ൦ |
| " | ചെങ്ങഴിനല്ലൂർ നമ്പൂരി | " | ൩ | ൦ | ൦ |
| " | മല്ലിശ്ശേരി മാധവൻ നമ്പൂരി | " | ൩ | ൦ | ൦ |
| ശ്രീമതി | തെക്കെക്കുറുപ്പത്ത നാലുകെട്ടിൽ കുഞ്ഞമ്മ | " | ൩ | ൦ | ൦ |
| " | മുടവക്കാട്ട മാധവി അമ്മ | " | ൨ | | ൦ |
| " | തോട്ടശ്ശൂര് ഇച്ചിക്കാവമ്മ | " | ൨ | ൦ | ൦ |
| മ. രാ. രാ. | വിക്ടോറിയാ കാളേജ് പ്രിൻസിപ്പാൾ | " | ൧ | ൮ | ൬ |

രസികരഞ്ജിനി

൧൦൭൮

പുസ്തകം ൩. മീനമാസം ലക്കം ൭.

### മംഗളം

ദേഹത്തിൽപ്പെരുമാറുമിന്ദ്രിയഗണം ജ്ഞാനം മനസ്സെന്നൊരീ-
വ്യൂഹത്തിന്നൊരു കൂട്ടുശക്തി ദൃഢമുണ്ടെന്നാലതൊന്നെന്നിയേ
ഊഹത്തിന്നുമഗോചരസ്ഥിതിയിലായ് സർവ്വത്തിനും മൂലമായ്
സ്നേഹത്തിന്നൊരു കാതലുണ്ടതിനെ ഞാൻ വന്ദിപ്പനാത്മാവിനേ.

# ആത്മനിരൂപണം*

മനുഷ്യസ്വഭാവത്തെക്കുറിച്ച് ഏറ്റവും പ്രാചീനവും സാമാന്യവുമായ സങ്കല്പം മനുഷ്യനിൽ രണ്ടു ഭാഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നു എന്നാകുന്നു. ആത്മാവും ശരീരവും; ആത്മാവ് താൻതന്നെ; ശരീരം തന്നെ സംബന്ധിച്ചത്. ആത്മാവിന്റെ നിലയിൽ താൻ സ്വതന്ത്രനാകുന്നു. ശരീരത്തിൽ വസിക്കുന്ന ആത്മാവിന്റെ നിലയിൽ താൻ ബദ്ധനാകുന്നു. ശരീരം ആത്മാവിനെ പരിചരിക്കു

* Materialism and Athiesm refuted by James Freeman Clarke.

കയും സഹായിക്കുകയും ചെയ്യുന്നു. ആത്മാവു പരലോകത്തെ ലക്ഷ്യമാക്കിക്കൊണ്ടു ശരീരബന്ധം വിട്ടുപോകുവാൻ ആഗ്രഹിക്കുന്നു. ശരീരം അതിനെ ഇഹലോകത്തിലേക്ക് ആകർഷിക്കുന്നു. ഇതാണ് ചീനക്കാർ, പാരസികന്മാർ, ഹിന്തുക്കൾ, റോമക്കാർ, യവനന്മാർ, ഇവരുടെ എല്ലാവരുടേയും സാധാരണയായ വിശ്വാസം.

മനുഷ്യനിൽ അഭൂതാത്മകമായ ഒരു ഭാഗമുണ്ടെന്നു മിക്കജനങ്ങളും പ്രകൃത്യാതന്നെ വിശ്വസിച്ചു പോരുന്നു. ആ ഭാഗം കാണ്മാനും കേൾക്കുവാനും സ്പർശിക്കുവാനും മററും വയ്യാത്തതും ജ്ഞാനത്തിന്നു മാത്രം പ്രത്യക്ഷമായിട്ടുള്ളതും ഭൂതാത്മകമായ ആവരണം നശിച്ചു വേർപെട്ടുപോകുമ്പോൾ ശേഷിക്കുന്നതുമായ എന്തോ ഒന്നാകുന്നു. ഈ സർവസമ്മതമായ അഭിപ്രായത്തിനുള്ള ലക്ഷ്യം ഭൂതപ്രേതങ്ങളെക്കുറിച്ചു കാലദേശവ്യത്യാസംകൂടാതെ പൊതുജനങ്ങളിൽ കണ്ടുവരുന്ന വിശ്വാസംതന്നെ. മനുഷ്യനിൽ ശരീരമല്ലാതെ മറെറാന്നും ഇല്ലെങ്കിൽ ശരീരം നശിച്ചാൽ മറെറാന്നും ശേഷിക്കുവാൻ തരമുള്ളതല്ല. അതുകൊണ്ടു ഭൂതപ്രേതങ്ങളിൽ ഒരുവന്ന് വിശ്വാസമുണ്ടെങ്കിൽ അവന്ന് ആത്മാവിലും വിശ്വാസമുണ്ടായിരിക്കണം. പഴയ തത്വജ്ഞാനികളിൽ പ്രസിദ്ധന്മാരായ ഹിന്തുക്കളും മററുമതക്കാരും ആത്മാവ് ശരീരത്തിൽനിന്നു വിഭിന്നമായും ശരീരത്തിന്നു കാരണമായും ഉള്ളതാണെന്നാണ് ഉപദേശിച്ചിട്ടുള്ളത്. ആത്മാവിൻെറ സ്വഭാവത്തെക്കുറിച്ചു പല അഭിപ്രായങ്ങളുണ്ടെങ്കിലും ഏതെങ്കിലും ഒരുവിധത്തിൽ എല്ലാവരും അതിനെ സ്വീകരിച്ചിട്ടുണ്ട്. ശരീരംതന്നെ സ്ഥൂലവസ്തുക്കളിൽനിന്ന് അതിക്രമിച്ചിട്ടുള്ള ഒന്നാകുന്നു. അതിൻെറ അംശങ്ങൾ എങ്ങിനെതന്നെ യോജിച്ചാലും തന്നെത്താൻ ഒരു ജീവനുള്ള ശരീരമായിത്തീരുന്നില്ല. ചേതനയുള്ള ശരീരത്തിന്നു ബീജമായിട്ടുള്ള ജീവൻ ഉള്ളേടത്തോക്കെ ശരീരാംശങ്ങൾക്ക് സംയോഗത്തെ ഉണ്ടാക്കുന്നതായ ആത്മാവും ഉണ്ടായിരിക്കണം.

മനുഷ്യശരീരത്തിലുള്ള സ്ഥൂലവസ്തുവിൻെറ പരമാണുക്കൾ വന്നുകൊണ്ടും പോയിക്കൊണ്ടും ഇരിക്കും. മുമ്പു ശരീരത്തിലുണ്ടായി

ന്ന പരമാണുക്കളൊന്നും ഇപ്പോഴും ഉണ്ടായിരിക്കയില്ല. എന്നാൽ ശരീരാംശങ്ങൾക്ക് എങ്ങിനെയാണ് സംയോഗം ഉള്ളതായിക്കാണുന്നത്? അതിന്നുള്ള കാരണം പ്രത്യക്ഷമല്ല. ശസ്ത്രവൈദ്യന്റെ കത്തികൊണ്ടും പരിശോധിച്ചാൽ പ്രത്യക്ഷപ്പെടുന്നതുമല്ല. രസതന്ത്രപ്രകാരമുള്ള അതിസൂക്ഷ്മമായ പരിശോധനകൾ വിഷയമായിട്ടുള്ളതുമല്ല. ശരീരത്തിന്റെ പരമാണുരൂപങ്ങളായ അംശങ്ങളെ സംഭരിച്ചുകൊണ്ടും കരുപ്പിടിച്ചുകൊണ്ടും മാററിക്കൊണ്ടും എന്തോ ഒരു ശക്തി അവിടെ ഉണ്ടെന്നുമാത്രം നമ്മൾക്കറിയാം.

ആത്മാവിന്റെ സൽഭാവത്തെക്കുറിച്ച് ഏററവും പ്രത്യക്ഷമായ തെളിവും ആത്മാവിൽ സർവ്വവ്യാപ്തമായ വിശ്വാസത്തെ ഉണ്ടാക്കുന്നതിന്നുള്ള ഹേതുവും ജീവികളുടെ ശരീരാംശങ്ങൾക്കുള്ള യോജിപ്പുതന്നെയാകുന്നു. എന്നാൽ അംശങ്ങൾ വന്നുപെട്ടുകൊണ്ടിരിക്കുന്നതും ആകൃതിക്കുമാററംവരാത്തതുമായ ചില വസ്തുക്കളുണ്ട്. അങ്ങിനെയുള്ള വസ്തുക്കളിൽ ആത്മാവുണ്ടെന്നു നമ്മൾ ശങ്കിക്കാറില്ല. മലയുടെ കൊടുമുടിയിൽ തങ്ങിനിൽക്കുന്ന മേഘരൂപമായ നീരാവിയുടെ അംശങ്ങൾ ഒരു ഭാഗത്തുനിന്നു പോയിക്കൊണ്ടും മറുഭാഗത്തു വന്നുകൂടിക്കൊണ്ടും ഇരിക്കുന്നുണ്ട്. ആകൃതിക്കു വ്യത്യാസംവരുന്നതുമില്ല. മേഘത്തിന്റെ ആകൃതിക്കു മാററംവരാത്തതു പ്രത്യക്ഷങ്ങളും ബാഹ്യങ്ങളുമായ കാരണങ്ങളാലാകകൊണ്ടാണ് ഇവിടെ ആത്മാവുണ്ടെന്നു ശങ്കിക്കാത്തത്. നീരാവി മലയുടെ ഒരുവശത്തുകൂടി ഉയൎന്ന് കൊടുമുടിയ്ക്കടുത്തെത്തുമ്പോൾ അപ്രത്യക്ഷമായ ആവി തണുപ്പുതട്ടി പ്രത്യക്ഷങ്ങളായ ജലകണങ്ങളായിത്തീൎന്ന് മേഘരൂപത്തെ പ്രാപിക്കുന്നു. അപ്പോൾ മറുവശത്തുള്ള ജലകണങ്ങൾ സാനുക്കളിൽക്കൂടി സഞ്ചരിച്ചു ചൂടുതട്ടുമ്പോൾ വീണ്ടും ആവിയായിത്തീരുന്നു. ഇങ്ങിനെ ഒരുവശത്തു നീരാവി വെള്ളമായി ശിഖരങ്ങളിൽ തങ്ങുകയും മറുവശത്തു ജലകണങ്ങൾ നീരാവിയായി അതിൽനിന്നു വേർതിരികയും ചെയ്യുകൊണ്ട് മേഘരൂപത്തിന്നു ഭേദംവരാതെ സൂക്ഷിക്കുന്നു. എന്നാൽ ശരീരാംശങ്ങളുടെ സംയോഗത്തിന്നുള്ള കാരണം ആന്തരവും അപ്രത്യക്ഷവുമാകുന്നു.

പ്രത്യക്ഷം പ്രമാണമെന്നു വാദിക്കുന്ന ലോകായതികന്മാർ അല്ലെങ്കിൽ ചാർവാകമതക്കാർ ആത്മാവ് എന്നൊന്നിനെ അംഗീകരിച്ചിട്ടു പ്രയോജനമില്ലെന്നു സിദ്ധാന്തിക്കുന്നു. ഇന്ദ്രിയഗോചരങ്ങളായ സ്ഥൂലവസ്തുക്കളുടെ കാര്യകാരണഭാവത്തിൽനിന്നു മനുഷ്യനെ സംബന്ധിച്ച സകല സംഗതികളും സാധിക്കാമെന്നാണ് അവരുടെ വാദം. ശരീരം നമ്മൾ കാണുന്നുണ്ട് ആത്മാവിനെ നമ്മൾ കാണുന്നില്ല അതുകൊണ്ട് അങ്ങിനെ ഒന്നുണ്ടെന്നു പറയുന്നത് അനാവശ്യവുമാകുന്നു. രക്തത്തിൽനിന്നു അസ്ഥിയും മാംസവും ഉണ്ടാകാമെങ്കിൽ അതിന്നുതന്നെ വികാരത്തേയും വിചാരത്തേയും ജനിപ്പിക്കുവാനുള്ള ശക്തി ഉണ്ടാകരുതെ? യകൃത്തിന്നു പിത്തത്തെ ഉത്സർജ്ജിക്കുവാനുള്ള ശക്തിയുണ്ടെങ്കിൽ തലച്ചോറിന്നു സങ്കല്പങ്ങളെ ഉൽപ്പാദിപ്പിക്കുവാൻ ശക്തിയുണ്ടാകരുതെ? ശരീരത്തിന്നു ചെയ്യുവാൻ കഴിയുന്നതു മുഴുവനും അറിയുന്നതിന്നുമുമ്പു ശരീരത്തിൽനിന്നു ഭിന്നമായിട്ടൊന്നുണ്ടെന്നു വിചാരിക്കുവാൻ അവകാശമെന്താകുന്നു?

ഈ ചാർവാകമതത്തെ അനുഭവപ്പെടുത്തുന്നതായ ചില കാരണങ്ങളും ഇല്ലെന്നില്ല. ശരീരത്തിന്ന് അസ്വാസ്ഥ്യം സംഭവിക്കുമ്പോൾ മനസ്സിന്നും ക്ഷീണം തട്ടുന്നുണ്ട്. ഒരു കല്ലു തലയിൽ വീണ് തലയോടിന്നു ചതവുതട്ടി ആ ചതവു തലച്ചോറിനെ ബാധിക്കുമ്പോൾ വിചാരശക്തി നശിക്കുന്നുണ്ട്. ആ അമച്ച മാറുമ്പോൾ വിചാരങ്ങളും പൂർവ്വസ്ഥിതിയിൽ പ്രവൃത്തിക്കുവാൻ തുടങ്ങുന്നുണ്ട്. അതുകൊണ്ട് എല്ലാം ശരീരത്തിന്റെ ഫലമായിട്ടാണെന്നല്ലെ തെളിയുന്നത്. 'ശരിക്കല്ലെമല്ല' എന്നാകുന്നു വിരോധപക്ഷക്കാർ പറയുന്നത്. ആയുധങ്ങൾ കൂടാതെ ആശാരിക്കു പണിയെടുപ്പാൻ പാടില്ലെന്നുവെച്ച് ആശാരി ആയുധങ്ങളുടെ ഫലമാണെന്നു ആരെങ്കിലും വിചാരിക്കാറുണ്ടോ? ശിരസ്സിൽ രക്തം അധികം ആയാൽ വിചാരം മങ്ങുന്നില്ലെ? ശരി, ഒരു ജ്യോതിഷി ചീനക്കണ്ണാടിയിൽ കൂടി നക്ഷത്രങ്ങളെ പരിശോധിക്കുകയാണെന്നിരിക്കട്ടെ; കണ്ണാടിക്കു മൂടൽ തട്ടിയാൽ നക്ഷത്രങ്ങൾ കാണാതാകുന്നുണ്ട്. എ

ന്നു വിചാരിച്ച് ജ്യോതിഷി ചീനക്കണ്ണാടിയുടെ ഫലമാണെന്നു കരുതാറുണ്ടോ? ആശാരിക്കും ജ്യോതിഷിക്കും പ്രവൃത്തിപ്പാൻ ആയുധങ്ങളുടെ സഹായം വേണ്ടിവരും. അതുപോലെതന്നെ ആത്മാവിന്നും ശരീരത്തിൻെറ സഹായം വേണമെന്നേയുള്ളു. ആശാരിയും ജ്യോതിഷിയും പ്രത്യക്ഷത്തിൽ ഉള്ളവരും ആത്മാവ് അപ്രത്യക്ഷവും അല്ലെ? എന്നാണെങ്കിൽ ഈ ഉദാഹരണം ആത്മാവുണ്ടെന്നു സാധിപ്പാൻവേണ്ടി കൊടുത്തിട്ടുള്ളതല്ല. ഒരു വസ്തുവിന്നു മററൊരു വസ്തുവിൻെറ അപേക്ഷയുണ്ടെന്നുവെച്ച് ഒന്നു മററൊന്നിൻെറ ഫലമായി വരുന്നില്ലെന്നു കാണിപ്പാൻവേണ്ടി മാത്രമാകുന്നു.

വീണ വായിക്കുന്ന ഒരു ഭാഗവതരെപ്പോലെയാണ് ആത്മാവ്. യന്ത്രത്തിന്നു ശുദ്ധിയുള്ള കാലത്തോളം അതിൽനിന്ന് ഭാഗവതർ അതിമധുരങ്ങളായ നാദങ്ങളെ പുറപ്പെടുവിച്ചുകൊണ്ടിരിക്കും. കമ്പികൾക്ക് പഴക്കം ചെല്ലുന്തോറും നാദത്തിന്നു കുറവു വരുന്നു. ഒടുവിൽ യന്ത്രം ജീർണ്ണപ്പെടുന്നതോടുകൂടി നാദവും നശിക്കുന്നു. ഇങ്ങിനെ നാദം നശിക്കുന്നതിൽനിന്നു ഭാഗവതർ നശിച്ചുവെന്ന് ആരെങ്കിലും അനുമാനിക്കാറുണ്ടോ? ഒരു പുതിയ വീണ ഭാഗവതർക്കു കൊടുത്തു നോക്കു. ഭാഗവതരുടെ പാടവത്തിന്നു ഒരു കുറവും വന്നിട്ടില്ലെന്നു കാണാം. അതുപോലെതന്നെ ശരീരത്തിന്നു വാർദ്ധക്യം ചെല്ലുന്തോറും തലച്ചോറിന്നു ക്ഷീണം ബാധിക്കുന്നു. ഓർമ്മ നിൽക്കാതാകുന്നു. വിചാരശക്തി കുറയുന്നു. എന്തുകൊണ്ടെന്നാൽ വിചാരാദികളെ പ്രത്യക്ഷപ്പെടുത്തുന്ന ആ ഉപകരണം നശിക്കുന്നു, അത്രമാത്രമേയുള്ളു. അവയുടെ ഉല്പാദകൻ നശിച്ചിട്ടില്ല.

ശരീരമുണ്ടെന്ന് അനുഭവമുണ്ട്. ആത്മാവിനെക്കുറിച്ച് അനുഭവമില്ല എന്നു പറയുന്നതുതന്നെ ശരിയല്ല. ആത്മാവിനെപ്പററി നമുക്ക് എത്രത്തോളം അറിവുണ്ടോ അതിലധികം നമുക്ക് ശരീരത്തെപ്പററി അറിഞ്ഞുകൂടാ.

നമുക്ക് ശരീരത്തെപ്പററി അറിവുള്ളതെല്ലാം അതിൻെറ ഗുണങ്ങളാണ്. അത് കഠിനമോ മൃദുവോ, നീണ്ടോ, ചുരുണ്ടോ മധുര

മായുള്ളതോ കൈപ്പുള്ളതോ, കറുത്തോ, വെളുത്തോ, സുഗന്ധിയോ, ദുൎഗ്ഗന്ധിയോ, രുചിയുള്ളതോ, ഇല്ലാത്തതോ എന്നൊക്കെയാണു് നമുക്കു് അതിനെക്കുറിച്ചറിയാവുന്നതു്. ഇത്രത്തോളമൊക്കെ ആത്മാവിനെപ്പറ്റിയും നമുക്കറിവുണ്ടു്. ഓൎമ്മ, വിചാരം, ആഗ്രഹം, സ്നേഹം, വൈരം മുതലായ ഗുണങ്ങളോടുകൂടിയതാകുന്നു ആത്മാവു്. സ്പൎശിക്കുന്നു, രുചിക്കുന്നു എന്നു അറിയുന്നതുപോലെതന്നെ സ്നേഹിക്കുന്നു, വിചാരിക്കുന്നു, എന്നു തുടങ്ങിയുള്ളതും നമ്മൾ അറിയുന്നുണ്ടു്. നമുക്കു് ഉപലബ്ധി എത്രമാത്രം അനുഭവമാകുന്നുവോ അത്രമാത്രം ചിന്തയും അനുഭവമാകുന്നു. ഇന്ദ്രിയങ്ങളെക്കൊണ്ടു് അനുഭവപ്പെടാവുന്നതു യാതൊന്നോ അതാകുന്നു സ്ഥൂലവസ്തു. എന്നാൽ വിചാരം മുതലായതു് പഞ്ചേന്ദ്രിയങ്ങൾക്കു് ഗോചരമല്ലാത്തതുകൊണ്ടു് ആയതു സ്ഥൂലവസ്തുവാകുന്നില്ല. അതിൽനിന്നു അതിക്രമിച്ചിട്ടു് എന്തോ ഒന്നാകുന്നു. സ്ഥൂലവസ്തുവിനെപ്പറ്റി നമുക്കു് അറിവുള്ളേടത്തോളം അതിനെപ്പറ്റിയും നമുക്കറിവുണ്ടു്.

അത്രമാത്രംകൊണ്ടു പോരാ, ആത്മാവു് ദേഹത്തെക്കാൾ അധികം പ്രത്യക്ഷമാകുന്നു എന്നുതന്നെ പറയാം. നമ്മുടെ കണ്ണിന്നുനേരെ ഒരു മാമ്പഴമിരിപ്പുണ്ടെന്നിരിക്കട്ടെ. അതു് നമ്മുടെ ഇന്ദ്രിയങ്ങൾക്കു വിഷയമായി ഭവിക്കുന്നുണ്ടു്. എന്നാൽ എങ്ങിനെയാണു് വിഷയമാകുന്നതു്? ഉരുണ്ടതും, നിറമുള്ളതും, സുഗന്ധിയും, രുചിയുള്ളതും ആയ ഒരു വസ്തുവാണു് അനുഭവപ്പെടുന്നതു് എന്നു പറയുമായിരിക്കാം. വാസ്തവത്തിൽ അതല്ല. രൂപരസഗന്ധാദികളുടെ ഉപലബ്ധിയാണു് നമുക്കു് അനുഭവപ്പെടുന്നതു്. ഉപലബ്ധി വസ്തുവാകുന്നില്ല. ഉപലബ്ധിയിൽനിന്നു വസ്തുവിനെ നാം ഊഹിക്കയാണു് ചെയ്യുന്നതു്. നമ്മുടെ മനസ്സിലുള്ള അദ്ഭുതാത്മകമായ ഉപലബ്ധി ഉപലബ്ധിയിൽനിന്നു് ഊഹ്യമായ വസ്തുവിനെക്കാൾ അധികം വിശ്വസിക്കത്തക്കതാകുന്നു. ഉപലബ്ധി അനുഭവവും വസ്തുസൽഭാവം ഊഹ്യവുമാണെന്നു വരുമ്പോൾ പ്രകൃതോദാഹരണത്തിൽ മാമ്പഴം ഉണ്ടെന്നു തോന്നുന്നു് എന്നല്ലാതെ വാസ്തവത്തിലുണ്ടെന്നു് പറവാനാണു് സംശയിക്കേണ്ടതു്. രൂപസ്പൎശാദികളെ

കൊണ്ടു ശരീരത്തെ ഊഹിക്കുന്നതുപോലെ മനസ്സിലുള്ള വികാരാദികളിൽനിന്ന് ആത്മാവിനേയും ഊഹിക്കുന്നു.

ആത്മാവ് ശരീരസ്ഥിതിയെ അനുസരിച്ചിരിക്കുന്നുണ്ടെങ്കിൽ ശരീരസ്ഥിതി ആത്മാവിനേയും അനുസരിച്ചിരിക്കുന്നുണ്ട്. ഒരുവൻ ശരീരസൌഖ്യത്തോടുകൂടി ഇരിക്കുന്നു. അപ്പോൾ അവന്ന് ഒരു എഴുത്ത് കിട്ടുന്നു. അവൻ അത് പൊട്ടിച്ചു വായിക്കുന്നു. ഉടനെ ചത്തശവംപോലെ തൻേറടമില്ലാതെ ഭൂമിയിൽ പതിക്കുന്നു. മനസ്സിലുദിച്ച വിചാരംനിമിത്തം ശിരസ്സിൽനിന്നു രക്തം ഹൃദയത്തിലേക്കു വലിയുന്നു. ഇതിൽനിന്നു ശരീരം ആത്മാവിനെ ബാധിക്കുന്നതുപോലെ ആത്മാവു ശരീരത്തേയും ബാധിക്കുന്നുണ്ട് എന്ന് പ്രത്യക്ഷമാകുന്നില്ലേ? ഭൂതാത്മകമായ ശരീരം ആത്മാവിനെ ബാധിക്കുന്നതുകൊണ്ട് ആത്മാവ് 'ഭൂതാത്മകം' എന്നു പറയുന്നു എങ്കിൽ അഭൂതാത്മകമായ ആത്മാവ് ശരീരത്തേയും ബാധിക്കുന്നതുകൊണ്ട് ശരീരം 'അഭൂതാത്മകം' എന്നും തർക്കിക്കാവുന്നതാണ്.

സ്ഥൂലവസ്തുവിൻെറ മുഖ്യഗുണങ്ങൾ വ്യാപനവും, വിഭാജ്യതയുമാകുന്നു. 'ഞാൻ വിചാരിക്കുന്നു', 'ഞാൻ അനുഭവിക്കുന്നു', 'ഞാൻ ദുഃഖിക്കുന്നു', 'ഞാൻ സ്നേഹിക്കുന്നു', എന്നു പറയുമ്പോൾ 'ഞാൻ' എന്നതിൽ അന്തർഭവിച്ചിരിക്കുന്ന അതിന്ന് വിഭാജ്യതയും വ്യാപനവും ഉണ്ടാവുന്നതല്ല. അതുകൊണ്ട് അത് സ്ഥൂലവസ്തുവാകുവാൻ പാടുള്ളതുമല്ല. ഇങ്ങിനെ അഭൂതാത്മകവും, 'ഞാൻ', 'നീ' ഇതുകളിൽ അന്തർഭവിച്ചുകിടക്കുന്നതും ആയ ഒന്നിനെയാണ് 'ആത്മാവ്' എന്നു പറയുന്നത്.

ആത്മാവുണ്ടെന്നും ഇല്ലെന്നും തർക്കിച്ചിട്ട് എന്തുഫലമാണുള്ളത്? മനുഷ്യൻെറ സ്വരൂപജ്ഞാനത്തെപ്പററി എന്തുതന്നെ വാദമുണ്ടായിരുന്നാലും 'മനുഷ്യൻ' 'മനുഷ്യ'നല്ലാതാകുമോ, എന്നാണെങ്കിൽ ഈ വാദം ഒരിക്കലും 'വൃഥാ കണ്ഠശോഷം' ആകുന്നതല്ല. നമ്മെപ്പററിയുള്ള വിശ്വാസം ഏതുപ്രകാരമാകുന്നുവൊ അതിനെ അനുസരിച്ചിരിക്കും നമ്മുടെ പ്രവൃത്തിയും. മനുഷ്യൻ മൃഗങ്ങളെക്കാൾ അല്പം ഉൽകൃഷ്ടതയേറിയ ജീവിവർഗ്ഗത്തിൽ ഉൾപ്പെട്ടതാ

ണ്ടെന്നൊ സസ്യാദികൾ വളരുകയും നശിക്കുകയും ചെയ്യുന്നതു പോലെ നമ്മളും വളരുകയും നശിക്കുകയും ചെയ്യുന്നു എന്നൊ, നമ്മുടെ പ്രവൃത്തികൾക്കു നാം ഉത്തരവാദികളല്ലെന്നൊ മററൊ വിശ്വസിക്കുകയാണെങ്കിൽ, വിശേഷബുദ്ധിയില്ലാത്ത പക്ഷിമൃഗാദികളെപ്പോലെ തന്നെയായിരിക്കും നമ്മുടേയും കാലക്ഷേപം. അതല്ല കാമക്രോധലോഭമോഹാദികളെ ജയിക്കുവാനും, മനസ്സാക്ഷിക്കും യുക്തിക്കും യോജിച്ച പ്രവൃത്തി ചെയ്യുന്നതിനും പാരത്രികവിഷയങ്ങളിൽ നമ്മുടെ ബുദ്ധിയെ പ്രവേശിപ്പിക്കുന്നതിനും തക്കതായ ഒരു ശക്തി നമുക്കുണ്ടെന്നു വിശ്വസിക്കുകയാണെങ്കിൽ നമ്മുടെ പ്രവൃത്തി ആ വിശ്വാസത്തെ അനുസരിച്ചിരിക്കുന്നതും മനുഷ്യൎക്ക് എത്രത്തോളം ഉൽകൃഷ്ടനിലയിൽ എത്തുവാൻ സാധിക്കുന്നതാണൊ, ആ നിലയിൽ എത്തുവാൻ നമുക്ക് ഇടയുള്ളതും ആകുന്നു.

---

മണ്ണുംവെള്ളവുമഗ്നിയുംപവനനുംവിണ്ണുംമനോബുദ്ധിയെ-
ന്നെണ്ണുന്നോരഹമെന്നതുംപ്രകൃതിയായെണ്ണപ്പെടുന്നെട്ടിലും
കണ്ണായ്നിന്നുസമസ്തവുംകരുതിടുന്നെണ്ണങ്ങളാക്കിച്ചമ-
ച്ചുണ്ണാതുണ്ണുമൊരത്ഭുതപ്രകൃതിയാംകണ്ണന്റെകണ്ണേതുണ.

എ. കൃഷ്ണൻ എമ്പ്രാന്തിരി.

---

# അമ്മായിപഞ്ചതന്ത്രം

തന്ത്രപ്രവേശം.

---

'അമ്മായി അമ്മയെ അമ്മിമേൽ വെച്ചിട്ടു
നല്ലോരുകല്ലോണ്ട്, നാരായണ'

എന്റെ തറവാട്ടിൽ കുട്ടിതൊട്ട് കുമ്പിട്ടു നടക്കുന്ന മുതുമുത്തശ്ശിവരെ നിരന്തരഗാനം ചെയ്യുവരുന്ന സാമവചനമാണ് മേൽ ഉൽകാട്ടത്തിട്ടുള്ളത്. വാക്കുകളുടെ വക്കുംമുക്കും മാത്രംപറഞ്ഞ് പ്രലപിക്കുന്ന പച്ചക്കുട്ടികളുംകൂടി സ്വരപ്പിഴവരാതെ പാടിക്കൊണ്ടു ന

ടക്കത്തക്കവണ്ണം സട്ടിഫിക്കേററ് സമ്പാദിച്ച അമ്മായിഅമ്മ എന്താണെന്നിനിയും സംശയം തീരാത്തവരനവധിയുണ്ട്. എൻെറ തറവാട് കട്ടിച്ചോരായത്തു മരുമക്കത്തായത്തിന്നു സ്വാതന്ത്ര്യമില്ലാത്ത കേടുകൊണ്ടാണെന്നു അച്ചിക്കൊതിയന്മാരായ ചിലരും അമ്മാമന്മാരും പറയുന്നുണ്ട്. 'സഖ്യവും വിവാഹവും വ്യവഹാരവും തനിക്കൊക്കെ മൊട്ടാഭിജാത്യമെന്നവരോടുവേണം' എന്നു പറഞ്ഞ് എൻെറ വീട്ടിലെ ചില കുട്ടികളുടെ നേരെ കടക്കണ്ണെറിയുന്നവരുമില്ലെന്നില്ല. അനന്തിരവന്മാരെ ആശാരിക്കോല്ക്ക് അഞ്ചുകോൽ ദൂരത്തു നിൎത്തി കരിമുഖംമാത്രം കാണിക്കുന്നതുകൊണ്ടാണെന്ന് അനന്തിരവന്മാർ മിക്കവരും പറയുന്നുണ്ട്. 'പള്ളിയിലെകാര്യം അള്ളാനറിയാം?' എന്നു പറയുന്ന കൂട്ടത്തിൽ എൻെറ തറവാട്ടിൽ ഭദ്രം വീഴാനുള്ള കാരണം അമ്മായിപഞ്ചതന്ത്രത്തിൻേറയും തലേണ്ണമന്ത്രത്തിൻേറയും ഉള്ളിൽ ലയിച്ചിരിക്കുന്നതാണെന്നു എനിക്കും അമ്മായിഅമ്മക്കും മാത്രമേ അറിയാവൂ.

മേൽപറഞ്ഞ ശ്രുതിവാക്യം അധികം 'നെട്ടുരു' ചെയ്യാത്തവൻ ഞാൻ മാത്രമെ ഉള്ളൂ. ഇതിന്നുള്ള കാരണം അമ്മാമൻെറ പുത്രിയും സാക്ഷാൽ കാളിയുമായ 'മദ്ദള'ത്തിനെ അമ്മ എൻെറ കഴുത്തിൽ കെട്ടിത്തൂക്കിയതുകൊണ്ടാണെന്നു വീട്ടിലുള്ളവർ പറയുന്നുണ്ട്. അമ്മായിഅമ്മയുടെ മധുരവാക്കിലും പലഹാരത്തിലും പെട്ടുമയങ്ങിട്ടാണെന്നും കിംവദന്തിയുണ്ട്. 'അവൻെറ കുപ്പായത്തിനും പപ്പാസിന്നും കാശ്ശുതട്ടിക്കാൻ കുറക്കൻെറ കൌശലമാണെന്നു കൃഷ്ണച്ചുട്ടനും പറയുന്നുണ്ട്. ഇങ്ങിനെ ഓരോരുത്തർ പറയുന്നതിനെ ഞാൻ സമ്മതിക്കുന്നില്ല. എല്ലാവരുംകൂടി പറയുന്നതിനെ നിഷേധിക്കുന്നതുമില്ല. എന്നാൽ ഒന്നുമാത്രം പറയാം. എൻെറ മദ്ദളം 'ശുദ്ധമദ്ദള'മാണ്.

പ്രധാനമായ മിക്ക സംഭവങ്ങൾക്കും ഹേതുവായി തിരശ്ശീലക്കപ്പുറമെങ്കിലുമൊരുപെണ്ണുണ്ടാകുമെന്നുള്ളതു വിശ്വസിച്ചു പ്രവൃത്തിച്ചാൽ വളരെ പിഴക്കില്ല. എൻെറ തറവാട്ടിൻെറ ധൂസരാവസ്ഥയെ സംബന്ധിച്ച് ഞാൻ ചെയ്ത അന്വേഷണത്തിൽ എത്തി

ക്കു ശരിയായി വഴികാണിച്ചുതന്നിട്ടുള്ളതും ഈ വിശ്വാസമാണെന്നു നിസ്സംശയം പറയാം. ഈ അന്വേഷണത്തിന്റെ ഫലപ്രാപ്തിയാണ് അമ്മായി അമ്മയുടെ അഞ്ചു തന്ത്രങ്ങളും ഒരു മന്ത്രവും. 'ആറുകണ്ണുകൾ പുക്കാൽ മന്ത്രവും ഭേദിച്ചീടു'മെന്ന പ്രമാണമുള്ളവസ്ഥക്കു ആറുകണ്ണുകാണുന്ന രസികരഞ്ജിനിയിൽ ആ മന്ത്രത്തിനെ വെളിപ്പെടുത്താൻ വിചാരിക്കുന്നില്ല. അഞ്ചു തന്ത്രങ്ങളുടെയും പേരടങ്ങിയ ഒരു ശ്ലോകം താഴെ ചേർക്കുന്നു.

'മയക്കം മറിമായഞ്ച മോഷണം നാരദക്രിയാ
അഞ്ചാംപുരക്കസ്സിവാരമഞ്ചുണ്ടിങ്ങിനെ തന്ത്രവും'

—അ. പ. ഫ. ഫ.

ഒന്നാംതന്ത്രം.

മയക്കം

'മയക്കിക്കളഞ്ഞു' 'പെട്ടുമയങ്ങി' എന്നും മറ്റും നാം സാധാരണയായി കേൾക്കാറുള്ള അർത്ഥത്തിലാണ് മയക്കമെന്ന പേർ ഈ തന്ത്രത്തിന്നു കൊടുത്തിട്ടുള്ളത്. ഒകാണ്ടര് വിചാരിച്ചുവരുന്നമാതിരിയിൽ ഈ പ്രയോഗം മന്ത്രം ചൊല്ലിയോ മരുന്നുകൊടുത്തിട്ടോ അല്ല. കേരളത്തിലെ സ്ത്രീകൾക്കുമാത്രം അറിവുള്ളതുമല്ല. നീതിശാസ്ത്രങ്ങളിൽ കുലപത്നികൾ ആചരിക്കേണ്ടതായി വിധിച്ചിട്ടുള്ളതാണെന്നുമാത്രമല്ല പാസ്സില്ലാത്ത പുരുഷന്മാർക്കു വലിയ സർക്കാരുദ്യോഗം കിട്ടാൻ ഇതിൽപരമൊരു തന്ത്രമില്ലെന്നു എനിക്ക് അനുഭവമാണ്. നീതിശാസ്ത്രത്തിൽ ഇതിന്നു പറഞ്ഞിട്ടുള്ള അടവുകൾ ആറാണ് അതായത്:

1. കാര്യേഷുമന്ത്രീ
2. കരണേഷുദാസീ
3. രൂപേഷുലക്ഷ്മീ
4. ക്ഷമയാധരിത്രീ
5. സ്നേഹേഷുമാതാ
6. ശയനേഷുവേശ്യാ

1. കാര്യേഷുമന്ത്രീ—എല്ലാംവിദ്യയും ഗുരുമുഖേന സമ്പാദിക്കേണ്ടതാണെന്നുള്ളതിന്ന് ഒരുദാഹരണമാണ് 'കാര്യേഷുമന്ത്രീ' എന്ന ഒന്നാമത്തെ അടവ്. എന്തുകൊണ്ടെന്നാൽ ഈ കാര്യത്തിൽ

ആശാന്തിയായി വരിക്കാവുന്ന എന്റെ അമ്മായിഅമ്മയുടെ അഭി പ്രായത്തിൽ കാൎയ്യങ്ങളിൽ മന്ത്രിയെപ്പോലെ ആചരിക്ക എന്നുള്ളത്, പെൺകിടാങ്ങൾ ഒരിക്കലും ആദ്യമായി ചെയ്യാൻ തുനിയരുത്. സാമാന്യം കാലപ്പഴക്കമാവുന്നു പലതും കാണേ ഒന്നിച്ചിരിക്കനും സമന്മാരോട് സംസാരിക്കുംപോലെ അന്യന്മാർ കേൾക്കെ സംസാരിക്കാനും തുടങ്ങി രണ്ടുകുട്ടികൾ ഉണ്ടായതിന്നു ശേഷമേ പാടുള്ളു എന്നാണ്. എല്ലാ വിദ്യയിലും 'പോരംശിഷ്യസ്വമേധയാ' എന്നുണ്ടല്ലൊ. ആ കൂട്ടത്തിൽ അമ്മായിഅമ്മയുടെ സ്വബുദ്ധികൊണ്ട് ഈ അടവിന്ന് അനന്തരം ഭേദഗതിവരുത്തീട്ടുണ്ട്. അതായതു ഭൎത്താവിനോളം വിദ്യാഭ്യാസം ഭാൎയ്യക്കില്ലാത്തതായ ഈ കാലത്തു ഭാൎയ്യ പറയുന്നതു കാൎയ്യമായാലും ഭൎത്താവ് അതിനത്ര വിലവെക്കുന്നതല്ലായ്കയാലും അവനവന്റെ ബുദ്ധിസാമൎത്ഥ്യംകൊണ്ടു കണ്ടുപിടിച്ചു എന്നു വരുന്നതുപ്രായേണ മനുഷ്യൎക്കു രസകരമായിട്ടുള്ളതാകകൊണ്ടും സന്ദൎഭങ്ങളേയും സംഭവങ്ങളേയും തഞ്ചത്തിൽ തിരിച്ച് ഒന്നും പറയാതെ ഭൎത്താവിനെക്കൊണ്ടു വേണ്ടതു ചെയ്യിക്കുന്നതാണ്. തനിക്കു വല്ല അഭിപ്രായവുമുണ്ടെന്നു ഭൎത്താവിനെ ഗ്രഹിപ്പിക്കരുതെന്നു മാത്രമല്ല തനിക്കു യാതൊരഭിപ്രായവുമില്ലെന്നു കഴിയുന്നതും ഭൎത്താവിനെ ധരിപ്പിക്കുകയുംവേണം. ഇനി വിവരിക്കാൻ പോകുന്ന അടവുകളുടെ ഉദാഹരണങ്ങളിൽനിന്ന് ഈ പ്രയോഗം ഇപ്പോൾ പറഞ്ഞതിലും വ്യക്തമാകും.

2. കാൎയ്യേഷുദാസി— ഭൎത്താവിന്നു വേണ്ടുന്ന പ്രവൃത്തികൾ ചെയ്യുന്നതിൽ ദാസിയെപ്പോലെ ആചരിക്കേണമെന്നാണ്. കുളിച്ചു തൊഴുവാൻ ദൂരത്തുള്ള ക്ഷേത്രത്തിലേക്കു മെയ്യാഭരണങ്ങളേയും കസവുള്ള വസ്ത്രങ്ങളേയും ധരിച്ചുകൊണ്ടു പോകുന്നതിന്നോ ക്ഷേത്രത്തിൽ പോയി ദേവനെ തൊഴാതെ തന്റെ തരക്കാർ കെട്ടിയിരിക്കുന്ന ആഭരണങ്ങളുടേയും മറവും തരം നോക്കി മനസ്സിലാക്കുന്നതിന്നോ വിരോധമില്ല. വീട്ടിന്നുള്ളിൽ വന്നാൽ റോട്ടിൽനടന്ന അന്നനടയും ആനനടയും തലയെടുപ്പും വിട്ട് ഇട്ടിച്ചിരിചെയ്യുന്ന മാതിരിയിൽ പണിഎടുക്കണം. എടുക്കുന്നതിലധികം പണി എടു

ക്കുന്നു എന്നു നടിക്കണം; സങ്കടം പറകയുമരുത്. താൻ എടുക്കുന്ന പണികളെല്ലാം ഭർത്താവിനെ അറിയിക്കണം. അറിയിക്കാതിരിക്കുന്നതാണെങ്കിൽ അസാദ്ധ്യമായിട്ടു് വല്ലതും ചെയ്തിട്ടുള്ളതിനെ മാത്രമേ പാടുള്ളു. ഈ അടവിൽ അമ്മായിഅമ്മക്കു അധികം അഭ്യാസം വേണ്ടിവന്നിട്ടില്ല. എന്തുകൊണ്ടെന്നാൽ 'ജന്മനാ ജായതേ ദാസീ കർമ്മണാ ക്രിയതേ പ്രിയാ' എന്നാണ് അമ്മായിഅമ്മക്കുള്ള ശരിയായ മനുസ്മൃതി. ഗ്രാമത്തിൽ അടിച്ചുതളിക്കാൻ പോയതിൽ ആനപ്പട്ടര് സംബന്ധമായി പറങ്ങോടൻ എന്ന ഒരു പുത്രൻ ജനിച്ചതോടുകൂടി പട്ടരും ചത്തു. അതിൽ പിന്നെയാണ് വീട്ടിൽ അടിച്ചുതളിക്കാൻ വന്നതും ചാരിത്രശുദ്ധികണ്ടു് അമ്മാമൻ ക്ലാസ്സുകയററം കൊടുത്തതും.

3. രൂപേഷുലക്ഷ്മീ— തലമുടിയില്ലെങ്കിൽ കരുംകുതിരവാലോ ചമരിവാലോ വാങ്ങി കെട്ടണം. നിറം നന്നല്ലെങ്കിൽ റവിക്കകൊണ്ടോ പുതിയപരിഷ്കാരപ്പാവാടക്കുപ്പായംകൊണ്ടോ ആവരണം ചെയ്യണം. നിറത്തിനു ചേർച്ചയായ കല്ലുവെച്ചാഭരണമേ വാങ്ങാവൂ. ആ ദുഷ്ടബ്രഹ്മാവ് ഹൃദയവും വിഗ്രഹവും സൃഷ്ടിച്ചതു ബ്ലാക്ക് വാർണ്ണീഷുകൊണ്ടാണെങ്കിലും പല്ലും നഖവും വെളുത്തിരിക്കുമല്ലോ. അതുകളെക്കൊണ്ടു് കണ്ടു സംസാരിക്കുന്നവരുടെ ശ്രദ്ധ ചിന്നിച്ചിതറി പോകാതെ നിർത്തണം. വെളുത്തേടനു രണ്ടുറുപ്പിക അധികം കൊടുത്താലും വസ്ത്രം മുഷിഞ്ഞിരിക്കരുത്. ചുണ്ടു കറക്കുന്നതിനെ മറച്ചു മോടിവരുത്താൻ ഇപ്പോഴും പലമാതിരി ചുവന്നമഷി അങ്ങാടിയിൽ കിട്ടും.

4. ക്ഷമയാധരിത്രീ— എന്തുപദ്രവം ഏററാലും ഭൂമീദേവിയെപ്പോലെ ക്ഷമവേണമെന്നാണിതിൻെറ താല്പര്യം. തന്നെ വല്ലവരും ഉപദ്രവിച്ചാൽ ഉറക്കത്തിൽകൂടി മറക്കാത്തതാണ് അമ്മായിഅമ്മയുടെ സ്വഭാവം. എന്നാൽ തനിക്കു കരയുള്ളതു പ്രതിവിധികൊള്ളുമ്പോഴും ശത്രുവിനു മാത്രം അറിയാമെന്നല്ലാതെ മററാരും അറിയില്ല. ഉള്ളിലുള്ള ക്ഷോഭം എത്രയെങ്കിലും അടക്കിവെക്കാൻ അമ്മായിഅമ്മക്കു ശക്തിയുണ്ടു്. 'ഉർവ്വശീശാപമുപകാരം' എന്ന കൂട്ട

ത്തിൽ കമലോത്ഭവൻ അമ്മായിഅമ്മയെ സൃഷ്ടിച്ച മണ്ണിലധികം മഷികൂട്ടിയയു മുഖത്തുണ്ടാകുന്ന രക്തക്ഷോഭം മറെക്കുന്നതിന്നു വളരെ ഉപകാരമായിട്ടാണ് വരാറുള്ളത്.

അമ്മായിഅമ്മയുടെ ക്ഷമാബലം പറങ്ങോടന്റെ കാര്യത്തിൽ ദിനന്തോറും പ്രത്യക്ഷപ്പെടുന്നുണ്ട്. അമ്മായിഅമ്മയുടെ ഇഷ്ടസന്തതിക്ക് അമ്മാമന്റെ കണക്കായി വേണ്ടതിന്നും വേണ്ടാത്തതിന്നും ചെയ്ത കുററത്തിന്നും ചെയ്യാൻപോകുന്ന കുററത്തിന്നും വേറെ ആരെങ്കിലും ചെയ്ത കുററത്തിന്നും മുട്ടാതെ പ്രഹരവും, വീട്ടിലുള്ള സ്ത്രീകളുടെ വകയായി തരം കിട്ടുമ്പോഴൊക്കെയും തലക്കു ചൊട്ടും കിട്ടിവരുന്നുണ്ട്. ഇതിനെല്ലാം പുത്രനെ വിളിച്ച് നല്ലവാക്കു പറയുന്നതല്ലാതെ ആരോടെങ്കിലും ലവലേശം പരിഭവം കാണിക്കയില്ല. ഒരിക്കൽ അർദ്ധരാത്രി സമയത്തു പറങ്ങോടൻ ഗാഢനിദ്രയിലിരിക്കുമ്പോഴ് വിളിച്ചുണർത്തി അമ്മാമൻ പ്രഹരിച്ചിട്ടുണ്ട്. അതിന്നുശേഷം അവൻ മുകളിൽ കിടക്കാൻ പോകാറില്ല എന്നല്ലാതെ അമ്മായിഅമ്മ അതിന്നും മിണ്ടിട്ടില്ല.

5. സ്നേഹപൂർണ്ണമാതാ—ഭർത്താവിനെ സ്നേഹിക്കുന്നതിൽ പെററ അമ്മയെപ്പോലെ ആചരിക്കേണമെന്നാണിതിന്റെ താല്പര്യം. അമ്മായിഅമ്മക്ക് അമ്മാമന്റെ പരിഗ്രഹപദവിലഭിച്ചതിന്നു ശേഷം ഒരു ദിവസമെങ്കിലും അദ്ദേഹത്തിന്റെ ഊണിന്നോ തേച്ചുകുളിക്കൊ സമയം തെററിട്ടില്ല. അദ്ദേഹത്തിന്നു മസൂരിദീനമുണ്ടായതിൽനിന്നു ജീവിച്ചുവന്നത് അമ്മായിഅമ്മയുടെ ശുശ്രൂഷകൊണ്ടാണെന്നു പരബോദ്ധ്യമാണ്. അമ്മായിഅമ്മക്കു മസൂരിദീനം ഉണ്ടായിട്ടില്ലാതിരിക്കെ നിർഭയമായി രാവും പകലും തെട്ടിരുന്നു ശുശ്രൂഷ ചെയ്തതിനെപ്പററിവല്ലവരും യഥാസംഗതിയായി പറഞ്ഞാൽ തൽക്ഷണം അമ്മാമന്റെ നേത്രങ്ങളിൽനിന്ന് അശ്രുക്കൾ ഒഴുകുന്നതു കാണാം. ഒരു ദിവസം അമ്മാമൻ മുകളിൽ കിടന്നുറങ്ങുമ്പോൾ അമ്മായിഅമ്മയും മററു സ്ത്രീകളുംകൂടി അത്താഴത്തിന്നിരിക്കയായിരുന്നു. (പുതിയ പരിഷ്കാരം വന്നതിന്നു ശേഷമെ ഒപ്പം ഉണ്ണുന്നതും മുമ്പിലുണ്ണുന്നതും നടപ്പായിട്ടുള്ളു) നാട്ടിലുള്ളവരുടെ ഗുണ

ദോഷങ്ങളും പറഞ്ഞു ഉണ്ടുകൊണ്ടിരിക്കുന്ന മദ്ധ്യേ അതിഘോരമായി ഒരു കാററും മഴയും വന്നു. കാററിന്റെ ശക്തികൊണ്ട് മഴത്തുള്ളികൾ അകത്തുകടന്ന് അമ്മാമന്നു ജലദോഷം പിടിച്ചാലൊ എന്നു പറഞ്ഞ ഉടനെ ചെന്ന് അമ്മാമൻ ഉണരാതെ ജനൽവാതിലുകൾ അടച്ചു തിരിയെ വന്ന് ഊണു മുഴുവനാക്കി. രാത്രി മഴയുണ്ടായ വൎത്തമാനം, അമ്മാമൻ ഉണൎന്നപ്പോൾ ജനലടച്ചതാരെന്നു ചോദിച്ചതിൽ അറിവു കിട്ടി. ഇങ്ങിനെ വേണ്ടുന്ന കാൎയ്യങ്ങളിലെല്ലാം സ്നേഹമുള്ളവർ ചെയ്യുവരുന്ന പ്രവൃത്തികൾ നടന്നുവരുന്നതുകൊണ്ട് അമ്മായിഅമ്മക്കു വാസ്തവത്തിൽ സ്നേഹമുണ്ടോ എന്നന്വേഷിക്കുന്നത് അനാവശ്യമാണെന്നു കരുതി ഞാൻ അന്വേഷിച്ചിട്ടില്ല. ഒരു ദിവസം പ്ലാശ്ശേരിയിലെ പാറുകുട്ടിഅമ്മ ഞങ്ങടെ വീട്ടിൽവന്നു. അവരെ സൽകരിക്കുന്നതിന്നു അമ്മായിഅമ്മ വെററിലച്ചെല്ലം എടുത്തപ്പോൾ അതു ശബ്ദപ്പെട്ടു. അമ്മാമൻ ചതുരംഗം വെക്കുന്നതിന്നിടയിൽ ചെല്ലപ്പെട്ടിയുടെ ശബ്ദം കേട്ടപ്പോൾ 'എത്രനേരമായൊന്നു മുറുക്കീട്ട്!' എന്നു ചതുരംഗക്കളിയിൽനിന്നു കണ്ണെടുക്കാതെ പറഞ്ഞു. 'അതിന്നുതന്നെയാണ് ചെല്ലമെടുത്തത്' എന്നമ്മായിഅമ്മ മറുവടി പറയുന്നതു ഞാൻ കേട്ടു. ഒരുദിവസം ഏകാദശിയായതുകൊണ്ട് അമ്മായിഅമ്മ വളരെ വിശപ്പോടുകൂടി കുളിച്ച് അടുക്കളയിൽ ചെന്നപ്പോൾ ഊണ് തെയ്യാറായിരുന്നില്ല. ക്ഷുത്തടക്കുന്നതിന്ന് അസാരം കാപ്പിയുണ്ടാക്കി. ചൂടാറുന്നതിന്നു മുമ്പ് അമ്മാമന്നും കുളിച്ചുവന്നു. ഉടനെതന്നെ കാപ്പിയെ അമ്മാമന്നു കൊണ്ടുപോയികൊടുത്തു 'ഊണിപ്പോൾ കാലാകും അരി തിളച്ചുപോയി' എന്നു പറഞ്ഞു മറെറാന്നും പറയാതെ തിരിയെ അടുക്കളെക്കെത്തി. 'അമ്മയെപ്പോലെ സ്നേഹം ആൎക്കുമുണ്ടാകില്ലെന്നു പറയുന്നതു വെറുതെ. ആ കിഴട്ടുതള്ളക്കിത്ര ആലോചനയോ ശ്രദ്ധയോ എത്തില്ലെല്ലോ.' എന്നു കീഴ്സ്വരത്തിൽ പിറുപിറുത്ത് അമ്മാമൻ മുകളിലേക്കു പോകയുംചെയ്തു. മേൽപറഞ്ഞ രണ്ടു സംഭവങ്ങൾ ഞാൻ യത്നിക്കാതെ എന്റെ ദൃഷ്ടിയിൽ പെട്ടതാണ്.

6. ശയനേഷുവേശ്യാ— കിടപ്പിൻെറവട്ടം തേവടിമട്ടായിരിക്കണം. സന്ധ്യകഴിഞ്ഞാൽ അകത്തു മട്ടിപ്പാലൊ ചന്ദനത്തിരിയൊ പുകച്ചു ചുളുക്കില്ലാതെ ധൂളിമെത്ത വിരിച്ചു മുറുക്കി മേൽകഴുകി മുഖംമിനുക്കി തല ചീന്തിപ്പൂച്ചൂടി പൊട്ടുതൊട്ടു വില്ലു തേച്ചു്... ശേഷം മഹത്ഭിശ്ചിന്ത്യം.

പ്രഥമതന്ത്രം സമാപ്തം.

---

## രണ്ടാംതന്ത്രം.

## മറിമായം.

തറവാട്ടുകാൎയ്യത്തെപ്പററി എന്നു മാത്രമല്ല തറവാട്ടുകാരെപ്പററി യാതൊന്നും ഭൎത്താവിനോടു പറയാതെ കഴിച്ചുകൂട്ടേണമെന്നാണ് അമ്മായിഅമ്മയുടെ ദൃഢനിശ്ചയം. ഇതു മനസ്സിലാകുന്നതിനു മുമ്പ് കുഡുംബഭരണസംബന്ധമായി പലതും ഭാൎയ്യയോട് അമ്മാമൻ സംസാരിച്ചതിന്ന് ഒരു മൂളക്കംകൂടി കിട്ടാതെ കുണ്ഠിച്ചിട്ടുണ്ട്. ഒരിക്കൽ 'അതൊക്കെ പുരുഷന്മാരുടെ കാൎയ്യമാണ് എനിക്കതിനെപ്പററി പറവാൻ അവകാശവും ആഗ്രഹവുമില്ല' എന്ന് അമ്മായിഅമ്മ പറഞ്ഞതിന്നുശേഷം അമ്മാമൻ ഒന്നും പറയാറില്ല. ആ വിഷയത്തെപ്പററി തൻെറ ഭാൎയ്യ തന്നോടൊന്നും പറയില്ലെന്നുള്ള ഭൎത്താവിൻെറ ബോദ്ധ്യത്തിനെ അസ്ഥിവാരമാക്കി കെട്ടി ഉയൎത്തിയതാണ് മറിമായമെന്ന മണിമാളിക.

സ്ഥലച്ചുരുക്കത്താൽ രണ്ടു ശേപ്പടിവിദ്യമാത്രമെ ഇവിടെ പറയുന്നുള്ളു.

ഞങ്ങടെ നാലുകെട്ടും ക്ലാമ്പിയുംകൂടി യോജിപ്പിച്ച കുളിമുറിക്കു തെക്കോട്ടൊരു വാതിലുണ്ട്. ഒരു ദിവസം സന്ധ്യനേരത്ത് ദേഹപ്രക്ഷാളനത്തിന്നുള്ള സോപ്പുമുതലായ കോപ്പുകളെ ഒരു കയ്യിൽ പിടിച്ചും വേണ്ടപോലെ ദേഹം മറക്കുന്നതിന്നു മററെ കൈകൊണ്ടു വാതിലിൽ പിടിച്ചും അമ്മായിഅമ്മ ആരോടൊ സംസാരിച്ചു

കൊണ്ടു നില്ക്കുന്ന മദ്ധ്യേ യഥാസംഗതിയായി തിരിഞ്ഞു നോക്കിയപ്പോൾ അമ്മാമൻ പടിഞ്ഞാറെ പടിപ്പുരയുടെ നട ഇറങ്ങുന്നതു കണ്ടു. അമ്മായിഅമ്മ നോക്കിയത് അമ്മാമൻ കണ്ടതുമില്ല. അമ്മായിഅമ്മയുടെ ശിരഃകമ്പവും കയ്യിൽ സൊപ്പം മറവുമുള്ളതുകൊണ്ടു വ്യക്തമല്ലാത്ത കൈമുദ്രയും മാത്രമല്ലാതെ സാമാന്യം സമീപത്തെത്തുന്നതുവരെ സംസാരിക്കുന്നത് എന്താണെന്ന് അമ്മാമൻ കേട്ടില്ല. ഏകദേശം ഒരു ചോവൻ: തീണ്ടാപ്പാട് സമീപത്തെത്തിയപ്പോൾ 'കൃഷി കയ്യലാക്കാനി സൂത്രൊന്നും വേണന്നില്ല. വേണെങ്കിൽ കാര്യം മുഴുവൻ അദ്ദേഹം ഒഴിഞ്ഞു കൊടുക്കും. സൂത്രംകൊണ്ടു ചെന്നാലറിയാൻ മാത്രം അദ്ദേഹത്തിന്നു ബുദ്ധിയില്ലെന്നും വിചാരിക്കണ്ട' എന്നു അമ്മായിഅമ്മ പറയുന്നതു കേട്ടു. ഇതു കേട്ടപ്പോൾ അമ്മാമൻ ശ്രാമ്പിയുടെ നട പകുതി കയറിയത് അവിടെ നിർത്തി. പിന്നെ വല്ലതും പറയുന്നുണ്ടോ എന്നു ശ്രദ്ധവെച്ചുനിന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ ഞാൻ ഇതുവരെ അദ്ദേഹത്തിനോടു തറവാട്ടു കാര്യത്തെപ്പററിയോ തറവാട്ടിലുള്ളവരുടെ ഗുണദോഷത്തെപ്പററിയോ യാതൊന്നും പറഞ്ഞിട്ടില്ല. പറയാനിടവരത്താതെ കഴിക്കണേന്നു ദൈവത്തിനോടു പ്രാർത്ഥിക്കുന്നതുമുണ്ട്'. പിന്നെയും കുറെനേരം കഴിഞ്ഞപ്പോൾ 'ആരും വേണന്നില്ല. അദ്ദേഹം സത്യവാനും ശുദ്ധനുമാണ്. വേണ്ടതുചെയ്യാൻ ആരും പറഞ്ഞു കൊടുത്തില്ലെങ്കിലും ദൈവം അദ്ദേഹത്തിനു ശരിയായി തോന്നിക്കും' ഇങ്ങിനെയും കേട്ടു.

കൃഷ്ണച്ചുട്ടന്നു കൃഷികിട്ടിയാൽ കൊള്ളാമെന്നു തലേദിവസം പറഞ്ഞിട്ടുള്ള വിഷയമാണെന്നും മറവിൽ നില്ക്കുന്നാളുടെ അഭിപ്രായത്തിൽ അതിൽ ചില ദൂഷ്യങ്ങളുണ്ടെന്നും മറവിലുള്ളാൾ തനിക്കു വേണ്ടത്തക്കവനാണെന്നും എന്നാൽ നേരിട്ടു കാര്യം സംസാരിപ്പാൻ മടിക്കുന്നവനാണെന്നും അമ്മാമന്നു മനസ്സിലായി. ഗുണദോഷത്തെപ്പററിയുള്ള ആലോചന ഇപ്പോൾതന്നെ അയാളുമായി നേരിട്ടു ചെയ്യാമെന്ന കൊതിയോടുകൂടി 'ആരാത്?' എന്നു ചോദിച്ചു.

അമ്മായിഅമ്മ— ആരുമല്ല. ഇവിടെ എപ്പൊ വന്നു?

അമ്മാമൻ— ഇതാ വന്നേ ഉള്ളു. ആരാത്?

അമ്മായിഅമ്മ— ആരുമല്ല അതെ! —മേൽകഴുകാൻ നേരം—

അമ്മാമൻ— (ക്ഷമയില്ലാതെ) ആരോടാ സംസാരിച്ചിരുന്നത് പറയു.

അമ്മായിഅമ്മ— ഇത്രേച്ച പൊങ്ങാനിപ്പെന്താ പറഞ്ഞത്? അമ്മാമനു ശുണ്ഠിമുഴുത്തു ആരാണെന്നു നോക്കാൻ ബദ്ധപ്പെട്ടു ചെന്നു. അപ്പോഴേക്ക്—

അമ്മായിഅമ്മ— പിന്നെ ഒ, ഇവിടുത്തെ ഒച്ച കേട്ടിട്ടു ചെന്നു ചോദിക്കട്ടെ എന്നുവെച്ചിട്ടവിടെ നില്ക്കില്ലെ കുറെ?

അമ്മാമൻ— ചെന്നു നോക്കി ആരെയും കാണാതായപ്പോഴും ആരാണെന്നു പറയില്ലെ?

അമ്മായിഅമ്മ— ഇവിടെ വർത്തമാനം പറയേണ്ട നേരമല്ല ഇപ്പോൾ എന്നു പറഞ്ഞുംകൊണ്ട് കുളത്തിലേക്കുപോയി. അമ്മാമൻ പിണങ്ങി മുകളിലേക്കുംപോയി. പിറ്റെ ദിവസം അമ്മാമന്റെ പ്രകൃതം മാറിക്കണ്ടു കുണ്ഠിച്ചുട്ടുന്ന കൃഷികന്തായി.

മറവിലതാമില്ലെന്ന് അമ്മായിഅമ്മ പിന്നെയും പിന്നെയും പറഞ്ഞതിനെ വിശ്വസിക്കാതെ പിണങ്ങിപ്പോയത് അമ്മാമന്റെ പേരിൽ തെറ്റാണ്. അമ്മായിഅമ്മ പറഞ്ഞതു പരമാർത്ഥമാണ്.

എന്റെ വീട്ടിൽ സാധാരണയായി രാത്രി പടി അടക്കുന്നത് വാലിയക്കാരാണ്. ഒരിക്കൽ അമ്മായിഅമ്മ താൻതന്നെ പോയി പടിഞ്ഞാറെ പടിപ്പുരവാതിൽ അടക്കുന്നത് അമ്മാമൻ കണ്ടു. വാലിയക്കാരടക്കില്ലെ എന്ന് അമ്മാമൻ ചോദിച്ചതിന്ന് എല്ലാ പണിയും മററുള്ളവർ ചെയ്യുന്നതിനേക്കാൾ താൻതന്നെ ചെയ്യുന്നതാണ് നല്ലതെന്നു മറുപടി പറഞ്ഞതിൽ അമ്മാമൻ തൃപ്തിപ്പെട്ടു. പിന്നീട് രണ്ടു മൂന്നു ദിവസം കഴിഞ്ഞതിനു ശേഷം ശ്രാമ്പിയുടെ മുകളിൽവെച്ച് അമ്മാമൻ വീട്ടിലേക്കു വരുന്നതറിഞ്ഞു, കൊച്ചുനാരായണി എന്ന എന്റെ മരുമകളോട സംസർഗ്ഗം ചെയ്യരുതെന്ന് എന്റെ 'മേട്ടല'ത്തിനോട് അമ്മായിഅമ്മ ഗൌരവമായി ഉപ

ദേശിച്ചു. അമ്മ ഇങ്ങിനെ പറയുന്നതിന്നു കാരണമെന്താണെന്നും മററും മകൾ കുറെ നേരം താമസിച്ചതിന്നു വളച്ചും തിരിച്ചും മറുവടി പറഞ്ഞതിനെ ആകെക്കൂട്ടി എടുത്തു നോക്കിയാൽ ആരോടും അത്ര താല്പര്യം അരുതെന്നു, ചങ്ങാതിമാരെക്കൊണ്ടാണ നാട്ടുകാർ തൻെറ സ്വഭാവം ഊഹിക്കുക എന്നും മററും പൊതുവായ തത്വങ്ങളല്ലാതെ കൊച്ചുനാരായണിക്കു വല്ല ദൂഷ്യവും പ്രത്യേകിച്ചുള്ളതായി പറഞ്ഞില്ല. അമ്മയും മകളും കൂടി മുകളിലിരുന്ന പ്രകാരം സംസാരിക്കുന്നതിനെ ഏതാനും കേട്ടും ബാക്കി കേൾക്കാതെയും അമ്മാമൻ മുകളിലേക്കു കയറിച്ചെന്നു.

**അമ്മാമൻ**—എന്താണമ്മയും മകളുംകൂടി മന്ത്രിക്കുന്നത്?

**അമ്മായിഅമ്മ**—ഞങ്ങളോരോ വർത്തമാനവും പറഞ്ഞോണ്ടിരിക്കയാണ്.

**അമ്മാമൻ**—എന്താ അമ്മുക്കുട്ടി അമ്മ പറഞ്ഞത്?

**അമ്മുക്കുട്ടി**—നാരായണിക്കുട്ടിയോടു സംസർഗ്ഗം ചെയ്യരു—

ഈ മറുവടി പറവാൻ തുടങ്ങുന്നതിന്നുമുമ്പ് അമ്മുക്കുട്ടി അമ്മായിഅമ്മയുടെ മുഖത്തുനോക്കിയിരുന്നുവെങ്കിൽ മറുവടി ശൂന്യാക്ഷരമായിത്തന്നെ കലാശിക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ ഇത്രത്തോളം പറയുമ്പോഴേക്കു അമ്മായിഅമ്മ മുറുകെക്കടിക്കുന്ന പല്ലുകളുടെ കറ കറ ശബ്ദത്തോടുകലർന്നു ഭ്രൂക്കളുടെ മദ്ധ്യത്തിൽ ഉണ്ടായിരുന്നു എന്നു പറയാവുന്ന ഇടയിൽക്കൂടി തിക്കിത്തിരക്കി കടക്കകൊണ്ട് ചതവുതട്ടി ചില അക്ഷരങ്ങൾ പുറത്തേക്കു ചാടിയതിനെക്കേട്ട് അമ്മുക്കുട്ടി തിരിഞ്ഞുനോക്കിയപ്പോൾ കണ്ട കാഴ്ചയിൽ ഉണ്ടായ പേടിക്കു ഒരു ബലികഴിച്ചാൽ മതിയാകില്ല. 'കേടയില്ലാതെ' എന്നോ മററോ ആണ് കേട്ടത്.

**അമ്മാമൻ**—കുട്ടി പേടിച്ചു. എന്താ ഇത്?

**അമ്മായിഅമ്മ**—(ഉടനെ എഴുനീററ് കാലുപിടിച്ച്) കുട്ടികൾക്കു വൈഷമ്യം ആലോചിക്കാൻ ബുദ്ധിയില്ല. വായിലെ നാവ് ഒരബദ്ധം പ്രയോഗിച്ചാൽ ആയുസ്സും ഐശ്വര്യവും പോകാൻ അതുമതി. എന്നെ സ്നേഹമുണ്ടെങ്കിൽ ഇനി അവളോടു യാതൊ

നം ചോദിക്കരുത്. ഇവിടേക്കറിയേണ്ടതും എനിക്കു പറയാവുന്നതുമായ കാൎയ്യം ഞാൻ തീൎച്ചയായും പറയുമെന്നു ബോദ്ധ്യം ഇനിയും വന്നിട്ടില്ലെങ്കിൽ എനിക്കിനി കാലം തുടരാൻ യോഗ്യത ഇല്ല.

അമ്മാമൻ — പാറുതിക്കിഷ്ടമില്ലെന്നറിഞ്ഞിരുന്നുവെങ്കിൽ ഞാൻ ഇത്രകൂടി ചോദിക്കയില്ലായിരുന്നു. പിന്നെ ഞാനറിഞ്ഞിരിക്കേണ്ടതറിയിക്കാതിരുന്നാൽ അതു നിമിത്തം എനിക്കുണ്ടാകുന്ന ദോഷം പാറുതിക്കും പറ്റില്ലേ. അതുകൊണ്ടു പറഞ്ഞാൽ കേൾക്കാം, ഇല്ലെങ്കിൽ വേണ്ടതാനും.

പിറ്റെന്നു രാത്രി ഗ്രാവിയുടെ മുകളിൽ കിഴക്കെ ജനലിന്റെ കൊളുത്ത് അമ്മായിഅമ്മ ബദ്ധതാവസ്ഥായി കയറിട്ടു കെട്ടുന്നത് അമ്മാമൻ കണ്ടു. തലേദിവസത്തെ സംഭവം ഓൎത്ത് എന്തിനാണെന്നു ചോദിക്കാൻ ധൈൎയ്യം തീരെ കാണാതെ ഇങ്ങിനെ പറഞ്ഞു.

അമ്മാമൻ — പാറുതിക്കു കാറ്റിന്റെമേലെ എന്താ ഇത്ര ദ്വേഷ്യം? ഉഷ്ണപ്പാടു ധാരാളം ഉണ്ടെനും.

അമ്മായിഅമ്മ — ഞാൻ വിശിതണുപ്പിക്കുന്നതോണ്ടെനിക്കു കിട്ടുണ്ടെങ്കിൽ മൂടക്ക് അല്ലേ ചെയ്യുന്നത്? അവരോരോന്നോടും നോക്കേണ്ടെ?

അമ്മാമൻ — അതെന്നെ അറിഞ്ഞൂടു? എന്നാലും വെറുതെ കൊളുത്തിവെച്ചാൽ പോരെ? കയറിട്ടു കെട്ടണോ?

അമ്മായിഅമ്മ — എല്ലാപ്പഴും ഇല്ലത്തും ഇറങ്ങിയിരിക്കണ്ടേ. ഈ സമാധാനങ്ങൾകൊണ്ടു അമ്മാമൻ തൃപ്തിപ്പെട്ടില്ല. ചുരുക്കത്തിൽ പറയുന്നതാണെങ്കിൽ ജനാലതുറന്നു പോകുന്നതിന്നു അമ്മാമനുണ്ടായ ഉൾക്കണ്ഠകൊണ്ടു ഉറക്കം വരാതെ കുറെനേരം കിടന്നതിന്നുശേഷം അമ്മായിഅമ്മക്കു ഉറക്കം പിടിച്ചു എന്നുനോക്കി എഴുനീറ്റു ശബ്ദം കേൾക്കാതെ ജനാല തുറന്നു തെക്കോട്ടു നോക്കിക്കൊണ്ടിരുന്നു. കുറെ നേരം കഴിഞ്ഞപ്പോൾ വിട്ടുവളപ്പിന്റെ തെക്കേ വേലി പൊളിഞ്ഞ വഴിയായി കിടക്കുന്നതിന്റെ കൂടി ഒരാൾ കടന്നുവന്നു കൊച്ചുനാരായണിയുടെ അറയിലേക്കുപോയി. വര

തിൽ തുറക്കുന്നതും അടയ്ക്കുന്നതും കേട്ടതാൻ കേട്ടുകൊണ്ടു സ്നേഹിച്ചു വളർത്തിയ പെണ്ണിന്റെ ചാരിത്ര്യം ഇങ്ങിനെയായതിലും സ്വന്തം തറവാട്ടിനെയും. എത്രയും പണിപ്പെട്ട് അമ്മാമൻ സമ്പാദിച്ച ഒരു സംബന്ധക്കാരനായ കദളിത്തോട്ടത്തിൽ എളയനായര് എജമാനനേയും ഒരുപോലെ ചളിവാററിക്കാൻ ശ്രമിക്കുന്ന ഈ പെണ്ണിന്റെ നടപടിയോർത്ത് അമ്മാമന് അന്നു രാത്രി ഉറക്കമുണ്ടായില്ല. പിറെറ ദിവസം കൊച്ചുനാരായണിയെ കദളിത്തോട്ടത്തിലേക്ക് വണ്ടി കയററി അയപ്പിച്ചു. ഈ സംഭവത്തിനു ശേഷം 'കൊച്ചുനാരായണി' എന്ന ശബ്ദം അമ്മാമന്റെ നാവിൽനിന്നു പുറപ്പെട്ടിട്ടില്ല.

കദളിത്തോട്ടക്കാര 'ഊരക്കു പെരിയവരും' സ്ഥാനികളും അഭിമാനികളും രണ്ടുമൂന്നു ക്രിമിനാൽകേസ്സു നിമിത്തം ധനബഹുമാനാദികൾക്ക് ഇടിച്ചിൽ തട്ടിയവരുമാണ്. ആ പ്രദേശം മുഴുവനും കുമ്പിനിസ്ഥലമായാൽ പെട്ടതല്ലേ? ബ്രിട്ടീഷു പരിഷ്കാരാവേശവും സമഭാവനയും വർദ്ധിച്ചു നിമിത്തം പപ്പടക്കാരൻ മങ്കു മൂത്തുവിളഞ്ഞ ശങ്കരമേനോനായതും ഞങ്ങളെയെല്ലാം വെറും പേരുവിളിച്ചിരുന്ന കദളിത്തോട്ടക്കാര് നേരിട്ടു സംസാരിക്കുമ്പോൾ 'പണിക്കരെ' 'നായര്' 'മേനോൻ' എന്നു കൂട്ടി വിളിക്കാൻ തുടങ്ങിയതും എന്റെ ഓർമ്മയിൽ പെട്ടിട്ടുള്ള മാററങ്ങളാണ്. എന്നാൽ കാലത്തിന്റെ ഗതി കദളിത്തോട്ടക്കാരുടെ ജലപ്രഭുത്വത്തിനു വിപരീതമായി വരുന്തോറും അവിടെ നമ്പൂരിസംബന്ധമേ പാടുള്ളു എന്നും പട്ടര് വെച്ചാലെ അവക്കുണ്ടുകൂട്ടു എന്നും ഏറ്റപ്പെട്ടതിന്നു പുറമെ അവിടെയുള്ള മൂത്ത വാലിയക്കാർക്കു 'മുസ്സന്തി' 'മുതലപിടി' 'വിചാരിപ്പ്' എന്നുള്ള പേരുകളും രേഖകളിൽ പെടുത്തി. ഈപ്രകാരത്തിലും എജമാനൻ എന്നു വിളിക്കുകയോ കണ്ടാലെണീക്കുകയോ ചെയ്യാത്തവരോട് മിണ്ടാട്ടവും കൊണ്ടാട്ടവുമില്ലാതേയുമാണിവർ അഭിമാനം രക്ഷിച്ചുവരുന്നത്.

എന്റെ 'മേട്ടല്'ത്തിന്നു പ്രായംതികഞ്ഞപ്പോൾ എളയനായര് എജമാനന്റെ കഴുത്തിലേക്കാണ് അമ്മായിഅമ്മ ആദ്യം കണ്ണു

വെച്ചത്. ആ കാഴ്ചത്തപ്പററി അമ്മാമനോട്ട തലെണ്ണമന്ത്രം ജപിക്കുന്നതിന്നു ഒരുകൊച്ചുകുട്ടിയമ്മയിൽനിന്നു വിരമിച്ചതിന്നു ഫലം ഞാം എന്റെ വീട്ടിൽ അനിച്ചതല്ലി വന്ന ഉണ്ണ്യാത കാലത്തെ പ്രവൃത്തി കഴിഞ്ഞു കൊണിച്ചുവട്ടിൽ കൊണ്ടുപോയി വെച്ചിരിക്കുന്ന രണ്ടാ ശാന്നാരെ കണ്ടിട്ടാണ്. ഇങ്ങിനെ പൂർവസ്മൃതി വരികകൊണ്ടാണ് കാട്ടിൽ കിടക്കുന്ന കിളിയെ പിടിക്കാറൊഴിഞ്ഞിയതു വിട്ടു വീട്ടിൽ കിടക്കുന്ന കാകന് കൂട്ടുകോൽവെച്ചതും ഈ സാധു പെട്ടതും. 'മേട്ടള്'ത്തിന്ന് എളയനായര എജമാനനെ കിട്ടാത്തതിനെക്കാളും കൊച്ചുനാരായണിക്കു കിട്ടിയതിലാണമ്മായിഅമ്മക്കു സങ്കടം. 'താരികളതൈനപ്പോലെ മററൊരുത്തിയെ കണ്ടാൽ പാരിക്കും പരിഭവം' എന്നുള്ളതു പഴയ ചൊല്ലായതുകൊണ്ടു കൊച്ചുനാരായണി 'മേട്ടള്'ത്തിനെ കവിഞ്ഞു നടക്കുന്നതിൽ അമ്മായിഅമ്മക്കു മുഞ്ഞികവക്കുന്നതിലെന്തത്ഭുതം?

ഇതിന്നും പുറമെ അമ്മായിഅമ്മയുടെ മമ്മം ഭേദിക്കുന്നതായി ഒരു സംഭവമുണ്ടായി. കദളിത്തോട്ടത്തിൽ കൊച്ചുനാരായണിയുടെ പ്രഥമപ്രവേശദിവസം എന്റെ 'മേട്ടള്'വുംകൂടി പോയിരുന്നു. 'മേട്ടള്'ത്തിനെ കൊച്ചുനാരായണിയുടെ ദാസിയാണെന്നു വിചാരിച്ച് അവിടത്തെ ദാസിയായ ഇട്ടിച്ചിര മാടിവിളിച്ചു. ഭാഗ്യവശാൽ ആ വിളി വേറെ ആരും കണ്ടില്ല. അതിന്നുശേഷം കദളിത്തോട്ടത്തിൽ ഓരോരുത്തർ കൊച്ചുനാരായണിയോടു കുശലപ്രശ്നത്തിന്നു തുനിഞ്ഞപ്പോഴെല്ലാം എന്റെ 'മേട്ടളം' നാരായണിച്ചേച്ചി എന്ന് ഒരിക്കലെങ്കിലും തൊട്ടു വിളിക്കാതിരുന്നിട്ടില്ല.

ഇതിന്നെല്ലാം പ്രതിവിധിയായി എളയനായര് എജമാനൻ വീട്ടിൽ വന്നാൽ അമ്മായിഅമ്മ സമീപത്തുപോയിരുന്നു മുറക്കു നാലു തവണയെങ്കിലും എളയനായരെ എന്നു വിളിക്കാതെ പോയി കിടക്കാറില്ല. വളരെ സ്നേഹംനടിച്ചു സംസാരിക്കുന്നതുകൊണ്ട് അമ്മായിഅമ്മ തന്നെത്താൻ എഴുനീററുപോകുന്നതുവരെ ഇതുകൊണ്ടുള്ള സുഖക്കേടനുഭവിക്ക പതിവായിരുന്നു. കേവലം ദുസ്സ്നേഹമായപ്പോഴും നേരത്തെ സംബന്ധത്തിന്നു വരവുനിൎത്തി. അപ്പോ

ഴാണ് അമ്മായിഅമ്മ പടി അടച്ചതുങ്ങിയതും അദ്ദേഹം വേലി പൊളിഞ്ഞതിൽക്കൂടി വന്നതും അമ്മാമൻ ജനലിൽക്കൂടി കണ്ടു തെററിധരിച്ചതും.

ദ്വിതീയതന്ത്രം

സമാപ്തം.

കാരാട്ട് അച്യുതമേനോൻ ബി. എ. ബി. എൽ.

---

# സൌന്ദൎയ്യഭ്രമം

(ഒരു ഇംഗ്ലീഷ് മാസികയിൽ നിന്നെടുത്തത്.)

മനുഷ്യരുടെ മനസ്സിന്ന് ആഹ്ലാദകരമായ വിഷയങ്ങൾ പലതും ഉണ്ടല്ലോ. അതിൽവെച്ച് ഉത്തമസ്ഥാനം വഹിക്കുന്നത് സ്വസൌന്ദൎയ്യജ്ഞാനമാണെന്നു പറഞ്ഞാൽ അസാരം അതിവേഗമായിപ്പോയി എന്നു ചിലർ സംശയിക്കുമായിരിക്കാം. എന്നാൽ അതു വാസ്തവമാണെന്നു തെളിയിക്കാവുന്നതാണ്. നാം ദിനംപ്രതി പല വിഷയങ്ങളെപ്പററിയും മനോരാജ്യങ്ങൾ ചെയ്യാറുണ്ടല്ലോ. അറിഞ്ഞിട്ടോ അറിയാതെകണ്ടോ ഏതുവിധേനയും അധികനേരവും മനോരാജ്യങ്ങൾക്കു വിഷയമാകുന്നതു സ്വദേഹസൌന്ദൎയ്യദീക്ഷകളെക്കുറിക്കുന്നവയായിരിക്കും. മനോരാജ്യങ്ങൾക്കു വിഷയങ്ങളായ ആകാംക്ഷ, ആഗ്രഹം, മനസ്താപം, ധൎമ്മം, ഭയം, തുടങ്ങിയുള്ളവയെപ്പററി ആലോചിക്കുക. ഈ വിഷയങ്ങൾ മനോരാജ്യം ചെയ്തുകഴിയുന്ന സമയവും, കുളി, ഉടുപ്പ്, മററുവിധദേഹശുദ്ധി വരുത്തൽ, ഇതുകളിൽ നിഷ്കൎഷിച്ചു മററും കഴിയുന്ന സമയവും കൂടി നോക്കിയാൽ രണ്ടാമത്തേതിന്നു വേണ്ടിവരുന്ന സമയം നിശ്ചയമായും അധികരിച്ചുകാണുന്നതാണ്. എന്തെന്നാൽ ഇവ ഉഭയ

ത്തോടുകൂടി നമ്മുടെ ദൃഷ്ടിയെ പാത്രമാവുകയും, പിന്നീടുള്ള നമ്മുടെ എല്ലാ പ്രവൃത്തികളിലും ഇടവിടാതെ നമ്മെ ബാധിക്കുകയും ചെയ്യുന്നു. എങ്ങിനെയെന്നാൽ നാം ഇരിക്കുമ്പോഴും, നില്ക്കുമ്പോഴും, സംസാരിക്കുമ്പോഴും എന്നുവേണ്ട സ്വപ്നംകാണുമ്പോൾകൂടിയും ഈ വിഷയം മുന്നിട്ടു നില്ക്കുന്നില്ലേയെന്ന് ആലോചിച്ചാൽ അറിയാം. അനർഹമായ വിഷയങ്ങളിൽ നമ്മുടെ മനസ്സു പ്രവൃത്തിക്കുന്നതു നല്ലതല്ലെന്നു തീർച്ചതന്നെ. അപ്രകാരമായ വിഷയമാണെങ്കിലും ഇതു ദോഷത്തെ ചെയ്യുന്നതല്ലല്ലോ എന്നു കരുതിയിരിക്കുക മാത്രമെ നിവൃത്തിയുള്ളൂ. 'എനിക്കു ശൃംഗാരം ദീക്ഷിക്കൽ പുച്ഛമാണ്' എന്നൊ, 'ഞാൻ സുമുഖനല്ലെന്ന് എനിക്കുതന്നെ ബോദ്ധ്യമാണ്' എന്നൊ പലരും പലപ്പോഴും പറഞ്ഞുവരാറുണ്ട്. ഇവരോട് 'ഇഷ്ടാ! നിങ്ങൾ വിചാരിക്കുന്നതിലധികം സമയം ശൃംഗാരദീക്ഷയിൽ ആയിരിക്കു'മെന്നും 'നിങ്ങൾക്കു സൌന്ദര്യമില്ലെന്നു ബോദ്ധ്യമുള്ളതുകൊണ്ട് ആ വിഷയത്തിൽ 'നിങ്ങൾ അധികം മനസ്സിരുത്തും' എന്നോ, മാത്രമെ മറുവടി പറവാൻ ഞങ്ങൾക്കു തോന്നുന്നുള്ളൂ. തനിക്കു ശൃംഗാരം ദീക്ഷിക്കൽ ഇല്ലെന്നും അപ്രകാരം ചെയ്യുന്നവരെ പുച്ഛമാണെന്നും, പറയുന്നവർക്കു മാനുഷമനസ്സിന്റെ സൃഷ്ടിക്കടിസ്ഥാനമായതെന്താണെന്നറിഞ്ഞുകൂടാ നിശ്ചയംതന്നെ. അല്ലെങ്കിൽ പറയുന്നതു തീരെ കളവായിരിക്കണം. സൌന്ദര്യം എന്തിനാണ്? മുഖങ്ങൾ വൃക്ഷങ്ങളുടെ ഇലകൾപോലെയൊ പുല്ലുകളുടെ സമ്പ്രദായത്തിലൊ ആണെങ്കിൽ മനുഷ്യരെ എങ്ങിനെ തിരിച്ചറിയും? കാമക്രോധാദികൾ ഉണ്ടാകുന്നത് എങ്ങിനെ? നമ്മുടെ ഉദ്ദേശങ്ങൾ എവിടെ? മനുഷ്യമനസ്സുകൊണ്ട് ഉദ്ദേശമൊ പ്രതിഫലമൊ കൂടാതെ പ്രവൃത്തിക്കപ്പെടുന്ന ഒരു ഗംഭീരമായ യന്ത്രമാണ് ലോകം എന്നല്ലാതെ എന്താണ് പറയേണ്ടത്? പരമാർത്ഥത്തിൽ ലോകത്തിൽ കഴിഞ്ഞുകൂടേണ്ടതായ മാർഗ്ഗങ്ങൾക്കു ജീവൻകൊടുക്കുന്നത് ആകൃതിതന്നെയാണ്. അഹമഹമികാ, അഹംകാരം, ഉൽകർഷം, പ്രശംസ ഇതുങ്ങിയുള്ള ഭാവങ്ങൾ ജനിക്കുന്നതിന്ന് ഒന്നാമതായ വിഷയം സൌന്ദര്യം തന്നെയാണ്. അതു

സ്വരക്ഷക്കുവേണ്ടി പ്രകൃതിയാൽ നിബന്ധിക്കപ്പെട്ടിട്ടുള്ള ഒരു നിയമം എന്നുതന്നെ പറയണം. ഒരു സ്ത്രീയാകട്ടെ പുരുഷനാകട്ടെ (സ്ത്രീയും പുരുഷനും ഈ വിഷയത്തെ സംബന്ധിച്ചേടത്തോളം വ്യത്യാസമില്ല) തന്റെ ചങ്ങാതിയോടുകൂടി കൈകോൎത്തുപിടിച്ച് ഒരു വലിയകണ്ണാടിയുടെ സമീപത്തു യദൃച്ഛയായി ചെല്ലട്ടെ. ആ സ്ത്രീയോ പുരുഷനോ കണ്ണാടിയിൽ ആരുടെ സ്വരൂപത്തെയാണ് ആദ്യം നോക്കുക? ചങ്ങാതിയുടെ സ്വരൂപത്തെയല്ല, നിശ്ചയംതന്നെ. പെരുവഴിയിൽകൂടി ഒരു സ്ത്രീ നടക്കുന്നതു സൂക്ഷിച്ചുനോക്കുക. അവൾ എത്ര പ്രാവശ്യമാണ് പിന്നോട്ടുതിരിഞ്ഞും, ചരിഞ്ഞും, മറ്റും തന്റെ ആകൃതിയെത്തന്നെ നോക്കുന്നത്? തരം കിട്ടുമ്പോൾ ഒക്കെയും എന്നല്ലാതെ സൂക്ഷ്മം പറവാൻ സാധിക്കുന്നതല്ല. എത്രതവണ നോക്കിയാലും പൂതി പോകുന്നതല്ല. തന്റെ സൌന്ദൎയ്യത്തിനുള്ള വശ്യം ഒരിക്കലും ഇല്ലാതാകുന്നതുമല്ല. അസംഖ്യം വെള്ളക്കണ്ണാടികൾ വെച്ചിട്ടുള്ള ഒരു മുറിക്കകത്ത് ഒരു സ്ത്രീ പ്രവേശിക്കട്ടെ. അവൾ ആദ്യം വലത്തുഭാഗത്തുവെച്ചിട്ടുള്ള കണ്ണാടിയിൽ ഒന്നുനോക്കും. തിരിഞ്ഞ് ഇടത്തുഭാഗത്തുവെച്ചിരിക്കുന്നതിലും നോക്കും. ഒരു പുതിയമാതിരി വസ്ത്രം ധരിച്ചും, ഒരു പുതിയ സമ്പ്രദായത്തിലും ഒരുവൾ മറെറാരുത്തിയെക്കാണട്ടെ. എന്നാൽ അവൾക്കാദ്യം ജനിക്കുന്ന വിചാരം 'ആ വസ്ത്രമോ, സമ്പ്രദായമോ ഞാൻ സ്വീകരിച്ചാൽ ഞാനെങ്ങിനെയായിരിക്കും' എന്നാണ്. ഇതുകൾ എനിക്ക് എന്ന് എങ്ങിനെ കിട്ടും. എന്നുള്ള ആലോചന ഉടനെ വരും. ഈ ആലോചനകൾക്കിടയിൽ ചങ്ങാതിയുടെ വിചാരം 'ഹേയ്, ഇനിക്കു ഞാൻ വിചാരിക്കുന്നതിലധികം സൌന്ദൎയ്യമുണ്ട്. അതല്ലെ ഇവൾ ഇത്ര ആലോചിക്കുന്നത്. എനിക്കു ശരി ആരാണ്, എന്നായിരിക്കും.

ഈവക വിചാരങ്ങൾ തങ്ങടെ മനസ്സിന്റെ വഷളത്വമാണെന്നു കരുതി ആരുംതന്നെ വ്യസനിപ്പാനില്ല. ഇത് എല്ലാപ്രാണികൾക്കും ഉള്ളതാണ്. തനിക്കു സൌന്ദൎയ്യമുണ്ടെന്നു വിചാരിച്ച് മോടികൂട്ടാതിരിക്കുന്നവരും, സൌന്ദൎയ്യമില്ലാത്തതിനാൽ എത്തിനു മോ

ടി കൂട്ടുന്നു എന്നു വിചാരിക്കുന്നവരും ലോകത്തിൽ ആരും ഇല്ല. സുന്ദരമുഖനായ ഒരുവന്റെ സമ്പ്രദായങ്ങൾക്ക് ഒരു വശ്യാ കേമമാണ്. ആ സമ്പ്രദായങ്ങൾ ദുർമ്മുഖന്മാർക്കു തപസ്സിരുന്നാൽപോലും കിട്ടുവാൻ സാധിക്കുന്നതല്ല. പ്രയത്നിച്ചിട്ടു ഫലവും ഇല്ല. അവ വിലക്കു കിട്ടുമെങ്കിൽ ഒരു പ്രത്യേക കടാക്ഷമൊ, പുഞ്ചിരിയൊ, എങ്കിലും വാങ്ങാത്തവർ ലോകത്തിൽ ദരിദ്ര്യന്മാരിൽപോലും ഉണ്ടാകയുമില്ല.

സൌന്ദര്യം വശ്യവസ്തുവാണെന്നു സമ്മതിക്കയും, അതുള്ളവരെപ്പററി അസൂയപ്പെടുകയും ചെയ്യുന്നുണ്ടെങ്കിലും അതിന്നും ദോഷഭാഗങ്ങൾ വളരെയുണ്ട്. ദുർമ്മുഖന്മാർ സുമുഖന്മാർക്കു വച്ചിട്ടുള്ള വലകളിൽ ചാടുന്നില്ല.

സൌന്ദര്യമില്ലെന്നു നിരാകരിക്കപ്പെട്ടവർ അവരുടെ ജീവകാലം മററുവിധത്തിൽ സുഖമായി കഴിപ്പാനുള്ള മാർഗ്ഗങ്ങളെപ്പററി ആലോചിക്കാതിരിക്കയില്ല. സുന്ദരഗണത്തിൽ ചേരുവാൻ അവർക്കു ഈ ജന്മം സാധിക്കയില്ല. ഒരു നല്ല പേരുകൂടി സമ്പാദിപ്പാനും ഇവർക്കു നിവൃത്തിയില്ല. അതുകൊണ്ട് ഈ കൂട്ടർ അതിന്നുദ്യോഗിക്കപോലും വേണ്ട.

കാലാന്തരത്തിൽ നശിച്ചുപോകുന്നതായ ഇതിനേക്കാൾ എത്രയോ യോഗ്യതയും, സമാധാനവും ഉള്ള ഇതരഭാവങ്ങൾ വളരെ സുലഭമായിട്ടുണ്ട്. അതിബുദ്ധി പ്രതാപത്തോടുകൂടിത്തന്നെ ജനിച്ചിട്ടുള്ളവർ നമ്മുടെയിടയിൽ വളരെപ്പേർ ഉണ്ടെന്നു വിചാരിക്കേണ്ട. ഈ പദവി സമ്പാദിച്ചിട്ടുള്ളവർ അധികവും സൌന്ദര്യം കുറഞ്ഞവരാണെന്നു പക്ഷെ പറയാൻ അത്ര വിരോധമുണ്ടെന്നു തോന്നുന്നില്ല. കേവലം നിസ്സ്വജനും അംഗവിഹീനനും ആയ ഒരുവൻ ലോകമൊട്ടുക്കു പ്രശംസാർഹനായിവരുന്നതിലും കഷ്ടമില്ല.

ജനനത്താൽ യാതൊരുത്തർക്കും കിട്ടാത്തതും എല്ലാവർക്കും പ്രാപിക്കുവാൻ സാധിക്കുന്നതും ആയ ഒരു സൌന്ദര്യമുണ്ട്. അതതിനെയാണ് പ്രാപിക്കുക എന്നതു വളരെ ഗ്രാഹ്യമാണ്. ഈ

രഹസ്യം എന്തെന്ന് അവരവർതന്നെ ആരാഞ്ഞറിയേണ്ടതുമാണ്. അത് അതിദുർല്ലഭവും, അതിസൌന്ദൎയ്യവും, ഉള്ള ഒന്നാണ്. അപ്രകാരമുള്ള സുന്ദരമുഖം നമ്മുടെ ജീവകാലത്ത് ഒരിക്കലെങ്കിലും കാണ്മാൻ പക്ഷെ സാധിച്ചേക്കാം. ജരകളോടുകൂടിയ വൃദ്ധമുഖമാവാനാണ് എളുപ്പം. അതു കണ്ണുകളെ മാത്രമല്ല മനസ്സിനെക്കൂടി ആകൎഷിക്കും. അതായത്, പുണ്യപരമാത്മതത്വത്തെ പ്രദൎശിപ്പിക്കുന്ന നിൎമ്മലവദനംതന്നെ.

എ. ശങ്കരപുതുവാൾ ബി. എ. ബി. എൽ.

# കോമുമേനോൻ

ഞെക്കാവുന്നല്ലൊരുകിടാവിവനോടുകൂടി-
പ്പാൎക്കാനുറക്കമിതുനല്ലൊരുവേഴ്ചയാകും.
നോക്കാമതിന്നുവഴിഞാനവളോടുചൊന്നാൽ
കേൾക്കാതിരുന്നിടുകയില്ലവളെന്റെകൂട്ട്.' ൪൩.

അഞ്ചാറുനാൾകഴിവിചെന്നുമണല്ക്കുഴിക്കു
തഞ്ചാടിടുന്നമൊഴിയാളൊടുവേണ്ടപോലെ
അഞ്ചാതെമേനവനെഴുപലനന്മചൊല്ലി
നെഞ്ചാട്ടിയമ്പൊടുകിടക്കറതീർച്ചയാക്കി. ൪൪

മുത്തശ്ശിയമ്മയുടെനന്മനിനച്ചുമേനോ-
നൾത്തൂലഞ്ഞവളെവാഴ്ത്തിവണങ്ങിനിന്നാൻ
മെത്തുന്നകൂറൊടുമിണങ്ങുവിനെന്നവൾക്കു
വാഴ്ത്തുന്നതിന്നുതടവായിടനെഞ്ചുപൊട്ടി. ൪൫

കിടക്കറെക്കുള്ളൊരുവട്ടമെല്ലാം
മുടക്കമില്ലാതഴകോടൊരുക്കി
തടിക്കുമിമ്പത്തൊടുവാണിതിക്കാ
വുടല്ക്കുചേരുന്നൊരുമോടികൂട്ടി. ൪൬

തളിക്കുതാഴാത്തൊരുമെയ്യൊടൊത്തു
കുളുക്കുമുള്ളത്തൊടിരുന്നുകൊൾവാൻ
ഇളക്കമില്ലെന്നുനിനച്ചതന്നുൾ-
ത്തളിക്കകത്തിൽരൊളിവാന്നുമേനോൻ ൭൭

പെരുത്തവമ്പാന്റകടുങ്ങിനായർ
കരുത്തുചേരുന്നൊരുനാട്ടുവാഴി
തരത്തിലാപ്പെൺകൊടിയെത്തിരിക്കെൻ
കരുത്തിടുംവൻകൊതിപൂണ്ടിരുന്നു. ൭൮

ഇക്കാവമ്മക്കുമേനോനുകൊട്ടമുറിന-
    ല്ലുന്നതാണെന്നിവണ്ണം
കേൾക്കുറായ്നാട്ടിലെല്ലാമൊരുവനതുപറ-
    ഞ്ഞീടിനാൻനായരോടും
ഉൾക്കാളുംശങ്കയോടെങ്ങുപുതുമനമു-
    ക്കോത്തതിൽച്ചെന്നുതക്കെ
വെക്കമോകോമുവെന്നാത്തവനരിശമെഴും
    പല്ലിറുക്കിക്കടിച്ചു ൭൯

അമ്പമ്പോമേനവന്മാരുടെനിലയുമവ-
    ക്കുള്ളവമ്പുംകുറമ്പും
ഞാനെട്ടന്നൊക്കെമാററാമതിനുകഴിവിനി-
    ക്കുണ്ടുകണ്ടോട്ടെനാളെ
അമ്പാന്നൊൻമെത്തയേറിത്തെളിവൊടുകളിയാ-
    ടേണ്ടപൂമേനിമേനോൻ
തമ്പാട്ടിൽപെട്ടുവെന്നാൽവലിയകുറവുതാ-
    നൊക്കെഞാൻനേരെയാക്കാം ൮൦

ഈമാതിരിയവനോൎത്തു
പൂമേനിയെയുള്ളിൽവെച്ചുകൊതിവിത്തു
കോമളവിലാസിശാചിത്തു
കേമനായാതെരാവിലഴൽമൂത്തു. ൧൫

തീക്കനൽചൊരിയുംപോലെ
പൂക്കണെതുടരെത്താച്ചുതന്മാല
ഉൾക്കത്തിട്ടുമഴലാല
നില്ക്കാൻകഴിയാതുഴന്നുമെന്മേലേ. ൧൬

കരിമുകിലുഴലുംകുഴലും
കരിമീനൊളിയും മിഴിക്കെഴുന്നൊളിയും
കരുതിക്കരുതിത്തന്നുടെ
കരളിൽത്തിരളുന്നാരിണങ്ങലതുപൂണ്ടു. ൧൭

ഏറുംമാലൊടുതിങ്കൾ-
ക്കീറാമാറുന്നനെററിയും,പൂന്തേൻ
ഊറുംമലരുംമലരും
മാറുകളെല്ലാരുവായുമോൎത്തഴൽമുഴുത്തു. ൧൮

തിരയുംപൊരുതിമടങ്ങി-
ത്തിരിയുംപുരികക്കൊടിക്കെഴുംകളിയും
ചൊരിയുംതേന്മൊഴിയുംകരൾ
കരിയുംകവിളുംനിനച്ചുമാലാൻ. ൧൯

തൊണ്ടിപ്പഴവുംപവിഴ-
ത്തുണ്ടുംമണ്ടുന്നചുണ്ടുരണ്ടുമവൻ
ഇണ്ടലൊടുംനുകരാനാ-
ശ്ശ്ലാണ്ടുകൊതിച്ചുണരക്കമിവവിട്ടു ൨൦

ചിരിയുംചുണ്ടിനിടയ്ക്കാ-
യ്യിരിയുംവരിയൊത്തനല്ലപല്ലുകളും
അരിയനിലാവെതിരാംപു-
ഞ്ചിരിയുംകരുതീട്ടുവന്നുകരള്ളാടി ൭

ഇടയൊരുന്തലിഴന്തുഴാൻ
കിടയാതിടയുന്നപോർമുലകൾപുല്ലാൻ
ഇടയുണ്ടാകണമെന്നാ-
യ്യിടയാകരളോട്ടുചേൎന്നവനിരുന്നു ൮

തളിരുംതെല്ലുമടങ്ങി-
ത്തളരുംകുളുർമേനിയിൻമിനുമിനുപ്പും
വളരുംചന്തവുമോൎത്താൽ
ത്തളിരുതളൎന്നില്ലലാൎന്നിതവനേററം. ൯

പിടയുംപിടിയുംപാരം
പിടയുംപടിയുള്ളമങ്കതൻനടയും
അടിയുംവാഴകൾതോല്ക്കും
പിടിയാംതുടയുംനിനച്ചുരുകിയുള്ളം. ൰

എല്ലാംനിനക്കിലവളെന്നുടെപാട്ടിലാവാ-
നല്ലാതെവേറെയൊരുജോലിയുമിന്നിവണ്ണാ
വല്ലാതിവണ്ണമവനുള്ളിലുറച്ചു,മല്ല-
വില്ലാളിതൻവിരുതുപാക്കുകിലെത്രകേമം! ൰൧

ചേക്കാലിയെന്നകുടിയാനെവരുത്തിനായർ
നില്ക്കാതെകണ്ടുചിലതൊക്കെയുരച്ചയച്ചു
കക്കാനുമുള്ളിളകിടാതെചതിച്ചുകൊന്നു
തീക്കാനുമിത്രവിരുതുള്ളവനങ്ങുമില്ല, ൰൨

ഏററംകറുത്തുപനയൊത്തൊരുമേനിനീത്തി
കൂററൻകനല്ലൊരിയുതിപ്പൊരുകണ്ണുരുട്ടി
തെററാതെപാഞ്ഞുവരുമാനിലകണ്ടുപേടി
പററാതെകണ്ടൊരുവനില്ലവിടത്തിലെങ്ങും. ൩൨

പററിച്ചിടാംപുടമുറിക്കുമുടക്കമൊക്കെ-
ത്തെററിച്ചിടാംകഴുതകോമുവിളിഭ്യനാകും
കററക്കരിങ്കുഴലിയെന്നുടെപട്ടമെത്ത
പററിക്കിടന്നിടണമിന്നുമുതല്ക്കുമേലാൽ ൩൩

എന്നോർത്തുറച്ചു തെളിവോടുകടുങ്ങിനായർ
കന്നൊടിടഞ്ഞകുളുർകൊങ്കകളോർത്തുപാർത്തു
അന്നാമലാംകളമുറിനല്കുവതിന്നുതോഴർ
തന്നോടുചേർന്നുനടകൊണ്ടിതുകോമുമേനോൻ ൩൪

പി. ജി. രാമയ്യൻ, ബി. എ. ബി. എൽ.

---

# മൌനം

യാവനൊരുത്തനാകുന്നുവോ അറിവുള്ളവൻ അവനാകുന്നു മുനി. മുനിയുടെ ഭാവമാകുന്നു മൌനം. ജ്ഞാനികൾ മിതഭാഷികളും മൂഢന്മാർ വാചാലരും ആകുന്നുവെന്നത് സാധാരണ നിയമമെന്നല്ലാതെ അതിന്റെ വിപരീതം നരലോകത്തിൽ അപൂർവ്വം എന്നുപറഞ്ഞുകൂട. 'ജ്ഞാനേമൌനംക്ഷമാശക്തൌത്യാഗേശ്ലാഘാവിപര്യയഃ' എന്ന കാളിദാസവചനത്തിൽ വാസ്തവമുണ്ട്. പക്ഷെ വായാടികളായ പണ്ഡിതന്മാരും ഊമകളായ പാമരന്മാരും ഉണ്ടാവില്ലെന്ന് ആർക്കെങ്കിലും പറവാൻ ധൈര്യം ഉണ്ടോ? മററെല്ലാററിനുമുള്ളതുപോലെ ഗുണദോഷങ്ങൾ മൌനത്തിനുമുണ്ട്. എന്നാൽ നന്മതിന്മകളുടെ ഏററക്കുറവിനെ അനുസരിച്ചാണല്ലൊ

വസ്തുക്കൾ നല്ലതെന്നും ചീത്തയെന്നും വ്യവഹരിച്ചുവരുന്നത്. മു ള്ളുണ്ടെന്നുവെച്ച് പനിനീർ പിച്ചകത്തിനു ദോഷം കല്പിക്കാറില്ല. വിദ്യയുണ്ടെന്നുവെച്ചു വികടന്മാരെ കൊണ്ടാടുകയും പതിവില്ല. മൌനത്തിന്നുള്ള ഗുണദോഷങ്ങളുടെ ഗുരുലഘുത്വത്തെ തൂക്കിനോ ക്കിയാൽ ഗുണഭാഗം കനംതൂങ്ങുന്നഭാഗമായിട്ടു കാണാവുന്നതാ ണ്. വിശിഷ്ടമായ വാഗ്വൈഭവത്തേക്കാൾ ചില സമയങ്ങളിൽ മൌനത്തിന്നായിരിക്കും ഉൽകൃഷ്ടത. ശബ്ദമല്ല അതിൻെറ അഭാ വമാണ് അർത്ഥഗർഭിതമായിരിക്കുക. മഹാശയന്മാരുടെ ലക്ഷണ മായ ഘനഭാവം മൌനഭാവംതന്നെയാകുന്നു.

സ്തോത്രങ്ങളെ ഉച്ചരിച്ച് ഈശ്വരദ്ധ്യാനം ചെയ്യുന്ന ഒരു ഭ ക്തൻെറ മനസ്സ് സമാധിയിൽ ഉറച്ചു പരമാത്മാവിങ്കൽ ലയിക്കു മ്പോൾ നാമസങ്കീർത്തനം നിശ്ശബ്ദതയിൽ മയങ്ങുന്നുണ്ട്. മനോ ഹരങ്ങളായ പാട്ടുകളുടെ മദ്ധ്യത്തിലുള്ള വിരാമങ്ങൾക്കല്ലേ മാധു ര്യം കൂട്ടുക എന്നു സംശയിക്കുന്നു. വാക്കുകളെക്കൊണ്ടു വിശദമാക്കു വാൻ കഴിയാത്ത ചില മനോവികാരങ്ങളുണ്ട്. ആയവ മൌനം കൊണ്ടാണ് പ്രകാശിച്ചു കാണുന്നത്. പറഞ്ഞുതീർക്കുന്ന വ്യസ നം ഹൃദയത്തിൽ വേരുറച്ചതായിരിക്കയില്ല. അതിസ്നേഹവും അതി ക്രോധവും വാക്കുകൾക്കു ഗോചരങ്ങളല്ല. വികാരങ്ങളും വിചാര ങ്ങളും അറിവും ഉള്ള മനസ്സു തുളുമ്പുന്നില്ല. ഈ കാരണത്താലാണ് വിവേകികൾ മിതഭാഷികളായിക്കാണുന്നത്. മിതഭാഷിതമാണ ല്ലോ മൌനത്തിൻെറ ആദ്യത്തെ പതനം.

പുലമ്പികളുടെ വാഗ്ദോഷം അനുഭവിച്ചറിഞ്ഞിട്ടുള്ളവരോടു മൌനത്തിൻെറ ഗുണം വിസ്തരിക്കേണമെന്നില്ല. വാഗ്ധാടികൊണ്ടു ണ്ടാകാവുന്ന 'യാഗ്യതക്കു ഭ്രമിച്ച് മണൽത്തരി മലയാകിപ്പറയുന്ന പരമശുദ്ധന്മാർക്കും രണ്ടക്ഷരംകൊണ്ടു പറഞ്ഞുതീർക്കാവുന്ന കാര്യം ഏച്ചുകെട്ടി വളച്ചുനീട്ടി അമ്പത്തൊന്നും പെരുപ്പവും കീഴ്മേൽ മറിക്കുന്ന സാധുക്കൾക്കും മേനി പറഞ്ഞു മാനംകേറി മറിയുന്ന മൂ ഢന്മാർക്കും ഈ രണ്ട് അനുനാസികങ്ങളുടെ ഗുണം അറിയാമായി

ർന്നുവെങ്കിൽ സ്വാത്ഥവും പരാത്ഥവും ഈശ്വരാത്ഥവുംകൂടി യോജിച്ചേനെ.

നന്നായുള്ളോരലങ്കാരവുമകലെ-
വെടിഞ്ഞത്ഥമെല്ലാമുപേക്ഷി
ച്ചാന്നായ്പാകാദികൈവിട്ടിഹ
പരമപദാപ്തേരുവാൻമോഹമാന്നു
ഇന്നീകാണുന്നഭാഷാകവികുലമഖിലം
താപസപ്രായമാകു-
ന്നെന്നാൽമൌനവ്രതംതാനിനിയിവർ
തുടരുന്നാകിൽ നന്നായിരിക്കും

എന്നൊരു മററാകവി പറഞ്ഞിട്ടുള്ളതിൽ ഒടുവിലെ ഭാഗം മേൽപറഞ്ഞ കൂട്ടർ സ്വീകരിക്കുന്നതായാൽ ഉപകാരമായിരുന്നു. വ്രതാദികളിൽ മാത്രമല്ല ലൌകികവിഷയങ്ങളിലും മൌനം വിധിച്ചു കാണുന്നുണ്ട്.

ഉച്ചാരേമൈഥുനേചൈവപ്രസ്രാവേദന്തധാവനേ
സ്നാനേഭോജനകാലേച ഷട് സുമൌനംസമാചരേൽ.

ഈ നിയമം കലികാലം മുഴുക്കുന്നതിന്നു മുമ്പ് ഉണ്ടാക്കിയതുകൊണ്ടാണ് അവശ്യം പറയേണ്ടു പല സംഗതികളും അതിൽ ഉൾപ്പെടാതെ കാണുന്നത്.

കൊക്കിൻകൂട്ടത്തിൽ മണ്ഡൂകരാജാവ് മൌനവ്രതം അനുഷ്ഠിച്ചുകൊണ്ടു വളരെക്കാലം രാജ്യഭാരം ചെയ്യുതും ഒടുവിൽ വായ തുറന്നപ്പോൾ പ്രജകൾക്ക് ആഹാരമായി ഭവിച്ചതും എല്ലാവരും കേട്ടിട്ടുണ്ടായിരിക്കാം. ഇത് ഒരു പേക്കഥയാണെങ്കിലും സാരമില്ലാത്തതല്ല. മണ്ഡൂകതുല്യന്മാരായ എത്രയൊ ആളുകൾ വ്യാജഗൌരവം നടിച്ച് അല്പകാലമെങ്കിലും മാന്യപദവി അനുഭവിച്ചുവരുന്നുണ്ട്. ഇതും മൌനത്തിൻെറ മഹത്വംതന്നെയല്ലെ? വാസ്തവം ആലോചിക്കുന്നതായാൽ മധുരവാക്കുകൊണ്ടു മതിമയക്കുന്നതിനേക്കാൾ കർണ്ണകഠോരങ്ങളായ ദുരാക്ഷേപവാക്കുകൾക്കു പ്രത്യുത്തരം പറയാത്ത ക്ഷമാശീലന്മാരെയാണ് ഇനിക്കു ബഹുമാനം.

അനീതിക്കൊരാച്ഛാദനമായ മൌനാനുവാദവും മൌനികളെന്ന പ്രസിദ്ധന്മാരായ ഒരുവക മിണ്ടാട്ടവും ചൊല്ലുവിളിയുമില്ലാത്ത ഭൃത്യന്മാരും മറവും മൌനദോഷഫലങ്ങളാണെങ്കിലും മഹാകവി ഭൎത്തൃഹരി പറയുന്നതുപോലെ മൌനം സൃഷ്ടിച്ചിട്ടുള്ളതിൻെറ ആവശ്യം വേറെയാണ.

സ്വായത്തമേകാന്തഗുണംവിധാത്രാ
വിനിൎമ്മിതാച്ഛാദനമജ്ഞതായാഃ
വിശേഷതസ്സൎവ്വവിദാംസമാജെ
വിഭൂഷണംമൌനമപണ്ഡിതാനാം.

മുനി.

# ജാതിനിൎണ്ണയം

തൽക്ഷണാദേവ സമ്പ്രാപ്തോ മാതരം പ്രണനാമ ച
പുനൎമ്മാതുശ്ച മോക്ഷാൎത്ഥാ യൽകൃത്യാ തദശേഷതഃ ൯൯
വിധായ സാക്ഷാൽ സ്വാത്മരൂപം സത്യജ്ഞാനാദി ലക്ഷണം
ചരമശ്വാസവേലായാം മാൎത്രേ സമ്യക് പ്രദൎശ്യ ച ൧൦൦
സന്തുഷ്ടായാംകൃതാൎത്ഥായാം ലീനായാം ബ്രഹ്മധാമനി
പ്രാക് പ്രതിജ്ഞാനവന്മാതുരൌൎദ്ധ്വദൈഹികകൎമ്മണേ ൧൦൧
കൃതോദ്യമോ ദുൎമ്മതിഭിരൈശ്വൎയ്യാന്ധൈൎമ്മഹീസുരൈഃ
അനേകധാ കൃതപ്രത്യൂഹാത്യന്തക്ഷുഭിതോപി സൻ ൧൦൨
യേഷാംഗേഷാഞ്ച സാഹായ്യാൽ സ്വയമേവൌൎദ്ധ്വദൈഹികം
സ്വദക്ഷിണകരോല്പന്ന ഹവ്യവാഹന ദീപിതെ ൧൦൩
കുണ്ഡേ പ്രതാപ്തിം സംസ്കൃത്യ പാദതോപാദകാദികം
ആസ്ഥാനാന്താവധിയാം പ്രസൂതിസമയെ ദുൎവ്വാരശൂലവ്യഥാ
നൈരൎത്ഥ്യ തനു ശോഷണം മലമയീശയ്യാ ച സാംവത്സരീ
കൃച്ഛ്രികസ്യാപി ന ഗൎഭഭാരഭരണക്ലേശസ്യ യസ്യാഃ ക്ഷമോ

ദാതും നിഷ്കൃതിമുന്നതോപി തനയസ്തസ്യൈ ജനന്യൈനമഃ

ഇതി പ്രണമ്യ നിൎഗ്ഗുണ്ണും മനശ്ചക്രേ പുനശ്ശനൈഃ ൧൦൪

മാതാവിനാൽ സ്മരിക്കപ്പെട്ട ഉടനെതന്നെ സ്വാമികൾ മാതൃസന്നിധിയെ പ്രാപിക്കുകയും ദൎശനമാത്രത്തിങ്കൽ അവരെ നമസ്കരിക്കുകയും ചെയ്തു. അനന്തരം മാതാവിന്നു മോക്ഷത്തിന്നായിക്കൊണ്ട് എന്തെല്ലാം കൃത്യങ്ങൾ ചെയ്യാനുണ്ടോ അതെല്ലാം ചെയ്തിട്ടു മരണകാലത്തിങ്കൽ* സത്യജ്ഞാനാനന്ദാത്മകമായിരിക്കുന്ന തന്റെ സാക്ഷാൽ രൂപത്തെ (പരബ്രഹ്മസ്വരൂപത്തെ) വഴിപോലെ കാണിച്ചുകൊടുക്കുകയും ചെയ്തശേഷം മാതാവ് ഏററവും സന്തുഷ്ടയായും കൃതാൎത്ഥയായും ബ്രഹ്മത്തിങ്കൽ ലയിച്ചവളായും ഭവിച്ചു. അനന്തരം സ്വാമികൾ മാതാവിനോടു മുമ്പുചെയ്ത പ്രതിജ്ഞയെ അനുസരിച്ചു പ്രേതസംസ്കാരാദികൎമ്മങ്ങളെ ചെയ്യുന്നതിന്നായി ആരംഭിച്ച സമയം സമീപസ്ഥന്മാരും സമ്പൽസമൃദ്ധികൊണ്ടു ഗവിഷ്ഠന്മാരും ദുൎബ്ബുദ്ധികളുമായ ചില ബ്രാഹ്മണരാൽ അതിന്ന് അനേകം തടസ്ഥങ്ങൾ ചെയ്യപ്പെടുകയും സ്വാമികൾ അതിൽ വെച്ച് അവരുടെ നേരെ ഏററവും കോപിഷ്ഠനായി ഭവിക്കുകയും ചെയ്തു. എങ്കിലും പിന്നീട് ചിലരെ കൂട്ടിച്ചേൎത്തു താൻതന്നെ ഒരുവിധം തന്റെ വലത്തെക്കയ്യിൽ സ്വതസ്സിദ്ധമായി ഉള്ള അഗ്നിയെ ജ്വലിപ്പിച്ചിട്ട് ആ അഗ്നികൊണ്ടു വൎദ്ധിപ്പിച്ച് ഉണ്ടാക്കിയ അഗ്നികുണ്ഡത്തിങ്കൽ മാതൃസംസ്കാരവും വഴിപോലെ ഉദകക്രിയാദികളും ചെയ്തു. അതെല്ലാം കഴിഞ്ഞതിന്നുശേഷം 'ആസ്താന്താവദിയം' എന്ന ശ്ലോകം നിൎമ്മിച്ച് അതുകൊണ്ടു മാതാവിനെ നമസ്കരിച്ചിട്ടു രണ്ടാമതും പൂൎവ്വാശ്രമത്തിങ്കലേക്കുതന്നെ ഗമിപ്പാനായിക്കൊണ്ട് ആരംഭിക്കുകയുംചെയ്തു.

---

* ആചാൎയ്യസ്വാമികളുടെ മാതൃസംസ്കാരസ്ഥലം കാലടിപ്പുഴയുടെ തീരത്തിങ്കൽ ഇന്നും പ്രധാനമായി തിരിച്ചിട്ടു കാണുന്നതുകൊണ്ടു മാതാവിന്റെ മരണകാലത്തു മാതൃഗൃഹത്തിങ്കൽനിന്നു സ്വഗൃഹത്തിങ്കലേക്കുതന്നെ കൊണ്ടുപോയതായി വിചാരിക്കേണ്ടിയിരിക്കുന്നു.

[എന്റെ കൈവശം കിട്ടിയ ശ്ലോകങ്ങളിൽ ഇനി നാലു ശ്ലോകം മാത്രം ബാക്കിയുണ്ട്. ഈ നാലു ശ്ലോകംകൊണ്ട് അന്വയം അവസാനിച്ചു കാണാത്തതിനാൽ അവകളെ ഈ പംക്തിയിൽ ചേൎക്കുന്നില്ല. അതുമാത്രമല്ല പ്രസ്തുത ഗ്രന്ഥത്തിന്റെ ൧൦൧-ാമത്തെ ശ്ലോകം മുതൽ ഇതേവരെ ഒരേടത്തും കണ്ടുകിട്ടാത്തതുകൊണ്ട് മുമ്പറഞ്ഞ നാലുശ്ലോകംകൂടി എഴുതിച്ചേൎത്താലും ഗ്രന്ഥസമാപ്തി വരുന്നതുമല്ലല്ലോ. ആകയാൽ ഇനി ഒരവസരത്തിൽ ഗ്രന്ഥം മുഴുവനും കൈവശപ്പെടുന്നതായാൽ തത്സമയം ൧൦൫-ാമത്തെ ശ്ലോകം മുതൽ എഴുതിച്ചേൎത്തു പരിസമാപ്തി വരുത്തിക്കൊള്ളാമെന്നു വച്ചു് ഇപ്പോൾ ഇവിടെ വിരമിക്കുന്നു.]

പാഴൂര് വടക്കില്ലത്ത് ജാതവേദൻനമ്പൂരിപ്പാട്

# തിരുമിഴി

(ദേവീസ്തോത്രം)

---

മിന്നുംഭിന്നാഞ്ജനത്തിൻരുചിരരുചിയെവെ-
    ല്ലുന്നശോഭാവിശേഷം
ചിന്നുംകാന്തന്റെമെയ്യിൽ ബഹുരസമൊടുസി-
    ക്കൊണ്ടുകൊണ്ടാടിയേററം
എന്നാനിന്നിട്ടിവണ്ണംഹരിമഹിഷികര-
    ത്തോരുനിൻദൃഷ്ടിയുഗ്മം
നന്നായിത്തന്നിടട്ടേമമഗുരുകരുണാ-
    രാഗമേമംഗളത്തെ ൧

മൎല്ലോകൎക്കൊക്കെമാലേകിടുമൊരുകടുദാ-
    രിദ്ര്യരക്ഷോഗണത്തെ
ചാലേകുത്തുന്നമൂലാതവരുധിരകണാ-
    സിക്തമായ്രക്തമായി
മാലിന്യംവിട്ടുമിന്നുംതവമിഴിമുനകാം-
    ക്കെന്റദാരിദ്ര്യദുഃഖം
പാലാഴിപ്പെൺകിടാവേ! ജവമൊടുകളവാൻ
    ഹന്തചൊല്ലുന്നുയത്നം ൨

ഞാഞ്ചെല്ലുംദിക്കിലല്ലാതൊരിടവുമധുനാ
    രക്ഷകാണാത്മമൂലം
ചാഞ്ചാടിസ്സ്വസംരക്ഷണമനവരതം
    ചെയ്തിടുംചക്രപാണി
അഞ്ചാതെന്നെപ്പിരിഞ്ഞിട്ടരനിമിഷമിരി-
    ക്കുന്നതില്ലെന്നബുദ്ധ്യാ
കിഞ്ചിൽകിഞ്ചിൽചിരിക്കുംതവമിഴിയിൽവെളു-
    പ്പുണ്ടിതാകണ്ടിടുന്നു ൩

കന്നൽകാർവ്വർണ്ണനോടൊത്തതിരസമരുളും
    ശ്രീമഹാലക്ഷ്മി! തമ്മിൽ
ഭിന്നിച്ചിട്ടുണ്ടുകാണുന്നതുജഗതികറു-
    പ്പുംവെളുപ്പുംചുവപ്പും
അന്യോന്യംശ്രീവളക്കുന്നിതുതവമിഴിയോ-
    ടൊത്തനേരത്തതെല്ലാം
നിന്നോമൽചേർച്ചയുള്ളോരഖിലമതിശുഭം
    തന്നെമറ്റൊന്നുമില്ല. ൪

അക്ഷീണസ്നേഹഭാരത്തൊടുഭുവനതലം
    സർവ്വദാസർവ്വകാലം
രക്ഷിച്ചീടാനുതിന്നോരഖിലജനനി! ഹേ
    ലക്ഷ്മി! ദാക്ഷിണ്യശീലേ!
രക്ഷ്യസ്ഥാനങ്ങളെക്കാണ്മതിനുനിഖിലലോ-
    കത്തിലുംശില്പമെത്താൻ
പക്ഷവ്യാജാൽധരിക്കുന്നിതുപരമഴകിൽ
    പക്ഷമക്ഷിദ്വയത്തെ. ൫

കാരുണ്യക്കാറവത്തിട്ടുടനുടനുയരും
    നികടാക്ഷൌഘമാകും

നിരേന്ത്രന്നീലമേഘപ്രകരമഘമഹാ
ഘൎമ്മനിൎമ്മൂലനാശാ
നേരായിച്ചെയ്യുനാരായണമഹിഷി! ജഗൽ
ഇഷ്ടിപുഷ്ടിക്കുവേണ്ടി
ധാരാകാരേണവൎഷിക്കണമിഹധനമാം
വാരിധാരാളമായി. ൫

കന്നൽകാൎവ്വണ്ണജായേ! ഭഗവതി! വിഭുവാ-
യിട്ടനന്താഖ്യനായി
ധന്യശ്രീഖേചരന്മാൎക്കരിയൊരയനമായ്
സ്നിഗ്ദ്ധനീലാഭനായി
അന്ന്യൂനംകൌസ്തുഭാൎക്കദ്യുതിവിലസിതനായ്
നിന്നിടുംമാധവാഭ്രം
തന്നിൽതിങ്ങുന്നഭംഗ്യാതവമഹിതകടാ-
ക്ഷങ്ങൾമേഘങ്ങൾപോലെ. ൬

പാരാക്ഷീരംമഥിക്കുംപശുപതതികളിൽ-
ചെന്നുചേരുന്നിതല്ലൊ
ചാരുക്ഷീരാബ്ധിലോകംപരമഴകെഴുമീ-
സ്സമ്പ്രദായംപിടിച്ച്
പാരാതെന്നിൻകടാക്ഷഭ്രമരനിരമധു-
സ്തോമകാമംനിമിത്തം
സ്വൈരംചേരുന്നുനിത്യംമധുമഥനനിലെ-
ന്നേവനുംദേവി! തോന്നും. ൭

നിത്യംരന്ധ്രങ്ങളിൽപുക്കഴൽവിഷമധികം
തുപ്പിലോകംമുടിക്കു-
ന്നത്യാപൽഘോരസൎപ്പപ്രകരമുടനശി-
ച്ചുംപുളച്ചുംരസിച്ചും

ചീന്തീടുംനിൻകടാക്ഷോജ്ജ്വലമയിൽനിവഹം
　　കൃഷ്ണുമേഘേക്ഷണത്താൽ
കൂത്താടീടുന്നകൂട്ടംകുതുകഭരമൊടു-
　　ങ്ങാതെമങ്ങാതെഭംഗ്യാ. ൯

വമ്പുള്ളംഭോധികന്യേ! പരമപകടമായ്
　　ഭക്തിയില്ലാതെശ്ശൂദ്ധം
കമ്പംമൂത്തിട്ടുഞാഞ്ചൊല്ലുകിലതുവകവെ-
　　ക്കില്ലനീതെല്ലുമെന്നാൽ
എന്പൂർവ്വന്മാർഭജിച്ചീടിനകഥകരുതീ-
　　ട്ടെങ്കിലുംശങ്കകൂടാ-
തമ്പെന്നിൽ ചെയ്യുടൻനിൻഗുണകഥാ മിനി-
　　ക്കേകണംലോകതായേ! ൧൦

കൊടുങ്ങല്ലൂർ ചെറിയകൊച്ചുണ്ണിത്തമ്പുരാൻ.

---

# ചണ്ഡാളൻ

(തുടച്ച്)

ങ്ങിങ്ങളുടെ ജാതിക്കാരെ സകലരേയും തിരസ്കരിക്കുന്നപക്ഷം നിങ്ങൾ പറയുംപ്രകാരമുള്ള ഒരു ഭർത്താവിനെ എവിടുന്നാണ് നിങ്ങൾക്കു ലഭിക്കുന്നത്?

ശ്രേഷ്ഠജാതിയിലുള്ള ഒരാളെ ഭർത്താവായി ലഭിക്കാത്തപക്ഷം ഞാൻ ഒരിക്കലും വിവാഹം കഴിക്കുന്നതല്ലെന്നു നിങ്ങളോടു നിർവ്യാജമായി ഞാൻ പറയുന്നു.

ഹാ കഷ്ടം! യാഹിലെ! അത്യന്തം അലഭ്യമായ ഒരു മനോരഥസൃഷ്ടിയായ വസ്തുവിനെ കാംക്ഷിച്ചു, നിങ്ങൾ നടക്കുന്ന ഭൂമിയെക്കൂടി ആരാധിക്കുന്ന എന്നെ നിങ്ങൾ തിരസ്കരിക്കുന്നുവെല്ലോ. ഒരു

വൻ ബ്രാഹ്മണകുലജാതനാണെന്ന ഏകസംഗതികൊണ്ടുമാത്രം നിങ്ങൾ അദ്ദേഹത്തെ വേൾക്കുമോ?

എന്റെ പ്രേമംലഭിക്കാത്ത ഒരുവൻ ബ്രാഹ്മണനായിരുന്നാലും ഞാൻ അദ്ദേഹത്തെ സ്വീകരിക്കുന്നതല്ല. പറയജാതിയുടെ അപകൃഷ്ടസ്ഥിതിനിമിത്തം എനിക്കു ഒരു പറയനെ സ്നേഹിക്കാൻ കഴിയാതെ വന്നിരിക്കുന്നു.

നിങ്ങൾ ഒരു പറയനെ സ്നേഹിച്ചിരുന്നാൽ ആയാളെ വേൾക്കാതിരിക്കുമോ?

പറയനെ സ്നേഹിച്ചാൽ ഞാൻ ഒരിക്കലും ആയാളെ വേൾക്കാതിരിക്കുന്നതല്ല. എന്നാൽ ഒരു പറയനെ എനിക്കു ഒരിക്കലും സ്നേഹിക്കാൻ കഴിയുന്നതല്ല, പറയജാതിയിൽ ആരെ എങ്കിലും എനിക്കു സ്നേഹിക്കാൻ കഴിയുമായിരുന്നു എങ്കിൽ, നിങ്ങൾ നിശ്ചയമായും എന്റെ പ്രേമഭാജനമാകുമായിരുന്നു. പക്ഷെ എന്റെ പ്രേമം ഒരു പറയനിൽ ചെല്ലുന്നില്ല. പറയൻ എന്ന ശബ്ദംതന്നെ എനിക്കു കർണ്ണശൂലമായി തോന്നുന്നു. നാം ഹീനജാതിക്കാരാണ് എങ്കിലും ശ്രേഷ്ഠജാതിയിലുള്ള ഒരുവനെ വിവാഹം ചെയ്തു ഒരു ഉയർന്നജാതിയിലെ അംഗമാവാൻ ഞാൻ ഉറച്ചിരിക്കുന്നു.

കഷ്ടം! നിനക്കും നിന്നോടു യോജിച്ചാൽ എന്തു നിർഭാഗ്യവും സന്തോഷത്തോടുകൂടി സഹിപ്പാൻ ഒരുങ്ങിയവനായ എനിക്കും, മേലിൽ ദുസ്സഹമായ നിർഭാഗ്യഭാരത്തെ നിങ്ങൾ ഉണ്ടാക്കിത്തീർക്കുന്നുവെല്ലോ. നമുക്കു രണ്ടുപേൎക്കും മേലിൽ അശുഭമല്ലാതെ ഒന്നും ഞാൻ കാണുന്നില്ല. നിങ്ങൾ ഒരിക്കലും എനിക്ക് ആശക്ക് എടതരില്ലെ?

എനിക്ക് ഒരിക്കലും നിങ്ങളുടെ ഭാൎയ്യയായിരിക്കാൻ മനസ്സില്ലാത്തസ്ഥിതിക്കു ഞാൻ നിങ്ങൾക്ക് ആശക്ക് എടതരുന്നതു ഒരു വഞ്ചനയായിതീരും. നമ്മൾ തമ്മിൽ ദുസ്തരമായ ഒരു പ്രതിബന്ധത്തെ ദൈവം നിൎമ്മിച്ചിട്ടുണ്ട്.

യാഹിലെ, ദൈവമല്ല തടസ്ഥകാരണം. സ്ത്രീയുടെ ദുരഭിമാനമാണ്.

എന്നാൽ അങ്ങിനെയുമാവട്ടെ ഏതുവിധത്തിലും, തടസ്ഥം നി

ൎമ്മിക്കപ്പെട്ടിട്ടുണ്ട്. അതു നീക്കിയാൽ നീങ്ങുന്നതുമല്ല. നിങ്ങൾ എന്നേക്കാൾ ശ്രേഷ്ഠയായ ഒരുവളെ ഭാൎയ്യയാക്കാൻ ശ്രമിച്ചാലും.

തങ്ങളുടെ പുത്രിയെ വിവാഹം ചെയ്തുകൊടുക്കാതെ അവളുടെ മാതാപിതാക്കന്മാൎക്ക് അശേഷം സമാധാനമുണ്ടായിരുന്നില്ല. യാഹിലക്കു പതിനാലു വയസ്സായിട്ടും അവൾ അപരിണീതതന്നെ ആയിരുന്നു. അവൾ ഏകപുത്രിയായിരുന്നതിനാൽ അച്ഛനമ്മമാർ അവളെ വളരെ സ്നേഹിച്ചിരുന്നു. ശ്രേഷ്ഠജാതിയിലുള്ള ഒരാൾക്കുതന്നെ പുത്രിയെ വിവാഹം ചെയ്തുകൊടുക്കണം എന്നായിരുന്നു, അവളുടെ അച്ഛന്റെയും താല്പൎയ്യം. എങ്കിലും പുത്രിയെ ജന്മംമുഴുവനും അപരിണീതയായി കാണുന്നതിനേക്കാൾ, അവൾ ഒരു പറയന്റെ ഭാൎയ്യയാവുന്നതാണ് നല്ലത് എന്ന് ആയാൾക്കുതോന്നി. ഹിന്തുസ്ത്രീകളുടെ ഇടയിൽ കൌമാരീഭാവംപോലെ വലുതായ ദൂഷണം വേറെ ഒന്നും ഇല്ല.

'ജാതൈവഹിപരസ്യാൎത്ഥേ കന്യകാനാമരക്ഷ്യതെ
ബാല്യാദൃതെവിനാഭൎത്തുംകീദൃക്തസ്യാഃ പിതൃഗൃഹം
ഋതുമത്യാംഹികന്യായാംബാന്ധവായാന്ത്യധോഗതി
വൃഷലീസാവരശ്ചാസ്യാഃവൃഷലീപതിരുച്യതെ'

എന്നു പുരാണാദികൾ ഘോഷിക്കുന്നുണ്ട്. ജനിച്ച മുതൽക്ക് അന്യനു കൊടുപ്പാൻവേണ്ടിയാണ് കന്യകമാരെ അച്ഛനമ്മമാർ രക്ഷിച്ചു വളൎത്തുന്നത്. ബാല്യം കഴിഞ്ഞാൽ ഭൎത്താവിനെക്കൂടാതെ കന്യകമാർ അച്ഛന്റെ ഗൃഹത്തിൽ താമസിക്കുന്നതു കേവലം നിന്ദ്യമാണ്. വിവാഹത്തിന്നുമുമ്പു ഋതുവാകുന്ന കന്യകയുടെ ബന്ധുക്കൾ അധോഗതിയെ പ്രാപിക്കുന്നു. അങ്ങിനെയുള്ളവളെ വൃഷലീ എന്നും അവളുടെ ഭൎത്താവിനെ വൃഷലീപതി എന്നും വിളിക്കപ്പെടുന്നു എന്നു മേലെഴുതിയ ശ്ലോകങ്ങളുടെ താല്പൎയ്യം). ശ്രേഷ്ഠജാതിയിലുള്ള ഒരുവന്റെ ഭാൎയ്യയാവാൻ കഴിയാത്തപക്ഷം കുമാരിയായിത്തന്നെ ഇരിപ്പാൻ യാഹില നിശ്ചയിച്ചു.

യാഹിലയുടെ പ്രേമം ലഭിക്കാൻ ആഗ്രഹിച്ച ഗൌതമൻ ഒരു സുശീലനായിരുന്നു. എന്നാൽ ദാരിദ്ര്യം നിമിത്തം ഏററവും ജു

ക്ലേശാവഹങ്ങളായ പണികളെ തൻെറ ഉദരപൂരണത്തിനുവേണ്ടി അവൻ എടുത്തുകൊണ്ടിവന്നു. അവൻെറ സാധാരണ ജോലി സമീപത്തുള്ള ഒരു തെരുവിലെ കുപ്പ വാരികളെകയും സാധുക്കളായവരുടെ വീട്ടിൽ നിലം മെഴുകാനും മററം ചാണകം ശേഖരിച്ചു കൊടുക്കുകയും ശവം ദഹിപ്പിക്കുന്നതിന്നു വേണ്ട ഒരുക്കങ്ങൾ ചെയ്യുകയും മററു നികൃഷ്ടങ്ങളായ ജോലികളും ആയിരുന്നു. ഗൌതമൻെറ പ്രേമഭാജനമായ ആ യുവതി ഗൌതമൻെറ സുശീലതയെപ്പററി അഭിനന്ദിക്കയും കൂടക്കൂടെ അയാളെ തൻെറ മുമ്പിൽ വരാൻ സമ്മതിക്കയും ചെയ്തു എങ്കിലും അയാളുമായിട്ടുള്ള വിവാഹത്തെ കുറിച്ച് അവൾ എപ്പോഴും വിരക്തിയോടുകൂടെ വിചാരിച്ചുപോന്നു. ഗൌതമൻെറ നേരെയുള്ള തൻെറ മനോവികാരങ്ങളെപ്പററി യാഹില ലജ്ജയോടുകൂടെ വിചാരിച്ചുപോന്നു എങ്കിലും അതുകളെ അടക്കുവാൻ അവൾക്കു സാധിച്ചില്ല. യാഹിലയുടെ വിരക്തി അവളാൽ തിരസ്കൃതനായ ഗൌതമൻെറ ഹൃദയം പിളൎന്നു എന്നേ പറയേണ്ടതുള്ളു.

യാഹിലയുടെ അമ്മക്കു ഗൌതമൻെറമേൽ ദയതോന്നി പുത്രിക്കു ഗൌതമനിൽ അനിവാൎയ്യമായ വൈമുഖ്യം ഇല്ലായിരുന്നു എങ്കിൽ അവളെ ഗൌതമന്നു വിവാഹം ചെയ്തുകൊടുപ്പാൻ അമ്മക്കു പൂൎണ്ണസമ്മതമായിരുന്നു. ഈ വിരക്തി കണ്ടിട്ടു യാഹിലയോട് അവളുടെ അമ്മ, സൌമ്യമായിട്ട് ചില നിവൎത്തനവചനങ്ങളെ പറയാതിരുന്നില്ല.

യാഹിലയുടെ അമ്മ ഒരു ദിവസം അവളോടു പറഞ്ഞു: മകളെ! നീ എന്താണ് ഗൌതമൻെറ നേരെ ഇത്ര വൈമുഖ്യം ഭാവിക്കുന്നത്. അവന്നു നിന്നിൽ വളരെ പ്രേമം ഉണ്ട്. ഒരു പുരുഷനെ സ്ത്രീയുടെ ഹൃദയത്തിന്നു പ്രീതിപാത്രമാക്കിത്തീൎക്കാൻ അതു പോരെ?

യാഹില ഉത്തരം പറഞ്ഞു: അതു പോരാ. നമ്മുടെ മനോവൃത്തികളുടെ പ്രവാഹത്തിന്നുള്ള പ്രണാളിയെ നിൎമ്മിക്കാൻ നമ്മ

ളാൽ സാധിക്കുന്നതല്ല. അവകെള യഥേഷ്ടമായ മാൎഗ്ഗത്തിൽ കൂടെ അവ പൊയ്ക്കൊണ്ടിരിക്കും. നമുക്ക് അവയെ സ്വാധീനപ്പെടുത്താൻ കഴിയുമെങ്കിലും അവയെ അന്യഥാ കരണം ചെയ്യാൻ സാധിക്കുന്നതല്ല. അവ നമ്മുടെ ഇച്ഛയെ അനുസരിച്ചു നില്ക്കുന്നതല്ല. എനിക്കു ഗൌതമന്റെ മേൽ പ്രേമം ഇല്ല. ഒരു പറയനെ ഞാൻ ഒരിക്കലും വിവാഹം ചെയ്യുന്നതുമല്ല. ഈ ലോകത്തിൽ സുഖം ദുല്ലഭമാണെന്നു വരികിലും ദുഃഖങ്ങളെ നമ്മുടെ ഇഷ്ടപ്രകാരം തിരഞ്ഞെടുക്കാവുന്നതാണ്. ഒരിക്കലും സുഖാവഹമല്ലാത്ത വിവാഹം നിമിത്തമുള്ള ദുഃഖത്തിന്നു പകരം കൌമാരാവസ്ഥയിലുണ്ടാവുന്ന ദുഃഖത്തെ ഞാൻ അനുഭവിച്ചുകൊള്ളാം.

നീ ജനിച്ചു വളൎന്ന ജാതിയേക്കാൾ ശ്രേഷ്ഠജാതിയിലാവാൻ എന്തിനാണ് നീ ആഗ്രഹിക്കുന്നത്?

നമ്മുടെ ജാതിയുടെ സൎവ്വസമ്മതമായ നികൃഷ്ടതകൊണ്ടുതന്നെയാണ് ഞാൻ അതിലും ശ്രേഷ്ഠജാതിയിലാവാൻ ആഗ്രഹിക്കുന്നത്. ജനനവശാൽ ആരുംതന്നെ നികൃഷ്ടനല്ല. ലൌകികപക്ഷപാതത്താൽ നിയുക്തങ്ങളായ ദൂഷണങ്ങളെ എന്നെന്നേക്കും നിലനിൎത്തുന്നതിന്നു ഞാൻ ഒരിക്കലും സമ്മതിക്കുന്നതല്ല. ഈ ഹീനജാതിയിൽനിന്നു ഒരു ശ്രേഷ്ഠജാതിയിലേക്കു കയറുവാൻ ഞാൻ ശ്രമിക്കുന്നതാണ്. എല്ലാവരുടെ ഹൃദയത്തിലും കുടികൊള്ളുന്ന ആത്മാവിനുള്ള സഹജമായ മാഹാത്മ്യം എന്റെ ആത്മാവിനും ഉണ്ട്. എന്റെ ഇപ്പോഴത്തെ നികൃഷ്ടസ്ഥിതിയിൽനിന്നു ഒരു ഉന്നതസ്ഥിതിയിലെത്തുവാൻ ഉള്ള യോഗം എനിക്ക് ഉണ്ടെന്നു ഞാൻ ഉറപ്പായി വിശ്വസിക്കുന്നുണ്ട്.

മകളെ! ഈ മാതിരി സിദ്ധാന്തങ്ങളെ നിന്റെ മനസ്സിൽ വളരാൻ സമ്മതിക്കുന്നതായാൽ നിനക്കു മേലിൽ വ്യസനത്തിന്ന് ഇടയാവുന്നതാണ്.

അമ്മെ ഒരു വേനൽക്ക് ഒരു വൎഷവും ഇല്ലേ. കഠിനമായ വ്യസനങ്ങളിൽ നിന്നുതന്നെയാണ് അതിയായ സന്തോഷവും ഉണ്ടാ

വുന്നത്. ദുഃഖാനുഭവത്തിന്നു ശേഷമുണ്ടാകുന്ന സുഖാനുഭവത്തിന്ന് അധികം വിലയുണ്ട്. നന്നെ വെയിൽകൊണ്ടു ബുദ്ധിമുട്ടിതളന്നതാൽ ഒരു മരത്തണലിൽ ചെല്ലുമ്പോൾ അധികം സുഖം തോന്നുന്നതല്ലെ. ഞാൻ ഇപ്പോൾ അനുഭവിക്കുന്ന ദുഃഖം ഇനിമേലിൽ ഞാൻ അനുഭവിക്കാൻ പോകുന്ന സുഖത്തെ അധികം മധുരമാക്കുന്നതാണ്.

മകൾക്കു തീരെ വിരോധമായ ഈ വിവാഹത്തിന്നു യാഹിലയുടെ അമ്മ അവളെ അധികം നിർബ്ബന്ധിച്ചില്ല. എങ്കിലും അമ്മയുടെ ആശാഭംഗം കലശലായിരുന്നു. അച്ഛനും മകളുടെ സ്ഥിതിയെപ്പററി വളരെ പരിതപിച്ചു എങ്കിലും മകളുടെ അഭിപ്രായങ്ങൾ യുക്തമാണെന്നു കണ്ടിട്ട് അവയെ മാററാൻ അവൻ ശ്രമിച്ചില്ല. മകളുടെ മനസ്സാക്ഷിയെ അനുസരിച്ച് അവൾ നടക്കുന്നതിന്നു യാതൊരു വിരോധവും അയാൾ കണ്ടില്ല. അതിനാൽ യാഹിലയുടെ ഇഷ്ടപ്രകാരം നടക്കുന്നതിൽ ആരും അവളെ വിരോധിച്ചില്ല.

ഒരു ദിവസം തന്റെ ദാസിയോടുംകൂടി, യാഹില നദിയിൽ കുളിക്കുകയായിരുന്നു. അവൾ വെള്ളത്തിലിറങ്ങി തല ഒലുമ്പിക്കൊണ്ടിരിക്കുമ്പോൾ അടുത്തു നിന്നിരുന്ന ദാസിയുടെ നിലവിളികേട്ടു തലപൊക്കി നോക്കിയപ്പോൾ അതിഭയങ്കരമായ ഒരു ജന്തുവിനെയാണ് തന്റെ മുമ്പിൽ ദർശിച്ചത്. ഒരു വലിയ മുതല വായുവേഗത്തോടുകൂടി അവളുടെ അടുക്കലേക്കു ചെല്ലുകയായിരുന്നു. അവൾ ഉറക്കെ നിലവിളിച്ചു കണ്ണടച്ച് ഒരു നിമിഷത്തിന്നുള്ളിൽ തന്റെ സമീപത്ത് ആരോ വെള്ളത്തിൽ ചാടുന്ന ഒച്ച കേട്ട് അവൾ കണ്ണുതുറന്നു നോക്കുകയും അപ്പോൾ ദുർഗ്ഗനായ ഗൌതമനെ നക്രഗ്രസ്തനായി കാണുകയും ചെയ്തു. 'യാഹിലെ, ഞാൻ നിന്നെ രക്ഷപ്പെടുത്തി' എന്നു ഗൌതമൻ ദീനസ്വരത്തിൽ പറഞ്ഞു. ഉടനെ തന്നെ ആ നക്രം അവരോടുകൂടി, ജലത്തിൽ മജ്ജനം ചെയ്തു തിരോഭൂതനാകയും ചെയ്തു. ജലത്തിന്റെ പൃഷ്ഠഭാഗം രക്തംകൊണ്ട് അല്പം ത്രഷിതമാകയും അല്പം ചില നുരകൾ പൊങ്ങുകയും ചെയ്തു.

ഇവ ജലത്തിൻെറ അന്തർഭാഗത്തിൽ നടന്ന കൃത്യത്തിൻെറ ചിഹ്നങ്ങളായിരുന്നു.

സുന്ദരിയായ യാഹില നന്നെ പണിപ്പെട്ടു നദിയുടെ തീരത്തെത്തി. അവൾ അവിടെ മോഹാലസ്യപ്പെട്ടുവീണു. അവളുടെ ദാസി ഗൌതമൻെറ ഔദാര്യപൂർവമായ കൃത്യത്തിൻെറ സാക്ഷിയായിരുന്നു. ഉഗ്രമായ ആ നക്രം യാഹിലയുടെ നേരെ പാഞ്ഞെത്തുന്ന ആ ക്ഷണംതന്നെ ഗൌതമൻ അതിലെ കടന്നുപോകയും യാഹിലയുടെ അപായസ്ഥിതിയെക്കണ്ട് അവൻ തൽക്ഷണം വെള്ളത്തിൽ ചാടി, തൻെറ ജീവനെ ഉപേക്ഷിച്ച് അവളുടെ ജീവനെ രക്ഷിക്കുകയും ചെയ്തു.

യാഹില കണ്ണിൽ വെള്ളംനിറച്ചു വീട്ടിലേക്കു മടങ്ങി. ഇത്രയും ഔദാര്യമുള്ള മനുഷ്യൻ ഇതിലും എത്രയൊ ശ്രേഷ്ഠമായ ഗതിക്ക് അർഹനായിരുന്നു എന്ന് അവൾ വിചാരിച്ചു. ഗൌതമൻ ഒരു പറയനല്ലായിരുന്നു എങ്കിൽ അവനെ താൻ സ്നേഹിക്കുമായിരുന്നു എന്ന് അവൾക്കു തോന്നി. അവൻെറ ശോചനീയമായ മരണം അവളുടെ മനസ്സിൽ അചിരേണ ശമിക്കാത്തതായ വിഷാദത്തെ ഉണ്ടാക്കിത്തീർത്തു. തൻെറ പ്രാണപരിത്യാഗത്താൽ പ്രദർശിതമായ ഗൌതമൻെറ അനുരാഗാതിശയം യാഹിലയുടെ ഹൃദയത്തിൽ അതി സുകുമാരമായ അനുകമ്പയെ ഉജ്ജ്വലിപ്പിച്ചു. എങ്കിലും ഗൌതമൻ മരിച്ചില്ലായിരുന്നു എങ്കിൽകൂടി അവനാൽ അപരിഹാര്യമായും സർവ്വജനപരിഹാസകാരണവുമായ അവൻെറ അപകൃഷ്ടസ്ഥിതിനിമിത്തം താൻ അവനെ വിവാഹം ചെയ്യുകയില്ലായിരുന്നു എന്ന സംഗതി തൻെറ മനസ്സിൽനിന്നു മറച്ചുവെപ്പാൻ യാഹിലക്കു കഴിഞ്ഞില്ല.

കാലം കുറെ അതിക്രമിച്ചു. എന്നിട്ടും യാഹിലയുടെ സ്ഥിതിക്കു യാതൊരു മാററവും ഉണ്ടായില്ല. പറയൻെറ ഗ്രഹം ദുഃഖാക്രാന്തമായിരുന്നു. അവൻെറ ധനം ഒരു അനുഗ്രഹമായിത്തീർന്നില്ല. അവൻ വിഗ്രഹങ്ങളുടെ മുമ്പിൽ വൃഥാ നമസ്കരിച്ചുപോന്നു. അ

വൻെറ പ്രാൎത്ഥനകൾ നിഷ്ഫലങ്ങളായി ഭവിച്ചു. അവൻ തൻെറ തൊഴിൽ നടത്തിപ്പോന്നു. അവൻെറ ധനം ദിവസംപ്രതി വൎദ്ധിച്ചുവന്നു എങ്കിലും അവന്നു ഒട്ടും മനസ്സമാധാനമുണ്ടായില്ല. തൻെറ പ്രിയപുത്രി, അവിവാഹിതയായിരുന്നു. അവളുടെ ഇഷ്ടസിദ്ധിക്ക് അവൻെറ ധനംകൊണ്ട് ഒരു പ്രയോജനവും ഇല്ലാതെ വന്നു.

ഗൌതമൻെറ ഉദാരോൽകൎഷംകൊണ്ട് പറയൻ അവനെ സബഹുമാനം വിചാരിച്ചുപോന്നിരുന്നു. ഗൌതമൻെറ മരണം പറയൻെറ ചിത്തശാന്തിക്ക് ഒരു പ്രതിബന്ധമായി തീൎന്നു. ഗൌതമൻ അസ്യാദാരമായ ടുക്കൂടി ജീവത്യാഗം ചെയ്യില്ലായിരുന്നു എങ്കിൽ, സച്ചരിതയും സുന്ദരിയുമായ മകളുടെ വിയോഗത്തെപ്പററി ഏററവും വ്യസനിപ്പാൻ പറയന്ന് എടവരുമായിരുന്നു. പറയൻ, ഗൌതമൻെറ കുഡുംബക്കാൎക്ക് അവൎക്ക് വളരെക്കാലം സുഖമായി കഴിയാനുള്ള ദ്രവ്യം സൌജന്യമായി കൊടുത്തു. എങ്കിലും ഇത് അവരുടെ പ്രിയപുത്രനുമായിട്ടുള്ള വിപ്രയോഗത്തിന് ഒട്ടുംതന്നെ പ്രതിഫലമായിരുന്നില്ല.

ഒരുദിവസം രാത്രി യാഹില കട്ടിലിന്മേൽകയറി കിടന്നപ്പോൾ തലയണയിന്മേൽ ചുരുണ്ടുമടങ്ങി കിടന്നിരുന്ന ഒരു വലിയ സൎപ്പത്തിൻെറമേൽ തലവെച്ചു. ശീതളവും സ്നിഗ്ദ്ധവുമായ പാമ്പിൻെറ സ്പൎശനത്താൽ, യാഹില പെട്ടെന്ന് എഴുനീററു. സൎപ്പം അതിൻെറ ബീഭത്സമായ പടത്തെ വിരുത്തി അവളുടെ കഴുത്തിൽ മൂന്നുവട്ടം ചുററി. അവൾ അവിടെ ദൃഢബന്ധയായിട്ടു നിശ്ചേഷ്ടയായിനിന്നു. അവളുടെ മാംസപേശികളെല്ലാം ദൃഢതയെ പ്രാപിച്ചു. കണ്ണുമിഴവന്നു ആ സൎപ്പത്തിൻെറ ആവേഷ്ടനത്തിൽ അകപ്പെട്ടപ്പോൾ അവൾക്കു പ്രാണാൎത്ഥങ്ങളായ സകലവ്യാപാരങ്ങളും സ്തബ്ധമായിതോന്നി. അവൾ അനങ്ങിയില്ല അവൾക്കു ശ്വാസംമുട്ടിത്തുടങ്ങി. തൽക്ഷണം സൎപ്പം അവളുടെ ചുമലിൽക്കൂടെ കയ്യിലേക്ക് ഇറങ്ങുകയും അവിടെനിന്നു കട്ടിലിലേക്ക് ഇറങ്ങി ഉടനെ

കാണാതാവുകയും ചെയ്തു. യാഹിലെക്ക് യാതൊരു അപകടവും പററിയില്ല. എങ്കിലും മനസ്സ്വാസ്ഥ്യം ലഭിക്കാൻ കുറെനേരം വേണ്ടിവന്നു. അവൾ ദാസിമാരെ വരുത്തി ആ മുറിമുഴുവൻ പരിശോധിപ്പിച്ചിട്ടും പാമ്പിനെ കണ്ടില്ല.

പിന്നെ അവൾ കിടന്ന് ഈ സംഭവത്തെപ്പററി പര്യാലോചന ചെയ്തു. തൻെറ ജാതിക്കാരുടെ ഇടയിൽ ചിരപ്രവൃത്തങ്ങളായ മൂഢവിശ്വാസങ്ങളെ ഇവളും വിശ്വസിച്ചിരുന്നതുകൊണ്ട് ഈ സംഭവം അവളുടെ മനസ്സിൽ ഗാഢമായി പതിഞ്ഞു. അടുത്ത കാലത്തിനുള്ളിൽ രണ്ടു പ്രാവശ്യം കഠിനമായ ദുർമ്മരണങ്ങളിൽനിന്നും അവൾ രക്ഷപ്പെട്ടു. അവളുടേയും അച്ഛൻെറയും പ്രാർത്ഥനകളെ അവരുടെ കുലദൈവങ്ങൾ സ്വീകരിച്ചു എന്നും അവരാൽ, ഭാവിയായ ഒരുന്നതപദവിയിലേക്കു താൻ തിരഞ്ഞെടുക്കപ്പെട്ടവളാണെന്നും അവൾ വിശ്വസിച്ചു. അവളുടെ ചിത്തസംക്ഷോഭം നിമിത്തം അവളുടെ നാഡീസ്സ്വരണം ഉപമയത്തെ പ്രാപിച്ചു. അവൾക്ക് ഉറക്കം വന്നില്ല എങ്കിലും ഇന്ദ്രിയങ്ങൾക്ക് സാമാന്യം സുവ്യക്തഗോചരങ്ങളായ സ്വപ്നങ്ങൾ അവൾക്കുണ്ടായി. അവൾ പ്രബുദ്ധയായിരുന്നു എങ്കിലും സ്വപ്നദർശിതങ്ങളായ വസ്തുക്കൾ ഇന്ദ്രിയജ്ഞേയമായ ഉപലബ്ധിക്കുള്ള സുവ്യക്തതയോടും യാഥാർത്ഥ്യത്തോടുംകൂടി കാണപ്പെട്ടു.

പുലരാനുള്ളപ്പോൾ അവൾ കുറച്ച് ഉറങ്ങി. അവളുടെ സ്വപ്നങ്ങൾ ഉറങ്ങുന്നതിനു മുമ്പുണ്ടായിരുന്ന അവളുടെ വിചാരങ്ങൾക്ക് അനുരൂപമായിരുന്നു. ഒരു രാജധാനിയിലെ ആഡംബരങ്ങളാൽ പരിവൃതയായും, അനേകം സമസ്സ്വപ്നന്മാർ തന്നെ വന്ദിക്കുന്നതായും അവൾ സ്വപ്നത്തിൽ കണ്ടു. തൻെറ ഹീനതയിൽനിന്നു വിമുക്തയായിട്ട് ഒരു വിശ്രുതയും സകല ജനാരാധിതയും ആയിട്ട് അവൾ സ്വപ്നംകണ്ടു. സ്വപ്നജന്യമായ ചിത്തവിക്ഷോഭത്താൽ അവൾ ഉണർന്നു ശയ്യയിൽനിന്നും എഴുനിററു പുറത്തു വന്നപ്പോൾ ഉദയോന്മുഖനായ സൂര്യനെ വീക്ഷിച്ചു. പ്രതാപനിധിയായ ആ ഭാനുമാനാവട്ടെ, മനുഷ്യൻെറ ശോകത്തെ ഉപഹസിക്കു

യൊ എന്നു തോന്നുമാറ് നഭോമദ്ധ്യത്തിലേക്കു പ്രയാണം ചെയ്തു. ആ തേജോമണ്ഡലം കണ്ടിട്ട് അവളുടെ ഹൃദയപങ്കജം വികസിക്കുകയും, അതിൻെറ മാഹാത്മ്യത്തെ തൂഷ്ണീഭാവത്തോടുകൂടി അവൾ ആരാധിക്കുകയും ചെയ്തു.

രണ്ടാമദ്ധ്യായം സമാപ്തം.

കെ. കുഞ്ഞുണ്ണിനായർ, ബി. എ. ബി. എൽ.

---

# വിക്രമോർവ്വശീയസാരം

---

പത്തൊമ്പത്. ബഹുവിധധാന്യപശ്വാദി സമൃദ്ധിയെ ശ്രീയെന്നും, വാക്കിൻെറ സഹായംകൂടാതെ സാധിക്കാവുന്ന സകല കർമ്മങ്ങൾതന്നെയാകുന്ന കലാവിദ്യകളേയും വാക്കുകൂടാതെ സാധിക്കാൻ നിവൃത്തിയില്ലാത്ത കർമ്മങ്ങൾതന്നെയാകുന്ന വിദ്യകളേയും സരസ്വതിയെന്നും ജനങ്ങൾ പറഞ്ഞുവരുന്നു. സകല ജനങ്ങളുടേയും സ്ഥിതിയും മററും ഇങ്ങിനെയുള്ള ശ്രീകൊണ്ടാണെന്നും ശ്രീയുടെ ഉല്പത്തിയും മററും ജനങ്ങളുടെ കർമ്മങ്ങളായ കൃഷ്യാദി കലാവിദ്യകൾകൊണ്ടാണെന്നും, കലാവിദ്യകളെ വേണ്ടവിധം ഉപയോഗിക്കാറാകുന്നതു വേദോപവേദവേദാംഗാദിവിദ്യകൾകൊണ്ടാണെന്നും, എല്ലാവക്കും അനുഭവസിദ്ധമാണല്ലോ. ശരീരബാധാകരങ്ങളായ വിശപ്പ് ദാഹം മുതലായവ ഒഴിയാത്തവക്കു വിദ്യകളുടേയും കലാവിദ്യകളുടേയും ഉല്പത്തിയും പുഷ്ടിയും സംഭവിക്കില്ലെന്നു നിശ്ചയവും, ക്ഷുത്തൃഷ്ണാദികളെ നശിപ്പിപ്പാൻ അന്നപാനങ്ങളും അവകളെ സമ്പാദിപ്പാൻ ധനധാന്യാദിസമൃദ്ധിയായ ശ്രീയും വേണ്ടിവരുന്നു എന്നു സ്പഷ്ടവുമാണല്ലോ. യാതൊരു വിദ്യയേയും യാതൊരു വിധേനയും സഹായിക്കാത്ത ശ്രീയും, അതുപോലെ തന്നെ ശ്രീയെ സഹായിക്കാത്ത കലാവിദ്യയും, കലാവിദ്യയെ സഹായിക്കാത്ത വിദ്യയും, ഇഹലോകത്തിൽ നിന്ദാസ്പദങ്ങളായിത്തു

ന്നെ തീരുന്നു. ശ്രീകൊണ്ടു വിദ്യകളും കലാവിദ്യകളും, വിദ്യാ കലാവിദ്യകൾകൊണ്ടു ശ്രീയും, വേണ്ടതുപോലെ വദ്ധിക്കുന്നവെങ്കിൽ സകലജനസൎവ്വസ്വൈകഹേതുവായ ആ വദ്ധനക്ക് അററം ഊഹിപ്പാൻകൂടി ആരും കഴിയുന്നതല്ല. അതുകൊണ്ടെല്ലാവരും മടിയും അനാദരവും ഉപേക്ഷിച്ചു ശ്രീകൊണ്ടു വിദ്യകളേയും വിദ്യകൾകൊണ്ടു ശ്രീയേയും വദ്ധിപ്പിക്കണമെന്നു താല്പയ്യാത്ഥം.

ഇരിപത്. ശ്രീസരസ്വതികളുടെ അവിരോധപ്രാത്ഥനയാൽ സൂചിക്കുന്ന ഉൎവ്വശീദേവന്മാരുടെ അവിരോധപ്രാത്ഥനകൊണ്ടു സാപത്ന്യകലഹം അതിദുഃഖകരമാകയാൽ വജ്ജ്യമാണെന്നും ഉപലക്ഷണമായ ഇതുകൊണ്ടു സവ്വകലഹങ്ങളും ഇതുപോലെ തന്നെ പരിഹരിക്കേണ്ടതാണെന്നും വന്നുകൂടി.

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

---

# ഒററശ്ലോകങ്ങൾ

---

ശംഭോശങ്കരതാണ്ഡവതവശിരോലങ്കാരസൽപ്പാവലീ
തുണ്ഡോദ്യശപസനേനതീവ്രവരതാകത്തുന്നനേത്രാഗ്നിനാ-
വെൺതിങ്കൾക്കലമേൽവിയത്തുപൊഴിയാപീയൂഷമേററവനിൻ
കണ്ഠേപൂണ്ടജമുണ്ഡമാലനിഗമംഗായന്തിചെല്ലൂരരേ.

ചേലപ്പറമ്പനമ്പൂരി.

ദുഷ്കാലംപെരുകിദ്ദരിദ്ര്യതവളന്നെത്തുന്നസത്തുക്കളെ
ത്തല്ക്കാലേപരിരക്ഷചെയ്യുവിലസുംശ്രീതൈമിട്ടൂരീപതെ!
ത്വൽകാരുണ്യകടാക്ഷഭൃംഗപടലിക്കൊന്നാമാശ്രയഷണ്ഡം-
നിക്കാലത്തുഭവിക്കിലെന്റെഭവനപ്പേരെത്രയുംസാത്ഥമാം.

പൂന്തോട്ടത്തനമ്പൂരി.

---

## ചായക്കുള്ള
# ദോഷങ്ങൾ

ചായയും കാപ്പിയും കഴിക്കാത്ത ആളുകളെ യോഗ്യന്മാരുടെ കൂട്ടത്തിൽ ഗണിക്കാറില്ലാത്ത ഇക്കാലത്ത് അതുകൾ കുട്ടികൾക്കുകൂടി സുലഭമായി സാധാരണ കൊടുക്കാത്തവർ ഇപ്പോൾ നമ്മുടെ ഇടയിൽ ഉണ്ടോ എന്നു സംശയമാണ്. ചായ പരമാർത്ഥത്തിൽ ഒരു ഔഷധമാണെന്നും കേവലം ഭക്ഷണസാധനങ്ങളിൽ പെട്ടതല്ലെന്നും ഉള്ള തത്വം ഗ്രഹിച്ചിട്ടുള്ളവർ വളരെ പേരുണ്ടെന്നു തോന്നുന്നില്ല. അതിൽ തെയിൻ (Theine) എന്ന ഒരു വിഷമുണ്ട്. ഈ വിഷം വാതത്തെ കോപിപ്പിക്കുകയും അഗ്നിമാന്ദ്യം വരുത്തുകയും ചെയ്യുന്നു. ചായ കഴിച്ച ഉടനെ ഒരുത്സാഹവും ബലവും തോന്നും. ഈ ഉത്സാഹം തോന്നിക്കുന്നതുകൊണ്ടുതന്നെ അത് ഒരു വാതകോപിയാണെന്നു പ്രത്യക്ഷപ്പെടുന്നുണ്ട്. ആമാശയത്തിലെ വായുവിനെ ക്ഷോഭിപ്പിക്കുകയും തൽക്ഷണം ആ സ്തോഭം ശിരസ്സിലെത്തി താൽക്കാലികമായ ഒരു ലഹരി തോന്നിക്കുകയും ചെയ്യുന്നു. ഈ താൽക്കാലികോല്ലാസം ചായ കഴിച്ച ഉടനെതന്നെ പ്രത്യക്ഷമാവുന്നതുകൊണ്ട് ഇതു് ഒരു ഭക്ഷണദ്രവ്യത്തിന്റെ ഗുണമാണെന്നു വിചാരിച്ചുകൂടാ. എന്തെന്നാൽ അവയുടെ ഗുണം ദീപനം വന്നതിന്നു ശേഷം മാത്രമെ അനുഭവത്തിൽ വരുന്നുള്ളു. ഇവിടെ ഫലം കാണുന്നത് കഴിച്ച ഉടനെതന്നെയായതുകൊണ്ട് ദീപനംവന്നു എന്നു ഊഹിപ്പാൻ ന്യായവും പോര. പെട്ടെന്നുണ്ടാവുന്ന ഈ ഉന്മേഷം തീരെ കൃത്രിമവും ഇതുകൊണ്ട് ശരീരത്തിന്ന് ലേശമെങ്കിലും ബലം സിദ്ധിക്കാത്തതുമാകുന്നു. ഒരു ക്ഷീണിച്ച കുതിരക്ക ചാട്ടകൊണ്ടുള്ള അടി ഏതുപ്രകാരത്തിൽ ഓട്ടത്തിന്ന് ഉത്സാഹത്തെ കൊടുക്കുന്നുവൊ അതുപോലെയല്ലാതെ സ്ഥിരമായും സ്വാഭാവികമായുമുള്ള കായബലം ഉണ്ടാക്കുവാനുള്ള ശക്തി ഈ സാധനത്തിന്നു ലേശമെങ്കിലുമില്ല. ബലഹീനനായ കുതിര

ക്ക് അടികൊണ്ടുണ്ടാവുന്ന ഉത്സാഹം പിന്നീട് അതിനെ എരട്ടി ക്ഷീണിപ്പിക്കുന്നതുപോലെതന്നെയാണ് ചായകൊണ്ടു ദേഹത്തിന്നുണ്ടാവുന്ന ഭാവിഫലവും.

ദീപനക്ഷയം, ഉറക്കമില്ലായ്മ, തലവേദന, ശോധനക്കുറവു മുതലായ ദോഷങ്ങൾ ക്രമേണ കണ്ടുതുടങ്ങും. ചായയിൽ നൂററിൽ ഇരുപത് അംശം ടാനിക്ക് ആസിഡ് (Tannic Acid) എന്ന സാധനമാണ്. ഇതു ദീപനത്തിന്നു പ്രതിബന്ധവും മലത്തിന്റെ ഗതിക്കു തടസ്ഥവും ചെയ്യുന്നു. 'തെയിൻ' എന്ന മുൻപറഞ്ഞിട്ടുള്ള വിഷം നൂററുക്ക് നാല് അംശം വീതം ചായയിലുണ്ട്. ഈ സാധനം സ്വല്പമെങ്കിലും അകത്തു ചെന്നാൽ മൃഗങ്ങളെക്കൂടി സാമാന്യമായി ക്ഷീണിപ്പിക്കും. അതുകൊണ്ട് അതിയായ മന്ദത അവയെ ബാധിക്കുകയും ഹൃദയം തുടിക്കുകയും, ദേഹം ആസകലം വിശക്കുകയും ചെയ്യും. അധികമായാൽ കണ്ണു മഞ്ഞളിക്കുകയും ചെവി മൂളുകയും, മൂത്രം അധികം പോകുകയും, ദേഹം വിറക്കുകയും, സ്വല്പമായ പനിയുണ്ടാവുകയും ദുസ്സ്വപ്നങ്ങൾ കാണുകയും ഹൃദയം ക്രമമല്ലാതെ അടിക്കുകയും ചെയ്യും. സ്വല്പംകൂടി അധികരിച്ചാൽ ബോധംതീരെ വിടുകയും അപസ്മാരഗോഷ്ഠികൾ പോലെ ചില ചേഷ്ടകൾ കാണിക്കുകയും ഒടുവിൽ മരണം സംഭവിപ്പാൻ ഇടയാവുകയും ചെയ്യുന്നതാണ്.

അസാധാരണയായി ചായകുടിക്കുന്നവൻ അതിന്നധീനപ്പെട്ട് ഒടുവിൽ മദ്യപാനിയായി പരിണമിക്കുവാനും അഥവാ, ത്രിദോഷങ്ങൾ കോപിച്ച് അകാലമരണം വരുവാനും ഇടയാവുന്നതാണ്. കേവലം അവസ്ഥക്കു മാത്രമായി ഇയ്യിടയിൽ ഉപയോഗിച്ചു തുടങ്ങീട്ടുള്ളതും പുതിയ പരിഷ്കാരത്തിന്റെ പൂർവാംഗമായി വിചാരിച്ചുവരുന്നതുമായ ചായക്കു കീഴടങ്ങാതെയുള്ള അപരിഷ്കൃതനിലയാണ് ഗുണകരമായിട്ടുള്ളതെന്നു കരുതി മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടികളെ എങ്കിലും ചായകൊടുത്തു ശീലിക്കാതെ വളർത്തിക്കൊണ്ടുവന്നാൽ വളരെ നന്നായിരുന്നു.

# ധനഞ്ജയവിജയം

---

പ്രതിഹാരി—ദേവ! കേട്ടില്ലെ അങ്ങയുടെ പുത്രന്റെ വാക്ക്.

ഇന്ദ്രൻ—(വിസ്മയത്തോടുകൂടി)

70. ദൈവാനുകൂല്യമുണ്ടെന്നായ്വന്നാൽസർവ്വംജയംതന്നെ
ആവായുതനയസത്യവ്രതമേവംകുരുപതിയെയിന്നുരക്ഷിച്ചു

വിദ്യാധരൻ—ദേവ! ദുര്യോധനന്റെ കിരീടം കളഞ്ഞതുകണ്ടു കോപിച്ചു കർണ്ണപുരസ്സരന്മാരായ കുരുക്കൾ അർജ്ജുനനെ വളഞ്ഞു.

ഇന്ദ്രൻ— (ശങ്കയോടുകൂടെ) എന്നിട്ട്

വിദ്യാധരൻ—ദേവ! അങ്ങയുടെ പുത്രൻ പ്രസ്വാപനാസ്ത്രം പ്രയോഗിച്ചു.

71. അക്കണ്ണുരണ്ടുമുടനാദ്യമടച്ചുപിന്നെ
ക്ലക്കംവലിച്ചുകുരുസൈന്യമശേഷമിപ്പോൾ
തൽക്കാർമ്മുകങ്ങളുടെകോടികവിൾത്തടത്തിൽ
ചികുന്നുചാർത്തുബലചാരുതപോലുറങ്ങി

ഇന്ദ്രൻ—യുദ്ധത്തിൽ തളർന്നവർക്കിതുചിതംതന്നെ. പിന്നെ പിന്നെ.

വിദ്യാ—72. തുണ്ണാഭീഷ്മരെയൊഴികെ
പ്പാണ്ഡവനാഥൻഗുരുക്കൾനിഖിലരെയും
കണ്ണുതുടച്ചവർപിന്നെ
ത്തിണ്ണുമുണർന്നുടനഹോതിരിച്ചോടി

അത്രയല്ല

73. കൌരവ്യസേനയതുവെന്നിടയക്കുടൻപോ-
യോരപ്പശുക്കളെയുമേകിരസംവളർത്തി
പാരമ്പരന്നപൊടികണ്ണിലണഞ്ഞുപൌര-
ന്മാരങ്ങുനോക്കിയെതിരേററുവരുന്നുപാർത്ഥൻ

ഇന്ദ്രൻ—(നോക്കീട്ട്) കാണണ്ടതുകണ്ടു.

(പിന്നെതേരിൽ കയറി നായകനും സൂതനും പ്രവേശിക്കുന്നു)

നായകൻ—(സൂതനെ നോക്കീട്ട്) കുമാരാ!

74. അരിയോരുരസംപോരിലരിയോടിയതെങ്കിലും
മുറിവങ്ങേല്ക്കപറയാത്തതറികിങ്ങതില്ലാരസം

സൂതൻ—അങ്ങ് രക്ഷിക്കാനുള്ളപ്പോൾ എന്താണ് അസാദ്ധ്യമായിട്ടുള്ളത്?

ഇന്ദ്രൻ—(സന്തോഷത്തോടുകൂടി) കാണേണ്ട കാഴ്ചതന്നെയാണിക്കണ്ടത്. (എന്നു പോയി)

നായകൻ—(സന്തോഷത്തോടുകൂടി)

75. പാഞ്ചാലപുത്രിയുടെ പൂന്തുകിൽ പുഞ്ചിരിക്കാ
ണ്ടഞ്ചാതഴിച്ചുകുരുരാജനടുത്തതമ്പി
ഞാഞ്ചാലെയിന്നതിനുറങ്ങുമവൻറസേന
തഞ്ചാരുവസ്ത്രമടൽതന്നിലെടുത്തിതൊക്കെ

സൂതൻ—പ്രതിക്രിയ ഒക്കെയായി

76. അടലിൽമുറിയേറ്റെഴുംമാ-
ലുടയൊരുമൃതിമാനികൾക്കു സുഖമേററം
കൊടിയൊരുശല്യമവർക്കുൾ
ത്തമതിനിഹമാനഭംഗമാണെന്നും

നായകൻ—(മുമ്പിൽനോക്കീട്ടു) അല്ല! അനുജന്മാരോടുകൂടിയ ആര്യനും ആര്യവിരാടനും ഇങ്ങോട്ടുതന്നെ വരുന്നു.

(പിന്നെ പറഞ്ഞപോലെ യുധിഷ്ഠിരഭീമനകുലസഹദേവന്മാരും സപരിവാരനായ വിരാടനും പ്രവേശിക്കുന്നു)

യുധിഷ്ഠിരൻ—മത്സ്യരാജ! നോക്കു നോക്കു

77. പൊടിയിൽമുഴുകിമങ്ങാമീശ, ചുററം ശ്രമത്താൻ
പൊടിയുമൊരുവിയപ്പിി, മട്ടെഴുംപാൎത്ഥവക്ത്രാ
കൊടിയൊരസമയുദ്ധക്ലാന്ത, മെന്നാൽജയശ്രീ
വടിവൊടണകമൂലാകാന്തിയേന്തുന്നിതേററം

---

വിരാടൻ—78. അറിവാരണനഴക, വനിപ
നരിയജയശ്രീ, ധനത്തിനദ്ദാഹാ
ശരിയായലജ്ജസൽക്കല
ചരിതമെഴുംനല്ലനല്ലാർക്കും

നായകൻ— (സംഭ്രമത്തോടുകൂടെ) അല്ല! ആര്യന്മാർ? (തേരിൽ നിന്നിറങ്ങീട്ടു വേണ്ടപോലെ അഭിവാദ്യം ചെയ്യുന്നു).

എല്ലാവരും— (ആശീർവദിക്കുന്നു).

79. താരാപഥത്രിപുരമാശുകരിച്ച,രാമൻ
താനഖരാദ്യരെവധിച്ചു,ജയിച്ചുനിയും
താനകതങ്ങളൊ,യൊരാളിതുപോലെമറ്റൊ-
രാനത്തുക്കണ്ണിനറിവില്ലചെവിയ്ക്കുമില്ലാ

നായകൻ— അത് നിങ്ങളുടെ അനുഗ്രഹംതന്നെയാണ്.

വിരാടൻ— (അണിയറയിലേയ്ക്കു നോക്കീട്ട്) രാജപുത്രി! നോക്കു നോക്കൂ!

80. വത്സാലോകത്താൽചുരക്കുംസ്തനത്തോ-
ടുത്സാഹാൽപശ്ചു ഗിപാൽകൊണ്ടുമുക്കി
മത്സ്യേശ്വരചന്ദ്രയോടെന്നുമുള്ള
അത്യത്സാന്ദ്രശ്രീകീർത്തിയേമൂർത്തയാക്കി

(അർജ്ജുനനോടായിട്ട്)

81. സദസ്സിൽവെച്ചാശ്ശുവലിച്ചിതദ്ദൌ-
പദിയ്ക്കുഴലാർമുടിധാർത്തരാഷ്ട്രൻ
അതിന്നവൻതൻമകുടംകളഞ്ഞി-
ന്നിതാഭവാനപ്പകപോക്കിയല്ലോ

ഭീമൻ— (അതു കേട്ട് അമർഷത്തോടുകൂടി) അല്ലയോ രാജാവേ! അതു പക പോക്കലായില്ല, എന്തെന്നാൽ

82. ദുശ്ശാസനൻറെഹൃദയംഗദയാൽപിളന്നു
നിശ്ശങ്കമാട്ടുചുടുചോരകുടിച്ചുപിന്നെ
അശ്ശോണിതംബ്ബുതടവിട്ടിവനാശു ദേവി
കൈകൊണ്ടുത്തയിപ്പകകെട്ടു പടികെട്ടിടേണം

യുധിഷ്ഠിരൻ— വത്സ! അങ്ങയ്ക്കെന്താണ് അസാദ്ധ്യമായിട്ടുള്ളത്?

83. കളിയാക്കുമ്പോ ഞങ്ങടെപൊൻ
നളിനാനനശ്രീമുടിച്ചുനിചിന്നെ

കളിയാക്കല്ലൊന്നഹിഡിംബനെ
വിളികൊണ്ടഭവല്ലത്തിനെതിരുണ്ടോ

ഭീമൻ—(കേട്ടിട്ട് അനുലയത്തോടുകൂടി) ആൎയ്യൻ കേട്ടാലും. ഞാൻ ഇനി ക്ഷമിക്കില്ല.

യുധിഷ്ഠിരൻ—ക്ഷമയുടെ കാലം കഴിഞ്ഞു. വിക്രമത്തിന്നുള്ള കാലം വന്നു. അതുകൊണ്ട് അനുനയം ഇനി ആവശ്യമില്ല.

വിരാടൻ—(യുധിഷ്ഠിരനോട്)

84. ചരിയല്ലാത്തവേലക്കൂം-
ളറിയാതാക്കിനിങ്ങളെ
അറിയാത്തതുതെററല്ലെ
ന്നറിയുംനിപൊറുക്കണം

നായകൻ—

85. ചോരാത്തവേലത്തങ്ങൾ
ക്കാരാലങ്ങേകിടാസ്സിലീനൃപനോ
നേരായനുജരൊടൊത്തു-
ള്ളോരാളറിയാഞ്ഞിരിപ്പസാദ്ധ്യംതാൻ

വിരാടൻ—(നായകനോട്) രാജപുത്ര!

86. സാപ്തപദീനം സഖ്യമ-
തോൎത്തൻസ്നേഹംഭവാൻസഹിക്കേണം
പ്രാൎത്ഥിക്കുന്നേനൊന്നിനി
യുത്തരതവപുത്രഭാൎയ്യയാവട്ടെ

നായകൻ—അവിടത്തെ ഇഷ്ടംപോലെ.

87. ഏവനൊരുവിസ്സ്ഥിവിട്ടിൽ
ശ്രീവരുമളവവളെയാദരിക്കാത്തോൻ
ദൈവാനുകൂല്യമൂലം
കൈവന്നിതഭീഷ്ടമേശ്രമിക്കാതെ

വിരാടൻ— ഇനിയും അങ്ങെയ്ക്കെന്താണ് ഞാൻ ഉപകാരം ചെയ്യേണ്ടത്?

നായകൻ—

൮൮. തീൎത്തനജ്ഞാതവാസം, രവിസുതനൊടുമ-
ക്കൌരവന്മാരെവെന്നേൻ,
താൎത്തൻനേർവാണിയാം ത്വത്സുതമമസുതനും
കാന്തയായിട്ടുകിട്ടി,
നേൎത്തവാകൊണ്ടുപോന്നേൻ പശ്ശുകുലമയി നീ
ശ്ലാഘ്യനാം ബന്ധുവായി
ന്നോൎത്തടത്തോളമൊന്നും പുനരിവനുലഭി
ക്കേണ്ടതായ്ക്കേണ്ടതില്ലാ

എന്നാലും ഇങ്ങിനെ ഭവിക്കട്ടെ—

൮൯. പാരം സൌജന്യമാൎന്നു പരഹിതമതിനാ
യ്വീരകൃത്യാളുടന്നും
പേരാതൻനന്മചൊല്ലാതിഹപരഗുണമൊ-
ട്ടോതുവാൻ പ്രീതിചേൎന്നും
ധീരത്വം പൂണ്ടുമാപത്തതിലരിയൊരുസ-
മ്പത്തിനാൽ ഗൎവ്വകന്നും
ചേരട്ടേ സജ്ജനം ദുൎജ്ജനവചനവിഷ-
ത്താൽ മുഖം മാഴ്കിടാതെ

അത്രയല്ല

൯൦. സാരസ്വതാക്ഷികവിമാൎക്കരളിൽ തെളിഞ്ഞു
ചേരട്ടെ, മത്സരമതക്കവികൾക്കു പോട്ടെ
ഏറട്ടെ ഭൂപനു രസം കവിസൂക്തിതന്നിൽ
മറേട്ടെ മണ്ഡലകവിപ്രിയമാശയത്തിൽ

വിരാടൻ— അങ്ങിനെയാവട്ടെ. (എന്നു എല്ലാവരും പോയി)

ശ്രീകാഞ്ചനാപാൎശ്വനുണ്ടാക്കിയ ധനഞ്ജയവിജയം വ്യായോഗം

സമാപ്തം.

കെ. നാരായണമേനോൻ, ബി. എ.

# പലവക

## കേരളവൎമ്മശതകം മണിപ്രവാളം.

ഇതു് വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ ഷഷ്ടിപൂൎത്തിസ്മാരകമായി കോട്ടയത്തിൽ ശങ്കുണ്ണി അവൎകൾ ഉണ്ടാക്കിയ ചെറിയകാവ്യമാകുന്നു. തിരുമനസ്സിലെ സംക്ഷേപമായ ഒരു ജീവചരിത്രമാകുന്നു ഇതിലെ വിഷയം. അവിടത്തെ ജീവചരിത്രം ഇതിനുമുമ്പുതന്നെ പല മഹാന്മാരും എഴുതീട്ടുള്ളതാകയാൽ ഇതിൽനിന്നു പുതുതായി യാതൊന്നും ഗ്രഹിക്കാനില്ലായിരിക്കാം. എങ്കിലും അഭിനവകാളിദാസനെന്നു സൎവ്വജനസമ്മതനായ കോയിത്തമ്പുരാൻ തിരുമനസ്സിലെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ള ഒരു കാവ്യത്താൽ ജനങ്ങൾക്ക് ഒരിക്കലും അരുചി കുറഞ്ഞുപോകുന്നതല്ല. ഗ്രന്ഥകൎത്താവ് ശങ്കുണ്ണി അവൎകളാണെന്നു പറഞ്ഞാൽതന്നെ കവിതയുടെ ഗുണങ്ങൾ എന്തെല്ലാമാണെന്നു പറഞ്ഞുകഴിഞ്ഞു. അദ്ദേഹത്തിന്റെ കവിതക്ക് സഹജമായുള്ള അക്ലിഷ്ടത പ്രസ്തുത കാവ്യത്തിലെ മിക്ക ശ്ലോകങ്ങൾക്കുമുണ്ട്. എങ്കിലും ശുദ്ധമലയാളപദങ്ങളെക്കൊണ്ട് കഴിച്ചുകൂട്ടാവുന്ന ചില ദിക്കുകളിൽ അപ്രസിദ്ധങ്ങളായ ചില സംസ്കൃതപദങ്ങളും ചില ഇംഗ്ലീഷ് പദങ്ങളും വലിച്ചിഴച്ചുകൊണ്ടുവന്നു ചേൎത്തത് അഭംഗിയാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ശങ്കുണ്ണി അവൎകളുടെ കൃതിയാകകൊണ്ടാണ് ഈ ദോഷം ഞങ്ങൾ പ്രത്യേകിച്ചും ചൂണ്ടിക്കാണിക്കുന്നത്.

കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് മലയാളഭാഷക്കു ചെയ്തിട്ടുള്ള അവൎണ്ണനീയങ്ങളായ ഗുണങ്ങളെക്കുറിച്ച് കെ. സി. മാമ്മൻ മാപ്പിള അവൎകൾ പ്രശസ്തരീതിയിൽ എഴുതീട്ടുള്ള ആമുഖോപന്യാസവും ഇതിൽ അടങ്ങീട്ടുണ്ട്.

ഞങ്ങൾ കൈപ്പററീട്ടുള്ള മററു പുസ്തകങ്ങളെക്കുറിച്ചുള്ള അഭിപ്രായം സ്ഥലച്ചുരുക്കത്താൽ നിൎത്തിവെക്കേണ്ടിവന്നിരിക്കുന്നു.

# P. SUBBAROY'S

World-renowned and most efficacious Ayurvedic medicines


മരുന്നു സേവിച്ചതിന്റെ മുമ്പു



**പി. സുബ്ബറായിയുടെ ലോകപ്രസിദ്ധങ്ങളും ഏററവും ഫലവത്തുക്കളും ആയ ആയുൎവ്വേദഔഷധാലയം.**

**൧. ലോകപ്രസിദ്ധമായധാതുപുഷ്ടികാരി**

ധാതു നഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നീററൽ, നീരൊഴിവു, പ്രമേഹം, കല്ലടപ്പു (മൂത്രഘാതം) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും.



മരുന്നു സേവിച്ചതിന്റെ പിന്നീടു

ഡപ്പി ഒന്നുക്കു വില രൂപ ൨. തപാൽ ചിലവു വകയ്ക്കു അണ ൧ വേറെ.

## ൨. പ്രമേഹനിവാരണി.

സിതാമേഹം, ഇടുപ്പുവലി, മൂത്രാധിക്യമായും തടഞ്ഞും പോകുക, മേഗ്രം, പുകച്ചൽ, രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവൎത്തിപ്പിക്കും. ഇളംകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും. കുപ്പി ൧ക്കു വില രൂപ ൧. മൂന്നു കുപ്പികൾവരേയുള്ള ബങ്കിക്കു തപാൽ ചിലവു അണ ൫.

## ൩. സൎവ്വവേദനാസംഹാരി.

ഈ തൈലം അല്പം പിരട്ടിയാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വീക്കം, മുടക്കുവാതം, നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാകുന്ന ശൂല, ഇടുപ്പുവേദന, പാൎശ്വവായു, മേഹവായു, തിമിരവായു മുതലായ പല വ്യാധികൾ ഭേദപ്പെടും. കുപ്പി ഒന്നുക്കു വില രൂപ ൧. തപാൽ ചിലവു അണ ൫.

## ൪. മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴക്കടി, തഴുതണം, നവുങ്ങാണി എന്നീ പേരുകളുള്ള രോഗത്തിനു സിദ്ധൌഷധം. ചൎമ്മരോഗങ്ങൾ പലതും മാറും. തേമൽ മേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും. വില കുപ്പി ഒന്നിനു ൪-ണ. തപാൽ ചിലവു മൂന്നു കുപ്പിവരെ ൫ ണ വേറെ.

**പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആൎക്കാട്ടു ജില്ല.**

## ൩. ലക്ഷ്മീകര കസ്തൂരിഗുളികകൾ

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സൂക്ഷിച്ചു ഉപയോഗിക്കേണ്ട വിലയേറിയ സാധനം. ദന്തവേദന, വായ്നാററം, അജീർണ്ണം, പിത്തവായു ഇവയെ ശമിപ്പിക്കും.



തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തേയും ജീർണ്ണപ്പെടുത്തും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ടു. ചളി, ശ്വാസംശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏററക്കുറച്ചിൽപോലെ ഒന്നുമുതൽ ൮ വരെ ഗുളികകൾ വെററിലച്ചാററിൽ കൊടുത്താൽ മതി. ൨൦൦ ഗുളികകൾ ഉള്ള കുപ്പി ൧-ക്ക വില ണ ൮. ൧ മുതൽ ൧൨ വരെ കുപ്പികൾ അടങ്ങിയ ബാക്കി ൧-ക്ക തപാൽക്കൂലി ൩ ണ.

## ൪. ദന്തചൂർണ്ണം.

സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിനു ൪- ണ. തപാൽ ചിലവു ൨ കുപ്പിവരെ ൧ ണ വേണം.

## ൫. ജ്വരസംഹാരി.

കുളിപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവയ്ക്കു നന്നു. വില കുപ്പി ഒന്നിനു ൧ ക. തപാൽ ചിലവു ൫ ണ. വേണം.

## ൬. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി മീശ ഇമ ഇവ ബഹു പുഷ്ടിയായും ഞെരുക്കമായും കറുപ്പായും വളരും. കണ്ണിന്നു കുളുർമ്മയുണ്ടാക്കും. സകല കൺരോഗങ്ങളും തലവേദനകളും നീങ്ങും. ചെമ്പിച്ച രോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാക്കും. വില കുപ്പി ഒന്നിനു ൬ ണ. തപാൽ ചിലവു ൧ ണ വേണം.

## ൭. രോമസംഹാരി.

രോമം എവിടെ വേണ്ടാതാക്കണമോ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാക്കാതെ രോമത്തെ മാററും. വില കുപ്പി ഒന്നിനു ൮ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൧ ണ വേണം.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

## ൧൦. അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചുകരിക്കുക, മലബന്ധം, വയറുനോവു, വായനാറ്റം, അജീൎണ്ണം, വയറുവീൎത്തുകയറുക, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നുക്കു അണ ൮. തപാൽകൂലി അണ ൫ വേറെ.

## ൧൧. കൎണ്ണബിന്ദു.

ചീക്കാളു, ചെവികുത്തു, ചെവിയടപ്പു, ഇരച്ചിൽ മുതലായ കൎണ്ണരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും. വില കുപ്പി ൧ക്കു ൮ ണ. തപാൽ ചിലവ മൂന്നു കുപ്പികൾവരെ ൫ ണ വേറെ.

## ൧൨. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും. അജീൎണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലംപിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി ഒന്നിനു ൮ ണ. തപാൽ ചിലവു ൧ മുതൽ ൪ വരെ ഡപ്പികൾക്കു ൫ ണ. വേറെ.

## ൧൩. നേത്രബിന്ദു.

കൺനോവു, കൺകുത്തു, കൃച്ഛം, നീരെടുപ്പു, മിന്നൽ, മാലക്കണ്ണു, പീളകെട്ടു, ദശവളൎച്ച, പൂവു, ചൊരുപ്പു, എരിച്ചിൽ, ഇമ, പുരികം ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില കുപ്പി ഒന്നിനു ൮ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൫ ണ വേറെ.

## ൧൪. സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണത്താലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കും. വില ഡപ്പി ഒന്നിനു ൮ ണ. തപാൽ ചിലവു ൫ വരെ ഡപ്പികൾക്കു ൫ ണ വേറെ.

## ൧൫. മൃഗകസ്തൂരി.

കാശ്മീരിൽനിന്നു വരുത്തിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസ്സിൽ ഉണ്ടു. രൂപാത്തൂക്കത്തിനു ൪൮ ക. വില. ഒരു രൂപാമുതൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവു പുറമെ, എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം.

---

**പി. സുബ്ബരായി, പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ട് ജില്ല.**

## ൧൫. തേൾവിഷത്തിന്ന സിദ്ധൌഷധം.

തേൾകടിച്ച സ്ഥലത്തു രണ്ടുതുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസം കാണും. ഒരു കുഡുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി ൧-ക്ക ൧ ക ൪ ണ. ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ച വാങ്ങുന്നവൎക്ക ഡസൻ ൧ ക്ക ൨ ക. ൮ ണ. ഉള്ളവിലയിൽ കുറച്ചുമാത്രമെ വില ചുമത്തുന്നുള്ളു. വി. പി. കമ്മീഷൻ ൩ ണ പുറമേ. ഇൻഡ്യയിലും ബൎമ്മയിലും ൧൨ കുപ്പിവരേ വി. പി. കമ്മീഷൻ ൩ ണ. സിലോൺ ടി ൬ ണ.

## ൧൬. വ്രണവിരോപണ തൈലം.

ഈ കുഴമ്പ പിത്തപ്പുണ്ണു മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇതു സകല കൃമികളേയും നശിപ്പിച്ച എല്ലാം വ്രണങ്ങളേയും വിശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില ൮ ണ. മൂന്ന കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ മാത്രം.

## ൧൭. കണ്ഠശുദ്ധിഗുളിക.

ഇതു കണ്ഠം തെളിഞ്ഞു ശാരീരം നന്നാവുന്നതിന്ന അതി വിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ച സംഗീതക്കാൎക്കും, പ്രസംഗക്കാൎക്കും, പാതിരിമാൎക്കും, ശബ്ദാവയവംകൊണ്ടു അത്യായാസം ചെയ്യേണ്ടവരായ മറ്റെല്ലാവൎക്കും വളരെ ഉപയോഗമുള്ളതുമാകുന്നു. വില ൮ ണ. വി. പി. കമ്മീഷൻ ൩കുപ്പിവരെ ൩ ണ.

## ൧൮. സ്നാനചൂൎണ്ണം.

ഈ പൊടി തേച്ചുകുളിക്കുന്നതിന്ന വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞു, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു. വില ൮ ണ. വി. പി. കമ്മീഷൻ ൩ ണ.

## ൨൦. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം അൎശസ്സ, ഉറക്കമില്ലായ്ക ഇവയ്ക്കും ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മദ്ധ്യവയസ്സന്മാൎക്കും ഒരുപോലെ ഉപകരിക്കാവുന്നതാകുന്നു. വില ൧൦ ണ. വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൩ ണ.

---

വി. നമ്പൂരായി, പറക്കിപ്പോട്ടു, തെക്കേ ആൎക്കാട്ട് ജില്ല.

## ൨൧. ഒന്നാംതരം ഗോരോചനാ ഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരള ഇതുകളിൽ ഉണ്ടാവുന്ന ഉപരോഗങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അശ്സ്സ, ഉറക്കമില്ലായ്ക, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൫ ണ. വി. പി. കമ്മീഷൻ ന്ന കുപ്പിവരെ ൫ ൺ.

## ൨൨. ചൎമ്മരോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ, ചൊറി, പോളൻ, ചൂട, പുഴക്കടി, താരണം, ഒട്ടവട്ട മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ചൎമ്മരോഗങ്ങൾക്കും ഏറാവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി. പി. കമ്മീഷൻ ൫ ണ.

മേത്തരം ഗോരോചനം തോല ൧-ക്ക വില ൫ ക. മേത്തരം കുങ്കുമകേസരം തോല ൧-ക്ക വില ൧ ക. മേത്തരം പച്ചക്കൎപ്പൂരം, തോല ൧-ക്ക വില ൨ ക. മേത്തരം രോജാ അത്തർ, മല്ലിപ്പൂ അത്തർ, വെട്ടിവേർ, താഴമ്പൂ, മരിക്കൊഴുന്ത, ജാതിമല്ലി, സുഹാഗ, ഹന, മഗിഡമ്പു, അത്തർ മുതലായതുകൾ എപ്പോഴും തയ്യാറുണ്ട. ഇവ ഒരു തോല. തൂക്കത്തിന്ന ക. ൧-വു തപാൽകൂലിപുറമെ.

| | | | | ക. | ണ. | സ. |
|---|---|---|---|---|---|---|
| ഒന്നാംതരം ഗോരോചനം | | ത്രുപാത്തുക്കു | ൧-ക്ക | ൫ | 0 | 0 |
| ടി | മഞ്ഞൾ | ടി | ൧-ക്ക | ൧ | 0 | 0 |
| ടി | പച്ചക്കൎപ്പൂര | ടി | ൧-ക്ക | ൧ | 0 | 0 |

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴുതണം.

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

## പുതിയ പുസ്തകങ്ങൾ.

---

**പ്രിയവിലാപം—**

പള്ളിക്കൂടം മദ്ധ്യാറെഞ്ചു ഇൻസ്പെക്ടർ എം. രാജരാജവൎമ്മ എം. എ. തമ്പുരാൻ തിരുമനസ്സുകൊണ്ടു രചിക്കപ്പെട്ട പുസ്തകം ഒന്നുക്കു വില അണ ൪.

**കഥാമഞ്ജരി, കരടകന്റെ വിക്രമങ്ങൾ—**

കൊല്ലം ഇംഗ്ലീഷു ഹൈസ്ക്കൂൾ ഹെഡമാസ്റ്റർ കെ. പരമുപിള്ള എം. എ. അവർകളാൽ ഉണ്ടാക്കപ്പെട്ടതും വളരെ രസകരമായതും ആയ പുതിയ പുസ്തകം ൧-ക്കു വില അണ ൧ പൈ ൩,

**സാവിത്രി—**

ഹജൂർ ഹെഡട്രാൻസ്ലേട്ടർ കെ. ചിദംബരവാദ്ധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു കഥാ പുസ്തകം ൧-ക്കു വില അണ ൯.

**മാധവനിദാനം—**

സർക്കാർ വൈദ്യൻ പറവൂർ വി. കേശവനാശാനവർകളാൽ എഴുതപ്പെട്ട, 'സാരചന്ദ്രിക' ഭാഷാവ്യാഖ്യാനം. വില രൂപ ൧.

**പുതിയ മൂന്നാംപാഠനോട്ടു മുഴുവൻ—**

വി. എൻ. ഗോവിന്ദപ്പിള്ള അവർകളാൽ എഴുതപ്പെട്ട, (പദാൎത്ഥം, ചോദ്യങ്ങൾ, സാരം ഇവ അടങ്ങിയ) പുസ്തകം ഒന്നിനു വില പണം ൧.

**കീൎത്തികേസരി—**

സി. കൃഷ്ണപിള്ള അവർകളാൽ എഴുതപ്പെട്ടതും സി. എൻ. എ. രാമയ്യാശാസ്ത്രികൾ ബി. എ. അവർകളാൽ ൧-ാംഭാഗം പരിശോധിക്കപ്പെട്ടതുമായ, ൧-ം ൨-ം ഭാഗം അടങ്ങിയ പുസ്തകം ഒന്നുക്കു വില അണ ൧൪.

**മനോരമ—**

വൈ. ദാമോദരൻ ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു പുതിയ കഥ വില അണ ൪.

**പഴഞ്ചൊല്ലു—**

ടി- യാരാൽ ഉണ്ടാക്കപ്പെട്ടത, പുസ്തകം ഒന്നുക്കു വില അണ ൮.

**ഉൎവ്വശീഫൽഗുനം—**

കോതമംഗലം കെ. ആർ. കൃഷ്ണപിള്ളയാൽ എഴുതപ്പെട്ട സംഗീതഭാഷാനാടകം. വില അണ ൨. പൈ ൩.

**രസാലരാജൻ കഥ—**

റി. കെ. പി. അവർകൾ എഴുതിയ പുസ്തകം. വില അണ ൨.

**സോമസുന്ദരൻ—**

മിസ്റ്റർ പത്മനാഭൻ എഴുതിയ ഒരു കഥ ഒന്നുക്കു അണ ൨ പൈ ൩.

**ദത്രുമനി—**

മിസ്റ്റർ വി. മമ്മു എഴുതിയ ഒരു പുതിയ കഥ ഒന്നക്ക അണ ൩.

**ലീലാവതി—**

മിസ്റ്റർ ലക്ഷ്മണൻപിള്ള എഴുതിയ അതിവിശേഷമായ നോവൽ വില ൩ ണ.

**കൈവല്യശതകം—**

മിസ്റ്റർ പരമുപിള്ള എഴുതിയത. ൰ക്ക അണ ൰.

**സന്താനവല്ലി—**

മിസ്റ്റർ രാമമേനോൻ എഴുതിയ കഥ ൰ക്ക വില അണ ൰.

**ശംകരകൃതി—**

അ. മുൻസിപ്പായിരുന്ന മിസ്റ്റർ ശങ്കരപ്പിള്ള അദ്ദേഹം ഓരോ സമയങ്ങളിൽ ഉണ്ടാക്കിയ കവിതകളെല്ലാം ചേൎത്തു സംഗീതമായും തുള്ളക്കഥയായും അച്ചടിച്ചിട്ടുള്ളത പുസ്തകം ൰-ക്ക ൪ അണ.

**മിസ്റ്റർ സി. എം. മാധവക്കുറുപ്പ—**

മിസ്റ്റർ കേശവക്കുറുപ്പ എഴുതിയ ഒരു ഡിടക്ടറിവ നോവൽ. വില അണ ൨

**അവതാരത്രയചരിതം—**

സൌഭാഗ്യവതി ഇത്തിക്കാട്ടു ദേവകി അമ്മയാൽ എഴുതപ്പെട്ട പുതിയ പദ്യപുസ്തകം. വില അണ ഒന്നര.

**അദ്ധ്യാത്മരാമായണം—**

കെ. സാംബശിവശാസ്ത്രി മഹോപാദ്ധ്യായനവർകളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയത. വായനക്കാരുടെ സൌകൎയ്യാൎത്ഥം ഓരോ കാണ്ഡങ്ങൾ പ്രത്യേകമായി അച്ചടിച്ചുവരുന്നു. ഇതിൽ പദങ്ങളുടെ വിവരണമായ അൎത്ഥം ഓരോ ശ്ലോകങ്ങളുടേയും സാരം ഇവകൾ അടങ്ങിയിരിക്കും. പുസ്തകം എല്ലാം കാണ്ഡങ്ങളും ഒന്നായും ബയൻറു ചെയ്തു വില്ക്കപ്പെടും.

**മയൂരസന്ദേശം മണിപ്രവാളം—**

കേരളവൎമ്മ സി. സ്സ. ഐ. എഫ. എം. യൂ. എം. ആർ. ഏ. എസ്സ് എഫ്. ആർ. എച്ച്. എസ്സ്. വലിയ കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ടതു. എം. ആർ. രാജരാജവൎമ്മ എം. ഏ. എം ആർ. എ എസ്സ്. കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ട മൎമ്മപ്രകാശം എന്ന വ്യാഖ്യാനത്തോടുകൂടി തിരുമനസ്സിലെ അനുവാദം വാങ്ങി അച്ചടിച്ചു കഴിഞ്ഞിരിക്കുന്നു. ഉയൎന്നതരം കടലാസ്സിൽ അച്ചടിച്ചതിന്ന ൰൨ ണ യും താണതരത്തിലുള്ളതിന്ന ൮ണ യും വിലയാകുന്നു.

**ദാക്ഷായിണി—**

കോമത്തു കുഞ്ഞുപ്പണിക്കർ അവർകളാൽ എഴുതപ്പെട്ടത വിലഅണ ൮.

**കാൎത്തവീൎയ്യാൎജ്ജുനവിജയം തുള്ളക്കഥ—**

മലയാളം ഹൈസ്കൂൾ ഹേഡമാസ്റ്റർ കെ. ആർ. കൃഷ്ണപിള്ള ബി. എ. അവർ

കളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയ പുസ്തകം ഒന്നുക്കു വില അണ ൨.

**താതോപദേശം—**

വി. കെ. കേശവനവർകളാൽ എഴുതപ്പെട്ട ഒരു പുതിയ മണിപ്രവാളകൃതി. പുസ്തകം ഒന്നുക്കു വില അണ ഒന്നര.

**കർണ്ണോപദേശം—**

തിനവിളവി. രാമൻവൈദ്യർ അവർകളാൽ എഴുതപ്പെട്ടത. വില ൧ പൈ

**മനുസ്മൃതി—**

കെ. ഗോവിന്ദപ്പിള്ള അവർകളാൽ 'ഭാവപ്രകാശം' എന്ന വ്യാഖ്യാനത്തോടുകൂടി എഴുതപ്പെട്ട പുസ്തകം ഒന്നുക്കു വില രൂപ ൨.

**വിക്രമാദിത്യൻകഥ—**

ടി യാരാൽ എഴുതപ്പെട്ട മൂന്നാം പതിപ്പു പരിഷ്കരിച്ചു വിദ്യാവിലാസിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടതു. വില ൧൨ അണ.

**മദനകാമരാജൻ കഥ—**

ടി യാരാൽ എഴുതപ്പെട്ട, മൂന്നാം പതിപ്പു. വിദ്യാവിലാസിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടത. വില ൬ ണ. ടി. അംബയിന്റെ പുസ്തകം ൧൨ക്കു വില ൮ ണ.

**കഥാസരിത്സാഗരം—**

ടി യാരാൽ എഴുതപ്പെട്ട, പുസ്തകം ഒന്നുക്കു വില അണ ൬.

**സതാരം—**

ടി യാരാൽ എഴുതപ്പെട്ട, പുസ്തകം ഒന്നുക്കു വില അണ ൪.

**അത്ഭുതകവിമങ്ക—**

വി. ജി. ലക്ഷ്മണൻപിള്ള അവർകളാൽ എഴുതപ്പെട്ട പുതിയ കഥ വില ൪ണ.

**വക്കലസ്ഥലമാഹാത്മ്യം—**

കമ്പവള്ളിൽരാമൻപിള്ള ആശാനവർകളാൽ എഴുതപ്പെട്ടത. വില ൧൦ ണ.

**എനിക്കുപററിയ അപകടങ്ങൾ—**

വില അണ ൩.

**ഭൂലോക വിനോദ കഥകൾ—**

കണ്ടിയൂർ മഹാദേവയ്യരവർകളാൽ എഴുതപ്പെട്ടത. വില അണ ൫.

**ചട്ടമ്പിത്തലവൻ—**

കെ. ചിദംബരവാദ്ധ്യർ. ബി. എ. അവർകളാൽ എഴുതപ്പെട്ട, ഒരു വിനോദകഥ. ഒന്നുക്കു വില അണ ൪.

**ഡയറി—**

ബയൻറുചെയ്തതു. ഒന്നുക്കു വില അണ ൪

മററും പല പുസ്തകങ്ങൾ ഇവിടെ വില്പാൻ തയ്യാറുണ്ടു. തപാൽകൂലി പുറമെ. എല്ലാ പുസ്തകങ്ങളുടേയും പേരും വിലയും അറിഞ്ഞു പുസ്തകങ്ങൾ വരുത്തേണമെന്നു ആവശ്യപ്പെടുന്നവർ അരയണസ്റ്റാമ്പു അയക്കണം.

എസ്. ററി. റെഡ്യാർ വിദ്യാവിലാസിനി ഉടമസ്ഥൻ, കൊല്ലം, തിരുവിതാംകൂർ.

## സംഗതിവിവരം.

1. കാളിദാസരുടെ കാവ്യദോഷം— കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ ... ... ... ... ... ... 457
2. അമ്മായിപഞ്ചതന്ത്രം— കരാട്ട് അച്യുതമേനോൻ, ബി. എ. ബി. എൽ. ... ... ... ... ... ... 464
3. അന്തരിക്ഷം— രാമകൃഷ്ണപിള്ള ... ... ... ... 472
4. കാലനില്ലാത്തകാലം ... ... ... ... ... ... 477
5. ൻന്ദ-ലെ ഒരു എഴുത്ത് ... ... ... ... ... 483
6. കോമുമേനോൻ— പി. ജി. രാമയ്യൻ, ബി. എ. ബി. എൽ. ... ... ... ... ... ... ... ... 486
7. ധ്രുവദീപ്തി— ആർ. വി. ... ... ... ... ... 490
8. തിരുനാസിക— കൊ. ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ 496
9. കുട്ടിവായന ... ... ... ... ... ... ... 498
10. ഖാൻബഹദൂർഖോർലാലാ— പുത്തേഴത്തു ഗോവിന്ദമേനോൻ, ബി. എ. ... ... ... ... ... ... 500
11. പലവക ... ... ... ... ... ... ... ... 514

വിദ്യാവിനോദിനി അച്ചുക്കൂടം.

# രസികരഞ്ജിനി

൧൦൮൦

പുസ്തകം ൩.　　　　മേടമാസം　　　　ലക്കം ൯.


### മംഗളം.

---

കണ്ണേ നിൻ താനറിയ ഗുണവും ദോഷവും പാർത്തിടാതേ-
കണ്ടേവം ഹാ കിമപി പിഴയായ് ദോഷമോതീടുമെന്നോ
കണ്ണേ കാളപ്രിയതനയയാസ്സോടിലിംഗത്തിൽ വാഴും
കണ്ണേ കാളി! ഭഗവതി കടാക്ഷിച്ചു രക്ഷിച്ചിടേണം.

---

കാളിദാസരുടെ

## കാവ്യദോഷം

---

കാളിദാസകൃതികളെ ഞാൻ മനസ്സിരുത്തി പല ആവൎത്തി വായിച്ചതിൽ കാവ്യഗുണങ്ങൾകൊണ്ട് അവ സാമാന്യത്തിലധികം എന്റെ മനസ്സിനെ ഹരിച്ചിട്ടുണ്ട്. എന്നാൽ പലസ്ഥലങ്ങളിലും ഇനിക്കു ചില ദോഷങ്ങളും തോന്നിട്ടില്ലെന്നില്ല. സരസ്വതിയുടെ പുരുഷാവതാരമായ ശ്രീകാളിദാസരുടെ കൃതിയിൽ ഇനിക്കു തോന്നിട്ടുള്ള ദോഷം സത്യാവസ്ഥയിൽ ഉള്ളതായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. സീതാദേവിക്കു ദോഷമുണ്ടെന്നു പറഞ്ഞ ജനങ്ങളേയും കാളിദാസകൃതിക്കു ദോഷം ഉണ്ടെന്നു പറയുന്ന എ

ന്നേയും ഒരുപോലെ ഗണിക്കേണ്ടതായിരിക്കാം. അങ്ങിനെയാ ണെങ്കിൽ പണ്ട വാന്മീകിമഹൎഷി മുതലായവർ സീതാദേവിയുടെ ശുദ്ധിയെ തെളിയിച്ചുകൊടുത്തതുപോലെ മഹാജനങ്ങൾ കാളിദാ സകൃതിയുടെ ശുദ്ധിയെ ഇനിക്കും കാണിച്ചുതന്നാൽ കൊള്ളാമെ ന്ന പ്രാൎത്ഥനയോടുകൂടി ഒരു സ്ഥലത്തുള്ള ദോഷങ്ങളെ കുറഞ്ഞൊന്നു പറയാം.

വിക്രമോൎവ്വശീയം ഒന്നാം അങ്കത്തിൽ പുരൂരവസ്സുമഹാരാജാ വ് ഉൎവ്വശിയുടെ രൂപലാവണ്യത്തെക്കുറിച്ച് അതിശയിക്കുന്ന ഘട്ട ത്തിൽ 'അഥവാ ഇവളെയൊരു തപസ്വി സൃഷ്ടിച്ചവളാവാൻ പാടി ല്ലെന്നും തോന്നുന്നുണ്ട്'

ഭംഗ്യാഭാസുരഗാത്രിയാകുമിവളെസൃഷ്ടിച്ചതാരായ്വരാം
ശൃംഗാരിസ്മരനോസിതാംശുഭഗവാന്താനോവസന്താഖ്യനോ
മങ്ങാതൊത്തുമുഷിഞ്ഞിരുന്നുരു കഴിച്ചാഗന്ധമില്ലാത്തൊരാ
ച്ചങ്ങാതിക്കിഴവന്മുനിക്കഴകിലീരൂപംരചിക്കാവതോ?

എന്നു ശങ്കിക്കുന്നു. ഇതിൽനിന്നു തപസ്സിൻേറയും തവസ്വി യുടേയും പ്രഭാവം രാജാവിന്നു ഒട്ടും അറിവില്ലെന്നാണ് വിചാരി ക്കേണ്ടത്. സകലരാജാക്കന്മാൎക്കും സകലവസ്തുക്കളുടേയും ഗുണ ദോഷസൂക്ഷ്മജ്ഞാനം അത്യാവശ്യമാകയാൽ തപഃപ്രഭാവത്തെക്കുറി ച്ചും വഴിപോലെ അറിഞ്ഞിരിക്കേണ്ടതാണല്ലോ. ശുക്രനീതി ഒ ന്നാം അദ്ധ്യായത്തിൽ,

തപസാതേജആദത്തെശാസ്താപാതാചരഞ്ജകഃ
നൃപസ്വപ്രാക്തനാദ്ധാത്തെതപസാചമഹീമിമാം.

എന്നും ഭാഗവതം ദ്വിതീയസ്കന്ധത്തിൽ

യദ്ദുഷ്കരംയദ്ദുരാപംയദ്ദുൎഗ്ഗംയച്ചദുസ്തരം
തത്സൎവ്വംതപസാപ്രാപ്യംതപോഹിദുരതിക്രമം.

എന്നും മററും തപസ്സിൻെറ പ്രഭാവത്തെക്കുറിച്ചു ഘോഷിച്ചി ട്ടുണ്ട്. ഹിരണ്യകശിപുമുതലായ അസുരന്മാരുടേയും, രാവണൻ മുതലായ രാക്ഷസന്മാരുടേയും, വിശ്വാമിത്രൻ മുതലായ മഹൎഷിമാ രുടേയും, ഭഗീരഥൻ മുതലായ രാജാക്കന്മാരുടേയും അത്ഭുതചരിത്ര

ങ്ങൾകൊണ്ടും തപസ്സിന്റെ പ്രഭാവം പ്രത്യക്ഷപ്പെടുത്തുന്നതുമാണ്. ഇങ്ങിനെ സർവ്വാർത്ഥസംസാധകമായ തപസ്സിന്റെ പ്രഭാവം രാജാവിന്ന് അറിവുണ്ടായിരുന്നുവെങ്കിൽ ഉർവ്വശിയെ കണ്ട സമയം ഇവളൊരു തപസ്വി സൃഷ്ടിച്ചവളാവാൻ പാടില്ലെന്നു തോന്നുന്നുണ്ട്' എന്നു കാമതന്ത്രങ്ങളെ മാത്രം അറിയുന്ന അല്പജ്ഞന്മാരായ വിടന്മാരെപ്പോലെ അദ്ദേഹം വിചാരിക്കയില്ലായിരുന്നു എന്നു നിശ്ചയമാണ്.

ആലോലാമലകാവലീംവിലുളിതാംബിഭ്രച്ചലൽകുണ്ഡലം
കിഞ്ചിൻമൃഷ്ടവിശേഷകംതനുതരൈസ്സ്വേദാംഭസാംജാലകൈഃ
തന്വ്യായൽസുരതാന്തതാന്തനയനംവക്ത്രംരതിവ്യത്യയേ
തത്വാംപാതുചിരായകിംഹരിഹരബ്രഹ്മാദിഭിർദൈവതൈ

എന്നിങ്ങിനെ ഒരു സുന്ദരിമുഖവിശേഷത്തെ വർണ്ണിക്കുമ്പോൾ സകല തപഃഫലദാതാക്കന്മാരായ ത്രിമൂർത്തികൾ മുതലായ ദേവന്മാരെക്കൊണ്ടു യാതൊരു ഫലവുമില്ലെന്ന് സാക്ഷാൽ ഭഗവാൻ ശ്രീശങ്കരാചാര്യസ്വാമികൾതന്നെ അരുളിച്ചെയ്തിരിക്കുന്നു എന്നു സമാധാനം പറയുന്നുവെങ്കിൽ അതു സാധുവല്ല. എന്തെന്നാൽ ഒന്നാമത്, ശ്രീകാളിദാസരാകട്ടെ പുരൂരവസ്സ് മഹാരാജാവാകട്ടെ പ്രമാണികനല്ലെന്നുള്ള വിചാരംകൊണ്ടല്ല ദോഷമുണ്ടെന്നു പറഞ്ഞത്. മുൻപറഞ്ഞ ചില കാരണങ്ങളാൽ മാത്രമാകുന്നു. ആ കാരണങ്ങളെ നശിപ്പിച്ചല്ലാതെ വേറെയൊരു പ്രമാണികന്റെയും ഇതുപോലെതന്നെയുള്ള വാക്കുകൊണ്ടോ വിചാരംകൊണ്ടോ മാത്രം സമാധാനമാകുന്നതല്ല. രണ്ടാമത്, ആചാര്യസ്വാമികൾ ഒരവസരത്തിൽ പരകായപ്രവേശം ചെയ്ത് ആ സരസപുരുഷനെ അനുകരിച്ച് തനിക്കു കാമശാസ്ത്രത്തിലുള്ള സാമർത്ഥ്യത്തെ പ്രകാശിപ്പാൻ വേണ്ടിമാത്രം ഉണ്ടാക്കിയ ശ്ലോകമാണത്. വിശേഷിച്ചു കാമശാസ്ത്രസിദ്ധാന്തപ്രകാരം നല്ല സ്ത്രീകൾ ഉത്തമകാമക്രീഡയിൽ മോക്ഷാനന്ദത്തെത്തരുന്നതാണെന്നുള്ള സംഗതി ആലോചിക്കുമ്പോൾ 'തന്വിയുടെ മുഖം രക്ഷിക്കട്ടെ ഹരിഹരബ്രഹ്മാദിദേവന്മാരെക്കൊണ്ട് എന്തുകാര്യം' എന്നു പറഞ്ഞത് ഒരു ദോഷമായിട്ടു വിചാരിച്ചു

കൂട. മൂന്നാമത്, ആ ശ്ലോകത്തിൽ ബ്രഹ്മാദിദേവന്മാൎക്കു മോക്ഷദാനശക്തിയില്ലെന്നു പറഞ്ഞിട്ടില്ല, പ്രകൃതസുന്ദരീമുഖത്തിന്നു ആ ശക്തിയുണ്ടെന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. പ്രകൃതനാടകപ്രകരണത്തിലാകട്ടെ നാരായണമഹൎഷിക്കു ഉൎവ്വശീരൂപം സൃഷ്ടിക്കുവാനുള്ള ശക്തിയില്ലെന്നുതന്നെയാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് 'തപസ്വിപ്രഭാവസൂക്ഷ്മജ്ഞതാനാഭാവം' എന്ന ദോഷം ആചാൎയ്യസ്വാമികൾക്കില്ലെന്നും പുരൂരവസ്സ് മഹാരാജാവിനുണ്ടെന്നും സ്പഷ്ടമാണല്ലോ.

അതിബുദ്ധിമാനും അതിഗംഭീരനും ആയ പുരൂരവസ്സ് മഹാരാജാവുകൂടി മനോഹരമായ ഉൎവ്വശീരൂപം കണ്ടപ്പോൾ തന്റെ സഹജങ്ങളായ സ്വഭാവങ്ങൾ ഇല്ലാതാകയാൽ ശുദ്ധമേ വിടപ്രായനായിപ്പോയിയെന്നും, ഉൎവ്വശീരൂപഗുണം അത്രമാത്രമുണ്ടെന്നു സിദ്ധാന്തിപ്പാനാണ് കവി ഇപ്രകാരം വൎണ്ണിച്ചത് എന്നും പറയുന്നുവെങ്കിൽ, ഞാൻ പറഞ്ഞിട്ടുള്ള ദോഷം ഏതാനും ഇവർ സമ്മതിക്കുകയാണല്ലോ ചെയ്യുന്നത്.

എന്നാൽ തപസ്വികൾക്കു വാസ്തവത്തിലുള്ള പ്രഭാവത്തെയില്ലാതാക്കിക്കൊണ്ടും രാജാക്കന്മാൎക്കത്യാവശ്യമായ ഗുണം തൽക്കാലം പൊയ്പ്പോയിയെന്നു സൂചിപ്പിച്ചുകൊണ്ടുമല്ല ഗ്രന്ഥം നിൎമ്മിച്ചിട്ടുള്ളതെങ്കിൽ ഉൎവ്വശീരൂപഗുണോൽക്കൎഷം ഇത്ര നല്ലവണ്ണം സിദ്ധിക്കുന്നതല്ലെന്ന ഈ പക്ഷക്കാരുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. എന്തെന്നാൽ,

ഇങ്ങാരേത്തുകയാൽപ്പെരുത്തുതപമാണ്ടുണ്ടാക്കിയോരപ്പൂമകൻ
ശൃംഗാരംപെരുകുന്നതെന്നൽമതിപൂമാസാഗജന്മാരിയെ
അങ്ങാവിശ്വവിചിത്രരൂപ്യവിഭവൻനാരായണൻതീൎത്തതി

---

*യസ്യാദല്പ്രണയാചിരായതപതാസൃഷ്ടാഇമേവേധസാ
പ്രാലേയാനിലമാധവേന്ദുമദനാലോകൈകശൃംഗാരിണഃ
തസ്മാദ്ഭുതവിശ്വാമ്യവിഭവസ്ഥാനന്തു നാരായണാ
ജ്ജാതംത്രൂപമിദംകഥന്നുകനകസ്യാദാരുകൂടാകരാൽ
എന്ന മൂലശ്ലോകത്തെ പരിഭാഷകൻ തൎജ്ജമ ചെയ്തിട്ടുള്ളതാകുന്നു.

ശൃംഗാരാകൃതി, പൊന്നുപിച്ചളവിളക്കുണ്ടെങ്കിലുണ്ടാകുമൊ'
എന്നോ, അല്ലെങ്കിൽ

ഇവരും ഭഗവാനായ നാരായണന്റെ സൃഷ്ടിയാണെന്നുള്ളത
സത്യംതന്നെ. എന്തുകൊണ്ടെന്നാൽ

ഇങ്ങാരോരുകയാൽപെതത്തുതപമാണ്ടുണ്ടാക്കിയോപൂമകൻ

* * *

നാരായണമഹർഷിയുടെ തപസ്സിളക്കുന്ന അപ്സരസ്ത്രീകളെല്ലാവ
രും അദ്ദേഹത്തിന്റെ സമീപത്തിൽ നിരുംഗുന്ന ഇവകളെക്കണ്ടു ട്ട
ലജ്ജിച്ചുവെന്നതു ശരിതന്നെ' എന്നോ മറെറാ വാക്യവും ശ്ലോകവും
ചേൎത്താൽ മേൽപറഞ്ഞ രാജദോഷം തീരുകയും ഉൎവ്വശീരൂപഗു
ണോൽകൎഷം അധികം നന്നായിത്തോന്നുകയുംചെയ്യുന്നതാണ്.

ഇനി 'ഭാംഗ്യാഭാസ്യംഗാത്രി......' എന്ന ശ്ലോകം കൊണ്ട് സി
ദ്ധിച്ചിട്ടുള്ള ഗുണങ്ങൾ ധാരാളമായി 'ഇങ്ങാരോരുകയാൽ......'
എന്ന ശ്ലോകംകൊണ്ട് ഉദ്ദേശിക്ക സിദ്ധിച്ചിട്ടുണ്ടെന്നു കാണിപ്പാൻ
വേണ്ടി ഈ ശ്ലോകത്തെ വ്യാഖ്യാനിക്കുന്നു.

യാതൊരാളുടെ ഉപദേശപ്രകാരമാകുന്നുവോ ബ്രഹ്മാവു വള
രെക്കാലം തപസ്സുചെയ്തു മലയാനിലൻ, വസന്തം, ചന്ദ്രൻ, കാമ
ദേവൻ, മുതലായ ലോകൈകശൃംഗാരികളെ സൃഷ്ടിച്ചത് ആ ആ
ളാണ് അത്ഭുതങ്ങളായും മനോഹരങ്ങളായും ഉള്ള എല്ലാ പദാൎത്ഥങ്ങ
ളുടെയും സ്ഥാനമായ നാരായണമഹൎഷി. അദ്ദേഹത്തിൽനിന്നാണ്
ഈ ഉൎവ്വശീരൂപം ജനിച്ചത്, പിച്ചളവിളയുന്ന സ്ഥലത്തുനിന്നു
പൊന്നുണ്ടാകുന്നതെങ്ങിനെ? എന്നാകുന്നു ഇതിന്റെ വാക്യാൎത്ഥം.
ഈ അൎത്ഥംകൊണ്ട് ചന്ദ്രാദികൾ പിച്ചളപോലെയാണെന്നും
ഉൎവ്വശി പൊന്നുപോലെയാണെന്നും ഇവർ തമ്മിൽ ഈ അന്തരത്തി
നുള്ള കാരണം ഇവരുടെ ഈ സൃഷ്ടികൎത്താക്കന്മാരുടെ മാഹാത്മ്യ
ത്തിന്റെ അന്തരമാണെന്നും ആ അന്തരം കല്പനകൾക്കുന്ന
വനും കല്പിക്കുന്നവനും തമ്മിൽ എത്രയുണ്ടോ അത്രയുണ്ടെന്നും സൂ
ചിക്കുന്നു.

'ഭംഗ്യാഭാസുരഗാത്രി......' എന്ന ശ്ലോകത്തിൽ ചന്ദ്രാദികൾ

ക്കുള്ളതുപോലെ കാന്ത്യാദിഗുണങ്ങൾ ഉർവ്വശിക്കുണ്ടെന്നു മാത്രമേ സൂചിപ്പിച്ചിട്ടുള്ളു. അതുകൊണ്ട് ഈ ശ്ലോകത്തേക്കാൾ 'ഇങ്ങരോതുകയാൽ......' എന്ന ശ്ലോകംകൊണ്ട് ഉർവ്വശീഗുണോൽകർഷം അധികം സിദ്ധിക്കുന്നതാണെന്നു തെളിയുന്നുണ്ടല്ലോ. ഇങ്ങിനെ ഭേദഗതി വരുത്തുന്നതുകൊണ്ടു 'തപഃപ്രഭാവജ്ഞാനാഭാവം' എന്ന രാജദോഷം നശിക്കുകയും ചെയ്യുന്നു.

ബ്രഹ്മാവിന്നു പ്രപഞ്ചസൃഷ്ടിശക്തിയുണ്ടായത് തപസ്സുചെയ്തിട്ടാണെന്നും അങ്ങിനെ തപസ്സുചെയ്തത് നാരായണമഹർഷിയുടെ ഉപദേശപ്രകാരമാണെന്നും ഉള്ളതിന്നു 'സോയംവിശ്വവിസർഗ്ഗദത്തഹൃദയഃ', 'മൂർത്തിർഹിധർമ്മഗൃഹണീ...' എന്നു മുതലായി പല പ്രമാണങ്ങളും ഉണ്ട്.

മഹാന്മാരായുള്ളവൎക്കു ചെറുതായൊരു ദോഷം ഒരു ദോഷത്തിന്റെ കൂട്ടത്തിൽ ഗണിക്കത്തക്കതല്ലെന്നു പറയുന്നതും ശരിയല്ല. അല്പമായ ധർമ്മസ്ഖലിതം വരുന്ന ഘട്ടങ്ങളിൽ ലക്ഷ്മണൻ, ഭീമസേനൻ മുതലായവരേയും ബാലിവധം ദ്രോണവധം * എന്നീഘട്ടങ്ങളിൽ ധർമ്മത്തിൽതന്നെ ഉറച്ചിരിപ്പാൻമാത്രം സ്വഭാവസിദ്ധഗുണപ്രഭാവമുള്ള ശ്രീരാമയുധിഷ്ഠിരാദികളേയും ദൂഷിച്ചുപോരുന്ന അവസ്ഥക്ക് പുരൂരവസ്സു മഹാരാജാവുചെയ്ത ഈ തപസ്വിനിന്ദനം അദ്ദേഹത്തിന്റെ ഒരു ദോഷമാണെന്നു സമ്മതിക്കാതെ തരമില്ലല്ലോ.

ഉർവ്വശി തപസ്വിയുടെ സൃഷ്ടിയല്ലെന്നുള്ള പുരൂരവസ്സിന്റെ വിചാരം നേരമ്പോക്കിന്റെകൂട്ടത്തിൽ ഗണിക്കുവാനും തരമില്ല. നേരമ്പോക്കിന്റെ മുഖ്യഫലം അന്യചിത്താദിവികാസമാകയാൽ ജനങ്ങളതിനെ സാധാരണ വാക്കു മുതലായവകൊണ്ട് പുറത്തു കാണിക്കുന്നതല്ലാതെ വിചാരംകൊണ്ടുമാത്രം ഉള്ളിലൊതുക്കി വെക്കുകപതിവില്ല. വിശേഷിച്ചു മഹാന്മാർ നേരമ്പോക്കായിട്ടുകൂടി 'അന്യനിന്ദാപരിഹാസാനൃതാദി' ദോഷങ്ങളെച്ചെയ്യുമാറില്ല. പുരൂര

* മഹാഭാരതം ദ്രോണപർവ്വം ൧൯൨-ാം അദ്ധ്യായം 'ഉപചീർണ്ണോഗുരുഃ' ഇത്യാദി ശ്ലോകം നോക്കുക.

വത്സമഹാരാജാവിന്ന് ഈ ദോഷം വരരുതെന്നാണ് കവിയുടെ ഉദ്ദേശമെന്നുള്ളതിന്ന് 'ഇതാ ഖണ്ഡമോദകംപോലെയുള്ള ചന്ദ്രനുദിച്ചുകഴിഞ്ഞു' എന്ന മുതൽ 'അതിഭാനുസതാം' എന്ന ശ്ലോകംവരെയുള്ള രാജവിദൂഷകസംവാദംതന്നെ ഒരു ദൃഷ്ടാന്തമാണ്.

ഉൎവ്വശിയെക്കണ്ടപ്പോളുണ്ടായ അനുരാഗാതിശയംകൊണ്ട് രാജാവിന്നുണ്ടായതപഃപ്രഭാവജ്ഞാനാഭാവമെം, തപസ്സിനിന്നുനമൊതാൽക്കാലികമാകയാൽ ഈ ദോഷം രാജാവിന്റെ സൽപ്പുരുഷത്വത്തെ നശിപ്പിക്കുന്നില്ലെന്നു ചിലർ പറയുമായിരിക്കാം. ഈ വാദത്തോടു ഞാൻ മുക്കാലും യോജിക്കുന്നുണ്ട്. എന്നാൽ,

'രക്തഭാവമപഹായ ചന്ദ്രമാ-
ജാത ഏഷ പരിശുദ്ധമണ്ഡലഃ
വിക്രിയാനഖലുകാലദോഷജാ-
നിൎമ്മലപ്രകൃതിഷുസ്ഥിരോദയാ'.

എന്നും മററുമുള്ള കാവ്യങ്ങൾകൊണ്ട് കാളിദാസാദികൾ നല്ലവരുടെ ദോഷങ്ങൾക്കുള്ള അസ്ഥൈൎയ്യത്തെ സ്പഷ്ടമാക്കീട്ടുള്ളതുപോലെ രാജാവിന്നുള്ള ഈ ദോഷത്തിന്റെ അസ്ഥൈൎയ്യത്തേയും ഉടൻ പ്രകാശിപ്പിച്ചിരുന്നുവെങ്കിൽ അധികം നന്നാകുമായിരുന്നു. രാജാവിന്ന് ഉൎവ്വശിയെക്കുറിച്ച് ബഹുമാനാദികൾ ഉണ്ടായതുപോലെ ഉൎവ്വശീസൃഷ്ടികൎത്താവായ നാരായണമഹൎഷിയെക്കുറിച്ചും ബഹുമാനാദികൾ ഉണ്ടാകുന്നതായിരിക്കും ശൃംഗാരരസത്തിന്ന അധികം യോജിക്കുന്നത. അല്ലെങ്കിൽ ഉൎവ്വശീജനകനിൽ ബഹുമാനമില്ലായ്കകൊണ്ടു രാജാവിന്നും, അതിനെ അറിയുമ്പോളുണ്ടാകുന്ന വൈമനസ്യം നിമിത്തം ഉൎവ്വശിക്കും ശൃംഗാരരസത്തിന്നു കുറവു സംഭവിപ്പാനിടയുള്ളതാകുന്നു. ഈ സംഗതി ഭാഗവതത്തിൽ ദക്ഷയാഗഘട്ടത്തിൽ 'ഗോത്രം ത്വദീയം' ഇത്യാദിശ്ലോകവും അതിന്റെ 'ശ്രീധരി'യ'വ്യാഖ്യാനവും നോക്കിയാൽ സ്പഷ്ടമാകും.

എന്തിനിങ്ങിനെ അധികം പറയുന്നു. രാജാവിന്റെ ഈ ദോഷവും തന്നിമിത്തം കാവ്യത്തിന്നും കവിക്കും ഉണ്ടായിട്ടുള്ള ദോഷവും ലഘുവാണെങ്കിലും നല്ലവണ്ണം പരിഹരിക്കത്തവണ്ണമുള്ള

വടക്കെ ഇളമന ഹരി ഇല്ലം

സമാധാനം എത്ര തന്നെ ആലോചിച്ചിട്ടും ഇനിക്കു തോന്നുന്നില്ല. ഇനിയും ഇതുപോലെ രാജാവിന്റെ വിചാരമായ 'ഭോഗ്യാഭോഗ്യവിചാരശാസ്ത്രി' എന്നതിന്റെ മൂലമായ 'അസ്യാസ്സഗ്ഗവിധൌ' എന്ന ശ്ലോകത്തിൽ 'വേദാഭ്യാസജഡഃ' 'വിഷയവ്യാവൃത്തകൌതൂഹലഃ' എന്ന വിശേഷണങ്ങൾകൊണ്ടു 'വേദപ്രഭാവജ്ഞാനാഭാവമോ' 'വേദവിന്ദിനമോ' ആയ ദോഷവും 'ഇന്ദ്രിയനിഗ്രഹപ്രഭാവജ്ഞാനാഭാവമോ' 'ജിതേന്ദ്രിയനിന്ദനമോ' ആയ ദോഷവും രാജാവിന്നുണ്ടെന്നുതോന്നുന്നു. ഇവിടെയും വളരെ ആക്ഷേപസമാധാനങ്ങളുണ്ട്. അവയെ അതി വിസ്താരഭയത്താൽ ഇവിടെ ചേക്കുന്നില്ല. തപസ്സിന്റെ സ്ഥാനത്ത് വേദത്തേയും ഇന്ദ്രിയനിഗ്രഹത്തേയും തപസ്വിയുടെ സ്ഥാനത്ത് വേദവിത്തിനേയും, ജിതേന്ദ്രിയനേയും, സങ്കല്പിച്ച് മുൻപറഞ്ഞ യുക്തികളെ അനുസരിച്ചാലോചിക്കുന്നതായാൽ രാജാവിന്നുള്ള ഈ ദോഷങ്ങളുടെ സ്വഭാവത്തെയും അറിയാവുന്നതാകുന്നു.

ദോഷജ്ഞരാസകലമാദരവോടുകൂപ്പും
ദോഷാകരാഭരണനന്ദിനിദേവികാളി
ദോഷതമദമടിയൻതവദാസകാവ്യ-
ദോഷാകഥിച്ചുപൊറുത്തരുളണമമ്മേ!

കൊടുങ്ങല്ലൂർ ചെറിയകൊച്ചുണ്ണിത്തമ്പുരാൻ.

---

# അമ്മായിപഞ്ചതന്ത്രം

## മൂന്നാംതന്ത്രം.

---

### മോഷണം.

ഭൂമിയിലുള്ള സാധനങ്ങൾ 'എന്റെ' 'നിന്റെ' എന്നുള്ള ഭാവന ഇടങ്ങിയമുതല്ക്കു പരധനമെടുക്കുന്നതു പാടില്ലാത്ത പ്രവൃത്തിയാണെന്നു വിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും മോഷ്ടിക്കുന്നതിന്നും സ്വത്തിനെ മോഷണത്തിൽനിന്നു രക്ഷിക്കുന്നതിന്നും ഇതുവരെ മനുഷ്യരു

പയോഗിച്ചിട്ടുള്ള യുക്തിവിശേഷം നോക്കുമ്പോൾ ഈ നിയമം ജ ന്തുസ്വഭാവത്തിന്നു സഹിക്കവയ്യാത്തവിധം വിരുദ്ധമായിട്ടുള്ളതാണെന്നു തോന്നിപ്പോകുന്നുണ്ട്. മോഷണം ഇത്രത്തോളം മനുഷ്യസ്വഭാവത്തിന്നു സഹജമായിരിക്കെ ആ പ്രവൃത്തിയെ മലയാളത്തറവാട്ടു ഭിന്നിപ്പിക്കുന്നതിൽ അമ്മായിഅമ്മ ഒരു തന്ത്രമായി സ്വീകരിച്ചതിൽ വളരെ ആശ്ചര്യമൊ പുതുമയോ ഭാവിക്കാനില്ല. ഈ പ്രവൃത്തി നിന്ദ്യമായിട്ടുള്ളതാണെന്നു സർവ്വജനസമ്മതമാണെങ്കിലും മോഷ്ടിക്കുന്നവന്റെയും മോഷ്ടിക്കപ്പെടുന്ന സാധനത്തിന്റെയും അവസ്ഥപോലെ മോഷണം ചെയ്തതായി കേൾക്കുമ്പോൾ നമ്മുടെ മനസ്സിലുണ്ടാകുന്ന ക്ഷോഭത്തിന്നു ഭേദം വരാം. ശ്രീകൃഷ്ണൻ വെണ്ണയും പാലും കളവുചെയ്തതായി പുരാണങ്ങളിൽ വായിക്കുമ്പോൾ കൌതുകംതോന്നി പുഞ്ചിരിതൂകുന്നതല്ലാതെ പിടിച്ച് പൊല്ലീസ്സിൽ ഏല്പിക്കേണമെന്നു വല്ല മജിസ്ത്രേട്ടിന്നും തോന്നാറുണ്ടോ? അതുകൊണ്ട് അമ്മായിഅമ്മ മോഷ്ടിച്ചതായി അമ്മാമൻ അറിഞ്ഞാൽതന്നെ ഒരു നേരമ്പോക്ക് അല്ലെങ്കിൽ ഓർമ്മകേട എന്നേ തോന്നാൻ വഴിയുള്ളു എന്ന് അമ്മായിഅമ്മയ്ക്കു ബോദ്ധ്യമുണ്ടെങ്കിലും അവരെ സംശയിക്കാൻ വഴിയില്ലാത്ത വിധത്തിലും അന്യനെ സംശയിക്കാനുള്ള തരത്തിലും മാത്രമെ മോഷണം നടന്നിട്ടുള്ളു. ആകപ്പാടെയുള്ള ഫലംകൊണ്ടു മോഷണം അമ്മായി അമ്മയുടെ തന്ത്രമാണെന്ന് ഊഹിക്കയല്ലാതെ അവരെ കുററം ചുമത്തുന്നതിന്ന് ഇതുവരെ തെളിവുണ്ടായിട്ടില്ല.

വല്ലസാധനവും കളവുപോയതായി ആക്ഷേപം വരുമ്പോളെല്ലാം അമ്മാമനും തറവാട്ടുമായുള്ള ബന്ധത്തിൽ ഒരു കയറഴിയും, അങ്ങോരും ഭാര്യയുമായുള്ള ബന്ധത്തിൽ ഒരു കയർ കൂട്ടും. കളവുമുതൽ കണ്ടുകിട്ടിയാലും ഇതുതന്നെ ഫലം. എന്നുമാത്രമല്ല കട്ടു എന്നു സംശയിക്കപ്പെടുന്നാൾ അമ്മാമനായിട്ടകലുന്നത് അമ്മായി അമ്മയ്ക്കു ഗുണമായിട്ടും വരും. ഇതെല്ലാം കാണുമ്പോൾ അമ്മായി അമ്മയുടെ എതാണ്ട് ചില തന്ത്രമുണ്ടെന്നല്ലെ വിചാരിക്കേണ്ടത്? ഇനിയും സംശയമുണ്ടെങ്കിൽ അന്യന്റെ യുക്തിയും അറിവും ത

ൻേറതാണെന്നു ഭർത്താവിനെ ധരിപ്പിച്ച് ഒരു പുഞ്ചിരിയൊ ശിരഃക്ഷേമ്പമൊ വാങ്ങിയതായി തെളിവുണ്ട്. യുക്തിമോഷണത്തിന്ന് ശിക്ഷിച്ചുകാണാത്തതു നിയമത്തിന്നു വ്യാപ്തി പോരാത്തതുകൊണ്ടാണെന്നല്ലാതെ അതൊരു മോഷണമല്ലെന്നെങ്ങിനെയാണ് പറയുക?

മേൽപറഞ്ഞതുകൊണ്ട് ഈ തന്ത്രത്തിലെ വിഷയം യുക്തിമോഷണവും വിത്തമോഷണവുമാണെന്നു സ്പഷ്ടം. വിത്തമോഷണം:—എന്റെ അനന്തിരവൻ കരുണാകരൻ പിശുക്കനാണെന്നു കണ്ട് തറവാട്ടു ചിലവുനടത്താൻ അമ്മാമൻ അവനെയാണ് ഏല്പിച്ചിരിക്കുന്നത്. ഈ ആവശ്യത്തിന്നു കരുണാകരൻ അമ്മാമന്റെ പണപ്പെട്ടി തുറക്കുന്നതും വരവുചിലവിനെപ്പററി ഒരു ശില്ലിയോളം തിട്ടമായി കരുണാകരനു ഓൎമ്മയുള്ളതും അമ്മായിഅമ്മയ്ക്കു ഒരു മുള്ളായിത്തീൎന്നു. പെട്ടിയിൽനിന്നു ഒന്നും രണ്ടും ഉറുപ്പിക കാണാതായിത്തുടങ്ങി. ആക്ഷേപത്തിൽ വന്നപ്പോൾ 'ഞാൻതന്നെ വല്ലപ്പഴും ചിലവാക്കീട്ടുണ്ടാകും. അല്ലാണ്ടാരെടുക്കണ്?' എന്നു അമ്മായിഅമ്മ പറഞ്ഞുവെങ്കിലും രണ്ടു ദിവസം കഴിഞ്ഞപ്പോൾ 'എന്റെ കയ്യാൽ ചിലവായിട്ടില്ല. ഇത അമ്മാമനൊ മരുമകനൊ വിട്ടുപോയതാണ്' എന്നുപറഞ്ഞു പിന്നെ കരുണാകരന്റെ കയ്യിൽ താക്കോല് കൊടുത്തിട്ടില്ല.

അമ്മാമനു തലക്കെണ്ണ കാച്ചുന്നതിന്നു പഴയ പശുവിൻ നെയ്യ് ഈട്ടാക്കുട്ടിവെക്കേണ്ട ചുമതല കല്യാണിയമ്മക്കാണ്. എണ്ണെക്ക് മററുള്ളപ്പാടുകൾചെയ്തു ഭരണിനോക്കിയപ്പോൾ അതിൽ നെയ്യ് വളരെ കുറഞ്ഞുകണ്ടു. എങ്ങിനെയൊ കളവു പോയതായിരിക്കുമെന്നു കല്യാണിയമ്മ പറഞ്ഞു. കലവറത്താക്കോൽ അവരുടെ കയ്യിലിരിക്കെ ഈ കാരണം അമ്മാമനു ലേശം തൃപ്തിയായില്ല. എന്നുമാത്രമല്ല തന്റെ ദേഹരക്ഷക്കുവേണ്ടുന്ന കാൎയ്യത്തിൽ കല്യാണിയമ്മക്കിത്രയും ശ്രദ്ധയില്ലാതെവന്നോ എന്ന് പറകയും അസാരം ശണ്ഠഭാവിക്കയുംചെയ്തു. അതു കണ്ടപ്പോൾ കല്യാണിയമ്മക്കു ശുണ്ഠിയും വ്യസനവുമായി. കലവറക്കാൎയ്യം മതിയെന്നുപറഞ്ഞു താക്കോൽ വെപ്പിച്ചു. അമ്മായിഅമ്മയെ ഏല്പിച്ചു. അതിൽപിന്നെ

രണ്ടു ദിവസം കഴിഞ്ഞപ്പോൾ ഒരു ഭരണിയിൽ ധാരാളം പഴയനെയ്യ് കണ്ടുകിട്ടിയതായി അമ്മായിഅമ്മ അമ്മാമനോടു പറകയും എടുത്തുകാണിച്ചുകൊടുക്കയും ചെയ്തു. മറന്നുപൊയതായിരിക്കുമെന്ന് അമ്മായിഅമ്മ പറഞ്ഞുവെങ്കിലും ആ ഭരണി പത്തു ദിവസം മുമ്പുമാത്രം വാങ്ങിട്ടുള്ളതാകയാൽ അമ്മാമന് ബോദ്ധ്യമായില്ല.

യുക്തിമോഷണം.

വളരെക്കാലമായി പാറാവു ജോലിനടത്തി വാർദ്ധക്യവും സംഭവിച്ച് രോഗങ്ങളും പിടിപെട്ടു വലയുന്ന ഞങ്ങടെ പട്ടി കിടപ്പിന്നുവട്ടംകൂട്ടീട്ടുള്ളത് അമ്മാമൻ സാധാരണയായി ഇരിക്കുന്നതും ശ്രാമ്പിയുടെ ഇറയത്തിട്ടിരിക്കുന്നതുമായ ചാരുകസേരയിലാണ്. ഇങ്ങിനെ ഒട്ടുനാൾ കഴിഞ്ഞതിന്നുശേഷം മാത്രമേ ഈ വൃത്താന്തം അമ്മാമന് മനസ്സിലായുള്ളു. ഒരു ദിവസം കാലത്തു പട്ടി കിടക്കുന്നത് അമ്മാമൻ കണ്ടെത്തുകയും അദ്ദേഹത്തിൻെറ കയ്യിലുണ്ടായിരുന്ന വടികൊണ്ട് ഒരു വിധം സമ്മാനിക്കുകയും ചെയ്തു. തന്നെത്തല്ലിയതു വയസ്സായതിന്നും രോഗം പിടിച്ചതിന്നുമായിരിക്കുമെന്നു വിചാരിച്ചിട്ടോ എന്തൊ പട്ടി പിന്നേയും കസേരയിൽ തന്നെയാണ് കിടപ്പ്. പിറെറ ദിവസവും അമ്മാമൻ പ്രഹരംകൂട്ടി. തുടന്നു രണ്ടു ദിവസം ഇങ്ങിനെ സംഭവിച്ചപ്പോൾ ഈ വത്തമാനം 'അത്താഴക്കോടതിയിൽ' എത്തി. അത്താഴക്കോടതി എന്നതു സാധാരണ എല്ലാം വീട്ടിലും ഉള്ളപോലെ അയൽവക്കത്തുള്ളവരുടെ നടവടിയെപ്പററി അപ്പീലില്ലാത്ത വിധി കല്പിക്കുന്നതിന്ന് അത്താഴത്തിന്നുശേഷം എൻെറ വീട്ടിലെ പെണ്ണുങ്ങൾ വിളക്കിന്നു ചുററും കൂടുന്ന ഒരു സഭയാണ്. അമ്മാമൻ പട്ടിയെ തല്ലിയ കേസ്സ് ആ സഭയിൽ വിചാരണക്കു വന്നതു ചെശാചോലും മുൻ കരുതലില്ലാതെയാണ്. കൊച്ചുനാരായണി പട്ടിക്കു ചോറുകൊടുത്തപ്പോൾ തിന്നാത്തതിനാൽ ആ വത്തമാനം കല്യാണിയമ്മയോടിങ്ങിനെ പറഞ്ഞു.

കൊച്ചുനാരായണി—അമ്മെ അമ്മാമൻ തല്ലിയതിനുപട്ടി പിണങ്ങിയിരിക്കയാണെന്നു തോന്നുന്നു. ചോറുതിന്നുന്നില്ല.

കല്യാണിയമ്മ— കാരണവരെന്തിനീ പട്ടിയെത്തല്ലി പല്ലിളി കാ ണണ്?

അമ്മായിഅമ്മ—പുഴത്തപട്ടി കസേരയിൽ കിടന്നാലാരെങ്കിലും തല്ലാതിരിക്കുമോ?

കല്യാണിയമ്മ—ആ പാവത്തിനെന്തെങ്കിലും അറിയാമൊ? കാര ണവരിരിക്കുണതു കാണാഞ്ഞപ്പോൾ അതു കേറിക്കിടന്നു.

അമ്മായിഅമ്മ—അറിയാത്തതിനു തല്ല്. അറിയുന്നതിനു ചൊല്ല്.

ഇത്രത്തോളം സംഭാഷണം കഴിഞ്ഞുടനെ അമ്മായിഅമ്മ സഭയിൽനിന്നു പിരിഞ്ഞുപോയി.

മുമ്പൊരിക്കൽ പറങ്ങോടന് ഉറക്കത്തിൽ തല്ലുകൊണ്ടതിന്നു ശേഷം അവൻ താഴത്തിറയത്താണ് കിടക്കാറുള്ളത് എന്നു പറ ഞ്ഞിട്ടുണ്ടല്ലോ. അമ്മായിഅമ്മ മുകളിലേക്കു പോകുന്നതിന്ന് മു മ്പുതന്നെ പട്ടി കസേരയിൽ കിടക്കാതെ ജാഗ്രതയോടെ നോക്ക ണമെന്ന് അമ്മാമൻ പറങ്ങോടനെ വിളിച്ചു പറഞ്ഞിട്ടുണ്ട്. ഇപ്രകാരം ഏല്പിക്കാൻ അമ്മാമനു തോന്നിയത് അവന്റെ കഷ്ടകാലത്തിന്റെ മൂപ്പ് എന്നേ പറവാനുള്ളു. എന്തുകൊണ്ടെ ന്നാൽ ഉറക്കം വരുന്നതുവരെ അവൻ പട്ടിയെ ആട്ടിക്കളഞ്ഞു. അവനുറങ്ങിയപ്പോൾ പട്ടി പിന്നെയും കയറിക്കിടന്നു. പിന്നെ പട്ടി കിടക്കാതിരിക്കാൻ അവൻതന്നെ കസേരയിൽ കിടന്നു. പിറെറ ദിവസം അമ്മാമൻ വന്നു നോക്കുമ്പോൾ പറങ്ങോ ടൻ കിടക്കുന്നതു കണ്ട് ക്രോധിച്ച് 'അതിൽ കിടക്കാൻ നിന്നേ ക്കാൾ യോഗ്യത പട്ടിക്കില്ലേ?' എന്നു പറഞ്ഞ് അനവധി പ്ര ഹരിച്ചു. അടി തുടങ്ങുന്നതിന്നിടയിൽകൂടി, ഉണ്ടായ സംഗതി മുഴു വൻ പറങ്ങോടൻ പറഞ്ഞു. ഇതു കണ്ടുംകേട്ടും നിന്നിരുന്ന

അമ്മായിഅമ്മ— കല്യാണിയമ്മ ഇന്നലെ പറഞ്ഞ കൂട്ടത്തിൽ താ നിരിക്കേണ്ടേടത്തു താനിരിക്കാഞ്ഞാൽ പിന്നെ തന്റെ നില യിൽ നായിരിക്കുമെന്നതു ശരിയായി. ഇനി പട്ടി കിടക്കാതി രിക്കാൻ രാത്രി മുഴുവനും ഇവിടുന്നുതന്നെ ഇരിക്കു.

അമ്മാമൻ—പെണ്ണുങ്ങൾ പാഠം പഠിപ്പിക്കാനും തുടങ്ങിയൊ?

അമ്മായിഅമ്മ—ആപത്തെ! ഞാനൊന്നും പറഞ്ഞില്ലേ. ഇനി അതിനെന്റെ നേരെ എത്തിത്തുടങ്ങും. ഇത്തിരി മിണ്ടാതിരിക്കാൻ ഒരു നമസ്കാരം.

ഈ സംഭാഷണം കല്യാണിയമ്മ കേട്ടിരുന്നുവെങ്കിൽ ഒരുമാതിരി ആപത്തായി കലാശിക്കുമായിരുന്നു. ഭാഗ്യവശാലവിടെ ആരും ഉണ്ടായിരുന്നില്ല. കല്യാണിയമ്മയെപ്പററി താൻ പറഞ്ഞതു ഭർത്താവിന്റെ നാവിൽനിന്നു പുറത്തു വരാതിരിക്കാനും പറഞ്ഞോടത്തു തല്ലുകൊള്ളാതിരിക്കാനും ഇനി ഒരു നിമിഷം കളയാതെ പട്ടി കസേരയിൽ കിടക്കാതിരിക്കാനുമുള്ള വഴി കണ്ടുപിടിക്കേണമെന്ന് അമ്മായിഅമ്മ ശ്രമിച്ചു തുടങ്ങി. അമ്മാമൻ കാര്യാദികൾ നടത്തുന്നത് അവിടെ ഇരുന്നായതുകൊണ്ടു മാററി ഇടാൻ തരവുമില്ല. സ്ഥലവുമില്ല. വളപ്പിന്റെ വേലി പൊളിഞ്ഞു കെട്ടാതെ കിടക്കുന്നതുകൊണ്ടും തൊവരമുള്ളകെട്ടിയതും നെല്ലും മിററത്തുകിടക്കുന്നതുകൊണ്ടും പട്ടിയെ കെട്ടിയിടുന്നതിന്നും തരമില്ല. അതുകൊണ്ടു കുറെ ഇല്ലിയും മററും കൊണ്ടുവന്ന് അമ്മായിഅമ്മ കസേരയിൽ വെക്കുന്നത് ഞാൻ കണ്ടു. കസേര ചരിച്ചുവെച്ചാൽ മതി എന്നു ഞാൻ പറഞ്ഞു. ഒരക്ഷരം മറുവടി പറയാതെ ഉടനെ ചരിച്ചുവെച്ച് അമ്മായിഅമ്മ പോകയുംചെയ്തു. മുകളിൽചെന്ന് അമ്മാമനോട്.

അമ്മായിഅമ്മ—പട്ടി കസേരയിൽ കിടക്കാതിരിക്കാൻ ഒരു പണി ചെയ്തിട്ടുണ്ട്.

അമ്മാമൻ—അസ്സലായി, പട്ടിയെ കെട്ടിയിടാൻ എനിക്കറിഞ്ഞുകൂടാഞ്ഞിട്ടാ? മിററത്തു നെല്ലും തൊവരയും കിടക്കുന്നതുകൊണ്ടല്ലെ ഒന്നും തരമില്ലാത്തത്. പോയി അഴിച്ചുവിടു. പക്ഷെ കസേരയിൽ കിടന്നോട്ടെ.

അമ്മായി അമ്മ—പട്ടിയെ കെട്ടിയിട്ടില്ല.

അമ്മാമൻ—പിന്നെ എന്താ ചെയ്തത്?

അമ്മയിഅമ്മ—നാളെ കാണരുതെ?

അമ്മാമൻ—വേറെ വഴി ഒന്നും ഞാൻ കണ്ടില്ല. വേണെങ്കിൽ

കസേരയെ ആക്കെങ്കിലും കൊടുക്കണം. അല്ലെങ്കിൽ അതി ൻെറ മുകളിൽ വല്ലതും കേററിവയ്ക്കണം, കാലത്തു മാററണം.

അമ്മായിഅമ്മ—അതൊന്നുമല്ല ചെയ്യുത്. നാളെ കാലത്തു നോക്കരുതെ?

അമ്മായിഅമ്മ എന്തെങ്കിലും പറയാതിരുന്നാൽ പിന്നെ അതിനെപ്പററി ചോദിച്ചിട്ടു കാൎയ്യമില്ലെന്ന് അമ്മാമനു തീച്ച്ബോദ്ധ്യമാണ്. അതുകൊണ്ട് ഒന്നും ചോദിച്ചില്ല. പിറേറദിവസം കാലത്തു കസേര ചാരിഞ്ഞു കിടക്കുന്ന കണ്ട് അമ്മായിഅമ്മയുടെ യുക്തിയെ വളരെ ബഹുമാനിച്ചു പുറത്തേക്കു പോകയും ചെയ്തു.

പിന്നെ ഒരു സംഗതി ഉണ്ടായതെന്തെന്നാൽ അമ്മായിമ്മഅയുടെ പ്രത്യേകബന്തോവസ്സിലിരിക്കുന്ന അലുമാറായിൽ വെച്ചിരുന്ന ഗ്ലാസ് ഭരണിയിൽനിന്നു പഞ്ചസാര കളവുപോയി. പൂട്ടു പൂട്ടിയ മാതിരി ഇരിക്കുന്നുണ്ട്, താക്കോൽ അമ്മായിഅമ്മയുടെ കയ്യിൽനിന്നു വിട്ടിട്ടുമില്ല. ഇതു കണ്ടന്ധാളിച്ച് അമ്മാമൻെറ അടുക്കൽ കേസ്സും കൊണ്ടുചെന്നു. അമ്മാമൻ വീട്ടിലുള്ള കുട്ടികളെ എല്ലാം പിടിച്ചു തല്ലുകയും ചെയ്തു. കട്ടില്ലെന്നു പറഞ്ഞു കുട്ടികളെ നൊണ പറഞ്ഞതിനും തല്ലി. അതു കണ്ടപ്പോൾ ചിലര് ഇനി കക്കില്ലെന്നു പറഞ്ഞ് അധികം തല്ലുകൊള്ളാതെ പോയി. ഇനി കക്കില്ലെന്നു പറഞ്ഞ കുട്ടികളെല്ലാവരുംകൂടി ഈ കളവു ചെയ്യിരിക്കാൻ സംഗതിയില്ലെന്നു തോന്നി ഞാനവരെ വിളിച്ച് ചോദിച്ചപ്പോൾ തല്ലുകൊള്ളാതിരിക്കാനങ്ങിനെ പറഞ്ഞതാണെന്നു കുട്ടികൾ പറഞ്ഞു. ഒരുത്തനും കളവു ചെയ്തിട്ടില്ലെന്നു പറയുന്നതും ശരിയല്ലെന്നു തോന്നി.

ഞാൻ— അമ്മായി അമ്മെ പഞ്ചസാരക്കള്ളൻ ചില്ലറക്കള്ളനല്ല. അമ്മാമൻ ഈ കുട്ടികളെ എല്ലാം പിടിച്ചു തല്ലിയതും ശുദ്ധമേ തെററാണ്. അതുകൊണ്ട ആ വിരൽപതിഞ്ഞതൊ മറെറാ നോക്കി ആരാണെന്നു കണ്ടുപിടിക്കണം.

അമ്മായിഅമ്മ— ഇതുതന്നെ ഞാൻ ഓക്കാതെ പറഞ്ഞു പോയതാണ്. അതുകൊണ്ടീ പാവങ്ങൾക്കു തല്ലുകിട്ടിയതിനുള്ള വേ

ദന എനിക്കല്ലെ അറിയാൻ പാടുള്ളു? ഇനി അതു കണ്ടുപിടി ച്ചു അതിനൊരു വകതല്ല്. ആകപ്പാടെ പോയതെന്താ? ഇത്തിരി പഞ്ചസാര.

ഞാൻ— എന്നാൽ പോകട്ടെ.

കുട്ടികൾക്കു തല്ലുകൊണ്ട ദിവസം ഞാൻ മദ്രാശിക്കു പോയി. പിറെറ ദിവസം കുറെ പലഹാരം കയ്പുശമുള്ളത് കൊടുക്കാൻ കു ട്ടികളെ എല്ലാം അമ്മായിഅമ്മ മുകളിലേക്ക് വിളിച്ചു. ഓരോരു ത്തരായിട്ടു വാങ്ങിക്കൊണ്ടു പോയി. വീട്ടിൽ പാക്കുന്ന കുഞ്ചു എ ന്ന ചെക്കനും പലഹാരത്തിന്ന് കൈകാട്ടിയപ്പോൾ അമ്മായി അമ്മ അവനെപ്പിടിച്ചു. പഞ്ചസാരയിൽപ്പതിഞ്ഞ നാലുവിര ലുകളിൽ ഒന്നു (പാമ്പുവിരൽ) സാധാരണയിലധികം ആഴത്തിൽ പൊയിട്ടുണ്ടായിരുന്നു. കുഞ്ചുവിൻെറ പാമ്പുവിരൽ അസാധാര ണയായ നിളമുള്ളതായി കണ്ടു. അതാണ് അമ്മായിഅമ്മ പിടി ച്ചത്. കുഞ്ചുവിൻെറ വിരലും പഞ്ചസാര ഭരണിയും അമ്മാമനു കാണിച്ചു ശകാട്ടത്ത് ബോദ്ധ്യം വരുത്തി. പൂട്ടു തുറക്കാതെ കളവു ചെയ്യുത് എങ്ങിനെ എന്നു ചോദിച്ചതിൽ തലേദിവസം രണ്ടു കോൽ ദൂരത്തിരുന്ന അമ്മായിഅമ്മ ചായകൂട്ടുമ്പോൾ അലുമാറയു ടെ ഇടത്തെ വാതിലിൻെറ ബോൾട്ടു നീക്കിവെച്ചുവെന്നും കുടയു ടെ വില്ല് വളച്ച് താക്കോൽദ്വാരത്തിലിട്ടു വലിച്ചപ്പോൾ രണ്ടുവാ തിലുംകൂടി ഒപ്പം തുറന്നുവെന്നും, പഞ്ചസാര എടുത്തതിന്നുശേഷം അതുപോലെ രണ്ടു വാതിലുംകൂട്ടി ഒപ്പം അടച്ചുവെന്നും പറഞ്ഞു. സാധാരണയായി താക്കോൽദ്വാരമുള്ള വാതിൽ മാത്രമേ അമ്മാ യി അമ്മ തുറക്കാറുള്ളു. കുഞ്ചുവിൻെറ കളവിന്നുശേഷം മറെറവാ തിൽ തുറന്നില്ലെങ്കിലും ബോൾട്ടു നോക്കിട്ടെ പൂട്ടാറുള്ളു. കുഞ്ചുവി നെ അപ്പോൾതന്നെ ശമ്പളം കൂടാതെ പിരിച്ചയച്ചു. അമ്മാമൻ വളരെ ലജ്ജിച്ചു? "ആ പൊല്ലീസിൻസ്പെക്ടർക്കു കൊടുക്കുന്ന ശ മ്പളം പാറതിക്കാണു കിട്ടേണ്ടത്" എന്നുമാത്രം പറഞ്ഞു.

ഇങ്ങിനെ ദിവസംപ്രതി ഉണ്ടായിട്ടുള്ള സംഭവങ്ങളെക്കൊണ്ട്

വളരെ ബുദ്ധിയും കാൎയ്യപ്രാപ്തിയുമുള്ള സ്ത്രീയാണ് തന്റെ ഭാൎയ്യ എന്നും സ്നേഹവും നന്ദിയും ശ്രേഷ്ഠതയുമില്ലാത്ത വകക്കാരാണ് തന്റെ കുഡുംബത്തിലുള്ളവരെന്നും അമ്മാമൻ ധരിച്ചുവശായി.

തൃതീയതന്ത്രം സമാപ്തം.

കറരട്ട് അച്യുതമേനോൻ, ബി. എ. ബി. എൽ.

# അന്തരിക്ഷം

ഉല്പത്തിയും, ഉന്നതിയും.

രൂപരസഗന്ധരഹിതമായും അമൂൎത്തമായും ഉള്ള ഒരു വസ്തു നമ്മുടെ ചുററും വ്യാപിച്ചിരിക്കുന്നു. ഇതിന്റെ ചലനങ്ങളാൽ മാത്രം നാം ഇതിനെ അറിയുന്നു. ഒരിക്കൽ നിശ്ചേഷ്ടങ്ങളായി നില്ക്കുന്ന മരങ്ങൾ അടുത്തക്ഷണത്തിൽ അനങ്ങുന്നതും, നമ്മുടെ ദേഹത്തു എന്തോ തട്ടുന്നതായി നമുക്ക് അനുഭവമാകുന്നതും ഈ വസ്തുവിന്റെ സാന്നിധ്യത്താലാകുന്നു. വാതകപൂരമായ ഈ വസ്തുവിനെ നാം സ്പൎശത്താലല്ലാതെ, പ്രത്യക്ഷാനുഭവത്താലറിയുന്നില്ല. മേഘങ്ങൾ സഞ്ചരിക്കുന്നതും, മഴ പെയ്യുന്നതും, മൂടൽമഞ്ഞും മുതലായ പ്രതിഭാസങ്ങൾ ഉണ്ടാകുന്നതും വാതകപൂരമായ ഈ വായുമണ്ഡലത്തിൽ ആകുന്നു. ഇപ്രകാരം, അനേകം ആശ്ചൎയ്യപ്രദങ്ങളായ സംഭവങ്ങൾക്കു പാത്രമായിരിക്കുന്നതും, ഭൂഗോളത്തിനു ചുററും പൊതിഞ്ഞു കിടക്കുന്നതുമായ വായുമണ്ഡലത്തെ ശ്വാസനമണ്ഡലം അഥവാ അന്തരിക്ഷം എന്നു വിളിച്ചുവരുന്നു. ഇതിന്റെ ഉല്പത്തി എന്ത്? ഉന്നതി എന്ത്? പ്രകൃതി എന്ത്? ഘടന എന്ത്? സമ്മൎദ്ദം എന്ത്? ഭാരമെന്ത്? ഊഷ്മാവസ്ഥ എന്ത്? ചലനങ്ങൾ എന്ത്? എന്നിങ്ങനെ പല ചോദ്യങ്ങൾക്കും ഉത്തരം പറവാൻ നോക്കാം.

നാം ശ്വാസോച്ഛ്വാസം ചെയ്തു ജീവിക്കുന്ന വായുമണ്ഡലം, വാസ്തവത്തിൽ, നാം അധിവസിക്കുന്ന ഭൂഗോളത്തിന്റെ ഒരു അംശമാകുന്നു. നാം അല്പം ചിന്തിച്ചതിനുമേലല്ലാതെ, ഇങ്ങനെയൊരു

വസ്തു നമ്മുടെ ചുററും ഉണ്ടെന്നു ബോധപ്പെടുന്നതല്ല. യാതൊരു വസ്തുവുമില്ലാത്ത കേവലമായ ആകാശമാണു് നമുക്കു ചുററുമുള്ളതെന്നത്രേ നാം ഗണിക്കുന്നത്. എന്നാൽ, കുറേനേരം വെള്ളത്തിൽ മുക്കളിയിട്ടു കിടക്കാം; ഉടൻ, പൊങ്ങിവന്നു് ഈ വായുവിൽ അല്പം ശ്വാസിക്കാതെ ജീവിക്കുവാൻ അസാദ്ധ്യമെന്നു മനസ്സിലാകും. കടുത്ത കാററു് വീട്ടിൻെറ മേൽപുരയിലുള്ള ഓലകളെ അടിച്ചുപറത്തുന്നതും, കായലിൽ വള്ളങ്ങളെ ഓടിക്കുന്നതും, മരങ്ങളെ വളച്ചു പൊട്ടിക്കുന്നതും ഈ വായുവിൻെറ പ്രഭാവമാണെന്നു നമുക്കു എളുപ്പം ബോധപ്പെടുന്നുണ്ടല്ലോ. വായു ഒരു പദാൎത്ഥമാണെന്നും, വായുമണ്ഡലം കേവലം ശൂന്യാകാശമല്ലെന്നും ഉള്ള വസ്തുത, ഇതിനാൽ വ്യക്തമാണല്ലോ.

ഘനദ്രവ്യമായ ഈ ഭൂമണ്ഡലത്തെപ്പോലെ, പദാൎത്ഥങ്ങളിൽ ഒന്നായ ഈ വായുവിൻെറ ആദിമചരിത്രമെന്താണു്? ഭൂമിയുടെ പഴയ ചരിത്രത്തെ ഊഹിച്ചറിയുവാൻ പല ലക്ഷ്യങ്ങളും നമുക്കു ലഭിച്ചിട്ടുണ്ട്. ഭൂതലത്തിൻെറ സ്ഥിതിഭേദങ്ങൾ, അതാതുസ്ഥലത്തുള്ള ശിലകളുടെ പടലിതാവസ്ഥ, ചില പ്രദേശങ്ങളിൽനിന്നെടുക്കുന്ന ഉൽഖേയങ്ങൾ, ചില താഴ്വാരങ്ങളിൽ ഉള്ള വലിയ പാറകളുടെ പുറത്തു കാണപ്പെടുന്ന ദാരണശ്രേണികൾ—ഈ വിധം പല സംഗതികളും, ഭൂഗോളത്തിൻെറ പുരാതനചരിത്രത്തെ സൂചിപ്പിക്കുന്ന പ്രമാണങ്ങളാകുന്നു. എന്നാൽ, വായുമണ്ഡലത്തിനു്, ഈ വിധം വല്ല ലക്ഷ്യങ്ങളുമുണ്ടോ? സൂൎയ്യഗോളത്തിൻെറ സ്ഥിതിയേയും, വികാരങ്ങളെയും ഗ്രഹിക്കുവാൻ ഇപ്പോൾ നമുക്കു് ഏറെക്കുറെ സാധിക്കുന്നുണ്ടു്. അവയോടു സാദൃശ്യപ്പെടുത്തി നോക്കിയും, ബ്രഹ്മാണ്ഡകടാഹത്തിൻെറ പ്രകൃതിയെപ്പററിയുള്ള ചരിത്രത്തെ അറിഞ്ഞും, നമുക്കു വായുമണ്ഡലത്തിൻെറ പൂൎവ്വസ്ഥിതിയെ പരിഗണിക്കുവാൻ സാധിക്കുന്നു.

സൂൎയ്യൻ, ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ മുതലായവയുടെ ആദ്യരൂപം എന്തായിരുന്നു? അവ ഇപ്പോഴത്തെപ്പോലെ ആയിരുന്നില്ല. അവ മേഘങ്ങളുടെ മാതിരിയിൽ, നിയതമായ ഒരു രൂപവുമില്ലാ

ത്ത ജ്യോതിസ്സുകളായിരുന്നു. 'അവ്യക്തജ്യോതിസ്സ്' എന്നാണ് ഇതിന്നു പേരു പറയുന്നത്. ഇപ്പോൾ ആകാശമണ്ഡലത്തിൽ കണപ്പെടുന്ന ഗോളങ്ങളെല്ലാം ഈ അവ്യക്തജ്യോതിസ്സിന്റെ രൂപഭേദങ്ങളാണെന്നു 'ലാപ്ലാഷ്' (La Place) എന്ന പരന്ത്രീസ്— ജ്യോതിശ്ശാസ്ത്രജ്ഞൻ വളരെക്കാലം മുമ്പേ വാദിച്ചിരിക്കുന്നു. ഇദ്ദേഹത്തിന്റെ അഭിപ്രായത്തെ അർവാചീനന്മാരും സമ്മതിച്ചിരിക്കുന്നു.

മേഘങ്ങളെപ്പോലെ നിയതരൂപമില്ലാതെ ആകാശത്തിൽ കിടന്നിരുന്ന അവ്യക്തജ്യോതിസ്സുകൾ, കാലക്രമത്തിൽ തണുത്തുവന്നു. അവ തമ്മിൽ ആകർഷിക്കയും, ഗരിമാവിഷ്കരണം എന്ന ഈ ആകർഷണശക്തിയാൽ, അവയുടെ രൂപം ക്രമേണ ഗോളമാവുകയും ചെയ്തു. അവയുടെ അപ്പോഴത്തെ അവസ്ഥ വിചാരിച്ചാൽ, വളരെ അത്ഭുതകരമായിതോന്നും. അനേകം വാതകങ്ങൾ വളരെ വെണ്മയോടുകൂടെ കത്തിക്കൊണ്ടിരുന്നിരുന്നു. ഇവ ക്രമേണ തണുത്തു, എളുപ്പം കട്ടിയാകാവുന്നവ, വേഗം തണുത്തു തുടങ്ങി. ഇങ്ങിനെ ഏതാനും ഭാഗം ജലംപോലെ ദ്രവമായിത്തീൎന്നു. ശേഷം അംശങ്ങൾ വാതകങ്ങളായി ജ്വലിച്ചുകൊണ്ടുതന്നെ ഇരുന്നു. തണുത്തു കട്ടിയായ വസ്തുക്കളുടെ ചുററും വാതകങ്ങൾ കത്തിനില്ക്കയും, ഈ വിധം പല സൂൎയ്യഗോളങ്ങളും ഉണ്ടായിരിക്കയും ചെയ്തു. ഇങ്ങിനെയുള്ള ഒരു ഗോളമാണ് നമ്മുടെ ഇപ്പോഴത്തെ സൂൎയ്യൻ.

വീണ്ടും തണുപ്പുകൊണ്ടു, ദ്രവസ്ഥിതിയിലുള്ള വസ്തുക്കൾ ഘനസ്ഥിതിയിലായി; വാതകങ്ങളുടെ ജ്വാല ശമിച്ചു. ഘനാവസ്ഥയിൽ ഉള്ള വസ്തുപിണ്ഡത്തിന്റെ ചുററും ഈ വാതകങ്ങൾ ശാന്തമായി നിന്നു. ഇങ്ങനെ ഉണ്ടായ ഒരു ഗോളമാണ് നമ്മുടെ ഭൂമിയും അതിന്നു ചുററുമുള്ള വായുമണ്ഡലവും.

ഈമാതിരി സംഭവങ്ങൾ എല്ലാഗ്രഹങ്ങളിലും ഉണ്ടാകുന്നുണ്ട്. ചില വസ്തുക്കൾ അതിശീഘ്രം തണുത്തുവെന്നും, മററു ചിലവ മന്ദമായിട്ടേ ഘനീഭവിച്ചുള്ളവെന്നും, ചില വാതകങ്ങൾ ജ്വലിച്ചുകൊണ്ടിരിക്കതന്നെ ചെയ്യുന്നു എന്നും, മററുചിലവ തണുക്കയാൽ, അ

ഗ്നിജ്വലനം മാറി, ഒരു വാതകപൂർണ്ണമായ സമുദ്രംപോലെ നില്ക്കുന്നു വെന്നും ഉള്ള ഭേദങ്ങളെ നാം ഗ്രഹിക്കേണ്ടതാകുന്നു. ഓരോ ഗ്രഹത്തിലും ഈ മാററങ്ങൾ ഉണ്ടാകുന്നത് ഓരോ രീതിയിലാണെന്നുള്ള വസ്തുത, മററു ഗ്രഹങ്ങളുടെ അവസ്ഥയെ പര്യാലോചിക്കുമ്പോൾ മനസ്സിലാകുന്നതാണ്.

വ്യാഴം എന്ന ഗ്രഹത്തിൻെറ അവസ്ഥ എന്താണ്? അത് ഇപ്പോഴും വളരെ ചൂടു പിടിച്ചിരിക്കുന്നു. അതു പൂർണ്ണമായി സ്വയം പ്രകാശിക്കുന്നില്ലെങ്കിലും, അതിൻെറ ചൂടിൻെറ ആധിക്യത്താൽ, പകുതി വെളിച്ചം പുറപ്പെടുവിക്കുന്നുണ്ടെന്നു ഗണിക്കപ്പെട്ടിരിക്കുന്നു. വ്യാഴഗോളത്തിൻെറ ചുററുമുള്ള അന്തരിക്ഷത്തിൽ അനേകം മേഘങ്ങളും ബാഷ്പങ്ങളും ഉണ്ടായിരിക്കാനിടയുണ്ട്. ഇവ, ഭൂഗോളത്തിൻെറ വായുമണ്ഡലത്തിലായിരുന്നെങ്കിൽ എത്രയോ കാലംമുമ്പേ, തണുത്തു കട്ടിയായിട്ടു ഭൂമിയിൽ പതിക്കുമായിരുന്നു. ദൂരദർശിനിയന്ത്രത്തിൽക്കൂടെ നോക്കിയാൽ, വ്യാഴഗ്രഹത്തിൻെറ അവസ്ഥകളെ അറിയാം. അതിലെ അന്തരിക്ഷത്തിൽ വളരെ നിബിഡമായി മേഘങ്ങൾ നില്ക്കുന്നുണ്ടെന്നു കണ്ടറിയാം. ഈ മേഘങ്ങൾ, ജലം ആവിയായിപ്പോയി മാറിനില്ക്കുന്നതിനു ലക്ഷ്യങ്ങളാണെന്നു ഊഹിക്കപ്പെട്ടിരിക്കുന്നു. വ്യാഴഗ്രഹത്തിൽ, ജലം ദ്രവാവസ്ഥയെ പ്രാപിച്ചിട്ടില്ലെന്നും, ഇങ്ങനെ വരുവാൻ ഹേതു, ആ ഗോളം അത്രത്തോളം തണുത്തിട്ടില്ല എന്നുള്ളതാണെന്നും ഊഹിക്കപ്പെട്ടിരിക്കുന്നു. കുജൻ, അല്ലെങ്കിൽ ചൊവ്വ എന്ന ഗ്രഹത്തിൽ ജലം ദ്രവാവസ്ഥയിലല്ലാ വർത്തിക്കുന്നത്. കുജഗ്രഹത്തിൻെറ ധ്രുവപ്രദേശങ്ങളിൽ മഞ്ഞുകട്ട ഉണ്ടെങ്കിലും, മററുപ്രദേശങ്ങളിൽ ജലദ്രവംകട്ടെ, അന്തരിക്ഷത്തിൽ നീരാവിയാകട്ടെ തെല്ലുപോലുമില്ല. കുജഗ്രഹത്തെപ്പററിയ അറിവുകൾ ശേഖരിക്കുവാൻ പ്രത്യേകം ഉത്സാഹിച്ചിരിക്കുന്ന ചില ശാസ്ത്രീയ തത്വാന്വേഷകന്മാർ ഏകകണ്ഠമായി അഭിപ്രായപ്പെടുന്നതു മേൽപ്രകാരമാകുന്നു. ധ്രുവദേശങ്ങളിൽ ഹിമകാലത്തുമാത്രമേ ജലഘനം ഉണ്ടായിരിക്കുന്നുള്ളു. കുജൻെറ മദ്ധ്യപ്രദേശങ്ങളിൽ ജലം സംഭരിക്കുന്നതു, തോടുകൾ മുഖേ

നയാണെന്നും ഈ തോട്ടകൾ ധ്രുവപ്രദേശങ്ങളിലെത്തുന്നുവെന്നും ഊഹിക്കപ്പെട്ടിരിക്കുന്നു.

നമ്മുടെ ചന്ദ്രഗോളം എങ്ങനെയുള്ളതാണെന്നു വിചാരണ ചെയ്യാം. ചന്ദ്രഗോളം മുഴുവൻ ഘനവസ്തുവാണ്. ജലംപോലെ ദ്രവപദാൎത്ഥമാകട്ടെ, നീരാവിപോലെ ബാഷ്പപദാൎത്ഥമാകട്ടെ അവിടെ ഇല്ല. ഭൂമിയിലുള്ള മാതിരി ജന്തുക്കളും ചന്ദ്രഗോളത്തിൽ ഉണ്ടായിരിപ്പാൻ സംഗതി ഇല്ല. ചന്ദ്രഗോളത്തിൽ വല്ല ദ്രവപദാൎത്ഥവും ഉണ്ടെങ്കിൽ അതു ജലമായിരിക്കയേയുള്ളൂ; ഇതുതന്നെയും, ചന്ദ്രന്റെ മററു ഘനവസ്തുക്കളോടുകൂടി ഗ്രഹിക്കപ്പെടുകയാൽ, ദ്രവാവസ്ഥയിൽ കിടക്കുന്നില്ല. ചന്ദ്രഗോളത്തിന് ഒരു ആവരണികയായിട്ട് വായുമണ്ഡലവുമില്ല. വല്ല വാതകങ്ങളുമുണ്ടായിരുന്നുവെങ്കിൽ, അവ, തണുത്തു കട്ടിയായി, ചന്ദ്രഗോളത്തോടു യോജിച്ചുപോയിരിക്കണം. അഥവാ, ചന്ദ്രന്റെ ആകൎഷണശക്തിക്കു അധീനമാകാതെ വേറപെട്ടു പൊയ്പോയിരിക്കണം.

ഇങ്ങനെ നോക്കിയാൽ, ഒരു ഗോളത്തിന്റെ ഇപ്പോഴത്തെ സ്ഥിതി, അതിന്റെ ശീതീഭാവത്തെ അനുസരിച്ചുണ്ടായതാണെന്ന് അനുമിക്കാം. വാതകം തണുത്തു ദ്രവമായതും ദ്രവം തണുത്തു ഘനമായതും എത്രയെത്രകാലംകൊണ്ടാണോ അതനുസരിച്ചു ഓരോരോ ഗോളങ്ങൾക്കും മാററം ഉണ്ടായിരിക്കുന്നു. അധികം വലുതായ ഗോളം തണുക്കുവാൻ അധികം കാലം വേണ്ടിവന്നിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല.

ആകട്ടെ. കാലക്രമത്തിലുള്ള ഈ ശീതീഭാവംകൊണ്ടു ഗോളങ്ങളുടെ അവസ്ഥ എന്താകും? അവ, ചന്ദ്രനെപ്പോലെ ഘനവസ്തുമാത്രമായും, അന്തരിക്ഷരഹിതമായുമുള്ള ഒരു ഗോളമായിത്തീരുമോ? അതല്ലാ, നമ്മുടെ ഭൂഗോളത്തെപ്പോലെ, ഒരു വായുമണ്ഡലവും, ദ്രവപദാൎത്ഥപൂരമായ സമുദ്രവും ഉള്ള ഗോളമാകുമോ? ഈ സംഗതിയെ നിൎണ്ണയിക്കേണ്ടത് അതാതു ഗോളത്തിന്റെ ആകൎഷണശക്തിയെ അറിഞ്ഞിട്ടാകുന്നു. വാതകങ്ങളായ അംശങ്ങളെ, വേറപെടുത്തി ദൂരെക്കളയാതെ, സ്വാംഗമായി പിടിച്ചു നിറുത്തി

കൊള്ളുവാൻ ഒരു ഗോളത്തിന് എത്രമേൽ ആകൎഷണശക്തി ഉണ്ടെന്നറിയണം. ഇനി, ആകൎഷണശക്തിയുടെ അളവ്, അതാതു ഗോളത്തിലുള്ള വസ്തുപിണ്ഡത്തിന്റെ അളവിനെ ആശ്രയിച്ചിരിക്കുന്നു. അധികം വസ്തുപിണ്ഡമുള്ള ഗോളത്തിന് അധികം ആകൎഷണശക്തി ഉണ്ടായിരിക്കും. പിന്നെയും, വസ്തുപിണ്ഡത്തിന്റെ അളവ് അതാതു വസ്തുവിന്റെ വലിപ്പത്തെ ആശ്രയിച്ചിരിക്കുന്നു. ഈ സംഗതികളെ ആലോചിച്ചാൽ, നമ്മുടെ ഭൂഗോളത്തിന്റെ വായുമണ്ഡലം നിശ്ശേഷം ഇല്ലാതാവുകയില്ലെന്നു സ്ഥാപിക്കാവുന്നതാണ്. വായുമണ്ഡലത്തിലെ ചില ലഘുതരങ്ങളായ വാതകങ്ങൾ— അബ്ജനകം തുടങ്ങിയവ— ധാരാളമായി വേറപെട്ടു പൊയ്പോയിട്ടുണ്ടെന്നു ഈ സന്ദൎഭത്തിൽ ഓൎക്കേണ്ടതാകുന്നു.

നമുക്കു ശ്വാസോഛ്വാസം ചെയ്യുവാൻ തക്കവണ്ണം കൂശമയുള്ള ഒരു ശ്വാസനമണ്ഡലം നമ്മുടെ ചുററും ഉണ്ടായിരിക്കുന്നതു, നാം അധിവസിക്കുന്ന ഗോളത്തിന്റെ ഇപ്പോഴത്തെ വലിപ്പംകൊണ്ടു മാത്രമാകുന്നു. ഭൂഗോളത്തിന്റെ വലിപ്പം എപ്പോൾ ചുരുങ്ങുമോ അപ്പോൾ ശ്വാസനമണ്ഡലത്തിലും, അതു മൂലമായി മനുഷ്യജാലത്തിലും അനേകം മാററങ്ങൾ ഉണ്ടാകും.

(തുടരും)

കെ. രാമകൃഷ്ണപിള്ള.

---

# കാലനില്ലാത്തകാലം

(കുഞ്ചൻനമ്പ്യാരുടെ ഒരു തുള്ളൽ)

“യമൻ എന്നൊരു മൂൎത്തി ഇല്ലാതിരുന്നാൽ ലോകത്തിന് ഇതിൽപരം അനുഗ്രഹം ഒന്നു മുണ്ടാകേണ്ടതില്ലെന്നാണല്ലോ നമ്മുടെ സാധാരണ ബോധം. പക്ഷേ കാലനില്ലാത്ത ഒരു കാലമുണ്ടായാൽ അനേകകാൎയ്യങ്ങൾ പരുങ്ങലിലാവുമെന്നു സരസകവിയായ കുഞ്ചൻ നമ്പിയാരുടെ “ശ്വേതോപാഖ്യാനം” എന്ന കൃതിയിൽ

നിന്നു താഴെ ചേക്കുന്ന ഒരു ഭാഗം (ഇന്ദ്രസേനയും ദേവേന്ദ്രനുമായുള്ള സംഭാഷണം) ഭംഗിയായി തെളിയിക്കുന്നുണ്ടു്. പഞ്ചേന്ദ്രോപാഖ്യാനം അച്ചടിച്ചിട്ടില്ലെന്നുള്ള വിശ്വാസത്താലാണ് ഇതിവിടെ ഉദ്ധരിക്കുന്നത്. മഹാഭാരതത്തിലെ വൈവാഹികോപപർവ്വത്തിലുള്ള ഒരുപാഖ്യാനമാകുന്നു പഞ്ചേന്ദ്രോപാഖ്യാനമെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ".

വി. കെ. നാരായണപ്പിള്ള ബി. എ.

ഇന്ദ്രനപ്പോളരുൾചെയ്തു'കേട്ടുകൊൾകപരമാർത്ഥം
ഇന്ദ്രനെന്നങ്ങൊരുവനെകേട്ടറിയുന്നീലയോ,നീ?
ഇന്ദ്രനിന്ദ്രനെന്നുലോകപ്രസിദ്ധൻഞാൻമഹാവീരൻ
ചന്ദ്രബിംബാനനേനമ്മെഗ്രഹിക്കാതങ്ങാരുമല്ല.
ധാത്രിയിൽഞാൻവരുവാനുംകാരണമുണ്ടതുംചൊല്ലാം
നേത്രരമ്യാംഗിയാംനിന്നോടെന്തിനുഞാൻമറയ്ക്കുന്നു.
മിത്രപുത്രൻധർമ്മരാജൻസത്രമൊന്നുസമാരംഭി-
ച്ചെത്രനാളുണ്ടവൻദീക്ഷിച്ചത്രതന്നെവസിക്കുന്നു.
ധാത്രിവാസിജനങ്ങൾക്കുമരണവുംനാസ്തിയായി
പാർത്തുകണ്ടാലെത്രകഷ്ടംകാലനെത്തുംകുറ്റമില്ലാ.
സത്രശാലയ്ക്കകംപുക്കുയാഗവുംചെയ്തിരിക്കുന്നു
പത്തുനൂറായിരംവർഷമിപ്രകാരംധർമ്മരാജൻ.
വൃദ്ധന്മാരൊരുകൂട്ടംനിറഞ്ഞുഭൂതലംതന്നിൽ
ചത്തുകൊൾവതിന്നേതുംകഴിവില്ലാകാലനില്ലാ.
മുത്തച്ഛൻമുതുക്കന്റെമുത്തച്ഛനിരിക്കുന്നു
മുത്തച്ഛനവനുള്ളമുത്തച്ഛൻമരിച്ചീലാ.
അഞ്ഞൂറുവയസ്സുള്ളോരപ്പൂപ്പൻമാരുമിപ്പോൾ
കുഞ്ഞായിട്ടിരിക്കുന്നുഅപ്പൂപ്പൻഅവർക്കുണ്ടു്.
കഞ്ഞിക്കുവകയില്ലാവീടുകളില്ലൊരേടത്തും
കുഞ്ഞുങ്ങൾക്കിട്ടുപത്തുപറയരികൊണ്ടുപോരാ.
പത്തുനൂറുപറവെച്ചാൽമുതുക്കന്മാർക്കതുകൊണ്ട-
ങ്ങെത്രമാത്രംരണ്ടുവറ്റുവിളമ്പുമ്പോളെത്തുമെല്ലാം.

പത്തുകോടിജനമുണ്ടു പല്ലുപോയിട്ടൊരുവീട്ടിൽ
കുത്തിവച്ചപാവപോലെതിങ്ങിവിങ്ങിക്കിടക്കുന്നു.
കണ്ണിലെപ്പോൾകൂടെനരച്ചുള്ളനരന്മാക്ക-
ങ്ങെണ്ണമില്ലിവണ്ണമുള്ളപെണ്ണുകൾക്കുമെണ്ണമില്ലാ.
കണ്ണുകാണാത്തവർപിന്നെകാതുകേളാത്തവർപിന്നെ
കിണ്ണന്നേക്കാൾമിനുപ്പുള്ളക ഷണ്ടിക്കാരേറെയുണ്ട്
അസ്ഥിയല്ലാതൊരുവസ്തുശരീരത്തേലവക്കില്ലാ
ദുസ്ഥിതിക്കുംകുറവില്ലാദുന്നിലക്കുംകുറവില്ലാ.
പത്തുനാൾഭക്ഷിയഞ്ഞാലും ചത്തുപോകെന്നതുമില്ലാ
പത്തനങ്ങളിടംപോരാഞ്ഞെത്രദുഃഖംമനുഷ്യർക്കു.
ഉന്നതത്തിൽകിടക്കുന്നോരുരുണ്ടുപാറമേൽവീഴും
ഭിന്നമാകുമതുനേരംമസ്തകംററസ്ഥവുംകാലും
ഒന്നുരണ്ടല്ലൊരുലക്ഷംമൂത്തുക്കന്മാർപതിക്കുന്നു
ഒന്നുകൊണ്ടുംപ്രാണനാശംവരുന്നില്ലിന്നൊരുത്തക്കും.
ഉള്ളതിൽസങ്കടമോത്താൽനാട്ടുവാഴിപ്രഭുക്കൾക്കു
കള്ളനെക്കൊല്ലുവാൻമേലാവെട്ടിയാൽചാകയില്ലേതും.
ഉള്ളവസ്തുക്കളെപ്പേരുംകട്ടുതിന്മാനൊരുക്കൂട്ടം
തള്ളലോടെനടക്കുന്നതെല്ലുപേടിയവക്കില്ല.
രാജധാനിക്കകംപുക്കുരാജഭണ്ഡാരവുംകട്ടു
വ്യാജമെന്ന്യേപകൽക്കൂടെതസ്കരന്മാർനടക്കുന്നു.
വ്യാജശിക്ഷാകുറഞ്ഞപ്പോളമ്പലത്തിൽപൂജമുട്ടി
പൂജകൊണ്ടുപുറംമാറിത്തിരിച്ചുയെമ്പിറാന്മാരും.
മന്ത്രികൾക്കുതമ്പുരാനെപ്പേടിയില്ലൊതുണ്ണത്തോളം
മന്ത്രികളെപ്രജകൾക്കുംശങ്കയില്ലാമനക്കാമ്പിൽ.
അന്തമില്ലാദുരാചാരംമുഴുത്തുഭൂമിയിലെല്ലാം
അന്തകൻെറയാഗമിപ്പോളനത്ഥത്തിനൊക്കെമൂലം.
അന്തണക്കുയാഗമില്ലാകമ്മമില്ലാധമ്മമില്ലാ-
ശാന്തിചെയ്യാൻക്ഷേത്രമില്ലാശാന്തരായിട്ടാരുമില്ലാ.
എന്തുപിന്നെനിനക്കുന്നഹങ്കൃതിക്കാരെക്കാത്തവണ്ണം

ജന്തുധൎമ്മത്തിനുംപിന്നെ്വവസ്ഥ*യില്ലെന്നായിവന്നു
ഉത്തമസ്ത്രീകടെപാതിവ്രത്യമെല്ലാമസ്തമിച്ചു
ഒത്തവണ്ണംപുരുഷന്മാർസഞ്ചരിപ്പാനൊരുമ്പെട്ടു
ചത്തുപോമെന്നൊരുഭീതിദുൎജ്ജനങ്ങൾക്കില്ലയെന്നാം-
ലിത്തരംകാട്ടുവാനാരുംമടിക്കില്ലെന്നറിഞ്ഞാലും
ഉടപ്പാനുംഭുജിപ്പാനുംകൊടുക്കുന്നപുരുഷന്മാ-
രടക്കാൻസമ്മതിക്കാതായ്ചമഞ്ഞുവേശ്യമാരിപ്പോൾ
കൊടുക്കുന്നപുരുഷന്മാരടുക്കുമ്പോൾമിടുക്കന്മാർ
കൊടുക്കുംതാഡനാപാരംകടുക്കുന്നുദുരാചാരം.
കലികാലത്തിലേക്കാളുംകഷ്ടകാലമായിവന്നു
ഉലകിൽകാലനില്ലാഞ്ഞുവലഞ്ഞുസൎവ്വജന്തുക്കൾ
കുലദോഷംവരുത്തുന്നോർകുലചെയ്യാൽമരിക്കാഞ്ഞാൽ
കുലഹാനിവരുമെന്നുകുലനാംചെയ്യുന്നീബാലെ.
പെററുപെററുവളരുന്നജീവജന്തുക്കൾക്കുപാൎത്താൽ
ഊററമില്ലാംപാരിടത്തിലൊരുലിക്കുമൊഴിവില്ലാ
മുററുമാംസംഭുജിക്കുന്നജനങ്ങൾക്കുമിത്തുകാലം
കൊററുപോലുംനാസ്തിയായിമരിപ്പാനുമെളുതല്ലാ.
മെച്ചമോടെപുലിപന്നിസിംഹവുംതങ്ങളിൽതന്നെ
പച്ചമാംസംകടിച്ചാശുഭുജിക്കുന്നുസൎവ്വകാലം
കൊച്ചുമത്സ്യങ്ങളെപ്പാടെവിഴുങ്ങുംഘോരമാംമത്സ്യം
സ്വച്ഛമയ്യോമററൊരുത്താരത്തുടെപോരുമവയെല്ലാം.
ദുഷ്ടജന്തുക്കളെക്കൊണ്ടുനിറഞ്ഞുഭൂതലമെല്ലാം
അസ്ഥിമാത്രംപോലുമാരുംകൊടുപ്പാനില്ലെന്നുവന്നു
പട്ടിണിക്കുവഴിവീണുവഴിപോക്കൎക്കെത്രകഷ്ടം
പട്ടണത്തിലെങ്ങുമിപ്പോൾപണവുംകാശുമില്ലാതായ്
ഊട്ടുതെണ്ടിനടന്നഷ്ടികഴിക്കുംബ്രാഹ്മണൎക്കിപ്പോൾ
ഊട്ടിലെങ്ങുംചോറുകിട്ടാപ്പുരുഷാരത്തിന്റെമൂലം.

* വ്യവസ്ഥ എന്നതിന്റെ സങ്കോചം

ആട്ടമാടിനടക്കുന്നോരാട്ടമെല്ലാമുപേക്ഷിച്ചു
കൂട്ടമൊക്കെപ്പിരിഞ്ഞോരോരോകോട്ടിലന്നമിരക്കുന്നു
പാട്ടുകാൎക്കുവിശന്നിട്ടുസ്വരവുംഭേദമായി
നാട്ടിലെങ്ങുമൊരുകാശുലഭിപ്പാനുംവകയില്ല
പാട്ടുകേട്ടാലാൎക്കുസൌഖ്യംപട്ടിണിയായ്ക്കിടക്കുമ്പോൾ
ഊട്ടുകേട്ടാൽതലപൊക്കുമത്രേകേൾപ്പാനെങ്ങുമില്ലം
ചേട്ടനെന്നുംതമ്പിയെന്നുംതങ്ങളിലുള്ളനുരാഗം
ചേട്ടകൾക്കുനാസ്തിയായികൂട്ടമേറിച്ചമകയാൽ.
ചേട്ടനെന്നാലൊന്നുരണ്ടല്ലമ്പത്തുംനൂറുമഞ്ഞൂറും
കൂട്ടായിപ്പലകൊൾവാനെന്തുബന്ധംചാക്കുമില്ല.
നാടുവാഴിക്കങ്കമില്ലംകപ്പലില്ലാചുങ്കമില്ലം-
കാടുവാഴിക്കിപ്പോൾനല്ലൂവല്ലിത്തുംതിന്നുപാൎത്തീടാം.
മോടികൂട്ടിനടക്കുന്നപുരുഷന്മാർനാസ്തിയായി
നേടിവച്ചപണംവിററുതിന്നുശേഷംവകയായി.
കാൎയ്യക്കാരനായുണ്ടുകാലകത്തുമാളികമേൽ
നാരിയെക്കൊണ്ടുപാൎപ്പിച്ചുസുഖിച്ചുവാണവനിപ്പോൾ
ആരിയച്ചെട്ടിയെച്ചെന്നുകാൽപിടിച്ചുകിടക്കുന്നു
കാരിയാരണ്ടുവറെറങ്ങാൻകിടച്ചെങ്കിലതുതന്നെ.
പാരിലുള്ളവൎത്തമാനംകഷ്ടമെന്നേപറയാവൂ
നീരസങ്ങൾവിസ്തരിച്ചിട്ടെന്തുകാൎയ്യംനമുക്കിപ്പോൾ.
കവടിക്കാരനായുള്ളഗണിതക്കാരനുമിപ്പോൾ
കപടങ്ങൾപറഞ്ഞൊന്നുഫലിപ്പിപ്പാൻ വകയില്ല.
ഗണിതഗ്രന്ഥവുംകെട്ടിത്തലക്കുവച്ചൊരുദിക്കിൽ
കണിശന്മാർവിശന്നങ്ങുശയിക്കുന്നുപലർകൂടി.
ഗുണദോഷംവിചാരിച്ചുപറഞ്ഞാലെങ്കിലെന്നാലും
പണംകിട്ടാൻതടവില്ലപണ്ടിതിപ്പോൾദുൎല്ലഭമായി
ഗുണമെന്തു,ദോഷമെന്തു,മരണമില്ലൊരുത്തനും
ഗണിതംകൊണ്ടൊരുവസ്തുഗ്രഹിപ്പാനില്ലെന്നുവന്നു.
ചികിത്സക്കാരനുംപിന്നെവിലവിന്നുനാസ്തിയായി

ചികിത്സിപ്പാനെങ്ങുമാൎക്കുംരോഗമില്ലാശരീരത്തേൽ.
രോഗമെല്ലാമന്തകന്റെസചിവന്മാരവർപിന്നെ
യോഗമങ്ങുശ്രവിക്കുന്നുനടപ്പാൻകല്പനയില്ല.
യോഗഗ്രന്ഥവുംനല്ലോരഷ്ടാംഗഹൃദയവും
ആകക്കൂടവെയങ്ങുകെട്ടിവച്ചുവൈദ്യരെല്ലാം.
രോഗംകൊണ്ടുഴലുന്നജനത്തിന്റെഗൃഹത്തിൽചെ-
ന്നാകണ്ണാഭുജിപ്പാനുംകൊതിക്കേണ്ടാ (മേലിലാരും.)
അസനവില്വപാദിഭൃംഗാമലകാദിയെണ്ണകാച്ചി
വ്യസനങ്ങളെയ്യോരുകാൎയ്യംകഷ്ടലാക്കാനിനിക്കൂടാ.
രസികച്ചാരെന്നഭാവംനടിച്ചുസഞ്ചിയുമായി-
ട്ടസുരന്മാരെന്നപോലെരോഗിവീട്ടിൽ ചെന്നുകൂടി
ഗുളികയുംകഷായവുംകൊടുത്തുചാകട്ടെക്കുമ്പോൾ
കളവുവല്ലതുംചൊല്ലിത്തിരിക്കുംവൈദ്യനിക്കാലം
തരംകെട്ടതനിക്കുഭക്ഷണത്തിന്നുവകയില്ലാ-
ഞ്ഞിരന്നുണ്ടുനടക്കുന്നുവിരുന്നുണ്മാനെങ്ങുമില്ല.
*ഘനചന്ദനശുണ്ഠ്യംബുപൎപ്പടോശീരസാധിതം'
മനസ്സിലുണ്ടിവയെല്ലാംപ്രയോഗിപ്പാനെങ്ങുമില്ല.
യമനുംവൈദ്യനുംതമ്മിൽപ്രാണവിശ്വാസമെന്നാലും
യമനെക്കൂടാതെകൊൽവാൻവൈദ്യനേകനെളുതല്ലാ.
അനൎത്ഥാമന്ത്രവാദിക്കുംകനക്കെസംഭവിക്കുന്നു
സമൎത്ഥനെങ്ങുമെചെന്നൊരനൎത്ഥാകിട്ടുകയില്ല
യക്ഷിപീഡാ, കുക്ഷിപീഡാ, ദേവതാപീഡയുംബ്രഹ്മ-
രാക്ഷസദ്രോഹവുമില്ലകാലനില്ലാതൊള്ളനാട്ടിൽ
സാക്ഷിയായിട്ടിവക്കെല്ലാമീശ്വരനന്തകനെല്ലോ
ദീക്ഷിതനായതുനേരമിവയെല്ലാമടങ്ങിപ്പോയ്
മനീഷാത്തുള്ളവരല്ലമനുഷ്യൎക്കുമിതുകാലം
മനസ്സുമുട്ടതിയായിട്ടുകപ്പെട്ടുവിശപ്പൊട്ടും

---

* സഹസ്രയോഗപ്രാരംഭശ്ലോകം

സഹിയാത്തവെളിച്ചപ്പാടൊളിച്ചപ്പാശയിക്കുന്നു
വഹിയാവാളെടുപ്പാനും തള്ളലേതും ഫലിക്കാതായ്
തിടുക്കങ്ങളിവ ചൊന്നാലൊടുക്കമില്ലടെമ്പാലെ
കിടക്കുന്നുപലക്കൂട്ടം പറവാനിന്നിയും മേലിൽ
മുടക്കങ്ങൾപലതുണ്ടുനമുക്കുയോഗമില്ലാഞ്ഞി
ട്ടൊടുക്കം ഞാൻപുറപ്പെട്ടുപത്മജന്മാവിനെക്കാണ്മാൻ.

# ൧൭൮൯-ലെ ഒരു എഴുത്ത്*

അരുളിച്ചെയ്യു എത്രയും കീൎത്തി ബഹുമാനപ്പെട്ട ബത്താവി ലെ ഗൌൎണ്ണദോര ജനരാൾക്ക് എന്നാൽ, ഹൈദർ നവാബു ബലത്തോടുകൂടി മലയാളത്തിൽ വന്നു പല രാജാക്കന്മാരുടെ രാജ്യ ങ്ങളും ഒതുക്കി നമ്മുടെ രാജ്യവും ഒതുക്കത്തക്കവണ്ണം പാളയം നമ്മു ടെ രാജ്യത്തും കടത്തി ഇട്ടതിൻെറശേഷം അക്കാലം കൊച്ചിയിൽ കോട്ടയിൽ വാഴുന്ന എതിരേലരുമായിട്ടും തുപ്പാപ്പി സ്വാത്രുപത്തി കൽ രാജാവുമായിട്ടും ഈ വന്നിരിക്കുന്ന ഗുണദോഷംകൊണ്ടു വി ചാരിച്ചാറെ, ഇപ്പോഴത്തെ അവസ്ഥക്കു ദ്രവ്യം കൊടുത്തിട്ടും രാജ്യം പോകാതെ നിലനില്ക്കണമെന്നും, പിന്നത്തതിൽ വേണ്ടും പ്രകാരം വിചാരിച്ചുകൊള്ളാമല്ലൊ എന്നും എതിരേലരും തുപ്പാപ്പി സ്വാത്രുപ ത്തുകൽ രാജാവും പറകകൊണ്ടു നവാബായിട്ടു സമാധാനം ചെ യ്തു കാലത്താൽ ദ്രവ്യവും കൊടുത്തു നാം നിലനിന്നുവരുന്ന അവ സ്ഥയും ബഹുമാനപ്പെട്ട കുമ്പഞ്ഞിയുടെ ചേററുവാ മണപ്പുറം കോട്ടയും ഒതുക്കിയിരിക്കുന്ന പ്രകാരങ്ങളും ബോധിച്ചല്ലൊ ഇരിക്കു ന്നു. ഹൈദർ നവാബു മരിച്ചതിൻെറശേഷം അയാളുടെ മകൻ ടിപ്പുസുൽത്താൻ എത്ര രാജ്യം അനുഭവിച്ചു വരുന്നു. ഇപ്പോൾ

* ടിപ്പുവിനെ ജയിപ്പാൻ ബ്രിട്ടീഷുകാരോടു സഹായം ചോദിച്ച് ൧൭൮൯-ൽ കൊ ച്ചി തമ്പുരാൻ അയച്ച തീട്ടൂരത്തിൻെറ പകൎപ്പ്

അദ്ദേഹം ബാച്ചരാ എന്ന നാമവും എടുക്കയും ചെയ്തു. ഇക്കഴിഞ്ഞ (൯൭൩) മേടമാസത്തിൽ ടിപ്പുസുൽത്താൻ കൊച്ചി കോട്ടക്കു വന്നതിന്റെ ശേഷം തന്നെ വന്നുകാണേണമെന്നു മൂന്നു കടലാസ്സ് എഴുതി വന്നതല്ലാതെ ഒടുക്കം കടലാസ്സ് എഴുതി ആളുവരികകൊണ്ടു് അതിന്റെ ഗുണദോഷം എതിരേലരും തൃപ്പാപ്പി സ്വരൂപത്തിങ്കൽ രാജാവും നാമുമായിട്ടു വിചാരിച്ചാറെ ഇപ്പോൾ ചെന്നുകാണാഞ്ഞാൽ വേഗത്തിൽ രാജ്യം ഒതുക്കി ഏറിയദോഷം വരുമെന്നും അതുകൊണ്ടു ചെന്നു കാണുകേ ആവൂ എന്നും തൃപ്പൂണിത്തുറവെച്ച തമ്മിൽ കൂടിക്കാഴ്ച ഉണ്ടായതിന്റെശേഷം എതിരേലരും രാജാവുമായിട്ടും വിചാരിച്ചു നിശ്ചയിക്കകൊണ്ടു എടവമാസം 14-൹ പാലക്കാട്ടുശ്ശേരിക്കുചെന്നു് 14-ം, 15-ം, 16-ം തിയ്യതിയുമായിട്ടു ടിപ്പുസുൽത്താനുമായിട്ടു് കണ്ടു പറഞ്ഞുംകൊണ്ടു് 16-ാം൹ അവിടെനിന്നു ഇങ്ങോട്ടു മടങ്ങിപ്പോരികയും ചെയ്തു. കണ്ടു പറഞ്ഞതിന്റെ ശേഷമായിട്ടുള്ള വർത്തമാനങ്ങളും താല്പര്യമായിട്ടു കേട്ട അവസ്ഥയും എതിരേലരേയും തൃപ്പാപ്പി സ്വരൂപത്തിങ്കൽ രാജാവിനേയും ബോധിപ്പിച്ചിരിക്കകൊണ്ടു് എതിരേലരുടേയും രാജാവിന്റേയും കടലാസ്സ് എഴുതി വരുന്നതു കാണുമ്പോൾ ഒക്കെയും അറിയാമല്ലോ. ടിപ്പുബാച്ചരാ അറുപതിനായിരം പുരുഷാരത്തോളം ഇങ്ങോട്ടുകു വന്നതു നെടുംകോട്ടകളും കൊട്ടാരങ്ങളും കോട്ടയുടെയു ഉറപ്പുകൾ കണ്ടു് ഇതുമ്മണ്ണം ഉണ്ടായിരിക്കുമെന്നു ബാച്ചരാ ഗ്രഹിക്കകൊണ്ടു് തിരിച്ചു് അങ്ങോട്ടുക്കു പോകയും ചെയ്തു. വേനൽ പിറന്നാൽ ഏറിയ ബലത്തോടും വരുമെന്നും പാലക്കാട്ടുശ്ശേരി നമുക്കു വിശ്വാസമുള്ള ഒരു ആള് പറകയും ചെയ്തു. നാം ബഹുമാനപ്പെട്ട കുമ്പഞ്ഞിയെ വിശ്വസിച്ചു നടന്നു വരുന്ന അവസ്ഥയും നമുക്കു വന്നിരിക്കുന്ന ഭേദങ്ങളും വൈഷമ്യങ്ങളും പല സംഗതികളും നാം എഴുതിക്കൊടുത്തയച്ചിരിക്കകൊണ്ടു് ബോധിച്ചുവല്ലോ ഇരിക്കുന്നു. ഇപ്പോൾ കൊച്ചിക്കോട്ടയിൽ വാഴുന്ന എതിരേലരുടെ ബുദ്ധിശക്തികൊണ്ടും ഉപായങ്ങൾകൊണ്ടും അവസ്ഥപോലെയുള്ള സഹായങ്ങൾ നമുക്കു ചെയ്തു വരികകൊണ്ടും അത്രെ ഒരു പ്രകാരത്തിൽ നിലനിന്നു കഴി

യുന്നത്. ഇപ്രകാരത്തെ അവസ്ഥക്കു ബഹുമാനപ്പെട്ട കുമ്പഞ്ഞിയുടെ ബലം തികച്ചില്ലായിട്ടു വന്നാൽ നിലനിന്നു കഴികയില്ലന്നത്രെ നമുക്കു തോന്നുന്നത്. എന്നു വരുമ്പോൾ ബഹുമാനപ്പെട്ട കുമ്പഞ്ഞിക്ക് മലയാളത്തിൽ സ്ഥലങ്ങൾ പോകേണ്ടിവരുമല്ലോ. കുമ്പഞ്ഞിയും രണ്ടു സ്വരൂപവും അന്യോന്യം ഗുണദോഷം ഒന്നായിട്ടു ചെന്നിരിക്കകൊണ്ട് കുമ്പഞ്ഞിയുടെ ബലം തികഞ്ഞ് എത്തിക്കഴിഞ്ഞാൽ എല്ലാവരുംകൂടി പ്രയത്നം ചെയ്യുമ്പോൾ ശത്രുവിന്റെ അമർച്ച വരികയും ചെയ്യുമല്ലോ. മലയാളത്തിൽ ശേഷമുള്ള രാജാക്കന്മാര് പല പ്രകാരത്തിലും ബുദ്ധിമുട്ടി സങ്കടങ്ങളും അനുഭവിച്ചിരിക്കകൊണ്ട് കുമ്പഞ്ഞിയും രണ്ടു സ്വരൂപവുംകൂടി ഒന്നായിട്ടുള്ള പ്രയത്നം ചെയ്യുമ്പോൾ അതോടുകൂടി നിന്നിട്ടുള്ള പ്രയത്നം ഒന്നായിട്ടു വരികയും അതുകൊണ്ട് കുമ്പഞ്ഞിക്കും ചില കാൎയ്യലാഭങ്ങൾ ഉണ്ടാവാനുള്ള സംഗതി ആയിട്ടു വരുമെന്നും അത്രെ നോം നിരൂപിച്ചിരിക്കുന്നത്. അതുകൊണ്ട് ഒക്കെയും നമ്മുടെ ജനറാൾ വേണ്ടുംപ്രകാരം ഗുണദോഷം വിചാരിച്ച് വേണ്ടുന്ന ബലം അയക്കുമെന്നും കുമ്പഞ്ഞിയും രണ്ടു സ്വരൂപവും അന്യോന്യം വിശ്വാസം മേൽക്കുമേൽ വർദ്ധിച്ചു ചെല്ലത്തക്കവണ്ണം വിചാരിച്ചുകൊള്ളുമെന്നും നാം നിശ്ചയിച്ചിരിക്കുന്നു. നമ്മുടെ ജനറാളും നാമുമായിട്ടുള്ള അന്യോന്യ വിശ്വാസത്തിന്റെ അടയാളത്തിന്ന് അസാരം ഒരു സൌശിന്യം കൊടുത്തയക്കുന്നതും നല്ല മനസ്സോടുകൂടി കൈക്കൊണ്ട് ഇവിടെ വേണ്ടും കാൎയ്യങ്ങൾക്കും നമ്മുടെ ജനറാൾ ശരീരസ്വസ്ഥതയോടുകൂടി ഇരിക്കുന്ന പ്രകാരത്തിനും മറുപടി എഴുതി വരികയും വേണം.

---

പൂമാതിൽപുത്തമൈപൂണ്ണന്നുപുകഴുംപമ്പോയിട്ടുന്നോമന
പ്പൂമെത്തപ്പുറമേറിയങ്ങിനെമയങ്ങിടുംമറക്കാതലൊ!
ഈമട്ടാഴിച്ചുഴന്നൊത്രുഴിയിലെഴുംമാച്ചാങ്കളിക്കിന്നിമേൽ
നാമാളല്ലവലഞ്ഞുതെല്ലുകനിവുണ്ടായീടണംകാക്കണം.

നടവത്ത് മഹൻനമ്പൂരി.

# കോമുമേനോൻ

(തുടർച്ച)

---

എററംനീണ്ടുതടിച്ചുവന്മലകണ-
ക്കുള്ളോരുമൊട്ടക്കരി-
ങ്കുററൻതേച്ചുയുടച്ചകത്തിയുമെടു-
ത്തൂററംകലന്നിങ്ങിനെ
ചെററംനന്മനിനച്ചിടാതെവഴിയിൽ
കണ്ണിട്ടുനില്ക്കുന്നതായ്
തെററന്നായവർകണ്ടുപോക്കിരിയവൻ
ചേക്കാലിയാണോർക്കണം ൨൩

ഇയ്യാളെന്താണതേച്ചിങ്ങിനെതെളുതെളെമി-
ന്നീടുമീക്കത്തിനീട്ടി
ത്തീയ്യാളുംകണ്ണുരുട്ടി,പ്പെരുവഴിയിലിരി-
ക്കുന്നതോർക്കുന്നതെന്തോ?
മെയ്യാകപ്പാടെനോക്കീട്ടകമിളകിവിറ-
ച്ചൂന്നു,ചേക്കാലിയെന്തും
ചെയ്യാമെന്നുള്ളൊരാളെന്നൊരുനിനവൊടുമാ-
ക്കൂട്ടർമെല്ലെന്നുചെന്നു. ൨൪

പുത്തൻപുഞ്ചിരി,തൂനിലാവിനെതിരായ്
ത്തൂകീട്ടുമേനോനടു-
ത്തെത്തുമ്പോഴാവഴിവിട്ടുതാണുതൊഴുതാ-
ച്ചേക്കാലിയോതീടിനാൻ
‘ഒത്തമ്പോടെവിടത്തിലെക്കുമുതലാ-
ളന്മാരുവന്നോടിയോ-
ടൊത്തുംകൊണ്ടുനടപ്പതെന്നിതുപറ-
ഞ്ഞീടാൻകനിഞ്ഞീടണം’ ൨൫

എന്നീവണ്ണമവൻപറഞ്ഞമൊഴികേ-
ട്ടോതീടിനാൻമേനവൻ
'നന്നീനിന്നുടെകോപ്പുകത്തിയുമെട-
ത്താരോട്ടുപോരാട്ടുവാൻ
നിന്നീടുന്നു,നിണക്കുവല്ലപണവും
വേണെങ്കിൽഞാൻതന്നിടാം
കൊന്നീടേണ്ടചൊടിച്ചോരാളെയുമെടോ
ചങ്ങാതിമങ്ങേണ്ടുനീ' ൯൯

ചൊല്ലാളുന്നമണൽക്കുഴിക്കുനടകൊ-
ണ്ടീടുന്നുഞാൻ,പെൺകൊടി
കല്യാകുന്നൊരുതയ്യൽതൻപുടമുറി
ക്കാകുന്നുപോകുന്നതും
വല്ലാത്തുള്ളൊരുമുട്ടുവല്ലതുമെടോ
ചേക്കാലിയുണ്ടെങ്കിൽഞാ-
നെല്ലാംതീൎത്തുതരാം,മടങ്ങിയവിടെ
ച്ചെന്നിട്ടുവന്നീടുനീ ൱

ഇതുകേട്ടുപറഞ്ഞുകുറ്റനപ്പോൾ
'മുതലാളൻവെറുതേകുഴങ്ങ ടേണ്ടാ.
ഇതുനാളടിയന്തരംമുടങ്ങാ
ചതിയൊന്നുണ്ടിതിലെന്നറിഞ്ഞിടേണം ൱൧

'കൊതിയുണ്ടവളിൽക്കുട്ടങ്ങിനായ-
ക്കതിനാലീയടിയന്തരംനടക്കാ
ചതിയാൽമണവാളനെത്തടുക്കു-
ന്നതിനാണിവഴിയിങ്കൽനില്പതിഞാൻ' ൱൨

ഉരചെയ്തുമടിച്ചിടാതെമേനോൻ
'അരുതിജ്ജോലിനിണക്കുനല്ലതല്ല

ഒരുവനുവേണ്ടിനിചൊടിച്ചി
ത്തരമദ്ധ്യാകൊലയിങ്കലേപ്പെടൊല്ലെ ൬൭

'ഒരുന്തുരപണാംകടുങ്ങി, തന്നാ-
ലിരുന്തുറിൽക്കുറയാതെഞാൻതരീക്കാം.
ഒരുവൻറകഴുത്തറുത്തിടാൻനി
കരുതിടൊല്ലപെരുത്തതിന്മയല്ലോ' ൬൮

മടിയുണ്ടുകഴുത്തുവെട്ടുവാൻഞാൻ
കുടിയാനാണവിടുത്തെയെന്തുചെയ്യാം
കുടിനിന്നിടുമാപ്പറമ്പൊഴിപ്പി-
ച്ചിടുവാൻനായരൊരുങ്ങിടുാമടിച്ചാൽ' ൬൯

'വിടുവിഡ്ഢിനിണക്കുവേണ്ടപോലേ
കുടികെട്ടാനെവനുംപറമ്പുനല്കാം.
തൊടിയൊന്നുതരാം, നടക്കുവാൻഞാൻ
ഉടനേകണ്ടവുമൊട്ടുതന്നിടാംകേൾ.' ൭൦

'പറയുന്നതുകേൾക്കുവാനൊരുക്കം
കുറയാമാപ്പിളയല്ലഞാൻനിനച്ചാൽ
മുറിനല്കിടുവാൻതുടങ്ങുമാളാ-
രറിയുന്നില്ലവനിങ്ങുവേണ്ടൊരാളും' ൭൧

'ആരായാലെന്തുവേണംപുടമുറിയെ
മുടക്കേണ്ടനീ വണ്ടതെല്ലാം
ധാരാളംതന്നിടാംഞാൻപലതവണ
പണംതന്നിരിക്കുന്നുവല്ലോ.
നേരായ്നാളെപ്പുലർച്ചക്കവിടെവരികനീ
കൂത്തുപാടംനടക്കാൻ
നേരാക്കാമൊന്നുഞാൻചൊല്ലിടുകിലതു
പിഴക്കില്ലപോയാലുമിപ്പോൾ. ൭൨

'അയ്മ്പത്തുപണമുണ്ടിപ്പോ-
ളമ്പൊട്ടുകയ്യോണ്ടുനെല്ലുമേടിച്ചോ
ഞാൻപോയ്നാളെമടങ്ങി-
ട്ടുമ്പോളവിടെശ്ശരിക്കുകാണേണം' ൯൯

'മുതലാളൻതാനാണോ
ചിതമൊട്ടുമറിനല്ലിട്ടന്നൊരാളയ്യോ
ചതിയൻനായർപറഞ്ഞി-
ല്ലതിനാളാരെന്നറിഞ്ഞതില്ലൊട്ടും.' ൱

എന്നുപറഞ്ഞുപിരിഞ്ഞു
പോന്നുംകയ്യോണ്ടുമാപ്പിളതെളിഞ്ഞു
തന്നുടെകുടിയിലണഞ്ഞു
തന്നീമുതലാളനെന്നകമലിഞ്ഞു. ൱൧

അടിയന്തരമതുപാരം
പൊടിപാറിനടന്നിതന്നിരവുനേരം
വടിവൊട്ടുകരളിൽത്താരം-
മ്പടിയാലെഴുമത്തൽതീർത്തിതിരുപേരും. ൱൨

ഉയിരുമുടലുമൊന്നാംമട്ടുകെട്ടിപ്പുണന്നാ-
ക്കുയിൽമൊഴിമുടിമുത്തുംമേനവൻതാനുമേററം
ഉയരുമൊരുമയോടുംവാണമട്ടായിരംനാ-
വിയലുമൊരുകരുത്തൻപാമ്പുമോതാൻഞെരുങ്ങും. ൱൩

ക്കുറാന്നാരണ്ടുപേരുംപലതുമതുമിതും
ചൊന്നതുംപൂക്കണത്തി
നീറാതാവുന്നവണ്ണംതെളിവിനൊട്ടകളി-
ച്ചുഠാത്തണപ്പാന്നതുംഞാൻ
വേറായോരോന്നുമോതുന്നതിനുകരുതിട്ടു-
ന്നില്ലപൂർവ്വമ്പവമ്പാൽ

മാറാതെന്നിച്ചുരാവും പകലുമവരിരു-
ന്നീടിനാരാടലെന്യേ വൃ൪

ചേക്കാലിസ്ഥോതിവെച്ചീടിനതൊടികളുമാ-
ക്കൂത്തുപാടങ്ങളും താം-
നാംക്കളെല്ലാംകൂറൊടേകിട്ടുവനുടയകരാം
ക്കാമ്പിനെക്കട്ടമേനോൻ
മസ്ക്കണ്ണാളെക്കൊതിച്ചങ്ങിനെപകലിരവും
കോമുമേനോനിൽവാസ്ക്കും
വക്കാണംപൂണ്ടിരുന്നാൻകരളിനുവളവേ-
റീടുമന്നാട്ടുവാഴി വൃ൫

ഇക്കാവിൻകറപറ്റിടാത്തകരളുംകള്ളംകളിക്കുന്നൊരാ-
ച്ചേക്കാലിക്കുടയോരുകെട്ടകരളുംതൻനന്മയാൽമേനവൻ
നില്ക്കാതിങ്ങിനെപാട്ടിലാക്കിവളരെക്കൂറോടിരുന്നീടിനാ
നാംക്കാമ്പിൽക്കറയററവൻവലയുമാറില്ലോക്കതെല്ലെങ്കിലും

ഇന്നിനിനിത്താംവല്ലതു-
മൊന്നിനിയുംചൊല്ലുവാൻതിരക്കേണ്ട
ചെന്നുകിടപ്പിനുറക്കം
വന്നുകുഴക്കുന്നുകണ്ണാമൂടുന്നു വൃ൬

സമാപ്തം.

പി. ജി. രാമയ്യൻ, ബി. എ. ബി. എൽ.

# ധ്രുവദീപ്തി

ഭാരതഖണ്ഡത്തിന്റെ തെക്കു പടിഞ്ഞാറെ മൂലയിൽ കാലം കഴിച്ചുകൂട്ടുന്ന കേരളീയക്ക് അവരവരുടെ വാസസ്ഥലത്തിന്നകത്തുള്ള വിശേഷങ്ങളെങ്കിലും നടന്നുകണ്ടു സന്തോഷിക്കുവാൻ സാധി

കുന്നില്ല. പിന്നെയുണ്ടോ അതിന്നപ്പുറമുള്ള കാഴ്ചകൾ അനുഭവിച്ചു രസിപ്പാൻ സംഗതിയാകുന്നു? പരിഷ്കാരം വൎദ്ധിച്ചിട്ടുണ്ടാവുന്ന കൃത്രിമ മോടികൾ അന്യദിക്കുകളിലുള്ളതുപോലെതന്നെ ഒരു കാലത്തല്ലെങ്കിൽ മറെറാരു കാലത്തു നമ്മുടെ നാട്ടിലും ഉണ്ടായേക്കാം. എന്നാൽ അതിമാനുഷശക്തിയാൽ പ്രയുക്തങ്ങളായും അത്യാശ്ചൎയ്യകരങ്ങളായുമുള്ള ചില കാഴ്ചകളുണ്ട്. ആയവ ഒരു കാലത്തും ദേശം പകൎന്നു കാണുവാൻ സാധിക്കുമെന്നു വിചാരിച്ചുകൂട. ശീമയിലുള്ളതുപോലെ നമ്മുടെ പുഴകളുടെ അടിയിൽക്കൂടിയും തീവണ്ടി ഓടുന്ന കാലം വന്നേക്കാം. സിസിലി രാജ്യത്തുള്ള അഗ്നിപൎവ്വതം മദ്ധ്യകേരളത്തിൽ വന്നു പൊങ്ങുമെന്ന കാൎയ്യം അസാദ്ധ്യം തന്നെ. ഈമ്മാതിരി അത്ഭുതകാഴ്ചകൾ ഓരോ ദേശങ്ങൾക്കു പ്രത്യേകമായിട്ടുള്ളവയും അവിടെ ചെന്നു കണ്ടനുഭവിക്കുവാൻ തരമില്ലാത്തപക്ഷം കേട്ടനുഭവിക്കേണ്ടവയും ആകുന്നു. ആ കൂട്ടത്തിൽ ഒന്നാണ് പ്രകൃതലേഖനത്തിനു വിഷയമായിത്തീൎന്നിട്ടുള്ള 'ധ്രുവദീപ്തി'.

ഭൂഗോളത്തിന്റെ ഉത്തരദക്ഷിണ ധ്രുവങ്ങളിലും അയൽരാജ്യങ്ങളിലും ഉള്ള വായുമണ്ഡലത്തിൽ സാധാരണ കണ്ടുവരുന്ന ഒരുമാതിരി പ്രഭാപൂരത്തിന്നാകുന്നു ധ്രുവദീപ്തി എന്നു പറയുന്നത്. അവസ്ഥാന്തരംപോലെ ഈ പ്രകാശത്തിന്നു പല പേരുകളും പറയുന്നുണ്ട്. ദക്ഷിണഗോളാൎദ്ധത്തിലെ ദക്ഷിണദേശങ്ങളിലേക്കാൾ ഉത്തരഗോളാൎദ്ധത്തിലെ ഉത്തരദേശങ്ങളിൽ ഈ പ്രഭയ്ക്കു ദൃഢതയും തീക്ഷ്ണതയും കൂടുന്നതുകൊണ്ട് 'ഉത്തരദീപ്തി' എന്നും ചില സമയങ്ങളിൽ അതു കൊടിക്കൂറയുടെ ആകൃതിയിൽ കാണപ്പെടുന്നതുകൊണ്ടു 'ദീപ്തിപതാക' എന്നും അതിനെ വിളിച്ചുവരാറുണ്ട്. ഈ ദീപ്തിവിശേഷത്തിന്റെ ആകൃതി പലവിധത്തിലും ഉണ്ട്. ചില സമയങ്ങളിൽ അതിപ്രകാശത്തോടുകൂടിയ അനേകായിരം ഉൽക്കകൾ ഏകോപിച്ച് അൎദ്ധചന്ദ്രാകാരേണ ചക്രവാളത്തിൽ വന്നു വീഴുന്നപോലെയും, ചിലപ്പോൾ അച്ചുതണ്ടിൽനിന്നു പുറപ്പെടുന്ന അരങ്ങളുടെ മാതിരിയിൽ ഭൂവലയത്തിങ്കൽനിന്നു ലക്ഷോപിലക്ഷം വാണങ്ങൾ കുളത്തിവിട്ടാലത്തെപ്പോലെയും, ചി

ല കാലത്ത് ഉൽക്കകളും വാണങ്ങളും ഇടതൂൎന്നു കലൎന്നപോലെയും, അപൂൎവ്വം ചിലപ്പോൾ ഭേദത്തിൽനിന്നു ചിന്നിച്ചിതറുന്ന രശ്മികളോടുകൂടിയ സൎപ്പത്തിന്റെ ആകൃതിയിൽ വളഞ്ഞും പുളഞ്ഞും മററ പലപ്രകാരത്തിലും ഭംഗ്യന്തരേണ കാണാവുന്നതാണ്. അതിന്റെ നിറം സാധാരണ അരുണോദയവൎണ്ണത്തോടു തുല്യമാകുന്നു. എ ന്നാൽ അതിന്നും സമയഭേദംപോലെ അല്പാല്പം വ്യത്യാസം കാണുന്നുണ്ട്. ധ്രുവദീപ്തി പ്രകാശിച്ചുതുടങ്ങുമ്പോൾ ആകാശത്തിന്റെ വടക്കുഭാഗത്തുള്ള ഒരു നേരിയ മേഘമൂടലിൽനിന്നു പുറപ്പെടുന്ന പോലെയാണ് തോന്നുക. മേഘത്തിന്റെ മേലതിര് അല്പം വെളുത്തും കീഴതിര് കനത്തും കറുത്തും ഇരിക്കും. ഉപരിഭാഗത്തിൽകൂടിയാണ് രശ്മിക്കൂട്ടങ്ങൾ പൊട്ടി പുറപ്പെടുന്നത്. രശ്മികൾക്ക് ഒരു വിറയലും ചിലപ്പോൾ അടുത്തുള്ള വായുമണ്ഡലത്തിൽ പട്ടുശീലകൾ തമ്മിൽ ഉരസുമ്പോൾ ഉണ്ടാവുന്ന ശബ്ദംപോലൊരു ശബ്ദവും ഉണ്ടായിരിക്കും. സാധാരണ ആറേഴുനാഴിക രാച്ചെല്ലുമ്പോൾ പ്രകാശിക്കുവാൻ തുടങ്ങി ഒന്നുരണ്ടു യാമങ്ങളും ചിലപ്പോൾ രാവു മുഴുവനൊ ഈ ദീപ്തി നിലനില്ക്കാറുണ്ട്. ശരൽക്കാലത്തും ഹേമന്തഋതുവിന്റെ ആദിയിലും ഇതു കൂടക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കും. ഇതു ഭൂമിയിൽനിന്നു ൨൨ മുതൽ ൮൦ നാഴിക ഉയരത്തിലാണ് കാണുന്നത്*. മുഖ്യമായിട്ടു ഉത്തരഗോളാൎദ്ധത്തിന്റെ ഉത്തരാക്ഷങ്ങളിലും§ അപൂൎവ്വമായിട്ടു ദക്ഷിണഗോളാൎദ്ധത്തിന്റെ ദക്ഷിണാക്ഷങ്ങളിലും അല്ലാതെ ക്രാന്തിവലയത്തിൽ‡ ധ്രുവദീപ്തി കാണുന്നതല്ല. സ്വീഡൻ, നോർവെ, റഷ്യാ എന്നീരാജ്യങ്ങളിൽ ഉത്തരാബ്ധിതീരത്തിൽ ഈ കാഴ്ച അതിവിശേഷമായിരിക്കും. ഒരേ ധ്രുവദീപ്തി ഒരേ സമയത്തുതന്നെ റഷ്യാരാജ്യത്തിന്റെ പഴയ തലസ്ഥാനമായ മാസ്കോ പട്ടണത്തിലും റോമാവിലും സ്പേനിലെ കാഡീസ്പട്ടണത്തിലും കണ്ടിട്ടുണ്ടത്രെ. ഉത്തരാബ്ധിസമീപത്തിൽ അനേകയോജന വിസ്തൃ

* ദക്ഷിണധ്രുവസമീപത്തിൽ രണ്ടു മൂന്നു നാഴിക അടുത്തും കണ്ടിട്ടുണ്ട്.

§ Latitude

‡ Tropics

രമുള്ള മരുഭൂമിയിൽനിന്നു നോക്കുമ്പോഠം കാണുന്ന പ്രഭാപൂരം ആ ക്കാണ് കൌതുകത്തേയും ആശ്ചര്യത്തേയും തോന്നിക്കാത്തത്? ആ റുമാസംമുഴുവൻ സൂര്യരശ്മി തട്ടാത്ത രാജ്യങ്ങളിൽ ഈ പ്രകാശത്തി ന്റെ സഹായമില്ലെങ്കിൽ എങ്ങിനെയാണ് കഴിഞ്ഞുകൂടുന്നത്?

അയനമാഗ്ഗങ്ങളിൽ ധ്രുവദീപ്തി അപ്രത്യക്ഷമാണെന്നും വിഷു വദ്വൃത്തങ്ങളിൽ സുലഭമാണെന്നും പറഞ്ഞിട്ടുണ്ടല്ലൊ. എന്നാൽ പതിനൊന്നുകൊല്ലംകൂടുമ്പോഴാണ് ഇതിന്റെ സംഖ്യ ഏററവും വദ്ധിച്ചു കാണുന്നത്. ഈ പതിനൊന്നുകൊല്ലത്തിന്നിടക്കു പൂവ്വാ ദ്ധത്തിൽ ക്രമത്തിന് ക്ഷയവും ഉത്തരാദ്ധത്തിൽ വദ്ധനയും ആകു ന്നു. സൂര്യങ്കലുള്ള പുള്ളികളുടെ വദ്ധനകളും ഇതുതന്നെയാണ് കാ ലം. അതിന്നുംപുറമെ അറുപതിതവഷം കൂടുമ്പോഠം ധ്രുവദീപ്തി യുടെ സംഖ്യ അസാമാന്യമായി വദ്ധിക്കുകയും ഭൂമിയുടെ അയസ്കാ ന്തഗുണത്തിന്നു ക്ഷോഭം സംഭവിക്കുകയും ചെയ്യുന്നുണ്ട്. ഒരു കൊല്ലത്തിൽ ഇരുന്നൂറു ദിവസത്തിന്നിടക്കു നൂററയ്മ്പതുതവണ ധ്രുവദീപ്തിയുണ്ടായിട്ടുണ്ടത്രെ.

യൂറോപ്പുഖണ്ഡത്തിന്റെ വടക്കെ അററത്ത് ലാപ്ലൻഡ് എ ന്ന രാജ്യത്തിലെ ബോസിക്കോഫ് എന്ന നഗരത്തിൽ ആയിര ത്തി പതിന്നാലാമാണ്ട് ധനുമകരം കാലത്തിലുണ്ടായ ഒരു ധ്രുവദീ പ്തിയെപററി ഇപ്രകാരം വണ്ണിച്ചിരിക്കുന്നു. വൈകുന്നേരം നാലു മണികഴിഞ്ഞ് ആറുമണിക്കുമുമ്പ് ബോസിക്കോഫിന്റെ വടക്കുഭാ ഗത്തു കണ്ടുവരാറുള്ള ധൂമികക*യുടെ നിറം പകന്ന ആദ്യം ക്രമമില്ലാ തിരുന്ന പ്രഭ ക്ഷണത്തിൽ ഒരു വില്ലിന്റെ ആകൃതിയായിതിന്നു. വി ല്ലിന്റെ വളവ ഭൂമിക്ക് അഭിമുഖവും നിറം മങ്ങിയ മഞ്ഞയും അതി ന്റെ സ്ഥിതി മദ്ധ്യാഹ്നരേഖയിൽനിന്ന് അല്പം എടത്തോട്ടുമാറി അയസ്കാന്തരേഖയോടു (കാന്തസൂചി നില്ക്കുന്നരേഖ) സമാന്തരമായ രേഖയിലും ആയിരുന്നു. പ്രഭക്ക് ആകൃതി ലഭിച്ചതോടുകൂടി വൃത്ത

§Higher Latitudes
* Fog

ഖണ്ഡത്തിൻെറ ഇടക്കിടെ വരിവരിയായി മഞ്ഞരശ്മികളോട് ഇടകലൎന്ന രേഖാമാത്രങ്ങളായ നിഴലുകൾ വീഴുകയും ഈ മഞ്ഞരശ്മികളും നിഴലുംകൂടി ഭൂവലയത്തിൽ വന്ന് യോജിച്ച് മദ്ദാമ്മമാരുടെ വിശറി നിവൎത്തിയാലത്തെ കൂട്ടത്തിലായി. ആ നിലയിൽ രശ്മികൾ അതിതീക്ഷ്ണമായ ചലനത്തോടുകൂടി തുടരെത്തുടരെ ചക്രവാളത്തിൽനിന്നു മേല്പോട്ടു വലിക്കയും ഉടനെ ചോട്ടിൽതന്നെ വന്നുകൂടുകയും ചെയ്തുകൊണ്ടു കുറെനേരം നിന്നു. അതിൻെറശേഷം ആ പ്രഭാവിശേഷം വിശറിയുടെ ആകൃതിയിൽതന്നെ ആകാശമദ്ധ്യത്തിലേക്കു ക്രമേണ ഉയൎന്ന് ഉയരുംതോറും ചുളിവുകൾ തെളിയുകയും വൎദ്ധിക്കുകയും ചെയ്തിരുന്നു. കുറെ ചെന്നപ്പോൾ മട്ടൊക്കെ മാറി രാജകിരീടാകൃതിയിൽ ആകാശത്തു കിടന്നു തിളങ്ങുവാൻ തുടങ്ങി. രശ്മികളുടെ നിറവും പകൎന്നു. ഒരു നിമിഷത്തിന്നിടയിൽ അനേകവിധം വൎണ്ണങ്ങൾ മാറിമാറി വരുന്ന ലക്ഷം നക്ഷത്രങ്ങൾ ചേൎത്തു പതിച്ചാലുണ്ടാകുന്ന പ്രകാശത്തിൽ ഒട്ടും കുറവല്ല അപ്പഴത്തെ രശ്മികൾക്കുണ്ടായിരുന്ന പ്രകാശം. ഈ കാഴ്ച അല്പനേരം മാത്രമേ നിലനിന്നുള്ളൂ. അപ്പഴക്കും പരന്നു കിടന്നിരുന്ന കിരണങ്ങൾ ഒക്കെ അടുത്തുകൂടി കാററുകൊണ്ടാടുന്ന കൊടിക്കൂറയുടെ മാതിരി ആടിക്കൊണ്ട് അതിവേഗത്തിൽ മേല്പോട്ടു പറന്നു. ഈ ദീപ്തിപതാകയുടെ വാലു ചുകന്നും നടു പച്ചച്ചും ബാക്കിഒക്കെ കടുത്തമഞ്ഞയും ആയിരുന്നു. തലക്കു മീതെ എത്തുന്നതിന്നു മുമ്പായി അതിൻെറ വലുപ്പം ചുരുങ്ങി നിറങ്ങൾ മാഞ്ഞ് പ്രകാശം കുറഞ്ഞു ഒടുവിൽ തീരെ കാണാതാവുകയും ചെയ്തു. ഈ ജഗന്മോഹനമായ ദീപ്തിവിശേഷത്തിന്നുള്ള കാരണത്തെ കുറിച്ച് പലരും പല വിധത്തിലാണ് അഭിപ്രായപ്പെടുന്നത്. എന്നാൽ ഇതേവരെ പലരും പല പ്രകാരത്തിൽ ചെയ്ത പരീക്ഷകളിൽനിന്ന് വിദ്ധ്യച്ഛക്തിയാണ് ഇതിൻെറ മൂലമെന്നു മുക്കാലും തീൎച്ചപ്പെടുന്നുണ്ട്. വിദ്ധ്യച്ഛക്തി രണ്ടു വിധമുണ്ട്. ഘനശക്തിയെന്നും ക്ഷയശക്തിയെന്നും, ഇതു രണ്ടുംകൂടി യോജിക്കുമ്പോഴാണ് ഇടി മിന്നൽ ഉണ്ടാകുന്നത്. ചില മേഘങ്ങൾ ഘനശക്തിയോടുകൂടിയതും ചിലത് ക്ഷ

യശക്തിയോടുകൂടിയതു് ആയിരിക്കും. ഈ മേഘങ്ങൾ അന്യോന്യം അടുത്തുവരുമ്പോൾ അവയിലുള്ള വിരുദ്ധശക്തികൾക്ക് തമ്മിൽ യോജിക്കുവാനുള്ള വാസനയുള്ളതുകൊണ്ട് അവ തമ്മിൽ ചേൎന്നു പ്രകാശിക്കുകയും ചെയ്യുന്നു. ഇതുപോലെതന്നെ ഭൂമിയിലുള്ള ക്ഷയവിദ്യുച്ഛക്തി വായുമണ്ഡലത്തിലുള്ള ഘനവിദ്യുച്ഛക്തിയോടുയോജിക്കുമ്പോഴാകുന്നു ധ്രുവദീപ്തിയുണ്ടാവുന്നത് എന്നാണ് വെച്ചിട്ടുള്ളത്. ഭൂമിയോടുകൂടി തിരിയുന്ന വായുമണ്ഡലത്തിൻെറ ഗതിയെ അനുസരിച്ച് ധ്രുവദീപ്തിസഞ്ചരിക്കുന്നതുകൊണ്ടും കാന്താശ്ശിയിന്മേൽ വിദ്യുച്ഛക്തി പ്രവൃത്തിക്കുന്നതുപോലെ ധ്രുവദീപ്തിയും പ്രവൃത്തിക്കുന്നതുകൊണ്ടും ഈ ഊഹം അടിസ്ഥാനമില്ലാത്തതല്ലം. എന്നാൽ മേഘങ്ങളിലെ വിരുദ്ധവിദ്യുച്ഛക്തികൾ തമ്മിൽ യോജിക്കുമ്പോൾ അന്തരത്തിങ്കലുള്ള വായുവിന്നു് ക്ഷോഭംതട്ടി പുറപ്പെടുന്ന ഇടിനിനാദം ഈ സംഗതിയിൽ ഉണ്ടാവാത്തതിന്നുള്ള സമാധാനം കണ്ടുപിടിച്ചു കഴിഞ്ഞിട്ടില്ല. സൂൎയ്യനിലുള്ള ഒരു പ്രത്യേകശക്തികൊണ്ട് ഭൂമിയുടെ അയസ്കാന്തഗുണത്തിന്ന് ക്ഷോഭം സംഭവിക്കുമ്പോൾ ഭൂമിയിൽ ക്ഷയവിദ്യുച്ഛക്തിയുണ്ടാകുമെന്നും, ആ ശക്തി വായുമണ്ഡലത്തിൽ ലീനമായി കിടക്കുന്ന സംയുക്തവിദ്യുച്ഛക്തിയിൽനിന്ന് ഘനവിദ്യുച്ഛക്തിയെ വേർപെടുത്തുമെന്നും, അപ്രകാരം ധ്രുവദീപ്തിക്കു ഹേതുഭൂതങ്ങളായ വിരുദ്ധവിദ്യുച്ഛക്തികൾ ജനിക്കുന്നു എന്നും, ഒരു വിദ്വാൻ പറയുന്നു. ഈ മതം സ്വീകരിക്കുവാൻ ആലോചിട്ടു വേണമെന്നു മററുചിലരും പറയുന്നുണ്ട്. എങ്ങിനെയെങ്കിലും ലോസ്സ്റ്റാട്ട് എന്നൊരു ശാസ്ത്രജ്ഞൻ ഒരു കുന്നിൻെറ മുകളിൽ ധ്രുവദീപ്തി ഉണ്ടാകുവാൻ ശ്രമിച്ചിട്ട് എതാനും ഫലിച്ചു എന്നു കേട്ടിട്ടുണ്ട്. പക്ഷെ നിറംമാത്രം വന്നില്ല.

ആർ. വി.

# തിരുനാസിക

(ദേവിസ്തോത്രം).

---

1. കോട്ടംകൂടാതെനിൻനാസികയൊടുപടത-
ല്ലീടുമെള്ളിൻപ്രസൂനം
വാട്ടംതട്ടിത്തളൎന്നിട്ടവനിയിലഴക-
റ്റൊക്കെവീഴുന്നുവെക്കം
നാട്ടിൽസാരംഗ്രഹിക്കുംസകലരുമിഹ
തത്സന്തതിക്കൂട്ടമെല്ലാം-
മാറ്റീടുന്നുണ്ടുഹാ,ഹാ,ശിവശിവ,കമലെ!
നിൻവിരോധംവിരോധം.

2. ചീക്കുന്നാനാഘ്രാണൌഘംകലരുമൊരു
ഭവന്നാസയെഭക്തികൈക്കൊ-
ണ്ടോൎക്കുന്നോൎക്കൊക്കെദൈവഗാൽഭുവനജനനിവയ്
ന്പോത്തസമ്പത്തശേഷാ
മൂക്കുന്നുണ്ടെന്നമൂലംകവിവരനികരം
നിന്റെനാസക്കുനന്നായ്
മൂക്കെന്നുള്ളോരുപേരിട്ടിതുസകലരുമ-
മ്മട്ടുതാൻകാട്ടിടുന്നു.

3. നിശ്വാസോച്ഛ്വാസകൎമ്മച്ഛലമൊടയിഭവാൻ
ഘ്രാണമക്ഷീണഭാവാൽ
വിശ്വാതിശ്രേഷ്ഠസമ്പത്തുലകിൽവിലസുവാ-
നായ്പുറത്തേക്കുവിട്ടും
നിശ്ശേഷാപൽപ്രണാശത്തിനുപരമവയെ
ച്ചൂഷണഞ്ചെയ്തുടുത്തും

വിശ്വത്തെക്കാത്തുവിശ്വാഭരമഹിഷി
വിശേഷിച്ചുശോഭിച്ചിടുന്നു.

4. ചാരുശ്രീപത്മനാഭന്തിരുവടിയുടെ
നല്ലാനനാംഭോരുഹത്തിൻ
സൌരഭ്യംപുണ്യലഭ്യംജിതമൃഗമദമാ-
ലേയകാലേയകാദ്യം (പങ്കം)
പാരംപ്രീത്യാലഭിച്ചിട്ടതിവികസി
തമാന്നിൻറനാസാവിലാസം
ചാരത്താസ്സുണ്ടിടുമ്പോഠംബതമുകുളിത
മാകുന്നുനിൻനേത്രയുഗ്മം.

5. കണ്ണത്തിൽകുണ്ഡലഞ്ചേർത്തുപരമരിക
ത്താകയാൽഭംഗിതിങ്ങും
കണ്ണാന്നേരെററുകല്ലുനിശമതുവശം
ചാടൽപൂണ്ടാടിടുന്നു
വണ്ണുതാംവക്ത്രമദ്ധ്യാത്തമപദനിലയാം-
ലിന്നിനില്ലൊന്നിനെന്നീ
വണ്ണംചിന്തിച്ചുനിൻനാസികയിതുപടി
നന്നായുയർന്നായിഗർവ്വാൽ.

6. കല്യാണക്കാതലായീടിനകടൽമകളെ!
മുഖ്യമാണിക്യരത്ന-
കല്ലോലുള്ളോരുനാസാമണിതാവനിതരാം
നിന്നുമിന്നുന്നകണ്ടാൽ
വല്ലാതുള്ളുന്നിറഞ്ഞുള്ളോരുനിരുപമമാം
ഭക്തുരാഗംപുറത്തി–
ങ്ങുല്ലാസാൽശീതമാംനിശ്വാസിതഗളിതമായ്വ-
ന്നിതോയെന്നുതോന്നും.

7 കല്യാണക്കാതലായീടിനകടൽമകളെ!
മുഖ്യമാംമൌക്തികത്താൽ
മെല്ലെത്തീർത്തുള്ളനാസാമണിതവ
നിതരാംനിന്നുമിന്നുന്നകണ്ടാൽ
വല്ലാതുള്ളന്നിറഞ്ഞുള്ളൊരുനിരവധി-
കാനന്ദചന്ദ്രൻപുറത്തി
ന്നുല്ലാസാൽശീതമാംനിശ്വാസിതഗളിതമായ്പ്പു-
ന്നിതൊയെന്നുതോന്നും.

കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ.

---

# കുട്ടിവായന.

പ്രസിദ്ധപ്പെട്ട മഹാകവിയായ മേപ്പത്തൂർ നാരായണഭട്ടതിരിപ്പാട്ട നാരായണീയം സുഭദ്രാഹരണം മുതലായ പല പ്രബന്ധങ്ങളുമുണ്ടാക്കി പ്രസിദ്ധി നേടിയതിൻെറശേഷം പൂരാടം പിറന്ന പുരുഷൻ എന്നു പേരുനേടിയ അമ്പലപ്പുഴെ രാജാവിനെ കാണവാൻവേണ്ടി അമ്പലപ്പുഴെ പോയിരുന്നു. ഇദ്ദേഹം വന്നിട്ടുള്ളത് രാജാവിന് അറിയാനിടയായതുമില്ല. അവിടെ എത്തിയ ഉടൻ തന്നെ കുളിച്ച് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽച്ചെന്നു ദേവോപാസനയും ചെയ്തുകൊണ്ടുകൂടി. അങ്ങിനെ ജപിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഹരിക്കാരൻവന്ന് രാജാവു കല്പനയായിരിക്കുന്നു എന്നുപറഞ്ഞ് ഭട്ടതിരിയെ രജാവിൻെറ അടുക്കലേക്കു കൂട്ടിക്കൊണ്ടുപോയി. രാജാവിന്നു ഭക്ഷണത്തിന്നു മുമ്പായി ഭാരതം വായിച്ചു കേൾക്കുക പതിവുണ്ട്. അന്നു പതിവു വായനക്കാരൻ ശാസ്ത്രികൾക്കെന്തോ തരമില്ലാതെ വന്നതുകൊണ്ടു തൽക്കാലം അമ്പലത്തിൽ കണ്ട നമ്പൂരിയെ കൊണ്ടുവരുവാൻ കല്പിച്ചതാണ്. ഒതുങ്ങിയ വേഷത്തിൽ സാധുനിലയിലായിട്ടും ബ്രാഹ്മണനെക്കണ്ടപ്പോൾ— നമ്പൂരിക്കു കൂട്ടിവായിക്കുവാനറിയാമോ?' എന്നു ഹരിക്കാരനോടെന്നപോലെ രാ

ജാവു ചോദിച്ചു. 'കൂട്ടിവായിച്ചു നോക്കാം' എന്നുമാത്രം അതിവിനയഭാവത്തിൽ ഭട്ടതിരി പതുക്കെ മറുപടി പറഞ്ഞു. പിന്നെ മുറയ്ക്കു ഭാരതം വായന തുടങ്ങി. കർണ്ണപർവ്വമായിരുന്നു വായിച്ചിരുന്നത്. അതിൽ ഭീമസേനൻെറ ഒരു കയററമായിരുന്നു പ്രകൃതം. അവസാനത്തിൽ

ഭീമസേനഭയത്രസ്താദുര്യോധനവരൂഥിനീ
ശിഖാഖാണ്ഡകസ്യേവകർണ്ണമൂലമുപാശ്രിതാ

ഭീമസേനനെപ്പേടിച്ച് ദുര്യോധനൻെറ സേന കഷണ്ടിക്കാരൻെറ കുടുമ്മപോലെ കർണ്ണമൂലത്തെ ആശ്രയിച്ചു എന്നാണ് ഈ ശ്ലോകത്തിൻെറ അർത്ഥം. ചെവിയുടെ അടുക്കൽ രണ്ടുരോമംമാത്രം ശേഷിച്ചിട്ടുള്ള രാജാവിന്ന് ഭാരതത്തിലില്ലാത്ത ഈ ശ്ലോകം അദ്ദേഹം ക്ഷണത്തിലുണ്ടാക്കി കൂട്ടിവായിച്ചതാണെന്നു മനസ്സിലായി. എന്നുമാത്രമല്ല, അദ്ദേഹം സാമാന്യക്കാരനല്ലെന്നും തീർച്ചയായി.

മേല്പത്തൂർ നാരായണഭട്ടതിരി അങ്ങുതന്നെയാണ് അല്ലേ എന്നു നിസ്സംശയം ചോദിപ്പാനും ധൈര്യം വന്നു. ഇതിന്നു പരിഹാരമായി ഭട്ടതിരി വേറേ ഒരു ആശീർവാദശ്ലോകവുംകൂടിച്ചൊല്ലുകയുണ്ടായി.

അവ്യഞ്ജനസ്താർക്ഷ്യകേതുര്യത്ര പദാഘടയിഷ്യതി
തത്തേഭവതുകല്പാന്തംദേവനാരായണപ്രഭോ!

അനിർവ്വേദ്യനായ ഗരുഡദ്ധ്വജനുണ്ടാക്കുന്ന സ്ഥാനം പ്രളയംവരെ അങ്ങയ്ക്കുണ്ടാവട്ടേ എന്നും, വ്യഞ്ജനംകൂടാതെയുള്ള താർക്ഷ്യകേതുഃ എന്ന ശബ്ദം സന്ധികൂട്ടിയാൽ ഏതുപദത്തെയാണോ ഉണ്ടാക്കിത്തീർക്കുന്നത് അത് (ആയുഃ) അങ്ങയ്ക്കു പ്രളയംവരെ നിലനില്ക്കട്ടേ എന്നുമാണ് ഈ ശ്ലോകത്തിൻെറ അർത്ഥം. ഇതുകേട്ടപ്പോൾ രാജാവ് ഇദ്ദേഹത്തിനെക്കൊണ്ടു വ്യാകരണത്തിൽ ഒരു ഗ്രന്ഥമുണ്ടാക്കിയ്ക്കണമെന്നും തീർച്ചയാക്കി. പിന്നെ അദ്ദേഹത്തിനെ കുറച്ചുകാലം അവിടെത്തന്നെ താമസിപ്പിച്ചു. അന്നു ഭട്ടതിരിയെക്കൊണ്ടുണ്ടാക്കിച്ചതാണ് 'പ്രക്രിയാസർവ്വസ്വം' എന്ന വലിയ വ്യാകരണഗ്രന്ഥം. ഈ ഗ്രന്ഥം അറുപതു ദിവസംകൊണ്ടുണ്ടാക്കിത്തീർത്തതാ

ണെന്ന് ഇതിൽ കൊടുത്തിട്ടുള്ള കലിദിനസംഖ്യകളെക്കൊണ്ടറിയാവുന്നതുമാണ്. ഭട്ടതിരിപ്പാട്ടിലേയ്ക്കു പരൽപ്പേരിടുവാനുള്ള സാമൎത്ഥ്യം പ്രസിദ്ധമാണല്ലോ. ഈ ഗ്രന്ഥത്തിലും ഉചിതമ്പോലെതന്നെ 'യത്നഃ ഫലപ്രസൂസ്സ്യാൽ' എന്നും മററുമുള്ള കലിസംഖ്യകളുടെ പേരുകളെ കൊടുത്തിട്ടുള്ളത് ഇതിന്നൊരു നല്ല ദൃഷ്ടാന്തമാണ്. ഈ മഹാകവിയുടെ ദ്രുതകവനസാമൎത്ഥ്യം അനിൎവ്വചനീയമാകുന്നെന്നുള്ളത് രണ്ടുമാസംകൊണ്ടു നിൎമ്മിച്ചിട്ടുള്ള ഈ വലിയ വ്യാകരണശാസ്ത്രഗ്രന്ഥത്തിലെ അനേകം ഉദാഹരണശ്ലോകങ്ങളെക്കൊണ്ടു വെളിപ്പെടുന്നുണ്ട്.

രാസവിലാസവിലോലം
സ്മരതമുരാരേൎമ്മനോരമംരൂപം
പ്രകൃതിഷുയൽപ്രത്യയവൽ
പ്രത്യേകംഗോപികാസുസമ്മിളിതം

ഈ പ്രാരംഭശ്ലോകത്തിന്റെ മാധുൎയ്യം ആരാണ് ആസ്വദിക്കാത്തത്? ഇതുണ്ടാക്കിയ കവിയെ ആരാണ് ബഹുമാനിക്കാത്തത്?

---

# ഖാൻബഹദൂർ ഖോർഖാഖാ

(ഒരു പൂൎണ്ണകഥ.)

---

നേരം മണി പന്ത്രണ്ടടിച്ചു. എന്നിട്ടും ഉറക്കം വന്നില്ല. രാമസുബ്ബയ്യന്നു ചെല്ലാനുള്ള വിധികടം വക പതിനായ്യായിരം ഉറുപ്പിക നാളെ പതിനൊന്നുമണിക്കു കോടതിയിൽ കെട്ടാഞ്ഞാൽ പക്ഷേ വലിയപാടംമുതലായ വഹകളും മുഴുവൻ ഒരടിക്കു തെറിച്ചുപോകും. കഷ്ടം! പങ്ങശ്ശമ്മാമന്റെ കാലത്തു ഞങ്ങളുടെ തറവാട്ടിന്റെ സ്ഥിതി എന്തായിരുന്നു. അയ്മ്പതിനായിരപ്പറനെല്ലു പാട്ടംവരുന്ന നിലയിൽ ആക്കിവെച്ച ആ മഹാൻ പരലോകംപ്രാപിച്ചപ്പോൾ ഒരു ശില്ലി കടം ഉണ്ടായിരുന്നില്ല. പിന്നത്തെ കാരണവരായ ഇട്ടിച്ചാത്തരമ്മാമൻ തറവാട്ടിനെ ഈവിധത്തിലാക്കിയെല്ലോ. ആദാ

യാ മുഴുവൻ നശിപ്പിച്ചു എന്നുമാത്രമല്ല കണ്ണിൽകണ്ട സേവന്മാൎക്കും പാണ്ടിപ്പട്ടന്മാൎക്കും ഒക്കെ ആധാരങ്ങൾ എഴുതിക്കൊടുത്ത് കടക്കാർ എത്ര വസ്തുക്കളാണ് ലേലംവിളിച്ചു കൊണ്ടുപോയത്. 'പെട്ടു ചത്താലും മോരിലെ പുളി മാറില്ലെ'ന്നു പറഞ്ഞപോലെ ആ ദുഷ്ടൻ വിഷ്ണുചാത്തരു ചത്തിട്ടും ഇതൊരു പാണ്ടിപ്പട്ടരും പിന്നേയും ശേഷിച്ചു. ഇതിന്നൊക്കെയും പുറമെ ഇട്ടിച്ചാത്തരമ്മാമൻ വേറെ ഒരു ദ്രോഹംകൂടി തറവാട്ടേക്കു ചെയ്തു. ഇട്ടിച്ചാത്തരമ്മാമന്റെ ദുഷ്പ്രവൃത്തികൾകണ്ടു സഹിക്കാൻ വയ്യാതേയും അതിന്നുവേണ്ടുന്ന നിവൃത്തി സമ്പാദിപ്പാൻ കയ്യിൽ പണമില്ലാതെയും നന്നെ കുഴങ്ങി, കുറെ കുഡുംബസ്നേഹമുണ്ടായിരുന്ന ആ കോരുഅമ്മാമൻ നാടുവിട്ടുപോയി. കോരുഅമ്മാമൻ നാടുവിട്ടുപോവാൻ ഇട്ടിച്ചാത്തരമ്മാമൻ കാരണമായതുകൊണ്ടു അതും ഇട്ടിച്ചാത്തരമ്മാമൻ ചെയ്ത ദ്രോഹംതന്നെ. എല്ലാം തറവാടിന്റെ സുകൃതക്ഷയമെന്നല്ലാതെഎന്തു പറയട്ടെ. ഒരു കാരണവന്റെ ധൂൎത്തും കടക്കാരുടെ ദുഷ്ടതയും കുഡുംബത്തിന്റെ നിർഭാഗ്യവും എല്ലാം കൂടി ചേൎന്ന് ഇപ്പോൾ എന്റെ തലയിൽ ഇങ്ങിനെയൊരു ഭാരമായി പരിണമിച്ചുവെല്ലോ. സ്വല്പശമ്പളക്കാരനായ ഞാൻ നിസ്സഹായനായി എത്രമാത്രം പ്രവൃത്തിക്കാം. ഇനി അങ്ങോട്ട് ഒരു വ്യവഹാരത്തിനു വഴിയില്ലെന്നാണ് വലിയ വക്കീലന്മാരുടെ അഭിപ്രായം. എന്തായാലും ഞാൻ വലിയ കുഴക്കത്തിലായി. വലിയപാടം മുതലായ കൃഷികൾ ഈ വ്യവഹാരത്തിൽവച്ചു തട്ടി എടുക്കണമെന്നാണ് ആ കള്ളപ്പട്ടരുടെ ഉദ്ദേശം. ഉറക്കംമുടക്കുന്ന ഈവക വിചാരങ്ങളും ഞാനുംകൂടിയാണ് കിടക്കമേൽ കിടന്നിരുന്നത്. വളരെനേരം ഈവിധത്തിൽ കിടന്നു. ഇങ്ങിനെ കിടക്കുമ്പോൾ എന്റെ വലത്തുഭാഗത്തെ ജനാലയുടെ വാതിലിന്മേൽ 'ടെ', 'ടെ', എന്നു മന്ദമായി രണ്ടു മുട്ട് ആരോ മുട്ടിയതുപോലെ ഒരു ശബ്ദംകേട്ടു. കാററുകൊണ്ടായിരിക്കുമെന്നു വിചാരിച്ച് അനങ്ങാതെ കിടന്നു. അല്പം കഴിഞ്ഞപ്പോൾ പിന്നേയും മുട്ടുകേട്ടു. അല്പംകൂടി കഴിഞ്ഞപ്പോൾ മൂന്നാമതും. കാററല്ല, വല്ല കള്ളന്മാരുമായിരിക്കും; നാളെ കോടതിയിൽ കെട്ടാനു

ള്ള പണം ശേഖരിച്ചുവച്ചിട്ടുണ്ടായിരിക്കുമെന്നും, അതു തട്ടിക്കൊണ്ടുപോകാമെന്നും കരുതി വന്നിട്ടുള്ളതായിരിക്കും. അങ്ങിനെയാണെങ്കിൽ കള്ളനു നല്ല വിഡ്ഢിത്വംപററി. ഭവനഭേദം ചെയ്താൽ ഉദ്ദേശിച്ച പ്രതിഫലം കിട്ടുന്നതിന് എന്റെ വീട്ടിൽ യാതൊരു തരവും ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല എന്റെ കയ്യിൽ കിട്ടിയാൽ അവനെ അത്രവേഗം വിട്ടയക്കുകയും ഇല്ല. എന്താണ് പുറപ്പാട് എന്നറികതന്നെയെന്നു കരുതി കിടക്കമേൽ അനങ്ങാതെ കിടന്ന് ക്രൂർ—ർ—ർ, ക്രൂർ—ർ—ർ എന്ന രാഗത്തിൽ (അല്ലെങ്കിൽ സ്വരത്തിൽ) ഞാൻ കുറേശ്ശെ കൂർക്കം വലിച്ചുതുടങ്ങി. പിന്നേയും മൂന്നുനാലുപ്രാവിശ്യം മുട്ടുന്ന ശബ്ദം കേട്ടു. മുട്ടു കുറേശ്ശെ മുറുകിത്തുടങ്ങി. വല്ല തുരപ്പനും വച്ചു കയ്യോ തലയോ അകത്തേക്കു കടത്തുന്നുണ്ടോ എന്നു നോക്കട്ടെ എന്നു വിചാരിച്ചു കിടക്കയിൽനിന്നു പതുക്കെ എഴുനിററു. അപ്പോൾ 'ആവ്', 'ആവ്' എന്നു മന്ദമായി രണ്ടു ശബ്ദം കേട്ടു. രണ്ടു മാർജ്ജാരന്മാർ പ്രണയകലഹത്തിന്നു വട്ടംകൂട്ടുകയായിരിക്കുമെന്നാണ അപ്പോൾ എനിക്കു തോന്നിയത്. പിന്നീടും ആവ്, ആവ്. പിന്നേയും ആവ്, ആവ്. ഇതെന്താണ്? പൂച്ചയുടെ ശബ്ദമല്ലല്ലൊ! ആക്കൊ എന്തൊ കെട്ടതിപററി വേദനാസൂചകമായി ആവു, ആവു, എന്നു പറകയാണിത്. ഒരു വേള നമ്മെപ്പററിക്കാൻവേണ്ടി കള്ളന്മാരും ഈതരം ഉപായങ്ങൾ എടുത്ത് ആത്മസ്വരം പുറപ്പെടുവിക്കാം. സാക്ഷാൽ ശ്രീരാമനെക്കൂടി അങ്ങിനെ പററിച്ചിട്ടുണ്ടല്ലൊ, എന്നൊക്കെ എനിക്കു തോന്നി.

ഇദറാവ് (ഭയപ്പെടേണ്ട, വേഗംവാ, എനിക്കു പോകാൻ കഠിനമായി, വാ, വാ, എന്നിങ്ങിനെ ഹിന്തുസ്ഥാനിയിൽ ആണ് പുറത്തുനിന്നുള്ള സന്ദേശം).

എന്താണിത്, ആരാണിത്, കുറേശ്ശെ ഹിന്തുസ്ഥാനി എനിക്ക് അറിയാമായിരുന്നതുകൊണ്ട്, ആരോ തിടുക്കമായി ആരെയൊ ഉദ്ദേശിച്ചു പറയുന്നതാണിത് എന്ന് എനിക്കു മനസ്സിലായി. ആരിത്, കാര്യമെന്ത്, എവിടെനിന്നുവരുന്നു, എന്താണ് കഥ, എ

ന്ന് എനിക്കു വളരെ ആലോചിച്ചിട്ടും ഉണ്ടായില്ല. ഏതായാലും ജനാല തുറന്നുനോക്കുകതന്നെയെന്നുകരുതി. വല്ല ആപത്തും വരുന്നുണ്ടെങ്കിൽ അതിനെ തടുക്കാൻവേണ്ടി അടുത്ത മൂക്കിൽ ചാരിവെച്ചിരുന്ന വടികളിൽ നല്ലതായ ഒന്നെടുത്തു വലത്തെകയ്യിൽ പിടിച്ച് ഇടത്തുകൈകൊണ്ടു ജനാല തുറന്നു.

നീയാർ? സത്യം പറയണം; ഇല്ലെങ്കിൽ നിന്നെ ഞാനിപ്പോളവസാനിപ്പിക്കും. നീയെന്തിന് ഈ അകാലത്തിൽ വന്ന് എന്നെ ഉപദ്രവിച്ചു? വേഗം പറ എന്നു ഞാൻ പറഞ്ഞു. എന്നിട്ടാണ് ആരാ ആരാണെന്നു നോക്കിയത്. ഇരുട്ടായിരുന്നുവെങ്കിലും തലയിലെ തൊപ്പിയും നീണ്ടുനരച്ച താടിയും മുട്ടുവരെ ഇറങ്ങിയ കുപ്പായവും അഴഞ്ഞ കാലുറയും കയ്യിൽ ഒരു വടിയും ഉള്ള ഒരാളാണ് എൻെറ മുമ്പിൽ ജനാലയുടെ അപ്പുറത്തു നിന്നിരുന്നത് എന്ന് ഒരു നോട്ടംകൊണ്ടുതന്നെ എനിക്കു മനസ്സിലായി. ഏതോ ഒരു കിഴവൻ പട്ടാണിയാണിവൻ എന്നു ധരിച്ചു. ഏതായാലും സൂക്ഷിക്കണം എന്നും ഉറച്ചു.

ഞാൻ—നീയാർ? പറ വേഗം.

മറേറയാൾ— ഞാൻ നിൻെറ കാരണവൻ കോരുമേനാണ്.

ഞാൻ— കോരുമ്മാമൻ മുസൽമാനായിരുന്നില്ലല്ലൊ എന്നുതന്നെയല്ല അദ്ദേഹം മരിച്ചുവെന്നുകേട്ടു ഞങ്ങൾ പുലകുളി ശേഷക്രിയ മുതലായതെല്ലാം കഴിക്കുകയുംകൂടി ചെയ്തുവെല്ലൊ.

മറേറ— എന്നെ നീ മരിച്ചുവെന്നു കരുതുന്നുവെങ്കിൽ ഞാൻ എൻെറ ചെയ്ത്താനാണെന്നു വിചാരിച്ചോ.

ഞാൻ—എന്തിന് ഇവിടെ വന്നു?

ചൈത്താൻ—നിന്നെ കാണ്മാൻ.

ഞാൻ—എന്നെ പകൽ കണ്ടുകൂടെ?

ചൈ—ഞങ്ങൾ സാധാരണയായി രാത്രി രണ്ടുയാമങ്ങളിൽ മാത്രമേ ശരീരികളായി സഞ്ചരിക്കയുള്ളൂ. ബാക്കി സമയങ്ങളിൽ അശരീരികളാണ്.

ഞാൻ—എന്നെ കാണേണ്ട ആവശ്യം എന്ത്? ഞാൻ ശ്രാദ്ധാദി കർമ്മങ്ങൾ ശരിയായി അനുഷ്ഠിച്ചുപോരുന്നുണ്ടല്ലോ.

ചൈ—എനിക്ക് ആവക യാതൊരാക്ഷേപവും ഇല്ല.

ഞാൻ—പിന്നെയെന്താണ് കാര്യം?

ചൈ—നിനക്ക് അഭ്യുദയം വരുത്തണമെന്നാണ് എന്റെ ഉദ്ദേശം. നിന്റെ ഇപ്പോഴത്തെ കുഴക്കങ്ങൾ എല്ലാം എനിക്കറിയാം. അതിനൊക്കെ നിവൃത്തിയുണ്ടാക്കാം. പക്ഷെ നീയൊരു കാര്യം തീർച്ചയായി കരാറചെയ്യണം. അതു നിനക്കു സമ്മതമാണൊ?

ഞാൻ—കേട്ടാൽ പറയാം.

തറവാട്ടുകു വലിയ ആപത്തുകൾ ഉണ്ടാകുന്ന ചില കാലങ്ങളിൽ പണ്ടശ്ശമ്മാമൻ പ്രത്യക്ഷീകരിച്ചു നിവൃത്തിമാർഗ്ഗങ്ങൾ ഉപദേശിച്ചിട്ടുണ്ടെന്നു എന്റെ മരിച്ച മുത്തശ്ശി പറഞ്ഞുകേട്ടിട്ടുള്ളതുകൊണ്ട് ഇപ്പോൾ ഞങ്ങൾക്കു സംഭവിച്ചിട്ടുള്ള അത്യാപത്തിനെ തടുക്കാൻവേണ്ടി പണ്ടശ്ശമ്മാമന്റെ നിദേശപ്രകാരം കോരമ്മാമൻ മൂർത്തീകരിച്ചു വന്നിരിക്കയായിരിക്കാമെന്ന് എനിക്കു തോന്നി.

ചൈ—നിനക്ക് എന്നിൽ ദൃഢമായ വിശ്വാസത്തെ ഉണ്ടാക്കുന്നതായ കാര്യങ്ങൾ വഴിയെ വരുന്നതുകൊണ്ട് സന്ദേഹംവേണ്ട. അന്യായമായ യാതൊരു കരാറും നീ ചെയ്യണമെന്നില്ല. സമ്മതമാണൊ, സമ്മതിച്ചോ, ഉം, ഭയപ്പെടേണ്ട. (എന്നു പല്ലു കടിച്ചു പറഞ്ഞു.)

ഞാൻ—എല്ലാം അമ്മാമന്റെ ഇഷ്ടംപോലെ.

ചൈ—ഇനിമേലിൽ ഞാൻ പറയാൻ പോകുന്നതും അതിൽനിന്നു അറി[illegible]ഉണ്ടാകാൻ പോകുന്നതും ആയ കാര്യങ്ങളെപ്പററിയൊ ഞാൻ നിന്റെ മുമ്പിൽ ആവിർഭവിച്ച വിവരമൊ ആരെയും ധരിപ്പിക്കരുത്. എന്തു പറയുന്നു?

ഞാൻ—അങ്ങിനെയാവാം അമ്മാമ.

ചൈ—പ്രത്യേകിച്ചു നിന്നെ ആശ്രയിച്ചു നിൽക്കുന്ന ആ കോന്തുനായരെ ഒട്ടും അറിയിക്കരുത്.

ഞാൻ — അതെന്തുകൊണ്ടാണ്?

ചൈ— അയാൾ വലിയ മാന്ത്രികനാണ്. മാന്ത്രികന്മാക്ക് ഞങ്ങളെ ഉപദ്രവിക്കാനാണ് അധികം താല്പൎയ്യം. എന്നുതന്നെയല്ല പണത്തിനുവേണ്ടി അയാൾ എന്തു നീചപ്രവൃത്തിയും ചെയ്യും. ഇതിന്നു പുറമെ കോന്തുനായൎക്ക് വിഷവൈദ്യം, ജ്യോതിഷം, ഇത്യാദി പല വിദ്യകളും ഉണ്ട്. അതുകൊണ്ട് അയാളെ വളരെ സൂക്ഷിക്കണം. ഞങ്ങൾ തമ്മിൽ മത്സരിച്ചാൽ കാൎയ്യം എവിടെയാണ് കലാശിക്ക എന്ന് അറിഞ്ഞുകൂട. എന്തായാലും അയാളെ അട്ടപ്പിക്കുന്നത അത്ര വെടിപ്പില്ല. അയാളെ അകത്തിയെങ്കിലെ കാൎയ്യങ്ങൾക്ക് എളുപ്പമുള്ളു. അതിനെന്താണ് ഞെരുക്കം? (എന്ന പല്ലു കടിച്ചുകൊണ്ടു ചോദിച്ചു)

ഞാൻ— അയാൾ ഒരു അഗതിയാണ്. നല്ല വിദ്വാനും ആണ്. വിദ്യയും ദാരിദ്ര്യം പ്രായേണ യോജിച്ചു കാണുന്നതുകൊണ്ടായിരിക്കാം അയാൾക്കും ദാരിദ്ര്യദുഃഖം സംഭവിച്ചിട്ടുള്ളത്. സാധുക്കളെ പാട്ടുള്ളേടത്തോളം രക്ഷിക്കണമെന്നല്ലെ ശാസ്ത്രം. എന്നുതന്നെയല്ല, അമ്മയുടെ ആണ്ടു ശ്രാദ്ധത്തിന് ഞാൻ പത്തൂര പോയിരുന്നപ്പോൾ അവിടെവച്ച് വിഷംതീണ്ടി മൂന്നുനാലു ദിവസം ശ്വാസവും ബോധവും ഇല്ലാതെ ശവപ്രായമായി കിടന്ന എന്നെ സക്കാരാളുകൾ എടുത്ത് മറവുചെയ്യാൻ കൊണ്ടുപോകുന്ന വഴിക്ക ദൈവഗത്യാ ഒരു തീൎത്ഥവാസിയുടെ വേഷത്തിൽ നടന്നിരുന്ന കോന്തുമ്മാമനാണ് എന്തൊക്കെയോ ഔഷധങ്ങൾ തന്നു ജീവിപ്പിച്ചത്. പിന്നീടു ഞാൻ വളരെയൊക്കെ പറഞ്ഞിട്ടാണ് അങ്ങോർ എന്റെ കൂടെ ഇവിടേക്കു പോന്നത്. ഇപ്പോൾ ഇവിടെ താമസിക്കുന്നതും എന്റെ താല്പൎയ്യപ്രകാരമാണ്. ഇതെല്ലാം മറന്ന് ഒരു നന്ദികേട് അങ്ങോരോട് ഞാൻ എങ്ങിനെ കാട്ടും. അതിലും വിശേഷിച്ച് അങ്ങോർ ഈ വീട്ടിൽവന്നു കൂടീട്ട് ഒരു കൊല്ലത്തിലധികമായി. എന്റെ അഭിവൃദ്ധിക്കും ക്ഷേമത്തിനുംവേണ്ടി എന്തുചെയ്യാനും സന്നദ്ധനായ അങ്ങോരുടെ നേരെ ഞാൻ എങ്ങിനെ അവിശ്വാസം കാണിക്കും. നല്ല പ്രയത്നശാലിയാണ്. നമ്മുടെ പറമ്പു മുഴുനും കിളച്ചത് കോന്തുമ്മാമനാണ്, ഒരു

കാ ചുക്കുലി നിവൃത്തിയുണ്ടെങ്കിൽ കൊട്ടപ്പിക്കയില്ല. എന്തെല്ലാം സസ്യാദികളാണ് ഉണ്ടാക്കിയിരിക്കുന്നത്. കോന്തുമ്മാമൻ വരുന്നതിനു മുമ്പു ശുദ്ധശൂന്യാംപിടിച്ചു കിടന്നിരുന്ന പറമ്പുകളെല്ലാം ഇപ്പോൾ എത്ര ശ്രീയായിട്ടു കിടക്കുന്നു. ഇതെല്ലാം അമ്മാമന് അറിയാമല്ലോ.

ചൈ— നീ കഠിനമായി യാതൊന്നും പ്രവൎത്തിക്കണമെന്നില്ല. കാൎയ്യാലോചനകളിൽ അയാളെ പങ്കു കൂട്ടണ്ട. നിൻെറകൂടെ ഇരിക്കും കാലം വല്ല കഞ്ഞിയോ ചോറോ ഉള്ളതിലോഹരി കൊടുത്തോ. അയാൾ ഇഷ്ടമുള്ള പ്രയത്നങ്ങളും ചെയ്തുകൊള്ളട്ടെ. അതിനു വിരോധമില്ല. കാൎയ്യഭാഗങ്ങളെപ്പററി അയാളെ വിശ്വസിക്കേണ്ട എന്നേ ഞാൻ പറയുന്നുള്ളു. അതിനെന്താണ് വിഷമം?

ഞാൻ— അങ്ങിനെയാവാം.

ചൈ— സത്യം?

ഞാൻ— സത്യം.

ചൈ— എന്നാൽ നിനക്കു നാളെവേണ്ട സാധനം മൂത്തങ്ങാ പറമ്പിലെ സൎപ്പക്കാട്ടിലുള്ള പാലയുടെ ചുവട്ടിൽ വടക്കുഭാഗത്തു മാന്തിയാൽ കിട്ടും. നേരം വൈകുന്നു. ഞാൻ പോട്ടെ. നേരം പുലരുന്നതിനു മുമ്പുതന്നെ പോയി അതു കൈവശപ്പെടുത്തിക്കൊ എന്നു പറഞ്ഞ് എൻെറ മുമ്പിലുണ്ടായിരുന്ന ആൾ പിന്നാക്കം നടന്ന് ഇരുട്ടിൽ ലയിച്ചു.

ഈ സംഭാഷണത്തിൽ ചൈത്താൻ പറഞ്ഞതെല്ലാം ഹിന്തുസ്ഥാനിയിലും ഞാൻ പറഞ്ഞത പാട്ടുള്ളേടത്തോളം ഹിന്തുസ്ഥാനിയിലും ബാക്കി മലയാളത്തിലും ആണ്. ചൈത്താൻെറ സംഭാഷണം വളരെ മൃദുസ്വരത്തിൽ ആയിരുന്നു.

ഞാൻ കിടക്കയിന്മേലെക്കു ചെരിഞ്ഞു. ഈ കണ്ടതും കേട്ടതും സ്വപ്നമൊ, മായയൊ, മനമതിഭ്രാന്തിയൊ, സ്വല്പപുണ്യസ്യതാവൽ ഫലപ്രാപ്തിയോ' എന്നാണ് എനിക്കു തോന്നിയത. ഏയ്, തലച്ചോറിനു ചൂടുതട്ടിയാൽ ഇങ്ങിനെയെല്ലാം ഉണ്ടാവാം. അതു വിശ്വസിച്ചു വല്ലതും പ്രവൎത്തിക്കാൻ തുടങ്ങിയാൽ മററുള്ളവർ എ)

ന്ന ഭ്രാന്തനെന്നു വിളിച്ചുതുടങ്ങും. ഇത് വിശ്വാസയോഗ്യമല്ല. ഈ ജനാല എങ്ങിനെ തുറന്നു? ഞാൻ അടച്ചാണെല്ലൊ കിടന്നത്. എന്തൊ, ആലോചിച്ചിട്ട് ഒരു വഴിയും കാണുന്നില്ല. അഥവാ ഈശ്വരൻ കടാക്ഷിച്ച വല്ല നിക്ഷേപത്തേയും കോരുമ്മാമൻ കുണ്ടിക്കാണിച്ചതും ആയിരിക്കാം. ഏതായാലും ആരേയും അറിയിക്കാതെ മുത്തങ്ങാപ്പറമ്പിലേക്കു പോകതന്നെ. ഒന്നു നോക്കിവരുന്നതുകൊണ്ടു ദോഷം വരാനില്ല. എന്നു തിച്ചപ്പെടുത്തി ഒരു റാന്തലും തീപ്പെട്ടിയും രണ്ടാംമുണ്ടും ദേഹരക്ഷക്കുവേണ്ടി ഒരു ഇടക്കപിശ്ശാങ്കത്തിയും എടുത്തു സർപ്പക്കാട്ടിലേക്കു തിരിച്ചു. അവിടെ എത്തി നോക്കുമ്പോൾ ഉലകൾ വീണ് പാലയുടെ ചുവടുമുഴുവൻ മൂടിയാണ് കിടന്നിരുന്നത്. വടക്കുഭാഗത്തായി മാന്തി ഏകദേശം ഒരു ചാൺ ചുവട്ടിൽ എത്തിയപ്പോൾ എന്തൊ എൻെറ വിരലുകളിൽ തടഞ്ഞു. നോക്കുമ്പോൾ നല്ല പുതിയ പവൻ. എനിക്കു വിശ്വാസം വന്നില്ല. അത് എൻെറ ആദ്യത്തെ സ്വപ്നത്തിൻെറ വന്മുറിയാണെന്നു ഞാൻ വിചാരിച്ചു. ഉണ്ടായിരുന്ന പവൻ മുഴുവൻ മാന്തി പുറത്തെടുത്തു. രണ്ടാംമുണ്ടു വിരിച്ച് അതിൽ ഇട്ടു എണ്ണിനോക്കി. ആയിരം പവൻ കൃത്യം. കുറെക്കൂടി ഉണ്ടായിരുന്നാൽ എത്ര നന്നായിരുന്നു എൻെറ കോരുമ്മാമ എന്ന് എനിക്കു പറയാൻ തോന്നി. (അതു മനുഷ്യസ്വഭാവമാണല്ലൊ). പിന്നേയും കുറെ മാന്തിയല്ലെന്നില്ല. പവൻ മിക്കതും രണ്ടുമൂന്നു കൊല്ലത്തിലധികം പഴക്കമുള്ളതല്ലായിരുന്നു. മുണ്ടുമടക്കി അതിൽതന്നെ കെട്ടി പാലയുടെ ചുവട് പൂർവ്വസ്ഥിതിപോലെയാക്കി ഞാൻ വേഗം മടങ്ങി. മുറിയിൽ എത്തി വിളക്കു കത്തിച്ചു കെട്ടഴിച്ചു വീണ്ടും പരിശോധിച്ചു. പവൻ തന്നെ. ഉടനെതന്നെ എഴുത്തുപെട്ടിയുടെ അകത്താക്കിപ്പൂട്ടി വാതിലുകളും ജനാലകളും ഭദ്രമായി അടച്ചുബന്ധിച്ചു. ഒരു സമയം വല്ല ഇന്ദ്രജാലവും ആണെങ്കിൽ രാവിലെ പെട്ടി തുറന്നു നോക്കുമ്പോൾ വല്ല മാറോടൊ കപ്പിക്കഷ്ണങ്ങളോ ആയിക്കാണും. അപ്പോൾ അത് ആരേയും കാണിക്കാതെ വടക്കേതിലെ പട്ടരുടെ പറമ്പിൽ ഇട്ടുകളയണം എന്നും ഉറച്ചു. പെട്ടിയെടുത്തു കിടക്കമേൽതന്നെ വെച്ച് അതിനെ പിടിച്ചുകൂട്ടിക്കൊണ്ടുതന്നെ കിടന്നു. എൻെറ മ

ന്നസ്സിൽ എന്തൊക്കെ വിചാരങ്ങളാണ് ഉണ്ടായത് എന്ന് എനിക്ക പറവാൻ പ്രയാസം. ഞങ്ങളുടെ തറവാട്ടെക്ക ഒരു ഇടിവെട്ടപോലെ വന്ന് ആ അത്യാപത്തിന്ന നിവൃത്തിയുണ്ടായല്ലൊ എന്ന സന്തോഷത്തിൻെറ ആധിക്യംകൊണ്ട് അന്നത്തെ ഉറക്കം കുന്തത്തിലായിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ, ആ ജനാലയിന്മേൽ കോന്തമ്മാമൻ പിന്നേയും മുട്ടുന്നുണ്ടെന്നുതോന്നി. രണ്ടുമൂന്നു പ്രാവിശ്യം ജനാല വെറുതെ തുറന്നുനോക്കി.

നേരം പുലൎന്നു. ജനാല പതുക്കെ തുറന്നുവച്ചു പെട്ടിയെടുത്തു. തുറന്ന വെളിച്ചത്തിൽ പത്രം കാട്ടി ഒന്നു നോക്കി. പവൻതന്നെ. ആക്ഷേപമില്ല. ഉടനെതന്നെ പൂട്ടി. എടുത്ത് അലമാരിയിൽവെച്ച് അതും പൂട്ടി. അകത്തുനിന്നു പുറത്തുപോന്ന് അതും പൂട്ടി. കോന്തുമ്മാമനെ അന്വേഷിച്ചപ്പോൾ കണ്ടില്ല. എവിടെ പോയിയെന്നു വീട്ടിൽ ആൎക്കും രൂപമുണ്ടായിരുന്നില്ല. ഏതായാലും മൂപ്പരെ കാണിക്കാതെ പവൻ കോടതിയിൽ എത്തിക്കാൻ ഇതുതന്നെ തരമെന്നു കരുതി ഊണു കാലമാവാൻ താമസിക്കാതെ വാലിയക്കാരനെ ഒരു വണ്ടി പിടിച്ചുകൊണ്ടുവരുവാൻ അയച്ചു. ഊണ് ഉടമലപ്പെട്ട അയ്യാപ്പട്ടരുടെ ഹോട്ടലിൽ ആവാമെന്നും എന്നാൽ കോടതിക്കുടുക്കെയായല്ലൊ എന്നും സങ്കല്പിച്ചു. ഈ വ്യവഹാരകാൎയ്യത്തിൽ എന്നുവേണ്ട എനിക്കുണ്ടാവുന്ന സകല ദുഃഖങ്ങളിലും പകുതിയിൽ അധികം പങ്കുകൊണ്ടു സഹതപിച്ചുപോന്ന സാധു കോന്തുമ്മാമനെ സച്ഛ്വാസം സന്തോഷിപ്പിക്കേണ്ട ഈ അവസരത്തിൽ കൂട്ടക്കൂടാതെ കബളിക്കേണ്ടതായി വന്നതിനെപ്പററി എനിക്കുണ്ടായ നിൎവ്യാജമായ പരിതാപത്തിന് അളവുണ്ടായിരുന്നില്ല.

* * * * * *

൧൧ മണിക്കു കോടതിയിൽ എത്തി. എൻെറ എതൃകക്ഷി ചെറുത്തുനിനകടവയറം, വീൎപ്പവാനുള്ള കിറപ്പാളത്തട്ടും, പൊളിഞ്ഞിടിനകട' ഇത്യാദി എണ്ണത്തിൽപ്പെട്ട സകല സംഭാരങ്ങളോടുംകൂടി എന്നേക്കാൾ നേരത്തെ കോടതിയിൽ എത്തി തൻെറ കൂട്ടകാരനായ വേറെയൊരു പട്ടരോട് ഏതാണ്ടൊക്കെ പറഞ്ഞു ചിരിച്ചുംകൊണ്ടു നിൽക്കുന്നതു കാണുകയും പിന്നിൽകൂടി ചെന്നപ്പോൾ

ശ്രോക്കേതിമഹൻ ഇൻക്രെ. തറവാടെ കട്ടിച്ചോറ ചെയ്യാൻ ഇൻക്രെ.' എന്നു പറയുന്നതു കേൾക്കുകയും ഞാൻ ചെയ്തു.

എന്നെക്കണ്ടപ്പോൾ 'എന്താ മേനവരെ, നമ്മുടെ കാൎയ്യം ഇന്നാകു തീക്കലാമൊ' എന്ന് എന്നോടും 'നോക്കട്ടെ' എന്ന് ഞാൻ അദ്ദേഹത്തോടും പറഞ്ഞു പിരിഞ്ഞു. ഞാൻ എൻെറ വക്കീലിൻെറ അടുക്കലേക്കു പോയി. ഖേലത്തിനു മുമ്പു സംഖ്യ കെട്ടി.

വൈകുന്നേരം കോന്തുമ്മാമനും ഞാനും തമ്മിൽ അല്പം ഒന്നു കലഹിച്ചു. ഇതു നടാടെയാണ്. സംഖ്യ എങ്ങിനെയുണ്ടായിയെന്നറിവാൻ കോന്തുമ്മാമനുണ്ടായിരുന്ന താല്പൎയ്യവും അറിയിക്കരുതെന്ന് എനിക്കുണ്ടായിരുന്ന ശാഠ്യവും ഒരുപോലെ പ്രബലങ്ങൾ ആയിരുന്നു. എൻെറ ശാഠ്യമാണ് ജയിച്ചത്. മൂപ്പൎക്ക് എൻെറ നടവടി നല്ല സുഖമായില്ല എന്ന് എനിക്ക് അദ്ദേഹത്തിൻെറ മുഖഭാവം കൊണ്ടും വാക്കുകളെക്കൊണ്ടും മനസ്സിലായി. എന്നുതന്നെയല്ല സത്യഭംഗം വരുത്താതെയിരിപ്പാൻവേണ്ടി അതിൽപിന്നെ മൂന്നു നാലു സംഗതികളിലും അദ്ദേഹത്തെ ഞാൻ കാൎയ്യാലോചനകളിൽ നിന്ന് ഒഴിവാക്കിയതും അദ്ദേഹത്തിന് അത്ര രസമായില്ല. കോന്തുമ്മാമനോടു ചെയ്ത സത്യത്തിനു ഭംഗംവന്നാലോ എന്നു ഭയപ്പെട്ടിട്ടു മാത്രമാണ് ഞാൻ മേൽപ്രകാരമെല്ലാം പ്രവൃത്തിച്ചത് അല്ലാതെ കോന്തുമ്മാമനെക്കുറിച്ചുള്ള സ്നേഹത്തിനു കുറവു സംഭവിച്ചിട്ടല്ലെന്നു വായനക്കാൎക്ക് അറിയാമല്ലൊ. 'കള്ളനെ നമ്പിനാലും കുള്ളനെ നമ്പാതെ' എന്നും 'പെരാനം പ്രാണസങ്കടം' എന്നും ഒരുദിവസം കോന്തുമ്മാമൻ അദ്ദേഹത്തോടുതന്നെ പറയുന്നതു യദൃച്ഛയാ കേൾപ്പാൻ എനിക്കു സംഗതിവന്നതുകൊണ്ടു മൂപ്പിലക്കു ഞാനുമായുള്ള സഹവാസം തീരെ സുഖപ്രദമല്ലായിരുന്നു എന്ന് എനിക്കു തീൎച്ചയായും തോന്നി. അങ്ങിനെയിരിക്കുമ്പോൾ ഒരുദിവസം രാവിലെ അദ്ദേഹം വളരെ ഗൌരവഭാവത്തോടുകൂടി എൻെറ അടുക്കൽ വന്ന് ഇപ്രകാരം പറഞ്ഞു: 'നാം തമ്മിൽ പിരിയേണ്ട കാലമായി. ഞാൻ ഇനി പല പുണ്യതീൎത്ഥങ്ങളേയും സഞ്ചരിച്ചുകണ്ട് എവിടെയെങ്കിലും വെച്ചു ദുഃഖഭൂയിഷ്ഠമായ ഈ ശരീരത്തെ ത്യജിക്കാനാണ് ഭാവിച്ചിരിക്കുന്നത്. വളരെ ദിവസം നിങ്ങളുടെ ദയയേയും

ഔദാൎയ്യത്തേയും സ്വീകരിച്ചു ജീവസന്ധാരണം ചെയ്തിട്ടുള്ള എനി ക്കു നിങ്ങളുടെ നേരെ തോന്നുന്ന നന്ദിയുടെ സൂചകമായും പ്രതി ഫലമായും വല്ലതും ചെയ്വാൻ സാദ്ധ്യമാകുമെന്നു തോന്നുന്നില്ല. എ ങ്കിലും എന്റെ പെട്ടിയും അതിൽ ഉള്ള ഗ്രന്ഥങ്ങളും മററു ചില്ലറ പദാൎത്ഥങ്ങളും ഞാൻ നിങ്ങൾക്കായി ദത്തംചെയ്യുന്നു. അല്ലാതെ വേറെ യാതൊന്നും നിങ്ങൾക്കു തരാൻ എന്റെ പക്കൽ ഇല്ല. എ ന്നാൽ ആ പെട്ടി എന്റെ പക്കൽനിന്ന് ഇനിയൊരെഴുത്തു കിട്ടു മ്പോഴൊ അല്ലാത്തപക്ഷം ഞാൻ മരിച്ചതിന്റെശേഷമൊ മാത്ര മെ തുറക്കാവു. പല മൂൎത്തികളേയും ആ പെട്ടിയുടെ ഉള്ളിൽ ഞാൻ സംഗ്രഹിച്ചിട്ടുണ്ട്. ഭൂമിയിൽ ദോഷാത്മകമായി യാതൊന്നുണ്ടൊ അതും ഗുണാത്മകമായി യാതൊന്നുണ്ടൊ അതും അനവധി കല പാതകങ്ങൾക്കും ധൎമ്മപരകൃത്യങ്ങൾക്കും യാതൊന്നു തന്നെ ഏക കാരണമായിതീരുന്നുണ്ടൊ ആയതും ആ പെട്ടിയുടെ ഉള്ളിൽ ഉണ്ട്. അതുകൊണ്ട് ആ പെട്ടി തുറക്കാൻ വളരെ സൂക്ഷിക്കണം. എ ന്റെ എഴുത്തു കിട്ടിയതിനു ശേഷമൊ എന്റെ മരണശേഷമൊ തു റക്കുന്നതിനു യാതൊരു വിരോധവും ഇല്ല.'

കിഴവന്റെ ഈ വാക്കുകൾ കേൾപ്പാൻ ഞാൻ സന്നദ്ധനാ യിരുന്നില്ല. അഗതിയായ കോന്തുമ്മാമൻ ഗ്രന്ഥങ്ങളും പെട്ടിയും എന്നിൽ സമൎപ്പിച്ചു ദേശാടനത്തിന് ഇത്രവേഗം പുറപ്പെട്ടുമെ ന്നൊ നാട്ടിലില്ലാത്ത കണ്ടാമണികൾ മുഴുവൻ നിറച്ചുവെച്ചിട്ടുള്ള ആ പെട്ടി എന്റെ തലയിൽതന്നെ കെട്ടിവെയ്ക്കുമെന്നോ ഞാൻ സ്വപ്നേപി വിചാരിച്ചിട്ടില്ല. മൂപ്പരുടെ കാലം കഴിഞ്ഞാൽ ഈ ഗ്ര ന്ഥങ്ങളും പെട്ടിയും എന്നുവേണ്ട മൂപ്പരുടെവക സകല സാമാന ങ്ങളും അദ്ദേഹത്തോടുകൂടെതന്നെ ഇട്ടു ദഹിപ്പിക്കണമെന്നു കരുതിയി രുന്ന എന്നെ മൂപ്പർ ഇപ്പോൾ പുലിവാലു പിടിപ്പിക്കയാണ് ചെ യ്തത്. പറഞ്ഞതു കേൾക്കാഞ്ഞാൽ അദ്ദേഹം എന്തൊക്കെ ആപ ത്തുകളാണ് വരുത്തിക്കൂട്ടുക എന്നതിനു ഒരു കണക്കില്ല. എന്നുത ന്നെയല്ല ഉത്തമമായ സാധനം എന്തായാലും സ്വീകരിക്കണമെന്ന വല്ലോ ശാസ്ത്രം. ആത്മതുഷ്ടികൊണ്ടല്ലേ അദ്ദേഹം എനിക്കു ഈ ഉ പകാരംചെയ്തത്. എന്തായാലും സ്വീകരിക്കതന്നെ. വല്ല മാന്ത്രിക

ന്മാരേയും അാനപഷിച്ചുപിടിച്ച് അവരുടെ തലയിൽ കെട്ടിവെയ്ക്കാമെന്നുകരുതി 'അങ്ങിനെതന്നെ'യെന്നു സഗൽഗദം ഞാൻ മറുവടി പറഞ്ഞു. പിന്നീടു മൂപ്പർ എന്നെ പെട്ടിയുടെ അടുക്കലേക്കു വിളിച്ചുകൊണ്ടുപോയി അതിൻെറ പൂട്ടിന്മേൽ വെച്ചിട്ടുള്ള മുദ്രയെ ചൂണ്ടിക്കാണിച്ച് 'ഈ മുദ്ര പൊട്ടിക്കുന്ന സമയം ഈ മന്ത്രം ജപിക്കണമെന്നുപറഞ്ഞ് എൻെറ ഒരുചെവി ഒരു കയ്യുകൊണ്ടും ആ ഞ്ഞോരുടെ ഒരുചെവി മററെകൈകൊണ്ടും പൊത്തിപ്പിടിച്ചുകൊണ്ട് എൻെറ തുറന്ന ഒരു ചെവിയിൽകൂടി ഒരു മന്ത്രം മൂന്നുപ്രാവിശ്യം പറഞ്ഞു താക്കോൽതന്നു. ഞാൻ വാങ്ങി. പിന്നിട് ഒട്ടുംതന്നെ താമസിക്കാതെ മൂപ്പർ എൻെറ ഭവനംവിട്ടു പോകയുംചെയ്തു. മന്ത്രം മറക്കരുതെന്നു വിചാരിച്ച് അതിനെ ഒരു കടലാസ്സിൽ എഴുതിവെച്ചു. പണ്ടൊരിക്കൽ ഒരു മാന്ത്രികൻ വന്ന് ഒരു മന്ത്രം എനിക്കുപദേശിച്ചതു ജപിച്ച് ജപിച്ച് 'ഹോം- പീക്ക്- പ്രീൻ- ബിസ്കെററ്, സ്വാഹാ' എന്നായി പോയതുകൊണ്ടാണ് ഈ തവണ ഞാൻ എഴുതിവെച്ചത്.

ഒരു മാസം കഴിഞ്ഞു. രണ്ടുമാസം കഴിഞ്ഞു. കോന്തുമ്മാമൻെറ എഴുത്താവട്ടെ യാതൊരു വത്തമാനമാവട്ടെ ഇല്ല. അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം നമ്മുടെ തപ്പാൽ ശിപായി ശിവശംകരൻപിള്ള രണ്ടെഴുത്തുകൾ എൻെറ കയ്യിൽ തന്നു. ആ എഴുത്തുകളിൽ ഒന്നു മദ്രാസിൽനിന്നും മറേറത് ഹരിദ്വാരത്തിൽനിന്നും ആയിരുന്നു. ഹരിദ്വാരത്തിൽനിന്നുള്ള എഴുത്തു കോന്തുമ്മാമൻെറ ആയിരിക്കുമെന്ന് എനിക്കു തോന്നി. അത് ആദ്യം പൊളിച്ചു. 'മന്ത്രംചൊല്ലി ക്രമപ്രകാരം മുദ്ര പൊളിക്കാം. ഗ്രന്ഥങ്ങൾ സൂക്ഷിക്കുകയും മാലധരിക്കുകയും മററു സാധനങ്ങൾ വേണ്ടവിധം ഉപയോഗപ്പെടുത്തുകയും ചെയ്യണം. ചുവട്ടിലത്തെ തട്ടിലുള്ള സാമാനങ്ങൾ കെട്ടുവരാതെ സൂക്ഷിക്കുകയും വേണം'.

ഹരിദ്വാരത്തിൽനിന്ന്. കോന്തുനായർ.

### രണ്ടാമത്തെ എഴുത്ത്

'ഖാൻബഹദൂർഘോർലാലാ ഹരിദ്വാരത്തിലേക്കു പോകുന്ന

സമയം ഇവിടെവന്ന കണക്കുകൾ നോക്കിപ്പോയപ്രകാരം കഴിഞ്ഞ ഡിസെമ്പ്ര ൩൧-ാംനു- വരെ അദ്ദേഹത്തിനു ചെല്ലേണ്ടും ഉറുപ്പിക മൂന്ന ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂററി അറുപത്തുനാലും അണ ഏഴും പൈ ഒയ്മ്പതും (൩൩൦൫൬൪- ക. ൭- ണ. ൯- സ) നിങ്ങൾക്കൊ ആഡ്വൊക്കൊ കൊടുക്കണമെന്ന് എഴുതിച്ചിരിക്കുകൊണ്ട മേല്പറഞ്ഞ സംഖ്യ ഏതുപ്രകാരം വേണ്ടു എന്ന് ഉടനെ മറുപടി അയച്ചു തരുവാനപേക്ഷ. കണക്ക് മേലിലും നിലനിർത്തണമെന്നുണ്ടെങ്കിൽ ക്രമപ്രകാരം പാസ്സ്ബുക്കും ചെക്കുബുക്കും അയച്ചു തരികയും ചെയ്യാം.'

മദ്രാസിൽനിന്ന്. (ഒപ്പ്)

മദ്രാസ്സ് ബാങ്ക് സിക്രട്ടേരി.

ഈ എഴുത്ത് എനിക്കല്ല. എനിക്കാവാനും പാടില്ല. എന്നാണ് എനിക്കു തോന്നിയത്. മേൽവിലാസം ഒന്നുകൂടി നോക്കി. ശരി. എനിക്കുതന്നെ. ഏയ് മേൽവിലാസം മാറിയതായിരിക്കാം. ഇട്ടിച്ചാത്തരമ്മാമൻെറ വക വല്ല കടത്തിനേയുംപററി ബാങ്കുകാർ എനിക്കയക്കാൻ വെച്ചിരുന്ന നൊട്ടീസ്സ് വേറെ ഏതൊലെക്കോട്ടിൽ ഇട്ട് ആക്കോ അയച്ചു മററാക്കോ ഉള്ള ഒരു കത്ത് എനിക്ക് എഴുതിവെച്ചിരുന്ന ലക്കോട്ടിലും ഇട്ട് അയച്ചു. ഏയ് അങ്ങിനെയാവാൻ പാടില്ല. ഈ എഴുത്തിൻെറ മുകളിലും എൻെറ പേരുതന്നെയാണല്ലൊ ചേർത്തിരിക്കുന്നത്. ഖാൻബഹദൂർഖോർലാലാ, ഇയ്യാൾ ആര്, കോന്തുമ്മാമനല്ല. കോന്തുമ്മാൻ, കാൽകാശിനു വില പിടിയ്ക്കാത്ത കോന്തുമ്മാൻ, അങ്ങോർ ഖാൻബഹദൂർഖോർലാലയാവാൻ തരമില്ല. നല്ല പച്ചമലയാളിയായ കോന്തുമ്മാൻ, വായിൽ പല്ലുകൂടി ഇല്ലാത്ത സാധു കോന്തുമ്മാൻ, കുടയുടെ ഓല പൊളിഞ്ഞപ്പോൾ നല്ല വാഴവള്ളിയിട്ട് കുത്തിക്കെട്ടിയ കോന്തുമ്മാൻ. ആയാളൊ ലക്ഷപ്രഭു, മദ്രാസ് ബാങ്കായിട്ട് എടവാട്ടുകാരൻ? ഏയ്, അതുണ്ടാവാൻ പാടില്ല. ഒരു സമയം പണ്ടു രാത്രി എന്നെ വിളിച്ചുണർത്തി അത്യാചത്തിൽനിന്നു രക്ഷിച്ച കോരുമ്മാമനായിരിക്കാം. ഖോർലാലാ, ഖോർലാലം, ഖോർ എന്നത് കോരു എന്നായിരിക്കും. ഇ

തെന്തൊരു മറിമായമാണ് ഈശ്വര! കോന്തമ്മാമനും ഹരിദ്വാരത്തിലാണ്. എതായാലും കോന്തമ്മാമന്റെ പെട്ടിതുറന്നു നോക്കുകതന്നെ. അതിൽ എന്തൊക്കെ കുന്തങ്ങളാണ് ഉള്ളത് എന്നു നോക്കാം, എന്നു നിശ്ചയിച്ച് ക്രമപ്രകാരം മന്ത്രംചൊല്ലി മുദ്രപൊളിച്ചു. തുറന്നുനോക്കിയപ്പോൾ പെട്ടിയുടെ ഉള്ളിൽ മേൽഭാഗം മുഴുവനും ഗ്രന്ഥങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു. അവയെ ഓരോന്നായി മാററിയപ്പോൾ ചുവട്ടിൽ ഒരു രുദ്രാക്ഷ മാല കിടക്കുന്നതുകണ്ടു. അതെടുത്ത് എന്റെ കഴുത്തിൽ ഇട്ടു . പിന്നത്തെ തട്ടിൽ നാലുവിരൽകനത്തിൽ പലതരം കറൻസിനോട്ടുകളും ആക്ക്ബർ മുതലായവരുടെ കാലത്തെ പലതരം സ്വർണ്ണനാണ്യങ്ങളും കുറെ ഹോലിസിക്കു് ഉറപ്പികയും മററമാണുണ്ടായിരുന്നത്. അവയെയെല്ലാം എടുത്തുമാററി മൂന്നാമത്തെതട്ടിലേക്കു പ്രവേശിച്ചപ്പോഴാണ് കാര്യം മുഴുവൻ മനസ്സിലായത്. ഒരുഭാഗത്തു ചെറിയ ഒരു പുസ്തകവും ഒരു ഭാഗത്തു ഒരു ചെറിയ പെട്ടിയും ബാക്കിഭാഗത്ത് എന്നെ രാത്രി വിളിച്ചുണർത്തിയ കോരുമ്മാമന്റെ തൊപ്പി, കൃത്രിമദന്തങ്ങൾ, മീശ, താടി, കുപ്പായം കാലുറ മുതലായ സാധനങ്ങൾ ആയിരുന്നു കിടന്നിരുന്നത്.

കാര്യം മുഴുവൻ ഒരിടിമിന്നൽപോലെ എന്റെ മനസ്സിൽ തെളിഞ്ഞു. കോരമ്മാമൻ എന്നോടു ഹിന്ദുസ്ഥാനിയിൽ മൃദുസ്വരത്തിൽ സംസാരിച്ചതിന്റെയും മററും കാരണവും ഇപ്പോൾ എനിക്കു സ്പഷ്ടമായി. ചെറിയ പെട്ടിയിൽ ഹൈദരാബാദ് നൈസാം, മദ്രാസ് ബാങ്ക്സിക്രട്ടെരി, മുതലായവരുടെ പല എഴുത്തുകളും മററു മായിരുന്നു. ചെറിയ ബുക്ക് ഒരു ഡൈറിയായിരുന്നു. അതിൽ കോരുമ്മാമൻ ഇട്ടിച്ചാത്തരമ്മാമനോടു പിണങ്ങി ഹൈദരാബാദിൽ പോയി നൈസാമിന്റെ ദസവാനായതും ഖാൻബഹദൂർഖോർലാലാ എന്ന പേരു സിദ്ധിച്ചതും വലിയ ഒരു ജില്ലയിലെ ജാഗിർദാർ ആയതും വളരെ പണം സമ്പാദിച്ചതും തന്റെ സ്വത്തുകളിൽ അധികഭാഗത്തേയും അഗതികളായവക്കു ദാനംചെയ്യതും ശേഷിച്ചതിനെ മദ്രാസ് ബാങ്കിലും തന്റെ കയ്യിലും ഉറപ്പിച്ചതും ഒടുവിൽ തന്റെ ഭവനത്തിൽ കോന്തുനായരായി വന്നതും മററും ആ ഡയറിപുസ്തകത്തിൽ എഴുതിവെച്ചിട്ടുണ്ടായിരുന്നു.

ഇതെല്ലാം വായിച്ചപ്പോൾ എൻെറ മനസ്സിൽ ഒരു മോഹാലസ്യമാണുണ്ടായത്. അയ്യോ എൻെറ അമ്മാമനെ ഞാൻ ഒരു അമ്മാമനെപ്പോലെ കണ്ടില്ലല്ലൊ എന്നു പറഞ്ഞ് മാറത്തടിച്ച് ഞാൻ നിലത്തുവീണത് എനിക്ക് ഓൎമ്മയുണ്ട്. പിറെറ ദിവസത്തെ വണ്ടിക്കുതന്നെ ഞാൻ ഹരിദ്വാരത്തിലേക്കു പോയി അമ്മാമനെകണ്ട് സാഷ്ടാംഗമായി പാദങ്ങളിൽ വീണു നമസ്കരിച്ചു അനുഗ്രഹവും വാങ്ങിപ്പോരികയും ചെയ്തു.

പുത്തേഴത്തു ഗോവിന്ദമേനോൻ ബി. എ.

---

# പലവക.

---

(പുസ്തകപരിശോധന).

കീൎത്തിമതിസ്വയംവരം വഞ്ചിപ്പാട്ടു— അക്ഷരക്കണക്കൊപ്പിച്ചു പാദം ചേൎത്തെഴുതാറായാൽ ഇക്കാലത്തു വല്ല ഗ്രന്ഥം എഴുതിത്തീൎത്ത് അച്ചടിപ്പിച്ചില്ലെങ്കിൽ വലിയ പോരായ്മയാണെന്നു വിചാരിച്ചു വരുന്ന ചെറുപ്പക്കാരിൽ ഒരാളാണെന്നു തോന്നുന്ന പ്രകൃതപുസ്തകത്തിൻെറ കൎത്താവായ ബ്രഹ്മശ്രീ എച്ച്. ജനാൎദ്ദനശൎമ്മാ അവർകൾ. അതിനാൽ ഈ പുസ്തകത്തെപ്പററി വിസ്താരമായി ഗുണദോഷനിരൂപണം ചെയ്യുന്നതു തീരെ അനുചിതമായിരിക്കും. എങ്കിലും ഇദ്ദേഹത്തോടും ഇദ്ദേഹത്തെപ്പോലെയുള്ള ഇതരകവികളോടും ഞങ്ങൾ ഇത്രമാത്രം ഉപദേശിക്കാം: ആയുഷ്കാലത്തിൽ വിലയേറിയ ഒരു ഭാഗം ഈ വക ഗ്രന്ഥനിൎമ്മാണത്തിൽ പരിശ്രമിച്ചാൽ ഇച്ഛാഭംഗം നേരിടുന്നതാണെങ്കിലും മലയാളഭാഷയിൽ സാമാന്യം പാണ്ഡിത്യം സിദ്ധിച്ചതിൻെറശേഷം പരോപകാരാൎത്ഥമായി വല്ല ഗ്രന്ഥങ്ങളും നിൎമ്മിക്കാൻ പുറപ്പെട്ടാൽ പ്രയത്നം ഒരിക്കലും നിഷ്ഫലമായി തീരുകയില്ല.

---

# P. SUBBAROY'S

World renowned and most efficacious Ayurvedic medicines




മരുന്ന സേവിച്ചതിന മുമ്പ്.

പി. സുബ്ബരായിയുടെ ലോകപ്രസിദ്ധങ്ങളും ഏററവും ഫലവത്തുക്കളും ആയ ആയുർവ്വേദഔഷധാലയം.

൧. ലോകപ്രസിദ്ധമായധാതുപുഷ്ടികാരി

ധാതു നഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നീററൽ, നീരൊഴിവു, മധുമേഹം, കല്ലടപ്പു (മൂത്രഘാതം) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും.



മരുന്ന സേവിച്ചതിന്റെ പിമ്പ്.

ഡപ്പി ഒന്നുക്ക വില രൂപ ൨. തപാൽ ചിലവു വകയ്ക്കു അണ ൭ വേറെ.

## ൨. പ്രമേഹനിവാരണി.

സിരാമേഹം, ഇടുപ്പുവലി, മൂത്രമധികമായും തടഞ്ഞും പോകുക, മേഡ്രം, പുകച്ചൽ, രക്തമോഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവർത്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും. കുപ്പി ൧ക്കു വില രൂപ ൧. മൂന്നു കുപ്പികൾവരെയുള്ള ബുങ്കിക്ക തപാൽ ചിലവു അണ ൫.

## ൩. സർവ്വവേദനാസംഹാരി.

ഈ തൈലം അല്പം പിരട്ടിയാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വീക്കം, മുടക്കുവാതം, നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാകുന്ന ശൂല, ഇടുപ്പുവേദന, പാർശ്വവായു, മേഹവായു, തിമിരവായു മുതലായ പല വ്യാധികൾ ഭേദപ്പെടും. കുപ്പി ഒന്നുക്ക വില രൂപ ൧. തപാൽ ചിലവു അണ ൫.

## ൪. മണ്ഡലകുഷ്ഠസംഹാരി.


മണ്ഡലകുഷ്ഠം, പുഴുക്കടി, തഴുതണം, നഖുങ്ങാണി എന്നീ പേരുകളുള്ള രോഗത്തിന്നു സിദ്ധൌഷധം. ത്വഗ്രോഗങ്ങൾ പലതും മാറും. തേമൽ മേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും. വില കുപ്പി ഒന്നിന്ന ൪-ണ. തപാൽ ചിലവു മൂന്നു കുപ്പിവരെ ൫ ണ വേറെ.

---

പി. സുബ്ബരായി, പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

## ൯. ലക്ഷ്മീകര കസ്തൂരിഗുളികകൾ

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സഹായം ഉപയോഗിക്കേണ്ടുന്ന വിലയേറിയ സാധനം. ദന്തവേദന, വായ്നാറ്റം, അജീർണ്ണം, പിത്തവായു ഇവകളെ ശമിപ്പിക്കും.



തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ എല്ലാ ഗുരുദ്രവ്യത്തെയും ജീർണ്ണപ്പെടുത്തും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട. ചുമ, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏറ്റക്കുറച്ചിൽപോലെ ഒന്നുമുതൽ ൪ വരെ ഗുളികകൾ വെറ്റിലച്ചാറിൽ കൊടുത്താൽ മതി. ൧൦൦ ഗുളികകൾ ഉള്ള കുപ്പി ൧-ക്ക വില ണ ൪. ൧ മുതൽ ൧൨ വരെ കുപ്പികൾ അടങ്ങിയ ബങ്കി ൧-ക്ക തപാൽകൂലി ൩ ണ.

## ൰. ദന്തചൂർണ്ണം.

സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിനു ൩- ണ. തപാൽ ചിലവു ൨ കുപ്പിവരെ ൩ ണ വേറെ.

## ൧൧. ജ്വരസംഹാരി.

കുളിർപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവയ്ക്കു നന്നു. വില ഡപ്പി ഒന്നിനു ൧ ക. തപാൽ ചിലവു ൬ ണ വേറെ.

## ൧൨. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി മീശ ഇമ ഇവ ബഹു പുഷ്ടിയായും നീണ്ടതായും കറുപ്പായും വളരും. കണ്ണിനു കുളുർമ്മയുണ്ടാക്കും. സകല കൺരോഗങ്ങളും തലവേദനകളും നീങ്ങും. ചെമ്പിച്ച രോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാക്കും. വില കുപ്പി ഒന്നിനു ൧൨ ണ. തപാൽ ചിലവു ൩ ണ വേറെ.

## ൧൩. രോമസംഹാരി.

രോമം എവിടെ വേണ്ടാതാക്കണമൊ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാക്കാതെ രോമത്തെ കളയും. വില കുപ്പി ഒന്നിനു ൪ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ ണ വേറെ.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

## ൧൦. അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചുകരിക്കുക, മലബന്ധം, വയറുനോവു, വായനാറ്റം, അജീൎണ്ണം, വയറുവീൎത്തുകയറുക, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നക്കു അണ ൨. തപാൽകൂലി അണ ൧ വേറെ.

## ൧൧, കൎണ്ണബിന്ദു.

ചീക്കാതു, ചെവികുത്തു, ചെവിയടപ്പു, ഇരച്ചിൽ മുതലായ കൎണ്ണരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും. വില കുപ്പി ൧ക്കു ൨ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൧ ണ വേറെ.

## ൧൨. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും. അജീൎണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലം പിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി ഒന്നിനു ൨ ണ. തപാൽ ചിലവു ൧ മുതൽ ൪ വരെ ഡപ്പികൾക്കു ൧ ണ. വേറെ.

## ൧൩. നേത്രബിന്ദു.

കൺനോവു, കൺകുത്തു, കൃച്ഛ്രം, നീരെടുപ്പു, മിന്നൽ, മാലക്കണ്ണു, പീളകെട്ടു, വെളുപ്പു, പൂവു, ചെറുപ്പു, എരിച്ചിൽ, ഇമ, ചൊറികം ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില കുപ്പി ഒന്നിനു ൨ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൧ ണ വേറെ.

## ൧൪. സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണത്താലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കും. വില ഡപ്പി ഒന്നിനു ൨ ണ. തപാൽ ചിലവു ൩ വരെ ഡപ്പികൾക്കു ൧ ണ വേറെ.

## ൧൫. മൃഗകസ്തൂരി.

കാശ്മീരിൽനിന്നും വരുത്തീട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസ്സിൽ ഉണ്ടു. ത്രപാത്തൂക്കത്തിനു ൪൨ ക. വില. ഒരു ത്രപാമുതൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവു പുറമെ, എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

## ൧൬. തേൾവിഷത്തിന്നു സിദ്ധൌഷധം.

തേൾകടിച്ച സ്ഥലത്തു രണ്ടുതുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസം കാണും. ഒരു കുഡുംബത്തിലെങ്കിലും ഈ മരുന്നു ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി ൧-ക്കു ൧ ക ൪ ണ. ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവൎക്കു ഡസൻ ൧ ക്കു ൨ ക. ൮ ണ. ഉള്ളവിലയിൽ കുറച്ചുമാത്രമെ വില ചുമത്തുന്നുള്ളു. വി. പി. കമ്മീഷൻ ൨ ണ പുറമേ. ഇൻഡ്യയിലും ബൎമ്മയിലും ൧൨ കുപ്പിവരെ വി. പി. കമ്മീഷൻ ൨ ണ. സിലോൺ ടി ൬ ണ.

## ൧൭. വ്രണവിരോപണ തൈലം.

ഈ കുഴമ്പു പിത്തപ്പുണ്ണു മുതലായ എല്ലാംവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇതു സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില ൮ ണ. മൂന്നു കുപ്പിവരെ വി. പി. കമ്മീഷൻ ൨ ണ മാത്രം.

## ൧൮. കണ്ഠശുദ്ധിഗുളിക.

ഇതു കണ്ഠം തെളിഞ്ഞു ശാരീരം നന്നാവുന്നതിന്നു അതി വിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു സംഗീതക്കാൎക്കും, പ്രസംഗക്കാൎക്കും, പാതിരിമാൎക്കും, ശബ്ദാവയവംകൊണ്ടു അത്ധ്യായാസം ചെയ്യേണ്ടവരായ മറെറല്ലാവൎക്കും വളരെ ഉപയോഗമുള്ളതുമാകുന്നു. വില ൮ ണ. വി. പി. കമ്മീഷൻ ൩കുപ്പിവരെ ൩ ണ.

## ൧൯. സ്നാനചൂൎണ്ണം.

ഈ പൊടി തേച്ചുകുളിക്കുന്നതിന്നു വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞു, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്നു ശൈത്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു. വില ൮ ണ. വി. പി. കമ്മീഷൻ ൰ ണ.

## ൨൦. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം, അൎശസ്സ്, ഉറക്കമില്ലായ്ക, ഇവയ്ക്കും ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മദ്ധ്യവയസ്സന്മാൎക്കും ഒരു പോലെ ഉപകരിക്കാവുന്നതാകുന്നു. വില ൧൦ ണ. വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൨ ണ.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആൎക്കാട്ട് ജില്ല.

## ൨൧. ഒന്നാംതരം ഗോരോചന ഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരള ഇതുകളിൽ ഉണ്ടാവുന്ന ഉപദ്രവങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അർശസ്സ്, ഉറക്കമില്ലായ്മ, [illegible] മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൩ ണ. വി. പി. കമ്മീഷൻ ൬ കുപ്പിവരെ ൩ ണ.

## ൨൨. ത്വഗ്രോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങു, ചൊറി, പോളുന്സ്, ചൂട, പുഴക്കടി, താരണം, ഒട്ടുവട്ട മുതലായ കടിയും ചൊറിച്ചലും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും ഏറ്റവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി. പി. കമ്മീഷൻ ൩ ണ.

ഒന്നാംതരം ഗോരോചനം തോല ൧-ക്ക വില ൩ ക. ഒന്നാംതരം കുങ്കുമകേസരം തോല ൧-ക്ക വില ൧ ക. ഒന്നാംതരം പച്ചക്കർപ്പൂരം, തോല ൧-ക്ക വില ൨ ക. ഒന്നാംതരം റോജാ അത്തർ, മുല്ലപ്പൂ അത്തർ, വെട്ടിവേർ, താഴമ്പു, മരിക്കൊളുന്തു, ജാതിമല്ലി, സുഹാഗ, ഹന, മശിഡംബു, അത്തർ മുതലായതുകൾ എപ്പോഴും തയ്യാറുണ്ട്. ഇവ ഒരു തോല. തൂക്കത്തിന്ന ക. ൧-വു തൊട്ടൽക്കുലിപ്പുറമെ.

| | ക. | ണ. | സ. |
|---|---|---|---|
| ഒന്നാംതരം ഗോരോചനം ത്രപാത്തുക്കെ ൧-ക്ക | ൩ | ൦ | ൦ |
| ടി മഞ്ഞൾ ടി ൧-ക്ക | ൧ | ൦ | ൦ |
| ടി പച്ചക്കർപ്പൂര ടി ൧-ക്ക | ൧ | ൦ | ൦ |

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴുതണം.

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

## പുതിയ പുസ്തകങ്ങൾ.

**പ്രിയവിലാപം—**

പള്ളിക്കൂടം മദ്ധ്യാറെഞ്ചു ഇൻസ്പെക്ടർ എം. രാജരാജവർമ്മ എം. എ. തമ്പുരാൻ തിരുമനസ്സുകൊണ്ടു രചിക്കപ്പെട്ട പുസ്തകം ഒന്നുക്കു വില അണ ൫.

**കഥാമഞ്ജരി, കരടകന്റെ വിക്രമങ്ങൾ —**

കൊല്ലം ഇംഗ്ലീഷു ഹൈസ്കൂൾ ഹേഡ്മാസ്റ്റർ കെ. പരമുപിള്ള എം. എ. അവർകളാൽ ഉണ്ടാക്കപ്പെട്ടതും വളരെ രസകരമായതും ആയ പുതിയ പുസ്തകം ഒന്നുക്കു വില അണ ൧ പൈ ൬.

**സാവിത്രി—**

ഹജൂർ ഹേഡ്ട്രാൻസ്ലേട്ടർ കെ. ചിദംബരവാദ്ധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു കഥാ പുസ്തകം ഒന്നുക്കു വില അണ ൨.

**മദ്ധ്യവസിദ്ധാന്തം—**

സൎക്കാർ വൈദ്യൻ പരവൂർ വി. കേശവനാശാനവർകളാൽ എഴുതപ്പെട്ട, 'സാരചന്ദ്രിക' ഭാഷാവ്യാഖ്യാനം. വില രൂപ ൧.

**പുതിയ മൂന്നാംപാഠം നോട്ടു മുഴുവൻ—**

വി. എൻ. ഗോവിന്ദപ്പിള്ള അവർകളാൽ എഴുതപ്പെട്ട, (പദാൎത്ഥം, ചോദ്യങ്ങൾ, സാരം ഇവ അടങ്ങിയ) പുസ്തകം ഒന്നിനു വില പണം ൧.

**കീൎത്തികേസരി—**

സി. കൃഷ്ണപിള്ള അവർകളാൽ എഴുതപ്പെട്ടതും സി. എൻ. എ. രാമയ്യാശാസ്ത്രികൾ ബി. എ. അവർകളാൽ ൧-ാം ഭാഗം പരിശോധിക്കപ്പെട്ടതുമായ, ൧-ാം ൨-ാം ഭാഗം അടങ്ങിയ പുസ്തകം ഒന്നുക്കു വില അണ ൧൪.

**മനോരമ—**

ഒ. ചെറിയ രാമൻ ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു പുതിയ കഥ വില അണ ൫.

**പഴഞ്ചൊല്ല്—**

ടി. യാരാൽ ഉണ്ടാക്കപ്പെട്ടത, പുസ്തകം ഒന്നുക്കു വില അണ ൪.

**ഉൎവ്വശീഫൽഗുനം —**

കോതമംഗലം കെ. ആർ. കൃഷ്ണപിള്ളയാൽ എഴുതപ്പെട്ട സംഗീതഭാഷാനാടകം. വില അണ ൨. പൈ ൬.

**രസാലരാജൻ കഥ —**

റി. കെ. പി. അവർകൾ എഴുതിയ പുസ്തകം. വില അണ ൨.

**സോമസുന്ദരൻ—**

മിസ്റ്റർ പത്മനാഭൻ എഴുതിയ ഒരു കഥ ഒന്നുക്കു അണ ൨. പൈ ൬.

**ദ്രോണർ—**

മിസ്റ്റർ വി. മമ്മു എഴുതിയ ഒരു പുതിയ കഥ ഒന്നക്ക അണ ൩.

**ലീലാവതി—**

മിസ്റ്റർ ലക്ഷ്മണൻപിള്ള എഴുതിയ അതിവിശേഷമായ നോവൽ വില ൫ അ.

**കൈവല്യശതകം—**

മിസ്റ്റർ പരമുപിള്ള എഴുതിയത. ഒക്ക അണ ൧.

**സന്താനവല്ലി—**

മിസ്റ്റർ രാമമേനോൻ എഴുതിയ കഥ ഒക്ക വില അണ ൧.

**ശംകരകൃതി—**

അ. മുൻസിപ്പായിരുന്ന മിസ്റ്റർ ശങ്കരപ്പിള്ള അദ്ദേഹം ഓരോസമയങ്ങളിൽ ഉണ്ടാക്കിയ കവിതകളെല്ലാം ചേൎത്തു സംഗീതമായും ഉള്ളകഥയായും അച്ചടിച്ചിട്ടുള്ളത പുസ്തകം ഒക്ക ൪ അണ.

**മിസ്റ്റർ സി. എം. മാധവക്കുറുപ്പ്—**

മിസ്റ്റർ കേശവക്കുറുപ്പ് എഴുതിയ ഒരു ഡിടക്കുറ്റിവ നോവൽ. വില അണ ൨.

**അവതാരത്രയചരിതം—**

സൌഭാഗ്യവതി ഇത്തിക്കാട്ടു ദേവകി അമ്മയാൽ എഴുതപ്പെട്ട പുതിയ പദ്യപുസ്തകം. വില അണ ഒന്നര.

**അദ്ധ്യാത്മരാമായണം—**

കെ. സാംബശിവശാസ്ത്രി മഹോപാദ്ധ്യായനവർകളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയത. വായനക്കാരുടെ സൌകൎയ്യാൎത്ഥം ഓരോ കാണ്ഡങ്ങൾ പ്രത്യേകമായി അച്ചടിച്ചുവരുന്നു. ഇതിൽ പദങ്ങളുടെ വിവരണമായ അൎത്ഥമൊരോ ശ്ലോകങ്ങളുടേയും സാരം ഇവകൾ അടങ്ങിയിരിക്കും. പുസ്തകം എല്ലാ കാണ്ഡങ്ങളും ഒന്നായും ബയൻറു ചെയ്തു വില്ക്കപ്പെടും.

**മയൂരസന്ദേശം മണിപ്രവാളം—**

കേരളവൎമ്മ സി. സ്സ. ഐ. എഫ. എം. യു. എം. ആർ. ഏ. എസ്സ് എഫ്. ആർ. എച്ച്. എസ്സ്. വലിയ കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ടതു. എം. ആർ. രാജരാജവൎമ്മ എം. ഏ. എം ആർ. ഏ. എസ്സ്. കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ട മൎമ്മപ്രകാശം എന്ന വ്യാഖ്യാനത്തോടുകൂടി തിരുമനസ്സിലെ അനുവാദം വാങ്ങി അച്ചടിച്ചു കഴിഞ്ഞിരിക്കുന്നു. ഉയൎന്നതരം കടലാസ്സിൽ അച്ചടിച്ചതിന്ന് ൧൲ ണ യും താണതരത്തിലുള്ളതിന്ന ൧ ണ യും വിലയാകുന്നു.

**ദാക്ഷായിണി—**

കോമത്തു കുഞ്ഞപ്പണിക്കർ അവർകളാൽ എഴുതപ്പെട്ടത വില അണ ൧.

**കാൎത്തവീൎയ്യാൎജ്ജുനവിജയം തുള്ളക്കഥ—**

മലയാളം ഹൈസ്ക്കൂൾ ഹേഡമാസ്റ്റർ കെ. ആർ കൃഷ്ണപിള്ള ബി. എ അവർ

കളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയ പുസ്തകം ഒന്നക്ക വില അണ ൨.

**താതോപദേശം—**

വി. കെ. കേശവനവർകളാൽ എഴുതപ്പെട്ട ഒരു പുതിയ മണിപ്രവാളകൃതി. പുസ്തകം ഒന്നക്ക വില അണ ഒന്നര.

**കാന്തോപദേശം—**

തിനവിളവി. രാമൻവൈദ്യർ അവർകളാൽ എഴുതപ്പെട്ടത. വില ൬ പൈ

**മനുസ്മൃതി—**

കെ. ഗോവിന്ദപ്പിള്ള അവർകളാൽ 'ഭാവപ്രകാശം' എന്ന വ്യാഖ്യാനത്തോടു കൂടി എഴുതപ്പെട്ട പുസ്തകം ഒന്നക്ക വില രൂപ ൨.

**വിക്രമാദിത്യൻകഥ—**

ടി യാരാൽ എഴുതപ്പെട്ട മൂന്നാം പതിപ്പു പരിഷ്കരിച്ചു വിദ്യാഭിവൎദ്ധിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടതു. വില ൧൨ അണ.

**മദനകാമരാജൻ കഥ—**

ടി യാരാൽ എഴുതപ്പെട്ട, മൂന്നാം പതിപ്പ. വിദ്യാഭിവൎദ്ധിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടത. വില ൬ ണ. ടി. അറബയിൻറ പുസ്തകം ൧൨ക്ക വില ൯ ണ.

**കഥാസരിത്സാഗരം—**

ടി യാരാൽ എഴുതപ്പെട്ട, പുസ്തകം ഒന്നക്ക വില അണ ൬.

**സതാരം—**

ടി യാരാൽ എഴുതപ്പെട്ട, പുസ്തകം ഒന്നക്ക വില അണ ൪

**അത്ഭുതകവിമങ്ക—**

വി. ജി. ലക്ഷ്മണൻപിള്ള അവർകളാൽ എഴുതപ്പെട്ട പുതിയ കഥ വില ൪ണ.

**വക്കലസ്ഥലമാഹാത്മ്യം—**

കമ്മമ്പള്ളിൽരാമൻപിള്ള ആശാനവർകളാൽ എഴുതപ്പെട്ടത. വില ൧൨ ണ.

**എനിക്കുപററിയ അപകടങ്ങൾ.—**

വില അണ ൩.

**ഭൂലോക വിനോദ കഥകൾ—**

കണ്ടിയൂർ മഹാദേവയ്യരവർകളാൽ എഴുതപ്പെട്ടത. വില അണ ൫.

**ചാട്ടമ്പിത്തലവൻ—**

കെ. ചിദംബരവാദ്ധ്യർ. ബി. എ അവർകളാൽ എഴുതപ്പെട്ട, ഒരു വിനോദകഥ. ഒന്നക്ക വില അണ ൪.

**ഡയറി—**

ബയൻറുചെയ്യതു. ഒന്നക്ക വില അണ ൪

മററും പല പുസ്തകങ്ങൾ ഇവിടെ വില്പാൻ തയ്യാറുണ്ട. തപാൽകൂലി പുറമെ. എല്ലാ പുസ്തകങ്ങളുടേയും പേരും വിലയും അറിഞ്ഞു പുസ്തകങ്ങൾ വരുത്തേണമെന്നു ആവശ്യപ്പെടുന്നവർ അരഅണയ്ക്കു സ്റ്റാമ്പു അയക്കണം.

എസ്. റി. റെഡ്യാർ വിദ്യാഭിവൎദ്ധിനി ഉടമസ്ഥൻ, കൊല്ലം, തിരുവിതാംകൂർ.

മുഖചിത്രം മിസ്സിസ് ആനിബസൻറ്.

## സംഗതിവിവരം.


1. ഒരു മലയാളസമാജം— (മദിരാശിയിൽ ഇതിന്റെ ആവശ്യകത) ... ... ... ... ... ... ... 515
2. ഹിന്തുക്കളുടെമൂലവിദ്യാലയം—മിസ്സസ് ആനിബസൻറ് 521
3. അമ്മായിപഞ്ചതന്ത്രം— കാരാട്ട അച്യുതമേനോൻ, ബി. എ. ബി. എൽ. ... ... ... ... ... ... 525
4. ആഭരണഭ്രമം (ഒരു കഥ)—മൂർക്കോത്തുകുമാരൻ ... ... 535
5. ഒരു ശിശുരാജ്യഭരണം—സി. എസ്സ്. ഗോപാലപണിക്കർ, ബി. എ. ... ... ... ... ... ... ... 542
6. പുരന്ദരദാസൻ— സംഗീതരസികൻ ... ... ... 54[illegible]
7. കണ്ണൻ— (ദേവീസ്തോത്രം) കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ ... ... ... ... ... ... ... ... 550
8. ഒരു കല്പിതസംഭാഷണം— ജി. രാമമേനോൻ, എം. എ. 553
9. അന്തരിക്ഷം—കെ. രാമകൃഷ്ണപിള്ള ... ... ... ... 559
10. ഏകാദശിമാഹാത്മ്യം (കൈകൊട്ടിക്കളിപ്പാട്ട്)—മച്ചാട്ട ഇളയത് (ശാന്തപ്പിള്ളി) ... ... ... ... ... 565
11. പലവക ... ... ... ... ... ... ... ... 569



വിദ്യാവിനോദിനി അച്ചുകൂടം.

വ്യാ-കുംഭം ൧൩-ാംനു- മുതൽ

പണം അടച്ചവരുടെ **പേരുവിവരം.**

---

| | | |
|---|---|---|
| മ. രാ. രാ. | അവർകൾ | |
| " | വക്കീൽ കുമാരപിള്ള കൊച്ചി വ്യ-ലെ | " 3—0—0 |
| " | പാറസ്സ്ൽ ഗോപാലമേനോൻ ൻ-ലെ | " 3—0—0 |
| " | ചെട്ടികുളങ്ങരെ വാർവിളാകത്ത പുത്തൻവീട്ടിൽ എൻ. രാമൻപിള്ള 78-79 | " 6—0—0 |
| " | കെ. നാരായണമേനോൻ ബി. എ. ബി. എൽ. ജസ്റ്റി ൻ-ലെ വരി | " 3—0—0 |
| " | കൊല്ലം കണിമേച്ചേരിയിൽ മാടമ്പിച്ചേരിയിൽ സുകുമാരൻ ൻ-ലെ വരിവക | " 2—0—0 |
| " | വി. ആർ. പത്മനാഭൻ, വിദ്യാർത്ഥി സത്രം ൻ ലെ | " 1—0—0 |

വ്യാ-ലെ വരിസംഖ്യ.

| | | |
|---|---|---|
| " | അവണപ്പറമ്പ് അനുജൻനമ്പൂരിപ്പാട | " 3—0—0 |
| " | പി. അമ്മുണ്ണിമേനോൻ ബി. എ. ക്ലാസ്സ് | " 3—0—0 |
| " | അഗസ്ത്യൻ പാപ്പാളി | " 3—0—0 |
| " | മിസ്സസ്സ് ഇ. ജി. പണിക്കർ | " 3—0—0 |
| " | കണാരൻനമ്പിയാർ | " 3—0—0 |
| " | സി. പത്മനാഭപിള്ള | " 3—0—0 |
| " | ആർ. കേശവപ്പിള്ള | " 1—0—0 |
| " | എ. ഗോപാലമേനോൻ തിരുവനന്തപുരം | " 3—0—0 |
| " | വക്കീൽ യോഗിയാപ്പെ | " 3—0—0 |
| " | സി. ശങ്കരമേനോൻ ബി. എ. ബി. എൽ. | " 3—0—0 |
| " | പി. മാധവൻ വൈദ്യൻ | " 3—1—0 |
| " | ഇ. ജെ. ജോൺ ബി. എ. ബി. എൽ. | " 3—0—0 |
| " | കെ. കൊച്ചുകൃഷ്ണമാരാർ ബി. എ. ബി. എൽ. | " 3—0—0 |

| | | |
|---|---|---|
| മ. രാ. രാ. | അന്തമനശ്രീ നാരായണൻതമ്പിഅവർകൾ | “ 3—0—0 |
| “ | കെ. ജാനകിഅമ്മ കുടിശ്യ ഉൾപ്പടെ | “ 5—0—0 |
| “ | എം. പരമേശ്വരൻപിള്ള | “ 3—0—0 |
| “ | വി. കെ. കൃഷ്ണപിള്ള | “ 3—0—0 |
| “ | എസ്സ്. രാമകൃഷ്ണപിള്ള സ്റ്റാമ്പുഗുമസ്ഥൻ | “ 1—8—0 |
| “ | ഏവൂർ എൻ. വേലുപ്പിള്ള ചവറ | “ 3—0—0 |
| “ | കൊടുങ്ങല്ലൂർ കുഞ്ഞിരാമവർമ്മതമ്പുരാൻ | “ 3—0—0 |
| “ | എൻ. കുഞ്ഞിശ്ശങ്കരൻനമ്പ്യാർ | 3—4—0 |
| “ | പി. ടി. രാമൻ കോഴിക്കോട് വ്വാ മേടം | |
| | മുതൽ ഒരു കൊല്ലത്തെ | “ 3—0—0 |
| “ | മഞ്ചേരികോവിലകത്ത ഉണ്ണിത്തമ്പുരാൻ | “ 3—0—0 |
| “ | ജി. കൃഷ്ണമല്ലൻ തലശ്ശേരി | “ 3—0—0 |
| “ | ടി. എം. എളയതിരുമുൽപ്പാട്ടിന്ന | |
| | ൻ ഉൾപ്പടെ | “ 6—0—0 |
| “ | ബ്ലാംഹയിൽ ഉണ്ണിയപ്പൻ നായർ (കുടിശ്ശ്യ | |
| | ക ഉൾപ്പടെ) | “ 4—8—0 |



MRS. ANNIE BESANT.

മിസ്സിസ് ആനിബെസൻറ്.

# രസികരഞ്ജിനി

൧൦൮൦

പുസ്തകം ൨. — എടവമാസം — ലക്കം ൧൦.


## മംഗളം.

സമതയോടു സമസ്തജനത്തിലും
മമതപൂണ്ടു ചിരായ ജയിക്ക നീ
സുമതിസമ്മതമാന്റ സമജ്ഞയാം
വിമലയാം മലയാളസമാജമേ!

കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ സി. എസ്. ഐ,
എഫ്. ആർ. എച്ച്. എസ്സ്, എഫ്, എം, യു.
എം. ആർ. എ. എസ്സ്.

# ഒരു മലയാളസമാജം*

## (മദിരാശിയിൽ ഇതിന്റെ ആവശ്യകത)

മദിരാശി പ്രസിഡൻസികോളേജ് മലയാളസമാജത്തിന്റെ

* മദിരാശി പ്രസിഡൻസി കോളേജ് മലയാളസമാജത്തിൽ വായിപ്പാൻ മഹാമഹിമശ്രീ കേരളവൎമ്മവലിയകോയിത്തമ്പുരാൻ. സി. എസ്. ഐ, എഫ്. ആർ എച്ച്. എസ്. എഫ്. എം. യു, എം. ആർ. എ. എസ്. തിരുമനസ്സുകൊണ്ട് അയച്ചു കൊടുത്ത ഉപന്യാസം ടി സമാജം സെക്രട്ടറി ഈ മാസികയിൽ പ്രസിദ്ധം ചെയ്യുവാൻ ഞങ്ങൾക്ക് അയച്ചുതന്നത്.

ര. ര. പ.

ഒരു യോഗം വരുന്ന മേയ് മാസത്തിന്റെ ആരംഭത്തിൽ ഉണ്ടാകുമെന്നും ആ അവസരത്തിൽ ഞാൻ സഭയുടെ ആദ്ധ്യക്ഷ്യം വഹിക്കുകയോ അതിനു സൌകൎയ്യമില്ലാത്തപക്ഷം ഒരു ചെറിയ ഉപന്യാസവും ഒന്നുരണ്ടു മംഗലശ്ലോകങ്ങളുമെങ്കിലും അയച്ചുകൊടുക്കുകയോ ചെയ്യണമെന്നും കാൎയ്യദൎശി മിസ്റ്റർ എം. കുഞ്ഞിരാമൻ നായർ ഈയിടെക്ക് എന്നെ എഴുത്തുമൂലം അറിയിക്കയുണ്ടായി. ഈ വാൎദ്ധക്യത്തിൽ ദൂരസ്ഥനായ ഞാൻ ദേഹംകൊണ്ട് അവിടെ സന്നിഹിതനാക എന്നുള്ളത് അസാദ്ധ്യമാകയാൽ അദ്ദേഹത്തിന്റെ അപേക്ഷാന്തരത്തെ എങ്കിലും പൂരിപ്പിക്കണമല്ലൊ എന്നു വിചാരിച്ചു പ്രസ്തുത ലേഖനത്തെ സഭാസമക്ഷം സമൎപ്പിച്ചുകൊള്ളുന്നു.

മദിരാശിപട്ടണത്തിന്റെ അവസ്ഥക്ക് അവിടെ എതാദൃശമായ ഒരു സമാജത്തിന്റെ നിത്യസാന്നിദ്ധ്യം അവശ്യം അപേക്ഷിതമാകുന്നു എന്നാണ് എന്റെ പൂൎണ്ണമായ വിശ്വാസം. കൊല്ലംതോറും കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ആംഗലഭാഷാഭ്യാസത്തിനായിട്ട് അവിടെ അസംഖ്യമായി കടന്നുകൂടുന്ന യുവാക്കന്മാൎക്കു മാതൃഭാഷാപരിചയത്തിനുകൂടി ഒരു മാൎഗ്ഗം അത്യന്താവശ്യകമാണെന്ന് ആരുംതന്നെയാണ് സമ്മതിക്കാത്തത്? ഒന്നാമത്, തമിഴും തെലുങ്കും മാത്രം പ്രചരിക്കുന്ന ഒരു ദിക്കിൽ മലയാളഭാഷാവ്യവഹാരത്തിനുള്ള സന്ദൎഭവും സൌകൎയ്യവും സുലഭമായി വരാൻ പ്രയാസമുണ്ട്. രണ്ടാമത്, ഇംഗ്ലീഷ് ഭാഷാദ്ധ്യേതാക്കൾ സ്വഭാഷാപഠനത്തിൽ അലസന്മാരാണെന്നുള്ളത് ഒരു ശോചനീയമായ അപവാദമാണ്. സൎവ്വകലാശാലക്കാർ ഇവരണ്ടിനേയും തുല്യപ്രാധാന്യം തന്നെയാണ് കല്പിച്ചിരിക്കുന്നത് എന്നുള്ളത് അവരുടെ നിയമങ്ങളിൽനിന്നു നല്ലതിൻവണ്ണം വിശദമാകുന്നുണ്ടെങ്കിലും, ചോദ്യപത്രങ്ങളിൽ പ്രദൎശിപ്പിക്കപ്പെടുന്ന വ്യത്യാസങ്ങളാലൊ അന്യകാരണങ്ങളാലൊ മലയാളവും മററുള്ള എതദ്ദേശീയ ഭാഷകളും ഈ വിദ്യാൎത്ഥികളുടെ ദൃഷ്ടിയിൽ പ്രായേണ നിസ്സാരകളായിട്ടാണ് പരിണമിക്കുന്നതെന്നുള്ള വാസ്തവം ഇവിടെ ഗ്രഹനംചെയ്യാൻ പാടുള്ളതല്ല. വിജയികളായ യുവാക്കന്മാരോട് ഈ അപരാധം ക്ഷന്ത

വ്യമല്ലെന്നു ബിരുദദാനാവസരത്തിൽ പല മഹാന്മാരും ഉപദേശരൂപേണ പ്രസംഗിച്ചിട്ടുണ്ടെങ്കിലും, ആ പ്രസംഗങ്ങളൊക്കെയും ഏതാവൽ പര്യന്തം ഭർത്തൃഹരി പറയുന്നതുപോലെ 'അരണ്യരുദിതം കൃതംശവശരീരമുദ്വർത്തിതം, സ്ഥലേബ്ജമവരോപിതം സുചിരമൂഷരേവർഷിതം, ശ്വപുച്ഛമവനാമിതം, ബധിരകർണ്ണജാപഃ കൃതഃ' എന്ന മട്ടിൽമാത്രം ഫലിക്കയെ ചെയ്തിട്ടുള്ളു. ഈ ഗഹനമായ സങ്കടത്തിൽ 'മലയാളസമാജം' പോലെയുള്ള മാതൃഭാഷാപോഷണോദ്യുക്തങ്ങളായ സദസ്സുകൾ ബുദ്ധിമാന്മാരായ കേരളീയയുവാക്കന്മാരുടെ ഏകസങ്കേതമായ മതിരാശിയിൽ സമുല്ലസിക്കുന്നത് അഭിനന്ദനീയമെന്ന് ഒരു തവണ പറഞ്ഞാൽ മതിയാകുന്നതാണോ? ഏവംവിധങ്ങളായ സമാജങ്ങളിൽനിന്നു വിദ്യാർത്ഥികൾക്കു ലഭിക്കുന്ന ഗുണങ്ങൾ കേവലം അപരിമേയങ്ങളാണെങ്കിലും അവയിൽ പ്രാധാന്യമേറിയ ചിലതിനെമാത്രം ഇവിടെ പ്രത്യേകമായി പ്രസ്താവിച്ചുകൊള്ളുന്നു.

ഒരു മലയാളസമാജത്തിൽനിന്ന് അതിലെ അംഗങ്ങൾക്കുണ്ടാകുന്ന സർവ്വോൽകൃഷ്ടമായ ലാഭം മലയാളം വഴിപോലെ സംസാരിക്കുന്നതിനുള്ള സാമർത്ഥ്യംതന്നെയാകുന്നു. വാഗ്മിതാ പാശ്ചാത്യഭാഷാപണ്ഡിതന്മാരുടെ ഒരു പ്രത്യേക സ്വത്തെന്ന് ആരെങ്കിലും വിചാരിക്കുന്നു എങ്കിൽ അതിൽപരം അബദ്ധമായി മറ്റൊന്നുംതന്നെയില്ല. ഏതുഭാഷയിലും ശരിയായി പരിശ്രമിക്കുന്നവർക്കു നിരർഗ്ഗളമായ വാഗ്വിലാസം ഉണ്ടാകാവുന്നതാണ്. സദസ്സുകളിൽ പ്രസംഗിച്ചു പരിശീലിക്കുമ്പോൾ കാലക്രമേണ അഭിപ്രായത്തിന്നനുസരിച്ചുള്ള പദങ്ങൾ മുഖസ്ഥങ്ങളായിരിക്കും. കേവലം ഒരു വിട്ടുവായൻ വാഗ്മിയായിത്തീരുന്നതല്ല; 'അല്പാക്ഷരരമണീയം യഃ കഥയതി നിശ്ചിതം സ ഖലു വാഗ്മീ; ബഹുവചനമല്പസാരം യഃ കഥയതി വിപ്രലാപീ സഃ' എന്നുള്ളത് എല്ലാ യുവാക്കന്മാരും സദാ സ്മരിക്കേണ്ടതാകുന്നു. 'മിതം ച സാരം ച വചോ ഹി വാഗ്മിതാ' എന്നാണല്ലോ മഹാകവി ശ്രീഹർഷന്റെയും മതം. ഈ ഉൽകൃഷ്ടപദത്തെ പ്രാപിക്കുവാൻ അശക്തന്മാരായ സാധാരണന്മാർക്കു തെ

റകൂട്ടാതെയും ആംഗലഭാഷയോട് ഇണപ്പെടാതെയും ഈ മലയാളസമാജംമൂലം അവരുടെ മാതൃഭാഷയെ സംസാരിക്കുന്നതിന്ന് ഇട വരുന്നു എങ്കിൽ അതുകൊണ്ടുതന്നെ ഇതിന്റെ ഭാരവാഹികൾക്കു ചാരിതാർത്ഥ്യത്തിനവകാശമുണ്ട്. ആധുനികന്മാരായ ആംഗല ഭാഷാദ്ധ്യേതാക്കളിൽ അധികംപേരും വിശേഷ്യങ്ങളെ നിശ്ശേഷവും, വിശേഷണങ്ങളെ പ്രായേണയും ഇംഗ്ലീഷാക്കി അതേഭാഷയിലുള്ള ക്രിയകളോടു 'ചെയ്യുന്നു' എന്നോ 'ആകുന്നു', എന്നോ മറ്റോ ഒരു പദം ചേർത്ത് ഒരു വിലക്ഷണമായ ഭാഷാവിശേഷത്തെ സൃഷ്ടിച്ചാണല്ലോ സാധാരണ വ്യവഹാരങ്ങൾപോലും ചെയ്യുന്നത്. 'പറങ്ങോടമാരാർ' പറങ്ങോടീപരിണയകർത്താവിന്റെ മനസ്സിൽമാത്രം അങ്കുരിച്ച ഒരു വ്യക്തിയല്ലെന്നും അതിന്റെ പ്രതിഛന്ദങ്ങൾ നാം ഇപ്പോൾ പോകുന്ന ദിക്കുകളിലൊക്കെയും ദൃശ്യങ്ങളാണെന്നും ഞാൻ ഇവിടെ സമർത്ഥിക്കണമെന്നില്ല. നമ്മുടെ മാതാപിതാക്കന്മാർ സംസാരിച്ചതുപോലെ സംസാരിക്കുന്നതു ലാഘവമാണെന്നു വിചാരിക്കുന്നവർ കുറയുമെങ്കിലും ഭാഷാപദങ്ങളൊക്കെയും വിസ്മൃതങ്ങളായി പോകുന്നതിനാൽ നിവൃത്തിയില്ലാതെ പലരും ഈ പന്ഥാവിനെ അനുസരിക്കുന്നതായിട്ടാണ് എനിക്കു തോന്നുന്നത്. അവർ ഏതാദൃശങ്ങളായ സമാജങ്ങൾ ഏർപ്പെടുത്തി അവയിൽ അംഗങ്ങളായി ചേർന്നു യഥാമതി പരിശ്രമിക്കുന്നതായാൽ അചിരേണ ഈ കഷ്ടതയിൽനിന്നു വിമുക്തന്മാരാകുമെന്നുള്ളത് നിസ്സംശയമാണ്.

ഈ സദസ്സുകളിൽ ഉപന്യാസങ്ങൾ എഴുതി വായിക്കുന്നവക്ക് തങ്ങളുടെ മാതൃഭാഷയെ തെറ്റകൂട്ടാതെയും ഭംഗിയോടുകൂടിയും ലേഖനങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള പാടവം അചിരേണ ഉണ്ടാകുന്നതാണ്. ഇത് ഒരു നിസ്സാരമായ ലാഭവുമല്ല. ഇങ്ങനെ കുറെ കാലം കഴിയുമ്പോൾ അവരിൽ ചിലർക്കെങ്കിലും ഗ്രന്ഥനിർമ്മണത്തിനുള്ള ശക്തിവരാതെ ഇരിക്കയില്ല. കേരളഭാഷാസാഹിത്യം ഇംഗ്ലീഷ്, സംസ്കൃതം, എന്നീ ഭാഷകളുടേതോ അഥവാ സോദരയായ തമിഴിന്റേതോ പോലെ വിസ്തൃതമല്ലെങ്കിലും അതിന്റെ ഏതാവൽപര്യന്തമുള്ള ചരിത്രത്തെ വഴിപോലെ ഗ്രഹിച്ചിട്ടുള്ളവ

ക്ക് അതിന്റെ വളൎച്ചയെപ്പറ്റി ലജ്ജിക്കുന്നതിനോ അനുക്രോശിക്കുന്നതിനോ അശേഷം അവകാശമില്ലാത്തതാണ്. തുഞ്ചത്തെഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാര്, ഉണ്ണായിവാരിയര്, ഇരയിമ്മൻ തമ്പി, അശ്വതിതിരുനാൾ എളയമഹാരാജാവ്, മഴമംഗലം നമ്പൂതിരി, കോട്ടയത്തു രാജാവ്, പൂനം നമ്പൂതിരി, ചാത്തുമേനോൻ സബ് ജഡ്ജി, വെണ്മണി നമ്പൂരി, ചാത്തുക്കുട്ടിമന്നാടിയാർ മുതലായവരുടെ വാക്കുകളാൽ പോഷിപ്പിക്കപ്പെട്ടിട്ടുള്ള ഭാഷാസാഹിത്യം കേവലം നിസ്സാരമെന്ന് അജ്ഞന്മാരല്ലാതെ ജല്പിക്കയില്ല. ഒരു ഭാഷയിലെ ഗ്രന്ഥസമുച്ചയം അതു സംസാരിക്കുന്ന ജനങ്ങളുടെ സൎവ്വോത്കൃഷ്ടമായ സമുദായസ്വത്താകുന്നു. അതിൽ അഭിമാനം തോന്നാത്തവർ മനുഷ്യമൃഗങ്ങളെന്ന അഭിധാനത്തിനേ പാത്രീഭവിക്കുന്നുള്ളു. കേരളഭാഷയുടെ ഉദൎക്കശ്രേയസ്സ് ആംഗലഭാഷാപണ്ഡിതന്മാരായ കേരളീയന്മാരെയാണ് മുഖ്യമായി അവലംബിച്ചിരിക്കുന്നത്. ഇംഗ്ലീഷിൽനിന്നു സാഹിത്യവിഷയമായും വിശിഷ്യശാസ്ത്രസംബന്ധമായും എത്ര ഗ്രന്ഥങ്ങളാണ് തൽക്ഷണംതന്നെ ഭാഷാന്തരീകരിക്കപ്പെടേണ്ടവയായി കിടക്കുന്നത്? അന്യത്ര വിവിധഭാഷകളുടെ പോഷണം ഇദാനീന്തനകാലങ്ങളിൽ പ്രായേണ ഉന്നതപരീക്ഷാവിജയികളാലാണ് ചെയ്യപ്പെടുന്നത്. തമിഴ, തെലുങ്ക്, കൎണ്ണാടകം എന്നീ ഭാഷകളിൽനിന്ന് അനവധി പുസ്തകങ്ങൾ ഇതിനു മുമ്പുതന്നെ അവരാൽ തൎജ്ജമചെയ്യപ്പെട്ടിരിക്കുന്നു. മനസ്സുമാത്രം ഉണ്ടെങ്കിൽ ഇതു കേരളീയയുവാക്കന്മാൎക്കും അസാദ്ധ്യമല്ല. ഈ വിഷയത്തിൽ സമുദായാംഗങ്ങളുടെ ശ്രദ്ധ സവിശേഷം ഉണ്ടായിരിക്കുമെന്നു ഞാൻ വിശ്വസിച്ചുകൊള്ളുന്നു.

മുൻ വിവരിക്കപ്പെട്ട അഭിപ്രായങ്ങൾക്കൊക്കെയും കാരണഭൂതമായ ഈ മലയാള സമാജത്തിൽനിന്നുണ്ടാകുന്ന വേറെ ഒരു അപ്രധാനമല്ലാത്ത ഗുണം അതിലെ അംഗങ്ങൾക്കൊക്കെയും സ്വദേശികളാണെന്നു വെച്ചുണ്ടാകുന്ന അന്യോന്യാഭിമാനമാകുന്നു. ഇതു മനുഷ്യൎക്കെല്ലാവൎക്കും ന്യായമായി വേണ്ടതും ഒരു സദസ്സിന്റെ അഭാവത്തിൽ വഴിപോലെ പ്രവൃദ്ധമാകുവാൻ ഇടയില്ലാത്തതുമാകുന്നു. സം

ഘബലത്തിൻെറ ഗുണങ്ങളെപററി ഇവിടെ ഏതെങ്കിലും പറയുന്നത് വിഷ്ടപേഷണമായിരിക്കുമെങ്കിലും സംഗതിഃശ്രേയസേ പുംസാം സ്വകുലൈരല്പകൈരപി, തുഷേണാപി പരിത്യക്താ ന പ്രരോഹന്തി തണ്ഡുലാഃ' എന്നുള്ളത് ഈ സമാജാംഗങ്ങളുടെ ഓൎമ്മയിൽ എന്നും ഇരിക്കേണ്ടതാണ്.

കേവലം ഒരു ലേഖനത്തിൻെറ സമ്പ്രദായത്തിൽ മാത്രം എഴുതണമെന്നുദ്ദേശിച്ചാരംഭിച്ചതായ ഈ ഉപന്യാസത്തെ ഇനിയധികം ദീൎഘീകരിക്കുന്നില്ല. സഭാ കാൎയ്യദൎശിയുടെ അപേക്ഷപ്രകാരം ഉണ്ടാക്കീട്ടുള്ള മംഗളശ്ലോകങ്ങളോടും ഈ മലയാളസമാജത്തിന് ഈശ്വരകൃപയാൽ സൎവ്വാഭീഷ്ടങ്ങളും സിദ്ധിക്കണെമെന്നുള്ള ആശംസയോടുംകൂടി ഈ ചെറിയ പ്രസംഗത്തെ ഇപ്പോൾ ഉപസംഹരിച്ചുകൊള്ളുന്നു.

വാഴാനായ് വന്ന ദുഷ്ടക്ഷിതിപഹതകർത്തൻ
ദുൎന്നയാരംഭമെല്ലാം
പാഴാക്കിബ്ഭാരതക്ഷോണിയെവിരവൊടുരക്ഷിച്ചുസൂക്ഷിച്ചതാരോ
താഴാതാ മന്ന്യയാം തൻപ്രസുവൊടു സമമി
യൂഴിവാഴുന്നൊരെഡ്വാ-
ൎഡ്ഢാമൻതൻകളത്രാദികളൊടു സുചിരം
വാൎത്താനായ്‌വാണിടട്ടെ.

മേളിച്ചുകൊണ്ടു മഹിരാശിയിലെഗ്ഗവൎണ്മെൻറ
കോളേജിൽ വാച്ച മലയാളസമാജമേ! നീ
പാലിച്ചിടാൻ പടുവതാം ഭഗവൽപ്രസാദാൽ
മേലിൽ ചിരം പരിലസിക്കുക പാരിടത്തിൽ.

## ഹിന്തുക്കളുടെ

# മൂലവിദ്യാലയം*

ബാലന്മാരുടെ ബുദ്ധിയെ സന്മാൎഗ്ഗവിഷയങ്ങളിൽ പ്രവേശിപ്പിച്ച്, അവൎക്ക് ഈശ്വരവിശ്വാസവും സ്വമതങ്ങളിൽ പ്രതിപത്തിയും ഉണ്ടാകേണ്ടതിലെക്കു നവീനവിദ്യാഭ്യാസരീതി ഉപയുക്തമാകുന്നില്ലെന്നുള്ളത് അതിന്റെ പ്രധാനന്യൂനതകളിൽ ഒന്നാകുന്നു. ഈ ദോഷത്തെ ഇല്ലായ്മചെയ്യുന്നതിന്നു സൎവ്വകലാശാലാനിയമങ്ങൾക്കു ചില ഭേദഗതികൾ വരുത്തേണ്ടതാണെന്നു പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ സൎവ്വകലാശാലക്കാരുടെയോ ഗവൎമ്മെണ്ടുകളുടേയൊ പരിശ്രമത്താൽ ഈ ന്യൂനത പരിഹരിക്കപ്പെടാവുന്നതാണെന്ന് തോന്നുന്നില്ല. നാനാജാതിമതക്കാരുടേയും ഉപയോഗത്തിലേക്കായി ഏൎപ്പെടുത്തപ്പെട്ടിട്ടുള്ള വിദ്യാലയങ്ങളിൽ മതസംബന്ധമായ വിദ്യാഭ്യാസം സുലഭമാക്കുവാൻ നിവൃത്തികാണുന്നതല്ല. ഭിന്നമതക്കാൎക്ക് അവരവരുടെ മതങ്ങളിൽ പ്രതിപത്തി ജനിപ്പിക്കുന്നതിന്ന് അതാതു യോഗക്കാൎക്കു പ്രത്യേകം പ്രത്യേകം വിദ്യാലയങ്ങൾ ഉണ്ടായിരിക്കുകമാത്രമേ ഈ ന്യൂനതക്കൊരു പരിഹാരമാൎഗ്ഗമായി കാണുന്നുള്ളു. ഹിന്തുമതത്തെ സംബന്ധിച്ചേടത്തോളം ഈ ദോഷത്തിന്നു പ്രതിവിധി കാണുവാൻ യോഗമുണ്ടായത് ഇന്ത്യയെക്കുറിച്ച് മാതൃവാത്സല്യമുള്ള മിസ്സസ്സ് ആനിബസൻറ് എന്ന സുപ്രസിദ്ധയായ ആംഗ്ലേയവിദുഷിക്കാണ്. ഈ വിദുഷിയുടെ അശ്രാന്തപരിശ്രമത്തിന്റെ ഫലമാണ് കാശിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഹിന്തുക്കളുടെ മൂലവിദ്യാലയം. ഈ വിദ്യാലയത്തെ സംബന്ധിച്ചുള്ള സംക്ഷേപമായ ഒരു വിവരണം ഞങ്ങളുടെ പ്രത്യേക അപേക്ഷപ്രകാരം മിസ്സസ്സ് ബസൻറ്തന്നെ സദയം അയച്ചുതന്നിട്ടുള്ളത് ഉപകാരസ്മരണയോടുകൂടി താഴെ തൎജ്ജിമ ചെയ്തു ചേൎക്കുന്നു. ര. ര. ച.

*Central Hindu College, Benares.

ഇക്കഴിഞ്ഞ ൧൮൯൮-ൽ ബ്രഹ്മവിദ്യാനുയായികളായ ചില മഹാന്മാരുടെ ഒരു ചെറിയ യോഗം (ഇതിൽ രണ്ടു പേരൊഴികെ എല്ലാവരും ജനനാൽ ഹിന്തുക്കളാകുന്നു) ഇന്ത്യാരാജ്യത്തിന്റെ ഗുണോൽക്കർഷത്തിന്നുവേണ്ടി എതദ്ദേശീയരെ സ്വരാജ്യസ്നേഹം, രാജഭക്തി, സത്യസന്ധത എന്നീ ഗുണങ്ങളോടുകൂടിയവരായും സകലസൽപ്രവൃത്തികളിലും പുരോഗാമികളായും 'ആര്യന്മാർ' എന്ന പേരിനു സർവ്വപ്രകാരേണയും അർഹന്മാരായും തീരത്തക്കവണ്ണം വളർത്തിക്കൊണ്ടുവരേണമെന്നുള്ള സദുദ്ദേശത്തോടുകൂടി ആദിപാഠത്തിന്നും ഉപരിപാഠത്തിന്നും ഓരോ ആലയങ്ങൾ സ്ഥാപിച്ചും ഈ ഫലോദ്ദേശത്തോടുകൂടിത്തന്നെ ഹിന്തുശാസ്ത്രങ്ങളെ ആസ്പദമാക്കി മതസംബന്ധമായും സന്മാൎഗ്ഗവിഷയമായും ഉള്ള വിദ്യാഭ്യാസം സാധാരണ പാഠവിഷയങ്ങളോടുകൂടി ചേൎക്കുകയും ചെയ്തു. വേണ്ടപോലെയുള്ള വ്യായാമക്രമങ്ങൾക്കും പ്രാധാന്യം കൊടുത്തിട്ടുണ്ടായിരുന്നു. പാഠശാലാസ്ഥാപകന്മാർ വിദ്യാലയങ്ങളെ നിലനിൎത്തേണ്ടതിലേക്കു ധനവ്യയവും പ്രതിഫലേച്ഛയോടുകൂടാത്ത അദ്ധ്വാനവും ചെയ്തു തങ്ങളുടെ കൃത്യത്തെ സ്വാൎത്ഥരഹിതമാകുംവണ്ണം നിൎവ്വഹിച്ചു വരികയും ചെയ്തു. ജ്ഞാനത്താൽ നിയമിതമായ സ്വാൎത്ഥത്യാഗപരിശീലനംകൊണ്ടുമാത്രമെ ഒരു രാജ്യക്കാൎക്കു 'സ്വദേശാഭിമാനം' എന്ന ഗുണം ഉണ്ടാകുവാൻ വഴിയുള്ളു എന്നുള്ളതിനെ പ്രവൃത്തിമൂലം തെളിയിച്ചുംകൊണ്ട് അതെ മനസ്സോടുകൂടി പ്രവൃത്തിക്കുന്നതിന്ന് അവരുടെ കൂട്ടത്തിലേക്കു മററുള്ളവരേയും ക്ഷണിച്ചു. ഈ ക്ഷണത്തിന്ന് അനുകൂലമായൊരു ധ്വനി ഭാരതഖണ്ഡമൊട്ടുക്ക് അതിവേഗത്തിൽ മാറെറാലി കൊള്ളുവാൻ തുടങ്ങി. പുരുഷന്മാരും സ്ത്രീകളും മഹത്തായ ഈ ഉദ്യമത്തിൽ എൎപ്പെടുന്നതു തങ്ങളുടെ കൎത്തവ്യകൎമ്മങ്ങളിൽ ഒന്നാണെന്നുവെച്ച് അവരെ യഥാശക്തി സഹായിക്കുന്നതിന്ന് ഒരുങ്ങിപ്പുറപ്പെട്ടു. ഹിന്തുക്കളുടെ പുണ്യസ്ഥലങ്ങൾക്കു മാതൃസ്ഥാനം വഹിക്കുന്ന ശ്രീകാശിനഗരത്തിലാണ് ഈ മൂലവിദ്യാലയം സ്ഥാപിക്കപ്പെട്ടത്. പൌരാണികമതത്തെ പുനരുജ്ജീവിപ്പിക്കുന്നതിന്നും പോഷിപ്പിക്കുന്നതിന്നും ഈ മൂലസ്ഥാനത്തുനിന്നു പു

ള്ളതായ അനേകം ഉത്സാഹപ്രവാഹങ്ങൾ പല കൈവഴികളുമായി തിരിയുമെന്നുള്ള പൂൎണ്ണവിശ്വാസം അവൎക്കുണ്ടായിരുന്നു.

൧൯൧൬ മാൎച്ച് മാസത്തിൽ ഈ വിദ്യാലയം പ്രയാഗസൎവ്വകലാശാലയോട് ഏകോപിപ്പിച്ചു. വിദ്യാലയത്തിൻെറ ഭരണവാഹകസമാജത്തിൽ ഇന്ത്യയിലെ ഏററവും പൂജ്യന്മാരായ ചില ഹിന്തുക്കളുടെ പേരുകളും ഉൾപ്പെട്ടിട്ടുണ്ട്. അതിൻെറ രക്ഷാധികാരികൾ കാശി, ജമ്മു, കാശ്മീരം, ഭവനഗർ, ബറോഡ, തിരുവിതാംകൂർ, ആൾവാർ, എന്നീ രാജ്യങ്ങളിലെ മഹാരാജാക്കന്മാരും ഫരിദ്കോട്ട, മൌർഭരി, ഈ രാജ്യങ്ങളിലെ രാജാക്കന്മാരും ആകുന്നു. ൧൯൧൬-ൽ കാശി മഹാരാജാവ് ൬൦,൦൦൦ ക. വിലക്കുള്ള കെട്ടിടങ്ങളും നിലങ്ങളും വിദ്യാലയത്തിൻെറ ആവശ്യത്തിലെക്കായി ദത്തം ചെയ്തു് അതിനെ യഥായോഗ്യം പ്രതിഷ്ഠാപനം ചെയ്തു. അതിൻെറ ആദ്യരക്ഷാധികാരിയും ഉപകാരകനും ആയ ആ മാന്യമഹാരാജാവിൻെറ ഒരു എണ്ണച്ഛായപ്പടം വിദ്യാശാലയെ അലങ്കരിക്കുന്നുണ്ട്. അതിൽപിന്നെ ഏകദേശം ലക്ഷം ഉറുപ്പിക വിലപിടിക്കുന്ന അനേകം കെട്ടിടങ്ങൾ പുതുതായി ചേൎത്തിരിക്കുന്നു. ബോമ്പെക്കാരനായ സേട്ടുധരംസെ മൂരാരിജിഗോകലദാസ് സാഹിബ് എന്ന മഹാൻ രസതന്ത്രവിദ്യാൎത്ഥികളുടെ ഉപയോഗത്തിലേക്കായി ഒരു രസസാംസ്കാരശാല പണിയിച്ചിട്ടുണ്ട്. പ്രകൃതിശാസ്ത്രവിദ്യാൎത്ഥികളുടെ ഉപയോഗത്തിന്നു പ്രത്യേകമായി ഒരു യന്ത്രശാല വേറെ ഒരു ബോമ്പെക്കാരനായ മാന്യനും പണിചെയ്യിപ്പിച്ചു. ൨൦൦ കുട്ടികൾക്ക് താമസിക്കാൻ സൌകൎയ്യമുള്ളതായി രണ്ടു നിലയിൽ ഒരു വിദ്യാൎത്ഥിസത്രവും കോളേജ് പണ്ഡിതന്മാൎക്ക് താമസിക്കേണ്ടതിന്നുള്ള സ്ഥലങ്ങളും തീൎപ്പിച്ചിട്ടുണ്ട്. ഇപ്പോൾ പുതുതായി ഒരു വിദ്യാശാല പണിതു തുടങ്ങിയിരിക്കുന്നു. ഒരു വായനശാലക്കും ഒരു കാഴ്ചബങ്കളാവിന്നുംകൂടി പ്രത്യേകമായ ഒരു കെട്ടിടം അത്യന്താപേക്ഷിതമാകുന്നു. വിദ്യാലയത്തിൻെറ പരദേവതയായ സരസ്വതിക്ക് കുളുക്കല്ലുകൊണ്ടുള്ള ഒരു ക്ഷേത്രവും മയൂധൌള്ളിയിലെ രാമ്മറാണി പണിചെയ്യിപ്പിച്ചു വരുന്നുണ്ട്. കോളേജിൻെറ

അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, പ്രധാനാദ്ധ്യാപകൻ, വിദ്യാത്ഥിസത്രംസൂപ്രഡേണ്ട്, ഒരു ഇംഗ്ലീഷ് പണ്ഡിതൻ, സിക്രട്ടറി, സഹായസിക്രട്ടറി മുതലായവർ ബ്രഹ്മവിദ്യാസമാജത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവരാണ്. അവർ എല്ലാവരും ഇന്ത്യാരാജ്യത്തെയും ഹിന്തുമതത്തെയും കുറിച്ച് വാസ്തവമായ പ്രതിപത്തി മൂലം പ്രതിഫലമൊന്നും കൂടാതെ അദ്ധ്വാനിക്കുന്നവരാണെന്നുള്ളതിന്നു പുറമെ, ഈ വിദ്യാശാലക്കുവേണ്ടി തീവ്രപരിശ്രമം ചെയ്യുന്നവരും ഏറ്റവും ധനസഹായം ചെയ്യുന്നവരും ആയ മഹാന്മാരിൽ അനേകംപേർ ഹിന്തുക്കളും അന്യമതസ്ഥന്മാരുമായ ബ്രഹ്മവിദ്യാസമാജികന്മാർ തന്നെയാകുന്നു.

പ്രസ്തുതവിദ്യാലയം ഇന്ത്യയിലെ നാനാഭാഗങ്ങളിൽനിന്നും വിദ്യാത്ഥികളെ ആകർഷിക്കുന്നുണ്ട്. ഇന്ത്യയിൽ സർവകലാശാലകളുള്ള അഞ്ചു സംസ്ഥാനങ്ങളിൽകൂടി, പത്തുപേൎക്ക് സഹായധനം കൊടുത്തു വരുന്നതുമുണ്ട്. പതിനായിരം വരിക്കാരുള്ള കോളേജ് വക മാസികയിൽ*നിന്നു കിട്ടുന്ന ആദായംകൊണ്ടാണ് ഈ സഹായധനത്തിന്നു വക കാണിട്ടുള്ളത്. ൧൯൦൭, മാൎച്ച് മാസത്തിൽ ഈ കോളേജിൽ ൪൩൭ വിദ്യാത്ഥികളും അതിനോടുചേൎന്ന സംസ്കൃതപാഠശാലയിൽ വേറെ ൧൩൯ വിദ്യാത്ഥികളും ഉണ്ടായിരുന്നു. ഈ ഒടുവിൽ പറഞ്ഞ പാഠശാലയോടുചേൎന്ന് ഒരു ധൎമ്മവിദ്യാത്ഥിസത്രവും ഉണ്ട്. പാഠശാലയും അതോടുചേൎന്ന വിദ്യാത്ഥിസത്രവും ജമ്മു മഹാരാജാവിന്റെയും മാസംതോറും ഏകദേശം ൧൫൦ കയിൽ കുറയാതെ കൊടുത്തു വരുന്ന ഉദാരശീലനായ കാശ്മീരമഹാരാജാവിന്റെയും സഹായത്താലാണ് നിലനിന്നു വരുന്നത്. മതസംബന്ധമായ പരീക്ഷകൾ നടത്തുന്നതിലേക്കു കോളേജിനോടു ചേൎന്ന് പതിമൂന്നു ഹൈസ്കൂളുകൾ രാജ്യത്തിലെ പല ഭാഗങ്ങളിലായും ഉണ്ട്. വിജയികളായ വിദ്യാത്ഥികൾക്ക് സട്ടിഫിക്കേ

* അടിച്ചതു മുഴുവൻ ചിലവായതുകൊണ്ട് കഴിഞ്ഞ കൊല്ലത്തിൽ ഈ മാസിക ആവശ്യപ്പെട്ടവൎക്കെല്ലാവൎക്കും അയച്ചുകൊടുപ്പാൻ സാധിക്കാതെ വന്നു.

റവം കൊടുത്തു വരുന്നുണ്ടു. കാളേജിൽനിന്നും അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്ന സനാതനധർമ്മപാഠമാലയിലാണ് കുട്ടികൾ പരീക്ഷിക്കപ്പെടുന്നത്. ഹിന്ദുമതത്തെ സംബന്ധിച്ചുള്ള പാഠപുസ്തകങ്ങൾ ഇന്ത്യാരാജ്യമൊട്ടുക്ക് വലിയ പ്രചാരമുള്ളവയാകുന്നു. ചിലസർക്കാർ പള്ളിക്കൂടങ്ങളിലും ഈ പുസ്തകങ്ങൾ ഇപ്പോൾ പഠിപ്പിച്ചു വരുന്നുണ്ട്. ഹിന്ദുമതോപദേഷ്ടാക്കളിൽ പ്രമാണികൾ ഈ പുസ്തകങ്ങളെ പററി പ്രശംസിച്ചു പറഞ്ഞിട്ടുള്ളതിന്നും പുറമെ അവയ്ക്കു ജനസാമാന്യത്തിന്റെ ഇടയിൽ ക്രമേണ പ്രചാരം വർദ്ധിച്ചു വരികയും ചെയ്യുന്നു. കോളേജു വക സഹായമൂലധനം നാലു ലക്ഷം ഉറപ്പികയിൽ കുറയാതെ ഉണ്ടു. കോളേജിനെ ശാശ്വതമായി നിലനിർത്തേണ്ടതിന്ന് ഈ മൂലധനം പത്തുലക്ഷത്തോളം വർദ്ധിക്കുവാൻ ഇടയാകുമെന്നാണ് വിശ്വസിക്കപ്പെടുന്നത്.

ഇക്കൊല്ലം ജനവരി മാസത്തിൽ പെൺകുട്ടികളുടെ ഉപയോഗത്തിലേക്കായി ഒരു വിദ്യാലയംകൂടി കാശിയിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് നല്ല സ്ഥിതിയെ പ്രാപിക്കുവാനുള്ള ലക്ഷണങ്ങളും കണ്ടുവരുന്നുണ്ട്.

ശ്രീകാശി
൧൯൦൪—ജനു—൧൫൹ } 　　ആനിബെസൻറ്.

---

# അമ്മായിപഞ്ചതന്ത്രം.

നാലാംതന്ത്രം

---

നാരദക്രിയ

'നാരദക്രിയ' എന്നാൽ കടിപിടികൂട്ടുകയാണെന്നെല്ലാവൎക്കുമറിയാമെന്ന വിശ്വാസത്തിന്മേലാണീ തന്ത്രത്തിന്നു നാമകരണം ചെയ്തിട്ടുള്ളത്:

'ഏഷണികൂട്ടുംനാരദനെന്നൊരു
ദൂഷണമുണ്ടുനമുക്കിഹപണ്ടെ.'

എന്ന് മഹൎഷിയുടെ സമ്മതപ്രകാരമദ്ദേഹത്തെപ്പററി ഒരു ദ്വേഷ്യം പറവാനുണ്ടായിരിക്കെ അദ്ദേഹത്തിൻെറ പേർ കേൾക്കാത്തവരാരെങ്കിലുമുണ്ടായിരിക്കുമോ എന്നു സംശയിക്കാനിടയില്ലല്ലൊ.

ഇരുതല കൊളുത്തുന്നത് അല്ലെങ്കിൽ കടിപിടികൂട്ടുന്നത് എളുപ്പമായ ദുഷ്പ്രവൃത്തിയാണെന്നു വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ അതു ശരിയല്ല. നാരദരും അമ്മായിഅമ്മയും — അല്ല തെററിപ്പോയി— അമ്മായിഅമ്മയും നാരദരും ചെയ്യുംപോലെ നമുക്കും ചെയ്യാമെന്നുവിചാരിച്ച് ശീലമില്ലാത്തവർ തുനിഞ്ഞാൽ മയിലാട്ടംകണ്ട് കോഴി ആടിയപോലിരിക്കും. നാരദരേക്കാൾ അമ്മായിഅമ്മക്കു അഗ്രഗണ്യത്വമുണ്ട്. അമ്മായിഅമ്മയുടെ കൈത്തൊഴിൽ കണ്ടെങ്കിലായി തോന്നുമെന്നുമാത്രമല്ല, കലഹംവരുത്തിയ വീലിക്കെട്ടാക്കൂടി ജാലപ്പെരട്ടുകൊണ്ട് കാണുന്നതോ എന്ന് തോന്നിപ്പോകും. ഇതിന്നുംപുറമെ വീട്ടിലിരുന്നു നാട്ടിലുള്ളവരെ തമ്മിൽ തല്ലിക്കാനുള്ള തന്ത്രം നാരദൎക്കറിവുണ്ടൊ എന്നു സംശയമാണ് എന്നുമാത്രമല്ല, തമ്മിൽ തല്ലിക്കുന്നതിന്നു ചില വിശേഷജ്ഞാനംകൂടി വേണമെന്നുള്ള തത്വം വെളിപ്പെട്ടത്, എന്നെ സംബന്ധിച്ചേടത്തോളം പറയുന്നതാണെങ്കിൽ, അമ്മായിഅമ്മയുടെ ചില പൊടിക്കൈ പരിശോധിച്ചതിൽനിന്നാണെന്നുമാത്രമെ പറയാം. ഇപ്പറഞ്ഞ വിശേഷജ്ഞാനം ഒരുമാതിരി മൎമ്മജ്ഞാനമാണ്. ജന്തുക്കളുടെ ഇടയിൽ സ്ഥൂലശരീരത്തിലുള്ള മൎമ്മങ്ങളെ അറിയുന്നത് ഏതുപ്രകാരത്തിൽ മേന്മെക്കു വഴിതുറപ്പിക്കുന്നതൊ, അതുപോലെ ഓരോ സ്വഭാവത്തിന്നും ചില മൎമ്മങ്ങളുള്ളതിനെ അറിഞ്ഞാൽ ആരേയും പാവക്കളി കളിപ്പിക്കാം, ചിരിപ്പിക്കാം, വെറുപ്പിക്കാം, ഭയപ്പെടുത്താം വേണ്ടതെല്ലാം ചെയ്യിക്കാം.

മുമ്പു പരിചയമില്ലാത്തൊരാളായി വൎത്തമാനം പറയുന്നതിന്നമ്മായിഅമ്മക്കിടകൂട്ടിയാൽ എത്ര വിഷയങ്ങളെപ്പററി പറയിപ്പിക്കുമെന്ന കണക്കുകണ്ടവരാരുമില്ല. ഒരിക്കലെല്ലെങ്കിൽ രണ്ടുതവണ വൎത്തമാനം പറയാനിടകിട്ടിയാലായാളുടെ സ്വഭാവത്തിൻെറ

സർവ്വെയും സൊററിൽമെണ്ടു കഴിക്കും. അങ്ങിനെയിരിക്കെ, സദാ സഹവാസം ചെയ്യുന്ന അമ്മാമൻെറയും വീട്ടിലുള്ളവരുടേയും കഥ പറയാനുണ്ടോ? അമ്പലം വിഴുങ്ങുന്ന പിശാചിന്നു വാതിൽപലക പപ്പടമെന്നകൂട്ടത്തിൽ എൻെറ വീട്ടിലുള്ളവരെ നമ്മിലുരുക്കുന്നതിന്ന് അമ്മായിഅമ്മക്കു വക്കൈവേണ്ടിവന്നിട്ടില്ല. അതുകൊണ്ടു രണ്ടോ മൂന്നോ ചില്ലറപ്രയോഗങ്ങളെ മാത്രമേ ഇവിടെ എടുത്തുകാണിക്കുന്നുള്ളൂ.

അതിന്നു മുമ്പായി അവരുടെ ഉദ്ദേശത്തെ ചൂണ്ടിക്കാണിക്കാം. 'സമ്പന്നമാകുംവണ്ണം തനിക്കു ഭുജിക്കേണം സുഖമന്ദിരത്തിങ്കൽ വസേവ ചെയ്തിടേണം' എന്നൊന്ന്. 'നമ്മുടെ വീട്ടുകാർക്കിന്നു മ്മുനങ്ങളൊരു നേട്ടം നെന്മണിശേഷിക്കാതെയടക്കീടെണ' മെന്നു രണ്ട്. ചോദിക്കാനുള്ളവർ യോജിക്കരുതെന്നു മൂന്ന്. ഋണശേഷം പോലെ കുഡുംബസ്നേഹശേഷവും നശിപ്പിക്കേണമെന്നു നാല്. ഇങ്ങിനെ നാനാവിധമാണുദ്ദേശം.

അമ്മാമൻെറ അമ്മയായ പാപ്പിമുത്തശ്ശിക്കു വാർദ്ധക്യംകൊണ്ടു മുത്തെല്ലു മൂത്തു മുരമ്പിച്ചു വളഞ്ഞിട്ടുള്ളതുകൊണ്ടു നിവൎന്നില്ലാൻ ചുരുങ്ങിയത് മൂന്നുകാലു വേണ്ടിവന്നിട്ടുണ്ട്. 'ചൊറിയരവപരി' എന്നെല്ലാവരും കേട്ടിട്ടുണ്ടല്ലൊ. ഏകദേശം ഇവരുടെ ഷഷ്ടിപൂൎത്തിമുതല്ക്ക് ശ്മശാനത്തോടു ദ്വേഷക്കൂടിയും രാമനാമം കുറഞ്ഞും വരുന്നുണ്ട്. ഓടുന്നതോണിക്കൊഴുക്കിൻെറ സഹായമെന്നപോലെ ദ്വേഷക്കു പറയാൻ നിരവധിസന്ദർഭങ്ങൾ അമ്മായിഅമ്മ ഉണ്ടാക്കിക്കൊടുക്കുന്നതുമുണ്ട്. അതിൻെറ മാതിരി ഒന്നു കാണിക്കാം. ഒരു ദിവസം സന്ധ്യക്ക് എൻെറ വീട്ടിലുള്ള ചില പൂച്ചക്കുട്ടികൾ നടക്കുന്നവരുടെ കാലിലിടഞ്ഞുംകൊണ്ടു നാലുകെട്ടിൽ സഞ്ചരിച്ചിരുന്നു. 'ഈ പൂച്ചക്കുട്ടികളെ മുത്തശ്ശിടെ വടികൊണ്ടിരണ്ടു കൊടുക്കാൻ കഴിയില്ലെ കുട്ടപ്പാ' എന്നമ്മായിഅമ്മ കുട്ടപ്പൻ എന്ന കുട്ടിയോടു പറഞ്ഞു. കുട്ടപ്പൻ മുത്തശ്ശിയുടെ വടി മോഷ്ടിച്ചുകൊണ്ടുവന്നു പൂച്ചക്കുട്ടികളുടെ പിന്നാലെ ഓടിത്തുടങ്ങി. മുത്തശ്ശി വടി തപ്പിനോക്കിയപ്പോൾ കണ്ടില്ല. എല്ലാവരേയും ശപിച്ചുതുടങ്ങി. പൂച്ചയെത്ത

ല്ലാൻ കുട്ടപ്പനെടുത്തുകൊണ്ടുപോയി എന്നു വേറെ ഒരു കുട്ടി പറഞ്ഞപ്പോൾ മുത്തശ്ശിക്കു ശുണ്ഠിമുഴുത്തു. എന്തുകൊണ്ടെന്നാൽ 'പൂച്ച' 'നായ' മുതലായതുകൾക്ക് സംസ്കൃതമല്ലാതെ മലയാളം പറയുന്നതെത്രയും അശുഭമാണെന്നു മുത്തശ്ശി ചെറുപ്പംമുതല്ക്കേ ധരിച്ചുവന്നിട്ടുള്ളതാണ്. ഇക്കാലത്തു മുതിരുന്ന കുട്ടികൾക്കതൊരു പരിഹാസവുമാണ്. മുത്തശ്ശീടെ ശാപം കലശലായി തുടങ്ങിയപ്പോൾ കുട്ടികളുടെ അമ്മമാരെത്തുന്നു. അവരും മുത്തശ്ശിയും തമ്മിലങ്ങുമിങ്ങും വാക്കേറ്റത്തിന്റെ കശ. ഇങ്ങിനെ തരംകിട്ടുമ്പോളെല്ലാം മുത്തശ്ശീടെ നാവിനെ ഉളക്കിവിടാറുണ്ട്.

തെമ്മലയുടെ അടിവാരത്തിലുള്ള മലമൂട്ടിൽ എന്ന വീട്ടിലാണ് കൃഷ്ണച്ചുട്ടന്റെ സംബന്ധം. ദേവകി എന്നാണ് ഭാൎയ്യയുടെ പേർ. മലമൂട്ടിലുള്ളവൎക്ക് ഞങ്ങളേക്കാൾ ധനസമൃദ്ധിയുണ്ടെങ്കിലും നാഗരീകസമ്പ്രദായങ്ങളിൽ യാതൊരറിവുമില്ലാത്തതുകൊണ്ട് കൃഷ്ണച്ചുട്ടന്റെ മട്ടും തട്ടിപ്പും കണ്ട് പരിഭ്രമിച്ച് ഇങ്ങോര് കേമനാണെന്നാദിക്കിലുള്ളവരെല്ലാം വിചാരിക്കുന്നുണ്ട്. മലമൂട്ടിലുള്ളവരൊ ആ നാട്ടിലുള്ളവരൊ ഞങ്ങടെ വീട്ടിൽ വന്നാൽ അവരെ സല്ക്കരിക്കുന്നതിൽ അവർ കൃഷ്ണച്ചുട്ടനുണ്ടെന്നു വിചാരിക്കുന്ന യോഗ്യതയിൽ താണുപോയൊ എന്ന് കൃഷ്ണച്ചുട്ടൻ ശങ്കിക്കാറും വീട്ടുകാരോട് പരിഭവിക്കാറുമുണ്ട്. എന്തുകൊണ്ടെന്നാൽ അത്രത്തോളം യോഗ്യത വാസ്തവത്തിൽ തനിക്കില്ലെന്ന് അവരറിയുന്നപോലെ ജാള്യത കൃഷ്ണച്ചുട്ടന് മറ്റൊന്നുമില്ല. കൃഷ്ണച്ചുട്ടന്റെ ഈ മൎമ്മം അമ്മായിഅമ്മ നോക്കി വെച്ചിട്ടുണ്ടെന്നുള്ളത് പറയേണ്ടതില്ലെല്ലോ. മലമൂട്ടിൽനിന്നു ദേവകിയും ആ പ്രദേശത്തുനിന്ന് അമ്മാമനെ കാണേണ്ടതിലേക്ക് മററു ചിലരുംകൂടി ഒരു ദിവസം ഞങ്ങടെ വീട്ടിൽ വന്നു. അമ്മാമൻ ഒരു കാൎയ്യമായിട്ടു തീവണ്ടി കയറിപ്പോയിട്ട് മടങ്ങി എത്തീട്ടുണ്ടായിരുന്നില്ലാത്തതിനാൽ കാണാൻ വന്നവർ അന്ന് വീട്ടിൽതന്നെ താമസിച്ചു. പിറെറ ദിവസം കാലത്തു കരുണാകരൻ എന്തൊ കണക്കെഴുതിക്കൊണ്ടിറയത്തിരിക്കയായിരുന്നു. വടക്കേതിൽ താമസിക്കുന്ന തൊമ്മന്റെ താറാവുകൾ

ഞങ്ങടെ പടിഞ്ഞാറെ മിററത്തുണ്ടായിരുന്നു. ആ സമയം ദേവ
കി കുളിച്ചു പടിഞ്ഞാറെ പടിപ്പുര കടന്നു വരുന്നതിനെ അമ്മായി
അമ്മ കണ്ട് "ഇവളെന്തിനു തൊമ്മൻെറ താറാവിനെ ഇങ്ങിനെ
കളിയാക്കുണ്?" എന്നു പറഞ്ഞ് അകായിലേക്കുപോയി. കരുണാക
രൻ തിരിഞ്ഞ് നോക്കിയതിൽ ദേവകിയേയും താറാവിനേയും ഒ
പ്പം കണ്ട് പൊട്ടിച്ചിരിച്ചുപോയി. താറാവ് നടക്കുന്നതു കണ്ടി
ട്ടുള്ളവൎക്ക് ദേവകി നടക്കുന്നതു കണ്ടാൽ ചിരിവരാതിരിക്കില്ല. ത
ന്നെപ്പരിഹസിക്കയൊണെന്നു ദേവകി മനസ്സിലാക്കി. അവിടുന്ന
ല്പം കഴിഞ്ഞിട്ട് ദേവകിയും അമ്മായിഅമ്മയുമായിട്ടു കുറഞ്ഞൊരു
കൂടികാഴ്ചയുണ്ടായിട്ടുണ്ട്. കൃഷ്ണച്ചുട്ടൻ രാത്രി വന്നപ്പോൾ ദേവകി
സങ്കടം പറഞ്ഞു. പിറെറ ദിവസം കരുണാകരൻെറ ചിരിയെ
ന്നിളക്കി വിടേണമെന്നു കരുതി കൃഷ്ണച്ചുട്ടൻ ഉറക്കമുണരുന്നതിനു
മുമ്പ് അങ്ങോര് പുതിയ ഗൌരവം നടിച്ചിരിക്കാറുള്ള മാതിരിയിൽ
അമ്മായിഅമ്മ കരുണാകരൻെറ സമീപത്തു ചെന്നിരുന്നു. കരു
ണാകരൻ അപ്പോഴും ചിരിച്ചു. അവിടുന്നല്പം കഴിയുമ്പോഴേക്ക്
കൃഷ്ണച്ചുട്ടൻ ഉണൎന്നു വന്നു. കണികണ്ടത് കരുണാകരനെയാണ്.
കൃഷ്ണച്ചുട്ടൻെറ മുഖത്തു നോക്കിയപ്പോൾ കരുണാകരനു ചിരിയും
കൃഷ്ണച്ചുട്ടനു് ശുണ്ഠിയും ഒരേ സമയത്തുണ്ടായി. കൃഷ്ണച്ചുട്ടൻ കരു
ണാകരനെ തല്ലി. കരുണാകരൻ കടുത്തപ്പോൾ കൃഷ്ണച്ചുട്ടൻെറ
വലത്തു കൈക്ക് ഉളുക്കു പററി. ദേഷ്യപ്പെട്ട് ഭാൎയ്യയേയും കൂട്ടി
ക്കൊണ്ടിറങ്ങിപ്പോകയും ചെയ്തു.

കൃഷ്ണച്ചുട്ടൻ ദേഷ്യപ്പെട്ടു പോയ അന്നു കാലത്തുതന്നെ അമ്മാ
മൻ വണ്ടിയിറങ്ങി വന്നു. വരുന്ന വഴിക്ക് ഞങ്ങടെ വീട്ടിലുള്ളവ
രെല്ലാവരുംകൂടി മലമുട്ടിലുള്ളവരെ അടിച്ചു പുറത്താക്കി എന്നും അ
ന്യായം കൊടുപ്പാൻ പോയിരിക്കുന്നു എന്നും മററും നാട്ടുവൎത്തമാ
നം കേട്ടവരമ്മാമനെക്കണ്ടപ്പോൾ വിവരം പറകയും വളരെ വ്യ
സനത്തോടുകൂടി അദ്ദേഹം വീട്ടിലെത്തിയ ഉടനെ കരുണാകരനെ വി
ളിച്ചുകൊണ്ടുവരാൻ പറഞ്ഞയക്കുകയും ചെയ്തു.

അമ്മാമൻെറ മുഖഭാവം പകൎന്നതു കണ്ടു എന്തെല്ലാമോ വ

ന്നു വഴിക്കു കേട്ടിട്ടുണ്ടാകുമെന്നു വിചാരിച്ച് അമ്മായിഅമ്മ ചോദിക്കുകയും താൻ കേട്ട വർത്തമാനം അമ്മാമൻ പറകയും ചെയ്തു. കൃഷ്ണപ്പണിക്കർക്ക് മലമൂട്ടിൽനിന്നു വല്ലവരും വന്നാൽ സാധാരണയുള്ള പോലെ എന്തോ നിരസം തോന്നി കാരണവസ്ഥാനം നടിച്ച കരുണാകരന്റെ തല്ലിയെന്നും അവൻ തട്ടത്തു തനിക്കപമാനമാണെന്നു പറഞ്ഞിറങ്ങിപ്പോയി എന്നും അതല്ലാതെ വേറെ ഒന്നും ഉണ്ടായിട്ടില്ലെന്നും അമ്മായിഅമ്മ പറഞ്ഞു. ആ സമയം കരുണാകരൻ മുകളിലേക്കു വന്നു. കരുണാകരനോട് ചോദിച്ചതിലും കൃഷ്ണച്ചേട്ടനാണ് കുറ്റക്കാരനെന്നു മനസ്സിലാക്കി എങ്കിലും, പറഞ്ഞു സമാധാനിപ്പിക്കാമെന്നു കരുതി മലമൂട്ടിലേക്ക് ഒരാളെ അയക്കാൻ പറഞ്ഞു.

അമ്മാമൻ കേട്ടതിലും അധികമായി കദളിത്തോട്ടത്തിൽ എളയനായരും വീട്ടിലുണ്ടായ കലശലിന്റെ വർത്തമാനം രാജിയാക്കാനുള്ള വിചാരത്തോടുകൂടി മധ്യസ്ഥനാവാനും നല്ലൊരു നാട്ടുകാര്യസ്ഥനുമായ ശങ്കു ആശാനെയും കൂട്ടിക്കൊണ്ട് അന്നുകാലത്തു മൂന്നുമണിയായപ്പോൾ വന്നു ചേർന്നു. അവർ കേട്ടതെല്ലാം കളവാണെന്നും ഒരു കാരണവൻ അനന്തിരവനെ ഒന്നോ രണ്ടോ തല്ലി എന്നല്ലാതെ യാതൊരു ശണ്ഠയും ഉണ്ടായിട്ടില്ലെന്ന് അമ്മായിഅമ്മയും മറ്റും പറഞ്ഞു. കാപ്പികുള്ള സമയമായതുകൊണ്ടു കാപ്പി കഴിച്ചിട്ടു പോകണമെന്നു കല്യാണിയമ്മയും മറ്റും ശങ്കു ആശാനെ ക്ഷണിക്കുകയും പലഹാരസഹിതം ഇറയത്തു കൊണ്ടുപോയി കൊടുക്കുകയും ചെയ്തു. 'പലഹാരം കാഴ്ചയിൽ നന്നായിട്ടില്ല' എന്ന് എളയനായർ പറയുന്നത് അമ്മായിഅമ്മയും കല്യാണിയമ്മയും അകായിൽനിന്നു കേട്ടു. 'മിനിഞ്ഞാന്നത്തെ സൂചിയൻ നന്നായിട്ടുണ്ടെങ്കിൽ കൊണ്ടുവരാ'മെന്ന് എളയനായരോടു പറഞ്ഞ് വിരോധമില്ലെങ്കിൽ കൊണ്ടുപോയി കൊടുക്കണമെന്നമ്മായിഅമ്മ കല്യാണിയമ്മയോട് പറഞ്ഞതു കേട്ട് ആ സാധു അങ്ങിനെതന്നെ എളയനായരോടു പറഞ്ഞു. ഞങ്ങളുണ്ടാക്കിയ പലഹാരം തിന്നുന്നതിനുള്ള പശ്ചാത്താപവും അത് ശങ്കു ആശാൻ അറിഞ്ഞതിലുള്ള ജാള്യതയുംകൂടി എ

ളയനായരുടെ മുഖത്തു തികഞ്ഞിരുന്ന പ്രകാശിച്ചു. ഇങ്ങിനെ കു ള്ളമനം തുള്ളിയതുകൊണ്ട് ചുണ്ട വിറക്കലാണ് കല്യാണിയമ്മയു ടെ ചോദ്യത്തിനു മറുവടിയുണ്ടായത്. ചോദിച്ചത് അബദ്ധമായി എന്നപ്പോഠം കല്യാണിയമ്മക്കു തോന്നി. ഇങ്ങിനെ പറയാൻ പറ ഞ്ഞയച്ചമ്മായിഅമ്മയുടെ നേരെ ദേഷ്യപ്പെട്ടുകരുതേക്കു പോയി. അമ്മായിഅമ്മയുടെ കുററം നീങ്ങുന്നതിന്നും കല്യാണിയമ്മയെ ആശ്വസിപ്പിച്ചു പിന്നെ ഒരബദ്ധംകൂടി പ്രവൃത്തിപ്പിക്കുന്നതിന്നും എളയനായരെ പോരാത്തവനാക്കുന്നതിന്നും ശങ്കുആശാനു വല്ല സംശയവുമുണ്ടെങ്കിൽ തീരുന്നതിന്നും പെട്ടുണ്ടാക്കിയതല്ലെന്നു ന മ്മളാരെങ്കിലും പറഞ്ഞുവോ? അദ്ദേഹം പരുങ്ങിയതിനു നമ്മളോ കുററക്കാര്? എന്നു സമാധാനം പറഞ്ഞു. ഉടനെ കല്യാണിയമ്മ ഉമ്മറത്തു ചെന്നു പെട്ടുണ്ടാക്കിയതാണ്' എന്നു പറഞ്ഞു. ഇതു കേട്ടപ്പോഠം ശങ്കു ആശാനുണ്ടായ മന്ദസ്മിതം മറെക്കാൻ അങ്ങോർ തലയൊന്നു താഴ്ത്തി. ഉടനെതന്നെ എളയനായരും ശങ്കുആശാ നും മടങ്ങിപ്പോയി. എളയനായര് ഞങ്ങടെ വീട്ടിൽ സ്വാകാര്യ മായി ഊണ് കഴിക്കാറുണ്ടെന്നും മററും അദ്ദേഹത്തിനെക്കുറിവെ ച്ചു പ്രസ്താവം ഉണ്ടായി എന്നും അതദ്ദേഹം സമ്മതിച്ചു എന്നും നാടൊക്കെപ്പരന്നു എന്നു മാത്രമല്ല കുളിത്തോട്ടത്തിലും കേട്ടു. അ ന്നു രാത്രിതന്നെ, താനായിട്ടു തറവാട്ടിൻെറ മാനം കളയുമെന്നും മററം സ്ത്രീകളാക്ഷേപിച്ചു എന്ന് എളയനായക്ക് മനസ്സിലായി.

പിറെറ ദിവസം കാലത്തു കൃഷ്ണച്ചട്ടനെത്തി. അമ്മാമൻ കരുണാകരനെ വിളിച്ചുകൊണ്ടു വരാൻ പറഞ്ഞ് ഇറയത്തിട്ടിരിക്കു ന്ന ചാരുകസേരിയിൽ വന്നിരുന്നു. കരുണാകരനും വന്നുനിന്നു.

അമ്മാമൻ— (കൃഷ്ണച്ചട്ടനോട്) നീ എന്തിനാ കരുണാകരനെ ത ല്ലിയത്? അവൻ തെററായിട്ടു വല്ലതും പ്രവൃത്തിച്ചു എന്നുതന്നെ വിചാരിച്ചോ. എന്നാലും അടിച്ചു വളത്തേണ്ട കുട്ടിയാണോ?

കരുണാകരൻ— ഞാൻ തെററായിട്ട് ഒന്നും പ്രവൃത്തിച്ചിട്ടില്ല.

കൃഷ്ണച്ചട്ടൻ— നിങ്ങളാണവനെക്കൊണ്ടെന്നെ തല്ലിച്ചത് എന്നും ആ സംശയം ജനിക്കാതിരിക്കാനാണ് നിങ്ങളിവിടെനിന്നു വ

ണ്ടികയറിപ്പോയത് എന്നും ചിലരെന്നോടു പറഞ്ഞു. അത് ഞാൻ വിശ്വസിച്ചിരുന്നില്ല. ഇപ്പോളെനിക്കു ബോദ്ധ്യമായി. നിങ്ങൾ തല്ലിയാൽ എനിക്കപമാനമില്ല. എനിക്കു താഴെയുള്ളവരെക്കൊണ്ടിതു ചെയ്യിച്ചില്ലേ നിങ്ങൾ? നിങ്ങൾക്കും ഇതു തന്നെയാണ് ഗതി.

**അമ്മാമൻ**— എന്തെടാ അസംബന്ധം പറയണത്? എനിക്കു നിന്നെത്തല്ലിച്ചിട്ടു വല്ല കാൎയ്യവുമുണ്ടോ? അങ്ങിനെ വേണെങ്കിൽ എനിക്കുതന്നെ ചെയ്യരുതേ?

**കൃഷ്ണച്ചുട്ടൻ**— കാൎയ്യമില്ലെങ്കിൽ നിങ്ങളെന്തുകൊണ്ടാണെനിക്ക് കൃഷി തരാഞ്ഞത്? ഞാൻ നിങ്ങടെ നേരെ വടിയെടുക്കാനാണ് കൃഷി കയ്യശപ്പെടുത്തണതെന്നീ കള്ളൻ പറഞ്ഞതിനെ കേൾക്കാനല്ലേ നിങ്ങൾക്കു ബുദ്ധിയുണ്ടായുള്ളു.

**കരുണാകരൻ**— (കൃഷ്ണച്ചുട്ടനോട്) നിങ്ങൾക്ക് ഭ്രാന്താണ്. നിങ്ങളുടെ മുതലെന്തു കട്ടു? ഞാൻ നിങ്ങളെപ്പററി വല്ലതും അമ്മാമനോട് പറഞ്ഞിട്ടുണ്ടോ?

**കൃഷ്ണച്ചുട്ടൻ**— കള്ളനാവാനെൻെറ മുതൽ കക്കണോ? അമ്മാമൻെറ പെട്ടിയിൽനിന്നു കട്ടാൽ കളവാകില്ലേയോ? (അമ്മാമനോട്) ഇവനീ തെക്കുപുറത്തുനിന്നു പറയുന്നതു നിങ്ങളല്ലേ കേട്ടുംകൊണ്ടു വന്നത്?

കൃഷ്ണച്ചുട്ടൻെറ ഈ ചോദ്യത്തിൽ അമ്മാമൻെറ മനസ്സിലൊരു വെളിച്ചമുണ്ടായി. അന്നു മറവിൽനിന്നിരുന്നാളിവനാണെന്നു കൃഷ്ണച്ചുട്ടൻ പറഞ്ഞപ്പോൾ ശരിയായിരിക്കാമെന്നും കരുണാകരൻ നിഷേധിച്ചുപറഞ്ഞതു കളവാണെന്നും തോന്നി. ഇവനായതുകൊണ്ടായിരിക്കാം ഭാൎയ്യ തന്നോടാളെപ്പറഞ്ഞത് എന്നും തോന്നി.

**അമ്മാമൻ**— അന്നു പാറതിയോടു സംസാരിച്ചതും എൻെറ ഒച്ച കേട്ടപ്പോൾ ഓടിപ്പോയതും നീയല്ലേ?

**കരുണാകരൻ**— എനിക്കിതൊന്നും മനസ്സിലാകുന്നില്ല. എന്തെല്ലാമൊ നിങ്ങളും കൃഷ്ണമ്മാമനും തെററിദ്ധരിച്ചിട്ടുണ്ട്. ഞാൻ ഈ

വയസ്സിലകത്തു കൃഷ്ണമ്മാമനെപ്പററി നിങ്ങളോടു വല്ല ദൂഷ്യവും പറഞ്ഞിട്ടുണ്ടോ?

അമ്മാമൻ—നി നേരിട്ടു പറഞ്ഞിട്ടില്ല.—

കൃഷ്ണച്ചുട്ടൻ—ഇവനാണെന്നെന്നോട് അമ്മായിഅമ്മയാണ് പറഞ്ഞത്.

കരുണാകരൻ—കൃഷ്ണമ്മാമൻ ശുദ്ധമേ നൊണയാണ് പറഞ്ഞതെന്നിപ്പോഠം തെളിയിക്കാം. പ്രാണൻപോകുന്ന കാൎയ്യത്തിൽകൂടി അമ്മായിഅമ്മ ഒരു നൊണ പറയില്ല.

കൃഷ്ണച്ചുട്ടൻ—അതുതന്നെയാണ് ഞാനും ഇത്ര തീൎച്ചപറയുന്നത്.

കരുണാകരൻ—അവരെ വിളിച്ചിപ്പോഠം ചോദിക്കണം.

അമ്മാമൻ അമ്മായിഅമ്മയെ വിളിച്ചു. അടുത്തുവന്നപ്പോഠം

അമ്മാമൻ—അന്നിവനല്ലെ പാറതി മേൽകഴകാൻ പോകുമ്പോഠം ഇവിടെനിന്നേതാണ്ടൊക്കെ പറഞ്ഞിരുന്നത്?

അമ്മായിഅമ്മ—അല്ല.

അമ്മാമൻ—ഇവനാണെന്നു പാറതി കൃഷ്ണനോടു പറഞ്ഞുവൊ?

അമ്മായിഅമ്മ—ഇല്ല.

കൃഷ്ണച്ചുട്ടൻ—ആയാളുടെ പേരിന്റെ ആദ്യത്തെ അക്ഷരം 'ക' എന്നാണെന്നു നിങ്ങഠം പറഞ്ഞില്ലെ?

അമ്മായിഅമ്മ—ഉവ്വ.

കൃഷ്ണച്ചുട്ടൻ—തലേദിവസം കൃഷി വേണമെന്നു ഞാൻ പറഞ്ഞപ്പോഠം ഈ വീട്ടിലുള്ളവരല്ലാതെ വേറെ ആരും ഉണ്ടായിരുന്നില്ലെന്നു നമുക്കെല്ലാവക്കും നിശ്ചയമില്ലെ? ഇവനല്ലെന്ന് അമ്മായിഅമ്മ പറയുന്നത് ഞങ്ങഠം തമ്മിൽ തല്ലാതിരിക്കാൻ പറയുന്നതല്ലെ?

കരുണാകരൻ—ഈ കറവെച്ചിട്ടാണ് കൃഷ്ണമ്മാമൻ എന്നെ തല്ലിയതെന്നും അതെന്തെല്ലാമൊ തെററിധരിച്ചിട്ടാണെന്നും തെളിഞ്ഞില്ലെ? ഇതുപോലെത്തന്നെയാണ് ഞാൻ കട്ടു എന്നു നിങ്ങഠം വിചാരിച്ചിട്ടുണ്ടെങ്കിലതും.

അമ്മാമൻ—കൃഷ്ണൻ വല്ലതും തെററി ധരിക്കരുത്. കൃഷ്ണനെപ്പററി

അവനെന്നോടൊന്നും പറഞ്ഞിട്ടില്ല. പാറതിയൊ ഒന്നും പറയില്ലെല്ലൊ. അവനായിരിക്കുമൊ എന്നെനിക്കിതുവരെ സംശയവും തോന്നിട്ടില്ല. കരുണാകരനും തെററിധരിക്കരുത്. കരുണാത്തെ കൃപ നീ കട്ടതാണെന്നു വിചാരിച്ചിട്ടല്ല ഞാൻ നിൻെറ കയ്യിൽ താക്കോൽ തരാത്തത്. പല കയ്യായാൽ മറിച്ചിൽവന്നുപോകുമെന്നു വിചാരിച്ചിട്ടാണ്. നിങ്ങൾ തമ്മിൽതല്ലി നമ്മുടെ മാനം കളയരുത്.

കൃഷ്ണച്ചട്ടൻ— എന്നെ ഇവനപമാനിച്ച എന്നാ ഞാൻ തല്ലിയപ്പോൾ അവനെൻെറ അനന്തിരവനാണെന്നുള്ള സ്മരണയില്ലാതെ ഇങ്ങോട്ടും തല്ലിയെന്നും നിങ്ങൾ അറിഞ്ഞിട്ട് ഇതുവരെയൊന്നും ചെയ്തില്ല. ഇപ്പോഴും അതിനെപ്പററി ചോദ്യം ചെയ്യാതിരിക്കുമ്പോൾ ഞാനെന്തെന്നാണ് വിചാരിക്കേണ്ടത്?

അമ്മാമൻ—നീ എന്തുവിചാരിച്ചാലും വിരോധമില്ല. കുഡുംബത്തിലിരിക്കുമ്പോൾ മനസ്സ കുറെ നന്നായിരിക്കണം. വഷളതപാ പ്രവൃത്തിക്കാൻ ഇത്ര ബദ്ധപ്പാടും വയ്യ.

ആ പാകാ വരുന്നതുവരെ പിള്ളർ തല്ലിയാൽ കൊള്ളുക എന്നല്ലാതെ മറുമരുന്നില്ല. നിങ്ങളങ്ങുമിങ്ങും ചിലതൊക്കെ ധരിച്ചു വെച്ചതായി കാണുന്നുണ്ട്. കുഡുംബം ചെയ്യ സുകൃതാ എന്നല്ലാതെ മറെറാന്നും പറവാൻ കണ്ടില്ല. എൻെറ കാലാവരെ എങ്കിലും പൂൎവസ്ഥിതിയിൽ ഇരുന്നാൽ കൊള്ളാമെന്നു മോഹമുണ്ട്. അതിന്നനുകൂലിക്കാതെ ആത്മസ്വപ്രവൃത്തി തുടങ്ങിയാൽ അഷ്ടിക്കുള്ളതു പോകും. കുറച്ചുകാലമായിട്ടിവിട്ടിലുള്ളവരുടെ നടവടി എനിക്കു ബോദ്ധ്യമാകുന്നില്ല. ഒരാൾക്കൊരാളും, തമ്മിൽതമ്മിലു സ്നേഹമോ, ആഭിജാത്യമൊ,'വകതിരുവൊ കാണുന്നില്ല. ദുൎന്നടപ്പും ച്ചുണ്ടെന്നു ഞാനറിഞ്ഞിട്ടുണ്ട്. മനസ്സുണ്ടെങ്കിൽ എല്ലാവരുംകൂടി യോജിച്ചു ചന്തമായിരിക്കിൻ. അല്ലെങ്കിൽ ചെയ്യേണ്ടതെനിക്കറിയാം.

ചതുൎത്ഥതന്ത്രം സമാപ്തം.

കാരാട്ട് അച്യുതമേനോൻ ബി. എ, ബി എൽ.

---

# ആഭരണഭ്രമം

## (ഒരു കഥ)

---

പൊന്നെന്തിനാശപരമെടക്കൈകൊതിവേണ്ടതിങ്ക-
ലെന്നല്ലയോസുമുഖി! ചൊന്നതു പണ്ടുതന്നെ
ഇന്നെന്തുപിന്നെയുമചട്ടിമിരട്ടിടുന്നേൻ-
കുന്ദപ്രസൂനസുരദേ, സുതനോ, സുശീലേ? ൧

വന്നീടുകെന്നരികിൽനിൻ്റെമനക്കുരുന്നിൽ
വന്നെത്തിടാവതിരസം, കഥയൊന്നുരക്കാം;
എന്നാൎയ്യയാംഭവതിതൻ്റെമനസ്സുഖത്തി-
ലെന്നുംകൊതിച്ചമരുവുന്നവനല്ലീയാഞാൻ? ൨

എന്നെൻ്റെചാടുമൊഴികേട്ടുമനസ്സലിഞ്ഞി-
ട്ടുന്നിദ്രമോദമവളെൻ്റെയടുത്തിരുന്നു
സൌന്ദൎയ്യധാടിയുടെനല്ലയൽവാഴ്ത്തുമുഖ-
മന്നെൻ്റെവീഴ്ചകളഹോദാചിഗുണീഭവിച്ചു ൩

പാഥോജനേർമിഴിമനസ്സിൽവളൎന്നുചുറ്റ-
മേതാനുമല്ലതിർകവിഞ്ഞൊഴുകുംപ്രമോദം,
ഏതാവതെന്നിലുമുടൻപ്രസരിക്കുമെന്നോ-
ൎത്തതാകിലുംപറകതന്നെയതെന്നുരച്ചു ൪

കാലംകഴിഞ്ഞുവളരെ, പെരുമാളുവാഴ്കാം,
കാലത്തിലുന്നതനിടപ്രഭുനായരുണ്ടായ്
നാലഞ്ചുപതികളുമുണ്ടതിൽവെച്ചൊരുത്തി
പാലഞ്ചിടുംമൊഴിയവൻ്റെമനസ്സുകട്ടു ൫

ചേതസ്സൊരുത്തിയുടെകൈവശമായിവന്നാ-
ലോൎത്തേണ്ടതില്ലവനവൾക്കൊരുദാസനായി

ശാതോദരീമണിനിണക്കറിയാമതെല്ലാ-
മേതാണ്ടിവൻെറനിലപോലെയതെന്നുവെള്ള ൬

വേണുന്നതൊക്കയുമവൾക്കവെനേകകൊണ്ടു
കാണുന്നതൊക്കയിലുമാശമുഴുത്തുവന്നു
ആണുങ്ങളേണമിഴിമാർമണികൾക്കുചേരും
നാണംകെട്ടുക്കവതിനാദ്യഗുരുക്കളല്ലൊ? ൭

അന്നായരത്തരുണിമാധവിയിൽകൊതിച്ചു
നന്നേകുഴങ്ങിമരുവുന്നവനെങ്കിലുംകേൾ,
ധന്യേ,മഹാരസികനാണതിധീരനാണു
മാന്യൻവെറുംവഷളനാംവിടനല്ലതെല്ലും ൮

നാളേറയങ്ങിനെകഴിഞ്ഞവരൊത്തുപാരം,
മേളിച്ചുവാണതിലിടക്കൊരുനാളുഷസ്സിൽ,
കേളോമലെ,പ്രഭുമുറക്കുകുളിച്ചുതൻെറ
നാളീകനേത്രയൊടുരച്ചുചിരിച്ചുകൊണ്ടു ൯

എന്നോമലെകുറിയിടാൻവഴുകുന്നുചാണ,
മെന്നിങ്ങെടുത്തുതരണേതരളായതാക്ഷി!
ധന്യേ!ത്വദീയകരതാരതിനാലരച്ചു-
തന്നാതത്രമലയജംമടവാർമണേനീ ൧൦

ഏവംപ്രിയൻെറവചനംബത കേട്ടനേരം
ഭാവംപകൻറിശമോടൊരുനേരക്കുനോക്കി
കോപാവധൂതനുവെടുത്തുവളഞ്ഞിട്ടുംഭ്രൂ-
ചാപത്തിൽനിന്നുകഠിനാസ്ത്രമയച്ചിട്ടുംപോൽ ൧൧

'എന്തോത്തുരച്ചിതിദമെന്നൊടുനിങ്ങളിപ്പോ-
ളെന്താണുപേയുപറയുന്നിതുകമ്പമായൊ?

ചെന്താരൊടൊത്തുമൃദുവാകിയൊരെൻറകൈക്കൊ-
ണ്ടെന്തോതിചെയ്യതിനു, ചാണയെടുക്കുവാനൊ? ൭൨

ഭാരംപെരുത്തുപെരുതായൊരുകല്ലുകയ്യിൽ
പേറാനെനിക്കുശിവനേ, കഴിവുള്ളതാണോ?
ചാരുത്വമുള്ളചെറുമല്ല്യതിന്നുചുട്ട
നീരൊട്ടൊഴിപ്പതിനുനിങ്ങൾമടിക്കയില്ലേ ൭൩

ഇല്ലാതെപോയിതവലജ്ജയൊരല്പമെന്നോ-
ടല്ലോപറഞ്ഞതുകനത്തൊരുകല്ലെടുപ്പാൻ!
ഇല്ലേഭവാനുദയയിന്നു, ബിസംകണക്കു
സല്ലോലമെൻറതനുവെന്നുമറന്നുപോയോ? ൭൪

പാരിച്ചകോപമോടുമിങ്ങിനെമംഗലാംഗി
നേരിട്ടുകൊണ്ടുപൊടിപാറ്റിപുലഭ്യവർഷം
ധീരത്വമോടുമതുകേട്ടുസഹിച്ചൊടുക്കം,
സാരസ്യമോതിയവനുത്തരമിത്തരംതാൻ ൭൫

അല്ലേസുരാംഗനഗണംപണിയുന്നചാരു
കല്യാണരൂപമിയലുംമടവാണിമൌലേ,
വല്ലാത്തബദ്ധമതുഞാനറിയാതെചെയ്ത-
തെല്ലാംപൊറുക്കുകമുറക്കമനോഹരാംഗി! ൭൬

ഏവംപറഞ്ഞൊടുവിലൊന്നുഹസിച്ചു, ചിത്തം,
വേവുന്നൊരുഷ്ണതരമാംപരിഹാസഹാസം
ആവുന്നനാളിതിനുഞാൻപ്രതിചെയ്യുമെന്നു്
ഭാവത്തിലൊന്നുതലയാട്ടിയിരുന്നുനായർ ൭൭

കുറ്റങ്ങളറ്റൊരനുരാഗസമേതമൊന്നി-
ച്ചേറ്റംസുഖിച്ചുമരുവീടിനരണ്ടുപേരിൽ,

മററംവളൎപ്പതിനഹേതുവതായചാണ,
പിറേറദ്ദിനത്തിലവിടെബ്ബത കണ്ടതില്ലാ ൮

അഞ്ചാറുനാളവിടെവിനു കഴിഞ്ഞുവീണ്ടും,
തഞ്ചാരുകാന്തയൊടിണങ്ങിവസിച്ചനായർ
പഞ്ചാരവാണിയൊടടുത്തൊരുനാളിരിക്കും
തഞ്ചത്തിലന്നവിടെവന്നൊരുവൻവണങ്ങി ൯

ഏണാക്ഷിതൻറസഹവാസസുഖംലഭിച്ചു,
വാണിട്ടമപ്പൊഴുതുവന്നവനോടൊരല്പം,
കാണിച്ചുകോപ,മതിനൊന്നുവണങ്ങിയേട്ടാ
നാണെന്നുരച്ചവനുമൊന്നടികുപ്പിവീണ്ടും. ൧൦

കക്ഷത്തിലങ്ങിനെപൊതിഞ്ഞുചുരുട്ടിവെച്ചു,
രക്ഷിച്ചസാധനമെടുത്തഥകെട്ടഴിച്ചു
സൂക്ഷിച്ചുനോക്കിയതുദമ്പതിമാരരികെ,
മക്ഷിക്കുതോഷമുളവായിതുരണ്ടുപേൎക്കും. ൧൧

ഏററംവലിപ്പമിയലുന്നപതക്കമൊട്ടു
കററംവെടിഞ്ഞുപതിച്ചൊരുതുമ്പിലവം,
തെററന്നുമാധവിമനോഹരികണ്ടവേഗ-
മററംവെടിഞ്ഞകുതുകേനകുതിച്ചെണീററു. ൧൨

ചെന്നങ്ങെടുത്തതതിലിച്ചുമറിച്ചുനോക്കി,
നന്നെന്നനാട്യമൊടുവൃത്തിയിലിരുന്നുകിമന്ദം
ഇന്നെന്തുതന്നെവിലയാകിലുമാശുവാങ്ങി-
ത്തന്നീടവേണമിതികാന്തനൊടായുരച്ചു. ൧൩

മട്ടൊത്തചാട്ടമൊഴിയുംവഴിയെപ്പതക്കം,
കിട്ടുന്നവൾക്കുകൊതിയുംപതിതാനമന്ദം,

ഒട്ടാകെയോൎത്തുപുതുപണ്ടമെടുത്തുകയ്യി-
ലിട്ടാശ്ശുത്തുക്കിയുരചെയ്യുതുഭൎത്തൃമോടെ. ൨൪

കോയ്മംനിനക്കിലിതുനല്ലതുപൊന്നുനന്നി-
തായ്മംപ്രവൃത്തി,ബഹുഭംഗിയുമുണ്ടുപക്ഷേ,
ഭാൎയ്യേനിണക്കുതരമല്ല,കനംപെരുത്തു-
ണ്ടാൎയ്യേ!വഹിക്കവെഹിയാ,വലുതാണിതേററം ൨൫

ഈമാതിരിക്കുഘനമുള്ളവ,നീയണിഞ്ഞാൽ
പൂമേനിനിന്നുടെതളൎന്നുപിളൎന്നുപോകും.
നീമന്മനോഹരി!യിതിൽചെറുതുംവൃഥാവിൽ
കാമംനടിക്കരുതു,പൊട്ടെയതങ്ങുപൊട്ടെ. ൨൬

എന്നിങ്ങിനേകണവനോതിയവാക്കുകേട്ടു,
തന്വംഗിയേവമവനോടുചിരിച്ചുരച്ചു
നേന്നങ്ങുനല്ലറിവെഴുന്നപുമാനിതിന്നോ
നന്നേകനംപെരുകുമെന്നുപറഞ്ഞതിപ്പോൾ? ൨൭

ആഹന്തകഷ്ടമിതിനെന്തുഘനം?ഭവാൻെറ
മോഹാതിരേകമതുപല്ലവതുല്യമേതൽ
ദേഹംമദീയമിദമെന്തുനിനച്ചുചെന്തം-
രേ,ഹെ!തളൎന്നുപിളരാനൊരുകുട്ടിയോഞാൻ? ൨൮

നെഞ്ഞാകെമൂടിമറയുന്നൊരുപണ്ടമെൻെറ,
നെഞ്ഞിൽധരിച്ചുമരുവുന്നതിനെത്രനാളായ്!
നെഞ്ഞിൽകൊതിച്ചുമരുവുന്നതതിന്നുകാമം-
രഞ്ജിച്ചിടുംപടിലഭിച്ചതുഭാഗ്യമല്ലെ?'– ൨൯

വേണ്ടുംവിധംപലതുമേവമുരച്ചുനോക്കി
വണ്ടാറണിക്കുഴലിയെങ്കിലുമന്നുനായർ

4

വേണ്ടെന്നുതന്നെയൊരുശാഠ്യമഹോ പിടിച്ചി-
ത്തുണ്ടായിദുഃഖമതിനാൽമതിഃനേർമുഖിക്ക്. ൩൦

ഓക്കിൽഭവാനിതുതരത്തിലൊരുത്തിവേറെ
യാക്കേറെക്കൊടുപ്പതിനുവേണ്ടിനിനച്ചിടുന്നു
തക്കംപറഞ്ഞുഫലമില്ലിഹകാന്തനെന്റെ
നേക്കില്ലതെല്ലുദയ,യില്ലതിനിങ്ങുഭാഗ്യം ൩൧

ഇത്ഥംപറഞ്ഞുതരുണീമണികണ്ണിൽവെള്ളം,
വാൎത്താൎച്ചുകന്നമുഖ,മക്കുളുർകൊങ്കതുള്ളി
ധൂത്തല്ലനാസികതുടിച്ചു,കടിച്ചുചുണ്ടും,
താൎത്തേന്മൊഴിക്കുചെറുവീപ്പുരുവേഗമായി. ൩൨

ഏവംവിധംവിധുമുഖീമണിയാൾക്കുതന്റെ
ഭാവംപകൎന്നുകണവൻബതകണ്ടുചൊന്നാൻ
ഹേവന്ദനീയഗുണമേറ്റമിണങ്ങിയൊന്നായ്
മേവുംസുശീലവതി! തേമതിഃതേവിഷാദം. ൩൩

പണ്ടംധരിച്ചുതവമാറിനുചേൎന്നിടുംശ്രീ
പണ്ടത്തിനാശ്രുതവമാറനിമിത്തമാംശ്രീ
രണ്ടാംനിമിത്തമുളവായ്‌വളരുംപ്രഭാശ്രീ
കണ്ടിട്ടുഞാനധികഃമാദമിയന്നിടട്ടെ. ൩൪

കല്യാണരൂപിതരസാപരിതാപമെല്ലാം
മെല്ലെക്കളഞ്ഞഥകനത്തപതക്കമേറ്റം
ഉല്ലാസമോടവൾധരിച്ചു; ചിരിച്ചുകാന്ത-
നുള്ളിലെതെല്ലുമതിമാനതുകണ്ടനേരം. ൩൫

തട്ടാനൊരുത്തവിരവന്നിതുപൊട്ടിയെങ്കിൽ
മട്ടേന്മൊഴിക്കുപെരുകുംബഹുകോപമെന്നു,

പട്ടാങ്ങുതാനധനിനച്ചുകഴിച്ചതെല്ലും
കാട്ടാതെതന്നുടെവികാരവിശേഷമപ്പോൾ. ൩൬

കാന്തന്റെകണ്ണിനുകുതൂഹലമേകുവാനും
സ്വാന്തത്തിലുള്ളസുഖമേറ്റുവളക്കുവാനും,
അന്തർമ്മുദാതരുണിയോടുനടന്നുകാട്ടി
താന്തന്റെവേദനമറച്ചുചുളിച്ചുദേഹം. ൩൭

ആര്യേ!നിണക്കതുവഹിച്ചുനടക്കുവാൻസൌ-
കര്യംപരംപരിചിലുണ്ടുപയോജനേത്രെ!
വീര്യംപെരുത്തതരുണീമണി,നീയതാട്ടെ
കാര്യംനമുക്കുപറയാമതഴിച്ചുവെക്കൂ. ൩൮

എന്നാശുകട്ടുവളഴിച്ചതുതാഴെവെച്ചു
മന്ദസ്മിതപ്രചുരമംഗളമംജുളാസ്യാ
എന്നോ!ഘനംപുനരിതെന്നുശപിച്ചുചിത്തേ
പൊന്നാശകൊണ്ടതുപുറത്തുപറഞ്ഞതില്ല. ൩൯

കേട്ടാലുമെങ്കിലയിസുന്ദരിയൊന്നുകണ്ണ
കാട്ടീടിനാനവിടെനർമ്മരതാശ്രുകണ്ടു
തട്ടാനെടുത്തുടനെനിജമുട്ടികൊണ്ടു
തട്ടിപ്പൊളിച്ചുപൊള്ളയല്ലവർമുമ്പിൽവെച്ചു. ൪൦

എന്തോതിടേണ്ടതുപൊളിച്ചുവെളിക്കുകണ്ട-
തെന്താണു?ഹന്തശിവ!നല്ലൊരുചാണയല്ലോ?
കാന്തന്റെവഞ്ചിതിയതെന്നവളങ്ങറിഞ്ഞു
കാന്തൻചിരിച്ചുതലയാട്ടിവസിച്ചിതന്നും. ൪൧

കയ്യാലെടുപ്പതിനഹോകനമുള്ളചാണ
മെയ്യിൽധരിച്ചഥനടപ്പതിനില്ലഖേദം

ഇയ്യുള്ളനിങ്ങളബലാജനമാനയേയും
പശ്ചെവഹിക്കുമതുപൊന്നുപൊതിഞ്ഞതന്നാൽ ൪൨

മൂർക്കോത്തു കുമാരൻ.

# ഒരു ശിശുരാജ്യഭരണം

(ഒരു ഇംഗ്ലീഷുമാസികയിൽനിന്നെടുത്തത്)

അമേരിക്കയിൽ യുനൈറെറഡ് സ്റ്റേററ്സ് എന്ന രാജ്യത്തിലെ ഒരു പ്രധാനസംസ്ഥാനമായ ന്യൂയാർക്കിനു ചേൎന്ന ന്യൂപാൾട്ട്സ് എന്ന പ്രദേശത്ത് ഒരു പുതുമയോടുകൂടിയ സമ്പ്രദായത്തിൽ നടത്തിവരുന്ന ഒരു സ്കൂൾ ഉണ്ട്. സ്കൂളിന്റെ ന്യൂപാൾട്ട്സ് നാർമൽ സ്കൂൾ എന്നാണ് പേർ. ഒമ്പതുവയസ്സുമുതൽ ഇരുപതുവയസ്സുവരെ പ്രായംചെന്ന കുട്ടികൾ ആണും പെണ്ണുമായി അനേകമുള്ള ഈ സ്കൂളിൽ, ലോകത്തിലെ മറ്റു സ്കൂളുകളിൽ സാമാന്യമായി വിദ്യാൎത്ഥികളെ പഠിപ്പിക്കാറുള്ള വിഷയങ്ങൾക്കു പുറമെ, രാജ്യഭരണവിഷയമായും സമുദായഭരണവിഷയമായും ഉള്ള ഓരോ കാൎയ്യങ്ങൾ വേണ്ട പോലെ നടത്തുവാനും ആവക വിഷയങ്ങളിൽ തങ്ങളുടെ രാജ്യങ്ങളിൽ അതാതുകാലത്തു നടപ്പുള്ള നിയമങ്ങളും സദാചാരങ്ങളും അനുസരിച്ചു ശരിയായി നടക്കുവാനും വിദ്യാൎത്ഥികളെ പരിശീലിപ്പിക്കുവാൻ ഒരു പ്രത്യേക ഏൎപ്പാട് സ്കൂൾപ്രവൎത്തകന്മാർ ചെയ്തിട്ടുള്ളതാണ് മേപ്പടി സ്കൂളിനെക്കുറിച്ചു ജനങ്ങൾക്കു വളരെ പുതുമയും കൌതുകവും തോന്നിക്കുന്നത്. യുനൈറെറഡ് സ്റ്റേററ്സിലെ രാജ്യഭരണസമ്പ്രദായത്തെ അനുകരിച്ചു മേപ്പടി സ്കൂളിലെ വിദ്യാൎത്ഥികൾ താന്താങ്ങളെ ഭരണംചെയ്വാനും അങ്ങിനെ ഭരണംചെയ്യുന്ന വിഷയത്തിൽ അവൎക്ക് ഒരു പ്രസിഡെണ്ട്, സെനെററ് എന്നു പറയുന്ന കാൎയ്യാലോചനസഭയിലെ സാമാജികന്മാർ, ജഡ്ജിമാർ, ഗവൎമ്മേണ്ടു വക്കീലന്മാർ, പൊല്ലീസ്സുദ്യോഗസ്ഥന്മാർ മുതലായി പല ചു

മതലയുള്ള ഓരോരോ ഉദ്യോഗസ്ഥന്മാരെ ഓരോരോ കാലത്ത് ഭൂരിപക്ഷാഭിപ്രായപ്രകാരം തിരഞ്ഞെടുത്ത് അവരവക്കു ഏല്പ്പെട്ടതീട്ടുള്ള പ്രവൃത്തികൾ ക്രമപ്രകാരം നടത്തുവാനും വിദ്യാത്ഥികളെ പരിശീലിപ്പിക്കുന്നുണ്ട്. ഇതിൻെറ സമ്പ്രദായം താഴെ പറയുമ്പോലെ ആകുന്നു.

സ്കൂളിലെ കുട്ടികളെല്ലാം സ്കൂളിനോടുകൂടി ചേൎത്തു പണിയിപ്പിച്ചിട്ടുള്ള കെട്ടിടങ്ങളിൽതന്നെ അദ്ധ്യാപകന്മാരുടെ മേലന്വേഷണത്തിലാണ് താമസിക്കുന്നത്. ആ കെട്ടിടങ്ങളിൽ അനുത്തികൾ നിശ്ചയിച്ച വിദ്യാത്ഥികളുടെ പാൎപ്പിടങ്ങളെ അനേകം ഖണ്ഡങ്ങളായി ഭാഗിച്ചിട്ടുണ്ട്. നിശ്ചയിച്ച തിയ്യതികളിൽ ഓരോരൊ ഖണ്ഡങ്ങളിലെ വിദ്യാത്ഥികൾ എല്ലാംകൂടി ഓരോരൊ പ്രതിനിധികളെ തിരഞ്ഞെടുക്കുകയും പിന്നീട് ആ പ്രതിനിധികളെല്ലാംകൂടി ഒരു മഹാസമാജംകൂട്ടുകയും ആ മഹാസമാജത്തിൽവെച്ചു മുൻപറഞ്ഞ പ്രധാനഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുകയും അതിന്നുശേഷം ആ ഉദ്യോഗസ്ഥന്മാർ അവരവരുടെ ഡിപ്പാൎട്ടമെണ്ടിലെ പണിക്കുവേണ്ടുന്ന കീഴുദ്യോഗസ്ഥന്മാരെ നിശ്ചയിക്കുകയും ചെയ്യും. പ്രസിഡേണ്ടുമുതൽ ഒരു കൺസ്റ്റബിൾവരെയുള്ള എല്ലാ ഉദ്യോഗസ്ഥന്മാരേയും വഷാരംഭത്തിൽ മേൽപ്രകാരം നിശ്ചയംചെയ്യുകഴിയും. ഈ ശിശുരാജ്യത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സകലഅവകാശങ്ങളും അധികാരങ്ങളും ഒരുപോലെയാണ്. തിരഞ്ഞെടുപ്പുകാലത്തു സ്കൂളിലെ ബഹളം കാണേണ്ടതാണ്. പ്രസിഡേണ്ടു മുതലായ ഉദ്യോഗങ്ങൾ തനിക്കുതനിക്കു കിട്ടേണമെന്നുള്ള മോഹത്തോടുകൂടി ഓരോരൊ 'കൊച്ചുകുഞ്ഞുങ്ങൾ' താന്താങ്ങളുടെ യോഗ്യതകളെ വൎണ്ണിച്ചും തങ്ങൾക്ക് ഇന്നിന്ന ഉദ്യോഗങ്ങൾ കിട്ടുന്നപക്ഷം ഇന്നിന്ന നന്മയായ ഏൎപ്പാടുചെയ്യുമെന്നും മററും പ്രസ്ഥാപിച്ചും കെട്ടിടങ്ങളിലെ ഓരോമുറികളിലും തുറന്ന പറമ്പിലും മററും ശിശുമഹാജനങ്ങൾ സഭകൂടി പ്രസംഗങ്ങൾ തട്ടിമൂളിച്ചു ശിശുസാമാജികന്മാരെ വശീകരിക്കുന്നതും ശിശുസാമാജികന്മാർ ഓരോരുത്തരെക്കുറിച്ചു ഗുണദോഷനിരൂപണം ചെയ്യുന്നതും ഓരോരു

ത്തക്ക് അനുകൂലമായി അഭിപ്രായപ്പെടുന്നതും കൊച്ചുകൊച്ചു പൊലീസ്സുകാർ ലഹളകൾ ഉണ്ടാകാതിരിപ്പാൻ ജാഗ്രതയോടുകൂടി ബന്ധപാണികളായി അങ്ങുമിങ്ങും നടക്കുന്നതും എല്ലാം കാണേണ്ട കാഴ്ചകളാണ്. ആദ്യം പ്രസിഡേണ്ടായി തിരഞ്ഞെടുക്കപ്പെട്ട ഹിൽഡറെസ്സ എന്ന പത്തുവയസ്സായ ഒരു പെൺകുട്ടി തിരഞ്ഞെടുപ്പു കഴിഞ്ഞ ഉടനെ തന്റെ കാര്യാലോചനാസഭയിലെ സാമാജികന്മാൎക്കു ഒരു തീട്ടയച്ചിട്ടുണ്ട്. ആ തീട്ടിന്റെ ഒരു തൎജ്ജമ താഴെ ചേൎക്കുന്നു.

"അല്ലയോ സാമാജികന്മാരെ, ഇപ്പോൾ നിങ്ങൾ നമ്മുടെ നിയമനിൎമ്മാതാക്കൾ ആകുന്നു. ഞാൻ എന്റെ കൎത്തവ്യകൎമ്മങ്ങൾ ശരിയായി നടത്തും. നമ്മൾ ഇപ്പോൾ ഒരു പുതിയ ഭാരം സ്വീകരിച്ചിരിക്കുന്നു. മഹാജനങ്ങൾ അവൎക്കു വേണ്ടുന്ന നിയമങ്ങൾ ഉണ്ടാക്കുവാൻ നിങ്ങളെ നിശ്ചയിച്ചിരിക്കുന്നു. ഇത് ഒരു വലിയ ബഹുമാനംതന്നെ. നിങ്ങൾ ന്യായമായും ബുദ്ധിപൂൎവ്വകമായും നിയമങ്ങൾ ഏൎപ്പെടുത്തുമെന്ന് അവർ വിശ്വസിക്കുന്നു. നമ്മുടെ പ്രജകളുടെ സദാചാരങ്ങളും ശ്രേയസ്സും ക്ഷേമവും നിലനില്ക്കുവാൻ തക്കവണ്ണമുള്ള നിയമങ്ങൾ നിങ്ങൾ ഉണ്ടാക്കേണം. വാസ്തവമായി ആവശ്യമുള്ള നിയമങ്ങൾ മാത്രം നിങ്ങൾ ഉണ്ടാക്കിയാൽ മതി. കുററങ്ങൾ ഇന്നിന്നവയാണെന്നു വിവരിച്ച് അവയ്ക്കു സാമാന്യമായി ശിക്ഷകൾ ഏൎപ്പാടു ചെയ്കയും കുററങ്ങൾക്ക് പ്രത്യേകമായ ശിക്ഷകൾ തരാതരം പോലെ കല്പിക്കേണ്ട അധികാരം ജഡ്ജിമാൎക്കു വിട്ടുകൊടുക്കുകയും ചെയ്യുന്നതായിരിക്കും ഉത്തമം.

(ഒപ്പ്) ഹിൽഡറെസ്സ,
പ്രസിഡേണ്ട്.

ഈ ശിശുരാജ്യത്തിലെ ഇഡിഷ്യാൽ ഡിപ്പാൎട്ടുമേണ്ട് വളരെ പരിഷ്കൃതസ്ഥിതിയിൽ തന്നെയാണ്. വിദ്യാൎത്ഥികളുടെ വാസസ്ഥലങ്ങൾ നാലഞ്ചു നഗരങ്ങളിലായി ഭാഗിക്കപ്പെട്ട് ഓരോ നഗരത്തിന്നു ഓരോ ആദ്യകോടതിയും എല്ലാററിന്നുംകൂടി ഒരു അപ്പീൽ കോടതിയും ഏൎപ്പെടുത്തിട്ടുണ്ട്. അപ്പീൽ കോട്ടിലെ ചീഫ് ജസ്റ്റി സ്കൂളിലെ പ്രധാനാദ്ധ്യാപകൻ (പ്രിൻസിപ്പാൾ) ആകുന്നു. ഇ

ങ്ങിനെ ഒരു സംഗതിയിൽ മാത്രമേ സ്കൂളിലെ വിദ്യാൎത്ഥികളല്ലാതെ അദ്ധ്യാപകന്മാർ നമ്മുടെ ശിശുരാജ്യഭരണത്തിൽ പങ്കെടുക്കുന്നുള്ളു.

ഓരോരോ നഗരത്തിലെ ആദ്യം കോടതിയിൽ അയ്യഞ്ചു ജഡ്ജിമാർ ഉണ്ട്. അവർ മുമ്മൂന്നു മാസം കൂടുമ്പോൾ തിരഞ്ഞെടുക്കപ്പെടുന്നവരാണ് കോടതി ചെയ്യുന്നത് ആഴ്ചയിൽ ഒരു തവണ മാത്രമേ ഉള്ളൂ. വല്ല കുററവും നടന്നാൽ പൊല്ലീസുകാരൻ ഉടനെ കുററക്കാരൻെറ പേരും കുററത്തിൻെറ സ്വഭാവവും കുററത്തെപ്പററി തെളിവു കൊടുക്കുവാനുള്ള സാക്ഷികളുടെ പേരുകളും മററുവിവരങ്ങളും പൊല്ലീസ്സ സൂപ്രണ്ടിനെ അറിയിക്കും. നഗരക്കോടതി അടുത്തു കൂടുന്ന ദിവസം സൂപ്രണ്ട് കുററക്കാരനെ ചാൎജ്ജവെക്കും. കോടതിയിൽനിന്നു കുററക്കാരന് ഉടനെ ഒരു സമൻസ് എഴുതും. സമൻസ് ഒരു പൊല്ലീസ്സുകാരൻ കൊണ്ടുപോയി കുററക്കാരൻെറ മുമ്പിൽവെച്ച് അവൻ കേൾക്കാൻ തക്കവണ്ണം വായിക്കും— അങ്ങിനെയാണ് സമൻസ് നടത്തുന്നത്— സമൻസ് പ്രകാരം നടന്നില്ലെങ്കിൽ കുററക്കാരനെ വാറണ്ടിൽ പിടിച്ചു ഹാജരാക്കും. കോടതി അലക്ഷ്യമാക്കുന്ന ഈ വക കുററങ്ങൾക്കാണത്രെ ഈ ശിശുരാജ്യത്തിലെ പീനൽകോഡിൽ ഏററവും കവിഞ്ഞ ശിക്ഷ നിശ്ചയിച്ചിട്ടുള്ളത്.

കുററക്കാൎക്കു മേലാൽ രാജ്യഭരണകാൎയ്യങ്ങളിൽ പങ്കുകൊള്ളുവാനുള്ള സകലഅവകാശങ്ങളും അധികാരങ്ങളും റദ്ദാക്കുന്നതാകുന്നു ഈ കവിഞ്ഞ ശിക്ഷ. ഈ ശിശുരാജ്യത്തിലെ കോടതികളിൽ കൊച്ചുകൊച്ചു ജഡ്ജിമാർ ഗൌരവമായിരുന്നു നീതിന്യായം നടത്തുന്നതും ചില കൊച്ചുകൊച്ചുവക്കീലന്മാർ ചില സാക്ഷികളെ എതൃവിസ്താരം ചെയ്തു തകരാറാക്കുന്നതും ചില വക്കീലന്മാർ അസംബന്ധങ്ങൾ പ്രലപിച്ചു ജഡ്ജിമാരുടെ ശകാരം കേട്ടു വഷളാകുന്നതും എല്ലാം നമ്മുടെ കോടതികളിൽ നാം സാധാരണയായി കണ്ടുവരാറുള്ളതുപോലെതന്നെ. എന്നാൽ ഒരു വ്യത്യാസം എന്തെന്നാൽ ശിശുവക്കീലന്മാർ ഫീസ്സുകൂടാതെയാണ് കേസ്സുകളെല്ലാം നടത്തുന്നത്.

സമാധാനലംഘനം' എന്ന കുററമാണത്രെ ശിശുരാജ്യത്ത് അധികവും സംഭവിക്കാറുള്ളത്. ശിശുരാജ്യത്തെ പിനൽകോഡിൽ ഈ കുററത്തിന്റെ വിവരണം 'പോരിപ്പിനുള്ള സമയത്തു സംസാരിക്കുക' എന്നാണത്രെ. സമാധാനലംഘനം ചെയ്യുന്നതിനു പുറമെ, ഗുരുനാഥന്മാരുടെ വല്ല കല്പനകളും തെററി നടക്കുക, ആഭാസമായ വാക്കുകൾ പറകയൊ പ്രവൃത്തികൾ ചെയ്കയൊ ചെയ്യുക, കളവു പറക, വൃത്തികേടായ വല്ല പ്രവൃത്തിയും ചെയ്ക മുതലായി അനേക കുററങ്ങൾ പീനൽകോഡിൽ വിവരിച്ചിട്ടുണ്ട്. ഈ വക കുററങ്ങൾക്കുള്ള ശിക്ഷകൾ കഠിനമായ താക്കീത്, രാജ്യഭരണവിഷയത്തിൽ പങ്കെടുപ്പാനുള്ള ചില അവകാശങ്ങളേയും അധികാരങ്ങളേയും ക്ലിപ്തമായ ഒരു കാലത്തേക്കു റദ്ദാക്കുക, സ്കൂളിലെ പന്തുകളിമുതലായ വിനോദങ്ങളിൽ ചേരാതിരിക്കുക, ക്ലാസ്സില്ലാത്ത സമയങ്ങളിൽ ക്ലിപ്തമായ ഒരു കാലത്തേക്കു മററ ആരെയും കാണാതെ ഏകാന്തമായി ഇരുത്തുക, പുസ്തകങ്ങളിൽനിന്നു ചില ഭാഗങ്ങൾ തർജ്ജമചെയ്യിക്കുകയൊ പകർത്തിക്കയൊ, കണക്കുകൾ കൂട്ടിക്കുകയൊ ചെയ്യുക, മുതലായതാകുന്നു. ഈ ശിക്ഷകളെല്ലാം കുററങ്ങളുടെ താരതമ്യംപോലെ ഏററക്കുറച്ചിലോടുകൂടി ജഡ്ജിമാർ വിധിക്കുന്നതാകുന്നു. ഈ ജഡ്ജി കുഞ്ഞുങ്ങളെപ്പോലെ നിഷ്പക്ഷപാതമായി നീതിന്യായം നടത്തുന്ന ജഡ്ജിമാർ വേറെ കാണുവാൻ പ്രയാസമാണെന്നാണ് ചിലരുടെ അഭിപ്രായം. ഒരിക്കൽ ശിശുരാജ്യത്തെ പ്രധാനഗവമ്മേണ്ടു വക്കീൽ ഒരു കുററം ചെയ്കതിന്ന് ഒരു നഗരക്കോടതിയിലെ ജഡ്ജിമാർ ഒമ്പതു ദിവസത്തെ ഏകാന്തത്തടവു ശിക്ഷകല്പിക്കുകയും, ആ വിധി അപ്പീലിൽ സ്ഥിരപ്പെടുകയും ചെയ്തുവത്രെ.

ഈ പാഠശാലയിലെ മേല്പറഞ്ഞപ്രകാരമുള്ള ഏൎപ്പാടുകളെല്ലാം കേവലം നേരമ്പോക്കിന്റെ മാതിരിയിൽ നിസ്സാരങ്ങളാണെന്ന് ആരും വിചാരിച്ചുപോകരുത്. പക്ഷെ, പുറമെനിന്നു നോക്കുന്ന നമുക്ക് അങ്ങിനെ തോന്നിപ്പോകാൻ എളുപ്പമുള്ളതാണ്. എന്നാൽ, ഇതുപോലെതന്നെയാണ് 'മിത്ഥ്യാഭൂതമിദംപ്രപഞ്ചമി

തിലെബ് ഭോഗങ്ങൾ നിത്യങ്ങളല്ലിത്ഥം തത്ത്വവിചാരമുള്ളിലുള്ളവരായ് വർത്തിച്ചിടും ജ്ഞാനികൾ' നാം സാരമാണെന്നു വിചാരിക്കുന്ന നമ്മുടെ പ്രാപഞ്ചികമായ കാര്യങ്ങളെയും നിസ്സാരങ്ങളായി വിചാരിക്കുന്നത്. സൂക്ഷ്മത്തിൽ ഈ രണ്ടുവകയായ കാര്യങ്ങൾ തമ്മിൽ വലിപ്പച്ചെറുപ്പംകൊണ്ടുള്ള ഒരു വ്യത്യാസമല്ലാതെ ആന്തരമായി യാതൊരു വ്യത്യാസവും ഇല്ല.

സി. എസ്. ഗോപാലപണിക്കർ, ബി. എ.

---

# പുരന്ദരദാസൻ

---

പൂനാപട്ടണത്തിനു സമീപം 'പുരന്ദരഘട്ടം' എന്ന സ്ഥലത്തുള്ള ഒരു ചെറിയ ഗ്രാമത്തിൽ 'തിമ്മപ്പൻ' എന്ന പേരോടുകൂടിയ ഒരു സ്മാർത്തബ്രാഹ്മണനുണ്ടായിരുന്നു. സമ്പത്തുകൊണ്ടു കുബേരതുല്യനായിരുന്നെങ്കിലും ഈശ്വരാർത്ഥമായോ പരോപകാരാർത്ഥമായോ ഒരു പൈപോലും ചിലവുചെയ്യുന്നത് പ്രാണത്യാഗംചെയ്യുന്നതിനു സമമായിട്ടാണ് ഇദ്ദേഹം ഗണിച്ചിരുന്നത്. ബ്രാഹ്മണർക്കു ചെയ്യേണ്ടതായ നിത്യകർമ്മങ്ങളിൽ ദ്രവ്യവ്യയമില്ലാത്തവ എന്നങ്ങൾ മാത്രമേ ഇദ്ദേഹത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിരുന്നുള്ളു. വല്ല ബ്രാഹ്മണരും തന്നെ ദക്ഷിണക്കു ബുദ്ധിമുട്ടിച്ചെങ്കിലോ എന്ന ഭയംനിമിത്തം വിശേഷദിവസങ്ങളിലെല്ലാം ഇദ്ദേഹം പ്രാതസ്സ്നാനത്തിനു പോകാറുള്ളതു വിജനസ്ഥലത്തുള്ള ഒരു തടാകത്തിലായിരുന്നു. ഒരിക്കൽ സാക്ഷാൽ വിഷ്ണുഭഗവാൻ ഈ ലുബ്ധനെ പരീക്ഷിക്കുന്നതിന്നായി ഇദ്ദേഹം കുളികഴിഞ്ഞു കയറുന്ന അവസരംനോക്കി അടുത്തുചെന്ന് രണ്ടുകൈകൊണ്ടും അനുഗ്രഹിച്ച് ദക്ഷിണ യാചിച്ചു. ഒന്നും അറിഞ്ഞില്ലെന്നു ഭാവിച്ചു 'തിമ്മപ്പൻ' മുന്നോട്ടു നടന്നു. 'വൃദ്ധൻ' അടുത്തുചെന്നു കുറെനേരംകൂടി ബുദ്ധിമുട്ടിക്കാൻ ശ്രമിച്ചു എങ്കിലും തിമ്മപ്പന്റെ കൈ ക്രമേണ അർദ്ധചന്ദ്രാകാരമായി വരുന്നതുകണ്ട് പിന്നോക്കം തിരിച്ചതേയുള്ളു. പിന്നേയും ഒരി

ക്കൽ മഹാവിഷ്ണു ബ്രാഹ്മണവേഷത്തെ ധരിച്ചു തിമ്മപ്പന്റെ കച്ചവടസ്ഥലത്തുചെന്നു തന്റെ പുത്രന്റെ ഉപനയനക്രിയ യഥായോഗ്യം നടത്തുന്നതിലേക്ക് ആയിരം ഉറുപ്പിക സമ്മാനമായി തന്നാൽ കൊള്ളാമെന്നു വളരെ താണു് അപേക്ഷിച്ചു. സ്വന്തപുത്രന്റെ ഉപനയനത്തിന്നുകൂടി അറിഞ്ഞുകൊണ്ടു ഒരുകാശു ചിലവു ചെയ്യുയില്ലെന്നു താൻ തീർച്ചയാക്കിയിരിക്കെ മറ്റൊരുവന്റെ ആവശ്യത്തിലേക്കവേണ്ടി ഈ സംഗതിയെപ്പററി ആലോചിക്കപോലും ചെയ്യുയില്ലെന്നു തിമ്മപ്പൻ മറുപടിപറഞ്ഞു. വൃദ്ധബ്രാഹ്മണൻ വളരെ മനസ്താപനടിച്ച് അവിടന്നുപോയി തിമ്മപ്പന്റെ ഭാര്യാസമീപത്തുചെന്നു സംഗതികൾ മുഴുവൻ അവളെ ഗ്രഹിപ്പിച്ചു. തിമ്മപ്പന്റെ ഭാര്യ പതിവ്രതയും സുശീലയും ആയ ഒരു നാരീരത്നമായിരുന്നു. ബ്രാഹ്മണന്റെ ആവലാതികേട്ടു് അവളുടെ മനസ്സു് അലിഞ്ഞു് തന്റെ കയ്യിലുണ്ടായിരുന്ന വളരെ വിലപിടിച്ച ഒരു മോതിരം അദ്ദേഹത്തിന്നു ദാനംചെയ്തു. വിഷ്ണുഭഗവാൻ അവളുടെ ബുദ്ധിഗുണത്തെ ഓത്ത് വളരെ സന്തോഷിച്ചു അവളെ അനുഗ്രഹിച്ച് അവിടെനിന്നും പോയി. തദനന്തരം ഭഗവാൻ ഒരു വൃദ്ധഭടന്റെ രൂപംധരിച്ചു വീണ്ടും തിമ്മപ്പന്റെ പീടികയിൽ ചെന്നു. ഭാര്യയാൽ ദത്തമായ മോതിരം അദ്ദേഹത്തെ കാണിച്ച് അതു താൻ ആയിരംരൂപക്കു വില്പാൻ തീർച്ചയാക്കിയിരിക്കുന്നു എന്നു പറഞ്ഞു. തിമ്മപ്പൻ ആ മോതിരം മേടിച്ചുനോക്കിയതിൽ പല സംശയങ്ങളും ജനിക്കയാൽ തൽക്കാലം മനസ്സിലുണ്ടായ ക്ഷോഭത്തെ അടക്കി ആ മോതിരം തനിക്കാവശ്യമുണ്ടെന്നും അതിന്റെ വില പിന്നെ തന്നുകൊള്ളാമെന്നും പറഞ്ഞ് അദ്ദേഹത്തെ അയച്ചു. അതിന്റെശേഷം മോതിരം ഒരു പെട്ടിയിലാക്കി അടച്ച് മുദ്രവെച്ചു ബദ്ധപ്പെട്ടു ഗൃഹത്തിൽചെന്നു. ഭാര്യയെ വിളിച്ച് താൻ തന്ന മോതിരം കാണണമെന്നു പറഞ്ഞു. വാസ്തവം പറഞ്ഞാൽ ലുബ്ധനായ ഭർത്താവു തന്റെ കഥതിത്തുകളയുമെന്നു ഭയപ്പെട്ടു എന്താണ് ചെയ്യേണ്ടതെന്നതറിയാതെ ഒന്നു പരുങ്ങി. ഒടുവിൽ മോതിരം ഇപ്പോൾ കൊണ്ടുവരാമെന്നും പറഞ്ഞു തന്റെ അറക്കകത്തുചെന്നു ഒരു സ്തംഭംപോലെ കുറെനേ

രം നിശ്ചേഷ്ടയായിനിന്നു. തന്റെ ഭൎത്താവിന്റെ കോപാഗ്നിയിൽനിന്നും തന്നെ രക്ഷിക്കണേ എന്നു കരുണാനിധിയായ വിഷ്ണുഭഗവാനെ പ്രാൎത്ഥിച്ചു. എല്ലാം നിഷ്ഫലമെന്നു കണ്ടപ്പോൾ അവൾ ആത്മഹത്തിക്കൊരുങ്ങി വിഷപാനം ചെയ്യുന്നതിന് ഉദ്യമിച്ചപ്പോൾ പാത്രത്തിൽ എന്തൊ ഒരു വസ്തു തിളങ്ങിക്കിടക്കുന്നതുകണ്ട് എടുത്തുനോക്കി. താൻ അല്പംമുമ്പു ഒരു ബ്രാഹ്മണനു ദാനംചെയ്ത മോതിരമാണെന്ന് അറിഞ്ഞപ്പോൾ അവൾക്കുണ്ടായ ആശ്ചൎയ്യവും സന്തോഷവും പറഞ്ഞറിയിപ്പാൻ പ്രയാസം. ഉടനെ അത് എടുത്തു ഭൎത്താവിന്റെ കയ്യിൽകൊണ്ടു കൊടുത്തു. തിമ്മപ്പനുണ്ടായ ആശ്ചൎയ്യം അതിലധികമായിരുന്നു. പീടികയിൽ ചെന്നുനോക്കിയപ്പോൾ താൻ മുമ്പു വെച്ചിരുന്ന മോതിരം കാണുന്നതുമില്ല. ഇതിൽ എന്തൊ ഒരു മറിമായമുണ്ടെന്നു വിശ്വസിച്ച് ഉണ്ടായ സംഗതികൾ മുഴുവൻ പറവാൻ ഭാൎയ്യയെ നിൎബ്ബന്ധിച്ചു. ഭാൎയ്യ നടന്ന കാൎയ്യങ്ങളെല്ലാം വിസ്തരിച്ചുപറഞ്ഞതിൽനിന്ന് ഇങ്ങിനെ സംഭവിച്ചതെല്ലാം വിഷ്ണുവിന്റെ മായകൊണ്ടാണെന്നുള്ള ബോധം തിമ്മപ്പനുണ്ടായി. അതിൽ പിന്നെയാണ് അദ്ദേഹത്തിന്റെ സ്വഭാവത്തിന്നു വലുതായ ഒരു മാററം സംഭവിച്ചത്. നശ്വരമായ ഐഹികസമ്പത്തിനെ മോഹിച്ചു തന്റെ ജീവകാലത്തിലെ വിലയേറിയ ഒരു ഭാഗം വ്യൎത്ഥമാക്കിക്കളഞ്ഞുവല്ലൊ എന്നുവെച്ച് കഠിനമായ പശ്ചാത്താപമുണ്ടായി. തന്റെ സ്വത്തു മുഴുവൻ ബ്രാഹ്മണൎക്ക് ഭാഗിച്ചു കൊടുത്തു. പുത്രമിത്രകളത്രാദികളെയെല്ലാം ഉപേക്ഷിച്ച് അദ്ദേഹം തീൎത്ഥയാത്രക്ക് ഒരുങ്ങി. പല പുണ്യസ്ഥലങ്ങളിലും സഞ്ചരിച്ചു. പമ്പാക്ഷേത്രത്തിൽവെച്ചു വേദാന്തവിഷയപ്രസംഗം നടത്തിക്കൊണ്ടിരുന്ന വ്യാസരായ സ്വാമികളെ കണ്ടെത്തി. അദ്ദേഹത്തിന്റെ അടുക്കെനിന്ന് സകല ശാസ്ത്രങ്ങളുടെ സാരവും ഗ്രഹിച്ചു. സംഗീതത്തിലും അപാരമായ പാണ്ഡിത്യം സിദ്ധിച്ചു. അതിന്റെശേഷം* ഗുരുവിനോട് അനുമതിവാങ്ങി പിന്നെയും ദേശ

* സ്വാമികളുടെ ഉപദേശപ്രകാരമാണ് ഇദ്ദേഹം മാദ്ധ്വമതത്തെ സ്വീകരിച്ചത്.

സഞ്ചാരത്തിന്നു പുറപ്പെട്ടു. ഭാരതഖണ്ഡം മുഴുവൻ ചുററിസഞ്ചരിച്ചതിന്റെശേഷം ഒടുവിൽ ഭീമാ നദിയുടെ വക്കത്തുള്ള പണ്ഡരപുരത്തു ചെന്നു സ്ഥിരവാസം തുടങ്ങി. അവിടെ വെച്ചാണ് അദ്ദേഹത്തിന്റെ നാലു ലക്ഷത്തിൽ ചില്വാനം കൃതികളും ഉണ്ടാക്കിയത്. കൃതികളെല്ലാം തെലുങ്കിലും കന്നാടകത്തിലുമാണ് രചിക്കപ്പെട്ടിട്ടുള്ളത്. എല്ലാം വേദാന്തവിഷയത്തെ പ്രതിപാദിക്കുന്നവയാണെങ്കിലും ആ ഭാഷകളിൽ പരിചയമുള്ളവൎക്ക് സുഗ്രാഹ്യവുമാണ്. ഇദ്ദേഹത്തിന്റെ കൃതികൾ തോന്നാത്ത സ്വാതന്ത്ര്യമനസ്സരുണ്ടോ എന്നു സംശയമാണ്. എന്നുതന്നെയല്ല, വീട്ടുതോറും സംഗീതവിദ്യാൎത്ഥികൾ ബാലപാഠമായി ചൊല്ലിവരുന്നതും ഇദ്ദേഹത്തിന്റെ കീൎത്തനങ്ങളാണ്. ത്യാഗരാജഗുരുവായ വീണവെങ്കിട്ടരമണയ്യൻ ഇദ്ദേഹത്തിന്റെ ശിഷ്യന്റെ ശിഷ്യനാണെന്നാണ് കേട്ടിട്ടുള്ളത്. 'പുരന്ദരദാസൻ' എന്ന പേരുമൂലമാണ് നാം ഇപ്പോൾ ഇദ്ദേഹത്തെ അറിഞ്ഞുവരുന്നത്. ഇദ്ദേഹത്തിന്റെ ജീവചരിത്രത്തെപ്പററി വിശ്വാസയോഗ്യങ്ങളായ സംഗതികൾ വളരെ ഒന്നും അറിഞ്ഞുകൂടന്നുള്ള സംഗതി ശോചനീയം തന്നെ.

സംഗീതരസികൻ.

## കണ്ണം

(ദേവീസ്തോത്രം.)

1. പാരാവാരാത്മജാതേ, ഭഗവതി, സരസം
സേവചെയ്യാൎത്തശേഷം
പാരം സൌഖ്യം കൊടുക്കുമ്മുരരിപു ഭഗവ-
ദ്ദിവ്യവാക്യാമൃതത്തെ
ചോരാതെകണ്ടെടുപ്പാൻ ബഹുപടുതപെടും
രണ്ടുപാത്രങ്ങളെയെ-

ന്നതുംശങ്കിച്ചിട്ടാനിൻശ്രവണപുടയുഗം
കേട്ടുതീൎത്തിടണമമ്മെ.

2. പാരംയശസ്സാൽപ്രസാദത്തിനുഭഗവതിനിൻ
കൎണ്ണരന്ധ്രദ്വയത്തെ
പൂരിപ്പിച്ചീടുവാനായ്ത്തവപതിശോഭൻ
നന്മയിൽതന്മുഖത്താൽ
തൻരേഖന്തന്നെവെന്നിട്ടമൃതമൃതജം
വെന്നതിന്മാധുരിയേയും.
സ്വൈരംകൈക്കൊണ്ടുവാക്യച്ഛലമൊടുബഹുഹ-
ൎഷിച്ചുവൎഷിച്ചിടുന്നു.

3. വ്യാസൻവാല്മീകിവാണീപതിയിവർമുതലാം
സൽകവിപ്രൌഢരെല്ലാം
ശ്വാസംവീഴാതെവൎഷിച്ചിടുമമിതഗുണ
സ്തോത്രമാധ്വീരസത്താൽ
ഭാസിക്കുന്നിന്റെകൎണ്ണദ്വയപുടമധികാ
തിങ്ങിവിങ്ങുന്നതിക്ഷ്വാ
പ്രാസംമാത്രംപെടുമ്മൽസ്തവമിതുവെറുതെ
തന്നെയോധന്യശീലേ!

4. അന്തക്കൂടാതെകണ്ടങ്ങിനെമഹിമയെഴും
യോഗ്യൎവൎഷിച്ചിടുന്നാൽ
ചന്തംചിന്തുംവചസ്സാംമധുരമധുഝര-
ങ്ങൊന്നുചേരുന്നതെല്ലാം
സന്താനാഢ്യദ്രുമങ്ങൾതന്നിജകുസുമ-
ങ്ങൾകെട്ടെത്തീടുവാനായ്
സന്തോഷാൽപൂങ്കുലക്കൊത്തുകൾതവചെവിയിൽ
കെല്പോടേല്പിച്ചിടുന്നു.

5. വല്ലാതെസർവ്വലോകത്തെയുമിഹകരയി-
പ്പിച്ചുകാളീടുമാപ-
ത്തെല്ലാമില്ലാതെയാക്കുംവിധമതിൽമുഴുവൻ
ചീർത്തവേഗേനചെല്പാൻ
ഉല്ലാസമ്പൂണ്ടെടുക്കിന്നിതു സതതമഹോ
ഭംഗിയിൽ കണ്ഠലത്തെ
എല്ലാംഭോജാന്തരസ്ഥേ! തവഗുരുകരുണാ
പൂർണ്ണമാംകർണ്ണയുഗ്മം

6. സാരജ്ഞന്മാർപുകഴ്ത്തുന്നഴകുകളാംമുഴുവൻ
ചേർന്നനിൻകർണ്ണയുഗ്മ-
ദ്വാരങ്കാണുന്നവർക്കൊക്കെയുമഖിലനദീ-
കാന്തസീമന്തകന്യേ!
പാരന്നിൻവക്ത്രശോഭാവലിപലവഴിയായ്
ത്തിങ്ങിവിങ്ങിട്ടൊലിക്കു-
ന്നേരമ്പാർശ്വദ്വയത്തിൽപ്പെട്ടമൊരുചുഴിയൊ-
യെന്നുതോന്നുന്നുചിത്തേ.

7. നന്നായുൽക്കൃഷ്ടവർണ്ണപ്രകരമവിരതം
നിങ്കൽവന്നങ്കുരിച്ചീ-
ട്ടുന്നുണ്ടെല്ലോനിവാസന്തവജലധിജതൻ
കർണ്ണമൂലത്തിലല്ലോ
എന്നല്ലാ,രത്നസൽക്കുണ്ഡല,മഹിതതനോ!
നല്ലസദ്വൃത്തനായീ-
ട്ടുണ്ടെല്ലാഭവാന്താൻഭഗവതിയൊടുടൻ
ചൊല്ലുകെന്നല്ലെല്ലാം

കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ.

# ഒരു കല്പിതസംഭാഷണം.

---

വിവേകാനന്ദസ്വാമിയെ കണ്ടു സംസാരിക്കണമെന്നു എനിക്കു വളരെ ആഗ്രഹമുണ്ടായിരുന്നു. അദ്ദേഹം ഒരിക്കൽ മദ്രാസിൽ വന്നപ്പോൾ ഈ ആഗ്രഹം സാധിച്ചു. അപ്പോൾ ഉണ്ടായ സംഭാഷണത്തെ മലയാളത്തിലാക്കി താഴെ ചേൎക്കുന്നു—

വിവേകാനന്ദസ്വാമി — നിങ്ങൾ മലയാളത്തിൽനിന്നാണ് അല്ലേ?

ഞാൻ—അതെ. അവിടത്തെ വിലയേറിയ സമയത്തിൽ ഒരു ഭാഗം എനിക്കായി അനുവദിച്ചതിന്നു ഞാൻ വളരെ കൃതജ്ഞനായിരിക്കുന്നു.

വിവേ— എന്നോടു സംസാരിക്കാൻ ആഗ്രഹമുള്ളവരോടു സംസാരിക്കുന്നതു് എന്റെ ദിനകൃത്യങ്ങളിൽ ഒന്നാണ്. പ്രത്യേകിച്ച് ചെറുപ്പക്കാരോടു സംസാരിക്കുന്നത് എന്റെ സുഖാനുഭവങ്ങളിൽ ഒന്നാണ്. അധികം പ്രായമാകാത്തതുകൊണ്ടാണ് ഈ പ്രത്യേകതാല്പൎയ്യം തോന്നുന്നതെന്നുവരാം. എന്റെ വാക്കുകൾ കൊണ്ടു അധികം ഫലമുണ്ടായിട്ടുള്ളതു ചെറുപ്പക്കാരുടെ ഇടയിലാണ്. ജീവിതത്തെ ഗൌരവമായി വിചാരിക്കുന്ന ചെറുപ്പക്കാരോടു സംസാരിക്കുന്നതിൽ വളരെ താല്പൎയ്യമുണ്ട്.

ഞാൻ— സാക്രട്ടീസിന്റെ സ്വഭാവവും ഇങ്ങിനെയായിരുന്നുവല്ലോ. ചെറുപ്പക്കാൎക്കു ശക്തിയും ഉത്സാഹവും അധികമുള്ളതുകൊണ്ട്, അവർ കാണുകയും കേൾക്കുകയും ചെയ്യുന്ന കാൎയ്യങ്ങളിൽ, നല്ലതെന്നു തോന്നുന്നവയെ അനുഭവിക്കാൻ ശ്രമിക്കുന്നതു സ്വാഭാവികമാണ്.

മഹാത്മാക്കളെ കാണുന്നതുകൊണ്ടുതന്നെ മനസ്സിന്നു വലിയ ഗുണമുണ്ടാകാൻ ഇടയുണ്ട്. ലോകത്തിൽ നടക്കേണ്ട രീതിയെ കുറിച്ചു പൊതുവായി ചില ഉപദേശങ്ങൾ അവിടത്തെ അടുക്കൽനിന്നു കിട്ടിയാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ട്.

വിവേ— പല ആളുകളും എന്നോട് ഉപദേശങ്ങൾക്കായി ആവ

ശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ വല്ല മന്ത്രമോ, ഉപാസനാക്രമമോ വേണമെന്നായിരുന്നു അധികം പേരുടേയും ആവശ്യം. ഈ വകക്കാരെ തൃപ്തിപ്പെടുത്താൻ എന്റെ കൈവശം ഒന്നും ഇല്ലെന്നു പ്രത്യേകം പറയണമെന്നില്ലല്ലോ. നിങ്ങളുടെ ആവശ്യം ഇതിലധികം യുക്തിയുക്തമാണെങ്കിലും എളുപ്പത്തിൽ സാധിപ്പിക്കത്തക്കതല്ല. നിങ്ങൾ ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ആളാണല്ലോ. വായിച്ചു മനസ്സിലാക്കാൻ കഴിയുന്ന സംഗതികളേക്കാൾ അധികം വിലയേറിയതായി ഒന്നും ഈ പത്തോ പതിനഞ്ചോ മിനിട്ടിനിടയ്ക്കു പറഞ്ഞു തീർക്കാൻ സാധിക്കുമോയെന്നു സംശയമാണ്. കാർലൈൽ എഴുതീട്ടുള്ള സാർട്ടാർ റിസാർട്ടസ് വായിച്ചിട്ടുണ്ടായിരിക്കുമല്ലോ?

ഞാൻ—ഇല്ല.

വി.വ—എന്നാൽ അതു ദിവസവും വായിക്കുന്നതു വളരെ നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഉത്തമമായ സംസ്കൃത ഗ്രന്ഥങ്ങൾ പലതും ഉണ്ടെങ്കിലും ആദ്യം ഈ പുസ്തകം വളരെ ഉപയോഗപ്പെടും. അവനവൻ ചെയ്യേണ്ട ജോലി എന്തായാലും അതിനെ, മുഴുവൻ ശക്തിയുമുപയോഗിച്ചു കഴിയുന്നേടത്തോളം നല്ലവണ്ണം ചെയ്യണമെന്നാണ് ആദ്ദേഹത്തിന്റെ പ്രധാനമായ ഉപദേശം. ഇതിനെപ്പററി കുറച്ച് ആലോചിച്ചാൽ സമുദായാവസ്ഥ, രാജ്യഭരണക്രമം, മുതലായവകൊണ്ടു നമുക്കുണ്ടാകുന്നുവെന്നു നാം പറയുന്ന പ്രതിബന്ധങ്ങൾ കൃത്യനിഷ്ഠയെ സംബന്ധിച്ചേടത്തോളം നിസ്സാരങ്ങളാണെന്നു വ്യക്തമാകും. വലിയ തടസ്ഥങ്ങൾ ഉണ്ടായിരിക്കും. അവയെ എതൃക്കുന്നതിനും ജയിക്കുന്നതിനുമാണ് മനുഷ്യർ. നിങ്ങളുടെ നാട്ടിലുള്ളതിൽ എററവും താണജാതികളിലൊന്നാണല്ലോ പുലയർ. ആ ജാതിയിലുള്ള ഒരുത്തനു പല പ്രതിബന്ധങ്ങൾ ഉണ്ടെങ്കിലും എല്ലാ സൌകര്യങ്ങളും ഉള്ള ഒരാളോളംതന്നെ കൃത്യനിഷ്ഠയും നന്മയും ബുദ്ധിശക്തിയും അവനു പ്രദശിപ്പിക്കാൻ കഴിയും. മനസ്സിന്റെ നിശ്ചയവും ശക്തിയുമാണ് പ്രധാനം. ഗുണങ്ങളും ശ്രു

മങ്ങളും അകത്തുനിന്നുതന്നെ വരണം. പുറത്തുനിന്ന് അകത്തേക്കു കടത്താമെന്നു വിചാരിക്കുന്നതു മൂഢത്വമാണ്. പുറമേയുള്ള വസ്തുക്കൾ മനസ്സിൽനിന്നുത്ഭവിക്കുന്നവയെ സഹായിക്കുന്നുവെന്നു മാത്രമേയുള്ളു. അവനവന്റെ ശക്തികൾക്കു ചേരുന്നതും, അവനവന്റെ രാജ്യത്തിന്റെയോ, സമുദായത്തിന്റെയോ, ലോകത്തിന്റെയോ, സ്ഥിതിക്ക് ഏററവും ഗുണകരമായിരിക്കുമെന്നു തോന്നുന്നതും ആയ ഒരു കാര്യത്തിൽ കഴിയുന്ന ശ്രമം ചെയ്യുന്നതാണ് ജീവിതത്തെ ഉത്തമമാക്കുന്നതിനുള്ള ശരിയായ മാർഗ്ഗം. ആത്മസംതൃപ്തിക്കും ഇതുതന്നെ ഏററവും നല്ലതു.

ഞാൻ — ജാതിഭേദമാണ് ഭാരതഖണ്ഡത്തെ നശിപ്പിക്കുന്നത് എന്നാണല്ലോ പലരുടേയും അഭിപ്രായം. ഈ വിഷയത്തിൽ ഏതുവിധത്തിലുള്ള പ്രയത്നമാണ് ഫലവത്തായിത്തീരുന്നത്?

വിവേ — ഇപ്പോൾ നടപ്പുള്ള ജാതിഭേദം വളരെ ദോഷകരമായിട്ടുള്ളതുതന്നെയാണ്. അതുകൊണ്ട്, മുമ്പ് ഏതെല്ലാം ഗുണങ്ങളുണ്ടായിരുന്നെങ്കിലും, ഇപ്പോൾ ദോഷം മാത്രമേയുള്ളു എന്നാണ് എന്റെ അഭിപ്രായം. എന്നാൽ ജാതിഭേദംമുതലായവയിൽ ഉള്ള അന്ധവിശ്വാസങ്ങളെ നീക്കുന്നതിനു പരമാത്മജ്ഞാനം ഒന്നുമാത്രമേ വഴിയുള്ളു. അതുകൊണ്ടു ശരിയായ അറിവു ജനങ്ങളുടെ ഇടയിൽ പരത്തുകയാണ് ആവശ്യമായിട്ടുള്ളത്. അറിവുള്ള ആളുകൾ തങ്ങളുടെ വിശ്വാസങ്ങളനുസരിച്ചു നടക്കുന്നതിൽ ധൈര്യം കാണിക്കേണ്ടതാണ്. അവർ സാധാരണ ജനങ്ങളുടെ നടപ്പിന് അടിമകളായിരിക്കരുത്. ശരിയായ ജ്ഞാനത്തേയും നടവടിയേയും പരത്തുന്നതിനു ഇതുപോലെ നല്ല മാർഗ്ഗം വേറെയൊന്നും ഇല്ല. നിങ്ങളുടെ നാട്ടിൽ അതിവിശേഷമായ ഒരു ആചാരം, ചോവൻ, പുലയൻ മുതലായ ജാതിക്കാർക്കു തീണ്ടലുണ്ടെന്നതാണല്ലോ. ഈ ജാതിയിൽ ആരെങ്കിലും ക്രിസ്ത്യാനിയായാൽ പിന്നെ അവനു തീണ്ടലില്ല. തലമുടിയും കളഞ്ഞു പേരും മാററിയാൽ അശുദ്ധിയെല്ലാം പോയെന്നായിരിക്കു

വിചാരം. തീണ്ടൽ ഇപ്പോൾ നിങ്ങളുടെ നാട്ടിൽ മാത്രമേ നട പ്പുള്ളൂ. അറിവുള്ള ആളുകളെല്ലാം ഇതിനെ ധിക്കരിച്ചു നടക്കു കയാണെങ്കിൽ എളുപ്പത്തിൽ ഈ വിഡ്ഢിത്തം നിന്നുപോകും. ഒരു ചോവനോ മററൊ വഴിമാറാൻ ഭാവിക്കുമ്പോൾ ഞാൻ ത ൻെറ ജാതിതന്നെ'യെന്നു പറഞ്ഞുകൊണ്ടു മുമ്പോട്ടു നടക്കുന്ന തു വളരെ രസകരമായിരിക്കും. കൂടെ നാട്ടുപ്രമാണികൾ ആ രെങ്കിലുമുള്ളപ്പോഴും ഇപ്രകാരം ചെയ്യുന്ന ഒരു പരിഷ്കാരിയെ ക ണ്ടാൽ കൊള്ളാമെന്നു എനിക്കു വലിയ ആഗ്രഹമുണ്ട്.

ഞാൻ—എൻെറ നാട്ടിലുള്ള പല കേമന്മാരുടേയും അഭിപ്രായം ഇതിനു വിപരീതമാണ്. സാധാരണനടപ്പുകൾക്കു വിപരീതമാ യി നടക്കുന്നതുകൊണ്ടു ദോഷമേ ഉണ്ടാകാൻ ഇടയുള്ളുവെന്നും പരിഷ്കാരങ്ങൾ കാലംകൊണ്ടു വന്നുകൊള്ളുമെന്നും ആണ് അവ രുടെ സമാധാനം.

വിവേ—അതു ഭീരുക്കളുടേയും മടിയന്മാരുടേയും സമാധാനമാണ്. ഇവരുടെ വാദംകേട്ടാൽ കാലം എന്നതു ഒരു ആളാണെന്നു തോ ന്നിപ്പോകും. കാലത്തിനു വല്ലതും ചെയ്വാൻ ശക്തിയുണ്ടോ? ഏതു മാററവും ഒരാൾ പുതുതായി തുടങ്ങാതെ നിവൃത്തിയില്ല. ധർമ്മനിഷ്ഠയും ധൈര്യവും ഉള്ള പുരുഷന്മാർ ചിലർ ആദ്യം ചെയ്തു തുടങ്ങിയിരുന്നില്ലെങ്കിൽ ഒരു പരിഷ്കാരവും നടപ്പിൽ വരികയി ല്ലായിരുന്നു.

ഞാൻ—സമയംനോക്കിവേണം ഏതുകാര്യവും ചെയ്വാൻ എന്നുള്ള തു സത്യമല്ലേ? ചുററുമുള്ള സ്ഥിതികൾക്കനുസരിച്ചു പ്രവൃത്തിക ളാണ് മനുഷ്യർ ചെയ്യേണ്ടത്. ചില സന്ദർഭങ്ങളിൽ വലുതായ ഗുണങ്ങൾ സാധിക്കാനായി നമുക്കു ശരിയല്ലെന്നു തോന്നുന്ന ചി ല പ്രവൃത്തികളേയും ചെയ്യേണ്ടിവരുന്നുണ്ട്.

വിവേ—ഇങ്ങിനെ പൊതുവായി ഓരോന്നു പറഞ്ഞാൽ അവയെ കുറിച്ച് ഇപ്പോൾ ഒന്നും തീർമാനിക്കാൻ സാധിക്കയില്ല. എ ങ്കിലും, പിന്നീടു ഗുണങ്ങൾ സാധിക്കാമെന്നുവച്ചു തല്ക്കാലം അ ധർമ്മംചെയ്യുന്നതിനെപ്പററി കുറച്ച് ആലോചിച്ചുനോക്കാം. ഇ

ത്തിന്ന ഒരു ഉദാഹരണം എടുക്കാം. ഒരു രാജ്യത്തിന്ന പല ഗുണങ്ങൾ ചെയ്യേണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഒരാൾ അവിടത്തെ മന്ത്രിയാകാൻ ശ്രമിക്കുന്നുവെന്ന വിചാരിക്കതന്നെ. അധികാരം സിദ്ധിക്കുന്നതിന്നായി ആയാൾ ഹീനമായ ചില പ്രവൃത്തികളെ ചെയ്തുതുടങ്ങുന്നു. ഇതു നല്ലതാണെന്ന നിങ്ങൾക്കു തോന്നുന്നുണ്ടോ?

ഞാൻ—നല്ലതാണെന്ന തോന്നുന്നില്ല. അങ്ങിനെ ചെയ്യുന്ന ആളെ ബഹുമാനിക്കാനും പ്രയാസമാണ്. എന്നാൽ ആയാളുടെ പ്രവൃത്തി തെറ്റാണെന്നുള്ളതിന്ന ശരിയായ കാരണമൊന്നും എനിക്കു തോന്നുന്നില്ല.

വിവേ—ആകട്ടെ, അതു ഞാൻ പറയാം. അധികാരസിദ്ധിക്കായി ഹീനകർമ്മങ്ങൾ ചെയ്യുന്ന രാജ്യതന്ത്രജ്ഞന്ന വരാനിടയുള്ള ദോഷങ്ങൾ ചിലതുണ്ട്. ജനങ്ങളുടെ ഗുണത്തിനായിട്ടാണ് ഹീനപ്രവൃത്തികൾ ചെയ്യുന്നത് എന്നുള്ള വിചാരം സ്വാർത്ഥപ്രതിപത്തിയുടെ മറിമായം മാത്രമായിരിപ്പാൻ ഇടയുണ്ട്. നന്മചെയ്യേണമെന്ന് ആഗ്രഹമുള്ളവരിൽ ചിലർക്കു ഇങ്ങിനെ തോന്നിയേക്കുമെന്ന വിചാരിക്കാം. ഗുണപ്രതിപത്തിയുള്ളവർക്കും ഹീനവൃത്തിയോടുള്ള പരിചയം അപായകരമാണ്. ആദ്യം പൊതുജനങ്ങൾക്കായി ദോഷം ചെയ്യുന്നവൻ ക്രമേണ സ്വാർത്ഥത്തിനായി ഹീനത്വം കാണിക്കുന്നവനായിത്തീരും. നിത്യപരിചയവും സുഖപ്രതിപത്തിയുംകൂടെ സദ്വൃത്തിയെ എതിർക്കുകയാണെങ്കിൽ സദ്വൃത്തിപക്ഷത്തിൽനിന്ന ജയിക്കാൻ ശക്തിയുള്ള മനസ്സുകൾ അത്യന്തം ചുരുക്കമാണ്. അതുകൊണ്ടു, ഗുണംചെയ്യാനുള്ള സമയം വരുമ്പോൾ ചെയ്യാൻ ഉത്സാഹമുള്ള ആളുകളില്ലെന്ന വന്നേക്കും. എന്നുമാത്രമല്ല, മനുഷ്യന്റെ മരണം എന്നാണെന്ന തീർച്ചയാക്കുവാൻ അസാദ്ധ്യമായ സ്ഥിതിക്കു ദോഷംചെയ്തുവെന്നും, വിചാരിച്ച ഗുണംചെയ്യുന്നതിന്ന മുമ്പു മരിച്ചുപോയെന്നും വരാം. വലിയ സ്ഥിതിയിലിരിക്കുന്നവർ ചില ദോഷങ്ങൾ ചെയ്യുന്നതിന്റെ ഫലം, പിന്നീടു ചെയ്യാമെന്ന വിചാരിക്കുന്ന ഗു

ണങ്ങളുടെ ഫലത്തേക്കാൾ വളരെ അധികമായിത്തീരുവാനാണ് എളുപ്പം. വല്ല ഹീനപ്രവൃത്തിയും ചെയ്തു് ഉന്നതിയെ പ്രാപിച്ച ഒരാളുടെ കീഴിലുള്ളവരുടെ നടവടി വേഗത്തിൽ ചീത്തയായിപ്പോകുമെന്നുള്ളതു കണ്ടു് അറിയാവുന്ന ഒരു സംഗതിയാണ്. എല്ലാവരും അവനവന്റെ ശേഷിയനുസരിച്ച നല്ലതുതന്നെ ചെയ്യേണമെന്നുള്ളതിന്റെ പ്രധാനകാരണം ഇതൊന്നുമല്ല. ജീവിതോദ്ദേശ്യം സുഖാനുഭവമല്ല. സുഖം ശരിയായ ജീവിതത്തിന്റെ ഒരു അടയാളം മാത്രമാകുന്നു. ശരിയായവിധത്തിൽ കാലക്ഷേപം ചെയ്യുന്നവന്ന് ആത്മസംതൃപ്തിയും ഒരുവിധം സുഖവും ഉണ്ടായിരിക്കും. എന്നാൽ സുഖമായിരിക്കുന്നുവെന്നു വിചാരിക്കുന്നവരെല്ലാവരും സല്കൎമ്മം ചെയ്യുന്നവരാണെന്നു പറയാൻ പാടില്ല. എന്റെ ജീവിതത്തിൽ ഞാൻ നല്ലവസ്ത്രങ്ങൾ ധരിച്ചു; സുഖമായിട്ടു ഭക്ഷണംകഴിച്ചു; എന്നുള്ള സംഗതികൾ അത്ര പ്രാധാന്യമുള്ളവയല്ല. അന്നവസ്ത്രാദികളായ ജീവിതസൌകൎയ്യങ്ങളെ നമുക്കായിട്ടോ, മററുള്ളവൎക്കായിട്ടോ സമ്പാദിക്കുന്നതിന്റെ പ്രാധാന്യത്തിന്നു കാരണം വേറെയാണ. ജീവിതസൌകൎയ്യങ്ങൾ സദ്വൃത്തിയെ സഹായിക്കുന്നതുകൊണ്ടാണ് അവയ്ക്കുവേണ്ടി ശ്രമിക്കുന്നതു ഗുണകരമായിരിക്കുന്നത്. ഇവയെ മുഖ്യോദ്ദേശ്യമാക്കുന്നതു ശരിയല്ല. മനസ്സിന്നു ശക്തിയേയും, നന്മയേയും അധികമാക്കുന്നതാണ് മുഖ്യോദ്ദേശ്യം. സത്യം, ന്യായം, ദയ മുതലായ ഗുണങ്ങളെ തന്നിലും മററുള്ളവരിലും ദൃഢമായി ഉറപ്പിക്കാൻ വാക്കുകൊണ്ടും മനസ്സുകൊണ്ടും, പ്രവൃത്തികൊണ്ടും ശ്രമിക്കുന്നതാണ് നമ്മുടെ ധൎമ്മം. അധൎമ്മത്തോടു എതിരിട്ടു ജയിക്കുന്നതിന്നായി ഐഹികജീവിതത്തെ ഉപയോഗിക്കുന്നവർ തന്നെയാണ് പരമാനന്ദത്തെ അനുഭവിക്കുന്നത്. ജീവിതോദ്ദേശ്യം ഇതാണെങ്കിൽ, സമുദായഗുണത്തെ കാംക്ഷിക്കുന്ന ഒരാൾ ഹീനതകൊണ്ടു തുടങ്ങുന്നതു ദോഷതരമാണെന്നു വ്യക്തമാണല്ലോ.

ഞാൻ—പൊതുജനങ്ങളുടെ ഗുണത്തെ ഉദ്ദേശിച്ചാണ് തങ്ങൾ മന

സ്സാക്ഷിക്കു വിപരീതമായി പ്രവൎത്തിക്കുന്നത് എന്നു പറയുന്നതും ഭീരുത്വത്തിന്റേയും, സ്വാൎത്ഥപ്രത്യുപത്തിയുടേയും അടയാളമാണെന്നു എനിക്കു നിശ്ചയമായി. ഇത്രയും സമയം എനിക്കായി വ്യയംചെയ്തതിനു വന്ദനം.

വിവേ—ഞാൻ ഇവിടെനിന്നു പോകുന്നതിനുമുമ്പ് ഇനിയും ചിലപ്പോൾ തമ്മിൽ കാണാമെന്നു വിശ്വസിക്കുന്നു. എനിക്ക് ഈ മാതിരി സംഭാഷണങ്ങൾ വളരെ സന്തോഷപ്രദങ്ങളാണെന്ന് ആദ്യമെ പറഞ്ഞിട്ടുണ്ടല്ലൊ.

ഉടൻതന്നെ യാത്രപറഞ്ഞു ഞാൻ പുറപ്പെട്ടു.

ജി. രാമൻമേനോൻ, എം. എ.

# അന്തരിക്ഷം

(തുടൎച്ച)

ഭൂഗോളം തണുത്തു കട്ടപിടിക്കുന്നതിനുമുമ്പെ,—അനന്തകോടി സംവത്സരങ്ങൾക്കു മുമ്പിൽ—നമ്മുടെ ഭൂഗോളം അഗ്നിമയമായ ഒരു ചെറിയ സൂൎയ്യനായിരുന്നു. അക്കാലത്തെ അന്തരിക്ഷത്തിൽ, ജ്വാലകളായി നിന്നിരുന്ന ഓരോരോ ലോഹങ്ങളുടെ ബാഷ്പങ്ങളും മററു വാതകങ്ങളുമാത്രെ ഉണ്ടായിരുന്നത്. അന്തരിക്ഷത്തിൽനിന്നു ലോഹബാഷ്പവൎഷങ്ങളും അപ്പോഴപ്പോൾ ഉണ്ടായിക്കൊണ്ടിരുന്നു. ഈ വൃഷ്ടിപാതങ്ങളാൽ, അന്തരിക്ഷത്തിലെ ലോഹബാഷ്പപരിമാണം ഗണ്യമായ നിലയിൽ കുറഞ്ഞിരുന്നില്ല. ഭൂഗോളത്തിന്മേൽ വീണ ലോഹവൎഷങ്ങൾ, ചൂടുനിമിത്തം തിരികെ വാതകങ്ങളായി പരിണമിച്ചു മേൽ അന്തരിക്ഷത്തിലേക്കു ഉൽഗമിച്ചുകൊണ്ടിരുന്നു. ഇങ്ങനെ അനേകസംവത്സരങ്ങൾ കഴിഞ്ഞാറെ, ലോഹബാഷ്പവൎഷങ്ങൾ തണുപ്പുനിമിത്തം വാതകങ്ങളായി പരിണമിച്ചില്ല. ലോഹങ്ങൾ തണുത്തു ദ്രവങ്ങളായി, പിന്നിട്ടു ഘനവസ്തുക്കളായിത്തീൎന്നു, ഭൂതലത്തിൽ കട്ടപിടിച്ചു കിടപ്പായി. ഈ വിധം അനവധികാലം

കഴിഞ്ഞു. ഭൂഗോളം തണുത്തു തണുത്ത് ചെടികളുടേയും, ജന്തുക്കളുടേയും ജീവനത്തിനു യോഗ്യമായി. അന്തരിക്ഷവും, ഗുരുതരങ്ങളായ ലോഹബാഷ്പങ്ങളേയും മററും വിട്ടുപിരിഞ്ഞ് ഇപ്പോഴത്തെപ്പോലെ സ്വച്ഛമായിത്തീൎന്നു.

വളരെക്കാലം മുമ്പുതന്നെ നമ്മുടെ അന്തരിക്ഷം ഇപ്പോഴത്തേപ്പോലെ സ്വച്ഛമായി എന്നുള്ളതിന്നു പുരാണജന്തുക്കളുടെ ചരിതങ്ങൾ സാക്ഷ്യങ്ങളാണ്. അക്കാലത്തുണ്ടായിരുന്ന സമുദ്രജന്തുക്കളിൽ ഒരു വൎഗ്ഗത്തിനു നയനേന്ദ്രിയങ്ങൾ ഉണ്ടായിരുന്നതായ ലക്ഷ്യങ്ങളുണ്ട്. ഭൂമിക്കു സൂൎയ്യനിൽനിന്നു ലഭിച്ചുവരുന്ന പ്രകാശം, അക്കാലത്തും, അന്തരിക്ഷത്തെ കടന്നു സമുദ്രജലത്തിൽ പ്രവേശിച്ചു, ജന്തുക്കളുടെ നയനങ്ങൾക്കു വിഷയമായിരിക്കണമെന്നുവരുകിൽ അന്തരിക്ഷം അക്കാലത്തു തേജഃപ്രവേശ്യമായിരുന്നിരിക്കണമല്ലോ. അന്തരിക്ഷം അന്നും ഇന്നത്തേപ്പോലെ സ്വച്ഛമായിരുന്നിട്ടുണ്ടെങ്കിലും അന്ന് അധികം നീരാവിയും ഇംഗാലാമ്ലവാതകവും ഉണ്ടായിരുന്നു. ഇംഗാലാമ്ലവാതകത്തിൽ മിക്ക അംശവും, പിൻകാലത്തു കല്ക്കരിപ്പാറകളുടേയും, ചുണ്ണാമ്പുശിലകളുടേയും ആവിൎഭാവത്തിന്ന് ഉപകരിക്കപ്പെട്ടുപോയിട്ടുണ്ട് എന്നുള്ളതു തൎക്കം കൂടുന്നതല്ല.

ഭൂഗോളം ക്രമേണ തണുത്തു പോയതോടുകൂടി അന്തരിക്ഷത്തിന്നു ചൂടു കിട്ടുവാനുള്ള മാൎഗ്ഗം വേറെ തേടേണ്ടിവന്നു. വായുമണ്ഡലത്തിന്റെ ഉഷ്ണസ്ഥിതിക്കു ഏക അവലംബമായിത്തീൎന്നതു സൂൎയ്യഗോളമായിരുന്നു. ഒമ്പതുകോടിമുപ്പതുലക്ഷം നാഴിക ദൂരം സഞ്ചരിച്ചുവരുന്ന സൂൎയ്യരശ്മികളില്ലായിരുന്നുവെങ്കിൽ, നമ്മുടെ അന്തരിക്ഷം എത്രയോകാലം മുമ്പു ശീതമായിത്തീൎന്നേനെ. ഭൂഗോളത്തിൽനിന്നു ശ്വാസനമണ്ഡലത്തിന്നു ലഭിച്ചുവരുന്ന ചൂടു നൂററിലേഴുഭാഗം ഫാരൻഹൈററ് ഡിഗ്രിയോളമേ ഉള്ളു. എന്നാൽ, സൂൎയ്യരശ്മികളിൽ നിന്നാകട്ടെ ൩൦൦ ഡിഗ്രി (ഫാരൻ) ചൂടു കിട്ടുന്നുണ്ട്. ഇതില്ലായിരുന്നുവെങ്കിൽ നമ്മുടെ അന്തരിക്ഷം എത്രയോ വേഗത്തിൽ തണുത്തുപോവുകയും ഭൂമിയിലുള്ള നാം ശീതവസ്ത്രം പുതച്ചവരെപ്പോലെ ആവുകയും ചെയ്യുമായിരുന്നു.

നമ്മുടെ ഭൂഗോളത്തെ പൊതിഞ്ഞിരിക്കുന്ന അന്തരിക്ഷം നമ്മുടെ സ്വന്തമായ സ്വത്താണ്; ബ്രഹ്മാണ്ഡകടാഹത്തിലുള്ള ഒരു മഹാന്തരിക്ഷത്തിന്റെ അംശമല്ല. വാസ്തവത്തിൽ ഇങ്ങനെയൊരു മഹാന്തരിക്ഷം ഉണ്ടായിരുന്നുവെങ്കിൽ നമ്മുടെ സൂര്യഗോളത്തിനുതന്നെ എത്രയോ മഹത്തായ ഒരു വായുമണ്ഡലം ഇതുപോലെ ഉണ്ടായിരിക്കുമായിരുന്നു. സൂര്യഗോളാന്തരിക്ഷത്തിന്റെ വിസ്തീർണ്ണത, ശുക്രഗ്രഹത്തിന്റെ സഞ്ചാരമാർഗ്ഗത്തെക്കൂടെ അതിലംഘിക്കുമായിരുന്നു. എന്നാൽ, വാസ്തവം ഇങ്ങനെ അല്ലല്ലൊ. സൂര്യന്റെ അന്തരിക്ഷം അഞ്ചുലക്ഷം നാഴികയിലധികം ആഴമുള്ളതല്ല; ഭൂമിയുടെ അന്തരിക്ഷത്തിനാകട്ടെ, കൂടിയപക്ഷം ഒരു നൂറുനാഴികയിലധികം ആഴമില്ല.

നമ്മുടെ അന്തരിക്ഷത്തിന്റെ ഉന്നതി എന്തുമാത്രമുണ്ടെന്ന് ഇതേവരെ നിരഗ്രമായി അളന്നറിഞ്ഞിട്ടില്ല. ഭൂതലത്തെ അളന്നു നിർണ്ണയിക്കുന്ന വിധത്തിൽ അന്തരിക്ഷത്തെ അളന്നറിവാൻ സാധിക്കുന്നതല്ലല്ലോ. വായുമണ്ഡലത്തിന്റെ ഏററവും ഉന്നതമായ സ്ഥാനത്ത് എത്തുവാൻ മനുഷ്യക്ക് സാധ്യമല്ല. ഒരു പക്ഷം, നമുക്ക വളരെ പൊങ്ങിപ്പറക്കാമെന്നിരിക്കിലും, വായുവിന്റെ കാര്യം വിചാരിച്ചാൽ, അത് എന്തേതു സ്ഥാനങ്ങളിൽ വ്യാപിച്ചിട്ടുണ്ടെന്നു നിർണ്ണയിക്കുവാൻ പ്രയാസമാകുന്നു. എന്നാൽ, വായുവിന് ഒരു ഭാരവും, പ്രതിരോധനശക്തിയും ഉണ്ടെന്ന് എവിടം മുതല്ക്കു ലക്ഷ്യം കിട്ടുന്നുവോ, അവിടം തുടങ്ങി, ലക്ഷ്യം കിട്ടാതാകുന്ന സ്ഥാനം വരേ വായു വ്യാപിച്ചിട്ടുണ്ടെന്ന് ഗണിക്കാവുന്നതാകുന്നു. നാം മേൽ അന്തരിക്ഷത്തിലേക്കു പൊങ്ങിപ്പോകുന്തോറും, വായുവിന്റെ ഭാരവും പ്രതിരോധനവും കുറഞ്ഞു വരുന്നു എന്നു നമുക്ക് അനുഭവമാകുന്നതാണ്. സന്ധ്യാകാലപ്രകാശത്തേയും, കൊള്ളിമീൻ നക്ഷത്രങ്ങളുടെ പാതത്തെയും, കണ്ടു വായുമണ്ഡലത്തിന്റെ ഉന്നതിയെ നിർണ്ണയപ്പെടുത്താൻ കഴിയും.

ആറ്, കുളം, കായൽ മുതലായ ജലപൂരങ്ങളിൽ, അടിവാരത്തു-പതുങ്ങി സഞ്ചരിക്കയെല്ലാതെ, മേൽ നീന്തി നടക്കുവാൻ കഴി

യാത്ത ചില പൂന്തി മത്സ്യങ്ങളുണ്ട്. ഇവയെപ്പോലെ, വായുമണ്ഡലമെന്ന സമുദ്രത്തിന്റെ അടിഭാഗത്തു സഞ്ചരിക്കുന്ന ജന്തുക്കളാകുന്നു മനുഷ്യർ. നമ്മുടെ തലയ്ക്കു മീതേ ഏതാനും നാഴിക ദൂരം കഴിഞ്ഞാൽ, എന്തൊക്കെയാണ് സംഭവിക്കുന്നതെന്നുള്ള വിവരമൊന്നും നാം അറിയുന്നതേ ഇല്ല. ഇന്നതെല്ലാമാണ് സംഭവിക്കുന്നതെന്നു കണ്ടറിയുന്നതിന് അന്തരീക്ഷത്തിൽ പൊങ്ങിപ്പോവാൻ നമുക്കു ശക്തിയുമില്ല.

ഭൂതലത്തിൽനിന്നു പൊങ്ങി നില്ക്കുന്ന ഭാഗങ്ങളായ പർവതങ്ങളുടെ മുകളിൽ തന്നെയും അധികം ആളുകൾ പ്രവേശിച്ചിട്ടില്ല. അക്കാൻകാഗ്വാ' പർവതത്തിന്റെ മുകളിലേക്ക് ഇരുപത്തിനാലായിരം അടിയോളം പൊക്കത്തിൽ, അതായത്, നാലു നാഴികയിലധികം പൊക്കത്തിൽ ഒരാൾ പ്രവേശിച്ചിട്ടുള്ളതാണ് ഇതേവരേയുണ്ടായിട്ടുള്ള പർവതാധിരോഹണപ്രവൃത്തിയിൽ മുഖ്യമായി ഗണിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ, ബെർലിൻ പട്ടണത്തിലെ ഡാക്ടർ ബെർസൺ എന്ന ആൾ ൧൮൯൪-ാമാണ്ട് ആകാശവിമാനത്തിൽ കയറി മുപ്പതിനായിരം അടി പൊക്കത്തിൽ പോയിട്ടുണ്ട്. ഇങ്ങനെ, വായുമണ്ഡലത്തിന്റെ മേൽത്തട്ടുകളെ പ്രാപിച്ചിട്ടുള്ള ആളുകൾ ഇനിയുമുണ്ട്. ഡാക്ടർ ബെർസൺ തന്റെ വിമാനത്തിനകത്തു സംഭരിച്ചിരുന്ന വായുമാപനയന്ത്രങ്ങളെ നോക്കി, വായുവിന്റെ ഉന്നതിയേയും ഭാരത്തേയും മറ്റും നിർണ്ണയിക്കുവാൻ ശക്തനായി ഭവിച്ചിരുന്നു; ഇത് അദ്ദേഹം ചെയ്തിരുന്ന ചില മുൻകരുതലുകളാൽ സാധിച്ചുവെന്നേ ഉള്ളൂ. മേൽ അന്തരീക്ഷത്തിൽ പൊങ്ങിപ്പോകുന്തോറും വായുവിന്റെ ദൃഢിമയും ഭാരവും കുറയുകയും, ശ്വാസോച്ഛ്വാസക്രിയകൾക്കു നാം ശ്രമപ്പെടുകയും ചെയ്യുന്നുണ്ട്. ശ്വസിക്കുവാൻ വേണ്ടുവോളം വായു ലഭിക്കാതിരുന്നാൽ, മോഹാലസ്യമുണ്ടാവുമെന്നുള്ളതിൽ സന്ദേഹമില്ല. അങ്ങനെ അവശത ഉണ്ടായാൽ വായുമാപനം അസാദ്ധ്യമായ്ത്തീരുകയേ ഉള്ളൂ. ഡാക്ടർ ബെർസൺ, ഈ ക്ലേശങ്ങൾക്കു സംഗതി വരാതിരിക്കുവാനായി മുൻകൂട്ടി അമ്ലജനകവാതകത്തെ കരുതി വച്ചിരുന്നു. ഇതു

ശ്വാസിച്ചുകൊണ്ടു പ്രാണധാരണം ചെയ്കയാൽ അദ്ദേഹത്തിനു മുപ്പതിനായിരം അടിവരെ പൊങ്ങുവാൻ സാധിച്ചു. ൧൮൬൨-ാമാണ്ട് വുൾവെറാംപടൺ എന്ന പ്രദേശത്തുവച്ചു ഗ്ലേയ്ഷെർ എന്നും കാക്സ്‌വെൽ എന്നും രണ്ടുപേർ ആകാശവിമാനത്തിൽ കയറി പറന്നുനോക്കി. ഇരുപത്തൊമ്പതിനായിരം അടി പൊങ്ങിയപ്പോൾ അവർ മൂർഛിച്ചുവീണു. ആകാശവിമാനം പൊങ്ങിപ്പൊങ്ങി മുപ്പത്താറായിരം അടിവരെ എത്തി എന്ന് അവക്ക് ഊഹമാത്രത്താലേ നിർണ്ണയിക്കുവാൻ കഴിഞ്ഞുള്ളു. ഡാക്ടർ ബെർസൺ ചെയ്തിരുന്ന മുൻകരുതലിനാൽ അദ്ദേഹത്തിന് ഊഷ്മമാപിനിയേയും, വായുമാപിനിയേയും മററും നോക്കി കണക്കെടുക്കുവാൻ സാധിച്ചു. ഊഷ്മമാപിനിയുടെ രസസ്തംഭം വളരെ താണുപോയി; അതു ("ഫാരെൻഹൈററ്") സൂന്നസ്ഥാനത്തുനിന്നു ൪൪ ഡിഗ്രി താണിരുന്നു. വായുവിൻെറ ഭാരത്തെ അളക്കുന്ന യന്ത്രത്തിലുള്ള രസസ്തംഭം ൩൦ അംഗുലമായിരുന്നതു താണ് താണ് ഒമ്പതംഗുലമായി. ഇങ്ങനെ പല മാററങ്ങളും ഡാക്ടർ ബെർസൺ കണ്ടു. വാസ്തവത്തിൽ മനുഷ്യന് ആറുനാഴികയിലധികം പൊക്കത്തിൽ അന്തരിക്ഷത്തെ പ്രാപിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. അതിനപ്പുറം പൊങ്ങിപ്പോവാൻ വളരെ കൃത്രിമോപകരണങ്ങൾകൊണ്ടേ സാധിക്കു. സാധാരണമായി സമുദ്രനിരപ്പിൽനിന്നു പതിനയ്യായിരം അടിക്കു മേൽ പൊക്കമുള്ള സ്ഥലങ്ങളിൽ മനുഷ്യർക്കു പാക്കുവാൻ പാടില്ല; അങ്ങനെ പാത്താൽ ശ്വാസപ്രവൃത്തിക്കു ക്ലേശവും, തന്മൂലം അനേകം ആപത്തുകളും ഉണ്ടാവും. മനുഷ്യർക്കു നിവാസയോഗ്യമായ അന്തരിക്ഷാംശം എത്ര മാത്രമാണെന്നു നോക്കുമ്പോൾ, ഈ ലോകത്തിൽ മനുഷ്യർ ചെയ്തുവരുന്ന അത്ഭുതകർമ്മങ്ങളും, മനുഷ്യർ പ്രകടിപ്പിക്കുന്ന ബുദ്ധിശക്തിയും മററും അന്തരിക്ഷത്തിൻെറ എത്രയോ ചെറുതായ ഒരു കഷണത്തിനുള്ളിലാണ് കിടന്നു ലഹളകൂട്ടുന്നതെന്നു ബോധപ്പെടുന്നതാകുന്നു. മനുഷ്യൻെറ എല്ലാ തരം മാഹാത്മ്യവും ഈ പ്രപഞ്ചത്തിലുള്ള ഗണനാതീതമായ ക്ഷേത്രത്തിൽ, ഭൂഗോളത്തിൻെറ പുറത്തുനിന്ന് ഒരു മൂന്നു നാഴികക്കുള്ളിലല്ലാതെ

അതിനപ്പുറം കടക്കുന്നില്ലെന്നുള്ളതു വിചാരിച്ചാൽ, മനുഷ്യൻ എത്രയോ നിസ്സാരമായ ജന്തുവാണെന്നു സ്വതഃസിദ്ധമാകുന്നു.

വായുമണ്ഡലത്തിന്റെ പൊക്കത്തെ അളന്നു തിട്ടപ്പെടുത്താൻ ആകാശവിമാനയാനങ്ങളും മററും, വിചാരിക്കുന്നേടത്തോളം പൂർണ്ണമായി ഉപകരിക്കുന്നില്ല. എന്നാലും, വായുവിന്റെ സമ്മർദ്ദം നമുക്ക് ഇക്കാര്യത്തിൽ വളരെ ഉപകാരകമായിരിക്കുന്നുണ്ട്. വായുവിന്റെ സമ്മർദ്ദത്തെ അളന്നു നോക്കീട്ടുള്ളതിൽനിന്നു, വായുമണ്ഡലം, ഗണനാർഹമായ ഭാരത്തോടും പ്രതിരോധനത്തോടുംകൂടി എത്ര പൊക്കംവരേ വ്യാപിച്ചിട്ടുണ്ടെന്ന് ഊഹിക്കാവുന്നതാണ്. വായുഭാരമാപിനിയുടെ രസസ്തംഭത്തിന്റെ പൊക്കം, മേലുള്ള വായുവിന്റെ സമ്മർദ്ദത്തെ ആശ്രയിച്ചിരിക്കുന്നതാണല്ലൊ. ഇതിമ്മണ്ണം, അന്തരിക്ഷത്തിൽ ഒരു മുപ്പത്തെട്ടു നാഴികയോളം നാം പൊങ്ങുന്നപക്ഷം, മേല്പറഞ്ഞ യന്ത്രത്തിലെ രസസ്തംഭം തീരെ താണു പോയിരിക്കുന്നതായി കാണുന്നതാണ്. ആകയാൽ, ൩൮ നാഴികക്കുമേൽ വായുവിന്റെ ഭാരം ഗണനക്കു വിഷയമാകാത്ത വിധത്തിലാകുന്നുവെന്നു സ്പഷ്ടമാകുന്നു. കൊള്ളിമീൻ എരിഞ്ഞു വീഴുന്നതു നോക്കിയാൽ, അതിന് ജ്വാല ഉണ്ടാകുവാൻ വായുവിനോട് ഘർഷണം ചെയ്യണമെങ്കിൽ, വായു ഒരു നൂറു നാഴികയോളം പൊങ്ങിക്കിടക്കണമെന്ന് ഊഹിക്കാം. എന്നാൽ, അത്ര പൊക്കത്തിൽ അന്തരിക്ഷവായു തീരെ കൃശതമമായിരിക്കുകയേ ഉള്ളൂ. സന്ധ്യാകാലത്തിലെ പ്രകാശം ഉണ്ടാകുന്നതു വായുവിൽ, ധൂളികളുടേയും മററും സാന്നിധ്യത്താൽ സൂര്യരശ്മികൾ അവയിൽതട്ടി പ്രതിഫലിക്കകൊണ്ടാണെന്നുള്ളത് നിസ്തർക്കമാണല്ലോ. ഒരു അമ്പതു നാഴികവരെ പൊക്കത്തിൽ ഈ ധൂളികളും മററും വ്യാപിച്ചിട്ടുണ്ടെങ്കിലേ ഈ വിധം ഒരു കാഴ്ച ഉണ്ടാവൂ എന്നു ഗണിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ ആലോചിച്ചാൽ, വായുമണ്ഡലത്തിന്റെ ഗണനാർഹമായ ഉന്നതി ഒരു അമ്പതു നാഴിക ആണെന്നു ഗ്രഹിക്കേണ്ടതാകുന്നു. ഇത്രയും ദൂരമേ, വായു അല്പമെങ്കിലും നിബിഡമായി കിടക്കുന്നുള്ളൂ. അതി

ന്നുമേൽ, വായു അതികൃശമായും, ഗണനക്ക് അവിഷയമായും ഇരിക്കുന്നു.

കെ. രാമകൃഷ്ണപിള്ള.

# ഏകാദശിമാഹാത്മ്യം

(കൈകൊട്ടിക്കളിപ്പാട്ട്)

൧

പാരിൽപ്രസിദ്ധമാംനെല്ലുവായിൽ
പാരംവിളങ്ങുംമുകുന്ദൻതന്റെ
പാദയുഗളമായീടുന്നോരം-
പ്പാരിജാതദ്രുമംകൈതൊഴുന്നേൻ.
പാരിച്ചസംസാരദുഃഖമാകും
പാരാവാരംതന്നിൽനീന്തിനീന്തി
പാരവശ്യംപൂണ്ടുഴലുന്നോർക്ക്
പാരംലഭിപ്പാനുപായംചൊല്ലാം.
പാരാതെനോൽക്കേണമേകാദശി
പാരണാദ്വാദശികൊണ്ടുവേണം
പാപങ്ങളെല്ലാംനശിക്കുമെന്നാൽ.
പരമഗ്ഗുണശാലിയാമംബരീഷൻ
പരിചൊടിതുനോറ്റപ്രകാരങ്ങളും
പരപുരുഷനാകിയമാധവന്റെ
പെരുകിനൊരുഭക്തവാത്സല്യത്തെയും
പറകിലതികൌതുകമുണ്ടാമല്ലൊ
പരഗതിയുംവന്നീടുംകേൾപ്പിനെങ്കിൽ.

൨

('മാനേല്പാലോചന' എന്ന പോലെ)

നാനാഗുണനിധിവൈവസ്വതൻമനു-
നന്ദനനന്ദനനായിടുന്ന
നാനാഭഗനാംനൃപൻറസുതൻപത്മ-
നാഭൻറഭക്തനാമംബരീഷൻ
നാലുവേദങ്ങളുംശാസ്ത്രങ്ങളുംപിന്നെ
നല്ലധനുർവ്വേദസാരങ്ങളും
നന്നായ്ഗ്രഹിച്ചോരുമന്നവപുംഗവൻ
നന്ദനീയാംഗൻവിനയശീലൻ
നാരീജനമനോഹാരീസുമനസൻ
നാരായണപ്രസാദൈകപാത്രം.
നാട്ടിൽപ്രജകൾക്കുതുഷ്ടിവളർത്തുടൻ
നഷ്ടസന്താപാപരിപാലിച്ചു.
നാഥൻമുകുന്ദൻറപാദാംബുജങ്ങളിൽ
നാൾതോറുംവർദ്ധിച്ചഭക്തിയോടും
നന്മഹീപാലൻവസിച്ചുവിഭാകര-
നന്ദിനീതീരെമധുവനാന്തെ,
നന്മവരുവതിന്നേകാദശീവ്രതം
നന്മറയോരുമായാരംഭിച്ചു
നലമോടോരിക്കൽഭുജിച്ചുദശമിനാൾ
നളിനായതാക്ഷനെച്ചിന്തിച്ചുള്ളിൽ
നരപതിപിറെറന്നാളുപവാസവുംചെയ്തു
നരകാരിപൂജയുംചെയ്തുഭക്തൻ.
നവധേനുദാനങ്ങളനവധിചെയ്തുടൻ
നൃവരൻഭുജിച്ചീടുംദ്വാദശിനാൾ.

൩

('പാലാഴി' എന്നപോലെ)

നിർമ്മലനാംഭൂപാലൻനിശ്ചലനിങ്ങിനെപലനാൾ

നിയമിതമാമൊരുമട്ടിൽനിയമമനുഷ്ഠിക്കുമ്പോൾ
നീരദനീലാകാരൻനീരജകോമളനയനൻ
നിരുപമനാംമധുവൈരിനിരവധിമോദംപൂണ്ടു
നിർജ്ജിതസൂര്യപ്രഭമാംനിജചക്രംനൃപതിയുടെ
നികടെകല്പിച്ചുതദാനിഖിലഭയംതീർപ്പതിനായ്.

൪

("ശ്ലോകപുരി" എന്നപോലെ)

അവനീശനംബരീഷനവികലംതപസ്സോടും
അധിവസിക്കുന്നതുകേട്ടതിഭീതിപൂണ്ടുശക്രൻ
അഴലെല്ലാംദുർവ്വാസാവോടഴകോടെയറിയിച്ചു
അകതാരിൽകനിവേറുംഅഖിലതാപസമൌലെ!
അടിയൻനിന്തിരുമലരടിയിണവണങ്ങുന്നേൻ
അമലനംബരീഷനമിതതപംചെയ്യുന്നു
അവനെന്നെപോക്കുമിപ്പോളവശനായ്ത്തീർന്നുഞാനും
അനുഭവാൻമുടക്കേണം, അതുലസൽഗുണസിന്ധോ!
അമരനായകൻതന്റെഅഭിലാഷമേവംകേട്ടു
അനുവദിച്ചാശുപോന്നുഅലസാതെദുർവ്വാസാവും
അവസരംപാർത്തൊരുനാൾഅരചന്റെവ്രതത്തിന്റെ
അവധിയാംദ്വാദശിനാൾഅവിടെക്കെഴുന്നള്ളി.

൫

("എങ്കിലെന്റെവാസുദേവ" എന്നപോലെ)

മാമുനിജനമണിയാംമൌലിയെക്കണ്ടംബരീഷൻ
മാനസംതെളിഞ്ഞുബഹുമാനിച്ചുവണങ്ങിച്ചൊന്നാൻ
മത്സരംകൂടാതെനിന്നെമത്സമീപെകാൺകമൂലം
മത്ഭുതാകൃതെജനനംമാമകംസഫലമായി
മാനവേന്ദ്രൻക്ഷണിച്ചപ്പോൾമാന്യനാംമുനിയുമോർത്താൻ
മാന്ദ്യംകൊണ്ടുമുട്ടിച്ചീടാംമന്നവന്റെവ്രതമിന്നു
മന്ദമേവംനിശ്ചയിച്ചുമജ്ജനത്തിന്നെഴുന്നള്ളി.

൩

(‘മാറവള്ളഗോപിമാർ’എന്നപോലെ)

കാലാരിസംഭവനായമുനീന്ദ്രൻ
കാളിന്ദിയിൽച്ചെന്നിറങ്ങിപതുക്കെ
കാലുകഴുകിയുംകണ്ണുതുടച്ചും
കാഷായവസ്ത്രംനനച്ചുപിഴിഞ്ഞും
കാററുമൊട്ടേററുകടവിലിരുന്നും
കാളമാംതോയത്തിൽമുങ്ങിക്കിടന്നും
കാലം വളരെക്കഴിഞ്ഞോരുശേഷം
കാണാഞ്ഞുഭൂപനുചിന്തതുടങ്ങി
കണ്ടതില്ലല്ലോമഹാമുനിതന്നെ
കാരണമെന്തെന്നറിഞ്ഞതുമില്ല
കർമ്മസമാപ്തിക്കുകാലമടുത്തു
കനിവോടുപാരണാചെയ്യണമല്ലോ
കഴിവുമാറായല്ലോദ്വാദശിയിപ്പോൾ
കഴിവിനിയെന്തെൻറകേശവശൗരേ
കരുണാംബുധെ,കൃഷ്ണ,കാരുണമൂർത്തേ
കരിമുകിൽവർണ്ണ,മുകുന്ദ,മുരാരേ
കരണീയമെന്തിപ്പോളെന്നതുമെൻറ
കരളിലുദിപ്പതിനായരുളേണം.

മച്ചാട്ടിളയത് (ശാന്തപ്പിള്ളി).

---

അജ്ഞാനത്തിൽക്കിടക്കുംജനതതിയെരസം
  കൂട്ടിയോരോപ്രകാരം
വിജ്ഞാനക്കാഴ്ചകാട്ടിക്രമമൊടുശരിയാ-
  മ്മട്ടുമേൽപ്പോട്ടുകേററി.
സജ്ഞാനത്തിങ്കലോളംസരസമൊഴികളാൽ
  സ്വൈരമെത്തിയ്ക്കുമമ്മേ!
ചിജ്ഞാനത്തിൻറകാമ്പേ!ഭഗവതി,ശരണം
  ഭാരതി!ബ്രഹ്മനാഥേ!

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

# പലവക.

---

കഴിഞ്ഞലക്കം രഞ്ജിനി ൪൮൫ ൨-ാംഭാഗത്തിൽ 'ൻറെ മലെ കരെഴുത്ത്' എന്ന ലേഖനത്തോടുചേൎന്ന പാദലിഖിതത്തിൽ 'ബ്രിട്ടീഷ്കാരോട്' എന്നതു 'ഡച്ചുകാരോട്' എന്നു വേണ്ടതാകുന്നു.

* *

*

മനോമോഹനകഥകൾ:—തങ്കശ്ശേരി 'മനോമോഹനം' അച്ചുകൂട്ടത്തിൽനിന്നു മാസംതോറും ഓരോരോ ചെറിയപുസ്തകങ്ങളായി അച്ചടിച്ച് പ്രസിദ്ധപ്പെടുന്നവയാകുന്നു മേല്പടി കഥകൾ. 'ഹേമലത', 'പെത്തു വിനോദകഥകൾ', 'ചോസർ മഹാകവിയുടെ കഥകൾ', 'വീ.ംമാൎത്താണ്ഡൻെറ വിക്രമങ്ങൾ' ഇങ്ങിനെ നാലുകഥാപുസ്തകങ്ങൾ പ്രസാധകൻ കെ. പരമുപിള്ള. എം. എ. അവർകൾ സദയം അയച്ചുതന്നിട്ടുള്ളതു ഞങ്ങൾ നന്ദിപുരസ്സരം കയ്യേററിയിരിക്കുന്നു. ഇതിൽ 'വീരമാൎത്താണ്ഡൻെറ വിക്രമങ്ങൾ' ജി. രാമൻമേനോൻ അവർകളുടെ തൎജ്ജമയാകുന്നു. ലണ്ടനിലെ റിവ്യൂ ഓഫ് റിവ്യൂസ് (Review of Reviews) എന്ന ഇംഗ്ലീഷ് മാസികയുടെ ഉടമസ്ഥനും പത്രാധിപനുമായ ഡബ്ളിയു. ടി. സ്റ്റെഡ് എന്ന പ്രസിദ്ധവിദ്വാൻ ഇംഗ്ലീഷുകാരായ കുട്ടികളുടെ അറിവിന്നും വിനോദത്തിന്നുംവേണ്ടി പ്രസിദ്ധപ്പെടുത്തീട്ടുള്ള പുസ്തകങ്ങളിൽ ഏതാനും മലയാളഭാഷയിൽ ഖണ്ഡംഖണ്ഡമായി പ്രസിദ്ധംചെയ്യേണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് കെ. പരമുപിള്ള അവർകളുടെ ഈ ഉദ്യമം എന്ന് ഇതിൻെറ ൧-ാം ലക്കത്തിൽ ചേൎത്തിട്ടുള്ള പ്രസ്താവനയിൽ കാണുന്നതുകൊണ്ടു ഞങ്ങൾ വളരെ സന്തോഷിക്കുന്നു. കുട്ടികളുടെ മനസ്സിന്നു വിനോദവും പ്രായത്തിന്നനുസരിച്ച് അവരുടെ ബുദ്ധിക്കു വികാസവും ഉണ്ടാക്കുന്നവയാകുന്നു മിസ്റ്റർ സ്റ്റെഡിൻെറ കഥകൾ. മലയാളത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ഈ കഥകളുടെ പ്രസാധകൻ മലയാളഭാഷയുടെ ഉററ ബന്ധുവും, പണ്ഡിതനും ആയ കെ. പരമുപിള്ള എം. എ. അവർകളാണെ

ന്നു കേൾക്കുമ്പോൾതന്നെ വായനക്കാൎക്കു സമാധാനമായിക്കഴി ഞ്ഞു. നമ്മുടെ കുട്ടികൾ ഈ കഥകൾ വായിച്ചു മനസ്സിലാക്കിയാൽ അത് ഒരു വലിയ കാൎയ്യമാണെന്നു പറയുവാൻ ഞങ്ങൾക്കു ഒട്ടും സം ശയം തോന്നുന്നില്ല. കുട്ടികളെന്നുവേണ്ട പ്രായംചെന്നവർകൂടി ഈ കഥകൾ വായിച്ചു മനസ്സിലാക്കുവാൻ ശ്രമിക്കേണ്ടതാണ്. ആ ശ്ര മം കേവലം അറിവിന്നൊന്നല്ല രസത്തിന്നും കൊള്ളാവുന്നതാകുന്നു.

ലക്ഷ്മീഭായി:—തൃശ്ശിവപേരൂർ ഭാരതവിലാസം അച്ചുക്കൂടത്തിൽ

* *
*

നിന്നു പ്രസിദ്ധം ചെയ്തുതുടങ്ങിയിരിക്കുന്ന ഈ പുതിയ മാസികയു ടെ ഫാല്ഗുനം മേടത്തിലേതായ ൧-ാം ലക്കം സന്തോഷത്തോടുകൂടി സ്വീകരിച്ചിരിക്കുന്നു. മലയാളസ്ത്രീകളുടെ അറിവിന്നും വിനോദത്തി ന്നുമായി സഹോദരിയായ 'ശാരദ'യോടുകൂടി 'ലക്ഷ്മീഭായി'യും അ നാശാരമായി വളൎന്നുകാണുവാൻ ഹൃദയപൂൎവ്വം ഞങ്ങൾ ആശംസി ക്കുന്നു.

---

ശ്ലേഷാചിത്രാതിചിത്രദ്ധ്വനിപദപദവീ
ഹൃദ്യമാംപദ്യജാലം
ഘോഷിക്കുംവെൺമണിക്കുമ്പസുരമണിഭണിതാ-
കൎണ്ണനംചെയ്തിടുമ്പോൾ
ശോഷിക്കുംതേൻപയസ്സാംഗുളമൊട്ടുഗതയാം
പഞ്ചതാംപഞ്ചസാര
ശേഷിക്കുംനാമമാത്രംകദളിയുടെകരി-
മ്പിന്നുകമ്പംപിടിക്കാം.

പെരുമ്പിള്ളി ഓതിക്കൻ നമ്പൂരി.

# P. SUBBAROY'S


## World-renowned and most efficacious Ayurvedic medicines

---

മരുന്നു സേവിച്ചതിനു മുമ്പ്.



## പി. സുബ്ബറായിയുടെ ലോകപ്രസിദ്ധങ്ങളും ഏററവും ഫലവത്തുക്കളും ആയ ആയുർവ്വേദഔഷധാലയം.



മരുന്നു സേവിച്ചതിന്റെ പിന്നീട്.

### ൧. ലോകപ്രസിദ്ധമായധാതുപുഷ്ടികാരി

ധാതു നഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നീററൽ, നീരൊഴിവു, മധുമേഹം, കല്ലടപ്പു (മൂത്രഘാതം) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും.

ഡപ്പി ഒന്നുക്കു വില രൂപ ൨. തപാൽ ചിലവു വകയ്ക്കു അണ ൬ വേറെ.

### ൨. പ്രമേഹനിവാരണി.

സിരാമേഹം, ഇടുപ്പുവലി, മൂത്രമധികമായും തടഞ്ഞും പോകുക, മേഹ്രം, ചുകച്ചൽ, രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവൃത്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും. കുപ്പി ൧ക്കു വില രൂപ ൧. മൂന്നു കുപ്പികൾവരേയുള്ള ബങ്കിക്കു തപാൽ ചിലവു അണ ൭.

### ൩. സർവ്വവേദനാസംഹാരി.

ഈ തൈലം അല്പം പിരട്ടിയാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വീക്കം, മുടക്കുവാതം, നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാകുന്ന ശൂല, ഇടുപ്പുവേദന, പാർശ്വവായു, മേഹവായു, തിമിരവായു മുതലായ പല വ്യാധികൾ ഭേദപ്പെടും. കുപ്പി ഒന്നുക്കു വില രൂപ ൧. തപാൽ ചിലവു അണ ൭.

### ൪. മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴുക്കടി, തഴുതണം, നവുങ്ങാണി എന്നീ പേരുകളുള്ള രോഗത്തിനു സിദ്ധൌഷധം. ചർമ്മരോഗങ്ങൾ പലതും മാറും. തേമൽ മേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും. വില കുപ്പി ഒന്നിനു ൪-ണ. തപാൽ ചിലവു മൂന്നു കുപ്പിവരെ ൭ ണ വേറെ.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

## ൬. ലക്ഷ്മീകര കസ്തൂരിഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സശ്രദ്ധം ഉപയോഗിക്കേണ്ട വിലയേറിയ സാധനം. ദന്തവേദന, വായ്നാററം, അജീർണ്ണം, പിത്തവായു ഇവയെ ശമിപ്പിക്കും.



തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തെയും ജീർണ്ണിപ്പെടുത്തും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ടു. ചളി, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏററക്കുറച്ചിൽപോലെ ഒന്നുമുതൽ ൪ വരെ ഗുളികകൾ വെററിലച്ചാററിൽ കൊടുത്താൽ മതി. ൨൦൦ ഗുളികകൾ ഉള്ള കുപ്പി ൧-ക്ക വില ണ ൪. ൧ മുതൽ ൧൨ വരെ കുപ്പികൾ അടങ്ങിയ ബങ്കി ൧-ക്ക തപാൽക്കൂലി ൩ ണ.

## ൭. ദന്തചൂർണ്ണം.

സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിനു ൩- ണ. തപാൽ ചിലവു ൨ കുപ്പിവരെ ൩ ണ വേറെ.

## ൮. ജ്വരസംഹാരി.

കുളിപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവക്കു നന്നു. വില കുപ്പി ഒന്നിന് ൧ ക്. തപാൽ ചിലവു ൭ ണ വേറെ.

## ൯. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി മീശ ഇമ ഇവ ബഹു പുഷ്ടിയായും തൈലക്കമായും കറുപ്പായും വളരും. കണ്ണിന്നു കുളുർമ്മയുണ്ടാക്കും. സകല കൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പിച്ച രോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിന്നു നല്ല തെളിച്ചമുണ്ടാക്കും. വില കുപ്പി ഒന്നിന്നു ൯ ണ. തപാൽ ചിലവു ൩ ണ വേറെ.

## ൰. രോമസംഹാരി.

രോമം എവിടെ വേണ്ടാതാക്കണമോ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാക്കാതെ രോമത്തെ മാററും. വില കുപ്പി ഒന്നിനു ൪ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ ണ വേറെ.

---

പി. സുബ്ബരായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

## ൧൦. അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചുകരിക്കുക, മൂലബന്ധം, വയറുനോവു, വായനാറ്റം, അജീൎണ്ണം, വയറുവീൎത്തുകയറുക, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നുക്കു അണ ൮. തപാൽകൂലി അണ ൨ വേറെ.

## ൧൧. കൎണ്ണബിന്ദു.

ചീക്കാതു, ചെവികുത്തു, ചെവിയടപ്പു, ഇരച്ചിൽ മുതലായ കൎണ്ണരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും. വില കുപ്പി ൧ക്കു ൮ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൨ ണ വേറെ.

## ൧൨. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും. അജീൎണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലംപിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി ഒന്നിന്നു ൮ ണ. തപാൽ ചിലവു ൧ മുതൽ ൪ വരെ ഡപ്പികൾക്കു ൨ ണ. വേറെ.

## ൧൩. നേത്രബിന്ദു.

കൺനോവു, കൺകുത്തു, കൃച്ഛ്രം, നീരെടുപ്പു, മിന്നൽ, ചാലക്കണ്ണു, പീളകെട്ടു, ചെവളച്ചു, പൂവു, ചൊറപ്പു, എരിച്ചിൽ, ഇമ, പുരികം ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില കുപ്പി ഒന്നിന്നു ൮ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൨ ണ വേറെ.

## ൧൪. സ്ഖലിതരക്ഷിണി.

ബലഹീനതയാലും അത്യുഷ്ണത്താലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കും. വില ഡപ്പി ഒന്നിന്നു ൮ ണ. തപാൽ ചിലവു ൭ വരെ ഡപ്പികൾക്കു ൨ ണ വേറെ.

## ൧൫. മൃഗകസ്തൂരി.

കാഷ്മീരിൽനിന്നു വരുത്തിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസ്സിൽ ഉണ്ടു. ത്രപ്പാത്തൂക്കത്തിന്നു ൪൮ ക. വില. ഒരു ത്രപ്പാമുതൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവു പുറമെ, എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തേക്കേ ആൎക്കാട്ട് ജില്ല.

## ൧൬. തേൾവിഷത്തിന്നു സിദ്ധൌഷധം.

തേൾകടിച്ച സ്ഥലത്തു രണ്ടുതുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസമുണ്ടാകും. ഒരു കുഡുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുതു. വില കുപ്പി ൧-ക്കു ൧ ക ൪ ണ. ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവൎക്കു ഡസൻ ൧ ക്കു ൧൨ ക. ൮ ണ. ഉള്ളവിലയിൽ കുറച്ചുമാത്രമെ വില ചുമത്തുന്നുള്ളു. വി. പി. കമ്മീഷൻ ൩ ണ പുറമെ. ഇൻഡ്യയിലും ബൎമ്മയിലും ൧൨ കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ. സിലോൺ ടി ൭ ണ.

## ൧൭. വ്രണവിരോപണ തൈലം.

ഈ കുഴമ്പു പിത്തപ്പുണ്ണു മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇതു സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില ൮ ണ. മൂന്നു കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ മാത്രം.

## ൧൮. കണ്ഠശുദ്ധിഗുളിക.

ഇതു കണ്ഠം തെളിഞ്ഞു ശാരീരം നന്നാവുന്നതിന്ന അതി വിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു സംഗീതക്കാൎക്കും, പ്രസംഗക്കാൎക്കും, പാതിരിമാൎക്കും, ശബ്ദാവയവംകൊണ്ടു അത്യായാസം ചെയ്യേണ്ടവരായ മറ്റെല്ലാവൎക്കും വളരെ ഉപയോഗമുള്ളതുമാകുന്നു. വില ൮ ണ. വി. പി. കമ്മീഷൻ ൬ കുപ്പിവരെ ൬ ണ.

## ൧൯. സ്നാനചൂൎണ്ണം.

ഈ പൊടി തേച്ചുകുളിക്കുന്നതിന്ന വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇതു ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞു, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇതു ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു. വില ൮ ണ. വി. പി. കമ്മീഷൻ ൬ ണ.

## ൨൦. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം അൎശസ്സ, ഉറക്കമില്ലായ്ക, ഇവയ്ക്കും ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മദ്ധ്യവയസ്സന്മാൎക്കും ഒരു പോലെ ഉപകരിക്കാവുന്നതാകുന്നു. വില ൧൦ ണ. വി. പി. കമ്മീഷൻ ൬ കുപ്പിവരെ ൩ ണ.

---

## ൨൧. ഒന്നാംതരം ഗോരോചന ഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരള ഇതുകളിൽ ഉണ്ടാവുന്ന ഉപരോഗങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അൎശസ്സ, ഉറക്കമില്ലായ്മ, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൩ ണ. വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൩ ണ.

## ൨൨. ത്വഗ്രോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ, ചൊറി, പോളൻ, ചൂട, പുഴുക്കടി, താരണം, ഒട്ടവട്ട മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും ഏറവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി. പി. കമ്മീഷൻ ൩ ണ.

മേത്തരം ഗോരോചനം തോല ൧-ക്ക വില ൩ ക. മേത്തരം കുങ്കുമകേസരം തോല ൧-ക്ക വില ൧ ക. മേത്തരം പച്ചക്കൎപ്പൂരം, തോല ൧-ക്ക വില ൨ ക. മേത്തരം രോജാ അത്തർ, മല്ലിപ്പൂ അത്തർ, വെട്ടിവേർ, താഴമ്പൂ, മരിക്കൊളുന്തു, ജാതിമല്ലി, സുഹാഗ, ഹന, മഗിഡമ്പൂ, അത്തർ മുതലായതുകൾ എപ്പോഴും തയ്യാറുണ്ട. ഇവ ഒരു തോല. തൂക്കത്തിന്ന ക. ൧-വ്വ തപാൽകൂലിപുറമെ.

| | | | | ക. | ണ. | സ. |
|---|---|---|---|---|---|---|
| ഒന്നാംതരം | ഗോരോചനം | രൂപാത്തൂക്കം | ൧-ക്ക | ൩ | ൦ | ൦ |
| ടി | മഞ്ഞൾ | ടി | ൧-ക്ക | ൧ | ൦ | ൦ |
| ടി | പച്ചക്കൎപ്പൂര | ടി | ൧-ക്ക | ൧ | ൦ | ● |

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴുതണം.

## പുതിയ പുസ്തകങ്ങൾ.

---

**പ്രിയവിലാപം—**

പള്ളിക്കൂടം മദ്ധ്യറെഞ്ചു ഇൻസ്പെക്ടർ എം. രാജരാജവൎമ്മ എം .എ. തമ്പുരാൻ തിരുമനസ്സുകൊണ്ടു രചിക്കപ്പെട്ട പുസ്തകം ഒന്നക്കു വില അണ ൩.

**കഥാമഞ്ജരി, കരടകന്റെ വിക്രമങ്ങൾ—**

കൊല്ലം ഇംഗ്ലീഷു ഹൈസ്കൂൾ ഹെഡമാസ്റ്റർ കെ. പരമുപിള്ള എം. എ. അവൎകളാൽ ഉണ്ടാക്കപ്പെട്ടതും വളരെ രസകരമായതും ആയ പുതിയ പുസ്തകം ൧-ക്കു വില അണ ൧ പൈ ൬,

**സാവിത്രി—**

ഹജൂർ ഹേഡമാൻസ്റ്റട്ടർ കെ. ചിദംബരവാദ്ധ്യാർ ബി. എ. അവൎകളാൽ എഴുതപ്പെട്ട രസകരമായ ഒരു കഥാപുസ്തകം ൧ ക്കു വില അണ ൨.

**മാധവനിദാനം—**

സൎക്കാർ വൈദ്യൻ പറവൂർ വി. കേശവനാശാനവൎകളാൽ എഴുതപ്പെട്ട, 'സാരചന്ദ്രിക' ഭാഷാവ്യാഖ്യാനം. വില രൂപ ൧,

**പുതിയ മൂന്നാംപാഠനോട്ടു മുഴുവൻ—**

വി. എൻ. ഗോവിന്ദപ്പിള്ള അവൎകളാൽ എഴുതപ്പെട്ട, (പദാൎത്ഥം, ചോദ്യങ്ങൾ, സാരം ഇവ അടങ്ങിയ) പുസ്തകം ഒന്നിനു വില പണം ൧.

**കീൎത്തികേസരി—**

സി. കൃഷ്ണപിള്ള അവൎകളാൽ എഴുതപ്പെട്ടതും സി. എൻ. എ. രാമയ്യാശാസ്ത്രികൾ ബി. എ. അവൎകളാൽ ൧-ാംഭാഗം പരിശോധിക്കപ്പെട്ടതുമായ, ൧-ം ൨-ം ഭാഗം അടങ്ങിയ പുസ്തകം ഒന്നക്കു വില അണ ൧൪.

**മനോരമ—**

പൈലോപാൾ ബി. എ. അവൎകളാൽ എഴുതപ്പെട്ട രസകരമായ ഒരു പുതിയ കഥ വില അണ ൩.

**പഴഞ്ചൊല്ലു—**

ടി. യാരാൽ ഉണ്ടാക്കപ്പെട്ടത, പുസ്തകം ഒന്നക്കു വില അണ ൪.

**ഉൎവ്വശീഫൽഗുനം —**

കോതമംഗലം കെ. ആർ. കൃഷ്ണപിള്ളയാൽ എഴുതപ്പെട്ട സംഗീതഭാഷാനാടകം. വില അണ ൨. പൈ ൬.

**രസാലരാജൻ കഥ—**

റി. കെ. പി. അവൎകൾ എഴുതിയ പുസ്തകം. വില അണ ൨.

**സോമസുന്ദരൻ—**

മിസ്റ്റർ പത്മനാഭൻ എഴുതിയ ഒരു കഥ ഒന്നക്കു അണ ൨ പൈ ൬.

ഭദ്രമുനി—

മിസ്റ്റർ വി. മമ്മു എഴുതിയ ഒരു പുതിയ കഥ ഒന്നക്ക അണ ൩.

ലീലാവതി—

മിസ്റ്റർ ലക്ഷ്മണൻപിള്ള എഴുതിയ അതിവിശേഷമായ നോവൽ വില ൧ ക.

കൈവല്യശതകം—

മിസ്റ്റർ പരമുപിള്ള എഴുതിയത. ൧ക്ക അണ ൨.

സന്താനവല്ലി—

മിസ്റ്റർ രാമമേനോൻ എഴുതിയ കഥ ൧ക്ക വില അണ ൨.

ശാംകരകൃതി—

അ. മുൻസിപ്പായിരുന്ന മിസ്റ്റർ ശങ്കരപ്പിള്ള അദ്ദേഹം ഓരോ സമയങ്ങളിൽ ഉണ്ടാക്കിയ കവിതകളെല്ലാം ചേൎത്തു സംഗീതമായും തുള്ളക്കഥയായും അച്ചടിച്ചിട്ടുള്ളത പുസ്തകം ൧-ക്ക ൪ അണ.

മിസ്റ്റർ സി. എം. മാധവക്കുറുപ്പ്—

മിസ്റ്റർ കേശവക്കുറുപ്പ് എഴുതിയ ഒരു ഡിടക്റ്റീവ നോവൽ. വില അണ ൨

അവതാരത്രയചരിതം—

സൌഭാഗ്യവതി ഇത്തിക്കാട്ട ദേവകി അമ്മയാൽ എഴുതപ്പെട്ട പുതിയ പദ്യപുസ്തകം. വില അണ ഒന്നര.

അദ്ധ്യാത്മരാമായണം—

കെ. സാംബശിവശാസ്ത്രി മഹോപാദ്ധ്യായനവർകളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയത. വായനക്കാരുടെ സൌകൎയ്യാൎത്ഥം ഓരോ കാണ്ഡങ്ങൾ പ്രത്യേകമായി അച്ചടിച്ചുവരുന്നു. ഇതിൽ പദങ്ങളുടെ വിവരണമായ അൎത്ഥം ഓരോ ശ്ലോകങ്ങളുടേയും സാരം ഇവകൾ അടങ്ങിയിരിക്കും. പുസ്തകം എല്ലാം കാണ്ഡങ്ങളും ഒന്നായും ബയൻറ ചെയ്തു വില്ക്കപ്പെടും.

മയൂരസന്ദേശം മണിപ്രവാളം—

കേരളവൎമ്മ സി. സ്സ. ഐ. എഫ. എം. യു. എം. ആർ. എ. എസ്സ് എഫ്. ആർ. എച്ച്. എസ്സ്. വലിയ കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ടതും. എം. ആർ. രാജരാജവൎമ്മ എം. ഏ. എം ആർ. ഏ എസ്സ്. കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ട മല്ലപ്രകാശം എന്ന വ്യാഖ്യാനത്തോടുകൂടി തിരുമനസ്സിലെ അനുവാദം വാങ്ങി അച്ചടിച്ചു കഴിഞ്ഞിരിക്കുന്നു. ഉയൎന്നതരം കടലാസ്സിൽ അച്ചടിച്ചതിന്ന ൧൨ ണയും താണതരത്തിലുള്ളതിന്ന ൮ണയും വിലയാകുന്നു.

ദാക്ഷായിണി—

കോമത്തു കുഞ്ഞുപ്പണിക്കർ അവർകളാൽ എഴുതപ്പെട്ടത വില അണ ൩.

കാൎത്തവീൎയ്യാൎജ്ജുനവിജയം തുള്ളക്കഥ—

മലയാളം ഹൈസ്കൂൾ ഹേഡമാസ്റ്റർ കെ. ആർ. കൃഷ്ണപിള്ള ബി. എ. അവർ

കളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയ പുസ്തകം ഒന്നുക്ക വില അണ ൨.

താതോപദേശം—

വി. കെ. കേശവനവർകളാൽ എഴുതപ്പെട്ട ഒരു പുതിയ മണിപ്രവാളകൃതി. പുസ്തകം ഒന്നുക്ക വില അണ ഒന്നര.

കാന്താപദേശം—

തിരുവിതാംകൂർ. രാമൻവൈദ്യർ അവർകളാൽ എഴുതപ്പെട്ടത. വില ൬ പൈ

മനുസ്മൃതി—

കെ. ഗോവിന്ദപ്പിള്ള അവർകളാൽ 'ഭാവപ്രകാശം' എന്ന വ്യാഖ്യാനത്തോടു കൂടി എഴുതപ്പെട്ട പുസ്തകം ഒന്നുക്ക വില രൂപ ൨.

വിക്രമാദിത്യൻകഥ—

ടി യാരാൽ എഴുതപ്പെട്ട മൂന്നാം പതിപ്പു പരിഷ്കരിച്ച വിദ്യാഭിവർദ്ധിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടതു. വില ൧൨ അണ.

മദനകാമരാജൻ കഥ—

ടി യാരാൽ എഴുതപ്പെട്ട, മൂന്നാം പതിപ്പ. വിദ്യാഭിവർദ്ധിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടത. വില ൩ ണ. ടി. അംബയിൻറ പുസ്തകം ൧ക്ക വില ൫ ണ.

കഥാസരിത്സാഗരം—

ടി യാരാൽ എഴുതപ്പെട്ട, പുസ്തകം ഒന്നുക്ക വില അണ ൬.

സത്താരം—

ടി യാരാൽ എഴുതപ്പെട്ട, പുസ്തകം ഒന്നുക്ക വില അണ ൪.

അത്ഭുതകവിമങ്ക—

വി. ജി. ലക്ഷ്മണൻപിള്ള അവർകളാൽ എഴുതപ്പെട്ട പുതിയ കഥ വില ൪ണ.

വക്കലസ്ഥലമാഹാത്മ്യം—

കമ്പമ്പള്ളിൽരാമൻപിള്ള ആശാനവർകളാൽ എഴുതപ്പെട്ടത. വില ൧൦ ണ.

എനിക്കുപററിയ അപകടങ്ങൾ—

വില അണ ന.

ഭൂലോക വിനോദ കഥകൾ—

കണ്ടിയൂർ മഹാദേവയ്യരവർകളാൽ എഴുതപ്പെട്ടത. വില അണ ൫.

ചട്ടമ്പിത്തലവൻ—

കെ. ചിദംബരവാധ്യർ. ബി. എ. അവർകളാൽ എഴുതപ്പെട്ട, ഒരു വിനോദകഥ. ഒന്നുക്ക വില അണ ൪.

ഡയറി—

ബയൻറുചെയ്തതു. ഒന്നുക്ക വില അണ ൪

മററും പല പുസ്തകങ്ങൾ ഇവിടെ വില്പാൻ തയ്യാറുണ്ടു. തപാൽകൂലി പുറമെ. എല്ലാ പുസ്തകങ്ങളുടേയും പേരും വിലയും അറിഞ്ഞു പുസ്തകങ്ങൾ വരുത്തേണമെന്നു ആവശ്യപ്പെടുന്നവർ അരയണസ്ലാമ്പു അയക്കണം.

എസ്. റി. റെഡ്യാർ വിദ്യാഭിവർദ്ധിനി ഉടമസ്ഥൻ, കൊല്ലം, തിരുവിതാംകൂർ.

# സംഗതിവിവരം


1. കാളിദാസന്റെ കാവ്യദോഷം—കെ. രാമപിഷാരോടി... 571
2. നമ്മുടെ വ്യോമമണ്ഡലം—ഏ. രാജരാജവർമ്മ, എം. ഏ, ബി. എൽ. ... ... ... ... ... ... ... 575
3. ആഴിയുടെ അടിത്തട്ട്—ഏ. രാമപ്പുതുവാൾ, ബി. ഏ. 581
4. ലക്ഷ്മീസ്തവം—ഒറവങ്കര നീലകണ്ഠൻ നമ്പൂരി (രാജാ) 586
5. അമ്മായി പഞ്ചതന്ത്രം— കാരാട്ട് അച്യുതമേനോൻ, ബി. ഏ, ബി. എൽ ... ... ... ... ... ... 590
6. ആകാശഗമനം— സി. എസ്സ്. ഗോപാലപ്പണിക്കർ, ബി. ഏ. ... ... ... ... ... ... ... ... 598
7. തായുമാനവർ—സി. കെ. ഹരിഹരയ്യർ. ... ... ... 610
8. കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ തൃപ്പാദങ്ങളിൽ ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ സമർപ്പിച്ച മംഗളപദ്യങ്ങൾ, ... ... ... ... ... ... ... 614
9. ബോധംവന്നഭൂതം— എം. രത്നം, ബി. ഏ. ... ... 615
10. പലവക ... ... ... ... ... ... ... ... 621


---


വിദ്യാവിനോദിനി അച്ചുക്കൂടം.

# പരസ്യം.

---

വരിക്കാൎക്കു പ്രത്യേകം

ഈ മാസികയുടെ തൽക്കാലം മാനേജരായി പാലാട്ടുമഠത്തിൽ എസ്സ്. രാമനാഥയ്യൻ അവൎകളെ നിശ്ചയിച്ചിരിക്കുന്നു.

രസികരഞ്ജിനി ഉടമസ്ഥൻ.

---

രഞ്ജിനി വരിസംഖ്യ ബാക്കി നിൎത്തീട്ടുള്ളവർ വരുന്ന കൎക്കടകം ൧൫-ാം നു-ക്കു മുമ്പു രഞ്ജിനി ആപ്പീസ്സിൽ കിട്ടത്തക്കവണ്ണം അവരവരുടെ സംഖ്യ അയച്ചുതരാനപേക്ഷ. അല്ലാത്തപക്ഷം കൎക്കടകത്തിലെ പ്രതി കുടിശ്ശിക ചുമത്തി വി. പി. ആയി അയക്കുന്നതാകുന്നു. ൧൦൭൯ം അവസാനത്തോടുകൂടി ഞങ്ങളുടെ സകല കണക്കുകളും തീൎത്തു വെടിപ്പാക്കേണ്ടതുകൊണ്ടു കൊല്ലത്തിന്റെ ഇടക്കു വരിക്കാരായി ചേൎന്നിട്ടുള്ളവർ കൎക്കിടകംവരെ തീരേണ്ട സംഖ്യ കുടിശ്ശികയായി വിചാരിക്കേണ്ടതാകുന്നു.

ര. ര. മാനേജർ.



**ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ.**

[1032 മീനം 5-ാംനു ജനിച്ചു—1080 വൃശ്ചികം 14-ാംനു മരിച്ചു].

ചിത്രമെഴുത്തു മാധവവാദ്ധ്യാരവർകൾ 1080 തുലാമാസത്തിൽ

തൃശ്ശിവപേരൂരവെച്ചു എടുത്തു ഛായയിൽ നിന്നു.

# രസികരഞ്ജിനി

## ൧൦൮൨

പുസ്തകം ൫.  മിഥുനമാസം  ലക്കം ൧൧.

### മംഗളം.

എല്ലാരംസമ്മതിക്കുമ്പടിനടവടിപ്പാടില്ലദോഷങ്ങൾകൂട്ടം
കല്ലായാലെന്തുകണ്ണിൽക്കനൽക്കൊടിയവിഷക്കാപ്പിതോൽമുണ്ടിവണ്ണം
വല്ലാതുള്ളോരുമട്ടായ് ചുടുമൊരു ചുടലക്കാട്ടുവീടാസ്ഥികളും
നല്ലോണംപെണ്ണുമല്ലാതൊരുനിലകലരുംതമ്പുരാനെത്തൊഴുന്നേൻ.

കണ്ടൂര് നാരായണമേനോൻ, ബി. എ.

കാളിദാസരുടെ

## കാവ്യദോഷം

(ഒരു മറുവടി)

കഴിഞ്ഞ മേടമാസത്തിലെ 'രസികരഞ്ജിനി'യിലുള്ള 'കാവ്യദോഷം' എന്ന വിഷയത്തെ വിശേഷിച്ചും ഞാൻ വായിച്ചു. ഇതിൽ വിക്രമോൎവ്വശീയം നാടകത്തിലെ നായകനായ രാജാവിന്നു 'തപപ്രഭാവജ്ഞാനാഭാവം', 'തപസ്വിനിന്ദനം' ഇത്യാദികളായ ചില ദോഷങ്ങൾ ഗമ്യങ്ങളാണെന്നും തന്നിമിത്തം കാവ്യത്തിന്നും കവിക്കും ദോഷമുണ്ടെന്നും പറഞ്ഞിരിക്കുന്നു. ഗുണദോഷവിവേചനത്തിന്നൊ ദോഷാധാര

ത്തിന്നൊ ഞാൻ ശക്തനല്ലെങ്കിലും മഹാകവി സാവ്ഭൌമപദത്തി ന്നു മുഖ്യാസ്പദമായ ശ്രീകാളിദാസരെപ്പററിയുള്ള ബഹുമാനാതിശയത്താൽ പ്രേരിതനായിട്ട് അല്പമൊന്നു പറയുന്നു.

പ്രകൃതനാടകത്തിൽ നായികാനായകന്മാരുടെ പരസ്പരരതിപരിപോഷത്തെ ക്രമേണ വൎണ്ണിച്ച് ഈ നാടകത്തിൽ പ്രധാനമായ ശൃംഗാരരസത്തിൻെറ പരിപുഷ്ടിയെ പ്രദശിപ്പാൻ ആഗ്രഹത്തോടുകൂടിയ മഹാകവി ഉവ്ശീരൂപദശനംകൊണ്ട് അങ്കുരിതയായിരിക്കുന്ന നായകൻെറ രതിയുടെ പരമൌചിത്യത്തെയും പുഷ്ടിയെയും പ്രകടശിപ്പിക്കുന്നതിനുവേണ്ടി ആ നായകരതിയുടെ ആലംബനമായ ഉവ്ശീരൂപത്തിൻെറ ഗുണോൽക്കഷത്തെ കാണിക്കുന്നതിന്നു പ്രസംഗം വരുത്തി 'അഥവാ ഇവളെഒരു തപസ്വി സൃഷ്ടിച്ചതാവാൻ പാടില്ല' 'ഭംഗ്യാഭാസുരഗാത്രി' ഇത്യാദി വിചാരത്തെ നായകന്നു കല്പിച്ചിരിക്കുന്നു. ഈ വിചാരത്തിൻെറ മൂലം പ്രായേണ ജന്യജനകങ്ങൾക്കുള്ള സമാനഗുണത്വത്തിൻെറ 'കോയ്മം നിദാനാദ്ധിഗുണാനധീതെ' ഇത്യാദി വചനപ്രസിദ്ധമായ ലോകാനുഭവമാകുന്നു. മക്കളുടെ ആകൃതിയും പ്രകൃതിയും സാധാരണ മാതാപിതാക്കന്മാരുടെ ആകൃതിയെയും പ്രകൃതിയെയും അനുസരിച്ചാണെല്ലൊ കാണുന്നത്. പ്രകൃതശ്ലോകത്തിലെ പൂവാദ്ധംകൊണ്ട് ലാവണ്യാദിഗുണങ്ങളായ ഹേതുക്കളാൽ ഇവളുടെ സൃഷ്ടികത്താവ് കാമാദികളൊ എന്നു സംശയിക്കുകയും ഉത്തരാദ്ധംകൊണ്ട് മുനിയുടെയും ഉവ്ശീരൂപത്തിൻെറയും വിശേഷണങ്ങളാൽ തദ്വൈലക്ഷണ്യത്തെ പ്രദശിപ്പിച്ച് ഈവിധമുള്ള രൂപത്തെ ജനിപ്പിക്കുവാൻ ഈ മുനിക്കു സാമത്ഥ്യമില്ലെന്നു നിശ്ചയിക്കുകയും ചെയ്യുന്നു. ഇവിടെ പൂവാദ്ധംകൊണ്ടു ബോധിതമായ സംശയവും ഈ മുനിക്ക് ഉവ്ശീരൂപസൃഷ്ടിസാമത്ഥ്യം ഇല്ലെന്ന് ഉത്തരാദ്ധംകൊണ്ടു ഗമ്യമായ നിശ്ചയവും 'ആഹായ്യ'മാകുന്നു. ഒന്നുമറെറാന്നല്ലന്നൊ ഒന്നിൽ മറെറാന്നില്ലെന്നൊ ഉള്ള 'ബാധനിശ്ചയം' ഉള്ളപ്പോൾ അതു മറേറതാണെന്നൊ അതിൽ മറേറതുണ്ടെന്നൊ ഉള്ള ബുദ്ധി ഇച്ഛകൊണ്ടുണ്ടാകുമ്പോൾ അതിനെ 'ആഹായ്യം' എന്നു പറയുന്നു. എങ്ങി

നെയെന്നാൽ മുഖം ചന്ദ്രനല്ല എന്നു നിശ്ചയമുള്ളപ്പോഴും മുഖം ചന്ദ്രനാണ് എന്നുള്ള ജ്ഞാനം ജനിയ്ക്കണമെന്ന ഇച്ഛകൊണ്ടുണ്ടാകുന്ന 'മുഖം ചന്ദ്രനാണ്' എന്നുള്ള മാനസികജ്ഞാനം ആഹാര്യ്യമാകുന്നു. കല്പനാദി പദങ്ങളെക്കൊണ്ടും വ്യവഹരിക്കുന്നതും ഇതു തന്നെയാകുന്നു.

പ്രകൃതത്തിൽ രാജാവിന്റെ ഈ നിശ്ചയം ആഹാര്യ്യമാകകൊണ്ടുതന്നെയാണ് 'മുനിക്ക് രൂപനിർമ്മാതൃത്വസംബന്ധം വസ്തുതയുള്ളപ്പോഴും തദസംബന്ധകല്പനാരൂപയായ അസംബന്ധാതിശയോക്തിയെന്ന അലങ്കാരം ഉത്തരാർദ്ധത്തിലുണ്ടാകുന്നത്. അതിശയോക്തിയുടെ സാമാന്യലക്ഷണം ആഹാര്യ്യനിശ്ചയഘടിതമാണെന്ന് ചന്ദ്രികാദിഗ്രന്ഥംകൊണ്ടു സ്പഷ്ടമാണ്. പ്രകൃതശ്ലോകത്തിന്റെ ഉത്തരാർദ്ധത്തിൽ അസംബന്ധാതിശയോക്തിയെന്ന അലങ്കാരമുണ്ടെന്നുള്ളത് 'ചിത്രമീമാംസ'യിലും 'സാഹിത്യദർപ്പണ'ത്തിലും ഈ ശ്ലോകത്തെ ഈ അലങ്കാരത്തിന്നു ദൃഷ്ടാന്തമായി കൊടുത്തിട്ടുള്ളതിൽനിന്നു വ്യക്തമാണെല്ലോ. രാജാവിന്റെ കവികല്പിതമായ ഈ നിശ്ചയം ആഹാര്യ്യമെന്നു വരുമ്പോഴും തപഃപ്രഭാവജ്ഞാനം ഇല്ലെന്നും മററും എങ്ങിനെ സിദ്ധിക്കുന്നു. നേരെമറിച്ചു മുനിക്കു തദ്രൂപനിർമ്മാണസാമർത്ഥ്യവും തന്മൂലമായ തപഃപ്രഭാവവും ഉണ്ടെന്നല്ലെ സിദ്ധിക്കുന്നത്? മുഖാദികളിൽ ചന്ദ്രാദ്യൈക്യകല്പനകൊണ്ടു കവികൾക്കു മുഖചന്ദ്രാദികളുടെ വാസ്തവഭേദബുദ്ധിയില്ലെന്നോ, പരമാർത്ഥജ്ഞാനമില്ലെന്നോ വരുന്നതാണൊ? മുഖം ചന്ദ്രനല്ലെന്നുള്ള പരമാർത്ഥജ്ഞാനത്തോടുകൂടി അതിനെ ചന്ദ്രനാക്കി കല്പിക്കുമ്പോഴും മാത്രമെ അലങ്കാരമുണ്ടെന്നു പറഞ്ഞുകൂടു.

ഇനി പ്രകാരാന്തരേണ രൂപത്തെ വർണ്ണിക്കാത്തതെ എന്ന ചോദ്യത്തിന്ന് 'ഉപായാന്തരസ്യ ഉപായാന്തരാദൂഷകത്വാ' എന്നുമാത്രം ഇപ്പോഴും സമാധാനം പറഞ്ഞുകൊള്ളുന്നു. തപഃപ്രഭാവജ്ഞാനാഭാവം എന്ന ദോഷം രാജാവിന്ന് ഇല്ലെന്നു വരുമ്പോഴും തപസ്വിനിന്ദനം 'എന്ന ദോഷത്തിന്നും അവകാശമില്ലല്ലോ. 'ഭംഗ്യാഭോഗസുരഗാത്രി' എന്നതിന്റെ മൂലശ്ലോകത്തിലെ 'വേദാഭ്യാസജ

ഡഃ' 'വിഷയവ്യാവൃത്തകൌതൂഹലഃ' എന്നുള്ള വിശേഷണപദങ്ങളിൽ ആദ്യത്തേതിന്നു വേദങ്ങളുടെ അഭ്യാസംകൊണ്ടു ജഡൻ, ഇതരലൌകിക വിഷയങ്ങളുടെ അനുഭവമില്ലാത്തവൻ എന്നും, രണ്ടാമത്തേതിന്ന് ആ വിഷയങ്ങളിൽ ഇച്ഛയില്ലാത്തവൻ എന്നും, അത്ഥമാകുന്നു. ഇതുകൊണ്ട് ഈ വിധമുള്ള ഉൎവ്വശീരൂപസൃഷ്ടിയിൽ മഹൎഷിയുടെ മനസ്സ് പ്രവൃത്തിക്കുന്നതല്ലെന്നു സിദ്ധിക്കുന്നു. 'മുനി' യെന്നതിന്നു മനനശീലൻ എന്നൎത്ഥമാകയാൽ മററൊന്നിങ്കൽ മനസ്സു ചെല്ലുന്നില്ലെന്നു വ്യക്തമാകുന്നു. 'പുരാണഃ' എന്നതുകൊണ്ട് ഈ അവസ്ഥ താല്ക്കാലികയല്ലെന്നു സൂചിക്കുന്നു. 'മുനി'യെന്ന പദംകൊണ്ട് സ്വാഭാവികമായ വൈരൂപ്യത്തേയും സൂചിപ്പിക്കുന്നു. ഇതിൽനിന്നു ലോകരീത്യാ ആലോചിക്കുമ്പോൾ ഉൎവ്വശീരൂപത്തിന്നും മഹൎഷിക്കും ജന്യജനകഭാവം വരുവാൻ തരമില്ലെന്നല്ലാതെ തപഃപ്രഭാവംകൊണ്ട് മഹൎഷിക്ക് ഈ രൂപസൃഷ്ടിസാമൎത്ഥ്യമില്ലെന്നു രാജാവ് നിശ്ചയിക്കുന്നില്ല. അതിനാൽ രാജാവിന്നു വേദപ്രഭാവജ്ഞാനം ഇല്ലെന്നു വിചാരിപ്പാൻ ന്യായമില്ല.

പറഞ്ഞ മാതിരി ദോഷങ്ങൾ ഒന്നും ഇല്ലെന്നു വരുമ്പോൾ രാജാവിൻെറ ഈ ദോഷങ്ങൾ താല്ക്കാലികങ്ങളാകയാൽ സല്പുരുഷതയെ നശിപ്പിക്കുന്നില്ലെന്നുള്ള ചിലരുടെ സമാധാനത്തെ ഊഹിക്കുവാനും അതിനോടു മുഴുവനും യോജിക്കുവാനും ഉള്ള ഭാരവും ഇല്ലല്ലോ. ഇനി അനാവശ്യകമായ അധികലേഖനംകൊണ്ട് രസികരഞ്ജിനിക്കു സ്വാൎത്ഥഹാനി വരുത്താതെ തല്ക്കാലം ഈ മറുവടി അവസാനിപ്പിക്കുന്നു.


കെ. രാമപിഷാരടി.

---

വേരോടന്യഗുണംവലിച്ചുകളവാൻസാരോപദേശങ്ങൾപോം-
ലോരോന്നാത്മഗുണംകൊതിച്ചുചിലരൾപ്പോരോട്ടരച്ചീടിലും
നേരോക്കാതതുമൂലമായ്മുഷികയില്ലാരോടുമെന്നുള്ളസൽ
പേരോജസ്സുവളൎത്തുവാൻനൃപമണേനീരോട്ടമാകുന്നുതേ.

ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാർ.

## നമ്മുടെ
# വ്യോമമണ്ഡലം



നാം ശ്വാസിക്കയും ജീവിച്ചിരിക്കയും ചെയ്യുന്ന വായുമണ്ഡലം നാം സ്ഥിതിചെയ്യുന്ന ഭൂഗോളത്തിൻെറ ഒരു ഭാഗമാകുന്നു. നല്ലവണ്ണം ആലോചിക്കാത്തവൎക്കു നാം കേവലം ശൂന്യാകാശത്താൽ ആവൃതന്മാരാണെന്നു ബോധമുണ്ടായേക്കാം. എന്നാൽ അല്പനേരം വെള്ളത്തിൽ മുങ്ങിക്കിടന്നു കഴിയുമ്പോഠം ശ്വാസം മുട്ടുന്നതു കൊണ്ടുതന്നെ വായുമണ്ഡലത്തിൻെറ സാന്നിദ്ധ്യവും ജീവസന്ധാരണത്തിന്നുള്ള അതിൻെറ ആവശ്യകതയും സിദ്ധമാകുന്നു. പാകെട്ടിയ കപ്പലുകഠം ഓടുന്നതും വായുസംഘൎഷത്താൽ ചക്രങ്ങഠം തിരിയുന്നതും കൊടുംകാററിൽ വൃക്ഷങ്ങഠം പിടരുന്നതും പുരപ്പുറത്തെ ഓലകഠം പറിയുന്നതും കാണുമ്പോഠം ഭൂഗോളത്തിനു ആവരണമായിരിക്കുന്ന ഈ വായുമണ്ഡലം ഒരു പദാൎത്ഥമാണെന്നു വ്യക്തമാകും.

ഇതിൻെറ പൂൎവ്വചരിത്രം ഘനപദാൎത്ഥങ്ങളുടേതിൽനിന്നും വ്യതിരിക്തമാകുന്നു. ഭൂഗൎഭസ്ഥലങ്ങളായ ഓരോ പാറത്തറകളേയും നഷ്ടജന്തുക്കളുടെ അവശേഷങ്ങളേയും പരിക്ഷിച്ചു ഭൂഗോളത്തിൻെറ പുരാതനസ്ഥിതിയെ അനുമാനിക്കാം. വ്യോമമണ്ഡലത്തെ സംബന്ധിച്ചിടത്തോളം ഇത് അസാദ്ധ്യമത്രെ. ഇപ്പോഠം സൂൎയ്യമണ്ഡലത്തിൽ സംഭവിക്കുന്ന സ്ഥിതിഭേദങ്ങളെ കണ്ടറിഞ്ഞു പ്രപഞ്ചസൃഷ്ടിതത്വത്തെ മനസ്സിലാക്കി ആ ന്യായത്തെ അനുവൎത്തിച്ചു നിശ്ചയിക്കയല്ലാതെ മാൎഗ്ഗാന്തരമില്ലം.

പ്രസിദ്ധനായ ലാപ്ലേസ് (La Place) എന്ന പറങ്കിജ്യോതിശ്ശാസ്ത്രജ്ഞൻ പണ്ട് ഇദംപ്രഥമമായി നിരൂപണം ചെയ്യുതും ആ

ധുനികവിദ്വാന്മാരുടെ പരീക്ഷണങ്ങളാൽ ഒന്നുകൂടി ഉറപ്പിക്കപ്പെട്ടിരിക്കുന്നതുമായ 'തൈജസസിദ്ധാന്ത'ത്തെ സ്വീകരിക്കുന്ന പക്ഷം ഇപ്പോൾ കാണുന്ന സൂര്യഗ്രഹങ്ങൾ, നക്ഷത്രങ്ങൾ, ഇവ എല്ലാം അനാദിയായി സവ്വവ്യാപിയായ തേജഃപുഞ്ജങ്ങളിൽനിന്നും ക്രമേണ ഉൽഭൂതങ്ങളാകുന്നു. തേജോമയങ്ങളായ ഈ പദാൎത്ഥങ്ങളുടെ പരസ്പരാകൎഷണം നിമിത്തം അവ അഗ്നിമയമായ വാതകരൂപത്തെ അവലംബിച്ചിരുന്നു. ക്രമേണ തണുത്തു തുടങ്ങിയപ്പോൾ ഗോളാകൃതിയായ ഖണ്ഡങ്ങൾ അവയിൽനിന്നു പൊട്ടിപിരിഞ്ഞ് ജലരൂപങ്ങളായ പിണ്ഡങ്ങളായിത്തീൎന്നു. ഇവയിൽ ഒന്നാണ് നമ്മുടെ സൂര്യൻ. ഘനക്കുറവുകൊണ്ടു പിണ്ഡാകൃതിയെ പ്രാപിക്കുന്നതിനു കഴിയാത്ത തേജോമയമായ വാതകം ഈ സൂര്യബിംബങ്ങളെ ആവേഷ്ടനം ചെയ്യുന്നു. ജലരൂപങ്ങളായ ഈ ഗോളങ്ങൾ ചൂടിനെ വെടിയുന്ന ക്രമത്തിനു മേൽപാട് ഒരു പാടപോലെ ഘനമായും ഉൾവശം ചൂടുള്ളതായും തീരുന്നതുകൂടാതെ ഉപരി വാതകരൂപമായി നേൎത്ത ആകാശമണ്ഡലം ഉണ്ടാകുന്നു. ഈ ആകാശമണ്ഡലം ചൂടിനേയും വെളിച്ചത്തേയും ഗ്രഹിക്കുകയും ജീവികളെ സന്ധാരണം ചെയ്യുന്നതിനു ശക്തമാകയും ചെയ്യുന്നു. നമ്മുടെ ഭൂമിയുടെ അവസ്ഥ ഇതാകുന്നു.

മററുള്ള ഗ്രഹങ്ങളുടെയും ഇദാനീന്തനസ്ഥിതി ഇതാണെന്നു ഭ്രമിക്കരുത്. ഓരോന്നിന്റെയും അവസ്ഥാഭേദങ്ങൾ ഭിന്നങ്ങളാകുന്നു. വ്യാഴത്തിനു ഇപ്പൊഴും ഭൂമിയേക്കാൾ ചൂട് ഏറുകയാൽ എന്താനും സ്വയം പ്രകാശത്വമുണ്ടെന്നും അതിന്റെ വ്യോമമണ്ഡലത്തിൽ പദാൎത്ഥങ്ങൾ വാതകരൂപമായിരിക്കുന്നു എന്നാം അനുമാനിക്കപ്പെട്ടിരിക്കുന്നു. ഭൂമിയുടെ വ്യോമമണ്ഡലത്തിൽ ഇവ ഘനീഭവിച്ച് ഘനമായും ജലമായുമുള്ള പദാൎത്ഥങ്ങളാകത്തക്കവണ്ണം ചൂടു കുറഞ്ഞിരിക്കുന്നു. കുഴൽക്കണ്ണാടിയിൽക്കൂടി വ്യാഴത്തെ നോക്കിയാൽ അതു ഘനാഘനങ്ങളാൽ ആവൃതമായി കാണപ്പെടുന്നു. അതിലുള്ള ജലം മിക്കവാറും ആവിയായിരിക്കുന്നതായി ഗണിക്കേണ്ടിയിരിക്കുന്നു. നേരെമറിച്ചു ചൊവ്വായിൽ ജലാംശം വളരെ കുറഞ്ഞിരിക്കുന്നു.

വൎഷകാലങ്ങളിൽ അതിൻെറ ധ്രുവദേശങ്ങളിൽ മഞ്ഞ് ഉറയുന്നതിനും മാത്രം ഉണ്ടായിരിക്കാം. അതിൻെറ നിൎജ്ജലങ്ങളായ മദ്ധ്യപ്രദേശങ്ങൾ ധ്രുവദേശങ്ങളിൽനിന്നും ചില തോടുകളാൽ നനയ്ക്കപ്പെട്ടിരിക്കുന്നതായി മിസ്റ്റർ ലൌവൽ മുതലായ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. നമ്മുടെ ചന്ദ്രബിംബം ഒരു ചെറിയ ഗോളത്തിനു എത്താവുന്ന അവസ്ഥയുടെ പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്നു. അതിൽ വാതകാംശമാകട്ടെ ജലാംശമാകട്ടെ ഇല്ലാ; എല്ലാം ഘനപദാൎത്ഥമായിരിക്കുന്നു. അതിനുണ്ടായിരുന്ന ജലാംശമെല്ലാം സ്ഥൂലാകൃതിയായ അതിൻെറ ബിംബത്തിൽ വലിഞ്ഞുപോകയും വാതകരൂപമായിരുന്നതെല്ലാം ആകൎഷണശക്തിക്ക് അഗോചരമാകത്തക്കവിധം ശൂന്യാകാശത്തിൽ സംക്രമിച്ചുപോകയും ചെയ്തിരിക്കുന്നു.

ഓരോ ഗോളത്തിൻെറയും താൽകാലികാവസ്ഥ, അതിലുള്ള വാതകങ്ങൾ ആദ്യം എതാനും വാതകരൂപകമായും എതാനും ജലരൂപമായും, എതാനും ഘനരൂപമായും പരിണമിക്കുന്ന ക്രമത്തെ അനുസരിച്ചിരിക്കും. ഓരോഗോളവും തണുക്കുന്നക്രമത്തിന് ഈ ഭേദഗതികൾ ഉണ്ടാകും. ഒരു ഗോളം എത്രയും വലുതാകുന്നൊ, തണുക്കുന്നതിന് അത് അത്രയും താമസിക്കും. ഒരു ഗോളം ചന്ദ്രമണ്ഡലത്തെപ്പോലെ വാതകമയമായും ജലമയമുമുള്ള ആവരണത്തെ നിശ്ശേഷം ത്യജിക്കയും നമ്മുടെ ഭൂഗോളത്തെപ്പോലെ അവയെ സംഗ്രഹിക്കയും ചെയ്യുന്നത് അതിലുള്ള വാതകമയങ്ങളായ അണുക്കളെ ആകൎഷണത്താൽ സംഭരിക്കുന്നതിന് അതിനുള്ള ശക്തിക്ക് അനുരൂപമായിരിക്കും. ഈ ആകൎഷണശക്തി ആ ഗോളത്തിൻെറ വലിപ്പത്തെ അപേക്ഷിച്ചിരിക്കുന്നു. അതുകൊണ്ടു നമ്മുടെ ഭൂഗോളത്തിനു വ്യോമമണ്ഡലമായ ആവരണം നിശ്ശേഷം നശിച്ചുപോകയില്ല. അതിലുള്ള ഹൈഡ്രോജൻ (ജലജനകവാതകം) മുതലായ ഘനം കുറഞ്ഞ വാതകങ്ങൾ ക്രമേണ ശൂന്യാകാശത്തിൽ സംക്രമിച്ചു പോയേക്കാം.

നമ്മുടെ വ്യോമമണ്ഡലം ശ്വാസോച്ഛ്വാസത്തിന് അനുരൂപമായിരിക്കുന്നതിനെക്കുറിച്ച് ആശ്ചര്യം തോന്നാമെങ്കിലും അതു ഭൂ

ഗോളത്തിൻെറ വലിപ്പത്തിൻെറ അനിവാൎയ്യമായ ഫലമാണെന്നു സ്പഷ്ടമാകുന്നു. ഭൂഗോളചരിത്രത്തിൻെറ പ്രാക്തനകാലങ്ങളിൽ നാം സഞ്ചരിക്കുന്ന പക്ഷം, അന്ന് അത് ഒരു ചെറിയ സൂൎയ്യബിംബം തന്നെയായിരുന്നു എന്നും, അതിൻെറ വ്യോമമണ്ഡലം ഉഷ്ണവും അഗ്നിമയവുമായ ലോഹവാതകങ്ങളാൽ നിബിഡമായിരുന്നുഎന്നും ഈ വാതകം ക്രമേണ ഘനീഭവിച്ച ലോഹവൎഷങ്ങൾ ഉണ്ടാകയും ആ ലോഹശകലങ്ങൾ ഉഷ്ണമായ ഭൂതലത്തിൽ വീണ ഉടൻ പുനശ്ച വാതകമായിത്തീരുകയും ചെയ്യുവന്നിരുന്നുഎന്നും കാണുമായിരുന്നു. ഭൂതലത്തിനു ചൂടു കുറഞ്ഞ ക്രമത്തിന് ഈ ലോഹങ്ങൾ ഘനീഭവിച്ചു തറയിൽതന്നെ അടിഞ്ഞുകിടക്കയും, വൃക്ഷങ്ങൾക്കും ജന്തുക്കൾക്കും ജീവസാധാരണം ചെയ്യത്തക്കവിധം ആയിത്തീരുകയും ചെയ്തുഎന്നും ഭൂഗർഭശാസ്ത്രം പ്രതിപാദിക്കുന്നു. അക്കാലംമുതൽ ഈ വ്യോമമണ്ഡലത്തിന് ഇപ്പൊഴത്തെപ്പോലെ തെളിവും നൈൎമ്മല്യവുമുണ്ടായിരിക്കണം. ഇതിനു ലക്ഷ്യം ശാസ്ത്രീയദൃഷ്ട്യാ ഏറ്റവും പുരാതനമായ സൈലൂറിയൻ കാലത്തു കണ്ണുള്ള ഒരുമാതിരി മത്സ്യം (Tricobites) ജീവിച്ചിരുന്നതായി കാണുന്നതാകുന്നു. അപ്പോൾ ഇപ്പൊഴത്തെപ്പോലെ വെളിച്ചം സമുദ്രങ്ങളിൽക്കൂടി പ്രവേശിച്ചിരിക്കുന്നതായി ഊഹിക്കേണ്ടിയിരിക്കുന്നു. വ്യോമമണ്ഡലത്തിന് ഇപ്പൊഴത്തെ തെളിവുണ്ടായിരുന്നില്ലെങ്കിൽ അത് അസാദ്ധ്യമത്രെ. ഇപ്പൊഴത്തേതിൽ കൂടുതലായി ആവിയും ഉംഗാലാമ്ലവുമുണ്ടായിരുന്നിരിക്കാം. ഈ ഉംഗാലാമ്ലം തന്നെയായിരിക്കണം പിന്നീടുള്ള കാലങ്ങളിൽ ഘനീഭവിച്ചു കല്ക്കരിഖനികളിലും ചുണ്ണാമ്പു പാറകളിലും അടിഞ്ഞുകിടക്കുന്നത്.

ആദികാലങ്ങളിൽ ഭൂഗോളം പഴുത്തിരുന്നതുകൊണ്ട് അതിൻെറ ചുററുമുള്ള വ്യോമമണ്ഡലം ചൂടുപിടിച്ചിരുന്നു എങ്കിലും പിന്നെ പിന്നെ തറയ്ക്കു ചൂടുകുറഞ്ഞ് ഇപ്പോൾ ഒമ്പതുകോടി മുപ്പതു ലക്ഷം നാഴിക ദൂരത്തിലിരിക്കുന്ന സൂൎയ്യൻെറ കിരണങ്ങളിൽനിന്ന് ഉഷ്ണം സമ്പാദിക്കേണ്ടതായിത്തീൎന്നിരിക്കുന്നു. സൂൎയ്യരശ്മികൊണ്ടു വ്യോമമണ്ഡലം ഇപ്പോൾ ചുററുമുള്ള ശൂന്യാകാശത്തേക്കാൾ ഉററ

ഡിഗ്രി (ഫാറൻഹീററ്) ചൂട കൂടിയതാകുന്നു. ഭൂമിയിൽനിന്നുമുണ്ടാകുന്ന ചൂടിനു അതിനെ ൧/൫൦൦ ഡിഗ്രി ഉഷ്ണമാക്കുന്നതിന്നേ കഴിയുന്നുള്ളു.

ഭൂമിയുടെ വ്യോമമണ്ഡലം അതിൻെറ സ്വന്തസമ്പാദ്യമാകുന്നു. ബ്രഹ്മാണ്ഡം ഒട്ടുക്കു വ്യാപിച്ചു കിടക്കുന്നതിൻെറ ഭാഗമല്ല. അല്ലാതെ ബ്രഹ്മാണ്ഡം ഒട്ടുക്ക് ഒരേ വ്യോമമണ്ഡലമായിരുന്നെങ്കിൽ ഭൂമിയെക്കാൾ വലിപ്പത്തിൽ പത്തുലക്ഷം മടങ്ങും ആകർഷണശക്തിയിൽ ഇരുപത്തി ഏഴു മടങ്ങും കൂടുന്ന സൂര്യൻെറ വ്യോമമണ്ഡലം തന്നെ ശുക്രമണ്ഡലത്തോളം വ്യാപിച്ചിരുന്നേനേ. വാസ്തവത്തിൽ സൂര്യൻെറ ചുററും ൫,൦൦,൦൦൦ നാഴിക ഘനത്തിൽ മാത്രമേ അതിൻെറ വ്യോമമണ്ഡലം വ്യാപിച്ചിരിക്കുന്നുള്ളു. നമ്മുടെ വ്യോമമണ്ഡലത്തിനു നൂറുനാഴികയിലധികം പൊക്കമില്ല.

ഭൂതലത്തെ അളക്കുന്നതുപോലെ വ്യോമമണ്ഡലത്തിൻെറ പൊക്കം അളക്കുന്നതു അസാദ്ധ്യമത്രെ. ഒന്നാമത് അതിൻെറ ഉപരിഭാഗത്തിൽ എത്തുന്നത് അശക്യമാകുന്നു. രണ്ടാമത് അങ്ങിനെ എത്താമെന്നിരുന്നാലും മേലോട്ടു പോകുന്തോറും വായു നേർത്തു നേർത്തു വരുന്നതിനാൽ വ്യോമമണ്ഡലത്തിൻേറയും ശൂന്യാകാശമണ്ഡലത്തിൻേറയും പരിധി നിർണ്ണയിക്കാൻ കഴിയുന്നതല്ല. പിന്നെ അതിനെ നിർണ്ണയിക്കാനുള്ള മാർഗ്ഗങ്ങൾ മേലോട്ടു പോകുന്തോറുമുള്ള വായുവിൻെറ ഘനക്കുറവിനെ കണക്കാക്കുകയും, പ്രഭാതത്തിങ്കൽ ഉദിക്കുന്നതിനു മുമ്പും സായംകാലത്തിൽ അസ്തമിച്ചതിൽ പിന്നീടും എത്ര നേരം വെളിച്ചം നില്ക്കുന്നു എന്നു പരിഗണിച്ചും നക്ഷത്രങ്ങൾ പൊഴിയുമ്പോൾ എത്ര ദൂരംവരെ അവ ദൃശ്യങ്ങളാകുന്നു എന്നു നോക്കി അറിഞ്ഞുമാകുന്നു.

മത്സ്യങ്ങൾ സമുദ്രത്തിൽ എങ്ങിനെയോ അതുപോലെ നാം വ്യോമമണ്ഡലത്തിൻെറ ഏററവും അടിയിൽ പാർക്കുന്നവരാകകൊണ്ട് അതിൻെറ ഉപരിഭാഗങ്ങളിലെ സ്ഥിതി അറിയുന്നില്ല. പവ്

ത്തങ്ങൾ വഴിയായി ഏററവും ഉയൎന്നുപോയിട്ടുള്ളതു ൨൩൦൦൦ ജാതിയടി എന്നുവെച്ചാൽ നാലു മയിലിനു അല്പം കൂടുതൽമാത്രം ആകുന്നു. ബെൎല്ലിൻകാരനായ ഡാക്ടർ ബെർഡൻ എന്നയാൾ വിമാനത്തിൽ ൩൫,൦൦൦ ജാതിയടി പൊക്കത്തിൽ പോയി. അവന്റെ കയ്യിലുണ്ടായിരുന്ന ഉഷ്ണമാപനയന്ത്രം അപ്പോൾ ശൂന്യരേഖയിൽനിന്നും ൭൪ (ഫാറൻ) ഡിഗ്രി താണു, ഘമാനയന്ത്രത്തിലെ രസം ൩൦-ൽനിന്നു ൯ അംഗുലംവരെ താണു. മനുഷ്യനു ജീവനോടെ കൂടുതൽ ആറുമയിൽ പൊക്കംവരെ പോകാമായിരിക്കാം. അതിനുമേൽ യന്ത്രങ്ങളുടെ ശക്തികൊണ്ടു ഒരുവേള ജീവസന്ധാരണം ചെയ്യാമായിരിക്കാം. സുഖമായിരിക്കണമെങ്കിൽ ൧൫൦൦൦ അടി പൊക്കത്തിനു മേൽപോയിക്കൂട. അതിനാൽ ഈ വ്യോമമണ്ഡലത്തിന്റെ എത്ര ചുരുങ്ങിയ ഒരു ഭാഗത്തിൽ മാത്രമേ മനുഷ്യർ കാലക്ഷേപം ചെയ്യുന്നുള്ളു എന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ. ഈ പരിഷ്കാരങ്ങളും മനുഷ്യന്റെ അഹംഭാവങ്ങളുമെല്ലാം എത്ര പരിമിതമായ സ്ഥലത്തിനുള്ളിൽ കിടക്കുന്നതേയുള്ളു എന്നും എറുമ്പിനു ഒരു തുള്ളി വെള്ളം സമുദ്രം എന്നു തോന്നുന്നതുപോലെ നമ്മുടെ അധിവാസഭൂമി നമുക്കു വിശാലയായി തോന്നിക്കുന്നതാണെന്നും ഓൎക്കുമ്പോൾ ലോകനിയന്താവിന്റെ വൈഭവത്തെയും മാഹാത്മ്യത്തെയും നാം ചിന്തിക്കാതെ ഇരിക്കയില്ല.


വായുവിനു കീഴോട്ടുവരുന്തോറും ഘനം കൂടുമെന്നും മേലോട്ടു പോകുന്തോറും ഘനം കുറയുമെന്നും മുമ്പിൽ പറഞ്ഞല്ലൊ. ഘമാനയന്ത്രംകൊണ്ടു നോക്കിയാൽ ൫൦ മയിലിനുമേൽ വ്യോമമണ്ഡലത്തിന്റെ ഘനം അതിനെ സ്പൎശിക്കുന്നില്ല. നക്ഷത്രങ്ങൾ പൊഴിയുമ്പോൾ അവയുടെ ഗതിവേഗംകൊണ്ടു അതിനെ സ്പൎശിക്കുന്ന അണുക്കൾ സംഘൎഷത്താൽ അഗ്നിമയങ്ങളായി പ്രകാശിക്കുന്നു. ഈ പ്രകാശം കാണുന്ന ദൂരംവരെ കണക്കാക്കിനോക്കിയാൽ ഭൂമിയിൽനിന്നും ൨൦൦ മൈലോളം വ്യോമമണ്ഡലമുണ്ടെന്നു പറയാം. സന്ധ്യാകാലങ്ങളിലെ വെളിച്ചത്തിൽനിന്നും ൪൦ മൈൽ ഉണ്ടെന്നു ഊഹിക്കാം. എല്ലാംകൂടി ആലോചിക്കുമ്പോൾ ഭൂമിയിൽനിന്നും

൫൦ മൈൽ പൊക്കംവരെ വ്യോമമണ്ഡലം സാമാന്യമായി വ്യാപിച്ചിരിക്കുന്നതായി നമുക്കു നിൎണ്ണയിക്കാം.

(തുടരും)

എം. രാജരാജവൎമ്മ, എം. എ., ബി. എൽ.

# ആഴിയുടെ അടിത്തട്ട്



സമുദ്രത്തിന്റെ അടിവാരം അറിവിൽ പെട്ടേടത്തോളം കരയോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ വളരെ വ്യത്യാസങ്ങൾ ഉണ്ടെന്നുള്ള സൂക്ഷ്മം ഇക്കാലത്തെ ശാസ്ത്രീയപരിക്ഷകൾകൊണ്ട് അറിഞ്ഞിരിക്കുന്നു. വായു, മഴ, മഞ്ഞ് ഇവയെക്കൊണ്ടും, നദി, പുഴ മൂലമായിട്ടും, എപ്പോഴും ഏററക്കുറച്ചിലുണ്ടാവാനിടയുള്ള ശീതോഷ്ണസ്വഭാവംകൊണ്ടും, കടലോരത്തു തിര വന്നടിക്കുന്നതുകൊണ്ടും, ഭൂമിയുടെ കരപ്രദേശങ്ങൾ വിവിധമാക്കിച്ചെയ്യപ്പെട്ടിരിക്കുന്നു. എന്നാൽ കടലിന്റെ അടിവാരത്ത് ഇപ്രകാരമുള്ള കൃത്യങ്ങൾ യാതൊന്നും നടന്നുവരുന്നില്ല. അതിനാൽ ആ പ്രദേശങ്ങൾ പ്രായേണ ഭേദഗതിയുള്ളതായും കാണുന്നില്ല. സമുദ്രത്തിന്റെ അടിത്തട്ടു വിസ്തീൎണ്ണമായ സമഭൂമിയായും, താഴ്വരകളായും, അങ്ങുമിങ്ങും കൂടക്കൂടെ ഉയൎന്നുവരുന്ന ശിഖരങ്ങളുള്ള പൎവ്വതനിരകളോടുകൂടിയുമാണ് നൂലിട്ടുനോക്കിയപ്പോൾ കണ്ടിരിക്കുന്നത്. അടുത്തകാലത്ത് ഈ വിഷയത്തെപ്പററി ഏററവും സൂക്ഷ്മമായ അന്വേഷണങ്ങൾ നടത്തുവാനായി ഏൎപ്പെടുത്തപ്പെട്ടവർ ബങ്കാൾഉൾക്കടൽ പരിശോധിച്ചുനോക്കിയപ്പോൾ അതിന്റെ അധോഭാഗങ്ങൾ ഏകദേശം ആയിരംനാഴിക വിസ്താരമുള്ള സമനിലമായും, ആൻറമൻദ്വീപെന്ന സ്ഥലത്തു മാത്രം മേല്പോട്ടുപൊങ്ങിവരുന്ന പൎവ്വതനിരകളോടുകൂടിയതായും കണ്ടറിഞ്ഞിരിക്കുന്നു. സൎവ്വത്ര അപരിമിതമായും, ഏകരൂപമായും, ഏകാന്തമായുമാണ് കിടക്കുന്നത്, വിവിധമാക്കിത്തീൎക്കാവുന്ന ശക്തി


കളൊ, ശീതോഷ്ണവ്യത്യാസമൊ, വായുസഞ്ചാരമൊ, ഒഴുക്കൊ യാതൊന്നും ആ പ്രദേശങ്ങളിൽ തീരെ ഇല്ല. ഇതിന്നും പുറമെ കടൽ സസ്യങ്ങളെന്നുവേണ്ടാ സസ്യങ്ങൾ വളരുവാൻ അത്യാവശ്യമായ സൂൎയ്യപ്രകാശമെങ്കിലും അവിടെക്കു സ്ഫുരിക്കുന്നതുമില്ല.

അഗാധമായ സമുദ്രങ്ങളുടെ അടിത്തട്ട് ഇപ്രകാരം സൂൎയ്യകിരണങ്ങൾ തട്ടാത്തവിധത്തിൽ ജലസമൂഹത്താൽ മറക്കപ്പെട്ടിരിക്കുന്നു. വായുമണ്ഡലത്തിൽ ഘനം കുറഞ്ഞ കാർമേഘങ്ങൾ വന്നു നിറയുമ്പോൾകൂടി ലോകമാസകലം മൂടൽ പിടിച്ചു സൂൎയ്യകിരണങ്ങൾ മങ്ങി, ഉഷ്ണാധിക്യം ശമിച്ചുവരുന്നതു നമുക്കു പ്രത്യക്ഷമാണല്ലൊ. ഈ ഫലം സമുദ്രത്തിന്റെ അന്തർഭാഗത്ത് ഏറ്റവും അധികരിച്ചാണ് കാണുന്നത്. എങ്ങിനെയെന്നാൽ, ഒന്നൊ രണ്ടൊ ദിവസംമാത്രം നില്ക്കുന്ന വായുപ്രായമായ മേഘത്തിന്നു പകരം, വളരെ നാഴിക ആഴമുള്ളതും ചിരകാലം കിടക്കുന്നതുമായ ജലരാശി കൊണ്ടാകുന്നു അടിവാരങ്ങൾ മറക്കപ്പെട്ടിരിക്കുന്നത്. ഏകദേശം തൊണ്ണൂറടിയോളം ആഴത്തിൽ ചെല്ലുമ്പോൾതന്നെ പ്രകാശം മങ്ങി മൂടൽപിടിച്ചു നിലാവുപോലെയിരിക്കുന്നു. എന്നുമാത്രമല്ലൻ ൩൨൦ അടിയിലധികം കീഴ്പോട്ടു സൂൎയ്യരശ്മി പ്രവേശിക്കതന്നെയില്ല എന്നു പരീക്ഷിച്ചു നിൎണ്ണയിച്ചിരിക്കുന്നു. പുറങ്കടലുകളിലും പ്രകാശം ഘോരമായുള്ള അയനപ്രദേശങ്ങളിലും (Tropics) ഏകദേശം ൲൨൦൦ അടിക്കപ്പുറം കിരണങ്ങൾ ചെല്ലുന്നില്ല. ഇതിന്നും കിഴെ അന്ധകാരംതന്നെ.

ഇതേപ്രകാരംതന്നെ സൂൎയ്യരശ്മി എന്നു വേണ്ടാ സൂൎയ്യന്റെ ഉഷ്ണവും ഈ പ്രദേശത്തെ ബാധിക്കുന്നില്ല. ബങ്കാൾ ഉൾക്കടലിൽ അടിയിലേക്കു ചെല്ലുന്തോറും ൱ അടിക്കു ഒരു ഡിഗ്രി (1 degree Fahr) വീതം ഉഷ്ണം കുറഞ്ഞുവരുന്നു. ൲൨൦൦ അടിയോളം ആഴത്തിൽ എല്ലാ സമയത്തും ഏതൊരുകാലത്തും ൩൯ ഡിഗ്രി (Fahr) യിൽ ഒട്ടും അധികം ഉഷ്ണമുണ്ടായിക്കാണുന്നില്ല. ൲൨,൦൦൦ അടി കീഴ്പോട്ടുചെന്നാൽ വെള്ളം കട്ടിപിടിക്കുന്ന പ്രായമായി (35 deg. Fr.)

ആശ്ചൎയ്യമായ ഒരു സംഗതി എന്തെന്നാൽ, വായുമണ്ഡലത്തിൽ ഉയരുന്തോറും ഇപ്രകാരം ശൈത്യം കണ്ടുവരാറുണ്ട്. അതുകൊണ്ട് ആകാശമാൎഗ്ഗത്തിൽ പൊങ്ങുമ്പോഴും സമുദ്രത്തിൽ കീഴ്പ്പോട്ട് ഇറങ്ങുമ്പോഴും തണുപ്പു ക്രമേണ വൎദ്ധിച്ചു വരുന്നു. ഖനികളിൽ ഇതിന്നു വിപരീതമായിട്ട് അടിയിലേക്കു പോകുന്തോറും ഉഷ്ണം ക്രമേണ വൎദ്ധിക്കുകയാണ് ചെയ്യുന്നത്.

കരയിൽ സമൃദ്ധിയായി കണ്ടുവരുന്ന സസ്യവൎഗ്ഗം സമുദ്രത്തിന്റെ അടിത്തട്ടിൽ തീരെ ഇല്ല എന്നാണ് തോന്നുന്നത്. എന്തുകൊണ്ടെന്നാൽ സസ്യങ്ങൾ വളരുന്നതിന്നു സൂൎയ്യരശ്മി അത്യാവശ്യമാണ്. അതുകൊണ്ട് അപാരമായി അന്ധകാരം സഞ്ചരിപ്പിച്ചു നിശ്ശബ്ദമായി കിടക്കുന്ന ഈ താഴ്വരകളും സമഭൂമികളും സസ്യാദികളെ സംബന്ധിച്ചേടത്തോളം കേവലം നിൎജ്ജീവപ്രദേശങ്ങളെന്നു തന്നെ വിചാരിക്കണം. ഭയങ്കരമായ ഈ ശൂന്യസ്ഥലങ്ങളിൽ യാതൊരു പ്രകാരേണയുള്ള ജീവജാലങ്ങൾ വസിക്കുമെന്നു വിചാരിക്കുകൂടി പ്രയാസം. എന്നാൽ ഈ പ്രദേശത്തെ സമ്പ്രദായങ്ങളെപ്പറ്റി ഇരുപതുകൊല്ലത്തോളം പരിശോധന നടത്തിനോക്കിയതിൽ മൃഗബാഹുല്യം പെരുത്തു കോടാനുകോടി ജീവികളുടെ ആവാസസ്ഥലമായിട്ടാണ് കണ്ടത്. കടലിന്നുപരിസ്ഥിതമായിരിക്കുന്ന വായുവിന്റെ ഭാരംമാത്രമേ വെള്ളത്തിന്റെ മേൽഭാഗത്തുള്ളു. ഇത് ഒരു ഇഞ്ച് സമചതുരത്തിൽ പതിനഞ്ചു റാത്തലോളം പോരും. എന്നാൽ വെള്ളത്തിന്നു വായുവിനേക്കാൾ തുലോം ഘനം കൂടുമല്ലൊ. മുപ്പത്തിമൂന്നു അടിയോളം പൊക്കമുള്ള ഒരു ജലരാശി നാല്പത്തഞ്ചു നാഴികയോളം മേല്പോട്ടുയൎന്നുകിടക്കുന്ന വായുവിനോടു സമമായ ഭാരത്തെ പ്രയോഗിക്കുന്നുണ്ട്. അതുകൊണ്ട് ഏകദേശം ൫൨,൦൦൦ അടിയോളം ആഴത്തിലുള്ള ജലാശയം ഒരു ഇഞ്ച് സമചതുരത്തിലുള്ള സ്ഥലത്ത് രണ്ടര ടൺ (൧ ടൻ=൨൨൪൦ റാത്തൽ) ഭാരം പ്രയോഗിക്കുന്നുണ്ടെന്നു കണക്കുകൊണ്ടറിയാമല്ലൊ. ഈ ഭാരവും, പതിനഞ്ചു റാത്തൽ ഘനവും ഏകദേശം താരതമ്യപ്പെടുത്തിനോക്കാവുന്നതാണ്.



ഇങ്ങിനെ സ്ഥലാവസ്ഥ അനുസരിച്ചുമാത്രമെ കടലിന്റെ അടിയിൽ ജന്തുക്കൾക്കു ജീവിപ്പാൻ പാടുള്ളു. ഈ ജലജീവികളുടെ മേൽഭാഗത്തുള്ള വെള്ളം അവയുടെമേൽ അതികഠിനമായ ഭാരം ഏല്പിക്കുന്നുണ്ട്. വെള്ളം കട്ടിപിടിക്കുന്ന പ്രായത്തിലുള്ള ശൈത്യപ്രദേശത്താണ് ഇവയുടെ ആവാസം. അവിടെ അവക്കു പോഷണദ്രവ്യങ്ങളായി സസ്യാദികൾ തീരെ വളരുന്നില്ലാത്തതിനാൽ അവയെ കേവലം മാംസഭോജികളായി അപഹരണസ്വഭാവികളായിത്തന്നെ വിചാരിക്കണം. ടാറിഡെഫിഡിയം (Tauredo phidium) എന്ന് പദാൎത്ഥവിജ്ഞാനികൾ പറയുന്ന മത്സ്യത്തെ ദൃഷ്ടാന്തത്തിന്നായി എടുത്തു നോക്കുമ്പോൾ മേൽപറഞ്ഞ സംഗതികൾ പ്രത്യേകിച്ചും വെളിപ്പെട്ടു കാണാം. ഈ മത്സ്യത്തിന്നു കാഴ്ചയില്ല. തൊലിയുടെ അകത്തായി കണ്ണുകളെ സൂചിപ്പിക്കുന്ന ചില പാടുകൾ മാത്രമെയുള്ളു. വേറെ ഞണ്ടു വൎഗ്ഗങ്ങളിൽപ്പെട്ട ചില ജീവികളെ നോക്കുമ്പോൾ അവയ്ക്കും തീരെ കാഴ്ചയില്ലാതെയാണ് കണ്ടുവരുന്നത്. കണ്ണുകളെ വഹിക്കുന്ന ചില മാംസശകലങ്ങൾ ഉണ്ടെങ്കിലും ഇവയുടെ അഗ്രഭാഗത്തു കാഴ്ചക്കുള്ള അവയവങ്ങൾ തീരെയില്ലാത്തതുകൊണ്ട് ഇവയ്ക്കും വാസ്തവത്തിൽ കണ്ണുകൊണ്ടുപകാരമില്ലെന്നു ധരിക്കാം.

എന്നാൽ വേറെ ചില ജീവികൾ അവയ്ക്കു വേണ്ടുന്ന വെളിച്ചം തങ്ങൾതന്നെ നിൎമ്മിക്കുന്നുണ്ടത്രെ. മിന്നാമിനുങ്ങുകൾക്കുള്ളതുപോലെ ശരീരഭാഗങ്ങളിൽനിന്നു സദാരി സ്രവിച്ചുകൊണ്ടിരിക്കുന്ന നാക്ലിലൂസീൻ (Noctilucine) എന്ന വസ്തുവിന്നു പ്രകാശംകൊടുപ്പാനുള്ള ശക്തിയുണ്ട്. ഈ തരം ജന്തുക്കളുടെ കണ്ണുകൾ സൂക്ഷ്മമുള്ള

വയായും അസാധാരണ വലിപ്പമുള്ളവയായും, രക്തക്കുഴലുകളാലും, നാഡികളാലും നല്ലവണ്ണം പോഷിക്കപ്പെട്ടവയായും ഇരിക്കുന്നു.

കരയിൽ ജന്തുക്കൾ ശ്വാസിക്കുന്ന വായു, അവയ്ക്കു സസ്യങ്ങളിൽ നിന്നാകുന്നു കിട്ടുന്നതെന്നും, പകരമായിട്ട് ആ ജന്തുക്കൾ അംഗാരാമ്ലം എന്ന വായു സസ്യങ്ങൾക്കു കൊടുക്കുന്നുണ്ടെന്നും നമുക്കറിയാമല്ലോ. സകല ജന്തുക്കളും നേരിട്ടോ, സഹായവഴിക്കോ, ഭക്ഷണദ്രവ്യം സമ്പാദിക്കുന്നതു സസ്യങ്ങളിൽനിന്നാകുന്നു. മാംസഭോജികൾ സസ്യഭുക്കുകളെ തിന്നാണ് ഉപജീവിക്കുന്നത്. സമുദ്രത്തിൽ അഗാധമായിക്കിടക്കുന്ന പ്രദേശങ്ങളിൽ സസ്യാദികൾ ഇല്ലാതിരിക്കുന്ന സ്ഥിതിക്ക് ഈ ജലജന്തുക്കൾക്കു ഭക്ഷണവും പ്രാണവായുവും എവിടെനിന്നാണ് കിട്ടുന്നത്? ഈ നിയമവിരോധം വളരെ ഊഹങ്ങൾക്കിടയാകയും, ഇതിനെ സ്പഷ്ടമാക്കുവാൻ ഇപ്രകാരം ഒരു കാരണം പറകയും ചെയ്യുന്നു. സമുദ്രത്തിന്റെ മേൽഭാഗത്തു വലിയ ജന്തുക്കളും, കടൽസസ്യങ്ങളും ഉള്ളതിന്നും പുറമെ സൂക്ഷ്മവിഗ്രഹികളായ മററ അസംഖ്യം ജീവികൾ വസിക്കുന്നുണ്ട്. എന്നുമാത്രമല്ല, ഇവ സദാ കീഴ്പ്പോട്ടു വീഴുന്നതുകൊണ്ട് കടലിന്റെ അടിവാരത്തേയ്ക്കു മഴ ചൊരിയുന്നപോലെ ഭക്ഷണപദാർത്ഥങ്ങൾ പൊഴിയുന്നുണ്ട്. നദികളും അതാ സമുദ്രത്തിൽ ചെന്നുചേരുന്നതോടുകൂടി അസംഖ്യം സസ്യവർഗ്ഗങ്ങളെ വഹിച്ചെടുത്തു സമുദ്രാഴങ്ങളിലേക്കു തള്ളുന്നുണ്ട്. ഇങ്ങിനെ സമുദ്രത്തിന്റെ അധോഭാഗത്തു സംഭരിച്ചിരിക്കുന്ന പദാർത്ഥങ്ങളിൽനിന്നാണ് ഈ കീടങ്ങൾക്ക് അവയുടെ ഭക്ഷണം കിട്ടുന്നത്. മൂതിന്നു പ്രബലന്മാരായ വലിയ ജന്തുക്കൾ ഈ കീടങ്ങളെ തിന്നും കാലം കഴിച്ചു വരുന്നു. ചില ജാതി മത്സ്യങ്ങൾ നീചസ്വഭാവികളാണ്. അവയ്ക്കു വലിയ പല്ലുകൾ ഉണ്ട്. അവയുടെ വായ അസാധാരണ വലിപ്പത്തിൽ തുറക്കുവാനും കഴിയും. പ്രായേണ ഈ ജന്തുക്കൾ അവയുടെ വാസസ്ഥലത്തിന്നനുരൂപമായി ഏകപ്രകാരേണ ശ്യാമവർണ്ണമുള്ളവയായും ഇരിക്കുന്നു. ഇരുണ്ട നിറം സാധാരണയാണ്. എ

ന്നാൽ ചിലപ്പോഠം ധൂമ്രവൎണ്ണമുള്ളതായും അപൂൎവ്വമായി രക്തവൎണ്ണമുള്ളതായും കാണാം.

ഇവിടെ നാം ഏറക്കുറെ ദൃഷ്ടിഗോചരങ്ങളായ ജലജന്തുക്കളെപ്പററി മാത്രമെ പറഞ്ഞുള്ളു. എന്നാൽ സമുദ്രത്തിൽ സ്ഥിരവാസംചെയ്തു മരണശേഷം അടിയിലുള്ള ചളിയിലേക്കു താണുപോകുന്നവയായി അത്യാശ്ചൎയ്യകരങ്ങളായ അനവധി മററു ജന്തുക്കളെയും ഭൂതക്കണ്ണാടിമൂലം കണ്ടുപിടിച്ചിരിക്കുന്നു. ഈ ജീവികഠം ചത്തുവീഴുന്നതുകൊണ്ട് ഇവയുടെ കക്കകഠം സഞ്ചയിച്ചു സമുദ്രത്തിൻെറ അടിയിൽ ഒരുമാതിരി പാറനിലം (Sedementary rock) ഉണ്ടാകുന്നു. ഇതു കാലക്രമേണ സമുദ്രാംശങ്ങളിൽനിന്ന് ഉയൎന്നു ഭാവിയിലെ കരപ്രദേശമായിത്തീരുമെന്നു ഭൂതതത്വജ്ഞന്മാർ പറയുന്നു.

എ. രാമപ്പൊതുവാഠം, ബി. എ.
(മെഡിക്കൽ കോളേജ്).

---

# ലക്ഷ്മീസ്തവം

൧. തിങ്ങിൽക്കലയുന്നതങ്കത്തകിടിനൊടുതടം
തല്ലിടുംനല്ലപൊയ്പൂ
മെയ്യിൽക്കാളുന്നകാന്തിപ്രകരലഹരിയാൽ
ചാരുനീരാളമെന്യേ
ശൃംഗാരംവിതാനിച്ചുറിശയനനെഴും
മാറിലേറിക്കളിക്കും
നിൎവ്വ്യാജകാരുണ്യശീലേമമഗതിജലധി-
പ്പൈതലേതകൈതൊഴുന്നേൻ

൨. അമ്മേനിന്നെസ്തുതിക്കുന്നതിനുകൊതിപെരു-
ത്തുദ്യോഗംചെയ്തിടുന്നു
നിന്മാഹാത്മ്യംഗ്രഹിക്കാഞ്ഞലമവശതയാം-
പിന്തിരിക്കുന്നുപിന്നെ
ഇമ്മട്ടെന്നുള്ളഴിഞ്ഞാതൽപടികയറിയമ-
ട്ടാസ്ഥവിട്ടാടിടുന്നു
നിൻമൃഷ്ടാകാരചേഷ്ടാകഥകളിലതിനെ-
ത്തുഷ്ടിയാൽകെട്ടിയാലും

൩. എന്നുണ്ടായെങ്ങുനിന്നുത്ഭവമെവിടെയിരി-
പ്പെന്തുനിത്യംപ്രവൃത്തി-
ക്കുന്നുജാത്യാഭിജാത്യാദികളുടെകഥയെ-
ന്തെപ്രകാരംശരീരം
ഒന്നുംനിൻചാതുര്യത്താലൊരുവനുമറിവി-
ല്ലസ്ഥിതിക്കെന്തുവച്ചോ
മന്ദംഞാനോതിടുന്നുതവഗുണഗണമി-
ക്കാലമുൽക്കണ്ഠമേ

൪. അത്യന്തംസൂക്ഷ്മമാംനിന്നുടെതിരുവുടലും
സ്ഥൂലമാംദേഹവുംക-
ണ്ടെത്തുന്നില്ലെൻറെകണ്ണാലടിയനുതിരുമെയ്
കണ്ടിടാഞ്ഞിണ്ടലമ്മേ
വൃത്യംനിന്മേനികാണുന്നതിനൊരുമിഴിയേ
കന്യാധാമുന്നിലെത്തി
പ്രത്യക്ഷംപ്രസ്ഫുരിപ്പിച്ചരുളുകനിഖിലാ-
നുഗ്രഹംവിഗ്രഹന്തേ

൫. കസ്തൂരിപ്പൊട്ടുകത്തുംകനകമണികളും-
പങ്ങളുത്യന്തസ്യത്തം

തത്താമ്രകളത്തിമുഗ്ദ്ധസ്മിതമധുരമുഖം
ഹസ്തപത്മാത്തപത്മം
ഉത്തുംഗോരോജഭാരാകുലസിചയമതി-
ശ്ലക്ഷ്ണകൌസുംഭവാസ-
സ്സിത്ഥംശൃംഗാരവേഷംതടവിയതവമെയ്
കാണുവാൻകൌതുകംമേ

൩. നിന്മൂലംനിന്നൊഴിഞ്ഞില്ലപരമൊരുസഖാ-
വുണ്ടത്യന്തശുദ്ധ-
ബ്രഹ്മംതന്നേളനന്തേസുലഭമതുവശാൽ
പേരനീപേറിടുന്നു
തന്മൂലംസർവ്വലോകോദയമഖിലജഗ-
ത്തിന്നുമേവാരമേനീ-
യുന്മേഷാലമ്മയായ്നില്പൊരുചരിതമറി-
ഞ്ഞോനറിഞ്ഞോനശേഷം

൪. ലോകേശക്കുട്ടിബാലക്കളികളിലധികം
സക്തനായ്പ്പനകാല-
ത്താകാശാവായുതേജസ്സുദകമവനിയെ-
ന്നുള്ളഭൂതങ്ങളഞ്ചും
മല്ലാതേതങ്കൽനിന്നാത്തിരുമകനുതകി-
ത്തൽക്കളിത്തൊട്ടിലത്തിൽ
സാകൂതംനോക്കിനിൽക്കുംഭവതിയെമറയിൽ
കണ്ടവൻകണ്ടവൻപോൽ

൫. വാനോർവാരാശിവാസ്സ്വാഷ്പതിദനുജകുലം
മന്ദരംവാസുകിപ്പാ-
മ്പാനന്ദാലിപ്പറഞ്ഞുള്ളവർതവതനുക-
ണ്ടെങ്കിലുംകണ്ടതില്ല

താനോ ഞാനെന്നുചിന്തിച്ചതിനുടെപരമാ-
ത്ഥാംവരെക്കണ്ടേവിടാൻ
താനാകുന്നൂജഗത്തിൽജനനിഭവതിയെ-
കണ്ടവൻകർമ്മവേധീ

൯. *മൂലോൽസ്ഥിയാനജാലാധാരസമനിയമം
ചെയ്യുമെല്ലെന്നുണർത്തി-
ച്ചാലേമേല്പ്പോട്ടയത്തിച്ചുരുതരകലാം
ചക്രമാറുംകടത്തി
മേലേതേജച്ഛടാഭാസ്വരകമലവനം-
തന്നിലമ്മാറിരുത്തി-
പ്പാലാഴിപ്യാതിവിത്തേഭവതിയെനിനവിൽ
കാണുവോനാണുമേശൻ

൧൦. തന്മേനികളിലായിട്ടെഴുമെഴുനിലമാ-
ടത്തിലേഴാംനിലയ്ക്കൽ
കർമ്മവ്യൂഹംദഹിക്കുംമഹസിതവപിസ-
ഛായമായുള്ളകായാ
സമ്മേളിപ്പിച്ചിട്ടന്നോനുലകമുതലിവാ-
ലാകമാനംനനച്ചി-
ട്ടന്നേഷാൽവാണിടുന്നുവിഗളിതയമരാ-
ജാധികാരപ്രചാരം


ഒറവങ്കര നീലകണ്ഠൻ നമ്പൂരി (രാജാ).

* മൂലോൽസ്ഥിയാനജാലാധാരങ്ങൾ=മൂലാധാരമണിപൂരവിശുദ്ധ്യാദികൾ

# അമ്മായിപഞ്ചതന്ത്രം

## അഞ്ചാംപുസ്തകം സ്ത്രീവാരം.

‘വൈരതരു ചേതസിമുളച്ചുഫലവളൎന്നു
സ്വൈരമതുപൂത്തുകുസുമങ്ങളുതിരുന്നു’.



കലഹബീജം നട്ടു വളൎത്തുന്നതിന്നു മരുമക്കത്തായം ആചരിച്ചു വരുന്നവരുടെ സ്വാന്തം നല്ല വിളഭൂമിയാണ്. അങ്ങുമിങ്ങും തുറന്നു സംസാരിക്കുകയോ നല്ലവാക്കു പറകയോ ചെയ്യാൽ സാധാരണ മനുഷ്യരുടെ ഇടയിൽ കൃത്രിമവൈരം മിക്കതും നശിച്ചുപോകും. എന്തുകൊണ്ടെന്നാൽ ഭിന്നിച്ചു കലഹിക്കുന്നതിനേക്കാൾ രഞ്ജിപ്പോടുകൂടിയിരിക്കുന്നത് മനുഷ്യസ്വഭാവത്തിന്ന് അധികം രുചിയുള്ളതാണ്. അതുതന്നെയാണ് ക്ഷേമത്തിന്നും അനുകൂലിച്ചിട്ടുള്ളത്. തുറന്നു പറയാതെ ഉള്ളിലൊതുക്കുന്നത് പ്രകൃതിയുടെ ഗതിക്കു വിരുദ്ധവും ആപല്ക്കരവുമാണ്. ശരീരക്ഷേമത്തിന്നു വിരോധം ചെയ്യുന്ന വിഷങ്ങളും മററും ശരീരത്തിന്നകത്തു കടന്നു കൂടിയാൽ ശരീരത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്തു് നീരു കെട്ടി വളഞ്ഞ് പുറത്തേക്കു മുഖംവെച്ച് ആ വിഷത്തിനെ പുറത്തു കളയത്തക്കവണ്ണം ഏൎപ്പാടു ചെയ്തിരിക്കുന്ന പ്രകൃതിക്കു മനസ്സിന്നു കേടായിട്ടുള്ളതകത്തു കടക്കുമ്പോൾ അതു് പറഞ്ഞും മററും കളയാതെ ഒതുക്കി വൎദ്ധിപ്പിക്കുന്നത് പ്രായേണ വിരോധമായിരിക്കുമെന്നല്ലെ വിചാരിക്കേണ്ടത്? മലയാളത്തിലൊഴിച്ച് ലോകം മുഴുവനും വ്യാപിച്ചിരിക്കുന്നതുകൊണ്ടെങ്കിലും പ്രകൃതിയാണെന്നു വിചാരിക്കാവുന്ന മക്കത്തായത്തിനെ വിട്ട് മരുമക്കത്തായം ആചരിക്കുന്നവരുടെ മനസ്സിലുള്ളത് പുറത്തു പറയാൻ നല്ല തരമില്ലാത്ത വിധത്തിലാണ് മരുമക്കത്തായാചാരം എന്നുള്ളതും ചേരുന്നപടി ചേൎത്തിട്ടുള്ളതായിരിക്കാം. എന്നാൽ അനന്തിരവന്മാരോട്

തുറന്നു സംസാരിക്കുന്നതു ഗൌരവക്കുറവാണെന്നു കാരണവന്മാരും അങ്ങിനെ അപൂൎവ്വമായി സംസാരിക്കുമ്പോൾ നിശ്ശേഷം മൌനമായിരിക്കുന്നതോ വാക്കിൽ പിശകി മറുവടി പറയുന്നതിനെക്കൂടി വായ പൊത്തിത്തടയുന്നതോ ആണ് കുഞ്ഞി വല്യമ്മയുടെ ചിഹ്നമെന്നനന്തിരവന്മാരും വിചാരിക്കുന്നതുകൊണ്ടു പരിഭവങ്ങൾ പറഞ്ഞു തീരാതെ ഉറയൊഴിച്ച പാൽ തൈരാകുന്നതുപോലെ കേവലം ശത്രുതയായി പരിണമിക്കുന്നുണ്ട്. മററുള്ളവരെപ്പററി വല്ല കേട്ടാ അകത്തു കടന്നു കൂടിയാൽ ആരെങ്കിലും ചെയ്യു ദുഷ്പ്രവൃത്തിയെ അവൻെറ തലക്കുവെച്ചു കെട്ടുന്നതും പ്രവൃത്തികളിൽ അവന്നു വാസ്തവത്തിലില്ലാത്ത ദുഷ്ടവിചാരം ഉണ്ടെന്നു വിചാരിക്കുന്നതും മനുഷ്യസ്വഭാവമാണെന്നറിയുന്നവർ കൂടി തൻെറ ഉൾക്കേട്ടുവകകൾ കിഴിവു തള്ളാതെ ഓരോരുത്തരെപ്പററി തെററി ധരിക്കുമ്പോൾ,

> പരോപദേശപാണ്ഡിത്യം
> സൎവ്വേഷാംസുകരംനൃണാം
> ധൎമ്മസ്വീയമനുഷ്ഠാനം
> കസ്യചിത്തുമഹാത്മനഃ'

എന്നു പറഞ്ഞിട്ടുള്ളത് എത്രയും സത്യമാണെന്നു ബോദ്ധ്യമാകുന്നുണ്ട്.

അമ്മാമനും കൃഷ്ണമ്മേച്ചട്ടനും കരുണാകരനുമായി കൂടിമുട്ടി പിരിഞ്ഞപ്പോൾ അവരുടെ മനസ്സിൽ പരസ്പരമുള്ളതായി കണ്ട സുഖവിരോധം അല്പകാലംകൊണ്ട് ഗണിക്കത്തക്ക ഹേതുകൂടാതെ വെറും ശത്രുതയായി പരിണമിച്ചു. അമ്മാമൻെറ അകാരണദ്വേഷത്തിന്നു ദുശ്ശങ്കകൊണ്ടു പാത്രമായി തീൎന്ന പാറേങ്ങാടന്നു പകരം വീട്ടുന്നതിന്നു കയ്യുകതികൾ ഉദിച്ചു തുടങ്ങി. അവനെ ഊക്കമുണ്ടത്തി പ്രഹരിച്ചതിന്ന് അമ്മാമനേയും അതിന്നു വിരോധം പറയാതെ മരംപോലെ കണ്ടുനിന്ന ദുഷ്ടമാരെവിരോധം വിദ്രോഹംകൊണ്ടു തന്നെ ശിക്ഷിക്കുന്നതിന്നുദ്ദേശിച്ച് അവർ കിടക്കുന്ന കിടക്കയിലും മററു പഞ്ചസാര വിതറി ഉറമ്പിനെ ക്ഷണിച്ചു കടി കൂട്ടിച്ചു. പുറത്തിറങ്ങുമ്പോൾ കുളിമുതിരിക്കാനും പെരുമയ്ക്കും അമ്മാമൻ ധരി

ച്ചുകൊണ്ടുപോകാറുള്ള കുപ്പായം ചുമരിൽ തൂക്കിയിരുന്നപ്പോൾ അതിന്നുള്ളിൽ ഒരു കമ്പിളിപ്പുഴുവിനെ പിടിച്ചിട്ടതിനാലുള്ള ചൊറികൊണ്ട് അമ്മാമൻ ഒരു ദിവസം വളരെ പ്രാകൃതം കാണിച്ചു. ഇതു രണ്ടും ശത്രുത നിമിത്തം ഉണ്ടായതാണെന്നാൎക്കും ഊഹം ചെന്നില്ല. ഒരു ദിവസം അമ്മാമനെക്കാണ്മാൻ വന്നിരുന്ന ചിലരോട് വലിപ്പത്തോടെ കാൎയ്യം പറയുന്നതിന്ന് അദ്ദേഹം ചാരു കസേരിയിൽ വന്നിരുന്നപ്പോൾ ചൂരൽ മടഞ്ഞിരുന്നതററ് ഉള്ളിലേക്കു വീണു. വീഴ്ചയേക്കാൾ വേദന മററുള്ളവർ കണ്ടതിലും ദേഹത്തിനേക്കാൾ പരുക്ക് ഗാംഭീൎയ്യത്തിന്നുമാണെന്നു പറയേണ്ടതില്ലല്ലോ. വീഴാനുള്ള കാരണം നോക്കിയതിൽ ചൂരൽ മടഞ്ഞിട്ടുള്ളതിൻെറ രണ്ടോ മൂന്നോ ഇഴയൊഴിച്ച് ബാക്കിയുള്ളതെല്ലാം പേനക്കത്തി കൊണ്ടറുത്തു വെച്ചതായി കണ്ടു. ഈ ചതി ചെയ്തത് അനന്തിരവന്മാരാണെന്നപ്പോൾ തീൎച്ചയാക്കി. ഉറുമ്പു കടിച്ചതിന്നും ചൊറിഞ്ഞതിന്നും ഹേതു കിട്ടി. മുമ്പൊരിക്കൽ തന്നെ പട്ടിയേക്കാൾ കടകെട്ടതാക്കിവെച്ച് തല്ലുകൊള്ളിച്ച കഃസരിക്കും തല്ലിയ മനുഷ്യനും പറഞ്ഞോടൻ കല്പിച്ച ശിക്ഷാവിധിയാണിതെന്നാൎക്കും ആലോചന ചെന്നില്ല. അനന്തിരവന്മാർ ചെയ്തതായിരിക്കുമെന്നമ്മാമൻ പറഞ്ഞപ്പോൾ അതുറപ്പിക്കുന്നുള്ള വഴികളെ നിൎമ്മിച്ചും ചൂണ്ടിക്കാണിച്ചും ഓൎമ്മപ്പെടുത്തിയും അമ്മായിഅമ്മ പ്രയോഗിച്ചും തുടങ്ങി. നാലുകെട്ടിൽനിന്നു പിരിച്ച് അഞ്ചാംപുര കെട്ടിക്കാൻ കല്ലിടുന്നതിന്ന് ഇത്ര നല്ല മുഹൂൎത്തം കിട്ടീട്ട് അമ്മായിഅമ്മ അതിനെ വിട്ടുകളയുമോ? അന്നു മുതല്ക്ക് ഞങ്ങടെ വീട്ടിലുണ്ടാകുന്ന പദാൎത്ഥങ്ങളിൽ ഉപ്പോ മുളകോ വളരെ അധികരിച്ചു കണ്ടുതുടങ്ങി. കല്ലും മണലും വേവാറില്ല. അധികം വിശപ്പോടുകൂടി ഊണിന്നിരിക്കുമ്പോൾ ലേശം പോലും ഉണ്ണാൻ പാടില്ലാത്ത വിധം ശുണ്ഠിപിടിക്കുമ്പോൾ ചോററിലൊരു തലനാരുംകൂടി. പിറെറ ദിവസം ഉപ്പും മുളകും നന്നെക്കുറഞ്ഞു. എല്ലാവരുംകൂടി ശ്രദ്ധവെച്ചു പദാൎത്ഥങ്ങളുണ്ടാക്കിയപ്പോൾ മണ്ണെണ്ണയുടെ ഗന്ധം!

അമ്മാമൻ ഉണ്ണാതെ ദേഷ്യപ്പെട്ടുപോയി ഒരു പട്ടരുടെ മഠ

ത്തിൽ ഊണാക്കി. കൃഷിസ്ഥലത്തിനു സമീപത്ത് ഒരു പുര പണിയിച്ച വേറെ വെച്ചുണ്ടു താമസിക്കുന്നതിനു നിശ്ചയിച്ച് വേണ്ടുന്ന സംഖ്യ തറവാട്ടുവസ്തു പണയമെഴുതി കടവുംവാങ്ങി കല്ലും മരവും ശേഖരിച്ചു പുരപ്പണി തുടങ്ങി. കുഡുംബക്കാൎക്കു ചിലവിനു കൊടുക്കാതായി. പട്ടിണിതുടങ്ങിയപ്പോൾ വളരെ മനോവേദനയോടുകൂടി കാൎയ്യങ്ങൾ ചൊവ്വാക്കിത്തരുന്നതിനു ഞങ്ങടെ കുലദൈവത്തിനു വഴിവാട് നേൎന്നു കരഞ്ഞുംകൊണ്ടു കല്യാണിഅമ്മ പ്രാൎത്ഥിച്ചുകൊണ്ട് നില്ക്കുമ്പോൾ —ആശ്ചൎയ്യം! ഒരു നിലവിളിയോടുകൂടി ത്രാമ്പിയിലെ കോണിപ്പടിയുടെ മുകളിൽനിന്ന് ആരോ വീണു. ഞങ്ങളെല്ലാംകൂടി ഓടിച്ചെന്നുനോക്കിയപ്പോൾ അമ്മായിഅമ്മ കോണിപ്പടിയുടെ ചുവട്ടിൽ വീണു കയ്യൊടിഞ്ഞു ബോധംകെട്ടു കിടക്കുന്നു. പുരപണിയിക്കുന്ന സ്ഥലത്തുപോയി അമ്മാമനേയും അതിന്നടുത്തുള്ള ആസ്പത്രിയിൽപോയി പാത്തിക്കിരിയേയും കൂട്ടിക്കൊണ്ടുവരുന്നതിന്നു ഒരാളെ അയച്ചു. എനിക്കറിവുള്ളവിധം അമ്മായിഅമ്മയുടെ കയ്യിന്നെ ഒരുവിധം ചൊവ്വാക്കിവെച്ചു തുണികൊണ്ടുകെട്ടി. മുഖത്ത് കുറെ വെള്ളം തളിച്ച് കുറച്ചുനേരം കഴിഞ്ഞപ്പോൾ ബോധമുണ്ടായി. അമ്മാമനും പാത്തിക്കിരിയും എത്തി. വീണതെങ്ങിനെയാണെന്നു ചോദിച്ചപ്പോൾ കോണിയിറങ്ങുമ്പോൾ തന്നെ ആരോ മുകളിൽനിന്നു പിടിച്ചുതള്ളി എന്നുപറഞ്ഞു. അമ്മാമൻ കൃഷ്ണച്ചെട്ടന്റേയും കരുണാകരന്റേയും മുഖത്ത് ഓരോ നോട്ടംനോക്കി. 'ജെയിൽ കാണിച്ചുതന്നിട്ടില്ല' എന്നുപറഞ്ഞമ്മാമൻ എഴുനേററു. പൊല്ലീസ്സ്റ്റേഷനിൽ അറിവുകൊടുക്കുന്നതിന്നയക്കാനുദ്ദേശിച്ച് അമ്മാമൻ ഒരാളെ വിളിച്ചു. ഞാൻ കെട്ടിയ കെട്ടഴിച്ചു പാത്തിക്കിരി അമ്മായിഅമ്മയുടെ കൈ ശരിയാക്കിവെച്ച് കെട്ടി പോകയുംചെയ്തു.

അമ്മാമൻ മുഷിഞ്ഞുപോയ മുതല്ക്ക് എന്റെ ഹൃദയത്തിൽ എന്തെല്ലാമൊ കിടന്നു പുഴുങ്ങുന്നതുകൊണ്ട് വാക്കുകൾക്ക് പുറത്തേക്കു വരാനുള്ള വഴി മുട്ടിയപോലെ എന്തൊ ഒരു മൌനം എന്നെ ബാധിച്ചിട്ടുണ്ടായിരുന്നു. അമ്മാമൻ പൊല്ലീസ്സിലേക്കറിവു കൊ

ടപ്പാൻ പുറപ്പെട്ടപ്പോഠം ഞാനറിയാതേയും ആലോചിക്കാതേയും 'ദൈവശിക്ഷയാണിത്' എന്നു പറഞ്ഞുപോയി. എല്ലാവരും വിശേഷിച്ച് അമ്മാമനും എൻെറ മുഖത്തുനോക്കി.

ഞാൻ— അമ്മാമൻ ഇപ്പോളെന്തിനാ പുറപ്പെടുന്നത്?

അമ്മാമൻ— ഇത്ര ദുഷ്ടത ചെയ്യുവരെ ജേയിൽ കാണിക്കാതിരിക്കുമൊ ഞാൻ?

ഞാൻ— ആർ ചെയ്തതാണെന്നു വിചാരിച്ചിട്ടാണീ പറയുന്നത്?

അമ്മാമൻ— ആരാണെന്നുടനെ അറിയാം.

ഞാൻ— ഇനിയെങ്കിലും കുറെ അറിയിക്കണമെന്നാണിനിക്കും തോന്നുന്നത്. ഞാനിങ്ങിനെ പറഞ്ഞപ്പോഠം എൻെറ വിചാരത്തെത്തിരെ തെററിധരിച്ചും ആ ധരിച്ചതിൽ വിശ്വാസം തികയാതെയും എന്നെ ഒന്നു നോക്കുകയാണദ്ദേഹം ചെയ്തത്. എങ്കിലും അദ്ദേഹം ഇടിവീണ് മരിച്ചുപോയൊ എന്നെനിക്കു തോന്നി.

അദ്ദേഹത്തിൻെറ ഭ്രമത്തിന്ന് കാരണമുണ്ട്. എത്രയും സ്നേഹത്തോടുകൂടിയാണദ്ദേഹം എന്നെ ഇംഗ്ലീഷും മററും പഠിപ്പിച്ചു നന്നാക്കീട്ടുള്ളത്. അദ്ദേഹത്തിന്ന് വിരോധമായി ഒരു വാക്കുംകൂടി ഞാൻ പറയില്ലെന്ന് എൻെറ നടവടികൊണ്ട് അദ്ദേഹത്തിനെ ഞാൻ വിശ്വസിപ്പിച്ചിട്ടുണ്ട്. അങ്ങിനെയിരിക്കെ അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ദുഷ്ടന്മാരായ ബാക്കിയുള്ളനന്തിരവന്മാരുടെ കൂട്ടത്തിൽ ഞാനുംകൂടി അദ്ദേഹത്തിൻെറ നേരെ വടിയെടുക്കുന്നതിന്നൊരുങ്ങിയ മാതിരിയിൽ പറഞ്ഞപ്പോഠം അദ്ദേഹത്തിന്ന് ജീവഹാനിവരത്തക്ക മനോവേദനയുണ്ടായതിൽ ആശ്ചര്യമില്ല. നന്ദികേടുപോലെ കൂത്തശരം മററല്ലാതെ മറെറന്താണ്? തെററിധരിച്ചിട്ടാണദ്ദേഹത്തിനിങ്ങിനെ സുഖക്കേടുണ്ടായതെന്നു ഞാനറിഞ്ഞ ഉടനെ അവ്യക്തമായി പറഞ്ഞതിന്മേൽ പശ്ചാത്താപം തോന്നി ഞാൻ ബദ്ധപ്പെട്ടിങ്ങിനെ പറഞ്ഞു.

ഞാൻ— ഇവിടുന്നറിയാത്തതും ഞാനറിഞ്ഞിട്ടുള്ളതുമായ ചില സംഗതികളെപ്പററിയാണ് ഞാൻ പറഞ്ഞത്. കുറച്ചു മുമ്പുതന്നെ

ഞാനതു പറയേണ്ടതായിരുന്നു. അതു ചെയ്യാഞ്ഞത് എന്റെ ആലോചനക്കുറവാണ്.

അമ്മാമന്റെ മുഖത്ത് രക്തപ്രസാദമുണ്ടായി.

അമ്മാമൻ— അതെന്താ?

ഞാൻ— അമ്മായിഅമ്മയെ ഈ വീട്ടിലുള്ളവരാരെങ്കിലും പിടിച്ചു തള്ളിയിരിക്കുമെന്നല്ലേ ഇവിടുന്നു വിശ്വസിച്ചിരിക്കുന്നത്?

അമ്മാമൻ—പാറതി പറഞ്ഞതു നീ കേട്ടില്ലേ?

ഞാൻ—കേട്ടു എന്തോ ചിത്തഭ്രമംകൊണ്ടു പറയുന്നതാണ്.

അമ്മാമൻ—ചിത്തഭ്രമം! പാറതി പറഞ്ഞാൽ മനസ്സിലാകുവാൻ ബുദ്ധിയുള്ളവർ ഈ വീട്ടിനുള്ളിൽ ജനിച്ചിട്ടുണ്ടോ?

ഞാൻ— അത്രത്തോളം കേമത്വമുണ്ടെന്നിവിടുന്നു ധരിച്ചിട്ടുണ്ടെങ്കിൽ എനിക്കു പകുതി യത്നം ലാഭമായി.

അമ്മാമൻ—ഒരസത്യം പറഞ്ഞതായി നീ കേട്ടിട്ടുണ്ടോ?

ഞാൻ— അസത്യം പറയില്ലെന്നു ധരിപ്പിക്കാൻ സാമർത്ഥ്യമുണ്ടെന്നു ഞാൻ മനസ്സിലാക്കീട്ടുണ്ട്.

ഞാനല്ല വേറെ വല്ലവരുമാണിങ്ങിനെ പറഞ്ഞിരുന്നതെങ്കിൽ അമ്മാമൻ അവരെ ആട്ടിപ്പുറത്താക്കുമായിരുന്നു. വീണു കയ്യൊടിഞ്ഞു കിടക്കുന്ന [illegible]ദ്ധ്യത്തിൽ ലേശംപോലും ദയതോന്നാത്ത മാതിരിയിൽ രണ്ടു പ്രകാരത്തിൽ എന്റെ അമ്മായിഅമ്മയായവളെപ്പറ്റി ഞാനിങ്ങിനെ പറഞ്ഞപ്പോഴും വീട്ടുകാരെല്ലാം എത്രയും ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടു നിന്നിരുന്നു. അമ്മായിഅമ്മയെപ്പററി എനിക്കു നല്ലഭിപ്രായമല്ലെന്നിതുവരെ ആരും ഗ്രഹിച്ചിട്ടില്ല. ഞാൻ പറഞ്ഞതിൽ അമ്മാമനു നീരസം കലശലായി എങ്കിലും ഞാൻ പറയുന്നതു കേട്ടാൽ കൊള്ളാമെന്നും കേട്ടതിന്നുശേഷം എന്നെ പറഞ്ഞു ബോദ്ധ്യം വരുത്തി എന്റെ അഭിപ്രായം മാററിക്കണമെന്നും ആഗ്രഹമുണ്ടായിരുന്നു എന്നു തോന്നുന്നുണ്ട്. വല്ലവരും കേൾക്കണമെന്നാഗ്രഹിക്കുന്നുണ്ടോ എന്നു നോക്കുന്നതിന്നോ ഞാൻ പറയുന്നതിനെ മററുള്ളവർ വിശ്വസിക്കത്തക്കവണ്ണം ഉള്ളേടത്തോ

ളും സംഗതികളെ ചേൎത്തു പറയേണമെന്നോ ഒന്നും ആലോചിക്കാനവസരമില്ലാതെ തിപ്പൊരിയുള്ളിൽപ്പെട്ട വെടിമരുന്നുപോലെ എന്റെ ഹൃദയം രോഷമായി പൊട്ടിത്തുറന്നു. കാറ്റിനോടു സംസാരിച്ച ആളാണെന്നമ്മാമനെ ധരിപ്പിച്ചതും അതു കരുണാകരനാണെന്നു കൃഷ്ണച്ചട്ടനെ ധരിപ്പിച്ചതും കരുണാകരനെക്കൊണ്ട് കൃഷ്ണച്ചട്ടന്റെ ഭാൎയ്യയെ പരിഹസിപ്പിച്ചതും തമ്മിൽതല്ലിച്ചതും തലെക്കെണ്ണ കാച്ചാനുള്ള നെയ്യിനെ വാലിയക്കാരൻ കൃഷ്ണൻനായരെക്കൊണ്ട് മാറ്റിവെപ്പിച്ച് കല്യാണിയമ്മയെ കുറ്റം ചുമത്തിപ്പിച്ചതും ഉപ്പും മുളകും വാരിയിട്ടു കൂട്ടാൻ വഷളാക്കിയതും എല്ലാം പറഞ്ഞ് വലുതായ മഴ പെയ്തു തോരുംപോലെ അവസാനിച്ചു.

കുറെ നേരത്തിന് യാതൊരു ശബ്ദവുമില്ല.

കല്യാണിയമ്മ— ആ കൃഷ്ണൻനായര് നമ്മുടെ ചോറുതിന്നു തടിച്ചിട്ടിങ്ങിനെയാണല്ലോ ചെയ്തത്?

ഞാൻ— (കല്യാണിയമ്മയോട്) ഛെ! ആയാളെ കുറ്റം പറയരുത്. ആയാൾ ഒന്നും അറിഞ്ഞിട്ടില്ല. ഭരണികൊണ്ടുവന്നിറയത്തുവെച്ചിരിക്കുമ്പോൾ നിങ്ങളകത്തുകടക്കാൻ പാടില്ലായിരുന്നു. മുറക്കാൻ അടക്കയില്ലെന്നു പറഞ്ഞ് ശ്രാമ്പിയുടെ മുകളിൽ അടക്കയില്ലാത്ത സ്ഥലത്തു അടക്കയുണ്ടെന്നു പറഞ്ഞ് എടുത്തുകൊണ്ടുവരാൻ കൃഷ്ണൻനായരെ പറഞ്ഞയച്ചു. കിട്ടാതായപ്പോൾ ഈ ദുർവൃത്ത മുകളിലേക്കുപോയി. 'അടക്ക ഞാനെടുത്തു കൊടുക്കാം; താൻ പോയി കല്യാണിയമ്മയോട് കലമറത്താക്കോൽ വാങ്ങിക്കൊണ്ടുവന്ന് ഭരണികൊണ്ടുപോയി ഒരു മുക്കിൽ ഒളിച്ചുവെക്കു. വേറെ ഭരണി വെക്കരുതേ. കുറെ നെയ്യൊഴിച്ചടച്ചുവെക്കൂ' എന്നു പറഞ്ഞായാളെ അയച്ചു. ആയാൾ അതുപോലെ ചെയ്തു. അന്നുതന്നെ ആയാളോട് ശണ്ഠയായി ശമ്പളം കൊടുത്തു പിരിച്ചയക്കയും ചെയ്തു. എന്നിട്ട് നിങ്ങളെയാണ് കുറ്റപ്പെടുത്തിയിരിക്കുന്നത്.

കല്യാണിയമ്മ—ശിവ! ശിവ! ഈ വീട്ടിന്നുള്ളിൽ ചില ദൈവങ്ങളുണ്ട്. ഇതല്ല ശിക്ഷ. ഇനിയും ഉടനെ കാണാം.

അമ്മാമൻ—മരുമകൻ പറയുന്നത് പാറതി കേട്ടില്ലേ?

അമ്മായിഅമ്മക്കു പിന്നേയും മോഹാലസ്യം വന്നത് അമ്മാമനറിഞ്ഞില്ല. ചോദ്യത്തിന്നു മറുവടി കിട്ടാതായപ്പോൾ അടുത്തു ചെന്നിരുന്നു. പാത്തിക്കിടാവിനു രണ്ടാമതും ആളയച്ചു. ഞാൻ പറഞ്ഞതൊന്നും അദ്ദേഹം വിശ്വസിച്ചിട്ടില്ലെന്നെനിക്കു തോന്നി. നന്ദിയും ദയയുമല്ലാതെ മറ്റൊന്നും പ്രബലപ്പെടാത്ത ഈ സന്ദർഭത്തിൽ ഞാനിതു പറഞ്ഞത് ആലോചനക്കുറവായി എന്നു പിന്നെ എനിക്കു തോന്നി.

അവസരരഹിതാവാണി
ഗുണഗണസഹിതാനശോഭതേപുംസാം’.

എന്നു ഞാൻ കേട്ടിട്ടുണ്ടെങ്കിലും തരംനോക്കിപ്പറയാൻ തക്കവണ്ണം ക്ഷമയില്ലാത്തതുകൊണ്ട് എന്റെ അറിവുകൊണ്ടു എനിക്കു ഫലമുണ്ടായില്ല. എന്നുമാത്രമല്ല എത്രയും പരിശുദ്ധയായ കൊച്ചുനാരായണിയെപ്പററി അദ്ദേഹം തെററിദ്ധരിച്ചിട്ടുണ്ടെന്നും മററും പറയാൻ മറന്നുപോയി. പിന്നീടു പറയാഞ്ഞത് ഉചിതമായി എന്നുതോന്നി. എന്തുകൊണ്ടെന്നാൽ സംശയം തീർക്കാൻ പറയുന്നതിനെ സംശയത്തിന്നടിസ്ഥാനമാക്കുന്നതാണ് ലോകസ്വഭാവം.

പുരപണിയിക്കുന്നസ്ഥലം ആസ്പത്രിക്കടുത്താകയാൽ ചികിത്സക്കു സൌകര്യമുണ്ടെന്നുപറഞ്ഞ് അന്നുതന്നെ അമ്മായിഅമ്മയെ കൊണ്ടുപോയി അവിടെയുള്ള നെടുവപ്പുരയിൽ താമസിപ്പിച്ചു. ശുശ്രൂഷക്കു മകളും പോയി.

പിറെറന്നാൾ കൃഷ്ണച്ചേട്ടനേയും എന്നേയും കരുണാകരനേയും പ്രതിചേർത്ത് അമ്മായിഅമ്മയുടെ ഒരു ക്രിമിനാൽ വ്യവഹാരം. ഭക്ഷണച്ചിലവിന്നു ഞങ്ങടെവക ഒരു സിവിൽ വ്യവഹാരം. ഒരു കൈകാര്യ്യവ്യവഹാരം. പുരപ്പണിയാവശ്യത്തിന്ന് അമ്മാമൻ എ

ഴുതിക്കൊടുത്ത പണയം ഒഴിച്ചലപ്പെടുത്താൻ ഒരു വ്യവഹാരം. അവിട്ടുനല്ലാ കഴിഞ്ഞപ്പോൾ തറവാട്ടിന്റെ മേൽ കടക്കാരുടെ രണ്ടുമൂന്നു വ്യവഹാരം. കല്യാണിയമ്മയുടെ അച്ഛൻ കൊടുത്ത ഒരു വസ്തു തറവാട്ടുവകയാണെന്നു പറഞ്ഞ് ഒഴിപ്പിപ്പാൻ അമ്മാമന്റെ ഒരു വ്യവഹാരം, ശേഖരിവിന്നു കൃഷ്ണച്ചുട്ടന്റെ ഒരു പ്രത്യേകവ്യവഹാരം. തറവാട്ടിൽ ഭദ്രം.

പഞ്ചമതന്ത്രം സമാപ്തം.

കാരാട്ട് അച്യുതമേനോൻ, ബി. എ. ബി. എൽ.

# ആകാശഗമനം



ആകാശത്തിൽ ഇഷ്ടംപോലെ സഞ്ചരിപ്പാനുള്ള ശക്തി അഷ്ടസിദ്ധികളിൽപ്പെട്ട ഒന്നാണെന്നും അത് അനേകകാലം തീവ്രമായ യോഗാഭ്യാസവും മററും ചെയ്തു നമ്മുടെ സ്ഥൂലശരീരത്തെ ലഘുവാക്കിത്തീർത്ത് ആ 'ലഘിമ'യുടെ ഫലമായി സാധിക്കാവുന്നതാണെന്നും ആകുന്നുവല്ലോ നമ്മുടെ ശാസ്ത്രങ്ങളിൽ പറയുന്നത്. അതുകൊണ്ട് മേൽപ്രകാരം ഈ ശക്തി സമ്പാദിപ്പാൻ എല്ലാവരാലും സാധിക്കുന്നതല്ലെന്നു പറയേണ്ട ആവശ്യമില്ല. നമ്മുടെ പുരാണങ്ങളിൽ ഘോഷിക്കുന്നപ്രകാരം ദേവകൾ ഗന്ധർവ്വന്മാർ മുതലായവരുടെ ആകാശയാത്രകളും പുഷ്പകവിമാനത്തിന്റെ സഞ്ചാരങ്ങളും മററും പ്രകൃത്യതീതങ്ങളായ എന്തോ ചില ഗൂഢശക്തികളുടെ പ്രഭാവത്താൽ സംഭവിച്ചിട്ടുള്ളതോ സംഭവിക്കാവുന്നതോ ആണെന്ന് ആവക സംഭവങ്ങളിൽ വിശ്വാസമുള്ളവർ വിശ്വസിക്കുന്നു എന്നു

ല്ലാതെ അറിഞ്ഞേടത്തോളം ഉള്ള പ്രകൃതിനിയമങ്ങളെ അടിസ്ഥാനമാക്കി കാൎയ്യകാരണ വ്യവഹാരം ചെയ്യുവാൻ തരമുള്ളവയല്ല.

മനുഷ്യന്ന് ആകാശത്തിൽ സഞ്ചരിപ്പാനുള്ള മോഹവും അതിന്നു വേണ്ടുന്ന ഉപകരണം ഇന്നതാണെന്നുള്ള ഒരു ഊഹവും ആദികാലങ്ങളിൽ ഉണ്ടായത് പക്ഷികൾ മുതലായ സത്വങ്ങൾ പറക്കുന്നതു കണ്ടിട്ടായിരിക്കണം. അതിനാൽ വളരെ പുരാതനകാലങ്ങളിൽതന്നെ ഓരോരുത്തർ കൃത്രിമപക്ഷങ്ങൾ കൈകളിൽവെച്ചുകെട്ടി പറന്നതായും മററും പ്രസ്താവിക്കുന്ന അനേകകഥകൾ ലോകത്തിലുള്ള എല്ലാജാതിക്കാരുടെ ഇടയിലും നടപ്പുണ്ട്. ഈ വക കഥകളെല്ലാം വിശ്വാസയോഗ്യങ്ങൾ എന്നു പറയുവാൻ പ്രയാസംതന്നെ; എങ്കിലും ക്രിസ്ത്വാബ്ദത്തിന്നു ഏകദേശം ഇരുനൂറു സംവത്സരങ്ങൾക്കു മുമ്പു യവനരാജ്യത്തിൽ ആ കാലത്ത് ഒരു വലിയ മാന്ത്രികനാണെന്നു വിശ്വസിക്കപ്പെട്ടുവന്നിരുന്ന ഒരാൾ കൃത്രിമപക്ഷങ്ങൾ വെച്ചുകെട്ടി ഒരു വലിയ തടാകം പറന്നു കടന്നതായും ഇംഗ്ലണ്ടിൽ പതിനാറാം നൂററാണ്ടിന്റെ ആദികാലത്ത് ഇംഗ്ലീഷുകാരനായ ഒരു പാതിരിയും ഇററലി രാജ്യക്കാരനായ മറെറാരുത്തനും ചിറകുകൾ വെച്ചുകെട്ടി കുറെ കാലം അവിടവിടെ പറക്കുകയും ഒടുക്കം വീണു കാലും കയ്യും ഒടിക്കുകയും ചെയ്തതായും വിശ്വാസയോഗ്യന്മാരായ ആ കാലത്തെ ചില ഗ്രന്ഥകൎത്താക്കന്മാർ എഴുതിവെച്ചിട്ടുള്ള റിക്കാൎട്ടുകൾകൊണ്ടു കാണുന്നുണ്ട്. അത് എങ്ങിനെയെങ്കിലും ആകട്ടെ തക്കതായ വലിപ്പമുള്ള കൃത്രിമപക്ഷങ്ങൾ ശരീരത്തിൽ വെച്ചുകെട്ടി കയ്യുകൾകൊണ്ടു പ്രവൃത്തിച്ച് അധികനേരം ആകാശത്തിൽ പറന്നു നില്ക്കത്തക്കവണ്ണം നമ്മുടെ ശരീരത്തിന്നു ലാഘവവും മാംസപേശികൾക്കു ശക്തിയും ഇല്ലെന്നു തജ്ഞന്മാർ അഭിപ്രായപ്പെടുന്നതിന്നു പുറമെ നമുക്കുതന്നെ ഊഹിച്ചറിയാവുന്നതും ആകുന്നു. വിശേഷിച്ചു കൃത്രിമപക്ഷങ്ങളെ ആവി, വിദ്യുത്ത് ഈ ശക്തികൾകൊണ്ടു പ്രവൃത്തിപ്പിച്ചു നടത്താവുന്നതായി പല സമ്പ്രദായത്തിലുമുള്ള വിമാനയന്ത്രങ്ങൾ യൂറോപ്പ അമേരിക്ക മുതലായ പ്രദേശങ്ങളിൽ പദാൎത്ഥവിജ്ഞന്മാരായ


ചില പണ്ഡിതന്മാർ അടുത്ത കാലങ്ങളിൽ ഉണ്ടാക്കീട്ടുണ്ട്. ഇവയിൽ പ്രാധാന്യം സിദ്ധിച്ചിട്ടുള്ളത് അമേരിക്കക്കാരനായ സർ ഹൈറം മാക്സിം എന്ന ഒരു ഇഞ്ചിനിയർ ഉണ്ടാക്കിയ പത്രിയന്ത്രത്തിന്നാണ്. എന്നാൽ ഈ പത്രിയന്ത്രം മതിയായ വലിപ്പമുള്ള ഒരു ആവിയന്ത്രത്തെ താങ്ങേണ്ടതായ ശക്തിക്കു സരിച്ചുള്ള വലിപ്പത്തോടുകൂടിയും ആ വലിപ്പം നിമിത്തമുള്ള ഘനത്തിനെ താങ്ങി പറക്കത്തക്കവണ്ണം പരപ്പുള്ള ചിറകുകളോടുകൂടിയും പണിചെയ്യേണ്ടതായി വന്നതുകൊണ്ടു ചിറകുകൾക്കു കേടുപററാതിരിക്കുന്ന പക്ഷം ഏകദേശം മുപ്പത് ആളുകളോടുകൂടി കുറെ അധികനേരം ആകാശത്തിൽ നടത്തിക്കൊണ്ടുപോകാവുന്നതായിരുന്നു എങ്കിലും മേല്പോട്ടു പറപ്പിക്കുവാനും സാവധാനത്തിൽ കിഴ്പോട്ടിറക്കുവാനും പ്രയാസമായതുകൊണ്ടു ഹൈറംമാക്സിമിന്നുതന്നെ ഇച്ഛാഭംഗമാണ് ഉണ്ടായത്. കേവലം പക്ഷങ്ങളുടെ സഹായംകൊണ്ടുമാത്രം മററു യാതൊരവലംബവുമില്ലാത്ത ആകാശത്തിൽ ഒരു ഘനമുള്ള യന്ത്രത്തിലിരുന്നു സഞ്ചരിക്കുന്നത് ആവക യന്ത്രങ്ങൾ എത്രതന്നെ പരിഷ്കരിക്കപ്പെട്ടതായിരുന്നാലും, അനേകവിധമായ അപകടങ്ങൾക്കു കാരണമായി തീരാവുന്നതുകൊണ്ട് ആവക വിമാനങ്ങളും അധികം ഉപയോഗത്തിൽ വരുവാൻ എളുപ്പമുള്ളതായി കാണുന്നില്ല. എത്രതന്നെ പരിഷ്കരിക്കപ്പെട്ടാലും അധികം നേരം ആകാശത്തിൽ പറന്നു സഞ്ചരിക്കാൻ തക്കവിധം മേൽപ്രകാരമുള്ള ഒരു പത്രിയന്ത്രം ഉണ്ടാക്കുന്നതുതന്നെ പ്രയാസമെന്നാണ് നവീനപണ്ഡിതന്മാരുടെ അഭിപ്രായവും.

എന്നാൽ പക്ഷങ്ങൾക്കു പുറമെ നാം ശ്വസിക്കുന്ന വായുവിനേക്കാൾ ലഘുത്വമുള്ള മററു ചില വാതകങ്ങളുടെ സഹായത്തെക്കൂടി അപേക്ഷിച്ച് ആവിയന്ത്രമൊ വിദ്യുദ്യന്ത്രമൊകൊണ്ടു പക്ഷങ്ങളെ പ്രവൃത്തിപ്പിച്ചും അമരം പിടിച്ചും ആകാശത്തിൽ അധികനേരവു, ഇഷ്ടംപോലെയും നടത്താവുന്ന ചില വിമാനങ്ങൾ ഇയ്യിടയായി ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ തെക്കെ അമേരിക്കയിലെ ബ്രസീൽ എന്ന രാജ്യക്കാരനായ സാണ്ടാസ് ഡ്യൂമാണ്ട് എന്ന വി

ദോൻ ഉണ്ടാക്കി ൧൯൦൦-ത്തിലെ പാരിസ്സ് പ്രദശനത്തിൽവെച്ച് 'ഈഫൽടവ്വർ' എന്ന കെട്ടിടത്തെ മൂന്നു തവണ പ്രദക്ഷിണം വെപ്പിച്ചതും കഴിഞ്ഞ കൊല്ലം അമേരിക്കയിലെ സെൻറ്ലൂയി പ്രദശനത്തിൽ നിശ്ചയിക്കപ്പെട്ട പല വഴിക്കും നടത്തി കാണിച്ചതും ആയ 'ആകാശക്കപ്പൽ' എന്നു പേർ പറയുന്ന ഒരു വിമാനത്തെ കുറിച്ച് പ്രത്യേകിച്ച് പറവാനുള്ളതാകുന്നു. ഈ ആകാശക്കപ്പലിനെപ്പററി വിസ്തരിക്കുന്നതിനു മുമ്പായി ആകാശഗമനത്തിൻെറ ചരിത്രം ചുരുക്കത്തിൽ പ്രസ്താവിക്കുന്നത് ആവശ്യമായിരിക്കുന്നു.

വെള്ളത്തിൻെറ ആവി മേല്പോട്ടുയരുന്നതും മേഘങ്ങൾ വായുവിൻെറ ഉപരിഭാഗങ്ങളിൽ തങ്ങി നില്ക്കുന്നതും കണ്ടിട്ട് പതിനെട്ടാം നൂററാണ്ടിൽ—അതായത് ക്രിസ്തുവവഷം ൧൭൮൨-ാമതിൽ ജോസഫ് മൺഗോഫർ എന്നു പേരായ ഒരു പരന്ത്രീസ്സുകാരനു ആവി ഘനം കുറഞ്ഞ ഒരു സഞ്ചിയിലാക്കി വിട്ടാൽ അതു സ്വതെ മേല്പോട്ടുയൎന്നു പോകുവാൻ സംഗതിയുണ്ടെന്നു ഒരു ഊഹം തോന്നി. ആദ്യം അയാൾ കടലാസ്സുകൊണ്ട് സാമാന്യം വലുതായി കുടംപോലെ ഒരു കൂടുണ്ടാക്കി, ആ കൂട്ടിനുള്ളിൽ തികത്തിച്ച് ആവിയുണ്ടാക്കിയപ്പോൾ അത് ആകാശത്തേക്ക് ഉയരുന്നതായി കണ്ടു. ഇതു തന്നെയാണ് ചില ഉത്സവങ്ങൾക്കും മററുമുള്ള വെടിക്കെട്ടുകളുടെ കൂട്ടത്തിൽ ആകാശത്തിലേക്കു കത്തിച്ചു വിടുന്നതായി നാം കാണാറുള്ള 'തീക്കൂട്' എന്ന സാധനം. മൺഗോഫർ കണ്ടു പിടിച്ച ഈ തീക്കൂടിൻെറ ശ്രുതി അതിവേഗത്തിൽ നാടെംകെ പരന്നു. ആ കാലത്ത് പരന്ത്രീസ്സുരാജ്യം വാണിരുന്ന പതിനാറാമത്തെ ലൂയി മഹാരാജാവ് ആ വത്തമാനം അറിഞ്ഞു തനിക്കും തൻെറ മന്ത്രിമാക്കും പ്രഭുക്കന്മാക്കും മൺഗോഫരുടെ വിദ്യ കാണുവാൻ വേണ്ടി ആയാളെ വരുത്തി അനേകം തീക്കൂടുകൾ ഉണ്ടാക്കിച്ചു വിടുവിച്ചു. ഇതിനെ ആഗ്നേയവിമാനം എന്ന് ആ കാലത്തു വിളിച്ചു വന്നു. ഒടുക്കൽ ലൂയിയുടെ കല്പന പ്രകാരം വളരെ വലുതായ ഒരു ആഗ്നേയവിമാനം മൺഗോഫർ ഉണ്ടാക്കി. അതിൻെറ കുടം കടലാസ്സുകൊണ്ടുണ്ടാക്കുന്നതിനു പകരം ഘനം കുറഞ്ഞ മരംകൊണ്ടു

ബലമായി ഒരു ചട്ടം കൂട്ടി കപ്പപ്പായകൊണ്ടു പൊതിഞ്ഞ് കപ്പപ്പാ



യയുടെ സുഷിരങ്ങളിൽ കൂടി ആവി പുറത്തേക്കു പോകാതെ ഇരിക്കത്തക്കവണ്ണം കട്ടിയായി വാർണ്ണിഷ് ഇട്ടു, അര കടത്തിനൊബലമുള്ള ഒരു വലകൊണ്ട് മൂടികെട്ടി വലയുടെ ഇഴുകളെല്ലാം ഒരു മോതിരക്കണ്ണിയുടെ ഉള്ളിൽ കൂടിവലിച്ചെടുത്തു ചൂരൽകൊണ്ടുണ്ടാക്കിയ ഒരു തൊട്ടി അതിൻെറ ചോടെ കെട്ടിതൂക്കിയും; ആണ് ആവിമാനം പണി ചെയ്യുത്. (ചിത്രം നോക്കുക) ഈ സമ്പ്രദായത്തിൽ ഉണ്ടാക്കുന്നവിമാനത്തിനാണ് ബലൂൺ എന്നു പേർ പറയുന്നത്. മേൽപ്രകാരം പണി ചെയ്യ ബലൂണിൻെറ തൊട്ടിയിൽ ലൂയിയുടെ കല്പനപ്രകാരം ഒരു കോഴിയേയും, ഒരു താറാവിനേയും, ഒരു ആടിനേയും പിടിച്ചു വിട്ട് ആവി കൂട്ടി അതിനെ ആകാശത്തിലേക്കു വിട്ടു. ബലൂൺ മേല്പോട്ടു പൊങ്ങി കാററടിച്ചു രണ്ടു നാഴിക വഴി അകലെ പോയപ്പോൾ ആവി തണുത്ത് ഒരു കാട്ടിൽ വീണു. നമ്മുടെ പ്രഥമവിമാനയാത്രക്കാരായ കോഴിക്കും താറാവിന്നും ആടിന്നും യാതൊരു കേടും പററിയില്ല. ഇതു കണ്ടപ്പോൾ ലൂയിമഹാരാജാവിന്നു വേറൊരു ആലോചനയുണ്ടായി. മേൽപ്രകാരംതന്നെ കുറെക്കൂടി വലിപ്പത്തിൽ വേറൊരു ആഗ്നേയവിമാനം ഉണ്ടാക്കിച്ചു. അന്നു പാരിസ്സിലെ ഹൈകോട്ടിൽനിന്നു കുലക്കുററത്തിന്നു മരണശിക്ഷ വിധിക്കപ്പെട്ടു വിധി നടത്താതെ

ഇരുന്നിരുന്ന മൂന്നു പുള്ളികളെ അതിൽ കയററി അയക്കുവാൻ ലൂയി കല്പിച്ചു. ൧൭൮൩ ഒക്ടോബർ മാസം ൧൯-ാം നു- ഈ അപൂർവകാഴ്ച കാണ്മാൻ പാരിസ്സ് പട്ടണത്തിലെ ഒരു വലിയ മൈതാനത്തിൽ അനേകായിരം ജനങ്ങൾ നിറഞ്ഞു നില്ക്കുന്നു. അവിടെ ഒരു ഭാഗത്ത് ലൂയിമഹാരാജാവും പരിവാരങ്ങളും, മന്ത്രിമാരും, പ്രഭുക്കന്മാരും അവരവൎക്കുള്ള സ്ഥാനങ്ങളിൽ ആസനാരൂഢന്മാരായിരിക്കുന്നു. മൈതാനത്തിന്റെ മദ്ധ്യത്തിൽ ജനങ്ങൾ കടക്കാതിരിപ്പാൻ വൃത്താകാരമായി വളച്ചുകെട്ടിയ ഒരു സ്ഥലത്ത് മണ്ട്ഗോഫറും തന്റെ ഭാൎയ്യയും തന്റെ അനുജനുംകൂടി അത്യുത്സാഹത്തോടുകൂടി ഒരു വലിയ ബലൂണിനെ തൊട്ടും പിടിച്ചും സൂക്ഷിച്ചു നോക്കിയും അതിൽ എന്തൊക്കെയോ പ്രവൃത്തിച്ചുംകൊണ്ട് അതിന്റെ നാലുപുറവും നടക്കുകയും ആ ബലൂണിന്റെ കുടത്തിനുള്ളിലുള്ള തിയ്യിനെ കൂടെക്കൂടെ ജ്വലിപ്പിക്കുകയും ചെയ്യുന്നു. കുടത്തിലെ വായുവിന്നു ചൂടുപിടിച്ചു ലാഘവം കൂടിക്കൂടിവരുന്തോറും നിലത്തു നാലുഭാഗത്തും കുററിതറച്ചു നാലു കയറുകൊണ്ടു ബലമായി ബന്ധിക്കപ്പെട്ടിട്ടുള്ള ആ ബലൂൺ തന്റെ സ്വൎഗ്ഗാരോഹണത്തിന്നു തടസ്ഥം ചെയ്യുന്ന ആ കയറുകളെ പൊട്ടിക്കുവാനൊ എന്നു തോന്നുമാറ് കാററടിക്കുമ്പോളൊക്കെയും കുലുഞ്ഞുപിടഞ്ഞുകൊണ്ടു മേല്പോട്ടുകുവലിയുന്നു. തന്നെ അപ്രകാരം ബന്ധിച്ചവരുടെ നേരെ കോപിക്കുകയൊ എന്നു തോന്നുംവണ്ണം അതു കൂടെക്കൂടെ ചീററുകയും ചെയ്യുന്നു. നിശ്ചയിക്കപ്പെട്ട സമയത്തു നിൎഭാഗ്യമൂൎത്തിമത്തായി ജനിച്ചവരായ മൂന്നു കുലപാതകികളായ മനുഷ്യാധമന്മാരെ രാജഭടന്മാർ ആ ജനമദ്ധ്യത്തിൽ കൊണ്ടുവന്ന് ആ ബലൂണിന്റെ ചോട്ടിൽ ആടിത്തൂങ്ങിനില്ക്കുന്ന ചൂരൽതൊട്ടിയിൽ പിടിച്ചിടുന്നു. ശിവ ശിവ! ആ സമയത്ത് ആ ജനങ്ങളുടെ മദ്ധ്യത്തിൽ എന്തൊരു കോലാഹലമാണ്. സമുദ്രംപോലെ പരന്നു നില്ക്കുന്ന ആ ജനസമൂഹത്തിന്റെ ഇടയിൽക്കൂടി ആളുകളെ തിക്കിത്തിരക്കി തള്ളിയിട്ടുംകൊണ്ടു ബലൂൺ നില്ക്കുന്ന ആ ഒഴിഞ്ഞ സ്ഥലത്തു ചെറുപ്പക്കാരനായ ഒരു പരന്ത്രീസ്സുകാരൻ കിതച്ചു ചാടിവീഴുന്നു. സകല ജനങ്ങ

ളും സ്മരിച്ചുനില്ക്കെ ലൂയിയുടെനേരെ നോക്കി ഇപ്രകാരം ഒരു പ്രസംഗം: മഹാരാജാവെ! ഈ പ്രവൃത്തി ഒട്ടും ഉചിതമല്ല. ചിറകില്ലാത്തവക്ക് അസാദ്ധ്യമായ ആകാശസഞ്ചാരം ഇതാ മനുഷ്യൎക്കു സുസാദ്ധ്യമായി തീൎന്നിരിക്കുന്നു. അഭൂതപൂൎവ്വമായ ഒരു മഹൽകാൎയ്യമാണ് ഇപ്പോൾ ഇവിടെ ഉണ്ടാവാൻ പോകുന്നത്. ഈ കാൎയ്യത്തിൽ പ്രഥമപ്രവൎത്തകന്മാൎക്കുള്ള ശ്രേയസ്സിനു ഈ കുലപാതകികളായ മനുഷ്യാധമന്മാരെയാണൊ പാത്രമാക്കുവാൻ മഹാരാജാവ് ഉദ്ദേശിക്കുന്നത്? എന്നാൽ ഇതു മനുഷ്യവൎഗ്ഗത്തെ മുഴുവൻ അപമാനിക്കുന്ന ഒരു പ്രവൃത്തിയായി തീരും. അതുകൊണ്ട് ഈ വിമാനത്തിൽ കേറി സഞ്ചരിച്ചുവരുവാൻ എന്നെ കല്പിച്ചയപ്പാനപേക്ഷ'. ഈ പ്രസംഗം കഴിയുമ്പോഴെക്കു ജനങ്ങൾ എല്ലാവരുംകൂടി ആൎത്തുവിളിച്ചു. ലൂയിമഹാരാജാവു സന്തോഷാശ്ചൎയ്യബഹുമാനാകുലനായി പ്രാകായിപൈലാറർഡേറോസിയെ എന്നുപേരായ ആ യുവാവിന്റെ അപേക്ഷ അനുവദിക്കുകയും ചെയ്തു. ഡെറോസിയെ ധൈൎയ്യസമേതം വിമാനത്തിന്റെ രഥത്തിൽ കയറിയിരുന്നു കയറുകൾ മുറിച്ചുവിടുവാൻ പറഞ്ഞു. കയറുകൾ മുറിച്ചുവിട്ടപ്പോൾ ഒരു തോക്കിന്റെ ഉണ്ട പായുന്ന വേഗത്തിൽ മേല്പോട്ടു പൊങ്ങി നീലവൎണ്ണമായ ആകാശത്തിൽ ഒരു ചെറിയപുള്ളിയായി തോന്നത്തക്കവണ്ണം ആ വിമാനം അത്യുപരിഭാഗത്തിൽ പോകയും കാററടിച്ചു പാരീസ്സ് പട്ടണത്തിൽനിന്നു മൂന്നുനാഴിക പുറത്തു ഒരു പറമ്പിൽ വീഴുകയും ചെയ്തു. ജനങ്ങളുടെ സന്തോഷം ഇന്നപ്രകാരമായിരുന്നു എന്നു പറവാൻ പ്രയാസം. ബലൂൺ പോയ വഴിക്കു ജനങ്ങളൊക്കെ ആൎത്തുവിളിച്ചുപോകയും യാതൊരപകടവും കൂടാതെ ഭൂമിയിൽ പതിച്ച ആ യുവാവിനെ അവർ വാദ്യഘോഷങ്ങളോടുകൂടി ആൎപ്പുവിളിച്ചു പട്ടണത്തിലേക്കു കൂട്ടികൊണ്ടുവരികയും ചെയ്തു. പിന്നീടു ഡെറോസിയെ താൻ തനിച്ചും, മൺഗാഫർ, മൺഗോഫരുടെ ഭാൎയ്യ, അനുജൻ, ഇവരോടുകൂടിയും അനേക ബലൂൺയാത്രകൾ ചെയ്തു. ഒരിക്കൽ പതിനാറാളുകൾക്കിരിക്കത്തക്കവണ്ണം വലിയ ഒരു ബലൂൺ പണിയിച്ചു, ലൂയിമഹാരാജാവും ചില പ്രഭുക്കന്മാരുംകൂടി പുറ

പ്പെട്ട് ആകാശത്തിൽവെച്ച ഭക്ഷണം കഴിച്ച് ഭൂമിയിലിറങ്ങി. ഈ മാതിരി വിനോദം ജനങ്ങളുടെ മനസ്സിനെ ബലമായി ആകൎഷിച്ചു. അതു നിമിത്തം അതു കഴിഞ്ഞ് രണ്ടുമൂന്നു കൊല്ലങ്ങളിലകത്തു യൂറോപ്പ്, ഇംഗ്ലണ്ട്, അമേരിക്ക ഈ പ്രദേശങ്ങളിൽകൂടി രണ്ടായിരത്തിലധികം ബലൂൺയാത്രകൾ ഉണ്ടായിട്ടുണ്ടത്രെ. ഈ കാലത്തിന്നു കുറച്ചു മുമ്പുതന്നെ അതായത് ൧൭൬൬-ൽ ജലത്തിന്റെ ഒരു ബീജപദാൎത്ഥമായ അബ്ജനകം (Hydrogen) എന്ന വാതകം കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടായിരുന്നതിനാൽ മേൽപ്രസ്താവിക്കപ്പെട്ട വിമാനങ്ങളിൽ ചിലതിൽ ആ വാതകത്തേയും ഓരോരുത്തർ ആവിക്കു പകരം ഉപയോഗിച്ചുതുടങ്ങി. അബ്ജനകം നാം ശ്വസിക്കുന്ന വായുവിനേക്കാൾ പതിന്നാലര ഇരട്ടി ഘനം കുറഞ്ഞതും ആവിയെപ്പോലെ തണുത്തുപൊങ്ങുവാനുള്ള ശക്തിക്കു ഹാനിവരുന്നതല്ലാത്തതും ആകകൊണ്ട് അത് ആകാശഗമനവിഷയത്തിൽ അനേകസൌകൎയ്യങ്ങൾ ഉണ്ടാക്കുകയും ആഗ്നേയവിമാനത്തിന്നു പകരം വാതകവിമാനം നടപ്പായിവരികയും ചെയ്തു. പ്രൊഫസർ ചാറൽസ് എന്ന ഒരു ഇംഗ്ലീഷുകാരനാണ് അബ്ജനകം ആദ്യം ഉപയോഗിച്ച് ഒരു വാതകവിമാനം ഉണ്ടാക്കിയത്. ആയാൾ വിമാനത്തെ ഒന്നുകൂടി പരിഷ്കരിച്ച് ഇഷ്ടംപോലെ വേണ്ടേടത്തോളം പൊങ്ങുവാനും താഴുവാനും ഒരു വിദ്യകൂടി അതിൽ ചെയ്തു. വായുവിനേക്കാൾ ഘനം കുറഞ്ഞ ഒരു വാതകം സ്വതെതന്നെ മേല്പോട്ടേക്കു പൊങ്ങുന്നതിനാൽ അതിനെ ഒരു പാത്രത്തിൽ നിറയ്ക്കേണമെങ്കിൽ പാത്രത്തിന്റെ വായ കീഴ്പോട്ടാക്കി നിൎത്തീട്ടുവേണമെന്നു പറയേണ്ട ആവശ്യമില്ലല്ലോ. ചാറൽസ് ഉണ്ടാക്കിയ വിമാനത്തിന്റെ കുടത്തിന്റെ മൂട്ടിൽ മരച്ചട്ടത്തോടു സംബന്ധിച്ച ഒരു ചെറിയ ദ്വാരം ഉണ്ടാക്കി; ആ ദ്വാരം സ്വതെതന്നെ എപ്പോഴും ഭദ്രമായി അടഞ്ഞിരിക്കത്തക്കവണ്ണവും, എന്നാൽ ആവശ്യമുള്ളപ്പോൾ ആ കുടത്തിന്റെ ഉള്ളിൽനിന്നു അതിന്റെ വായിൽകൂടി കടത്തി ആൾ ഇരിക്കുന്ന രഥത്തിലേക്കു ഇറക്കിവിട്ടിട്ടുള്ള ഒരു കയറുപിടിച്ചു വലിച്ചാൽ തുറക്കത്തക്കവണ്ണവും ആയി ഒരു വില്ലുവെ

ച്ചു വാതൽ പണിചെയ്തു. മേല്പടിവിമാനത്തിൽ മണൽ നിറച്ച കുറെ സഞ്ചികാംകൂടി ശേഖരിച്ചുവെച്ചു താനും പൊക്കത്തിൽ പോകുമ്പോരം കയറ പിടിച്ചുവലിച്ച് വേണ്ടേടത്തോളം വാതകം കളഞ്ഞുകീഴ്പ്പോട്ടിറങ്ങുകയും വേണ്ടേടത്തോളം മണൽസഞ്ചികാം അഴിച്ചുചൊരിഞ്ഞു വിമാനത്തിന്റെ ഘനം കുറക്കുന്നതിന്റെ അവസ്ഥപോലെ മേല്പോട്ടുകയറുകയും ചെയ്യാമെന്നു കണ്ടുപിടിച്ചു. മേല്പോട്ടുപോകയും കീഴ്പോട്ടേക്കു വരികയും ചെയ്യുന്നതു മേൽപ്രകാരം ഒരുവിധം നിയമിതപ്പെടുത്താമെങ്കിലും മറുദിക്കുകളിലേക്കു പോകുന്നതിന്നു കാററിന്റെ ഇഷ്ടംപോലെയല്ലാതെ സാദ്ധ്യമല്ലായിരുന്നു. മേൽപ്രകാരം പരിഷ്കരിക്കപ്പെട്ട ബലൂണാണ് പിന്നീട് എല്ലാവരും ഉപയോഗിച്ചു തുടങ്ങിയത്. മേൽപ്രസ്താവിച്ച രണ്ടായിരത്തിൽ ചില്വാനം വിമാനയാത്രകളിൽകൂടി വളരെ പേർ വീണുമരിക്കുയും ഉണ്ടായിട്ടുണ്ട്. ഈ മരിച്ചവരുടെ കൂട്ടത്തിൽ നമ്മുടെ പ്രഥമ വിമാനയാത്രക്കാരനായ ഡെറോസിയേയും മരിച്ചു എന്നു വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു. വെറുംവിനോദാത്ഥമായിട്ടാണ് ഈ വിമാനയാത്രകളിൽ അധികപക്ഷവും ഉണ്ടായിട്ടുള്ളത്. ൧൭൮൩-ലാണ് പ്രോഫസർ ചാറൽസ് ആദ്യമായി അബ്ലനകം നിറച്ച വിമാനത്തിൽ യാത്ര ചെയ്തത്. ആ വിമാനത്തിൽ കയറി രണ്ടുനാഴിക പൊക്കത്തിൽ പോയി ൨൭ നാഴിക വഴിയകലം സഞ്ചരിച്ചു ചാറൽസ് കീഴ്പോട്ടേക്കു വന്നു. വിനോദാത്ഥമായി ഏതൽകാലപൎയ്യന്തം വിമാനയാത്രകാം ചെയ്തിട്ടുള്ള കൂട്ടത്തിൽ ചാറൽസ്ഗ്രീൻ എന്ന വേറൊരു ഇംഗ്ലീഷുകാരനെപ്പററിയും പ്രത്യേകിച്ചു പറയേണ്ടിയിരിക്കുന്നു. ഇദ്ദേഹം ൧൮൨൧-ൽ തുടങ്ങി താൻ മരിച്ചുകൊല്ലമായ ൧൮൭൦-വരെ ൫൨൬ വിമാന യാത്രകാം ചെയ്തു. ഇതിൽ ഒമ്പതു യാത്രകളിൽ ഇംഗ്ലാണ്ടു ദ്വീപിന്റേയും യൂറോപ്പിന്റെയും മദ്ധ്യേയുള്ള ഇംഗ്ലീഷു ചാനൽ എന്ന കടൽ അങ്ങോട്ടും ഇങ്ങോട്ടും പറന്നു കടക്കുകയും നാലുപ്രാവശ്യം വിമാനം പൊളിഞ്ഞു കടലിൽ വീഴുകയും ചെയ്തിട്ടുണ്ട്. ൧൮൩൬-ൽ ഗ്രീൻ സായ്പ് തന്റെ രണ്ടു സ്നേഹിതന്മാരോടുകൂടി ലണ്ടനിൽനിന്നു പു

റപ്പെട്ടു പതിനെട്ടു മണിക്കൂറുകൊണ്ട് അഞ്ഞൂറുനാഴിക വഴിയകലത്തുള്ള ജൎമ്മനിയിലെ വിസ ബഗ്ഗ് എന്ന പട്ടണത്തിൽ ചെന്നിറങ്ങി. ൧൮൫൯-ൽ അമേരിക്കയിൽ വൈസ് എന്ന ഒരു സായ്പ് ഇരുപതുമണിക്കൂറിൽ ൧൧൨൦ നാഴിക വഴി ആകാശഗമനംചെയ്തു. ഉപരിഭാഗങ്ങളിലുള്ള വായുവിന്റെ തത്വങ്ങളെക്കുറിച്ച് അറിയുന്നതിന്നും ഓരോരുത്തർ അനേകവിമാനയന്ത്രകൾ ചെയ്തിട്ടുണ്ട്. ഇതിൽ ഗ്ലെയിഷർ എന്ന ഒരു ഇംഗ്ലീഷുകാരനെ കുറിച്ചാണ് പ്രത്യേകിച്ചും പറവാനുള്ളത്. ഗ്ലേയിഷർ ഇരുപത്തെട്ടു യാത്രകൾ ചെയ്കയും വായുവിന്റെ അനേകതത്വങ്ങൾ കണ്ടുപിടിച്ചു വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇയ്യാൾ ഇംഗ്ലാണ്ടിൽവെച്ചു ചെയ്ത ഒരു വിമനോയാത്രയിൽ (൧൮൬൨ സെപ്തെമ്പർ ൫-ാം നു) ഏഴുനാഴിക പൊക്കത്തിൽ മേല്പോട്ടു പൊങ്ങിയത്രെ. ഇതിന്നു മുമ്പും പിമ്പും ഈ പൊക്കത്തിൽ ആരുംതന്നെ എത്തീട്ടില്ല. ഏകദേശം ആറു നാഴിക പൊക്കത്തിലെത്തുമ്പൊഴെക്കു ഗ്ലെയിഷർ ശ്വാസോച്ഛ്വാസത്തിന്നു വായു മതിയാകാതെ ബോധംകെട്ടുവീണു. തന്റെ സഹായിയായ കാക്സ്വെൽ എന്ന സായ്പിന്റെ ധൈൎയ്യംനിമിത്തം ഒരുവിധം രണ്ടുപേരും ചാകാതെ തിരിയെ പോന്നു. കാക്സ്വെൽ തനിക്കും ബോധക്ഷയം വരുന്നു എന്നു മനസ്സിലായി തുടങ്ങിയപ്പോൾ ബലൂണിന്റെ ദ്വാരം തുറന്നു കുറെ വാതകം കളവാൻ വേണ്ടി കയറു പിടിച്ചു വലിപ്പാൻ ശ്രമിച്ചപ്പോൾ തണുപ്പുകൊണ്ടു കയ്യു വിറങ്ങലിച്ചു ചേഷ്ടിക്കാൻ ശക്തിയില്ലാതെ കണ്ടു. ബലൂൺ പിന്നെയും മേല്പോട്ടെക്കു തന്നെ വായുവിന്റെ പൊക്കം അറിവാനുള്ള ഭാരമാത്രായന്ത്രത്തെ* (Barome'er) കാക്സ്വെൽ നോക്കിയപ്പോൾ ഏകദേശം ഏഴു നാഴിക പൊക്കം ചെന്നു കഴിഞ്ഞിരിക്കുന്നു. കാക്സ്വെൽ പല്ലുകൊണ്ട് ആ കയറ് കടിച്ചു തൂങ്ങി കാൎയ്യം നിവൃത്തിച്ചു. പെട്ടെന്നു ബലൂൺ രണ്ടു മൂന്നു നാഴിക ഒന്നായി കീഴ്പോട്ടിറങ്ങി ഗ്ലെയിഷൎക്ക് ക്രമേണ ബോധം വരികയും

* ഭാരമാത്രായന്ത്രംകൊണ്ടു വായുവിന്റെ അമൎച്ചകണ്ട് അതിൽനിന്നു വായുമണ്ഡലത്തിന്റെ ഓരോരോ ഘട്ടത്തിലുള്ള ഉയരം കണക്കാക്കുന്നു.

അപകടം കൂടാതെ രണ്ടുപേരും ഭൂമിയിലേക്കിറങ്ങുകയും ചെയ്തു. ൧൮൯൭ൻെറ ജൂലായി മാസം ൧൧-ാം നു- ഉത്തരധ്രുവം കണ്ടുപിടിച്ചുവരേണമെന്നുള്ള ഉദ്ദേശത്തോടുകൂടി ആൻഡ്രി എന്ന ഒരു നാർവെ രാജ്യക്കാരനും രണ്ടു സ്നേഹിതന്മാരുംകൂടി പുറപ്പെട്ടു പോയിട്ടുണ്ട്. ഇതുവരെ അവരുടെ വൎത്തമാനമൊന്നുമില്ല. അവർ എന്തൊ അപകടം പററി മരിച്ചിരിക്കണം എന്ന് ഇപ്പോൾ തീൎച്ചപ്പെടുത്താം. രസകരങ്ങളായി വേറേയും അനേകവിമാന യാത്രകൾ ഓരോത്തർ ചെയ്തിട്ടുള്ളതു മുഴുവനും പ്രസ്താവിക്കുവാൻ സ്ഥലം മതിയാകുന്നതല്ല.

ഇനി മുൻ പ്രസ്താവിച്ച സാണ്ടോസ്സ് ഡ്യൂമാണ്ടിൻെറ ആകാശക്കപ്പൽ എന്ന വിമാനത്തെപ്പററി ചുരുക്കത്തിൽ വിവരിച്ച് ഈ ലേഖനം അവസാനിപ്പിക്കാം. ഈ വിമാനം ആകാശത്തിൽ സ്വൈരമെ നില്ക്കുവാനുള്ള താങ്ങലിന്നു അശ്ലനകവാതകവും സഞ്ചരിക്കുവാനും ആവശ്യംപോലെ തിരിയുവാനുംവേണ്ടി ചിറകുകളും അമരവും യോജിപ്പിച്ചു പണി ചെയ്തിട്ടുള്ളതാണെന്നു മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. മദ്ധ്യത്തിൽ വലിയ വയറോടുകൂടി രണ്ടുതലയും കൂൎത്തു നൂററിൽ ചില്വാനം അടി നീളമുള്ളതാകുന്നു അതിൻെറ വാതകാശയമായ കുടം. ഈ കുടത്തോടു സംബന്ധിപ്പിച്ച് ഇരിമ്പുകമ്പികളിൽ മുളയും ചൂരലും കൊണ്ടുണ്ടാക്കി കെട്ടിത്തൂക്കിയിട്ടുള്ളതാണ് അതിൻെറ രഥം. ഈ രഥത്തിൽ മണ്ണെണ്ണ കത്തിക്കുന്ന ഒരു എഞ്ചിൻ വെച്ചാണ് അതിൻെറ ചിറകുകളും അമരവും പ്രവൃത്തിക്കുന്നത്. ഈ വിമാനം കാററിന്നു അഭിമുഖമായിക്കൂടി സാണ്ടോസ് ഡ്യൂമാണ്ട് പാരിസ്സു പ്രദേശത്തിൽ നടത്തി കാണിച്ചു. എത്ര ദിവസമെങ്കിലും ഭൂമിയിലിറങ്ങാതെതന്നെ ഇരുന്നു സഞ്ചരിക്കുവാൻ തക്കവണ്ണം ഇനിയും ചില പരിഷ്കാരങ്ങൾ ആയാൾ അതിൽ ചെയ്തു വരുന്നുണ്ട്. ഈ വിമാനത്തിൽ ഇരുന്ന് ഈ കൊല്ലത്തെ വേനൽക്ക് (ജൂൺ, ജൂലായി, ആഗസ്റ്റ ഈ മാസങ്ങൾ) സാണ്ടോസ് ഡ്യൂമാണ്ട് യൂറോപ്പു മുഴുവൻ ഒരു മാസകാലം ഭൂമിയിൽ ഇറങ്ങാതെതന്നെ ആകാശത്തിൽകൂടി സഞ്ചരിച്ചു കാണുവാൻ തീൎച്ചയാക്കീട്ടുണ്ടത്രെ. ഈ യാത്രക്കുവേണ്ടി താൻ ഇപ്പോൾ ഒരുക്കം

ചെയ്തു വരുന്ന വിമാനത്തെപ്പററി കഴിഞ്ഞ ഫെബ്രുവരിമാസത്തെ ഫോട്ട്നൈററ്ലിറിവ്യൂ എന്ന ഇംഗ്ലീഷു മാസികയിൽ സാണ്ടോസ് ഡ്യൂമാണ്ട് തന്നെ എഴുതീയിരിക്കുന്ന ഒരു ലേഖനത്തിൽ താൻ ചെയ്വാൻ പോകുന്ന സഞ്ചാരത്തെ സംകല്പം ചെയ്തു ഇപ്രകാരം വൎണ്ണിച്ചിരിക്കുന്നു.

"എന്റെ വിമാനത്തിന്റെ വാതകാശയം പൊതിയുവാനുള്ള ശീല തുന്നിവരുന്നു. അതിന്റെ രഥം പണിതു കഴിഞ്ഞു. അതിന്റെ ആവിക്കുററി പണി തുടങ്ങിയിരിക്കുന്നു. ബാക്കി യന്ത്രങ്ങളെല്ലാം തയ്യാറായിക്കഴിഞ്ഞു. രഥം ഒരു ചെറിയ ബംഗ്ളാവുപോലെ തോന്നും. അതിൽ നാലു പുറവും വ്രാന്തയും ഇഞ്ചിൻ നടത്തുവാനും, കാഴ്ചകാണ്മാനും, കിടന്നുറങ്ങുവാനും, വിശാലമായ ജനലുകൾ വെച്ച ഓരോ മുറികളും ഉണ്ട്. ഞാനും എന്റെ സ്നേഹിതന്മാരും ഇഷ്ടമുള്ള പൊക്കത്തിൽ യൂറോപ്പു മുഴുവനും പറന്നു സഞ്ചരിച്ചുകാണും. അതിലിരുന്ന് ഞങ്ങൾ സാപ്പാടു കഴിക്കും. സുഖമായി കിടന്നുറങ്ങും, ഞങ്ങൾ സൂൎയ്യചന്ദ്രന്മാരുടേയും നക്ഷത്രങ്ങളുടേയും ഉദയാസ്തമനങ്ങൾ കാണും. ഒരു ദിവസം ഇങ്ങനെ കഴിഞ്ഞാൽ പിറേറ ദിവസവും അങ്ങിനെതന്നെ. ഇതാ ഞങ്ങൾ റഷ്യാരാജ്യത്തിന്റെ മുകളിലാണ്. ആസ്ത്രിയാഹംഗരി ഈ രാജ്യങ്ങളുടെ മുകളിൽക്കൂടി പോകട്ടെ എന്നു പറഞ്ഞു വിമാനം തിരിച്ചടിക്കുന്നു. ഇതാ ഞങ്ങളുടെ കാലിൻചുവട്ടിൽ വിയന്നാപട്ടണം കാണുന്നു. ശരി! ആവി ഒന്നുകൂടെ മുറുക്കി വേഗതകൂട്ടട്ടെ. ഞങ്ങൾ ഇതാ ഒരു കാററിന്റെ മാൎഗ്ഗത്തിൽ ചെന്നു കൂടുന്നു. കാററിന്റെ സഹായമുള്ളതുകൊണ്ട് ആവി ചുരുക്കുന്നു. ആ കാററിന്റെ വഴിക്ക് ഞങ്ങൾ ബെൽഗ്രേഡ് പട്ടണത്തിലേക്കു പോകുന്നു. പിന്നെയും നേരം പുലരുന്നു. അതാ മറെറാരു കാററിന്റെ വഴിയിൽ ഞങ്ങൾ കൂടുന്നു. ആ കാററിൻ പുറത്തു സവാരി ചെയ്തുകൊണ്ട് ഇതാ കൺസ്റ്റാണ്ടിനോപ്പിൾ നഗരത്തിൽ എത്തുന്നു. ഇങ്ങനെ അനേകദിക്കുകളിൽ സഞ്ചരിച്ച് തിരയെ പാരിസ്സ് പട്ടണത്തിൽ എത്തി ഭൂസ്പൎശം ചെയ്യുന്നു. ഒരു മാസകാലം

ഭൂമിയെ തൊട്ടില്ലതിച്ചതെന്നെ'. എന്റെ പ്രിയവായനക്കാരെ ഈ അവസ്ഥക്ക് നമുക്കല്ലെങ്കിൽ നമ്മുടെ അനന്തിരവന്മാരിൽ ആൎക്കെങ്കിലും ഒരു കാലത്തു—പക്ഷെ ആ കാലം ദൂരപ്പെട്ടതായിരിക്കാം—കൊച്ചിതിരുവിതാംകൂർ 'വിമാനക്കമ്പെനിക്കാരുടെ എറണാകുളം വിമാനാപ്പീസ്സിൽനിന്നു ഒരു ടിക്കെററം വാങ്ങി തിരുവനന്തപുരത്തേക്കും മററം ആകാശത്തുകൂടി പോകുവാൻ സംഗതിവരുന്നതാണെന്നു പറഞ്ഞാൽ അതു തെററായിവരുവാൻ ന്യായം കാണുന്നില്ല.

സി. എസ്സ്. ഗോപാലപ്പണിക്കർ, ബി. എ.

# തായുമാനവർ



പുണ്യഭൂമിയായിരിക്കുന്ന ഈ ഭാരതഖണ്ഡത്തിൽ തെക്കൻ നാട്ടുകൾ അനേകം ഉള്ളതിൽ ശ്രേഷ്ഠമായതും ദിവ്യക്ഷേത്രങ്ങൾകൊണ്ടു നിറഞ്ഞതും ആയ ചോഴമണ്ഡലത്തിൽ 'വേദാരണ്യം' എന്നുകൂടി പേരുള്ള 'തിരുമറക്കാട്' എന്ന പുണ്യസ്ഥലത്തിൽ ഏകദേശം ൨൦൦ സംവത്സരങ്ങൾക്കു മുമ്പു 'വെള്ളാളൻ' വംശത്തിൽ പുണ്യവാന്മാരോടുള്ള ഭക്തിയിൽ അദ്വിതീയനായി കേടിലിയപ്പപ്പിള്ള എന്ന ഒരു പുമാൻ ഉണ്ടായിരുന്നു. അദ്ദേഹം തിരുമറക്കാട്ടിലെ ശിവക്ഷേത്രത്തിൽ കാൎയ്യാന്വേഷണം നടത്തിവന്നിരുന്നു. ആ കാലത്തിൽ 'തിരിശിരപുരം'ത്തിലെ രാജാവായ വിജയരഘുനാഥശൊക്കലിംഗനായകർ കേടിലിയപ്പപ്പിള്ളയുടെ സൽഗുണങ്ങളേയും കണക്കിൽ ഉള്ള നൈപുണ്യത്തേയും പററി കേട്ടു. അദ്ദേഹത്തെ വരുത്തി പരീക്ഷിച്ചു തന്റെ അരമനയിൽ വലിയ സമ്പ്രതി ഉദ്യോഗം കൊടുത്തു. ആ കാലത്തു കേടിലിയപ്പപ്പിള്ള അപ്രസവനായ തന്റെ ജ്യേഷ്ഠഭ്രാതാവിനെ ആന

ന്ദിപ്പിക്കുവാനായി തന്റെ ഏകപുത്രനായ ശിവചിദംബരൻപിള്ളയെ ഒത്തുകൊടുത്തു.

പിന്നീടു തന്റെ വംശം നില്ക്കുന്നതിന്നായി തനിക്ക് ഇനിയും സന്തതി ഉണ്ടാവത്തക്ക ഈശ്വരകാരുണ്യം ഉണ്ടാവാൻവേണ്ടി കേടിലിയപ്പപ്പിള്ള ആ തിരുശിരപുരത്തിലെ ശിവക്ഷേത്രത്തിൽ ദക്ഷിണാമൂൎത്തിയുടെ അവതാരമായ തായുമാനേശ്വരരെ ദിനംപ്രതി ദൎശിച്ചു പ്രാൎത്ഥിച്ചു വന്നിരുന്നു. കുറേകാലം കഴിഞ്ഞശേഷം ഭഗവൽകൃപയാൽ ഒരു പുത്രൻ ജാതനായി. അതുകണ്ട് അദ്ദേഹം അത്യന്തം സന്തുഷ്ടനായി ആ ക്ഷേത്രത്തിൽ അനേകം വഴിപാടുകൾ കഴിപ്പിച്ചു പുത്രന് 'തായുമാനവർ' എന്നു പേർ കൊടുത്തു. തായുമാനവർ സംസ്കൃതം, തമിഴ്, മുതലായി അനേകം ഭാഷകൾ അഭ്യസിച്ച്, പഠിത്തത്തിൽ വളരെ സാമൎത്ഥ്യത്തെ സമ്പാദിച്ചു. സത്യം, സ്നേഹം, ക്ഷമ, താഴ്മ, ദയ, ശിവഭക്തി, ഇത്യാദി സൽഗുണങ്ങൾഎല്ലാം ആ ദേഹത്തോടെ ഒരുമിച്ചു വളൎന്നു വന്നു.

ഇങ്ങിനെ ഇരിക്കുന്ന കാലത്ത് ഒരു ദിവസം 'തിരുമൂലനായനാരുടെ' വംശജാതനായ 'മൌനദേശികർ' എന്ന ഒരു യോഗിയും തായുമാനവരുമായി തമ്മിൽ കാണ്മാനിടയായി. തായുമാനവരുടെ മനസ്സിന്റെ അനന്യസാധാരണയായ പക്വതയെകണ്ടു വളരെ അതിശയിച്ച് വേദാഗമങ്ങളുടെ സൂക്ഷ്മതത്വങ്ങളെ അദ്ദേഹം തായുമാനവൎക്ക് ഉപദേശിച്ചു. അന്നു മുതൽ തായുമാനവർ തന്റെ ഗുരുവിന്റെ അടുക്കൽ അത്യന്തം ഭക്തിയോടുകൂടി അദ്ദേഹത്തിന്റെ ഉപദേശത്തെ മനനം ചെയ്തു ദിവസംപ്രതി ദക്ഷിണാമൂൎത്തിക്ഷേത്രത്തിൽ ഭജിച്ചുംകൊണ്ടു വന്നു. കുറെ നാൾ ചെന്നപ്പോൾ തന്റെ പിതാവായ കേടിലിയപ്പപ്പിള്ള പരലോകത്തെ പ്രാപിച്ചു. അതിൽ പിന്നെ തായുമാനവർ തന്റെ പിതാവിന്റെ ലൌകികത്തൊഴിലിൽ പ്രവേശിക്കുന്നതിൽ തനിക്ക് അശേഷം താല്പൎയ്യമില്ലാതിരുന്നെങ്കിലും രാജാവിന്റെ പ്രേരണയാൽ ആ ജോലി താൻ വഹിക്കേണ്ടതായി വന്നു. രാജാവ് ആദിയിൽ ഇദ്ദേഹത്തിനെ ഒരു ജ്ഞാനിയാണെന്ന് അറിഞ്ഞില്ല. പിന്നീടു കേടിലിയപ്പപ്പിള്ളയേ

ക്കാം ഇദ്ദേഹം യോഗ്യനാണെന്ന് അറിഞ്ഞപ്പോാം രാജാവ് അ ദ്ദേഹത്തെ വളരെ ആദരവോടെ വെച്ചിരുന്നു.

തായുമാനവരുടെ മനസ്സ പരബ്രഹ്മത്തിലും പ്രവൃത്തി ലൌകികത്തിലും വെക്കപ്പെട്ടിരുന്നു. ഇങ്ങിനെ കുറെ നാാം ചെന്നപ്പോാം വളരെ വിവേകിയായ രാജാവ് ഇദ്ദേഹത്തിൻെറ അപൂൎവ്വമായ പ്രകൃതിയെക്കണ്ടു ലജ്ജയോടും സ്നേഹത്തോടും കൂടിയവനായി തായുമാനവരെ വരുത്തി സിംഹാസനത്തിൽ ഇരുത്തി വളരെ പൂജിച്ച് 'സ്വാമി! അങ്ങേക്ക് ഊഴിയം ചെയ്യത്തക്കവനായ അടിയൻ ഇതുവരെയും അങ്ങയുടെ മാഹാത്മ്യത്തെ കണ്ടറിയുവാൻ ശക്തിയില്ലാത്തവനായി അങ്ങയെ എൻെറ ഊഴിയത്തിൽ വെച്ചിരുന്ന തെറ്റിനെ കൃപാമൂൎത്തിയായ ഇവിടുന്നു ക്ഷമിച്ച് ഇന്നു മുതൽ അടിയനാൽ കഴിയുന്നവയെല്ലാം അടിയനെക്കൊണ്ടു ചെയ്യിച്ചുകൊണ്ട് ഇവിടത്തെ നിഷ്ഠക്കു കുറവുവരാതെ ഇരുന്നരുളണമെ' എന്നു അപേക്ഷിച്ചു. അതുകേട്ടു സന്തോഷിച്ചു തായുമാനവർ അളവററ ജ്ഞാനയോഗത്തിൽ മനസ്സിനെ നിരുത്തി ജ്ഞാനാചാൎയ്യരായ ദക്ഷിണാമൂൎത്തിയെ 'അത്ഭുതചിന്മയമധുര'ങ്ങളായ തമിഴ് പാട്ടുകളാൽ സ്തുതി ചെയ്തുംകൊണ്ടു വാണു.

ഇങ്ങനെ ഇരിക്കുമ്പോാം ആ രാജാവും ശിവപദത്തെ പ്രാപിച്ചു. പിന്നീടു രാജാവിൻെറ പത്നി തായുമാനവരുടെ സൌഭാഗ്യത്തെപ്പററി പലരും പറഞ്ഞു കേട്ടിട്ടുണ്ടായിരുന്നതിനാൽ അദ്ദേഹത്തിനെ വരുത്തി നേത്രത്തിന് തൃപ്തിയാകുംവണ്ണം നോക്കി. അദ്ദേഹത്തിൻെറ അംഗസൌഭാഗ്യം കേട്ടുവിചാരിച്ചിരുന്നതിലധികം ഉള്ളതായി കണ്ട് മനം മയങ്ങി, രാജ്യഭാരം അദ്ദേഹത്തിനെ ഏല്പിച്ചു തൻെറ അഭിലാഷത്തെ സാധിപ്പിച്ചുകൊള്ളാമെന്നു കരുതി തൻെറ അഭിപ്രായത്തെ അദ്ദേഹത്തോടു പറഞ്ഞു. തായുമാനവർ ഇത് കേട്ടു ഉടനെ ഒരു ഉപായമായ തന്ത്രത്താൽ അവിടെനിന്നു പിരിഞ്ഞ് അമ്മാൎഗ്ഗമേ ആ രാജ്യത്തിൻെറ അതൃത്തി കടന്നു രാമനാഥപുരത്ത് എത്തി അവിടെ എഴുന്നരുളി ഇരുന്നു. ഈ സംഗതികാം

ശിവചിദംബരപ്പിള്ള കേട്ട തൽക്ഷണം താനും തന്റെ എളയമ്മയു ടെ പുത്രനായ അരുളൈയപ്പിള്ളയും തായുമാനവരെ അന്വേഷിച്ചു കണ്ടെത്തി. തന്റെ വംശം നിലനിറുത്തണമെന്നും അതുകൊണ്ടു തിരുക്കല്യാണം ചെയ്യണമെന്നും അദ്ദേഹത്തിനോടു വളരെ അപേക്ഷിച്ചു പറഞ്ഞു. തായുമാനസ്വാമികൾക്ക് ആ വിഷയത്തിൽ അശേഷംപോലും തിരുവുള്ളം ഇല്ലാതിരുന്നു ജ്യേഷ്ഠഭ്രാതാവിന്റെ നിർബ്ബന്ധത്തെ അനുസരിച്ചു. ചില സംവത്സരങ്ങൾ കഴിഞ്ഞ് പത്നി ഒരു പുത്രനെ പ്രസവിച്ചു മരണം പ്രാപിച്ചു. ആ പുത്രന് 'കനകസഭാപതി' എന്നു പേരും വിളിച്ചു.

അതുമുതൽക്കു തായുമാനസ്വാമികൾ കൌപീനമാത്രധാരിയായി പുണ്യസ്ഥലങ്ങൾതോറും സഞ്ചരിച്ചു ലോകത്തിലുള്ള എല്ലാ ജനങ്ങളും അജ്ഞാനമാകുന്ന ഇരുട്ടിൽനിന്നു നീങ്ങി നേരായ ജ്ഞാനത്തെ സമ്പാദിച്ചു ക്ഷേമം പ്രാപിക്കുവാനായി പലവിധമായ ദിവ്യഗീതങ്ങളെ നിർമ്മിച്ചു. അരുളൈയപ്പിള്ള അദ്ദേഹത്തിന്റെ അടുക്കൽനിന്നു തത്വോപദേശം വാങ്ങി ഒരു സമയത്തും സമീപത്തിൽനിന്നു പിരിയാതെ അദ്ദേഹത്തിന്നു പാദശുശ്രൂഷ ചെയ്തുവന്നു. തായുമാനസ്വാമികൾ 'അഖണ്ഡപരിപൂർണ്ണസച്ചിദാനന്ദസ്വരൂപമായ ശിവ'ത്തിൽ ലയിച്ചതിന്നുശേഷം അരുളൈയസ്വാമികൾ ചിരകാലം ശിവയോഗത്തിൽ ഇരുന്നു തന്റെ പിൻകാലം യോഗ്യരായി വരാവുന്ന ജനങ്ങളെ അനുഗ്രഹിപ്പാനായി 'കനകസഭാപതി'പ്പിള്ളക്ക് അഭിഷേകംചെയ്തു് അദ്ദേഹവും ശിവപദത്തെ പ്രാപിച്ചു.

അമൃതമധുരങ്ങളായ പദങ്ങളും വേദാന്തസാരഗർഭിതങ്ങളായ അഭിപ്രായങ്ങളും കുത്തിനിറച്ചു തായുമാനസ്വാമികൾ കല്പിച്ചിട്ടുള്ള ഭക്തിരസനിഷ്യന്ദികളായ പദ്യങ്ങളെ നല്ല സംഗീതവിദ്വാന്മാർ പാടിക്കേട്ടാൽ അനുഭവമാകുന്ന ആ പരമാനന്ദം ഇന്നപ്രകാരമുള്ളതാണെന്ന് അറിഞ്ഞവർക്കുമാത്രം അറിയാം. സ്ഥലച്ചുരുക്കത്താൽ ഒരു പാട്ടുമാത്രം ഇവിടെ ചേർക്കാം.

ത്തുള്ളമറിയാമനന്തുപലികൊട്ടത്തേൻകമ്മ
ത്തുട്ടതേവതൈകളില്ലെ
ത്തുരിയനിറൈചാന്തതേവനൈയാമുന്നാക്കേ-
തെഴുമ്പാനൻപപിഷേകനീർ
ഉള്ളുറൈയിലെന്നാവിനൈവേത്തിയംപ്രാണ
നോങ്കുമതിത്രുപതിപം
ഒരുകാലമൻറിത്തുചതാകാലപൂചൈയാം-
പൊറ്പ്പവിത്തേൻകരുണൈക്കൂർ.

തെള്ളിമറൈവടിയിട്ടവമുതപ്പിഴമ്പേ-
തെളിന്തതേനേചീനിയേ
തിവ്യരചായാവുംതിരണ്ടൊഴുകുപാകേ-
തെവിട്ടാതവാനന്തമേ
കള്ളനറിവൂട്ടമേമെള്ളമെളവെളിയായി
ക്കലെക്കവെരുനല്ലപുറവേ
കരുതറിയചിച്ചപയിലാനന്തനിർത്തമിടും
കരുണാകരക്കടവുളേ!

സി. കെ. ഹരിഹരയ്യർ.

---

കൊച്ചിവലിയതമ്പുരാൻ
തിരുമനസ്സിലെ തൃപ്പാദങ്ങളിൽ ചമ്പത്തിൽ
ചാത്തുക്കുട്ടിമന്നാടിയാർ സമർപ്പിച്ച

# മംഗളപദ്യങ്ങൾ

നൃപാലകകൃപാരസാമൃതതരംഗിണീകുല്യയാ
രമാവരസമാശ്രിതവിഹിതജന്മസാഫല്യയാ
സരോരുഹദരോല്ലസന്നവദളൈതചാതുല്യയാ
പദാശ്രിതമിദംദൃശാസമനുഗൃഹ്യതാംകല്യയാ

രാമവർമ്മനൃപതാവകകീർത്തി-
സ്തോമസംവൃതമിദംവിയദതി-
പുണ്ഡരീകശശിമണ്ഡലമദ്ധ്യ
പ്രോല്ലസൽഭ്രമരലാഞ്ഛനസാമ്യം


രാജ്ഞോല്പന്നതയാതഥാകുവലയാമോദപ്രദത്വേനച
ത്വൽകീർത്ത്യാതുലയന്തിഹന്തകവയസ്സാംകൗമുദീംകേചന
നക്ഷത്രേശഭവാനമേരുസവിധാലങ്കാരഭൂതാപുന
ന്നാശ്ലാംഹ്ലാദകരീതിയംനൃപമയാത്യന്താപുരാദ്ദൂരതഃ

ധീരശ്രീനൃപതേഭവാന്റെഗുണമാലംബിച്ചുകൊണ്ടാശയാം
വാരസ്ത്രീക്കൊരുഭൂഷയായിവിലസുംസൽക്കീർത്തിനന്മുത്തിനെ
ഊരുന്നൂചിലർകള്ളലാക്കുവതിനായാർക്കുംലഭിക്കില്ലതിൻ
സാരംഞാൻപറയാംഗുണത്തിനുവിഭാഗമ്പില്ലവർക്കുംതഥാ

* * * * *

തുല്യദൃഷ്ടിവിഭോഭവാനിതിചൊല്ലുകേൾപ്പതുസത്യമം-
മില്ലഭേദമിരിക്കുമാശ്രിതനായവന്നുമഹോതവ
ഇല്ലമുണ്ടുവസിക്കുവാനരിയില്ലപോലൊരുകാലവും
നല്ലകംപടിമുററമഞ്ചലുമുണ്ടുമാടമഹീപതേ

# ബോധംവന്നഭൂതം



അമ്മേ! അദ്ദേഹത്തിൻെറ കഥ ഇക്കുറിയും പെരുങ്ങലാണെന്നു തോന്നുന്നു. കടലാസ്സിൽ പേരു കാണുന്നില്ല. ഇനി അച്ഛൻ പണമയക്കുന്ന കാര്യം സംശയത്തിലാണ്. മൂന്നാമത്തെ കുറിയും തെററു എന്ന് ഞാൻ എങ്ങിനെ പറയും? കഷ്ടമായി.

അമ്മ—വീട്ടിന്നും നാട്ടിന്നും നന്നല്ലാത്തവൻ മറുനാട്ടിൽ ചെന്നാലും 'സേസേമിര' എന്നു ഞാനന്നുതന്നെ പറഞ്ഞിട്ടില്ലെ പണമയക്കാഞ്ഞാൽ ഒരു തെററുമില്ല. എന്തൊരു ചിലവാണ്?

മകൾ—മതിരാശിയിൽ 'ടീപ്പാട്ടി'യും മററും വേണ്ടിവരും. അതു കൊണ്ടു ചിലവു കുറെ കൂടുതൽ വന്നേക്കാം.

അമ്മ—പോടി! ആരും അറിയാത്ത ചിലവല്ല അത്. തീപ്പെട്ടി മൂന്നുശില്ലിക്കു രണ്ടെണ്ണം ഇവിടെത്തന്നെ കിട്ടും, അതൊക്കെയാണോ അധികച്ചിലവ്?

മകൾ—തീപ്പെട്ടിയല്ലാം 'ഗാഡ്ൻപാട്ടി'

അമ്മ—എന്നാൽ ശരി. അവനെ ഇവിടെ പലഹാരം തിററി മുടിച്ചത് ആച്ചാംപ്പാട്ടിയായിരുന്നു. അവിടെ മറെറാരു പാട്ടിയായി. ഈ മൊട്ടച്ചികളില്ലാത്ത ദിക്കില്ലെന്നുണ്ടോ! ചേട്ടകൾ പറന്നെത്തുന്ന വകയായിരിക്കും. അതാണ് ഗരുഡൻ, കൂമൻ, എന്നൊക്കെ പേരിടുന്നത്.

മകൾ—അനാവശ്യമായി വല്ലവരേയും ചീത്ത പറയരുത്, അതു ഒരു പെട്ടിയും പാട്ടിയുമല്ല, സ്നേഹിതന്മാരെ സല്ക്കരിക്കുവാനുള്ള ഒരു യോഗമാണ്.

അമ്മ—നല്ലയോഗം! മുടിഞ്ഞു തീപ്പെട്ടാനുള്ള യോഗമാണ്, പലഹാരത്തീററിക്കുള്ള യോഗം 'കേമമ്ര'തന്നെ. ഈ യോഗമുള്ളതുകൊണ്ടാണ് അദ്ദേഹത്തിനു കണ്ടുകൂടാത്തത്. ഗംഗാസ്നാനം ചെയ്താലും അതു വിട്ടുപോകുന്നതല്ല. പിന്നെ നിയ്യെന്തിനാ തലകാഞ്ഞു ബുദ്ധിമുട്ടുന്നത്. അഥവാ നേരെയായാൽതന്നെ നിൻെറ മോഹം ഞാനുള്ളകാലം സാധിക്കില്ല. അതിന്നു ഞാൻതന്നെയാണ് ബ്രഹ്മാവ്.

മകൾ—എന്നാൽ എന്നെ സരസ്വതിയാക്കിയാൽ ഞാൻ ലോകത്തിലുള്ള സ്ത്രീകളെ മുഴുവൻ ബി. എ. പാസ്സാക്കാമായിരുന്നു.

അമ്മ—നിൻെറ കണ്ടകുട്ടങ്ങിയെ നിയ്യെന്താക്കും?

മകൾ—അമ്മക്കു ഭ്രന്തുണ്ടോ? ഇനിക്കു തോന്നിയതാക്കും.

അമ്മ—അതുതന്നെയാണ് ഞാൻ സമ്മതിക്കില്ലെന്നു പറഞ്ഞത.

അമ്മയും മകളുംകൂടി കണ്ടങ്കടുങ്ങി പരീക്ഷയിൽ തോററതി നെപ്പററി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പുറത്തളത്തിൽനിന്നു 'ആനന്ദം' എന്നു വിളിക്കുന്നതുകേട്ടു മകൾ ബദ്ധപ്പെട്ടു് അവിടെ ചെന്നു. 'ഒരു കമ്പിയുണ്ടു്; എന്താണെന്നു നോക്കു' എന്നുപറഞ്ഞ് ആനന്ദത്തിന്റെ അച്ഛൻമൂത്താര് കമ്പി മകളുടെകയ്യിൽ കൊടു ത്തു. ആനന്ദം കമ്പി പൊട്ടിച്ചുനോക്കി ബുദ്ധിക്ഷയത്തോടുകൂടി 'അച്ഛാ! പരീക്ഷയുടെ കാര്യംതന്നെയാണ് പക്ഷെ ഞാൻ ജയിച്ചു എന്നാണ്'.

മൂത്താർ—അതിനു രണ്ടുദിവസംമുമ്പു കമ്പിയുണ്ടായിരുന്നില്ലെ?

ആനന്ദം—ആദ്യം അയച്ചത് അദ്ദേഹം അറിഞ്ഞില്ലായിരിക്കാം.

മൂത്താർ—കണ്ടന്റെകഥ എന്തായി തോററു അല്ലേ?

ആനന്ദം—അതിനെപ്പററി ഒന്നും ഇല്ല.

മൂത്താർ— വളരെ എഴുതിക്കൂട്ടീട്ടുണ്ടല്ലോ. പിന്നെന്താ വിശേഷം? (ആനന്ദം ഒന്നും പറയാതെ കുറച്ചുനേരം നിന്നു.) പരീക്ഷ ജയി ച്ചപ്പോൾ വായിക്കാൻ വശമില്ലാതെ ആയൊ?

ആനന്ദം—അച്ഛൻ ദേഷ്യപ്പെടുമെന്നു വിചാരിച്ചിട്ടാണ്. മതിരാ ശിയിൽ അദ്ദേഹത്തെ പഠിപ്പിക്കുന്നവരെല്ലാം വിരോധികളാ ണ്. ഇനി കല്ക്കട്ടാവിലേക്കു പോകുന്നതിന്ന് 500 ക. ഇന്നുത ന്നെ കമ്പിവഴി അയക്കേണമെന്നുകൂടി എഴുതിട്ടുണ്ട്.

മൂത്താർ— എങ്ങു കട്ടേലെങ്കിലും പോകട്ടെ. എന്റെ നേരെ കാണ രുത്. ഇനി ഒരു കാശും ഞാനയക്കാൻ വിചാരിക്കുന്നില്ല. ഇതു വരെ 4000 ക. മുടിഞ്ഞു. അതുമതി.

എന്നു മൂത്താർ ഒച്ച മുഴുപ്പിച്ചു പറയുന്നതുകേട്ടു് ഭാര്യ അവിടെ എത്തി. 'എന്നുവച്ചാൽ പോരാ. ഇനി പണമയക്കേണമെങ്കിൽ ഇതുവരെ അയച്ച പണത്തിന്ന് എന്റെ പേരക്കു ശീട്ടെഴുതി വാങ്ങി ട്ടുവേണം. അപ്പോൾ ചൂടുപിടിക്കും'.

മൂത്താർ—ശരിയാണ് ഈ വിവരം അവനെ അറിവിച്ചേക്കു. എഴു ത്തുമതി. കമ്പിവേണ്ട.

ആനന്ദം ഇതുകേട്ട ബുദ്ധിക്ഷയത്തോടുകൂടി അവരുടെ മുമ്പിൽനിന്നുപോയി.

ബാല്യത്തിൽ വിദ്യാഭ്യാസം ഒരു ശിക്ഷാവിധി അനുഭവിക്കുന്നതുപോലെ തോന്നുന്നുണ്ടെങ്കിലും കാലക്രമംകൊണ്ട് അദ്ധ്യേതാക്കളുടെ പരിശ്രമം എന്തെങ്കിലും ഒരു ഉദ്ദേശസിദ്ധിക്കായിട്ടാണ് സാധാരണ കണ്ടുവരുന്നത്. വാസനാവിശേഷംകൊണ്ടുമാത്രം വിദ്യാഭ്യാസം ചെയ്യുന്ന യുവാക്കന്മാരുണ്ടെങ്കിൽ അതിൽ മൂത്താരുടെ മരുമകൻ ഉൾപ്പെട്ടിട്ടില്ല. ലോകതത്വങ്ങളെ ആരാഞ്ഞറിഞ്ഞു ബുദ്ധിക്കു വിവേകവും വിസ്താരവും ഉണ്ടാകുവാനായി പഠിക്കുന്നവരുടെ കൂട്ടത്തിൽ കണ്ടങ്കുട്ടിമൂത്താരില്ല. യശസ്സും പ്രതാപവും വിദ്യാഭ്യാസം ചെയ്തു സമ്പാദിക്കുവാൻ വിചാരിക്കുന്നവർ കുട്ടിമൂത്താരുടെ സ്നേഹിതന്മാരല്ല. കുടുംബഭരണം കാര്യസ്ഥന്മാരെ ചുമതലപ്പെടുത്താവുന്നതുകൊണ്ടു കാര്യപ്രാപ്തിക്കുവേണ്ടി പുസ്തകം തുറക്കുന്നത് ഇദ്ദേഹത്തെപ്പോലെ ഉള്ളവരല്ല. തറവാട്ടുസ്വത്തു മക്കൾ വഴിയും മരുമക്കൾ വഴിയും തന്നെ വിട്ടുപോവുകയില്ലെന്നു നിശ്ചയിച്ചിരുന്നതുകൊണ്ട് ഉദ്യോഗഭ്രമം നമ്മുടെ വിദ്യാർത്ഥിയെ ബാധിച്ചിട്ടില്ല. കക്ഷിപിടിച്ചു തർക്കിച്ചും ഫലിതം പറഞ്ഞ് മററുള്ളവരെ തോല്പിച്ചും കള്ളക്കണക്കു പറഞ്ഞു കാരണവരോട് പണം വാങ്ങി ബീഡി, സിഗററ്, ചുരുട്ട്, ലമണേഡ് സോഡ തുടങ്ങിയ അല്പാനന്ദപ്രദങ്ങളായ ധൂമപാനീയങ്ങളെ സഹൃദയന്മാരൊന്നിച്ചു ശീലിച്ച് അത്യാനന്ദകരങ്ങളായ കറപ്പ്, കഞ്ചാവ്, വയിൻ, ബ്രാണ്ടി, വിസ്കി മുതലായവയെ സദസ്സിൽ സപത്നീകനായി യഥാവിധി പെരുമാറുവാനുള്ള ഉദ്ദേശത്തോടുകൂടിയായിരുന്നു നമ്മുടെ കുട്ടിമൂത്താരുടെ വിദ്യാഭ്യാസം. ബാല്യത്തിൽ സഹപാഠിയായിരുന്ന ആനന്ദത്തിൻെറ യൌവ്വനാരംഭമോ വലിയമൂത്താരുടെ ചരമഗതിയോ തൻെറ ശനിദശയുടെ അപഹാരമായിത്തീരുമെന്നും കുട്ടിമൂത്താർ ഗണിച്ചുവെച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് ഒന്നരപന്തീരാണ്ടുകാലം വിദ്യാഭ്യാസം ചെയ്തിട്ടും പേരിൻെറ അവസാനം രണ്ടു ബിജാക്ഷരം കുറിക്കുവാനുള്ള അവകാശം സർവ്വകലാശാലക്കാർ കു

ട്ടിമൂത്താൾക്കു കൊടുക്കാതിരുന്നിട്ടുണ്ടെങ്കിൽ അതു രണ്ടുവകക്കാൎക്കുംകൂടെയും ദോഷമാവാനിടയില്ല. തന്റെ ഗണിതം പിഴച്ചുവെന്നു കുട്ടിമൂത്താൾക്കു മനസ്സിലായതു് അയച്ചു കമ്പികൾ കിട്ടിയ മറുവടി കണ്ടിട്ടാണു്.

കമ്പി അയച്ചതിനുശേഷം കുട്ടിമൂത്താൾക്കോ ചങ്ങാതിമാരോ കമ്പിയാപ്പീസ്സ് വിട്ടുപോയിരുന്നില്ല. മൂന്നാംദിവസമാണു് ആനന്ദത്തിന്റെ എഴുത്തു കിട്ടിയതു്.

അയച്ച കമ്പികിട്ടി. വിവരം അച്ഛനെ ധരിപ്പിച്ചു. അദ്ദേഹത്തിന്നു വളരെ കുണ്ഠിതവും, കോപവുമുണ്ടു്. ഇനി പണം അയക്കുകയില്ലെന്നു തീൎച്ചയായി. മാതാപിതാക്കളെ വേർതിരിച്ചറിയേണ്ടുന്ന കാലം അതിക്രമിച്ചിട്ടും അതിന്നായി ശ്രമിക്കാതെ ചാപല്യം ചെയ്യാത്ത ഒരാളുടെ ഭാവിയിൽ ഇനിക്കും ഇനി സഹായിക്കുവാൻ തരമില്ലെന്നു ബാക്കി പൊട്ടിക്കാതാലും ബോദ്ധ്യംവരും. ബി. എ. പാസ്സാവാതെ നാട്ടിലേക്കു മടങ്ങുന്നതായാൽ രണ്ടുപേൎക്കും ഇച്ഛാഭംഗത്തിന്നിടയാണു്.

*  *  *

എഴുത്തുമുഴുവൻ വായിക്കുവാൻ വിദ്യാൎത്ഥിക്കു ക്ഷമയുണ്ടായില്ല. വായിച്ചേടത്തോളം സംഗതികളെക്കൊണ്ടു് ആനന്ദത്തിന്റെ അഹംഭാവം ഒന്നമൎത്തേണമെന്നു മൂത്താൾ നിശ്ചയിച്ചു. ബാക്കി പൊട്ടിച്ചപ്പോഴും അതിൽ ആനന്ദത്തിന്റെ വിലപിടിച്ച പണ്ടങ്ങളായിരുന്നു.

പിറ്റേദിവസം കാലത്തു തല്ക്കാലം വന്നുചേൎന്നിട്ടുള്ള കടക്കാരെ ഒരുവിധം സമാധാനപ്പെടുത്തി വിദ്യാൎത്ഥി കല്ക്കട്ടാവിലേക്കു വണ്ടികയറി. ൫-ാം ക്ലാസിലാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

കാവിവസ്ത്രം ചുററി, ഭസ്മം പൂശി, രുദ്രാക്ഷം ധരിച്ചു് തീൎത്ഥയാത്രകളു പുറപ്പെടുന്നവർ വേഷപ്രച്ഛന്നന്മാരാകുന്ന സമ്പ്രദായം ചിലൎക്കു് ആക്ഷേപകരമല്ലെങ്കിൽ വിദ്യാഭ്യാസത്തിന്നായി സ്വദേശം വിടുന്ന ബാലന്മാർ മുണ്ടും മുടിയുംകളഞ്ഞു് ഉടുപ്പും തൊപ്പിയും ധരിക്കുന്നതു മററുചിലൎക്കു ഭൂഷണമാണെന്നു സമ്മതിക്കാതെ തരമില്ല. എ

ന്നാൽ ദേശംമാറുമ്പോളെല്ലാം വേഷം പകരുന്ന കണ്ടംകുടുങ്ങിയെ അനുകരിക്കുന്നവരും ഇല്ലെന്നു പറഞ്ഞുകൂട.

വണ്ടിയിൽ വെച്ചുള്ള തന്റെ ഗാഢാലോചനകൊണ്ടു കുട്ടിമൂത്താൎക്കു പേരുകൂടി പരിഷ്കരിക്കുവാൻ സാധിച്ചു. ഈ ഉദ്യമത്തിൽ നമ്മുടെ വിദ്യാൎത്ഥിക്കു വിലപിടിച്ച രണ്ടു ബിജാക്ഷരങ്ങൾ അനായാസേന സ്വായത്തമായി പ്രകാശിച്ചു.

കല്ലട്ടാവിലേക്കു ടിക്കറെറ വാങ്ങിയ വിദ്യാൎത്ഥി എടക്കുവെച്ചു കാഞ്ചീപുരത്തു ഒരു വലിയ നാടകയോഗം വന്നിട്ടുണ്ടെന്നു കേട്ടു യാത്ര അവിടേക്കുതിരിച്ചു. കണ്ടകുടുങ്ങി കഞ്ചീപുരം സ്റ്റേഷ്യനിലെത്തിയപ്പോൾ ആപ്പീസ്സിന്റെ ഭിത്തിയിന്മേൽ പതിച്ചിട്ടുള്ള വിചിത്രതരമായ ഒരു നൊട്ടീസ്സിൽ തന്റെ ദൃഷ്ടി പതിഞ്ഞു. അടുത്തുചെന്നു നൊട്ടീസ്സുവായിച്ചുതുടങ്ങി.

'അഖിലജനമനോമന്ദിരാനന്ദസന്തതസന്ദായിനി ഗ്രാമകമ്പെനി' എന്നു ഇംഗ്ലീഷിൽ നെടുനീളത്തിലും 'ഉച്ചശൃംഖ്യഖിലദേവനിതാന്തപാദപ്രൌഢകളാന ദാസിംതകളാൽ രംഗം ശോഭായമാനമായി വിളങ്ങപ്പെടുവതിന്നേതിന്നത്താൻ' എന്നു കോണോട്ടുകോണെഴുതിച്ച തമിഴിലും എഴുതീട്ടുള്ളതു വായിച്ചു മനസ്സിലാക്കുവാൻ കണ്ടംകുടുങ്ങിക്കു കാൽമണിക്കൂറുസമയം വേണ്ടിവന്നു. പിന്നീടാണ് നിരക്കു വായിച്ചതു്. 'മാന്യന്മാരം പെറവകൊൾകവേണ്ടിയ ഫലവാങ്കൾ ൧ മണിക്കുമുന്നം വിടാം മാനേജരെ തെരിയപ്പെടത്തവേണ്ടിയതു്' എന്നു നിൎദ്ദേശവിധാനത്തിൽ എഴുതീട്ടുള്ളതു വായിച്ചു ഉടനെ വാച്ചു വലിച്ചെടുത്തു നോക്കി. മണി ൧ കഴിഞ്ഞു ൧൦ മിനിട്ടായി. ൧-ാം ക്ലാസുകാൎക്കു വിശ്രമിക്കുവാനുള്ള മുറിയിൽ ചെല്ലാതെ പോകുന്നതു് അവസ്ഥക്കു കുറവാണെന്നു കുട്ടിമൂത്താർ ധരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട മുറിയിലേക്കു കടന്നു. അവിടെ ഇരുന്നിരുന്ന ഒരു യുവാവിനോടു ഒന്നാമതായി ചോദിച്ചതു നാടകത്തിൽ മാന്യസ്ഥാനം കിട്ടുവാനുള്ള മാൎഗ്ഗം ഉണ്ടോയെന്നായിരുന്നു. യുവാവ് എല്ലാം ഏറ്റെടുത്തിക്കൊടുക്കാമെന്നും താനും നാടകക്കാരിൽ ഒരുവനാണെന്നും പറഞ്ഞു. ഇങ്ങിനെ സഹായംചെയ്യു ഒരാളെ കുട്ടിമൂ

ത്താരുടെ ഒന്നാമത്തെ സ്നേഹിതനായി വിചാരിക്കാതിരിക്കയില്ലല്ലോ. പിന്നിട്ടുള്ള സംസാരംകൊണ്ടു മൂത്താർ കാൎയ്യം തുറന്നുപറഞ്ഞു. ടിക്കെററ വാങ്ങുന്നതിന്നു ഒരു മോതിരം ഊരിക്കൊടുത്തു തന്റെ പേരവിവരവും പറഞ്ഞു. നാടകത്തിൽ വന്നു മോതിരം തിരിയെ വാങ്ങിച്ചുകൊള്ളാമെന്നുപറഞ്ഞു വിദ്യാൎത്ഥി അടുത്തുള്ള സത്രത്തിലേക്കു ഓടിക്കയറി. പിന്നാലെതന്നെ ൪ കുതിരകളെ പൂട്ടീട്ടുള്ള ഒരു വണ്ടിയിൽ ആ യുവാവ് കയറി തന്നെ മുമ്പിട്ടുപോകുന്നതും മൂത്താർ കണ്ടു.

* * * *

അന്തിപ്പിച്ച തെണ്ടി അത്താഴം കഴിച്ചു നടക്കുന്ന ചിലമ്പാണ്ടികളിലൊരുവൻ അനന്തൻമൂത്താരുടെ വീട്ടിൽ ഒരു ദിവസം രാത്രി പിച്ചക്കായിച്ചെന്നു. വളരെ നേരം നിലവിളിച്ചിട്ടും ആരും പുറത്തു വരുന്നില്ലെന്നു കണ്ടപ്പോൾ പിച്ചക്കാരൻ പടിക്കലിരുന്നു പാടിത്തുടങ്ങി. വാസനക്കാരനായ പിച്ചക്കാരന്റെ പാട്ടു മാളികയിൽ വായിച്ചുകൊണ്ടിരുന്ന ആനന്ദത്തിന്നു വളരെ സുഖപ്രദമായിത്തോന്നി. ആനന്ദം വായന നിൎത്തി പാട്ടിൽ മനസ്സുവെച്ചുകൊണ്ടിരുന്നു. 'നല്ല കണ്ഠം, അതിവാസന, താളം ലേശം പിഴക്കുന്നില്ല. ഒരു പിച്ചക്കാരൻ ഇങ്ങിനെ പാടുന്നതത്ഭുതംതന്നെ' എന്നു തന്നെത്താൻ പറഞ്ഞുകൊണ്ടു ജനാലയുടെ അടുത്തു ചെന്നു നിന്നു. പിച്ചക്കാരന്റെ ഓരോ പാട്ടും അവസാനിക്കുന്നത്, 'ആനന്ദത്തെക്കമനന്തപ്രഭുവുക്കും അംഗുലീയം പകൎത്തു വന്ദിക്കുന്നേൻ' എന്നായിരുന്നു. എന്തിനേറെപ്പറയുന്നു, കണ്ടാകുട്ടങ്ങിമൂത്താരു കാഞ്ചീപുരത്ത് ഒരു നാടകക്കാരത്തിയെ കണ്ടു ഭ്രമിച്ചു കയ്യിലുണ്ടായിരുന്ന പണ്ടങ്ങളെല്ലാം അവൾക്കു കൊടുത്തു പൂൎവ്വസ്മരണവിട്ടു അവളുടെ ദാസനായിത്തീൎന്നിരിക്കുന്നു എന്നാണ് പാടിയതിന്റെ ആകപ്പാടെയുള്ള താല്പൎയ്യം. പാട്ടിന്റെ സാരവും, രസികത്വവും ആനന്ദത്തിന്ന് ഉള്ളിൽത്തട്ടി. പിച്ചക്കാരനോട് ഈ പാട്ടിന്റെ കാൎയ്യത്തെക്കുറിച്ചു ചിലതെല്ലാം ചോദിക്കുവാനായി ആനന്ദം ഒരു മെഴുതിരിവിളക്കുംകൊണ്ടു ചോട്ടിൽവന്നു കതകു തുറന്നു. പിച്ചക്കാ

രൻ, 'മഹാലക്ഷ്മി! പിച്ചകൊടുക്കുതായ്യേ' എന്നു പറഞ്ഞു വിളക്കു കണ്ടപ്പോഠം അടുത്തുചെന്നു.

കീറിപ്പറിഞ്ഞു നാറിപ്പുളിച്ച തുണികൊണ്ടുള്ള വലിയ വളു സത്തലക്കെട്ടും, നാലാക്കി മടക്കിച്ചുമലിലിട്ടിട്ടുള്ള കമ്പിളിയും, ലക്ഷോപിലക്ഷം തുന്നലുള്ള തോൽസഞ്ചിയും അരയിൽ ചുററിയ മലിനവസ്ത്രവും, പൊണ്ണൻ വടിയും, കഞ്ചാവുകുടുക്കയും കണ്ടപ്പോഠം ആനന്ദത്തിന്നു പിച്ചക്കാരനോടൊന്നും ചോദിപ്പാൻ മനസ്സു വന്നില്ല. ഇതിനിടയിൽ പിച്ചക്കാരൻ ആനന്ദത്തിനെ ഒരു നോക്കു കണ്ടു. ഉടനെ സഞ്ചിയിൽനിന്ന് ഒരു പൊതിയെടുത്തഴിച്ചുകൊണ്ട് 'മഹാലക്ഷ്മി, അന്ത ദീപത്തെ ചിത്തെ അങ്കെ വയ്യുംകൊ' എന്നു പറഞ്ഞു.

ആനന്ദം: 'ഇല്ല. ഇവിടെയിരുന്നു കഞ്ചാവു വലിപ്പാൻ പാടില്ല. നിനക്കു പിച്ച തരുന്നുണ്ടൊ' എന്നു പറഞ്ഞ് ആനന്ദം അകത്തേക്കു കടക്കുന്നതുകണ്ട് പിച്ചക്കാരൻ 'തായെ, ഒരു ഉതവിയാനതു ശെയ്യുംകൊ. നേക്കു അനന്തൻ മൂത്താരുടെ ഊടാനതു ശൊല്ലികൊടുത്താൽ പോരും. പിച്ച വേണ്ടാം.'

ആനന്ദം—എന്തിനാണത്? ഇതുതന്നെയാണ് വീട.

പിച്ചക്കാരൻ—ആനാൽ ആനന്ദം എജ്യക്രു സുശീല ഇശചരാധീനം പൊറക്കെണ്ടികത്താനിരുക്കിരാരു.

ആനന്ദം മറുപടി പറയുന്നതിന്നു മുമ്പ് ഒരു കതകു തുറക്കുന്നതിൻെറ കറ കാ ശബ്ദവും ഹട്ട ഹട്ട! ജോടിയൊപ്പിച്ച് ആട്ടും കേട്ടു. മുത്തിയുടെ രൂപം പ്രത്യക്ഷപ്പെടുകയും ചെയ്തു.

മുത്തി—എട കോമട്ടി! ആനന്ദം പെറക്കൊണ്ടിരിക്കുന്നുണ്ടെന്നൊ. എട വടുക! പെണ്ണുങ്ങഠം ഭത്താക്കന്മാരില്ലാതെ പ്രസവിക്കുന്നതു നിങ്ങടെ ഇടയിലാണ്. അധികപ്രസംഗം പറഞ്ഞാൽ ആട്ടി കണ്ണുപൊട്ടിക്കും. കടക്ക് പടിപുറത്തു!

ഇങ്ങിനെ ഇടിയും മഴയുംപൊലെ ആ മുത്തിയുടെ ആട്ടും ശകാരവും കേട്ടു പുറത്തെടുത്തിട്ടുള്ള സാമാനങ്ങഠം പരിഭ്രമിച്ചു വാരി സഞ്ചിയിലിട്ടു പിച്ചക്കാരൻ ജീവനുംകൊണ്ടു പടി കടന്നു. 'വിരും

ചോരയുമുള്ള കാലത്ത് ആഭിചാരക്കക്ഷികളുടെ മുമ്പിൽ ഒരു പെണ്ണു തനിച്ച് അസമയത്തു ചെന്നുനിന്നതു കുറവല്ലെ. നിന്റെ ഇങ്കിരീസും, പരന്ത്രീസും ഒന്നും അവരോടടുക്കില്ല' എന്നു മുത്തി ആനന്ദത്തിന്റെ നേരെ തിരിഞ്ഞു.

ആനന്ദം—എന്നാൽ ഇനിക്കു ഭയപ്പെടാനില്ലല്ലൊ. സാധു പിച്ച കിട്ടിയില്ലെങ്കിലും പട്ടി കടിക്കാഞ്ഞാൽ മതിയെന്ന മാതിരിയിലായി. പരിഭ്രമംകൊണ്ട് ആയാൾ സാമാനംതന്നെ മുഴുവനും കൊണ്ടുപോയില്ലെന്നു തോന്നുന്നു. അതാ ഒരു മോതിരം.

എന്നു പറഞ്ഞ് അവിടെക്കിടക്കുന്ന ഒരു മോതിരം ആനന്ദം എടുത്തുനോക്കി അന്ധാളിച്ചു നില്ക്കുന്നതുകണ്ട് 'വല്ല ദുർമ്മൂർത്തികളേയും ജപിച്ചു കേററീട്ടുള്ളതായിരിക്കും. തൊടരുത്' എന്നു മുത്തിപറഞ്ഞതിനെ കേൾക്കാതെആനന്ദം മോതിരവുംകൊണ്ട് പടിക്കലേക്കു നടന്നു. 'അയ്യോ! ചതിച്ചല്ലോ മഹാപാപി! ഓടിവരണെ! എന്ന് മുത്തി ഇടവിടാതെ നിലവിളിക്കുന്നതു കേട്ട മൂത്താരും വാലിയക്കാരനും ഉണർന്നുചെന്നു. ആനന്ദത്തിനെ മന്ത്രവാദി വശീകരിച്ചുകൊണ്ടുപോയിരിക്കുന്നു എന്നു കേട്ട് അവർ പടിക്കലേക്ക് ഓടി. ആനന്ദം പിച്ചക്കാരനെ നോക്കിക്കൊണ്ടു പടിക്കു പുറത്തു നില്ക്കുന്നുണ്ടായിരുന്നു.

മൂത്താർ—മകളെ, ഇതെന്തൊരു സാഹസമാണ്? നിനക്കെന്തുപിണഞ്ഞു? വരൂ. അകത്തുപോയിട്ടു വർത്തമാനം പറഞ്ഞാൽ മതി.

ആനന്ദം— അച്ഛൻ പരിഭ്രമിക്കരുത്. എന്നെ ആരും ഒന്നും ചെയ്തിട്ടില്ല. അമ്മ ഇത്രയൊക്കെ ലഹള കൂട്ടുവാനായി ഇവിടെ ഒന്നും ഉണ്ടായിട്ടും ഇല്ല. ഒരു പിച്ചക്കാരൻ അസാധാരണയായി പാടുന്നതുകേട്ട് ആയാൾ ആരാണെന്നു നോക്കുവാനായി ഞാൻ പുറത്തു വന്നു. ആയാളെ ഞാനറികയില്ലെങ്കിലും നമ്മളെ ആയാൾ അറിയുമെന്നു തോന്നുന്നുണ്ട്. ഒന്നുരണ്ടു വാക്കു സംസാരിക്കുമ്പോഴേക്കും അമ്മവന്നു ചീത്ത പറഞ്ഞ് ആട്ടിയോടിച്ചു. ആയാൾ ഒരു മോതിരം മറന്നിട്ടു കൊണ്ടുപോയി. അത് ആയാളെ വിളിച്ചു കൊടുക്കുവാനായി ഞാൻ ഇത്രത്തോളം

വന്നു. ഇതിനാണ് ആഭിചാരം മന്ത്രവാദം എന്നൊക്കെ അമ്മ പറയുന്നത്. എന്നാൽ ഇങ്ങിനെ ഒരു മോതിരം ആയാൾക്കു കിട്ടിയ വഴികൂടി അറിഞ്ഞാൽ കൊള്ളാമെന്ന് ഇനിക്കു മോഹമുണ്ട്.

മൂത്താർ— (മോതിരം വാങ്ങി തിരിച്ചും മറിച്ചും നോക്കീട്ട്.) അത്ഭുതാ ഇതിൽ ആനന്ദത്തിൻേറയും ഒരു പുരുഷൻേറയും ഛായ ഉള്ളിൽ വച്ചുകെട്ടീട്ടുണ്ട്. രത്നവും വില പിടിച്ചതുതന്നെ.

മുത്തി— ദുർമ്മൂർത്തികളെ ജപിച്ചു കേററീട്ടുണ്ടെന്ന് ഇപ്പോഴും ബോദ്ധ്യമായില്ലേ. കണ്ടൻ പററിച്ച പണിയാണിത്.

ആനന്ദം— അമ്മെ! അസംബന്ധം പറയാതിരിക്കു. അച്ഛാ! ആയാളെ ഒന്നന്വേഷിക്കണം.

മൂത്താർ— ആട്ടെ നേരം വെളുക്കട്ടെ. നീ തന്നെ മേളിൽപ്പോയികിടക്കേണ്ട. ഞങ്ങളൊന്നിച്ചു കിടന്നാൽ മതി. മൂത്താരും, മുത്തിയും, ആനന്ദവും കിടന്നതിൻെറ ശേഷം മുത്തി പിച്ചക്കാരനെ പിരാവിക്കൊണ്ടും ആനന്ദം പിച്ചക്കാരനേയും മോതിരത്തേയും പററി ആലോചിച്ചുകൊണ്ടും കുറെ നേരം കിടന്നു. മുത്താരുടെ ചെറിയ കൂക്കം കേട്ടുതുടങ്ങി. മണി 4 അടിക്കുന്നതും ആനന്ദം കേട്ടു. പിന്നീട് കുറച്ചൊന്നു മയങ്ങിയപ്പോഴും 'അയ്യോ! ആവൂ! ഇനി മക്കളെ കളയില്ലേ? ദുഷ്ടത കാട്ടില്ലേ!' എന്നു മുത്തി ഉറക്കെ പിച്ചുപറയുന്നതു കേട്ട് ഉണന്നു. ആനന്ദത്തിൻെറ ആലോചനാസമൂഹത്തിൽ ഇതും ഒരു അംഗമായിച്ചെന്നു.

കാലത്തു മൂത്താർ പിച്ചക്കാരനെ അന്വേഷിച്ചു പുറപ്പെട്ട് എങ്ങും കാണാതെ ഉച്ചയോടുകൂടി വീട്ടിൽ മടങ്ങിയെത്തിയപ്പോഴും ഒരു കമ്പി കിട്ടി. ആനന്ദം കമ്പി പൊട്ടിച്ചു വായിച്ചിട്ട് 'കമ്പി കാഞ്ചീപുരത്തുനിന്നു സ്നേഹിതൻ മുത്തുരത്ന മുതലിയാർ അയച്ചതാണ്. അദ്ദേഹത്തിൻെറ കുട്ടി രത്നത്തെ കെ. രാത്മൃ എം. എ. കല്യാണം കഴിപ്പാൻ നിശ്ചയിച്ചിരിക്കകൊണ്ട് നമ്മളെല്ലാവരും നാളത്തെ മെയിൽവണ്ടിക്കു പുറപ്പെടണമെന്ന് എഴുതിട്ടുണ്ട്'.

മൂത്താർ— ആര്? മുത്തുരത്നമുതലാളിയോ? അദ്ദേഹത്തെ ഈശ്വരൻ കടാക്ഷിക്കട്ടെ. എന്നെ മറന്നില്ലല്ലോ.

ആനന്ദം— അച്ഛാ! രത്നം എന്ന സുശീലക്ക് പ്രായം എന്തായി?

മൂത്തി— മകളെ! നിന്റെ ഇതുപോലെയുള്ള ഒരു ഭർത്താവിനോടു ചേർന്നു കണ്ടാൽ കൊള്ളാമെന്നു വളരെ മോഹമുണ്ട്.

മൂത്താർ— രത്നം മകളല്ല. മകനാണ്. രത്നത്തിന്നു ഒരു വയസ്സു പ്രായമുള്ളപ്പോഴാണ് ഞാൻ മുതലാളിയെ വിട്ടു പിരിഞ്ഞത്.

ആനന്ദം—എന്നാൽ രത്നം എം. എ. അതിലും ചെറുപ്പമായിരിക്കുമല്ലോ. ഇത്ര ചെറുപ്പത്തിൽ എം. എ. പാസ്സായ ഒരു യുവതിയുടെ ബുദ്ധിവിശേഷം ആശ്ചര്യം തന്നെ! ഇവിടെക്ക് ആ യുവതിയെ കാണാൻ വൈകി. ഇവർ ദമ്പതിമാരാവുന്നതിൽ വേണ്ടുന്ന അഭ്യുദയമെല്ലാം ഈശ്വരൻ അവൎക്കു കൊടുക്കട്ടെ.

* * * * *

മെയിൽവണ്ടി കാഞ്ചീപുരത്ത് സ്റ്റേഷനിലെത്തിയപ്പോൾ മുത്തുരത്നമുതലിയാർ വിരുന്നുകാരെ എതിരേല്ക്കുവാൻ സ്റ്റേഷനിൽ ഹാജരുണ്ടായിരുന്നു. കുശലപ്രശ്നം കഴിഞ്ഞ് മൂത്താരായി കുറഞ്ഞൊരു ഗൂഢാലോചന കഴിഞ്ഞതിനുശേഷം മുതലിയാരും വിരുന്നുകാരും സ്റ്റേഷനിൽനിന്നും അധികം അകലമില്ലാത്ത ബംഗളാവിലെത്തി. കല്യാണത്തിന്ന് ആഭരണങ്ങളെല്ലാം അണിഞ്ഞു പുറപ്പെടേണമെന്നു മൂത്തി വളരെ നിൎബ്ബന്ധിച്ചിട്ടും ആനന്ദം സമ്മതിച്ചില്ലെന്നു മാത്രമല്ല പെട്ടി ഒന്നിച്ചു കൊണ്ടുപോകുന്നതിന്നു തൊക്കോൽ കുറ്റം പറഞ്ഞ് ഒഴിഞ്ഞു നിന്നതുകൊണ്ടുണ്ടായിരുന്ന മൂത്തിയുടെ മുകറുവിപ്പ് അപ്പോഴും തീരെ വിട്ടുപോയിട്ടില്ല.

ആനുഭവം ധാരാളമുള്ള കല്പവൃക്ഷങ്ങൾ വെട്ടി വെളുപ്പിച്ചു വളപ്പടച്ച് നെടുമ്പുരയും പന്തലുമിട്ട് ഇയ്യപ്പണികൊണ്ടു വിതാനത്തട്ടും ചായ്പുമുണ്ടാക്കി കലാവൈദഗ്ദ്ധ്യലേശമില്ലാത്ത ചിത്രകാരന്മാരാൽ ബീഭത്സാകൃതിയാക്കി കുറിക്കപ്പെട്ട പുരാണകഥാപുരുഷന്മാരുടെ ചിത്രങ്ങളെക്കൊണ്ട് ആവൃതമായും മുന്നൂറും നാനൂറും ശാഖകളുള്ള സ്ഫടികവിളക്കുകളും പല വൎണ്ണത്തിലുള്ള ഗ്ലോപ്പുകളും തൂക്കിയും

രത്നകന്മളും പൊതിഞ്ഞ കസവുകര പിടിപ്പിച്ചിട്ടുള്ള തൂണുകളിന്മേൽ എരട്ടപ്പഴക്കുലവാഴ കെട്ടിയും മറവുമുള്ള കശപിശമോടികളൊന്നും ആ സ്ഥലത്തുണ്ടായിരുന്നില്ല. എങ്കിലും ശില്പിവരന്മാരുടെ നൈപുണ്യസർവ്വസ്വം പ്രകാശിക്കുന്ന സ്ഥലമായ ആ ബംഗ്ലാവ് ശ്രീഭഗവതിയുടെ വാസസ്ഥലമാണെന്ന് ആനന്ദത്തിന്നു തോന്നി. ആളുകളും അവിടെ അധികമുണ്ടായിരുന്നില്ല. മുതലിയാരും വിരുന്നുകാരും കൂടാതെ രണ്ടുമൂന്നു സ്ത്രീകളും മാത്രമേയുണ്ടായിരുന്നുള്ളൂ. വിരുന്നുകാരിൽ സ്ത്രീകളെ സ്ത്രീകളും, മൂത്താരെ മുതലിയാരും യഥായോഗ്യം സല്ക്കരിച്ചതിന്റെ ശേഷം മുതലിയാരും വിരുന്നുകാരുംകൂടി മാളികയിലേക്കു പോയി.

മുതലിയാർ— അനന്തൻ ഇവിടം വിട്ടിട്ട് കാലം വളരെയായി.

മൂത്താർ— ഉദ്യോഗത്തിന്റെ വയസ്സാണ് കണക്ക്.

മൂത്തി— കല്യാണത്തിന്റെ വട്ടങ്ങളൊന്നും കാണുന്നില്ലല്ലോ. അടിയന്തരം ഇവിടെവെച്ചല്ലെന്നുണ്ടോ.

മുതലിയാർ— അല്ല, അവിടെ തിരക്കായതുകൊണ്ടു സമയത്തിന്നെത്തുന്നതായിരിക്കും സൌകര്യം.

മൂത്തിയുടെ ചോദ്യം ആനന്ദത്തിന്ന് രസിച്ചിട്ടില്ലെന്നു മുതലിയാർ മുഖഭാവം കണ്ട് മനസ്സിലാക്കീട്ട് ആനന്ദത്തിനോട് "മൂത്താരും ഞാനും വേറെയാണെന്നു വിചാരിക്കരുത്"

ആനന്ദം— കണ്ടേടംകൊണ്ട് ആ വിചാരം ഉദിക്കില്ല.

മുതലി— എത്ര പരീക്ഷക്കാണ് പഠിക്കുന്നത്?

മൂത്തി— പെണ്ണിന്റെ നാണം! പറയരുതെ?

ആനന്ദം— അമ്മയുടെ ക്ഷമയില്ലായ്മ എല്ലാം ദിക്കിലും പ്രത്യക്ഷമാക്കേണമെന്നുണ്ടോ?

മുതലിയാർ മൂത്താരുടെ മുഖത്തു നോക്കി ചിരിച്ചുകൊണ്ട്, ആനന്ദത്തിനോട്, ഇതെന്റെ ചോദ്യത്തിനു മറുപടിയായില്ലെന്നു പറഞ്ഞു.

ആനന്ദം— എഫ്. എ. ഇക്കുറി ജയിച്ചു.

മുതലി—എന്റെ മകൻ രത്നം ഇക്കുറി ബി. എ. പാസ്സായി.

മുത്തി— ഇപ്പോൾ വിവാഹം ചെയ്യാൻ പോകുന്ന ആളല്ലേ?

ആനന്ദം— എം. എ. പാസ്സായ ആ യുവതി എവിടെയാണ് ഇനിക്ക് കാണാൻ വൈകി.

മൂത്താർ—അമ്മ എം. എ. യുവതിയല്ല. യുവാവാണ്.

മുത്തി— രത്നം മകനാണെന്നല്ലേ പറഞ്ഞത്?

മുതലി— ഇനിക്ക് മകനും മകളും രത്നംതന്നെ. കുട്ടികൾ വന്നുണ്ടെന്നു തോന്നുന്നു. വണ്ടിവരുന്ന ശബ്ദം കേൾപ്പാറുണ്ട് എന്നു പറഞ്ഞ് മൂത്താരും മുതലിയാരുംകൂടി പുറവാട്ടിലെ പൂമുഖത്തെത്തിയപ്പോൾ വണ്ടിയിൽനിന്നു എറങ്ങിവരുന്ന ഒരു ദാസി അവരെ ഉപചരിച്ച് മാളികയിലേക്കു കയറിച്ചെന്നു. ആനന്ദത്തേക്കാൾ അരമാററ് സൌന്ദര്യം ആ സ്ത്രീക്കുണ്ടെന്നു മുത്തിക്കു തന്നെ തോന്നി. ആനന്ദം ഇരുന്നേടത്തുനിന്നു എഴുനീല്ക്കുന്നതു കണ്ട്, ദാസി, അരു വിനയം മതി. ആനന്ദത്തിൻെറ വർത്തമാനം അച്ഛൻ പറഞ്ഞുധരിച്ചിട്ടുണ്ട്. വേണ്ടവിധം സല്ക്കരിക്കുവാൻ സാധിക്കാത്തതിനെപ്പററി വ്യസനിക്കുന്നു.

ആനന്ദം—അച്ഛനു ഇങ്ങിനെ വിചാരമുള്ളതുണ്ടെന്ന് ഇതുവരെ എന്നോട് അദ്ദേഹം പറഞ്ഞിട്ടില്ലല്ലോ. എന്നെ വിചാരിച്ചിട്ട് ഇനിക്കും വ്യസനമുണ്ട്. പക്ഷെ എൻെറ വ്യസനം ഇപ്പോൾതീരും.

ദാസി—അച്ഛൻ ആഭാസമായ ഒരു വിവാഹത്തിന്നു വട്ടംകൂട്ടികഴിഞ്ഞു. അതു ഭാഗിയാക്കി കലാശിപ്പിക്കേണ്ടതു ആനന്ദമാണ്. ഇനി നമ്മൾ രണ്ടാണെന്നു വിചാരിക്കരുത്. അച്ഛൻെറ അത്യാഗ്രഹത്തോടുകൂടിയ എൻെറ അപേക്ഷ സ്വീകരിച്ചതിൽ ഇനിക്കു വളരെ സന്തോഷമുണ്ട്. വർത്തമാനം ഇനി സാവധാനത്തിൽ പറയാം. നേരവുമായി അതുകൊണ്ടു കല്യാണപ്പന്തലിൽ കയറുവാനുള്ള കോപ്പുകൂട്ടുകയല്ലേ?

മുത്തി—അതുമാത്രം പറഞ്ഞാൽ നടക്കുന്ന കാര്യമല്ല. ഈ അണിഞ്ഞിട്ടുള്ള ആഭരണങ്ങൾതന്നെ അധികമാണത്രെ. പലതരത്തിലായിരം പെണ്ണിന്നുവേണ്ടുന്ന പണ്ടങ്ങളവൾക്കുണ്ട്. പക്ഷെ കെട്ടിക്കാണ്മാൻ യോഗം മനുഷ്യർക്കൊക്കുമുണ്ടാകുമെന്നു തോന്നുന്നില്ല.

രത്നം— ഇംഗ്ലീഷ്മോടിക്ക് ആഭരണം വിരോധമാണെന്നായിരിക്കാം. ഞാനും ഇംഗ്ലീഷ് പഠിക്കുന്നുണ്ട്. പക്ഷെ പണ്ടം വേണ്ടെന്നായിട്ടില്ല. ആഭരണം അധികം വേണമെന്നാഗ്രഹമുള്ളവർ അതു കേട്ടാൽ മടിയെന്നതു പിശുക്കാണെന്നു പറയാം.

ആനന്ദം— പരിഹാസം നന്നായി. എന്നാൽ അമ്മ പറയുന്നതു പോലെ അത്രവളരെ ഒന്നും എനിക്കില്ല. ഉള്ളതു ഞാൻ കൊണ്ടുവന്നിട്ടുമില്ല.

ദാസി— ഒഴികഴിവു നന്നായില്ല. പണ്ടങ്ങൾ ഇവിടെയുണ്ട് എന്നു പറഞ്ഞു ഒരു ചെറിയ പെട്ടി ആനന്ദത്തിൻെറ മുമ്പിൽവെച്ചു അതിലുള്ള ആഭരണങ്ങൾ പുറത്തെക്കെടുത്തു.

മുത്തി— ഇതെന്തൊരത്ഭുതം! ഇതെല്ലാം ആനന്ദത്തിൻെറ ആഭരണമാണെന്നുതന്നെ തോന്നും.

ബാക്കിവഴിയായി കണ്ടാകുട്ടങ്ങിക്കയച്ച പണ്ടങ്ങളും പെട്ടിയും കണ്ടപ്പോൾ ആനന്ദം ദാസിയുടെ മുഖത്തു ഒരു പ്രത്യേകദൃഷ്ടിയോടുകൂടെ 'നിങ്ങൾ മുതലിയാരുടെ മകളല്ലെ' എന്നു ചോദിച്ചു.

ദാസി— അതു വളരെ വിസ്തരിപ്പാനുണ്ട്. പോവാനും വൈകി. തല്ക്കാലം എന്നെ ഒരു ദാസിയാണെന്നുമാത്രം കരുതിയാൽ മതി.

പിച്ചക്കാരൻെറ പാട്ടു ആനന്ദത്തിന്നോൎമ്മ വന്നു. ആഭരണത്തിൻെറകാൎയ്യം അമ്മ അറിയാതെ കഴിപ്പാൻവേണ്ടി ദാസിയോട്, 'ഞങ്ങൾ അച്ഛനൊന്നിച്ച് വന്നുകൊള്ളാം' എന്നുപറഞ്ഞ് ദാസിയെ അയച്ചു. പണ്ടത്തെപ്പറ്റി മുത്തിയോടു ഒന്നും പറയാതെ കഴിപ്പാനായി 'അച്ഛനെവിടെ' എന്നു ചോദിച്ചു താഴത്തെക്കിറങ്ങി. പണ്ടപ്പെട്ടിയുംകൊണ്ടു പിന്നാലെ മുത്തിയും പുറപ്പെട്ടു. തളത്തിൽ മുതലിയാരും മൂത്താരും പിച്ചക്കാരൻെറ മോതിരത്തെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടക്കു ആനന്ദം വരുന്നതുകണ്ടു.

മുതലിയാർ— എന്താ മുഖത്തു പ്രസന്നത കുറഞ്ഞുകാണുന്നതു? പണ്ടങ്ങൾ ബോദ്ധ്യമായില്ലെന്നുണ്ടോ? അതൊ പിച്ചക്കാരൻെറ മോതിരം കൊടുക്കാഞ്ഞിട്ടോ? അതിലുള്ള പുരുഷാകാരമായ ഒരു നാടകക്കാരൻേറതാണ്. ആയാളെ അന്വേഷിച്ചു പിടിക്കാം. വ

ണ്ടിയും വന്നു. രണ്ടായാലും ഇനി താമസിക്കേണ്ട.

ആനന്ദത്തിനാകപ്പാടെ മനസ്സിന്നു സുഖക്കേട്ട തുടങ്ങി. പണ്ടത്തിൻെറ സംശയം തീൎക്കുവാനായി മുത്തി ഓരോരുത്തരോട്ട പ്രത്യേകം ചോദിച്ചുതുടങ്ങി. രാജവീഥികളിലുള്ള മേടകളെപ്പററി വൎണ്ണിച്ച് ആനന്ദത്തിൻെറ കണ്ണിതാ കളവാൻ മുതലിയാർ ശ്രമിച്ചുതുടങ്ങി. പാതകളിലെപ്പുറത്തും വരിവരിയായി കിടക്കുന്ന വണ്ടികൾ കണ്ടുതുടങ്ങി. ദീപാവലി അടുത്തടുത്തു പ്രകാശിച്ചുതുടങ്ങി. ജനങ്ങൾ ടിക്കററ കിട്ടാതെ നാടകക്കാരെ ചീത്തപറഞ്ഞു മടങ്ങിത്തുടങ്ങി. നാടകശാലയുടെ പുരോഭാഗം കണ്ടുതുടങ്ങി. മുതലിയാരേയും മററും ഉപചരിച്ചു വണ്ടിയിൽനിന്നു ഇറക്കി കൊണ്ടുപോയിത്തുടങ്ങി. ആനന്ദത്തമ്മ'മനന്തപ്രഭുവുക്ക അംഗുലീയംവിട്ട വന്ദിക്കുന്നേൻ' എന്നുള്ള മധുരസ്വരം ആനന്ദം കേട്ടുതുടങ്ങി. ഒരു പിച്ചക്കാരൻെറ വേഷം രംഗത്തിൽ കണ്ടുതുടങ്ങി. നാടകശാലയിൽ ചെന്നപ്പോൾ കഥയും വെളിപ്പെട്ടുതുടങ്ങി.

പിച്ചക്കാരൻെറ പാട്ടു പാട്ടും നിൎത്തി. കല്യാണപ്പിച്ച കൊടുങ്കൊ മഹാജനങ്ങളെ' എന്നുപറഞ്ഞു ഓരോരുത്തരോട്ട സമ്മാനം വാങ്ങി ആനന്ദത്തിൻെറ അരികെ ചെന്നുനിന്നു. 'മഹാലക്ഷ്മി! അന്തമോതിരത്തെ തിരുമ്പിക്കൊടുത്ത് ആനന്ദത്തമ്മയിരുക്കെ' എന്നാപേക്ഷിച്ചു കൈനീട്ടി, 'ഇവനാണ് പിച്ചക്കാരനെങ്കിൽ ആ മോതിരം തിരിയെ കൊടുത്തേക്കു' എന്നു മുതലിയാർ പറഞ്ഞതിനെ മുത്താരും സമ്മതിച്ചു. 'ഗ്രഹപ്പിഴ തീരട്ടെ മോതിരം മേടിച്ചോ' എന്നു മുത്തിയും അനുവദിച്ചു. 'പെരിയമ്മാൾ നരിയമ്മ, ചെറിയമ്മ ചിരിയമ്മ' എന്നു തുള്ളിച്ചാടി മോതിരവുംകൊണ്ടു പിച്ചക്കാരൻ പോയി.

നാടകം ക്രമേണ കൊഴുത്തു തുടങ്ങി. ആനന്ദത്തിന്നു പണ്ടങ്ങൾ കൊടുത്ത ദാസി പാടിക്കൊണ്ട് രംഗത്തിൽ പ്രവേശിച്ചു. മുതലിയാർ ചെന്നു ദാസിയെ അരികിലണച്ചു നിൎത്തിക്കൊണ്ട് 'മഹാപ്രഭു കെ. രാത് മു എം. എ. അവർകൾ എൻെറ ഈ കുട്ടിയെ പാണിഗ്രഹണം ചെയ്വാൻ നിശ്ചയിക്കയും, ആ മംഗളകൎമ്മം ഈ മു

ഹൂർത്തത്തിൽ ഇവിടെ വച്ചുതന്നെ കഴിഞ്ഞാൽ കൊള്ളാമെന്ന് അ ദ്ദേഹം ആഗ്രഹിക്കയും ചെയ്യുന്നതുകൊണ്ടു മഹാജനങ്ങൾ മംഗളം ശംസ ചെയ്യാൻ പ്രാർത്ഥിക്കുന്നു' എന്നു വിളിച്ചറിയിച്ച് മാന്യസ്ഥാ നത്തലങ്കാരഭൂതനായ രാത്മ എം. എ. അവർകളെ എതിരേററു കൊണ്ടു പോയി രംഗത്തിൽനിർത്തി. ആളെ വെളിച്ചത്തു കണ്ട പ്പോൾ,

മുത്തി—അതു കണ്ടങ്കുട്ടങ്ങിയല്ലേ?

മൂത്താർ—ഓഹോ! ആണും പെണ്ണുമറിയാത്ത ആ ശപ്പൻതന്നെ. ആനന്ദം— കഷ്ടം! മനുഷ്യരായാൽ മാനവും നാണവും വേണം.

കണ്ടങ്കുട്ടങ്ങി ദാസിയുടെ വലത്തു കൈ തൊട്ടപ്പോൾ അവൾ മറേറ കൈകൊണ്ടു തൻെറ കുചഭാരം ഒന്നു തലോടിയതു കണ്ട് ക ണ്ണും കരയും കാണാതെ കണ്ടൻ ഒരു ഗാഢാശ്ലേഷം ചെയ്തു ഉടനെ വിട്ടു പിന്നാക്കം മാറി. കുട്ടിമൂത്താർ തൻെറ മാറിൽ തെച്ചിട്ടുള്ള സ്വി യതമയുടെ മുലമോട്ടു വലിച്ചെടുത്തു. ചോര ധാരയായൊഴുകുന്നതു സദസ്യർ കണ്ടു.

ദാസി മുല കട്ടകുന്നു എന്നു പറഞ്ഞ് ഒരൂക്ക വലിച്ചു കീറി. മുലക്കിണ്ണം രണ്ടും താഴെ വീണു. തല തട്ടികൊടഞ്ഞപ്പോൾ വാർ മുടിയും ചൂഡാമണിയും ദൂരെത്തെറിച്ചു. 'ആനന്ദത്തകമനന്തപ്രഭ വുകം അംഗുലീയം പവിത്രം വന്ദികളെന്നോൻ' എന്നു പാടി സദസ്യ രെ തൊഴുത് തിരിഞ്ഞുവന്നു ഗസ്റ്റഷനിൽ വച്ചുതന്ന മോതിരത്തി ൻെറ കണക്കു പറഞ്ഞു തിരിച്ചുവേണം ഇവനെ വിട്ടയക്കാൻ എ ന്നു ദാസിയും പിറുപിറുത്തുകൊണ്ടു മുതലിയാരുടെ മകൻ രത്നം ബി. എ. കിങ്കരന്മാരോടുകൂടെ ചാടി വീണു. കണ്ടങ്കുട്ടങ്ങിയേയുംകൊണ്ട് മു തലിയാരും മകൻ രത്നവും മൂത്താരും മററും ഇരിക്കുന്നേടത്തേക്കു ചെന്നു. ആനന്ദത്തിൻെറ ബുദ്ധിക്ഷയം തീക്കുവാനായി മൂത്താർ ഒരു കഥ പറഞ്ഞു.

ഒരു മുതലാളിയുടെ ശമ്പളക്കാരൻ രത്നവ്യാപാരം ചെയ്തു വ രും വഴി ഒരു ദിവസം രാത്രി ഒരു പിശാച് ഒരു പശുക്കുട്ടിയെ കൊ ല്ലുവാൻ ഭാവിക്കുന്നതു കണ്ടു ലഹളകൂട്ടി. അയ്യോ! ദൂരെ എന്നു നി

ലവിളിച്ചു പിശാചു കുട്ടിയെ വിട്ടോടി. അയാൾ അതിനെ എടുത്തു വളൎത്തി. ആ കുട്ടിയാണ് കണ്ടങ്കുട്ടി. ആ ഭൂതമാണ് ഞാൻ. ആ ധാന്യവ്യാപാരിയാണ് മുതലിയാർ. എന്നാൽ പിശാചിൽ ആനന്ദരത്നത്തെപ്പോലെ ഒരു പുത്രി ജനിച്ചതാണ് എന്റെ ഭാഗ്യം.

പിന്നീട് ആനന്ദരത്നത്തിന്റെ ഭാൎയ്യയായിത്തീൎന്നു അച്ഛന്നു പ്രത്യുപകാരം ചെയ്തു.

എം. രാമൻ ബി. എ.

---

# പലവക

പുതിയ മാസികകൾ—പി. ജി. രാമയ്യർ അവർകൾ ബി. എ. ബി. എൽ. കണ്ണമ്പറ കുഞ്ഞുണ്ണിനായർ അവർകൾ ബി. എ. ബി. എൽ. മന്നത്തു നാരായണൻ നായർ അവർകൾ ഇവർ പത്രാധിപന്മാരായി പാലക്കാട്ടുനിന്ന് 1080-മേടം മുതൽ പ്രസിദ്ധം ചെയ്തു തുടങ്ങിയിരിക്കുന്ന 'സാരബോധിനി' എന്ന മാസികയുടെ 1-ാം ലക്കവും കെ. രാമകൃഷ്ണപ്പിള്ള അവൎകളുടെ പത്രാധിപത്യത്തിൽ തിരുവനന്തപുരത്തുനിന്നു പ്രസിദ്ധംചെയ്യുന്ന 'കേരളൻ' എന്ന മാസികയുടെ ആദ്യലക്കമായ മേടം പ്രതിയും സസന്തോഷം കയ്പറ്റിയിരിക്കുന്നു. നൂതനസഹജീവികൾ എന്നും നിലനില്ക്കട്ടെ.

കഴിഞ്ഞ ഇടവമാസം 22-ാംനു- അസ്തമിച്ചു 11 മണിക്കു ഞങ്ങളുടെ മാനേജർ കരിങ്ങാലിപ്പാട്ടര് കുട്ടമശ്ശേരി വിഷ്ണുനമ്പൂരിപ്പാട് പരലോകം പ്രാപിച്ച വ്യസനവൎത്തമാനം വായനക്കാരെ അറിയിച്ചുകൊള്ളുന്നു. അദ്ദേഹം രഞ്ജിനിക്കുവേണ്ടി പ്രയത്നിച്ചിട്ടുള്ളതു വിചാരിക്കുമ്പോൾ രഞ്ജിനി എത്രമാത്രമാണ് അദ്ദേഹത്തിന്നു കടപ്പെട്ടിട്ടുള്ളത് എന്നു പറഞ്ഞാൽ തീരുന്നതല്ല.

## പണം അടച്ചവരുടെ പേരു വിവരം.

| | | | | | |
|---|---|---|---|---|---|
| മ. രാ. രാ. | ടി. കെ. നായർ ററിപ്പാട | അവർകൾ | ൫ | ൮ | ൦ |
| ടി | കെ. കൊച്ചുഗോവിന്ദമേനോൻ | ടി | ൦ | ൧ | ൦ |
| ടി | കരിമ്പറ്റ അച്ചുതമേനോൻ, ബി. എ. ബി. എൽ. | ടി | ൩ | ൦ | ൦ |
| ടി | സി. രാമുണ്ണിമേനോൻ, എൽ. എം. എസ്സ്. | ടി | ൩ | ൦ | ൦ |
| ടി | പി. അച്ചുതമേനോൻ കുടിശ്ശിക ഉൾപ്പടെ | ടി | ൨ | ൬ | ൦ |
| ടി | മണ്ണത്ത കൃഷ്ണമേനോൻ, ബി. എ. ബി. എൽ. | ടി | ൩ | ൦ | ൦ |
| ടി | മാറായിൽ കൃഷ്ണമേനോൻ ബി. എ | ടി | ൩ | ൦ | ൦ |
| ടി | കൊടക്കാട്ട കണ്ടുണ്ണിമേനോൻ | ടി | ൩ | ൦ | ൦ |
| ടി | വി. കെ. രാജാവാസുദേവരാജാ കുടിശ്ശിക ഉൾപ്പടെ | ടി | ൯ | ൦ | ൦ |
| ടി | മൂക്കോത്ത കിട്ടുണ്ണി | ടി | ൫ | ൮ | ൦ |
| ടി | തലശ്ശേരി എഡ്വർഡ കൊറോനേഷൻ റീഡിംഗ് റൂം സിക്രട്ടേറി | ടി | ൫ | ൦ | ൦ |
| ടി | ചോഴിയത്ത മാധവൻ നമ്പൂരി | ടി | ൩ | ൦ | ൦ |
| ടി | പി. എം. ഗോവിന്ദൻ വൈദ്യൻ അഞ്ചുകൊല്ലത്തെ കുടിശ്ശിക ഉൾപ്പടെ | ടി | ൰ | ൧ | ൦ |
| ടി | നാഗർകോവിൽ അമ്മവീട | ടി | ൩ | ൦ | ൦ |
| ടി | കെ. അച്ചുതൻപിള്ള | ടി | ൩ | ൦ | ൦ |
| ടി | ചെമ്മങ്ങാട്ട കുട്ടികൃഷ്ണൻനായർ | ടി | ൩ | ൦ | ൦ |
| ടി | ശ്രീവിശാഖരാമവർമ്മ വായനശാല സിക്രട്ടേറി എവൂർ എൻ. പത്മനാഭപ്പണിക്കർ കുടിശ്ശിക വകയിൽ | ടി | ൩ | ൦ | ൦ |
| ടി | മുടവക്കാട്ട ശങ്കുണ്ണിമേനോൻ | ടി | ൩ | ൮ | ൦ |
| ടി | മാണിക്കത്ത ശങ്കരമേനോൻ | ടി | ൩ | ൦ | ൦ |
| ടി | കെ. കരുണാകരപിഷാരടി കുടിശ്ശിക ഉൾപ്പടെ | ടി | ൩ | ൦ | ൦ |
| ടി | എസ്സ്. വെങ്കിട്ടരാമയ്യൻ | ടി | ൫ | ൫ | ൦ |
| ടി | പാലിയത്ത വലിയ അച്ചൻ | ടി | ൬ | ൦ | ൦ |
| ടി | പാലിയത്ത ചെറിയ അച്ചൻ | ടി | ൩ | ൦ | ൦ |
| ടി | പാലിയത്ത വലിയ കുഞ്ഞുണ്ണി അച്ചൻ | ടി | ൩ | ൦ | ൦ |
| ടി | പാലിയത്ത ചെറിയ കുഞ്ഞുണ്ണി അച്ചൻ | ടി | ൩ | ൦ | ൦ |
| ടി | തെക്കേടത്ത മനക്കൽ ശങ്കരൻ നമ്പൂരി | ടി | ൩ | ൦ | ൦ |
| ടി | കൊപ്പറമ്പിൽ കുഞ്ഞികൃഷ്ണൻ നമ്പ്യാർ | ടി | ൩ | ൦ | ൦ |
| ടി | തയ്ക്കാട്ട നാരായണൻ മൂസ്സ മെം. ലെ. | ടി | ൩ | ൦ | ൦ |
| ടി | വി. കെ. നാരായണമേനോൻ പടമാഞ്ചേരി മെം. ലെ. | ടി | ൩ | ൦ | ൦ |
| ടി | പൊഴങ്കര കൃഷ്ണമേനോൻ മെം. ലെ. | ടി | ൩ | ൦ | ൦ |
| ടി | കിടങ്ങിഴിയത്ത വിഷ്ണുനമ്പൂരി | ടി | ൩ | ൦ | ൦ |
| ടി | ടി. സി. അച്ചുതമേനോൻ | ടി | ൩ | ൦ | ൦ |
| ടി | തണ്ടാശ്ശേരി കുഞ്ഞയ്യപ്പൻ | ടി | ൨ | ൦ | ൦ |
| ടി | എം. എ. ചാക്കൊ | ടി | ൩ | ൦ | ൦ |
| ടി | വി. കെ. നാലുകെട്ടിൽ നാരായണമേനോൻ | ടി | ൩ | ൦ | ൦ |
| ടി | പടിപ്പുരക്കൽ കണ്ടുണ്ണിമേനോൻ | ടി | ൩ | ൦ | ൦ |
| ടി | എൻ. ശങ്കുണ്ണിവാരിയർ | ടി | ൩ | ൦ | ൦ |
| ടി | മാടഞ്ചേരി ശങ്കുണ്ണിമേനോൻ മെം. ലെ. | ടി | ൩ | ൦ | ൦ |

പ്രത്യേകപരസ്യം.
൧൦൭൯ മിഥുനം മാസത്തിന്റെ അവശേഷം.

# രസികരഞ്ജിനി

എറണാകുളം

---

രാജ്യഭരണവിഷയങ്ങളൊഴിച്ചു
മററു സകല വിഷയങ്ങളെപ്പററിയും
യോഗ്യന്മാരായ ലേഖകന്മാർ എഴുതുന്ന
അനേകലേഖനങ്ങളുള്ള ഒരു മാസിക.

ഒരാണ്ടത്തെ വരിസംഖ്യ (മുൻകൂറ) ക. 3

ഉടമസ്ഥൻ—കൊച്ചി 15-ാംകൂറ തമ്പുരാൻ
തിരുമനസ്സുകൊണ്ട്
പത്രാധിപർ—കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ
തമ്പുരാൻ തിരുമനസ്സുകൊണ്ട്



# പ്രത്യേകപരസ്യം.

## 1000 വരിക്കാർ—200 ക. സമ്മാനം.

1081-ാമാണ്ടത്തെ രസികരഞ്ജിനിക്കുള്ള മുഴുവൻ വരിസംഖ്യ മൂന്നുറപ്പികയും ഇക്കൊല്ലം കൎക്കിടകം 31-ാം നു-ക്കകം മാനേജൎക്ക് കിട്ടത്തക്കവണ്ണം അയക്കുന്നവരും ഇതിനുമുമ്പുതന്നെ 1081-ലെ മുഴുവൻ വരിസംഖ്യ അടച്ചിട്ടുള്ളവരും ആയ വരിക്കാരുടെ പേരുകൾ നറുക്കിട്ടെടുത്തു കിട്ടുന്നക്രമംപോലെ താഴെ പറയുന്ന സമ്മാനങ്ങൾ കൊടുക്കുന്നതാകുന്നു.

| | | | | | | |
|---|---|---|---|---|---|---|
| 50 കയിൽ ഒരു സമ്മാനത്തിന്ന് | | ... | ... | ... | ക. 50 |
| 30 കയിൽ | ,, | ,, | ... | ... | ... | ക. 30 |
| 15 കയിൽ രണ്ടു | | ,, | ... | ... | ... | ക. 30 |
| 10 കയിൽ മൂന്നു | | ,, | ... | ... | ... | ക. 30 |
| 5 കയിൽ ആറ് | | ,, | ... | ... | ... | ക. 30 |
| 3 കയിൽ പത്തു | | ,, | ... | ... | ... | ക. 30 |

2. വരിക്കാരുടെ സംഖ്യ അനുസരിച്ച് സമ്മാനസംഖ്യക്ക് ഏറ്റക്കുറച്ചിൽ നിശ്ചയിക്കുന്നതാകുന്നു.

3. 1081-ലെ വരിസംഖ്യ ഏതാനും മാത്രം അടച്ചിട്ടുള്ളവർ മുൻപറഞ്ഞ അവധിക്ക് തികച്ചും അടക്കാത്ത പക്ഷം അവരെ നറുക്കിൽ ചേൎക്കുന്നതല്ല.

4. വരിക്കാരെ ഉണ്ടാക്കി അയക്കുന്നവൎക്ക് അഞ്ചു വരിക്കാരുടെ ഒരു കൊല്ലത്തെ വരിസംഖ്യയായ് 15-കയിൽ കുറയാത്ത ഓരോ സംഖ്യക്ക് ഓരോ ടിക്കറ്റ് സൌജന്യമായി കൊടുക്കുന്നതാകുന്നു.

5. മേൽപ്രകാരം, പത്തു വരിക്കാരെ ഉണ്ടാക്കി സംഖ്യ അയക്കുന്നവൎക്ക് ഓരോ മുപ്പതുറപ്പികക്കു രണ്ടു സൌജന്യ ടിക്കറ്റിന്നു പുറമെ 1081-ാമാണ്ടത്തെ രഞ്ജിനി, വരി കൂടാതെ അയക്കുന്നതുമാകുന്നു.

6. 1081 ചിങ്ങം 5-ാം നു- ഞായറാഴ്ച നറുക്കെടുക്കുന്നതാകുന്നു.

7. 1081 ചിങ്ങത്തിലെ രഞ്ജിനിയിൽ നറുക്കെടുത്ത വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

എറണാകുളം, കോവിലകം }
൧൦൮൦ മിഥുനം ൧൫-ാം നു- }

രസികരഞ്ജിനി മാനേജർ.

ഇനിയത്തെ ഭാഗം പ്രത്യേകം മനസ്സിരുത്തി വായിക്കുക.

# അഭിപ്രായങ്ങൾ

൧. രസികരഞ്ജിനിക്കു പ്രായത്തിന്നു തക്കവണ്ണം പ്രൌഢതയും ആസ്വാദ്യതയും വൎദ്ധിച്ചുവരുന്നതായി കാണുന്നതിൽ സന്തോഷിക്കുന്നു.

മലയാളമനോരമ.

൨. ക്രമത്തിലും യോഗ്യതയിലും നടക്കുന്ന ഈ മാസിക കേരളകുടുംബത്തിലെ സമുദായസ്വത്തായിട്ടു തീരുമെന്നും വിദ്യാസമ്പന്നന്മാരുടെ സഹായംകൊണ്ടു് ഈ മാസിക യഥാൎത്ഥത്തിൽ രസികരഞ്ജിനിയായിത്തന്നെ വളരുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

കേരളസഞ്ചാരി.

൩. വിദ്യാൎത്ഥികൾക്കും രാജാവിന്നും ന്യായാധിപന്നും ഗൃഹസ്ഥന്നും കവിതക്കാരന്നും ഒന്നുവേണ്ട അരസികരസികന്മാൎക്കെല്ലാവൎക്കും വായിച്ചു രസിക്കേണ്ട മാസിക ഇതൊന്നു മാത്രമേ ഉള്ളൂ . . . ഉൽകൃഷ്ടപരീക്ഷാവിജയികളായി കേരളത്തിലുള്ള എല്ലാ മാന്യന്മാരും ഇതിലേക്കു് ലേഖനസഹായം ചെയ്യുന്നുണ്ടെന്നുള്ളതു വളരെ ആശ്വാസജനകംതന്നെ. ഓരോ ലക്കങ്ങളും ഒന്നിനോടൊന്നു കിടപിടിക്കുവാനെന്നു തോന്നുംവണ്ണം മേന്മയെ പ്രാപിച്ചുവരുന്നതുപോലെതന്നെ ഓരോ ലക്കങ്ങളിലും ചേൎത്തുവരുന്ന വിഷയങ്ങളും അഹമഹമികയാ കണ്ടുവരുന്നതു് ഈ മാസികക്കുള്ള പ്രത്യേകം ഒരു വിശേഷഗുണമാകുന്നു.

വിദ്യാഭിവൎദ്ധിനി.

൪. ഇതു ക്രമേണ തന്റെ നാമധേയത്തെ ഉത്തരോത്തരം അന്വൎത്ഥമാക്കി വരുന്നതിൽ ഞങ്ങൾ വളരെ സന്തോഷിക്കുന്നു . . . 'രസികരഞ്ജിനി' രസികരഞ്ജിനിയായിട്ടുതന്നെയാണു് പ്രകാശിക്കുന്നതു്.

സുഭാഷിണി.

൫. വായിച്ചു ഗ്രഹിക്കത്തക്കതും രസിക്കത്തക്കതും ആയ അനവധി ഉപന്യാസങ്ങൾ പ്രസിദ്ധം ചെയ്തുവരുന്ന മാസിക 'രസികരഞ്ജിനി'യാണെന്നു് ഉറപ്പായി പറയുന്നതിൽ ഞങ്ങൾ മടിക്കുന്നില്ല.

സത്യവാദി.

൬. നല്ല എഴുത്തുകാർ സഹായിക്കാനുണ്ടെങ്കിൽ പത്രത്തെയോ മാസികയേയോ നന്നാക്കാനെന്താ പ്രയാസം?

സുജനാനന്ദിനി.

൭. രസികരഞ്ജിനി പ്രായം ചെല്ലുംതോറും നല്ല സ്ഥിതിയെ പ്രാപിച്ചുവരുന്നതായി കാണുന്നതിന്മേൽ ഞങ്ങൾ സന്തോഷിക്കുന്നു.

കേരളമിത്രം.

൮. ഇതു പ്രൌഢങ്ങളായ ഗദ്യപദ്യകൃതികളെക്കൊണ്ടു് ഉപൎയ്യുപരി വിജയപദത്തെ പ്രാപിച്ചു കാണുന്നതിൽ ഞങ്ങൾക്കു നിൎവ്യാജമായ സന്തോഷമാണുള്ളതു്.

സത്യനാദം.

## രസികരഞ്ജിനിയുടെ ചില ലേഖകന്മാർ.

എ. ആർ. രാജരാജവർമ്മ, എം. എ.

എം. രവിവർമ്മരാജ എം. എ. ബി. എൽ.


എം. രാജരാജവർമ്മരാജ എം. എ. ബി. എൽ.

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. എ. ബി. എൽ.

എം. ശേഷഗിരിപ്രഭു എം. എ.

സി. അന്തപ്പായി ബി. എ.

കൊട്ടാരത്തിൽ ശങ്കുണ്ണി



(അടുത്ത രഞ്ജിനിയിലെ ഒരു ചിത്രം)

കൊടുങ്ങല്ലൂർ കൊച്ചുണ്ണിതമ്പുരാൻ

കുണ്ടൂർ നാരായണമേനോൻ ബി. എ.

പി. ജി. രാമയ്യർ ബി. എ. ബി. എൽ.

കാരാട്ട് അച്യുതമേനോൻ ബി. എ. ബി. എൽ.

ഒറവങ്കര നീലകണ്ഠൻ നമ്പൂരി

നടുവത്തു നമ്പൂതിരിമാർ

കെ. പരമുപിള്ള എം. എ.

വേറെയും അനേകയോഗ്യ ലേഖകന്മാർ

---

### അപേക്ഷയ്ക്കുള്ള ഫാറം

രസികരഞ്ജിനി മാനേജർ അവർകൾക്ക

ബോധിപ്പിക്കുന്നു.

1081-ലെ രഞ്ജിനിക്ക് ഒരു പ്രതിക്കുള്ള വരിസംഖ്യ 3 ക. ഇതോടൊന്നിച്ച് മണി ആർഡർ ആയി അയക്കുന്നു. പത്രം ക്രമമായി അയച്ചുതരുവാൻ അപേക്ഷിക്കുന്നു.

പേര് ______________________________

മേൽവിലാസം

൧൦൮൧ മാസം നം. ഒപ്പ്

# P. SUBBAROY'S

## World-renowned and most efficacious Ayurvedic medicines


മരുന്നു സേവിച്ചതിനു മുമ്പു.



പി. സുബ്ബറായിയുടെ ലോകപ്രസിദ്ധങ്ങളും ഏററവും ഫലവത്തുക്കളും ആയ ആയുൎവ്വേദഔഷധാലയം.

### ൧. ലോകപ്രസിദ്ധമായധാതുപുഷ്ടികാരി

ധാതു നഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നീററൽ, നീരൊഴിവു, പ്രമേഹം, കല്ലടപ്പു (മൂത്രഘാതം) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണേന നിവൃത്തിച്ചു രക്ഷപ്പെടുത്തും.



മരുന്നു സേവിച്ചതിന്റെ ശേഷം.

ഡപ്പി ഒന്നുക്കു വില ഉറുപ്പിക ൨, തപാൽ ചിലവു വകയ്ക്കു അണ ൬ വേറെ.

### ൨. പ്രമേഹനിവാരിണി.

സിരാമേഹം, ഇടുപ്പുവലി, മൂത്രം ധികമായും തടഞ്ഞും പോകുക, മേഹം, പുകച്ചൽ, രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവൃത്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും. കുപ്പി ൧ ക്കു വില ഉറുപ്പിക ൧. മൂന്നു കുപ്പികൾവരേയുള്ള ബങ്കിക്കു തപാൽ ചിലവു അണ ൩.

### ൩. സൎവ്വവേദനസംഹാരി.

ഈ തൈലം അല്പം പിരട്ടിയാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വീക്കം, മുടക്കുവാതം, നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാകുന്ന ശൂല, ഇടുപ്പുവേദന, പാൎശ്വവായു, മേഹവായു, തിമിരവായു മുതലായ പല വ്യാധികൾ ഭേദപ്പെടും. കുപ്പി ഒന്നുക്കു വില ഉറുപ്പിക ൧. തപാൽ ചിലവു അണ ൩.

### ൪. മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴുക്കടി, തഴുതണം, നഖങ്ങാണി എന്നീ പേരുകളുള്ള രോഗത്തിനു സിദ്ധൌഷധം. ത്വഗ്രോഗങ്ങൾ പലതും മാറും. തേമൽ മേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും. വില കുപ്പി ഒന്നിനു ൮-ണ. തപാൽ ചിലവു മൂന്നു കുപ്പിവരെ ൩ ണ വേറെ.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആൎക്കാട്ട് ജില്ല.

## ൫. ലക്ഷ്മീകര കസ്തൂരിഗുളികകൾ

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സഞ്ചയം ഉപയോഗിക്കേണ്ട വിലയേറിയ സാധനം. ദന്തവേദന, വായ്നാററം, അജീർണ്ണം, പിത്തവായു ഇവയെ ശമിപ്പിക്കും.



തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തേയും ജീർണ്ണപ്പെടുത്തും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. ചളി, ക്ഷാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏററക്കുറച്ചിൽപോലെ ഒന്നുമുതൽ ൪ വരെ ഗുളികകൾ വെററിലച്ചാററിൽ കൊടുത്താൽ മതി. ൨൦൦ ഗുളികകൾ ഉള്ള കുപ്പി ൧-൦ വില ണ ൪. ൧ മുതൽ ൧൨ വരെ കുപ്പികൾ അടങ്ങിയ ബങ്കി ൧-൪ തപാൽകൂലി ഉണ.

## ൬. ദന്തചൂർണ്ണം.

സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിനു ൬- ണ. തപാൽ ചിലവു ൨ കുപ്പിവരെ ൩ ണ വേറെ.

## ൭. ജ്വരസംഹാരി.

കുളിപ്പനി, മൂറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവയ്ക്കു നന്നു. വില കുപ്പി ഒന്നിനു ൧-൪. തപാൽ ചിലവു ൭ ണ. വേറെ.

## ൮. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി മീശ ഇമ ഇവ ബഹു പുഷ്ടിയായും ഞെരുക്കമായും കറുപ്പായും വളരും. കണ്ണിന്നു കുളുർമ്മയുണ്ടാക്കും. സകല കൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പിച്ച രോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിന്നു നല്ല തെളിച്ചമുണ്ടാക്കും. വില കുപ്പി ഒന്നിനു ൮ ണ. തപാൽ ചിലവു ൩ ണ വേറെ.

## ൯. രോമസംഹാരി.

രോമം എവിടെ വേണ്ടാതാക്കണമോ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാക്കാതെ രോമത്തെ മാററും. വില കുപ്പി ഒന്നിനു ൪ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ ണ വേറെ.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

## ൨൦. അഗ്നിമാന്ദ്യസംഹാരി.

ഭക്ഷണമില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചുകലിക്കുക, മലബന്ധം, വയറുനോവു, വായുനാശം, അജീൎണ്ണം, വയറുവീൎക്കുക, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നുക്ക അണ ൮. തപാൽകൂലി അണ ൧ വേറെ.

## ൨൧. കൎണ്ണബിന്ദു.

ചീക്കുളു, ചെവികുത്തു, ചെവിയടപ്പു, ഇരച്ചിൽ മുതലായ കൎണ്ണരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും. വില കുപ്പി ൨ക്ക ൮ ണ. തപാൽ ചിലവ മൂന്ന കുപ്പികൾവരെ ൧ ണ വേറെ.

## ൨൨. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും. അജീൎണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലപിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി ഒന്നിന്ന ൮ ണ. തപാൽ ചിലവു ൨ മുതൽ ൫ വരെ ഡപ്പികൾക്ക ൧ ണ. വേറെ.

## ൨൩. നേത്രബിന്ദു.

കൺനോവു, കൺകുത്തു, ചൂച്ചം, നീരെടുപ്പു, മിന്നൽ, മാലക്കണ്ണു, പീളകെട്ടു, ചെവളച്ച്, പൂവു, ചൊറപ്പു, എരിച്ചിൽ, ഇമ, പൂരികം ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില കുപ്പി ഒന്നിന്ന ൮ ണ തപാൽ ചിലവു മൂന്ന കുപ്പികൾവരെ ൧ ണ വേറെ.

## ൨൪. സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണത്താലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കും. വില ഡപ്പി ഒന്നിന്ന ൮ ണ. തപാൽ ചിലവു ൧ വരെ ഡപ്പികൾക്ക ൧ ണ വേറെ.

## ൨൫. മൃഗകസ്തൂരി.

കാഷ്മീരിൽനിന്നു വരുത്തിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസ്സിൽ ഉണ്ട. ത്രപാത്തൂക്കത്തിന്ന ൮ ക. വില. ഒരു ത്രപാമുതൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവു പുറമെ, എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തേക്കെ ആൎക്കാട്ട് ജില്ല.

## ൧൬. തേൾവിഷത്തിന്നു സിദ്ധൌഷധം.

തേൾകടിച്ച സ്ഥലത്തു രണ്ടുതുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസമുണ്ടാകും. ഒരു കുഡുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി ൧-ക്ക ൧ ക ൪ ണ. ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവൎക്ക ഡസൻ ൧ ക്ക ൨ ക. ൮ ണ. ഉള്ളവിലയിൽ കുറച്ചുമാത്രമെ വില ചുമത്തുന്നുള്ളു. വി. പി. കമ്മീഷൻ ൩ ണ പുറമേ. ഇൻഡ്യയിലും ബൎമ്മയിലും ൧൨ കുപ്പിവരേ വി. പി. കമ്മീഷൻ ൩ ണ. സിലോൺ ടി ൭ ണ.

## ൧൭. വ്രണവിരോപണ തൈലം.

ഈ കുഴമ്പു പിത്തപ്പുണ്ണു മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇതു സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില ൮ ണ. മൂന്നു കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ മാത്രം.

## ൧൮. കണ്ഠശുദ്ധിഗുളിക.

ഇതു കണ്ഠം തെളിഞ്ഞു ശാരീരം നന്നാവുന്നതിന്ന അതി വിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു സംഗീതക്കാൎക്കും, പ്രസംഗക്കാൎക്കും, പാതിരിമാൎക്കും, ശബ്ദാവയവംകൊണ്ടു അത്യായാസം ചെയ്യേണ്ടവരായ മറെറല്ലാവൎക്കും വളരെ ഉപയോഗമുള്ളതുമാകുന്നു. വില ൮ ണ. വി. പി. കമ്മീഷൻ ൬ കുപ്പിവരെ ൬ ണ.

## ൧൯. സ്നാനചൂൎണ്ണം.

ഈ പൊടി തേച്ചുകുളിക്കുന്നതിന്ന വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞ, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു. വില ൮ ണ. വി. പി. കമ്മീഷൻ ൨ ണ.

## ൨൦. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം അൎശസ്സ, ഉറക്കമില്ലായ്ക ഇവയ്ക്കും ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മദ്ധ്യവയസ്സന്മാൎക്കും ഒരുപോലെ ഉപകരിക്കാവുന്നതാകുന്നു. വില ൧൦ ണ. വി. പി. കമ്മീഷൻ ൬ കുപ്പിവരെ ൩ ണ.

---

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആൎക്കാട്ട ജില്ല.

## ൨൧. ഒന്നാംതരം ഗോരോചന ഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരള ഇതുകളിൽ ഉണ്ടാവുന്ന ഉപരോഗങ്ങൾക്കും മലബന്ധം, തലവേദന, ചുമ, അതിസാരം, അശക്തി, ഉറക്കമില്ലായ്ക, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൩ ണ. വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൩ ണ.

## ൨൨. ചൎമ്മരോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ, ചൊറി, പോളൻ, ചൂട, പുഴുക്കടി, താൻ ണ്ണം, ഒട്ടവട്ട മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ചൎമ്മരോഗങ്ങൾക്കും ഏറ്റവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി. പി. കമ്മീഷൻ ൩ ണ.

മേത്തരം ഗോരോചനം തോല ൧-ക്ക വില ൩ ക. മേത്തരം കുങ്കുമകുസുമം തോല ൧-ക്ക വില ൧ ക. മേത്തരം പച്ചക്കർപ്പൂരം, തോല ൧-ക്ക വില ൨ ക. മേത്തരം രോജാ അത്തർ, മല്ലിപ്പൂ അത്തർ, വെട്ടിവേർ, താഴമ്പൂ, മരിക്കൊളുന്തു, ജാതിമല്ലി, സുഹാഗ, ഹന, മഗിഡമ്പു, അത്തർ മുതലായതുകൾ എപ്പോഴും തയ്യാറുണ്ട്. ഇവ ഒരു തോല. ഇതിന്ന ക. ൧-വ്വ തപാൽകൂലിപുറമെ.

| | | | | ക. | ണ. | സ. |
|---|---|---|---|---|---|---|
| ഒന്നാംതരം | ഗോരോചനം | തൃപാത്തുക്കും | ൧-ക്ക | ൩ | 0 | 0 |
| ടി | മഞ്ഞൾ | ടി | ൧-ക്ക | ൧ | 0 | 0 |
| ടി | പച്ചക്കർപ്പൂര | ടി | ൧-ക്ക | ൧ | 0 | 0 |

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴുതണം.

പി. സുബ്ബരായി, പറങ്കിപ്പേട്ട, തെക്ക ആർക്കാട്ട് ജില്ല.

## പുതിയ പുസ്തകങ്ങൾ.

**പ്രിയവിലാപം—**

പള്ളിക്കൂടം മയ്യ്യാറെഞ്ചു ഇൻസ്പെക്ടർ എം. രാജരാജവൎമ്മ എം.എ. തമ്പുരാൻ തിരുമനസ്സുകൊണ്ടു രചിക്കപ്പെട്ട പുസ്തകം ഒന്നുക്കു വില അണ ൫.

**കഥാമഞ്ജരി, കരടകന്റെ വിക്രമങ്ങൾ—**

കൊല്ലം ഇംഗ്ലീഷു ഹൈസ്കൂൾ ഹെഡമാസ്റ്റർ കെ. പരമുപിള്ള എം. എ. അവർകളാൽ ഉണ്ടാക്കപ്പെട്ടതും വളരെ രസകരമായതും ആയ പുതിയ പുസ്തകം ൧-ക്കു വില അണ ൨ പൈ ൩.

**സാവിത്രി—**

ഹജൂർ ഹെഡട്രാൻസ്ലേട്ടർ കെ. ചിദംബരവാദ്ധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു കഥാ പുസ്തകം ൧-ക്കു വില അണ ൬.

**മാധവനിദാനം—**

സർക്കാർ വൈദ്യൻ പറവൂർ വി. കേശവനാശാനവർകളാൽ എഴുതപ്പെട്ട, 'സാരചന്ദ്രിക' ഭാഷാവ്യാഖ്യാനം. വില രൂപ ൨.

**പുതിയ മൂന്നാംപാഠ നോട്ടു മുഴുവൻ—**

വി. എൻ. ഗോവിന്ദപ്പിള്ള അവർകളാൽ എഴുതപ്പെട്ട, (പദാൎത്ഥം, ചോദ്യങ്ങൾ, സാരം ഇവ അടങ്ങിയ) പുസ്തകം ഒന്നിനു വില പണം ൨.

**കീൎത്തികേസരി—**

സി. കൃഷ്ണപിള്ള അവർകളാൽ എഴുതപ്പെട്ടതും സി. എൻ. എ. രാമയ്യാ ശാസ്ത്രികൾ ബി. എ. അവർകളാൽ ൧-ാംഭാഗം പരിശോധിക്കപ്പെട്ടതുമായ, ൧-ഉം ൨-ഉം ഭാഗം അടങ്ങിയ പുസ്തകം ഒന്നുക്കു വില അണ ൧൮.

**മനോരമ—**

പൈലോ പാൾ ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു പുതിയ കഥ വില അണ ൫.

**പഴഞ്ചൊല്ല്—**

മി- യാരാൽ ഉണ്ടാക്കപ്പെട്ടത, പുസ്തകം ഒന്നുക്കു വില അണ ൪.

**ഉൎവ്വശീഫൽഗുനം—**

കോതമംഗലം കെ. ആർ. കൃഷ്ണപിള്ളയാൽ എഴുതപ്പെട്ട സംഗീതഭാഷാനാടകം. വില അണ ൨. പൈ ൩.

**രസാലരാജൻ കഥ—**

റി. കെ. പി. അവർകൾ എഴുതിയ പുസ്തകം. വില അണ ൨.

**സോമസുന്ദരൻ—**

മിസ്റ്റർ പത്മനാഭൻ എഴുതിയ ഒരു കഥ ഒന്നുക്കു അണ ൨ പൈ ൩.

**ഒത്രമുനി—**

മിസ്റ്റർ വി. മമ്മു എഴുതിയ ഒരു പുതിയ കഥ ഒന്നാക്ക അണ ൩.

**ലീലാവതി—**

മിസ്റ്റർ ലക്ഷ്മണൻപിള്ള എഴുതിയ അതിവിശേഷമായ നോവൽ വില ൩ ണ.

**കൈവല്യശതകം—**

മിസ്റ്റർ പരമുപിള്ള എഴുതിയത. ൧ക്ക അണ ൧.

**സന്താനവല്ലി—**

മിസ്റ്റർ രാമമേനോൻ എഴുതിയ കഥ ൧ക്ക വില അണ ൧.

**ശംകരകൃതി—**

അ. മുൻസിപ്പായിരുന്ന മിസ്റ്റർ ശങ്കരപ്പിള്ള അദ്ദേഹം ഓരോസമയങ്ങളിൽ ഉണ്ടാക്കിയ കവിതകളെല്ലാം ചേൎത്തു സംഗീതമായും തുള്ളക്കഥയായും അച്ചടിച്ചിട്ടുള്ളത പുസ്തകം ൧-ക്ക ൪ അണ.

**മിസ്റ്റർ സി.എം. മാധവക്കുറുപ്പ—**

മിസ്റ്റർ കേശവക്കുറുപ്പു എഴുതിയ ഒരു ഡിടക്കറീവ നോവൽ. വില അണ ൨

**അവതാരത്രയചരിതം—**

സൌഭാഗ്യവതി ഇത്തിക്കാട്ടു ദേവകി അമ്മയാൽ എഴുതപ്പെട്ട പുതിയ പദ്യപുസ്തകം. വില അണ ഒന്നര.

**അദ്ധ്യാത്മരാമായണം—**

കെ. സാംബശിവശാസ്ത്രി മഹോപാദ്ധ്യായനവർകളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയത. വായനക്കാരുടെ സൌകൎയ്യാൎത്ഥം ഓരോ കാണ്ഡങ്ങളും പ്രത്യേകമായി അച്ചടിച്ചുവരുന്നു. ഇതിൽ പദങ്ങളുടെ വിവരണമായ അൎത്ഥം ഓരോ ശ്ലോകങ്ങളുടേയും സാരം ഇവകൾ അടങ്ങിയിരിക്കും. പുസ്തകം എല്ലാം കാണ്ഡങ്ങളും ഒന്നായും ബയൻറു ചെയ്തു വില്ക്കപ്പെടും.

**മയൂരസന്ദേശം മണിപ്രവാളം—**

കേരളവൎമ്മ സി. സ്സ. ഐ. എഫ. എം. യു. എം. ആർ. എ. എസ്സ് എഫ്. ആർ. എച്ച്. എസ്സ്. വലിയ കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ടതു. എം. ആർ. രാജരാജവൎമ്മ എം. എ. എം ആർ. എ എസ്സ്. കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ട മൎമ്മപ്രകാശം എന്ന വ്യാഖ്യാനത്തോടുകൂടി തിരുമനസ്സിലെ അനുവാദം വാങ്ങി അച്ചടിച്ചു കഴിഞ്ഞിരിക്കുന്നു. ഉയൎന്നതരം കടലാസ്സിൽ അച്ചടിച്ചതിന്ന ൧൧ ണ യും താണതരത്തിലുള്ളതിന്ന ൮ണ യും വിലയാകുന്നു.

**ദാക്ഷായിണി—**

കോമത്തു കുഞ്ഞുപ്പണിക്കർ അവർകളാൽ എഴുതപ്പെട്ടത വിലഅണ ൮.

**കാൎത്തവീൎയ്യാൎജ്ജുനവിജയം തുള്ളക്കഥ—**

മലയാളം ഹൈസ്കൂൾ ഹെഡമാസ്റ്റർ കെ. ആർ. കൃഷ്ണപിള്ള ബി. എ അവർ

കളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയ പുസ്തകം ഒന്നുക്ക വില അണ ൨.

**താതോപദേശം —**

വി. കെ. കേശവനവർകളാൽ എഴുതപ്പെട്ട ഒരു പുതിയ മണിപ്രവാളകൃതി. പുസ്തകം ഒന്നുക്ക വില അണ ഒന്നര.

**കാന്തോപദേശം —**

തിരുവല്ലവി. രാമൻവൈദ്യർ അവർകളാൽ എഴുതപ്പെട്ടത. വില ൧ പൈ

**മനുസ്മൃതി —**

കെ. ഗോവിന്ദപ്പിള്ള അവർകളാൽ 'ഭാവപ്രകാശം' എന്ന വ്യാഖ്യാനത്തോടുകൂടി എഴുതപ്പെട്ട പുസ്തകം ഒന്നുക്ക വില രൂപ ൨.

**വിക്രമാദിത്യൻകഥ —**

ടി യാരാൽ എഴുതപ്പെട്ട മൂന്നാം പതിപ്പു പരിഷ്കരിച്ചു വിദ്യാഭിവർദ്ധിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടതു. വില ൧൨ അണ.

**മദനകാമരാജൻ കഥ —**

ടി യാരാൽ എഴുതപ്പെട്ട, മൂന്നാം പതിപ്പു. വിദ്യാഭിവർദ്ധിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടതു. വില ൧ ണ. ടി. അംബയിന്റെ പുസ്തകം ൧൨ക്ക വില ൨ ണ.

**കഥാസരിത്സാഗരം —**

ടി യാരാൽ എഴുതപ്പെട്ട, പുസ്തകം ഒന്നുക്ക വില അണ ൧.

**സതാരം —**

ടി യാരാൽ എഴുതപ്പെട്ട, പുസ്തകം ഒന്നുക്ക വില അണ ൪.

**അത്ഭുതകവിമങ്ക —**

വി. ജി. ലക്ഷ്മണൻപിള്ള അവർകളാൽ എഴുതപ്പെട്ട പുതിയ കഥ വില ൪ ണ.

**വക്കലസ്ഥലമാഹാത്മ്യം —**

കണ്ണമ്പള്ളിൽരാമൻപിള്ള ആശാനവർകളാൽ എഴുതപ്പെട്ടത. വില ൧൦ ണ.

**എനിക്കുപററിയ അപകടങ്ങൾ —**

വില അണ ൩.

**ഭൂലോക വിനോദ കഥകൾ —**

കണ്ടിയൂർ മഹാദേവയ്യരവർകളാൽ എഴുതപ്പെട്ടത. വില അണ ൭.

**ചട്ടമ്പിത്തലവൻ —**

കെ. ചിദംബരവാദ്ധ്യാർ. ബി. എ. അവർകളാൽ എഴുതപ്പെട്ട, ഒരു വിനോദകഥ. ഒന്നുക്ക വില അണ ൪.

**ഡയറി —**

ബയൻറുചെയ്തതു. ഒന്നുക്ക വില അണ ൪

മറ്റും പല പുസ്തകങ്ങളും ഇവിടെ വില്പാൻ തയ്യാറുണ്ട. തപാൽകൂലി പുറമെ. എല്ലാ പുസ്തകങ്ങളുടേയും പേരും വിലയും അറിഞ്ഞു പുസ്തകങ്ങൾ വരുത്തേണമെന്ന ആവശ്യപ്പെടുന്നവർ അരയണസ്റ്റാമ്പു അയക്കണം.

എസ്. റി. റെഡ്യാർ വിദ്യാഭിവർദ്ധിനി ഉടമസ്ഥൻ, കൊല്ലം, തിരുവിതാംകൂർ.

# സംഗതിവിവരം.


1. ജപ്പാൻകാരും അവരുടെ ചക്രവൎത്തിയും— സി. എസ്സ്. ഗോപാലപ്പണിർ, ബി. എ. ... ... ... ... ... 633

2. റായിബഹദൂർ ക. ചന്തുമേനോൻ ... ... ... ... 642

3. മലയാളികളുടെ വിവാഹം— എം. രാമൻതമ്പി, ബി. എ. എം. എൽ. ... ... ... ... ... ... ... 645

4. ഇന്ദ്രജാലം .. ... ... ... ... ... ... ... 652

5. സാമൂരിപ്പാടും പറങ്കിഅമരാലും തമ്മിലുണ്ടായ ആദ്യത്തെ കൂടികാഴ്ച— പി. ഗോവിന്ദമേനോൻ, ബി. എ. ... 656

6. സംഭാഷണം— കാരാട്ടു അച്ചുതമേനോൻ, ബി. എ. ബി. എൽ. ... ... ... ... ... ... ... 663

7. ഏകാദശിമാഹാത്മ്യം—മച്ചാട്ടിളയത(ശാന്തപ്പിള്ള) ... 670

8. മനുഷ്യർ വാനരന്മാരുടെ സന്തതികളാകുന്നുവോ?— സി. അനന്തപ്പായി, ബി. എ. ... ... ... ... ... ... 675

9. ചണ്ഡാളൻ— കെ. കുഞ്ഞുണ്ണിനായർ, ബി. എ. ബി. എൽ. ... ... ... ... ... ... ... ... 679

10. പലവക ... ... ... ... ... ... ... ... 671



വിദ്യാവിനോദിനി അച്ചുകൂടം



ഒയ്യാരത്തു ചന്തുമെനൊൻ

[1021 ധനു 9-ാനു- ജനിച്ചു—1075 ചിങ്ങം 23-ാനു- മരിച്ചു]

(രസികരഞ്ജിനി)

# രസികരഞ്ജിനി


൧൦൮൦

പുസ്തകം ൩. കർക്കിടകമാസം ലക്കം ൧൨.

## മംഗളം.

ഭൂവിചക്രവർത്തിയാണെ-
ന്നവികലമൊരുപേരുകേട്ടബലിയേയും
കവിയാഴ്ത്തിയെന്നമക്കും
ത്രിവിക്രമൻവാമനൻജയിക്കട്ടേ.

# ജപ്പാൻകാരും അവരുടെ ചക്രവർത്തിയും.



കഴിഞ്ഞ മുപ്പതിൽചില്വാനം സംവത്സരങ്ങളായ ചുരുങ്ങിയ ഒരു കാലത്തിനകത്ത് രാജ്യതന്ത്രവിഷയങ്ങളിലാകട്ടെ, വിദ്യാഭ്യാസവിഷയങ്ങളിലാകട്ടെ, വ്യവസായവിഷയങ്ങളിലാകട്ടെ, വേറെ ഏതെങ്കിലും വിഷയങ്ങളിലാകട്ടെ, സകല ജനങ്ങളേയും വിസ്മയബഹുമാനാകുലചിത്തന്മാരാക്കത്തക്കവണ്ണമായി ലോകത്തിലെ മററു യാതൊരു ജാതിക്കാരുടേതിലും

തങ്ങനില്ലാത്തതായ ഒരു മഹോൽകൎഷം സമ്പാദിക്കുകയും, വിശേഷിച്ചു യുദ്ധവിഷയത്തിൽ ലോകത്തിലെ സാമാന്യരാജ്യക്കാരെയെല്ലാം കീഴൊതുക്കി നികുതിയും കപ്പവും വാങ്ങി അവരെയെല്ലാം മേൽകോയ്മകളായി വൎത്തിച്ചുപോരുന്ന പരമബലികളായ യൂറോപ്യൻമഹാകോയ്മകളുടെ കൂട്ടത്തിൽ അമിതബലിയാണെന്നു പേർകേട്ട തങ്ങളോടുകൂടി ഇടയുന്ന കാൎയ്യത്തിൽ മററുള്ള കോയ്മകളെ എത്രകാലപൎയ്യന്തം ഭയാക്രാന്തന്മാരാക്കിത്തീൎത്തു ദൂരെ നിൎത്തിവെച്ചിരുന്ന ആ റഷ്യൻകോയ്മയെ കൂസക്കൂടാതെ കടന്നുപിടിച്ചു യുദ്ധത്തിൽ വലിച്ചിറക്കി ഈ കഴിഞ്ഞ പതിനെട്ടുമാസമായി നടത്തിക്കൊണ്ടുവരുന്നതും, ഇപ്പോഴും അവസാനിച്ചിട്ടില്ലാത്തതുമായ ഭയങ്കരസമരത്തിൽ, കഴിഞ്ഞേടത്തോളംകൊണ്ടു നോക്കിയാൽ, ഒരു രണാങ്കണത്തിലെങ്കിലും പരാജിതന്മാരാകാതെതന്നെ ശത്രുക്കളുടെ കാലാൾപ്പട പകുതിയിലധികവും നാവികസൈന്യം മുഴുവനും പൊടിഭസ്മമാക്കി ആ ശത്രുക്കോയ്മയെ മൂക്കുകുത്തിക്കത്തക്കവണ്ണമായി സകല ജാതിക്കാരേയും അതിശയിക്കുന്നതായ ആ അത്യത്ഭുതബലവീൎയ്യപരാക്രമങ്ങളുടെ ഒരു മഹിമയെ പ്രദൎശിപ്പിക്കുകയുംചെയ്തുകൊണ്ടു ലോകംമുഴുവനും ഹഠാൽകാരേണ വശീകരിച്ചു സകലജനങ്ങളേയും അപഹൃതചിത്തവൃത്തികളാക്കിച്ചെയ്തിരിക്കുന്നവരും, പൂൎവ്വാബ്ധിയുടെ വടക്കുഭാഗത്തുകിടക്കുന്ന ആ ദ്വീപാന്തരനിവാസികളും, വിഷ്ണുവിൻെറ ഒരു അവതാരമാണെന്നു നമ്മുടെ പുരാണങ്ങൾ ഘോഷിക്കുന്ന ശ്രീബുദ്ധമഹൎഷിയുടെ മതാനുയായികളുമായ ആ ചെറിയ ജാതിക്കാരേയും, അവരുടെ കൂട്ടത്തിലുള്ള ടോഗോ, ഒയാമ, കുറോകി, ഓകു, നോഗി, നൊസു മുതലായ ആ മഹാപ്രമാണികളേയും, പുത്രന്മാരിലെന്നപോലെ തൻെറ പ്രജകളിൽ തനിക്കുള്ള നിഷ്കളങ്കവാത്സല്യത്താലും പിതാവിലെന്നപോലെ തന്നിൽ തൻെറ പ്രജകൾക്കുള്ള നിൎവ്യാജഭക്തിസ്നേഹബഹുമാനങ്ങളാലും സൎവ്വദാ ശോഭിച്ചുകൊണ്ടു സൎവ്വഥാ 'മനോബലി' എന്ന പേരിനു മതിയായ യോഗ്യത സമ്പാദിച്ച മഹാപുരുഷനായ ആ 'മിക്കാഡൊ' ചക്രവൎത്തിയേയും ഇക്കാലത്തു ദിവസേന ഒരു പ്രാവശ്യമെങ്കിലും ഓൎക്കാത്തവർ ആരാകുന്നു?

എന്നാൽ പ്രത്യേകിച്ച് ആ ജാതിക്കാരുടെ വിസ്മയജനകങ്ങളായ അനേക ഗുണങ്ങളിൽവെച്ച് ആ അവസരത്തിൽ ജനങ്ങളുടെ അത്ഭുതപൂൎവ്വമായ പ്രശംസക്ക് അവരെ പാത്രമാക്കിത്തീൎക്കുവാൻ തക്കവണ്ണം പുറത്തേക്കു പ്രകാശിച്ച് ഒരു വിശേഷഗുണം അവരുടെ സദാചാരതല്പരതയാകുന്നു. ഈ ഗുണമാണ് അവരെക്കുറിച്ച് യൂറോപ്യന്മാൎക്കു തോന്നുന്ന ഒരു ബഹുമാനത്തോടുകൂടിയുള്ള അസൂയ അല്പം ശക്തിപ്പെടുത്തുവാൻ മുഖ്യകാരണമായിത്തീൎന്നിട്ടുള്ളത്. യുദ്ധത്തിൽ തങ്ങളുടെ ന്യായമായ കാൎയ്യസാദ്ധ്യത്തിനുവേണ്ടി ഏല്പിക്കാതിരിപ്പാൻ നിവൃത്തിയില്ലാത്ത കഷ്ടനഷ്ടങ്ങളും അസൌകൎയ്യങ്ങളും അല്ലാതെ മററു യാതൊരു ദോഷവും യുദ്ധം നടക്കുന്ന പ്രദേശങ്ങളിലെ നിവാസികൾക്കെന്നുവേണ്ട, ശത്രുക്കൾക്കുകൂടി ചെയ്യാതെ ആൎദ്രമനസ്സോടുകൂടി അവർ ഈ ഭയങ്കരയുദ്ധം നടത്തിവരുന്ന സമ്പ്രദായവും, എന്നാൽ ശത്രുക്കളെ അമൎച്ചചെയ്യുന്ന വിഷയത്തിൽ അവരെ കൂട്ടംകൂട്ടമായി യുദ്ധക്കളത്തിൽവെച്ചു നശിപ്പിക്കുവാൻവേണ്ടി അതിനുമാത്രം പ്രദൎശിപ്പിക്കുന്നതും സൎവോൽകൃഷ്ടമായ കൎത്തവ്യകൎമ്മജ്ഞാനത്തിൽനിന്നു ജനിക്കുന്നതും ആയ ആ നിൎദ്ദാക്ഷിണ്യവും അതിനോടു സൎവ്വഥാ യോജ്യമായവിധത്തിൽ മേൽപ്രകാരമുള്ള കൎത്തവ്യകൎമ്മജ്ഞാനത്തിൽനിന്നുതന്നെ ജനിക്കുന്ന വേറൊരു ഗുണമായ അമാനുഷധൈൎയ്യത്തിന്റെ ഒരു വകഭേദമായി പറയേണ്ടതായ ആത്മനാശത്തിങ്കലുള്ള ആ അനാദരവും, നാഗരികത്വത്തിന്റെയും പരിഷ്കൃതസമ്പ്രദായങ്ങളുടേയും പരമകാഷ്ഠയെ പ്രാപിച്ചിട്ടുള്ളവരാണെന്നു മിഥ്യാഗൎവ്വ് നടിക്കുന്നവരായ യൂറോപ്യന്മാരെ എത്രത്തോളം ലജ്ജിപ്പിച്ചിട്ടുണ്ടെന്നു പറവാൻ പ്രയാസം. രാജ്യപ്പരപ്പുകൊണ്ടും ജനബാഹുല്യംകൊണ്ടും മുതലെടുപ്പുകൊണ്ടും തങ്ങളെക്കാൾ എത്രയോ ഇരട്ടിവലിപ്പമുള്ള ഒരു കോയ്മയോടു യുദ്ധംനടത്തി സകലരണാങ്കണങ്ങളിലും പ്രശംസാൎഹമായ വിജയപരമ്പരകൾ നേടിക്കൊണ്ടുപോന്ന ഇവർ കഴിഞ്ഞ മേയിമാസാവസാനത്തിൽ കൊറിയൻ ഇടക്കടലിൽവെച്ചു റഷ്യൻകോയ്മയുടെ നാവികബലം മുഴുവനും അഡ്മിറൽ ടോഗൊ ഒരടിക്കു നാമാവശേഷമാക്കിയ വൎത്ത

മാനം അറിഞ്ഞിട്ടുകൂടി വിജയോന്മാദത്താൽ മനുഷ്യചാപല്യസൂചകമായ വല്ല നാട്യവും പുറത്തേക്കു കാണിക്കയാകട്ടെ മേൽപ്രകാരമുള്ള വല്ല വാക്കും പറയുകയാകട്ടെ ഉണ്ടായിട്ടില്ലെന്നു വരുമ്പോൾ അവക്കുള്ള ബുദ്ധിയുടെ വിശാലതയും തത്വബോധത്തിന്റെ ദൃഢതയും, മനസ്സിന്റെ പക്വതയും ഏതുനിലയിലെത്തിയിരിക്കുന്നു എന്നു ബുദ്ധിശക്തിയുള്ളവർ ഊഹിച്ചുകൊള്ളട്ടെ.

ഒരു രാജ്യത്തിലുള്ള ജനങ്ങളെ ആകപ്പാടെ മേൽപ്രകാരം എല്ലാ വിധത്തിലും അഭിനന്ദിക്കത്തക്കതായ ഒരു ഉത്തമനിലയിൽ കൊണ്ടുവരുന്നതു പ്രയാസമാണെന്നുള്ളതിന്നു സംശയമില്ല. എന്നാൽ ഭരണകർത്താക്കന്മാർ മിക്കാഡൊ ചക്രവൎത്തിയെപ്പോലെയും റഷ്യാ ചക്രവൎത്തിയെപ്പോലെയല്ലാതേയും ബുദ്ധിപൂൎവ്വകമായും പ്രജകളിൽ സ്നേഹവാത്സല്യത്തോടുകൂടിയും, രാജ്യപരിപാലനം ചെയ്യുന്നതായാൽ അത് അത്ര പ്രയാസമുള്ളതാണെന്നും തോന്നുന്നില്ല.

തന്റെ പ്രജകളിൽ വേണ്ടത്തക്ക വിശിഷ്ടഗുണങ്ങളെ പരിപാലിച്ച് നിലനിൎത്തേണ്ടുന്നതിന്നുവേണ്ടി മിക്കാഡൊ ചക്രവൎത്തി അവരുടെ വിദ്യാഭ്യാസവിഷയത്തിൽ കാൎയ്യമായി മനസ്സുവെക്കുന്നുണ്ട്. താനും തന്റെ പ്രജകളും ഒന്നാണെന്ന നിൎവ്യാജഭാവനയോടുകൂടി താൻ ചെയ്യുന്ന സകലഏൎപ്പാടിലും നീതിന്യായത്തെ അനുവൎത്തിച്ചു നടക്കുന്നുണ്ട്. ജനപ്രതിനിധികളുടെ അഭിപ്രായങ്ങളെ ആലോചിച്ചു നിഷ്കളങ്കമായ ഉപദേശം ചെയ്വാൻ യോഗ്യതയുള്ള മന്ത്രിമാരുടെ സഹായത്തോടുകൂടി ബുദ്ധിപൂൎവ്വകമായ പ്രവൃത്തികൾ മാത്രമെ അദ്ദേഹം ചെയ്യുയുള്ളു. അഭിപ്രായഭേദങ്ങൾ ഉണ്ടാകാവുന്ന കാൎയ്യങ്ങളിൽ അഭിപ്രായഭേദങ്ങൾ ഉള്ളവരെ ന്യായങ്ങൾ സ്നേഹബുദ്ധ്യാ പറഞ്ഞു മനസ്സിലാക്കി അവൎക്ക് ദോഷമുള്ള കാൎയ്യങ്ങളിൽ കൂടിയും അവർ ഒത്താശ ചെയ്യത്തക്കവണ്ണം അവരുടെ ആനുകൂല്യം സമ്പാദിക്കും. സ്വാൎത്ഥപരതയും ദുരഭിമാനവും മിഥ്യാഗൎവ്വും ഇല്ലാത്ത എല്ലാ ഭരണകൎത്താക്കന്മാൎക്കും മേൽപ്രകാരം ന്യായമായ കാൎയ്യങ്ങൾ സാധിക്കാവുന്നതാണെന്നു സൂക്ഷ്മം ആലോചി

ച്ചാൽ എല്ലാവക്കും അറിയാവുന്നതും ആകുന്നു. രാജാവ് മേൽപ്രകാരമുള്ള ഒരു നീതിന്യായവിത്തും ധമ്മതല്പരനും ആയിരിക്കുമ്പോൾ 'യഥാ രാജാ തഥാ പ്രജ' എന്ന ആപ്തവാക്യത്തിൽ അടങ്ങിയ തത്വത്തിന്റെ മാഹാത്മ്യം മിക്കാഡൊ ചക്രവർത്തിയുടെ പ്രജകളിൽനിന്നു അന്യരാജ്യക്കാർ നല്ലവണ്ണം മനസ്സിലാക്കുവാൻ ഇടയായിട്ടുള്ളതിൽ എന്താണ് അത്ഭുതം? തന്റെ പ്രജകളിൽ സകലവർഗ്ഗക്കാരും പരിശീലനം ചെയ്യുന്ന സദാചാരങ്ങളെല്ലാം ചക്രവർത്തിയുടെ തീട്ടൂരങ്ങൾ മൂലം ഓരോ വർഗ്ഗക്കാരും അനുസരിക്കേണ്ടതാണെന്ന് ആജ്ഞാപിക്കപ്പെട്ടിട്ടുള്ളവയാണ്. ജനനം മുതൽ മരണംവരെ ഓരോരുത്തക്കും അവരവരുടെ കർത്തവ്യകർമ്മങ്ങൾ ഇന്നിന്നവയാണെന്നു ഓരോ തിട്ടൂരങ്ങൾ മൂലം ചക്രവർത്തി ചെയ്തിട്ടുള്ളതും ചെയ്യുന്നതും ആയ ആജ്ഞാപനങ്ങളുടെ ധ്വനി എതുകാലത്തും എവിടെയും അവരുടെ ചെവിയിൽ പതിയത്തക്കവണ്ണം എല്ലാതരം വിദ്യാഭ്യാസവിഷയങ്ങളിലും തദനുരൂപങ്ങളായ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. പ്രാഥമികവിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾക്കും ഉയന്തരം വിദ്യാഭ്യാസം ചെയ്യുന്ന യുവാക്കൾക്കും, വ്യവസായക്കാർക്കും, രാജ്യത്തിലുള്ള എല്ലാത്തരം ഉദ്യോഗസ്ഥന്മാക്കും, പടയാളികൾക്കും, പിതൃമാതൃഭ്രാതൃപുത്രകളത്രാദികൾക്കും എന്നുവേണ്ട പ്രജകളിൽ ഉള്ള എല്ലാതരം ആളുകൾക്കും അവരവർ ഏറ്റപ്പെടുന്ന വിഷയങ്ങളിൽ ഉത്തമസ്ഥാനം സമ്പാദിച്ച് ഓരോരുത്തക്ക് അനുയോജ്യങ്ങളായ പൌരുഷഗുണങ്ങൾ പ്രകാശിപ്പിക്കുവാൻ തക്കവണ്ണം മേല്പറഞ്ഞ രാജശാസനങ്ങളെ അടിസ്ഥാനമാക്കി സദാചാരോപദേശങ്ങൾ ചെയ്യുന്ന പുസ്തകങ്ങളും പത്രികകളും പ്രസംഗങ്ങളും ജപ്പാൻ രാജ്യത്ത് എതു പ്രദേശത്തുപോയാലും കാണുകയും കേൾക്കുകയും ചെയ്യാവുന്നതാണത്രെ. കൂടെക്കൂടെ പ്രസിദ്ധപ്പെടുത്തുന്ന ഈ വക ആജ്ഞാപനങ്ങളുടെ സ്വഭാവം അറിവാൻവേണ്ടി അനേക തിട്ടൂരങ്ങളുള്ളതിൽ പൊതുജനങ്ങളെ ഉദ്ദേശിച്ചും തന്റെ സൈന്യങ്ങളെ ഉദ്ദേശിച്ചും ചക്രവർത്തി പ്രസിദ്ധപ്പെടുത്തിട്ടുള്ള രണ്ടു തീട്ടൂരങ്ങളുടെ തർജ്ജിമ താഴെ ചേർക്കുന്നു.

(1)*

## നമ്മുടെ പ്രജകൾക്ക

നമ്മുടെ പ്രജകൾ എല്ലാവരും അവരുടെ മാതാപിതാക്കന്മാരോട് അനുസരണശീലമുള്ളവരായും അവരുടെ സഹോദരസഹോദരിമാരോടു സ്നേഹമുള്ളവരായും ഇരിക്കേണമെന്നാകുന്നു നമ്മുടെ ആഗ്രഹം. ഭാൎയ്യാഭൎത്താക്കന്മാർ അന്യോന്യം പ്രണയമുള്ളവരായിരിക്കേണം. സ്നേഹിതന്മാർ പരസ്പരവിശ്വാസത്തോടുകൂടിയിരിക്കേണം. എല്ലാവരും ആത്മസംയമനവും സത്യസന്ധതയും പരിശീലിക്കണം. ബഹുജനക്ഷേമതല്പരത എല്ലാവൎക്കും വേണം. എല്ലാവരും ജ്ഞാനം വൎദ്ധിപ്പിച്ചും, വൃത്തികളെ ക്രമപ്പെടുത്തിയും, ബുദ്ധിശക്തികളെ പോഷിപ്പിച്ചും മനുഷ്യന്നു ഹിതമായും ഉപകാരപ്രദങ്ങളായും ഉള്ള ഗുണങ്ങളെ ഉൽകൎഷപ്പെടുത്തിയും വൎത്തിക്കേണം. ബഹുജനക്ഷേമം വൎദ്ധിപ്പിപ്പാനും ജനസമുദായത്തിന്നു ഗുണപ്രദങ്ങളായ പ്രവൃത്തികളെ ചെയ്തു ലോകം മുഴുക്കെ പ്രകാശമുണ്ടാക്കുവാനും നിങ്ങൾ ശ്രമിക്കണം. രാജ്യഭരണത്തിന്റെ അടിസ്ഥാനം ഇളകാതെ സ്നേഹപുരസ്സരം സൂക്ഷിക്കുകയും രാജ്യത്തിലെ നിയമങ്ങളെ ബഹുമാനപുരസ്സരം അനുസരിക്കുകയും വേണം. ഏതവസരത്തിലും പൊതുജനക്ഷേമത്തിന്നായി കഴിയുന്നതെല്ലാം പ്രവൃത്തിക്കുകയും നീതിന്യായം നിലനിൎത്തുന്ന കാൎയ്യത്തിൽ സേവാചരരായി നിങ്ങളുടെ പൌരുഷവും ധൈൎയ്യവും പ്രദൎശിപ്പിക്കുകയും ആകാശവും ഭൂമിയും ഉള്ളകാലം നിലനില്ക്കുന്ന നിങ്ങളുടെ രാജവംശത്തെ നിലനിൎത്തി ക്ഷേമാഭിവൃദ്ധിയുണ്ടാക്കുകയും വേണം. മേൽപ്രകാരം ചെയ്യുമ്പോൾ നിങ്ങൾ രാജഭക്തിയുള്ളവരും ഉത്തമഗുണവാന്മാരും ആയ പ്രജകളായിത്തീരുന്നതിന്നു പുറമെ നിങ്ങളുടെ ഗുരുകാരണവ

---

*Nineteenth Century and After എന്ന ഇംഗ്ലീഷു മാസികയിൽ ജപ്പാനിലെ ഒരു പ്രഭുവായ Baron Suyematsu എന്ന വിദ്വാൻ ജപ്പാൻ ചക്രവൎത്തിയെ പറ്റി എഴുതീട്ടുള്ള ഒരു ലേഖനത്തിൽനിന്നാണ് ഈ തിട്ടൂരങ്ങൾ എടുത്തിരിക്കുന്നത്.

ന്മാരുടെ അതിപ്രശംസിതങ്ങളും അത്യുത്തമങ്ങളും ആയ ഗുണങ്ങളുടെ ഇരിപ്പിടങ്ങളായിത്തീരുന്നതുമാകുന്നു.

(2)

നമ്മുടെ സൈന്യങ്ങൾക്ക

യോദ്ധാക്കളായ നിങ്ങളുടെ പരമാധികാരമുള്ള നായകൻ നാമാകുന്നു എന്നു മനസ്സിലാക്കുക. നമ്മുടെ കൈകളും കാലുകളും നിങ്ങളാകുന്നു എന്നു നാം വിശ്വസിക്കുന്നതുപോലെ നിങ്ങളുടെ കഴുത്തും തലയും നിങ്ങളുടെ ചക്രവൎത്തിയായ നാം ആകുന്നു എന്നു നിങ്ങൾ വിചാരിക്കണം. എന്നാൽ നമ്മൾക്ക പരസ്പരം ഉള്ള സ്നേഹത്തിന്നു മതിയായ അഗാധത ഉണ്ടാകുന്നതാകുന്നു. പരമോൽകൃഷ്ടമായ ദൈവത്തിൻെറ അനുഗ്രഹം മിഥ്യയാകാതിരിക്കത്തക്കവണ്ണവും നമ്മുടെ അതിവിശിഷ്ടന്മാരായ ഗുരുകാരണവന്മാർ നമുക്ക ചെയ്തിട്ടുള്ള അമിതഗുണങ്ങൾക്ക തക്ക പ്രതിഫലം ചെയ്ത് നാം സൽപാത്രമായി തീരത്തക്കവണ്ണവും നമ്മുടെ രാജ്യത്തെ പരിപാലനം ചെയ്വാൻ നാം ശക്തനാണോ അല്ലയൊ എന്ന സംഗതി യോദ്ധാക്കളായ നിങ്ങൾ നിങ്ങളുടെ കൎത്തവ്യകൎമ്മം ശരിയായി നടത്തുമൊ ഇല്ലയൊ എന്ന സംഗതിയെ ആശ്രയിച്ചാണ് നില്ക്കുന്നത്. നമ്മുടെ സാമ്രാജ്യത്തിൻെറ ശ്രേയസ്സിന്നു വല്ല ഹാനിയും സംഭവിക്കുന്നപക്ഷം അതിനാൽ ഉണ്ടാകുന്ന മനോവേദനയിൽ നമ്മോടുകൂടി നിങ്ങൾ പങ്കുകൊള്ളുവാനുള്ളതും, നിങ്ങളുടെ ബലവീൎയ്യപരാക്രമങ്ങൾകൊണ്ടു ലോകം മുഴുവനും ശോഭിക്കുന്നപക്ഷം അതിനാലുണ്ടാകുന്ന ശ്രേയസ്സിൽ നിങ്ങളോടുകൂടി നാം പങ്കുകൊള്ളുവാനുള്ളതും ആകുന്നു. നിങ്ങൾ നിങ്ങളുടെ കൎത്തവ്യകൎമ്മം ശരിയായി ചെയ്കയും നമ്മോടുകൂടി ഏകമനസ്സായിനിന്നു രാജ്യരക്ഷക്കുവേണ്ടി നിങ്ങളുടെ ശക്തി ഉപയോഗിക്കുകയും ചെയ്യുമ്പോൾ നമ്മുടെ സാമ്രാജ്യത്തിലെ ജനങ്ങൾ എന്നന്നേക്കും സമാധാനവും ഭാഗ്യവും ഉള്ളവരായിരിക്കുകയും നമ്മുടെ സാമ്രാജ്യത്തിൻെറ ശോഭ വൎദ്ധിക്കുകയും ആ ശോഭ ലോകത്തിന്നു സന്മാൎഗ്ഗദൎശിനിയായ ഒരു വിളക്കായി പരിണമിക്കുകയും ചെയ്യുന്നതാകുന്നു. നമ്മുടെ പടയാളികളെ! നി

ങ്ങളെപ്പററി നാം അമിതമായി ആശപ്പെടുന്നതുകൊണ്ടു നിങ്ങളോടു പ്രത്യേകമായി ഇനിയും ചില ആജ്ഞാപനങ്ങാം ചെയ്യാനുണ്ട്. നിങ്ങാം താഴെ പറയുന്ന അഞ്ചുവക ഗുണങ്ങാം പരിശീലിക്കണം: (1) രാജഭക്തിയും സ്വരാജ്യാഭിമാനവും (2) മര്യാദയും ദയയും (3) ധൈര്യവും വീര്യവും (4) വിശ്വാസവും ഉറപ്പും (5) മിതവൃത്തിയും അനഹങ്കാരവും§

* * * *

മേലുദ്യോഗസ്ഥന്മാർ കീഴുദ്യോഗസ്ഥന്മാരുടെനേരെ ഗർവോടു കൂടി വർത്തിക്കരുത്. എല്ലാ കാര്യങ്ങളും സശ്രദ്ധമായും സദയമായും ആലോചിച്ചു തീർച്ചപ്പെടുത്തണം. എല്ലാപ്രവൃത്തികാംക്കും നിസർഗ്ഗസിദ്ധമായ അടിസ്ഥാനം ദയയാകുന്നു. അതുകൊണ്ട് മേലുദ്യോഗസ്ഥനും കീഴുദ്യോഗസ്ഥനും ഏകമനസ്സായിനിന്നാൽ സാമ്രാജ്യവിഷയകാര്യങ്ങളെ തൃപ്തികരമാകുംവണ്ണം നടത്തുവാൻ കഴിയും'.

മേല്പടി തീട്ടൂരങ്ങളിലെ ആജ്ഞാപനങ്ങളുടെ സമ്പ്രദായവും രീതിയും നോക്കിയാൽ അവ ഒരു പിതാവു തനിക്ക് പ്രാണസ്നേഹമുള്ള പുത്രന്മാരോടു വാത്സല്യപൂർവം ചെയ്യുന്ന ഉപദേശങ്ങളെന്നല്ലാതെ റഷ്യാചക്രവർത്തിയെപ്പോലുള്ള രാജാക്കന്മാർ തങ്ങളുടെ കാലിൻെറ അടിയിൽ ഇട്ടു ചവിട്ടേണ്ടവരാണെന്നു വിചാരിക്കുന്ന പ്രജകളെപ്പോലുള്ളവൎക്കു ഒരു ചക്രവർത്തി സ്വതന്ത്രാധികാരപ്രകടനത്തിനുവേണ്ടിമാത്രം കൊടുക്കുന്ന കല്പനകളാണെന്നു ആരെങ്കിലും വിചാരിക്കുമൊ? രാജാവും പ്രജകളും തമ്മിലുള്ള ഈ ആന്തരമായ ഐകമത്യമാണ് ജപ്പാൻരാജ്യത്തെ മററു സകലരാജ്യങ്ങളിൽനിന്നും വേറിട്ടുള്ളതായ ഇപ്പോഴത്തെ ഒരു ഉയർന്നനിലയിൽ കൊണ്ടുവന്നിട്ടുള്ളത് എന്നാണ് സൂക്ഷ്മജ്ഞന്മാർ അഭിപ്രായപ്പെടുന്നത്. രാജാവ് പ്രജകളുടേയും രാജ്യത്തിൻേറയും ക്ഷേമത്തിനുവേണ്ടി രാ

§ മേൽപ്രകാരം ജോടിചേൻ്ന പോകുന്ന ഓരോരോവക ഗുണങ്ങളുടെ പരിശീലനംകൊണ്ടുണ്ടാകുന്ന നന്മകളെ തീട്ടൂരത്തിൽ സവിസ്തരമായി പ്രസംഗിക്കുന്നു. ആ ഭാഗമാണ് ഇവിടെ വിട്ടിരിക്കുന്നത.

സ്യഭാരം ഏററിരിക്കുന്നു. പ്രജകൾ രാജ്യത്തിന്റേയും രാജാവിന്റേയും ശ്രേയസ്സിന്നുവേണ്ടി ജീവിക്കുന്നു. ഇങ്ങിനെയാണ് അവരുടെ ഭാവം. ചുരുക്കി പറയുന്നതായാൽ സ്വാൎത്ഥരാഹിത്യത്തിൽ വേരുറച്ചുകിടക്കുന്ന സ്നേഹബുദ്ധ്യാ ചെയ്യുന്ന പ്രവൃത്തികൾകൊണ്ടല്ലാതെ സ്വാൎത്ഥത്തിൽനിന്നു ജനിക്കുന്ന ദ്വേഷബുദ്ധ്യാ ചെയ്യുന്ന പ്രവൃത്തികൾകൊണ്ടു രാജാക്കന്മാൎക്കു പ്രജകളെ ക്ഷേമകരമാംവണ്ണം പരിപാലിപ്പാനൊ, മേലധികാരികൾക്കു കീഴുദ്യോഗസ്ഥന്മാരെ തൃപ്തികരമാംവണ്ണം പണിയെടുപ്പിപ്പാനൊ, പടനായകന്മാൎക്കു പടയാളികളെ അനുസരണമുള്ള വീരന്മാരാക്കിത്തീൎപ്പാനൊ, പിതാക്കൾക്കു പുത്രന്മാരെ ഉത്തമഗുണവാന്മാരാക്കിത്തീൎപ്പാനോ, എന്നുവേണ്ട ഒരു രാജ്യത്തിലെ രാജാവടക്കമുള്ള സകലജനങ്ങളും ഏകമനസ്സോടുകൂടി അവരവരുടെ കൎത്തവ്യകൎമ്മങ്ങൾ ഉത്തമരീത്യാ നടത്തി രാജ്യം പുഷ്ടിയെ പ്രാപിക്കത്തക്കവണ്ണം അതിൽ പരസ്പരം വിരോധങ്ങളായി തോന്നാവുന്ന അനേകമായ ശക്തികളെ എല്ലാംകൂട്ടി ഇണക്കി ആ രാജ്യത്തെ ഉപൎയ്യുപരി ശ്രേയസ്കരമായ മാൎഗ്ഗത്തിൽകൂടി നയിപ്പിക്കുവാനാവശ്യമായ ആ സംയോജ്യതയുണ്ടാക്കുവാനൊ സാധിക്കുന്നതല്ലെന്നു ഈ അവസരത്തിൽ കണ്ണും ചെവിയും ഉള്ള സകലജനങ്ങളും കണ്ടും കേട്ടും പഠിക്കുവാൻവേണ്ടി ജപ്പാൻകാർ ലോകാമുഴുവനും പ്രസിദ്ധപ്പെടുത്തുന്ന പത്രികകളാകുന്നു ഇപ്പോൾ നടക്കുന്ന യുദ്ധത്തിൽ അവർ സമ്പാദിക്കുന്ന എല്ലാ വിജയങ്ങളും.

സി. എസ്സ് ഗോപാലപ്പണിക്കർ, ബി. എ.

---

ഭൂലോകമാസകലമത്ഭുതസാഗരത്തി
ലാലോലമൊന്നിളകിടുംപടിവൈഭവത്താൽ
മാലോകരൊത്തുമതിയായൊരുചക്രവൎത്തി
മേലോട്ടുയൎത്തുമൊരുനാടുജയിച്ചിടട്ടെ.

റായിബഹദൂർ

# ഒ. ചന്തുമേനോൻ.

---

ഈ മഹാപുരുഷൻ കേരളത്തിലൊട്ടുക്കെന്നല്ല പരദേശത്തും ഇത്രമാത്രം പ്രസിദ്ധനായവനുള്ള കാരണം മര്യാദക്കാരനായ ഒരു മലയാളിയാണെന്നും, കൈക്കൂലി, ശിപാർശി മുതലായ ഉദ്യോഗമാലിന്യങ്ങളുടെ സ്പർശംപോലും ഏല്ക്കാതെ പല താലൂക്കുകളിലുമുള്ള ജനസാമാന്യത്തിന്റെ യോഗക്ഷേമത്തെ ആർക്കും അപ്രീതിയും അനിഷ്ടവും കൂടാതെ രക്ഷിച്ചു വളരെക്കാലം സർക്കാർ വേലയിൽ നിർവ്യാജം യത്നിച്ചു മേലധികാരികളുടെ പ്രീതി സമ്പാദിച്ചു സബ്ജഡ്ജി ഉദ്യോഗംവരെ ഉയർന്നിട്ടുണ്ടെന്നും, റായിബഹദൂർ സ്ഥാനത്തിന്ന് അർഹനായിട്ടുണ്ടെന്നും, ഉദാരശീലനാണെന്നും, സംഗീതരസികനാണെന്നും, വിനോദപ്രിയനാണെന്നും, പരിഹാസവിദഗ്ദ്ധനാണെന്നും, പരമശുദ്ധനാണെന്നും, ഉള്ള സംഗതികളൊന്നുമാണെന്നു തോന്നുന്നില്ല. മലയാളം ഇംഗ്ലീഷ് സംസ്കൃതം മുതലായ ഭാഷകളിലുള്ള പാണ്ഡിത്യംകൊണ്ടുമാത്രം ചന്തുമേനവനുള്ള പ്രസിദ്ധി മറ്റാർക്കും കിട്ടുമെന്നും തോന്നുന്നില്ല. കറകളഞ്ഞ വൈദുഷ്യത്തിന്റെയും ലോകസ്വരൂപജ്ഞാനത്തിന്റെയും സ്വഭാഷാഭിമാനശക്തിയുടേയും നിരന്തരസമ്മേളനത്തിൽനിന്നുണ്ടായ ഇന്ദുലേഖാ ശാരദ എന്ന രണ്ടു സന്താനങ്ങളാണ് ചന്തുമേനവന്റെ യശസ്സിനെ ഇന്നും രക്ഷിച്ചുപോരുന്നത്.

പദ്യകൃത്തുകളിൽ വിശേഷിച്ച് ഭാഷാന്തരീകരണത്തിൽ മാന്യസ്ഥാനം പരേതനായ സി. ചാത്തുക്കുട്ടിമന്നാടിയാർക്കു കൊടുക്കാമെങ്കിൽ ഗദ്യകൃത്തുകളിൽ വിശേഷിച്ചു ഹാസ്യരസപ്രയോഗവിഷയത്തിൽ ഉത്തമസ്ഥാനം ചന്തുമേനവനും കൊടുക്കേണ്ടതാണ്. പദ്യകാവ്യമുണ്ടാക്കുന്നതിനേക്കാൾ ഗദ്യകാവ്യമുണ്ടാക്കുന്നതിന്നു പ്രയാ

സംകുറയുമെന്നു വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ ആ വിചാരം തെറ്റാണ്. പദ്യകാവ്യത്തിൽ വൃത്തരചനാവൈചിത്ര്യംകൊണ്ടും രസങ്ങൾക്കനുരൂപമായ പദഘടനാപാടവംകൊണ്ടും രസസ്ഫൂർത്തി പൂർത്തിയാവാത്ത ഘട്ടങ്ങളിലും വായനക്കാരെ വശീകരിക്കുവാൻ സാധിച്ചുവെന്നുവരാം. ഗദ്യകാവ്യത്തിൽ ആ വക മായാപ്രയോഗങ്ങൾ ഒന്നും തരമാകുന്നതല്ല. ആദ്യം മുതൽ അവസാനംവരെ രസപ്രവാഹം എടമുറിയാതെ ഉണ്ടായിരിക്കണം. നാടകാദിദൃശ്യകാവ്യങ്ങളിലെന്നപോലെ പാത്രങ്ങളെ ആകൃതികൊണ്ടും പ്രകൃതികൊണ്ടും അനുരൂപമായി വകതിരിച്ചു വായനക്കാരുടെ മനസ്സിൽ പ്രതിഷ്ഠിച്ചുകൊടുക്കണം. യുക്തിഭംഗങ്ങളോ അനാവശ്യപ്രസംഗങ്ങളോ അല്പമെങ്കിലും വന്നുപോയാൽ അതു പദ്യകാവ്യങ്ങളിലെന്നപോലെ ശബ്ദഭംഗിയിൽ മുങ്ങിപ്പോകുന്നതല്ല. പേടുപോലെ താഴ്ത്തിയാലും താഴാതെ പ്രത്യക്ഷത്തിൽ പൊങ്ങിക്കിടക്കുകയേ ഉള്ളൂ. സൂക്ഷ്മമായ ലോകപരിചയമില്ലെങ്കിൽ ഈവക ദോഷങ്ങൾ പറ്റിപ്പോകാതിരിപ്പാനും പ്രയാസംതന്നെ. വർണ്ണിക്കേണ്ടിവരുന്ന ഘട്ടങ്ങളിലും കഥയിൽ ദേശകാലങ്ങൾ മാറ്റേണ്ടിവരുന്ന വിഷയങ്ങളിലും അല്ലാതെ കവിവാചകം പ്രയോഗിച്ചാൽ അഭംഗിയായിത്തീരുന്നതാണ് എളുപ്പം. സംഭാഷണങ്ങളിലും ആളുംതരവുമറിഞ്ഞു പേരുമാറാഞ്ഞാൽ അലൌകികമാവും. രസക്ഷയവും വന്നുകൂടും. കരതലാമലകംപോലെ ലോകം കണ്ടുംകൊണ്ടല്ലാതെ ഒരക്ഷരംപോലും ശബ്ദിച്ചുപോയാൽ അതിന്റെ കോട്ടം വാക്കുകളെക്കൊണ്ടു മിനുക്കിയാൽ മായുന്നതല്ല. ഈവക ദോഷങ്ങളും വൈഷമ്യങ്ങളും ഒഴിക്കുന്നതിലാണ് ചന്തുമേനവൻ സാമർത്ഥ്യം കാണിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ വിഖ്യാതിക്കുള്ള ഹേതുവും ഇതുതന്നെയാണ്.

ഈ ചന്തുമേനവനുംപോലും പര്യാലോചിക്കാതെ മാധവനെക്കൊണ്ടു പെട്ടെന്നു ദേശയാത്ര ചെയ്യിച്ചതിലും കഥാസംബന്ധമായ വാഗ്വാദം അസ്ഥാനത്തിൽ ഉപയോഗിച്ചതിലും കുറച്ചൊരു നോട്ടക്കുറവ് ഇന്ദുലേഖയിൽ പറ്റിപ്പോയത് പറ്റിപ്പോയതുതന്നെ. പല ജീവൽപാത്രങ്ങളേയും പേരുമാറ്റം വഴി ശാരദയിൽ അരങ്ങേ

റാം കഴിപ്പിച്ചിട്ടുള്ളതുകൊണ്ടു വായനക്കാൎക്കു പൊതുവിൽ പൂൎത്തിയായ രസം ഉണ്ടാവുന്നതല്ലെന്നു ചിലർ ആക്ഷേപിക്കുന്നുണ്ട്. എന്നാൽ ആ പാത്രങ്ങളുടെ മാതൃകകളായിട്ടു പരിചയമുള്ളവൎക്ക് അധികരസമുണ്ടെന്നല്ലാതെ പരിചയമില്ലാത്തവൎക്കു നോവലിനെ സംബന്ധിച്ചേടത്തോളം രസത്തിന്നു യാതൊരു കുറവുമുണ്ടെന്നു പറഞ്ഞുകൂട. അതിന്നു പുറമെ നോവലിലുള്ള പാത്രങ്ങൾക്കു നേരു പകൎപ്പുകളായ ജീവൽപാത്രങ്ങൾ ഉണ്ടെന്നും ഞങ്ങൾക്കു തോന്നുന്നില്ല. പല ജീവൽപാത്രങ്ങളുടേയും ഗുണദോഷങ്ങളെ അങ്ങുമിങ്ങും നിന്നെടുത്തു കൂട്ടിച്ചേൎത്തിണക്കി ലോകരീതിക്കനുസരിച്ച ഒരു പാത്രം കവി സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അതുതന്നെയാണ് കവിധൎമ്മം. ഇന്ദുലേഖയിലെ സൂരിനമ്പൂരിപ്പാടും ശാരദയിലെ വൈത്തിപ്പട്ടരും കണ്ടൻമേനവനും ഏതുമാതിരി ഹാസ്യരസം പുറപ്പെടുവിപ്പിക്കുന്നതിന്നും ചന്തുമേനവന്നു ബഹു സാമൎത്ഥ്യമാണെന്നു വിളിച്ചുപറയുന്നുണ്ട്. കണിയാർപണിക്കൻ എടത്തിലച്ചൻ കഴകക്കാരൻ വാരിയർ മുതലായവർ ലോകസ്വഭാവം പ്രതിബിംബിക്കുന്ന ദൎപ്പണങ്ങളാണെന്നുതന്നെ പറയാം. അറിയേണ്ടതായ പല തത്വങ്ങളും സരസമായി പാത്രമുഖേന വായനക്കാരുടെ ഹൃദയത്തിൽ ഉറപ്പിച്ചുകൊടുക്കുന്നതിന്നു ചന്തുമേനവന്റെ സഹജമായ സാമൎത്ഥ്യം സൎവ്വതോമുഖമായിത്തന്നെ കാണുന്നുണ്ട്.

ഈ ദേഹത്തിന്റെ പ്രഥമകൃതിയായ ഇന്ദുലേഖയുടെ പുറപ്പാടു കണ്ടു ഭ്രമിച്ചു ഗദ്യകാവ്യനിൎമ്മാണംകൊണ്ടു പ്രസിദ്ധി നേടുവാൻ എളുപ്പത്തിൽ സാധിക്കുമെന്നുകരുതി വികൃതനോവലുകൾ എഴുതിക്കൂട്ടി സമ്പാദിക്കുവാൻ ശ്രമിച്ച പേൎകളുണ്ടു ദുഷ്പേരു സമ്പാദിച്ചവർ ഒന്നുരണ്ടോ? ചന്തുമേനവന്റെ പിന്തുടൎച്ചക്കാരായി മലയാളഭാഷക്ക് അനൎഘ്യമായ ധനം സമ്പാദിച്ചുവച്ചിട്ടുള്ള ആഖ്യായികാകാരന്മാർ ഒന്നോ രണ്ടോ!

---

വിഷമമുടൽമുറിച്ചും ശാരദേശം സ്ഥിചാൎത്തും
വിഷമനയനനാമായിന്ദുലേഖാവതംസൻ
വിഷവികൃതികൾ മാണിച്ചിട്ടിലൂടുലസതൻ
വിഷയസുഖവഴിയ്ക്കായ് ജ്ഞാനമുണ്ടാക്കിടട്ടെ

# മലയാളികളുടെ വിവാഹം

കുറഞ്ഞൊരു കാലമായിട്ടു നമ്മുടെ ഇടയിൽ ഉള്ള വിവാഹബന്ധത്തിന്റെ നിരൎത്ഥകത്വത്തേയും അസ്ഥിരത്വത്തേയും പററി നിരൂപണം ചെയ്യുന്ന ആളുകളുടെ സംഖ്യ വൎദ്ധിച്ചുവരുന്നു. ഇതിലേയ്ക്കുള്ള ഹേതുക്കളെന്തെന്നും, ഇപ്പോഴും വല്ല ന്യൂനതകളും ഉള്ള പക്ഷം അവയെ പരിഹരിക്കുവാൻ മാൎഗ്ഗങ്ങളെന്തെന്നും ആലോചിച്ചുറയ്ക്കേണ്ട സന്ദൎഭം അതിക്രമിച്ചിരിക്കുന്നു.

വിവാഹത്തിന്റെ ഉപകരണങ്ങളേയും വിവാഹനടപ്പിനേയും സംബന്ധിച്ചിടത്തോളം മനുഷ്യവൎഗ്ഗങ്ങളിൽ ഒരു കാലത്തും ഐകരൂപ്യം ഉള്ളതായി വിചാരിച്ചുകൂട. മനുഷ്യസമുദായത്തിന്റെ ശൈശവാവസ്ഥയിൽ ക്ലിപ്തമായ വിവാഹബന്ധം ഉണ്ടായിരുന്നിരിപ്പാൻ ഇടയില്ല. ഏകഭൎത്തൃത്വവും ഏകഭാൎയ്യാത്വവും ഉൽകൃഷ്ടാവസ്ഥയെ പ്രാപിച്ച ജനങ്ങളുടെ മുഖ്യലക്ഷണങ്ങളാണ്. ആദ്യകാലത്തു യഥേഷ്ടമായി സ്ത്രീപുരുഷന്മാർ പരസ്പരസംസൎഗ്ഗം ചെയ്തുവന്നിരുന്നു എന്നുള്ളതിലേയ്ക്കു് ലക്ഷ്യങ്ങൾ ഉണ്ടു്. ക്രമംകൊണ്ടു്, ഈ വിധമുള്ള വ്യവസ്ഥ കെട്ട സഹവാസം ആപൽകരവും, നാശഹേതുകവും ആണെന്നു വെളിപ്പെട്ടു തുടങ്ങി. സ്ത്രീപുരുഷസംസൎഗ്ഗത്തിനു ചില നിബന്ധനകൾ ഏൎപ്പെടുത്തുവാൻ ഇടയായതു് ഈ ദോഷങ്ങളെപ്പററിയുള്ള ബോധമാണ്. രക്തസംബന്ധംകൊണ്ടുള്ള സാമീപ്യം ഭാൎയ്യാഭൎത്തൃബന്ധത്തിനു നിഷിദ്ധമായിത്തീൎന്നതും ഇപ്രകാരമാണ്. എന്നിട്ടും സഹോദരീപുത്രിയെ ഭാൎയ്യയാക്കുന്നതു് അശാസ്ത്രീയമല്ലെന്നു വിചാരിക്കുന്ന ബ്രാഹ്മണർപോലും ഇക്കാലത്തുണ്ടല്ലോ. ഹിന്ദുക്കളുടെ ഇടയിൽ സഹോദരന്റെ വിധവയിൽ പുത്രോൽപാദനംചെയ്യുന്ന നടപ്പു ഒരു കാലത്തു സൎവ്വസമ്മതമായിരുന്നു. അന്യന് ജനിച്ച പുത്രൻ സ്വന്തമകനാണെന്നു സമ്മതി

ക്കപ്പെട്ടിരുന്ന കാലവും ഹിന്ദുക്കളുടെ പൂൎവ്വികന്മാൎക്ക് അപരിചിതമല്ലെന്നു 'ഔരസക്ഷേത്രജശ്ചൈവ' എന്നുള്ള ലിസ്റ്റിൽനിന്നു ഊഹിക്കപ്പെടാം. വിവാഹബന്ധത്തിന് അയവില്ലായിരുന്നു എങ്കിൽ അവനവന് ജനിക്കാത്ത മകൻ അവനവന്റെ മകനാകുന്നതെങ്ങനെ?

മുൻ പറഞ്ഞതുപോലെ ക്രമേണ വിവാഹബന്ധത്തിനു സ്ഥിരതയും ദീൎഘതയും വേണമെന്നുള്ള ആവശ്യം മനുഷ്യസമുദായം മനസ്സിലാക്കി. എന്നാൽ ചില വൎഗ്ഗങ്ങൾ ബഹുഭാൎയ്യാത്വം അനുവദിക്കുകയും, ചിലർ ഏകഭൎത്തൃത്വവും ഏകഭാൎയ്യാത്വവും ഏൎപ്പെടുത്തുകയും ചെയ്തു. സ്ത്രീസ്വാതന്ത്ര്യം ചുരുങ്ങിയ സമൂഹങ്ങളിലാണ് ആദ്യം പറഞ്ഞ ഏൎപ്പാടു നടപ്പിൽ വന്നത്. ഉഷ്ണമേഖലയ്ക്കു സമീപം വസിക്കുന്ന ആളുകളുടെ ഇടയിൽ സ്ത്രീകൾക്കു യൌവ്വനാരംഭവും യൌവ്വനനാശവും എളുപ്പത്തിൽ സംഭവിച്ചിരുന്നതുകൊണ്ടും, പുരുഷന്മാൎക്കു വിഷയാസക്തി അധികം ഉള്ളതുകൊണ്ടും, അനേകഭാൎയ്യാത്വം സൌകൎയ്യപ്രദമായും തീൎന്നു. ലൌകികാവശ്യങ്ങൾക്കായി അംഗീകരിക്കപ്പെട്ടതായ ഈ ഏൎപ്പാട് നിലനിൎത്തുവാൻ മതസ്ഥാപകന്മാരും ജനഹിതം അനുസരിച്ചു പ്രയത്നിച്ചു. പുത്രനില്ലാത്ത പുരുഷൻ നരകത്തിൽ പതിക്കുമെന്നും ഈ പരിണാമത്തെ തടുക്കുവാൻവേണ്ടി പുത്രോൽപാദനം ചെയ്യ്വാൻ ഒന്നിലധികം ഭാൎയ്യമാരാകാമെന്നും വാദിക്കുന്നതു പ്രയാസമല്ലല്ലോ. എന്നാൽ പുത്രനില്ലാത്ത സ്ത്രീയ്ക്കു ഈ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടില്ല.

വിവാഹം ലൌകികമായ ഏൎപ്പാടായിട്ടാണ് തുടങ്ങിയത്. അതിന് ആത്മീകമായ അൎത്ഥം സങ്കല്പിക്കപ്പെട്ടതു പിന്നീടാണ്.

റോമന്മാരുടെ ഇടയിൽ വിവാഹം തുടങ്ങുന്നതിനും പിരിയുന്നതിനും മതസംബന്ധമായിട്ടു യാതൊരു ക്രിയയും വേണമെന്നു നിൎബ്ബന്ധമുണ്ടായിരുന്നില്ല. വേദം, സഹവാസം കൊണ്ടുമാത്രം ദാമ്പത്യം സ്ഥാപിക്കപ്പെട്ടു വന്നു. വിവാഹബന്ധം ഭഞ്ജിക്കുന്നതും സുഖസാദ്ധ്യമായിരുന്നു. സ്കോട്ട്ലാൻഡിൽ അദ്യാപി, ഇപ്രകാരമുള്ള വിവാഹബന്ധം സാധുവാണ്. ഒരു പുരുഷനും സ്ത്രീക്കും ത

മ്മിൽ സംസർഗ്ഗം ചെയ്യതിൽ വെച്ചു ഒരു പുത്രനുണ്ടായിട്ടപ്പായാൽ വളരെക്കാലം കഴിഞ്ഞശേഷം അവർ വിവാഹം ചെയ്യുന്നുവെങ്കിൽ ഈ പുത്രനു ന്യായമായ അവകാശം സിദ്ധിക്കുന്നുവെന്നാണ് സ്കോട്ട്ലാൻഡിലെ നിയമം. ഇംഗ്ലാൻഡിൽ വിവാഹത്തിനു മുമ്പു സ്ത്രീ ഗർഭം ധരിച്ചിരുന്നാലും, വിവാഹശേഷം പുത്രൻ ജനിച്ചു എന്നുള്ള ഏകസംഗതികൊണ്ടു, അവനു പൂർണ്ണാവകാശങ്ങൾ കിട്ടുന്നു. വിവാഹത്തിൽ ഉൽപ്പന്നനായ പുത്രനു തുല്യമായ സ്ഥാനം അന്യഥാ ജനിച്ചവനും കൊടുക്കുന്നതിലേക്കുള്ള സ്വാതന്ത്ര്യം ഖുറാനിലും അനുവദിക്കപ്പെട്ടിരിക്കുന്നു. ഒരു പുരുഷനുതന്നെ അമ്മാമനെന്നും അച്ഛനെന്നും ഉള്ള സ്ഥാനം വഹിക്കുന്നതു നായന്മാരുടേയും മററും ഇടയിൽ ഇന്നും ഉള്ള നടപ്പാണ്. മഹമ്മദീയന്മാരുടെ ഇടയിൽ വിവാഹബന്ധം വേർപെടുത്തുന്നത് സുകരമാണ്.

അതുമാത്രവുമല്ല, ക്രിസ്ത്യന്മാരും ഹിന്ദുബ്രാഹ്മണരും വിവാഹം ആത്മികമായ ബന്ധം ആണെന്നു പറഞ്ഞുവരുന്നുവെങ്കിലും, നടപ്പു മററുവിധത്തിലാണ്. 'ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്താതിരിക്കട്ടേ' എന്നുള്ള വചനം പള്ളിയിൽവച്ചു പട്ടക്കാരനും 'എൻെറ സകലവിധമായ ലൌകികസ്വത്തും ഞാൻ നിനക്കായി അപ്പിച്ചിരിക്കുന്നു' എന്നുള്ള വചനം മണവാളനും ചൊല്ലിക്കൊണ്ടാണ് ക്രിസ്ത്യന്മർ വിവാഹം നടത്തുന്നത്. എന്നാൽ ഇംഗ്ലാണ്ടിലെ വിവാഹമോചനക്കേസുകളുടെ സംഖ്യ പ്രതിവഷം വദ്ധിച്ചുവരുന്നതു നോക്കുമ്പോൾ ഈ വചനങ്ങൾ എത്രത്തോളം അത്ഥപുഷ്ടിയുള്ളവയാണെന്ന് അനുമാനിക്കാം. ഹിന്ദുക്കളുടെ ഇടയിൽ ഒരു പുരുഷനു ഒന്നിലധികം ഭാര്യമാരാകാമെന്നു വച്ചിരിക്കുന്നതുകൊണ്ട് അവരും ഇത് ഒരു ലൌകികബന്ധമല്ലെന്നു വിചാരിക്കുന്നതായി പറയുന്നത് അവാസ്തവമാണ്. 'ഒരുത്തനായാലവന്നരികേ ശുശ്രൂഷിപ്പാനൊരുത്തി വേണമതിനവളുണ്ടെനിക്കിപ്പോൾ' എന്നു ഏകപതിവ്രതനായ ശ്രീരാമൻ സീതയെ ഉദ്ദേശിച്ചു പറഞ്ഞ വാക്ക് ഓമ്മിച്ചാൽ വാസ്തവം ഏററക്കുറെ വെളിപ്പെടുന്നതും, ഇപ്പോൾ ഉള്ളവർ ലജ്ജിക്കേണ്ടിവരുന്നതും ആണ്. സഹ

ധർമ്മചാരിണിയായ ഏകപത്നിയെ ആകാവൂ എന്നുള്ള വ്രതം ഹിന്ദുക്കൾ വിസ്മരിച്ചതുകൊണ്ട് അവർക്കുണ്ടായിരിക്കുന്ന ദോഷങ്ങൾ അപരിമിതങ്ങളാണ്.

ഓരോ മതവിശ്വാസങ്ങളുടെ പ്രചാരംകൊണ്ട് ഏർപ്പെട്ടത്തിയിട്ടുള്ള സിദ്ധാന്തങ്ങൾ കാലാന്തരംകൊണ്ടു അർത്ഥശൂന്യങ്ങളായി ഭവിക്കുന്നു എന്നു മേൽപറഞ്ഞ ഉദാഹരണങ്ങൾകൊണ്ടു വ്യക്തമാകുന്നു. യൂറോപ്പിൽ ക്രിസ്തുമതവും ഇൻഡ്യയിൽ ഹിന്ദുമതം എന്നു നവീനമായ അഭിധാനം സിദ്ധിച്ചിട്ടുള്ള പരസ്പരവിരുദ്ധങ്ങളായ അന്ധവിശ്വാസങ്ങളുടെ ബഹുലത്വവും ജനാചാരങ്ങളെ വശീകരിക്കുകയും, അഥവാ ദൂഷിപ്പിക്കുകയും ചെയ്യാതെ ഇരുന്നുവെങ്കിൽ, വിവാഹബന്ധത്തിന്നു കല്പിതാർത്ഥം ഒരു വിധത്തിലും അതിന്റെ നടപ്പു വിപരീതമായും, പരിണമിക്കുമായിരുന്നില്ല. ക്രിസ്തുമതാധികാരികളും ബ്രാഹ്മണരും, യഥാശക്തി ദുർവ്യയംചെയ്ത ഉത്സാഹത്തിന്റെ ഫലമാണ് ഇപ്പോഴുള്ളവർ അനുഭവിക്കുന്നത്.

ഒരു പുരുഷനും സ്ത്രീയും തമ്മിൽ അന്യന്മാരെ ഉൾപ്പെടുത്താതെ, ആജീവനാന്തം ചേർന്നിരിക്കുവാൻ ഉപകരിക്കുന്ന കെട്ടുപാടാണ് വിവാഹം. ഈ ഉദ്ദേശത്തെ എത്രത്തോളം സാദ്ധ്യമാക്കുവാൻ കഴിയുമോ, അത്രത്തോളം പ്രാബല്യം വിവാഹബന്ധത്തിന്നുണ്ട്.

എന്നാൽ വിവാഹം ഒരു വെറും ഖരാർ മാത്രമാണോ എന്നാലോചിക്കാം. ഞാൻ ഒരു ഭൃത്യനെ നിയമിക്കുന്നതു ഖരാറാണ്. അവൻ എന്നെ അനുസരിക്കണമെന്നു അവനും, അത്രയുംകാലം അവനു ശമ്പളംകൊടുക്കാമെന്നു ഞാനും, വാഗ്ദാനം ചെയ്യുന്നു. എന്നെ അനുസരിക്കാഞ്ഞാൽ അവനെ മാററുവാൻ എനിക്കും ശമ്പളം കിട്ടാഞ്ഞാൽ മാറുവാൻ അവനും, സ്വാതന്ത്ര്യമുണ്ട്. അഥവാ കാരണമൊന്നും പറയാതെ അവനെ നീക്കുവാൻ എനിക്കും കാരണം ഒന്നുംകൂടാതെ മാറുവാൻ അവനും അവകാശമുണ്ടായിരിക്കും. എന്നാൽ അങ്ങനെ ആണെങ്കിൽ പരസ്പരം നഷ്ടപരിഹാ

രം ചെയ്യേണ്ടിവരുന്നെന്നു. വിവാഹം ഇപ്രകാരമുള്ള ബന്ധമേ ആകുന്നുള്ളൂ?

ഇപ്പോഴുള്ള പരിഷ്കൃതജനങ്ങളുടെ ഇടയിൽ വിവാഹം കേവലം കരാറല്ല. വധൂവരന്മാക്കു പല അവകാശങ്ങളും വിവാഹബന്ധം കൊണ്ടു ഉണ്ടാകുന്നു. ശ്രീപരമേശ്വരൻ ദേഹത്തിൽ പകുതി ശ്രീപാവ്വതിയ്ക്കു പംകുവച്ചുകൊടുത്തു എന്നു പറയുന്നതു് എത്രയോ അത്ഥവത്താണ്. ഐഹികസുഖദുഃഖങ്ങളിലും, സംപദ്വിപത്തുകളിലും, വധൂവരന്മാർ പംകുകാരാകുന്നു. രാജാവിനേയും പട്ടമഹിഷിയേയും ഒന്നിച്ചു അഭിഷേകം ചെയ്യുന്നതിൻെറ ഗൂഢാത്ഥം ഇതുതന്നെയാണ്. ശ്രീരാമൻെറ വനവാസത്തിലും സീത പിരിയാതിരുന്നതു എന്തുകൊണ്ടാണ്? 'കുടുംബിനി' 'ഗൃഹിണി' എന്നീവാക്കുകൾ ഭായ്യയ്ക്കുള്ള സ്ഥാനത്തെ സൂചിപ്പിക്കുന്നില്ലേ? 'വീട്ടുകാരി' എന്നു നാടന്മാർ പറയുന്നതും ഈ അത്ഥത്തെ സ്വാഭാവികമായി ഓർമ്മിക്കുന്നതുകൊണ്ടല്ലേ?

റോമന്മാരുടെ ഇടയിൽ "കുടുംബത്തിലെ പ്രമാണിയ്ക്കു 'കുടുംബപിതാവ്'' എന്നും അയാളുടെ കളത്രത്തിനു 'കുടുംബമാതാവ്'' എന്നും ഉള്ള സ്ഥാനങ്ങൾ സിദ്ധിച്ചിരുന്നു. ഭാര്യാഭത്താക്കന്മാർ ദേഹംകൊണ്ടു രണ്ടാണെങ്കിലും മററുവിഷയങ്ങളിലെല്ലാം ഏകീഭവിച്ചിരിക്കുന്നുവെന്നാണ് സിദ്ധാന്തം. ഭായ്യ പുത്രോൽപാദനയന്ത്രം മാത്രമാണെന്നു് ഇപ്പോഴുള്ള ചില യോഗ്യന്മാക്കു തോന്നിയിട്ടുണ്ട്. എന്നാൽ, അവൾക്കും അവളിൽനിന്നുണ്ടാകുന്ന സന്താനങ്ങൾക്കും പുരുഷൻെറ സ്വത്തിന്മേലവകാശമുള്ളതായി മിക്ക പരിഷ്കൃതവഗ്ഗക്കാരും സമ്മതിക്കുന്നു.

വിവാഹം വെറും ഉടമ്പടിയല്ല, ഭായ്യാഭത്താക്കന്മാക്കും അവരുടെ കുട്ടികൾക്കും ചില അവകാശങ്ങളെ ഉണ്ടാക്കിക്കൊടുക്കുന്നതും വിവാഹബന്ധമാണ്, എന്നുള്ള വസ്തുത പ്രായേണ സമ്മതിക്കപ്പെട്ടുന്നതാണ്.

എന്നാൽ മലയാളികളുടെ വിവാഹത്തെ ഈ തോതുവച്ചു പരിശോധിച്ചുനോക്കാം.

നമ്പൂരിമാരുടെ വിവാഹത്തിന് ഈ ലക്ഷണം ചേരുന്നുണ്ട്. ഒരു നമ്പൂരിയുടെ വിവാഹത്തിനുശേഷം ഭാൎയ്യ ഭൎത്തൃകുടുംബത്തിലെ ഒരംഗമായിത്തീരുന്നു.

മരുമക്കത്തായം അനുസരിക്കുന്ന മലയാളികളുടെ വിവാഹത്തിന് ഈ ലക്ഷണം പൂൎത്തിയായിട്ടോ ഏകദേശമോ ഉണ്ടോ എന്നു ആലോചിക്കാം.

ഒരു മരുമക്കത്തായ മലയാളിസ്ത്രീ ഭാൎയ്യയെ സംബന്ധിച്ചേടത്തോളം എന്തെല്ലാം അവകാശങ്ങളും ബാദ്ധ്യതകളുമാണുള്ളത്?

യഥേഷ്ടം വിവാഹബന്ധം പിരിയുവാനുള്ള സ്വാതന്ത്ര്യം ദമ്പതിമാൎക്കുണ്ട്. പൂൎവ്വകാലങ്ങളിൽ റോമന്മാൎക്കു ഈദൃശമായ സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇപ്പോഴും മഹമ്മദീയനായ ഒരു ഭൎത്താവിനു ഏകദേശം ഈ സ്വാതന്ത്ര്യം ഉണ്ട്. ക്രിസ്ത്യാനികൾക്കു സകാരണമായും നീതിന്യായകോൎട്ടു മുഖേനയും വിവാഹമോചനത്തിനുള്ള അവകാശമുണ്ട്. വിവാഹമോചനം ഒന്നുകൊണ്ടും പാടില്ല എന്നുള്ള നിൎബ്ബന്ധം വിദേശീയന്മാരായ ഹിന്തുക്കൾക്കും എല്ലാബ്രാഹ്മണൎക്കു മാത്രമേ ഉള്ളു. വിവാഹം പിരിയുവാൻ പുരുഷന്നു സ്വാതന്ത്ര്യമുള്ളതുപോലെ സ്ത്രീകൾക്കുംകൂടി അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും, പക്ഷേ അതു ഇപ്പോഴുള്ള ഇതരവൎഗ്ഗക്കാരേക്കാൾ സ്വല്പം കൂടുതലാണെന്നും മാത്രമേ നമ്മുടെമേൽ ദോഷാരോപണം ചെയ്യേണ്ടിവരുന്നുള്ളു. ഇതുകൊണ്ടു വിവാഹത്തിന്റെ മുഖ്യമായ ഒരു ഉപകരണം നമ്മുടെ ഇടയിൽ ഇല്ലെന്നു വാദിച്ചുകൂടാ. റോമന്മാരുടെ കീഴ്നടപ്പുതന്നെ നമുക്ക് അനുകൂലമായിരിക്കുന്നു.

പുനൎവിവാഹം ആകാമെന്നുള്ള ഏൎപ്പാടു ഹിന്തുസ്ത്രീകൾ ഒഴികെ മറെറല്ലാവൎക്കും സമ്മതിക്കപ്പെട്ടിട്ടുള്ളതാകയാൽ ആയതു നമുക്കു ഒരു ന്യൂനതയാണെന്നു പറഞ്ഞുകൂട.

എന്നാൽ നമുക്കുള്ള കുറവു മേൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നമ്മുടെ വിവാഹം വെറും ഖരാറിന്റെ സ്വഭാവത്തെ വഹിക്കുന്നു. വിവാഹംകൊണ്ടു വധൂവരന്മാരുടെ അവകാശങ്ങൾക്കും ബാദ്ധ്യത

കൾക്കും പറയത്തക്ക പകച്ചകൾ ഉണ്ടാകുന്നില്ല. ഭത്താവിൻെറ സ്വത്ത് അവൻേറയും ഭാൎയ്യയുടെ സ്വത്ത് അവളുടേയും അധീനത്തിൽനിന്നു വിടുന്നില്ല. പുത്രന്മാൎക്കു പിതൃസ്വത്തിന്മേൽ അവകാശം കിട്ടുന്നില്ല.

റോമന്മാരുടെ ഇടയിൽ വിവാഹംകൊണ്ടു ഭൎത്തൃസ്വത്തിന്മേൽ ഭാൎയ്യക്കും ഭാൎയ്യാസ്വത്തിന്മേൽ ഭത്താവിന്നും സവ്വസാധാരണമായി അവകാശം സിദ്ധിച്ചിരുന്നില്ല. ഭത്താവിൻെറ അധികാരത്തിൽ പെടാതെ ഭാൎയ്യ സ്വതന്ത്രയായിരിക്കത്തക്കവിധത്തിൽ ഒരുവക വിവാഹം റോമന്മാർ അംഗീകരിച്ചിരുന്നു. എങ്കിലും ഈ വിവാഹത്തിന്നു യാതൊരു നീചത്വവും കല്പിക്കപ്പെട്ടിരുന്നില്ല. ക്രിസ്തുമതത്തിൻെറ പ്രചാരത്തോടുകൂടി ഈ മാതിരി വിവാഹം ക്രമേണ നിഷിദ്ധമായിത്തീൎന്നുവെന്നേയുള്ളൂ. ഇതു നോക്കുമ്പോൾ നമ്മുടെ വിവാഹത്തിനുള്ള ഈ ന്യൂനതയ്ക്കു അത്ഭുതപൂവ്വത്വം കല്പിച്ചുകൂട.

ഈ ന്യൂനതയ്ക്കു പ്രത്യേകമായി ഹേതുക്കളില്ലാതില്ല. മരുമക്കത്തായംകൊണ്ട്, ഭാൎയ്യക്കു ജനനകുഡുംബത്തിന്മേലവകാശമുള്ളതിനാൽ ഭൎത്തൃസ്വത്തിന്മേൽ അവകാശം അനുവദിക്കേണ്ടുന്ന സന്ദൎഭം പൂവ്വകാലങ്ങളിൽ ഉണ്ടായിരുന്നില്ല. പുത്രന്മാരുടെ നിലയും അപ്രകാരംതന്നെ. എന്നാൽ കാലാന്തരംകൊണ്ട്, മരുമക്കത്തായത്തറവാടുകൾ കാരണവൻെറ പൂൎണ്ണാധികാരത്തിൽ വന്നുപെടുകയും, ഭാൎയ്യാഭൎത്താക്കന്മാരുടെ സഹവാസത്തിന്നു സ്ഥൈൎയ്യവും ദാഢ്യവും വദ്ധിക്കുകയും ചെയ്യുന്നതിനാൽ, വിവാഹബന്ധത്തിൻെറ പൂൎണ്ണതയ്ക്കു അത്യാവശ്യമായി വേണ്ടിയിരിക്കുന്ന ഈ ഉപകരണംകൂടി അനുഗ്രാഹണീയമായിത്തീൎന്നിരിക്കുന്നു. നാഞ്ചിനാട്ടു വെള്ളാളന്മാരും തിരുവിതാംകൂർ സംസ്ഥാനത്തു ചില പ്രദേശങ്ങളിലുള്ള ഈഴവരും ഈ വസ്തുത ഗ്രഹിച്ചിട്ടുള്ളവരാകയാൽ, അവരുടെ ഇടയിൽ ഭാൎയ്യക്കും പുത്രന്മാൎക്കും ഏതാനും അവകാശങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഈ ആചാരത്തിൻെറ പ്രാബല്യം നീതിന്യായക്കോട്ടുകാരും ആദരിച്ചുവരുന്നു. മരുമക്കത്തായക്കാരായ ഇതരവൎഗ്ഗക്കാൎക്കും ഈ വിധമെന്തെങ്കിലും ഒരവകാശം നിയമപ്രകാരം സിദ്ധിക്കുന്നപക്ഷം

നമ്മുടെ വിവാഹത്തിനുള്ള മുഖ്യന്യൂനത പരിഹരിക്കപ്പെടുമെന്നാണ് തോന്നുന്നത്.

എം. രാമൻതമ്പി, ബി. എ. എം. എൽ.

---

# ഇന്ദ്രജാലം

1. ക്ഷതിയററൊരുകൊച്ചിനാടുശാസ്ത-
ക്ഷിതിനാഥൻമുറപോലെകാത്തകാലം
അതിചിത്രമൊരിന്ദ്രജാലമുണ്ടാ-
യതിനെപ്പററിയൊതുക്കിയോതിടുന്നേൻ.

2. പരദേശിപരംപുകഴ്ന്നപീതാം-
ബരനയ്യൻ, പടുവിന്ദ്രജാലശാസ്ത്രി
സരസംമലയാളനാടുചുററി-
പ്പരമാശ്ചൎയ്യമുതിൎത്തുമിക്കവൎക്കും.

3. ഒരുനാളിറണാകുളത്തുനിന്നി-
ട്ടരചൻകൊച്ചിയിലേക്കുപോയിടുമ്പോൾ
പരമാക്കടലൊത്തകായൽമദ്ധ്യ-
ത്തിരയിൽക്കണ്ടിതുചന്തവാണിഭത്തെ.

4. പലപട്ടുകൾപാവപാത്രജാലാ
വിലയേറും ചിലരത്നഭൂഷണങ്ങൾ
വിലസുന്നവിരിപ്പിലിപ്രകാരം
പലതും വെച്ചൊരുപട്ടരുണ്ടിരിപ്പൂ.

5. ഇതുവാങ്ങുവിനെന്നെടുത്തുകാട്ടു-
ന്നിളവെയ്ക്കുന്നു, പകിട്ടുചൊല്ലിടുന്നു
അതുകണ്ടരചൻതിരിഞ്ഞുബോട്ടിൽ
ഉള്ളമന്ദസ്മിതമോടൊരാളെനോക്കി.

6. എഴുനേററമരച്ചെരിപ്പുകാല്ക്കി-
ട്ടെഴുമായാളഥബോട്ടിൽനിന്നിറങ്ങി
അഴകിൽപ്പരദേശിപിട്ടുകാട്ടാ
പുഴയിങ്കലൊൎന്നടയായ്നടന്നുചെന്നു.

7. അടിയൊന്നവന്തന്നിവെച്ചിടുമ്പോ
ളിടിഞ്ഞുചാപ്പക്കസ്സൂത്രാണിട്ടുന്നു
വടിവോടവനെത്തിയപ്പൊഴുക്കാ
പിടികിട്ടാപ്പടിവാണിഭങ്ങളുമുങ്ങി.

8. ഒടുവിൽപ്പരദേശികായലിങ്കൽ
ക്കടുമത്തുമ്പുവരെയ്ക്കുമാണ്ടുപോയി
പടുവാമ്പരനപ്പൊഴാശ്ശുകഷ്ട-
പ്പെട്ടമാബ്രാഹ്മണനെപ്പിടിച്ചുപൊക്കി.

9. കരയുംദ്വിജനേക്കനിഞ്ഞുപിന്നെ-
ക്കരയെത്തിപ്പതിനാശ്ശുബോട്ടുകേററി
പരദേശിയെയാദരിച്ചുവീണ്ടും
ധരണീശൻനലമോടുസൽക്കരിച്ചു.

10. തരമോടഥകൊച്ചിപുക്കിറങ്ങി-
ട്ടരചൻവാണിടുരാജധാനിയിങ്കൽ
നരനായകനാദരിച്ചുപീതാം-
ബരനയ്യൻപരിതുഷ്ടിപൂണ്ടിരുന്നു.

11. ബഹുധാടിയിലിന്ദ്രജാലശാസ്ത്രം
ബഹുലാശ്ചര്യമിതെന്നുശാസ്ത്രിവാഴ്ത്തി
ബഹുധാബഹളംവിചിത്രമെന്നായ്-
ബ്ബഹുമാനിച്ചരുളുംചെയ്തുതമ്പുരാനും.

12. ഇവനെന്നുടെനാട്ടുകാരനൊട്ടൊ-
ട്ടിവശീലിച്ചവനെന്നിതത്തുൎന്നാക്കി
അവനിപതിചൊന്നവാറുകോപ്പി-
ല്ലിവനെന്നാൽവിനയത്തൊടാമനുഷ്യൻ.

13. അഥവാല്ലതുമൊന്നുകാട്ടുകെന്നായ്
പ്രഥമാനലിജനാഗ്രഹിച്ചരല്ലൊ
പ്രഥമംനൃപനോടുചൊന്നവാക്കൽ
ഗ്രഥനംചെയ്യുപറഞ്ഞൊഴിഞ്ഞുവിലോൻ

14. പകരുന്നിതുനേരമന്ത്രിയാവും
പകലുണ്ടിട്ടടനക്കരെസ്സുപോണം
സകലംദ്രുതമായിടട്ടെയെന്നാൻ
സകലൎക്കുംപ്രഭുമാടഭൂമണാളൻ

15. അമരത്തുകഴിഞ്ഞുകൂടെയുള്ളോ-
രമരാത്താശ്ശുഭുജിച്ചമാന്തമെന്ന്യേ
കുമരൻമുതലായബോട്ടുകൎക്കും
ക്രമമായയഷ്ടികൊടുത്തുതുഷ്ടിയാക്കി

16. ചൊറതിങ്ങിനൊതാമസിച്ചവാറേ
കറകാർവന്നുനിറഞ്ഞിതംബരത്തിൽ
മുറകീകടുകാററുകാത്തുചന്നൂ
മറമട്ടാമിടിമിന്നലുംതകൎത്തു.

17. മഴപെയ്തുകഠോരമായ്ത്തുടങ്ങി
പുഴപൊങ്ങികടലുംകലങ്ങിവിങ്ങി
അഴികായലുമൊന്നുപോലിണങ്ങി
വഴിമുങ്ങിപുരപാടവപുഴങ്ങി.

18. കരകായലിലാണ്ടുപോയിമുററം
തിരയായ്ക്കോവിലകത്തിനുള്ളുമുററം
അരചൻമരുവുന്നസൌധവീഥി
നിരവാതിൽപ്പടിയോളമായിവെള്ളം.

19. പ്രളയാഗമമോ,നമുക്കുജീവൻ
കളയാനുള്ളൊരു കാലമായിതെന്തോ?
ഇളകാക്കരളോടിവണ്ണമോർത്താ-
നിളകാൽപ്പാൻപിറകിന്ദ്രജാലശാസ്ത്രി.

20. കുമരൻമുതലായബോട്ടുകാര-
ക്രമമായ്ക്കണ്ടമഹാജലാഗമത്തിൽ
ക്ഷമവിട്ടുവലിച്ചുകേററിമാട-
ക്ഷമകാൽപ്പാനെൻറയടുത്തുബോട്ടണച്ചു.

21. അതിലേക്കുടപട്ടർമുമ്പുകേറ-
ന്നതിനായിട്ടുജനാലവാതിലൂടേ-
ധൃതിയോടുകടന്നുചാടിപോരേ
പതിയാതപ്പൊഴൊരാളണഞ്ഞുതാങ്ങി.

22. ഇതിലൊന്നുകുറച്ചുതമ്പുരാനും
മതിമോഹംപിണയാമതിന്നുമുമ്പ
ധൃതികൊണ്ടുമനസ്സിലായികാര്യം
ധൃതികൂട്ടീലതുകൊണ്ടുമാടരാജൻ.

23. ജവമോടിഹപട്ടരെപ്പിടിച്ചു-
ള്ളവനെപ്പാർത്തുതിരിച്ചറിഞ്ഞുവിപ്രൻ
അവനാമറിമായമുഖ്യകർത്താ-
വവനാകുന്നമരച്ചെരിപ്പുകാരൻ.

24. മഴയില്ലൊരുകാറുമില്ലകാറി-
ല്ലുഴലേറുന്നിടിയില്ലമിന്നലില്ല
പുഴപൊങ്ങലുമില്ലബോട്ടുമില്ല-
പ്പൊഴഹോ കേവലമിന്ദ്രജാലമെല്ലാം.

25. ചേരാനല്ലൂർക്കഞ്ചു കർത്താ-
വാരാണെന്നതറിഞ്ഞീടാതേ
പോരായ്മേസ്ഥറ്റപ്പെട്ടേനെന്നോ-
ത്താരാൽനാണിച്ചോടീവിപ്രൻ.

---

സാമൂതിരിപ്പാടും പറങ്കിഅമരന്മാരും

തമ്മിലുണ്ടായ

# ആദ്യത്തെകൂടിക്കാഴ്ച

---

ക്രിസ്ത്വാബ്ദം 1498-ാമാണ്ട മേയ്മാസം 19-ാംനുയാകുന്നു വാസ്കോഡിഗാമയെന്നു പ്രസിദ്ധനായ പറങ്കിഅമരാൽ കോഴിക്കോട്ടു തുറമുഖത്തെത്തിയത്. ഇൻഡ്യയിലെ രാജാക്കന്മാൎക്കു മേൽവിലാസംവെച്ചതായും പോർട്ടുഗലിലെ രാജാവ് എഴുതീട്ടുള്ളതായും ഉള്ള എഴുത്തുകളുംകൊണ്ടായിരുന്നു അമരാലിന്റെ വരവ്. എത്തിയ ദിവസം കരയ്ക്കിറങ്ങിയില്ല. മരണശിക്ഷ വിധിക്കപ്പെട്ടവരിൽ ചിലരെ പോർട്ടുഗലിൽനിന്നു വാസ്കോഡിഗാമ കൂടെക്കൊണ്ടുവന്നിട്ടുണ്ടായിരുന്നതുകൊണ്ട് അവരിൽ ഒരാളെ കാര്യങ്ങൾ അറിഞ്ഞുവരുവാൻവേണ്ടി പിറ്റേദിവസം കരയ്ക്കുവിട്ടു. മരണശിക്ഷ വിധിക്കപ്പെട്ടിട്ടുള്ള ഇവർ ആപൽകരങ്ങളായി വരാവുന്ന വല്ല ഉദ്യമങ്ങളും നിറവേറ്റിയാൽ ഇവൎക്കു മാപ്പുകൊടുക്കുമെന്നാണത്രെ പോർട്ടുഗൽഗവർമ്മേണ്ടു നിശ്ചയം ചെയ്തിട്ടുള്ളത്. കരയ്ക്കിറങ്ങിയപ്പോൾതന്നെ അവന്റെ വികൃതവേഷം കാണ്മാനായി നാട്ടുകാർചെന്നു പോ

തിഞ്ഞുതുടങ്ങി. ഒടുവിൽ ട്യൂണിസ്സിലെ രണ്ടു കച്ചവടക്കാരിൽ ഒരാൾ അവനെ കണ്ടു് സ്പെയിൻരാജ്യക്കാരനാണെന്നു ധരിച്ചു. സ്പെയിനിലെ ഏതുപ്രദേശത്തുനിന്നു വരുന്നു എന്നു സ്പാനിഷ് ഭാഷയിൽ ചോദിച്ചു. അപ്പോൾ താൻ പറങ്കിയാണെന്നു് അവൻ പറഞ്ഞതുകേട്ടു് അവനെ ആയാൾ തന്റെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി സല്ക്കരിക്കുകയും മററും ചെയ്തു. പിന്നീടു് ആയാളുടെ കൂടെ പറങ്കി കപ്പലുകളിലേക്കു പോയി അമരാലിനെ കണ്ടു. കോഴിക്കോട്ടുരാജ്യത്തു പ്രധാനമുതലെടുപ്പു കടൽചുങ്കപ്പിരിവായതുകൊണ്ടു രാജാവിന്നു പറങ്കികളുടെ വരവു സന്തോഷകരമായിരിക്കുമെന്നും മററും അറിയിച്ചു. പിന്നെ അമരാൽ തന്റെ ആൾക്കാരിൽ രണ്ടു പേരെ ഈ കച്ചവടക്കാരന്റെകൂടെ കരയ്ക്കയച്ചു. കച്ചവടക്കാരന്റെ പേർ മോൻസെയ്ദ് എന്നാണ്. കോഴിക്കോട്ടു രാജാവിന്റെ യശസ്സമൃദ്ധിയെപ്പററി കേട്ടു സന്തോഷിച്ചു പറങ്കിരാജാവു് അന്യോന്യസൌഹാർദ്ദത്തെയും ഐക്യതയെയും ഇച്ഛിച്ചു തന്റെ കപ്പിത്താന്മാരിൽ ഒരാളെ അയച്ചിരിക്കയാണെന്നു പറവാൻ അമരാൽ അവരോടു ശട്ടംകെട്ടിയിരുന്നു. സാമൂതിരിപ്പാടു് അവരെ വഴിപോലെ സല്ക്കരിക്കയും ആ കാലത്തു കോഴിക്കോട്ടു തുറമുഖത്തു കപ്പലുകൾ നിൽത്തുന്നതിന്നു രക്ഷയില്ലാഞ്ഞതുകൊണ്ടു താൻ താമസിച്ചിരുന്ന പന്തലായിനി*ക്കടുത്തു കപ്പലുകൾ കൊണ്ടുവരുവാൻ അമരാലോടു താല്പര്യപ്പെടുകയും തന്റെ മാലുമികളിൽ ഒരാളെ പറങ്കികൾക്കു വഴികാണിച്ചുകൊടുപ്പാൻവേണ്ടി അയച്ചുകൊടുക്കുകയും ചെയ്തു. അതിൽപിന്നെ സാമൂതിരിപ്പാടു് അമരാലെ തന്റെ മുമ്പാകെ കൂട്ടിക്കൊണ്ടുവരുവാൻവേണ്ടി ഒരു കൊത്തുവാളെ അയച്ചു. കൊത്തുവാൾ ആ കാലത്തു മജിസ്ട്രേട്ടുദ്യോഗം ഭരിച്ചിരുന്ന ഒരു ഉദ്യോഗസ്ഥനായിരുന്നു.

പറങ്കികൾ കരയ്ക്കിറങ്ങിയപ്പോൾ അവരെ കയററിക്കൊണ്ടുപോകുവാൻ പല്ലക്കുകൾ തയ്യാർ. അകമ്പടിക്കു നായന്മാരായ പട്ടാളക്കാർ തയ്യാർ. അവരെ മുഖ്യമായ ഒരു ക്ഷേത്രത്തിന്റെ സ

* കൊല്ലം, കൊയിലാണ്ടി.

മിപത്തിലേക്കാണ് ആദ്യം കൊണ്ടുപോയത്. അമ്പലത്തിന്റെ മാതിരിയും അവിടുത്തെ ചില കൊത്തുപണികളും രൂപങ്ങളും മ റ്റും കണ്ടപ്പോൾ അത് ക്രിസ്ത്യാനികളുടെ പള്ളിയാണെന്ന് അമ രൽ അന്ധാളിച്ചുപോയി. പൊക്കിളിന്റെ മേൽഭാഗംവരെ ന ഗ്നന്മാരായും പട്ടുടുത്തവരായും പൂണൂൽ ഉള്ളവരായും നാലുപേർ ഗോപുരദ്വാരത്തിൽ നിൽപ്പുണ്ടായിരുന്നു. അവർ പറങ്കികളെ പുണ്യാഹം തളിക്കുകയും, എന്തോ മധുരമുള്ള പൊടികൾ അവക്കു കൊടുക്കുകയും ചെയ്തു. അമ്പലത്തിന്റെ ചുമരുകളിൽ ഉണ്ടായി രുന്ന ചിത്രമെഴുത്തുകളും ശ്രീകോവിലും അതിന്റെ വീതികുറഞ്ഞ പിച്ചളവാതിലുകളും സോപാനവും പറങ്കികൾക്കു കൗതുകത്തെ ജനിപ്പിച്ചു. എന്നാൽ ശ്രീകോവിലകത്തുള്ള ഇരുട്ടുകൊണ്ട് അവക്കു വിഗ്രഹം തിരിച്ചറിവാൻ പാടില്ലായിരുന്നു. അകത്തുകടന്ന് നോക്കു വാൻ അവർ ആവശ്യപ്പെട്ടപ്പോൾ അതു ശാന്തിക്കാർക്കു മാത്രമെ പാ ടുള്ള എന്നു പറഞ്ഞ് അവരെ വിലക്കി. ശാന്തിക്കാർ വന്ന ആരാധ നയുടെ ഇടക്ക് 'മഹാദേവ' എന്നു പറഞ്ഞതു യേശുവിന്റെ മാതാ വായ 'മെറായ്'എന്നു പറങ്കികൾ തെറ്റിദ്ധരിച്ചു. 'മാതാവിന്റെ കുറബാന'യാണ് നടക്കുന്നതെന്നു വിശ്വസിച്ചു ക്രിസ്തീയരീതിയിൽ അവർ ദേവാഭിവന്ദനവും ചെയ്തു. അവിടെനിന്നു മറ്റൊരു ക്ഷേത്ര ത്തിലേക്കും ആവഴി രാജധാനിയിലേക്കുമാണ് പറങ്കികൾ പിന്നെ പോയത്. പോകുംവഴിക്കെല്ലാം വാദ്യഘോഷങ്ങൾ ഉണ്ടായിരുന്നു. അകമ്പടിക്കാരായ നായന്മാർ വാളുകൊണ്ടു വഴിവിലക്കി പുരുഷാര ത്തെ ഒതുക്കിയിരുന്നില്ലെങ്കിൽ പറങ്കികൾക്കും കൂട്ടുകാക്കും കടന്നു പോകുവാൻ നിവൃത്തിയില്ലാത്ത വിധത്തിൽ തിരക്കും ഉണ്ടായിരു ന്നു. കോവിലകത്തിന്റെ പടിക്കൽ പരിചാരകന്മാർ എതിരേല്ക്കു വാൻ ഹാജരുണ്ടായിരുന്നു. അകത്തു കടന്ന് പള്ളിയറയുടെ സമീ പത്തിൽ എത്തിയപ്പോൾ കഴുത്തു മുതൽ മുട്ടുവരെ പട്ടു ധരിച്ചൊരു വൃദ്ധൻ പുറത്തുവന്നു ഗാമയെ ഗാഢാശ്ലേഷം ചെയ്തു. ഈ വയോ ധികൻ ബ്രാഹ്മണരിൽ മുഖ്യനായിരുന്നു. ഇദ്ദേഹം ഗാമയുടെ കയ്യു പിടിച്ചു ഒപ്പം നടന്നു. പിന്നെ ചെന്നത് സാമൂരിപ്പാട്ടിലെ തിരു

മുമ്പിലേക്കാണ്. പള്ളിയറ വിശാലമായ ഒരു മുറിയായിരുന്നു. അവിടെ ഇരിക്കാനുള്ള ബെഞ്ചുകൾ ഒരു നിരയായിട്ടാണ് ഇട്ടിരുന്നത്. നിലത്തു മുഴുവൻ പട്ടു വിരിച്ചിരുന്നു. എന്നു മാത്രമല്ല, ചുമരുകളിലെല്ലാം നീലാളംകൊണ്ടു വിതാനിച്ചിരുന്നു. രത്നഖചിതമായ ഒരു ചെറിയ കിരീടം സാമൂതിരിപ്പാട് ശിരസ്സിൽ ധരിച്ചിരുന്നു. അദ്ദേഹത്തിൻെറ കുപ്പായം പട്ടും വളരെ സ്വർണ്ണക്കുടുക്കുകൾ ഉള്ളതും ആയിരുന്നു. കാതിൽ വളരെ വിലപിടിച്ച കല്ലുവച്ച കടുക്കനും വിരലുകളിൽ കല്ലുവെച്ച മോതിരങ്ങളും ഉണ്ടായിരുന്നു. അദ്ദേഹം ദീർഘകായനും സുമുഖനും ഗംഭീരനും ആയിരുന്നു. ഗാമ അദ്ദേഹത്തെ നാട്ടാചാരപ്രകാരം അഭിവന്ദിച്ച് അദ്ദേഹത്തിൻെറ അപേക്ഷപ്രകാരം സമീപത്തുള്ള ഒരു ആസനത്തിന്മേൽ ഇരുന്നു. മററുള്ള പറങ്കികളും ഇരുന്നു. പിന്നീട് അവരുടെ കൈകാൽ കഴുകുവാൻ വെള്ളവും അവക്ക് ഭക്ഷിപ്പാൻ പലതരം പഴങ്ങളും അവരുടെ മുമ്പിൽ കൊണ്ടുപോയി വച്ചു. അതിൻെറ ശേഷം വന്നകാൎയ്യം പറവാനായി ഗാമയോട് സാമൂതിരിപ്പാട്ടു ചോദ്യം ചെയ്തു. എന്നാറെ തൻെറ പാട്ടിൽ ഈ വക കാൎയ്യങ്ങളെപ്പററി പരസ്യമായി സംസാരിക്കുന്നത് പതിവില്ലെന്നും സ്വകാൎയ്യമായി രാജാവിനോടോ മന്ത്രിമാരോടോ പറഞ്ഞുകൊള്ളാമെന്നും ഗാമ മറുപടി പറഞ്ഞു. അപ്പോൾ രാജാവ് കുറെക്കൂടി കൌതുകമുള്ള ഒരു മുറിയിലേക്ക് എഴുന്നള്ളുകയും ഗാമ അവിടെച്ചെന്നു തൻെറ യജമാനനായ ഇമാനുവൽ രാജാവ കോഴിക്കോട്ട് രാജാവിൻെറ പ്രസിദ്ധമായ പ്രാബല്യത്തെയും ഇന്ത്യയിലുള്ള അപൂൎവ്വപദാൎത്ഥങ്ങളേയുംപററി കേട്ടു സ്നേഹസഹായങ്ങളെ കാംക്ഷിച്ചു മാനത്തിനും ലാഭത്തിനും ഹേതുകമാകുംവണ്ണം രണ്ടു നാട്ടുകാരും പരസ്പരസംസൎഗ്ഗം തുടങ്ങുവാനുള്ള അഭിലാഷത്തോടുകൂടിയും വിവരങ്ങൾ എഴുതിട്ടുള്ള എഴുത്തുകളോടുകൂടിയും വന്നിരിക്കയാണ് എന്നു രാജാവിനെ അറിയിച്ചാറെ രാജാവ് വളരെ സന്തോഷത്തോടുകൂടി അവസ്ഥകൾ ധരിക്കുകയും പറങ്കിരാജാവിനെ തൻെറ സഹോദരനെപ്പോലെ വിചാരിക്കുന്നതാണെന്ന് അരുളിച്ചെയ്കയും ചെയ്തു. എന്നിട്ട് അയാൾക്കുവേണ്ടി ശട്ടം കെട്ടിട്ടുള്ള

സ്ഥലത്തേക്ക് ഗാമയെ കൂടികൊണ്ടുപോകുവാൻ മൊത്തുവാൾക്കു കല്പനയും കൊടുത്തു. പട്ടണം വലുതായിരുന്നുവെന്നും വീടുകൾ ഓരോരോ തോട്ടങ്ങളിലായിരുന്നതുകൊണ്ട് ഒന്നോടൊന്ന് തൊട്ടവ അല്ലായിരുന്നുവെന്നും അവ ആകപ്പാടെ മ്ലേച്ഛങ്ങളായിരുന്നുവെന്നും രാജാവിന്റെ രാജധാനികൾ മാത്രമെ കല്ലുകൊണ്ട് പണി ചെയ്യിക്കുവാൻ അനുവദിച്ചിരുന്നുള്ളുവെന്നും ധനപുഷ്ടികൊണ്ടും അധികാരംകൊണ്ടും കോഴിക്കോട്ട് രാജാവു അയൽ രാജാക്കന്മാരേക്കാൾ പ്രബലനായിരുന്നുവെന്നും ഗാമതന്നെ കോഴിക്കോടിനെപ്പററി പ്രസ്താവിച്ചു കാണുന്നുണ്ട്.

മൂന്നുദിവസം കഴിഞ്ഞപ്പോൾ തിരുമുൽക്കാഴ്ചയോടുകൂടി പറങ്കിരാജാവിന്റെ എഴുത്ത് ഗാമ സാമൂരിപ്പാട്ടിലേക്കു സമപ്പിച്ചു. തിരുമുൽക്കാഴ്ച രാജാവിന്നു തൃപ്തിയായില്ലെന്നു കണ്ടപ്പോൾ കപ്പലോട്ടത്തിൽ പല വിഘാതങ്ങളും ഉണ്ടാവാൻ ഇടയുണ്ടായിരുന്നതുകൊണ്ട് അധികമൊന്നും കരുതികൊണ്ടു വന്നിട്ടില്ലെന്നും പറങ്കിരാജാവിന്റെ സ്നേഹത്തിന്ന് അടുത്ത തിരുമുൽക്കാഴ്ച യാതൊന്നും ഇല്ലെന്നും ആദായത്തെ ഇച്ഛിക്കുന്ന പക്ഷം പറങ്കി രാജ്യത്തുനിന്നു കൊല്ലംതോറും ചരക്കുകൾ കേററിവരുന്ന കപ്പലുകളിൽനിന്ന് ആയതു ലഭ്യമാണെന്നും ഗാമ രാജാവിനെ ധരിപ്പിച്ചു. എന്നുതന്നെയുമല്ല തന്റെ രാജാവിന്റെ എഴുത്തു മഹമ്മദീയരെക്കൊണ്ടു വായിപ്പിക്കാതെ ഇരിക്കണമെന്നും എന്തുകൊണ്ടെന്നാൽ അവർ തന്റെ വിരോധികളാണെന്ന് മൻസെയ്ദ് തനിക്ക് അറിവുതന്നിട്ടുണ്ടെന്നും ഗാമ രാജാവിനോടു പറഞ്ഞു. അപ്പോൾ എഴുത്തു തർജ്ജമ ചെയ്യാൻ മൻസെയ്ദിനെതന്നെ രാജാവ് ഏല്പിക്കുകയും മഹമ്മദീയരുടെ വഞ്ചനകളെ കാത്തുനില്ക്കാത്തതിനെപ്പററി രാജാവ് അയാളെ ദേഷ്യപ്പെടുകയും ചെയ്തു. പറങ്കികളുടെ നാശം വരുത്തുവാൻ വേണ്ടി മഹമ്മദീയർ രാജസേവന്മാരെ കോഴകൊടുത്തു സ്വാധീനത്തിൽവച്ച് ഗാമ വണിഗ്വേഷം കെട്ടി നടക്കുന്ന ഒരു കടൽക്കള്ളനാണെന്നും ചാരപുരുഷനാണെന്നും പറഞ്ഞുണ്ടാക്കി. ക്രിസ്ത്യാനികളോടുള്ള ദ്വേഷത്താലും പറങ്കികളു

ടെ വരവു നിമിത്തം തങ്ങളുടെ കച്ചവടത്തിന്ന് ഊനം വന്നെങ്കി ലൊ എന്ന ഭയത്താലും ആകുന്നു ഇവർ ഇങ്ങിനെ ചെയ്യുത്. മ ഹമ്മദീയരുടെ ശാഠ്യം സഹിക്കവെയ്യാതെകണ്ടും അവരിൽനിന്നു വസൂൽ ചെയ്യിരുന്ന ചുങ്കങ്ങൾ പൊയ്പ്പോയെങ്കിലൊ എന്നുള്ള ഭ യംകൊണ്ടും സ്പെയിൻ നാട്ടുകാർ കീഴടക്കുക നിമിത്തം ആപ്രിക്ക യിലുള്ള മഹമ്മദീയൎക്കു കാപ്പിരികൾമൂലം സംഭവിച്ച അനൎത്ഥങ്ങ ളെ ഓൎത്തു ഭയപ്പെട്ടും പറങ്കിരാജാവു കൊടുത്തയച്ച നിസ്സാരമായ കാഴ്ചയാൽ വെളിപ്പെട്ട പിച്ചത്തരത്തെ വിചാരിച്ചും പറങ്കിക്കപ്പ ലുകൾ കൊണ്ടുവന്ന ചരക്കുകളുടെ ദൌൎല്ലഭ്യത്തെക്കണ്ടും മററു വല്ല രാജാക്കന്മാരുടെയും അടുക്കൽ പോകുമെന്നുള്ള മഹമ്മദീയരുടെ ഭീ ഷണികളെ കേട്ടും, അങ്ങിനെയായാൽ അവരുടെ കച്ചവടത്തിൽ നിന്നു തനിക്കു കിട്ടിവന്നിരുന്ന ലാഭം ഇല്ലാതായിപ്പോകുമെന്നു വി ചാരിച്ചും സാമൂതിരിപ്പാട് ഒടുവിൽ ഇളകിവശായി, സ്നേഹവാക്കു കൾ പറഞ്ഞു കപ്പലുകൾ കരെക്കൂടി അടുപ്പിക്കുകയും കപ്പപ്പായ കൾ ജാമ്യമായി വാങ്ങുകയും ചെയ്യാൻ ശട്ടംകെട്ടി കൊത്തുവാളെ ഗാമയുടെ അടുക്കലേക്ക് അയക്കുകയും ചെയ്തു. തന്നെ അധികകാ ലം സാമൂതിരിപ്പാട് താമസിപ്പിക്കുന്ന പക്ഷം കപ്പലുകൾ തിരിയെ യൂറോപ്പിലേക്ക് കൊണ്ടുപോകാൻ ഗാമ കപ്പലിലുണ്ടായിരുന്ന അ യാളുടെ അനുജനോട് ഏൎപ്പാടു ചെയ്യിട്ടുണ്ടായിരുന്നുവെങ്കിലും ഒട്ടേ റെ വാഗ്വാദം കഴിച്ചതിൽ പിന്നെ ചരക്കുകൾ ഇറക്കാമെന്നും അ വകൾ വില്ലാൻ ആളുകളെ അയക്കാമെന്നും സമ്മതിച്ചു കപ്പലി ലേക്കുതന്നെ മടങ്ങിപ്പോയി. കൊത്തുവാളുടെ നടവടി തൃപ്തികര മല്ലായിരുന്നുവെന്നും മററും ഗാമ ആവലാധി പറഞ്ഞതിനു രാജാ വു നല്ല ഭംഗിയായ വാക്കുകൾ പറയുകയും അഴിവ് അധികം കോഴിക്കോട്ടാണെന്നു ഭാവിച്ചു ചരക്കുകൾ അവിടെക്കയക്കാൻ ആ വശ്യപ്പെടുകയും ആണ് ചെയ്യുത്.

ഗാമ തടസ്ഥമൊന്നും പറഞ്ഞില്ല. പക്ഷെ അയാൾ ദിവ സേന രണ്ടും മൂന്നും ആളുകളെ അയച്ചു നഗരത്തിലെ സമാരംഭ ങ്ങൾ അറിയാറുണ്ടായിരുന്നു. അവിടെ വിശേഷിച്ചു ഒന്നും ഉണ്ടാവാ

റില്ല. തൻെറ വകയായിട്ട് ഒരു ഏജണ്ടിനെ സ്ഥിരമായി കോഴിക്കോട്ടു നിൎത്തുവാൻ ഗാമ രാജാവിനോട് അനുവാദം ചോദിച്ചു. അപ്പോൾ രാജാവ് കുപിതനായി ഗാമയുടെ ആൾക്കാരിൽ രണ്ടുപേരെ ബന്തോവസ്ഥിൽ നിൎത്താനും പറങ്കികളുടെ ചരക്കുകൾ എല്ലാം ഒളുക്കുവാനും കല്പിച്ചു. അവർ പറഞ്ഞിട്ടും തൻെറ ആൾക്കാരെ വിട്ടയക്കുന്നില്ലെന്നു കണ്ടപ്പോൾ പുറദിക്കുകളിൽനിന്നു ചരക്കു കയററി വന്നിരുന്ന നാട്ടുകപ്പലുകളിൽ ഉടനെ വന്നതായ ഒന്നിനെ എതൃത്ത് അതിൽനിന്നു പ്രധാനികളായ ആറാളുകളെ പിടിച്ചു പുറംകടലിൽപോയി കിടക്കുകയും ചെയ്തു. ഇമമന്ന്യുവൽ രാജാവിന് ഒരു എഴുത്ത് എഴുതുന്നതുവരെ മാത്രമെ താൻ പിടിച്ച പറങ്കികളെ നിൎത്തുകയുള്ളുവെന്നും അമരാൽ തൻെറ ഭൃത്യന്മാരെ പിടിച്ചതു വളരെ ആശ്ചൎയ്യം തന്നെയെന്നും രാജാവ് ഗാമയെ അറിയിച്ചു. അപ്രകാരംതന്നെ പിറെറ ദിവസം പിടിച്ച രണ്ടു പറങ്കികളെ ഒരു എഴുത്തോടുകൂടി കപ്പലിലേക്ക് പറഞ്ഞയച്ചു. ചരക്കുകൾ വിട്ടുകൊടുത്തതും ഇല്ല. അവ അമരാൽ നിശ്ചയിക്കാൻ പോകുന്ന ഏജണ്ടിനു വില്പാനായി വച്ചിരിക്കയാണെന്നായിരുന്നു എഴുത്തിൽ എഴുതിയിരുന്നത്. താൻ ഏജണ്ടിനെ നിശ്ചയിപ്പാൻ ഭാവിച്ചിട്ടില്ലെന്നും ചരക്കുകൾ വിട്ടുകിട്ടുന്നവരെ താൻ പിടിച്ച ആളുകളെ വിട്ടയക്കുന്നതല്ലെന്നും ഗാമ മറുവടി പറഞ്ഞു. പറങ്കികൾ നിമിത്തം തനിക്കു പ്രാണഹാനി വരുമെന്നും അതുകൊണ്ടു തന്നെക്കൂടി പോർട്ടുഗലിലേക്ക് കൊണ്ടുപോകണമെന്നു പിറെറ ദിവസം മൊൻസെയ്ദ് കപ്പലിൽ വന്ന് അമരാലോടു യാചിച്ചു. പറങ്കികൾ സമ്മതിച്ചു. അതിൽ പിന്നെ ചരക്കുകൾ എല്ലാം ഏഴു വള്ളങ്ങളിൽ ആയി കേററി രാജാവ് പറങ്കികൾക്ക് അയച്ചു കൊടുത്തുവെങ്കിലും ഗാമ അവയെ കൈക്കൊണ്ടില്ലെന്നു മാത്രമല്ല കോഴിക്കോട്ടു രാജാവ് തന്നോടു കാണിച്ച അപമൎയ്യാദയുടെ സാക്ഷികളായി മലയാളികളെ പോർട്ടുഗലിലേക്കു കൊണ്ടുപോകയാണെന്നും പറഞ്ഞു പീരങ്കികളെക്കൊണ്ടു വള്ളങ്ങൾ വെടിവെച്ച് ഓടിക്കുകയാണ് ചെയ്തത്.

മലയാളതീരത്തുള്ള മറെറാരു തുറമുഖത്തുനിന്നു രാജാവിനു ത

ല്ല വാക്കുകളുള്ള ഒരെഴുത്ത് പിന്നീട് ഗാമ എഴുതി അയച്ച് അഞ്ചു ദിവിലേക്കും അവിടെനിന്ന യൂറോപ്പിലേക്കും തിരിച്ചു.

പുത്തെഴുത്ത് ഗോവിന്ദമേനോൻ, ബി. എ.

# സംഭാഷണം

'ജിഹ്വാഗ്രേവർത്തതേലക്ഷ്മീ
ജ്ജിഹ്വാഗ്രേമിത്രബാന്ധവാഃ
ജിഹ്വാഗ്രേബന്ധനപ്രാപ്തി
ജ്ജിഹ്വാഗ്രേമരണംധ്രുവം'.
'നാനലമെന്നുനലനുടൈമൈയന്നലം
യാനലത്തുള്ളതൂഉമൻറു
ആക്കമുംകേടുമതനാൽവരുവതാൽ
കാത്തോമ്പൽശൊല്ലിൻകൺശോർവ്'
'അടവിമഴുകൊണ്ടുവെട്ടിയാലുലകച്ചീടും
കഠിനവാചാവെട്ടിമുറിച്ചാലുകച്ചീടാ.
കാട്ടുതീപിടിപെട്ടുദഹിച്ചീടിലുംവനം
വാട്ടമെന്നിയേചിരാൽതളിർക്കുമസംശയം
ദുഷ്ടവാക്കിനാൽദഗ്ദ്ധമായതുതളിർക്കില്ല
ഒട്ടേറെക്കാലംകഴിഞ്ഞാലുമെന്നറിയേണം.'

സംസ്കൃതം, തമിഴ്, മലയാളം, എന്നീഭാഷകളിൽ മാത്രമല്ലാ സാമാന്യം എല്ലാഭാഷകളിലും വാക്കിൻെറ വൈഭവത്തെപ്പററി പറഞ്ഞുകാണാം. ഹിന്തുക്കളായ നാം വാക്കിന്ന ദേവതാപം കൊടുത്തു രൂപം സങ്കല്പിച്ച് ആരാധിക്കുന്നതും കൂടിയുണ്ട്. അനുഭവം കൊണ്ടും അളവററ ശക്തി വാക്കിന്നുണ്ടെന്നേ പറവാൻ തരമുള്ളു. ഞാണിൻെറ വലിവു പരീക്ഷിക്കുന്നതിന്ന വെറുതെ വലിച്ചുവിടുന്ന ശരം വിചാരിക്കാത്ത ലക്ഷ്യത്തിൽ കൊള്ളുകയും കൊല്ലുകയും ചെയ്യുന്നതുപോലെ നമ്മുടെ മുഖത്തിൽനിന്ന ചോന്നുപോകുന്ന വാ

ക്കുകൾ ചിലപ്പോൾ വിചാരിക്കാത്ത ഒരാളുടെ ഹൃദയത്തിലേററ പുണ്ണാക്കുന്നില്ലേ? കഠിനമായ മനോവേദനകൊണ്ടുള്ളുരുകി മുഖപ്രസാദത്തിൻെറ മുരട്ടു കത്തിയിരിക്കുമ്പോൾ വചനാമൃതംകൊണ്ടു നനച്ചു തണുപ്പിച്ചും തളിപ്പിക്കുന്നില്ലേ? അതിവിദ്വാന്മാൎക്കു പ്രായേണ കണ്ടുവരുന്ന ദാരിദ്ര്യാദിദുഃഖങ്ങൾ അവരുടെ ഉള്ളിൽ തട്ടാതെ കഴിച്ചുകൂട്ടുന്നതു കാളിദാസാദിമഹാകവികളുടെ സൂക്തികളിൽ ലയിക്കുന്നതുകൊണ്ടല്ലേ? വാക്കിൻെറ വൈഭവം പറഞ്ഞുതുടങ്ങിയാൽ അവസാനമില്ല.

വാക്കിന്നും അതിൻെറ പ്രയോഗത്തിന്നും ഇത്രയും പ്രഭാവമുള്ളതുകൊണ്ടു സംഭാഷണത്തിൽ നാമെത്രമാത്രം മനസ്സിരുത്തേണമെന്നു പറയേണ്ടതില്ല. ആളുകൾ ഒത്തൊരുമിച്ച് ഓരോരുത്തരുടെ ആലോചനകൾ മററുള്ളവരുടെ ആലോചനകളായി ഉത്തുമാറുന്നതുകൊണ്ടു പരസ്പരമുണ്ടാകുന്ന ഉൽകൎഷവും വിനോദവുമാണ് സംഭാഷണത്തിൽനിന്നു മുഖ്യമായി നമുക്കു കിട്ടുന്ന ഫലം. ഈ ഫലാപേക്ഷയോടുകൂടി നാമെല്ലാവരും സംഭാഷണത്തിന്നു മുതിൎന്നാൽ എത്രവേഗത്തിലറിവും യോഗ്യതയും വൎദ്ധിക്കുമെന്ന് അനുഭവിച്ചു അറിഞ്ഞുകൂടൂ. നമ്മുടെ ഇടയിൽ ഇപ്പോൾ നടക്കുന്ന സംഭാഷണങ്ങൾ മിക്കതും ഉദ്ദേശമില്ലാതെയാണ്. ഇതു ചെയ്യരുതെന്നു പുരാതനന്മാർ നിഷേധിച്ചിട്ടുണ്ട്.

'ശുഷ്കവൈരംവിവാദഞ്ച
നകുൎയ്യാൽകേനചിത്സഹ
പരിഹാരംസവ്യനൌചിത്യം
സചപ്പേപ്യന്യവധൂരതിം'

പണ്ഡിതന്മാർ ഈ ഉപദേശത്തെപ്പററി അറിവില്ലാത്തവരല്ലെങ്കിലും അവരെപ്പോലെ ശുഷ്കവാദം ചെയ്യുന്നവരാരുമില്ലെന്നാണ് അനുഭവംകൊണ്ടു കാണുന്നത്. ഇങ്ങിനെ വരുന്നതു ജനസമുദായത്തിൻെറ ദുൎദ്ദശാപരിപാകമെന്നല്ലാതെ മറെറന്തു പറയാം? എന്തുചെയ്യാം? അപൂൎവ്വമായി ഒന്നോ രണ്ടോ സംഭാഷണങ്ങൾ ഉ

ദ്ദേശമുള്ളതായി കാണാറുണ്ട്. എന്നാൽ ഉദ്ദേശം പരപരിഹാസമായിരിക്കും. ഇതിനേക്കാൾ ശോചനീയമായിട്ട് എന്താണുള്ളത്?

സല്ലാപസാമൎത്ഥ്യം അഭ്യാസംകൊണ്ടു ലഭിക്കാത്തതായ ഒരു സഹജഗുണമോ അഭ്യാസം ആവശ്യമില്ലാത്ത ഒരു നിസ്സാരകാൎയ്യമോ ആണെന്നു വിചാരിച്ചു മററുള്ള വിദ്യകളിൽ ചെയ്തുവരുന്ന പരിശ്രമം അതിലും ചെയ്യാത്തത് അബദ്ധം. സംഭാഷണമാകുന്ന കാമധേനുവിനെക്കറന്നു പാലെടുക്കേണമെങ്കിൽ പഴക്കവും ശീലവുമുള്ളവർതന്നെ വേണം. ഇതു രണ്ടുമില്ലാത്തവനാണെങ്കിൽ പാലിന്നു പകരം കുത്തും ചവിട്ടും സുലഭമായി കിട്ടും. ഇപ്പറഞ്ഞതിന്റെ താല്പൎയ്യം ഒരു പാഠശാലയോ ആശാനോ വേണമെന്നല്ല. വിദ്യകൊണ്ടോ, സ്ഥാനമാനംകൊണ്ടോ, വയസ്സുകൊണ്ടോ, ധനംകൊണ്ടോ, പ്രമാണിത്വമുള്ളവർ വേണ്ടവിധം സംഭാഷണംചെയ്തുതുടങ്ങിയാൽ ലോകം അവരെ അനുവൎത്തിച്ചുകൊള്ളും.

യദ്യദാചരതി ശ്രേഷ്ഠസ്തത്തദേവേതരോ ജനഃ
സയൽപ്രമാണംകുരുതേ ലോകസ്തദനുവൎത്തതേ.

ഉദ്ദേശത്തോടുകൂടി സംഭാഷണം ചെയ്യുമ്പോൾ ദൃഷ്ടിവെക്കേണ്ടതായ കാൎയ്യങ്ങൾ അനവധിയുണ്ട്. അതുകളിൽ പ്രധാനമായിട്ടുള്ളവകളെ ആൾ, അവസരം, വിഷയം, വിധി, എന്നിങ്ങിനെ നാലുപിരിവായി പിരിക്കാം.

ആളെ അറിഞ്ഞു സംഭാഷണം ചെയ്യുക എന്നുള്ളത് വളരെ പ്രയാസമായിട്ടുള്ളതാണ്. ഇതിനെപ്പററി ഒരിംഗ്ലീഷുഗ്രന്ഥകൎത്താവു പറഞ്ഞിട്ടുള്ളത് എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. രണ്ടാളുകൾ തമ്മിൽ സംസാരിക്കുമ്പോൾ അവിടെ ആറാളുകളുണ്ടെന്നാണിദ്ദേഹത്തിന്റെ അഭിപ്രായം. അതെങ്ങിനെയെന്നാൽ രാമനും കൃഷ്ണനുംകൂടി സംസാരിക്കുന്നു എന്നു വിചാരിക്കുക. അവിടെ ബ്രഹ്മസൃഷ്ടിപ്പടിക്കുള്ള രാമനും രാമന്റെ നാട്യപ്രകാരമുള്ള രാമനും രാമൻ ഇന്നതരക്കാരനാണെന്നു കൃഷ്ണൻ വിചാരിക്കുന്ന രാമനുംകൂടി മൂന്നു രാമന്മാരും അതുപോലെ മൂന്നു കൃഷ്ണന്മാരുംകൂടി ആറ്. ഇദ്ദേഹം പറഞ്ഞ കണക്കിലും ചിലപ്പോൾ കൂടിക്കാണാം. താൻ ഇന്നു

തരക്കാരനാണെന്നു കൃഷ്ണനെ മാററി വിശ്വസിപ്പിക്കാൻ രാമൻ ശ്രമിക്കുന്ന ഒരു രാമനെക്കൂടി രാമൻെറ കണക്കിലും അതുപോലെ ഒരു കൃഷ്ണനെക്കൂടി കൃഷ്ണൻെറ കണക്കിലും ചേക്കണം. അപ്പോൾ ആകെ ആൾ എട്ടായി. ഈ എട്ടു മനുഷ്യരാണ്, അതിൽ സിംഹം, പുലി, പൂച്ച, കുറുക്കൻ, വാലാട്ടിപ്പട്ടി മുതലായ നാല്ക്കാലിവകഭേദങ്ങളും, പഞ്ചപക്ഷികളും ദൃഷ്ടിലേക്കുമാത്രം ദൃഷ്ടിയുള്ള അട്ട മുതലായ ജലജന്തുക്കളുമുണ്ട്. ഇതെല്ലാമറിഞ്ഞാൽ മാത്രമെ ആളെ അറിഞ്ഞ സംഭാഷണമാകയുള്ളു.

ആളെ അറിഞ്ഞാലും പോരാ, അവസരമറിഞ്ഞു സംസാരിക്കണം. അവസരം തെററിപ്പറഞ്ഞാൽ കളി കാൎയ്യമായും കാൎയ്യം കളിയായും രണ്ടും പതിരായും പോകുന്നതു നമുക്കെല്ലാം നിത്യാനുഭവമാണ്.

'അനവസരേയൽപഠിതാ
സുഭാഷിതമപിഭവതിഹാസായ
രഹസിപ്രൌഢവധൂനാം
രതികാലേവേദപാഠഇവ'

അവസരമറിഞ്ഞു സംഭാഷണം ചെയ്യാനുള്ള മിടുക്കിനെയാണ് ഔചിത്യമെന്നും പാണ്ഡിത്യമെന്നും പറയുന്നത്.

'പ്രസ്താവസദൃശംവാക്യം
സ്വഭാവസദൃശീംക്രിയാം
ആത്മശക്തിസമംകോപം
യോജാനാതിസപണ്ഡിതഃ'

ഇതറിയാത്തവനെ അപണ്ഡിതൻ എന്നു പറഞ്ഞാൽ മതിയാകയില്ല. അസഭ്യൻ എന്നുതന്നെ പറയണം.

പിന്നെ നോക്കേണ്ടതു സംഭാഷണത്തിന്നു തിരഞ്ഞെടുക്കേണ്ട വിഷയത്തെപ്പററിയാണ്. തുടൎന്ന സംഭാഷണത്തിൽ ഭാവനാസാഹചൎയ്യംകൊണ്ടു വിഷയത്തിൽനിന്നു വിഷയാന്തരത്തിലേക്കു പോകുന്നതു മനുഷ്യബുദ്ധിയുടെ സ്വഭാവമാണ്. ഒരു വിധത്തിലും സംബന്ധമില്ലെങ്കിലും മണ്ഡൂകപ്ലുതരീത്യാ വിഷയം മാറി മാറി സംസാ

രിക്കുന്ന ചിലരുണ്ട്. പ്രകൃതികൊണ്ടോ പ്രത്യേക വികൃതികൊ ണ്ടോ സംഭാഷണത്തിന്നിടശവനുകൂടി വിഷയം ആകെക്കിലും വി രസമായി കലാശിച്ചാൽ മുടക്കംപറഞ്ഞു മുഖപ്രസന്നതകൊടുക്കു തെതന്നെ വിദഗ്ദ്ധതയോടുകൂടി തട്ടിത്തിരിച്ച് ആ വിഷയത്തെ മറ റന്നതു കേട്ടുനില്ക്കുന്നവരുടെ മുറയാണ്. അതിന്നു വശമില്ലാ ഞ്ഞിട്ടോ, ഞനിക്കെന്തുചേത'മെന്നു വിചാരിച്ചു ശ്രമിക്കാതിരുന്നി ട്ടോ, നാവിന്നു ലഗാനില്ലാത്ത ചിലരെ എന്തെങ്കിലും തൊള്ളയിൽ തോന്നിയതു പറയാൻ വിടുന്നതുകൊണ്ടുള്ള ദൂഷ്യം പറഞ്ഞാലൊടു ങ്ങില്ല. ലേശം താമസിയാതെ ദുരാലാപം തിരിച്ചു സഭ്യവിഷയ ത്തിൽ അറിയാതെ ചാടിക്കുന്നവനാണ് സ്നേഹിതൻ. അവനാ ണ് ബന്ധു. അവനാണ് ഗുരിക്കന്മാരുടെ ഗുരു. ആകെക്കിലും പരുക്ക്പററാമെന്നറിഞ്ഞുംകൊണ്ട് അതൊരു മിടുക്കാണെന്നു വി ചാരിച്ച് അതിനെത്തന്നെ പറയാൻ കിരുകിരുപ്പുണ്ടാകുന്ന നാക്കി നെ അമർത്തണം. അങ്ങിനെ ചെയ്യില്ലെങ്കിൽ നമുക്കു വിവേകം കൊണ്ടെന്തുഫലം?

'ഹീനാംഗാനതിരിക്താംഗാൻ
വിദ്യാഹീനാൻവയോധികാൻ
രൂപദ്രവ്യവിഹീനാംശ്ച
ജാതിഹീനാംശ്ചനാക്ഷിപേൽ'

എന്ന ധർമ്മോപദേശത്തെ സദാകാലവും അനുഷ്ഠിക്കുന്നതി ന്നുമാത്രം നിശ്ചയബുദ്ധിയില്ലാത്തവൻ വന്ദ്യനാവാൻ പ്രയാസം.

എങ്ങിനെ സംഭാഷണം ചെയ്യണമെന്നു പറയുന്നതാണ് സം ഭാഷണവിധി എന്നു മുൻ പറഞ്ഞത്.

'സത്യംബ്രൂയാൽപ്രിയംബ്രൂയാൽ
നബ്രൂയാൽ സത്യമപ്രിയം.
പ്രിയഞ്ചനാനൃതംബ്രൂയാ
ദേഷധർമ്മഃസനാതനഃ'

വിത്തിനുള്ളിൽ വൃക്ഷമെന്ന പോലെ ഈ വിധിയിൽ അനേ ക സംഗതികൾ അടങ്ങിട്ടുണ്ട്. ഇതാണ്പാദമധുരം. ഇതാണ്

ലോചനാമൃതം. എങ്കിലും ഈ വിധിയുടെ സാരം മനസ്സിലാക്കുന്നതിനേക്കാൾ അതിൻെറ അനുഷ്ഠാനത്തിന്നാണ് പ്രയാസം. നമ്മുടെ വാക്കുകളും കൎമ്മങ്ങളും വിവേകത്തിനെ അവലംബിച്ചു നില്ക്കുന്നതാണെങ്കിൽ ശരിയായ നടപടിക്ക് ഗുണദോഷജ്ഞാനം മാത്രമെ വേണ്ടൂ. വാൎദ്ധക്യം നിമിത്തം മനോവികാരങ്ങൾക്കു തരിച്ചുപോയിരിക്കുന്ന കിഴവന്മാരും ഇന്ദ്രിയജയം വന്നിട്ടുള്ള യതികളും ഒഴികെ മനുഷ്യരുടെ വാക്കും കൎമ്മവും പ്രായേണ രാഗദ്വേഷാദി മനോവികാരങ്ങളെ അവലംബിച്ചു വരുന്നതായിട്ടാണ് നാം കാണുന്നത്. ആ വക വികാരങ്ങൾ അനൃതജനകങ്ങളാണെന്നു ധരിച്ചിരിക്കേണ്ടതാണ്. ഒരു സംഘത്തിലുള്ളവൎക്കാൾ വിദ്യയിലൊ ധനത്തിലൊ എന്തെങ്കിലുമൊരു സംഗതിയിൽ മെച്ചമുണ്ടായാൽ കൊള്ളാമെന്നാഗ്രഹം ഇല്ലാത്ത മനുഷ്യനുണ്ടോ എന്നുതന്നെ സംശയമാണ്. ഈ ആഗ്രഹം പ്രാരംഭത്തിൽ ഒരു സൽഗുണമാണെങ്കിലും അതിൻെറ വളൎച്ചയിൽ അല്പം നോട്ടക്കുറവുവന്നു പോയാൽ മിഥ്യാഗൎവ്വം, പാണ്ഡിത്യദൎപ്പം എന്നീ ദുൎഗ്ഗുണങ്ങളായി കലാശിക്കാം. ആ രണ്ടു ദുൎഗ്ഗുണങ്ങളുള്ളവൎക്ക് സത്യം, ബ്രൂയാദിത്യാദി വിധിയെ ലംഘിക്കാതിരിപ്പാൻ വളരെ പ്രയാസമുണ്ട്. ഇങ്ങിനെ അസത്യം പറയിക്കുന്നതിന്ന് അനവധി പ്രോത്സാഹകന്മാർ നമ്മുടെ ഉള്ളിൽതന്നെ ഉണ്ടാകാമെങ്കിലും സത്യമേ പറയാവൂ.

'സത്യത്തിനൊത്തതാം ധൎമ്മം
ശാസ്ത്രത്തിൽകാണ്മതില്ലനാം'

അങ്ങിനെ യതിച്ചും സത്യം പറയുന്നത് അനൃതജനകങ്ങളായ ദുൎഗ്ഗുണങ്ങളെ നശിപ്പിക്കുന്നതിന്നു മതിയാകുന്നതാണ്.

'നീരിനാൽശുദ്ധമാംദേഹം
നേരിനാൽശുദ്ധമാംമതം'

മേൽപറഞ്ഞതുകൊണ്ട് സത്യം പറയുന്നത് തനിക്കു ഗുണമാണെന്നും പറയാതിരിക്കുന്നത് തനിക്ക് ദോഷമാണെന്നും മാത്രമേ സിദ്ധിച്ചിട്ടുള്ളൂ. തനിക്കുണ്ടാകുന്ന ഗുണദോഷങ്ങളെക്കാൾ അന്യനുവരുന്ന ദോഷത്തെ പ്രധാനമാക്കിയാണ് തിരുവള്ളുവനായി

നാർ സത്യഭാഷിതത്തെപ്പററി പറയുന്നത്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ

'അന്യൎക്കുദോഷംചെയ്യാത്ത
വാക്കുതാൻസത്യഭാഷിതം'

അതുകൊണ്ടാണ്

'കുററമററഗുണംനല്കിൽ
പൊളിയുംസത്യവൎഗ്ഗമാം'

എന്നദ്ദേഹത്തിന്ന് പറയേണ്ടിവന്നത്.

സംഭാഷണത്തിൽ പ്രിയം പറയുന്നതും അപ്രിയം പറയാതിരിക്കുന്നതും ഒരു ജനസംഘത്തിൻെറ ജീവനായ ഐകമത്യത്തിന്നും നമുക്കുതന്നെ സൈ്വരത്തിന്നും അത്യാവശ്യമാകുന്നു. ധൎമ്മ്യമായ വഴിയിൽനിന്ന് പതറാതെ അന്യനെ സന്തോഷിപ്പിക്കാൻ കഴിയുമെങ്കിൽ അപ്രകാരം ചെയ്യേണ്ടത് നമ്മുടെ മുറയാണ്. എങ്കിലും പ്രഭുത്വം, അധികാരവലിപ്പം, 'താൻ പ്രമാണിത്തം' മുതലായ ചിത്തരോഗം പിടിപെട്ടവരും, പല കാരണത്താലും മററുള്ളവൎക്ക് പ്രിയമൊ അപ്രിയമൊ എന്നു നോക്കുന്നതിൽ ശ്രദ്ധവെക്കാത്തവരും വിപരീതവഴി കാണിച്ചുതരുമ്പോൾ അവരെ അനുവൎത്തിച്ചുപജീവിക്കേണ്ടിവരുന്ന ഭൂരിപക്ഷക്കാൎക്ക് ഈ വിധിയെ ലംഘിക്കാനാണ് അധികം തരമുള്ളത്.

ഒരു സംഗതികൂടി ചൂണ്ടിക്കാണിച്ച് അവസാനിക്കാം. നാമുച്ചരിക്കുന്ന ഓരോ വാക്കുകളും നമ്മുടെ ഹൃദയം മററുള്ളവൎക്ക് കാണുന്നതിന്നായി നീട്ടിക്കൊടുക്കുന്ന ഓരോ ചില്ലക്കണ്ണാടിയാണെന്നറിഞ്ഞിരിക്കേണ്ടതാണ്. ചില ആളുകളായി നാം പരിചയം തുടങ്ങുമ്പോൾ അവർ നമുക്കു ചെയ്യുന്ന ആചാരോപചാരങ്ങൾ കൂടിയും കുറഞ്ഞും വരുന്നുണ്ടല്ലോ. ഇതിന്നുള്ള കാരണം നമ്മുടെ വാക്കിൽകൂടി അവർ നമ്മുടെ ഉള്ളറിയുന്നതുകൊണ്ടാണ്. വാചാലനെന്ന പേർ സമ്പാദിക്കാൻ കൊതിയോടുകൂടി വേണ്ടതും വേണ്ടാത്തതും പറയുന്നവൎക്ക് ഇങ്ങിനെ ഒരപകടം സാധാരണ പററാറുണ്ട്.

ശരിയായ സംഭാഷണത്തിനു വേണ്ടതായ അറിവും അതിന്നു

ള്ള ദുഘ്ടങ്ങളും നോക്കുമ്പോൾ മൌനംതന്നെ നല്ലത്. എന്നല്ല മൌനത്തിന്നു ഒരു മെച്ചം കൂടിയുണ്ട്. മൌനിക്ക് വാസ്തവത്തിൽ ഗുണമില്ലെങ്കിലും ഉണ്ടെന്നാരോപിക്കുന്നത് ലോകസ്വഭാവമാണ്. കൂകുന്നതുവരെ കാക്ക കുയിലാണെന്നു നടിക്കുന്നതിന്നു വിരോധമില്ല. ജനങ്ങൾ കുയിലാണെന്നു വിചാരിക്കുകയും ചെയ്യും. നല്ല കുപ്പായവും തലപ്പാവും മററും ധരിച്ചു സഭയിൽ പോയാൽ ആരോ എന്നു ശങ്ക ജനിപ്പിച്ച് ആളുകളെ അകററാം.

ക്രോയംസുവസനവേഷ്ടിത-
മായാൽമൂഢൻ സമർത്ഥനായ്വന്നാം
വായതുറന്നുരിയാട്ടു-
ന്നായവസരമാംഭ്രമത്തിനതിരെല്ലോം .

കാരാട്ട് അച്ചുതമേനോൻ, ബി. എ. ബി. എൽ.

---

# ഏകാദശീമാഹാത്മ്യം

(സിന്ദുവാരം' പോലെ)

സാരസാക്ഷന്റെ കാരുണ്യത്താലെ
സംരംഭന്നപ്പോൾതോന്നിട്ടു പാരം
സാധുഭക്ഷിച്ചുവെന്നുമില്ലല്ലോ
സാധിക്കാംജലപാനാചെയ്യിലൊ
സംഭരമല്ലുവേദത്തിങ്കല്പം
സമ്മതമെന്നുരച്ചുന്നതെസ
സവ്വതോമുഖംകൊണ്ടുപാരണാ
സാവ്വഭൌമൻകഴിച്ചാനന്നേരം
സത്വരമതറിഞ്ഞുമാമുനി
സത്തമനപ്പോൾദിവ്യദൃഷ്ടിയാൽ
സാഹസത്തോടെഭൂമിപാലനെ

സംഹരിപ്പാനായിവന്നുവേഗത്തിൽ
സാന്ദ്രകോപമാണ്ടവനോടു
സാധിഷ്ഠാപാപറഞ്ഞുതാപസൻ

---

('അഞ്ചടി' പോലെ)

ഭൂപാലമുഖ്യകൗരനാക്ശ്മലകേൾ
ഭൂലോകമതിൽനിന്നെക്കണക്കെയില്ലൊരുവൻ
ഭൂക്തിക്കുക്ഷണിച്ചെന്നെകുളിച്ചുഞാൻവരുമ്പോൾ
ഭുജിച്ചുനീസുഖിച്ചങ്ങു വസിച്ചതുംവിചിത്രം
ഭൂരികൊണ്ടിഹനമ്മെധിക്കരിച്ചതിനാലെ
ഭൂതിയാക്കുവൻനിന്നെനരവരകുമതേ
ഭൂരികോപമോടേവംപറഞ്ഞുമാമുനിയും
ഭൂമിയിൽജടവലിച്ചടിച്ചപ്പോളുടനെ
ഭൂതലമതിൽനിന്നുപുറപ്പെട്ടുതരസാ
ഭുവനൈകഭയങ്കരിയായദേവതയും
ഭൂരുഹമതുപോലെനെടുതായോരുടലും
ഭ്രുകുടിഭീഷണംമുഖമെരിയുംകണ്ണുമായി
ഭുജമതിലൊരുവാളുമിളക്കിക്കൊണ്ടലറി
ഭൂപതിയുടെനേരെയടുത്തപ്പോളുടനെ
ഭൂതശോച്ചിതൻചതുർഭുജനാജനമലൻ
ഭൂഷണലസിതനാദിദേവനജിതൻ
ഭൂതങ്ങളകതാരിൽമരുവുമംബുജാക്ഷൻ
ഭൂതപഞ്ചകരൂപൻഭവഭയശമനൻ
ഭുജഗേന്ദ്രശയനനാംഭഗവാനെനിനച്ച്
ഭൂസുരപ്രിയൻറ്റപതിളകാതെവസിച്ചു.

---

('ചോരത്തുവന്ന' എന്നപോലെ)

താത്താരിൽവല്ലഭൻെറതൃച്ചക്രമതുനേരം
താഴ്ചകൂടാതെപുറപ്പെട്ടുവേഗാൽ

തരുണഭാസ്കരബിംബമൊരുന്നൂറായിരംകോടി
തരസാവന്നൊരുമിച്ചങ്ങുദിച്ചപോലെ
തള്ളിവന്നെഴുന്നിട്ടാജ്വാലമാലകളോടും
തുള്ളിവന്നടുക്കുന്നനേരത്തിങ്കൽ
തത്രവന്നെതിരിട്ടുകൃത്യയുമാർത്തിയോടെ
കത്തിയങ്ങെരിഞ്ഞുപോയ് പാററപോലെ
തമ്പുരാൻമാധവൻറവമ്പേറുംചക്രംമുനി
തൻപിമ്പെതുടർന്നുകൊണ്ടടുക്കുന്നേരം
താടിയുമാടിപ്പാരിൽപ്പേടിച്ചങ്ങോടിയോടി
തടിയൊക്കെവിയർത്താറംവിവശനായി
താൻചെയ്തകർമ്മമെല്ലാംതാനനുഭവിച്ചീടും
തനിക്കുതാൻപോന്നോരുമുനിയെന്നാലും
തരണിവംശജനായധരണീനാഥനെച്ചെന്നു
തരംകെട്ടപ്പതിനായിത്തുടർന്നമൂലം
തടിനിയിലൊളിച്ചാലുംകടലിൽപ്പോയ്കിടന്നാലും
തടവില്ലസുദർശനമവിടെച്ചെല്ലും
തദനുമാമുനിതൻെറസദനമങ്ങകംപുക്കു
ത്രിദശനാഥനെവിളിച്ചിവണ്ണംചൊന്നാൻ.

---

('അഞ്ചിതകേളി' എന്നപോലെ)

വാസവഞാൻതവവാക്കുകളാകേട്ടിഹ
വെറുതെവലയുമാറായല്ലോ
വാട്ടമകന്നസുദർശനമെന്നുടെ
വഴിയെവരുന്നിതതിഘോരം
വല്ലതുംചെയ്യുമകററുക
വലിയൊരുവലമഥനാനീ
വസതികളതിഘോരമാകും
വമ്പിയലുന്നസുദർശനലംഘനം
വഹിയായെന്നവരുരചെയ്തു

വാക്കുകളിങ്ങിനെകേട്ടസ്സുരവരൻ
വിരവൊടുവളരെവണങ്ങി
വാച്ചതപോധനനിന്തിരുവടിസ്സും-
വരപുരമിദമെരിക്കൊല്ല
വന്ദനമമ്പൊടുചെയ്തുപുരാസ്സുര-
വൈരിചരണയുഗമിപ്പോൾ
വാസവൻചൊന്നതുകേട്ടുമഹാമുനി
വിവശതയോടുടനോടി
വാരുററമാമുനിശങ്കരൻതന്നോടു
പരവശതകളുണത്തിപ്പാൻ
വാരണവൈരിവണങ്ങിമുകുന്ദനെ
ചരമവനോടിദമൂചെ
വൈകുണ്ഠൻതന്നുടെചക്രമിതോക്കനീ
വൈകരുതഴകോടെപോക.

(സുന്ദരിമാർമണി' എന്ന പോലെ)

ശങ്കരൻതന്നുടെവാചാ-മുനി
ശങ്കവെടിഞ്ഞുനടന്നു
ശാൎങ്ഗായുധൻെറസമീപം-പുക്കു
ശാന്തനായേവംപറഞ്ഞു.
ശൌരെമുകുന്ദമുരാരെ-ജയ
ശൌൎയ്യാംബുധെമുകിൽവൎണ്ണ
ശത്രുകുലാന്തകവിഷ്ണോ-തവ
ശസ്ത്രാഗ്നിതന്നിൽഞാനിപ്പോൾ
ശുഷ്കസമാനമെരിയും-മുമ്പെ
ശാശ്വതപാഹികൃപാലൊ
ശക്തിക്ഷയംപൂണ്ടിവണ്ണം-മുനി
ശക്തവെടിഞ്ഞുരചെയ്തു
ശബ്ദംശസംഭവൻതന്നോം-ടപ്പോൾ

ശതമഖസോദരന്തുചെ
ശരണാഗമിച്ചാലും വേഗ-മെന്നെ
വെടിഞ്ഞംബരീഷനെത്തന്നെ.
ശക്തനവൻമമഭക്തൻ-തവ
ശ്രമമിതശേഷമകററാം
ശക്തനാം ഭൂപന്റെദാസൻ-ഞാനും
ശമദമഭക്തികളേറത്താൽ

---

('മേട്ടാലുംമൊഴി' എന്നപോലെ)

രാജീവനയനൻതന്റെവാക്കുകേട്ടുമുനി
രാജകുലപുംഗവന്റെകാൽപിടിച്ചു
രഭസതരമവനുംമുനിസ്സുഭയംനൽകിയപ്പോൾ
രചിതകോപം ചക്രവൎത്തിയല്ലോ
രാജമൌലിമാമുനിവരരോളവും മുമ്പെ
രാപ്പകൽഭുജിച്ചീടാതെവാണാനല്ലോ
രചിതാനന്ദമിരിവരുമായ്ഭുക്തിചെയ്തുപിന്നെ
രസമിയന്നമാമുനിയരുളിച്ചെയ്തു
രാകേന്ദുവദനാഭൂപ നിന്നെപ്പോലെനിജ്ജ-
രാരിവൈരിഭക്തൻമററൊരാരുമില്ല
രമണിമാരാംരമയും ക്ഷമയും ശൌരിക്കോൎത്താലിന്നു
രമണഗൃഹിണാദികളുമിത്ര പ്രിയമല്ലല്ലോ
രാക്ഷസകുലാരിതന്നെചിന്തിച്ചുള്ളിൽഭൂമി
രക്ഷിച്ചുവസിക്കനീസുചിരം വീര
രാജരാജതുല്യനാംബരീഷൻതന്നോടേവം
രംജിച്ചരുൾചെയ്തുപോയിദുൎവ്വാസാവും
രമണീയാംഗൻകമലാകാന്തൻനെല്ലുവായിൽമേവും
രതിരമണജനകദേവകൈതൊഴുന്നേൻ.

മച്ചാട്ടിളയത് (ശംന്തപ്പിള്ളി).

# മനുഷ്യർ വാനരന്മാരുടെ
## സന്തതികളാകുന്നുവോ?



ഇംഗ്ലീഷുഭാഷ പഠിക്കുന്നതോടുകൂടി അനേകം പുതിയമതങ്ങളെ അറിയുവാൻ നമുക്കിടവരുന്നു. ഇംഗ്ലീഷുകാർ ഏററവും പരിഷ്കൃതന്മാരാകയാൽ അവരുടെ മതങ്ങൾ ശരിയായിരിക്കേണമെന്ന് ഈ നാട്ടിലെ വിദ്യാർത്ഥികൾക്കു പലപ്പോഴും തോന്നാറുണ്ട്. ഈ തോന്നൽ എത്രതന്നെ സ്വാഭാവികമായിരുന്നാലും അതിൽ മറഞ്ഞുകിടക്കുന്ന അബദ്ധത്തെയും അതിനാലുണ്ടായേക്കാവുന്ന ദോഷങ്ങളെയും വിദ്യാർത്ഥികളെ ഗ്രഹിപ്പിക്കുന്നതു ഒരു നല്ല കാൎയ്യമാകുന്നു. ഏതെങ്കിലും ഒരു മതത്തിൻെറ നൂതനത അത് സത്യമാണെന്നു തെളിയിക്കുന്നില്ല. നമ്മുടെ ഇതുവരെയുള്ള അറിവിന്നൊ വിശ്വാസങ്ങൾക്കൊ എതിരായ മതങ്ങളേയൊ വാദങ്ങളേയൊകുറിച്ചു നാം വായിക്കുകയൊ കേൾക്കയോ ചെയ്യാൽ, പഴയവിശ്വാസങ്ങളെ പരിത്യജിക്കുവാൻ മതിയായ ന്യായമുണ്ടെന്നു കാണാത്തപക്ഷം, പുതിയ വിശ്വാസങ്ങളേയൊ വാദങ്ങളെയൊ അറിഞ്ഞു എന്നുള്ളേടത്തോളംമാത്രമേ നമ്മുടെ മനസ്സിൽ റിക്കാട്ടാക്കാവൂ. ഇത് അത്ര വിശേഷിച്ചു പറയേണ്ടുന്ന ഒരു കാൎയ്യമാണൊ, സ്വതസ്സിദ്ധമായ വചനമല്ലേ, എന്നു പക്ഷെ ചോദിച്ചേക്കാം. എന്നാൽ ഈ നാട്ടിലെ ഇംഗ്ലീഷുവിദ്യാർത്ഥികളുടെ ഇടയിൽ മേൽപറഞ്ഞ തത്വബോധത്തിൻെറ അഭാവംനിമിത്തം ചിലപ്പോൾ വലിയ ദോഷങ്ങൾക്ക് ഇടവരുന്നുണ്ടെന്നാണ് എനിക്കു തോന്നുന്നത്. ഇംഗ്ലീഷു കുറെ പഠിക്കുമ്പോൾ തങ്ങളുടെ പൂൎവ്വവിശ്വാസങ്ങളും മതങ്ങളും തെററായിട്ടുള്ളവയാണെന്നും ഇംഗ്ലീഷുഭാഷയിൽ തങ്ങൾ വായിക്കുന്ന പുതിയമതങ്ങളല്ലേ ശരിയെന്നും വിദ്യാർത്ഥികൾ ധരിച്ച് അബദ്ധമാകുന്നത് അസാധാരണമല്ല. ന

ല്ല ബലമായി ഇസ്തിരി ഇട്ട ഷെട്ട് ധരിച്ച്, കോട്ട് തൽക്കാലത്തേക്കു നീക്കിവെച്ച്, അരയിൽ ഒരു ചുവന്ന സാഷ് മുറുക്കി ചുററിക്കെട്ടി, കയ്യിൽ ബാററംപിടിച്ച് ഇടക്കിടെക്കു ഓരോ ഇംഗ്ലീഷുവാക്കുകളും വിളിച്ചുപറഞ്ഞ്, ചിലപ്പോൾ ചില ചെറുപ്രായക്കാർ ടെന്നിസ് കളിസ്ഥലത്തു നിൽക്കുന്നതു കണ്ടാൽ, ഇപ്പോൾ ഓരോമാതിരി സമ്പ്രദായങ്ങളും വിശ്വാസങ്ങളും നമ്മുടെ ഇടയിൽ നടപ്പില്ലേ, അവയൊന്നും അങ്ങിനെയല്ല വേറെവിധമാണ് വേണ്ടത് എന്ന് അവരുടെ ആകപ്പാടെയുള്ള ഭാവാംകൊണ്ട് അവർ പറയുന്നപ്രകാരം തോന്നിപ്പോകും. ഈ വിധമുള്ള കാഴ്ചകൾ കാണുമ്പോൾ

വേനവശ്രേഷ്ഠനെക്കെവെടിഞ്ഞിടൊലാ

മാനവൽകാരണംചാരുചന്ദ്രാനനേ

എന്നു നളരാജാവ് ദമന്തിയോടുപദേശിച്ചത് ഞാൻ സസ്മിതം ഓൎക്കുക ഉണ്ടായിട്ടുണ്ട്.

ഇംഗ്ലീഷുഭാഷ പഠിക്കുന്നതോടുകൂടെ സിദ്ധിക്കുവാൻ എളുപ്പമുള്ള മുഖ്യ മതങ്ങളിൽ ഒന്നു പരിണാമവാദം (Theory of Evolution) ആകുന്നു. അനേകം യുവാക്കന്മാർ ഈ വാദം ശരിയാണെന്നു ധരിച്ചു വെച്ചിട്ടുമുണ്ട്. ഈ ധാരണയുടെ അബദ്ധത്തെ കാണിക്കുവാൻവേണ്ടി, മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംബന്ധത്തെക്കുറിച്ചു പരിണാമവാദികൾ പറയുന്ന ന്യായങ്ങളെ ഇവിടെ പരിശോധന ചെയ്യാം. മനുഷ്യർ വാനരന്മാരുടെ സന്തതികളാകുന്നുവെന്നാണ് അവരുടെ സിദ്ധാന്തം. ഇതിന്നു തെളിവായി, മനുഷ്യരുടേയും കുരങ്ങന്മാരുടേയും തലയോടുകൾക്കു മദ്ധ്യേയുള്ള തലയോടുകൂടിയ ചിമ്പാൻസി (chimpanzee) ഗിബ്ബൺ (gibbon) ഗൊറില്ലാ (gorilla) ഉറാംഗുട്ടാങ്ങ് (orang outang) മുതലായ മൃഗങ്ങളുടേതെന്നും അത്യന്തം പഴക്കമുള്ളതെന്നും ഭാവിക്കുന്ന ചില തലയോടുകൾ എടുത്തു കാണിച്ച്, അവ മനുഷ്യർ ഇപ്പോഴത്തേക്കാൾ ഹീനസ്ഥിതിയിൽ ഇരുന്ന കാലത്തുണ്ടായിരുന്ന കപാലങ്ങളാണെന്നു പരിണാമവാദികൾ പറയുന്നു. ഈ വാദം ഒരു വെറും ഊഹമെന്നല്ലാതെ, അപ്രതിവാദ്യ പ്രസരം സമ്മതിക്കേ

ണ്ടതായ ന്യായങ്ങളാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണെന്നു പറഞ്ഞുകൂട. ഈ വിഷയത്തെപ്പററി സവിസ്തരം വർണ്ണിക്കുവാൻ ഇവിടെ തരമില്ല. എങ്കിലും പരിണാമവാദത്തിൻെറ പ്രധാനന്യൂനതകളെ സംക്ഷേപിച്ച് ഇവിടെ പറയാം.

൧. മനുഷ്യൻെറയും കുരങ്ങിൻെറയും അസ്ഥികളുടെ ആകാരങ്ങൾ തമ്മിൽ വളരെ സാമ്യമുണ്ടെങ്കിലും, മററനേകം സംഗതികളിൽ അവർ തമ്മിൽ ഏററവും സാരവത്തുക്കളായ ഭേദങ്ങൾ ഉണ്ട്. മനുഷ്യൻ നിവിൎന്നു നടക്കുന്നു. കുരങ്ങു നാല്ക്കാലിയും മരഞ്ചാടിയും ആകുന്നു. ഗൊറില്ലാ എന്ന മൃഗത്തിന്ന് അല്പനേരം മാത്രമേ നിവിൎന്നു നില്ക്കുവാൻ കഴികയുള്ളു. ഇതിന്നു പുറമെ, കാലിൻെറ അടികളും, കൈകളും തലച്ചോറിൻെറ വളച്ചയും രൂപവും, ചൎമ്മത്തിന്നുള്ള കരണങ്ങളും, മററു നോക്കിയാൽ മനുഷ്യനും കുരങ്ങും തമ്മിലുള്ള പ്രകൃതിസിദ്ധമായ ഭേദങ്ങൾ സ്പഷ്ടമാകുന്നതാണ്. കുരങ്ങിനുള്ളപോലെ മനുഷ്യനു ശരീരത്തിൽ രോമങ്ങൾ ഇല്ലെന്നു വാലെസ് (Wallace) എന്ന പണ്ഡിതൻ കാണിച്ചു കൊടുത്തിട്ടുള്ള ആക്ഷേപത്തെ യുക്തിപൂൎവ്വമായ ന്യായങ്ങളാൽ നേരിടുവാൻ ഡാൎവിൻ മുതലായ പരിണാമവാദികൾക്ക് ഇതുവരെ സാധിച്ചിട്ടില്ല. അസ്ഥികളുടെ സാമ്യത്തെ ആധാരപ്പെടുത്തി സൎവ്വസാധാരണമായ സ്വഭാവങ്ങളെ അനുമാനം ചെയ്യുന്നപക്ഷം, മനുഷ്യരുടേയും മാംസഭക്ഷകളായ സിംഹം കടുവാ മുതലായവയുടേയും പാചകരണങ്ങൾ തമ്മിലുള്ള സാമ്യം കണ്ട്, നാം പരിപൂൎണ്ണത പ്രാപിച്ചിട്ടുള്ള സിംഹങ്ങളൊ കടുവകളൊ ആണെന്നു പറഞ്ഞുകൂടെ?

൨. മനുഷ്യനുള്ളതും മൃഗത്തിനില്ലാത്തതും ആയ ആദ്ധ്യാത്മികമാകുന്ന തത്വത്തെ ഈ വാദം തീരെ വിസ്മരിക്കുന്നു. മനുഷ്യനു കുരങ്ങിനുള്ളതിൽ കവിഞ്ഞുള്ള ശ്രേഷ്ഠത്വം ലഭിക്കുന്നതു തൻെറ അസ്ഥിക്കൂടംകൊണ്ടല്ല, പിന്നെയൊ, വിശേഷജ്ഞാനവും, സ്വാതന്ത്ര്യവുമുള്ള തൻെറ ആത്മാവുകൊണ്ടും, ഗുണദോഷങ്ങളെ തിരിച്ചറിയുന്നതിനുള്ള ശക്തികൊണ്ടും, ദൈവഭക്തിയുള്ള പ്രകൃതികൊണ്ടും,

ആകുന്നു. ഇതു സാരവത്തായ ഒരു ഭേദമാകുന്നു. കേവലപരിണാമംകൊണ്ടുള്ള ഭേദമല്ല.

൩. മനുഷ്യനുമാത്രമെ യുക്തിയുക്തമായി വ്യവഹരിക്കുന്നതിനുള്ള ശക്തിയുള്ളു. മൃഗത്തിനുതന്നെ തന്നെക്കുറിച്ചുള്ള അറിവില്ല. ഇന്ദ്രിയങ്ങൾ വഴിയായി ലഭിക്കുന്ന അറിവിൽനിന്നു യുക്തിവാദം ചെയ്തു സർവ്വസാധാരണമായൊ നിത്യമായൊ വിഭിന്നമായൊ ഉള്ള തത്വങ്ങളെ ഗ്രഹിക്കുവാൻ മൃഗങ്ങൾക്കു കഴിയുന്നില്ല.

൪. മനുഷ്യനുമാത്രമെ സംസാരിപ്പാനുള്ള ശക്തിയുള്ളു. മൃഗഭാഷയെപ്പററി എന്തെല്ലാം ഊഹങ്ങൾ ഉണ്ടെന്നിരുന്നാലും, തന്റെ വിചാരങ്ങളെ അന്യരെ അറിയിക്കേണമെന്നുള്ള വ്യക്തവും നിയമനിഷ്ഠയുമുള്ള ഉദ്ദേശ്യത്തോടുകൂടി മനുഷ്യൻ മാത്രമേ സംസാരിക്കുന്നുള്ളു.

൫. മനുഷ്യനുമാത്രമേ പരിപൂർണ്ണതയെ പ്രാപിക്കുവാനും പുതിയകാര്യങ്ങളെ നിരൂപിച്ചുണ്ടാക്കുവാനുമുള്ള ശക്തിയുള്ളു. മൃഗങ്ങളുടെ വാസനാബലം പരിഷ്കരണീയമല്ല. സ്വാഭാവികങ്ങളായ ശക്തികളെപ്പോലെ മാത്രമെ അവയെ വിചാരിച്ചുകൂടു. രണ്ടായിരം സംവത്സരങ്ങൾക്കു മുമ്പെ കൂടുകൂട്ടിയതുപോലെതന്നെയാകുന്നു തേനീച്ചകളും പക്ഷികളും ഇപ്പോഴും കൂടുകൂട്ടുന്നത്. ആരിസ്റ്റോട്ടിൽ (Aristotle) എന്ന തത്വജ്ഞാനി പറഞ്ഞിട്ടുള്ളപോലെ അഭിവൃദ്ധിക്കു ചിന്ത, അനുമാനശക്തി, ഭാവന, സയുക്തികമായ പൃഥക്കരണം, ഇവ അവശ്യം വേണ്ടതാകുന്നു.

ഏററവും സാരഭൂതങ്ങളായ മേൽപറഞ്ഞ ഭേദങ്ങളാൽ മനുഷ്യനും മൃഗവും തമ്മിൽ ഉള്ള അവസ്ഥ ആലോചിച്ചാൽ പരിണാമവാദത്തിന്റെ ബലഹീനത സ്പഷ്ടമായിത്തീരുന്നു. ആ വാദം കേവലം ഒരു ഊഹമെന്നേ പറഞ്ഞുകൂടു. എത്ര ശതാബ്ദങ്ങളെങ്കിലും പുറകോട്ടുപോയാലും മനുഷ്യനെന്നു തീർച്ചയോടുകൂടി അറിയപ്പെട്ടിട്ടുള്ള ശിലാഭവങ്ങൾ ഇക്കാലത്തെ മനുഷ്യരുടെ ശരീരാംശങ്ങളോടു സമമായ രൂപം ഉള്ളതായി കാണുന്നു. ഇക്കാലംവരെ കണ്ടുകിട്ടീട്ടുള്ള മനുഷ്യശിലാഭവങ്ങളുടെ തുകയേയും അവ തമ്മിലുള്ള ഭേ

ങ്ങളെയും നോക്കിയാൽ, ഇപ്പോൾ ജീവിച്ചിരിക്കുന്ന മനുഷ്യരുടെ ഇടയിൽ കാണുന്ന ശരീരസംബന്ധമായ വ്യത്യാസങ്ങൾ മേൽപറഞ്ഞ ശിലാഭവങ്ങളിൽ കാണുന്നതിനേക്കാൾ വളരെ അധികമാണെന്നു വിർഖൊ (Virchow) എന്ന വിദ്വാൻ എഴുതിയിരിക്കുന്നു. ഹക്സ്ലി (Huxley) എന്ന പരിണാമവാദി ഇപ്രകാരം പറയുന്നു: 'മനുഷ്യരും കുരങ്ങും തമ്മിൽ ഉള്ളതായി ഇപ്പോൾ കാണുന്ന ശരീരാകൃതിസംബന്ധമായ ഭേദങ്ങൾ സ്വല്പമൊ നിസ്സാരമൊ അല്ല. എന്നുമാത്രമല്ല, ഇതുവരെ കണ്ടുകിട്ടിയേടത്തോളമുള്ള മാനുഷശിലാഭവങ്ങൾ മാനുഷവാനരമിശ്രരൂപത്തോട് ഒരുവിധത്തിലും അടുക്കുന്നതായി കാണുന്നില്ല.

പരിണാമവാദത്തെപ്പോലെ കേവലസങ്കല്പങ്ങളൊ ഊഹങ്ങളൊ ആയ മറ്റനേകം മതങ്ങൾ ഇംഗ്ലീഷുഭാഷാപഠനദ്വാരാ നമ്മുടെ വിദ്യാർത്ഥികൾക്ക് അറിവാൻ ഇടയുള്ളതാണെങ്കിലും, അവയുടെ ന്യൂനത കാരണത്താൽ അവർ വിലോഭിച്ച് ആവക മതങ്ങൾ ശരിയെന്നു വിശ്വസിച്ചുപോകാതിരിപ്പാൻ സൂക്ഷിക്കേണ്ടതാകുന്നു,

സി. അന്തപ്പായി. ബി. എ.

# ചണ്ഡാളൻ

## മൂന്നാം അദ്ധ്യായം.

പറയന്റെ വാസസ്ഥലത്തുനിന്നു ഒരു നാഴിക ദൂരത്തു യകൃൽഭക്ഷകിയായ ഒരു മന്ത്രവാദിനി താമസിച്ചിരുന്നു. ഇവൾക്കു ഭാവിസംഭവങ്ങളെല്ലാം മുൻകൂട്ടി പറയാൻ കഴിയുമെന്നു സമീപസ്ഥന്മാരെല്ലാവരും വിശ്വസിച്ചുപോന്നു,

ഇങ്ങിനെയുള്ളവരെപ്പറ്റി, ആബുൾഫസൽ, അയിനാക്ബരിയിൽ താഴെ പറയുംപ്രകാരം എഴുതീട്ടുണ്ട്. 'ഇവർക്ക് ആഭിചാരംകൊണ്ടും നോട്ടംകൊണ്ടും മറ്റൊരുവന്റെ യകൃത്തിനെ ആകർഷണംചെയ്തു പുറത്താക്കുവാൻ കഴിയുന്നതാണത്രെ. ഒരു നോട്ടംകൊണ്ടു മറ്റൊരുവനെ മൂർഛിതനാക്കുകയും അതിനുശേഷം ആയാളുടെ ദേഹത്തിൽനിന്നു മാതളഫലത്തിന്റെ ബീജംപോലെയുള്ള ഒരു സാധനമെടുത്തു തന്റെ

കാലിന്റെ വണ്ണയിൽ ആക്കുവാനും ഈ വിധക്കാൎക്ക കഴിയുമെന്നു കഥകളിൽ കേട്ടിട്ടുണ്ട്. ഒരു മന്ത്രവാദി, കുറെ നെല്ലെടുത്തു തീയിലിട്ടു പൊരിച്ച് മലരാക്കി അതിനെ തന്റെ പട്ടാളികൾക്ക ഭക്ഷിപ്പാൻ കൊടുക്കുന്നു. അവർ അതു ഭക്ഷിച്ച ഉടനെ, ആഭിചാരഗ്രസ്തനായ ആൾ മരിച്ചുപോവുമത്രെ. ഈ വകക്കാർ പക്കൽനിന്നു ചില മന്ത്രോപദേശം ഗ്രഹിക്കയും, അവർ നല്കുന്ന ഒരു കൂട്ടുകൊണ്ടുണ്ടാക്കിയ അപ്പത്തെ ഭക്ഷിക്കുകയും ചെയ്യു, വേറെ ചിലർ ഇവരെപ്പോലെതന്നെ മാന്ത്രികന്മാരായിതീരുന്നു. മന്ത്രവാദിയുടെ കാലിന്റെ വണ്ണ പിളൎന്ന് അതിൽ നിക്ഷിപ്തമായ ഒരു ഡിംബീജംപോലെയുള്ള സാധനത്തെ എടുത്ത്, ആഭിചാരഗ്രസ്തനായവന്നതിനാൽ കൊടുത്താൽ ആ ആളുടെ ദീനം ഉടനെ മാറുന്നതാണ. ഈ വകക്കാരിൽ അധികപേരും സ്ത്രീകളാണ്. വളരെ ദൂരദേശങ്ങളിൽ നടക്കുന്ന സംഭവങ്ങളെ ക്ഷണനേരംകൊണ്ട് ഇവൎക്ക് അറിയിക്കുവാൻ കഴിയുമെന്നും അവരുടെ കഴുത്തിൽ കല്ലുകെട്ടി വെള്ളത്തിലിട്ടാലും ഇവർ വെള്ളത്തിൽ താണുപോകുന്നതല്ലെന്നും ഇവരെപ്പററി പറയപ്പെടുന്നുണ്ട്. ഒരു മാന്ത്രികന്റെ നിഷ്ഠുരശക്തിയെ നശിപ്പിക്കേണമെന്ന് ഇവൎക്ക തോന്നിയാൽ അവർ അവന്റെ നെററിയിലും സകല അവയവങ്ങളുടെ സന്ധുക്കളിലും ചൂടുവെക്കുകയും ആയാളുടെ കണ്ണിൽ ഉപ്പു നിറക്കയും ഭൂമ്യന്തൎഗ്ഗതമായ ഒരു ഗുഹയിൽ നാല്പതുദിവസം ആയാളെ കെട്ടിത്തൂക്കി ചില മന്ത്രങ്ങൾ ജപിക്കയും ചെയ്യുന്നു. ഇങ്ങിനെ ചെയ്താൽ പിന്നെ അവന്നു മറെറാരാളുടെ യകൃൽ നശിപ്പിക്കാനുള്ള ശക്തി ഇല്ലാതാകുന്നു. എങ്കിലും മററായ മാന്ത്രികനെ കണ്ടുപിടിക്കാനുള്ള സാമൎത്ഥ്യം അവന് ഇല്ലാതാകുന്നില്ല, മന്ത്രവാദികളുടെ സഹായം വേണ്ടുന്നവൎക്ക് ഇവൻ വളരെ ഉപയോഗമുള്ളവനാണ്. ചില പേയൌഷധങ്ങൾകൊണ്ടും ചില മന്ത്രങ്ങൾകൊണ്ടും ഈ വകക്കാൎക്ക വളരെ രോഗങ്ങൾ മാററാൻ കഴിയുമത്രെ. ഇവരെപ്പററി വേറെയും പല വിചിത്രകഥകളും പറയപ്പെടുന്നുണ്ട്.

യാഹില മുൻപറഞ്ഞ അസാമാന്യയായ മന്ത്രവാദിനിയെ ഒരിക്കലും കണ്ടിട്ടില്ലെങ്കിലും അവളെക്കുറിച്ച വളരെ കഥകൾ കേട്ടിട്ടുണ്ടായിരുന്നു. ദുൎന്നിവാരമായ ആഗ്രഹത്താൽ പ്രമാദിതയായിട്ട് യാഹില, ഈ മന്ത്രവാദിനിയെ ചെന്നുകാണാൻ നിശ്ചയിച്ചു. ഇവൾക്ക ഭവിഷ്യദ്വാൎത്തകളെ മുൻകൂട്ടിപ്പറയാനുള്ള ഒരു അസാധാരണ ശക്തി ഉണ്ടെന്നും വളരെക്കാലം കഴിഞ്ഞു സംഭവിച്ചതായ ചില സംഭവങ്ങളെക്കുറിച്ച് ഇവൾ വളരെ മുമ്പുതന്നെ പറഞ്ഞിട്ടുണ്ടെന്നും ആ ദിക്കിലൊക്കെ പ്രസിദ്ധമായിരുന്നു. ഇവളുടെ വേറെ ചില പ്രവൃത്തികൾ ഇത്രതന്നെ നിൎദ്ദോഷകളായിരുന്നില്ല. ഇവൾ ഒന്നിലധികം ആളുകളുടെ മരണത്തിന്നു കാരണമായിരുന്നുപോൽ. എന്നാൽ ജനങ്ങൾക്ക് ഇവളിലുള്ള കഠിനഭയം നിമിത്തം ആരും അവളെ ഉപദ്രവിച്ചില്ല. ഉഗ്രമായ ഒരു കൊടുങ്കാററുവീശിയാൽ അത് ഈ മന്ത്രവാദിനിയുടെ പണിയാണുപോൽ, നാട്ടിലൊക്കെ ക്ഷാമം ഉണ്ടായാൽ അതും ഇവളുടെ പണിയാണത്രെ. എന്നുവേണ്ട, ഗൌരവമായ ഏതെങ്കിലും ഒരു ആകസ്മികവിപത്ത് ഉണ്ടായാൽ, അതിന്റെ കാരണം ഇവൾതന്നെയാണെന്ന് എല്ലാവരും വിശ്വസിച്ചുപോന്നു

ഇതുനിമിത്തം ജനങ്ങളെല്ലാവരും അവളെ ഭയപ്പെടുകയും അവളുടെ സംബന്ധം കഴിയുന്നതും പരിത്യജിക്കയും ചെയ്തു.

ഒരുദിവസം ഉച്ചക്കു യാഹില ഈ ഭവിഷ്യദ്വാദിനിയുടെ വസതിയിലേക്കു പോയി. അവളുടെ വാസം ഒരു പൎവ്വതത്തിന്റെ താഴ്വരയിലുള്ള ഒരു ഗംഭീരമായ ഗുഹയിലായിരുന്നു. അതിനടുത്തു് എങ്ങും മനുഷ്യർ താമസിച്ചിരുന്നില്ല. പൎവ്വതത്തിന്റെ വടക്കുഭാഗത്തായിരുന്നതിനാൽ ഈ ഗുഹയിലേക്കു സൂൎയ്യകിരണങ്ങൾക്കു പ്രവേശനമാൎഗ്ഗം ഉണ്ടായിരുന്നില്ല. ഭയങ്കരമായ ഭൂകമ്പത്താൽ ആകസ്മികമായി നിക്ഷിപ്തങ്ങളോ എന്നു തോന്നുമാറുള്ള ഉന്നതശിലോച്ചയങ്ങളുടെ ശകലങ്ങളാൽ ഗുഹാദ്വാരം വികീൎണ്ണമായിരുന്നു. ഗുഹയിൽനിന്നു് അമ്പതുവാര ദൂരത്തിനകത്ത് ഒരു ചെടിപോലും മുളച്ചിരുന്നില്ല. ഈ സ്ഥലത്തു് ഓന്തുകൾ പാറകളിൽ അടിച്ചുനടക്കുന്നതും, പാറകളുടെ അരികിൽ കിടന്നിരുന്ന പാമ്പുകൾ, മനുഷ്യന്റെ പാദന്യാസത്തെ കേട്ടു് അവറ്റിന്റെ മടകളിലേക്കു പോകുന്നതും കാണാം. ഈ സ്ഥലം മുഴുവനും ശൂന്യം ബാധിച്ചതുപോലെയായിരുന്നു. കുറെ കാലത്തിന്നിപ്പുറം യാഹിലയല്ലാതെ വേറെ ആരും ആ സ്ഥലത്തു കടന്നിട്ടില്ല. യാഹില ഭയഭക്തിയോടുകൂടി ആ ഭവിഷ്യദ്വാദിനിയുടെ ഗുഹയിലേക്കു ചെന്നു. ഗുഹയുടെ നേരെ ഉമ്മറത്തുണ്ടായിരുന്ന ഒരു ശിലാശകലത്തിന്മേൽ മന്ത്രവാദിനി ഉപവേശിച്ചുകൊണ്ടിരുന്നു. അവളുടെ മടിയിൽ പ്രായാധിക്യംകൊണ്ടു കണ്ണുകാണാത്തതും വികൃതാകൃതിയുമായ ഒരു ശ്വാവു് കിടന്നിരുന്നു. രമണിയായ യാഹില സമീപത്തെത്തിയപ്പോൾ ആ കുത്സിതമായ ജന്തു കണ്ണുള്ളതാകുംവണ്ണം കുരെക്കുവാൻ തുടങ്ങി. കുറെ നേരം കുരച്ചതിന്റെശേഷം അതു മന്ത്രവാദിനിയുടെ കാൽ നക്കിത്തുടങ്ങി. ഈ വാത്സല്യസൂചകത്തിന്നുശേഷം പിന്നെയും അതു വളരെ ഉച്ചത്തിൽ ഓളിയിടുവാൻ തുടങ്ങി.

യാഹില ഭയംകൂടാതെ അവളുടെ സമീപത്തുചെന്നു. എന്നാൽ, അവളുടെ ആകൃതിയെപ്പറ്റി സൂക്ഷ്മനിരൂപണം ചെയ്യുമ്പോൾ യാഹിലയുടെ മനസ്സിന്നു് ഒരു സങ്കോചം ഉണ്ടായി. ഇങ്ങിനെ വികൃതമായ ഒരു മനുഷ്യദേഹത്തെ അവൾ ഇതിന്നു മുമ്പു കണ്ടിട്ടില്ല. അവളുടെ പ്രായം ഇന്നതാണെന്നു പറവാൻ അസാദ്ധ്യമായിരുന്നു. നൂറുവയസ്സിൽ കുറവില്ല എന്നു ഖണ്ഡിച്ചുപറയാം. ജാംബവാനെപ്പോലെ, ഇവൾ ഭൂമിയെക്കാൾ അധികം പ്രായംചെന്നവളായിരുന്നു എന്നു തോന്നും. അവളുടെ മുഖചിഹ്നങ്ങളെല്ലാം ഭീഷണങ്ങളായിരുന്നു. അത്യന്തക്രാന്തമായ ശിലയുടെ അഗ്രഭാഗത്തിൽനിന്നു തൂങ്ങിക്കിടക്കുന്ന പുൽക്കൊടികൾകണക്കു് അവളുടെ ജടിലവും ധൂസരവൎണ്ണവുമായ കേശപാശം വിസ്തീൎണ്ണങ്ങളായ അവളുടെ സ്കന്ധങ്ങളിൽ വീണുകിടന്നിരുന്നു. ഒരു സൂചി പഴുതിനാക്കൂടി ഇറക്കുവാൻ വയ്യാത്തവിധത്തിൽ അവൾക്കു ചുളിവുകൾ ഉണ്ടായിരുന്നു. കപോലഫലകത്തോടു സംലഗ്നമായ ചൎമ്മം, ഭയജനകമായ ദൃക്കുകളോടുംകൂടെ അവളുടെ ഉഗ്രമായ വദനവിശേഷത്തെ നല്ലവണ്ണം പ്രദൎശിപ്പിച്ചു. മൂക്കു് അവൾക്കു് ഉണ്ടായിരുന്നില്ല എങ്കിലും, അതിന്റെ അവശേഷമായ ഒരു സ്വല്പമായ ചിഹ്നം, ഇങ്ങിനെ ഓരോ അവയവം അവളുടെ ബീഭത്സമായ മുഖത്തിൽ പണ്ടൊ

രിക്കൽ ഉണ്ടായിരുന്നു എന്നതിനെ സ്മരിപ്പിച്ചു. അവളുടെ കണ്ണുകൾ നന്നേ കുണ്ടിൽപോകയും പോളകൾ നന്നേ അടക്കമായും ചെയ്തതിനാൽ, വിവർണ്ണവും ഉഗ്രദർശനവുമായ അവളുടെ കൃഷ്ണമണികളെക്കാണ്മാൻ വളരെ ദുർലക്ഷമായിരുന്നു.

മന്ത്രവാദിനി ഉപവേശിച്ചിരുന്ന സ്ഥലത്ത് എത്തിയപ്പോൾ യാഹില ഒരു സുവർണ്ണനാണ്യം എടുത്ത് 'അമ്മേ നിങ്ങളോടു ഞാൻ ഒരു വരം യാചിക്കുന്നു' എന്നു പറഞ്ഞുംകൊണ്ട്, അതിനെ അവളുടെ മടിയിലേക്ക് ഇട്ടു.

മന്ത്രവാദിനി പറഞ്ഞു: നിനക്ക് ഇഷ്ടമായ വരം തരാം. ഒരു വരത്തെ യാചിക്കാൻ നിനക്കു നല്ലവണ്ണം അറിയാം. നീ എന്താണ് ആഗ്രഹിക്കുന്നത്.

'അമ്മേ നിങ്ങളുടെ മന്ദപ്രഭമായ ദൃഷ്ടിക്കു ഗോചരീഭൂതമായ ഭാവിവൎത്തമാനത്തെ അറിവാൻ ഞാൻ കാംക്ഷിക്കുന്നു'.

ഒരു ശൂന്യവനമദ്ധ്യേയുള്ള ഗിരിശിഖരത്തിൽ സ്ഥിതിചെയ്തു ഉപരിഭാഗത്ത്, അഗാധവും അവിച്ഛിന്നവുമായ ഗഗനാഭോഗത്തെയും അധോഭാഗത്തു, ശൂന്യമായ വനവുംമാത്രം വീക്ഷിക്കുന്ന ഒരുവന്റെതുപോലെയാണ് എന്റെ സ്ഥിതി.

മകളെ! ഇത്ര സ്വല്പമായ പ്രതിഫലംകൊണ്ടു ഭവിഷ്യദൎത്ഥങ്ങൾ അറിവാൻ സാധിക്കുന്നതല്ല

ഇതുകേട്ടു യാഹില ഒരു സുവർണ്ണനാണ്യവുംകൂടി ആ വൃദ്ധയുടെ മടിയിലിട്ടു കൊടുത്തു.

നീ ഒരു ഉദാരശീല തന്നെയാണ്. നിനക്കു ഇഹത്തിലും പരത്തിലും ഗുണംവരുന്നതാണ്. എന്റെ പിന്നാലെ വന്നാൽ നിനക്കു വേണ്ടതെല്ലാം ഞാൻ പറഞ്ഞുതരാം എന്നു പറഞ്ഞു. ആ വൃദ്ധ ഗുഹയുടെ ഉള്ളിലേക്കു കടന്നു. ഗുഹാദ്വാരം വിസ്താരം ചുരുങ്ങിയതായിരുന്നതുകൊണ്ടു, ഒരാൾക്കുമാത്രമേ അതിൽക്കൂടെ കടപ്പാൻ പാടുണ്ടായിരുന്നുള്ളൂ. യാഹില, ഭയംകൂടാതെ, അവളുടെ പിന്നാലെ ചെന്നു; എന്നാൽ ഗുഹയുടെ ഉള്ളിൽ കടന്നപ്പോൾ, യാഹിലക്കു അല്പം ഭയംതോന്നി. അന്ധകാരംകൊണ്ടു നിറയപ്പെട്ട ആ ഗുഹയുടെ ഉള്ളിലുള്ള വസ്തുക്കളെ കാണ്മാൻ പ്രയാസമായിരുന്നു. മന്ത്രവാദിനിയെ കാണ്മാൻ യാഹിലക്കു ദുർലക്ഷമായിരുന്നു. എന്നാൽ നതോന്നതങ്ങളായ ഗുഹയുടെ പാർശ്വങ്ങളാൽ പ്രതിധ്വനിതമായ അവളുടെ ശ്വാസവും അപസ്വരവും ആയ ഒച്ചകേട്ടു യാഹില ഞെട്ടി, പരവശയായി വീഴാൻ ഭാവിച്ചു. അവൾ ഒരു നെടുവീർപ്പിട്ടു, നെറ്റിയിൽ സഞ്ജാതമായ സ്വേദകണങ്ങളെ തുടച്ചു, ക്ഷണനേരംകൊണ്ടു തന്റെ മനസ്സിൽ ഉള്ള ഭയത്തെ അകററി, ധൈൎയ്യത്തെ അവലംബിക്കയും ചെയ്തു.

'നിനക്കു മുഖ്യമായി അറിയേണ്ടത് എന്താണെന്നു ഇനി പറഞ്ഞാലും' എന്നു വൃദ്ധ പറഞ്ഞു.

അമ്മേ! ഞാൻ ഒരു പറച്ചിയാണ്.—'അതു നീ പറയാതെതന്നെ എനിക്കു അറിയാം എന്നുമാത്രമല്ല നിന്റെ അച്ഛൻ എങ്ങിനെയാണ് ധനികനായത് എന്നും എന

ക്കറിയാം. പരലോകാന്തരങ്ങളിൽ നടക്കുന്ന സംഭവങ്ങളെ അറിവാൻ കഴിയുന്ന എനിക്കു ഇഹലോകസംഭവങ്ങളെ അറിവാൻ ഞെരുക്കമില്ലല്ലോ'.

എന്റെ മനോരഥങ്ങൾ എന്താണെന്നു നിങ്ങൾക്കു പറവാൻ സാധിക്കുമൊ?

ഓഹോ! നീ ശ്രേഷ്ഠജാതിയിലുള്ള ഒരുവനെ വിവാഹം ചെയ്വാൻ ഇച്ഛിക്കുന്നു എന്നാൽ അതു കുറെ ഞെരുക്കമായിട്ടുള്ളതാണ്. എങ്കിലും നീ വേളികഴിക്കുകയും ചെയ്യും.

ഒരിക്കലുമില്ല, ഞാൻ മരിച്ചാലും ഒരു പറയനെ വിവാഹം ചെയ്യുന്നതല്ല.

മരിക്കാതെ വേളികഴിച്ചു സുഖമായിരിപ്പാൻ നിനക്കു യോഗം ഉണ്ട്. ഇത്ര മനോഹരമായ സൃഷ്ടിയെ ധാതാവു വ്യർത്ഥമായി നശിപ്പിച്ചു കളയുന്നതല്ല. നീ കോമളസന്താനങ്ങളുടെ ജനയിത്രിയായി ഭവിക്കുന്നതാണ്. എങ്കിലും നിന്റെ ഭാവി സൂക്ഷ്മമായി ഗണിച്ചു പറയാൻ എനിക്കു നിന്റെ മുഖരേഖകൾകൂടി നോക്കണം. അതു കൂടാതെ ഗ്രഹങ്ങളുടെ ഗതിയേയുംകൂടി നോക്കണം. അതു രാത്രികാലത്തേ സാധിക്കുള്ളു. അതിനാൽ നാളെ ഈ നേരത്തു ഇവിടെ വന്നാൽ നിന്റെ ഭവിഷ്യദവസ്ഥയെ ഞാൻ ശരിയായി പറഞ്ഞുതരാം. നീ സുഖമായി ഉറങ്ങിക്കൊൾക; ഇപ്പോഴത്തെ ലക്ഷണങ്ങളെല്ലാം നിനക്കു ശുഭമായിട്ടുള്ളതാണ. 'പാർവ്വതി, യാഹിലക്കു പുറത്തേക്കു വഴികാണിച്ചുകൊടുക്ക' എന്നു വൃദ്ധ തന്റെ ദാസിയോടു പറഞ്ഞു. അതു ഗുഹയുടെ ഉള്ളിൽനിന്നു പുറത്തേക്കുപോയി, ഒന്നു കുരച്ചു. അതു കേട്ടു വൃദ്ധ പറഞ്ഞു 'എന്നാൽ നീ പൊയ്ക്കൊൾക. നാളെ നിനക്കു ഇതിലും അധികം വിവരങ്ങൾ ഞാൻ പറഞ്ഞുതരാം. ഭവിഷ്യദ്വാർത്തകൾ മുഴുവനും ക്ഷണത്തിൽ പറവാൻ സാധിക്കുന്നതല്ല. നാളെ വരുമ്പോൾ സുവർണ്ണനാണ്യം കൊണ്ടുവരാൻ മറക്കരുത. ഭാവിയിൽ അന്തർഭൂതങ്ങളായ രഹസ്യങ്ങളെ അറിവാൻ കാംക്ഷിക്കുന്ന നീ അതിന്നു തക്കതായ പ്രതിഫലം കൊടുക്കേണ്ടതാണ.

മന്ത്രവാദിനിയുടെ അത്യാഗ്രഹത്തെക്കുറിച്ചു യാഹിലക്കു വല്ലാത്ത വൈമനസ്യം തോന്നി എങ്കിലും തന്റെ ഭാവിവാർത്തകളെ അറിവാനുള്ള ഉൽകണ്ഠയുടെ ആധിക്യം കൊണ്ടു മന്ത്രവാദിനി ചോദിച്ച ധനം കൊടുക്കാൻ അവൾ ഉറച്ചു. നവവും രമ്യവുമായ ചിന്തോദ്വേഗത്തോടുകൂടി യാഹില അവളുടെ വീട്ടിലേക്കു പോയി. പ്രകൃത്യാ ബുദ്ധിശാലിനിയായിരുന്നു എങ്കിലും, തന്റെ സ്വജാതിയരെപ്പോലെ ചില മൂഢവിശ്വാസങ്ങൾ അവളെയും ബാധിച്ചിരുന്നു. വാസ്തവത്തിൽ യാഹില വിശ്വസിച്ചിരുന്ന മതാധികാരികളിലുള്ള മൂഢവിശ്വാസം അവിച്ഛേദ്യമായിരുന്നു. രണ്ടുപ്രാവശ്യം കഠിനമായ മരണത്തിൽനിന്നും തനിക്കുണ്ടായ അത്ഭുതകരമായ മോചനം, മേലിൽ അവൾക്കു വരാൻപോകുന്ന അനന്യസാധാരണമായ ഭാഗ്യത്തിന്റെ സൂചകമാണെന്ന് അവൾ ദൃഢമായി വിശ്വസിച്ചു. തന്റെ വിശ്വാസങ്ങളെ വൃദ്ധയുടെ ആപ്തവചനംകൊണ്ടു ദൃഢീകരിപ്പാൻവേണ്ടി യാഹില പിറ്റേദിവസം വരാൻ ക്ഷമയില്ലാതെ കാത്തിരുന്നു. മകളുടെ അന്നത്തെ അസാധാരണയായ ഉത്സാഹം കണ്ട്

അവളുടെ അച്ഛനമ്മമാർ വളരെ സന്തോഷിച്ചു. ആ ദിവസം ഉത്സവദിവസം എന്നപോലെ അവർ കൊണ്ടാടി.

പിറേറദിവസം ഉച്ചക്കു യാഹില പിന്നെയും മന്ത്രവാദിനിയുടെ ഗുഹയിലേക്കു പോയി. അവൾ മന്ത്രവാദിനിയുടെ സമീപത്തെത്തിയപ്പോൾ ആ വൃദ്ധ കൈനീട്ടി കാണിച്ചു. യാഹില ഒരു സ്വൎണ്ണനാണ്യം അവളുടെ കയ്യിൽ വെച്ചുകൊടുത്തു, എന്നാൽ ഇതുകൊണ്ടു വൃദ്ധക്കു ഒട്ടുംതന്നെ തൃപ്തിയായില്ല. അതിനാൽ യാഹില ഒരു സ്വൎണ്ണനാണ്യവുംകൂടി അവളുടെ കയ്യിലിട്ടുകൊടുത്തു. അപ്പോൾ വൃദ്ധയുടെ മുഖം പ്രസന്നമായി. അവൾ അവിടെനിന്നു എഴുനീറ്റു, യാഹിലയോടു പിന്നാലെ ചെല്ലുവാൻ പറഞ്ഞു ഗുഹയുടെ ഉള്ളിലേക്കു പോയി. യാഹിലയും ഗുഹയുടെ ഉള്ളിലേക്കു കടന്നുചെന്നു കുറച്ചുനേരത്തിനു ഗുഹയുടെ ഉള്ളിൽ നിശ്ശബ്ദമായിരുന്നു, ഒടുക്കം വൃദ്ധയുടെ ശബ്ദം കേൾക്കാറായി. 'നിന്റെ ഭാവ്യവസ്ഥയെപ്പററി എനിക്കു പൂൎണ്ണമായ അറിവു കിട്ടീട്ടില്ല, ഇന്നുരാത്രികൂടി ചില ഗ്രഹങ്ങളുടെ സ്ഥിതിനോക്കിയാലെ കാൎയ്യം മുഴുവനും മനസ്സിലാവുള്ളു. അതിനുശേഷം നിന്നോടു കാൎയ്യംമുഴുവനും പറയാം നാളെ ഈ നേരത്തു ഇവിടെ വന്നാൽ നീ ഇച്ഛിക്കുന്ന കാൎയ്യം ശരിയായിട്ടു പറഞ്ഞുതരാം'. ഇതു കേട്ടു യാഹില വളരെ ആശാഭംഗത്തോടുകൂടി ഗുഹയിൽനിന്നു പുറത്തേക്കു പോന്നു.

ഇങ്ങിനെ വളരെ ദിവസം ഓരോ ഒഴികഴിവു പറഞ്ഞു, ആ മന്ത്രവാദിനി, യാഹിലയോടു കുറെ പണം കൈക്കലാക്കി. ഒടുക്കം, യാഹിലക്കു തീരെ ക്ഷമയില്ലാതായി എന്നു കണ്ടിട്ടു പിറേറന്നാൾ രണ്ടു സ്വൎണ്ണനാണ്യം കൊടുക്കുന്നപക്ഷം, യാഹിലയുടെ കാൎയ്യം തീൎച്ചയായും പറയാമെന്നു വൃദ്ധ സഗൌരവം വാഗ്ദാനം ചെയ്തു.

പിറേറദിവസം ഉച്ചക്കു യാഹില, വൃദ്ധയുടെ ഗുഹയിൽ ഹാജരായി. പതിവുപോലെ വൃദ്ധ ഗുഹയുടെ ഉമ്മറത്തു ഇരുന്നിരുന്നു. യാഹില അവളുടെ കയ്യിൽ പത്തു സ്വൎണ്ണനാണ്യം ഇട്ടുകൊടുത്തു. വൃദ്ധ, മന്ദഹാസത്തോടുകൂടെ, അവളെ സ്വാഗതം ചെയ്തു. അവളുടെ മടിയിൽനിന്നു ഒരു പാമ്പിനെ എടുത്തു അതിന്റെ കഴുത്തിൽപിടിച്ചു അവൾ നല്ലവണ്ണം ഞെക്കിയപ്പോൾ, പാമ്പു കഠിനമായി ചീറി. പിന്നെ എന്തൊ ചിലതു പിറുപിറുത്തു, യാഹിലയോടു തന്റെ പിന്നാലെ വരാൻ പറഞ്ഞു അവൾ ഗുഹയുടെ ഉള്ളിലേക്കു പോയി. യാഹില പല പ്രാവശ്യവും ഗുഹയുടെ ഉള്ളിൽ കടന്നുപോയിട്ടുണ്ടെങ്കിലും, ഇപ്പോൾ യാതൊരു ഭയവുംകൂടാതെ അതിന്റെ ഉള്ളിലേക്കു കടന്നു ചെന്നു; തന്റെ ഭാവി അറിവാനുള്ള ഉൽകണ്ഠാതിശയം നിമിത്തം ഗുഹയുടെ ഉള്ളിൽ കടന്നുചെന്നാലുള്ള വൈഷമ്യത്തെപ്പററി അവൾ ചിന്തിച്ചതേയില്ല.

യാഹില ഗുഹയിൽകടന്നു കുറച്ചുനേരം കഴിയുന്നതിനിടയിൽ സൎപ്പം ചീറുന്നതും നായ ഓളിയിടുന്നതും കേട്ടു ഉടനെതന്നെ ഗുഹയുടെ അന്ധകാരത്തിൽ ഒരു പ്രകാശം സ്ഫുരിക്കയും നിലത്തിൽനിന്നു നീലവൎണ്ണമായ ഒരു വെളിച്ചം കാണപ്പെടുകയും ചെയ്തു. മന്ത്രവാദിനി വെളിച്ചത്തിന്റെ പിൻഭാഗത്തുനിന്നിരുന്നു. ഈ വെളിച്ച

ത്താൽ സ്വതവേതന്നെ ഘോരമായ അവളുടെ ആകൃതി, മുമ്പില്ലാത്തേക്കാൾ പതിന്മടങ്ങു ബീഭത്സമായി കാണപ്പെട്ടു. പാമ്പ്, അവളുടെ കഴുത്തിൽ ചുററിക്കിടന്നിരുന്നു, നായ അവളുടെ കാലിൻെറ ചുവട്ടിൽ കിടന്നിരുന്നു. ഈ ഭീഷണാകൃതി കണ്ടിട്ടും യാഹിലയുടെ മനസ്സിന്നു അശേഷം കലുക്കം ഉണ്ടായില്ല.

വൃദ്ധ പറഞ്ഞു: 'യാഹിലെ നിൻെറ ഭാവി മുഴുവനും എനിക്കു മനസ്സിലായി. നിനക്കു ഒരു ഉന്നതപദവിയിലിരിക്കാനുള്ള യോഗം കാണുന്നുണ്ട്. നിനക്കു യോഗ്യനായ ഒരാളുടെ ഭാൎയ്യയായിരിക്കാൻ സംഗതിവരും. നിനക്കു ഇനി അധികകാലം ഒരു കന്യകയായി ഇരിക്കേണ്ടിവരുന്നതല്ല. നീ മുഗൾസാമ്രാജ്യത്തിൻെറ തലസ്ഥാനത്തേക്കു പൊയ്ക്കൊൾക. അവിടെ പോയാൽ നിൻെറ അഭീഷ്ടം സാധിക്കുന്നതാണ്; അതു ചെയ്യാതെ നീ ഇവിടെതന്നെ താമസിക്കുന്നതായാൽ, ഈ ജന്മം മുഴുവനും പരിതാപയായിട്ടുതന്നെ ഇരിക്കേണ്ടിവരും. ഇനി നീ പൊയ്ക്കൊൾക'.

ഗുഹയിലുണ്ടായിരുന്ന വെളിച്ചം ക്രമേണ മങ്ങി ഒടുവിൽ ഗുഹ അന്ധകാരഗ്രസ്തമാകയും ചെയ്തു. യാഹില ഗുഹയിൽനിന്നു വീട്ടിലേക്കു മടങ്ങി. യാഹില ഈ മന്ത്രവാദിനിയുടെ വാക്കു വേദവാക്യം എന്നപോലെ ദൃഢമായി വിശ്വസിച്ചു അവളുടെ ഹൃദയം ആനന്ദഭരിതമായി. കുറെ ദിവസത്തിന്നു യാഹിലയുടെ മനസ്സിന്നു അതിയായ ഉല്ലാസം ഉണ്ടായി. ഇതു കണ്ടിട്ടു അവളുടെ മാതാപിതാക്കന്മാൎക്കു കുറെ അസ്വാസ്ഥ്യം ഉണ്ടായി; എന്നാൽ യാഹിലയുടെ ഈ ചിത്തോദ്വേഗം ക്രമേണ ശമിച്ചു അവളുടെ മനസ്സു നിവൃത്തിയെ പ്രാപിക്കുകയും ചെയ്തു. ഇതു കണ്ടിട്ടു, യാഹിലയുടെ അച്ഛനമ്മമാൎക്കു വളരെ സന്തോഷമുണ്ടായി.

## നാലാം അദ്ധ്യായം.

ഒരു ദിവസം യാഹില പറഞ്ഞു: അച്ഛാ, എനിക്കു മുകിളസാമ്രാജ്യത്തിൻെറ തലസ്ഥാനം കാണ്മാൻ വളരെ ആഗ്രഹമുണ്ട്.

മകളെ എന്തുകൊണ്ടാണ് എന്ന് അച്ഛൻ ചോദിച്ചു.

എന്തുകൊണ്ടെന്നാൽ, മുസൽമാന്മാൎക്കു പറയരോട്, ഇതര ജാതിക്കാരോടുള്ളതിലധികം വിരോധമൊന്നുമില്ല. നമ്മുടെ ജാതിഹീനത നിമിത്തം അവൎക്കു നമ്മളിൽ ബഹുമതി ഉണ്ടായില്ലെങ്കിലും നമ്മുടെ ധനം നിമിത്തം നാം അവരുടെ ബഹുമാനത്തിന്നു പാത്രമാവുന്നതാണ്.

നീ പറയുന്നതു ശരിതന്നെയാണ്. നമ്മുടെ വാസം മുകിള തലസ്ഥാനത്തേക്കു മാറുന്നതിന്നു ഞാൻ യാതൊരു വിരോധവും കാണുന്നില്ല. ഞാൻ മുമ്പൊരിക്കൽ ചക്രവൎത്തിയുടെ ജീവനെ രക്ഷിച്ചിട്ടുള്ളതു നിനക്ക് അറിവുണ്ടല്ലോ. അദ്ദേഹം കുറെക്കാലം ദേശാന്തരങ്ങളിൽ അലഞ്ഞു നടന്നു. അതിന്നു ശേഷം ദൈവാനുകൂല്യംകൊണ്ട് അദ്ദേഹത്തിന്നു ചക്രവൎത്തിപദം തിരികെ ലഭിക്കുകയും രാജ്യത്തെ നിരപായത്തോടുകൂടെ ഇപ്പോൾ പരിപാലിച്ചു വരികയും ചെയ്യുന്നു. ഒരു സമയം അദ്ദേഹം ഈ നികൃഷ്ടനാ

യ എന്ന ഓൎമ്മിക്കാനും മതി. പക്ഷെ 'രാജകാൎയ്യാണി മേഘവൽ' എന്നുള്ള വചനപ്രകാരം രാജാക്കന്മാരുടെ കാൎയ്യങ്ങളെപ്പററി ഒന്നും തീൎച്ച പറയാൻ പാടുള്ളതല്ല. എപ്പോഴും അടുത്തു ചെന്നു വായും മൂക്കും പൊത്തി ഓച്ഛാനിച്ചുനിന്നു 'ഇന്ദ്രനോടൊക്കം സ്വാമി ചന്ദ്രനോടൊക്കം ഭവാൻ' എന്നും മററും സേവപറഞ്ഞാൽ, ഒരു സമയം ഓൎമ്മയുണ്ടായെക്കാം. രണ്ടു ദിവസം ഒന്നിച്ചു കാണാതിരുന്നാൽ തീരെ മറക്കുകയും ചെയ്യും. ഇങ്ങിനെയാണ് മിക്കരാജാക്കന്മാരുടേയും അവസ്ഥ. അത് എങ്ങിനെ എങ്കിലുമാവട്ടെ, നമുക്കു ഡെൽഹിയിലേക്കു പോകാം. ഈ മാററംകൊണ്ടു നമുക്കു ഗുണമല്ലാതെ ദോഷം ഒന്നും വരുന്നതല്ല. എന്നു മാത്രമല്ല ഡെൽഹിയിൽ കച്ചവടത്തിന്നുള്ള സൌകൎയ്യം വളരെ ഉണ്ടാവുന്നതാണ്.

എല്ലാകാൎയ്യത്തിലും ഭൎത്താവിന്റെ ചൊൽപടി കേട്ടു നടന്നുവന്നിരുന്ന പറയന്റെ ഭാൎയ്യയും ഈ മാററത്തിന്നു യാതൊരു തടസ്ഥവും പറഞ്ഞില്ല. അതിനാൽ താമസിയാതെ പറയൻ കുഡുംബസഹിതം ഡെൽഹിയിൽ ചെന്നു താമസം തുടങ്ങി. ഇത്ര ജനബാഹുല്യമുള്ള നഗരത്തിൽ, സൎവ്വജനമനോഹരിയായ യഹിലയുടെ രൂപലാവണ്യം ജനങ്ങളുടെ ദൃഷ്ടിയിൽ പെടാതിരിപ്പാൻ ഞെരുക്കമാണെല്ലൊ. അവളുടെ സൌന്ദൎയ്യാതിശയത്തെപ്പററി സൎവ്വജനങ്ങളും പ്രശംസിച്ചു. ഏറെ താമസിയാതെ ഡെൽഹി പട്ടണം മുഴുവനും ഇവളുടെ പ്രസിദ്ധി പരന്നു. അവൾ പുറത്തിറങ്ങുമ്പോഴൊക്കെയും ജനങ്ങൾ അവളുടെ രൂപലാവണ്യത്തെക്കുറിച്ചു പ്രശംസിച്ചു കാണികളുടെ 'അനിമേഷങ്ങളായ നേത്രപംക്തികൾ' അവളിൽതന്നെ പതിഞ്ഞു.

ഒരു ദിവസം രാവിലെ യഹില ജനസങ്കുലമായ അങ്ങാടിയിൽക്കൂടെ പോകുമ്പോൾ ഒരു പല്ലക്കിന്റെ തണ്ട് അവളുടെ മേൽതട്ടി, അവൾ നിലത്തുവീണു. സമീപമുണ്ടായിരുന്ന ജനങ്ങളുടെ നിലവിളികേട്ടു, പല്ലക്കിലിരുന്നിരുന്ന ആൾ ഈ അപായത്തെ അറികയും ഉടനെതന്നെ പല്ലക്കു നിൎത്താൻ പറഞ്ഞു, യഹിലയെ സഹായിപ്പാനായി ആ യുവാവ് പല്ലക്കിൽനിന്നിറങ്ങി, അവളുടെ സമീപത്തുചെന്നു അവളെ പല്ലക്കിൽ കയറുവാൻ കല്പന കൊടുത്തു, അവളുടെ വീടു എവിടെയാണെന്നു അന്വേഷിച്ചറിഞ്ഞു, യഹിലയെ പല്ലക്കിൽ കയററി, താൻ പല്ലക്കിന്റെ ഒപ്പംനടന്നു, അവളെ വീട്ടിൽ കൊണ്ടുപോയി ആക്കുകയും ചെയ്തു.

തന്റെ വീട്ടിന്റെ ഉമ്മറത്തു ഒരു പല്ലക്കും അതിന്റെ ഒന്നിച്ചു വളരെ ആളുകളേയും കണ്ടപ്പോൾ പറയൻ തന്നെ പരിഭ്രമിച്ചു തന്റെ മകൾ പല്ലക്കിൽ കിടക്കുന്നതു കണ്ടിട്ട് അവൻ കഠിനമായി വിലാപിക്കുവാൻ തുടങ്ങി. എന്നാൽ യഹില ഉടനെതന്നെ പല്ലക്കിൽനിന്ന് ഇറങ്ങി വന്നു തനിക്കു യാതൊരപായവും പററിയില്ലെന്നും, കുറച്ചു മോഹാലസ്യം മാത്രം ഉണ്ടായി എന്നും തീരെ മാറി എന്നും പറഞ്ഞപ്പോൾ, പറയന്നു സമാധാനമായി. പറയൻ ആ അപരിചിതനെ തന്റെ വീട്ടിന്നകത്തു കൂട്ടിക്കൊണ്ടുപോയി, ക്ഷീണം തീൎക്കാൻ മറ്റും, നല്ല ഭക്ഷണപദാൎത്ഥങ്ങൾ ആ യുവാവിന്നു കൊടുക്കുകയും യുവാവ് അതിനെ സ്വീകരിക്കുകയും ചെയ്തു. ഈ യുവാവു [illegible] ത്തിൽ ഒരു ഉയൎന്ന പദവിയിലുള്ള മുസല്മാനായിരുന്നു, [illegible]

ക്കപ്പെട്ടവനായ ഈ യോഗ്യപുരുഷൻ, കേവലം നികൃഷ്ടനായ തന്റെ ഒന്നിച്ചു ഭക്ഷണം കഴിച്ച നിമിത്തം പറയന്റെ സന്തോഷം അതിരില്ലാത്തതായിരുന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ അപരിചിതൻ താൻ കൂടെക്കൂടെ വന്നുകൊള്ളാമെന്നു പറഞ്ഞു പുറപ്പെടാൻ ഉത്സാഹിച്ചു. തങ്ങളുടെ വീട്ടിൽ കൂടെക്കൂടെ വരുന്നതു വളരെ സന്തോഷമാകുന്നു എന്നു യാഹിലയുടെ മാതാപിതാക്കന്മാർ ആയാളോടു പറഞ്ഞു. യാഹിലയും, വാക്കുകളേക്കാൾ എത്രയോ വ്യക്തമായും സ്ഫുടമായും തന്റെ ഹൃദ്ഗതത്തെ അറിയിക്കുന്ന കടാക്ഷവീക്ഷണംകൊണ്ടു, ആയാളെ ക്ഷണിച്ചു.

ഈ സുശീലനായ മുസല്മാൻ ചക്രവർത്തിയുടെ പ്രധാനമന്ത്രിയായ ബൈറാംഖാനിന്റെ പുത്രനായിരുന്നു. മേൽപറഞ്ഞ സംഭവത്തിനുശേഷം പറയന്റെ കുഡുംബവും മന്ത്രിയുടെ പുത്രനും തമ്മിൽ നല്ല പരിചയമായി. യാഹിലയുടെ രൂപലാവണ്യം കണ്ടു്, ഈയാൾ മോഹിതനായി. മുസല്മാൻ യൌവനയുക്തനും സുഭഗനും വളരെ ഔദാര്യമുള്ളവനും ആയിരുന്നു. ചിലപ്പോൾ ഈയാളുടെ ഔദാര്യത്തിന്റെ ആധിക്യംകൊണ്ടു ആയാൾ ചില അവിവേകങ്ങളുംകൂടി പ്രവൃത്തിച്ചു. ചക്രവർത്തിയുടെ അരമനയിലുള്ള പ്രഭുക്കന്മാരുടെ കന്യകമാർ ഈയാളെ കാംക്ഷിച്ചുവന്നു എങ്കിലും അവരിൽ ഒരാളിലും ഈയാളുടെ പ്രേമം സ്ഥായിയായി പതിഞ്ഞില്ല. സുകുമാരിയായ യാഹിലയെ കണ്ടപ്പോൾ, അവരിലുള്ള പ്രേമം കേവലം ശിഥിലമാകയും, അവളിൽ ആയാൾക്കു ദൃഢമായ അനുരാഗം ഉണ്ടാകയും ചെയ്തു. യാഹിലയുടെ സർവ്വാതിശായിയായ ലാവണ്യം ആയാൾ കണ്ട യാതൊരു മഹമ്മദീയ സ്ത്രീകൾക്കും ഇല്ലായിരുന്നു. അതിനാൽ, അവരെയെല്ലാം വിട്ടു, യാഹിലയെത്തന്നെ തന്റെ പ്രേമഭാജനമാക്കാൻ ആയാൾ തീർച്ചയാക്കി. 'നാഹിപ്രമോദം സഹകാരതേ തു വൃക്ഷാന്തരം കാംക്ഷതി ഷട്പദാളി' (നല്ലവണ്ണം പൂത്തു നില്ക്കുന്ന തേൻമാവിനെ പ്രാപിച്ച വണ്ടുകൾ, പിന്നെ വേറെ ഒരു വൃക്ഷത്തെ കാംക്ഷിക്കുന്നില്ലല്ലോ). എന്നാൽ, സൂക്ഷ്മമായി ആലോചന ചെയ്തപ്പോൾ യാഹിലയിലുള്ള പ്രേമം തനിക്കു വ്യസനത്തിനു കാരണമായി തീരുന്നതാണെന്നു് ആയാൾക്കു വ്യക്തമായി തോന്നി. എന്തെന്നാൽ പ്രധാനമന്ത്രിയുടെ പുത്രൻ, ജാതിഹീനനായ ഒരുവന്റെ പുത്രിയെ വേൾക്കുന്നതു് ഒരിക്കലും യുക്തമാകുന്നതല്ല. അങ്ങിനെയുള്ള ഒരു വിവാഹത്തിനു, തന്റെ അച്ഛനമ്മമാർ ഒരിക്കലും സമ്മതിക്കുന്നതല്ലെന്നു ആയാൾക്കു നല്ലവണ്ണം അറിവുണ്ടായിരുന്നു. തങ്ങൾ തമ്മിൽ വിവാഹത്തിനു നിർവ്വാഹമില്ലെങ്കിലും, യാഹിലയെ തന്റെ ഉപപത്നിയാക്കി വെക്കാമെന്നു് ആയാൾ വിചാരിച്ചു. തങ്ങൾ തമ്മിലുള്ള അവസ്ഥാന്തരംകൊണ്ടും യാഹിലക്കു തന്നിലുള്ള പ്രേമംകൊണ്ടും, ഈ രീതിയിലുള്ള ബന്ധത്തിനു യാഹില വിരോധം പറയുമെന്നു് ആയാൾ സ്വപ്നേപി വിചാരിച്ചിരുന്നില്ല. നോട്ടങ്ങൾകൊണ്ടു രണ്ടുപേരും അന്യോന്യം തങ്ങളുടെ ഹൃദ്ഗതത്തെ അറിയിച്ചിരുന്നു എങ്കിലും പിതാവിനെ ഭയപ്പെട്ടു, തന്റെ ഹൃദ്ഗതത്തെ വെളിവാക്കുവാൻ ആയാൾ സംശയിച്ചു.

യാഹിലയുടെ അച്ഛനമ്മമാർ, പുത്രിയും മന്ത്രിയുടെ പുത്രനും തമ്മിലുള്ള പരസ്പ

നുരാഗത്തെപ്പറ്റി അറിഞ്ഞിരുന്നു. പുത്രിയുടെ സകല കൃത്യങ്ങളിലും ഉള്ള ധൎമ്മ പരായണതയെ അവർ അറിഞ്ഞിരുന്നതുകൊണ്ട, അവൾ മുസൽമാന്റെ ഭാൎയ്യയായിരിപ്പാൻ സമ്മതിക്കുമെന്നു അവർ വിചാരിച്ചു.

ഒരു ദിവസം പറയൻ മകളെ വാത്സല്യത്തോടുകൂടി ആശ്ലേഷംചെയ്തുംകൊണ്ടു പറഞ്ഞു. മകളെ നീ എന്റെ വംശപ്രതിഷ്ഠക്കു കാരണമായി തീരുമെന്നു ഞാൻ വിശ്വസിക്കുന്നു. സദ്‌വൃത്തനായ ഒരാളുടെ പ്രേമത്തിന്നു നീ പാത്രമായിരിക്കുന്നു.

അച്ഛൻ ആരെപ്പറ്റിയാണ പറയുന്നതു എന്നു മകൾ ചകിതഹൃദയയായിട്ടു ചോദിച്ചു.

പ്രധാനമന്ത്രിയുടെ മകനെപ്പറ്റിയാണ.

അദ്ദേഹം തന്റെ അനുരാഗത്തെപ്പറ്റിഒന്നും സ്പഷ്ടമായി പ്രസ്താവിച്ചിട്ടില്ലെല്ലും.

അദ്ദേഹത്തിന്റെ പ്രവൃത്തികളെക്കൊണ്ടു ഏററവും വെളിപ്പെട്ടതായ അനുരാഗത്തെ വാക്കുകൾകൊണ്ടു പറഞ്ഞറിയിക്കാതെതന്നെ എല്ലാവൎക്കും അറിയാവുന്നതാണ്. ഈ വെളുത്തവാവിന്നുള്ളിൽ ആയാളുടെ ഭാൎയ്യയായിരിപ്പാൻ നിന്നോടു ആയാൾ ആവശ്യപ്പെടുമെന്നാണ് എനിക്കു തോന്നുന്നത. യാഹില, നീ ആയാളെ സ്നേഹിക്കുന്നുണ്ടൊ എന്നു എന്നോടു പറഞ്ഞാലും.

അച്ഛാ, ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നുണ്ടു.

നിനക്കു ആയാളെ വേൾക്കാൻ മനസ്സുണ്ടൊ?

എനിക്കു വേളികഴിക്കാൻ മനസ്സില്ലാത്ത ആളെ ഞാൻ ഒരിക്കലും സ്നേഹിക്കുകയൊ ഞാൻ സ്നേഹിക്കാത്ത ഒരുവനെ വേൾക്കുകയൊ ചെയ്യുന്നതല്ല.

എന്നാൽ എനിക്കു തൃപ്തിയായി.

യാഹിലയുടെ അച്ഛനമ്മമാർ കുറെ കാലം കാത്തിരുന്നിട്ടും മുസൽമാൻ യാഹിലയെ വേളികഴിക്കുന്നതിന്നുള്ള ശ്രമങ്ങൾ ഒന്നും ചെയ്തു കണ്ടില്ല. ആയതും യാഹിലയെ ഗാഢമായി സ്നേഹിച്ചിരുന്നു എന്നുള്ളത് നിരാക്ഷേപമായിരുന്നു. എന്നിട്ടും ആയാൾ തന്റെ അനുരാഗത്തെ പ്രഖ്യാപനം ചെയ്യാത്തതുകൊണ്ട് യാഹിലയുടെ മാതാപിതാക്കന്മാൎക്ക് ക്ഷമയില്ലാതായി.

മന്ത്രികുമാരൻ ദിവസേന പറയന്റെ വീട്ടിൽ പോയിരുന്നു. യാഹിലയായിട്ടുള്ള പരിചയം വൎദ്ധിക്കുന്തോറും ആയാൾക്കു അവളുടെമേൽ പ്രേമവും വൎദ്ധിച്ചുവന്നു. യാഹിലെക്കു പറയത്തക്കതായ വിദ്യാഭ്യാസമൊന്നും സിദ്ധിച്ചിട്ടില്ലെങ്കിലും അവൾക്ക് അസാമാന്യമായ ബുദ്ധിശക്തി ഉണ്ടെന്നു മുസൽമാൻ ഗ്രഹിച്ചു. അവൾ ഒരു ഹീനജാതിയിലുള്ള വളായിരുന്നതുകൊണ്ട്, അവളുടെ ബുദ്ധിശക്തിക്കൊത്ത വിദ്യാഭ്യാസം ലഭിപ്പാൻ വഴിയില്ലാതെ വന്നു എങ്കിലും അവൾ കഴിയുന്ന അറിവു സമ്പാദിപ്പാൻ ശ്രമിച്ചുവന്നു. അവളുടെ ജാതിഹീനത നിമിത്തം ഗ്രാമപ്പള്ളിക്കൂടത്തിൽ ചേൎന്നു പഠിക്കാൻ അവൾക്കു സാധിച്ചില്ല. എങ്കിലും തന്റെ അച്ഛന്റെ വീട്ടിന്നു സമീപത്തു താമസിച്ചിരുന്ന ഒരു മുഹമ്മദീയ പണ്ഡിതന്റെ സഹായത്താൽ, സാമ്രാജ്യചരിത്രത്തിലും സാഹിത്യത്തിലും ഒരു മാതിരി നൈപുണ്യം അവൾക്കു സിദ്ധിച്ചു

ആയാൾക്ക് പഠിപ്പിക്കാൻ കഴിയാത്തതായ വിഷയങ്ങളെ, തന്റെ ഗ്രഹണപടുത്വം കൊണ്ട്, അവൾ ഗ്രഹിക്കയും ചെയ്തു.

പ്രസ്തുത കഥയുടെ കാലത്ത്, രാജശാസനപ്രകാരം ഹിന്ദുക്കളുടെ ഇടയിൽ വിദ്യാഭ്യാസം ഒരു അവശ്യകൃത്യമായിരുന്നു. എല്ലാ പിതാക്കന്മാരും തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിപ്പിക്കണമെന്നായിരുന്നു രാജശാസന. ആ കാലത്തു വായിക്കാൻ അറിയാത്തവർ നന്നെ ചുരുക്കമായിരുന്നു. ഇപ്പോഴൊ, വായിക്കാൻ അറിയുന്നവർ നന്നെ ചുരുക്കമായിത്തുടങ്ങി. ഭോജരാജാവിന്റെ കാലത്തു വിദ്യയില്ലാത്തവൻ എത്ര ധനികനായാലും വേണ്ടില്ല ആയാളെ ആരും തൃണമാത്രം ബഹുമാനിച്ചിരുന്നില്ല. ഭോജരാജാവിന്റെ കുതിരക്കാരുകൂടി സംസ്കൃതഭാഷയിൽ വളരെ നൈപുണ്യമുള്ളവരായിരുന്നു എന്നു കേട്ടിട്ടുണ്ട്. വാസ്തവത്തിൽ, ആ കാലത്തിനു ശേഷം ഹിന്ദുസമുദായത്തിന്റെ ഏർപ്പാടിന്നു തീരെ വലുതായ ഒരു മാററം സംഭവിച്ചിട്ടുണ്ട്. ഇപ്പോൾ ലോകം മുഴുവനും വ്യാപിച്ചിരിക്കുന്നതായ നാഗരീകത്വത്തിന്റെയും അറിവിന്റെയും ശാസ്ത്രങ്ങളുടെയും ഉല്പത്തിസ്ഥാനമായ യൂറോപ്പുഖണ്ഡം മുഴുവനും അജ്ഞാനാന്ധകാരത്തിൽപ്പെട്ടു കിടന്നിരുന്ന കാലങ്ങളിൽ ഹിന്ദുസ്ഥാനം വളരെ പരിഷ്കൃതസ്ഥിതിയിൽ ആയിരുന്നു. പ്രപഞ്ചത്തിലെ തത്വങ്ങളെ സൂക്ഷ്മനിരൂപണം ചെയ്തു അവയെ നല്ലവണ്ണം ഗ്രഹിച്ച അനേകം തത്വദർശികളാൽ നിറയപ്പെട്ടും ഇരുന്നു. പരിഷ്കാരരഹിതന്മാരും നിഷ്ഠുരന്മാരും ആയ ഇതര ജാതിക്കാർ ഹിന്ദുസ്ഥാനത്തെ ആക്രമിച്ചു പിടിച്ചടക്കുകയും, അതിലെ ജനങ്ങൾ അവർക്കു കീഴടങ്ങി വളരെക്കാലം ഇരുന്നതുകൊണ്ടു അവരുടെ ഉത്സാഹശക്തി, ജ്ഞാനതല്പരത്വം, സ്വാതന്ത്ര്യം മുതലായതു നിശ്ശേഷം നശിക്കുകയും ചെയ്തില്ലായിരുന്നു എങ്കിൽ, ഗ്രീസ്സ്, റോമ, മുതലായ രാജ്യങ്ങളെപ്പോലെ, ഹിന്ദുസ്ഥാനവും വളരെ പരിഷ്കൃതസ്ഥിതിയിലും ഉന്നതപദവിയിലും വാഴുമായിരുന്നു എന്നുള്ളതു നിർവ്വിവാദമാണ്. വളരെ പുരാതനകാലം മുതല്ക്കുതന്നെ ഹിന്ദുരാജാക്കന്മാർ പ്രജകളുടെ വിദ്യാഭ്യാസത്തെപ്പററി വളരെ നിഷ്കർഷ ചെയ്തിരുന്നു. അവരുടെ രാജ്യഭരണത്തിൻ കീഴിലുള്ള എല്ലാ ഗ്രാമങ്ങളിലും പ്രത്യേകം പാഠശാലകളും അതുകളിലേക്കു പ്രത്യേകം ഉപാദ്ധ്യായന്മാരും നിയമിക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഈ മാതിരിയുള്ള വിദ്യാഭ്യാസത്തിന്റെ സുഗമത, സുലഭത, കാര്യസിദ്ധിക്ഷമത, മുതലായ ഗുണങ്ങൾ ഹേതുവായിട്ട്, ഈ രീതി, ഇംഗ്ലണ്ടിലും അവിടെനിന്നു മററുള്ള യൂറോപ്യരാജ്യങ്ങളിലും നടപ്പായിവന്നു. തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതു വളരെ ഗൌരവമായ കൃത്യമായിട്ടാണ് എല്ലാ പിതാക്കന്മാരും വിചാരിച്ചു പോന്നത്, കുട്ടികൾക്കു അഞ്ചു വയസ്സായ ഉടനെ അവരെ പാഠശാലയിലേക്കു അയക്കുക പതിവായിരുന്നു. കുട്ടികളെ എഴുത്തിന്നു വെക്കുമ്പോൾ ഗണപതിപൂജയും ഉണ്ടാവും. കുട്ടികളുടെ വിദ്യാഭ്യാസം നിർവ്വിഘ്നമായി കലാശിക്കാൻ വേണ്ടിയാണ് വിഘ്നേശപൂജ ചെയ്യുന്നത്.

ഒരു ദിവസം യാഹിലയും മുസല്ലാനും കൂടി യാഹിലയുടെ വീട്ടിന്റെ പിൻഭാഗത്തുണ്ടായിരുന്ന വരാന്തയിലിരുന്നു സംസാരിക്കുമ്പോൾ മുസല്ലാൻ പറഞ്ഞു: യാഹിലെ

നിങ്ങളുടെ മാതാപിതാക്കന്മാരെ വിട്ടുപിരിയുന്നതിൽ നിങ്ങൾക്കു വ്യസനമുണ്ടാവുമോ.

ഉവ്വ്. എനിക്കു അവരുമായി പിരിഞ്ഞിരിക്കേണ്ടതായ ഒരു അവസ്ഥ വരുമെന്നു തോന്നുന്നില്ല.

നിങ്ങൾ കളിപറകയല്ലല്ലോ.

അല്ല. ഞാൻ വാസ്തവമാണ് പറയുന്നത്. ഞാൻ എന്തിനാണ് അവരെ വിട്ടുപിരിയുന്നത്.

നിങ്ങൾക്കു ഒരു ഭൎത്താവുണ്ടായാലോ.

ഭൎത്താവുണ്ടായാലും അവൎക്ക് എന്റെ ഒന്നിച്ചു താമസിക്കാമല്ലോ.

നിങ്ങളുടെ ഭൎത്താവിന്ന് അവരെ ഇഷ്ടമില്ലെങ്കിലോ അവരെ സ്നേഹിക്കാത്ത ആൾ എന്നെയും സ്നേഹിക്കില്ല. വാസ്തവത്തിൽ സ്നേഹിക്കുന്നവൎക്കു തങ്ങളുടെ പ്രേമഭാജനമായ ജനം സ്നേഹിക്കുന്നവരുടെ നേരെയും ദയ തോന്നാതിരിക്കയില്ല, അങ്ങിനെ തോന്നാത്തവർ കേവലം ശൂന്യഹൃദയന്മാരാണെന്നു പറവാനുള്ളൂ.

നിങ്ങളുടെ അച്ഛനമ്മമാൎക്കു നിങ്ങളുടെ ഒന്നിച്ചു താമസിപ്പാൻ നിൎവ്വാഹമില്ലാത്ത വിധത്തിലുള്ള വേറെ ബന്ധങ്ങൾ ഉണ്ടല്ലോ.

ആ വക ബന്ധങ്ങൾ എന്താണെന്നു ഞാൻ അറിയുന്നില്ല.

വിവാഹബന്ധം കൂടാതെ, ഗാഢാനുരാഗത്താൽ ബദ്ധയായി, നിങ്ങളുടെ ഹൃദയേശ്വരന്റെ ഒന്നിച്ചു നിങ്ങൾ താമസിക്കുകയാണെങ്കിലോ?

ഞാൻ ഒരിക്കലും അങ്ങിനെയുള്ള സ്ഥിതിയിൽ ഇരിക്കുന്നതല്ല. അതുകൊണ്ടു, നിങ്ങളുടെ ഈ വാദം വിലയില്ലാത്തതാണ്.

യഹിലെ, വിവാഹം നിമിത്തം എന്തെല്ലാം ബുദ്ധിമുട്ടുകൾ നേരിടുന്നു. രണ്ടു പേരുടെയും സ്വാതന്ത്ര്യം നശിക്കുന്നു. ജനസമുദായത്താൽ നിയമിക്കപ്പെട്ടിട്ടുള്ള വിവാഹസംബന്ധമായ നിബന്ധനകൾ സ്ത്രീപുരുഷന്മാരുടെ പരസ്പരാനുരാഗത്തിന്നു ഭംഗമായിരിക്കുന്നു. അതിനാൽ, വിവാഹബന്ധം കൂടാതെ നിങ്ങളുടെ ജീവകാലം മുഴുവനും ഞാനുമായി കഴിപ്പാൻ നിങ്ങൾ സമ്മതിക്കില്ലേ?

നിങ്ങൾ പറയുന്ന ദോഷങ്ങൾ വിവാഹത്തിന്ന് ഉണ്ടായിരിക്കാം എന്നാൽ ഈ ദോഷങ്ങൾ, അതിന്റെ ഗുണങ്ങളോടു കൂടി തട്ടിച്ചു നോക്കുമ്പോൾ വളരെ ലഘുക്കളാണ്. ഒരു മുസല്മാൻ പ്രഭുവിന്റെ ഉപപത്നിയായിരിക്കുന്നതിനേക്കാൾ ഇരലോം നല്ലത് ഒരു പറയന്റെ ഭാൎയ്യയായിരിക്കുന്നതാണ്.

നിങ്ങൾ ഒരു പറയനെ വേൾക്കില്ലെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. നിങ്ങളുടെ അച്ഛനും അങ്ങിനെതന്നെയാണ് എന്നോടു പറഞ്ഞത്.

അച്ഛൻ പരമാൎത്ഥമാണ് പറഞ്ഞത്. അതുകൊണ്ടുതന്നെ ഞാൻ ഒരിക്കലും ഒരു മുസല്മാൻ പ്രഭുവിന്റെ ഉപപത്നിയായിരിക്കയില്ലെന്നു വരുന്നുണ്ടല്ലോ.

മന്ത്രികുമാരൻ പറഞ്ഞു: യഹിലെ, ഞാൻ നിങ്ങളെ സ്നേഹിക്കുന്നുണ്ടെന്നു പറയേണ്ടതില്ലല്ലോ; എന്നാൽ എത്ര ആസക്തിയോടുകൂടിയാണ് ഞാൻ സ്നേഹിക്കുന്ന

തു് എന്നു നിങ്ങൾ അറിയുന്നില്ല. ഞാൻ സ്നേഹിക്കുന്നപോലെതന്നെ നിങ്ങൾ എന്നെയും സ്നേഹിക്കുന്നുണ്ടോ? നിങ്ങൾ വാസ്തവം പറഞ്ഞാൽ കൊള്ളാം.

പ്രഭോ, ഞാൻ ലോകപരിചയം കുറഞ്ഞവളാണു്. ഈ ലോകത്തിലുള്ള കൃത്രിമങ്ങളെപ്പററി എനിക്കു വളരെ കുറച്ചേ അറിവുള്ളു. അതിനാൽ നിങ്ങളുടെ ആഗമനവോടുകൂടിയുള്ള എന്റെ നേരെയുള്ള അഭിനിവേശം എന്റെ മനസ്സിൽ ദൃഢമായി പതിഞ്ഞിരിക്കുന്നു എന്ന സംഗതിയെ നിങ്ങളിൽനിന്നു മറച്ചുവെക്കുന്നതിനു ഞാൻ യാതൊരു കാരണവും കാണുന്നില്ല. എന്നാൽ നിങ്ങളുടെ അഭിനിവേശം എപ്പോൾ ആധാരഹീനമായി ഭവിക്കുന്നുവോ, ആ ക്ഷണംതന്നെ എനിക്കു നിങ്ങളിലുള്ള ബദ്ധമതിയും ഇല്ലാതാവുന്നതാണെന്നു ഞാൻ തീർച്ചയായും പറയുന്നു. ബദ്ധമതിയോടുകൂടാത്തതായ ഒരു സ്ത്രീയുടെ പ്രേമം നിസ്സാരമായിട്ടുള്ളതാണല്ലോ.

യാഹിലെ, എന്റെ പ്രേമഭാജനമായ ഒരുവളെ ഞാൻ മാനിക്കില്ലെന്നു നിങ്ങൾക്കു വിചാരിക്കാൻ വഴിയില്ല. എനിക്കു നിങ്ങളിലുള്ള ഗാഢാനുരാഗത്തിനു എന്റെ ജീവഹാനിവരെയും ഒരു കുറച്ചിൽ വരുന്നതല്ല. എന്നാൽ സമുദായകല്പിതങ്ങളായ ചില പ്രതിബന്ധംനിമിത്തം— എന്നു പറഞ്ഞു പിന്നെ പറവാൻ ആയാൾ സംശയിച്ചു. കോമളയായ യാഹിലയുടെ മുഖം കോപംനിമിത്തം ചുകന്നു

യാഹില പറഞ്ഞു: പറയാനുള്ളതു മുഴുവൻ പറഞ്ഞാലും. എന്തിനു സംശയിക്കുന്നു. നിങ്ങൾക്കു പറയാനുള്ളതു മുഴുവനും ഞാൻ കേൾക്കട്ടെ. നമ്മൾ തമ്മിലുള്ള അനുരാഗത്തെ പ്രദർശിപ്പിച്ചതിന്റെശേഷം നാം അന്യോന്യം യാതൊരു കാര്യവും മറച്ചുവെക്കുന്നതു യോഗ്യമല്ല.

യാഹിലെ, നിങ്ങൾ ന്യായരഹിതമായി പറകയില്ലെന്നാണു് എന്റെ വിശ്വാസം. നിർവ്യാജമായ പരസ്പരാനുരാഗപ്രദർശനാശേഷം നമ്മൾ തമ്മിൽ അവിശ്വാസം ഉണ്ടാകരുതു്. നിങ്ങൾ പറയുന്നതിൽ 'ജനിച്ചവളാണു്' എന്നുള്ള ഏകസംഗതികൊണ്ടുതന്നെ എനിക്കു നിങ്ങളെ എന്റെ ഭാര്യയാക്കാൻ നിർവ്വാഹമില്ലെന്നു, മഹാമനസ്കയായ നിങ്ങൾക്കു ഞാൻ പറയാതെതന്നെ അറിയാവുന്നതാണല്ലോ. ഞാൻ അങ്ങിനെ ചെയ്താൽ എന്റെ സ്വദേശിയന്മാർ എന്നെ അവമാനിക്കും. നിങ്ങൾ, അവരുടെ ഭാര്യമാരുടെയും പുത്രികളുടെയും പരിഹാസത്തിനും പാത്രമാവും. ഇന്ദ്രപദം ലഭിക്കുമെന്നാൽകൂടി നിങ്ങൾക്കു അങ്ങിനെയുള്ള ഒരു അവമാനത്തിനു ഞാൻ ഇടവരുത്തുന്നതല്ല. ലൌകികസമ്പ്രദായപ്രകാരമുള്ള ബന്ധംകൂടാതെ, നമ്മുടെ ഹൃദയസമ്മേളനത്തിനു യാതൊരു തടസ്ഥവുമില്ലല്ലോ. ഈ വിധമാണെങ്കിൽ, നമുക്കു അന്യോന്യം സല്ലാപത്തോടുകൂടെ ഒന്നിച്ചു താമസിക്കാം. നമ്മുടെ പ്രേമത്തിനു കാലപ്പഴക്കംകൊണ്ടു യാതൊരു ഹാനിയും വരുന്നതല്ല. അതിനാൽ ഞാൻ പറയുന്നതു് എന്തെന്നാൽ, നമ്മൾ തമ്മിൽ ലൌകികാചാരപ്രകാരം വിവാഹം ചെയ്യാൻ പാടില്ലാത്ത സ്ഥിതിക്കു, നിങ്ങൾ എന്റെ ഉപപത്നിയായിരിക്കേണമെന്നാണു്.

ഇതെല്ലാം യാഹില മൌനമായിട്ടു കേട്ടുകൊണ്ടിരുന്നു. അവളുടെ മുഖത്തു ഒരു തുള്ളി ചോരപോലും ഉണ്ടായിരുന്നില്ല. അവളുടെ അധരദലങ്ങൾ പാണ്ഡുരവർണ്ണ

മാകയും, കോപാവേശത്താൽ സ്ഫുരിക്കുകയും ചെയ്തു; എങ്കിലും വളരെ സാവധാനത്തിലും ശാന്തതയോടുംകൂടി അവൾ ഉത്തരം പറഞ്ഞു.

പ്രഭോ, നിങ്ങളുടെ ഉന്നതസ്ഥിതിനിമിത്തം നിങ്ങൾക്ക ഒരു പറയജ്ജാതിയിലുള്ളവളെ അവമാനിക്കാൻ അധികാരമുണ്ടായിരിക്കാം. എന്നാൽ നിങ്ങൾ ഒരു പുരുഷനാണ; പുരുഷന്റെ നിലയിൽ നിങ്ങൾ ഒരു അബലയായ സ്ത്രീയെ അവമാനിക്കുന്നതു കേവലം അനുചിതമാണ്. ഒരു സ്ത്രീയുടെ ചാരിത്രശുദ്ധിയുടെ മാഹാത്മ്യം കേവലം അറിഞ്ഞുകൂടാത്ത ഒരു പുരുഷന്റെ ഹിതത്തിനുവേണ്ടി ഞാൻ എന്റെ പാതിവ്രത്യഭംഗം ചെയ്യുമെന്നു, നിങ്ങൾക്ക വിചാരിക്കത്തക്കതായ എന്തൊരു കൃത്യമാണ്, നമ്മൾ തമ്മിൽ പരിചയമായിട്ടുള്ളതിന്റെശേഷം, ഞാൻ ചെയ്തിട്ടുള്ളത്. എന്റെ സ്വദേശീയർ എന്നെ പതിതയെന്നു വിചാരിച്ചുവരുന്നു എങ്കിലും ഞാൻ, ഒരു നിർദ്ധനയല്ല. എന്റെ വീട്ടിൽ എനിക്ക സുഖമായിട്ടു കഴിയാനുള്ള മുതലുണ്ട. ഇഹലോകത്തിലുള്ള സകല സുഖാനുഭവങ്ങൾക്കു വേണ്ടുന്ന ധനവും എനിക്കുണ്ട്. പിന്നെ എന്തുകൊണ്ടാണ ഒരു മുസല്മാൻ പ്രഭുവിന്റെ നീചമായ കാമത്തിനുവേണ്ടി എന്റെ ചാരിത്രശുദ്ധിയെ ഞാൻ ഉപേക്ഷിക്കുമെന്നു നിങ്ങൾക്ക വിചാരിക്കാൻ വഴിയുള്ളത്. ഞാൻ നിങ്ങളുടെ പ്രേമത്തെ തിരസ്കരിക്കുകയും നിങ്ങളുമായിട്ടുള്ള സമ്പർക്കം നിരാകരിക്കുകയും ചെയ്യുന്നു. ഈ ക്ഷണംമുതൽക്ക നാം തമ്മിൽ കേവലം അപരിചിതന്മാരാണ്.

തന്റെ കാമുകന്റെ ഉത്തരം കേൾക്കാൻ താമസിക്കാതെ യാഹില, പ്രന്തയിൽനിന്നു പോകയും ചെയ്തു.

യാഹിലയുടെ രമണീയമായ മുഖത്തിൽ ഉണ്ടായ മാററത്തെ കണ്ട് അവളുടെ അച്ഛനമ്മമാർ ആശ്ചര്യപ്പെട്ടു. അവളുടെ പ്രസന്നമായ മുഖത്തു വിളയാടിക്കൊണ്ടിരുന്ന മന്ദഹാസം കാണാതായി. അവളുടെ കവിൾത്തടം പാണ്ഡുരവർണ്ണമായി. അവൾക്ക ഒന്നിലും ഉന്മേഷം ഇല്ലാതായി. മന്ത്രികുമാരൻ പതിവുപോലെ യാഹിലയെ കാണാൻ വന്നു എങ്കിലും അവൾ ആയാളെ കാണാൻ സമ്മതിച്ചില്ല. തന്റെ വിരക്തിക്കുള്ള കാരണത്തെ അവൾ അച്ഛനെ ധരിപ്പിച്ചു. മകളുടെ തീർപ്പിനെ അച്ഛനും അഭിനന്ദിച്ചു. മുസല്മാൻ പ്രഭു തന്റെ വീട്ടിൽ കടക്കരുതെന്ന പറയൻ താക്കീതു ചെയ്തു. പറയന്റെ വീട്ടിലേക്ക കടന്നുചെല്ലുവാൻ മന്ത്രികുമാരൻ പലപ്പോഴും ശ്രമിച്ചു എങ്കിലും ആ ശ്രമങ്ങളെല്ലാം നിഷ്ഫലങ്ങളായി ഭവിച്ചു. ആയാൾ യാഹിലക്ക എഴുത്തുകൾ അയച്ചു. അതുകൾ തുറക്കാതെതന്നെ മടക്കി അയക്കപ്പെട്ടു. ആയാളുടെ കാമം അതിനു തടസമാ നേരിടുന്തോറും വർദ്ധിച്ചതേയുള്ളൂ. 'അസാദ്ധ്യമിനേ കാമഃ' എന്നുണ്ടല്ലോ. തന്റെ മനസ്സിനെ ബലമായി ആകർഷിച്ച വശീകരണം ചെയ്ത യാഹിലയെ ഏതു വിധത്തിലെങ്കിലും കാണണമെന്നു ആയാൾ നിശ്ചയിച്ചു. ആയാൾ അവളുടെ അച്ഛനോട് ഈ കാര്യത്തെപ്പററി പറഞ്ഞു. താൻ സമ്മതിക്കുന്നതല്ലെന്നു പറയൻ പറഞ്ഞു. യാഹിലയുടെ അമ്മയോടു പറഞ്ഞിട്ടും മന്ത്രികുമാരന്റെ മനോരഥം സിദ്ധിച്ചില്ല. മന്ത്രികുമാരൻ അവരെ ഭീഷണിപ്പെടുത്തി. എങ്കിലും പറയ

ന്ന് അശേഷം കലുക്കമുണ്ടായില്ല. യാഹില മന്ത്രികുമാരനെയോ, ആയാളുടെ ആളുകാരെയോ തന്റെ മുമ്പാകെ വരുവാൻ സമ്മതിച്ചില്ല.

ഭഗ്നാശയനായ യാഹിലയുടെ കാമുകന്നു അവളുടെ മേലിലുള്ള പ്രേമത്തിന്നു ഒട്ടും കുറവുണ്ടായില്ല. ഏതു വിധത്തിലും യാഹിലയെ ലഭിക്കേണമെന്ന ഏകവിചാരം മാത്രമേ മന്ത്രികുമാരന്നു ഉണ്ടായിരുന്നുള്ളു.

യാഹില പലപ്പോഴും തന്റെ ദാസിയോടുകൂടി നഗരോപകണ്ഠങ്ങളിൽ സഞ്ചരിക്കുക പതിവുണ്ടായിരുന്നു. സാധാരണ, ഹിന്ദുസ്ത്രീകൾ വെളിയിലിറങ്ങി നടക്കുന്ന പതിവില്ല; എന്നാൽ ഈ പ്രതിബന്ധം യാഹിലയെ ബാധിച്ചിരുന്നില്ല. യാഹില നഗരത്തിലെ പല സ്ഥലങ്ങളിലും സഞ്ചരിച്ചിരുന്നു എങ്കിലും തന്നാൽ തിരസ്കൃതനായ മന്ത്രികുമാരനെ ഒരിടത്തുംവെച്ചു കണ്ടില്ല. മന്ത്രികുമാരന്റെ വാക്കുകൾകൊണ്ടുണ്ടായ ആശാഭംഗം അവളുടെ ഉദാത്തമായ മനസ്സിന്റെ ഗർവ്വിനെ ശമിപ്പിച്ചു. എപ്പോഴെങ്കിലും ആയാളെ വഴിക്കു കാണ്മാൻ സംഗതി വന്നാൽ, കഠിനമായ നിന്ദയോടുകൂടി ആയാളെ ശാസിക്കണമെന്നു അവൾ ഉറച്ചു. എന്നാൽ തൽക്കാലം തന്റെ കോപപ്രകടനക്കു അവസരം സംഗതി വന്നില്ല.

ഒരു ദിവസം രാവിലെ അവൾ പതിവുപോലെ പുറത്തേക്കു പോയി എന്നാൽ സാധാരണ മടങ്ങി വരാറുള്ള സമയത്തു അവൾ വീട്ടിലേക്കു മടങ്ങി വന്നില്ല. കുറച്ചുനേരം താമസിച്ചിട്ടും അവളെ കാണാഞ്ഞിട്ടു അവളുടെ അച്ഛനമ്മമാർക്കു സമാധാനമുണ്ടായില്ല. നേരം സന്ധ്യയായിട്ടും യാഹിലയാവട്ടെ, അവളുടെ ദാസിയാവട്ടെ തിരികെ വന്നില്ല. അഞ്ചെട്ടു നാഴിക രാവായിട്ടും മകളുടെ വരവു കാണാതെ, മാതാപിതാക്കന്മാർ വളരെ വ്യസനിച്ചു. പിറ്റേ ദിവസം കഴിഞ്ഞിട്ടും, അവൾ മടങ്ങി വന്നില്ല. അവൾ നടക്കാൻ പോയപ്പോൾ, മന്ത്രികുമാരന്റെ അധീനത്തിൽ പെട്ടുകയും, ആയാൾ ബലാൽക്കാരമായിട്ടു അവളെ എവിടെയെങ്കിലും ഗൂഢമായി താമസിപ്പിച്ചിരിക്കയാണെന്നു അവർക്കു ഒരു സംശയം ജനിച്ചു.

ആ ദുഷ്ടന്റെ നീചമായ ഉദ്ദേശ്യത്തെ വിഫലീകരിക്കാൻ ഒരു വഴിമാത്രമേ ഉള്ളു എന്നു പറയൻ തന്റെ ദുഃഖിതയായ ഭാര്യയോടു പറഞ്ഞു. ചക്രവർത്തിയുടെ ശരണം പ്രാപിച്ചു, പുത്രിയെ മടക്കി തരുവാൻ കല്പനയുണ്ടാകേണമെന്നു ഞാൻ യാചിക്കാം. ചക്രവർത്തി ശാന്തനും ദയാലുവും ആയ ഒരാളാണ്. അദ്ദേഹത്തിന്റെ ദയയെ അതിശയിക്കുന്നതായിട്ടു അദ്ദേഹത്തിന്റെ നീതി മാത്രമേ ഉള്ളു. ഞാൻ ഒരിക്കൽ അദ്ദേഹത്തിന്റെ ജീവനെ രക്ഷിച്ചതു ഓർത്തു അദ്ദേഹം മന്ത്രികുമാരനോടു എന്റെ മകളെ വിട്ടു തരുവാൻ കല്പിക്കും.

കഷ്ടം! രാജാക്കന്മാർ തങ്ങളുടെ പ്രജകളുടെ ദുഃഖങ്ങളെപ്പറ്റി അത്ര ഗൌരവമായി വിചാരിക്കുന്നതല്ല. ഹീനജാതിക്കാരായ നമ്മുടെ പുത്രിയെ ബലാൽക്കാരമായി കൊണ്ടുപോയതു ഒരു വലിയ കാര്യമായിട്ടു ചക്രവർത്തി വിചാരിക്കുമോ എന്നു സംശയമാണ് എന്നു പറയന്റെ ഭാര്യ പറഞ്ഞു.

പറയൻ പറഞ്ഞു: ആപത്താകുന്ന കുഴിയിൽ കിടച്ചുകെട്ടി താല്പര്യമില്ല ചക്രവ

ർത്തി, നീതിന്യായം ചെയ്യുമെന്നു എനിക്കു നല്ല വിശ്വാസം ഉണ്ടു. ചക്രവർത്തിപദത്തിൽനിന്നും ഭ്രഷ്ടനായി വളരെക്കാലം അന്യരാജ്യങ്ങളിൽ അലഞ്ഞു നടന്നു വളരെ ബുദ്ധിമുട്ടു അനുഭവിച്ചിട്ടുള്ള അദ്ദേഹത്തിനു ദുഃഖാനുഭവം എന്നതാണെന്നു തന്റെ സ്വാനുഭവംകൊണ്ടു നല്ലവണ്ണം അറിവുണ്ടു. അദ്ദേഹത്തിനു ചക്രവർത്തിപദം തിരികെ ലഭിച്ചതിന്റെശേഷം അദ്ദേഹം വളരെ നീതിന്യായത്തോടുകൂടി രാജ്യഭരിച്ചുവരുന്നു. അദ്ദേഹത്തിന്റെ ഔദാര്യത്തെപ്പറ്റി എന്റെ സ്വാനുഭവംകൊണ്ടുതന്നെ എനിക്കു നല്ലവണ്ണം അറിവുണ്ടായിട്ടും അദ്ദേഹത്തിന്റെ നീതിന്യായത്തെപ്പറ്റി എല്ലാവരും അഭിനന്ദിക്കുന്നതു കേട്ടിട്ടും ഞാൻ എന്തിനാണ് അദ്ദേഹത്തിന്റെ നീതിയെപ്പറ്റി ശങ്കിക്കുന്നത്.

എന്നാൽ നിങ്ങൾ എങ്ങിനെയാണ് ചക്രവർത്തിയുടെ സമക്ഷത്തിലേക്കു ചെല്ലുന്നത്?

ജനങ്ങളുടെ സങ്കടങ്ങൾ കേൾക്കാൻ ചക്രവർത്തി ന്യായസഭയിൽ വരുമ്പോൾ ഞാൻ അദ്ദേഹത്തിന്റെ പാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചു എന്റെ മകളെ തിരിയെ തരുവിപ്പിക്കാൻ സവിനയം അപേക്ഷിക്കും. സകലജനഹിതകാരിയായ ചക്രവർത്തിയുടെ ജീവരക്ഷക്കുവേണ്ടി തന്റെ വിലയില്ലാത്തതായ ജീവനെ ത്യജിക്കാൻ സന്നദ്ധനായ എനിക്കു ഈ ഒരു ഉപകാരം അദ്ദേഹം ചെയ്യാതിരിക്കില്ല. പറയന്റെ ഈ അഭിപ്രായത്തിനു നല്ല അടിസ്ഥാനമുണ്ടായിരുന്നു. മഹാന്മാരായ ആളുകൾ എപ്പോഴും പരോപകാരം ചെയ്വാൻ ഒരുങ്ങിയിരിക്കുന്നവരാണ. അവർ യാതൊരു ഫലവും ഇച്ഛിച്ചിട്ടല്ല പരോപകാരം ചെയ്യുന്നതു. അതു അവരുടെ സ്വഭാവമാണ. കിം ചന്ദ്രഃ പ്രത്യുപകാരലിപ്സയാ കരോതി ഗോഭിഃ കുമുദാവബോധനം സ്വഭാവ ഏവോന്നതചേതസാം സതാം പരോപകാരവ്യസനം ഹി ജീവിതം (ചന്ദ്രൻ എന്തൊരു പ്രത്യുപകാരത്തെ കാംക്ഷിച്ചിട്ടാണ് തന്റെ രശ്മികളെക്കൊണ്ടു, ആമ്പൽപ്പൂക്കളെ വികസിപ്പിക്കുന്നത്? ഒരു പ്രത്യുപകാരവും ഇച്ഛിച്ചിട്ടല്ല. ഇതു മഹാന്മാരായ സജ്ജനങ്ങളുടെ സ്വഭാവമാണ. അവരുടെ ജീവകാലം പരോപകാരം ചെയ്വാൻവേണ്ടി ഉഴിഞ്ഞുവെച്ചിട്ടുള്ളതാണ). വളരെ ദിവസം യാതൊരു ഭക്ഷണവും ലഭിക്കാതെ കണ്ഠഗതപ്രാണയായ വ്യാഘ്രിയുടെ ജീവരക്ഷക്കുവേണ്ടി തന്റെ ദേഹത്യാഗം ചെയ്ത ആ ദയാസിന്ധുവായ ബുദ്ധമുനി, എന്തൊരു പ്രത്യുപകാരം കാംക്ഷിച്ചിട്ടാണ് അങ്ങിനെ ചെയ്തതു. പോർക്കളത്തിൽ മുറിയേററു വീണു മരിക്കാറായപ്പോൾ, കുറച്ചു വെള്ളം ദാഹം പൊറുക്കാൻ കിട്ടിയാൽ വേണ്ടില്ലെന്നു പറകയും, വെള്ളം കൊണ്ടുവന്നു കുടിക്കാനായി പാത്രം ചുണ്ടിൽവെക്കുമ്പോഴേക്കു സമീപത്തുനിന്നു 'വെള്ളം തരണേ' എന്നുള്ള വേറെ ഒരു യോദ്ധാവിന്റെ ദീനസ്വരം കേട്ടു താൻ ഒരു തുള്ളി വെള്ളംപോലും കുടിക്കാതെ, ആ ജലം മുഴുവനും മറെറാ യോദ്ധാവിനു കൊടുത്ത രന്തിദേവമഹാരാജാവു എന്തു പ്രതിഫലത്തെ ഇച്ഛിച്ചിട്ടാണ് അങ്ങിനെ ചെയ്തത്! രന്തിദേവൻ ആ സമയത്തിൽ ചെയ്ത പ്രാർത്ഥന വായനക്കാർ അറിഞ്ഞിരിക്കേണ്ടതാണ്.

'ന കാമയേഹം ഗതിമീശ്വരാൽ പരാമഷ്ടർദ്ധിയുക്താമപുനർഭവം വാ ആർത്തിം

പ്രാപദ്യേഖിലദേഹഭാജാമന്തഃസ്ഥിതോ യേന ഭവന്ത്യ ദുഃഖാഃ (ഈശ്വരങ്കൽനിന്നു ഞാൻ അഷ്ടൈശ്വര്യസിദ്ധിയെ കാംക്ഷിക്കുന്നില്ല. മോക്ഷത്തേയും ആഗ്രഹിക്കുന്നില്ല. സകല ശരീരികളുടേയും ഉള്ളിൽ ഇരുന്നു അവരുടെ ദുഃഖത്തെ നീക്കി, സുഖികളാക്കി ചെയ്വാനുള്ള ശക്തിയെ തരുവാനാണു ഞാൻ ഈശ്വരനോടു പ്രാർത്ഥിക്കുന്നത് എന്നർത്ഥം.) മലയാളികളായ വായനക്കാരേ പ്രസ്തുതകഥയിൽനിന്നുള്ള ഈ ദീർഘമായ വ്യതിയാനത്തെ നിങ്ങൾ ക്ഷമിച്ചു കൊള്ളണേ.

ഒട്ടും താമസിയാതെ ചക്രവർത്തിയുടെ തിരുമുമ്പാകെ ചെന്നു സങ്കടങ്ങളെ ഉണർത്തിപ്പാൻ പറയൻ തീർച്ചയാക്കി. അദ്ദേഹം തന്റെ സങ്കടനിവൃത്തിക്കു ഒരു വഴി ഉണ്ടാക്കിത്തരുമെന്നു വിശ്വസിച്ചു പറയൻ സമാധാനിച്ചു.

---

## അഞ്ചാം അദ്ധ്യായം.

ജനങ്ങളുടെ സങ്കടങ്ങളെ കേൾപ്പാൻ ചക്രവർത്തി എഴുന്നെള്ളിയിരിക്കുന്ന സ്ഥലത്തേക്കു നമ്മുടെ പറയൻ ചെന്നു. അതിന്റെ അകത്തു കടന്നു നോക്കിയപ്പോൾ, അതിന്റെ അനതിശയമായ മഹിമയെക്കണ്ടിട്ടു പറയൻ വളരെ ആശ്ചര്യപ്പെട്ടു. ചക്രവർത്തിയുടെ അമൂല്യമായ സിംഹാസനം കാണികളുടെ വിസ്മയത്തെ ജനിപ്പിക്കത്തക്ക ഒരു അത്ഭുതവസ്തുവായിരുന്നു. അതിന്റെ ആകൃതി, പീലിപരത്തിപ്പിടിച്ച ഒരു മയിലിന്റേതുപോലെ ആയിരുന്നു. അതു വൈരം മരതകം മുതലായ രത്നങ്ങളാൽ നിർമ്മിക്കപ്പെട്ടതും ഏഴുകോടി ഉറുപ്പിക വിലക്കുള്ളതും ആയിരുന്നു. ആ ദർശനശാല മുഴുവനും വെണ്ണക്കല്ലുകൊണ്ട് ഉണ്ടാക്കപ്പെട്ടതും വളരെ വിശേഷമായ കൊത്തുപണികളോടു കൂടിയതും ആയിരുന്നു ശാലയിലുള്ള പ്രത്തഖണ്ഡങ്ങളുടെ മേൽഭാഗങ്ങളിൽ വളരെ മിനുസമായ കൃഷ്ണശിലകളിന്മേൽ രജതഖചിതമായ പേർഷ്യലിപിയിൽ താഴെ പറയുംപ്രകാരം എഴുതീട്ടുണ്ടായിരുന്നു, 'ഭൂമിയിൽ സ്വർഗ്ഗം ഉണ്ടെങ്കിൽ, അതു ഇവിടെ തന്നെയാണ്'. ഈ ശാലയിൽ സിംഹാസനത്തിനു പുറമെ, ചക്രവർത്തിക്കു മന്ത്രിമാരോടുകൂടി സ്വകാര്യമായി ആലോചന ചെയ്യുമ്പോൾ ഇരിക്കുവാനുള്ള വളരെ വലുതായ സ്ഫടികം കൊണ്ടുണ്ടാക്കപ്പെട്ട ഒരു ഇരിപ്പിടവും ഉണ്ടായിരുന്നു.

പറയൻ ആ ശാലയുടെ ഉള്ളിൽ കടന്നപ്പോൾ അതു ജനങ്ങളെക്കൊണ്ടു നിറയപ്പെട്ടിരുന്നു. അവൻ ചക്രവർത്തിയുടെ തിരുമുമ്പാകെ ചെല്ലാൻ ശ്രമിക്കുമ്പോൾ ഒരു ദ്വാരപാലൻ അവനെ തടഞ്ഞു നിർത്തി. 'നീ ആരെയാണു അന്വേഷിക്കുന്നത്' എന്നു ചോദിച്ചു. ചക്രവർത്തിയെ ആണ് എന്നു പറയൻ ഉത്തരം പറഞ്ഞു.

രാജ്യകാര്യങ്ങളെപ്പറ്റി ആലോചിക്കുന്ന സമയത്തു ചക്രവർത്തി വേറെ ആരെയും കാണുന്നതല്ല

പറയൻ പറഞ്ഞു: ചക്രവർത്തി നല്ല അറിവുള്ളവനും നീതിമാനും ആണെന്നാണു കേൾവി. അദ്ദേഹത്തിന്റെ തിരുമുമ്പാകെ ഒരു സങ്കടം ബോധിപ്പിപ്പാനാണു ഞാൻ വന്നത്. അതിനു നിങ്ങൾ മുടക്കംചെയ്യുന്ന പക്ഷം സകല ജനങ്ങൾക്കും നീ

തിന്യായത്തെ ചെയ്യുന്ന ചക്രവത്തിയുടെ നേരെയും അദ്ദേഹത്തിന്റെ അനുകമ്പക്കു പാത്രമായ എന്റെ നേരെയും നിങ്ങൾ ഒരു തെറ്റുകാരനാവുന്നതാണ.

നീ ഒരു പറയനല്ലെ?

എന്നാലെന്താണ? പറയനായതുകൊണ്ടു ദൈവസൃഷ്ടികളായ സകല ജനങ്ങൾക്കും സവ്വസാധാരണമായ അധികാരങ്ങൾക്കും അവകാശങ്ങൾക്കും ഞാൻ അധികാരിയല്ലെന്നുണ്ടൊ? മാന്യന്മാർ പറയരെ നിന്ദയോടുകൂടി വിചാരിക്കുന്നവരല്ല. അതിലും പ്രത്യേകിച്ചു നിങ്ങളുടെ ചക്രവത്തി ഒരാളെയും നിന്ദിക്കുന്നവനല്ല.

നിനക്കു ചക്രവത്തിയുടെ തിരുമുമ്പാകെ പോവാൻ പാടില്ല.

എന്തുകൊണ്ട?

ഈ സമയത്തു ചക്രവത്തി രാജ്യകാര്യങ്ങളെപ്പറ്റി മാത്രമെ കേൾക്കയുള്ളൂ. അതുകൊണ്ടു നിനക്കു അദ്ദേഹത്തെ കാണ്മാൻ പാടില്ല. വേണമെങ്കിൽ ഒരു ഹർജി അയച്ചോളൂ.

യോദ്ധാവെ, എനിക്കു ചക്രവത്തിയെക്കാണാതെ കഴിയുന്നതല്ല. നിങ്ങൾ തടസ്ഥം ചെയ്താൽ അതു നിങ്ങൾക്കു ആപത്തിന്നു കാരണമാണ.

നീ ഒരടി മുമ്പോട്ടു വെച്ചാൽ ഞാൻ നിന്റെ തല വെട്ടും.

എന്നാൽ വെട്ടിക്കൊൾക എന്നു പറഞ്ഞുംകൊണ്ടു പറയൻ മുമ്പോട്ടു നടന്നു. പടയാളി പറയനെ വെട്ടുവാൻ ഓങ്ങി; എങ്കിലും പറയൻ ബദ്ധപ്പെട്ടു നടന്നതിനാൽ വെട്ടു അവന്റെ മേൽ തട്ടിയില്ല.

'മഹാരാജ ചക്രവത്തി നീതിന്യായത്തെ ചെയ്യണം' എന്നു പറയൻ വളരെ ഉച്ചത്തിൽ പറഞ്ഞു.

ആരാണ നീതിന്യായം ചെയ്യണം എന്നു പറയുന്നതു എന്നു ചക്രവത്തി ശാന്തതയോടെ ചോദിച്ചു: അവൻ അടുത്തു വരട്ടെ.

പറയൻ ഉടനെ ചക്രവത്തിയുടെ തിരുമുമ്പാകെ ചെന്നു സാഷ്ടാംഗം നമസ്കരിച്ചു.

എണീട്ടു നിനക്കു ബോധിപ്പിക്കാനുള്ള സങ്കടങ്ങളെ പറഞ്ഞാലും എന്നു ചക്രവത്തി കല്പിച്ചു.

പറയൻ എണീട്ടു ഉടനെ ചക്രവത്തി അവനെ അറിഞ്ഞു. എന്ത! ബലവീരനോ—എന്റെ ജീവനെക്കൂടി ഞാൻ കടപ്പെട്ടിരിക്കുന്ന ആ ആളുയാണൊ ഇപ്പോൾ ഞാൻ മുമ്പിൽ കാണുന്നതു! എന്നു പറഞ്ഞു ചക്രവത്തി സിംഹാസനത്തിൽനിന്നു ഇറങ്ങി പറയനെ ആലിംഗനം ചെയ്തതു കണ്ടു ആ സദസ്സിലുണ്ടായിരുന്നവരെല്ലാം വളരെ വിസ്മയിച്ചു.

ചക്രവത്തി പറഞ്ഞു: പ്രഭുക്കന്മാരെ നിങ്ങളാൽ പതിതനെന്നു വിചാരിക്കപ്പെട്ട ഇയ്യാളാണ എന്റെ ജീവനെ രക്ഷിച്ചതു. എന്റെ രാജ്യം പിടിച്ചടക്കിയവരുടെ ആളുകൾ എന്നെ എല്ലാടിക്കിലും പിന്തുടൎന്നു എനിക്കു ഒരു ദിക്കിലും രക്ഷപ്പെടാൻ നിവൃത്തിയില്ലാതായപ്പോൾ ഞാൻ ഒരു പുഴയിൽ ചാടി. ഉടനെ മുങ്ങുവാൻ

തുടങ്ങി. ഔദാൎയ്യയുക്തനായ ഇദ്ദേഹം പട്ടിണികൊണ്ടു എണീറ്റാൻകൂടി വയ്യാതി രുന്നു എങ്കിലും ഇദ്ദേഹം എന്റെ അപകടസ്ഥിതി കണ്ടു പുഴയിൽചാടി എന്നെ കര യിലേക്കു കൊണ്ടുപോന്നു. ഇദ്ദേഹത്തിന്റെ കുടിൽ എനിക്കു ഒരു കൊട്ടാരംപോലെ ആ യിരുന്നു. എനിക്കു പനിപിടിച്ചു സുബോധം ഇല്ലാതിരുന്നപ്പോൾ ഇദ്ദേഹം എന്നെ സ ദയം ശുശ്രൂഷിച്ചു എന്റെ ദീനം മാററി. എന്റെ രാജ്യംമുഴുവനും കൊടുത്താലും എ നിക്കു ഇദ്ദേഹം ചെയ്തതിനു ഒരു പ്രത്യുപകാരമാവുന്നതല്ല.

മഹാപ്രഭോ, ഞാൻ ചെയ്ത തുച്ഛമായ ഉപകാരത്തിന്നു അവിടുന്നു പതിന്മടങ്ങു പ്രത്യുപകാരം ചെയ്തിരിക്കുന്നു. അവിടുന്നു അന്നു കനിഞ്ഞുതന്ന രണ്ടായിരം ഉറുപ്പി കയാണ് എന്റെ ഇപ്പോഴത്തെ ഐശ്വൎയ്യത്തിന്റെ മൂലകാരണം. എന്റെ ഐശ്വ ൎയ്യത്തോളം ഒരു പ്രഭുവിന്നുകൂടി ഉണ്ടോ എന്നു സംശയമാണു. എങ്കിലും എന്റെ ഇ പ്പോഴത്തെ സ്ഥിതി വളരെ കഷ്ടമായിട്ടുള്ളതാണ്.

ബലവീരനോടു സ്ഫടികംകൊണ്ടുള്ള ആസനത്തിന്മേൽ ഇരിക്കാൻ പറഞ്ഞു ച ക്രവൎത്തി സിംഹാസനത്തിലേറി ഇരുന്നു അയാളുടെ സങ്കടങ്ങളെ ബോധിപ്പിക്കാൻ പറഞ്ഞു. ബലവീരൻ നിലം തൊട്ടു തലയിൽവെച്ചു താഴെ പറയുംപ്രകാരം പറഞ്ഞു.

മഹാപ്രഭോ! എനിക്കു ഒരു മകളുണ്ടു. അവളെ, അവിടുത്തെ തൃക്കയ്യുകൊണ്ടു തന്നെ എടുത്തു അവിടുന്നു ലാളിച്ചിട്ടുണ്ടു. അവൾക്കു സ്ത്രീകൾക്കുവേണ്ട സകലഗു ണവും തികഞ്ഞിട്ടുണ്ടു. അവൾ എന്റെ ജീവനാണ്. എനിക്കു ഒരു നിമിഷംപോ ലും അവളെ കാണാതെ ഇരിക്കാൻ വയ്യാ. അവളെ കട്ടുകൊണ്ടു പോയിരിക്കുന്നു.

ചക്രവൎത്തി പറഞ്ഞു: എനിക്കു നിങ്ങളുടെ പുത്രിയെക്കണ്ടിട്ടുള്ള ഓൎമ്മയുണ്ടു. ഞാൻ കാണുമ്പോൾതന്നെ അവൾ നല്ല കുട്ടിയായിരുന്നു. എന്നാൽ ആരാണ് അ വളെ കട്ടുകൊണ്ടു പോയതു് എന്നു നിങ്ങൾ അറിവു തന്നാൽ, ആയാൾ എന്റെ രാജ്യ ത്തിൽ എവിടെയായാലും വേണ്ടില്ല. ആയാളെ വരുത്തി തക്കതായ ശിക്ഷ ഞാൻ ചെയ്തുകൊള്ളാം.

മകളെ കട്ടുകൊണ്ടു പോയതു അവിടുത്തെ പ്രധാനമന്ത്രിയുടെ പുത്രനാണെന്നാ ണ് എന്റെ പൂൎണ്ണവിശ്വാസം.

ചക്രവൎത്തി മന്ത്രികമാരോടു ചോദിച്ചു: നിങ്ങൾക്കു ഇദ്ദേഹം പറയുന്നതിന്നു എതിരായിട്ടു് എന്താണ് പറയാനുള്ളതു? മന്ത്രികമാരൻ ഒന്നും മിണ്ടാതെ നിന്നു.

നിങ്ങളുടെ മൌനത്തിൽനിന്നു ഞാൻ എന്താണ് ഊഹിക്കേണ്ടതു എന്നു ചക്ര വൎത്തി പരുഷമായി ചോദിച്ചു.

മന്ത്രികുമാരൻ പറഞ്ഞു: ഞാൻ കുററത്തെ സമ്മതിക്കുന്നു. എനിക്കു അവിടു ത്തെ കരുണയല്ലാതെ വേറെ ശരണമൊന്നുമില്ല.

ബലവീരന്റെ നേരിട്ടുനോക്കി—ചക്രവൎത്തി പറഞ്ഞു: ഞാൻ നിങ്ങളുടെ സങ്കട ത്തിന്നു നിവൃത്തി വരുത്താം. മകളെ തിരികെ തരുവിപ്പിക്കാം.

ചക്രവൎത്തി ഉടനെതന്നെ മന്ത്രികുമാരനെ ബന്ധനാവസ്ഥയിൽ വെക്കാൻ കല്പ

യും അന്നു രാത്രിതന്നെ യാഹിലായെ അവളുടെ അച്ഛന്റെ വീട്ടിലേക്കു അയക്കുകയും ചെയ്തു.

പിറ്റെ ദിവസം ചക്രവൎത്തിയുടെ തിരുമുമ്പാകെ ചെല്ലാനായി ബലവീരനു ഉത്തരവു വന്നു. ആയാൾ കല്പനയനുസരിച്ചു രാജധാനിയിലേക്കുപോയി.

ചക്രവൎത്തി പറഞ്ഞു:— സ്നേഹിതാ, നിങ്ങൾ ഇപ്പോൾ വിശ്വസിക്കുന്ന മതത്തിൽനിന്നു നിങ്ങൾക്കു ഒട്ടും ആശ്വാസം കിട്ടുന്നില്ലെന്നു ഞാൻ അറിയുന്നു. ആ മതത്തിന്മേൽ നിങ്ങൾക്കു വളരെ ആസക്തിയില്ലെന്നും ഞാൻ അറിയുന്നു. നിങ്ങൾ ഞങ്ങളുടെ മതത്തെ സ്വീകരിക്കുന്ന പക്ഷം ഞാൻ നിങ്ങളെ ഒരു പ്രഭുവാക്കുവാൻ വിചാരിക്കുന്നു. നിങ്ങൾ ഞങ്ങളുടെ മതത്തെ സ്വീകരിക്കുന്നതോടുകൂടി നിങ്ങളുടെ കുഡുംബവും ഞങ്ങളുടെ മതത്തെ വിശ്വസിക്കുമെന്നു ഞാൻ വിചാരിക്കുന്നു. കുറെ ആലോചിച്ചതിന്റെ ശേഷം പറയൻ ചക്രവൎത്തിയുടെ അഭിപ്രായത്തെ അംഗീകരിച്ചു. അതിന്റെ പിറ്റെ ദിവസംതന്നെ ചക്രവൎത്തി ബലവീരനെ പ്രഭുവാക്കി. ആ സ്ഥാനത്തിനു് അനുരൂപമായ ദ്രവ്യവും ഭണ്ഡാരത്തിൽനിന്നു കൊടുപ്പാൻ കല്പിച്ചു. ബലവീരന്റെ ഭാൎയ്യയും മകളും മഹമ്മദു മതത്തെ സ്വീകരിച്ചു. ഹീനജാതിയിൽനിന്നു മുക്തയായ യാഹിലാ ഗ്രഹണം കഴിഞ്ഞു കാണപ്പെടുന്ന ചന്ദ്രനെപ്പോലെ വിളങ്ങി. താൻ ഒരു ഉൽകൃഷ്ടസ്ഥിതിയിലായല്ലോ എന്നു ഓൎത്തു യാഹിലയുടെ ഹൃദയം ആനന്ദിതമായി. തന്നെ ബലാൽകാരേണ പിടിച്ചുകൊണ്ടുപോയ മന്ത്രികുമാരന്റെ നേരെയുള്ള കോപം ക്രമേണ ശാന്തമായി തുടങ്ങി. മന്ത്രികുമാരൻ യാഹിലായെ ബന്ധനാവസ്ഥയിൽ വെച്ചിരുന്നു എങ്കിലും അവളുടെ നേരെ ബലാൽകാരം ഒന്നും ഉപയോഗിച്ചില്ല. ആയാൾ അവളുടെ പാതിവ്രത്യഭംഗം ചെയ്വാൻ ശ്രമിച്ചില്ല. തന്റെ പ്രേമത്തെ കൈക്കൊള്ളേണമെന്നു യാചിച്ചതേയുള്ളു. യാഹില ആയാളുടെ അനുരാഗത്തെ കോപത്തോടുകൂടി തിരസ്കരിച്ചു എങ്കിലും ആയാൾ അവളെ ബഹുമാനത്തോടുകൂടെതന്നെ ഉപചരിച്ചുപോന്നു. ആയാളുടെ ഈ നടവടിയെ ഓൎത്തു യാഹിലക്കു ആയാളുടെ പേരിൽ ദയ തോന്നി. മന്ത്രികുമാരനെ ബന്ധനാവസ്ഥയിൽനിന്നു വിടുവിക്കുവാൻ ചക്രവൎത്തിയോടു അപേക്ഷിക്കേണമെന്നു അവൾ അച്ഛനോടു പറഞ്ഞു.

മകളെ ആലിംഗനം ചെയ്തുകൊണ്ടു് അച്ഛൻ പറഞ്ഞു: നിന്റെ സകല അഭീഷ്ടങ്ങളെയും സാധിപ്പിക്കാൻ ഞാൻ എപ്പോഴും സന്നദ്ധനാണെന്നു നിനക്കു അറിയാമല്ലോ. എന്നാൽ ഈ കാൎയ്യത്തിൽ നിന്റെ ഇഷ്ടം സാധിപ്പിക്കുന്നതിൽ എനിക്കു കുറെ ശങ്കയുണ്ടു്. ആ മന്ത്രികുമാരൻ ഇനിയും ബലാൽകാരം ഉപയോഗിക്കുമെന്നു ഞാൻ സംശയിക്കുന്നു.

യാഹില ചിരിച്ചുകൊണ്ടുപറഞ്ഞു: അച്ഛാ ഞാൻ അദ്ദേഹത്തിന്റെ അധീനത്തിലായിരുന്നപ്പോൾ അദ്ദേഹം എന്റെനേരെ യാതൊരു അക്രമവും കാണിച്ചിട്ടില്ല. ആ സ്ഥിതിക്കു നാം അദ്ദേഹത്തിന്റെ അവിവേകത്തെ ക്ഷമിക്കേണ്ടതാണു.

എന്നാലും ഒരു പിതാവിന്റെ അധീനത്തിൽനിന്നു മകളെ ബലാൽകാരേണ കൊണ്ടുപോയ ആളെ ഭയപ്പെടണ്ടെ?

മന്ത്രികുമാരൻ എന്നെ സ്നേഹിക്കുന്നുണ്ടെന്ന എനിക്ക നല്ല ഉറപ്പുണ്ട. ഞാൻ പഴയസ്ഥിതിയിലായിരുന്നപ്പോൾ അദ്ദേഹം എന്നെ വിവാഹം ചെയ്വാൻ മടിച്ചു എങ്കിലും എന്റെ ഇപ്പോഴത്തെ സ്ഥിതിക്ക എന്നെ വിവാഹം ചെയ്വാൻ അദ്ദേഹം മടിക്കുമെന്ന തോന്നുന്നില്ല. അല്ലാ, ഞാൻ അദ്ദേഹത്തെയും സ്നേഹിക്കുന്നുണ്ട. മേലിൽ എപ്പോഴെങ്കിലും ഞങ്ങൾ തമ്മിൽ കാണ്മാനിടവന്നാൽ അതു മാന്യന്മാരായ വധൂവരന്മാരെന്നനിലയിലൊ അതല്ലാത്തപക്ഷം കേവലം അപരിചിതന്മാരുടെ നിലക്കോ ആയിരിക്കും. ഏതുവിധത്തിലും എന്റെ ഹേതുവായിട്ട ഇനി അദ്ദേഹം ബന്ധനാവസ്ഥയിൽ ഇരിക്കരുത്.

ചക്രവൎത്തിയെക്കണ്ട ഞാൻ നിന്റെ അഭിലാഷത്തെ അദ്ദേഹത്തിന്ന മനസ്സിലാക്കാം.

അച്ഛൻ ഞാൻ പറയുന്നതു കേൾക്കണം. എന്റെ ഭാഗ്യാവസ്ഥ മുൻകൂട്ടി പറയപ്പെട്ടിട്ടുണ്ട. ഞാൻ ജനിച്ചുവളൎന്ന ദിക്കിൽനിന്ന ഇവിടേക്കുവരുന്നതിന്ന മുമ്പായിട്ട അവിടെയുണ്ടായിരുന്ന മന്ത്രവാദിനിയുടെ അടുക്കെ പോകയുണ്ടായി. അവൾ പറഞ്ഞതു മിക്കതും ശരിയായിട്ടുണ്ട. ഞാൻ യോഗ്യനായ ഒരാളുടെ ഭാൎയ്യയായിരിക്കുമെന്ന അവൾ പറഞ്ഞിട്ടുണ്ട. ആ വാക്ക താമസിയാതെ സഫലമാവുമെന്ന ഞാൻ വിശ്വസിക്കുന്നു.

'ആകട്ടെ, എന്നാൽ ഞാൻ ഉടനെതന്നെ നിന്റെ അഭിലാഷത്തെ ചക്രവൎത്തിയെ അറിയിക്കാം' എന്ന പറഞ്ഞു ആയാൾ ചക്രവൎത്തിയുടെ തിരുമുമ്പാകെ ചെന്നു.

എന്താ മഹമ്മദുഖാൻ വന്നത (ഇങ്ങിനെയായിരുന്നു പറയൻ മഹമ്മദീയമതത്തിൽ ചേൎന്നതിന്റെശേഷം വിളിക്കപ്പെട്ടിരുന്നത) എന്ന ചക്രവൎത്തി ചോദിച്ചു.

മന്ത്രികുമാരനെ തടവിൽനിന്ന വിട്ടാൽ കൊള്ളാമെന്നുള്ള എന്റെ പുത്രിയുടെ പ്രാൎത്ഥനയെ അവിടുത്തോട്ട തിരുമനസ്സറിയിക്കാനാണ ഞാൻ വന്നതു.

നിങ്ങളുടെ മകളെ ആയാൾ അവമാനിച്ചതിന്ന തക്കതായ പ്രതിഫലം ചെയ്യുന്നതുവരെ ആയാളെ ഞാൻ തടവിൽനിന്ന വിടുന്നതല്ല. നിയമവിരോധം ചെയ്യുന്നവർ എത്ര യോഗ്യനായിരുന്നാലും തക്കതായ ശിക്ഷ അനുഭവിക്കേണ്ടതാണ. അങ്ങിനെ അല്ലാഞ്ഞാൽ സാധുക്കളായ കുറ്റക്കാരെ എന്തു ന്യായപ്രകാരമാണ ശിക്ഷിക്കുന്നത?

പുത്രിയെ എന്റെ അധീനത്തിൽനിന്ന ബലാൽകാരേണ കൊണ്ടുപോയതു ഒഴിച്ചു വേറെ ഒരു വിധത്തിലും മന്ത്രികുമാരൻ എന്റെ മകളെ അവമാനിച്ചിട്ടില്ല. അവൾ അദ്ദേഹത്തിന്ന മാപ്പുകൊടുത്തിരിക്കുന്നു.

ഒരു പിതാവിന്റെ അധീനത്തിൽനിന്ന ആയാളുടെ പുത്രിയെ ബലാൽകാരേണ കൊണ്ടുപോയതിലധികം വലുതായ മൎയ്യാദാലംഘനം ഉണ്ടോ? ലോകമൎയ്യാദക്കും നിയമത്തിന്നും വിരോധമായി പ്രവൃത്തിച്ചവൻ അതിന്ന നല്ല ശിക്ഷക്ക അൎഹനാണ. ഇങ്ങിനെ പറഞ്ഞു ചക്രവൎത്തി മന്ത്രികുമാരനെ തന്റെ മുമ്പാകെ കൊണ്ടുവരാൻ കല്പിച്ചു. മന്ത്രികുമാരൻ മുമ്പിൽ വന്നപ്പോൾ ചക്രവൎത്തി ആയാളെ കഠിനമായി അധിക്ഷേപിച്ചു. അതിന്നശേഷം യാചിച്ചുകൊണ്ടുതാനെ പ്രവൃത്തിച്ച അക്രമത്തിന്ന [illegible]

കനിശ്ചയം ചെയ്വാൻ ഒരുക്കമുണ്ടോ എന്നു ചക്രവൎത്തി മന്ത്രികുമാരനോടു ചോദിച്ചു.

ഞാൻ അവളുടെനേരെ കാണിച്ച അക്രമത്തിന്നു അവളെ വിവാഹം ചെയ്യുന്നതു ഒരു പ്രതിഫലമാവുമെങ്കിൽ അങ്ങിനെ ചെയ്വാൻ ഞാൻ ഒരുക്കമാണു.

തനിക്കു കഠിനമായ അവമാനത്തെ ചെയ്ത ആളെ വിവാഹം ചെയ്വാൻ എന്റെ മകൾ സമ്മതിക്കുമോ എന്നു സംശയമാണു എങ്കിലും നിങ്ങൾ എന്റെ ഒന്നിച്ചു വീട്ടിലേക്കു വന്നാൽ നിങ്ങൾക്കു യാഹിലയോടു ഈ കാൎയ്യത്തെപ്പറ്റി സംസാരിക്കാം എന്നു മഹമ്മദമോൻ പറഞ്ഞു.

യാഹിലയെ മന്ത്രികുമാരൻ വിവാഹം ചെയ്യുന്നപക്ഷം ഞാൻ ആയാൾക്കു സ്വാതന്ത്ര്യം കൊടുക്കാം അതു ചെയ്യാത്തപക്ഷം ആയാൾക്കു ജീവപൎയ്യന്തം തടവാണ്? എന്നു ചക്രവൎത്തി പറഞ്ഞു.

മന്ത്രികുമാരനോടുകൂടി മഹമ്മദമാൻ വീട്ടിലേക്കുപോയി. ആയാളെ യാഹിലയുടെ അടുക്കലേക്കു കൂട്ടിക്കൊണ്ടുപോയി. യാഹില ഒട്ടുംതന്നെ ആയാളെ ആദരിച്ചില്ല. മന്ത്രികുമാരൻ അവളുടെ പാദങ്ങളിൽ വീണു നമസ്കരിച്ചു സാനുരാഗം യാഹിലയോടു പറഞ്ഞു. ഞാൻ നിങ്ങളുടെനേരെ ചെയ്തതു വളരെ അവിവേകമായിപ്പോയി. ഞാൻ നിങ്ങളെ കഠിനമായി അവമാനിച്ചു. എന്റെ ഹൃദയദയിതയായ നിങ്ങളെ ഞാൻ എന്റെ ധൎമ്മപത്നിയാക്കി ഞാൻ നിങ്ങളുടെനേരെ ചെയ്ത കുറ്റത്തിന്നു പ്രതിക്രിയ ചെയ്തുകൊള്ളാം. നിങ്ങൾക്കു ഒരു രാജപത്നിയായിരിപ്പാനുള്ള യോഗ്യതയുണ്ടു. നിങ്ങൾ എന്റെ പത്നിയായിരിക്കുമോ?

നിങ്ങളെ എനിക്കു വിശ്വസിക്കാൻ മാൎഗ്ഗമുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

ഉവ്വ്. ഞാൻ ഇങ്ങിനെ ചെയ്തതെല്ലാം ഭവതിയുടെ മേലുള്ള അനുരാഗം കൊണ്ടാണ്. ഭവതിയിങ്കൽ എനിക്കു പ്രേമമില്ലായിരുന്നു എങ്കിൽ ഞാൻ ഈ വിധമൊന്നും പ്രവൃത്തിക്കില്ലായിരുന്നു. നിങ്ങൾ ഒരു സ്ത്രീയാണെങ്കിൽ ഞാൻ ചെയ്ത തെറ്റിനെ ക്ഷമിക്കുമെന്നാണ് എന്റെ വിശ്വാസം

യാഹില ഇതുകേട്ടു മന്ദഹാസം ചെയ്തു. മന്ത്രികുമാരൻ എണീറ്റു യാഹിലയെ തന്റെ മാറോടണച്ചു ഗാഢമായി ആലിംഗനം ചെയ്തു പറഞ്ഞു: ഇനി എന്നെന്നേക്കും നിങ്ങൾ എന്റെ ഭാൎയ്യയാണ്. ഇന്നുതന്നെ നമ്മുടെ വിവാഹം നടത്തണം. ചക്രവൎത്തി എന്നെ ബന്ധനത്തിൽനിന്നു വിടീച്ച ഉടനെതന്നെ എനിക്കു ഭവതിയുടെ ഭുജലതാബന്ധനസുഖം അനുഭവിക്കാറായല്ലൊ.

മഹമ്മദമാനിന്റെ ഭവനത്തിൽ അന്നു ഉത്സവദിവസമായിരുന്നു. യാഹിലയുടെയും മന്ത്രികുമാരന്റെയും വിവാഹം ഘോഷമായി കഴിഞ്ഞു. അനുരൂപനായ വരനോടുകൂടിയ യാഹില, ചന്ദ്രനോടുകൂടിയ രോഹിണി എന്നപോലെ ശോഭിച്ചു. അവരുടെ വിവാഹസമയത്തു മുഖ്യ ചക്രവൎത്തിയും വന്നിരുന്നു. അദ്ദേഹം ദമ്പതിമാരെ തലതൊട്ട് അനുഗ്രഹിച്ചു. ഇപ്രകാരം മന്ത്രവാദിനിയുടെ വാക്കു സഫലമായി വരികയും ചെയ്തു.

കെ. കുഞ്ഞുണ്ണിനായർ, ബി. ഏ. ബി. എൽ.

# പലവക

## (ബ്രഹ്മഗീത)

---

ഈ ഗീത സൂതസംഹിതയിലെ യജ്ഞവൈഭവഖണ്ഡത്തിലുള്ളതാണ്. സൂതസംഹിത എന്നു പറയുന്നത് പതിനെട്ടു പുരാണത്തിൽ ഒന്നായ സ്കാന്ദപുരാണത്തിൻെറ ഒരു ഭാഗമാണ്. ബ്രഹ്മഗീതയിലെ വിഷയം പതിനൊന്ന് ഉപനിഷത്തുകളും അതുകളെല്ലാററിൻേറയും കൂടിയുള്ള സാരവുമാണ്.

മലയാളഭാഷെക്ക് കൃഷ്ണനെമ്പ്രാന്തിരി അവർകൾ തന്നിട്ടുള്ള ഈ സമ്മാനം ലഘുവല്ലെന്നു ആരോടും പറഞ്ഞറിയിക്കേണ്ടതില്ല. എഴുത്തച്ഛൻേറയും മന്നാടിയാരുടേയും കിളിപ്പാട്ടിനോടു കിടപിടിക്കാൻ മതിയാകില്ലെങ്കിലും വിഷയകാഠിന്യം നോക്കുമ്പോൾ കൃഷ്ണനെമ്പ്രാന്തിരിയുടെ കവിതയ്ക്കു വളരെ ദൂഷ്യം പറവാൻ വഴിയുള്ളതല്ല. പരിഭാഷയിൽ സംസ്കൃതപദങ്ങളൊട്ടുംതന്നെ ഇല്ലാതിരിക്കുന്നതാണ് നല്ലതെന്നും പച്ചമലയാളത്തിലുള്ള കവിതയാണധികം രുചിയുള്ളതെന്നും ഇയ്യിടയിൽ ചില മലയാളകവികൾ വിചാരിച്ചുവരുന്നുണ്ട്. അവരുണ്ടാക്കുന്ന പച്ച മലയാളപദ്യങ്ങൾക്കു വളരെ മാധുര്യവുമുണ്ട്. എന്നാലതിന്നിടയിൽക്കൂടി പച്ചമലയാളവാക്കുകൾ കിട്ടാതെ കവികൾ കഷ്ടിച്ചിട്ടുള്ളതു പ്രത്യക്ഷത്തിൽ കാണുന്നുണ്ട്. കുട്ടികൾക്കു മുത്തിമാർ പറഞ്ഞുകൊടുക്കുന്ന കഥകളിലെ വിഷയങ്ങളെ പദ്യത്തിൽ പറയുമ്പോളിത്രത്തോളം ഞെരുക്കമുണ്ടായാൽ ഉപനിഷത്തുകളുടെ സാരം പറയുന്നതിൽ എത്രത്തോളം പച്ചമലയാളപദങ്ങൾ ഉപയോഗിക്കാമെന്ന് അല്പം ആലോചിച്ചാൽ എമ്പ്രാന്തിരി ഉപയോഗിച്ചിട്ടുള്ള സംസ്കൃതപദങ്ങളുടെ ആധിക്യത്തിന്നു സാമാന്യം സമാധാനമായി. പരിഭാഷയും വ്യാഖ്യാനവും ഒന്നുതന്നെയാണെന്നു വിചാരിക്കുന്നവക്കുകൂടി ബ്രഹ്മഗീതയിൽ ചിലേടത്ത് എമ്പ്രാന്തിരിയെ സമ്മതിച്ചു തലകുലുക്കാതെ കഴികയില്ല. അതല്ലാത്ത ദിക്കിൽ കാണുന്ന പദകാഠിന്യത്തിന്നു സമാധാനം ബ്രഹ്മഗീതയിൽനിന്നുതന്നെ കിട്ടുന്നുണ്ട്.

'ഭക്തിയുള്ളവരിതു പഠിക്കാം ശൂദ്രാദികളാ-
ഖിലരാം ശ്രുതിവാക്യമുരച്ചീടരുതത്രേ'
'ശ്രദ്ധയുമിതിങ്കലെ ഭക്തിയുമുള്ളോർനേററം
ശുദ്ധയമിതുചൊല്ലാം മററുള്ളോക്കരുതത്രേ'

എന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു കേവലം പരിചാരകവൃത്തികൊണ്ടുപജീവിക്കുന്നവർക്കും താഴ്ന്നതരം പ്രവൃത്തികളിൽ മനസ്സിനെ ഉദ്യോഗിച്ചു ശീലിച്ചിട്ടുള്ളതുകൊണ്ട് ഉയർന്ന തരം ഉപദേശങ്ങളെ ഗ്രഹിപ്പാൻ വയ്യാതെയും അഥവാ മനസ്സിലാക്കാൻ ബുദ്ധിശക്തിയുണ്ടെങ്കിൽതന്നെ അതിൽ അഭിരുചിയില്ലാതെയും ഇരിക്കുന്നവർക്ക് ഈ ഗീത പഠിക്കാനധികാരമില്ലെന്നു വരുന്നുണ്ട്. അങ്ങിനെയുള്ളവർക്ക് ഈ മാതിരി ഉപദേശങ്ങൾ കൊടുത്താൽ വില കേടാണ് ഫലമെന്നു പ്രസിദ്ധമാണല്ലോ. അവരെ അധികാരികളായി ഗണിച്ചിട്ടില്ലെങ്കിൽ പിന്നെ പച്ച മലയാളം ചെലുത്താൻ യത്നിച്ചവിയർത്തിട്ടു ഫലമെന്താ?

ഈ പുസ്തകത്തെ സംബന്ധിച്ച് ഒന്നുകൂടി പറയാൻ ഉന്മേഷം തോന്നുന്നുണ്ട്. മലയാളത്തിലുള്ള വിദ്വാന്മാരുടെ ദാരിദ്ര്യവും വിദ്യയിൽ മലയാളികൾക്കുള്ള വൈമുഖ്യവും കുറഞ്ഞു വരുന്നുണ്ടെന്നു ഈ പുസ്തകംകൊണ്ടറിയാം. അല്പകാലം മുമ്പു വരെ എത്ര സാരമായ ഗ്രന്ഥമായാലും കവിത എത്ര തന്നെ നന്നായാലും പകുത്തു നോക്കിയാൽ ആ ഭാഗത്തിന്റെ അടിയിൽ ഒന്നുരണ്ടു കടലാസ്സിലെ താല്പര്യം കൂടി മനസ്സിലാകത്തക്കവണ്ണം കടലാസ്സിനു മേന്മയുണ്ടായാൽ മാത്രമേ അച്ചടിച്ചു വില്ക്കുന്നവന്നു [illegible] നഷ്ടം കൂടാതിരിക്കാൻ തരമുണ്ടായിരുന്നുള്ളു. അതു പോയി ഒരു വിധം തടിച്ച കടലാസ്സിലായാലും നഷ്ടം കൂടാതെ കഴിക്കാമെന്നു ഭാരതവിലാസം അച്ചുക്കൂട്ടത്തിലേക്കു ധൈര്യം വന്നതായി ഈ പുസ്തകംകൊണ്ടു കാണുന്നതിൽ സന്തോഷിക്കേണ്ടതാണ്. ഇച്ഛാഭംഗം വരുത്താതിരിക്കാൻ നാട്ടുകാർ തന്നെ വിചാരിക്കേണം.

---

വർഷാവസാനത്തിലെ സംഗതി വിവരപ്പട്ടിക വരുന്ന ചിങ്ങം ലക്കത്തോടൊന്നിച്ച അയക്കുന്നതാണ്.

പ്രത്യേകപരസ്യം.

൧൦൭൯ാം മിഥുനം ലക്കത്തിൻെറ അവശേഷം.


# രസികരഞ്ജിനി

എറണാകുളം

രാജ്യഭരണവിഷയങ്ങളൊഴിച്ച
മററു സകല വിഷയങ്ങളെപ്പററിയും
യോഗ്യന്മാരായ ലേഖകന്മാർ എഴുതുന്ന
അനേകലേഖനങ്ങളുള്ള ഒരു മാസിക.

കൊല്ലത്തെ വരിസംഖ്യ (മുൻകൂറ) ക. 3

ഉടമസ്ഥൻ—കൊച്ചി 15-ാംകൂറ തമ്പുരാൻ
തിരുമനസ്സുകൊണ്ട്
പത്രാധിപർ—കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ
തമ്പുരാൻ തിരുമനസ്സുകൊണ്ട്



# പ്രത്യേകപരസ്യം.

## 1000 വരിക്കാർ—200 ക. സമ്മാനം.

1081-ാമാണ്ടത്തെ രസികരഞ്ജിനിക്കുള്ള മുഴുവൻ വരിസംഖ്യ മുന്നറപ്പികയും ഇക്കൊല്ലം കർക്കിടകം 31-ാം നു-ക്കകം മാനേജർക്കു കിട്ടത്തക്കവണ്ണം അയയ്ക്കുന്നവരും ഇതിനുമുമ്പുതന്നെ 1081-ലെ മുഴുവൻ വരിസംഖ്യ അടച്ചിട്ടുള്ളവരും ആയ വരിക്കാരുടെ പേരുകൾ നറുക്കിട്ടെടുത്തു കിട്ടുന്നക്രമംപോലെ താഴെ പറയുന്ന സമ്മാനങ്ങൾ കൊടുക്കുന്നതാകുന്നു.

| | | | |
|---|---|---|---|
| 50 കയിൽ ഒരു സമ്മാനത്തിന്ന് | ... | ... | ക. 50 |
| 30 കയിൽ ,, ,, | ... ... | ... | ക. 30 |
| 15 കയിൽ രണ്ടു ,, | ... ... | ... | ക. 30 |
| 10 കയിൽ മൂന്നു ,, | ... ... | ... | ക. 30 |
| 5 കയിൽ ആറ് ,, | ... ... | ... | ക. 30 |
| 3 കയിൽ പത്തു ,, | ... ... | ... | ക. 50 |

2. വരിക്കാരുടെ സംഖ്യ അനുസരിച്ച് സമ്മാനസംഖ്യക്ക് ഏറ്റക്കുറച്ചിൽ നിശ്ചയിക്കുന്നതാകുന്നു.
3. 1081-ലെ വരിസംഖ്യ ഏതാനും മാത്രം അടച്ചിട്ടുള്ളവർ മുൻപറഞ്ഞ അവധിക്ക് തികച്ചും അടക്കാത്ത പക്ഷം അവരെ നറുക്കിൽ ചേർക്കുന്നതല്ല.
4. വരിക്കാരെ ഉണ്ടാക്കി അയക്കുന്നവർക്ക് അഞ്ചു വരിക്കാരുടെ ഒരു കൊല്ലത്തെ വരിസംഖ്യയായ 15 കയിൽ കുറയാത്ത ഓരോ സംഖ്യക്ക് ഓരോ ടിക്കററ് സൌജന്യമായി കൊടുക്കുന്നതാകുന്നു.
5. മേൽപ്രകാരം, പത്തു വരിക്കാരെ ഉണ്ടാക്കി സംഖ്യ അയക്കുന്നവർക്ക് ഓരോ മുപ്പതുറപ്പികക്കു രണ്ടു സൌജന്യ ടിക്കററിന്നു പുറമെ 1081-ാമാണ്ടത്തെ രഞ്ജിനി, വരി കൂടാതെ അയക്കുന്നതുമാകുന്നു.
6. 1081 ചിങ്ങം 5-ാം നു- ഞായറാഴ്ച നറുക്ക എടുക്കുന്നതാകുന്നു.
7. 1081 ചിങ്ങത്തിലെ രഞ്ജിനിയിൽ നറുക്കെടുത്ത വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

എറണാകുളം, കോവിലകം
൧൦൮൦ മിഥുനം ൧൫-ാം നു- } രസികരഞ്ജിനി മാനേജർ.

☞ ഇനിയത്തെ ഭാഗം പ്രത്യേകം മനസ്സിരുത്തി വായിക്കുക.

# അഭിപ്രായങ്ങൾ

൧. രസികരഞ്ജിനിക്കു പ്രായത്തിന്നു തക്കവണ്ണം പ്രൌഢതയും ആസ്വാദ്യതയും വൎദ്ധിച്ചുവരുന്നതായി കാണുന്നതിൽ സന്തോഷിക്കുന്നു.

മലയാളമനോരമ.

൨. ക്രമത്തിലും യോഗ്യതയിലും നടക്കുന്ന ഈ മാസിക കേരളകുടുംബത്തിലെ സമുദായസ്വത്തായിട്ടു തീരുമെന്നും വിദ്യാസമ്പന്നന്മാരുടെ സഹായംകൊണ്ടു ഈ മാസിക യഥാൎത്ഥത്തിൽ രസികരഞ്ജിനിയായിതന്നെ വളരുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

കേരളസഞ്ചാരി.

൩. വിദ്യാൎത്ഥികൾക്കും രാജാവിന്നും ന്യായാധിപന്നും ഗൃഹസ്ഥന്നും കവിതക്കാരന്നും എന്നുവേണ്ട സൎവ്വരസികരസികന്മാൎക്കെല്ലാവൎക്കും വായിച്ചു രസിക്കേണ്ട മാസിക ഇതൊന്നു മാത്രമെ ഉള്ളു . . . ഉൽകൃഷ്ട പരീക്ഷാവിജയികളായി കേരളത്തിലുള്ള എല്ലാം മാന്യന്മാരു ഇതിലേക്കു ലേഖനസഹായം ചെയ്യുന്നുണ്ടെന്നുള്ളതു വളരെ ആശ്വാസജനകമാണ്. ഓരോ ലക്കങ്ങളും ഒന്നിനോടൊന്നു കിടപിടിക്കുവാനെന്നു തോന്നുംവണ്ണം മേന്മയെ പ്രാപിച്ചുവരുന്നതുപോലെതന്നെ ഓരോ ലക്കങ്ങളിലും ചേൎത്തുവരുന്ന വിഷയങ്ങളുടെ അഹമഹമികയാ കണ്ടുവരുന്നതു ഈ മാസികക്കുള്ള പ്രത്യേകമായ ഒരു വിശേഷഗുണമാകുന്നു.

വിദ്യാഭിവൎദ്ധിനി.

൪. ഇതു ക്രമേണ തന്റെ നാമധേയത്തെ ഉത്തരോത്തരം അന്വൎത്ഥമാക്കി വരുന്നതിൽ ഞങ്ങൾ വളരെ സന്തോഷിക്കുന്നു . . . 'രസികരഞ്ജിനി' രസികരഞ്ജിനിയായിട്ടുതന്നെയാണ് പ്രകാശിക്കുന്നത്.

സുഭാഷിണി.

൫. വായിച്ചു ഗ്രഹിക്കത്തക്കതും രസിക്കത്തക്കതും ആയ അനവധി ഉപന്യാസങ്ങൾ പ്രസിദ്ധം ചെയ്തുവരുന്ന മാസിക 'രസികരഞ്ജിനി'യാണെന്ന് ഉറപ്പായി പറയുന്നതിൽ ഞങ്ങൾ മടിക്കുന്നില്ല.

സത്യവാദി.

൬. നല്ല എഴുത്തുകാർ സഹായിക്കാനുണ്ടെങ്കിൽ പത്രത്തെയൊ മാസികയെയൊ നന്നാക്കാനെന്താ പ്രയാസം?

സുജനാനന്ദിനി.

൭. രസികരഞ്ജിനി പ്രായം ചെല്ലുംതോറും നല്ല സ്ഥിതിയെ പ്രാപിച്ചുവരുന്നതായി കാണുന്നതിന്മേൽ ഞങ്ങൾ സന്തോഷിക്കുന്നു.

കേരളമിത്രം.

൮. ഇതു പ്രൌഢങ്ങളായ ഗദ്യപദ്യകൃതികളെക്കൊണ്ടു ഉപൎയ്യുപരി വിജയപദത്തെ പ്രാപിച്ചു കാണുന്നതിൽ ഞങ്ങൾക്കു നിൎവ്യാജമായ സന്തോഷമാണുള്ളത്.

സത്യനാദം.

## രസികരഞ്ജിനിയുടെ ചില ലേഖകന്മാർ.

എ. ആർ. രാജരാജവൎമ്മ, എം. എ.

എം. രവിവൎമ്മരാജ എം. എ. ബി. എൽ.


എം. രാജരാജവൎമ്മരാജ എം. എ. ബി. എൽ.

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. എ. ബി. എൽ.

എം. ശേഷഗിരിപ്രഭു എം. എ.

സി അന്തപ്പായി ബി. എ.

കൊട്ടാരത്തിൽ ശങ്കുണ്ണി



(മിഥുനം രഞ്ജിനിയിലെ ഒരു ചിത്രം)

കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ

കണ്ടൂർ നാരായണമേനോൻ ബി. എ.

പി. ജി. രാമയ്യർ ബി. എ. ബി. എൽ.

കാരാട്ട് അച്യുതമേനോൻ ബി. എ. ബി. എൽ.

ഓറങ്കര നീലകണ്ഠൻ നമ്പൂരി

നടുവത്തു നമ്പൂതിരിമാർ

കെ. പരമുപിള്ള എം. എ.

വരേയും അനേകയോഗ്യ ലേഖകന്മാർ

---

### അപേക്ഷയ്ക്കുള്ള ഫാറം

---

രസികരഞ്ജിനി മാനേജർ അവർകൾക്കു

എറണാകുളം.

1081-ലെ 'രഞ്ജിനി' ഒരു പ്രതിക്കുള്ള വരിസംഖ്യ 3 ക. ഇതൊന്നിച്ച് മണി ആർഡർ ആയി അയക്കുന്നു. പത്രം ക്രമമായി അയച്ചുതരുവാൻ അപേക്ഷിക്കുന്നു.

പേര ______________________

മേൽവിലാസം